കേരള നിയമസഭാ നടപടികൾ

പതിനഞ്ചാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

2025 ഫെബ്രുവരി 13, വ്യാഴം

ഔദ്യോഗിക റിപ്പോർട്ട്

വാല്യം 196 – നമ്പർ 10

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

കേരള നിയമസഭാ നടപടികൾ

പതിനഞ്ചാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

2025 ഫെബ്രുവരി 13, വ്യാഴം

സ്പീക്കർ
ശ്രീ. എ. എൻ. ഷംസീർ

ഡെപ്യൂട്ടി സ്പീക്കർ
ശ്രീ. ചിറ്റയം ഗോപകുമാർ

സെക്രട്ടറി
ഡോ. എൻ. കൃഷ്ണ കുമാർ

ചീഫ് എഡിറ്റർ
ശ്രീ. പി. രാമചന്ദ്രൻ

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

മന്ത്രിസഭാംഗങ്ങൾ

മുഖ്യമന്ത്രി	: ശ്രീ. പിണറായി വിജയൻ
ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി	: ശ്രീ. വി. അബ്ദുറഹിമാൻ
ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി	: ശ്രീ. ജി. ആർ. അനിൽ
ധനകാര്യ വകുപ്പുമന്ത്രി	: ശ്രീ. കെ. എൻ. ബാലഗോപാൽ
ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി	: ഡോ. ആർ. ബിന്ദു
മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി	: ശ്രീമതി ജെ. ചിഞ്ചുറാണി
ഗതാഗത വകുപ്പുമന്ത്രി	: ശ്രീ. കെ. ബി. ഗണേഷ് കുമാർ
പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി	: ശ്രീ. ഒ. ആർ. കേളു
വൈദ്യുതി വകുപ്പുമന്ത്രി	: ശ്രീ. കെ. കൃഷ്ണൻകുട്ടി
പൊതുമരാമത്ത്- വിനോദസഞ്ചാരം വകുപ്പുമന്ത്രി	: ശ്രീ. പി. എ. മുഹമ്മദ് റിയാസ്
കൃഷി വകുപ്പുമന്ത്രി	: ശ്രീ. പി. പ്രസാദ്
റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി	: ശ്രീ. കെ. രാജൻ
നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി	: ശ്രീ. പി. രാജീവ്
തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി	: ശ്രീ. എം. ബി. രാജേഷ്
രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി	: ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
ജലവിഭവ വകുപ്പുമന്ത്രി	: ശ്രീ. റോഷി അഗസ്റ്റിൻ
മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി	: ശ്രീ. സജി ചെറിയാൻ
വനം-വന്യജീവി വകുപ്പുമന്ത്രി	: ശ്രീ. എ. കെ. ശശീന്ദ്രൻ
പൊതുവിദ്യാഭ്യാസ- തൊഴിൽ വകുപ്പുമന്ത്രി	: ശ്രീ. വി. ശിവൻകുട്ടി
തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി	: ശ്രീ. വി. എൻ. വാസവൻ
ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി	: ശ്രീമതി വീണാ ജോർജ്

ഉള്ളടക്കം

I. ചോദ്യോത്തരങ്ങൾ

വാങ്മൂലം നൽകിയ ഉത്തരങ്ങൾ

(രേഖാമൂലം നൽകിയ ഉത്തരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.)

II. തിരുത്തിയ ഉത്തരം

നക്ഷത്രചിഹ്നമിടാത്ത 4491-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം

III. നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം

എസ്.സി./എസ്.ടി. വിഭാഗങ്ങൾക്ക് അനുവദിച്ച പദ്ധതികൾ വെട്ടിച്ചുരുക്കൽ

- ശ്രീ. എ. പി. അനിൽ കുമാർ

(അവതരണാനുമതി നിഷേധിച്ചു.)

IV. ശ്രദ്ധ ക്ഷണിക്കൽ

(1) മലബാർ മേഖലയിലെ വിനോദസഞ്ചാര പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കൽ

- ഡോ. കെ. ടി. ജലീൽ

(രണ്ടാമത്തെ ശ്രദ്ധക്ഷണിക്കൽ അവതരിപ്പിക്കപ്പെട്ടില്ല.)

V. സബ്മിഷൻ

(1) കല്ലട-പമ്പ ജലസേചന പദ്ധതികളുടെ കനാലുകളുടെ ശുചീകരണം

– ശ്രീ. എം. എസ്. അരുൺ കുമാർ

(2) കുളങ്ങാട്ടുകഴി പ്രദേശത്ത് കണ്ട കടുവയെ പിടികൂടുന്നത് സംബന്ധിച്ച്

– ശ്രീ. ആന്റണി ജോൺ

(3) വടക്കാഞ്ചേരി- മച്ചാട് മേഖലകളിൽ ഫെൻസിങും അകമല ഫോറസ്റ്റ് സ്റ്റേഷൻ പുന:സ്ഥാപിക്കലും

– ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി

(4) കുട്ടനാട് മേഖലയിലെ കൃഷിനാശം

– ശ്രീ. എച്ച്. സലാം

(5) രജിസ്ട്രേഷനും ലൈസൻസും ആവശ്യമില്ലാത്ത വൈദ്യുതി സ്കൂട്ടറുകൾ

– ശ്രീ. ഇ. ചന്ദ്രശേഖരൻ

(6) ചങ്ങനാശ്ശേരി കെ.എസ്.ആർ.ടി.സി. ഡിപ്പോയിലെ ബസ് സർവ്വീസുകൾ പുനരാരംഭിക്കൽ

– ശ്രീ. ജോബ് മൈക്കിൾ

(7) കൃഷ്ണപുരം മാന്ത്രികുന്നേൽ റെയിൽവേ മേൽപ്പാലം

– ശ്രീമതി യു. പ്രതിഭ

VI. മേശപ്പുറത്തുവച്ച കടലാസ്സുകൾ

VII. റിപ്പോർട്ട് സമർപ്പണം

(1) കാര്യോപദേശക സമിതിയുടെ പതിനാറാമത് റിപ്പോർട്ട്

(2) ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ അൻപത്തിയെട്ട് മുതൽ അറുപത്തിമൂന്ന് വരെയുള്ള റിപ്പോർട്ടുകൾ

VIII. റിപ്പോർട്ട് പരിഗണന

കാര്യോപദേശക സമിതിയുടെ പതിനാറാമത് റിപ്പോർട്ട്

IX. ധനകാര്യം:

2024-2025 സാമ്പത്തിക വർഷത്തെ ബജറ്റിലേയ്ക്കുള്ള അന്തിമ ഉപധനാഭ്യർഥനകളെ സംബന്ധിക്കുന്ന ചർച്ചയും വോട്ടെടുപ്പും

X. നിയമനിർമ്മാണകാര്യം

താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഉപക്ഷേപവും:

(i) 2025-ലെ കേരള സംസ്ഥാന വയോജന കമ്മീഷൻ ബിൽ

(ii) 2024-ലെ കേരള വ്യാവസായിക അടിസ്ഥാന സൗകര്യ വികസന (ഭേദഗതി) ബിൽ

അനുബന്ധം

കേരള നിയമസഭാ നടപടികൾ

പതിനഞ്ചാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

2025 ഫെബ്രുവരി 13, വ്യാഴം

വാല്യം 196} ഔദ്യോഗിക റിപ്പോർട്ട് {നമ്പർ 10

നിയമസഭ 2025 ഫെബ്രുവരി മാസം 13-ാം തീയതി വ്യാഴാഴ്ച രാവിലെ 09.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(ഈ സമ്മേളനകാലത്തേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

I. ചോദ്യോത്തരങ്ങൾ

വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ... ഓർഡർ... ചോദ്യം നമ്പർ (*121)

യു.ജി.സി. മാർഗനിർദേശങ്ങളിന്മേൽ നടപടി

1(*121) ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ:
ശ്രീ. ഡി. കെ. മുരളി:
ശ്രീ. പി. പി. സുമോദ്:
ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്തെ ഭരണഘടനയുടെ അന്തഃസത്ത ഉൾക്കൊള്ളാതെ ഫെഡറൽ സർക്കാരുകളുടെ അധികാരങ്ങളിൽ കടന്നുകയറുന്നതിനുവേണ്ടി വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ജനാധിപത്യ സംവിധാനങ്ങളെ ലക്ഷ്യമിട്ട് യു.ജി.സി. പുറപ്പെടുവിച്ചിട്ടുള്ള മാർഗനിർദേശങ്ങളിന്മേൽ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ;

(ബി) ഇതിന്റെ ഭാഗമായി മറ്റു സംസ്ഥാനങ്ങളിലെ വിദ്യാഭ്യാസ മന്ത്രിമാരെയടക്കം പങ്കെടുപ്പിച്ചുകൊണ്ട് വിപുലമായ പ്രതിഷേധ

പരിപാടികൾ സംഘടിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ;

(സി) ഉന്നത വിദ്യാഭ്യാസ രംഗത്ത് തുച്ഛമായി മാത്രം പണം ചെലവിടുന്ന കേന്ദ്ര സർക്കാർ, യു.ജി.സി. മാർഗനിർദേശങ്ങളിലൂടെ നടത്തുന്ന ഭരണഘടനാ ലംഘനത്തിനെതിരെ നിയമ പോരാട്ടങ്ങൾ നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, (എ&ബി) ഭരണഘടനയുടെ അന്തഃസത്ത ഉൾക്കൊള്ളാതെയും വൈസ്ചാൻസലർ നിയമനം മുതൽ അസിസ്റ്റന്റ് പ്രൊഫസർമാർ വരെയുള്ള നിയമന കാര്യത്തിൽ അക്കാദമിക യോഗ്യതയ്ക്ക് പ്രാധാന്യം നൽകാതെയും സംസ്ഥാന സർക്കാരുകളുടെ അഭിപ്രായങ്ങൾ പരിഗണിക്കാതെയും പുറത്തിറക്കിയ യു.ജി.സി. കരട് മാർഗനിർദേശങ്ങൾ പിൻവലിച്ച് ബന്ധപ്പെട്ടവരുമായി വിശദമായ ചർച്ചകൾ നടത്തി അവരുടെ അഭിപ്രായങ്ങൾ കണക്കിലെടുത്തുകൊണ്ട് മാത്രം പുതിയ മാനദണ്ഡങ്ങൾ പുറപ്പെടുവിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ട്

21-01-2025-ന് കേരള നിയമസഭ ഐകകണ്ഠ്യേന പ്രമേയം പാസ്സാക്കുകയും അത് കേന്ദ്ര സർക്കാരിന് അയച്ചുകൊടുക്കുകയും ചെയ്തിട്ടുണ്ട്.

യു.ജി.സി. കരട് റെഗുലേഷൻ 2025-ലെ സംസ്ഥാന താൽപര്യങ്ങൾക്ക് വിരുദ്ധമായ വ്യവസ്ഥകൾ സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി പ്രൊഫ. പ്രഭാത് പട്നായിക് അധ്യക്ഷനായി രൂപീകരിച്ച അഞ്ചംഗ കമ്മിറ്റി, പ്രാഥമിക നിരീക്ഷണങ്ങളുടെ അടിസ്ഥാനത്തിൽ ഒരു റിപ്പോർട്ട് തയ്യാറാക്കി സർക്കാരിൽ സമർപ്പിക്കുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ ഡ്രാഫ്റ്റ് റെഗുലേഷൻ സംബന്ധിച്ച് സർക്കാരിന്റെ അഭിപ്രായം 03-02-2025-ാം തീയതി കേന്ദ്ര സർക്കാരിനെയും യു.ജി.സി.-യെയും അറിയിച്ചിട്ടുണ്ട്.

പ്രസ്തുത കരട് മാർഗനിർദേശങ്ങളെക്കുറിച്ച് ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ നേതൃത്വത്തിൽ 20-02-2025-ന് ദേശീയ വിദ്യാഭ്യാസ കൺവെൻഷൻ സംഘടിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത കൺവെൻഷനിൽ മറ്റു സംസ്ഥാനങ്ങളിൽനിന്നുള്ള വിദ്യാഭ്യാസ മന്ത്രിമാരുടെ പങ്കാളിത്തം പ്രതീക്ഷിക്കുന്നുണ്ട്. കൂടാതെ സംസ്ഥാനത്തെ

ജനപ്രതിനിധികളും അധ്യാപക-വിദ്യാർഥി പ്രതിനിധികളും ഉന്നത വിദ്യാഭ്യാസ വകുപ്പിനുകീഴിലുള്ള എല്ലാ സ്ഥാപനങ്ങളുടെയും പ്രതിനിധികളും പ്രസ്തുത കൺവെഷനിൽ പങ്കെടുക്കുന്നതാണ്.

(സി) ഉന്നത വിദ്യാഭ്യാസ രംഗത്ത് തുച്ഛമായി മാത്രം പണം ചെലവിടുന്ന കേന്ദ്ര സർക്കാർ, യു.ജി.സി. മാർഗനിർദേശങ്ങളിലൂടെ നടത്തുന്ന ഭരണഘടനാ ലംഘനത്തിനെതിരെ നിയമ പോരാട്ടം നടത്തുന്നതിനുള്ള സാധ്യത പരിശോധിക്കുന്നതാണ്.

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: സർ, കേരള നിയമസഭ ഐകകണ്ഠ്യേന പാസാക്കിയ യു.ജി.സി.-യുടെ പുതിയ നിലപാടുകളും സമീപനങ്ങളും സംബന്ധിച്ചുള്ള തിരുത്തലിന് നിലവിലെ സാഹചര്യത്തിൽ യാതൊരു പരിഗണനയും ലഭിക്കാതിരിക്കുമോ എന്നതാണ് പ്രശ്നം. അതിനെതിരെ കേരളം ഒറ്റക്കെട്ടായി നിൽക്കുന്നതിന്, ദേശീയ അടിസ്ഥാനത്തിൽ കൺവെൻഷൻ വിളിച്ചു ചേർക്കുന്നതിനും അത് കേരളത്തിന്റെയും ഇന്ത്യയുടെയും പൊതുഭാഗമാക്കി മാറ്റുന്നതിനുംവേണ്ടി സർക്കാർ നടത്തുന്ന ശ്രമങ്ങളെ പൂർണ്ണമായി അംഗീകരിക്കുന്നു. ഉന്നത

വിദ്യാഭ്യാസ മേഖലയിൽ ഏത് ആർ.എസ്.എസ്.-കാരനും കടന്നുചെന്ന് കാവിവൽകരണ പ്രവർത്തനം നടത്താൻ സാധിക്കുന്ന പ്രത്യേക പശ്ചാത്തലമാണ് നിലവിലുള്ളത്. ഫെലോഷിപ്പുകൾ ഉൾപ്പെടെയുള്ള ഉന്നത വിദ്യാഭ്യാസ രംഗത്തെ മുതൽമുടക്കിൽനിന്ന് യു.ജി.സി. പിന്നാക്കം പോകുന്ന സാഹചര്യത്തിൽ സംസ്ഥാന സർക്കാർ എന്തെങ്കിലും ബദൽ നിർദേശങ്ങൾ മുന്നോട്ടുവയ്ക്കാൻ തീരുമാനിച്ചിട്ടുണ്ടോ? ഈ അടുത്ത കാലങ്ങളിൽ ഫെലോഷിപ്പുകളൊക്കെ അവസാനിപ്പിക്കുന്ന കാഴ്ചയാണ് നാം കണ്ടുകൊണ്ടിരിക്കുന്നത്. അതിന് ബദലായി കേരളം എന്ത് നിലപാടാണ് സ്വീകരിക്കുന്നത്?

ഡോ. ആർ. ബിന്ദു: സർ, യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ ഏത് ഉദ്ദേശ്യത്തിലാണോ രൂപീകൃതമായിട്ടുള്ളത് അതിന് കടകവിരുദ്ധമായ ധർമ്മങ്ങളാണ് ഈ വർത്തമാനകാല സന്ദർഭത്തിൽ നിർവഹിച്ചുകൊണ്ടിരിക്കുന്നത്. യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ എന്ന പേരിലെ 'ഗ്രാന്റ്സ്' എന്ന വാക്കിനെ അത്യന്തം അവഗണിച്ചുകൊണ്ടുള്ള നിലപാടുകളാണവ. ഗ്രാന്റുകളും ഫെലോഷിപ്പുകളും കൊടുക്കാനുള്ള

ഉത്തരവാദിത്വത്തിൽനിന്ന് വളരെ നിരുത്തരവാദപരമായ നിലയിൽ പുറം തിരിഞ്ഞിരിക്കുന്ന സാഹചര്യമാണുള്ളത്. അത്തരത്തിൽ ന്യൂനപക്ഷ വിദ്യാർഥികൾക്ക് നൽകിവരുന്ന മൗലാന ആസാദ് നാഷണൽ ഫെലോഷിപ്പ് (MANF) പോലുള്ള ഫെലോഷിപ്പുകളും അധ്യാപകർക്കും ഗവേഷകർക്കും നൽകിവന്നിരുന്ന ഫാക്കൽറ്റി ഡെവലപ്മെന്റ് പ്രോഗ്രാം (FDP), പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പുകൾ തുടങ്ങിയവയും നിർത്തലാക്കിയ സ്ഥിതിയാണ് യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷന്റെ ഭാഗത്തുനിന്നുണ്ടായിരിക്കുന്നത്. വളരെ കർക്കശമായ റെഗുലേഷൻസ് അടിച്ചേൽപ്പിച്ചുകൊണ്ടാണ് യു.ജി.സി. മുന്നോട്ടുപോകുന്നത്. Recommendatory nature-ൽ ഉള്ള ശിപാർശയുടെ സ്വഭാവത്തിലുള്ള മാർഗനിർദേശങ്ങൾ നൽകുക എന്നുള്ളതാണ് യഥാർഥത്തിൽ യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷന്റെ ചുമതലയായി നിർവ്വചിക്കപ്പെട്ടിട്ടുള്ളത്. ആ അധികാര പരിധിക്ക് അപ്പുറത്തേയ്ക്ക് പോകുന്ന നിലയാണ് ഇന്ന് കാണുന്നത്. ഗ്രാന്റുകളും ഫെലോഷിപ്പുകളും നൽകുക എന്ന ഉത്തരവാദിത്വത്തിൽനിന്ന് മെല്ലെ പുറകോട്ടുവലിയുന്ന സ്ഥിതിയും വ്യക്തമായ നിലയിൽ കാണാൻ

സാധിക്കും. ഇതിന് ബദലായി സംസ്ഥാനത്ത് നവകേരള പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പ്, കൈരളി ഗവേഷക അവാർഡ്, മുഖ്യമന്ത്രിയുടെ വിദ്യാർഥി പ്രതിഭാ പുരസ്കാരം തുടങ്ങിയ പദ്ധതികൾ കേരള സർക്കാരിന്റെ തനത് സാമ്പത്തിക സ്രോതസ് ഉപയോഗിച്ച് നൽകിവരുന്നുണ്ട്. അത്തരത്തിൽ മറ്റ് ധനസഹായങ്ങളൊന്നും ലഭ്യമല്ലാത്ത ഗവേഷക വിദ്യാർഥികൾക്ക് ഫെലോഷിപ്പ് നൽകുന്നതിനുള്ള സ്കീം ഈ ബജറ്റിൽ പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ട്.

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: സർ, യു.ജി.സി. ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് നൽകുന്ന ഗ്രാന്റിനും മറ്റ് ആനുകൂല്യങ്ങൾക്കും കുറവ് വരുത്തിയ സാഹചര്യത്തിൽ ഉന്നതവിദ്യാഭ്യാസ മേഖലയിൽ കേരള സർക്കാരിന്റെ കഴിഞ്ഞ സാമ്പത്തിക വർഷത്തെ മുതൽമുടക്ക് എത്രയാണെന്ന് വിശദീകരിക്കുമോ?

ഡോ. ആർ. ബിന്ദു: സർ, കഴിഞ്ഞ സാമ്പത്തിക വർഷം മാത്രം ഉന്നത വിദ്യാഭ്യാസ വകുപ്പ് മുഖേന സംസ്ഥാന സർക്കാർ 1822.35 കോടി രൂപ പ്ലാൻ, നോൺ-പ്ലാൻ ഇനത്തിൽ വിനിയോഗിച്ചിട്ടുണ്ടെന്നുള്ളത് ഏറ്റവും

അഭിമാനകരമായ കാര്യമാണ്. കഴിഞ്ഞ നാലുവർഷത്തിനിടെ കേരളം ആറായിരം കോടി രൂപയാണ് ഉന്നതവിദ്യാഭ്യാസ മേഖലയിൽ വിനിയോഗിച്ചിട്ടുള്ളതെന്ന് കേന്ദ്ര ഗവൺമെന്റിന്റെ ഇക്കണോമിക് സർവെ ചൂണ്ടിക്കാണിച്ചിട്ടുണ്ട് എന്നതും സാഭിമാനം ഈ സഭയെ അറിയിക്കുന്നു. അതിന്റെ ഭാഗമായി ഉന്നത വിദ്യാഭ്യാസ രംഗത്തെ അടിസ്ഥാന സൗകര്യ വികസനത്തിലും വലിയ ഉണർവുണ്ടായിട്ടുണ്ട്. സ്മാർട്ട് ക്ലാസ് റൂമുകളുള്ള അക്കാദമിക് കോംപ്ലക്സുകളും സ്റ്റേറ്റ് ഓഫ് ദ ആർട്ട് സൗകര്യങ്ങളുള്ള ലാബ് കോംപ്ലക്സുകളും മോഡണൈസ് ചെയ്ത ലൈബ്രറികളും എല്ലാ സർവകലാശാലകളിലും കലാലയങ്ങളിലും ഉറപ്പാക്കാൻ സാധിച്ചിട്ടുണ്ട്. അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുക മാത്രമല്ല സമഗ്രവും സമൂലവുമായ നിലയിൽ അക്കാദമിക ഉള്ളടക്കത്തിലും കാലാനുസൃതമായ പരിഷ്കാരങ്ങൾ കൊണ്ടുവരാൻ സാധിക്കുംവിധം കരിക്കുലം പരിഷ്കരണം ഉൾപ്പെടെ ഏറ്റെടുക്കാൻ സാധിച്ചുവെന്നതും ഏറെ അഭിമാനകരമാണ്.

ശ്രീ. ഡി. കെ. മുരളി: സർ, UGC Draft Regulation, സത്യത്തിൽ സംസ്ഥാനങ്ങളുടെ ഫെഡറൽ അവകാശങ്ങളുടെമേലുള്ള

ലംഘനമാണെന്നതും അതിന്റെ പിന്നിൽ ഒരു കാവിവൽകരണ അജണ്ട ഒളിപ്പിച്ചുവച്ചിട്ടുണ്ടെന്നുള്ളതും ഏറെ ചർച്ചാ വിഷയമായതാണ്. ഈ സന്ദർഭത്തിൽ കേരള നിയമസഭ പ്രമേയം പാസാക്കുകയും സർക്കാരിന്റെ അഭിപ്രായങ്ങൾ അറിയിക്കുകയും ചെയ്തിട്ടുണ്ട്. ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രിയെന്ന നിലയിൽ കേന്ദ്ര സർക്കാരിനും യു.ജി.സി.-ക്കും കത്ത് എഴുതിയിട്ടുണ്ടോ; അതിൽ എന്ത് നിലപാടാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദീകരിക്കാമോ?

ഡോ. ആർ. ബിന്ദു: സർ, ഉന്നതവിദ്യാഭ്യാസ വകുപ്പുമന്ത്രിയെന്ന നിലയിൽ യു.ജി.സി.-ക്കും കേന്ദ്ര ഉന്നതവിദ്യാഭ്യാസ വകുപ്പുമന്ത്രി ശ്രീ. ധർമ്മേന്ദ്ര പ്രധാനും കത്തയച്ചിട്ടുണ്ട്. വൻതോതിൽ മുതൽമുടക്കി പൊതുസർവകലാശാലകളെ സംരക്ഷിക്കുകയും അവയുടെ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുകയും ചെയ്യുന്നത് സംസ്ഥാന ഗവൺമെന്റുകളാണ്. സംസ്ഥാന സർവകലാശാലകളുടെ എല്ലാ ചുമതലകളും സംസ്ഥാന ഗവൺമെന്റുകളിൽ നിക്ഷിപ്തമായിരിക്കെ വലിയ രീതിയിലുള്ള കേന്ദ്രീകരണ പരിശ്രമങ്ങൾ നടത്തുന്ന തരത്തിൽ യു.ജി.സി. ഡ്രാഫ്റ്റ്

ഗൈഡ്ലൈൻസ് പുതുതായി തയ്യാറാക്കിയിട്ടുള്ളത് സംബന്ധിച്ച പ്രതിഷേധം ഗവൺമെന്റ് അറിയിച്ചിട്ടുണ്ട്. മുതൽമുടക്കുന്ന സംസ്ഥാന ഗവൺമെന്റുകൾക്ക് സർവകലാശാലകളുടെ പ്രവർത്തനത്തിലും നിയമനങ്ങളുമായി ബന്ധപ്പെട്ട വിഷയത്തിലും യാതൊരു വിധത്തിലും ഇടപെടാനുള്ള സ്പേസ് ഇല്ലാത്ത തരത്തിൽ യു.ജി.സി. മാർഗനിർദേശങ്ങൾ പുറപ്പെടുവിച്ചിരിക്കുന്നത് ഖേദകരമാണെന്നും അത് നമ്മുടെ ഫെഡറൽ തത്വങ്ങൾക്ക് വിരുദ്ധമായ നിലപാടാണെന്നും ചൂണ്ടികാണിച്ചുകൊണ്ട് യു.ജി.സി.-ക്കും കേന്ദ്ര ഉന്നതവിദ്യാഭ്യാസ വകുപ്പുമന്ത്രിക്കും കത്തയച്ചിട്ടുണ്ട്.

ശ്രീ. പി. പി. സുമോദ്: സർ, യു.ജി.സി. റെഗുലേഷനെക്കുറിച്ച് പഠിക്കാൻ നിയമിച്ച കമ്മിറ്റിയുടെ പ്രധാന കണ്ടെത്തലുകൾ എന്തൊക്കെയാണ്; റെഗുലേഷൻ വ്യവസ്ഥകൾ സർവകലാശാലയുടെ സ്വയംഭരണത്തെ എങ്ങനെയാണ് ബാധിക്കുന്നത്?

ഡോ. ആർ. ബിന്ദു: സർ, യു.ജി.സി. റെഗുലേഷനെ സംബന്ധിച്ച് പഠനം നടത്തുന്നതിനായി പ്രമുഖ അക്കാദമിഷ്യനും സാമ്പത്തിക വിദഗ്ധനുമായ പ്രൊഫ. പ്രഭാത് പട്നായിക്-ന്റെ നേതൃത്വത്തിലുള്ള അഞ്ചംഗ സമിതിയെ

ഉന്നത വിദ്യാഭ്യാസ വകുപ്പ് നിയോഗിക്കുകയും ടി സമിതി അതിന്റെ പ്രാഥമിക നിരീക്ഷണം സർക്കാരിലേക്ക് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. എങ്ങനെയാണ് പ്രസ്തുത യു.ജി.സി. റെഗുലേഷൻ ഇന്ത്യയുടെ ഭരണഘടനാ തത്വങ്ങൾക്ക് വിരുദ്ധമാകുന്നതെന്നും യു.ജി.സി.-യുടെ വ്യക്തമായി നിർവചിക്കപ്പെട്ട ഉത്തരവാദിത്വങ്ങളുടെ അതിർത്തികൾക്ക് അപ്പുറത്തേയ്ക്ക് പോകുന്നതെന്നും ഈ റിപ്പോർട്ടിൽ വിശദീകരിച്ചിട്ടുണ്ട്. അതോടൊപ്പം അധ്യാപക നിയമനത്തിൽ notable contributions എന്ന മാനദണ്ഡം ഉൾപ്പെടുത്തിയിരിക്കുന്നതിന്റെ അശാസ്ത്രീയതയെക്കുറിച്ചും ഈ റിപ്പോർട്ടിൽ ചൂണ്ടിക്കാണിക്കുന്നുണ്ട്. അക്കാദമിക് യോഗ്യതകളെ നിർവീര്യമാക്കിക്കൊണ്ട് വൈസ് ചാൻസലർ പദവിയുടെയും അസിസ്റ്റന്റ് പ്രൊഫസർ വരെയുള്ള തസ്തികകളുടെ അക്കാദമിക ഗുണമേന്മയെ ചോർത്തിക്കളയുന്ന വിധത്തിൽ ഏതെങ്കിലും ഒരു മേഖലയിലെ പ്രവൃത്തി പരിചയം മാത്രം മതിയെന്ന രീതിയിലുള്ള നിബന്ധന തീർച്ചയായും നമ്മുടെ സർവകലാശാലകളുടെയും ഉന്നതവിദ്യാഭ്യാസ മേഖലയുടെയും അക്കാദമിക ഗുണനിലവാരം തളർത്തിക്കളയുമെന്ന് വളരെ വ്യക്തമായി റിപ്പോർട്ടിൽ

ചൂണ്ടിക്കാണിക്കുന്നുണ്ട്. വ്യവസായ മേഖലയിലെ പ്രവൃത്തി പരിചയം അല്ലെങ്കിൽ Public Administration രംഗത്തെ പ്രവൃത്തി പരിചയം മാത്രം മതിയെന്ന നിലയിൽ വ്യാഖ്യാനിക്കപ്പെടുമ്പോൾ ഇത് വൻതോതിലുള്ള കച്ചവടവൽകരണത്തിന് ഇടവയ്ക്കുമെന്നും ഈ റിപ്പോർട്ടിൽ വ്യക്തമാക്കുന്നുണ്ട്.

ശ്രീ. എം. എസ്. അരുൺ കുമാർ: സർ, യു.ജി.സി. മാർഗനിർദേശ പ്രകാരം വൈസ് ചാൻസലർ, അധ്യാപക നിയമങ്ങളിലെ യോഗ്യതകളിൽ വെള്ളം ചേർക്കുന്നത് ഉന്നത വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരത്തെ ബാധിക്കുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; notable contribution എന്ന പേരിൽ അവ്യക്തമായ നിബന്ധനകൾ യോഗ്യതയിൽ ഉൾപ്പെടുത്തുന്നത് ഉന്നത വിദ്യാഭ്യാസത്തിന്റെ ഗുണമേന്മയെ ബാധിക്കുമെന്ന് കരുതുന്നുണ്ടോ?

ഡോ. ആർ. ബിന്ദു: സർ, തീർച്ചയായും. വൈസ് ചാൻസലർ പദവിയുൾപ്പെടെ അക്കാദമിക ഗുണമേന്മയ്ക്ക് വളരെയധികം മുൻതൂക്കം നൽകുന്ന ഒരു പദവിയിൽ അക്കാദമിക യോഗ്യതകൾ അനിവാര്യമല്ല എന്ന നിലയിലും ഏതെങ്കിലും ഒരു മേഖലയിലെ പത്ത് വർഷക്കാലത്തെ പ്രവൃത്തി

പരിചയം മാത്രം മതിയെന്ന നിലയിലുമുള്ള വ്യാഖ്യാനം തീർച്ചയായും ഉന്നതമായ അക്കാദമിക് പദവിയുടെ ഗുണനിലവാരം തളർത്തിക്കളയുമെന്നാണ് മനസ്സിലാക്കാൻ സാധിക്കുന്നത്. ഏതെങ്കിലും ഒരു മേഖല എന്ന് പറയുമ്പോൾ ഏത് മേഖലയാണെന്നോ ഏത് അളവിലുള്ള പ്രായോഗിക പരിചയമാണെന്നോ വ്യക്തമായി നിർവചിക്കുന്നില്ല. ഏതെങ്കിലും ഒരു മേഖലയിലെ notable contribution എന്ന നിലയിൽ കാര്യങ്ങൾ വന്നു ഭവിക്കുമ്പോൾ ആരാണ് ഈ ഉത്തരവാദപ്പെട്ട സ്ഥാനങ്ങളിൽ അവരോധിക്കപ്പെടുക എന്നത് സംബന്ധിച്ചും ഇന്നത്തെ ഇന്ത്യൻ സാമൂഹിക സാഹചര്യങ്ങളിൽ ഒരു ജനാധിപത്യ സമൂഹത്തിന് വലിയ ഉത്കണ്ഠ ഉണ്ടാകേണ്ടതുണ്ട്.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, യു.ജി.സി.-യുടെ പുതിയ നിയമങ്ങൾ പൂർണ്ണമായും കാവിവൽകരണത്തിന് വേണ്ടിയുള്ള ശ്രമത്തിന്റെ ഭാഗമാണെന്നതിൽ യാതൊരു സംശയവുമില്ല. അത് എതിർക്കപ്പെടേണ്ടത് തന്നെയാണ്. അതോടൊപ്പം യു.ജി.സി. മാർഗനിർദ്ദേശങ്ങളിൽ പുതിയതായി ഉൾപ്പെടുത്തിയ 4.2, 5.773 എന്നീ ക്ലോസുകളിലൂടെ

ന്യൂനപക്ഷങ്ങളുടെ അവകാശങ്ങൾ ഇല്ലാതാക്കുന്ന തരത്തിലുള്ള നിലപാടാണ് സ്വീകരിച്ചിട്ടുള്ളത്. രണ്ട് കാര്യങ്ങൾ ഉദാഹരണമായി പറയാം. സെലക്ഷൻ കമ്മിറ്റി രൂപീകരിക്കുന്നതിനുള്ള അവകാശത്തെക്കുറിച്ച് പറയുകയാണെങ്കിൽ, കോളേജുകൾ/സ്ഥാപനങ്ങൾ എഴുതി നൽകുന്നവരുടെ പേരിൽനിന്ന് വൈസ് ചാൻസലർ ഉത്തരവാദപ്പെട്ട ആളുകളെ തിരഞ്ഞെടുത്ത് കോളേജുകൾക്ക് നൽകി, പ്രസ്തുത സെലക്ഷൻ കമ്മിറ്റി മുഖേനയാണ് അധ്യാപക നിയമനങ്ങളും മറ്റും നടത്തിയിരുന്നത്. എന്നാൽ ഇപ്പോഴത് ഒഴിവാക്കപ്പെടുകയാണ്. രണ്ടാമതായി, പിഎച്ച്.ഡി., പബ്ലിക്കേഷൻ എന്നിവയ്ക്കെല്ലാംകൂടി 70 ശതമാനം മാർക്ക് ഉൾക്കൊള്ളിച്ചുകൊണ്ടായിരുന്ന മുമ്പ് ഇന്റർവ്യൂ നടത്തിയിരുന്നത്. അതിനുപകരം നിലവിൽ ഡയറക്ട് റിക്രൂട്ട്മെന്റ് നടത്തുകയാണ്. കേരള, കാലിക്കറ്റ് യൂണിവേഴ്സിറ്റികളിലെ കാര്യം അങ്ങേയ്ക്ക് അറിയാവുന്നതാണ്. അതുമായി ബന്ധപ്പെട്ട പ്രയാസങ്ങൾ നാം ഇന്ന് അനുഭവിക്കുന്നതുകൊണ്ടുതന്നെ ഭരണഘടന അംഗീകരിക്കുന്നതും അനുവദിക്കുന്നതുമായ ന്യൂനപക്ഷങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതോടൊപ്പം ഡയറക്ട് ഇന്റർവ്യൂ നടത്താതെ മറ്റുള്ള

കാര്യങ്ങൾകൂടി പരിഗണിച്ചുകൊണ്ട് മാർക്ക് നൽകി ഇന്റർവ്യൂ ക്രമീകരിക്കാൻ സംസ്ഥാന സർക്കാർ മുൻകൈയെടുക്കുമോ?

ഡോ. ആർ. ബിന്ദു: സർ, കേന്ദ്ര ഭരണാധികാരികൾ എല്ലാ മേഖലകളിലും അമിതാധികാരവും സ്വേച്ഛാധിപത്യ പ്രവണതകളും അമിതമായ കേന്ദ്രീകരണ പരിഷ്കരണങ്ങളും പുലർത്തിപോരുന്നത് നമ്മൾ കണ്ടുവരികയാണ്. ആ പശ്ചാത്തലത്തിൽ കൂടിയാണ് നാം ഈ പുതിയ ഡ്രാഫ്റ്റ് റെഗുലേഷനെ വീക്ഷിക്കേണ്ടത്. ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചതുപോലെ കാവിവൽകരണ പരിശ്രമങ്ങളുടെ ഏറ്റവും ഒടുവിലത്തെ അധ്യായമായി തന്നെയാണ് നാം ഇതിനെ വായിക്കേണ്ടത്. മതന്യൂനപക്ഷങ്ങൾക്കും സമൂഹികമായും സാമ്പത്തികമായും പിൻനിരയിലുള്ളവർക്കുമെല്ലാം പ്രയാസം സൃഷ്ടിക്കാവുന്ന ഉള്ളടക്കം ഡ്രാഫ്റ്റ് മാർഗനിർദേശത്തിലുണ്ടെന്നതാണ് യാഥാർഥ്യം. ഹിന്ദുത്വ അജണ്ട നടപ്പാക്കിക്കൊണ്ട് നമ്മുടെ ആശയകേന്ദ്രങ്ങളും രാജ്യത്തെ ധൈഷണിക കേന്ദ്രങ്ങളുമായ സർവകലാശാലകളെ കൈപ്പിടിയിലൊതുക്കാനുള്ള ഗൂഢ നീക്കം ഇതിന്റെ പിന്നിലുണ്ടെന്ന് സുവ്യക്തമാണ്. അതുകൊണ്ടുതന്നെ

യു.ജി.സി. മാർഗനിർദേശങ്ങളിലെ പ്രതിലോമകരമായ അംശങ്ങളെ ഒഴിവാക്കുന്നതിന് ഭരണ-പ്രതിപക്ഷ ഭേദമെന്യേ യോജിച്ചുകൊണ്ടുള്ള നടപടികളാണ് സ്വീകരിക്കേണ്ടത്. ഫെബ്രുവരി 20-ാം തീയതി ഈ വിഷയവുമായി ബന്ധപ്പെട്ട് ആർ. ശങ്കരനാരായണൻതമ്പി മെംബേഴ്സ് ലോഞ്ചിൽവച്ച് നടത്തുന്ന നാഷണൽ കൺവെൻഷനിൽ കക്ഷിരാഷ്ട്രീയത്തിന് അതീതമായി ഏവരും ഒരുമിച്ച് നിൽക്കണമെന്ന് പറയാൻ ഈ സന്ദർഭത്തിൽ ആഗ്രഹിക്കുന്നു.

ശ്രീ. എ. സി. മൊയ്തീൻ: സർ, കേന്ദ്രസർക്കാർ ആർ.എസ്.എസ്.-ന്റെ ആശയങ്ങൾ നടപ്പാക്കുന്നതിനായി പരിശ്രമിച്ചുകൊണ്ടിരിക്കുകയാണ്. കരിക്കുലത്തിലും സിലബസിലും തങ്ങളുടെ രാഷ്ട്രീയ അഭിപ്രായങ്ങൾ ഈ ഡ്രാഫ്റ്റ് റെഗുലേഷന്റെ ഭാഗമായി നടപ്പാക്കാനുള്ള ശ്രമം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അങ്ങനെയാണെങ്കിൽ അപകടകരമായ ഈ നീക്കത്തെ കേരളത്തിന്റെ പശ്ചാത്തലത്തിൽനിന്ന് എങ്ങനെയാണ് ചെറുക്കാൻ സാധിക്കുന്നതെന്ന് ആലോചിച്ചിട്ടുണ്ടോ?

ഡോ. ആർ. ബിന്ദു: സർ, വൈസ് ചാൻസലർ നിയമനത്തിൽ

ഉൾപ്പെടെ കേന്ദ്രഗവൺമെന്റിന്റെ പ്രതിനിധികൾക്ക് മാത്രം കടന്നുവരാൻ സാധിക്കുന്ന രീതിയിലുള്ള നിർദേശങ്ങളാണ് ഈ ഡ്രാഫ്റ്റ് മാർഗനിർദേശത്തിന്റെ ഉള്ളടക്കത്തിൽ കാണപ്പെടുന്നത്. വൈസ് ചാൻസലർ നിയമനത്തിന് ചാൻസലറുടെ പ്രതിനിധിയും യു.ജി.സി.-യുടെ പ്രതിനിധിയും സർവകലാശാലയുടെ പ്രതിനിധിയും എന്ന രൂപത്തിലുള്ള നിർദേശമാണ് വന്നിട്ടുള്ളത്. അതിന്റെ ചെയർമാനായി പ്രവർത്തിക്കുന്നത് ചാൻസലറുടെ പ്രതിനിധിയായിരിക്കും. സ്വാഭാവികമായും വൈസ് ചാൻസലർ തിരഞ്ഞെടുപ്പിൽ ഉൾപ്പെടെ വലിയ രീതിയിൽ കേന്ദ്രഗവൺമെന്റിന്റെ കാവിവൽകരണ അജണ്ട നടപ്പാക്കാൻ സാധ്യതയുള്ള വിധത്തിലായിരിക്കും നിയമനം നടക്കുക എന്നുള്ള ആശങ്ക ഇന്ന് രാജ്യത്തെമ്പാടും വലിയ തോതിൽ ഉയർന്നുവരുന്നുണ്ട്. സമാന മനസ്കരായ വിദ്യാഭ്യാസ മന്ത്രിമാരെ പങ്കെടുപ്പിച്ചുകൊണ്ട് അടുത്തകാലത്ത് കർണാടക ഗവൺമെന്റ് വിളിച്ചുചേർത്ത കോൺക്ലേവിൽ ഞാനും പങ്കെടുത്തിരുന്നു. തീർച്ചയായും യു.ജി.സി. ഡ്രാഫ്റ്റ് മാർഗനിർദേശത്തിലുള്ള പ്രതിലോമകരമായ അംശങ്ങൾ ചെറുക്കപ്പെടേണ്ടതാണ്. അത് നമ്മുടെ ഉന്നത വിദ്യാഭ്യാസ മേഖലയുടെ

മതനിരപേക്ഷ സ്വഭാവം സംരക്ഷിക്കുന്നതിന് അനിവാര്യമാണ്. അതിന്റെ ജനാധിപത്യ സ്വഭാവവും അക്കാദമിക് ക്വാളിറ്റിയും സംരക്ഷിക്കുന്നതിന് ഈ പുതിയ ഡ്രാഫ്റ്റ് മാർഗനിർദ്ദേശത്തിന്റെ ഉള്ളടക്കത്തെ ചോദ്യം ചെയ്യുന്ന നിലപാട് സ്വീകരിക്കേണ്ടതുണ്ട്. ഇക്കാര്യത്തിൽ collaborative സമീപനത്തോടുകൂടി സംസ്ഥാന ഗവൺമെന്റുകളോട് ആശയവിനിമയം നടത്തുക എന്ന പ്രാഥമികമായ ജനാധിപത്യ ഉത്തരവാദിത്വം യു.ജി.സി. നിറവേറ്റേണ്ടതുണ്ടെന്ന് സംസ്ഥാന ഗവൺമെന്റുകൾ ചൂണ്ടിക്കാണിക്കുന്നുണ്ട്. കാവിവൽകരണ അജണ്ട നടപ്പാക്കിക്കൊണ്ട് നമ്മുടെ ആശയ കേന്ദ്രങ്ങളെ സമ്പൂർണ്ണമായും തങ്ങളുടെ കൈപ്പിടിയിലൊതുക്കുക എന്ന ഗൂഢോദ്ദേശ്യം ഇതിലൂടെ നടപ്പാക്കുകയാണ്. ആശയപരമായ infiltration-ലൂടെ രാഷ്ട്രീയാധികാരം നിലനിർത്തുക എന്നത് തന്നെയാണ് ഇതിനുപിന്നിലുള്ള ഉദ്ദേശ്യമെന്ന് സുവ്യക്തമാണ്; തീർച്ചയായും അത് ചെറുക്കപ്പെടേണ്ടതാണ്.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, യു.ജി.സി. മാർഗനിർദ്ദേശങ്ങളിൽ വകുപ്പ് 26(1)(e) പ്രകാരം അധ്യാപകരുടെ യോഗ്യതകൾ നിയന്ത്രിക്കാനോ റെഗുലേറ്റ് ചെയ്യാനോ ആണ്

നിഷ്കർഷിച്ചിട്ടുള്ളത്. പ്രസ്തുത വകുപ്പിനെ അടിസ്ഥാനപ്പെടുത്തിക്കൊണ്ടാണ് റെഗുലേഷൻ പുറപ്പെടുവിച്ചിട്ടുള്ളത്. വൈസ് ചാൻസലർ എന്നുള്ളത് ഒരു അധ്യാപകൻ അല്ലാത്തിടത്തോളംകാലം യു.ജി.സി.-ക്ക് അതുസംബന്ധിച്ച് റെഗുലേഷൻ നടത്താനുള്ള അധികാരം പാർലമെന്റ് നൽകിയിട്ടില്ല. യഥാർഥത്തിൽ വൈസ് ചാൻസലർമാരുടെ നിയമനത്തെ സംബന്ധിച്ചുള്ള യു.ജി.സി. റെഗുലേഷൻ, യു.ജി.സി. നിയമത്തിനുതന്നെ ultravires ആണ്. അതോടൊപ്പം ഭരണഘടനയുടെ Entry 32-ൽ Regulation of the Universities എന്നത് സംസ്ഥാനത്തിന്റെ അധികാരത്തിൽ വരുന്നതാണ്. യൂണിയൻ ലിസ്റ്റ് 44-ലെ റെഗുലേഷനിൽ പറയുന്നത് 'except universities' എന്നാണ്. അത് പൂർണ്ണമായും ഭരണഘടനയ്ക്ക് മാത്രമല്ല യു.ജി.സി. നിയമത്തിനുതന്നെ ultravires ആണ്. വൈസ് ചാൻസലറുടെ നിയമനവും റെഗുലേഷനും പൂർണ്ണമായും സംസ്ഥാനത്തിന് അധികാരപ്പെടുത്തിയിട്ടുള്ളതാണ്. അതുകൊണ്ട് റെഗുലേഷൻതന്നെ നിയമവിരുദ്ധമാണെന്നാണ് സൂചിപ്പിക്കാനുള്ളത്.

റോഡുകളിൽ ഏറ്റവും അപകടസാധ്യതയുള്ള സ്ഥലങ്ങൾ

2 (*122) ഡോ. മാത്യു കുഴൽനാടൻ:

ശ്രീ. പി. സി. വിഷ്ണുനാഥ്:

ശ്രീ. ഐ. സി. ബാലകൃഷ്ണൻ:

ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ഏറ്റവും അപകടസാധ്യതയുള്ള സ്ഥലങ്ങൾ ചൂണ്ടിക്കാട്ടി നാഷണൽ ട്രാൻസ്പോർട്ടേഷൻ പ്ലാനിങ് ആൻഡ് റിസർച്ച് സെന്റർ (നാറ്റ്പാക്) റോഡ് സുരക്ഷാ അതോറിറ്റിക്ക് റിപ്പോർട്ടുകൾ നൽകിയിരുന്നോ;

(ബി) എങ്കിൽ ഏതൊക്കെ വർഷങ്ങളിലാണ് റിപ്പോർട്ടുകൾ നൽകിയതെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത റിപ്പോർട്ടുകളിലെ നിർദേശങ്ങൾ നടപ്പാക്കാൻ സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. കെ. ബി. ഗണേഷ് കുമാർ): സർ, (എ&ബി) കേരളത്തിൽ അപകടങ്ങൾ കുറയ്ക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ

റോഡ് സേഫ്റ്റി അതോറിറ്റി വഴിയും എം.വി.ഡി. വഴിയും നടപ്പാക്കിയിട്ടുള്ള പദ്ധതികളാണ്.

നാറ്റ്പാക് 2016 മുതൽ 2021 വരെ വിവിധ കാലഘട്ടങ്ങളിലായി കേരള റോഡ് സുരക്ഷ അതോറിറ്റിക്ക് റിപ്പോർട്ടുകൾ സമർപ്പിച്ചിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	(സമർപ്പിച്ച റിപ്പോർട്ടിന്റെ പേര്)	വർഷം
1	എറണാകുളം ജില്ലയിലെ അപകട ബ്ലാക്ക് സ്പോട്ടുകളുടെ തിരിച്ചറിയലും മുൻഗണനയും	2016
2	കേരളത്തിലെ അപകട ബ്ലാക്ക് സ്പോട്ടുകളുടെ തിരിച്ചറിയൽ	2017
3	കേരള സംസ്ഥാനത്തെ അപകട ബ്ലാക്ക് സ്പോട്ടുകളുടെ തിരിച്ചറിയലും ഹ്രസ്വകാല മെച്ചപ്പെടുത്തലും	
	ഘട്ടം - 1 കേരള സംസ്ഥാനത്തെ അപകട ബ്ലാക്ക് സ്പോട്ടുകളുടെ തിരിച്ചറിയലും മുൻഗണനയും	2019
	ഘട്ടം - 2 ബ്ലാക്ക് സ്പോട്ടുകളുടെ ഹ്രസ്വകാല മെച്ചപ്പെടുത്തൽ നടപടികളുടെ ഒരുക്കം	2020
4	കേരള സംസ്ഥാനത്തെ അപകട ബ്ലാക്ക് സ്പോട്ടുകളുടെ തിരിച്ചറിയലും ഹ്രസ്വകാല മെച്ചപ്പെടുത്തലും	
	ഘട്ടം - 1 കേരള സംസ്ഥാനത്തെ അപകട ബ്ലാക്ക് സ്പോട്ടുകളുടെ തിരിച്ചറിയലും മുൻഗണനയും	2021

(സി) നാറ്റ്പാക്കിന്റെ റിപ്പോർട്ടിലെ നിർദേശങ്ങൾ നടപ്പാക്കിവരുന്നു.

സംസ്ഥാനത്തൊട്ടാകെയുള്ള റോഡുകളിലെ വിവിധ ഭാഗങ്ങളിൽ ബ്ലാക്ക് സ്പോട്ടുകൾ കണ്ടെത്തിയിട്ടുണ്ട്. പൊതുമരാമത്ത് റോഡുകളിൽവരുന്ന ബ്ലാക്ക് സ്പോട്ടുകൾ പരിഹരിക്കാൻ പൊതുമരാമത്ത് ഫണ്ടും KRSA (Kerala Road Safety Authority) ഫണ്ടും ഉപയോഗിച്ചുവരുന്നു. NHAI (National Highway Authority of India)-യുടെ പദ്ധതിയായ ആറ് വരി പാത പൂർത്തീകരിക്കുന്ന മുറയ്ക്ക് എൻ.എച്ച്. 66-ലെ ബ്ലാക്ക് സ്പോട്ടുകൾ പരിഹരിക്കപ്പെടും. കൂടാതെ മറ്റ് റോഡ് owning ഏജൻസികൾ അവരുടെ ഫണ്ടുകൾ മുഖാന്തരവും ബ്ലാക്ക് സ്പോട്ടുകൾ പരിഹരിച്ചുവരുന്നു. ഓരോ ജില്ലയിലും കണ്ടെത്തിയ ബ്ലാക്ക് സ്പോട്ടുകൾ പരിഹരിക്കാൻ റോഡ് സുരക്ഷാ അതോറിറ്റി ഓരോ (DRSC) ഡിസ്ട്രിക്ട് റോഡ് സേഫ്റ്റി കൗൺസിലുകൾക്കും 10 ലക്ഷം രൂപ വീതം അനുവദിക്കുകയും ആദ്യ ഗഡുവായി 5 ലക്ഷം രൂപ കൈമാറുകയും ചെയ്തിട്ടുണ്ട്.

ഡോ. മാത്യു കുഴൽനാടൻ: സർ, കേരളത്തിൽ ഏറ്റവും കൂടുതൽ ജീവൻ പൊലിയുന്നത് റോഡുകളിലാണെന്ന് വെറുതെ പറയുന്നതല്ല. 2020-ൽ 27887 അപകടങ്ങളും 2900 മരണങ്ങളും 2021-ൽ 33296 അപകടങ്ങളും 3429

മരണങ്ങളും 2022-ൽ 43910 അപകടങ്ങളും 4317 മരണങ്ങളും 2023-ൽ 48091 അപകടങ്ങളും 4080 മരണങ്ങളും 2024-ൽ (കണക്കെടുപ്പ് പൂർത്തിയായില്ലെങ്കിലും) 48836 അപകടങ്ങളും 3714 മരണങ്ങളുമുണ്ടായിട്ടുണ്ട്. ഇത് ഏറ്റവും ഗൗരവമേറിയ വിഷയമാണ്. കാരണം, നമ്മുടെ ജനസംഖ്യ രാജ്യത്തെ ജനസംഖ്യയുടെ 3 ശതമാനമാണ്. എന്നാൽ, രാജ്യത്തുണ്ടാകുന്ന അപകടങ്ങളുടെയും മരണങ്ങളുടെയും 10 ശതമാനം കേരളത്തിലാണ് സംഭവിക്കുന്നത്. നാം റോഡ് സുരക്ഷയ്ക്ക് least priority-യാണ് കൊടുക്കുന്നത്. അപകടങ്ങളുടെയും മരണങ്ങളുടെയും നിരക്ക് വർധിച്ചുവരുന്ന സാഹചര്യത്തിൽ റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട് സർക്കാർ എന്തെങ്കിലും ആധികാരികമായ പഠനങ്ങൾ നടത്തിയിട്ടുണ്ടോ; റോഡുകളുടെ ഡിസൈൻ തകരാറോ മറ്റെന്തെങ്കിലും വിഷയങ്ങളോ ആണ് അപകടനിരക്കിന് കാരണമെന്ന് കണ്ടെത്തിയിട്ടുണ്ടോ?

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ പറഞ്ഞ ഡാറ്റ ശരിയാണ്. 2022 മുതലുള്ള കണക്ക് പരിശോധിച്ചാൽ, മോട്ടോർ വാഹന വകുപ്പിന്റെയും പോലീസിന്റെയും കഠിന ശ്രമങ്ങളുടെ

ഫലമായി 2022-ൽ മരണ അനുപാതം കുറയ്ക്കാൻ സാധിച്ചിട്ടുണ്ടെങ്കിലും അപകടങ്ങളുടെ എണ്ണം വർധിച്ചിട്ടുണ്ട്. 2022-ൽ 4317 മരണങ്ങളാണ് ഉണ്ടായിട്ടുള്ളതെങ്കിൽ 2023-ൽ മരണങ്ങളുടെ എണ്ണം 4080 ആയി കുറഞ്ഞു. ഏകദേശം 8.5 ശതമാനത്തിന്റെ കുറവുണ്ടായിട്ടുണ്ട്. ഈ വർഷം മരണങ്ങളുടെ എണ്ണം 3746 ആയി കുറഞ്ഞുവെന്ന ഭാഗ്യമുണ്ട്. എന്നാൽ, ഈ വർഷം അപകടങ്ങളുടെ എണ്ണം കഴിഞ്ഞ വർഷത്തെക്കാൾ വളരെയധികം വർധിച്ചിട്ടുണ്ട്. അതിൽ പ്രധാനമായി കണ്ടുവരുന്നത്, നിലവാരമില്ലാത്ത ഡ്രൈവിംഗും അശ്രദ്ധയുമാണ്. കൂടുതൽ അപകടങ്ങളുണ്ടാക്കുന്നതും മരണങ്ങൾ സൃഷ്ടിക്കുന്നതും മോട്ടോർ സൈക്കിളുകളാണ്. മോട്ടോർ സൈക്കിളുകൾ ഓടിക്കുമ്പോഴുണ്ടാകുന്ന അശ്രദ്ധ അപകടങ്ങൾക്ക് ഒരു കാരണമാണ്. NATPAC (National Transportation Planning and Research Centre) എല്ലാ വർഷവും കൃത്യമായി പഠനം നടത്താറുണ്ട്. റോഡുകളിലെ ബ്ലാക്ക് സ്പോട്ടുകൾ കണ്ടെത്തുകയും നാഷണൽ ഹൈവേയുമായി ബന്ധപ്പെട്ട റോഡുകളിലെ ബ്ലാക്ക് സ്പോട്ടുകൾ ചൂണ്ടിക്കാണിച്ച് അവരെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. അത്തരത്തിൽ സ്റ്റേറ്റ് ഹൈവേയിലെ ബ്ലാക്ക് സ്പോട്ടുകൾ

ചൂണ്ടിക്കാണിക്കുകയും അത് പി.ഡബ്ല്യൂ.ഡി.-യുടെ ശ്രദ്ധയിൽപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. കൂടാതെ, റോഡ് സേഫ്റ്റി അതോറിറ്റി പല സ്ഥലങ്ങളിലെയും ബ്ലാക്ക് സ്പോട്ടുകൾ ക്ലിയർ ചെയ്യുന്നതിന് ഫണ്ട് അനുവദിച്ചുനൽകിയിട്ടുണ്ട്. ഈ വിഷയത്തിൽ NATPAC പഠനം നടത്തുന്നുണ്ടെന്ന് മാത്രമല്ല, ആധികാരികമായ വിലയിരുത്തലും മോട്ടോർ വാഹന വകുപ്പിന്റെയും പോലീസിന്റെയും കൃത്യമായ കണക്കുകളുമുണ്ട്. ഇപ്പോൾ നാഷണൽ ഹൈവേയുടെ നിർമ്മാണം പുരോഗമിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ തിരുവനന്തപുരത്തുനിന്നും യാത്ര ആരംഭിച്ചാൽ ഏകദേശം 70 മുതൽ 80 ശതമാനം വാഹനങ്ങൾ എം.സി. റോഡിലേയ്ക്ക് ഷിഫ്റ്റ് ചെയ്യുകയാണ്. എം.സി. റോഡിൽ യാത്രചെയ്യാൻ സാധിക്കാത്തവിധം ശ്വാസംമുട്ടുകയും ഞെരുങ്ങുകയുമാണ്. നാഷണൽ ഹൈവേയുടെ നിർമ്മാണം പൂർത്തിയായാൽ ഈ ബുദ്ധിമുട്ട് ഒഴിവാകും. ഇപ്പോൾ എം.സി. റോഡിലാണ് ഏറ്റവുംകൂടുതൽ അപകട സാധ്യതയുള്ളത്. ഒരു റോഡിന് താങ്ങാൻ കഴിയുന്നതിലധികം വാഹനങ്ങളാണ് എം.സി. റോഡിലൂടെ കടന്നുപോകുന്നത്. വാഹനങ്ങളുടെ ബാഹുല്യം വർധിക്കുകയും റോഡുകളുടെ

വലിപ്പം വർധിക്കാതിരിക്കുകയും ചെയ്യുന്നതും അപകടത്തിന് കാരണമാകുന്നുണ്ട്.

ഡോ. മാത്യു കുഴൽനാടൻ: സർ, പി.ഡബ്ല്യു.ഡി.-ക്ക് വലിയ പ്രോജക്ടുകളുണ്ട്. എന്റെ മണ്ഡലത്തിൽത്തന്നെ റീബിൽഡ് കേരളയുടെ 110 കോടി രൂപയുടെ ഒരു പ്രോജക്ട് പൂർത്തീകരിച്ചു. പക്ഷേ അവിടെ അപകടങ്ങളുടെ എണ്ണം വളരെയധികം വർധിച്ചു. നമ്മുടെ പ്രോജക്ടിന്റെ component-ൽ Road safety മറ്റൊരു ministry-യുടെ കീഴിലാണ് വരുന്നത്. പി.ഡബ്ല്യു.ഡി.-യും മറ്റ് വകുപ്പുകളും അതിൽ വരുന്നില്ല. നമ്മുടെ വലിയ പ്രോജക്ടുകളിൽ ഒരു മിനിമം ശതമാനം ഫണ്ട് പോലും റോഡ് സുരക്ഷയ്ക്കുവേണ്ടി നീക്കിവച്ചിട്ടില്ല. അതുകൊണ്ട് ക്യാബിനറ്റ് യോഗം ചേർന്ന് റോഡ് സേഫ്റ്റിക്കായി ഒരു നിശ്ചിത ശതമാനം തുക മാറ്റിവയ്ക്കുന്നതിനുള്ള നയപരമായ തീരുമാനമെടുക്കുന്നതിന് ഗവൺമെന്റിന്റെ ഭാഗത്തുനിന്നും നീക്കമുണ്ടാകുമോ? നല്ല റോഡുകളുണ്ടാകുമ്പോൾ അവിടെ മരണനിരക്ക് ഉയരുന്നുവെന്നാണ് പരിശോധനയിൽനിന്നും മനസ്സിലാകുന്നത്. എന്റെ മണ്ഡലത്തിലെ കക്കടാശ്ശേരി-കാളിയാർ റോഡിൽ

കക്കടാശ്ശേരി ജങ്ഷനിൽ മാത്രമായി ഞാനൊരു പഠനം നടത്തിയിരുന്നു. The number of accidents are highly increasing when roads are good. എന്നാൽ ഈ പ്രോജക്ടുകളുടെ ഭാഗമായി റോഡ് സേഫ്റ്റിക്കുവേണ്ടി ഫണ്ടൊന്നും നീക്കിവച്ചിട്ടില്ല.

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, റോഡ് സേഫ്റ്റി അതോറിറ്റി ഫണ്ട് നൽകുന്നതിന് ഒരു ലിമിറ്റുണ്ട്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചത് ശരിയാണ്. വേൾഡ് ബാങ്ക് പ്രോജക്ടിൽ ഉൾപ്പെട്ട പുനലൂർ-മൂവാറ്റുപുഴ-പൊൻകുന്നം റോഡ് എന്റെ നിയോജകമണ്ഡലത്തിലൂടെയും ശ്രീ. പി. എസ്. സുപാലിന്റെ നിയോജകമണ്ഡലത്തിലൂടെയും കടന്നുപോകുന്നുണ്ട്. ഈ റോഡിൽ അപകടങ്ങൾ വർധിച്ചിട്ടുണ്ടെന്നത് ശരിയാണ്. റോഡുകൾ നല്ലതാകുന്നതോടുകൂടി വാഹനങ്ങൾ അമിത വേഗത്തിലാണ് ഓടിക്കുന്നത്; പ്രത്യേകിച്ച് മോട്ടോർ സൈക്കിളുകൾ. അടുത്തകാലത്ത്, കോന്നിയിൽ അമിതവേഗത്തിൽ വാഹനമോടിക്കുകയും ഡ്രൈവർ ഉറങ്ങിപ്പോകുകയും ചെയ്തതിന്റെ ഫലമായുണ്ടായ അപകടത്തിൽ ഒരു കുടുംബത്തിലെ നാലുപേരാണ് മരണപ്പെട്ടത്. നാഷണൽ ഹൈവേയിലാണെങ്കിലും വേൾഡ്

ബാങ്ക് പ്രോജക്ടുകളിലാണെങ്കിലും റോഡുകൾ പ്ലാൻ ചെയ്യുമ്പോൾ റോഡ് സേഫ്റ്റിക്കായി ഫണ്ട് മാറ്റിവയ്ക്കണം. ഇക്കാര്യം പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താം. യഥാർഥത്തിൽ ഈ ചോദ്യത്തിന് മറുപടി പറയേണ്ടത് പൊതുമരാമത്ത് വകുപ്പുമന്ത്രിയാണ്. ഒരു സ്ഥലത്ത് ബ്ലാക്ക് സ്പോട്ട് കണ്ടെത്തിയാൽ അത് റെക്ടിഫൈ ചെയ്യുന്നതിനുള്ള ഫണ്ട് നൽകാം. റോഡ് സേഫ്റ്റി അതോറിറ്റി ഒരു implementing agency അല്ല. കോഴിക്കോട് കൊയിലാണ്ടിയിൽ ഒരു റോഡ് പരിഷ്കരണത്തിനായി റോഡ് സേഫ്റ്റി അതോറിറ്റി ശിപാർശ നൽകിയിരുന്നു. ദൗർഭാഗ്യവശാൽ അവിടത്തെ എഞ്ചിനീയർമാർ ശിപാർശ നൽകിയ രീതയിലല്ല പരിഷ്കരണം നടത്തിയത്. ബ്ലാക്ക് സ്പോട്ട് റെക്ടിഫൈ ചെയ്യപ്പെട്ടില്ലെങ്കിലും അതിനുള്ള ഫണ്ട് ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഉത്തരവ് പ്രകാരം റോഡ് സേഫ്റ്റി അതോറിറ്റിക്ക് കൊടുക്കേണ്ടിവന്നു. നമ്മുടെ എഞ്ചിനീയർമാരും ശാസ്ത്രീയമായി റോഡ് സേഫ്റ്റിയെക്കുറിച്ച് പഠിക്കേണ്ടിയിരിക്കുന്നു. പുതിയൊരു റോഡ് ഡിസൈൻ ചെയ്യുമ്പോൾ ഇക്കാര്യം പ്ലാൻ ചെയ്യുന്നില്ല. പുതിയ റോഡ് നിർമിക്കുമ്പോൾ ആളുകൾ

സ്പീഡിൽ വാഹനമോടിക്കുകയും അപകടങ്ങൾ വർധിക്കുകയും ചെയ്യുന്നു. ഇത് റോഡ് ഡിസൈൻ ചെയ്യുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യമാണ്.

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: സർ, റോഡിൽ പൊലിയുന്ന ആളുകളുടെ എണ്ണം ദിവസവും വർധിച്ചുവരികയാണ്. NATPAC 2016 മുതൽ കൂടുതൽ അപകടസാധ്യതയുള്ള റോഡുകളെ സംബന്ധിച്ചും ബ്ലാക്ക് സ്പോട്ടുകൾ ഐഡന്റിഫൈ ചെയ്തുകൊണ്ടുമുള്ള റിപ്പോർട്ടുകൾ സർക്കാരിന് നൽകുന്നുണ്ട്. അതിലെ implementation സംബന്ധിച്ച് ബഹുമാനപ്പെട്ട ഗതാഗത വകുപ്പുമന്ത്രി സംസാരിക്കുകയുണ്ടായി. റോഡ് സേഫ്റ്റി അതോറിറ്റി ഐഡന്റിഫൈ ചെയ്ത ബ്ലാക്ക് സ്പോട്ടുകളിലെ അപകടം ഒഴിവാക്കുന്നതിനുവേണ്ടി ഡിസ്ട്രിക്ട് റോഡ് സേഫ്റ്റി കൗൺസിലിന് നൽകുന്നത് വെറും 10 ലക്ഷം രൂപയാണ്. ഈ 10 ലക്ഷം രൂപവച്ച് എങ്ങനെയാണ് ബ്ലാക്ക് സ്പോട്ടുകൾ റെക്ടിഫൈ ചെയ്യാൻ സാധിക്കുന്നത്? അതിൽത്തന്നെ ആദ്യഗഡുവായി 5 ലക്ഷം രൂപ മാത്രമെ നൽകിയിട്ടുള്ളൂ. മനുഷ്യജീവനെ സംബന്ധിച്ച പ്രശ്നമെന്ന നിലയിൽ ഇക്കാര്യം വളരെ ഗൗരവമായി കണ്ടുകൊണ്ട് റോഡ് സേഫ്റ്റി അതോറിറ്റി, ഡിസ്ട്രിക്ട് റോഡ് സേഫ്റ്റി കൗൺസിലിന് നൽകുന്ന തുക വർധിപ്പിക്കാൻ

നടപടി സ്വീകരിക്കുമോ? എന്റെ നിയോജകമണ്ഡലമായ കുണ്ടറയിലെ നാന്തിരിക്കൽ പള്ളി കഴിഞ്ഞ് തൊണ്ടിറക്കുമുക്ക്, പെരുമ്പുഴ കഴിഞ്ഞ് ഹരിശ്രീ ഹോട്ടലിനും പേരയം കോളേജിനുസമീപം കുറിച്ചിയിൽ മുക്കുവളവ്, ആറുമുറിക്കട വളവ്, കൊല്ലം-തേനി ഹൈവേയിൽ പേരയം വരമ്പിൽ ഭാഗം എന്നിവിടങ്ങളിൽ ദിവസവും വാഹനാപകടങ്ങളും മരണങ്ങളും ഉണ്ടാകുകയാണ്. ഈ ഭാഗങ്ങളിലെ റോഡുകളുടെ വളവ്, സുരക്ഷാ സംവിധാനങ്ങൾ എന്നിവ ക്രമീകരിക്കാനുള്ള പ്രത്യേക നടപടിക്കൂടി സ്വീകരിക്കുമോ?

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, ജില്ലാകളക്ടർമാക്ക് 10 ലക്ഷം രൂപ കൊടുക്കുന്നത് ബ്ലാക്ക് സ്പോട്ടുകൾ ക്ലിയർ ചെയ്യുന്നതിനുവേണ്ടിയല്ല, ലഘുവായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുവേണ്ടിയാണ്. ഒരു particular പ്രോജക്ട് ഇന്നരീതിയിൽ ചെയ്താൽ പ്രശ്നം പരിഹരിക്കാൻ കഴിയുമെന്ന റിപ്പോർട്ട് ലഭിക്കുന്നതനുസരിച്ചാണ് ഫണ്ട് നൽകുന്നത്. അത്തരത്തിൽ ഫണ്ട് ലഭിച്ച ഒരു കാര്യമാണ് കൊയിലാണ്ടിയിലെ സംഭവം. ശാസ്ത്രീയമായി പഠനം നടത്തി ഇന്നരീതിയിൽ ചെയ്യണമെന്ന് റിപ്പോർട്ട് നൽകിയാൽ

റോഡ് സേഫ്റ്റി അതോറിറ്റി ഫണ്ട് അനുവദിക്കും. ഈ അടുത്ത കാലത്ത്, 13-12-2024-ന് NH-966-ൽ പനയംപാടത്തുണ്ടായ അപകടത്തിൽ 4 കുട്ടികളാണ് മരണപ്പെട്ടത്. അന്ന് കേരളം മുഴുവൻ ഉണർന്നു പ്രവർത്തിച്ചു. അപകടം സംഭവിച്ചതിന്റെ തൊട്ടടുത്ത ദിവസമായ 14-12-2024-ന് ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പുമന്ത്രിയും ദേശീയപാത വിഭാഗവും പോലീസും പാലക്കാട് കളക്ടറേറ്റിൽ യോഗം ചേരുകയുണ്ടായി. പാലക്കാട് അപകടമുണ്ടായ സ്ഥലത്ത് എന്തൊക്കെയാണ് റെക്ടിഫൈ ചെയ്യേണ്ടതെന്നത് സംബന്ധിച്ച് മോട്ടോർ വാഹന വകുപ്പും പോലീസും ചേർന്ന് പഠനം നടത്തി വിശദാംശങ്ങൾ നൽകിയിരുന്നു. ഈ അപകടത്തിന്റെ അടിസ്ഥാനത്തിൽ ഗതാഗത വകുപ്പുമന്ത്രിയെന്ന നിലയിൽ ഞാൻ നാഷണൽ ഹൈവേ അതോറിറ്റി ഉദ്യോഗസ്ഥരുമായി 17-12-2024-ൽ തിരുവനന്തപുരത്ത് യോഗം ചേർന്നിരുന്നു. അപകടമുണ്ടായ ജങ്ഷനിലെ പ്രശ്നം പരിഹരിക്കുന്നതിനായി 1 കോടി 30 ലക്ഷം രൂപ അനുവദിക്കണമെന്ന് നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയുടെ ഡയറക്ടർ ശ്രീ. മീണയുമായി സംസാരിച്ച് ഉറപ്പാക്കുകയും സ്പോട്ടിൽത്തന്നെ 1 കോടി 35 ലക്ഷം രൂപ നാഷണൽ

ഹൈവേയിൽനിന്നും അനുവദിച്ചുതരികയും ചെയ്യു. അതിന്റെ ക്ലിയറൻസെല്ലാം പൂർത്തിയായി ഫണ്ട് ലഭിച്ചിട്ടുണ്ട്. പി.ഡബ്ല്യു.ഡി. എഞ്ചിനീയർമാരാണ് അതിന്റെ പ്രവൃത്തി ചെയ്യേണ്ടത്. റോഡുവർക്ക് ചെയ്ത ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയെക്കൊണ്ടുതന്നെ ഈ വർക്ക് നടപ്പാക്കാനും തീരുമാനമെടുത്തിട്ടുണ്ട്. എനിക്ക് ലഭിച്ച വിവരമനുസരിച്ച് അടുത്ത മാസം പകുതിയോടുകൂടി വർക്ക് പൂർത്തിയാക്കുമെന്നാണ് അവർ ഉറപ്പ് നൽകിയിരിക്കുന്നത്. ഇതുപോലെ ഹൈവേയുമായി ബന്ധപ്പെട്ട് എന്തെങ്കിലും പ്രശ്നമുണ്ടെങ്കിൽ ബഹുമാനപ്പെട്ട അംഗം എഴുതിനൽകിയാൽ ഞാൻ ഹൈവേ അധികൃതരുടെ ശ്രദ്ധയിൽ കൊണ്ടുവരികയും പരിഹരിക്കുകയും ചെയ്യാം. പ്രാദേശിക റോഡുകളുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്ക് ജില്ലാ അതോറിറ്റി മുഖേന ഒരു പ്രൊജക്ടായി ശിപാർശ നൽകിയാൽ തീർച്ചയായും അത് പരിഹരിക്കാനുള്ള നടപടി സ്വീകരിക്കാം.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, സംസ്ഥാനത്തുണ്ടാകുന്ന റോഡപകടങ്ങളിൽ കാൽനടയാത്രക്കാർക്കും അപകടങ്ങൾ സംഭവിക്കാറുണ്ട്.

അവർക്കുള്ള സുരക്ഷാ സംവിധാനങ്ങളെ സംബന്ധിച്ച് ആലോചിച്ചിട്ടുണ്ടോ; NH-766-ൽ കൽപ്പറ്റ കൈനാട്ടി മുതൽ കാക്കവയൽ വരെയുള്ള ചില പ്രദേശങ്ങളിൽ നിരന്തരമായി അപകടങ്ങളുണ്ടാകുന്നുണ്ട്. ഇത്തരം മേഖലകളിൽ സുരക്ഷാ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനുവേണ്ടി റോഡ് സേഫ്റ്റി അതോറിറ്റിയുമായി ബന്ധപ്പെട്ട് എന്തൊക്കെ കാര്യങ്ങളാണ് ചെയ്യാനുദ്ദേശിക്കുന്നത്?

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, കാൽനട യാത്രക്കാർക്കുണ്ടാകുന്ന അപകടത്തെക്കുറിച്ച് ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചത് ശരിയാണ്. മിക്ക ആളുകളും മൊബൈൽ ഫോണിൽ സംസാരിച്ചുകൊണ്ട് റോഡിലൂടെ നടക്കുന്നതാണ് ഇത്തരം അപകടങ്ങൾക്കുള്ള പ്രധാന കാരണം. ഫോണിൽ സംസാരിച്ചുകൊണ്ട് നടക്കുമ്പോൾ റോഡിൽക്കൂടി വാഹനങ്ങൾവരുന്നതൊന്നും അവർ അറിയുന്നില്ല; വാഹനം ഇടിച്ചു കഴിയുമ്പോഴാണ് അവർ അറിയുന്നത്. റോഡ് ക്രോസ് ചെയ്യുന്നതിന്റെ പാഠം അവർക്കറിയില്ല. റോഡിന്റെ ഇരുവശങ്ങളും നോക്കാറില്ല, വേണമെങ്കിൽ വാഹനം നിർത്തുമെന്നാണ് അവരുടെ ധാരണ. നമ്മുടെ നാട്ടിൽ

ഡ്രൈവിംഗ് പഠിച്ചവർക്കും ഡ്രൈവിംഗ് പഠിപ്പിക്കുന്ന ഇൻസ്ട്രക്ടർമാർക്കും റോഡിൽ എന്തിനാണ് സീബ്രാലൈൻ വരച്ചിരിക്കുന്നതെന്ന് അറിയില്ല. ഇത് പുതുതായി പഠിപ്പിച്ചുകൊണ്ടിരിക്കുകയാണ്. റോഡിലെ കാൽനട യാത്രക്കാരുടെ സുരക്ഷ നമ്മൾ ഇടപെട്ട് ചെയ്യേണ്ട കാര്യമല്ല; പോലീസ് വകുപ്പ് ചെയ്യേണ്ട കാര്യമാണെന്നാണ് എന്റെ വ്യക്തിപരമായ അഭിപ്രായം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇടപെട്ടാൽ നടപ്പാക്കാൻ സാധിക്കുന്ന കാര്യമാണ്. നിലവിൽ വാഹനമോടിക്കുന്നവർക്ക് മാത്രമെ ഫൈൻ ഉള്ളൂ, കാൽനട യാത്രക്കാർ മൊബൈൽ ഫോണിൽ സംസാരിച്ചാലോ വാഹനത്തിന് കുറുകെ ചാടിയാലോ ഫൈനൊന്നും ഈടാക്കുന്നില്ല. പോലീസ് നിയമത്തിൽ ഒരു ഭേദഗതി വരുത്തിക്കൊണ്ട് ഇങ്ങനെയുള്ള കാര്യങ്ങൾക്ക് ഫൈൻ ഏർപ്പെടുത്തിയാൽ അപകടങ്ങളുടെ എണ്ണം കുറയ്ക്കാൻ സാധിക്കും. കാൽനടയാത്രക്കാർ അപകടത്തിലേയ്ക്ക് എത്തിപ്പെടുകയാണ്, വാഹനമോടിക്കുന്നവരെ മാത്രം കുറ്റം പറയാൻ സാധിക്കില്ല. ഈ വിഷയത്തിൽ കാൽനടയാത്രക്കാരും വളരെയധികം ശ്രദ്ധിക്കണം. അതിനുവേണ്ടി ചില പദ്ധതികൾ നമ്മൾ തയ്യാറാക്കുന്നുണ്ട്.

ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച സ്ഥലത്തിന്റെ പ്രശ്നം ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്, അതുസംബന്ധിച്ച് പെട്ടെന്നൊരു മറുപടി പറയാൻ സാധിക്കില്ല. പ്രസ്തുത സ്ഥലം ബ്ലാക്ക്സ്പോട്ടായി NATPAC രേഖപ്പെടുത്തി പഠനം നടത്തിയിട്ടുണ്ടോ എന്ന് പരിശോധിച്ചശേഷം മറുപടി നൽകാം.

ശ്രീമതി കെ. കെ. രമ: സർ, സംസ്ഥാനത്ത് സ്വകാര്യ വാഹനങ്ങളുൾപ്പെടെ പലതരം വാഹനങ്ങൾ തീപിടിച്ച് അപകടത്തിൽപ്പെടുന്നത് പതിവായിരിക്കുന്നു. ഇത്തരം സംഭവങ്ങൾ ഉണ്ടാകുമ്പോൾ നിരവധി നിരീക്ഷണങ്ങളും ഊഹാപോഹങ്ങളുമൊക്കെ പ്രചരിപ്പിക്കപ്പെടുകയാണ്. ഇതുസംബന്ധിച്ച് ശാസ്ത്രീയ പഠനങ്ങളും ആധികാരിക കണ്ടെത്തലുകളുമുണ്ടോ; അത് തടയാൻ എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിക്കുന്നത്?

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, ടെക്നിക്കൽ ഡിഫക്ട് കൊണ്ടാണ് പലപ്പോഴും തീപിടിക്കുന്നത്. തീപിടിക്കുമ്പോൾ എങ്ങനെ കൈകാര്യം ചെയ്യണമെന്നത് ഡ്രൈവിങ് പഠനത്തോടൊപ്പം പ്രാഥമികമായി

അറിഞ്ഞിരിക്കേണ്ടതാണ്. ഇപ്പോൾ വാഹനത്തിന്റെ മെക്കാനിസത്തിൽ തന്നെ മാറ്റം വന്നിരിക്കുകയാണ്. അതിന്റെ ക്ലച്ചിന്റെയും ഗിയറിന്റെയും ഇലക്ട്രിക്കൽ സർക്യൂട്ടിന്റെയും മെക്കാനിസം സംബന്ധിച്ചൊന്നും ഡ്രൈവിംഗ് പഠിപ്പിക്കുന്നവർ പറഞ്ഞുകൊടുക്കാറില്ല. റോഡിൽ വാഹനം ഓടിച്ചുപോകുന്നതല്ലാതെ സാങ്കേതികമായി ആർക്കും ഇതിനെക്കുറിച്ച് അറിയില്ല. അതുകൊണ്ട് സാങ്കേതികമായ പ്രശ്നം ശ്രദ്ധയിൽപ്പെട്ടാൽ അത് പരിഹരിക്കാൻ വാഹന ഉടമതന്നെ ശ്രമിക്കണം. പലപ്പോഴും തീപിടിക്കുന്നത് വാഹനത്തിലുണ്ടാകുന്ന ഫ്രിക്ഷൻമൂലമാണ്. അത് മനസ്സിലാക്കാനോ റെക്ടിഫൈ ചെയ്യാനോ വാഹന ഉടമയോ ഡ്രൈവറോ തയ്യാറാകുന്നില്ല. വാഹനത്തിൽനിന്ന് പുക വരുമ്പോൾ മാത്രമാണ് അവർ അത് അറിയുന്നത്. എന്നാൽ പുക വരുമ്പോൾ പുറത്തേയ്ക്ക് ചാടിയിറങ്ങാനല്ലാതെ വേറൊന്നും ചെയ്യാൻ അവർക്കറിയില്ല. അതുകൊണ്ട് അത്തരം കാര്യങ്ങൾകൂടി ഡ്രൈവിങ് പരിശീലനത്തിന്റെ ഭാഗമാക്കി മാറ്റും. ഇപ്പോൾ കെ.എസ്.ആർ.ടി.സി. ഡ്രൈവിങ് സ്കൂളുകളിലെല്ലാം വാഹനത്തിന്റെ മെക്കാനിസംകൂടി പഠിപ്പിച്ചുകൊണ്ടുള്ള പരിശീലനമാണ് കൊടുക്കുന്നത്.

ഡ്രൈവിങ് ടെസ്റ്റിന്റെ ഭാഗമായി നിർബന്ധമായി അത് പഠിപ്പിക്കുമ്പോൾ ഇത്തരത്തിലുള്ള പ്രശ്നങ്ങളെ നമുക്ക് നേരിടാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ശ്രീ. പി. എസ്. സുപാൽ: സർ, കൊല്ലം-ചെങ്കോട്ട ദേശീയപാത മരണക്കെണിയായി മാറിക്കൊണ്ടിരിക്കുകയാണ്. ഏതാണ്ട് ഏഴ് വർഷത്തിനിടയിൽ ആയിരത്തോളം അപകടങ്ങളും 120-ൽ അധികം മരണങ്ങളുമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. അവിടെ ബ്ലാക്ക്സ്പോട്ടായി പ്രഖ്യാപിക്കേണ്ട ധാരാളം സ്ഥലങ്ങളുണ്ട്. ഇപ്പോഴത്തെ ശബരിമല തീർത്ഥാടന സീസണിൽ രണ്ട് അയ്യപ്പഭക്തർ മരണപ്പെടുകയുണ്ടായി. അവിടെയുണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കാനായി പുനലൂർ ബൈപ്പാസ് പദ്ധതി എന്നൊരു പ്രൊപ്പോസൽ മുന്നോട്ടുവച്ചിട്ടുണ്ട്. ഇത്തരത്തിലുള്ള അപകടങ്ങൾ ഒഴിവാക്കുന്നതിനുള്ള മുൻകരുതൽ നടപടി സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന് ഒരു യോഗം വിളിച്ചുചേർക്കുന്നതിന് അങ്ങ് മുൻകൈയെടുക്കുമോ?

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച

കാര്യം ശരിയാണ്. തിരുവിതാംകൂർ രാജാവിന്റെ കാലത്തിനുമുമ്പുണ്ടായിരുന്ന ഒരു ചുരം റോഡാണിത്. പ്രസ്തുത റോഡിന് അടിസ്ഥാനപരമായ മാറ്റം വരുത്താതെ ഇതിന്റെ സർഫസ് നിരപ്പാക്കി ഒരൽപം വീതി കൂട്ടുകയാണ് ചെയ്തത്. വനത്തിലൂടെയാണ് പല ഭാഗവും കടന്നുപോകുന്നത്. അതുകൊണ്ട് അതനുസരിച്ചുള്ള വീതി കൂട്ടാൻ കഴിഞ്ഞിട്ടില്ല. പ്രസ്തുത റോഡിനടുത്ത് റെയിൽവെയുടെയും വനഭൂമിയുടെയും സ്ഥലമുണ്ട്. കേന്ദ്ര ഗവൺമെന്റിൽനിന്ന് ഏതെങ്കിലും ഒരു പദ്ധതി വന്നാൽമാത്രമെ പ്രസ്തുത സ്ഥലം ഏറ്റെടുത്ത് വിപുലീകരിച്ച് ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കാൻ സാധിക്കുകയുള്ളൂ. എന്റെ ചെറുപ്പകാലം തൊട്ടുള്ള റോഡാണിത്. കുറച്ചുകൂടി വീതികൂട്ടി അതിന്റെ സർഫസ് നന്നാക്കി എന്നല്ലാതെ ശാസ്ത്രീയമായ യാതൊരു മാറ്റങ്ങളുമുണ്ടാക്കാൻ സാധിച്ചിട്ടില്ല. ബഹുമാനപ്പെട്ട അംഗത്തെയുംകൂടി ഉൾപ്പെടുത്തി നാഷണൽ ഹൈവേ അതോറിറ്റിയുമായി ചേർന്ന് അടിയന്തരമായി ഒരു യോഗം വിളിച്ചുചേർക്കാം.

<u>ശ്രീമതി ശാന്തകുമാരി കെ.</u>: സർ, കരിമ്പ ഗ്രാമപഞ്ചായത്തിലെ പനയമ്പാടം വളവിൽ ലോറി മറിഞ്ഞ് നാല് കുട്ടികൾ മരിച്ചത് എന്റെ

മണ്ഡലത്തിലുണ്ടായ ഏറ്റവും ദാരുണമായ സംഭവമാണ്. നാഷണൽ ഹൈവേ 966-ന്റെ താണാവ് മുതൽ നാട്ടുകൽ വരെയുള്ള ഭാഗം പണി പൂർത്തീകരിച്ചു. എന്നാൽ പനയമ്പാടം പ്രദേശം ഇപ്പോഴും ഒരു കൊടുംവളവായി നിലനിൽക്കുകയാണ്. നാഷണൽ ഹൈവേയിൽ ഇത്തരത്തിൽ ഒരു വളവ് വന്നതിന്റെ ഭാഗമായി ഇതിനോടകം നിരവധി അപകടങ്ങളുണ്ടായി. അതിൽ ഏറ്റവും അവസാനത്തെ സംഭവമാണ് കരിമ്പ ഗവ. ഹയർ സെക്കൻഡറി സ്കൂളിലെ നാല് കൊച്ചുമക്കൾ മരണപ്പെട്ടത്. നാഷണൽ ഹൈവേയിലെ ഈ കൊടുംവളവ് നിവർത്തി അപകടസാധ്യത ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിനായി ഒരു കോടി മുപ്പത് ലക്ഷം രൂപ അനുവദിച്ചിരുന്നു. ഇവിടത്തെ പ്രധാന പ്രശ്നം ഈ കൊടുംവളവ് നിവർത്തുക എന്നതാണ്. ഇക്കാര്യം പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രിയുടെകൂടി ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഈ വിഷയം സംബന്ധിച്ച് എന്തെങ്കിലും നടപടി സ്വീകരിക്കാൻ കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കാമോ?

<u>ശ്രീ. കെ. ബി. ഗണേഷ് കുമാർ</u>: സർ, ബഹുമാനപ്പെട്ട അംഗം വളരെയധികം താൽപര്യമെടുത്ത വിഷയമാണിത്. അവിടെ വളരെ

ദുഃഖകരമായ സംഭവമാണ് നടന്നത്. 12-12-2024-നാണ് ഈ അപകടം നടന്നത്. 17-12-2024-ന് തന്നെ ഒരു കോടി മുപ്പത്തിയഞ്ച് ലക്ഷം രൂപ യുദ്ധകാലാടിസ്ഥാനത്തിൽ അനുവദിച്ചുകിട്ടി. കേന്ദ്ര ഉപരിതല ഗതാഗത, ദേശീയപാത വകുപ്പിൽനിന്ന് ഈ പ്രവൃത്തിയെ അഞ്ച് വർക്കുകളായി തിരിച്ചുകൊണ്ട് ഒരു കോടി മുപ്പത്തിയഞ്ച് ലക്ഷം രൂപ അനുവദിച്ച് കിട്ടിയെന്ന് പറയുന്നതുതന്നെ വലിയൊരു ഭാഗ്യമാണ്. ഈ പ്രവൃത്തി എത്രയുംവേഗം നടപ്പാക്കുന്നതാണ്. ഈ വളവ് നിവർത്തുന്നത് അത്ര എളുപ്പമല്ല. നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ ലാൻഡ് അക്വിസിഷനുവേണ്ടി ഒരു പദ്ധതി നടപ്പാക്കണം. അക്കാര്യം എൻ.എച്ച്.എ.ഐ.-യുടെ ശ്രദ്ധയിൽപ്പെടുത്താം. എന്നാൽ ഈ പ്രവൃത്തി എത്ര വേഗത്തിൽ നടപ്പാക്കാൻ സാധിക്കുമെന്ന് പറയാൻ കഴിയില്ല. കാരണം, ഇത് നടപ്പാക്കേണ്ടത് നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയാണ്, അല്ലാതെ പൊതുമരാമത്ത് വകുപ്പല്ല. പ്രസ്തുത റോഡിന്റെ പ്രവൃത്തി ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി പൂർത്തിയാക്കിയിട്ടുണ്ട്. ഒരു പ്രത്യേക തീരുമാനമെന്ന നിലയിൽ ഒരു കോടി

മുപ്പത്തിയഞ്ച് ലക്ഷം രൂപ ചെലവഴിച്ചുകൊണ്ട് ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയെക്കൊണ്ട് ടി പ്രവൃത്തിയുടെ റെക്ടിഫിക്കേഷൻ നടത്തുകയാണ്. വളവ് നിവർത്തണമെങ്കിൽ ലാൻഡ് അക്വിസിഷന്റെ ഭാഗമായി ആ ജങ്ഷനിലെ ഒരു ഭാഗത്തുള്ള കടകൾ മുഴുവൻ മാറ്റേണ്ടതുണ്ട്. ലാൻഡ് അക്വിഷിസനുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഏറ്റെടുക്കുന്നതിന് എൻ.എച്ച്.എ.ഐ. തയ്യാറാകുമോ എന്നത് സംബന്ധിച്ച് ബന്ധപ്പെട്ട അധികൃതരുമായി ചേർന്ന് ആലോചിക്കേണ്ടതുണ്ട്. അതുകൊണ്ടുതന്നെ ഇക്കാര്യത്തിൽ പെട്ടെന്നൊരു ഉറപ്പ് പറയാൻ സാധിക്കില്ല. ഇത് സംസ്ഥാന പൊതുമരാമത്ത് വകുപ്പിന്റെ നിയന്ത്രണത്തിലുള്ള കാര്യമല്ല. മേലിൽ അപകടങ്ങളുണ്ടാകാതിരിക്കുന്നതിന് താൽക്കാലികമായി നടപടി സ്വീകരിക്കാം. ഈ അപകടത്തിനെല്ലാം കാരണമാകുന്നത് റോഡിന്റെ ഡിസൈനിലുള്ള അപാകതയാണ്.

ശ്രീ. പ്രമോദ് നാരായണൻ: സർ, ശബരിമല തീർത്ഥാടനം സുഗമവും സുരക്ഷിതവുമാക്കുന്നതിന് മോട്ടോർ വാഹന വകുപ്പിന്റെ സേഫ് സോൺ പദ്ധതി ശ്രദ്ധേയമായ പങ്ക് വഹിച്ചിട്ടുണ്ട്. ബഹുമാന്യനായ മന്ത്രി നേരിട്ട്

സന്ദർശിച്ച ളാഹ വലിയ വളവുൾപ്പെടെയുള്ള സ്ഥലങ്ങളിൽ ശബരിമല തീർത്ഥാടകർക്ക് കൂടുതൽ സുരക്ഷ ഉറപ്പാക്കാൻ പ്രത്യേക പദ്ധതി നടപ്പാക്കുമോ?

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, വളരെ വിജയകരമായി നടത്തിവരുന്ന ശബരിമല സേഫ് സോൺ പദ്ധതി ഈ വർഷവും കൃത്യമായി നടത്തുവാൻ കഴിഞ്ഞിട്ടുണ്ട്. അന്യസംസ്ഥാനങ്ങളിൽ നിന്നുവരുന്ന വാഹനങ്ങളിലെ ഡ്രൈവർമാരുടെ ഇവിടത്തെ റോഡുകളിലെ പരിചയക്കുറവും വിശ്രമത്തിന്റെ കുറവുമാണ് ഇപ്രാവശ്യം ചില അപകടങ്ങൾ ഉണ്ടാകാനിടയായത്. എന്നാൽ റോഡിന്റെ അപാകതകൾ കാരണമുള്ള അപകടങ്ങൾ ബഹുമാനപ്പെട്ട എം.എൽ.എ. ശ്രദ്ധയിൽപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ ഞാൻ അവിടം സന്ദർശിക്കുകയും അപ്പോൾത്തന്നെ ആവശ്യമായ മാർക്കിങും മറ്റ് ക്രമീകരണങ്ങളും ചെയ്തുകൊണ്ട് പ്രശ്നം പരിഹരിക്കുകയും തൽഫലമായി അപകടങ്ങൾ കുറയുകയും ചെയ്തിട്ടുണ്ട്. ഇനിയും അപകടങ്ങൾ കുറയ്ക്കുന്നതിനുവേണ്ടി പ്രസ്തുത പദ്ധതി വളരെ മികച്ച നിലയിൽത്തന്നെ മുന്നോട്ടുകൊണ്ടുപോകുന്നതാണ്. ഈ വർഷം

വാഹനങ്ങളുടെ എണ്ണത്തിലുണ്ടായിരുന്ന കുറവ് പരിഹരിക്കുകയും പുതിയ വാഹനങ്ങൾ വാങ്ങാനുള്ള സൗകര്യം ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഈ പദ്ധതി കൂടുതൽ സുതാര്യമായും മികച്ച നിലയിലും അടുത്ത വർഷങ്ങളിലും മുന്നോട്ടുകൊണ്ടുപോകും.

പച്ചക്കറി ഉൽപാദനത്തിൽ സ്വയംപര്യാപ്തത

3(*123) ശ്രീ. കെ. ബാബു (നെന്മാറ):
ശ്രീ. എം. എം. മണി:
ശ്രീമതി ഒ. എസ്. അംബിക:
ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നതിനുശേഷം പച്ചക്കറി ഉൽപാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

(സി) പച്ചക്കറി ഉൽപാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിന്റെ ഭാഗമായി ഘടക പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഡി) അത്യുൽപാദന ശേഷിയുള്ള പച്ചക്കറി വിത്തുകളും തൈകളും കർഷകർക്ക് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): സർ, (എ) പച്ചക്കറി ഉൽപാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി സർക്കാർ വിപുലമായ പരിപാടികളാണ് ആവിഷ്കരിച്ച് നടപ്പാക്കാൻ പോകുന്നത്. അതിന്റെ ഭാഗമായുള്ള പ്രവർത്തനങ്ങൾക്ക് തുടക്കംകുറിച്ചിട്ടുണ്ട്. ഓണക്കാലത്ത് ആവശ്യമായ പച്ചക്കറിയുടെ ഭൂരിഭാഗവും സംസ്ഥാനത്ത് ഉൽപാദിപ്പിക്കുന്ന സാഹചര്യമാണുള്ളത്.

നാഷണൽ സാമ്പിൾ സർവെ കണക്കുകൾ പ്രകാരം സംസ്ഥാനത്ത് പ്രതിവർഷം 20 ലക്ഷം മെട്രിക് ടൺ പച്ചക്കറികളാണ് ആവശ്യമായി വരുന്നത്. 2022-23 വർഷത്തിൽ 1.14 ലക്ഷം ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി ചെയ്യാനും 17.10 ലക്ഷം മെട്രിക് ടൺ പച്ചക്കറി ഉൽപാദിപ്പിക്കാനും സാധിച്ചിട്ടുണ്ട്. 2023-24 സാമ്പത്തിക വർഷത്തിൽ 1.15 ലക്ഷം ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി വ്യാപിപ്പിക്കുന്നതിനും അതിലൂടെ 17.21 ലക്ഷം മെട്രിക് ടൺ പച്ചക്കറികൾ ഉൽപാദിപ്പിക്കാനും കഴിഞ്ഞിട്ടുണ്ട്. 2028-29

സാമ്പത്തിക വർഷത്തോടെ പച്ചക്കറി ഉൽപാദനത്തിൽ ഘട്ടംഘട്ടമായി സ്വയംപര്യാപ്തതയിൽ എത്തുകയെന്ന ലക്ഷ്യം സാക്ഷാത്കരിക്കാൻ ജനകീയ പങ്കാളിത്തത്തോടെയും വിവിധ വകുപ്പുകളുടെ ഏകോപനത്തോടെയും സമഗ്ര പച്ചക്കറി ഉൽപാദന യജ്ഞത്തിന് തുടക്കംകുറിക്കുകയാണ്. ഈ പദ്ധതിയിൽ സമഗ്ര കാഴ്ചപ്പാടോടെ കൃഷി വകുപ്പിന്റെ വിവിധ കാർഷിക പദ്ധതികൾ സംയോജിപ്പിക്കുകയും വിവിധ വകുപ്പുകളുടെ പങ്കാളിത്തം ഉറപ്പാക്കുകയും ചെയ്തിട്ടുണ്ട്.

(ബി) പച്ചക്കറി വിസ്തൃതിയും ഉൽപാദനവും വർധിപ്പിക്കുന്നത് ലക്ഷ്യമിട്ട് ഒരു സമഗ്ര പദ്ധതി ആസൂത്രണം ചെയ്യാൻ സർക്കാർ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ബന്ധപ്പെട്ട വിവിധ വകുപ്പുകളുടെ യോഗം ചേരുകയും ഇക്കാര്യത്തിനായി ഒരു ജനകീയ പദ്ധതി ആസൂത്രണം ചെയ്ത് അടുത്ത അഞ്ചുവർഷത്തിനുള്ളിൽ സംസ്ഥാനത്തെ പച്ചക്കറിയുടെ ലഭ്യതയിൽ സ്വയംപര്യാപ്തത കൈവരിക്കാൻ തീരുമാനിക്കുകയും ചെയ്തു. "സമഗ്ര പച്ചക്കറി ഉൽപാദന യജ്ഞം" എന്ന പേരിൽ ആരംഭിക്കുന്ന ഈ ജനകീയ പദ്ധതിയിൽ വിവിധ

വകുപ്പുകൾ, ജനപ്രതിനിധികൾ, സാമൂഹ്യ രാഷ്ട്രീയ സംഘടനകൾ തുടങ്ങിയവരുടെ പങ്കാളിത്തം ഉറപ്പാക്കാനും തദ്ദേശഭരണ സ്ഥാപനങ്ങളും കൃഷിവകുപ്പും നേതൃത്വം നൽകാനും തീരുമാനിച്ചു. പദ്ധതി പ്രവർത്തനങ്ങൾ ആരംഭഘട്ടത്തിലാണ്. പച്ചക്കറി ഉൽപാദനത്തിൽ സ്വയംപര്യാപ്തതയും സുരക്ഷിത പച്ചക്കറികളുടെ ഉൽപാദനവും ലക്ഷ്യമിട്ടുകൊണ്ട് വീട്ടുവളപ്പിലെ പച്ചക്കറി കൃഷിയും വാണിജ്യാടിസ്ഥാനത്തിലുള്ള പച്ചക്കറി കൃഷിയും പ്രോത്സാഹിപ്പിക്കുന്നതിനും വിദ്യാർഥികളിൽ കാർഷിക സംസ്കാരം ഉണർത്താനും പച്ചക്കറി ഉൽപാദനം വർധിപ്പിക്കാനും ഉദ്ദേശിച്ച് സ്കൂളുകളും കോളേജുകളും കേന്ദ്രീകരിച്ച് പച്ചക്കറി പദ്ധതികൾ നടപ്പാക്കാനും ലക്ഷ്യമിടുന്നു. വീട്ടുവളപ്പിലെ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി സങ്കരയിനങ്ങൾ ഉൾപ്പെടെയുള്ള പച്ചക്കറി വിത്തുകളുടെയും തൈകളുടെയും വിതരണം, പോഷകത്തോട്ടങ്ങളുടെ രൂപീകരണം, ദീർഘകാല പച്ചക്കറി വിളകളുടെ തൈ വിതരണം, പച്ചക്കറി തൈകളോടുകൂടിയ മൺചട്ടി/ HDPE ചട്ടികളുടെ വിതരണം, മഴമറ നിർമ്മാണം എന്നിവയും വാണിജ്യാടിസ്ഥാനത്തിൽ ക്ലസ്റ്ററുകൾ, സ്റ്റാഗേർഡ് ക്ലസ്റ്ററുകൾ

എന്നിവയിലൂടെയുള്ള പച്ചക്കറി കൃഷി, ശീതകാല പച്ചക്കറി കൃഷി, പരമ്പരാഗത ഇനങ്ങളുടെ പച്ചക്കറി കൃഷി, തുറസ്സായ സ്ഥലത്തെ കൃത്യതാകൃഷി പ്രോത്സാഹിപ്പിക്കുക എന്നിവയും ലക്ഷ്യങ്ങളാണ്. ആരോഗ്യ സംരക്ഷണത്തിന് ഊന്നൽ നൽകി "പോഷക സമൃദ്ധി മിഷൻ", സുരക്ഷിത പച്ചക്കറിക്കായി "ജൈവ കാർഷിക മിഷൻ" മുതലായവയും മേഖലയിലെ ഇടപെടലുകളാണ്.

കൃഷി സമൃദ്ധി പദ്ധതിയുടെ ഭാഗമായി 107 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ആദ്യഘട്ടത്തിൽ തിരഞ്ഞെടുത്ത് പച്ചക്കറി കൃഷിക്കുള്ള പ്രോത്സാഹനം നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്. അടുത്ത സാമ്പത്തിക വർഷങ്ങളിൽ കൃഷി സമൃദ്ധി പദ്ധതി കൂടുതൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്ക് വ്യാപിപ്പിക്കുന്നതോടെ ഗ്രൂപ്പ് അടിസ്ഥാനത്തിൽ തുറസ്സായ സ്ഥലത്തെ കൃത്യതാകൃഷി, സങ്കരയിനം പച്ചക്കറി തൈ വിതരണം, പോഷകത്തോട്ടം, മഴമറ നിർമ്മാണം എന്നീ ഘടകങ്ങൾ സംയോജിപ്പിച്ചുകൊണ്ട് പച്ചക്കറി ഉൽപാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുകയാണ് ലക്ഷ്യം. തരിശു ഭൂമികൾ കൃഷിയോഗ്യമാക്കുന്നത്

ലക്ഷ്യമിട്ട് നടപ്പാക്കാൻ ഉദ്ദേശിക്കുന്ന നവോ-ധൻ പദ്ധതിയിൻ കീഴിൽ കർഷകർക്കും കൃഷിക്കൂട്ടങ്ങൾക്കും കർഷക ഉൽപാദന സംഘടനകൾക്കും കൂടുതൽ കൃഷിയിടങ്ങൾ കണ്ടെത്തി നൽകി വാണിജ്യാടിസ്ഥാനത്തിലും പ്രാദേശിക ആവശ്യങ്ങൾ നിറവേറ്റുന്ന രീതിയിലും പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുകഴിഞ്ഞു. ഹൈടെക് കൃഷി രീതികൾ അനുവർത്തിച്ച് പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനാൽ ഉൽപാദനക്ഷമത വർധിപ്പിക്കാനും കാലാവസ്ഥാ വ്യതിയാനം, കീടരോഗശല്യം എന്നിവ ചെറുക്കുവാനും സാധ്യമാകും. കേന്ദ്രാവിഷ്കൃത പദ്ധതികളായ മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ (MIDH), രാഷ്ട്രീയ കൃഷി വികാസ് യോജന (RKVY) എന്നിവയുടെ സാമ്പത്തിക സഹായത്തോടെയുള്ള പദ്ധതികൾ സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ-കേരള മുഖേന നടപ്പാക്കി വരുന്നു. മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ പദ്ധതിയിലുൾപ്പെടുത്തി പച്ചക്കറി വിത്തുൽപാദനത്തിനായി ഹെക്ടറിന് 35,000 രൂപ നിരക്കിൽ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ധനസഹായം

നൽകുന്നതിനായി MIDH വാർഷിക പദ്ധതിയിൽ തുക വകയിരുത്തിയിട്ടുണ്ട്. MIDH പദ്ധതിയിലുൾപ്പെടുത്തി കർഷകർക്ക് സങ്കരയിനം പച്ചക്കറി കൃഷി ചെയ്യുന്നതിന് ഹെക്ടർ ഒന്നിന് 20,000 രൂപ നിരക്കിൽ ധനസഹായം നൽകി വരുന്നു. ഈ സർക്കാർ നിലവിൽ വന്നതിനുശേഷം MIDH പദ്ധതിപ്രകാരം ആകെ 255.5 ലക്ഷം രൂപ പച്ചക്കറി വിത്തുൽപാദനത്തിനും 1104.291 ലക്ഷം രൂപ ഹൈബ്രിഡ് പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും വിനിയോഗിച്ചിട്ടുണ്ട്.

(സി) സംസ്ഥാനത്ത് പച്ചക്കറി കൃഷിയുടെ വ്യാപനം ലക്ഷ്യമിട്ട് കാർഷിക വികസന കർഷകക്ഷേമ വകുപ്പ് നടപ്പാക്കിവരുന്ന പച്ചക്കറി വികസന പദ്ധതി, വി.എഫ്.പി.സി.കെ., സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ എന്നിവ മുഖേന നടപ്പാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. കാർഷിക വികസന കർഷകക്ഷേമ വകുപ്പ് നടപ്പാക്കിവരുന്ന പച്ചക്കറി വികസന പദ്ധതിയുടെ പ്രധാന ഘടകങ്ങൾ ചുവടെ ചേർക്കുന്നു.

a. വീട്ടുവളപ്പിലെ പച്ചക്കറി കൃഷി

b. വാണിജ്യാടിസ്ഥാനത്തിലുള്ള പച്ചക്കറി കൃഷി

c. തുറസ്സായ സ്ഥലത്തെ കൃത്യതാകൃഷി

d. സ്ഥാപനങ്ങളിൽ പച്ചക്കറി കൃഷി

പച്ചക്കറി വികസന പദ്ധതിയുടെ ഘടകങ്ങൾ തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുണ്ട്.+

2. വി.എഫ്.പി.സി.കെ. മുഖേന നടപ്പാക്കിവരുന്ന പ്രവർത്തനങ്ങൾ:

a. ഗ്രാഫ്റ്റിംഗ് തൈകൾ ഉൾപ്പെടെയുള്ള നടീൽ വസ്തുക്കളുടെ ഉൽപാദനവും വിതരണവും

b. ഹൈബ്രിഡ് പച്ചക്കറി വിത്തുൽപാദനം

c. കൃഷി ബിസിനസ് കേന്ദ്ര (കെ.ബി.കെ)

d. പച്ചക്കറി കൃഷി പ്രോത്സാഹനം

പച്ചക്കറി ഉൽപാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി വി.എഫ്.പി.സി.കെ മുഖേന നടപ്പാക്കിവരുന്ന പ്രവർത്തനങ്ങളുടെ വിവരങ്ങൾ അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുണ്ട്.+

3. സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ മുഖേന നടപ്പാക്കിവരുന്ന പ്രവർത്തനങ്ങൾ: പച്ചക്കറി ഉൽപാദനത്തിൽ സ്വയംപര്യാപ്തത

+ അനുബന്ധം 1

+ അനുബന്ധം 1

കൈവരിക്കുക എന്ന ലക്ഷ്യത്തോടുകൂടി സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ-കേരള, മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ (MIDH) പദ്ധതിയിലുൾപ്പെടുത്തി പച്ചക്കറി വിത്തുൽപാദനം, ഹൈബ്രിഡ് പച്ചക്കറി കൃഷി പ്രോത്സാഹനം എന്നീ ഘടകങ്ങൾ നടപ്പാക്കിവരുന്നു. രാഷ്ട്രീയ കൃഷി വികാസ് യോജനയുടെ സാമ്പത്തിക സഹായത്തോടെ ശീതകാല പച്ചക്കറികളുടെ ഉൽപാദനം വർധിപ്പിക്കൽ, ശക്തിപ്പെടുത്തൽ, വിളവെടുപ്പിനുശേഷമുള്ള അടിസ്ഥാനസൗകര്യങ്ങൾ, വിതരണശൃംഖല, ഉത്തമ കാർഷിക മുറകൾ അവലംബിച്ച് പഴങ്ങളുടെയും പച്ചക്കറികളുടെയും മൂല്യശൃംഖല ശക്തിപ്പെടുത്തൽ, കൃത്യതാ കൃഷി, അർക്ക വെർട്ടിക്കൽ ഗാർഡൻ എന്നീ ഘടകങ്ങൾ നടപ്പാക്കിവരുന്നു.

(ഡി) ഉണ്ട്. കേരള കാർഷിക സർവകലാശാല പച്ചക്കറിയുടെ 10 ഇനം ഹൈബ്രിഡുകൾ വികസിപ്പിച്ചിട്ടുണ്ട്. വി.എഫ്.പി.സി.കെ. മുഖേന അത്യുൽപാദനശേഷിയുള്ള പച്ചക്കറിവിത്തുകളും തൈകളും കർഷകർക്ക് ലഭ്യമാക്കുന്നതിനായി ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോർട്ടികൾചറൽ റിസർച്ച്, കേരള കാർഷിക സർവകലാശാല എന്നിവരുമായി ചേർന്ന് സങ്കര

വിത്തുൽപാദനം ആരംഭിച്ചിട്ടുണ്ട്. പച്ചക്കറി വികസന പദ്ധതിക്കുകീഴിൽ അത്യുൽപാദനശേഷിയുള്ള വിത്തുകൾ, തൈകൾ എന്നിവ ഉൽപാദിപ്പിച്ച് കർഷകർക്ക് സൗജന്യമായി വിതരണം നടത്തിവരുന്നുണ്ട്. 2023-24, 2024-25 വർഷങ്ങളിലായി 14.7 ലക്ഷം ഹൈബ്രിഡ് വിത്ത് പായ്ക്കറ്റുകളും 165.41 ലക്ഷം ഹൈബ്രിഡ് തൈകളും കൃഷി വകുപ്പ് മുഖേന കർഷകർക്ക് വിതരണം നടത്തിയിട്ടുണ്ട്.

പച്ചക്കറി വിത്ത്, തൈകൾ (സങ്കരയിനം ഉൾപ്പെടെ), മറ്റ് കാർഷികോൽപാദനോപാധികൾ, കൃഷി വകുപ്പ് ഫാമുകൾ, കേരള കാർഷിക സർവകലാശാല തുടങ്ങിയ സർക്കാർ സ്ഥാപനങ്ങൾ,, ബ്ലോക്കുതല നഴ്സറികൾ, അഗ്രോ സർവീസ് സെന്റർ, കൃഷിക്കൂട്ടങ്ങൾ, കാർഷിക കർമ്മസേന, ഇക്കോഷോപ്പ്, എ ഗ്രേഡ് ക്ലസ്റ്റർ, ബി.എൽ.എഫ്.ഒ. നഴ്സറി തുടങ്ങിയ വിവിധ ഏജൻസികളിൽനിന്നും ഉൽപാദിപ്പിച്ച് വിവിധ പദ്ധതികളുമായി സംയോജിപ്പിച്ച് സമയബന്ധിതമായും കാര്യക്ഷമമായും വിതരണം നടത്തി പച്ചക്കറി ഉൽപാദനത്തിൽ സ്വയംപര്യാപ്തത എന്ന ലക്ഷ്യം കൈവരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഗ്രാഫ്റ്റഡ്

പച്ചക്കറി തൈകൾ ലഭ്യമാക്കുന്നതിനുള്ള പദ്ധതിയും പച്ചക്കറി തൈകൾ ഉൽപാദിപ്പിക്കുന്നതിനും കർഷകർക്ക് സൗജന്യ നിരക്കിൽ അവ ലഭ്യമാക്കുന്നതിനുള്ള പദ്ധതിയും ഹൈബ്രിഡ് പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് ഹൈബ്രിഡ് പച്ചക്കറി വിത്ത് പായ്ക്കറ്റുകൾ ലഭ്യമാക്കുന്നതിനും അത്യുൽപാദനശേഷിയുള്ള പച്ചക്കറി വിത്തുകൾ ലഭ്യമാക്കുന്നതിനും പദ്ധതികൾ നടപ്പാക്കിവരുന്നു.

2024-25 സാമ്പത്തിക വർഷം സർക്കാരിന്റെ വിവിധ പദ്ധതികൾക്കാവശ്യമായ 23.01 ലക്ഷം പച്ചക്കറി വിത്ത് പായ്ക്കറ്റുകളും 43.51 ലക്ഷം പച്ചക്കറി തൈകളും കൗൺസിൽ ലഭ്യമാക്കിയിട്ടുണ്ട്. മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ (MIDH), റീബിൽഡ് കേരള ഇനിഷ്യേറ്റീവ് (RKI) എന്നിവയുടെ സാമ്പത്തിക സഹായത്തോടുകൂടി കേരള കാർഷിക സർവകലാശാലയുടെ കീഴിൽ വയനാട് ജില്ലയിലെ അമ്പലവയൽ പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രത്തിൽ 2024-25-ൽ പ്രവർത്തനമാരംഭിച്ച പച്ചക്കറി, പുഷ്പങ്ങൾ എന്നിവയുടെ മികവിന്റെ കേന്ദ്രത്തിലൂടെ അത്യുൽപാദനശേഷിയുള്ള സങ്കര ഇനം പച്ചക്കറി തൈകൾ

കർഷകർക്ക് ലഭ്യമാക്കിവരുന്നു. അത്യുൽപാദനശേഷിയുള്ള പച്ചക്കറി വിത്തുകളും തൈകളും കേരളത്തിലുടനീളമുള്ള കാർഷിക സർവകലാശാലാ കേന്ദ്രങ്ങളിൽ ഉൽപാദിപ്പിച്ച് വിൽപന നടത്തിവരുന്നു. 2024 നവംബർ മാസം സംസ്ഥാന സീഡ് സബ്കമ്മിറ്റിയുടെ അംഗീകാരം ലഭിച്ച 15 വിളയിനങ്ങൾ കാർഷിക സർവകലാശാല വികസിപ്പിച്ചവയാണ്. രണ്ട് പാവൽ ഹൈബ്രിഡുകളും അത്യുൽപാദനശേഷിയുള്ള 89 ഇനം പച്ചക്കറി വിത്തുകളും കാർഷിക സർവകലാശാല വികസിപ്പിച്ചെടുത്തിട്ടുണ്ട്. കഴിഞ്ഞ 3 വർഷങ്ങളിലായി 25.72 ടൺ പച്ചക്കറി വിത്തുകളും 66.18 ലക്ഷം പച്ചക്കറി തൈകളും കാർഷിക സർവകലാശാല കർഷകർക്കായി ഉൽപാദിപ്പിച്ച് വിതരണം ചെയ്തിട്ടുണ്ട്.

ശ്രീ. കെ. ബാബു (നെന്മാറ): സർ, പച്ചക്കറി ഉൽപാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി സർക്കാർ ആവിഷ്കരിച്ച വിവിധ പദ്ധതികളാണ് വീട്ടുമുറ്റത്തും മട്ടുപാവിലും പച്ചക്കറി, നമ്മളും കൃഷിയിലേക്ക്, ഓണത്തിന് ഒരു മുറം പച്ചക്കറി എന്നിവ. എന്റെ നിയോജകമണ്ഡലത്തിൽ Vegetable and Fruit Promotion Council Keralam (VFPCK) മുഖാന്തരം

പച്ചക്കറി കൃഷി നടത്തി ഒരു കോടി രൂപ ടേൺ ഓവറുണ്ടാക്കിയ പനങ്ങാട്ടിരി ശിവദാസനെ ആദരിക്കാൻ പൗരസമിതി തീരുമാനിച്ചപ്പോൾ ബഹുമാനപ്പെട്ട മന്ത്രിതന്നെ വന്ന് ആദരവ് നൽകി അഭിനന്ദിച്ചിരുന്നു. ഈ സർക്കാർ അധികാരമേറ്റപ്പോൾ സംസ്ഥാനത്ത് ആഭ്യന്തര പച്ചക്കറി ഉൽപാദനം എത്രയായിരുന്നു; ഇപ്പോൾ വർധനവുണ്ടായിട്ടുണ്ടോ; വിശദമാക്കാമോ?

ശ്രീ. പി. പ്രസാദ്: സർ, കേരളത്തിൽ പച്ചക്കറി ഉൽപാദനത്തിൽ വളരെയധികം വർധനയുണ്ടായിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ സംസ്ഥാനത്ത് ഏതാണ്ട് 15 ലക്ഷത്തോളം ടൺ പച്ചക്കറിയാണ് ഉൽപാദിപ്പിച്ചിരുന്നതെങ്കിൽ ഇപ്പോൾ അത് 17.21 ലക്ഷം ടണ്ണായി വർധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. കേരളത്തിന്റെ കാർഷിക മേഖലയിൽ നല്ല ഇടപെടൽ നടത്തുന്നതിന്റെ ഭാഗമായി വിജയകരമായി കൃഷി നടത്തി ഒരു കോടി രൂപ വരുമാനമുണ്ടാക്കാൻ സാധിച്ച പനങ്ങാട്ടിരി ശിവദാസൻ എന്ന കൃഷിക്കാരനെ ആദരിച്ചതിനെക്കുറിച്ചാണ് ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചത്. അദ്ദേഹത്തിന് ഞങ്ങളെല്ലാവരും കൂടിചേർന്ന് സ്വീകരണം

കൊടുക്കുകയുണ്ടായി. കേരളത്തെ പച്ചക്കറി ഉൽപാദനത്തിന്റെ പൂർണ്ണതയിലേക്ക് എത്തിക്കാനാണ് സർക്കാർ ആഗ്രഹിക്കുന്നത്. അതുകൊണ്ട് കേരളത്തിനാവശ്യമായ പച്ചക്കറി കേരളത്തിൽതന്നെ ഉൽപാദിപ്പിക്കാൻ ജനകീയ പങ്കാളിത്തത്തോടുകൂടിയുള്ള ശ്രമം നടത്തുകയാണ് സർക്കാരിന്റെ ലക്ഷ്യം.

ശ്രീ. കെ. ബാബു (നെന്മാറ): സർ, സംസ്ഥാനത്ത് 64 അഗ്രികൾച്ചറൽ ഫാമുകളുണ്ട്. നെല്ലിയാമ്പതി ഓറഞ്ച് ആൻഡ് വെജിറ്റബിൾ ഫാമിൽ ഓറഞ്ചിനുപുറമെ 20 ഇനം ശീതകാല പച്ചക്കറികൾ കൃഷി ചെയ്യുന്നുണ്ട്. അവിടെ നാട്ടുപഴങ്ങളും കാട്ടുപഴങ്ങളും വിദേശ ഇനങ്ങളുൾപ്പെടെ 50 ഇനം ഫലവൃക്ഷത്തൈകളും ഓർക്കിഡ് ഉൾപ്പെടെ നൂറുകണക്കിന് ഇനം പൂച്ചെടികളും 67 തരം മൂല്യവർധിത ഉൽപന്നങ്ങളും ഓറഞ്ച് ഗ്രാഫ്റ്റ്, പാഷൻ ഫ്രൂട്ട്, അപൂർവയിനം മാവുകൾ ഉൾപ്പെടെ മൂന്നു ലക്ഷത്തോളം തൈകളും ഉൽപാദിപ്പിക്കുന്നുണ്ട്. അഞ്ചേക്കറിൽ ഫാം ടൂറിസം പരിപോഷിക്കപ്പെടുന്നുണ്ട്. കഴിഞ്ഞ മാസം 6-ാം തീയതി മുതൽ 10-ാം തീയതിവരെ അവിടെ 'അഗ്രിഫെസ്റ്റ് നാച്ചുറ' എന്ന പേരിൽ അഗ്രിഫെസ്റ്റ്

സംഘടിപ്പിക്കുകയും അത് ബഹുമാനപ്പെട്ട വകുപ്പുമന്ത്രി ഉദ്ഘാടനം ചെയ്യുകയും ചെയ്തു. 40000-ത്തിലധികം ടൂറിസ്റ്റുകൾ അവിടെ സന്ദർശിക്കുകയും ചെയ്തിരുന്നു. അവിടെനിന്നും ലഭിക്കുന്ന ടിക്കറ്റ് വരുമാനത്തിന്റെ ഒരുവിഹിതം ഇത്തരത്തിൽ അഗ്രിഫാം ഫെസ്റ്റ് സംഘടിപ്പിക്കുന്നതിന് അനുവദിക്കണമെന്ന് അഭ്യർഥിക്കുന്നു. ഉൽപാദനക്ഷമതയുള്ള ഹൈബ്രിഡ് പച്ചക്കറിയിനങ്ങൾ കർഷകർക്ക് ലഭ്യമാക്കുന്നതിന് സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്? അതോടൊപ്പം എല്ലാ നിയമസഭാ സാമാജികരെയും പാവങ്ങളുടെ ഊട്ടി എന്ന് വിശേഷിപ്പിക്കപ്പെടുന്ന നെല്ലിയാമ്പതിയിലേക്ക് സ്വാഗതം ചെയ്യുന്നു.

<u>ശ്രീ. പി. പ്രസാദ്</u>: സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞത് പ്രസക്തമായ മൂന്ന് കാര്യങ്ങളാണ്. പാവങ്ങളുടെ ഊട്ടി എന്നറിയപ്പെടുന്ന ഏറ്റവും മനോഹരമായ സ്ഥലമാണ് നെല്ലിയാമ്പതി. നെല്ലിയാമ്പതിയിലെ പ്രകൃതിഭംഗി ആസ്വദിക്കാനും ഫാം സന്ദർശിക്കാനും നമ്മൾ എല്ലാവരും സമയം കണ്ടെത്തുന്നത് നല്ലൊരു അനുഭവമായിരിക്കും. ഫാം ടൂറിസത്തിന് ഗവൺമെന്റ് പ്രാധാന്യം കൊടുക്കുന്നുണ്ട്. ഗവൺമെന്റിന്റെ കൈവശം 64

ഫാമുകളാണുള്ളത്. ചില ഫാമുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിൽ ജില്ലാ പഞ്ചായത്തിന്റെ നിയന്ത്രണത്തിലാണ് പ്രവർത്തിക്കുന്നത്. ഈ 64 ഫാമുകളിലും ഫാം ഫെസ്റ്റിവൽ സംഘടിപ്പിക്കാനാണ് കൃഷിവകുപ്പ് ആലോചിച്ചിട്ടുള്ളത്. ഇതുമായി ബന്ധപ്പെട്ട് നല്ലരീതിയിലുള്ള വരുമാനം ലഭിച്ചിട്ടുണ്ട്. തീർച്ചയായും ഫാം ഫെസ്റ്റ് സംഘടിപ്പിക്കുന്നതിനാവശ്യമായ സഹായം, അവിടെനിന്നും ലഭിക്കുന്ന വരുമാനത്തിൽനിന്ന് കണ്ടെത്തി നൽകുന്ന കാര്യം ഗവൺമെന്റ് അനുഭാവപൂർവം പരിഗണിക്കുന്നതാണ്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച മറ്റൊരു സുപ്രധാന കാര്യം ഹൈബ്രിഡ് ഇനങ്ങളെക്കുറിച്ചാണ്. നെല്ലിയാമ്പതിയുടെ പ്രത്യേകതയെക്കുറിച്ച് ഞാൻ കൂടുതൽ വിശദീകരിക്കുന്നില്ല. അവിടെ നിരവധി ഉൽപന്നങ്ങൾ ഉൽപാദിപ്പിക്കുന്നുണ്ട്. കേരളത്തിലെ ഫാമുകളിൽ നിന്നുതന്നെയുള്ള 195 ഉൽപന്നങ്ങളാണ് 'കേരള ഗ്രോ' എന്ന ബ്രാൻഡ് നെയിമിൽ വില്പന നടത്തുന്നത്. Intellectual Properties Rights Act പ്രകാരമാണ് 'കേരള ഗ്രോ' എന്ന ട്രേഡ് നെയിം രജിസ്റ്റർ ചെയ്തിരിക്കുന്നത്. 195 ഉൽപന്നങ്ങൾ നമ്മുടെ ഫാമുകളിൽ ഉൽപാദിപ്പിക്കുന്നുണ്ട്. നമ്മുടെ കർഷകർ ഉൽപാദിപ്പിക്കുന്ന 746

ഉൽപന്നങ്ങൾക്ക് കേരള ഗ്രോ എന്ന ബ്രാൻഡ് നെയിം കൊടുത്തിട്ടുണ്ട്. ഇതിന് മാത്രമായി പ്രത്യേക ഷോപ്പുകളും ആരംഭിച്ചിട്ടുണ്ട്. ഇങ്ങനെയെല്ലാം ചെയ്യുകൊണ്ടിരിക്കുന്ന അവസരത്തിൽ കൃഷിക്കാർ ഉൾപ്പെടെ വകുപ്പിനോട് ആവശ്യപ്പെടുന്നത് ഹൈബ്രിഡ് വിത്തിനങ്ങളും തൈകളും വേണമെന്നാണ്. പരമ്പരാഗത ഇനങ്ങൾ മാത്രമാണ് കൃഷിവകുപ്പ് മുഖേന വിതരണം ചെയ്യുവരുന്നത്. വാണിജ്യാടിസ്ഥാനത്തിൽ കൃഷി ചെയ്യുന്ന കർഷകർ ആവശ്യപ്പെട്ടിരുന്നത് ഹൈബ്രിഡ് വിത്തുകൾ ലഭ്യമാക്കണം എന്നുള്ളതായിരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആദ്യമായി ഹൈബ്രിഡ് വിത്തുകൾ കർഷകർക്ക് ലഭ്യമാക്കിയിട്ടുണ്ട്. ഹൈബ്രിഡ് വിത്തുകളുടെ എണ്ണം വർധിപ്പിക്കുന്നതിനുവേണ്ടി വി.എഫ്.പി.സി.കെ.-യെ ചുമതലപ്പെടുത്തി. അതിലേയ്ക്കായി ആലത്തൂരിൽ വച്ചാണ് കർഷകർക്ക് പ്രത്യേക പരിശീലനം നൽകിയത്. അഞ്ച് ഏക്കറിലാണ് വിത്തുകളും തൈകളും ഉൽപാദിപ്പിക്കാനുള്ള സൗകര്യം ഒരുക്കിയത്. ഇത്തരത്തിലുള്ള സംവിധാനം ആദ്യമായാണ് കേരളത്തിൽ ചെയ്യുന്നത്. കാർഷിക സർവകലാശാലയിൽനിന്നും Indian Institute of

Horticultural Research (IIHR) വികസിപ്പിച്ചെടുത്ത ഏറ്റവും പുതിയ ഇനങ്ങൾ വാങ്ങിയാണ് അവയുടെ എണ്ണം വർധിപ്പിക്കുന്ന നിലയിലേയ്ക്ക് നീങ്ങിയത്. കൃഷിക്കാർക്ക് കൂടുതലായി ഹൈബ്രിഡ് വിത്തുകളും തൈകളും കൊടുക്കുന്ന പരിപാടി ആരംഭിച്ചിട്ടുണ്ട്; അത് വ്യാപിപ്പിക്കുന്നതാണ്. നാടൻ ഇനങ്ങളെ സംരക്ഷിക്കുന്നതിന് വേണ്ടിയും വാണിജ്യാടിസ്ഥാനത്തിൽ അവ കൃഷി ചെയ്യുന്ന കർഷകരെ സഹായിക്കുന്നതിനുവേണ്ടിയും അവരുടെ ആവശ്യമനുസരിച്ച് വിത്തുകൾ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതായിരിക്കും. 'കൃഷി ദർശൻ' പോലുള്ള പരിപാടികളിൽ കർഷകരും കർഷക സംഘടനകളും ഉന്നയിച്ച സുപ്രധാനമായ കാര്യം എന്ന നിലയ്ക്കാണ് അതിനെ നമ്മൾ കണക്കിലെടുത്തത്. തീർച്ചയായും സർക്കാർ ഇക്കാര്യങ്ങളിൽ കർഷകരെ സഹായിക്കാനുള്ള ഇടപെടൽ നടത്തുന്നതാണ്.

ശ്രീ. എം. എം. മണി: സർ, വിഷരഹിത പച്ചക്കറികൾ ജനങ്ങളിലേക്ക് എത്തിക്കാനും പച്ചക്കറിയുടെ ഉപഭോഗം വർധിപ്പിക്കാനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

ശ്രീ. പി. പ്രസാദ്: സർ, ഇത് സുപ്രധാനമായ കാര്യമാണ്.

പുറംനാടുകളിൽ എങ്ങനെയെങ്കിലും ഉൽപാദിപ്പിച്ചവ നമുക്കുവേണ്ടി ഇവിടെയുള്ള മാർക്കറ്റുകളിൽ കൊണ്ടുവരുന്നത് ശീലമായി മാറിയിരിക്കുകയാണ്. വിഷരഹിത പച്ചക്കറികൾ സംസ്ഥാനത്തേയ്ക്ക് എത്തിക്കാനുള്ള സംവിധാനമൊരുക്കണമെന്ന് കേരളത്തിന് പുറത്ത് കൃഷി ചെയ്യുന്നവരോട് നമ്മൾ ആവശ്യപ്പെട്ടിട്ടുണ്ടെങ്കിലും കാർഷിക സർവകലാശാലകളുടെ ലാബുകളിലും മറ്റുള്ള ലാബുകളിലും അവ പരിശോധിക്കുമ്പോൾ അനുവദനീയമായതിനെക്കാൾ കൂടുതൽ അളവിൽ കീടനാശിനികളും മറ്റും അടങ്ങിയിരിക്കുന്നുവെന്നാണ് പല റിപ്പോർട്ടുകളിലൂടെയും വ്യക്തമാകുന്നത്. അനുവദനീയമായതിനെക്കാൾ കൂടുതൽ അളവിൽ എന്നുപറയുമ്പോൾ അത് ആരോഗ്യത്തിന് ഹാനികരമാണെന്നാണ് മനസ്സിലാക്കേണ്ടത്. കേരളത്തിൽ അത്തരമൊരു പ്രശ്നത്തെ അഡ്രസ്സ് ചെയ്യുന്നതിന് വേണ്ടിയാണ് തദ്ദേശീയമായിത്തന്നെ നമുക്കാവശ്യമായ പച്ചക്കറികളും പഴവർഗ്ഗങ്ങളുമെല്ലാം ഉൽപാദിപ്പിക്കണമെന്ന് നിശ്ചയിച്ചിരിക്കുന്നത്. വിഷരഹിതമായ പച്ചക്കറി ഉൽപാദനം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി പോഷക സമൃദ്ധി

മിഷനും ജൈവ കാർഷിക മിഷനും തുടക്കം കുറിക്കുകയും കൂടുതൽ പ്രദേശങ്ങളിലേയ്ക്ക് ജൈവകൃഷി വ്യാപിപ്പിക്കുകയും ചെയ്തിട്ടുണ്ട്. സ്വകാര്യ ഏജൻസികളും മറ്റുമായിരുന്ന ഇതുവരെ ജൈവ സർട്ടിഫിക്കേഷൻ ചെയ്തിരുന്നത്. നിലവിൽ കൃഷിവകുപ്പിന്റെ നിയന്ത്രണത്തിലുള്ള സമേതിയെ അതിനുവേണ്ടി ചുമതലപ്പെടുത്തുകയും ജൈവ ഉൽപന്നങ്ങൾക്ക് കൂടുതൽ മാർക്കറ്റ് ലഭിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഇക്കാര്യത്തിൽ എല്ലാത്തരത്തിലുള്ള പിന്തുണയും പ്രോത്സാഹനവും സർക്കാരിന്റെ ഭാഗത്തുനിന്നും നൽകുന്നതാണ്.

ശ്രീമതി ഒ. എസ്. അംബിക: സർ, പച്ചക്കറി ഉൽപാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുന്നത് ലക്ഷ്യമിട്ടുകൊണ്ട് സംസ്ഥാനത്ത് സമ്പൂർണ്ണ പച്ചക്കറി യജ്ഞം ആരംഭിക്കുമെന്ന് അറിയിക്കുകയുണ്ടായി. ഇത് എപ്രകാരമാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്?

ശ്രീ. പി. പ്രസാദ്: സർ, കേരളത്തിൽ ജനകീയ പരിപാടിയായി സമഗ്ര പച്ചക്കറി ഉൽപാദന യജ്ഞം സംഘടിപ്പിക്കാനാണ് ഗവൺമെന്റ് ആലോചിച്ചിരിക്കുന്നത്. നമുക്കാവശ്യമായ പച്ചക്കറികൾ ഇവിടെ

ഉൽപാദിപ്പിക്കുക എന്നതാണ് പ്രധാനം. പച്ചക്കറികളുടെ ഉൽപാദനത്തിൽ നല്ല വർധനവുണ്ടായിട്ടുണ്ട്. ഒരു വ്യക്തി എത്രമാത്രം പച്ചക്കറികൾ കഴിക്കണമെന്നത് സംബന്ധിച്ച കണക്കുകൾ ഐ.സി.എം.ആർ. (ഇന്ത്യൻ കൗൺസിൽ ഓഫ് മെഡിക്കൽ റിസർച്ച്) വ്യക്തമാക്കുന്നുണ്ട്. മുൻകാലങ്ങളിലെ കണക്കുകളിൽനിന്ന് ഐ.സി.എം.ആർ. ഇടയ്ക്ക് മാറ്റം വരുത്താറുണ്ട്. നേരത്തെയുണ്ടായിരുന്ന കണക്ക് പ്രകാരം ഒരു ദിവസം ഒരാൾ 200 ഗ്രാം പച്ചക്കറികളും 50 ഗ്രാം കിഴങ്ങുവർഗ്ഗങ്ങളും 50 ഗ്രാം ഇലവർഗ്ഗങ്ങളും കഴിക്കണമായിരുന്നു. എല്ലാ കാര്യങ്ങളിലും മുൻപന്തിയിൽനിൽക്കുന്ന സംസ്ഥാനമാണ് കേരളം. എന്നാൽ ഐ.സി.എം.ആർ.-ന്റെ കണക്കനുസരിച്ചുള്ള പച്ചക്കറികൾ കേരളീയർ കഴിക്കുന്നില്ലെന്ന് നമുക്ക് മനസ്സിലാക്കാൻ സാധിക്കും. ഒരു ദിവസം ഒരാൾ കഴിക്കുന്ന പച്ചക്കറിയുടെ ഇന്ത്യൻ ശരാശരി 225 ഗ്രാം എന്നിരിക്കെ കേരളത്തിന്റെ ശരാശരി 160 ഗ്രാം എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. National Sample Survey Organisation-ന്റെ കണക്കുപ്രകാരമാണ് 160 ഗ്രാം എന്ന് രേഖപ്പെടുത്തിയിട്ടുള്ളത്. പച്ചക്കറികൾ എത്രമാത്രം ഉപയോഗിക്കുന്നു

എന്നുള്ളതിന് എൻ.എസ്.എസ്.ഒ.-യുടെ കണക്കിനെയും പച്ചക്കറികൾ എത്രമാത്രം ഉപയോഗിക്കണമെന്നുള്ളതിന് ഐ.സി.എം.ആർ.-ന്റെ കണക്കിനെയുമാണ് നാം സാധാരണ ആശ്രയിക്കുന്നത്. എന്നാൽ നിലവിൽ എൻ.എസ്.എസ്.ഒ. മുഖേന കേന്ദ്ര ഗവൺമെന്റ് അത്തരമൊരു കണക്കെടുപ്പ് നടത്തുന്നില്ല. ഒരിക്കൽ ഒരു കുടുംബാരോഗ്യ സർവെയുടെ ഭാഗമായി കേന്ദ്ര സർക്കാർ തയ്യാറാക്കിയ കണക്ക് അന്ന് രാത്രിതന്നെ പിൻവലിക്കുകയായിരുന്നു; പിന്നീടത് തള്ളിക്കളഞ്ഞുവെന്ന തരത്തിലാണ് അറിയിപ്പു വന്നത്. 2022-23-ലെ കണക്കുപ്രകാരം എൻ.എസ്.എസ്.ഒ. പച്ചക്കറി വാങ്ങുന്ന തുകയുടെ കാര്യം മാത്രമെ പറയുന്നുള്ളൂ. കേരളത്തിന് ആവശ്യമായ പച്ചക്കറിയുടെ കണക്കെടുപ്പ് നടത്തിയശേഷം അതിന്റെ അടിസ്ഥാനത്തിൽ ഒരാൾ എത്ര പച്ചക്കറി കഴിക്കണമെന്ന് മനസ്സിലാക്കിക്കൊണ്ട്, മലയാളിയുടെ ആരോഗ്യത്തെ സംരക്ഷിക്കുക എന്ന പ്രധാന ലക്ഷ്യത്തോടെ നമുക്കാവശ്യമായ പച്ചക്കറികൾ സംസ്ഥാനത്തുതന്നെ ഉൽപാദിപ്പിക്കുന്നതിനായി കൃഷിവകുപ്പിന്റെ പദ്ധതികളെ സംയോജിപ്പിച്ചുകൊണ്ടും മറ്റ് വകുപ്പുകളുമായി സഹകരിച്ചുകൊണ്ടും ഒരു

സമഗ്ര പച്ചക്കറി ഉൽപാദന യജ്ഞത്തിന് തുടക്കം കുറിക്കാനും 2028-ഓടുകൂടി ആ ലക്ഷ്യത്തിലേയ്ക്ക് എത്താനുമാണ് ആലോചിച്ചിട്ടുള്ളത്. ഇതുമായി ബന്ധപ്പെട്ട് വിവിധ വകുപ്പുകൾ ഉൾപ്പെടുന്നതുകൊണ്ട് ബഹുമാന്യനായ മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ പ്രാഥമിക യോഗം ചേരുകയും ടി യജ്ഞത്തിന്റെ അന്തിമരൂപം തയ്യാറാക്കുന്നതിനായി ചീഫ് സെക്രട്ടറിയെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഗ്രാമപഞ്ചായത്തുകളടക്കമുള്ള മറ്റ് സംവിധാനങ്ങളുമായി ചേർന്ന് ആലോചന നടത്തി ഇക്കാര്യങ്ങൾ നടപ്പാക്കുന്നതാണ്. മുമ്പ് സാക്ഷരതാ യജ്ഞം നടത്തിയതുപോലെ ഈ പരിപാടിയെ ഒരു ജനകീയ യജ്ഞമാക്കുന്നതിന്റെ ഭാഗമായി കൃഷിക്കൂട്ടങ്ങൾ, കുടുംബശ്രീകൾ, കോളേജുകൾ, സ്കൂളുകൾ എന്നിവയെ പങ്കാളികളാക്കുന്നതാണ്. ഇക്കാര്യത്തിൽ ബഹുമാന്യരായ അംഗങ്ങളുടെ പിന്തുണയുണ്ടാകണമെന്ന് അഭ്യർഥിക്കുന്നു. അക്കാര്യത്തെക്കുറിച്ച് ആലോചിക്കുന്നതിനായി നിയോജകമണ്ഡലാടിസ്ഥാനത്തിൽ പ്രത്യേക യോഗങ്ങൾ ചേരുന്നതാണ്. മലയാളിയുടെ ആരോഗ്യ സംരക്ഷണം കണക്കിലെടുത്തുകൊണ്ട് കേരളത്തിനാവശ്യമായ മുഴുവൻ പച്ചക്കറികളും

പഴവർഗ്ഗങ്ങളും ഇലവർഗ്ഗങ്ങളും കിഴങ്ങുവർഗ്ഗങ്ങളും ഉൽപാദിപ്പിക്കാൻ സാധ്യമാകുന്ന സാഹചര്യമാണ് സംസ്ഥാനത്തുള്ളത്. ഇക്കാര്യം ഇപ്പോഴെങ്കിലും തീരുമാനിച്ച് നടപ്പാക്കിയില്ലെങ്കിൽ വലിയൊരു അപകടത്തിലേക്ക് നാം പോകും. 56.4 ശതമാനം രോഗങ്ങളും ഉണ്ടാകുന്നത് unhealthy diet കാരണമാണെന്നാണ് ഐ.സി.എം.ആർ. പറയുന്നത്. അനാരോഗ്യകരമായ ഭക്ഷണം പകുതിയിൽ കൂടുതൽ രോഗങ്ങളുടെയും കാരണമായി തീരുന്ന അവസരത്തിൽ ആ കണക്കുകൾ വച്ചുകൊണ്ടുതന്നെ കേരളത്തിന് മുമ്പോട്ട് പോകേണ്ടതുണ്ട്. നമുക്കാവശ്യമായ പച്ചക്കറികൾ നാം ഉൽപാദിപ്പിക്കുക എന്നതാണ് സമഗ്ര പച്ചക്കറി ഉൽപാദന യജ്ഞത്തിലൂടെ ലക്ഷ്യമിടുന്നത്.

ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: സർ, വാണിജ്യാടിസ്ഥാന പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് കർഷകർക്ക് എന്തൊക്കെ സഹായങ്ങളാണ് നൽകിവരുന്നത്?

ശ്രീ. പി. പ്രസാദ്: സർ, വാണിജ്യാടിസ്ഥാനത്തിലുള്ള പച്ചക്കറി കൃഷിയുടെ ഭാഗമായി കർഷകരുടെ ആവശ്യാനുസരണമാണ് ഹൈബ്രിഡ്

ഇനങ്ങളും അത്യുൽപാദനശേഷിയുള്ള ഇനങ്ങളും തയ്യാറാക്കാൻ തീരുമാനിച്ചത്. ഹൈബ്രിഡ് ഇനങ്ങളും അത്യുൽപാദന ശേഷിയുള്ള ഇനങ്ങളും തയ്യാറാക്കി നൽകുന്ന പരിപാടിക്ക് തുടക്കം കുറിച്ചതിനെക്കുറിച്ച് നേരത്തേ സൂചിപ്പിച്ചിരുന്നു. കാർഷിക സർവകലാശാല 89 ഇനം അത്യുൽപാദന ശേഷിയുള്ള വിത്തിനങ്ങൾ തയ്യാറാക്കി കർഷകരിലേക്ക് എത്തിക്കുന്ന നടപടി ആരംഭിച്ചുകഴിഞ്ഞു. അതിൽ പത്തെണ്ണം ഹൈബ്രിഡാണ്. Indian Institute of Horticultural Research-ൽ നിന്ന് 'അർക്ക നികിത' എന്നറിയപ്പെടുന്ന ഒരിനം വെണ്ടവിത്ത് വാങ്ങി കൂടുതൽ കർഷകരിലേക്ക് എത്തിക്കാനുള്ള ഏർപ്പാട് ചെയ്തിട്ടുണ്ട്. ഇത്തരത്തിൽ ഏറ്റവും കൂടുതലായി നമ്മൾ ഉൽപാദിപ്പിക്കുന്ന പച്ചക്കറികളിൽ ഒരെണ്ണമാണ് പാവൽ. കേരള കാർഷിക സർവകലാശാല വികസിപ്പിച്ചെടുത്ത പുതിയ പാവൽ വിത്തിനങ്ങൾ കൂടുതൽ കർഷകരിലേക്ക് എത്തിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സാധാരണഗതിയിൽ ഒരു ഹെക്ടറിൽ നിന്ന് 25 ടൺ കിട്ടുന്ന സ്ഥാനത്ത് കാർഷിക സർവകലാശാല വികസിപ്പിച്ച പ്രജനി, പ്രഗതി എന്നീ രണ്ടിനം പാവൽ ഹൈബ്രിഡുകൾ ഒരു

ഹെക്ടറിൽനിന്ന് 37-40 ടൺ പാവയ്ക്ക ലഭ്യമാക്കുന്നുണ്ട്. ഇതെല്ലാം വാണിജ്യാടിസ്ഥാനത്തിൽ കൃഷി ചെയ്യുന്ന കർഷകരെ സഹായിക്കാൻ വേണ്ടിയുള്ളതാണ്. അതോടൊപ്പം ഇത് സംഭരിക്കുന്നതിനും വിപണനം ചെയ്യുന്നതിനുമുള്ള സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. ഉൽപാദനത്തിന്റെ കാര്യം മാത്രം പരിശോധിച്ചാൽ പോര, അത് വിളവെടുത്ത് വിപണനം ചെയ്യുന്നതുൾപ്പെടെയുള്ള കാര്യങ്ങളിലേക്ക് ശ്രദ്ധ കേന്ദ്രീകരിച്ചുകൊണ്ട് കർഷകരെ സഹായിക്കാനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കുന്നതാണ്.

ലീഡ്സ് പദ്ധതി

4(*124) ശ്രീ. യു. ആർ. പ്രദീപ്:
ശ്രീ. ടി. ഐ. മധുസൂദനൻ:
ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാർഷിക വിജ്ഞാന വ്യാപനത്തിന് ഊന്നൽ നൽകുന്നതിനായി 'ലീഡ്സ്' എന്ന പേരിൽ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) കൃഷിയിടങ്ങളിലെ പ്രശ്നങ്ങൾ വിദഗ്ധരുമായി ചർച്ച ചെയ്ത് പരിഹരിക്കുന്നതിന് നിലവിൽ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ എന്ന് അറിയിക്കുമോ;

(സി) സംസ്ഥാനത്ത് നടപ്പാക്കിവരുന്ന മറ്റ് കാർഷിക വിജ്ഞാന വ്യാപന പരിപാടികൾ എന്തൊക്കെയാണെന്ന വിശദാംശം ലഭ്യമാക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): (എ) ഉണ്ട്. LEADS (Lead Farmer Centered Extension Advisory and Delivery Services) പദ്ധതി നിലവിൽ 4 ജില്ലകളിലാണ് (കൊല്ലം, പാലക്കാട്, വയനാട്, കണ്ണൂർ) നടപ്പാക്കിവരുന്നത്. ഓരോ പഞ്ചായത്തിൽനിന്നും, 50 സെന്റ് കൃഷി ഭൂമിയിൽ വിജയ മാതൃകകൾ തെളിയിച്ച 3 കർഷകരെ ലീഡ് കർഷകരായി തിരഞ്ഞെടുത്താണ് പദ്ധതി നടപ്പാക്കുന്നത്. ഈ കർഷകർ ഫലപ്രദമായ ആശയവിനിമയ കഴിവുള്ളവരും ഗ്രൂപ്പ് സന്ദർശനത്തിനും സാങ്കേതിക കൈമാറ്റത്തിനും സമയം മാറ്റിവയ്ക്കാൻ തയ്യാറായിട്ടുള്ളവരുമായിരിക്കണം. അനുഭവസമ്പത്തുള്ള ഈ കർഷകർവഴി മറ്റുള്ള കർഷകർക്ക് കാർഷിക അറിവ് പകർന്ന് വിജ്ഞാന വ്യാപനം സാധ്യമാക്കുന്നു. ഓരോ ലീഡ് കർഷകനെയും

കേന്ദ്രീകരിച്ചുകൊണ്ട് ആധുനിക കൃഷി രീതികൾ പ്രാവർത്തികമാക്കാൻ താല്പര്യമുള്ള 10 കർഷകരെ ചേർത്ത് ഒരു സാറ്റലൈറ്റ് ഫാർമർ ഗ്രൂപ്പ് രൂപീകരിക്കുകയും ചെയ്യുന്നു.

(ബി) ഉണ്ട്. കൃഷിയിടത്തിലെ പ്രശ്നങ്ങൾ വിദഗ്ധരുമായി ചർച്ച ചെയ്ത് പരിഹരിക്കുന്നതിന് ബ്ലോക്കുതലത്തിൽ കാർഷിക വിജ്ഞാനകേന്ദ്രങ്ങൾ (ബ്ലോക്ക് ലെവൽ അഗ്രികൾച്ചർ നോളഡ്ജ് സെന്ററുകൾ) തയ്യാറാക്കിയിട്ടുണ്ട്. കാർഷിക സർവകലാശാലയിലെ വിദഗ്ധരെ ഉൾപ്പെടുത്തി രൂപീകരിച്ചിട്ടുള്ള മൾട്ടി ഡിസിപ്ലിനറി ഡയഗ്നോസ്റ്റിക് ടീം കൃഷിയിട രോഗ കീടബാധ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് കർഷകരുടെ കൃഷിയിടത്തിൽ നേരിട്ടെത്തി മാർഗനിർദേശങ്ങൾ നൽകുന്നു. കൃഷിവകുപ്പ് മുഖേന നടപ്പിലാക്കുന്ന LEADS, ആത്മ (Agricultural Technology Management Agency) എന്നീ പദ്ധതികളുടെ ഭാഗമായും കർഷകർക്ക് കൃഷിയിട പ്രശ്നങ്ങൾ വിദഗ്ധരുടെ മുന്നിൽ അവതരിപ്പിച്ച് പ്രശ്നപരിഹാരം സാധ്യമാക്കുന്നു. മണ്ണത്തിയിൽ സ്ഥിതി ചെയ്യുന്ന കാർഷിക സാങ്കേതിക വിജ്ഞാന കേന്ദ്രം (ATIC-Agricultural Technology Information Centre) വഴി

ടെലിഫോണിലൂടെയും കർഷകർക്ക് വിദഗ്ധരുമായി ആശയവിനിമയത്തിന് അവസരമൊരുക്കുന്നു. കൃഷിദർശൻ പരിപാടിയുടെ ഭാഗമായും കൃഷിവകുപ്പ്, കാർഷിക സർവകലാശാല, സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ് കൺസോർഷ്യം തുടങ്ങിയവർ നടത്തുന്ന വിവിധ സെമിനാറുകൾ, അദാലത്തുകൾ എന്നിവ മുഖേനയും കർഷകർക്ക് വിദഗ്ധരുമായി പ്രശ്നങ്ങൾ ചർച്ച ചെയ്ത് പരിഹരിക്കുന്നതിന് സാധ്യമാകുന്നു.

(സി) കൃഷിഭവൻ ഉദ്യോഗസ്ഥർ കൃഷിയിടത്തിലെത്തി നേരിട്ടും വിവിധ പരിശീലനങ്ങളിലൂടെയും വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ നടത്തിവരുന്നു. റീജിയണൽ അഗ്രികൾച്ചറൽ ടെക്നോളജി ടെയിനിങ് സെന്ററുകൾ, ഫാർമേഴ്സ് ടെയിനിങ് സെന്ററുകൾ, സമേതി, കാർഷിക സർവകലാശാല എന്നിവിടങ്ങളിലൂടെയാണ് പ്രധാനമായും പരിശീലനങ്ങൾ നടത്തുന്നത്. സംസ്ഥാനത്തിനു പുറത്തും ഇസ്രായേൽ പോലുള്ള മറ്റു രാജ്യങ്ങളിലും കർഷകരെ അയച്ച് നൂതന സാങ്കേതികവിദ്യകൾ പരിശീലിക്കുന്നതിന് കൃഷി വകുപ്പ് അവസരമൊരുക്കിയിട്ടുണ്ട്. ഫീൽഡുതല പ്രദർശന തോട്ടങ്ങൾ, ട്രയലുകൾ എന്നിവയിലൂടെയും കൃഷി

പാഠശാലയിലൂടെയും സാങ്കേതികവും നൂതനവുമായ അറിവുകൾ കർഷകരിൽ എത്തിക്കുന്നു. കേരള ഡിജിറ്റൽ സർവകലാശാലയുമായി സഹകരിച്ച് കൃഷിവകുപ്പ് നടത്തുന്ന കർഷക ഇൻഫർമേഷൻ സിസ്റ്റംസ് സർവീസസ് & നെറ്റ്വർക്ക് പദ്ധതി (KISSAN) പ്രോജക്ട് വിജ്ഞാനപ്രദമായ ടെലിവിഷൻ പരിപാടികളിലൂടെ വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ നടത്തുന്നു. സ്മാർട്ട് കൃഷിഭവനുകൾ, പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകൾ, അഗ്രോ ക്ലിനിക്കുകൾ എന്നിവയിലൂടെയും ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ സമ്പൂർണ്ണ കാർഷിക മാസികയായ കേരള കർഷകൻ, കാർഷിക ഇ-ജേർണൽ എന്നിവയിലൂടെയും വിവിധ പ്രചാരണ പരിപാടികളിലൂടെയും കർഷകരിലേയ്ക്ക് സാങ്കേതികവിദ്യകൾ എത്തിക്കുന്നു. ശാസ്ത്രീയ ഉപദേശങ്ങൾ നൽകുന്നതിനായി കാർഷിക സർവകലാശാലയിലെ വിവിധ ശാസ്ത്ര വിഭാഗങ്ങളിലെ ശാസ്ത്രജ്ഞർ അടങ്ങുന്ന വിദഗ്ധ സംഘത്തിന്റെ സേവനം ഉറപ്പാക്കിവരുന്നു. ശാസ്ത്രീയമായ രീതിയിൽ എങ്ങനെ കൃഷി ചെയ്യാം എന്നതിനെക്കുറിച്ച് ജനങ്ങളിൽ അവബോധം ജനിപ്പിക്കുന്നതിനായി "വിള

പരിപാലന ശിപാർശകൾ" എന്ന പുസ്തകം കാർഷിക സർവകലാശാല പ്രസിദ്ധീകരിച്ചിട്ടുണ്ട്.

ശ്രീ. യു. ആർ. പ്രദീപ്: സർ, കർഷകരെ സഹായിക്കുന്നതിനായി കൃഷിവകുപ്പ് ഒട്ടേറെ പദ്ധതികൾ നടപ്പാക്കുന്നതിന്റെ ഭാഗമായി കൃഷിദർശൻ എന്ന പരിപാടി വളരെ രസകരമായി സംഘടിപ്പിച്ചുവരുന്നു. പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട നേട്ടങ്ങൾ എന്തൊക്കെയാണെന്നും ഈ ബജറ്റിൽ അതിലേയ്ക്കായി തുക വകയിരുത്തിയിട്ടുണ്ടോ എന്നും വിശദമാക്കുമോ?

ശ്രീ. പി. പ്രസാദ്: സർ, കൃഷിദർശൻ പോലൊരു പരിപാടി കേരളത്തിൽ ആദ്യമായാണ് ആരംഭിക്കുന്നത്. കൃഷിവകുപ്പിലെ ഏറ്റവും പ്രധാനപ്പെട്ട ഉദ്യോഗസ്ഥരും മന്ത്രിയുമുൾപ്പെടെയുള്ള സംഘം മൂന്നുദിവസത്തോളം ആ കാർഷിക ബ്ലോക്കിലെ കൃഷിയിടങ്ങൾ സന്ദർശിച്ചും കർഷകരുമായി ആശയവിനിമയം നടത്തിയും വലിയ തരത്തിലുള്ള കർഷക സഭകൾ ചേർന്നും നടത്തിയ പുതിയൊരു പരിപാടിയായിരുന്നു കൃഷിദർശൻ. നമ്മുടെ മുമ്പിൽ വേറെ മാതൃകകളൊന്നുമുണ്ടായിരുന്നില്ല. ഇന്ത്യയിൽ

ആദ്യമായാണ് കൃഷിദർശൻ എന്നൊരു പരിപാടി നമ്മൾ സംഘടിപ്പിച്ചത്. അതിന്റെ ഭാഗമായി കർഷകർ ഉന്നയിക്കുന്ന പ്രശ്നങ്ങൾക്ക് അപ്പോൾതന്നെ പരിഹാരം കാണാനും സാധിച്ചു. അതുകൊണ്ടാണ് എല്ലാ ഉദ്യോഗസ്ഥരും കൃഷിയിടങ്ങളിലേയ്ക്കെത്തുന്ന തരത്തിലുള്ള പരിപാടിയായി ഇത് മാറിയത്. കേരളത്തിൽ ഒല്ലൂക്കര, തലശ്ശേരി, നെടുമങ്ങാട്, ഹരിപ്പാട് തുടങ്ങി നിരവധി സ്ഥലങ്ങളിൽ കൃഷിദർശൻ പരിപാടി സംഘടിപ്പിച്ചു. സാധാരണഗതിയിൽ സർക്കാർ ഉത്തരവുകൾ സെക്രട്ടേറിയറ്റിൽനിന്നും സർക്കുലറുകൾ ഡയറക്ടറേറ്റിൽനിന്നും പുറപ്പെടുവിക്കാറുണ്ട്. കൃഷിയിടങ്ങളിൽവച്ചുതന്നെ കർഷകർ ഉന്നയിച്ച പ്രശ്നങ്ങൾക്ക് പരിഹാരം കാണുക എന്ന ലക്ഷ്യത്തോടെ നടപ്പാക്കിയ കൃഷിദർശൻ പരിപാടിയുടെ ഭാഗമായി കൃഷിയിടങ്ങളിൽ വച്ച് 11 ഉത്തരവുകളും സർക്കുലറുകളും പുറപ്പെടുവിക്കാൻ സാധിച്ചു. നിരവധി കർഷകർ പുതുതായി കൃഷിയിലേക്ക് ഇറങ്ങുകയും പുതിയ കൃഷിയിടങ്ങൾ സൃഷ്ടിക്കുകയും അപ്രകാരം വലിയ മെച്ചമുണ്ടാകുന്ന തരത്തിലേയ്ക്കെത്താനും കഴിഞ്ഞു. ഈ വർഷം ഒരു കോടി മുപ്പത്തിരണ്ട് ലക്ഷം രൂപ കൃഷിദർശൻ പരിപാടിക്കായി നീക്കിവച്ചിട്ടുണ്ട്. തരിശുഭൂമികൾ കൃഷിയോഗ്യമാക്കാനും

കർഷകരുടെ പ്രശ്നങ്ങൾ നേരിട്ട് മനസ്സിലാക്കാനും പരിഹാരം കണ്ടെത്താനും കർഷകനും കൃഷി ഉദ്യോഗസ്ഥരുമായുള്ള ബന്ധം സുദൃഢമാക്കാനും ഈ പദ്ധതിയിലൂടെ സാധിച്ചു. കൃഷിദർശൻ എന്ന പേരിൽ അല്ലെങ്കിൽപോലും മറ്റു പല മണ്ഡലങ്ങളിലും സമാന രീതിയിലുള്ള പദ്ധതികൾ നടപ്പാക്കും. ഞാൻ ഇരിക്കൂർ നിയോജകമണ്ഡലമടക്കമുള്ള സ്ഥലങ്ങളിൽ കഴിഞ്ഞ ദിവസം പരിപാടികൾ നടത്തിയതിന്റെ പശ്ചാത്തലത്തിലാണ് ഇത് പറയുന്നത്. വന്യജീവി പ്രശ്നംമൂലമുണ്ടാകുന്ന വിഷയങ്ങൾ കൃഷിക്കാർ ശ്രദ്ധയിൽപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിലാണ് കൃഷി വകുപ്പുകൂടി ആ രംഗത്തേയ്ക്ക് ഇടപെടാൻ തീരുമാനിച്ചത്. കൃഷിദർശന്റെ ഭാഗമായാണ് അത്തരത്തിലൊരു തീരുമാനത്തിലെത്തിയത്. അതനുസരിച്ച് കൃഷിവകുപ്പിന്റെ ഫണ്ടിൽനിന്നും വന്യമൃഗശല്യം പരിഹരിക്കുന്നതിന് തുക നീക്കിവയ്ക്കാൻ തീരുമാനിച്ചിട്ടുണ്ട്. കൃഷിദർശൻ എന്നത് പുതിയൊരു പരിപാടിയും പുതിയൊരു അനുഭവവുമാണ്. ഇത് കേരളത്തിന്റെ കാർഷിക മേഖലയ്ക്ക് വലിയ മെച്ചമുണ്ടാക്കുന്ന കാര്യമാണ്. ഇക്കൊല്ലത്തെ ബജറ്റിൽ നീക്കിവച്ച തുകയനുസരിച്ച് മറ്റു മണ്ഡലങ്ങളിലേയ്ക്കുകൂടി കൃഷിദർശൻ പരിപാടി

വ്യാപിപ്പിക്കുന്നതാണ്.

ശ്രീ. യു. ആർ. പ്രദീപ്: സർ, സംസ്ഥാനത്ത് കാർഷിക അനുബന്ധ മേഖലയിൽ പരിശീലനം നൽകുന്നതിനായി സമേതി (സ്റ്റേറ്റ് അഗ്രികൾച്ചറൽ മാനേജ്മെന്റ് ആൻഡ് എക്സ്റ്റൻഷൻ ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ട്) എന്നൊരു സ്ഥാപനം പ്രവർത്തിക്കുന്നുണ്ട്. നിലവിൽ നല്ല രീതിയിൽ പ്രവർത്തിച്ചുവരുന്ന ആ സ്ഥാപനത്തിന്റെ മറ്റു പ്രവർത്തനങ്ങളെ സംബന്ധിച്ച് വിശദമാക്കാമോ?

ശ്രീ. പി. പ്രസാദ്: സർ, കാർഷിക മേഖലയിലെ ഒരു സെന്റർ ഓഫ് എക്സലൻസ് എന്ന നിലയിലാണ് സമേതിയെ വിഭാവനം ചെയ്തിരുന്നത്. വർഷംതോറും ഏകദേശം അമ്പതിലധികം പരിശീലന പരിപാടികളിലൂടെ രണ്ടായിരത്തോളം ഉദ്യോഗസ്ഥർക്ക് എല്ലാവർഷവും അവിടെ പരിശീലനം നൽകിവരുന്നുണ്ട്. ജൈവകൃഷിയുമായി ബന്ധപ്പെട്ട് ഏറ്റവും പ്രധാനപ്പെട്ട കാര്യമായ PGS (Participatory Guarantee System for India) സർട്ടിഫിക്കേഷനുവേണ്ടിയുള്ള റീജിയണൽ കൗൺസിലായി സമേതിയെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. ഇതിന്റെ ഭാഗമായി 590

ക്ലസ്റ്ററുകൾക്ക് ഇതിനോടകം PGS സർട്ടിഫിക്കേഷൻ നൽകാൻ കഴിഞ്ഞിട്ടുണ്ട്. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാക്കേജിങുമായി എം.ഒ.യു. (Memorandum of Understanding) ഒപ്പുവച്ചിട്ടുണ്ട്. സെക്കണ്ടറി അഗ്രികൾച്ചർ എന്ന നിലയിൽ കർഷകർ മൂല്യവർധിത ഉൽപന്നങ്ങൾ തയ്യാറാക്കുമ്പോൾ അവയ്ക്ക് ആകർഷകമായ പാക്കിങുണ്ടായിരിക്കണം. പ്രൈമറി അഗ്രികൾച്ചറിലാണ് നാം സാധാരണ ശ്രദ്ധ കേന്ദ്രീകരിച്ചിരുന്നത്. ആദ്യമായാണ് സെക്കണ്ടറി അഗ്രികൾച്ചറിലേയ്ക്ക് ശ്രദ്ധ കേന്ദ്രീകരിച്ചുകൊണ്ട് മൂല്യവർധിത ഉൽപന്നം തയ്യാറാക്കുന്ന തരത്തിലേയ്ക്കെത്തുന്നത്. അതിലേയ്ക്കായി ഇന്ത്യയിലെ ഏറ്റവും പ്രമുഖ സ്ഥാപനമായ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാക്കേജിങുമായി ഒരു ധാരണാപത്രം ഒപ്പുവയ്ക്കുന്നതിനും കർഷകർക്കാവശ്യമായ പരിശീലനം നൽകുന്നതിനും ചുമതലപ്പെടുത്തിയത് സമേതിയെയാണ്. അത്തരം പരിശീലനങ്ങളെല്ലാം നടത്തികഴിഞ്ഞു. കൃഷി ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകുന്നതിന്റെ ഭാഗമായി സമേതി മുഖേന നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പ്ലാൻ ഹെൽത്ത് മാനേജ്മെന്റുമായി ചേർന്ന് ഡിപ്ലോമ കോഴ്സുകളും പോസ്റ്റ്-ഗ്രാജ്വേറ്റ് ഡിപ്ലോമ കോഴ്സുകളും നടത്തുന്നുണ്ട്.

അമ്പതിലധികം പരിശീലന പരിപാടികളിലൂടെ രണ്ടായിരത്തോളം കൃഷി ഉദ്യോഗസ്ഥർക്ക് പ്രതിവർഷം പരിശീലനം നൽകുക എന്നതിനോടൊപ്പം കേരളത്തിലെ കർഷകർക്കുകൂടി പരിശീലനം നൽകുന്ന ഒരു ഇൻസ്റ്റിറ്റ്യൂട്ടായി സമേതിയെ മാറ്റാൻ തീരുമാനിച്ച വിവരം സന്തോഷപൂർവം അറിയിക്കുന്നു.

ശ്രീ. ടി. ഐ. മധുസൂദനൻ: സർ, സർവകലാശാലകളിൽ നടത്തുന്ന ഗവേഷണങ്ങളാണ് വിജ്ഞാന വ്യാപനത്തിന്റെ അടിസ്ഥാനം. കേരള കാർഷിക സർവകലാശാല ഇത്തരത്തിൽ എത്ര സാങ്കേതിക വിദ്യകൾ കണ്ടെത്തിയിട്ടുണ്ട്; വിശദീകരിക്കാമോ?

ശ്രീ. പി. പ്രസാദ്: സർ, കേരളത്തിന്റെ കാർഷിക മേഖലയ്ക്ക് ഉജ്ജ്വല സംഭാവനകൾ നൽകിയിട്ടുള്ള സ്ഥാപനമായ കേരള കാർഷിക സർവകലാശാല അമ്പത് വർഷം പിന്നിടുകയാണ്. ഉൽപാദനക്ഷമതയും രോഗപ്രതിരോധ ശേഷിയുമുള്ള 359 ഇനം വിളകൾ കർഷകരിലേയ്ക്ക് എത്തിച്ചിട്ടുണ്ടെന്നുള്ളത് അഭിമാനകരമായ നേട്ടമാണ്. വിളകളുടെ ഓരോ ഇനങ്ങൾ (359 ഇനങ്ങൾ) എത്തിക്കുക മാത്രമല്ല, സാങ്കേതികവിദ്യയിൽ അധിഷ്ഠിതമായ കൃഷിരീതികൾ അവലംബിക്കുന്നതിന്റെ അടിസ്ഥാനത്തിൽ

സംരംഭകർക്കായി ഇതിനോടകം 112 സാങ്കേതികവിദ്യകൾ കേരള കാർഷിക സർവകലാശാല വികസിപ്പിച്ചെടുത്തിട്ടുണ്ട്. മുപ്പതോളം സാങ്കേതിക വിദ്യകൾ കർഷകർക്ക് ലഭ്യമാക്കുന്നതിന്റെ അവസാനഘട്ട പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാർഷിക സർവകലാശാലയുടെ പ്രവർത്തനത്തിന്റെ ഭാഗമായി ഏഴ് വിളകൾക്ക് ഭൗമസൂചിക പദവി ലഭിക്കുകയും ഇക്കാലയളവിൽ സർവകലാശാലയ്ക്ക് 16 പേറ്റന്റുകൾ ലഭിക്കുകയും ചെയ്തുവെന്നതും കേരള കാർഷിക സർവകലാശാലയുടെ മികവിന്റെ ഏറ്റവും നല്ല ഉദാഹരണങ്ങളാണ്.

ശ്രീ. ലിന്റോ ജോസഫ്: സർ, കർഷകരെ സംബന്ധിച്ചിടത്തോളം കൃഷിക്ക് മണ്ണ് അനുയോജ്യമാക്കുക എന്നത് ഏറ്റവും പ്രധാനപ്പെട്ട കാര്യമാണ്. ഉൽപാദന വർധനവിനും സുസ്ഥിര കൃഷിക്കും മണ്ണിന്റെ പരിപാലനം അനിവാര്യമാണ്. 2018-19-ലെ പ്രളയത്തിന്റെ ഭാഗമായി മണ്ണിന്റെ ഘടനയിൽ വലിയ മാറ്റമുണ്ടാകുകയും അത് കൃഷിയെ വലിയരൂപത്തിൽ പ്രതികൂലമായി ബാധിക്കുകയും ചെയ്തിട്ടുണ്ട്. കേരളത്തിൽ

മണ്ണ് സംരക്ഷണത്തിന് ഒരു പ്രത്യേക വകുപ്പുതന്നെയുണ്ട്. സുസ്ഥിര കൃഷി ഉറപ്പാക്കുന്നതിന് മണ്ണ് സംരക്ഷണ വകുപ്പ് കർഷകർക്ക് നൽകുന്ന സേവനങ്ങൾ എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ?

ശ്രീ. പി. പ്രസാദ്: സർ, മണ്ണിന്റെ ഫലഭ്രയിഷ്ഠത എന്നത് കൃഷിയുടെ ഏറ്റവും പ്രധാനപ്പെട്ട കാര്യമാണ്. ഉൽപാദനക്ഷമതയുടെ ഏറ്റവും പ്രധാനപ്പെട്ട ഘടകമായിതന്നെ മണ്ണിന്റെ ഫലഭ്രയിഷ്ഠതയെ കാണേണ്ടതുണ്ട്. അതുകൊണ്ടുതന്നെ നിലവിൽ കേരളത്തെ അഞ്ച് കാർഷിക പാരിസ്ഥിതിക മേഖലയായും 23 കാർഷിക പാരിസ്ഥിതിക യൂണിറ്റുകളായും തിരിച്ചാണ് പ്രസ്തുത കാര്യങ്ങൾ ചെയ്യുന്നത്. ഒരേപോലെ എല്ലായിടത്തും കൃഷിചെയ്യുക എന്നത് നടപ്പാക്കാൻ സാധിക്കാത്തതുകൊണ്ട് അഗ്രോ ഇക്കോളജിക്കൽ യൂണിറ്റുകളായും അഗ്രോ ഇക്കോളജിക്കൽ സോണുകളായും കേരളത്തെ തിരിച്ചുകൊണ്ടാണ് ഈ പ്രവർത്തനങ്ങളിൽ ഇപ്പോൾ ഏർപ്പെടുന്നത്. അക്കാര്യത്തിൽ കേരളത്തിന്റെ മണ്ണ് സംരക്ഷണ- മണ്ണ് പര്യവേഷണ വകുപ്പ് സുപ്രധാന പങ്ക് വഹിക്കുന്നുണ്ട്. മണ്ണിൽ എന്തെല്ലാം തരത്തിലുള്ള കുറവുകളും പ്രശ്നങ്ങളുമുണ്ടെന്ന് മനസ്സിലാക്കുന്നതിനായി ഓരോ കാലത്തും മണ്ണിന്റെ

പരിശോധന നടത്തേണ്ടത് അനിവാര്യമാണ്. അതിനനുസരിച്ച് സോയിൽ ഹെൽത്ത് കാർഡുകൾ നൽകുന്നുണ്ട്. ഈ പ്രവർത്തനം മണ്ണ് സംരക്ഷണ-മണ്ണ് പര്യവേഷണ വകുപ്പിന്റെ ഏറ്റവും പ്രധാനപ്പെട്ട ഉത്തരവാദിത്വങ്ങളിൽ ഉൾപ്പെടുന്നു. ഈ ഗവൺമെന്റിന്റെ കാലത്ത് 462344 കർഷകർക്ക് സോയിൽ ഹെൽത്ത് കാർഡ് വിതരണം ചെയ്യാൻ സാധിച്ചിട്ടുണ്ട്. എല്ലാ കർഷകർക്കും സോയിൽ ഹെൽത്ത് കാർഡ് വിതരണം ചെയ്യാനുള്ള നടപടികൾ ഘട്ടംഘട്ടമായി നടപ്പാക്കികൊണ്ടിരിക്കുകയാണ്. 'മണ്ണ് അറിഞ്ഞ് കൃഷി ചെയ്യുക' എന്നതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. അതിനാവശ്യമായ പ്രവർത്തനങ്ങളാണ് കൃഷിവകുപ്പിന്റെ നേതൃത്വത്തിൽ നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. അത് ഏറ്റവും നന്നായി മുന്നോട്ടുകൊണ്ടുപോകാനുള്ള പ്രവർത്തനമാണ് സർക്കാർ ചെയ്യുന്നത്.

മി. സ്പീക്കർ: ഓർഡർ..... ഓർഡർ.... ചോദ്യോത്തരവേള അവസാനിച്ചിരിക്കുന്നു.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

(രേഖാമൂലം നൽകിയ ചോദ്യോത്തരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.)[+]

+ അനുബന്ധം 2

[10.00 AM]

II. തിരുത്തിയ ഉത്തരം

നക്ഷത്രചിഹ്നമിടാത്ത 4491-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം

ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, പതിനഞ്ചാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനത്തിലെ 10-08-2021-ലെ നക്ഷത്രചിഹ്നമിടാത്ത 4491-ാം നമ്പർ ചോദ്യത്തിന് നൽകിയ ഉത്തരത്തിൽ വന്ന തെറ്റ് തിരുത്തിക്കൊണ്ടുള്ള പുതുക്കിയ മറുപടി ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.+

[10.01 AM]

III. നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം

എസ്.സി./എസ്.ടി. വിഭാഗങ്ങൾക്ക് അനുവദിച്ച പദ്ധതികൾ വെട്ടിച്ചുരുക്കൽ

മി. സ്പീക്കർ: സംസ്ഥാനത്തെ എസ്.സി./എസ്.ടി. വിഭാഗങ്ങൾക്ക് 2024-25-ൽ പദ്ധതി അടങ്കലിന്റെ ഭാഗമായി അനുവദിച്ച പദ്ധതികൾ 2025 ജനുവരി മാസം 22, 25 തീയതികളിൽ പുറപ്പെടുവിച്ച ഉത്തരവുപ്രകാരം

+ അനുബന്ധം 3

വെട്ടിക്കുറച്ചതുമൂലം എസ്.സി./എസ്.ടി. വിഭാഗങ്ങളിൽ ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ആശങ്ക സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ. എ. പി. അനിൽ കുമാർ, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, ശ്രീമതി കെ. കെ. രമ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി (ശ്രീ. ഒ. ആർ. കേളു): സർ, കേരളത്തിലെ ഇടതുപക്ഷ സർക്കാർ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള പദ്ധതികളെല്ലാം വളരെ കാര്യക്ഷമമായാണ് നടപ്പാക്കിവരുന്നത്. 2024-25 സാമ്പത്തിക വർഷത്തിൽ പട്ടികജാതി വിഭാഗത്തിന് 1370 കോടി രൂപയും പട്ടികവർഗ്ഗ വിഭാഗത്തിന് 657 കോടി രൂപയും വകയിരുത്തുകയും ഇതുപ്രകാരമുള്ള പദ്ധതികൾ നടപ്പാക്കിവരികയും ചെയ്യുന്നു. കേന്ദ്ര സർക്കാരിന്റെ പദ്ധതികളുമായി യോജിപ്പിച്ചുകൊണ്ടാണ് പ്രസ്തുത പദ്ധതികളിൽ പലതും നടപ്പാക്കുന്നത്. ലൈഫ് പദ്ധതിയിൽ 1561 കോടി രൂപ ചെലവഴിച്ചുകൊണ്ട് ഇതുവരെ 106610 വീടുകൾ

പൂർത്തീകരിക്കാൻ സാധിച്ചു. ഈ വർഷവും സർക്കാർ പ്രസ്തുത പദ്ധതിക്കാവശ്യമായ തുക ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ടി പദ്ധതിക്ക് ആവശ്യാനുസരണം തുക നൽകുന്നതിനായി ഈ ബജറ്റിൽ "ഭവനനിർമ്മാണം" എന്ന ശീർഷകത്തിൽ ആവശ്യമായ തുക വകയിരുത്തിയിട്ടുണ്ട്. "സേഫ്" (സെക്യൂവർ അക്കോമഡേഷൻ ആൻഡ് ഫെസിലിറ്റി എൻഹാൻസ്മെന്റ്) പദ്ധതി മുഖേന മൂന്ന് വർഷങ്ങളിലായി പട്ടികജാതി വിഭാഗത്തിൽ 30117 വീടുകൾ പൂർത്തീകരിക്കാൻ സാധിച്ചു. പ്രസ്തുത പദ്ധതിക്കുവേണ്ടിയും ബജറ്റിൽ ആവശ്യമായ തുക വകയിരുത്തിയിട്ടുണ്ട്, ഇതിനായി 172 കോടി രൂപ നീക്കിവച്ചിട്ടുമുണ്ട്. 2023-24 വർഷംവരെയുള്ള പ്രീമെട്രിക്-പോസ്റ്റ്മെട്രിക് ആനുകൂല്യങ്ങൾ പൂർണ്ണമായും ലഭ്യമാക്കാൻ സാധിച്ചിട്ടുണ്ട്. 2024-25 വർഷത്തെ പ്രീമെട്രിക് സ്കോളർഷിപ്പിന് അർഹരായ മുഴുവൻ വിദ്യാർഥികളുടെയും ആനുകൂല്യങ്ങൾ നിലവിൽ വിതരണം ചെയ്തുകഴിഞ്ഞു. 2024-25 വർഷത്തെ പോസ്റ്റ്മെട്രിക് സ്കോളർഷിപ്പിന് വിദ്യാർഥികൾ അപേക്ഷിച്ചു തുടങ്ങിയിട്ടുണ്ട്. അവ ലഭ്യമാകുന്ന മുറയ്ക്ക് അംഗീകരിച്ചശേഷം സ്കോളർഷിപ്പ് വിതരണം

ആരംഭിക്കുന്നതാണ്. 2024-25 സാമ്പത്തിക വർഷത്തെ സ്കോളർഷിപ്പ് വിതരണത്തിനായി പട്ടികജാതി വികസന വകുപ്പിന് ബജറ്റിൽ വകയിരുത്തിയിരുന്ന 223 കോടി രൂപ പൂർണ്ണമായും ചെലവഴിച്ചിട്ടുണ്ട്; കൂടാതെ 108 കോടി രൂപ അധികവിഹിതമായി ധനകാര്യ വകുപ്പ് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. പൂർണ്ണമായും അംഗീകാരം ലഭിച്ച പോസ്റ്റ്മെട്രിക് സ്കോളർഷിപ്പുകൾ വിതരണം ചെയ്തുവരുന്നുണ്ട്. അധിക വിഹിതമായി അനുവദിച്ച 94.96 കോടി രൂപയും മറ്റ് വിദ്യാഭ്യാസ ധനസഹായ പദ്ധതികൾക്കായി ബജറ്റിൽ അനുവദിച്ചിട്ടുള്ള 166 കോടി രൂപയും ഉൾപ്പെടെ 593.96 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. 233 കോടി രൂപ ചെലവഴിക്കേണ്ട സ്ഥാനത്താണ് 593 കോടി രൂപയായി വർധിച്ചിരിക്കുന്നത്. പട്ടികവർഗ്ഗ വിദ്യാർഥികൾക്ക് ഈ വർഷം 72.3 കോടി രൂപ വിദ്യാഭ്യാസ ആനുകൂല്യങ്ങളായി വിതരണം ചെയ്തിട്ടുണ്ട്. ലൈഫ് പദ്ധതി മുഖേന പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് 43629 വീടുകൾ നിർമിച്ച് നൽകുന്നതിനായി 802 കോടി രൂപ അനുവദിച്ചിട്ടുണ്ട്. സേഫ് പദ്ധതിക്കായി 53 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ലൈഫ് പദ്ധതിയിൽ വകയിരുത്തിയ തുകയിൽ

മുൻവർഷത്തെക്കാൾ കുറവുണ്ടായിട്ടില്ല. സേഫ് പദ്ധതി മുഖേന 1287 വീടുകൾ പൂർത്തീകരിക്കാൻ സാധിച്ചു. ആവശ്യമായ സ്പെസിഫിക്കേഷനോടുകൂടിയ ലാപ്ടോപ്പ് വാങ്ങുന്നതിന് പട്ടികവർഗ്ഗ വിദ്യാർഥികൾക്ക് ഏകീകൃതമായി 30000 രൂപ ഇ-ഗ്രാന്റ്സ് പോർട്ടൽ മുഖേന നേരിട്ട് അനുവദിച്ചുവരുന്നു. ഇത്തരത്തിലാണ് പട്ടികജാതി വകുപ്പിലെ പദ്ധതികൾ ഗവൺമെന്റ് നടപ്പാക്കിവരുന്നത്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച ബജറ്റിന്മേൽ മൂന്നുദിവസങ്ങളിലായി നടത്തിയ ചർച്ചകളിലൊന്നും പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളെ സംബന്ധിച്ച് അംഗങ്ങളുടെ ഭാഗത്തുനിന്നും കാര്യമായ ചർച്ച ഉയർന്നുവന്നിട്ടില്ല.

ശ്രീ. എ. പി. അനിൽ കുമാർ: സർ, നിയമസഭയിൽ റൂൾ 50 പ്രകാരം ഒട്ടനവധി വിഷയങ്ങൾ ചർച്ചചെയ്തിട്ടുണ്ട്. സാമൂഹ്യ-രാഷ്ട്രീയ പ്രാധാന്യമുള്ളതും കാലിക പ്രാധാന്യമുള്ളതുമായ വിഷയങ്ങളെല്ലാം ചർച്ച ചെയ്യാറുണ്ട്. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് അതത് ഗവൺമെന്റുകൾ വിവിധ പദ്ധതികൾക്കായി പാസ്സാക്കുന്ന പണം ചെലവഴിച്ചിട്ടില്ലെന്നും അനിയന്ത്രിതമായി തുക വെട്ടിക്കുറച്ചുവെന്നും

പറഞ്ഞുകൊണ്ട് പ്രതിപക്ഷത്തുനിന്നും ഒരു റൂൾ 50 നോട്ടീസുപോലും ഇന്നേവരെ കേരള നിയമസഭയിൽ ഉന്നയിച്ചിട്ടില്ലെന്ന് കഴിഞ്ഞ കാൽ നൂറ്റാണ്ടുകാലത്തെ നിയമസഭയുടെ ചരിത്രം പരിശോധിച്ചാൽ മനസ്സിലാക്കാൻ സാധിക്കും. എന്തുകൊണ്ടാണ് ഇപ്പോൾ ഇത്തരത്തിൽ ഈ വിഷയം ഉന്നയിച്ചതെന്ന് നിങ്ങൾ പരിശോധിക്കണം. ഇത് രാഷ്ട്രീയകാര്യങ്ങൾക്കുവേണ്ടി ഉന്നയിച്ച വിഷയമല്ല; യഥാർത്ഥത്തിൽ ഇതിനുകാരണം, കഴിഞ്ഞ കാലങ്ങളിൽനിന്നും വ്യത്യസ്തമായി ഈ ഗവൺമെന്റ് സ്വീകരിച്ച സമീപനമാണ്. ഇത്തരത്തിലൊരു പ്രശ്നം മുൻകാല എൽ.ഡി.എഫ്. ഗവൺമെന്റുകളുടെ ഭരണത്തിലൊന്നും ഉണ്ടായിട്ടില്ല. മുൻകാല എൽ.ഡി.എഫ്./യു.ഡി.എഫ്. ഗവൺമെന്റുകളെല്ലാം അവയുടെ പരിഗണനാ വിഷയങ്ങളിൽ മുൻഗണന നൽകിയിരുന്നത് പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കാണ്. പക്ഷേ നിർഭാഗ്യമെന്നുപറയട്ടെ, ഈ ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം മുൻഗണനാ ലിസ്റ്റിൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾ ഇല്ല എന്നതാണ് ഏറ്റവും പ്രയാസകരമായ കാര്യം. അതുകൊണ്ടുതന്നെയാണ് ഇത്തരത്തിൽ ഒരു റൂൾ 50 നോട്ടീസ് ഇവിടെ

അവതരിപ്പിച്ചത്.

ഈ വിഷയത്തിന് ആധാരമായ കാര്യങ്ങളെ സംബന്ധിച്ച് ഞാൻ നോട്ടീസിൽ സൂചിപ്പിച്ചിട്ടുണ്ട്. ഈ വർഷം ജനുവരി 22, 25 തീയതികളിൽ പുറപ്പെടുവിച്ച രണ്ട് ഉത്തരവുകളുമായി ബന്ധപ്പെട്ട കാര്യങ്ങളാണ് അതിൽ പറഞ്ഞിരിക്കുന്നത്. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളെ സംബന്ധിച്ച് പൊതുസമൂഹത്തിനുമുമ്പിൽ ഈ ഗവൺമെന്റ് വലിയ രീതിയിലുള്ള പ്രചാരണങ്ങളാണ് നടത്തുന്നത്. അവർക്കുവേണ്ടി പ്രധാനപ്പെട്ട കാര്യങ്ങൾ ചെയ്യുകയും അതിനാവശ്യമായ ഫണ്ട് നൽകുകയും ചെയ്യുന്നുണ്ടെങ്കിലും അതിനുള്ള റിസൽട്ടുണ്ടാകാത്തത് എന്തുകൊണ്ടാണെന്ന് ചോദിക്കുന്നവരുണ്ട്. നമ്മൾ അവർക്കുവേണ്ടി എന്തൊക്കെയാണ് നൽകുന്നതെന്ന് കണക്കുകൾ പരിശോധിച്ചാൽ മനസ്സിലാക്കാൻ സാധിക്കും. അവർക്ക് നൽകുന്നത് റവന്യൂ റെസീപ്റ്റിന്റെ 10 ശതമാനം തുകയല്ല, മറിച്ച് ബജറ്റിൽ നമ്മൾ നീക്കിവയ്ക്കുന്ന പദ്ധതി തുകയുടെ 9-10 ശതമാനം മാത്രമാണ്. ഇത് ഏകദേശം 2000-3000 കോടി രൂപ ഉണ്ടാകും. നേരത്തെ ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ചതുപോലെ കേരളം രൂപീകരിക്കപ്പെട്ട്

ഇത്രകാലമായിട്ടും സംസ്ഥാന പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പിനും പഞ്ചായത്തിനുമായി നൽകുന്ന വിഹിതം ഏകദേശം 1300 കോടി രൂപയാണ്; അതായത് സംസ്ഥാനം നൽകുന്നത് 3000 കോടി രൂപയിലും കുറവാണ്. ആ ഫണ്ടിൽപ്പോലും വെട്ടിക്കുറവുണ്ടാകുന്നുണ്ട്. അതുകൊണ്ടുതന്നെ ഈ സഭ ഒറ്റക്കെട്ടായി നിന്ന് ഈ പാവപ്പെട്ട ജനവിഭാഗങ്ങൾക്ക് നൽകേണ്ട ആനുകൂല്യങ്ങൾ നൽകാൻ തയ്യാറാകണമെന്നാണ് ഈ ഉപക്ഷേപത്തിലൂടെ അഭ്യർഥിക്കുന്നത്.

ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് എല്ലാ ആദരവോടുകൂടി പറയട്ടെ, ഇന്നലെ അങ്ങ് സഭയിൽ പറഞ്ഞത് കേട്ടപ്പോൾ എനിക്ക് വലിയ സഹതാപം തോന്നിയിരുന്നു. കിഫ്ബിയിൽനിന്നും ലഭിച്ച 86000 കോടി രൂപ ചെലവഴിച്ചുവെന്നാണ് അങ്ങ് പറഞ്ഞത്. ഇന്നലെ അങ്ങേയ്ക്ക് വകുപ്പിൽനിന്നും എഴുതികിട്ടിയ മറുപടിയിൽ പറഞ്ഞിരുന്നത് 162 കോടി രൂപ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് കൊടുത്തുവെന്നും 50 ശതമാനം പദ്ധതികൾ പൂർത്തീകരിച്ചുവെന്നുമായിരുന്നു. 86000 കോടി രൂപ പൊതുവായി ചെലവഴിക്കുമ്പോൾ അതിന്റെ ഒരു ശതമാനം എന്നുപറയുന്നത്

860 കോടി രൂപയാണ്. 0.5 ശതമാനം എന്നത് 430 കോടി രൂപയും 0.25 ശതമാനം എന്നത് 215 കോടി രൂപയുമാണ്. 0.25 ശതമാനത്തിൽ താഴെയുള്ള തുകപോലും കൊടുക്കാതെ 162 കോടി രൂപ നൽകി എന്നു പറയുമ്പോൾ ഇത് എല്ലാവർക്കും മനസ്സിലാക്കാൻ കഴിയുന്നതല്ലേ; നിങ്ങൾ ബഹളം വയ്ക്കുന്നത് എന്തിനാണ്? ...(ബഹളം)... ഞാൻ പൊതുവായ കാര്യമാണ് പറയുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇന്നലെ വളരെ ലാഘവത്തോടെ മറുപടി വായിച്ചപ്പോൾ ഇക്കാര്യമൊന്നും അദ്ദേഹം മനസ്സിൽ ചിന്തിച്ചുകാണില്ല. അതുകൊണ്ട് മുഖ്യമന്ത്രി ഉൾപ്പെടെയുള്ളവരുടെ ശ്രദ്ധയിൽപ്പെടുത്താനാണ് ഇക്കാര്യങ്ങൾ ഞാൻ പറയുന്നത്. എന്നാൽ തീർച്ചയായും ഇത് ചിന്തിക്കേണ്ട കാര്യമാണ്. നമ്മുടെ ഗവൺമെന്റിന്റെ ഖജനാവിൽനിന്നാണ് 86000 കോടി രൂപ നാളെ തിരിച്ചടയ്ക്കേണ്ടത്. ജനസംഖ്യയുടെ പത്ത് ശതമാനംവരുന്ന പട്ടികജാതി-പട്ടികവർഗ്ഗ ജനവിഭാഗം നൽകുന്ന നികുതിപ്പണംകൂടി ഉപയോഗിച്ചുകൊണ്ടാണ് തിരിച്ചടവ് നടത്തേണ്ടത്. അവർക്ക് ഇതൊന്നും അർഹതപ്പെട്ടതല്ല എന്ന് തോന്നുന്നുണ്ടോ; 86000 കോടി രൂപ ചെലവഴിക്കപ്പെടുമ്പോൾ അവർക്ക്

കൂടുതൽ പദ്ധതികൾ ആവശ്യമില്ലെന്ന് തോന്നുന്നുണ്ടോ? പാലക്കാട് ജില്ലയിലെ അംഗമാണ് അവിടെനിന്നും എതിർത്തുകൊണ്ട് സംസാരിക്കുന്നത്. പാലക്കാട് ജില്ലയിലെ മെഡിക്കൽ കേളേജിന് എസ്.സി. ഫണ്ടിൽനിന്നാണ് 25 കോടി രൂപ വകയിരുത്തിയത്. അതിനുവേണ്ടി കിഫ്ബി ഫണ്ടിൽനിന്നും തുക നൽകാൻ കഴിയാതിരുന്നത് എന്തുകൊണ്ടാണ്; അൻപതോ നൂറോ കോടി രൂപ പോലും അതിനായി വകയിരുത്താൻ സാധിക്കാത്തത് എന്തുകൊണ്ടാണ്? ഒന്നുകിൽ ബോധപൂർവ്വമായ അവഗണന, അതല്ലെങ്കിൽ ഈ വിഷയങ്ങളൊന്നും കാണാതെ പോകുന്നു എന്നതാണ് യാഥാർഥ്യം. ഈ രീതിയിൽ മുന്നോട്ടുപോയാൽ പട്ടികജാതി-പട്ടികവർഗ ജനവിഭാഗം വീണ്ടും പിറകോട്ടുതന്നെ പൊയ്ക്കൊണ്ടിരിക്കും. അതുകൊണ്ട് ഗവൺമെന്റ് ഇക്കാര്യത്തിൽ ശക്തമായി ഇടപെടണം.

ലൈഫ് മിഷൻ പദ്ധതിയെക്കുറിച്ച് ഇവിടെ സൂചിപ്പിച്ചു. ഇപ്പോൾ മുൻകാലങ്ങളെപ്പോലെയല്ല; ആദ്യഘട്ടങ്ങളിലൊക്കെ മന്ത്രിമാർക്ക് ഫണ്ട് അനുവദിച്ചാൽ വകുപ്പിന് അത് ചെലവഴിക്കാമായിരുന്നു. എന്നാൽ ഇന്ന്

വേറെ സംവിധാനമാണ് നിലനിൽക്കുന്നത്. അതായത്, തുക അനുവദിച്ചാലും ധനകാര്യ വകുപ്പിൽനിന്നും വീണ്ടും അംഗീകാരം ലഭിച്ചാൽ മാത്രമെ വകുപ്പുകൾക്ക് ഫണ്ട് ചെലവഴിക്കാൻ സാധിക്കുകയുള്ളൂ. 2022-2025-ലെ റിപ്പോർട്ടിൽ പറയുന്നത് ഞാൻ വായിക്കാം. ഭവന പദ്ധതിക്കുവേണ്ടി 300 കോടി രൂപ നീക്കിവച്ചെങ്കിലും 120 കോടി രൂപ (60 ശതമാനം) കട്ട് ചെയ്തു. വീടുകളുടെ മെയിന്റനൻസിന് 222 കോടി രൂപ വകയിരുത്തിയതിൽ 50 കോടി രൂപ കട്ട് ചെയ്ത് 173 കോടി രൂപയാണ് അനുവദിച്ചത്. ഭൂമി വാങ്ങുന്ന പദ്ധതിക്കുവേണ്ടി 170 കോടി രൂപ വകയിരുത്തിയതിൽ 100 കോടിരൂപ കട്ട് ചെയ്ത് 70 കോടി രൂപയാണ് അനുവദിച്ചത്. വിവാഹ ധനസഹായമായി 86 ലക്ഷം രൂപ വകയിരുത്തിയതിൽ 36 ലക്ഷം കട്ട് ചെയ്ത് ബാക്കി 50 ലക്ഷം രൂപയാണ് അനുവദിച്ചത്. ഡിപ്പാർട്ടുമെന്റ് നടപ്പാക്കിവരുന്ന 'വാത്സല്യനിധി' പദ്ധതിക്ക് യാതൊരു തുകയും അനുവദിച്ചിട്ടില്ല. സർക്കാർ ഇങ്ങനെയാണോ പ്രയോറിറ്റി ഫിക്സ് ചെയ്യേണ്ടത്; ഇതാണോ ഇടതുപക്ഷത്തിന്റെ സമീപനം? ഇടതുപക്ഷ ഗവൺമെന്റ് ദളിത് വിരുദ്ധ/ആദിവാസി വിരുദ്ധ ഗവൺമെന്റാണ് എന്നതിന് പ്രകടമായ പല തെളിവുകളും ഇവിടെ വ്യക്തമാകുന്നുണ്ട്. ടി

വിഭാഗത്തിന് ലഭിക്കേണ്ട ആനുകൂല്യങ്ങൾ ലഭ്യമാക്കാതെ ഈ രീതിയിൽ മുന്നോട്ടുപോകുന്ന സർക്കാർ എന്തുപ്രസംഗം നടത്തിയിട്ടും കാര്യമില്ല. പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി ഈയടുത്ത കാലത്താണ് ചാർജെടുത്തത്. യഥാർത്ഥത്തിൽ ഇന്ന് ഇങ്ങനെയൊരു ഡിപ്പാർട്ടുമെന്റ് വേണോ എന്ന് ചിന്തിക്കേണ്ട സാഹചര്യമാണുള്ളത്. വിധവകൾക്കുള്ള സാമ്പത്തിക സഹായം എപ്പോഴാണ് നൽകിയതെന്ന് അങ്ങ് മറുപടിയിൽ വ്യക്തമാക്കണം. എന്റെ ജില്ലയിൽ ഈ ധനസഹായം നൽകിയത് 2021-ലാണ്. 2021 കഴിഞ്ഞ് നാലുവർഷം കഴിഞ്ഞിട്ടും അവർക്ക് പണം ലഭിച്ചിട്ടില്ല. പ്രസ്തുത ഇനത്തിൽ കോടിക്കണക്കിന് രൂപയാണ് നൽകാനുള്ളത്. വിവാഹ ധനസഹായ കുടിശ്ശിക എത്ര രൂപയാണെന്ന് അങ്ങ് മറുപടിയിൽ വ്യക്തമാക്കണം. ഇതൊക്കെ നൽകേണ്ടത് ആരാണ്? മിശ്രവിവാഹത്തിന് ധനസഹായം നൽകിയിട്ട് എത്ര കാലമായി? യു.ഡി.എഫ്. ഭരിക്കുമ്പോൾ ചികിത്സാ ധനസഹായമുൾപ്പെടെ എത്ര രൂപയാണ് കൊടുത്തിരുന്നതെന്ന് അറിയാമോ? ശ്രീ. കോവൂർ കുഞ്ഞുമോൻ എം.എൽ.എ.-യൊക്കെ ആ അവസരത്തിൽ സഭയിൽ ഉണ്ടായിരുന്നു.

യാതൊരു വിവേചനവുമില്ലാതെ ആവശ്യമായ തുക കൊടുത്തിരുന്ന കാലഘട്ടമുണ്ടായിരുന്നു. ഇന്ന് എന്താണ് സ്ഥിതി? പാവപ്പെട്ട പട്ടികജാതി വിഭാഗക്കാരെ സംബന്ധിച്ചിടത്തോളം ജീവിക്കാൻതന്നെ ബുദ്ധിമുട്ടാണ്. അവരുടെ കുടുംബത്തിലെ ഒരാൾക്ക് അസുഖംകൂടി വന്നാലുള്ള സ്ഥിതിയെന്താകും? ചികിത്സാ ധനസഹായത്തിനെങ്കിലും പരിഗണന കൊടുക്കണ്ടേ? ഈ ഗവൺമെന്റ് അത്തരമൊരു പരിഗണന നൽകുന്നില്ല. പിന്നാക്കക്കാരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ 'ഉന്നതി' എന്നൊരു പദ്ധതി രൂപീകരിച്ചിരുന്നു. എന്നാൽ അതിന്റെ പ്രവർത്തനം പൂർണ്ണമായും നിലച്ചുവെന്ന് മാത്രമല്ല, ഇപ്പോൾ അങ്ങനെയൊരു പദ്ധതിയില്ല. യു.ഡി.എഫ്. ഗവൺമെന്റിന്റെ ഭരണകാലത്ത് ഈ വിഭാഗക്കാർ അധിവസിക്കുന്ന പ്രദേശങ്ങളിലെ നിരവധി കാവുകളും കുളങ്ങളും സംരക്ഷിക്കാനുള്ള പദ്ധതി കൊണ്ടുവന്നിരുന്നു. എന്നാൽ ഈ ഗവൺമെന്റ് അതൊക്കെ നിർത്തലാക്കി. ഇത്തരം പദ്ധതികൾ നിർത്തലാക്കാൻവേണ്ടി ഒരു മന്ത്രിയും വകുപ്പും വേണോ?

ഇന്നലെ മന്ത്രിയുടെ മറുപടിയിൽ വിദ്യാഭ്യാസ ആനുകൂല്യങ്ങൾക്കായി

67 കോടി രൂപ നൽകിയെന്ന് സൂചിപ്പിച്ചിരുന്നു. പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് ഒന്നും രണ്ടും വർഷം വൈകി വിതരണം ചെയ്യുമ്പോൾ പട്ടികജാതി വിദ്യാർഥികൾ സ്ഥാപന മേധാവികളുടെയും സഹപാഠികളുടെയും മുന്നിൽ പരിഹാസപാത്രമായി മാറുന്ന ദയനീയാവസ്ഥ നിലനിൽക്കുന്നു. ഫീസ് യഥാസമയം കൊടുക്കാത്തതുകാരണം പരീക്ഷ എഴുതാൻ അനുവദിക്കാതിരിക്കുക, ടി.സി.-യും സർട്ടിഫിക്കറ്റുകളും തടഞ്ഞുവയ്ക്കുക, ഹൗസ് സർജൻസി തടയുക, ക്ലാസ്സിൽ കയറ്റാതിരിക്കുക തുടങ്ങി വിദ്യാർഥികളുടെ പഠനവും ഭാവിയും അഭിമാനവുംവരെ തകരാറിലാക്കുന്ന നിരവധി പരാതികൾ ലഭിക്കുന്നുണ്ട്. ഇത് എന്റെ വാക്കുകളല്ല; ഞാൻ എഴുതിക്കൊണ്ട് വന്നതല്ല. പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ ധനകാര്യ വകുപ്പിനെഴുതിയ കത്തിലെ വരികളാണിത്. വകുപ്പിലെ ഡയറക്ടർക്ക് മനസ്സലിഞ്ഞിട്ടുപോലും ധനകാര്യ വകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് മനസ്സലിഞ്ഞില്ല. 67 കോടി രൂപ കൊടുത്തുവെന്ന് അങ്ങ് പറയുന്നു. എത്ര തുകയാണ് കുടിശ്ശികയുള്ളത്? വിദേശസഹായവുമായി ബന്ധപ്പെട്ട് കുടിശ്ശികയുണ്ടെന്ന് മന്ത്രിതന്നെ പറഞ്ഞല്ലോ. എല്ലാ

കാര്യത്തിലും കുടിശ്ശികയാണ്. കേരളത്തിൽ വിദ്യാർഥികളുടെ കൊഴിഞ്ഞുപോക്ക് വർധിച്ചുവരുന്നതിനെക്കുറിച്ച് അങ്ങ് പരിശോധിക്കണം. എസ്.സി./എസ്.ടി. വിഭാഗത്തിൽപോലും കൊഴിഞ്ഞുപോക്ക് വർധിച്ചുവരികയാണ്. ഗവൺമെന്റിന്റെ ഭാഗത്തുനിന്നും പഠിക്കാനുള്ള പിന്തുണയുണ്ടായില്ലെങ്കിൽ ഇവർക്ക് എങ്ങനെ മുന്നോട്ടുപോകാൻ സാധിക്കും? പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പ് ഇന്ന് പേരിൽ മാത്രമായി അവശേഷിക്കുന്നു. ആവശ്യമായ പണം നൽകാത്തതിന്റെ പേരിൽ ഇന്ന് കുട്ടികൾക്ക് പഠിക്കാൻ കഴിയാത്ത സാഹചര്യമാണുള്ളത്.

'വിദ്യാവാഹിനി' പദ്ധതിക്കുവേണ്ടി ഇപ്രാവശ്യം ഫണ്ട് നൽകിയിട്ടുണ്ടോ; എത്ര തുകയാണ് കുടിശ്ശികയുള്ളത്? ആദിവാസി ഊരുകളിൽനിന്നും കുട്ടികൾ വാഹനമാർഗത്തിലൂടെയാണ് പഠിക്കാൻ വരേണ്ടത്. എന്നാൽ ആറുമാസമായി ഈ വാഹനം ഓടിക്കുന്നില്ല. ഈ അവസ്ഥയിൽ എങ്ങനെയാണ് കുട്ടികൾ കൊഴിഞ്ഞുപോകാതിരിക്കുന്നത്? എസ്.എസ്.എൽ.സി./ഹയർ സെക്കൻഡറി പരീക്ഷകളിൽ എല്ലാ വിഷയങ്ങൾക്കും എ പ്ലസ് ലഭിക്കുമ്പോഴും മെഡിക്കൽ/എഞ്ചിനീയറിംഗ്

പരീക്ഷയിൽ ഉന്നതവിജയം കരസ്ഥമാക്കുമ്പോഴും അവരെ ആദരിക്കുന്ന ചടങ്ങ് യു.ഡി.എഫ്.-ന്റെ കാലത്ത് ആരംഭിച്ചിരുന്നു. ഇപ്പോൾ പ്രസ്തുത ചടങ്ങ് നടപ്പാക്കിയിട്ട് എത്ര കാലമായി? അതുപോലെ ബുക്ക് ബാങ്ക് എന്ന പദ്ധതി കുട്ടികൾക്ക് നല്ലൊരു സഹായമായിരുന്നു. ഇത്തരത്തിൽ ഒട്ടനവധി പദ്ധതികൾ നിർത്തലാക്കി. ഗവൺമെന്റ് നടപ്പാക്കുന്ന പദ്ധതികൾക്ക് പണം അനുവദിക്കാത്ത വളരെ ഗുരുതരമായ സാഹചര്യമാണ് ഇന്ന് നിലവിലുള്ളത്. ഏറ്റവും പിന്നാക്കം നിൽക്കുന്ന ഒരു ജനവിഭാഗത്തിന്റെ പ്രശ്നങ്ങൾ പരിഹരിക്കാൻ താൽപര്യം കാണിക്കാത്ത ഈ ഗവൺമെന്റിന്റെ നടപടികൾ അങ്ങേയറ്റം പ്രതിഷേധാർഹമാണ്. ഗൗരവമായ ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി (ശ്രീ. ഒ. ആർ. കേളു): സർ, പട്ടികജാതി- പട്ടികവർഗ്ഗ വകുപ്പിന്റെ കീഴിൽ പ്രവർത്തനങ്ങളൊന്നും നടക്കുന്നില്ലെന്ന് പറയുന്നത് അംഗീകരിക്കാൻ കഴിയില്ല. കേരളത്തിൽ എൽ.ഡി.എഫ്., യു.ഡി.എഫ്. സർക്കാരുകൾ മാറിമാറി ഭരണം നടത്തിയിട്ടുണ്ട്. ജനസംഖ്യാനുപാതികമായ

കണക്കെടുക്കുമ്പോൾ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിന് ആനുപാതികമായി ഫണ്ട് നീക്കിവയ്ക്കുന്ന എൽ.ഡി.എഫ്. ഗവൺമെന്റിനെയാണ് നമുക്ക് കാണാൻ സാധിക്കുന്നത്. രേഖാമൂലം പരിശോധിച്ചാൽ ഇക്കാര്യം മനസ്സിലാക്കാവുന്നതാണ്. വ്യക്തമായി പരിശോധിച്ചാൽ ജനസംഖ്യാനുപാതത്തെക്കാൾ കൂടുതൽ തുകയാണ് എൽ.ഡി.എഫ്. ഗവൺമെന്റ് നീക്കിവച്ചിരിക്കുന്നതെന്ന് കൃത്യമായി മനസ്സിലാക്കാൻ സാധിക്കും. (.....ബഹളം.....) യു.ഡി.എഫ്.-ഉം കോൺഗ്രസ്സും ഭരിക്കുന്ന സംസ്ഥാനങ്ങൾ ഇന്ത്യയിൽ ഉണ്ടല്ലോ. തൊട്ടടുത്ത സംസ്ഥാനമായ കർണ്ണാടകയിലും മറ്റ് സംസ്ഥാനങ്ങളിലും ഈ രീതി അവലംബിക്കുന്നുണ്ടോ? അവിടെയൊന്നും ഈ രീതി അവലംബിക്കുന്നില്ലെന്ന് മാത്രമല്ല, ടി സംസ്ഥാനങ്ങളിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിന് പ്രത്യേക പരിഗണനപോലും നൽകുന്നില്ല. നിങ്ങൾ അതുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചു നോക്കൂ. വിദ്യാഭ്യാസ പദ്ധതിപോലുള്ള പല പ്രധാന പദ്ധതികളും കേന്ദ്ര-സംസ്ഥാന സർക്കാരുകളുമായി ചേർന്നാണ് നടപ്പാക്കുന്നത്. രണ്ട് ലക്ഷം

രൂപയിൽ കൂടുതൽ കുടുംബവാർഷിക വരുമാനമുള്ള വിദ്യാർഥികൾക്ക് കേന്ദ്ര ഗവൺമെന്റ് വിദ്യാഭ്യാസാനുകൂല്യം നിഷേധിച്ചു. പക്ഷേ ഇക്കാര്യത്തിൽ കേരളത്തിലെ എൽ.ഡി.എഫ്. ഗവൺമെന്റ് സ്വീകരിച്ച നിലപാട് എന്താണ്? വരുമാനപരിധി പരിശോധിക്കാതെയാണ് പട്ടികജാതി/പട്ടികവർഗ്ഗ കുട്ടികൾക്ക് വിദ്യാഭ്യാസ ആനുകൂല്യം നൽകിക്കൊണ്ടിരിക്കുന്നത്. എസ്.സി./.എസ്.ടി വിഭാഗത്തിന്റെ 2023-24 വരെയുള്ള വിദ്യാഭ്യാസാനുകൂല്യങ്ങൾ പൂർണ്ണമായും കൊടുത്തുകഴിഞ്ഞു. കുട്ടികൾ എൻറോൾ ചെയ്തുവരുന്നതിനാൽ അത് പൂർത്തീകരിക്കുന്ന മുറയ്ക്ക് നടപ്പുസാമ്പത്തിക വർഷത്തെ തുക അവർക്ക് കൊടുക്കാൻ സാധിക്കും. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിന് ധനകാര്യ വകുപ്പുമന്ത്രി 68 കോടി രൂപ അനുവദിച്ചിട്ടുണ്ട്. അതും നമുക്ക് കൊടുക്കാൻ സാധിക്കും. 2024-2025-ലെ കേന്ദ്ര ബഡ്ജറ്റിൽ പട്ടികവർഗ്ഗ മന്ത്രാലയത്തിന് മൊത്തം വകയിരുത്തിയത് 13000 കോടി രൂപയായിരുന്നു. 2025-2026-ലെ ബഡ്ജറ്റ് രേഖകളിൽ അത് പുതുക്കി നിശ്ചയിച്ചു. കേന്ദ്രസർക്കാർ 2800 കോടി രൂപയുടെ (22 ശതമാനം) കുറവാണ് വരുത്തിയിട്ടുള്ളത്. ഇതുസംബന്ധിച്ച്

പ്രതിപക്ഷാംഗങ്ങൾ പരിശോധിക്കണ്ടേ? പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർഥികളിൽ ഒരാൾപോലും കൊഴിഞ്ഞുപോകാതെ എല്ലാവരെയും സ്കൂളിലെത്തിക്കുന്നതിന്റെ ഭാഗമായി 'വിദ്യാവാഹിനി' പദ്ധതി കേരളത്തിൽ നടപ്പാക്കുന്നുണ്ട്; അതിനുള്ള ഫണ്ടും കൊടുക്കുന്നുണ്ട്. തൊള്ളായിരത്തിലധികം പഞ്ചായത്തുകൾ ഈ പദ്ധതിയിൽ ഉൾപ്പെടുന്നുണ്ട്. അവിടെനിന്നും ബിൽ വരുന്നതനുസരിച്ചാണ് ഫണ്ട് കൊടുത്തുകൊണ്ടിരിക്കുന്നത്. അതുകൊണ്ടുതന്നെ സ്വാഭാവികമായും ഏറ്റക്കുറച്ചിലുകളുണ്ടാകാം. അല്ലാതെ ഫണ്ട് നൽകുന്നില്ലെന്ന് പറയുന്നത് ശരിയല്ല.

ഉന്നതി പദ്ധതി മുഖേന വിദേശപഠനത്തിനായി ഒരു കുട്ടിക്ക് 25 ലക്ഷം രൂപയാണ് കൊടുക്കുന്നത്. നിലവിൽ 800 കുട്ടികൾ വിദേശ രാജ്യങ്ങളിൽ പഠിക്കുന്നുണ്ട്. ഇവയെല്ലാം സർക്കാർ നടപ്പാക്കിക്കൊണ്ടിരിക്കുന്ന അവസരത്തിൽ, ഒന്നും ചെയ്യുന്നില്ലെന്ന് പറയാൻ സാധിക്കുമോ? പ്രസ്തുത പദ്ധതി മുഖേന അൻപത്തിയാറോളം കുട്ടികൾക്ക് ഇന്റേൺഷിപ്പ് കൊടുക്കാൻ സാധിച്ചത് വലിയൊരു നേട്ടമല്ലേ? അതിന് പുറമെ

എം.ബി.ബി.എസ്., വിവിധ പാരാമെഡിക്കൽ, വിങ്സ് (പൈലറ്റ് പരിശീലനം), നഴ്സിങ് തുടങ്ങിയ കോഴ്സുകളിൽ പഠിക്കുന്ന വിദ്യാർഥികൾക്കും സിവിൽ സർവീസ് കോച്ചിങ്ങിനും ധനസഹായം നൽകുന്നുണ്ട്. കഴിഞ്ഞ ദിവസം പൈലറ്റ് പരിശീലനത്തിലൂടെ തിരുവനന്തപുരം എയർപോർട്ടിലേക്ക് സെലക്ഷൻ ലഭിച്ച ഒരു കുട്ടിക്ക് 12 ലക്ഷം രൂപ അനുവദിച്ചു. 2018-ൽ കോവിഡ് സമയത്ത് കുട്ടികൾക്ക് പഠിക്കാൻ കഴിയാത്ത സാഹചര്യം വന്നപ്പോൾ ഏകദേശം 41 കോടി രൂപ ചെലവഴിച്ചുകൊണ്ട് കേരളത്തിലെ എല്ലാ കുട്ടികൾക്കും ലാപ്ടോപ് കൊടുത്തത് എല്ലാവർക്കും അറിയാവുന്നതാണ്. ഇത് എല്ലാ എം.എൽ.എ.-മാരുടെയും മണ്ഡലത്തിൽ ലഭ്യമാക്കിയിട്ടുണ്ട്. ഇക്കാര്യങ്ങളെല്ലാം എൽ.ഡി.എഫ്. ഭരണത്തിലാണ് നടപ്പാക്കിയത്. തൊഴിൽ മേഖലയുമായി ബന്ധപ്പെട്ട്, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (MGNREGA) പ്രകാരം 100 തൊഴിൽദിനങ്ങളാണ് പട്ടികവർഗ വിഭാഗക്കാർക്ക് കൊടുക്കുന്നതെങ്കിൽ അധികമായി 100 തൊഴിൽദിനങ്ങൾക്കുംകൂടി ഫണ്ട് വകയിരുത്തിക്കൊണ്ട് ഒരു കുടുംബത്തിന് ഒരു വർഷം 200 തൊഴിൽദിനങ്ങൾ നൽകുന്ന പദ്ധതി

ആവിഷ്കരിച്ച് നടപ്പാക്കുന്നുണ്ട്. കഴിഞ്ഞ തവണ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സാന്നിധ്യത്തിൽ 200 തൊഴിൽദിനങ്ങൾ പൂർത്തീകരിച്ച പഞ്ചായത്തുകളെയും വ്യക്തികളെയും തിരുവനന്തപുരത്തുവച്ച് ആദരിക്കുകയുണ്ടായി. ഇതൊരു നേട്ടമല്ലേ. TRACE (Training and Research Academy for Career Excellence) പദ്ധതിയുടെകീഴിൽ 500 അക്രെഡിറ്റഡ് എഞ്ചിനീയർമാർക്ക് ഇന്റേൺഷിപ്പ് നൽകി കേരളത്തിലെ എല്ലാ പഞ്ചായത്തുകളിലും നിയമിച്ചിട്ടുണ്ട്. രണ്ട് വർഷത്തെ ഇന്റേൺഷിപ്പ് ചെയ്യുന്ന കുട്ടികൾക്കുള്ള ഓണറേറിയം നിലവിൽ പട്ടികജാതി-പട്ടികവർഗ വികസന വകുപ്പാണ് നൽകിവരുന്നത്. ഇത്തരത്തിൽ നിരവധി കാര്യങ്ങൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും നടപ്പാക്കുന്നുണ്ട്. ആദിവാസികൾക്കും പട്ടികജാതി-പട്ടികവർഗ വിഭാഗക്കാർക്കും ഭൂമി ലഭ്യമാക്കണമെന്നതാണ് സർക്കാരിന്റെ നയം. അവർക്ക് ഭൂമി ലഭ്യമാക്കുന്ന നടപടി സർക്കാർ സ്വീകരിക്കുന്നതിന്റെ ഭാഗമായി മൂന്ന് വർഷംകൊണ്ട് 11358 പട്ടികജാതി കുടുംബങ്ങൾക്ക് ഭൂമി വിതരണം ചെയ്തിട്ടുണ്ട്. എല്ലാ പട്ടികവർഗക്കാർക്കും ഭൂമിയുള്ള ജില്ലയായി തിരുവനന്തപുരം ജില്ലയെ മാറ്റിയെടുക്കാൻ സാധിച്ചു.

എല്ലാവർക്കും കൃത്യമായി ഭൂമി ലഭ്യമാക്കാനുള്ള നടപടി സ്വീകരിച്ചുവരികയാണ്. സ്വന്തം വീട്ടിലിരുന്ന് പഠിക്കാൻ സൗകര്യക്കുറവുള്ള കുട്ടികൾക്ക് 17000-ത്തോളം പഠനമുറി യൂണിറ്റുകൾ പ്രത്യേകമായി നിർമ്മിക്കാൻ ഗവൺമെന്റ് നടപടി സ്വീകരിച്ചു. പാലക്കാട് മെഡിക്കൽ കോളേജിൽ എം.ബി.ബി.എസ്.-ന് പ്രതിവർഷം 100 സീറ്റുകൾ സംവരണം ചെയ്തിട്ടുണ്ട്. അതിൽ 70 ശതമാനം സീറ്റുകൾ പട്ടികജാതിക്കാർക്കും 2 ശതമാനം സീറ്റുകൾ പട്ടികവർഗക്കാർക്കും 28 ശതമാനം സീറ്റുകൾ ഇതര വിഭാഗക്കാർക്കുമാണ് സംവരണം ചെയ്തിട്ടുള്ളത്. ബഹുമാനപ്പെട്ട പ്രമേയാവതാരകൻ മന്ത്രിയായിരുന്ന സമയത്താണ് പാലക്കാട് മെഡിക്കൽ കോളേജ് ആരംഭിച്ചത്. യു.ഡി.എഫ്. അധികാരത്തിലിരിക്കുമ്പോൾ 28.68 കോടി രൂപ ചെലവഴിച്ചുകൊണ്ടാണ് ടി മെഡിക്കൽ കോളേജ് ആരംഭിച്ചത്. അന്ന് ഈ സ്ഥാപനം ശൈശവദശയിലായിരുന്നു. എന്നാൽ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പ്രസ്തുത മെഡിക്കൽ കോളേജിനുവേണ്ടി ആകെ 476.98 കോടി രൂപ ചെലവഴിച്ച് പൂർണ്ണതോതിൽ പ്രവർത്തിക്കാനുള്ള നിലയിലേയ്ക്ക് കൊണ്ടുവരികയാണ്. ഇതുമായി

ബന്ധപ്പെട്ട് പ്ലാൻ, നോൺ പ്ലാൻ വിഹിതം സംബന്ധിച്ച് ചില വിഷയങ്ങളുണ്ട്; അക്കാര്യം വകുപ്പ് പരിശോധിച്ചുവരികയാണ്. പൊതുകണക്ക് പരിശോധിക്കുമ്പോൾ പട്ടികവർഗ വിഭാഗങ്ങൾക്കുവേണ്ടി യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് (2011-16) ആകെ 1366 കോടി രൂപയും എൽ.ഡി.എഫ്. സർക്കാർ ഭരണത്തിൽ വന്നതിനുശേഷം 2386 കോടി രൂപയുമാണ് ചെലവഴിച്ചത്. യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് എസ്.സി. വിഭാഗത്തിന് 4280 കോടി രൂപ ചെലവഴിച്ചപ്പോൾ എൽ.ഡി.എഫ്. സർക്കാർ 5600 കോടി രൂപയാണ് ചെലവഴിച്ചത്. അതുപോലെ ഓരോ വർഷവും ലഭിക്കുന്ന അപേക്ഷകളുടെ മുൻഗണനാടിസ്ഥാനത്തിലാണ് വിവാഹ/മിശ്രവിവാഹങ്ങൾക്കുള്ള ധനസഹായം നൽകിവരുന്നത്. ടി അപേക്ഷ നിശ്ചിത സമയത്തിനുള്ളിൽ നൽകണമെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്. പലരും മൂന്നും നാലും വർഷം കഴിഞ്ഞ് അപേക്ഷയുമായി വരുന്ന സാഹചര്യമാണുള്ളത്. അത്തരം കാര്യങ്ങൾപോലും വകുപ്പ് പരിശോധിച്ച് അവർക്കനുകൂലമായ നടപടി സ്വീകരിച്ചുവരികയാണ്. വാത്സല്യ നിധി പദ്ധതി എൽ.ഐ.സി.-യുമായി ചേർന്നാണ്

നടപ്പാക്കിക്കൊണ്ടിരുന്നത്. പക്ഷെ എൽ.ഐ.സി. വാത്സല്യനിധി പദ്ധതിയിൽനിന്നും പിന്മാറിയതുകൊണ്ട് അതുമായി ബന്ധപ്പെട്ടുള്ള നിയമപ്രശ്നങ്ങൾ പരിഹരിക്കാൻ ശ്രമിക്കുന്നുണ്ട്. ലൈഫ് ഭവന പദ്ധതിക്കായി ഈ സാമ്പത്തിക വർഷം വകുപ്പിന്റെ അലോക്കേഷൻ പ്രകാരമുള്ള മുഴുവൻ തുകയും നൽകിക്കഴിഞ്ഞു. ഇവിടെ ഉന്നയിച്ച മറ്റൊരു പ്രശ്നം കിഫ്ബി ഫണ്ടിനെക്കുറിച്ചാണ്. കിഫ്ബി ഫണ്ട് ഉപയോഗിക്കുന്നത് എങ്ങനെയാണ്? കേരളത്തിലെ പൊതുറോഡുകളും അടിസ്ഥാന സൗകര്യ സംവിധാനങ്ങളും പട്ടികജാതി-പട്ടികവർഗ വിഭാഗങ്ങളുൾപ്പെടെ കേരളത്തിലെ എല്ലാ ജനങ്ങളും ഉപയോഗിക്കുന്നുണ്ട്. സ്കൂൾ എന്നത് മറ്റൊരു ഫോക്കസാണ്. സ്കൂളുകളിൽ ജനറൽ വിഭാഗം മാത്രമാണോ പഠിക്കുന്നത്, എല്ലാവരും പഠിക്കുന്നില്ലേ? അതിന്റെ ഗുണം പട്ടികജാതി-പട്ടികവർഗ വിഭാഗങ്ങൾക്കും ലഭിക്കുന്നില്ലേ. കിഫ്ബി മുഖേന ഫണ്ട് ചെലവഴിച്ചുകൊണ്ട് ആശുപത്രികൾ നവീകരിക്കുമ്പോൾ കേരളം പോലുള്ള സംസ്ഥാനത്ത് ഒരു വിഭാഗത്തെ മാത്രം മാറ്റിനിർത്താൻ കഴിയില്ലല്ലോ. എല്ലാവർക്കും ഉപയോഗിക്കാൻ സാധിക്കുന്ന രീതിയിൽ പ്രത്യേകമായ ചില

പദ്ധതികൾ ഫോക്കസ് ചെയ്തുകൊണ്ടാണ് കിഫ്ബി പദ്ധതികൾ വിഭാവന ചെയ്യുന്നതും നടപ്പാക്കുന്നതും. അതിന്റെ ഗുണഫലം എല്ലാവർക്കും ലഭിക്കുന്നുണ്ട്, അതിൽ ചേരിതിരിവ് ഉണ്ടാക്കേണ്ട കാര്യമില്ല. അതുകൊണ്ടുതന്നെ ഇവിടെ ഒന്നും നടക്കുന്നില്ലെന്ന അർഥത്തിൽ പറയുന്നത് ശരിയല്ല. ബഹുമാനപ്പെട്ട അംഗം അവസാനം സൂചിപ്പിച്ചത് പ്രയോറിറ്റിയെക്കുറിച്ചാണ്. ഒരു പദ്ധതി നടപ്പാക്കുമ്പോൾ അതിനൊരു പ്രയോറിറ്റി നിശ്ചയിച്ചിട്ടുണ്ട്. ചികിത്സാ ധനസഹായങ്ങൾക്ക് സ്വാഭാവികമായും മുൻഗണന കൊടുക്കേണ്ടതാണ്; അതിന് മുൻഗണന കൊടുത്തിട്ടുമുണ്ട്. കുട്ടികളുടെ ലംപ്സം ഗ്രാന്റ്, സ്റ്റൈപന്റ്, സ്കോളർഷിപ്പ്, ലൈഫ് പദ്ധതി തുടങ്ങിയവ നടപ്പാക്കുന്നതിനും മുൻഗണന നൽകേണ്ടതുണ്ട്. ഇത്തരത്തിൽ ഏറ്റവും പ്രധാനപ്പെട്ട പദ്ധതികൾ വേഗം നടപ്പാക്കേണ്ടത് അനിവാര്യമായതിനാൽ മുൻഗണനാക്രമം നിശ്ചയിച്ചിട്ടുണ്ടെന്നുള്ളത് ശരിയാണ്. പട്ടികജാതി പട്ടികവർഗ വിഭാഗങ്ങൾക്കുവേണ്ടി നടപ്പാക്കിക്കൊണ്ടിരിക്കുന്ന എല്ലാ പദ്ധതികളെയും കോ-ഓർഡിനേറ്റ് ചെയ്യുന്നതിനുവേണ്ടി രൂപീകരിച്ച സൊസൈറ്റിയാണ് 'ഉന്നതി'. അതൊരു

സൊസൈറ്റിയായതുകൊണ്ടുതന്നെ അതിനൊരു ബൈ-ലായുണ്ട്. ഉദാഹരണത്തിന്, ഉന്നതി സ്കോളർഷിപ്പ്, ഉന്നതി വിംഗ്സ്, ഒരു കോളനിയുടെ പേരുപോലും മാറ്റി 'ഉന്നതി' എന്നാക്കി. അല്ലാതെ ഉന്നതി മരിച്ചുപോയി എന്നുപറയുന്നത് ശരിയല്ല. പട്ടികജാതി/പട്ടികവർഗ വിഭാഗങ്ങളുടെ ക്ഷേമത്തിനായി ഈ സർക്കാർ ആവശ്യമായ കാര്യങ്ങളൊന്നും ചെയ്യുന്നില്ല എന്നുപറയുന്നത് ശരിയല്ല. അതുകൊണ്ട് ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടതില്ല.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി വകുപ്പിന് അനുവദിച്ച തുകയെ സംബന്ധിച്ചും ചെലവാക്കുന്ന തുകയെ സംബന്ധിച്ചും വിശദമായി സംസാരിച്ചു. യഥാർഥത്തിൽ ജനങ്ങൾക്കിടയിൽ കൂടുതൽ തെറ്റിദ്ധാരണയുണ്ടാക്കാനുള്ള ശ്രമത്തിന്റെ ഭാഗമായാണ് നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. ഇതുസംബന്ധിച്ച് ശ്രീ. വി. ശശി ഒരു സബ്മിഷനിലൂടെ കാര്യങ്ങൾ വിശദമായി ഉന്നയിക്കുകയും അതിന് വളരെ

കൃത്യമായ മറുപടി നൽകുകയും ചെയ്തതാണ്. കൂടാതെ, സഭയിൽ മൂന്ന് ദിവസമായി നടന്ന ബജറ്റ് ചർച്ചയിൽ ഇക്കാര്യങ്ങൾ വിശദീകരിക്കുകയും ചെയ്തിരുന്നു. അതിനുശേഷം പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ആനുകൂല്യങ്ങളൊന്നും കൊടുക്കുന്നില്ലെന്ന വിഷയം വീണ്ടും ഉപക്ഷേപമായി അവതരിപ്പിക്കുന്നത് അവതാരകന് കാര്യങ്ങൾ മനസ്സിലാകാത്തതുകൊണ്ടല്ല, കേരളത്തിൽ നടക്കുന്ന ക്യാമ്പയിനിന്റെ ഭാഗമായുള്ള ന്യൂസ് കട്ടിങ്ങിനുവേണ്ടിയാണ്. എത്രയൊക്കെ മറുപടി പറഞ്ഞാലും കേരളത്തിൽ പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് സർക്കാർ പണം ചെലവാക്കുന്നില്ല എന്നതുൾപ്പെടെയുള്ള കാര്യങ്ങൾതന്നെ പ്രതിപക്ഷം വീണ്ടും പറഞ്ഞുകൊണ്ടിരിക്കും; കാരണം, ഇതൊക്കെ ഒരു തരം കൗണ്ടർ കട്ട് തന്നെയാണ്. യഥാർത്ഥത്തിൽ ഇതൊക്കെ ജനങ്ങൾ മനസ്സിലാക്കേണ്ട കാര്യങ്ങളാണ്. അദ്ദേഹം പറഞ്ഞ എല്ലാ കാര്യങ്ങൾക്കും ഞാൻ മറുപടി പറയുന്നില്ല. എന്നിരുന്നാലും ഈ ഉപക്ഷേപത്തിന് ധനകാര്യ വകുപ്പുമന്ത്രിതന്നെ മറുപടി പറയണമെന്നായിരുന്നു ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന്റെ ആവശ്യം. കേരളത്തിലെ അതിദരിദ്രരായ

എസ്.സി./എസ്.ടി./പിന്നാക്ക വിഭാഗത്തിൽപ്പെട്ടവരെക്കൂടി ഉൾപ്പെടുത്തിയാണല്ലോ ഇന്ത്യയിലെ ആകെ അതിദരിദ്രരുടെ എണ്ണം കണക്കാക്കുന്നത്. മൂന്നരക്കോടിയോളം ജനങ്ങളുള്ള കേരളത്തിൽ പതിനായിരത്തിലധികം ആളുകൾക്കൂടി അതിദരിദ്രരുടെ പട്ടികയിൽനിന്നും മാറ്റപ്പെട്ടാൽ കേരളം അതിദരിദ്രരില്ലാത്ത സംസ്ഥാനമാകുമെന്നുള്ളത് സംസ്ഥാന സർക്കാർ നിയമസഭയിൽ പറയുന്ന കണക്കല്ല; മറിച്ച് നീതി ആയോഗ് ഉൾപ്പെടെയുള്ള ഏജൻസികളുടെ കണക്കാണ്. സംസ്ഥാനത്തെ ദുർബല വിഭാഗങ്ങളിൽ ഏറ്റവും കൂടുതൽ എസ്.സി. വിഭാഗക്കാരാണെന്നുള്ളതുകൊണ്ടാണ് ഇങ്ങനെ പറയുന്നത്. ഇന്ത്യയിലെ പല സംസ്ഥാനങ്ങളിലും 20-30 ശതമാനത്തോളം അതിദരിദ്രരുള്ളപ്പോൾ കേരളമാണ് അതിലൊരു മാറ്റം വരുത്താൻ ആദ്യമായി ശ്രമിച്ചത്. ദാരിദ്ര്യ നിർമ്മാർജനവും ഒരു ജോലിയും നൽകുക എന്നുമാത്രമല്ല, അവർക്ക് മികച്ച വിദ്യാഭ്യാസവും ആരോഗ്യവും സ്വന്തമായി ജോലി ചെയ്യാൻ സാധിക്കുന്ന സാഹചര്യവും ഒരുക്കിക്കൊടുക്കാനാണ് സർക്കാർ തീരുമാനിച്ചത്. അതിനൊരു ഉത്തമ ഉദാഹരണം സൂചിപ്പിക്കാം. ഈ ഗവൺമെന്റ് കണ്ണൂർ

ജില്ലയിൽ നവകേരള സദസ് നടത്തിയപ്പോൾ സങ്കീർത്തന ദിനേശ് എന്നൊരു പെൺകുട്ടി പ്രസ്തുത പരിപാടിയിൽ പങ്കെടുത്തിരുന്നു. ആ കുട്ടി പറഞ്ഞ വാചകങ്ങൾ ഞാൻ സൂചിപ്പിക്കാം. 'എന്റെ സ്വപ്നങ്ങൾക്ക് ചിറക് മുളയ്ക്കാൻ കഴിയുന്ന ഒരു സമീപനം ഈ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടായി. ഞാൻ കുട്ടിയായിരിക്കുമ്പോൾ ആകാശത്തുകൂടി പോകുന്ന വിമാനങ്ങളെ കണ്ടിട്ടുണ്ട്. അതിനകത്ത് കയറുന്നതും അതിന്റെ പൈലറ്റ് ആകുന്നതും ഒരിക്കലും എന്റെ സങ്കല്പത്തിൽ പോലും ഉണ്ടായിരുന്നില്ല. പക്ഷെ, ഞാൻ ഇപ്പോൾ ഒരു പൈലറ്റായി. എന്റെ സ്വപ്നങ്ങൾക്ക് അങ്ങനെയൊരു ചിറക് മുളപ്പിക്കാൻ ഫീസുൾപ്പെടെ 35,00,000/- രൂപ തന്നത് ഈ ഗവൺമെന്റാണ്.' ഈ സർക്കാർ എങ്ങനെയാണ് കാര്യങ്ങൾ ചെയ്യുന്നതെന്ന് മനസ്സിലാക്കാൻ വേണ്ടിയാണ് ഞാൻ ആ കുട്ടിയുടെ വാചകങ്ങൾ ഇവിടെ സൂചിപ്പിച്ചത്. .....(ബഹളം)..... ഇത്തരത്തിൽ നിരവധി കാര്യങ്ങൾ സംസ്ഥാനത്ത് നടക്കുന്നുണ്ട്. വിങ്സ് പോലെയുള്ള പദ്ധതികളെക്കുറിച്ച് അദ്ദേഹം പറഞ്ഞു. അതിദരിദ്രരായ ആളുകളെ ദാരിദ്ര്യത്തിൽനിന്നും മുക്തരാക്കുക, അവരുടെ ജീവിത

സാഹചര്യം മെച്ചപ്പെടുത്തുക തുടങ്ങി ഉന്നത വിദ്യാഭ്യാസം ലഭ്യമാക്കുന്ന തരത്തിലേയ്ക്ക് കാര്യങ്ങൾ നടപ്പാക്കാനാണ് സർക്കാർ ഉദ്ദേശിച്ചത്. കേരളത്തിൽനിന്നും ഏകദേശം എണ്ണൂറോളം വിദ്യാർഥികൾക്ക് വിദേശ പഠനത്തിന് ആനുകൂല്യം നൽകുന്നുണ്ട്. ഇത്തരത്തിലുള്ള ധാരാളം കാര്യങ്ങൾ ചെയ്യുന്ന സംസ്ഥാനത്ത്, നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിലൂടെ ഈ വിഷയം കൊണ്ടുവന്ന് തെറ്റിദ്ധാരണയുണ്ടാക്കുന്ന തരത്തിൽ കാര്യങ്ങൾ അവതരിപ്പിക്കേണ്ടതിന്റെ ആവശ്യമില്ല. ഇന്ത്യാ ഗവൺമെന്റ് എസ്.സി./എസ്.ടി വിഭാഗത്തിന് സ്കോളർഷിപ്പ് നൽകുന്നതിനുള്ള വാർഷിക വരുമാനപരിധി രണ്ടരലക്ഷം രൂപ എന്നാണ് നിശ്ചയിച്ചിരിക്കുന്നത്. എന്നാൽ, സംസ്ഥാന സർക്കാർ അങ്ങനെയൊരു മാനദണ്ഡം കണക്കിലെടുക്കുന്നില്ല. പട്ടികവർഗ്ഗ വിഭാഗക്കാർക്ക് ബജറ്റിലൂടെ വകയിരുത്തുന്ന തുകയിൽ വെട്ടിക്കുറവ് വരുത്തുന്നുവെന്ന് പലതവണ ഉന്നിയിക്കുകയുണ്ടായി. അതുസംബന്ധിച്ച കണക്കുകൾ ഞാൻ ഇന്നലെ അവതരിപ്പിച്ചു. തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്ലാൻ എക്സ്പെൻഡിച്ചറും പൊതുവായ എക്സ്പെൻഡിച്ചറും 50 ശതമാനത്തിലധികമുള്ള കണക്കുകളും

ഇവിടെ അവതരിപ്പിച്ചു. ഒരു കാരണവശാലും സ്കോളർഷിപ്പിലും ഫീസിലും ശമ്പളത്തിലും കൂലിയിലും ഇടപെടുന്ന പ്രശ്നമേയില്ല. അതുകൊണ്ടുതന്നെ പ്ലാൻ എക്സ്പെൻഡിച്ചറിൽ വലിയ കുറവുണ്ടാകില്ല. റീസ്ട്രക്ചറിംഗ് സംബന്ധിച്ച കാര്യങ്ങൾ നേരത്തെ വ്യക്തമാക്കിയിട്ടുണ്ട്. എന്നിട്ടും പ്രതിപക്ഷം ഇതെല്ലാം ആവർത്തിക്കുന്നത് സംസ്ഥാന സർക്കാർ ചെയ്യുന്ന കാര്യങ്ങൾ സാധാരണക്കാരെ സഹായിക്കാനില്ലെന്ന് ബോധ്യപ്പെടുത്താൻവേണ്ടിയാണ്. സാധാരണഗതിയിൽ ബജറ്റിൽ പണം വകയിരുത്താറുണ്ട്. പ്രസ്തുത തുക എസ്.സി/എസ്.ടി. മേഖലകളിൽ കൊടുക്കുന്നതിൽ യാതൊരു കുറവും വരുത്തിയിട്ടില്ല. പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് കേന്ദ്ര പദ്ധതിപ്രകാരമുള്ള പോസ്റ്റ് മെട്രിക് ആനുകൂല്യം അനുവദിക്കുന്നതിനുള്ള ആനുപാതിക സംസ്ഥാന വിഹിതമായി നടപ്പുവർഷം 73 കോടി രൂപ വകയിരുത്തിയിരുന്നു. ഈ തുക പൂർണ്ണമായും ചെലവഴിച്ചതിനെത്തുടർന്ന് 43.77 കോടി രൂപ ഉപധനാഭ്യർഥന വഴി അധികമായി വകയിരുത്തിയിട്ടുണ്ട്. കൂടുതൽ പണം ആവശ്യമുള്ള കാര്യങ്ങൾക്ക് അധികം തുക അനുവദിക്കും. പലമേഖലകളിലും ബജറ്റിൽ വകയിരുത്തിയ തുക മാത്രമല്ല കൊടുക്കുന്നത്.

വരുമാനപരിധി കണക്കാക്കാതെ സംസ്ഥാന സർക്കാർ അധികതുക വകയിരുത്തി ധനസഹായം നൽകുന്ന കാര്യങ്ങളെക്കുറിച്ച് കഴിഞ്ഞദിവസം പറഞ്ഞിരുന്നു. നടപ്പുവർഷത്തെ ബജറ്റ് വിഹിതമായ 150 കോടി രൂപയും അധിക ധനാനുമതി വഴി അനുവദിച്ച 110 കോടി രൂപയും ഉപധനാഭ്യർഥന വഴി അനുവദിച്ച 25.19 കോടി രൂപയും ചേർത്ത് 285.19 കോടി രൂപയാണ് ഈ വർഷം പ്രത്യേക ഹെഡിൽ വകയിരുത്തിയിരിക്കുന്നത്. ഈ പറഞ്ഞ കാര്യങ്ങളൊക്കെ മനസ്സിലായിട്ടില്ല, കേട്ടിട്ടില്ല എന്നതരത്തിൽ പറഞ്ഞതുകൊണ്ടാണ് കഴിഞ്ഞ ദിവസം പറഞ്ഞത് ഞാൻ ആവർത്തിക്കുന്നത്. പോസ്റ്റ് മെട്രിക് സ്കോളർഷിപ്പിന് ആനുപാതിക വിഹിതമായ 8 കോടി രൂപയും സംസ്ഥാന പദ്ധതികൾക്ക് 166 കോടി രൂപയും നോൺ പ്ലാൻ ശീർഷകത്തിൽ 18 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. പട്ടികജാതി വിഭാഗക്കാരുടെ സ്കോളർഷിപ് ആനുകൂല്യം നൽകുന്നതിനായി നടപ്പുവർഷം 594.15 കോടി രൂപ അനുവദിച്ചിട്ടുണ്ട്. 2021-2022, 2022-23, 2023-24 എന്നിങ്ങനെ ഓരോ വർഷവും ടി തുക വർധിപ്പിച്ചുവരുന്നുണ്ട്. 2023-24-ൽ 505.75 കോടി രൂപ

കൊടുത്തിട്ടുണ്ട്. ഓരോ മേഖലയിലും അനുവദിച്ചിട്ടുള്ള തുകയെക്കുറിച്ച് അറിയാത്തതുകൊണ്ടല്ല, മനഃപൂർവം സംശയമുണ്ടാക്കാൻവേണ്ടിയാണ് പ്രതിപക്ഷം ഇക്കാര്യങ്ങൾ പറയുന്നത്. കിഫ്ബി പദ്ധതിയെക്കുറിച്ചാണ് ഇവിടെ എല്ലാവരും സംസാരിച്ചത്. കിഫ്ബി പദ്ധതി മുഖേന പ്ലാൻ ഇനത്തിൽ ചെലവഴിച്ച തുകയെക്കുറിച്ചുള്ള കണക്ക് ഇവിടെ അവതരിപ്പിച്ചിരുന്നു. കിഫ്ബി ഫണ്ടിൽനിന്നും പൊതുവായി അനുവദിച്ച 86,000 കോടി രൂപയിൽ വളരെ ചെറിയ തുക മാത്രമെ എസ്.സി./എസ്.ടി മേഖലയ്ക്ക് അനുവദിച്ചിട്ടുള്ളുവെന്നാണ് ഇവിടെ പറഞ്ഞത്. കേരളത്തിൽ റോഡുകൾ, സ്കൂളുകൾ, ആശുപത്രികൾ എന്നിവയുടെ നിർമാണത്തെക്കുറിച്ച് ആർക്കാണ് അറിയാൻ സാധിക്കാത്തത്? സംസ്ഥാനത്തിന്റെ പൊതുവായ ഇൻഫ്രാസ്ട്രക്ചറിന്റെ ഭാഗമായി അവയൊക്കെ എല്ലാവരും ഉപയോഗിക്കുന്നില്ലേ? അതിന്റെ ഭാഗമായി കെ-ഫോൺ പോലുള്ള പദ്ധതികളുമുണ്ട്. സൗജന്യ ഫോൺ കണക്ഷൻ വളരെ ചുരുങ്ങിയ ചെലവിൽ കൊടുക്കുന്നത് ഇത്തരം മേഖലകളിലാണ്. സാധാരണക്കാർക്ക് കെ-ഫോൺ സൗകര്യം കിട്ടുന്നില്ലേ? കിഫ്ബിയിലൂടെ ആരോഗ്യ രംഗത്ത്

വലിയ നിക്ഷേപമാണുണ്ടായിട്ടുള്ളത്. ആരോഗ്യ രംഗത്ത് വലിയ നിക്ഷേപം ഉണ്ടാകുമ്പോൾ ആർക്കാണ് അതിന്റെ ഗുണഫലം ലഭിക്കുന്നത്? കേരളത്തിൽ കിഫ്ബി സാമ്പത്തികമായി തകർന്നുപോയെന്ന് വരുത്തിതീർക്കാനുള്ള ഉദ്ദേശ്യത്തോടെയുള്ള കണക്കുകളാണ് നിങ്ങൾ അവതരിപ്പിച്ചുകൊണ്ടിരിക്കുന്നത്. ആ കണക്കുകളൊന്നും കേരളത്തിലെ പൊതുജനങ്ങൾക്കിടയിൽ വിലപ്പോകില്ല. എല്ലാ കാലഘട്ടങ്ങളിലും മുൻകാലത്തെ കുടിശ്ശികയുണ്ടാകും. പാലക്കാട് മെഡിക്കൽ കോളേജിനെക്കുറിച്ച് ഇവിടെ സൂചിപ്പിച്ചു. അതിനായി 27-30 കോടി രൂപ വകയിരുത്തി. എല്ലാ മേഖലയിലും ഇത്തരത്തിൽ അധികം തുക ചെലവഴിച്ചാണ് ഒരോ പ്രവൃത്തിയും പൂർത്തീകരിക്കുന്നത്. സംസ്ഥാനത്ത് 42 ലക്ഷം പേർക്ക് കാരുണ്യ പദ്ധതിയിലൂടെ ചികിത്സ നൽകുന്നുണ്ട്. ഇതിനായി ബജറ്റിൽ 700 കോടി രൂപയാണ് വകയിരുത്തിയതെങ്കിലും ചെലവാക്കുന്നത് 1,300 കോടി രൂപയാണ്. ടി പദ്ധതിയുടെ ഗുണഭോക്താക്കളിൽ മഹാഭ്രരിപക്ഷവും ഉൾപ്പെടുന്ന, ഈ നാട്ടിലെ സാധാരണക്കാരുടെ സാമൂഹിക സുരക്ഷ ഉറപ്പാക്കുന്നതിനുവേണ്ടിയാണല്ലോ

ടി പദ്ധതി നടപ്പാക്കിയത്. 62 ലക്ഷം പേർക്ക് പെൻഷൻ നൽകുന്നുണ്ട്. മിക്കവാറും എസ്.സി./എസ്.ടി. മേഖലയിൽ വളരെ അപൂർവ്വം ആളുകൾ മാത്രമെ വരുമാന പരിധിക്കുള്ളിൽ വരുന്നുള്ളൂ. എസ്.സി./എസ്.ടി. വിഭാഗക്കാരുൾപ്പെടെ 62 ലക്ഷത്തോളം പേർക്ക് ഈ സർക്കാർ പെൻഷൻ നൽകുന്നുണ്ടെന്ന് മാത്രമല്ല, ഈയിനത്തിൽ ഒരു വർഷം 11,000 കോടി രൂപയാണ് ചെലവഴിക്കുന്നത്. അതൊന്നും നിങ്ങളുടെ കണക്കിൽ ഉൾപ്പെടാത്തത് എന്താണ്? ഇത്തരത്തിൽ ഓരോ കാര്യങ്ങളും പ്രതിപക്ഷാംഗങ്ങൾ ചോദിച്ചത് വളരെ നന്നായി; കാരണം, ഇത്തരം കാര്യങ്ങൾ ചെയ്യുന്നതിന് പരിശ്രമിക്കുന്ന ഒരു ഗവൺമെന്റാണിത്. നേരത്തെ ലാപ്ടോപ്പിന്റെ കാര്യം പറഞ്ഞല്ലോ; കോവിഡ് മഹാമാരിയുടെ കാലഘട്ടത്തിൽ എല്ലാവരും ഓൺലൈനിൽ പഠിക്കാൻ തീരുമാനിച്ചപ്പോൾ ഏകദേശം 45,000 ലാപ്ടോപ് വിതരണം ചെയ്തിരുന്നു. പ്രത്യേകിച്ച് എസ്.സി./എസ്.ടി. മേഖലയിലുള്ള പാവപ്പെട്ട കുട്ടികൾക്ക് ലാപ്ടോപ് ഇല്ലാതെ പഠനം സാധ്യമായിരുന്നില്ല. അതുകൊണ്ടാണ് പ്രത്യേക പദ്ധതി മുഖേന മുഴുവൻ കുട്ടികൾക്കും ലാപ്ടോപ്പും മറ്റ് എക്യുപ്മെന്റ്സും

എത്തിച്ചുകൊടുക്കാൻ തീരുമാനിച്ചത്. ഇപ്രകാരം സർക്കാർ ഓരോ മേഖലയിലും വൈവിധ്യങ്ങളായ പ്രവർത്തനങ്ങളാണ് നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. വനം വകുപ്പിൽ സ്പെഷ്യൽ റിക്രൂട്ട്മെന്റ് മുഖേന എസ്.ടി. മേഖലയിൽനിന്നും 500 ഗാർഡുമാരെ നിയമിച്ചു. എല്ലാ മേഖലകളിലും ഇത്തരം കാര്യങ്ങൾ ചെയ്യുന്നുണ്ട്; ഇനിയും ചെയ്യുന്നതാണ്. പരമദരിദ്രർ ഇല്ലാത്ത തരത്തിലേയ്ക്ക് കേരളത്തെ മാറ്റിതീർക്കാൻ ശ്രമിക്കുന്ന ഒരു സർക്കാരാണിത്. ഈ മേഖലകൾക്ക് കൊടുക്കാനുള്ള സർക്കാർ വിഹിതമൊന്നും കൊടുക്കാതിരിക്കില്ലെന്ന് ഈ സഭയിൽ ആവർത്തിച്ച് പറയുന്നു. പ്രതിപക്ഷം ഉന്നയിക്കുന്നതുപോലെ ബജറ്റ് വിഹിതമൊന്നും വെട്ടിക്കുറയ്ക്കുന്നില്ല. കേരള ചരിത്രത്തിലാദ്യമായി ഈ വർഷം രണ്ട് ലക്ഷം കോടി രൂപയുടെ ബജറ്റ് ചെലവ് കടന്നുവരുന്നുവെന്നത് ചെറിയ കാര്യമല്ല. തെറ്റിദ്ധാരണാജനകമായി പ്രതിപക്ഷം വീണ്ടും ഇത്തരം കാര്യങ്ങൾ പറയുന്നത് ശരിയല്ല. പ്രതിപക്ഷം ഈ വിഷയം നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിലൂടെ കൊണ്ടുവന്നത് ജനങ്ങളെ തെറ്റിദ്ധരിപ്പിക്കുന്നതിനുപോലും സഹായിക്കുകയില്ല. കാരണം, ജനങ്ങൾ

ഇതൊക്കെ മനസ്സിലാക്കുന്നുണ്ട്. ഈ കണക്കെല്ലാം അവർക്ക് ലഭിക്കുന്നുണ്ട്. അതുകൊണ്ട് പ്രതിഷേധിച്ച് സഭവിട്ട് ഇറങ്ങിപ്പോകാതെ നമുക്കൊരുമിച്ചിരുന്ന് ഇത്തരം കാര്യങ്ങളിൽ സഹകരിച്ച് മുന്നോട്ടുപോകുന്നതായിരിക്കും ഉചിതം.

മി. സ്പീക്കർ: ബഹുമാനപ്പെട്ട പട്ടികജാതി, പട്ടികവർഗ്ഗ പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രിയുടെയും ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെയും വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ സഭാനടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിന് അനുമതി നിഷേധിക്കുന്നു.

(നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിന് അവതരണാനുമതി നിഷേധിച്ചു.)

പ്രതിപക്ഷ നേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ഈ ഗവൺമെന്റ് സംസ്ഥാനത്തെ പട്ടികജാതി/പട്ടികവർഗ വിഭാഗങ്ങളോട് കടുത്ത അവഗണനയാണ് കാണിക്കുന്നത്. സംസ്ഥാനത്തിന് ഒരു പ്ലാൻ അലോക്കേഷനുണ്ട്. പ്രസ്തുത പ്ലാൻ അലോക്കേഷനിൽ എസ്.സി.

വിഭാഗത്തിന് 10 ശതമാനവും എസ്.റ്റി. വിഭാഗത്തിന് 2 ശതമാനവും വകയിരുത്തേണ്ടത് ഭരണഘടനാപരമായ ബാധ്യതയാണ്. എന്നാൽ പ്ലാൻ അലോക്കേഷനിൽ സർക്കാർ ഗണ്യമായി വെട്ടിക്കുറവ് നടത്തിയത് പട്ടികജാതി/പട്ടികവർഗ വിഭാഗത്തിലെ കുട്ടികളുടെ വിദ്യാഭ്യാസം, പാർപ്പിട പദ്ധതി എന്നിവ അടക്കമുള്ള ക്ഷേമപദ്ധതികളെ ഗുരുതരമായി ബാധിച്ചു എന്നതാണ് പ്രതിപക്ഷത്തിന്റെ ആക്ഷേപം. ശ്രീ. എ. പി. അനിൽ കുമാർ ഈ വിഷയം സംബന്ധിച്ച് പ്രധാനപ്പെട്ട കാര്യങ്ങളാണ് ഉന്നയിച്ചിരിക്കുന്നത്. എസ്.സി. വിഭാഗത്തിന് 10 ശതമാനം പ്ലാൻ അലോക്കേഷനാണുള്ളത്. എന്നാൽ, കഴിഞ്ഞ നാലോ അഞ്ചോ വർഷങ്ങളായി ടി പ്ലാൻ അലോക്കേഷന് എന്താണ് സംഭവിച്ചത്; 27,000, 30,000, 30,000, 30,000, 30,000 എന്നിങ്ങനെ പ്ലാൻ അലോക്കേഷൻ വർഷങ്ങളായി തുടരുകയാണ്; ഗ്രോത്ത് ഉണ്ടാകുന്നില്ല. പല സംസ്ഥാനങ്ങളിലും അത് 20 ശതമാനം, 25 ശതമാനം, 30 ശതമാനം എന്നിങ്ങനെ വർധിക്കുന്നുണ്ട്. എല്ലാ കാര്യങ്ങളിലും ഈ സർക്കാർ എപ്പോഴും 2011-16-ലെ കണക്കെടുക്കും. 2011-16-ലെ കണക്ക്

പരിശോധിച്ചാൽ എല്ലാവർഷവും പ്ലാൻ അലോക്കേഷനിൽ ഗ്രോത്തുണ്ടാകുന്നുണ്ടെന്ന് കാണാൻ സാധിക്കും. എന്നാൽ ഇപ്പോൾ പ്ലാൻ നിശ്ചലമായിരിക്കുകയാണ്. അങ്ങനെ നിൽക്കുമ്പോൾ എസ്.സി./എസ്.ടി വിഭാഗക്കാർക്ക് ലഭിക്കേണ്ട തുകയുടെ പ്രൊപ്പോർഷൻ വർധിക്കുന്നില്ല; അത് stagnant ആയി നിൽക്കുകയാണ്. എസ്.സി./എസ്.ടി വിഭാഗക്കാരെ ഇത് വളരെയധികം ബാധിക്കുന്നുണ്ട്; എന്നാൽ മറ്റുള്ളവരെ ഇത് ചിലപ്പോൾ ബാധിക്കില്ലായിരിക്കാം. ജനറലായ പ്രോജക്ടുകൾ, ബാക്കിയുള്ള ചില പ്രോജക്ടുകൾ എന്നിവയെ ചിലപ്പോൾ ഇത് കുറച്ചൊക്കെ ബാധിക്കും; എന്നിരുന്നാലും പ്ലാൻ stagnant ആയി നിൽക്കുന്നത് ഇത്രമാത്രം ബാധിക്കുന്ന വേറൊരു വിഭാഗമില്ല. ആ യാഥാർഥ്യം സർക്കാർ മനസ്സിലാക്കണം. അവർക്ക് ലഭിക്കേണ്ട തുക മൂന്നു-നാല് വർഷമായി യാതൊരു വർധനവും ഉണ്ടാകാതെ അതുപോലെ തുടരുകയാണ്. നിലവിലുള്ള പ്ലാൻ ഫണ്ടുപോലും കട്ട് ചെയ്യുന്ന രീതിയാണ് സ്വീകരിച്ചിരിക്കുന്നത്. ഇക്കാര്യത്തിൽ യാതൊരു കട്ടിങ്ങുമില്ലെന്ന് ആവർത്തിച്ച് ബഹുമാനപ്പെട്ട വകുപ്പുമന്ത്രി പറയുകയാണ്. 2025 ജനുവരി

22-ന് പുറപ്പെടുവിച്ച സർക്കാർ ഉത്തരവിലൂടെ എസ്.സി./എസ്.ടി. വിഭാഗക്കാരുടെ ഓരോ പ്രോജക്ടും അതിലേയ്ക്കായി അനുവദിച്ച തുകയും prioritise ചെയ്തിരിക്കുകയാണ്. ഫണ്ട് വെട്ടിക്കുറച്ചിട്ട് Prioritisation എന്നാണ് പറഞ്ഞിരിക്കുന്നത്. 240 ലക്ഷം രൂപ വകയിരുത്തിയിരുന്ന പദ്ധതിക്ക് 200 ലക്ഷം രൂപയാക്കി വെട്ടിക്കുറച്ചു. 25 കോടി രൂപയുടെ പദ്ധതി 20 കോടി രൂപയാക്കി. 50 കോടി രൂപയുടെ പദ്ധതി വേണ്ടെന്നുവച്ചു. 42 കോടി രൂപയുടെ പദ്ധതി 22 കോടി രൂപയാക്കി. മറ്റ് ചില പദ്ധതികൾ പൂർണ്ണമായി വേണ്ടെന്ന് വച്ചു. ഇങ്ങനെ പദ്ധതികൾ മുഴുവനും വെട്ടിക്കുറയ്ക്കുകയും ഇല്ലാതാക്കുകയും ചെയ്തിരിക്കുകയാണ്. ഇതൊരു സർക്കാർ ഉത്തരവിലൂടെയാണ് ചെയ്തിരിക്കുന്നത്. എന്നിട്ട് അതേ സർക്കാർ ഉത്തരവിന് വിരുദ്ധമായാണ് ബഹുമാനപ്പെട്ട വകുപ്പുമന്ത്രി ഇവിടെനിന്ന് സംസാരിക്കുന്നത്. പ്രസ്തുത ഉത്തരവുപ്രകാരം 502 കോടി രൂപയുടെ എസ്.ടി. പദ്ധതികൾ 390 കോടി രൂപയായി വെട്ടിച്ചുരുക്കിയിരിക്കുന്നു. 111 കോടി 76 ലക്ഷം രൂപയുടെ പദ്ധതികൾ നടപ്പുസാമ്പത്തിക വർഷാവസാനം ഈ സർക്കാർ വെട്ടിച്ചുരുക്കി. 502 കോടി രൂപയുടെ പദ്ധതി വിഹിതം

390 കോടി രൂപയാക്കി വെട്ടിച്ചുരുക്കി. അതായത്, 111 കോടിയോളം രൂപ വെട്ടിച്ചുരുക്കിയിട്ടാണ് സർക്കാർ ഒന്നും വെട്ടിച്ചുരുക്കിയിട്ടില്ലെന്ന് ബഹുമാനപ്പെട്ട മന്ത്രി പറയുന്നത്. ഞാൻ വായിക്കുന്നത് ഒരു സർക്കാർ ഉത്തരവാണ്. നിങ്ങൾ ഈ സർക്കാർ ഉത്തരവിന് എതിരായി പറയുമോ; മൂന്നുദിവസം കഴിഞ്ഞപ്പോൾ, 25-ാം തീയതി വീണ്ടും എസ്.സി. ഡിപ്പാർട്ടുമെന്റുമായി ബന്ധപ്പെട്ട് ഒരു ഉത്തരവ് പുറപ്പെടുവിച്ചു. പ്രസ്തുത ഉത്തരവിലൂടെ 45 കോടി രൂപയുടെ പദ്ധതി വിഹിതം 25 കോടി രൂപയായും 50 കോടി രൂപയുടെ പദ്ധതി വിഹിതം 30 കോടി രൂപയായും വെട്ടിക്കുറച്ചിട്ടുണ്ട്. അങ്ങനെ ഏകദേശം ഇരുപതോളം പദ്ധതികളുടെ വിഹിതമാണ് വെട്ടിക്കുറച്ചിരിക്കുന്നത്. ആകെ 1370 കോടി രൂപയുടെ പദ്ധതികൾക്കുള്ള വിഹിതം 920 കോടി രൂപയാക്കി വെട്ടിക്കുറച്ചു. 449.89 കോടി രൂപ; അതായത്, 450 കോടിയോളം രൂപ വെട്ടിച്ചുരുക്കി. ഈ സർക്കാർ ഉത്തരവുകൾ നിലനിൽക്കുമ്പോഴാണ് അതിന് വിരുദ്ധമായി സർക്കാർ സഭയിൽ മറുപടി പറയുന്നത്. പദ്ധതി വിഹിതം വെട്ടിച്ചുരുക്കിയിട്ട് റീസ്ട്രക്ചർ, പ്രയോറ്റൈസേഷൻ എന്നൊക്കെയാണ് പറയുന്നത്.

ഇത്തരമൊരു സാഹചര്യത്തിൽ ഈ വിഷയം ഞങ്ങൾ ഈ സഭയിൽ കൊണ്ടുവരണ്ടേ; കഴിഞ്ഞ മൂന്നു-നാല് വർഷമായി ലഭിക്കുന്ന 10 ശതമാനവും 2 ശതമാനവും പദ്ധതിവിഹിതം നിശ്ചലമായിരിക്കുകയാണ്. അവർക്കുള്ള പദ്ധതികളിൽ യാതൊരു വളർച്ചയുമില്ല. ആ കുറവുള്ള പദ്ധതികളിലാണ് സർക്കാർ ഇത്രയും ഭീമമായ വെട്ടിക്കുറവ് നടത്തിയിരിക്കുന്നത്. ഇതിനെത്തുടർന്ന് ഈ സർക്കാർ നടത്തിയ ചില ന്യായീകരണങ്ങൾ കേട്ടാൽ ഞെട്ടിപ്പോകും. കിഫ്ബിയെക്കുറിച്ച് വകുപ്പുമന്ത്രിയും ധനകാര്യ വകുപ്പുമന്ത്രിയും അങ്ങനെ സംസാരിക്കാൻ പാടില്ലായിരുന്നു. റോഡ് ഉണ്ടാക്കുന്നില്ലേ; റോഡിലൂടെ എല്ലാവരും പോകുന്നില്ലേ; പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരും റോഡിലൂടെ പോകുന്നില്ലേ; ആശുപത്രി ഉണ്ടാക്കുന്നില്ലേ; ആശുപത്രിയിൽ പട്ടികജാതി വിഭാഗക്കാർ പോകുന്നില്ലേ; സ്കൂൾ ഉണ്ടാക്കുന്നുണ്ട്; സ്കൂളിൽ പട്ടികജാതി വിഭാഗക്കാർ പോകുന്നില്ലേ എന്നൊക്കെയാണ് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ ചോദിച്ചത്. ഈ ലോജിക്കാണെങ്കിൽ എസ്.സി.പി. പദ്ധതിയും ടി.എസ്.പി. പദ്ധതിയും സംസ്ഥാനത്തുണ്ടാകാൻ പാടില്ല. “You have to provide 10% allocation for

the SC community and 2% for the ST community." It is the Constitutional obligation; so you have to do that. എന്നാൽപ്പിന്നെ ഈ പദ്ധതികളൊന്നും വേണ്ടല്ലോ; പൊതുവായി എല്ലായിടത്തും എസ്.സി./എസ്.റ്റി. വിഭാഗക്കാർ പോകുന്നുണ്ടല്ലോ. അവർക്കുവേണ്ടി ഇയർമാർക്ക് ചെയ്ത പ്രത്യേക പ്രോജക്ടാണ് വേണ്ടത്. അല്ലെങ്കിൽപിന്നെ ഇങ്ങനെയൊരു വകുപ്പിന്റെ ആവശ്യമില്ലല്ലോ. പട്ടികജാതി വിഭാഗക്കാർക്കുവേണ്ടി നടപ്പാക്കിയ പദ്ധതികളെപ്പറ്റി ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇന്നലെ സഭയിൽ വിശദീകരിച്ചു. കിഫ്ബിയുടെ ഓരോ വിഭാഗത്തിലുമുള്ള ചെലവുകളെ സംബന്ധിച്ച് ധനകാര്യ വകുപ്പുമന്ത്രി 15-10-2024-ന് ശ്രീ. എം. വിജിൻ എം.എൽ.എ.-യ്ക്ക് കൊടുത്ത ഉത്തരം വായിക്കാം. 'നാളിതുവരെ കിഫ്ബിയിലൂടെ ആകെ 29,774 കോടി രൂപ സർക്കാർ ചെലവാക്കി. ഏകദേശം 30,000 കോടി രൂപ. എന്നാൽ, ടി തുകയിൽ എസ്.സി./എസ്.ടി. വിഭാഗക്കാർക്കുവേണ്ടി ചെലവാക്കിയത് ആകെ 81 കോടി രൂപയാണ്.' ഇത് ഏത് പണമാണ് എന്നതാണ് എന്റെ ചോദ്യം. ഇത് കൺസോളിഡേറ്റഡ് ഫണ്ടിൽനിന്ന് കിഫ്ബിയിലേയ്ക്ക് ഷിഫ്റ്റ് ചെയ്ത പണമാണ്. കിഫ്ബിയില്ലായിരുന്നെങ്കിൽ

കൺസോളിഡേറ്റഡ് ഫണ്ടിൽ ആ തുക ഉണ്ടാകുമായിരുന്നോ? 30,000 കോടി രൂപയുടെ 10 ശതമാനം (3,000 കോടി രൂപ) എസ്.സി. വിഭാഗത്തിന് ഉറപ്പായും കിട്ടുമായിരുന്നില്ലേ; അതെ, ഉറപ്പായും ലഭിക്കുമായിരുന്നു. എന്നാൽ ടി തുക കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്നും കിഫ്ബിയിലേയ്ക്ക് മാറ്റി. കാരണം, കൺസോളിഡേറ്റഡ് ഫണ്ടിൽനിന്ന് 20,000/- കോടി രൂപയാണ് നാളിതുവരെ സർക്കാർ മാറ്റിയത്. എസ്.സി./എസ്.ടി. വിഭാഗങ്ങൾക്ക് 81 കോടി രൂപ അനുവദിച്ചു. 30000 കോടി രൂപയുടെ 10 ശതമാനം എന്നുപറയുമ്പോൾ 3000 കോടി രൂപ വരും. എന്നാൽ ഇരുകൂട്ടർക്കുമായി 12 ശതമാനം തുകയാണ് വകയിരുത്തേണ്ടത്. സർക്കാർ പറയുന്നത്, പൊതുവായി പണിത ആശുപത്രിയിൽ അവർ പൊയ്ക്കോട്ടെ, പുതുതായി പണിത സ്കൂളിൽ അവർ കയറിക്കോട്ടെ എന്നൊക്കെയാണ്. ഇത് പറയുന്നതിലുള്ള ന്യായമെന്താണ്? പ്ലാൻ എക്സ്പെൻഡിച്ചർ സംബന്ധിച്ച ലേ ഔട്ട് ഉണ്ടല്ലോ; എന്റെ ഓഫീസിൽനിന്ന് ഞാൻ ഇപ്പോൾ എടുപ്പിച്ചതാണ്. ഇത് എല്ലാ അംഗങ്ങൾക്കും ലഭിക്കുന്നതാണ്. 100 ശതമാനം സംസ്ഥാന പദ്ധതിയായ Housing scheme for the homeless ST's under Life Mission-

നവേണ്ടി 140 കോടി രൂപയാണ് വകയിരുത്തിയിരിക്കുന്നത്. ഇന്ന് ഫെബ്രുവരി 13-ാം തീയതിയാണ്. ഇനി ഒന്നര മാസമേയുള്ളൂ. 140 കോടി രൂപയുടെ എക്സ്പെൻഡിച്ചർ എത്രയാണെന്ന് അറിയാമോ; 'വട്ടപ്പൂജ്യം'. ഒരു രൂപപോലും ചെലവാക്കിയിട്ടില്ല. എസ്.ടി. വിഭാഗക്കാർക്കുള്ള ഹൗസിംഗ് സ്കീമിനായി 140 കോടി രൂപ വകയിരുത്തിയിട്ട് ഇനി ഒന്നരമാസം മാത്രം ബാക്കിയുള്ളപ്പോൾ ഒരു പൈസപോലും ചെലവാക്കിയിട്ടില്ല. ഇത് സർക്കാർ രേഖയാണ്. ഇതൊക്കെ നിലനിൽക്കുമ്പോഴാണ് പ്രതിപക്ഷം ഇക്കാര്യങ്ങളൊന്നും സഭയിൽ പറയാൻ പാടില്ലെന്ന് പറയുന്നത്. ഈ മന്ത്രിസഭയിൽ ഒരു എസ്.ടി. മന്ത്രി മാത്രമല്ലേയുള്ളൂ; എസ്.സി. വിഭാഗത്തിൽ നിന്നൊരു മന്ത്രിപോലുമില്ല. കർണ്ണാടകയെക്കുറിച്ച് പറയാം, അവിടത്തെ ആഭ്യന്തര വകുപ്പുമന്ത്രി ഡോ. ജി. പരമേശ്വര പട്ടികജാതി വിഭാഗക്കാരനാണ്, പി.ഡബ്ല്യൂ.ഡി. വകുപ്പുമന്ത്രി പട്ടികവർഗ്ഗക്കാരനായ ശ്രീ. സതീഷ് ജാർക്കൊളി; സിവിൽ സപ്ലൈസ് വകുപ്പുമന്ത്രി ശ്രീ. എസ്. കെ. എം. മുനിയപ്പ; പട്ടികജാതി വകുപ്പിന് വേറൊരു മന്ത്രികൂടിയുണ്ട് ശ്രീ. എച്ച്. സി. മഹാദേവപ്പ. മൊത്തം നാല് മന്ത്രിമാർ. അവിടെയൊക്കെ പ്രോജക്ടും മറ്റ്

കാര്യങ്ങളുമൊക്കെ നടക്കുന്നുണ്ട്. ഇതൊക്കെ സഭയിൽ പറയുമ്പോൾ ശ്രദ്ധിക്കണം. നിങ്ങൾ ഇക്കാര്യത്തെക്കുറിച്ച് പറഞ്ഞതുകൊണ്ടു മാത്രം ഞാൻ പറഞ്ഞതാണ്. ഭവനരഹിതരായ പട്ടികജാതി വിഭാഗക്കാർക്ക് ലൈഫ് മിഷൻ പദ്ധതിവഴി നടപ്പാക്കുന്ന പദ്ധതി വിഹിതം 300 കോടി രൂപയിൽനിന്ന് 120 കോടി രൂപയാക്കി; ഏകദേശം 60 ശതമാനം വെട്ടിക്കുറവ് വരുത്തി. ഓരോ പ്രോജക്ടിനെക്കുറിച്ചും സൂചിപ്പിക്കാനുള്ള സമയക്കുറവുമൂലം ഞാൻ വായിക്കുന്നില്ല. പട്ടികജാതി വിഭാഗത്തിൽപ്പെട്ട പെൺകുട്ടികളുടെ വിദ്യാഭ്യാസം, കഴിവുകൾ, സാമൂഹ്യനിലവാരം എന്നിവ മെച്ചപ്പെടുത്താനുള്ള ഇൻഷ്വറൻസ് പദ്ധതിയായ 'വാത്സല്യ നിധി' ക്ക് 10 കോടി രൂപയായിരുന്ന ബജറ്റ് വിഹിതം. ഈ പദ്ധതിക്ക് ഒരു രൂപപോലും കൊടുക്കണ്ടെന്നാണ് സർക്കാരിന്റെ പുതിയ തീരുമാനം. വാത്സല്യനിധിയോട് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി കാണിച്ച വാത്സല്യമാണിത്. 10 കോടി രൂപയുടെ പദ്ധതി, ദയാരഹിതമായി ഒരു വാത്സല്യവുമില്ലാതെ മുഴുവൻ തുകയും വെട്ടിക്കുറച്ചു.

<u>മി. സ്പീക്കർ</u>: ഒമ്പത് മിനിറ്റ് കഴിഞ്ഞു...പ്ലീസ്....പ്ലീസ്

ശ്രീ. വി. ഡി. സതീശൻ: സർ, യു.ഡി.എഫ്. സർക്കാരിന്റെ കാലത്തും കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്തുമൊക്കെ കുട്ടികൾക്ക് വിദേശത്ത് പഠിക്കാൻ സ്കോളർഷിപ്പ് കൊടുക്കുമായിരുന്നു. ആകാശത്തേയ്ക്ക് നോക്കി ഏവിയേഷൻ പദ്ധതിയെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ചു. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയും അക്കാര്യം സൂചിപ്പിച്ചത് നന്നായി; കാരണം, 'വിങ്സ്' പദ്ധതിക്കായി വകയിരുത്തിയിരുന്ന രണ്ടുകോടി രൂപയുടെ വിഹിതം ഒരു കോടി രൂപയാക്കി വെട്ടിക്കുറച്ച ആളാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി. ഇതുമായി ബന്ധപ്പെട്ട് വെട്ടിക്കുറവ് വരുത്തിയ ഓരോ പ്രോജക്ടിനെയും കുറിച്ചുള്ള പ്രധാനപ്പെട്ട കാര്യങ്ങൾ പറയാം.

മി. സ്പീക്കർ: ഏതാണ്ട് എല്ലാ കാര്യങ്ങളും പറഞ്ഞു.

ശ്രീ. വി. ഡി. സതീശൻ: സർ, സർക്കാരിന്റെ വിവിധ പദ്ധതികളിലെ പ്ലാൻ പ്രോഗ്രസ്സിനെക്കുറിച്ച് പറയാം. ഓരോന്നിന്റെയും പ്ലാൻ എക്സ്പെൻഡിച്ചർ എത്രയാണെന്ന് പറയാം. House to homeless; completion of partially constructed house; improvement of dilapidated households-

14%, Financial Assistance for Marriage of SC Girls- 39%, Assistance for Education to SC students-67%, Training & Employment-56%, Valsalayanidhi-0, Working women's hostel for Scheduled Caste-0, Ambedkar Village Development-39%, Healthcare-42%, Empowerment societies for SC youth-0%, Housing scheme for homeless SC's under Life Mission-30%. ഇപ്രകാരം പ്ലാൻ ഫണ്ട് പൂർണ്ണമായി വെട്ടിക്കുറിച്ചിരിക്കുന്നു.

മി. സ്പീക്കർ: പ്ലീസ്.. പ്ലീസ്...

ശ്രീ. വി. ഡി. സതീശൻ: സർ, അങ്ങ് എന്റെ പ്രസംഗം നിയന്ത്രിക്കുകയാണ്. ഞാൻ കൺക്ലൂഡ് ചെയ്യാം.

മി. സ്പീക്കർ: യെസ്... കൺക്ലൂഡ് ചെയ്താൽ മതി.

ശ്രീ. വി. ഡി. സതീശൻ: സർ, അത് ശരിയല്ല. വെറുതെ അങ്ങയുമായി വഴക്കിടാനുള്ള അവസരമുണ്ടാക്കരുത്. എനിക്കിത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. രണ്ട് മന്ത്രിമാരും ഇവിടെ മറുപടി പറഞ്ഞത് പ്രധാനപ്പെട്ട കാര്യങ്ങളാണ്.

മി. സ്പീക്കർ: യഥാർഥത്തിൽ രണ്ടാമത്തെ മന്ത്രി ബഹുമാനപ്പെട്ട

പ്രതിപക്ഷ നേതാവ് പറഞ്ഞതുകൊണ്ട് പറഞ്ഞതാണ്. അല്ലാതെ അദ്ദേഹം മറുപടി പറയാൻ തയ്യാറായതല്ല.

ശ്രീ. വി. ഡി. സതീശൻ: സർ, ഇപ്പോൾ കുട്ടികളുടെ സ്ഥിതിയെന്താണ്? C&AG (Comptroller and Auditor General of India) റിപ്പോർട്ടിൽ എന്താണ് പറഞ്ഞിരിക്കുന്നത്. സംസ്ഥാനത്തെ സർക്കാർ എയ്ഡഡ് ഹയർ സെക്കൻഡറി സ്കൂളുകളിലെ പട്ടിജാതി വിഭാഗത്തിലുള്ള എല്ലാ പോസ്റ്റ്മെട്രിക് വിദ്യാർഥികൾക്കും സ്കോളർഷിപ്പ് ലഭിക്കുന്നുണ്ടോയെന്ന് പരിശോധിക്കുന്നതിന് 2018-2022 അധ്യയന വർഷങ്ങളിലെ വിവരം ശേഖരിച്ചു. 19,379 വിദ്യാർഥികൾക്ക് 2018-2021 വരെയുള്ള അധ്യയന വർഷങ്ങളിൽ സ്കോളർഷിപ്പ് ലഭിച്ചിട്ടില്ലെന്ന് കണ്ടെത്തി. വയനാട് ജില്ലയിലടക്കം എത്ര വിദ്യാർഥികളുടെ ഡ്രോപ് ഔട്ട് ഉണ്ടാകുന്നുണ്ടെന്ന് ശ്രദ്ധിച്ചിട്ടുണ്ടോ? എല്ലാമാസവും കൊടുത്തുകൊണ്ടിരുന്ന ഹോസ്റ്റൽ ഫീസ്, ഇ-ഗ്രാന്റ്സ് എന്നിവ വർഷത്തിലൊരിക്കൽ കൊടുക്കാൻ തീരുമാനിച്ചു. ആ ഒരു വർഷത്തിൽ നിങ്ങൾക്കത് കൊടുക്കാൻ കഴിഞ്ഞില്ല. പിന്നീട് ഒരുമിച്ച് കൊടുക്കാമെന്ന് പറഞ്ഞു. ഈ വിഷയത്തിൽ എത്രപേർ പഠനം നിർത്തി

പോയിട്ടുണ്ടെന്ന് അറിയാമോ; ഇതുസംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ? എത്രപേർ പ്രൊഫഷണൽ കോളേജുകളിൽ/ ഹോസ്റ്റലുകളിൽ ഫീസ് കൊടുക്കാത്തതിന്റെ പേരിൽ അപമാനിക്കപ്പെടുന്നുവെന്ന് അന്വേഷിച്ചിട്ടുണ്ടോ; എന്താണ് നിങ്ങളുടെ പ്രയോറിറ്റി? പട്ടിജാതി-പട്ടികവർഗ്ഗ വിദ്യാർഥികളുടെ വിദ്യാഭ്യാസത്തിന്റെ കാര്യമല്ലേ, അവർ വളർന്നുവന്നിട്ടല്ലേ പിന്നാക്കാവസ്ഥ മാറ്റേണ്ടത്. അതിനുവേണ്ടിയല്ലേ നമ്മൾ ഇതെല്ലാം ചെയ്യുന്നത്. നമ്മൾ അവർക്ക് കൊടുക്കുന്ന ഔദാര്യമാണോ? ഈ പദ്ധതികളെല്ലാം കോൺസ്റ്റിറ്റ്യൂഷണൽ റിസർവേഷന്റെ ഭാഗമായി അവരെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിനുവേണ്ടി നമ്മൾ നൽകുന്ന സഹായങ്ങളാണ്. C&AG റിപ്പോർട്ടിലെ എത്രയോ ഭാഗങ്ങളിൽ 2018-ൽ കൊടുത്തിരിക്കുന്ന അപേക്ഷ 2022-വരെ ഓഫീസുകളിൽ പെൻഡിംഗിലുണ്ടെന്ന് വ്യക്തമാക്കുന്നുണ്ട്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ്, പ്ലീസ് കൺക്ലൂഡ്.....

ശ്രീ. വി. ഡി. സതീശൻ: സർ, അങ്ങ് എന്റെ പ്രസംഗം എന്തിനാണ് ഇങ്ങനെ കൺട്രോൾ ചെയ്യുന്നത്.

മി. സ്പീക്കർ: അങ്ങ് പറയുന്നതിൽ നിന്നും പിറകോട്ട് പോയതുകൊണ്ടാണ്. ഏറ്റവും കുറവ് വാക്കൗട്ട് സ്പീച്ച് നടത്തുന്നത് അങ്ങാണെന്ന് അങ്ങുതന്നെ ഫ്ലോറിൽ നിരവധി തവണ പറഞ്ഞിട്ടുണ്ട്. പ്ലീസ്... അതുകൊണ്ട് കൺക്ലൂഡ് ചെയ്യണമെന്നേയുള്ളൂ. 13 മിനിട്ടായി. (...ബഹളം...) (...ബഹളം...) യെസ്... യെസ്...കൺക്ലൂഡ് ചെയ്യൂ. (...ബഹളം...) ബഹുമാനപ്പെട്ട അംഗങ്ങൾ, അവിടെ ഇരിക്കൂ. പ്രതിപക്ഷ നേതാവ് കൺക്ലൂഡ് ചെയ്യട്ടെ. (...ബഹളം...)

ശ്രീ. വി. ഡി. സതീശൻ: സർ, ഒരു കാരണവശാലും ഇത് അനുവദിക്കില്ല. (...ബഹളം...). സഭ നടത്തിക്കൊണ്ട് പോകണോ വേണ്ടയോ എന്ന് അങ്ങ് തീരുമാനിക്കണം. എന്നെ തടസ്സപ്പെടുത്തി അങ്ങ് സഭ നടത്തിക്കൊണ്ട് പോകരുത്. (...ബഹളം...).... അത് നല്ലതല്ല.

മി. സ്പീക്കർ: ഞാൻ തടസ്സപ്പെടുത്തിയിട്ടില്ല. ഒൻപതാമത്തെ മിനിട്ടിൽ മാത്രമെ ഇടപെട്ടിട്ടുള്ളൂ... (...ബഹളം...) എല്ലാപേരും അവിടെ ഇരിക്കൂ... ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് സംസാരിച്ച് കൺക്ലൂഡ് ചെയ്യട്ടെ. Let him conclude please... യെസ്... (...ബഹളം...) വെറുതെ സമയം കളയരുത്.

ശ്രീ. വി. ഡി. സതീശൻ: സർ, അങ്ങാണ് എന്റെ പ്രസംഗം തടസ്സപ്പെടുത്തിയത്.

മി. സ്പീക്കർ: ഔദാര്യത്തിന്റെ പ്രശ്നമല്ല. Without any intervention from Chair, you spoke for 9 minutes.

ശ്രീ. വി. ഡി. സതീശൻ: സർ, അങ്ങയുടെ ഔദാര്യമല്ല. It's my right to speak here. I am on my legs; you cannot intervene.

മി. സ്പീക്കർ: ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് കൺക്ലൂഡ് ചെയ്യും. ശ്രീ. എം. വിൻസെന്റ്, ശ്രീ. ടി. സിദ്ദിഖ് സീറ്റിൽ പോയി ഇരിക്കൂ. (...ബഹളം...) അങ്ങയുടെ ടീമിനോട് സീറ്റുകളിൽ പോയി ഇരിക്കാൻ പറയൂ. ശ്രീ. ടി. സിദ്ദിഖ് അവിടെ പോയി ഇരിക്കൂ... (...ബഹളം...)

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, സഭയെ കൺട്രോൾ ചെയ്യുന്നതിന്റെ പേരിൽ ആദ്യമായാണ് സഭ ഇങ്ങനെ തടസ്സപ്പെടുത്തുന്നത്.

മി. സ്പീക്കർ: യെസ്... യെസ്... ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് അങ്ങയുടെ ടീമിനെ തിരിച്ചുവിളിക്കൂ .....(ബഹളം).... ബഹുമാനപ്പെട്ട

അംഗങ്ങൾ അവരവരുടെ സീറ്റിൽ പോയി ഇരിക്കൂ.

(പ്രതിപക്ഷ നേതാവിന്റെ പ്രസംഗം ഉപസംഹരിക്കണമെന്ന് ബഹുമാനപ്പെട്ട സ്പീക്കർ ആവർത്തിച്ച് ആവശ്യപ്പെട്ടതിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ സ്പീക്കറുടെ ഡയസിനുസമീപം വന്നുനിന്ന് ബാനറും പ്ലക്കാർഡുകളുമായി മുദ്രാവാക്യം വിളിച്ചുകൊണ്ട് സഭാനടപടികൾ തടസ്സപ്പെടുത്തിയതിനാൽ ബഹുമാനപ്പെട്ട സ്പീക്കർ കാര്യവിവരപ്പട്ടികയിലെ അടുത്ത നടപടിക്രമങ്ങളിലേയ്ക്ക് കടന്നു.)

മി. സ്പീക്കർ: ഓർഡർ.. ഓർഡർ... ശ്രദ്ധക്ഷണിക്കൽ (.....ബഹളം.....) ബഹുമാനപ്പെട്ട അംഗങ്ങൾ സീറ്റിൽ പോയി ഇരിക്കൂ..... സഭ ഓർഡറാകണം.... എല്ലാവരും ഹെഡ് ഫോൺ വയ്ക്കുക... പ്ലീസ്..... പ്ലീസ്..... (.....ബഹളം.....)

[11.01 AM]

IV. ശ്രദ്ധക്ഷണിക്കൽ

മലബാർ മേഖലയിലെ വിനോദസഞ്ചാര പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കൽ

ഡോ. കെ. ടി. ജലീൽ: സർ, നമ്മുടെ സംസ്ഥാനം ടൂറിസം വികസന

പാതയിലൂടെയാണ് മുന്നോട്ടുപൊയ്ക്കൊണ്ടിരിക്കുന്നത്. ഏതാണ്ട് രണ്ടേകാൽ കോടി ജനങ്ങളാണ് കഴിഞ്ഞ വർഷം നമ്മുടെ സംസ്ഥാനത്ത് ടൂറിസ്റ്റുകളായി എത്തിയത്. കോവിഡ് കാലത്തിനുശേഷം കേരളത്തിലേയ്ക്ക് വിവിധ സംസ്ഥാനങ്ങളിൽനിന്നും വിദേശത്തുനിന്നും വരുന്ന ടൂറിസ്റ്റുകളുടെ എണ്ണത്തിൽ ഏതാണ്ട് 30 ശതമാനം വർധനവാണ് ഉണ്ടായിരിക്കുന്നത്. എന്നാൽ സംസ്ഥാനത്ത് എത്തുന്ന ടൂറിസ്റ്റുകളിൽ കേവലം 10 ശതമാനത്തിൽ താഴെ ടൂറിസ്റ്റുകളാണ് മലബാറിൽ എത്തുന്നത്. കഴിഞ്ഞ കുറച്ച് വർഷങ്ങളായി ആ ദുഃസ്ഥിതിക്ക് പരിഹാരമുണ്ടായിട്ടുണ്ട്. കഴിഞ്ഞ നാലഞ്ചുവർഷത്തിനിടയിൽ മലബാറിലേക്കുള്ള ടൂറിസ്റ്റുകളുടെ ഒഴുക്കിൽ വലിയ വർധനവാണ് സംഭവിച്ചിരിക്കുന്നത്. മലബാറിലെ ടൂറിസം ഡെസ്റ്റിനേഷനുകളുടെ കാര്യത്തിൽ രണ്ടാം പിണറായി സർക്കാർ പ്രത്യേക താൽപര്യമെടുത്തതിന്റെ ഫലമായിട്ടാണ് ഇത്തരമൊരു വർധനവുണ്ടായത്. ഒന്നാം പിണറായി സർക്കാർ അതിനായി നല്ല ബാക്ക്ഗ്രൗണ്ട് സൃഷ്ടിച്ചിരുന്നു. അക്കാര്യത്തിൽ ബഹുമാന്യനായ ടൂറിസം വകുപ്പുമന്ത്രിയെ പ്രത്യേകം അഭിനന്ദിക്കുന്നു. കാസർഗോഡ് ജില്ലയിലെ ബേക്കൽ ബീച്ച്

ടൂറിസത്തിന്റെ ഭാഗമായി രണ്ട് seven-star ഹോട്ടലുകളാണ് സമീപകാലത്ത് തുടങ്ങിയത്; അതിലൊന്ന് നിർമ്മാണഘട്ടത്തിലാണ്. കണ്ണൂർ ജില്ലയിലെ മുഴപ്പിലങ്ങാടിയിൽ നാല് കിലോമീറ്റർ ദൂരംവരുന്ന ഡ്രൈവ്-ഇൻ-ബീച്ച് വികസനം, പയ്യാമ്പലം ബീച്ച്, അറക്കൽ കൊട്ടാരം എന്നീ ഡെസ്റ്റിനേഷനുകളൊക്കെ ടൂറിസ്റ്റുകളുടെ പ്രവാഹത്തിൽ വിജൃംഭിതമാകുകയാണ്. വയനാട് ജില്ലയിലെ ഇടക്കൽ ഗുഹ, പൂക്കോട് തടാകം, ബാണാസുര സാഗർ ഡാം, കുറുവാ ദ്വീപ്, കോഴിക്കോട് ജില്ലയിലെ കാപ്പാട് - ബേപ്പൂർ ബീച്ച് ടൂറിസം, പാലക്കാട് ജില്ലയിലെ നെല്ലിയാമ്പതി, മലമ്പുഴ, പറമ്പിക്കുളം, സൈലന്റ് വാലി, വെള്ളിയാംകല്ല് എന്നീ ടൂറിസം പദ്ധതികൾ, മലപ്പുറം ജില്ലയിലെ നിലമ്പൂർ തേക്ക് മ്യൂസിയം, പുറത്തൂർ പടിഞ്ഞാറേക്കര ബീച്ച് ടൂറിസം, പൊന്നാനി ബീച്ച് ടൂറിസവും നിള ടൂറിസവും, ചമ്രവട്ടം നിളയോര സ്നേഹപാത, കുറ്റിപ്പുറം നിളാതീര ടൂറിസം, ബിയ്യം കായൽ ടൂറിസം, തൃശ്ശൂർ ജില്ലയിലെ അതിരപ്പിള്ളി, പീച്ചി, വാഴാനി, ചാവക്കാട് ബീച്ച്, നാട്ടിക-സ്നേഹതീരം ബീച്ച്, കലശമല, അഴീക്കോട് ബീച്ച് എന്നിവയൊക്കെ വികസനത്തിന്റെ പാതയിലാണ്. മലബാറിലെ ഈ

ടൂറിസം ഡെസ്റ്റിനേഷനുകളിൽ ഇനിയും കൂടുതൽ വികസനങ്ങൾ വരുത്തേണ്ടതുണ്ട്. ലോകരാജ്യങ്ങളിൽ വ്യാപകമായി വളർന്നുകൊണ്ടിരിക്കുന്ന ലിറ്റററി ടൂറിസത്തിന് ഏറെ സാധ്യതയുള്ള സംസ്ഥാനം കേരളമാണ്. മലബാറും ഒട്ടും പിന്നിലല്ല. ലിറ്റററി ടൂറിസത്തിന്റെ അനന്ത സാധ്യതകൾ പ്രയോജനപ്പെടുത്തി സംസ്ഥാനത്തെയും മലബാറിനെയും ആ മേഖലയിൽ ഉയർത്തിക്കൊണ്ടുവരാനുള്ള ഇടപെടൽ ഉണ്ടാകണമെന്ന് ഞാൻ ഈ ശ്രദ്ധക്ഷണിക്കലിലൂടെ ഗവൺമെന്റിനോട് അഭ്യർഥിക്കുന്നു. (.....ബഹളം.....)

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, വിനോദസഞ്ചാര മേഖലയിൽ ലോക ഭൂപടത്തിൽ ചിരപ്രതിഷ്ഠ നേടാനുള്ള വൈവിധ്യങ്ങളായ പ്രവർത്തനങ്ങളാണ് കഴിഞ്ഞ എട്ടരവർഷമായി സംസ്ഥാനത്തെ ഇടതുമുന്നണി സർക്കാർ നടത്തിക്കൊണ്ടിരിക്കുന്നത്. കേരളത്തിലേക്ക് വരുന്ന സഞ്ചാരികളിൽ ചെറിയൊരു ശതമാനം മാത്രമാണ് മലബാറിലെ ടൂറിസം കേന്ദ്രങ്ങളിലേക്ക് വരുന്നത് എന്നത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. തൃശ്ശൂർ മുതൽ

കാസർഗോഡ് വരെയുള്ള ഏഴ് ജില്ലകളിൽ വെറും ആറ് ശതമാനം സഞ്ചാരികൾ മാത്രമാണ് വരുന്നതെന്നതാണ് ഏറ്റവും പ്രയാസകരമായ കാര്യം. അതിന് പല കാരണങ്ങളുണ്ട്; അവ പരിഹരിക്കാൻ സർക്കാർ എല്ലാ നിലയിലും ഇടപെട്ടതുകൊണ്ട് അതിന് ഫലം കണ്ടുകൊണ്ടിരിക്കുകയാണ്. മലബാറിലെ പ്രധാന ടൂറിസ്റ്റ് കേന്ദ്രമായ വയനാട് ജില്ല രൂപംകൊണ്ടതിന് ശേഷം ചരിത്ര റെക്കാർഡ് സൃഷ്ടിച്ചുകൊണ്ടാണ് ഈ വർഷം ടൂറിസ്റ്റുകൾ ഇവിടെയെത്തുന്നത് എന്ന സന്തോഷവിവരം ഈ സഭയെ അറിയിക്കുന്നു. മലബാർ കേന്ദ്രീകരിച്ച് നിരവധി ടൂറിസം പദ്ധതികൾ നടപ്പാക്കിവരുന്നുണ്ട്. മലബാറിൽ ടൂറിസം വികസിച്ചാൽ അതിന്റെ ഗുണഭോക്താവായി മാറാൻ പോകുന്നത് കേരളത്തിന്റെ ടൂറിസം മേഖലയാണ്. അക്കാര്യം മുൻനിർത്തിയുള്ള നിരവധി പദ്ധതികൾ ഈ മേഖലയിൽ നടപ്പാക്കിവരുന്നുണ്ട്. കേരള ചരിത്രത്തിലാദ്യമായി മലബാർ ടൂറിസത്തിനുവേണ്ടി ഒരു സംസ്ഥാന സർക്കാർ ബി2 ബി മീറ്റ് സംഘടിപ്പിച്ചത് ഈ വർഷമാണെന്ന് പ്രത്യേകം ചൂണ്ടിക്കാണിക്കുകയാണ്. മലബാർ ടൂറിസത്തിന്റെ വികസനത്തിനുവേണ്ടി ഒരു നോഡൽ ഓഫീസറെ

നിശ്ചയിച്ചതും ഈ ഗവൺമെന്റിന്റെ ഭരണകാലത്താണ്. വേട്ടക്കാർതന്നെ ഇരകൾക്കുവേണ്ടി വാദിക്കുന്ന ഈ കാലഘട്ടത്തിൽ വളരെ കൃത്യമായി മലബാറിലെ ടൂറിസത്തെ വികസിപ്പിച്ച് മുന്നോട്ടുകൊണ്ടുപോകുന്നതിന് എല്ലാവരെയും യോജിപ്പിച്ചുകൊണ്ടുള്ള എല്ലാ ശ്രമങ്ങളും സർക്കാർ നടത്തുന്നതാണ്. (...ബഹളം...) മുൻമന്ത്രിയായിരുന്ന ഡോ. കെ. ടി. ജലീൽ ഉന്നയിച്ച പ്രസക്തമായ ശ്രദ്ധക്ഷണിക്കലിനെ അതേ അർഥത്തിൽ മനസ്സിലാക്കിക്കൊണ്ട് സർക്കാർ മുന്നോട്ടുപോകുന്നതാണ്.

ഡോ. കെ. ടി. ജലീൽ: സർ, ലോകത്തിലെ ഏറ്റവും കൂടുതൽ ജനസംഖ്യയുള്ള നാലാമത്തെ രാജ്യമാണ് ഇന്തോനേഷ്യ. (.....ബഹളം....) ഒരുപക്ഷേ, പ്രകൃതിഭംഗി ഇത്രയധികം ടൂറിസ്റ്റ് ഡെസ്റ്റിനേഷനുകളാക്കി മാറ്റി അനന്തമായ ടൂറിസം സാധ്യതയെ പ്രയോജനപ്പെടുത്തുന്ന വേറെയൊരു രാജ്യമുണ്ടോ എന്ന് സംശയമാണ്. ഇന്തോനേഷ്യയിലെ എല്ലാ ദ്വീപുകളിലും ഇത്തരത്തിലുള്ള നിരവധി ടൂറിസം ഡെസ്റ്റിനേഷൻ കേന്ദ്രങ്ങൾ കാണാൻ സാധിക്കും. സമാനമായ രൂപത്തിൽ കേരളത്തിന്റെ പ്രകൃതിഭംഗിയും നമ്മുടെ പരമ്പരാഗതമായ തനത് കലാശൈലികളും പ്രയോജനപ്പെടുത്തുന്ന ടൂറിസ്റ്റ്

കേന്ദ്രങ്ങൾ നമ്മുടെ സംസ്ഥാനത്ത് വ്യാപകമായി സ്ഥാപിക്കുന്നതിനും അതുവഴി ടൂറിസ്റ്റുകളെ സംസ്ഥാനത്തേക്ക് ആകർഷിക്കുന്നതിനും ബഹുമാനപ്പെട്ട മന്ത്രിയുടെ ഭാഗത്തുനിന്നും പ്രത്യേക ഇടപെടലുണ്ടാകുമോ?

ശ്രീ. പി. എ. മുഹമ്മദ് റിയാസ്: സർ, തീർച്ചയായും അത്തരം പദ്ധതികൾ കഴിഞ്ഞ സർക്കാരും ഈ സർക്കാരും നടപ്പാക്കിവരുന്നുണ്ട്. ഗോത്രവർഗ സംസ്കാരം സഞ്ചാരികൾക്ക് അനുഭവവേദ്യമാക്കുന്നതിന് വയനാട് ജില്ലയിൽ ആരംഭിച്ച 'എൻ ഊര്' പദ്ധതി എൽ.ഡി.എഫ്. സർക്കാരിന്റെ സംഭാവനയാണ്. മുൻമന്ത്രി ശ്രീ. എ. കെ. ബാലനെയും ശ്രീ. കെ. രാധാകൃഷ്ണനെയും ഈ ഘട്ടത്തിൽ ഞാൻ ഓർക്കുന്നു. കളരിപ്പയറ്റിന് വളരെയധികം പ്രസക്തിയുള്ള ഒരു കാലഘട്ടമാണിത്. അതുപോലെ തെയ്യം, തിറ, മറ്റ് നാടൻ കലാരൂപങ്ങൾ, മലബാറിന്റേതായ തനതുരുചികൾ എന്നിവ സഞ്ചാരികൾക്ക് അനുഭവവേദ്യമാക്കാനുള്ള പ്രവർത്തനങ്ങളും എൽ.ഡി.എഫ്. സർക്കാരിന്റെ നേതൃത്വത്തിൽ നടപ്പാക്കിവരുന്നുണ്ട്. തുടർന്നും അവയെ ശക്തമായി മുന്നോട്ടുകൊണ്ടുപോകാനുള്ള എല്ലാ ശ്രമങ്ങളും സർക്കാർ നടത്തുന്നതാണ്. മറുപടിയുടെ ബാക്കിഭാഗം ഞാൻ

മേശപ്പുറത്തുവയ്ക്കുന്നു.+

(നോട്ടീസ് നൽകിയ അംഗം ശ്രീ. സജീവ് ജോസഫ് സീറ്റിലില്ലാതിരുന്നതിനാൽ രണ്ടാമത്തെ ശ്രദ്ധക്ഷണിക്കൽ അവതരിപ്പിക്കപ്പെട്ടില്ല.)

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രിമാർ സബ്മിഷനുകളുടെ മറുപടി മേശപ്പുറത്തുവച്ചാൽ മതിയാകും.

[11.09 AM]

V. സബ്മിഷൻ

(1) കല്ലട-പമ്പ ജലസേചന പദ്ധതികളുടെ കനാലുകളുടെ ശുചീകരണം

ശ്രീ. എം. എസ്. അരുൺ കുമാർ: സർ, മാവേലിക്കര കല്ലട-പമ്പ ജലസേചന പദ്ധതികളുടെ കനാലുകൾ അതത് വർഷം വൃത്തിയാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാനാകാത്ത സാഹചര്യമാണുള്ളത്. ആയതിനാൽ പ്രസ്തുത പ്രവൃത്തി പഞ്ചായത്തുകളെ ഏൽപിക്കുന്നതിനുള്ള നടപടി സ്വീകരിക്കാൻ സാധിക്കുമോ; കെ.ഐ.പി. കനാലിനായി വർഷങ്ങൾക്കു മുമ്പേ ഭൂമി ഏറ്റെടുത്തെങ്കിലും അതിന്റെ

+ അനുബന്ധം 4

പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. പ്രസ്തുത പ്രവൃത്തി പൂർത്തീകരിച്ചാൽ താമരക്കുളം, ചുനക്കര, കായംകുളം എന്നീ നിയോജകമണ്ഡലങ്ങളിലെ കുടിവെള്ള പ്രശ്നം പരിഹരിക്കാൻ കഴിയും. അതിനാൽ കെ.ഐ.പി. കനാൽ നിർമ്മാണം പൂർത്തീകരിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, ഇത് പ്രധാനപ്പെട്ട വിഷയമായതിനാൽ പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കും. വിശദമായ മറുപടി മേശപ്പുറത്തുവയ്ക്കുന്നു.+

(2) കുളങ്ങാട്ടുകുഴി പ്രദേശത്ത് കണ്ട കടുവയെ പിടികൂടുന്നത് സംബന്ധിച്ച്

ശ്രീ. ആന്റണി ജോൺ: സർ, കോതമംഗലം നിയോജകമണ്ഡലത്തിലെ കുളങ്ങാട്ടുകുഴി പ്രദേശത്തും സമീപത്തും കടുവയെ കണ്ടതിനെത്തുടർന്ന് കഴിഞ്ഞ ഒരാഴ്ചയിലേറെയായി ആ പ്രദേശത്തെ ജനങ്ങൾ ഭീതിയിലും ഭയപ്പാടിലുമാണ് ജീവിക്കുന്നത്. കുളങ്ങാട്ടുകുഴിയിലിറങ്ങിയ കടുവയെക്കാൾ ഭീകരമാണ് പ്രതിപക്ഷം സഭയിൽ ഇപ്പോൾ കാണിച്ചുകൊണ്ടിരിക്കുന്നത്. ഒരാഴ്ചയിലേറെയായി ആ നാട്ടിൽ ലോക്ക്ഡൗണിന് സമാനമായ സാഹചര്യമാണുള്ളത്. ജനങ്ങൾ രാപകൽ വ്യത്യാസമില്ലാതെ

+ അനുബന്ധം 5

പുറത്തിറങ്ങാൻ കഴിയാത്ത സാഹചര്യത്തിൽ മുന്നോട്ടുപോകുകയാണ്. അതിനാൽ അടിയന്തരമായി അവിടെയിറങ്ങിയ കടുവയെ കൂടുവച്ച് പിടിക്കൂടുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, പ്രസ്തുത സബ്മിഷനുള്ള മറുപടി ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.+

(3) വടക്കാഞ്ചേരി-മച്ചാട് മേഖലകളിൽ ഫെൻസിങും അകമല ഫോറസ്റ്റ് സ്റ്റേഷൻ പുനഃസ്ഥാപിക്കലും

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: സർ, കുതിരാൻ തുരങ്കപാത യാഥാർഥ്യമായതോടെ കുറച്ചുകാലമായി വടക്കാഞ്ചേരി മണ്ഡലത്തിലെ മച്ചാട് വനമേഖലകളിൽ ആനകളുടെ സാന്നിധ്യം നിലനിൽക്കുകയാണ്. തെക്കുംകര പഞ്ചായത്തിലെയും വടക്കാഞ്ചേരി മുനിസിപ്പൽ അതിർത്തിയിലെയും വിവിധ ഭാഗങ്ങളിൽ ആന നിരന്തരമായി ജനവാസ മേഖലകളിലേക്ക് ഇറങ്ങുകയും കൃഷി നശിപ്പിക്കുകയും ചെയ്യുന്നു. കാട്ടാനകൾ ഉത്രാളിക്കാവ് അമ്പലത്തിലും ശാസ്താവ് ക്ഷേത്രത്തിനുമടുത്ത് റെയിൽവെ ലൈൻവരെ എത്തിയിരിക്കുന്നത് വലിയ അപകടമുണ്ടാക്കുന്ന സാഹചര്യമാണ്. അതുകൊണ്ട് റെയിൽവെയുടെ പ്രത്യേക പദ്ധതി നടപ്പാക്കണം. ഈ

+ അനുബന്ധം 5

മേഖലയിലുണ്ടായിരുന്ന അകമല ഫോറസ്റ്റ് സ്റ്റേഷൻ നിർത്തലാക്കിയ സാഹചര്യത്തിൽ അത് പുനഃസ്ഥാപിക്കാനും റാപ്പിഡ് റെസ്പോൺസ് ടീമിന്റെ സേവനം ലഭ്യമാക്കാനും നടപടി സ്വീകരിക്കണം.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, പ്രസ്തുത സബ്മിഷനുള്ള മറുപടി ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.+

(4) കുട്ടനാട് മേഖലയിലെ കൃഷിനാശം

ശ്രീ. എച്ച്. സലാം: സർ, ആലപ്പുഴ ജില്ലയിലെ നെൽക്കൃഷി മേഖല ഓരുവെള്ള ഭീഷണിയിലാണ്. ഏതാണ്ട് 60 ശതമാനത്തോളം നെൽക്കൃഷി നഷ്ടമാകുന്ന സാഹചര്യമാണുള്ളത്. കഴിഞ്ഞവർഷം 122828 ടൺ നെല്ല് സംഭരിച്ചുവെങ്കിൽ ഇപ്രാവശ്യം പകുതിയിലധികവും നഷ്ടപ്പെട്ടുപോകുന്ന സാഹചര്യമാണുള്ളത്. കുട്ടനാടിനെ സംബന്ധിച്ചിടത്തോളം വാട്ടർ മാനേജ്മെന്റിന് വളരെയധികം പ്രാധാന്യമുണ്ട്. തോട്ടപ്പള്ളി സ്പിൽവേയും തണ്ണീർമുക്കം ബണ്ടും പ്രധാനപ്പെട്ട പദ്ധതികളാണ്. തോട്ടപ്പള്ളി സ്പിൽവേയിലെ ഷട്ടർ ഓവർഫ്ലോ ചെയ്ത് ഉപ്പുവെള്ളം കയറുന്ന സാഹചര്യം ഇടയ്ക്കിടയ്ക്ക് ഉണ്ടാകുന്നതിനാൽ അടിയന്തരമായി ഈ പ്രശ്നം

+ അനുബന്ധം 5

പരിഹരിക്കാനുള്ള നിലപാട് ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകണം. മണിയാർ ഡാമിൽ ഉപ്പുവെള്ളം കയറുന്നതിന് ശമനമുണ്ടാക്കാനും നല്ല വെള്ളം കയറ്റാനും ആവശ്യമായ നടപടി സ്വീകരിക്കണം.

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): സർ, കേരളത്തിലെ ഏറ്റവും സുപ്രധാനമായ ഒരു പ്രശ്നത്തെ സംബന്ധിച്ച് സഭയിൽ സംസാരിക്കുമ്പോൾ പ്രതിപക്ഷം വളരെ നേരത്തെതന്നെ തയ്യാറാക്കിക്കൊണ്ടുവന്ന അജണ്ടയുടെ ഭാഗമായാണ് ഇവിടെ പ്രതിഷേധം നടത്തുന്നത്. ഈ പ്ലക്കാർഡുകളെല്ലാം ഇന്നലെത്തന്നെ തയ്യാറാക്കിയെന്നുള്ളത് അതിനുള്ള തെളിവാണ്. ഈ സഭയിൽ കേരളത്തിന്റെ ഗൗരവമായ അടിസ്ഥാന പ്രശ്നങ്ങൾ ഉന്നയിക്കുന്നത് തടസ്സപ്പെടുത്തുന്ന രീതി അങ്ങേയറ്റം പ്രതിഷേധാർഹമാണ്.

കുട്ടനാടിനെ സംരക്ഷിക്കാനുള്ള നിലപാട് സർക്കാർ സ്വീകരിച്ചിട്ടുണ്ട്. അതിനായി ബഹുമാനപ്പെട്ട മന്ത്രിമാർ പ്രത്യേകം യോഗം ചേർന്നിട്ടുണ്ട്. ഓരുവെള്ളക്കയറ്റത്തിന്റെ ഭീഷണി തടയുന്നതിന് ഡാമിൽനിന്നും വെള്ളം എത്തിക്കാനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. വിശദമായ മറുപടി ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.+

+ അനുബന്ധം 5

(5) രജിസ്ട്രേഷനും ലൈസൻസും ആവശ്യമില്ലാത്ത വൈദ്യുതി സ്കൂട്ടറുകൾ

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ബാറ്ററി ഓപ്പറേറ്റഡ് വെഹിക്കിൾ എന്ന പുതിയ വാഹനം റോഡിലിറങ്ങിയതിനെത്തുടർന്നുള്ള ചില വിഷയങ്ങളാണ് ശ്രദ്ധയിൽപ്പെടുത്തുന്നത്. ചെറിയ കുട്ടികൾക്ക് ടി വാഹനം ഓടിക്കുന്നതിന് ലൈസൻസ് ആവശ്യമില്ല. 250 വാട്ട്സിനുതാഴെ ശേഷിയുള്ള 25 km/h താഴെയുള്ള ഇലക്ട്രിക്കൽ സ്കൂട്ടറാണിത്. ഇതിൽ കുട്ടികൾ യഥേഷ്ടം സഞ്ചരിക്കുന്നു. അവർക്ക് ലൈസൻസോ പെർമിറ്റോ ആവശ്യമില്ല. ഇതിന് ഇൻഷ്വറൻസില്ല. ധാരാളം കുട്ടികൾ ഇത് ഉപയോഗിക്കുന്നതിന്റെ ഫലമായി റോഡിൽ കൂടുതൽ അപകടങ്ങളുണ്ടാകുന്നു. ഇത്തരം അപകടങ്ങൾ നിയന്ത്രിക്കുന്നതിന് നടപടി സ്വീകരിക്കണം.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. കെ. ബി. ഗണേഷ് കുമാർ): സർ, വളരെ പ്രധാനപ്പെട്ട വിഷയമാണ് ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചത്. കേന്ദ്ര ഗവൺമെന്റാണ് ഇതുമായി ബന്ധപ്പെട്ട നിയമത്തിൽ ഭേദഗതി വരുത്തേണ്ടത്. മറ്റ് രാജ്യങ്ങളിൽ നടപ്പാതയിലോടിക്കുന്ന വാഹനമാണിത്. ഇവ മെയിൻ റോഡിൽ ഓടിക്കാൻ അനുവാദം കൊടുക്കുന്നത് തെറ്റാണ്.

ഈ വിഷയം കേന്ദ്ര ഉപരിതല ഗതാഗത വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്താം. വിശദമായ മറുപടി ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.+

(6) ചങ്ങനാശ്ശേരി കെ.എസ്.ആർ.ടി.സി. ഡിപ്പോയിലെ ബസ് സർവീസുകൾ പുനരാരംഭിക്കൽ

ശ്രീ. ജോബ് മൈക്കിൾ: സർ, ചങ്ങനാശ്ശേരി കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽനിന്ന് സർവീസ് നടത്തിയിരുന്ന നിരവധി ബസുകൾ പല കാരണങ്ങളാൽ സർവീസ് നിർത്തിവച്ചിരിക്കുകയാണ്. 25 വർഷത്തിലേറെയായി സർവീസ് നടത്തിയിരുന്ന ചങ്ങനാശ്ശേരി-വേളാങ്കണ്ണി സർവീസ് ഇന്ന് റദ്ദാക്കിയിരിക്കുന്നു. ഇതുകാരണം പ്രതിദിനം അമ്പതിനായിരത്തിലധികം രൂപയുടെ സർവീസ് നഷ്ടത്തിലായിരിക്കുകയാണ്. അതിനാൽ റദ്ദ് ചെയ്ത സർവ്വീസുകൾ പുനരാരംഭിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. കെ. ബി. ഗണേഷ് കുമാർ): സർ, വേളാങ്കണ്ണി ബസിനെക്കുറിച്ചാണ് ബഹുമാനപ്പെട്ട അംഗം പറഞ്ഞത്. പ്രസ്തുത ബസ് സർവീസ് നിർത്തലാക്കിയിട്ടില്ല. പക്ഷേ നഷ്ടമുള്ള ദിവസങ്ങളിൽ സർവീസ് നടത്തുന്നില്ല. റിസർവേഷൻപോലും ലഭിക്കാത്ത

+ അനുബന്ധം 5

ദിവസങ്ങളിലാണ് സർവീസ് നടത്താത്തത്. അതൊരു സൂപ്പർ ഡീലക്സ് ബസ്സാക്കി മാറ്റിയാണ് ഇപ്പോൾ സർവ്വീസ് നടത്തുന്നത്. ചങ്ങനാശ്ശേരിയിൽനിന്നുള്ള വാഹനങ്ങളൊന്നും വെട്ടിക്കുറച്ചിട്ടില്ല. കോവിഡിനുമുമ്പും ശേഷവും നഷ്ടമുണ്ടായ സാഹചര്യത്തിൽ സർവീസുകൾ വെട്ടിക്കുറച്ചതല്ലാതെ പുതുതായി ഒന്നും വെട്ടിക്കുറച്ചിട്ടില്ല. പുതിയ സർവീസുകൾ ആരംഭിക്കാൻ കഴിയുമോ എന്ന് പരിശോധന നടത്തിയശേഷം തീരുമാനമെടുക്കുന്നതാണ്. വിശദമായ മറുപടി ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.+

(7) കൃഷ്ണപുരം മാന്ത്രികുന്നേൽ റെയിൽവെ മേൽപ്പാലം

ശ്രീമതി യു. പ്രതിഭ: സർ, 2017-ൽ കിഫ്ബിയിലൂടെ അനുവാദം ലഭിച്ച കൃഷ്ണപുരം-മാന്ത്രികുന്നേൽ റെയിൽവെ ഓവർബ്രിഡ്ജ് നിർമ്മാണവുമായി ബന്ധപ്പെട്ട് നിരവധി പ്രോസസുകൾ നടത്തേണ്ടിവരികയും തുടർന്ന് 2024-ൽ ടെൻഡർ ക്ഷണിക്കുകയും ചെയ്തു. എന്നാൽ ടെൻഡർ ചെയ്തപ്പോൾ ഒരു ബിഡ്ഡർ മാത്രമാണ് പങ്കെടുത്തത്. അതുകൊണ്ടുതന്നെ ടെൻഡർ കമ്മിറ്റി ടെക്നിക്കൽ ബിഡ്ഡ് അംഗീകരിച്ചു. വളരെയധികം ഗൗരവമുള്ള

+ അനുബന്ധം 5

വിഷയമാണിത്. ഈ പ്രശ്നം പരിഹരിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്- വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, 'ലെവൽക്രോസില്ലാത്ത കേരളം' എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി കായംകുളത്തുള്ള കൃഷ്ണപുരം-മാന്പ്രകുന്നേൽ റെയിൽവെ മേൽപ്പാല നിർമ്മാണത്തിന് ഭരണാനുമതി നൽകിയിരുന്നു. കിഫ്ബി പദ്ധതിയിലുൾപ്പെട്ട ഈ ലെവൽക്രോസ് നിർമ്മാണത്തിന് കിഫ്ബി 31.211 കോടിരൂപ അനുവദിച്ചിട്ടുണ്ട്. ആർ.ഒ.ബി. നിർമ്മാണത്തിന് സ്വകാര്യ വ്യക്തികളിൽനിന്നും ആവശ്യമായ ഭൂമിയും ഏറ്റെടുത്തുകഴിഞ്ഞു.

06-02-2025-ൽ കൂടിയ കമ്മിറ്റിയുടെ ശിപാർശപ്രകാരം ടെൻഡറിന് അംഗീകാരം ലഭിക്കുന്ന നടപടികൾ ആർ.ബി.ഡി.സി.കെ. സ്വീകരിച്ചുവരുന്നുണ്ട്. അതിൽ എല്ലാ നിലയിലും സർക്കാർ ഇടപെടുന്നതാണ്. വിശദമായ മറുപടി ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.+

(സർവ്വശ്രീ. വി. ഡി. സതീശൻ, പി. സി. വിഷ്ണുനാഥ്, മോൻസ് ജോസഫ്, അൻവർ സാദത്ത്, ഡോ. എം. കെ. മുനീർ എന്നീ അംഗങ്ങൾ

+ അനുബന്ധം 5

സീറ്റിലില്ലാത്തതിനാൽ അവരുടെ സബ്മിഷനുകൾ അവതരിപ്പിക്കപ്പെട്ടില്ല.)

[11.16 AM]

VI. മേശപ്പുറത്തുവച്ച കടലാസുകൾ

I. മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്ത് വയ്ക്കുന്നു.

i. ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ:

ക്രമ നം.	എസ്.ആർ.ഒ. നമ്പർ	എസ്.ആർ.ഒ. നെയിം	വിജ്ഞാപനത്തിന്റെ		കാലതാമസ പത്രിക സഹിതമാണോയെന്ന്
			നമ്പർ	തീയതി	
1	921/2021	എസ്.ആർ.ഒ 619/2020 -ന്റെ ഭേദഗതി വിജ്ഞാപനം	സ.ഉ.(അച്ചടി)നം.78/2021/ആഭ്യന്തരം	10-12-2021	അതെ
2	456/2024	സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടറുടെ നിയമനം സംബന്ധിച്ച വിജ്ഞാപനം	ജി.ഒ.(ആർ.ടി.)നം.1413/2024/ഹോം	20-05-2024	അതെ
3	826/2024	കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവീസസ് (അമെന്റ്മെന്റ്) റൂൾസ്, 2024	ജി.ഒ. (പി)നം.3/2024/പി&എ.ആർ.ഡി.	21-08-2024	അല്ല
4	841/2024	കൊല്ലങ്കോട് പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 4/2017- ൽ എസ്.പി.പി.-യുടെ നിയമനം	ജി. ഒ. (ആർ.ടി) നം. 2780/2024/ഹോം	24-09-2024	അല്ല
5	875/2024	കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവീസസ് (2-ാം ഭേദഗതി) റൂൾസ്, 2024	ജി.ഒ. (പി)നം.6/2024/പി&എ.ആർ.ഡി.	23-09-2024	അല്ല
6	935/2024	ആറ്റിങ്ങലിലും നെയ്യാറ്റിൻകരയിലും സ്ഥാപിച്ചിട്ടുള്ള ഫാസ്റ്റ് ട്രാക്ക് സ്പെഷ്യൽ കോടതിയിൽ സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടർമാരെ നിയമിക്കുന്നത് സംബന്ധിച്ച വിജ്ഞാപനം	ജി.ഒ.(ആർടി.)നം.2979/2024/ഹോം	16-10-2024	അല്ല
7	976/2024	കോലഞ്ചേരി, പെരുമ്പാവൂർ മുൻസിഫ് കോടതികളുടെ സിവിൽ അധികാരപരിധി പുനർനിർണയിക്കുന്നത് സംബന്ധിച്ച വിജ്ഞാപനം	ജി.ഒ.(എംഎസ്)നം.224/2024/ഹോം	16-10-2024	അല്ല

8	977/2024	1985-ലെ നാർക്കോട്ടിക് ഡ്രഗ്സ് ആൻഡ് സൈക്കോട്രോപിക് സബ്സ്റ്റൻസസ് ആക്ട് പ്രകാരമുള്ള കേസുകളുടെ വിചാരണയ്ക്കായി സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടറെ നിയമിച്ചുകൊണ്ടുള്ള വിജ്ഞാപനം.	ജി.ഒ.(ആർ.ടി) നം. 3113/2024/ഹോം.	26-10-2024	അല്ല
9	1015/2024	ഫ്ലൈയിംഗ് സ്ക്വാഡുകളുടെയും സ്റ്റാറ്റിക് സർവൈലൻസ് ടീമിന്റെയും ടീം ലീഡർമാരെ എക്സിക്യൂട്ടീവ് മജിസ്ട്രേറ്റുമാരായി നിയമിക്കുന്നത് സംബന്ധിച്ച വിജ്ഞാപനം	ജി.ഒ. (എം.എസ്.)നം.239/2024/ഹോം.	06-11-2024	അല്ല
10	1016/2024	മകരവിളക്ക് ഉത്സവങ്ങളിൽ താൽക്കാലിക പോലീസ് സ്റ്റേഷനുകൾ തുറക്കുന്നത് സംബന്ധിച്ച വിജ്ഞാപനം	ജി.ഒ.(പി)നം.78/2024/ഹോം	06-11-2024	അല്ല
11	1024/2024	ജസ്റ്റിസ് (റിട്ട.) വി. കെ. മോഹനൻ അന്വേഷണ കമ്മീഷന്റെ കാലാവധി ദീർഘിപ്പിച്ചുകൊണ്ടുള്ള വിജ്ഞാപനം	ആഭ്യന്തരം-എസ്.എസ്.എ 2/67/2021-ആഭ്യന്തരം	08-11-2024	അല്ല
12	1025/2024	എസ്.ആർ.ഒ.നം.578/2023-മേലുള്ള ഭേദഗതി വിജ്ഞാപനം	ആഭ്യന്തരം-എസ്.എസ്.എ 2/58/2023-ആഭ്യന്തരം	08-11-2024	അല്ല
13	1029/2024	ഉപതെരഞ്ഞെടുപ്പിനായി സ്പെഷ്യൽ എക്സിക്യൂട്ടീവ് മജിസ്ട്രേറ്റിന്റെ നിയമനം സംബന്ധിച്ച വിജ്ഞാപനം	ജി.ഒ(ആർ.ടി)നം. 3331/2024/ഹോം	12-11-2024	അല്ല
14	1035/2024	കോഴിക്കോട് അഡീഷണൽ ഡിസ്ട്രിക്ട് ആൻഡ് സെഷൻസ് കോടതിയിൽ സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടറുടെ കാലാവധി സംബന്ധിച്ച് പുറപ്പെടുവിച്ച വിജ്ഞാപനം	ജി.ഒ.(ആർ.ടി.)നം.3343/2024/ഹോം	13-11-2024	അല്ല
15	1036/2024	കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവീസസ് (3-ാം ഭേദഗതി) റൂൾസ്, 2024	ജി.ഒ. (പി)നം.8/2024/പി&എ.ആർ.ഡി.	06-11-2024	അല്ല
16	1037/2024	ഫാസ്റ്റ് ട്രാക്ക് സ്പെഷ്യൽ കോടതിയിൽ സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടറുടെ നിയമനം സംബന്ധിച്ച വിജ്ഞാപനം	ജി.ഒ.(ആർ.ടി.)നം.3350/2024/ഹോം	14-11-2024	അല്ല
17	1047/2024	കൊല്ലം ഡിജിറ്റൽ കോടതിയിലെ സ്പെഷ്യൽ ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റിന്റെ നിയമനം സംബന്ധിച്ച വിജ്ഞാപനം	ജി.ഒ (എം.എസ്.)നം.241/2024/ഹോം	17-11-2024	അല്ല
18	1060/2024	എസ്.ആർ.ഒ.301/2021- മേലുള്ള തിരുത്തൽ പത്രിക	ജി.ഒ. (എം.എസ്.)നം.242/2024/ഹോം	17-11-2024	അല്ല
19	1094/2024	കോഴിക്കോട് സൈബർ പാർക്ക് എസ്റ്റേറ്റ് ഓഫീസറുടെ നിയമനം സംബന്ധിച്ച വിജ്ഞാപനം	ജി.ഒ(പി)നം.8/2024/ഐ.ടി.ഡി.	26-11-2024	അല്ല
20	1098/2024	മുനമ്പം നിവാസികളും വഖഫ് ബോർഡുമായി നിലനിൽക്കുന്ന	ആഭ്യന്തരം-എസ്.എസ്.എ 2/249/2024-	27-11-2024	അല്ല

		ഭൂമിതർക്കം പരിഹരിക്കുന്നതിനായി ജുഡീഷ്യൽ അന്വേഷണ കമ്മീഷനെ നിയമിക്കുന്നത് സംബന്ധിച്ച്	ആഭ്യന്തരം.		
21	1106/2024	മലപ്പുറം ജില്ലയിലെ മങ്കടയിലുള്ള കേരള സംസ്ഥാന വിദ്യുച്ഛക്തി ബോർഡ് ലിമിറ്റഡിന്റെ 110 കെ.വി. സബ് സ്റ്റേഷൻ നിരോധിത സ്ഥലമായി പ്രഖ്യാപിച്ചുകൊണ്ടുള്ള വിജ്ഞാപനം	ജി.ഒ.(എം.എസ്). നം.256/2024/ഹോം	28-11-2024	അല്ല
22	1107/2024	M/s. ശ്രീ വത്സ ഇന്റർനാഷണൽ പ്രൈവറ്റ് ലിമിറ്റഡിനെതിരെ അന്വേഷണം നടത്തുന്നതിന് ഡൽഹി പോലീസ് സ്പെഷ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് സെക്ഷൻ 6 പ്രകാരം അനുമതി നൽകുന്നത് സംബന്ധിച്ച വിജ്ഞാപനം	ജി.ഒ.(എം.എസ്.) നം.258/2024/ഹോം	28-11-2024	അല്ല
23	1108/2024	പരവൂർ പോലീസ് സ്റ്റേഷനിൽ ക്രൈം നം.711/2016- നായി സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടറെ നിയമിക്കുന്നത് സംബന്ധിച്ച വിജ്ഞാപനം	ജി.ഒ.(ആർ.ടി)നം.3560/2024/ഹോം	28-11-2024	അല്ല
24	1109/2024	വരാപ്പുഴ പോലീസ് സ്റ്റേഷനിൽ ക്രൈം നം.321/2018-നായി സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടറെ നിയമിക്കുന്നത് സംബന്ധിച്ച വിജ്ഞാപനം	ജി.ഒ(ആർ.ടി) നം.3562/2024/ഹോം	28-11-2024	അല്ല
25	1111/2024	നോർത്ത് പരവൂർ പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത ക്രൈം നമ്പർ 346/2011 കേസിൽ സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടറുടെ നിയമനം സംബന്ധിച്ച വിജ്ഞാപനം	ജി.ഒ.(ആർ.ടി.)നം.3563/2024/ഹോം	28-11-2024	അല്ല
26	1112/2024	ഇടുക്കി പോലീസ് സ്റ്റേഷനിലെ ക്രൈം നമ്പർ 37/2022 കേസിൽ സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടറുടെ നിയമനം സംബന്ധിച്ച വിജ്ഞാപനം	ജി.ഒ.(ആർ.ടി) നം.3564/2024/ഹോം	28-11-2024	അല്ല
27	1113/2024	സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടറായി ശ്രീ ടി. ഷാജിത്തിനെ നിയമിക്കുന്നത് സംബന്ധിച്ച വിജ്ഞാപനം	ജി.ഒ.(ആർ.ടി.)നം.3565/2024/ഹോം	28-11-2024	അല്ല
28	1114/2024	അടൂർ പോലീസ് സ്റ്റേഷനിൽ ക്രൈം നം.122/2015-നായി സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടറെ നിയമിക്കുന്നത് സംബന്ധിച്ച വിജ്ഞാപനം	ജി.ഒ.(ആർ.ടി)നം.3568/2024/ഹോം	28-11-2024	അല്ല
29	1125/2024	ആലത്തൂർ പോലീസ് സ്റ്റേഷനിൽ ക്രൈം നം.395/2019-നായി സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടറെ നിയമിക്കുന്നത് സംബന്ധിച്ച വിജ്ഞാപനം	ജി.ഒ(ആർ.ടി)നം.3593/2024/ഹോം	01-12-2024	അല്ല
30	1131/2024	ചാലക്കുടി പോലീസ് സ്റ്റേഷനിൽ ക്രൈം നം.284/2009-നായി സ്പെഷ്യൽ	ജി.ഒ(ആർ.ടി)നം. 3632/2024/ഹോം	05-12-2024	അല്ല

		പബ്ലിക് പ്രോസിക്യൂട്ടറെ നിയമിക്കുന്നത് സംബന്ധിച്ച വിജ്ഞാപനം			
31	1132/2024	എസ്.ആർ.ഒ. 20/2016-ന്മേലുള്ള ഭേദഗതി വിജ്ഞാപനം	ജി.ഒ.(പി)നം. 82/2024/ഹോം	05-12-2024	അല്ല
32	1135/2024	പൂറ്റിങ്ങൽ ദേവി ക്ഷേത്രത്തിലെ വെടിക്കെട്ട് ദുരന്തത്തിന്റെ വിചാരണയ്ക്കായി അഡീഷണൽ ഡിസ്ട്രിക്റ്റ് ആൻഡ് സെഷൻസ് കോടതിയുടെ അധികാരപരിധി നിശ്ചയിക്കുന്നത് സംബന്ധിച്ച്.	ജി.ഒ.(എംഎസ്)നം. 267/2024/ഹോം.	09-12-2024	അല്ല
33	1142/2024	സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടറുടെ നിയമനം സംബന്ധിച്ച വിജ്ഞാപനം	ജി.ഒ.(ആർ.ടി)നം.3723/2024/ഹോം	10-12-2024	അല്ല
34	1159/2024	ലോംഗ് റിച്ച് ട്രേഡിംഗ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിനെതിരെ അന്വേഷണത്തിനുള്ള അനുമതി നൽകിക്കൊണ്ടുള്ള വിജ്ഞാപനം	ജി.ഒ(പി)നം.83/2024/ഹോം	12-12-2024	അല്ല
35	1162/2024	ഡൽഹി സ്പെഷ്യൽ പോലീസ് എസ്റ്റാബ്ലിഷ്മെന്റ് ആക്ട്, 1946 സെക്ഷൻ 6 പ്രകാരമുള്ള വിജ്ഞാപനം	ജി.ഒ.(എം.എസ്.)നം. 270/2024/ഹോം.	13-12-2024	അല്ല
36	1163/2024	സ്പെഷ്യൽ റൂൾസ് ഫോർ ദി പേഴ്സണൽ സ്റ്റാഫ് ഓഫ് മിനിസ്റ്റേഴ്സ്, ദി ലീഡർ ഓഫ് ഒപ്പോസിഷൻ ആൻഡ് ദി ഗവൺമെന്റ് ചീഫ് വിപ്പ് (അമെന്റ്മെന്റ് റൂൾസ്), 2024	ജി.ഒ.(പി)നം.42/2024/ജി.എ.ഡി.	17-12-2024	അല്ല
37	1166/2024	കൊയിലാണ്ടി പോലീസ് സ്റ്റേഷനിലെ ക്രൈം നമ്പർ 186/2024 കേസിൽ സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടറുടെ നിയമനം സംബന്ധിച്ച വിജ്ഞാപനം	ജി.ഒ.(ആർ.ടി) നം.3793/2024/ഹോം	17-12-2024	അല്ല
38	1179/2024	കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവീസസ് റൂൾസ് (4-ാം ഭേദഗതി) ചട്ടങ്ങൾ, 2024	ജി.ഒ.(പി) നം.12/2024/പി&എആർഡി	09-12-2024	അല്ല
39	1185/2024	ബദിയടുക്ക പോലീസ് സ്റ്റേഷനിലെ ക്രൈം നമ്പർ 550/2023 കേസിൽ സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടറുടെ നിയമനം സംബന്ധിച്ച വിജ്ഞാപനം	ജി.ഒ.(ആർ.ടി) നം.3869/2024/ഹോം.	26-12-2024	അല്ല
40	15/2025	എസ്.ആർ.ഒ നമ്പർ 388/2010-ന്മേലുള്ള ഭേദഗതി വിജ്ഞാപനം സംബന്ധിച്ച്	ജി.ഒ.(പി)നം. 2/2025/ഹോം.	04-01-2025	അല്ല
41	17/2025	കാസർഗോഡ് സൈബർ ക്രൈം പോലീസ് സ്റ്റേഷൻ പ്രവർത്തനം പുതിയ കെട്ടിടത്തിലേക്ക് മാറ്റുന്നതിനുള്ള വിജ്ഞാപനം	ജി.ഒ.(പി) നം.3/2025/ഹോം.	05-01-2025	അല്ല
42	25/2025	മലപ്പുറം ജില്ലയിലെ സൈബർ പോലീസ് സ്റ്റേഷൻ പ്രവർത്തനം പുതിയ കെട്ടിടത്തിലേക്ക്	ജി.ഒ.(പി) നം. 4/2025/ഹോം.	06-01-2025	അല്ല

		മാറ്റുന്നതിനുള്ള വിജ്ഞാപനം			
43	32/2025	വാഴക്കാട് പോലീസ് സ്റ്റേഷനിലെ ക്രൈം നമ്പർ 196/2024 കേസിൽ സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടറുടെ നിയമനം സംബന്ധിച്ച വിജ്ഞാപനം	ജി.ഒ.(ആർ.ടി) നം.96/2025/ഹോം	08-01-2025	അല്ല
44	33/2025	തിരുവനന്തപുരം ജില്ലയിലെ പാറ്റൂരിലെ കേരള സംസ്ഥാന വിദ്യുച്ഛക്തി ബോർഡ് ലിമിറ്റഡിന്റെ 33 കെ.വി. കണ്ടെയ്നർ സബ്സ്റ്റേഷൻ നിരോധിത മേഖലയായി പ്രഖ്യാപിക്കുന്നത് സംബന്ധിച്ച വിജ്ഞാപനം	ജി.ഒ.(എം.എസ്.)നം.4/2025/ഹോം	08-01-2025	അല്ല
45	37/2025	ട്രാഫിക് പോലീസ് സ്റ്റേഷനെ പുനഃനാമകരണം ചെയ്യുകൊണ്ടുള്ള വിജ്ഞാപനം	ജി.ഒ.(പി)നം.5/2025/ഹോം.	07-01-2025	അല്ല
46	62/2025	വിരമിച്ച ജില്ലാ ജഡ്ജിമാരെ കുടുംബ കോടതി ജഡ്ജിമാരായി നിയമിക്കുന്നത് സംബന്ധിച്ച വിജ്ഞാപനം	ജി.ഒ.(എം.എസ്.)നം.6/2025/ഹോം	09-01-2025	അല്ല
47	64/2025	കുറ്റ്യാടി പോലീസ് സ്റ്റേഷനിലെ ക്രൈം നം.540/2023 കേസ്സിൽ സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടറുടെ നിയമനം സംബന്ധിച്ച വിജ്ഞാപനം	ജി.ഒ.(ആർ.ടി.)നം219/2025/ഹോം	22-01-2025	അല്ല
48	65/2025	സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടറുടെ നിയമനം സംബന്ധിച്ച വിജ്ഞാപനം	ജി.ഒ.(ആർ.ടി.)നം.223/2025/ഹോം	22-01-2025	അല്ല
49	102/2025	കാസർഗോഡ് അഡീഷണൽ ജില്ലാ & സെഷൻസ് (പോക്സോ) കോടതിയിലെ സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടറുടെ നിയമനം സംബന്ധിച്ച വിജ്ഞാപനം	ജി.ഒ.(ആർ.ടി.)നം.320/2025/ഹോം	30-01-2025	അല്ല
50	103/2025	കാസർഗോഡ് അഡീഷണൽ ജില്ലാ & സെഷൻസ് (പോക്സോ) കോടതിയിലെ സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടറുടെ നിയമനം സംബന്ധിച്ച വിജ്ഞാപനം	ജി.ഒ.(ആർ.ടി.)നം.319/2025/ഹോം	30-01-2025	അല്ല

II. ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു.

i. ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ:

ക്രമ			വിജ്ഞാപനത്തിന്റെ	കാലതാമസ

നം.	എസ്. ആർ.ഒ. നമ്പർ	എസ്.ആർ.ഒ. നെയിം	നമ്പർ	തീയതി	പത്രിക സഹിതമാണോയെന്ന്
1	726/2020	2020-ലെ കേരള ട്രഷറി (ഒന്നാമത് ഭേദഗതി) ചട്ടങ്ങൾ	സ.ഉ.(അച്ചടി)നം.89/2020/ധനം	01-07-2020	അതെ
2	127/2022	ട്രഷറി സേവിംഗ്സ് ബാങ്ക്, പെൻഷൻ ഇൻഫർമേഷൻ മാനേജ്മെന്റ് സിസ്റ്റം എന്നിവയിൽ ഉപഭോക്താക്കളെയും പെൻഷൻകാരെയും തിരിച്ചറിയുന്നതിനായി ആധാർ പ്രാമാണീകരണം ഉപയോഗിക്കുന്നതിന് ട്രഷറി വകുപ്പിന് അനുമതി നൽകികൊണ്ടുള്ള വിജ്ഞാപനം	എസ്.എൽ3/23/2020-ഫിൻ3	12-01-2022	അതെ
3	652/2022	എസ്.ആർ.ഒ.നം. 942/2019-ന്മേലുള്ള തിരുത്തൽ പത്രിക	സ.ഉ.(അച്ചടി)നം.72/2022/ധന.	24-06-2022	അതെ
4	724/2022	എസ്.ആർ.ഒ.നം.506/2021-ന്മേലുള്ള തിരുത്തൽ പത്രിക	ജി.ഒ.(പി)നം.84/2022/ഫിൻ	11-07-2022	അതെ
5	740/2022	2022-ലെ കേരള ട്രഷറി (ഒന്നാം ഭേദഗതി) ചട്ടങ്ങൾ	സ.ഉ.(അച്ചടി)നം.67/2022/ധന.	21-06-2022	അതെ
6	469/2024	മൺസൂൺ ബമ്പർ ലോട്ടറി 2024	ജി.ഒ.(പി)നം.73/2024/ടാക്സസ്	27-05-2024	അതെ
7	470/2024	മൺസൂൺ ബമ്പർ ലോട്ടറി- സമ്മാന ഘടന	ജി.ഒ.(പി)നം.74/2024/ടാക്സസ്	27-05-2024	അതെ
8	907/2024	എസ്.ആർ.ഒ.നം.360/2017-ന്റെ ഭേദഗതി വിജ്ഞാപനം	ജി.ഒ.(പി)നം.135/2024/ടി.ഡി.	09-10-2024	അല്ല
9	994/2024	ദ കേരള ഫുഡ്സ് ആൻഡ് സർവീസസ് ടാക്സ് (3-ാം അമെൻഡ്മെന്റ്) റൂൾസ്, 2024	ജി.ഒ.(പി)നം.151/2024/ടി.ഡി.	30-10-2024	അല്ല
10	995/2024	കേരള സ്റ്റേറ്റ് ഫുഡ്സ് ആന്റ് സർവ്വീസസ് ടാക്സ് ആക്ട്, 2017-ന്മേലുള്ള വിജ്ഞാപനം	ജി.ഒ.(പി)നം.152/2024/ടി.ഡി.	30-10-2024	അല്ല
11	996/2024	കേരള സ്റ്റേറ്റ് ഫുഡ്സ് ആന്റ് സർവ്വീസസ് ടാക്സ് ആക്ട്, 2017-ന്മേലുള്ള വിജ്ഞാപനം	ജി.ഒ.(പി)നം.153/2024/ടി.ഡി.	30-10-2024	അല്ല
12	997/2024	എസ്.ആർ.ഒ നം.666/2021-ന്മേലുള്ള ഭേദഗതി വിജ്ഞാപനം	ജി.ഒ.(പി) നം.154/2024/ടി.ഡി.	30-10-2024	അല്ല
13	1008/2024	കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടെയും വില്പനക്കാരുടെയും ക്ഷേമനിധി ബോർഡ് പുനഃസംഘടിപ്പിച്ചുകൊണ്ടുള്ള വിജ്ഞാപനത്തിന്റെ ഭേദഗതി വിജ്ഞാപനം	സ.ഉ.(പി) 158/2024/ടാക്സസ്	01-11-2024	അല്ല

14	1012/2024	എസ്.ആർ.ഒ. 911/2024-മേലുള്ള തിരുത്തൽ പത്രിക	ജി.ഒ.(പി)നം.159/2024/ടി.ഡി.	05-11-2024	അല്ല
15	1013/2024	എസ്.ആർ.ഒ. 912/2024-മേലുള്ള തിരുത്തൽ പത്രിക	ജി.ഒ.(പി)നം.160/2024/ടി.ഡി.	05-11-2024	അല്ല
16	1044/2024	എസ്.ആർ.ഒ.നം.1729/1993-ന്റെ ഭേദഗതി വിജ്ഞാപനം	ജി.ഒ.(പി)നം.166/2024/ടി.ഡി.	16-11-2024	അല്ല
17	1129/2024	ക്രിസ്തുമസ്- ന്യൂ ഇയർ ബമ്പർ ഭാഗ്യക്കുറി 2024-25	ജി.ഒ.(പി)നം.170/2024/ടാക്സ്സ്	04-11-2024	അല്ല
18	1150/2024	ക്രിസ്തുമസ്- ന്യൂ ഇയർ ബമ്പർ ഭാഗ്യക്കുറി 2024-25 സമ്മാനഘടന സംബന്ധിച്ച വിജ്ഞാപനം	ജി.ഒ.(പി)നം.173/2024/ടാക്സ്സ്	12-12-2024	അല്ല
19	1153/2024	എസ്.ആർ.ഒ.നം. 873/2024-മേലുള്ള ഭേദഗതി വിജ്ഞാപനം	ജി.ഒ.(പി) നം.174/2024/ടി.ഡി.	12-12-2024	അല്ല
20	14/2025	2025-ലെ കേരള സർവ്വീസ്(ഒന്നാം ഭേദഗതി) ചട്ടങ്ങൾ.	ജി.ഒ.(പി)നം. 1/2025/ഫിൻ	01-01-2025	അല്ല
21	53/2025	ഏകീകൃത സ്റ്റാമ്പ് ഡ്യൂട്ടി-എൽ.ഐ.സി., കോഴിക്കോട്	ജി.ഒ.(പി)നം.1/2025/ടാക്സ്സ്	14-01-2025	അല്ല
22	63/2025	ഏകീകൃത സ്റ്റാമ്പ് ഡ്യൂട്ടി-എൽ.ഐ.സി., തൃശ്ശൂർ	ജി.ഒ.(പി)നം.4/2025/ടാക്സ്സ്	21-01-2025	അല്ല
23	69/2025	ഏകീകൃത സ്റ്റാമ്പ് ഡ്യൂട്ടി-എൽ.ഐ.സി., കോഴിക്കോട്	ജി.ഒ.(പി)നം.5/2025/ടാക്സ്സ്	23-01-2025	അല്ല

ii. ചട്ടം 166 ബി പ്രകാരമുള്ള കടലാസുകൾ:

ക്രമ നം.	സ്ഥാപനത്തിന്റെ പേര്	റിപ്പോർട്ടിന്റെ		കാലതാമസ പത്രിക സഹിതമാണോ യെന്ന്
		വർഷം	പേര്	
1	കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് ലിമിറ്റഡ് (കെ.എസ്.എഫ്.ഇ.)	2021-2022	വാർഷിക റിപ്പോർട്ടും ആഡിറ്റ് റിപ്പോർട്ടും	അതെ
2	കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് ലിമിറ്റഡ് (കെ.എസ്.എഫ്.ഇ.)	2022-2023	വാർഷിക റിപ്പോർട്ടും ആഡിറ്റ് റിപ്പോർട്ടും	അതെ
3	കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്	2023-2024	സമാഹൃത ഓഡിറ്റ് റിപ്പോർട്ട്	അല്ല

III. റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു.

i. ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ:

ക്രമ നം.	എസ്. ആർ.ഒ. നമ്പർ	എസ്.ആർ.ഒ. നെയിം	വിജ്ഞാപനത്തിന്റെ		കാലതാമസ പത്രിക സഹിതമാണോയെന്ന്
			നമ്പർ	തീയതി	
1	806/2024	ദ റൈറ്റ് ടു ഫെയർ കോമ്പൻസേഷൻ ആന്റ് ട്രാൻസ്പാരൻസി ഇൻ ലാന്റ് അക്വിസിഷൻ, റീഹാബിലിറ്റേഷൻ, ആൻഡ് റീസെറ്റിൽമെന്റ് ആക്ട്, 2013-ലെ സെക്ഷൻ 4(1) പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപനം	ജി.ഒ.(പി) നം.204/2024/ആർ.ഡി.	09-09-2024	അല്ല
2	1006/2024	കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡിന്റെ ഔദ്യോഗിക അംഗമായി സർക്കാർ പ്രതിനിധിയെ നിയമിച്ചത് സംബന്ധിച്ച വിജ്ഞാപനം	ജി.ഒ.(എം.എസ്.) നം.14/2024/എച്ച്.എസ്.ജി.	02-11-2024	അല്ല
3	1007/2024	ദ റൈറ്റ് ടു ഫെയർ കോമ്പൻസേഷൻ ആന്റ് ട്രാൻസ്പാരൻസി ഇൻ ലാന്റ് അക്വിസിഷൻ, റീഹാബിലിറ്റേഷൻ ആൻഡ് റീസെറ്റിൽമെന്റ് ആക്ട് 2013 പ്രകാരമുള്ള വിജ്ഞാപനം	ജി.ഒ(പി) നം.259/2024/ആർ.ഡി.	25-10-2024	അല്ല
4	1148/2024	ദ റൈറ്റ് ടു ഫെയർ കോമ്പൻസേഷൻ ആന്റ് ട്രാൻസ്പാരൻസി ഇൻ ലാന്റ് അക്വിസിഷൻ, റീഹാബിലിറ്റേഷൻ ആൻഡ് റീസെറ്റിൽമെന്റ് ആക്ട് 2013 പ്രകാരമുള്ള വിജ്ഞാപനം	ജി.ഒ(പി) നം.304/2024/ആർ.ഡി.	04-12-2024	അല്ല
5	4/2025	മലപ്പുറം ജില്ലയിലെ നിറമരുതൂർ, താനൂർ, പരിയാപുരം വില്ലേജുകളിൽ സാമൂഹ്യ പ്രത്യാഘാത പഠന യൂണിറ്റിനെ നിയമിക്കുന്നത് സംബന്ധിച്ച വിജ്ഞാപനം	ജി.ഒ(പി) നം.336/2024/ആർ.ഡി.	31-12-2024	അല്ല
6	48/2025	കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ് ഔദ്യോഗിക അംഗ നിയമനം	ജി.ഒ.(എം.എസ്.) നം.1/2025/എച്ച്.എസ്.ജി.	13-01-2025	അല്ല
7	60/2025	വികസനത്തിനായി ഭൂമി ഏറ്റെടുക്കൽ സംബന്ധിച്ച വിജ്ഞാപനം	ജി.ഒ.(പി)നം.2/2025/ആർ.ഡി.	01-01-2025	അല്ല
8	93/2025	ആലപ്പുഴ തീരദേശ ഹൈവേ നിർമ്മാണത്തിനായി സ്ഥലമേറ്റെടുക്കലുമായി ബന്ധപ്പെട്ട് സാമൂഹ്യ പ്രത്യാഘാത പഠനം നടത്തുന്നത് സംബന്ധിച്ച വിജ്ഞാപനം	സ.ഉ.(അച്ചടി)നം.32/2025/റവ.	22-01-2025	അല്ല

IV. വൈദ്യുതി വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം ജലവിഭവ

വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്ത് വയ്ക്കുന്നു.

i. ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ:

ക്രമ നം.	എസ്.ആർ.ഒ. നമ്പർ	എസ്.ആർ.ഒ. നെയിം	വിജ്ഞാപനത്തിന്റെ		കാലതാമസ പത്രിക സഹിതമാണോയെന്ന്
			നമ്പർ	തീയതി	
1	927/2024	281/2013 നമ്പർ എസ്.ആർ.ഒ-യിന്മേലുള്ള ഭേദഗതി വിജ്ഞാപനം	ജി.ഒ.(പി)4/2024/പവർ	14-10-2024	അല്ല
2	1000/2024	എസ്.ആർ.ഒ നമ്പർ 360/2021-ന്മേലുള്ള ഭേദഗതി വിജ്ഞാപനം.	ജി.ഒ(പി) നം.5/2024/പവർ	26-10-2024	അല്ല
3	--	കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ (റിന്യൂവബിൾ എനർജി & നെറ്റ് മീറ്ററിംഗ്) (രണ്ടാം ഭേദഗതി)റെഗുലേഷൻസ് 2024	230/സി.ഒ.എൻ.ഇ. എൻ.ജി.ജി./2023/ കെ.എസ്.ഇ.ആർ.സി.	07-08-2024	അതെ

V. വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു.

i. ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ:

ക്രമ നം.	എസ്.ആർ.ഒ. നമ്പർ	എസ്.ആർ.ഒ. നെയിം	വിജ്ഞാപനത്തിന്റെ		കാലതാമസ പത്രിക സഹിതമാണോയെന്ന്
			നമ്പർ	തീയതി	
1	1154/2024	1986-ലെ കേരള വൃക്ഷ സംരക്ഷണ ആക്ടിലെ 5-ാം വകുപ്പ് പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപനം	സ.ഉ.(അച്ചടി)നമ്പർ 19/2024/വനം	24-10-2024	അല്ല
2	1195/2024	1986-ലെ കേരള വൃക്ഷ സംരക്ഷണ ആക്ടിലെ 5-ാം വകുപ്പ് പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപനം	സ. ഉ. (അച്ചടി) നമ്പർ 20/2024/വനം	24-11-2024	അല്ല

VI. നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു.

i. ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ:

ക്രമ നം.	എസ്.ആർ.ഒ. നമ്പർ	എസ്.ആർ.ഒ. നെയിം	വിജ്ഞാപനത്തിന്റെ		കാലതാമസ പത്രിക സഹിതമാണോയെന്ന്
			നമ്പർ	തീയതി	
1	561/2022	ദ കേരള ഗവൺമെന്റ് ലോ ഓഫീസേഴ്സ് (അപ്പോയിന്റ്മെന്റ് ആൻഡ് കണ്ടീഷൻസ് ഓഫ് സർവീസ്) ആൻഡ് കോൺടാക്ട് ഓഫ് കേസസ് (അമെന്റ്മെന്റ്) റൂൾസ്, 2022	21654/ഇൻസ്പ്-4/2019/ലോ(1)	21-05-2022	അതെ
2	562/2022	ദ റൂൾസ് റെഗുലേറ്റിംഗ് ദ കണ്ടീഷൻസ് ഓഫ് സർവീസ്, ഡ്യൂട്ടീസ്, റെമ്യൂണറേഷൻ etc., ഓഫ് ദ അഡ്വക്കേറ്റ് ജനറൽ ആൻഡ് അഡീഷണൽ അഡ്വക്കേറ്റ് ജനറൽ, കേരള (അമെന്റ്മെന്റ്), 2022	21654/ഇൻസ്പ്-4/2019/ലോ(2)	05-11-2024	അതെ
3	986/2024	മലപ്പുറം പി.കെ. എന്റർപ്രൈസസ് ഏകജാലക ക്ലിയറൻസ് ബോർഡ് രൂപീകരിച്ചത് സംബന്ധിച്ച വിജ്ഞാപനം	സ.ഉ.(അച്ചടി)നം.35/2024/വ്യവ.	02-10-2024	അല്ല
4	998/2024	സിഡ്കോ പട്ടാമ്പി മിനി വ്യവസായ എസ്റ്റേറ്റ് ഏകജാലക ക്ലിയറൻസ് ബോർഡ് രൂപീകരിച്ചത് സംബന്ധിച്ച വിജ്ഞാപനം	സ.ഉ.(അച്ചടി)നം.38/2024/വ്യവ.	04-10-2024	അല്ല
5	999/2024	സിഡ്കോ കടകരപ്പള്ളി മിനി വ്യവസായ എസ്റ്റേറ്റ് ഏകജാലക ക്ലിയറൻസ് ബോർഡ് രൂപീകരണം സംബന്ധിച്ച വിജ്ഞാപനം	സ.ഉ.(അച്ചടി)നം.41/2024/വ്യവ.	09-10-2024	അല്ല
6	1010/2024	സിഡ്കോ ഒറ്റപ്പാലം മിനി വ്യവസായ എസ്റ്റേറ്റ് ഏകജാലക ക്ലിയറൻസ് ബോർഡ് രൂപീകരണം സംബന്ധിച്ച വിജ്ഞാപനം	സ.ഉ.(അച്ചടി)നം.40/2024/വ്യവ.	09-10-2024	അല്ല
7	1065/2024	സിഡ്കോ പിറവം മിനി വ്യവസായ എസ്റ്റേറ്റ് ഏകജാലക ക്ലിയറൻസ് ബോർഡ് രൂപീകരിക്കുന്നത് സംബന്ധിച്ച്	സ.ഉ.(അച്ചടി) നം.39/2024/വ്യവ.	09-10-2024	അല്ല
8	1082/2024	എസ്.ആർ.ഒ. നം.376/2011-മേലുള്ള ഭേദഗതി വിജ്ഞാപനം	സ.ഉ.(അച്ചടി) നം.43/2024/വ്യവ.	19-11-2024	അല്ല

9	1086/2024	ഇടുക്കി വുഡോൺ എം.ഡി.എഫ്. പാനൽസ് പ്രൈവറ്റ് ലിമിറ്റഡ് ഏകജാലക ക്ലിയറൻസ് ബോർഡ് രൂപീകരിക്കുന്നത് സംബന്ധിച്ച്	സ.ഉ.(അച്ചടി) നം.36/2024/വ്യവ.	02-10-2024	അല്ല
10	1087/2024	സിഡ്കോ വാണിയംകുളം മിനി വ്യവസായ എസ്റ്റേറ്റ് ഏകജാലക ക്ലിയറൻസ് ബോർഡ് രൂപീകരിക്കുന്നത് സംബന്ധിച്ച്	സ.ഉ.(അച്ചടി) നം.33/2024/വ്യവ.	02-10-2024	അല്ല
11	1088/2024	കോട്ടയം കെ. ബോർഡ് വുഡ് ഇൻഡസ്ട്രീസ് പ്രൈവറ്റ് ലിമിറ്റഡ് ഏകജാലക ക്ലിയറൻസ് ബോർഡ് രൂപീകരിക്കുന്നത് സംബന്ധിച്ച്	സ.ഉ.(അച്ചടി) നം.32/2024/വ്യവ.	01-10-2024	അല്ല
12	1137/2024	സിഡ്കോയുടെ ഷൊർണ്ണൂരിലെ ഭൂമിയെ വ്യവസായ പ്രദേശമായി പ്രഖ്യാപിച്ചുകൊണ്ടുള്ള വിജ്ഞാപനം	സ.ഉ. (അച്ചടി)നം.45/2024/വ്യവ.	27-11-2024	അല്ല
13	13/2025	സിഡ്കോ കോതമംഗലം മിനി വ്യവസായ എസ്റ്റേറ്റ് ഏകജാലക ക്ലിയറൻസ് ബോർഡ് രൂപീകരിക്കുന്നത് സംബന്ധിച്ച്	സ.ഉ.(അച്ചടി)നം.46/2024/വ്യവ.	27-11-2024	അല്ല
14	30/2025	2024-ലെ കേരള സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ സ്ഥാപനങ്ങളും ഇതര വ്യവസായ സ്ഥാപനങ്ങളും സുഗമമാക്കൽ (ഭേദഗതി) ചട്ടങ്ങൾ	സ.ഉ.(അച്ചടി)നം.48/2024/വ്യവ.	13-12-2024	അല്ല

ii. ചട്ടം 166 ബി പ്രകാരമുള്ള കടലാസുകൾ:

ക്രമ നം.	സ്ഥാപനത്തിന്റെ പേര്	റിപ്പോർട്ടിന്റെ		കാലതാമസ പത്രിക സഹിതമാണോയെന്ന്
		വർഷം	പേര്	
1	മലപ്പുറം ജില്ലാ ലീഗൽ സർവീസസ് അതോറിറ്റി	2021-2022	പ്രത്യേക ഓഡിറ്റ് റിപ്പോർട്ട്	അതെ
2	മലപ്പുറം ജില്ലാ ലീഗൽ സർവീസസ് അതോറിറ്റി	2022-2023	പ്രത്യേക ഓഡിറ്റ് റിപ്പോർട്ട്	അതെ
3	തൃശ്ശൂർ ജില്ലാ ലീഗൽ സർവ്വീസസ് അതോറിറ്റി	2022-2023	പ്രത്യേക ഓഡിറ്റ് റിപ്പോർട്ട്	അതെ
4	കേരള സംസ്ഥാന കയർ മെഷിനറി മാനുഫാക്ചറിംഗ് കമ്പനി ലിമിറ്റഡ്	2022-2023	വാർഷിക റിപ്പോർട്ടും ഓഡിറ്റ് റിപ്പോർട്ടും	അതെ
5	കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡ് (KEL)	2022-2023	വാർഷിക റിപ്പോർട്ടും ഓഡിറ്റ് റിപ്പോർട്ടും	അതെ
6	കേരള നിയമ പരിഷ്കരണ കമ്മിഷൻ	2023-2024	വാർഷിക ഭരണ റിപ്പോർട്ട്	അല്ല
7	കേരള അഡ്വക്കേറ്റ്സ് ക്ലാർക്ക്സ് ക്ഷേമനിധി കമ്മിറ്റി	2023-2024	വാർഷിക ഭരണ റിപ്പോർട്ട്	അല്ല

VII. തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു.

i. ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ:

ക്രമ നം.	എസ്.ആർ.ഒ. നമ്പർ	എസ്.ആർ.ഒ. നെയിം	വിജ്ഞാപനത്തിന്റെ		കാലതാമസ പത്രിക സഹിതമാണോയെന്ന്
			നമ്പർ	തീയതി	
1	59/2020	2020-ലെ കേരള പഞ്ചായത്ത് രാജ് (തിരഞ്ഞെടുപ്പ് നടത്തിപ്പ്) മൂന്നാം ഭേദഗതി ചട്ടങ്ങൾ	സ.ഉ.(അ)നം.7/2020/ത.സ്വ.ഭ.വ.	23-01-2020	അതെ
2	146/2020	2020-ലെ കേരള പഞ്ചായത്ത് രാജ് (സമ്മതിദായകരുടെ രജിസ്ട്രേഷൻ) ഭേദഗതി ചട്ടങ്ങൾ	സ.ഉ.(അ) നം.10/2020/ത.സ്വ.ഭ.വ.	28-01-2020	അതെ
3	151/2020	2020-ലെ കേരള പഞ്ചായത്ത് രാജ് (അംഗസംഖ്യ നിശ്ചയിക്കൽ) ഭേദഗതി ചട്ടങ്ങൾ	സ.ഉ.(അച്ചടി) നം.19/2020/ത.സ്വ.ഭ.വ.	25-02-2020	അതെ
4	221/2020	2020-ലെ കേരള പഞ്ചായത്ത് രാജ് (തിരഞ്ഞെടുപ്പ് നടത്തിപ്പ്) നാലാം ഭേദഗതി ചട്ടങ്ങൾ	സ.ഉ.(അ)നം.9/2020/ത.സ്വ.ഭ.വ.	28-01-2020	അതെ
5	352/2020	2020-ലെ കേരള പഞ്ചായത്ത് രാജ് (അംഗസംഖ്യ നിശ്ചയിക്കൽ) രണ്ടാം ഭേദഗതി ചട്ടങ്ങൾ	സ.ഉ.(അച്ചടി) നം.40/2020/ത.സ്വ.ഭ.വ.	26-05-2020	അതെ
6	840/2020	2020-ലെ കേരള പഞ്ചായത്ത് രാജ് (തിരഞ്ഞെടുപ്പ് നടത്തിപ്പ്) നാലാം ഭേദഗതി ചട്ടങ്ങൾ	സ.ഉ.(പി) നം.74/2020/ത.സ്വ.ഭ.വ.	24-11-2020	അതെ
7	857/2020	2020-ലെ കേരള മുനിസിപ്പാലിറ്റി (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും മറ്റു വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ഭേദഗതി ചട്ടങ്ങൾ	സ.ഉ.(പി) നം.62/2020/ത.സ്വ.ഭ.വ.	30-10-2020	അതെ
8	35/2021	ഫോറിൻ ലിക്വർ (3-ാം അമെൻഡ്മെന്റ്) റൂൾസ്, 2021	ജി.ഒ.(പി)നം.4/2021/ടി.ഡി.	08-01-2021	അതെ
9	38/2021	ആലപ്പുഴ ജില്ലയിലെ ചേർത്തല റെയ്ഞ്ചിലെ 13-ാം ഗ്രൂപ്പിൽപ്പെട്ട കള്ളുഷാപ്പുകളുടെ എല്ലുക	ജി.ഒ.(പി)നം.5/2021/ടി.ഡി.	08-01-2021	അതെ

		പുനർനിർണ്ണയിച്ചുകൊണ്ട് പുറപ്പെടുവിച്ച വിജ്ഞാപനം			
10	329/2021	എഫ്.എൽ.-1 ഷോപ്പുകൾ 2021-22 വർഷത്തിൽ പ്രവർത്തിക്കുന്നതിന് അനുമതി നൽകി പുറപ്പെടുവിച്ച വിജ്ഞാപനം	ജി.ഒ.(പി)നം.30/2021/ടി.ഡി.	27-03-2021	അതെ
11	330/2021	എഫ്.എൽ.-1 ഷോപ്പുകളുടെ 2021-22 വർഷത്തിലെ റെന്റൽ തുക 4,00,000/- രൂപയായി നിശ്ചയിച്ചുകൊണ്ട് പുറപ്പെടുവിച്ച വിജ്ഞാപനം	ജി.ഒ.(പി)നം.31/2021/ടി.ഡി.	27-03-2021	അതെ
12	482/2021	കേരള പഞ്ചായത്ത് ബിൽഡിംഗ് (അമെന്റ്മെന്റ്) റൂൾസ്, 2021	ജി.ഒ.(എം.എസ്.) നം.120/2021/ എൽ.എസ്.ജി.ഡി.	28-06-2021	അതെ
13	483/2021	കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ് (അമെന്റ്മെന്റ്) റൂൾസ്, 2021	ജി.ഒ.(എം.എസ്.) നം.121/2021/ എൽ.എസ്.ജി.ഡി.	28-06-2021	അതെ
14	570/2021	കേരള ടൗൺ ആൻഡ് കൺട്രി പ്ലാനിംഗ് (ഡെവലപ്മെന്റ് അതോറിറ്റീസ്) അമെന്റ്മെന്റ് റൂൾസ്, 2021	ജി.ഒ.(പി.) നം.30/2021/ എൽ.എസ്.ജി.ഡി.	26-07-2021	അതെ
15	199/2022	കേരള പ്ലേസസ് ഓഫ് പബ്ലിക്ക് റിസോർട്ട് (അമെന്റ്മെന്റ്) റൂൾസ്, 2022	ജി.ഒ.(എം.എസ്.) നം.43/2022/ എൽ.എസ്.ജി.ഡി.	02-03-2022	അതെ
16	606/2022	2022-ലെ കേരള പഞ്ചായത്ത് രാജ് (സ്റ്റാന്റിംഗ് കമ്മിറ്റി) ഭേദഗതി ചട്ടങ്ങൾ	സ.ഉ.(അ) നം.45/2022/ത.സ്വ.ഭ.വ.	20-05-2022	അതെ
17	628/2022	2022-ലെ കേരള മുനിസിപ്പാലിറ്റി (സ്റ്റാന്റിംഗ് കമ്മിറ്റി) ഭേദഗതി ചട്ടങ്ങൾ	സ.ഉ.(അ) നം.53/2022/ത.സ്വ.ഭ.വ.	18-06-2022	അതെ
18	844/2022	2022-ലെ കേരള മുനിസിപ്പാലിറ്റി (തിരഞ്ഞെടുപ്പ് നടത്തിപ്പ്) ഭേദഗതി ചട്ടങ്ങൾ	സ.ഉ.(അച്ചടി) നം.68/2022/ത.സ്വ.ഭ.വ.	27-08-2022	അതെ
19	945/2024	കേരള തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ബോർഡ് രണ്ടാം ക്ലാസ് ബോർഡ് വിഭാഗത്തിൽപെടുന്നത് സംബന്ധിച്ച വിജ്ഞാപനം	സ.ഉ.(അച്ചടി) നം.55/2024/ എൽ.എസ്.ജി.ഡി.	18-10-2024	അല്ല
20	985/2024	ചേർത്തല റെയിഞ്ചിലെ 22-ാം ഗ്രൂപ്പിൽപെട്ട TS No.116, TS No. 118 എന്നീ കള്ളുഷാപ്പുകളുടെ എല്ലുക പുനർനിർണ്ണയിച്ചുകൊണ്ടുള്ള വിജ്ഞാപനം	ജി. ഒ. (പി) നം. 143/2024/ടാക്സസ്	14-10-2024	അല്ല
21	1014/2024	സി.എ.പി.എഫ്. ഉദ്യോഗസ്ഥർക്ക് അവരുടെ ക്വാട്ട മദ്യം കൈവശം വയ്ക്കാൻ അനുവദിക്കുന്നത്	ജി.ഒ.(പി)നം.157/2024/ടാക്സസ്	01-11-2024	അല്ല

		സംബന്ധിച്ച വിജ്ഞാപനം			
22	1052/2024	നിരണം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീ. എം. ജി. രവിക്ക് എതിരായുള്ള അവിശ്വാസപ്രമേയം	സ.ഉ.(അച്ചടി) നം. 57/2024/ത.സ്വ.ഭ.വ.	29-10-2024	അല്ല
23	1053/2024	നഗരൂർ ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് ശ്രീ. അബി ശ്രീരാജിന് എതിരായുള്ള അവിശ്വാസപ്രമേയം	സ.ഉ.(അച്ചടി) നം. 56/2024/ത.സ്വ.ഭ.വ.	28-10-2024	അല്ല
24	1074/2024	വെമ്പായം ഗ്രാമപഞ്ചായത്ത് പ്രസിഡന്റിനെതിരായുള്ള അവിശ്വാസപ്രമേയം	സ.ഉ.(അച്ചടി) നം. 63/2024/ത.സ്വ.ഭ.വ.	20-11-2024	അല്ല
25	1075/2024	വെമ്പായം ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റിനെതിരായുള്ള അവിശ്വാസപ്രമേയം	സ.ഉ.(അച്ചടി) നം.62/2024/ത.സ്വ.ഭ.വ.	20-11-2024	അല്ല
26	1076/2024	കുന്നത്തുനാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റിനെതിരായ അവിശ്വാസപ്രമേയം	സ.ഉ.(അച്ചടി) നം.64/2024/ത.സ്വ.ഭ.വ.	20-11-2024	അല്ല
27	1104/2024	2024-ലെ കേരള പഞ്ചായത്ത് രാജ് (മൃഗാരോഗ്യ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള മാനേജിങ് കമ്മിറ്റി) ചട്ടങ്ങൾ	സ.ഉ.(അച്ചടി) നം.52/2024/ത.സ്വ.ഭ.വ.	02-10-2024	അല്ല
28	1126/2024	പൂഞ്ഞാർ തെക്കേക്കര ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റിനെതിരായ അവിശ്വാസപ്രമേയം	സ.ഉ.(അച്ചടി) നം.65/2024/ത.സ്വ.ഭ.വ	02-12-2024	അല്ല
29	1178/2024	ഇടുക്കി ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റിനെതിരായ അവിശ്വാസപ്രമേയം.	സ.ഉ.(അച്ചടി) നം.68/2024/ത.സ്വ.ഭ.വ.	17-12-2024	അല്ല

ii. ചട്ടം 166 ബി പ്രകാരമുള്ള കടലാസുകൾ:

ക്രമ നം.	സ്ഥാപനത്തിന്റെ പേര്	റിപ്പോർട്ടിന്റെ		കാലതാമസ പത്രിക സഹിതമാണോയെന്ന്
		വർഷം	പേര്	
1	കേരള റിയൽ എസ്റ്റേറ്റ് റഗുലേറ്ററി അതോറിറ്റി	2022-2023	വാർഷിക റിപ്പോർട്ടും ഓഡിറ്റ് റിപ്പോർട്ടും	അതെ

VIII. കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു.

i. ചട്ടം 166 ബി പ്രകാരമുള്ള കടലാസുകൾ:

ക്രമ നം.	സ്ഥാപനത്തിന്റെ പേര്	റിപ്പോർട്ടിന്റെ		കാലതാമസ പത്രിക സഹിതമാണോ യെന്ന്
		വർഷം	പേര്	
1	സ്റ്റേറ്റ് അഗ്രിക്കൾച്ചറൽ മാനേജ്മെന്റ് & എക്സ്റ്റെൻഷൻ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് (SAMETI)	2020-2021	വാർഷിക ഭരണ റിപ്പോർട്ട്	അതെ
2	സ്റ്റേറ്റ് അഗ്രിക്കൾച്ചറൽ മാനേജ്മെന്റ് & എക്സ്റ്റെൻഷൻ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് (SAMETI)	2021-2022	വാർഷിക ഭരണ റിപ്പോർട്ട്	അതെ
3	കേരള കാർഷിക സർവ്വകലാശാല	2021-2022	ഓഡിറ്റ് റിപ്പോർട്ട്	അതെ
4	സ്റ്റേറ്റ് അഗ്രിക്കൾച്ചറൽ മാനേജ്മെന്റ് & എക്സ്റ്റെൻഷൻ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് (SAMETI)	2022-2023	വാർഷിക ഭരണ റിപ്പോർട്ട്	അതെ

IX. രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു.

i. ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ:

ക്രമ നം.	എസ്.ആർ.ഒ. നമ്പർ	എസ്.ആർ.ഒ. നെയിം	വിജ്ഞാപനത്തിന്റെ		കാലതാമസ പത്രിക സഹിതമാ ണോയെന്ന്
			നമ്പർ	തീയതി	
1	1017/2024	എസ്.ആർ.ഒ. നം.503/2024-മേലുള്ള തിരുത്തൽ വിജ്ഞാപനം	ജി.ഒ.(പി)നം. 161/2024/ടാക്സസ്	07-11-2024	അല്ല
2	1018/2024	എസ്.ആർ.ഒ. നം. 502/2024-മേലുള്ള തിരുത്തൽ വിജ്ഞാപനം	ജി.ഒ.(പി)നം. 162/2024/ടാക്സസ്	07-11-2024	അല്ല
3	1019/2024	സ്റ്റാമ്പ് ഡ്യൂട്ടി ഒഴിവാക്കി നൽകുന്നത് സംബന്ധിച്ച വിജ്ഞാപനം	ജി.ഒ.(പി)നം. 163/2024/ടാക്സസ്	08-11-2024	അല്ല
4	1022/2024	രജിസ്ട്രേഷൻ ഫീസ് ഒഴിവാക്കുന്നത് സംബന്ധിച്ച വിജ്ഞാപനം	ജി.ഒ.(പി) നം. 164/2024/ടാക്സസ്	11-11-2024	അല്ല
5	1023/2024	സ്റ്റാമ്പ് ഡ്യൂട്ടി എക്സംപ്ഷൻ സംബന്ധിച്ച വിജ്ഞാപനം	ജി.ഒ.(പി) നം. 165/2024/ടാക്സസ്	11-11-2024	അല്ല
6	1050/2024	കേരള സ്റ്റാമ്പ് ആക്ട്, 1959-മേലുള്ള	ജി.ഒ.(പി)നം.	19-11-2024	അല്ല

		വിജ്ഞാപനം	167/2024/ടാക്സസ്		

X. ഗതാഗത വകുപ്പുമന്ത്രി (ശ്രീ. കെ. ബി. ഗണേഷ് കുമാർ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു.

i. ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ:

ക്രമ നം.	എസ്.ആർ.ഒ. നമ്പർ	എസ്.ആർ.ഒ. നെയിം	വിജ്ഞാപനത്തിന്റെ		കാലതാമസ പത്രിക സഹിതമാണോയെന്ന്
			നമ്പർ	തീയതി	
1	333/2020	കോവിഡ് പ്രോട്ടോക്കോളിന് അനുസൃതമായി സ്റ്റേജ് ക്യാരിയേജ് നിരക്കുകൾ പരിഷ്കരിക്കുന്നത് സംബന്ധിച്ച (ഭേദഗതി) വിജ്ഞാപനം	ജി.ഒ.(പി)നം.26/2020/ട്രാൻ.	19-05-2020	അതെ
2	366/2020	എസ്.ആർ.ഒ. 333/2020- മേലുള്ള ഭേദഗതി വിജ്ഞാപനം	ജി.ഒ.(പി)നം.29/2020/ട്രാൻ.	02-06-2020	അതെ
3	452/2020	കോവിഡ് -19 മഹാമാരിയുടെ പശ്ചാത്തലത്തിൽ സ്റ്റേജ് കാരിയേജുകളുടെ നിരക്ക് പരിഷ്കരിച്ചുകൊണ്ടുള്ള വിജ്ഞാപനം	ജി.ഒ.(പി)നം.37/2020/ട്രാൻ.	02-07-2020	അതെ
4	106/2023	മോട്ടോർ വാഹന നികുതിയുടെ റീഫണ്ട് സംബന്ധിച്ച വിജ്ഞാപനം	ജി.ഒ.(പി) നം.2/2023/ട്രാൻസ്.	17-01-2023	അതെ
5	1115/2024	സ്റ്റേറ്റ് ട്രാൻസ്പോർട്ട് അതോറിറ്റിയിൽ ശ്രീ. ബി. നിബുദാസ് -നെ അംഗമായി നിയമിച്ചത് സംബന്ധിച്ച വിജ്ഞാപനം	ജി.ഒ.(പി) നം.19/2024/ട്രാൻസ്.	23-11-2024	അല്ല
6	1160/2024	എസ്.ആർ.ഒ.നം 1115/2024 തിരുത്തൽ വിജ്ഞാപനം	ജി.ഒ. (പി)നം.21/2024/ട്രാൻസ്.	13-12-2024	അല്ല
7	8/2025	കെ.എസ്.ആർ.ടി.സി.യിലെ ഭരണസമിതിയിലെ മാറ്റം സംബന്ധിച്ച വിജ്ഞാപനം	ജി.ഒ(പി) നം.20/2024/ട്രാൻസ്.	26-11-2024	അല്ല

XI. തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. വി. എൻ.

വാസവൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു.

i. ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ:

ക്രമ നം.	എസ്. ആർ.ഒ. നമ്പർ	എസ്.ആർ.ഒ. നെയിം	വിജ്ഞാപനത്തിന്റെ		കാലതാമസ പത്രിക സഹിതമാണോയെന്ന്
			നമ്പർ	തീയതി	
1	1011/2024	1969-ലെ കേരള കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് റൂൾസിലെ റൂൾ 56 സബ് റൂൾ (1)-ലെ വ്യവസ്ഥകളിൽ നിന്ന് കേരള സ്റ്റേറ്റ് സഹകരണ ബാങ്കിനെ ഒഴിവാക്കി കേരള സംസ്ഥാന സഹകരണ ബാങ്കിന് ഇളവ് അനുവദിച്ച് കൊണ്ടുള്ള വിജ്ഞാപനം.	ജി.ഒ.(പി) നം.201/2024/കോ-ഓപ്പ്.	02-11-2024	അല്ല
2	1021/2024	1969-ലെ കേരള കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് റൂൾസിലെ റൂൾ 183-ലെ സബ് റൂൾ (1)-ലെ വ്യവസ്ഥകളിൽ നിന്ന് തിരുവനന്തപുരം പാങ്ങോട് സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡിനെ ഒഴിവാക്കിക്കൊണ്ടുള്ള വിജ്ഞാപനം	ജി.ഒ.(പി) നം.202/2024/കോ-ഓപ്പ്.	06-11-2024	അല്ല
3	1028/2024	എക്സൽ ഗ്ലാസ് എംപ്ലോയീസ് കോപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡിന്റെ അഡ്മിനിസ്ട്രേറ്ററുടെ കാലാവധി ദീർഘിപ്പിച്ചുകൊണ്ടുള്ള വിജ്ഞാപനം.	ജി.ഒ.(പി) നം.203/2024/കോ-ഓപ്പ്.	11-11-2024	അല്ല
4	1030/2024	മുട്ടത്തറ സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡ് നം.413-ലെ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയുടെ കാലാവധി ദീർഘിപ്പിക്കുന്നത് സംബന്ധിച്ച വിജ്ഞാപനം	ജി.ഒ.(പി) നം.204/2024/കോ-ഓപ്പ്.	11-11-2024	അല്ല
5	1034/2024	കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ടൂറിസം ഫെഡറേഷൻ ലിമിറ്റഡിന്റെ അഡ്മിനിസ്ട്രേറ്ററുടെ കാലാവധി വിപുലീകരിച്ചുകൊണ്ടുള്ള ഉത്തരവ്	ജി.ഒ.(പി)നം. 206/2024/കോ-ഓപ്പ്.	12-11-2024	അല്ല
6	1049/2024	സംസ്ഥാന ചീഫ് കോ-ഓപ്പറേറ്റീവ് ഇലക്ഷൻ കമ്മീഷണറുടെ നിയമനം സംബന്ധിച്ച വിജ്ഞാപനം	ജി.ഒ.(പി) നം.207/2024/കോ-ഓപ്പ്.	18-11-2024	അല്ല
7	1066/2024	പുന്നപ്ര സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡിന്റെ അഡ്മിനിസ്ട്രേറ്ററുടെ കാലാവധി ദീർഘിപ്പിക്കുന്നത് സംബന്ധിച്ച വിജ്ഞാപനം	ജി.ഒ.(പി) നം.205/2024/കോ-ഓപ്പ്.	12-11-2024	അല്ല
8	1073/2024	കാഞ്ഞിരപ്പള്ളി താലൂക്ക് എഡ്യൂക്കേഷണൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി	ജി.ഒ.(പി)	18-11-2024	അല്ല

		ലിമിറ്റഡിന്റെ അഡ്മിനിസ്ട്രേറ്ററുടെ കാലാവധി ദീർഘിപ്പിക്കുന്നത് സംബന്ധിച്ച വിജ്ഞാപനം	നം.208/2024/കോ-ഓപ്പ്.		
9	1095/2024	പത്തനംതിട്ട യുവസംരംഭക സഹകരണ സംഘം ക്ലിപ്തം നം. പി.റ്റി 334-ന്റെ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയുടെ കാലാവധി ദീർഘിപ്പിക്കുന്നത് സംബന്ധിച്ച്	ജി.ഒ.(പി) നം.210/2024/കോ-ഓപ്പ്	27-11-2024	അല്ല
10	1096/2024	തിരൂർ താലൂക്ക് പട്ടികജാതി പട്ടികവർഗ്ഗ വെൽഫയർ സഹകരണ സംഘം ക്ലിപ്തം നം.912-ലെ അഡ്മിനിസ്ട്രേറ്ററുടെ കാലാവധി ദീർഘിപ്പിക്കുന്നത് സംബന്ധിച്ച വിജ്ഞാപനം	ജി.ഒ.(പി) നം.209/2024/കോ-ഓപ്പ്.	27-11-2024	അല്ല
11	1100/2024	ഒറ്റപ്പാലം കോ-ഓപ്പറേറ്റീവ് അർബൻ ബാങ്കിലെ ജനറൽ മാനേജർ നിയമനവുമായി ബന്ധപ്പെട്ട വിജ്ഞാപനം	ജി.ഒ.(പി) നം.211/2024/കോ-ഓപ്പ്.	27-11-2024	അല്ല
12	1101/2024	പെരുമ്പടപ്പ് ഗ്രൂപ്പ് പ്രൈമറി സ്കൂൾ സഹകരണ സംഘം ക്ലിപ്തം നം. എം.138-ന്റെ അഡ്മിനിസ്ട്രേറ്ററുടെ കാലാവധി ദീർഘിപ്പിക്കുന്നത് സംബന്ധിച്ച വിജ്ഞാപനം	ജി.ഒ.(പി) നം.212/2024/കോ-ഓപ്പ്.	27-11-2024	അല്ല
13	1119/2024	തിരുവനന്തപുരം ജില്ലാ മർച്ചന്റ് ലേബേഴ്സ് സഹകരണ സംഘം ക്ലിപ്തം നം. റ്റി 1315-ന്റെ അഡ്മിനിസ്ട്രേറ്ററുടെ കാലാവധി ദീർഘിപ്പിക്കുന്നത് സംബന്ധിച്ച്	ജി.ഒ.(പി). നം.213/2024/കോ-ഓപ്പ്.	28-11-2024	അല്ല
14	1136/2024	കേരള കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് റൂൾസിന്റെ ഭേദഗതി സംബന്ധിച്ച വിജ്ഞാപനം	ജി.ഒ.(പി) നം.220/2024/കോ-ഓപ്പ്.	09-12-2024	അല്ല
15	1138/2024	1969-ലെ കേരള സഹകരണ സംഘ നിയമങ്ങളിലെ ചട്ടം 183(1) വ്യവസ്ഥയിൽ നിന്ന് കോട്ടായി സർവീസ് സഹകരണ ബാങ്കിനെ ഒഴിവാക്കുന്നത് സംബന്ധിച്ച വിജ്ഞാപനം	ജി.ഒ.(പി) നം.214/2024/കോ-ഓപ്പ്.	28-11-2024	അല്ല
16	1139/2024	കൂട്ടനാട് താലൂക്ക് പ്രൈവറ്റ് സെക്കൻഡറി ടീച്ചേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി അഡ്മിനിസ്ട്രേറ്ററുടെ കാലാവധി ദീർഘിപ്പിക്കുന്നത് സംബന്ധിച്ച വിജ്ഞാപനം	ജി.ഒ.(പി) നം.218/2024/കോ-ഓപ്പ്.	02-12-2024	അല്ല
17	1140/2024	1969-ലെ കേരള സഹകരണ സംഘ നിയമങ്ങളിലെ ചട്ടം 183(1) വ്യവസ്ഥയിൽ നിന്ന് ചവറ സർവീസ് സഹകരണ ബാങ്കിനെ ഒഴിവാക്കുന്നത് സംബന്ധിച്ച വിജ്ഞാപനം	ജി.ഒ.(പി) നം.217/2024/കോ-ഓപ്പ്.	02-12-2024	അല്ല
18	1141/2024	പൂഞ്ഞാർ സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡിന്റെ അഡ്മിനിസ്ട്രേറ്ററുടെ കാലാവധി നീട്ടുന്നതിനുള്ള അനുമതി	ജി.ഒ.(പി) നം.216/2024/കോ-ഓപ്പ്.	02-12-2024	അല്ല

19	1145/2024	1969-ലെ കേരള സഹകരണ സംഘ നിയമങ്ങളിലെ ചട്ടം 185(8)(ജി) വകുപ്പുകളിൽനിന്ന് പൊൻവിള സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്കിനെ ഒഴിവാക്കുന്നത് സംബന്ധിച്ച വിജ്ഞാപനം	ജി.ഒ.(പി) നം.215/2024/കോ-ഓപ്പ്.	29-11-2024	അല്ല
20	1149/2024	മലബാർ ദേവസ്വം ബോർഡിന്റെ ഡിവിഷൻ ഏരിയ കമ്മിറ്റികൾ പുനഃസംഘടിപ്പിച്ച് പുറപ്പെടുവിച്ച വിജ്ഞാപനം	ജി.ഒ.(ആർ.ടി.)നം. 2985/2024/ആർ.ഡി.	11-12-2024	അല്ല
21	1170/2024	1969-ലെ കേരള സഹകരണ സംഘ നിയമങ്ങളിലെ ചട്ടം 183(1) വകുപ്പുകളിൽ നിന്ന് തുടയന്നൂർ സർവീസ് സഹകരണ ബാങ്കിനെ ഒഴിവാക്കുന്നത് സംബന്ധിച്ച വിജ്ഞാപനം	ജി.ഒ.(പി) നം.222/2024/കോ-ഓപ്പ്.	16-12-2024	അല്ല
22	1171/2024	ഏങ്ങണ്ടിയൂർ പട്ടികജാതി സർവീസ് സഹകരണ സംഘം അഡ്മിനിസ്ട്രേറ്ററുടെ കാലാവധി ദീർഘിപ്പിക്കുന്നത് സംബന്ധിച്ച വിജ്ഞാപനം	ജി.ഒ.(പി) നം.221/2024/കോ-ഓപ്പ്.	16-12-2024	അല്ല
23	1176/2024	മലപ്പുറം വാനില ഉൽപാദന വിപണന സഹകരണ സംഘം ലിമിറ്റഡ് എം.718-ന്റെ അഡ്മിനിസ്ട്രേറ്ററുടെ കാലാവധി ദീർഘിപ്പിക്കുന്നത് സംബന്ധിച്ച വിജ്ഞാപനം	ജി.ഒ(പി) നം.224/2024/കോ.ഓപ്പ്.	19-12-2024	അല്ല
24	1177/2024	കൂട്ടനാട് എംപ്ലോയീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി അഡ്മിനിസ്ട്രേറ്ററുടെ കാലാവധി ദീർഘിപ്പിക്കുന്നത് സംബന്ധിച്ച വിജ്ഞാപനം	ജി.ഒ.(പി) നം.225/2024/കോ-ഓപ്പ്.	19-12-2024	അല്ല
25	1180/2024	റ്റി.ഡി. മെഡിക്കൽ കോളേജ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് എ.980-ലെ അഡ്മിനിസ്ട്രേറ്ററുടെ കാലാവധി ദീർഘിപ്പിക്കുന്നത് സംബന്ധിച്ച വിജ്ഞാപനം	ജി.ഒ(പി) നം.227/2024/കോ.ഓപ്പ്.	19-12-2024	അല്ല
26	1181/2024	എറണാകുളം ജില്ല മിൽമ എംപ്ലോയീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് ഇ-382-ലെ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയുടെ കാലാവധി ദീർഘിപ്പിക്കുന്നത് സംബന്ധിച്ച വിജ്ഞാപനം	ജി.ഒ(പി) നം.219/2024/കോ-ഓപ്പ്.	02-12-2024	അല്ല
27	1192/2024	പുല്ലൂർ സർവീസ് സഹകരണ ബാങ്ക് അഡ്മിനിസ്ട്രേറ്ററുടെ കാലാവധി ദീർഘിപ്പിക്കുന്നത് സംബന്ധിച്ച വിജ്ഞാപനം	ജി.ഒ.(പി) നം.223/2024/കോ-ഓപ്പ്.	19-12-2024	അല്ല
28	1193/2024	കൂട്ടനാട് മാർക്കറ്റിംഗ് സഹകരണ സംഘം അഡ്മിനിസ്ട്രേറ്ററുടെ കാലാവധി ദീർഘിപ്പിക്കുന്നത് സംബന്ധിച്ച വിജ്ഞാപനം	ജി.ഒ.(പി) നം.228/2024/കോ-ഓപ്പ്.	20-12-2024	അല്ല

29	1194/2024	ചേപ്പാട് കന്നിമേൽ സർവീസ് സഹകരണ ബാങ്ക് സെക്രട്ടറി നിയമനം സംബന്ധിച്ച വിജ്ഞാപനം	ജി.ഒ.(പി) നം.226/2024/കോ-ഓപ്പ്.	19-12-2024	അല്ല
30	1196/2024	കാങ്കോൽ വില്ലേജ് വനിത സർവീസ് സഹകരണ സംഘം ക്ലിപ്തം നം. സി.1818 സംഘത്തിന്റെ അറ്റൻഡർ തസ്തികയിലെ നിയമനം സംബന്ധിച്ച വിജ്ഞാപനം	ജി.ഒ.(പി) നം.229/2024/കോ-ഓപ്പ്.	26-12-2024	അല്ല
31	1202/2024	കോട്ടയം ഹൗസിംഗ് സഹകരണ സംഘം പാർട്ട് ടൈം അഡ്മിനിസ്ട്രേറ്ററുടെ കാലാവധി ദീർഘിപ്പിക്കുന്നത് സംബന്ധിച്ച വിജ്ഞാപനം	ജി.ഒ.(പി) നം.231/2024/കോ-ഓപ്പ്.	30-12-2024	അല്ല
32	5/2025	തകഴി സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് അഡ്മിനിസ്ട്രേറ്ററുടെ കാലാവധി ദീർഘിപ്പിക്കുന്നത് സംബന്ധിച്ച വിജ്ഞാപനം	ജി.ഒ.(പി) നം.230/2024/കോ-ഓപ്പ്.	30-12-2024	അല്ല
33	18/2025	കൊരട്ടി വാളർ പുഞ്ച കോൾ കർഷക സഹകരണ സംഘം അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയുടെ കാലാവധി ദീർഘിപ്പിക്കുന്നത് സംബന്ധിച്ച വിജ്ഞാപനം	ജി.ഒ.(പി) നം.233/2024/കോ-ഓപ്പ്.	31-12-2024	അല്ല
34	26/2025	കണ്ണമ്പ്ര സഹകരണ സർവീസ് ബാങ്കിന് ഇളവ് അനുവദിക്കുന്നത് സംബന്ധിച്ച ഉത്തരവ്	ജി.ഒ.(പി) നം.1/2025/കോ-ഓപ്പ്.	04-01-2025	അല്ല
35	35/2025	കേരള മാരിടൈം ബോർഡിൽ കരാർ അടിസ്ഥാനത്തിൽ സർവേയർമാരെ നിയമിക്കുന്നത് സംബന്ധിച്ച്	ജി.ഒ.(പി) നം. 26/2024/എഫ്. &പി.ഡി.	31-12-2024	അല്ല
36	45/2025	മുക്കം സർവീസ് സഹകരണ ബാങ്ക് അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയുടെ കാലാവധി ദീർഘിപ്പിക്കുന്നത് സംബന്ധിച്ച വിജ്ഞാപനം	ജി.ഒ.(പി) നം.2/2025/കോ-ഓപ്പ്.	11-01-2025	അല്ല
37	46/2025	സഹകരണ ആർബിട്രേഷൻ കോടതി രൂപീകരിക്കുന്നത് സംബന്ധിച്ച വിജ്ഞാപനം	ജി.ഒ.(പി) നം.4/2025/കോ-ഓപ്പ്.	13-01-2025	അല്ല
38	47/2025	കേരള പോലീസ് ഹൗസിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ഭവന വായ്പാ കാലാവധി ദീർഘിപ്പിക്കുന്നത് സംബന്ധിച്ച വിജ്ഞാപനം	ജി.ഒ.(പി) നം.3/2025/കോ-ഓപ്പ്.	11-01-2025	അല്ല
39	56/2025	കോടിക്കുളം സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് അഡ്മിനിസ്ട്രേറ്ററുടെ കാലാവധി ദീർഘിപ്പിക്കുന്നത് സംബന്ധിച്ച വിജ്ഞാപനം	ജി.ഒ.(പി) നം.5/2025/കോ-ഓപ്പ്.	16-01-2025	അല്ല
40	57/2025	1969-ലെ കേരള സഹകരണ സംഘ നിയമങ്ങളിലെ ചട്ടം 183(1) വകുപ്പുകളിൽ നിന്ന് തട്ടുക്കശ്ശേരി സർവീസ് സഹകരണ ബാങ്കിനെ ഒഴിവാക്കുന്നത് സംബന്ധിച്ച	ജി.ഒ.(പി) നം. 6/2025/കോ-ഓപ്പ്.	17-01-2025	അല്ല

		വിജ്ഞാപനം			
41	76/2025	1969-ലെ കേരള സഹകരണ സംഘ നിയമങ്ങളിലെ ചട്ടം 183(1) വകുപ്പുകളിൽ നിന്ന് കൈതാരം സർവീസ് സഹകരണ ബാങ്കിനെ ഒഴിവാക്കുന്നത് സംബന്ധിച്ച്	ജി.ഒ.(പി) നം. 8/2025/കോ-ഓപ്പ്.	24-01-2025	അല്ല

ii. ചട്ടം 166 ബി പ്രകാരമുള്ള കടലാസുകൾ:

ക്രമ നം.	സ്ഥാപനത്തിന്റെ പേര്	റിപ്പോർട്ടിന്റെ		കാലതാമസ പത്രിക സഹിതമാണോയെന്ന്
		വർഷം	പേര്	
1	മലബാർ ദേവസ്വം ബോർഡ്	2020-2021	ഭരണ റിപ്പോർട്ട്	അതെ
2	മലബാർ ദേവസ്വം ബോർഡ്	2021-2022	വാർഷിക ഭരണ റിപ്പോർട്ട്	അതെ
3	വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് ലിമിറ്റഡ്	2022-2023	വാർഷിക റിപ്പോർട്ടും ഓഡിറ്റ് റിപ്പോർട്ടും	അതെ
4	മലബാർ ദേവസ്വം ബോർഡ്	2022-2023	വാർഷിക ഭരണ റിപ്പോർട്ട്	അതെ
5	മലബാർ ദേവസ്വം ബോർഡ്	2023-2024	വാർഷിക ഭരണ റിപ്പോർട്ട്	അല്ല

XII. മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു.

i. ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ:

ക്രമ നം.	എസ്. ആർ.ഒ. നമ്പർ	എസ്.ആർ.ഒ. നെയിം	വിജ്ഞാപനത്തിന്റെ		കാലതാമസ പത്രിക സഹിതമാണോയെന്ന്
			നമ്പർ	തീയതി	
1	1063/2024	സ്റ്റേറ്റ് ഫിഷറീസ് മാനേജ്മെന്റ് കൗൺസിൽ പുനർ രൂപീകരിച്ചുകൊണ്ടുള്ള വിജ്ഞാപനം	ജി.ഒ.(പി) നം.24/2024 എഫ്&പി.	21-11-2024	അല്ല
2	61/2025	കേരള ഫിഷറീസ് സബോർഡിനേറ്റ് സർവീസ്	ജി.ഒ.(പി) നം.2/2025/എഫ്&പി.	18-01-2025	അല്ല

		സ്പെഷ്യൽ (അമെന്റ്മെന്റ്) റൂൾസ്, 2025			

ii. ചട്ടം 166 ബി പ്രകാരമുള്ള കടലാസുകൾ:

ക്രമ നം.	സ്ഥാപനത്തിന്റെ പേര്	റിപ്പോർട്ടിന്റെ		കാലതാമസ പത്രിക സഹിതമാണോ യെന്ന്
		വർഷം	പേര്	
1	മത്സ്യഫെഡ്	2017-2018	വാർഷിക റിപ്പോർട്ടും ഓഡിറ്റ് റിപ്പോർട്ടും	അതെ
2	കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ്	2017-2018	ഓഡിറ്റ് റിപ്പോർട്ട്	അതെ
3	കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ്	2019-2020	ഓഡിറ്റ് റിപ്പോർട്ട്	അതെ

XIII. ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു.

ii. ചട്ടം 166 ബി പ്രകാരമുള്ള കടലാസുകൾ:

ക്രമ നം.	സ്ഥാപനത്തിന്റെ പേര്	റിപ്പോർട്ടിന്റെ		കാലതാമസപത്രിക സഹിതമാണോയെന്ന്
		വർഷം	പേര്	
1	ദി നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ് (നുവാൽസ്)	2022-2023	ഓഡിറ്റ് റിപ്പോർട്ട്	അതെ

XIV. പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു.

i. ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ:

ക്രമ നം.	എസ്. ആർ.ഒ. നമ്പർ	എസ്.ആർ.ഒ. നെയിം	വിജ്ഞാപനത്തിന്റെ		കാലതാമസ പത്രിക സഹിതമാണോയെന്ന്
			നമ്പർ	തീയതി	
1	141/2020	കേരള കെട്ടിട നിർമാണ തൊഴിലാളി ക്ഷേമബോർഡിൽ സർക്കാർ പ്രതിനിധിയെ നിയമിച്ചത് സംബന്ധിച്ച് പുറപ്പെടുവിച്ച വിജ്ഞാപനം	ജി.ഒ.(പി) നം.17/2020/എൽ.ബി.ആർ.	01-02-2020	അതെ
2	830/2020	കേരള ബീഡി & സിഗാർ തൊഴിലാളി ക്ഷേമനിധി ബോർഡിൽ ഡയറക്ടറെ നിയമിക്കുന്നത് സംബന്ധിച്ച വിജ്ഞാപനം	ജി.ഒ.(പി) നം.86/2020/എൽ.ബി.ആർ.	12-11-2020	അതെ
3	455/2021	കേരള ബീഡി ചുരുട്ട് തൊഴിലാളി ക്ഷേമനിധി ബോർഡ്, ഡയറക്ടർ ബോർഡിലെ തൊഴിൽ വകുപ്പ് പ്രതിനിധിയെ മാറ്റി നിയമിച്ച വിജ്ഞാപനം	ജി.ഒ.(പി) നം.50/2021/എൽ.ബി.ആർ.	26-05-2021	അതെ
4	875/2021	കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡ്, ഡയറക്ടർ ബോർഡിലെ തൊഴിൽ വകുപ്പ് പ്രതിനിധിയെ മാറ്റി നിയമിച്ചത് സംബന്ധിച്ച വിജ്ഞാപനം	ജി.ഒ.(പി) നം.84/2021/എൽ.ബി.ആർ.	22-11-2021	അതെ
5	902/2021	കേരള ബീഡി ആന്റ് സിഗാർ വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡ് ഓഫ് ഡയറക്ടേഴ്സിലെ സർക്കാർ പ്രതിനിധിയെയും ചെയർമാനെയും മാറ്റി നിയമിച്ച വിജ്ഞാപനം	ജി.ഒ.(പി) നം.89/2021/എൽ.ബി.ആർ.	03-12-2021	അതെ
6	445/2022	എസ്.ആർ.ഒ.നം. 1100/2009-ന്മേലുള്ള തിരുത്തൽ വിജ്ഞാപനം	ജി.ഒ.(ആർ.ടി.) നം.570/2022/എൽ.ബി.ആർ.	09-05-2022	അതെ
7	446/2022	എസ്.ആർ.ഒ.നം.580/2011-ന്മേലുള്ള തിരുത്തൽ വിജ്ഞാപനം	ജി.ഒ.(ആർ.ടി.) നം.571/2022/എൽ.ബി.ആർ.	09-05-2022	അതെ
8	448/2022	എസ്.ആർ.ഒ.നം. 770/2008 തിരുത്തൽ വിജ്ഞാപനം	ജി.ഒ. (ആർ.ടി.)നം.562/2022/എൽ.ബി.ആർ.	06-05-2022	അതെ
9	450/2022	എസ്.ആർ.ഒ. നം. 946/2009-ന്മേലുള്ള തിരുത്തൽ വിജ്ഞാപനം	ജി.ഒ.(ആർ.ടി.) നം.561/2022/എൽ.ബി.ആർ.	06-05-2022	അതെ
10	451/2022	എസ്.ആർ.ഒ.നം.706/2010-ന്മേലുള്ള തിരുത്തൽ വിജ്ഞാപനം	ജി.ഒ.(ആർ.ടി.) നം.560/2022/എൽ.ബി.ആർ.	06-05-2022	അതെ
11	453/2022	എസ്.ആർ.ഒ.നം. 1186/2010-ന്മേലുള്ള തിരുത്തൽ വിജ്ഞാപനം	ജി.ഒ. (ആർ.ടി.)നം.559/2022/എൽ.ബി.ആർ.	06-05-2022	അതെ

12	454/2022	എസ്.ആർ.ഒ.നം. 735/2011-ന്മേലുള്ള തിരുത്തൽ വിജ്ഞാപനം	ജി.ഒ.(ആർ.ടി.) നം.556/2022/എൽ.ബി.ആർ.	05-05-2022	അതെ
13	455/2022	എസ്.ആർ.ഒ.നം.769/2008-ന്മേലുള്ള തിരുത്തൽ വിജ്ഞാപനം	ജി.ഒ.(പി) നം.35/2022/എൽ.ബി.ആർ.	05-05-2022	അതെ
14	456/2022	എസ്.ആർ.ഒ.നം 1172/2008-ന്മേലുള്ള തിരുത്തൽ പത്രിക	ജി.ഒ.(പി) നം.34/2022/എൽ.ബി.ആർ.	05-05-2022	അതെ
15	457/2022	എസ്.ആർ.ഒ.നം. 372/2009-ന്മേലുള്ള തിരുത്തൽ പത്രിക	ജി.ഒ.(പി) നം.32/2022/എൽ.ബി.ആർ.	05-05-2022	അതെ
16	458/2022	എസ്.ആർ.ഒ.നം. 148/2010-ന്മേലുള്ള തിരുത്തൽ പത്രിക	ജി.ഒ.(പി) നം.33/2022/എൽ.ബി.ആർ.	05-05-2022	അതെ
17	459/2022	എസ്.ആർ.ഒ.നം.123/2008-ന്മേലുള്ള തിരുത്തൽ പത്രിക	ജി.ഒ.(ആർ.ടി) നം.563/2022/എൽ.ബി.ആർ.	06-05-2022	അതെ
18	918/2024	ദ കേരള ക്രാഫ്റ്റ്സ്മെൻ ടെസ്റ്റിംഗ് സബോർഡിനേറ്റ് സർവ്വീസ് (അമെൻഡ്മെന്റ്) സ്പെഷ്യൽ റൂൾസ്, 2024	ജി.ഒ.(പി) നം.72/2024/എൽ.ബി.ആർ.	09-10-2024	അല്ല
19	933/2024	ആവാസ് പദ്ധതി ആധാർ അധിഷ്ഠിതമാക്കിക്കൊണ്ട് പുറപ്പെടുവിച്ച വിജ്ഞാപനം	ജി.ഒ(പി) നം.74/2024/എൽ.ബി.ആർ.	16-10-2024	അല്ല
20	934/2024	ആവാസ് പദ്ധതി ആധാർ അധിഷ്ഠിതമാക്കികൊണ്ട് പുറപ്പെടുവിച്ച വിജ്ഞാപനം	ജി.ഒ(പി) നം.75/2024/എൽ.ബി.ആർ.	16-10-2024	അല്ല
21	1077/2024	ആവാസ് പദ്ധതി ആധാർ അധിഷ്ഠിതമാക്കികൊണ്ട് പുറപ്പെടുവിച്ച (ഭേദഗതി) വിജ്ഞാപനം	ജി.ഒ.(പി) നം.82/2024/എൽ.ബി.ആർ.	23-11-2024	അല്ല
22	1078/2024	934/2024-ന്റെ ഭേദഗതി വിജ്ഞാപനം	ജി.ഒ.(പി) നം.83/2024/എൽ.ബി.ആർ.	23-11-2024	അല്ല
23	1079/2024	1090/2023 നമ്പർ എസ്.ആർ.ഒ.-യിന്മേലുള്ള ഭേദഗതി വിജ്ഞാപനം	ജി.ഒ.(പി) നം.78/2024/എൽ.ബി.ആർ.	23-11-2024	അല്ല
24	1080/2024	എസ്.ആർ.ഒ നം.182/2023-ന്മേലുള്ള ഭേദഗതി വിജ്ഞാപനം	ജി.ഒ.(പി) നം.80/2024/എൽ.ബി.ആർ.	23-11-2024	അല്ല
25	1081/2024	എസ്.ആർ.ഒ നമ്പർ 489/2023 -ന്മേലുള്ള ഭേദഗതി വിജ്ഞാപനം	ജി.ഒ.(പി) നം.84/2024/എൽ.ബി.ആർ	23-11-2024	അല്ല
26	1083/2024	തൊഴിൽ വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന മെറ്റേണിറ്റി ബെനിഫിറ്റ് പദ്ധതി ആധാർ അധിഷ്ഠിതമാക്കുന്നത് സംബന്ധിച്ച വിജ്ഞാപനം	ജി.ഒ.(പി) നം.81/2024/എൽ.ബി.ആർ.	23-11-2024	അല്ല
27	1085/2024	മെഡിക്കൽ ഷോപ്പ് മേഖലയിലെ തൊഴിലാളികളുടെ മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നത്	ജി.ഒ.(പി) നം.85/2024/എൽ.ബി.ആർ.	23-11-2024	അല്ല

		സംബന്ധിച്ച വിജ്ഞാപനം			
28	1093/2024	ദ കേരള ഫാക്ടറീസ് (അമെൻഡ്മെന്റ്) റൂൾസ്, 2024.	ജി.ഒ.(പി) നം.86/2024/എൽ.ബി.ആർ.	23-11-2024	അല്ല
29	1103/2024	കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ് പുന:സംഘടന സംബന്ധിച്ച വിജ്ഞാപനം	ജി.ഒ.(പി) നം.79/2024/എൽ.ബി.ആർ.	23-11-2024	അല്ല
30	1128/2024	കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ ബോർഡിൽ പുതിയ സർക്കാർ പ്രതിനിധിയുടെ നിയമനം സംബന്ധിച്ച്	ജി.ഒ.(പി) നം.88/2024/എൽ.ബി.ആർ.	28-11-2024	അല്ല
31	1144/2024	എസ്.ആർ.ഒ.നം. 1090/2023 - മ്മേലുള്ള ഭേദഗതി വിജ്ഞാപനം	ജി.ഒ.(പി) നം. 89/2024/എൽ.ബി.ആർ.	11-12-2024	അല്ല
32	1155/2024	കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡിൽ സർക്കാർ പ്രതിനിധിയുടെ നിയമനം സംബന്ധിച്ച്	സ.ഉ.(അച്ചടി) നം. 90/2024/തൊഴിൽ	11-12-2024	അല്ല
33	1175/2024	കേരള മരംകയറ്റ തൊഴിലാളി ക്ഷേമ പദ്ധതി പ്രകാരമുള്ള എക്സ്-ഗ്രേഷ്യാ ധനസഹായ വിതരണം ആധാർ അധിഷ്ഠിതമാക്കുന്നതിലേയ്ക്കായി 2016-ലെ ആധാർ ആക്ടിലെ 7-ാം വകുപ്പ് പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപനം	ജി.ഒ.(പി) നം.93/2024/എൽ.ബി.ആർ.	19-12-2024	അല്ല
34	1182/2024	എസ്.ആർ.ഒ.നം. 829/2023-മ്മേലുള്ള തിരുത്തൽ വിജ്ഞാപനം	ജി.ഒ.(പി) നം.95/2024/എൽ.ബി.ആർ.	23-12-2024	അല്ല
35	1186/2024	എസ്.ആർ.ഒ.നം. 649/2024-മ്മേലുള്ള തിരുത്തൽ വിജ്ഞാപനം.	സ.ഉ.(അച്ചടി) നം.97/2024/തൊഴിൽ	23-12-2024	അല്ല
36	1191/2024	കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡിലെ സർക്കാർ പ്രതിനിധിയെ മാറ്റി നാമനിർദ്ദേശം ചെയ്ത് പുറപ്പെടുവിച്ച വിജ്ഞാപനം	സ.ഉ,(അച്ചടി) നം.96/2024/തൊഴിൽ	23-12-2024	അല്ല
37	6/2025	എസ്.ആർ.ഒ.നം. 21/2023 - മ്മേലുള്ള ഭേദഗതി വിജ്ഞാപനം	ജി.ഒ.(പി) നം.98/2024/എൽ.ബി.ആർ.	26-12-2024	അല്ല
38	16/2025	കേരള ഫാക്ടറീസ് (അമെൻഡ്മെന്റ്) റൂൾസ്, 2025.	ജി.ഒ.(പി) നം.1/2025/എൽ.ബി.ആർ.	04-01-2025	അല്ല
39	41/2025	സ്റ്റേറ്റ് അപ്രൻറീസ്ഷിപ്പ് കൗൺസിൽ പുന: സംഘടിപ്പിച്ചുകൊണ്ടുള്ള വിജ്ഞാപനം	ജി.ഒ.(പി) നം. 92/2024/എൽ.ബി.ആർ.	19-12-2024	അല്ല

ii. ചട്ടം 166 ബി പ്രകാരമുള്ള കടലാസുകൾ:

ക്രമ നം.	സ്ഥാപനത്തിന്റെ പേര്	റിപ്പോർട്ടിന്റെ		കാലതാമസ പത്രികസഹിത മാണോയെന്ന്
		വർഷം	പേര്	
1	കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡ്	2020-2021	വാർഷിക റിപ്പോർട്ടും ഓഡിറ്റ് റിപ്പോർട്ടും	അതെ
2	കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ്	2021-2022	വാർഷിക റിപ്പോർട്ടും ഓഡിറ്റ് റിപ്പോർട്ടും	അതെ
3	കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡ്	2021-2022	വാർഷിക റിപ്പോർട്ടും ഓഡിറ്റ് റിപ്പോട്ടും	അതെ

XV. പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു.

ii. ചട്ടം 166 ബി പ്രകാരമുള്ള കടലാസുകൾ:

ക്രമ നം.	സ്ഥാപനത്തിന്റെ പേര്	റിപ്പോർട്ടിന്റെ		കാലതാമസ പത്രികസഹിത മാണോയെന്ന്
		വർഷം	പേര്	
1	സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ്-കോഴിക്കോട് (SIHM-K)	2022-2023	വാർഷിക റിപ്പോർട്ടും ഓഡിറ്റ് റിപ്പോർട്ടും	അതെ
2	സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ്-കോഴിക്കോട് (SIHM-K)	2023-2024	വാർഷിക റിപ്പോർട്ടും ഓഡിറ്റ് റിപ്പോർട്ടും	അല്ല

XVI. പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി (ശ്രീ. ഒ. ആർ. കേളു): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു.

i. ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ:

ക്രമ നം.	എസ്. ആർ.ഒ. നമ്പർ	എസ്.ആർ.ഒ. നെയിം	വിജ്ഞാപനത്തിന്റെ		കാലതാമസ പത്രികസഹിത മാണോയെന്ന്
			നമ്പർ	തീയതി	
1	1151/2024	കേരള സ്റ്റേറ്റ് കമ്മീഷൻ ഫോർ ദി ഷെഡ്യൂൾഡ് കാസ്റ്റ്സ് & ദി ഷെഡ്യൂൾഡ് ട്രൈബ്സ് (അമെൻഡ്മെന്റ്) റൂൾസ്, 2024.	ജി.ഒ.(പി) നം. 9/2024/എസ്.സി. എസ്.ടി.ഡി.	12-12-2024	അല്ല
2	1152/2024	2024-ലെ പട്ടികജാതികൾക്കും പട്ടികഗോത്രവർഗ്ഗങ്ങൾക്കും വേണ്ടിയുള്ള കേരള സംസ്ഥാന കമ്മീഷൻ (ഭേദഗതി) ചട്ടങ്ങൾ	സ.ഉ.(അച്ചടി) നം. 10/2024/എസ്. സി.എസ്.ടി.ഡി.	12-12-2024	അല്ല

ii. ചട്ടം 166 ബി പ്രകാരമുള്ള കടലാസുകൾ:

ക്രമ നം.	സ്ഥാപനത്തിന്റെ പേര്	റിപ്പോർട്ടിന്റെ		കാലതാമസ പത്രിക സഹിത മാണോയെന്ന്
		വർഷം	പേര്	
1	കേരള സംസ്ഥാന പട്ടികജാതി പട്ടികഗോത്രവർഗ്ഗ കമ്മീഷൻ	2022-2023	വാർഷിക റിപ്പോർട്ട്	അല്ല

XVII. മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു.

i. ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ:

ക്രമ നം.	എസ്.ആർ.ഒ. നമ്പർ	എസ്.ആർ.ഒ. നെയിം	വിജ്ഞാപനത്തിന്റെ		കാലതാമസ പത്രികസഹിത മാണോയെന്ന്
			നമ്പർ	തീയതി	
1	980/2024	മൃഗസംരക്ഷണ വകുപ്പിന്റെ വിവിധ സ്ഥാപനങ്ങൾ മുഖേന നൽകുന്ന വിവിധ പദ്ധതികളുടെയും സേവനങ്ങളുടെയും ഗുണഭോക്താക്കളുടെ ആധാർ വിവരങ്ങൾ ശേഖരിക്കുന്നതിനായി ആധാർ ആക്ട് 2016 സെക്ഷൻ (7) പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപനം	ജി.ഒ.(പി) നം. 14/2024/എ.എച്ച്.ഡി.	21-10-2024	അല്ല

2	1031/2024	കേരള സഹകരണ ചട്ടം 9 (1)(ii) പ്രകാരം എറണാകുളം മേഖല സഹകരണ ക്ഷീരോല്പാദക യൂണിയന് ഭാഗീകമായി ഇളവ് അനുവദിക്കുന്നത് സംബന്ധിച്ച വിജ്ഞാപനം	ജി.ഒ.(പി)നം. 15/2024/ഡി.ഡി.	12-11-2024	അല്ല
3	1032/2024	1969-ലെ കേരള സഹകരണ സംഘ നിയമങ്ങളിലെ ചട്ടം 9 (ii) വകുപ്പിൽ നിന്ന് തിരുവനന്തപുരം റീജിയണൽ കോ-ഓപ്പറേറ്റീവ് മിൽക്ക് പ്രൊഡ്യൂസേഴ്സ് യൂണിയൻ ലിമിറ്റഡിനെ ഒഴിവാക്കുന്നത്	ജി.ഒ. (പി)നം.16/2024/ഡി.ഡി.	12-11-2024	അല്ല
4	7/2025	ക്കുവപ്പടി ബ്ലോക്ക് പുന്നയം ക്ഷീരോല്പാദക സഹകരണ സംഘം ഭൂമി വാങ്ങിയ നടപടിക്ക് അംഗീകാരം നൽകുന്നത് സംബന്ധിച്ച വിജ്ഞാപനം	ജി.ഒ. (പി)നം.18/2024/ഡി.ഡി.	31-12-2024	അല്ല
5	80/2025	ചേറുകുഴി ക്ഷീര സംഘം പാർട്ട് ടൈം അഡ്മിനിസ്ട്രേറ്ററുടെ കാലാവധി ദീർഘിപ്പിക്കുന്നത് സംബന്ധിച്ച വിജ്ഞാപനം	ജി.ഒ.(പി)നം.1/2025/ഡി.ഡി.	24-01-2025	അല്ല
6	95/2025	പന്നി, പന്നിമാംസം, മറ്റ് അനുബന്ധ വസ്തുക്കൾ എന്നിവയുടെ ഗതാഗതത്തിന് ഏർപ്പെടുത്തിയിരുന്ന നിരോധനം നീട്ടിക്കൊണ്ടുള്ള ഉത്തരവ്	ജി.ഒ.(പി) നം.1/2025/എ.എച്ച്.ഡി.	24-01-2025	അല്ല

XVIII. ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു.

ii. ചട്ടം 166 ബി പ്രകാരമുള്ള കടലാസുകൾ:

ക്രമ നം.	സ്ഥാപനത്തിന്റെ പേര്	റിപ്പോർട്ടിന്റെ		കാലതാമസ പത്രിക സഹിത മാണോയെന്ന്
		വർഷം	പേര്	
1	കേരള സംസ്ഥാന ശിശുക്ഷേമ സമിതി	2022-2023	ഓഡിറ്റ് റിപ്പോർട്ട്	അതെ

ക്രമ നം.	സ്ഥാപനത്തിന്റെ പേര്	റിപ്പോർട്ടിന്റെ		കാലതാമസ പത്രിക സഹിത മാണോയെന്ന്
		വർഷം	പേര്	
2	കേരള സംസ്ഥാന ശിശുക്ഷേമ സമിതി	2022-2023	വാർഷിക റിപ്പോർട്ട്	അതെ

XIX. ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു.

i. ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ:

ക്രമ നം.	എസ്.ആർ.ഒ. നമ്പർ	എസ്.ആർ.ഒ. നെയിം	വിജ്ഞാപനത്തിന്റെ		കാലതാമസ പത്രികസഹിത മാണോയെന്ന്
			നമ്പർ	തീയതി	
1	950/2024	സംസ്ഥാന ഭക്ഷ്യകമ്മീഷനിൽ ചെയർപേഴ്സൺന്റെ നിയമനം സംബന്ധിച്ച വിജ്ഞാപനം	ജി.ഒ.(പി)നം. 5/2024/എഫ്.&സി.എസ്.	21-10-2024	അല്ല
2	1026/2024	തൃശ്ശൂർ ജില്ലാ ഉപഭോക്തൃ സംരക്ഷണ സമിതി പുനഃസംഘടിപ്പിച്ചത് സംബന്ധിച്ച്	ജി.ഒ.(എം.എസ്.) നം.3/2024/സി.എ.ഡി.	25-10-2024	അല്ല
3	1091/2024	കോട്ടയം ജില്ലാ ഉപഭോക്തൃ സംരക്ഷണ സമിതി പുനഃസംഘടിപ്പിച്ചുകൊണ്ടുള്ള വിജ്ഞാപനം	ജി.ഒ.(എം.എസ്.) നം.5/2024/സി.എ.ഡി.	22-11-2024	അല്ല
4	40/2025	ഉപഭോക്തൃ സംരക്ഷണ കൗൺസിൽ പുനഃസംഘടന, കണ്ണൂർ	ജി.ഒ.(എം.എസ്.) നം.1/2025/സി.എ.ഡി.	01-01-2025	അല്ല
5	66/2025	കാസർഗോഡ് ജില്ലാ ഉപഭോക്തൃ സംരക്ഷണ സമിതി പുനഃസംഘടിപ്പിച്ചുകൊണ്ടുള്ള വിജ്ഞാപനം	ജി.ഒ.(എം.എസ്.) നം. 2/2025/സി.എ.ഡി.	13-01-2025	അല്ല
6	85/2025	ഇടുക്കി ജില്ലാ ഉപഭോക്തൃ സംരക്ഷണ സമിതി പുനഃസംഘടിപ്പിച്ചുകൊണ്ടുള്ള വിജ്ഞാപനം	ജി.ഒ.(എം.എസ്.) നം.4/2025/സി.എ.ഡി.	25-01-2025	അല്ല

XX. ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ

മേശപ്പുറത്തുവയ്ക്കുന്നു.

i. ചട്ടം 166 (1) പ്രകാരമുള്ള കടലാസുകൾ:

ക്രമ നം.	എസ്. ആർ.ഒ. നമ്പർ	എസ്.ആർ.ഒ. നെയിം	വിജ്ഞാപനത്തിന്റെ		കാലതാമസ പത്രികസഹിത മാണോയെന്ന്
			നമ്പർ	തീയതി	
1	959/2024	എസ്.ആർ.ഒ. നമ്പർ 716/2018-മേലുള്ള തിരുത്തൽ വിജ്ഞാപനം	സ.ഉ.(അച്ചടി)നമ്പർ 27/2024/പൊ.ഭ.വ.	23-09-2024	അല്ല
2	960/2024	എസ്.ആർ.ഒ. നമ്പർ 845/2022-മേലുള്ള തിരുത്തൽ വിജ്ഞാപനം	സ.ഉ.(അച്ചടി)നമ്പർ 31/2024/പൊ.ഭ.വ.	30-09-2024	അല്ല
3	981/2024	491/2019 നമ്പർ എസ്.ആർ.ഒ.-യിന്മേലുള്ള തിരുത്തൽ വിജ്ഞാപനം	സ.ഉ.(അച്ചടി) നമ്പർ 32/2024/പൊ.ഭ.വ.	30-09-2024	അല്ല
4	987/2024	492/2019 നമ്പർ എസ്.ആർ.ഒ.-യിന്മേലുള്ള തിരുത്തൽ വിജ്ഞാപനം	സ.ഉ.(അച്ചടി) നമ്പർ 29/2024/പൊ.ഭ.വ.	25-09-2024	അല്ല
5	988/2024	എസ്.ആർ.ഒ. നമ്പർ 769/2020-മേലുള്ള തിരുത്തൽ വിജ്ഞാപനം	സ.ഉ.(അച്ചടി)നമ്പർ 30/2024/പൊ.ഭ.വ.	25-09-2024	അല്ല
6	1064/2024	കേരള സംസ്ഥാന ഹജ്ജ് കമ്മിറ്റി പുനഃസംഘടിപ്പിച്ചുകൊണ്ടുള്ള വിജ്ഞാപനം	ജി.ഒ.(പി) നം.38/2024/ജി.എ.ഡി.	22-11-2024	അല്ല
7	1134/2024	കേരള സംസ്ഥാന ഹജ്ജ് കമ്മിറ്റി പുനഃസംഘടിപ്പിച്ചുകൊണ്ടുള്ള വിജ്ഞാപനം	ജി.ഒ.(പി) നം.40/2024/ജി.എ.ഡി.	08-12-2024	അല്ല
8	1189/2024	കേരള സംസ്ഥാന ഹജ്ജ് കമ്മിറ്റി ചെയർമാനെ തിരഞ്ഞെടുത്തത് സംബന്ധിച്ച വിജ്ഞാപനം	ജി.ഒ.(പി) നം. 43/2024/ജി.എ.ഡി.	23-12-2024	അല്ല

[11.19 AM]

VII. റിപ്പോർട്ട് സമർപ്പണം

(1) കാര്യോപദേശക സമിതിയുടെ പതിനാറാമത് റിപ്പോർട്ട്

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, കാര്യോപദേശക

സമിതിയുടെ അംഗമായ ഞാൻ സമിതിയുടെ പതിനാറാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

(2) ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ അൻപത്തിയെട്ട് മുതൽ അറുപത്തിമൂന്ന് വരെയുള്ള റിപ്പോർട്ടുകൾ

ശ്രീ. ടി. പി. രാമകൃഷ്ണൻ: സർ, ലോക്കൽ ഫണ്ട് അക്കൗണ്ട്സ് സംബന്ധിച്ച സമിതിയുടെ അധ്യക്ഷനായ ഞാൻ സമിതിയുടെ അൻപത്തിയെട്ട് മുതൽ അറുപത്തിമൂന്ന് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

മി. സ്പീക്കർ: റിപ്പോർട്ടുകൾ സമർപ്പിച്ചിരിക്കുന്നു.

VIII. റിപ്പോർട്ട് പരിഗണന

കാര്യോപദേശക സമിതിയുടെ പതിനാറാമത് റിപ്പോർട്ട്

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, കാര്യോപദേശക സമിതിയുടെ അംഗമായ ഞാൻ സമിതിയുടെ പതിനാറാമത് റിപ്പോർട്ട് അംഗീകരിക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ഞാൻ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: കാര്യോപദേശക സമിതിയുടെ പതിനാറാമത് റിപ്പോർട്ട് അംഗീകരിച്ചിരിക്കുന്നു.

[11.20 AM]

IX. ധനകാര്യം

2024-2025 സാമ്പത്തിക വർഷത്തെ ബജറ്റിലേയ്ക്കുള്ള അന്തിമ ഉപധനാഭ്യർഥനകളെ സംബന്ധിക്കുന്ന ചർച്ചയും വോട്ടെടുപ്പും

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ 6,00,01,000/- രൂപയുടെയും നീതിന്യായ നിർവഹണം എന്ന III-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ 1,18,64,68,000/- രൂപയുടെയും പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ 1,000/- രൂപയുടെയും ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ 19,81,06,000/- രൂപയുടെയും വാർത്താവിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ 9,79,79,000/- രൂപയുടെയും ഉപധനാഭ്യർഥനകൾ അനുവദിക്കണമെന്ന ഉപക്ഷേപം ഞാൻ

അവതരിപ്പിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, ചരക്കുസേവന നികുതിയും കാർഷികാദായനികുതിയും വില്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ 7,03,00,000/- രൂപയുടെയും ട്രഷറികളും അക്കൗണ്ടുകളും എന്ന X-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ 5,60,00,000/- രൂപയുടെയും പലവക സാമ്പത്തിക സർവീസുകൾ എന്ന XXVIII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ 10,94,68,00,000/- രൂപയുടെയും ഉപധനാഭ്യർഥനകൾ അനുവദിക്കണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ 8,68,90,000/- രൂപയുടെയും നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ 1,92,90,22,000/- രൂപയുടെയും പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ 40,05,74,000/- രൂപയുടെയും ഗ്രാമവികസനം എന്ന XXXVI-ാം നമ്പർ

ധനാഭ്യർഥനയുടെ പേരിൽ 1,000/- രൂപയുടെയും ഉപധനാഭ്യർഥനകൾ അനുവദിക്കണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ജില്ലാഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ 18,06,38,000/- രൂപയുടെയും ഭവനനിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ 20,14,40,000/- രൂപയുടെയും ഉപധനാഭ്യർഥനകൾ അനുവദിക്കണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ 70,16,00,000/- രൂപയുടെയും വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ 62,92,44,000/- രൂപയുടെയും ഉപധനാഭ്യർഥനകൾ അനുവദിക്കണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ,

വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ 4,76,58,63,000/- രൂപയുടെയും തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ 3,000/- രൂപയുടെയും ഉപധനാഭ്യർഥനകൾ അനുവദിക്കണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): സർ, വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ 7,24,76,37,000/- രൂപയുടെയും കുടുംബക്ഷേമം എന്ന XIX-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ 1,97,24,39,000/- രൂപയുടെയും ഉപധനാഭ്യർഥനകൾ അനുവദിക്കണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ 9,01,93,52,000/- രൂപയുടെയും ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ 53,98,31,000/- രൂപയുടെയും

ഉപധനാഭ്യർഥനകൾ അനുവദിക്കണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി (ശ്രീ. ഒ. ആർ. കേളു): സർ, പട്ടികജാതി/പട്ടികവർഗ/മറ്റുപിന്നാക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ 1,00,00,00,000/- രൂപയുടെ ഉപധനാഭ്യർഥന അനുവദിക്കണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): സർ, കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ 1,28,40,86,000/- രൂപയുടെ ഉപധനാഭ്യർഥന അനുവദിക്കണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ): സർ, ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ 2,19,44,23,000/- രൂപയുടെ ഉപധനാഭ്യർഥന അനുവദിക്കണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. സജി

ചെറിയാൻ): സർ, മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ 98,43,38,000/- രൂപയുടെ ഉപധനാഭ്യർഥന അനുവദിക്കണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

വനം-വന്യജീവി വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ 20,00,01,000/- രൂപയുടെ ഉപധനാഭ്യർഥന അനുവദിക്കണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ 27,80,10,000/- രൂപയുടെ ഉപധനാഭ്യർഥന അനുവദിക്കണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

വൈദ്യുതി വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ 6,11,61,05,000/- രൂപയുടെ ഉപധനാഭ്യർഥന അനുവദിക്കണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ):

സർ, തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ 8,56,89,57,000/- രൂപയുടെ ഉപധനാഭ്യർഥന അനുവദിക്കണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. കെ. ബി. ഗണേഷ് കുമാർ): സർ, വാഹന നികുതികൾ എന്ന IX-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ 3,67,80,000/- രൂപയുടെയും ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ 17,72,33,63,000/- രൂപയുടെയും ഉപധനാഭ്യർഥനകൾ അനുവദിക്കണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ 22,52,89,00,000/- രൂപയുടെ ഉപധനാഭ്യർഥന അനുവദിക്കണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ഞാൻ പ്രമേയങ്ങളെ പിന്താങ്ങുന്നു.

മി. സ്പീക്കർ: സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ 6,00,01,000/- രൂപയുടെ ഉപധനാഭ്യർഥന അനുവദിക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഉപക്ഷേപം പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

നീതിന്യായ നിർവ്വഹണം എന്ന III-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ 1,18,64,68,000/- രൂപയുടെ ഉപധനാഭ്യർഥന അനുവദിക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഉപക്ഷേപം പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ 1,000/- രൂപയുടെ ഉപധനാഭ്യർഥന അനുവദിക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഉപക്ഷേപം പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ 19,81,06,000/- രൂപയുടെ ഉപധനാഭ്യർഥന അനുവദിക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഉപക്ഷേപം പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

വാർത്താവിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ 9,79,79,000/- രൂപയുടെ ഉപധനാഭ്യർഥന അനുവദിക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഉപക്ഷേപം പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ചരക്കുസേവന നികുതിയും കാർഷികാദായനികുതിയും വില്പന

നികുതിയും എന്ന എന്ന V-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ 7,03,00,000/- രൂപയുടെ ഉപധനാഭ്യർഥന അനുവദിക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഉപക്ഷേപം പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ടഷറികളും അക്കൗണ്ടുകളും എന്ന X-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ 5,60,00,000/- രൂപയുടെ ഉപധനാഭ്യർഥന അനുവദിക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഉപക്ഷേപം പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

പലവക സാമ്പത്തിക സർവീസുകൾ എന്ന XXVIII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ 10,94,68,00,000/- രൂപയുടെ ഉപധനാഭ്യർഥന അനുവദിക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഉപക്ഷേപം പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

എക്സൈസ് എന്ന VIII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ 8,68,90,000/- രൂപയുടെ ഉപധനാഭ്യർഥന അനുവദിക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ....

ഉപക്ഷേപം പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ 1,92,90,22,000/- രൂപയുടെ ഉപധനാഭ്യർഥന അനുവദിക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ....

ഉപക്ഷേപം പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ 40,05,74,000/- രൂപയുടെ ഉപധനാഭ്യർഥന അനുവദിക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ....

ഉപക്ഷേപം പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ഗ്രാമവികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ 1,000/- രൂപയുടെ ഉപധനാഭ്യർഥന അനുവദിക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ....

ഉപക്ഷേപം പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ജില്ലാഭരണവും പലവകയും എന്ന XI-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ 18,06,38,000/- രൂപയുടെ ഉപധനാഭ്യർഥന അനുവദിക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ....

ഉപക്ഷേപം പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ഭവനനിർമ്മാണം എന്ന XXI-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ 20,14,40,000/- രൂപയുടെ ഉപധനാഭ്യർഥന അനുവദിക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ....

ഉപക്ഷേപം പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

പൊതുമരാമത്ത് എന്ന XV-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ 70,16,00,000/- രൂപയുടെ ഉപധനാഭ്യർഥന അനുവദിക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ....

ഉപക്ഷേപം പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

വിനോദസഞ്ചാരം എന്ന XLII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ

62,92,44,000/- രൂപയുടെ ഉപധനാഭ്യർഥന അനുവദിക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ....

ഉപക്ഷേപം പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ 4,76,58,63,000/- രൂപയുടെ ഉപധനാഭ്യർഥന അനുവദിക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ....

ഉപക്ഷേപം പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും എന്ന XXIV-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ 3,000/- രൂപയുടെ ഉപധനാഭ്യർഥന അനുവദിക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ....

ഉപക്ഷേപം പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ 7,24,76,37,000/- രൂപയുടെ ഉപധനാഭ്യർഥന അനുവദിക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ....

ഉപക്ഷേപം പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

കുടുംബക്ഷേമം എന്ന XIX-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ 1,97,24,39,000/- രൂപയുടെ ഉപധനാഭ്യർഥന അനുവദിക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ....

ഉപക്ഷേപം പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX-ാം നമ്പർ

ധനാഭ്യർഥനയുടെ പേരിൽ 9,01,93,52,000/- രൂപയുടെ ഉപധനാഭ്യർഥന അനുവദിക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ....

ഉപക്ഷേപം പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ജലസേചനം എന്ന XXXVIII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ 53,98,31,000/- രൂപയുടെ ഉപധനാഭ്യർഥന അനുവദിക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ....

ഉപക്ഷേപം പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

പട്ടികജാതി/പട്ടികവർഗ്ഗ/മറ്റു പിന്നാക്ക/ന്യൂനപക്ഷ വിഭാഗങ്ങൾ എന്നിവവരുടെ ക്ഷേമം എന്ന XXV-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ 1,00,00,00,000/- രൂപയുടെ ഉപധനാഭ്യർഥന അനുവദിക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ....

ഉപക്ഷേപം പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

കൃഷി എന്ന XXIX-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ 1,28,40,86,000/- രൂപയുടെ ഉപധനാഭ്യർഥന അനുവദിക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ....

ഉപക്ഷേപം പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ഭക്ഷ്യം എന്ന XXX-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ 2,19,44,23,000/- രൂപയുടെ ഉപധനാഭ്യർഥന അനുവദിക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ....

ഉപക്ഷേപം പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

മത്സ്യബന്ധനം എന്ന XXXIII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ 98,43,38,000/- രൂപയുടെ ഉപധനാഭ്യർഥന അനുവദിക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ....

ഉപക്ഷേപം പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

വനം എന്ന XXXIV-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ 20,00,01,000/- രൂപയുടെ ഉപധനാഭ്യർഥന അനുവദിക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ....

ഉപക്ഷേപം പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

വ്യവസായങ്ങൾ എന്ന XXXVII-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ 27,80,10,000/- രൂപയുടെ ഉപധനാഭ്യർഥന അനുവദിക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ....

ഉപക്ഷേപം പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ 6,11,61,05,000/- രൂപയുടെ ഉപധനാഭ്യർഥന അനുവദിക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ....

ഉപക്ഷേപം പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

തുറമുഖങ്ങൾ എന്ന XL-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ 8,56,89,57,000/- രൂപയുടെ ഉപധനാഭ്യർഥന അനുവദിക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ....

ഉപക്ഷേപം പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

വാഹന നികുതികൾ എന്ന IX-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ 3,67,80,000/- രൂപയുടെ ഉപധനാഭ്യർഥന അനുവദിക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ....

ഉപക്ഷേപം പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ 17,72,33,63,000/- രൂപയുടെ ഉപധനാഭ്യർഥന അനുവദിക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ....

ഉപക്ഷേപം പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും എന്ന XLVI-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ 22,52,89,00,000/- രൂപയുടെ ഉപധനാഭ്യർഥന അനുവദിക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ....

ഉപക്ഷേപം പാസ്സായിരിക്കുന്നു, ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ചർച്ച കൂടാതെ പാസ്സാക്കുന്ന ഉപധനാഭ്യർഥനകൾ

മി. സ്പീക്കർ: സംസ്ഥാന നിയമസഭ എന്ന I-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ 8,90,29,000/- രൂപയുടെ ഉപധനാഭ്യർഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ....

ഉപധനാഭ്യർഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

തിരഞ്ഞെടുപ്പുകൾ എന്ന IV-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ 304,56,05,000/- രൂപയുടെ ഉപധനാഭ്യർഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ....

ഉപധനാഭ്യർഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

പെൻഷനും പലവകയും എന്ന XVI-ാം നമ്പർ ധനാഭ്യർഥനയുടെ പേരിൽ 3020,11,63,000/- രൂപയുടെ ഉപധനാഭ്യർഥന അനുവദിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ....

ഉപധനാഭ്യർഥന പാസ്സായിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

(പ്രതിപക്ഷാംഗങ്ങൾ ബാനറും പ്ലക്കാർഡുകളും പിടിച്ച് ഡയസ്സിനുമുന്നിൽ വന്നുനിന്ന് ബഹളംവച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു.)

[11.35 AM]

X. നിയമനിർമ്മാണ കാര്യം

താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന ഉപക്ഷേപവും

(i) 2025-ലെ കേരള സംസ്ഥാന വയോജന കമ്മീഷൻ ബിൽ

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു):

സർ, 2025-ലെ കേരള സംസ്ഥാന വയോജന കമ്മീഷൻ ബിൽ ഞാൻ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്തുവാനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ട് ചട്ടം 75(1) പ്രകാരമുള്ള സ്റ്റേറ്റ്മെന്റും ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, 2025-ലെ കേരള സംസ്ഥാന വയോജന കമ്മീഷൻ ബിൽ സാമൂഹ്യസേവനം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIII-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ഞാൻ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: 2025-ലെ കേരള സംസ്ഥാന വയോജന കമ്മീഷൻ ബിൽ സാമൂഹ്യസേവനം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIII-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ....

ഉപക്ഷേപം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ സബ്ജക്ട് കമ്മിറ്റി XIII-ന്റെ പരിഗണനയ്ക്ക് അയയ്ക്കുന്നു.

(ii) 2024-ലെ കേരള വ്യാവസായിക അടിസ്ഥാന സൗകര്യ വികസന (ഭേദഗതി) ബിൽ

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, 2024-ലെ കേരള വ്യാവസായിക അടിസ്ഥാന സൗകര്യ വികസന (ഭേദഗതി) ബിൽ ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, 2024-ലെ കേരള വ്യാവസായിക അടിസ്ഥാന സൗകര്യ വികസന (ഭേദഗതി) ബിൽ വ്യവസായവും ധാതുക്കളും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IV-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ഞാൻ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: 2024-ലെ കേരള വ്യാവസായിക അടിസ്ഥാന സൗകര്യ വികസന (ഭേദഗതി) ബിൽ വ്യവസായവും ധാതുക്കളും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IV-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഉപക്ഷേപം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ സബ്ജക്ട് കമ്മിറ്റി IV-ന്റെ പരിഗണനയ്ക്ക് അയയ്ക്കുന്നു.

മി. സ്പീക്കർ: ഓർഡർ..... ഓർഡർ..... സഭ ഇപ്പോൾ പിരിയുന്നതും മാർച്ച് മാസം 3-ാം തീയതി രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2025 മാർച്ച് മാസം 3-ാം തീയതി തിങ്കളാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ രാവിലെ 11.37-ന് പിരിഞ്ഞു.)

*****

അനുബന്ധം 1

13-02-2025-ലെ നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ (*123)-ന്റെ ഉത്തരത്തിന്റെ (സി) പിരിവിലെ അനുബന്ധം (i) & (ii)

(i) സംസ്ഥാനത്ത് പച്ചക്കറി ഉൽപാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി കാർഷിക വികസന കർഷകക്ഷേമ വകുപ്പ് നടപ്പിലാക്കിവരുന്ന പച്ചക്കറി വികസന പദ്ധതിയുടെ ഘടകങ്ങൾ തിരിച്ചുള്ള വിശദാംശങ്ങൾ ചുവടെചേർക്കുന്നു.

വീട്ടുവളപ്പിലെ കൃഷി പ്രോത്സാഹനം

2024-25 സാമ്പത്തിക വർഷത്തിൽ സുരക്ഷിത പച്ചക്കറികൾ വീട്ടുവളപ്പുകളിൽനിന്നുതന്നെ ഉൽപാദിപ്പിക്കുന്നതിന് ലക്ഷ്യമിട്ട് സങ്കരയിനം പച്ചക്കറി വിത്തുകളുടെ വിവിധ ഇനങ്ങളടങ്ങിയ 100 രൂപ വിലവരുന്ന ഒരു ലക്ഷം വിത്തുപായ്ക്കറ്റുകളും 3 രൂപ വിലവരുന്ന 50 ലക്ഷം സങ്കരയിനം പച്ചക്കറി തൈകളും വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ, വിവിധയിനം പച്ചക്കറി വിത്തുകളുടെ 10 രൂപ വിലയുള്ള 25 ലക്ഷം പച്ചക്കറി വിത്ത് പായ്ക്കറ്റുകളും 2.5 രൂപ വിലയുള്ള 40 ലക്ഷം പച്ചക്കറി തൈകളും കർഷകർക്ക്

പൂർണ്ണമായും സൗജന്യമായി വിതരണം ചെയ്തു. വിവിധ മാധ്യമങ്ങൾ മുഖേന 5 രൂപ വിലയുള്ള 2 ലക്ഷം പച്ചക്കറി വിത്ത് പായ്ക്കറ്റുകളുടെ വിതരണവും നടത്തിയിട്ടുണ്ട്.

ദീർഘകാല പച്ചക്കറി വിളകളുടെ പ്രോത്സാഹനത്തിനായി ദീർഘകാല വിളകളായ മുരിങ്ങ, അഗത്തി, കറിവേപ്പില തുടങ്ങിയ ഇനങ്ങളുടെ 15 രൂപ വിലവരുന്ന 1 ലക്ഷം തൈകൾ സൗജന്യമായി കർഷകർക്ക് വിതരണം ചെയ്തു.

നഗരപ്രദേശങ്ങളിൽ സ്ഥലപരിമിതിമൂലം കൃഷി ചെയ്യാൻ സാധിക്കാത്തവരെ ലക്ഷ്യമിട്ട് ചെടിച്ചട്ടികളിലുള്ള പച്ചക്കറി കൃഷി പ്രോത്സാഹിപ്പിച്ചുവരുന്നു. ഒരു കർഷകന് 25 പച്ചക്കറി തൈകൾ, മൺചട്ടി/HDPE ചട്ടികളിലാക്കിയ ഒരു യൂണിറ്റിന് 75 ശതമാനം സബ്സിഡി നിരക്കിൽ, ആകെ 8000 യൂണിറ്റുകൾ വിതരണം ചെയ്യുന്നുണ്ട്. (ഒരു യൂണിറ്റിന്റെ വില 5,000 രൂപ)

പോഷകത്തോട്ടം നിർമ്മിക്കുന്നതിന് പ്രോത്സാഹനം

പോഷക സമൃദ്ധി മിഷന്റെ ഭാഗമായി 2024-25 സാമ്പത്തിക വർഷം

മുതൽ സുരക്ഷിത പച്ചക്കറി വീട്ടിൽനിന്നുതന്നെ ലഭ്യമാക്കുന്നത് വിഭാവനം ചെയ്ത് പോഷകത്തോട്ടം നിർമ്മിക്കുന്നതിന് ധനസഹായം നൽകി പോഷകത്തോട്ടങ്ങൾ രൂപീകരിച്ച് നടപ്പിലാക്കിവരുന്നു. പോഷക സമൃദ്ധി മിഷനിലുൾപ്പെടുത്തി വീട്ടുവളപ്പിൽ 1 ലക്ഷം പോഷകത്തോട്ടം നിർമ്മിക്കുന്നതിന് ലക്ഷ്യമിടുന്നു. ഇതിന്റെ ഭാഗമായി സങ്കരയിനം പച്ചക്കറി തൈകൾ, ദീർഘകാല പച്ചക്കറി തൈകൾ - മുരിങ്ങ, കറിവേപ്പ്, അഗത്തി, ശീമചക്ക, ഡോളോമൈറ്റ്, സമ്പൂർണ്ണ പച്ചക്കറി മിശ്രിതം, സ്യൂഡോമോണാസ്, ട്രൈക്കോഡെർമ, ഫിഷ് അമിനോ ആസിഡ്, മണ്ണിര കമ്പോസ്റ്റ്, ജൈവ കീടനാശിനി എന്നിവ 500 രൂപ സബ്സിഡി നിരക്കിൽ കർഷകന് നൽകിവരുന്നു. കൂടാതെ, പോഷകത്തോട്ടം നിർമ്മിക്കുന്നതിനുള്ള മാതൃക, കൃഷിചെയ്യുന്നതിനുള്ള മാർഗനിർദേശങ്ങൾ എന്നിവയും നൽകിയിട്ടുണ്ട്. ഇതിലൂടെ സുരക്ഷിത പച്ചക്കറികൾ വീട്ടുവളപ്പിൽനിന്നുതന്നെ ലഭ്യമാക്കുന്നതിനും ജീവിതശൈലീരോഗങ്ങളെ അകറ്റി നിർത്തുന്നതിനും സഹായിക്കുന്നു. കൂടാതെ, പോഷക പ്രാധാന്യമുള്ള ഭക്ഷണത്തിന്റെ ആവശ്യകതയെ സംബന്ധിച്ചുള്ള ബോധവൽക്കരണ പരിപാടികളും

കാർഷിക പരിശീലന പരിപാടികളും സംഘടിപ്പിച്ചുവരുന്നു.

തുറസ്സായ സ്ഥലത്തെ കൃത്യതാ കൃഷി

2024-25 സാമ്പത്തിക വർഷത്തിൽ പച്ചക്കറി വികസന പദ്ധതിയിൻകീഴിൽ തുറസ്സായ സ്ഥലത്തെ കൃത്യതാകൃഷി ഒരു മുഖ്യഘടകമായി ഉൾപ്പെടുത്തി നടപ്പിലാക്കിവരുന്നു. ആയതിലേയ്ക്കായി ഒരു ഹെക്ടറിന് 1 ലക്ഷം രൂപ ധനസഹായം നൽകിവരുന്നു. സസ്യവളർച്ചയ്ക്കാവശ്യമായ ജലം, പോഷകമൂല്യങ്ങൾ എന്നിവ കൃത്യമായ സമയത്ത് കൃത്യമായ അളവിൽ കൃത്യമായ രീതിയിൽ സസ്യങ്ങൾക്ക് നൽകുന്ന കൃഷി സമ്പ്രദായമാണ് തുറസ്സായ സ്ഥലത്തെ കൃത്യതാകൃഷി. ജലസേചനത്തിനായി ഡ്രിപ്പും അതിനോടൊപ്പം രാസവളങ്ങളും നൽകുന്ന ഫെർട്ടിഗേഷൻ സംവിധാനം ഉപയോഗിക്കുന്ന ഈ കൃഷിരീതി പോളിഹൗസുകളിലും തുറസ്സായ സ്ഥലത്തും നടത്താവുന്നതാണ്. പ്രസ്തുത പദ്ധതി ഘടകത്തിലൂടെ പച്ചക്കറി ഉൽപാദനക്ഷമത വർധിപ്പിക്കുന്നതിനും പരമ്പരാഗത കൃഷി രീതികളെ പ്രോത്സാഹിപ്പിക്കുന്നതിനും സാധ്യമാകുന്നു. 2024-25 സാമ്പത്തിക വർഷത്തിൽ 203 ഹെക്ടർ സ്ഥലത്ത് തുറസ്സായ

സ്ഥലത്തെ കൃത്യതാകൃഷി നടപ്പിലാക്കുന്നതിന് പദ്ധതി പ്രവർത്തനങ്ങൾ നടപ്പാക്കിവരുന്നു.

സ്ഥാപനങ്ങൾ വഴിയുള്ള പച്ചക്കറി കൃഷി

സ്ഥാപനങ്ങളിൽ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് സർക്കാർ/സർക്കാരിതര/സ്വകാര്യ സ്ഥാപനങ്ങളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും പ്രോജക്ട് അടിസ്ഥാനത്തിൽ പച്ചക്കറി കൃഷിക്ക് ധനസഹായം നൽകിവരുന്നു.

വ്യാവസായിക അടിസ്ഥാനത്തിൽ പച്ചക്കറി കൃഷി

വ്യാവസായികാടിസ്ഥാനത്തിൽ പച്ചക്കറി കൃഷി ചെയ്യുന്ന കർഷകരെ സഹായിക്കുന്നതിനായി, 10 കർഷകർ അടങ്ങുന്ന ഒരു ക്ലസ്റ്റർ രൂപീകരിച്ച് 3 മുതൽ 5 ഹെക്ടർ വരെ പച്ചക്കറി കൃഷി ചെയ്യുന്ന ഒരു ക്ലസ്റ്ററിന് പരമാവധി 1 മുതൽ 1.25 ലക്ഷം രൂപ വരെ ധനസഹായം നൽകിവരുന്ന പദ്ധതിയാണിത്. ക്ലസ്റ്ററുകളിലുൾപ്പെടാതെ കൃഷി ചെയ്യുന്ന കൃഷിക്കാർക്ക് സ്റ്റാഗേർഡ് ക്ലസ്റ്ററിൽ ഉൾപ്പെടുത്തി ഹെക്ടർ ഒന്നിന് പന്തൽ ആവശ്യമുള്ളതിന് 25,000/-രൂപയും പന്തൽ ആവശ്യമില്ലാത്തതിന് 20,000/- രൂപയും വരെ ധനസഹായം

നൽകുന്നു. ശീതകാല പച്ചക്കറി ഇനങ്ങൾ കൃഷി ചെയ്യുന്നതിനായി ഹെക്ടറൊന്നിന് 30,000/-രൂപ ധനസഹായം നൽകുന്നു. പരമ്പരാഗത പച്ചക്കറി ഇനങ്ങളുടെ പ്രോത്സാഹനത്തിനായി ഹെക്ടർ ഒന്നിന് 25,000/-രൂപ ധനസഹായം നൽകി പദ്ധതി നടപ്പിലാക്കിവരുന്നു. കർഷകർക്ക് കൃഷി സംബന്ധമായ പരിശീലന പരിപാടികളും ടി പദ്ധതി ഘടകത്തിലൂടെ നൽകിവരുന്നുണ്ട്.

പച്ചക്കറി കൃഷിക്ക് അടിസ്ഥാന സൗകര്യ വികസനം

മഴമറയിലെ പച്ചക്കറി കൃഷി

വേനൽക്കാലത്തും മഴക്കാലത്തും വിളകളെ സംരക്ഷിച്ച് പച്ചക്കറി കൃഷി ചെയ്യുന്നതിനായി മഴമറയിലെ കൃഷി കർഷകർക്കും ഏറെ സഹായകരമാണ്. മഴമറ കൃഷിരീതിയിലൂടെ വർഷത്തിലുടനീളം പച്ചക്കറി കൃഷി ചെയ്യുന്നതിനും ഉൽപാദനം വർധിപ്പിക്കുന്നതിനും സാധിക്കുന്നു. മഴമറകൾ സ്ഥാപിക്കുന്നതിനായി 100 സ്ക്വയർ മീറ്ററുള്ള ഒരു മഴമറയ്ക്ക് പരമാവധി 50,000/-രൂപ നിരക്കിൽ ധനസഹായം നൽകിവരുന്നു. 2024-25 സാമ്പത്തിക വർഷത്തിൽ 30,000 സ്ക്വയർ മീറ്ററിൽ 150 ലക്ഷം രൂപ വകയിരുത്തി മഴമറ കൃഷി നടപ്പാക്കുന്നത് ലക്ഷ്യമിട്ട് പദ്ധതി

പ്രവർത്തനങ്ങൾ നടത്തിവരുന്നു.

അനുബന്ധം (ii)

ഈ സർക്കാർ വന്നതിനുശേഷം പച്ചക്കറി ഉൽപാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിനായി വി.എഫ്.പി.സി.കെ. താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നടപ്പാക്കിവരുന്നു.

ഗുണമേന്മയുള്ള നടീൽ വസ്തുക്കളുടെ ഉൽപാദനവും വിതരണവും

ജനിതക ശുദ്ധിയും ഉൽപാദനക്ഷമതയുമുള്ള പച്ചക്കറി വിത്തുകൾ ഉൽപാദിപ്പിക്കുന്നതിനും സംഭരിക്കുന്നതിനും അവ സംസ്കരിച്ച് വിതരണം നടത്തുന്നതിനുമായി പാലക്കാട് ജില്ലയിലെ ആലത്തൂരിലെ സീഡ് പ്രോസസിങ് പ്ലാന്റ് ശ്രദ്ധേയമായ പ്രവർത്തങ്ങളാണ് നടപ്പാക്കിവരുന്നത്. ആലത്തൂർ വിത്ത് സംസ്കരണശാലയോടനുബന്ധിച്ച് 100 ടൺ സംഭരണശേഷിയുള്ള വിത്ത് സംഭരണകേന്ദ്രത്തിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷന്റെ ധനസഹായത്തോടെ 166 വിത്തുൽപാദക കർഷകരെകൊണ്ട് അത്യുൽപാദനശേഷിയുള്ള പച്ചക്കറി വിത്തുൽപാദനം നടപ്പാക്കുന്നു. 2021-22 സാമ്പത്തിക വർഷത്തെ 'ഒരു കോടി

ഫലവൃക്ഷ തൈ' പദ്ധതിയിൽ കൃഷി വകുപ്പുമായി ചേർന്ന് 25 ലക്ഷം ഫലവൃക്ഷ തൈകളും കൃഷി വകുപ്പിന്റെ ഓണത്തിന് 'ഒരു മുറം പച്ചക്കറി', 'ഞങ്ങളും കൃഷിയിലേയ്ക്ക്' തുടങ്ങിയ വിവിധ പദ്ധതികളിലൂടെ 1.3 കോടിയോളം പച്ചക്കറി വിത്ത് പായ്ക്കറ്റുകളും 50 ലക്ഷം പച്ചക്കറി തൈകളും ലഭ്യമാക്കി. 2022-23 സാമ്പത്തിക വർഷത്തിൽ സർക്കാരിന്റെ വിവിധ പദ്ധതികൾക്കാവശ്യമായ 44.84 ലക്ഷം വിത്ത് പായ്ക്കറ്റുകളും 55 ലക്ഷം പച്ചക്കറി തൈകളും 23.18 ലക്ഷം ഫലവൃക്ഷ തൈകളും കൗൺസിൽ ലഭ്യമാക്കിയിട്ടുണ്ട്. 2023-24 സാമ്പത്തിക വർഷത്തിൽ സർക്കാരിന്റെ വിവിധ പദ്ധതികൾക്കാവശ്യമായ 61.28 ലക്ഷം വിത്ത് പായ്ക്കറ്റുകളും 81.35 ലക്ഷം പച്ചക്കറി തൈകളും 5 ലക്ഷം ഫലവൃക്ഷ തൈകളും കൗൺസിൽ ലഭ്യമാക്കിയിട്ടുണ്ട്. 2024-25 സാമ്പത്തിക വർഷത്തിൽ സർക്കാരിന്റെ വിവിധ പദ്ധതികൾക്കാവശ്യമായ 23.01 ലക്ഷം വിത്ത് പായ്ക്കറ്റുകളും 43.51 ലക്ഷം പച്ചക്കറി തൈകളും 2.38 ലക്ഷം ഫലവൃക്ഷ തൈകളും കൗൺസിൽ ലഭ്യമാക്കിയിട്ടുണ്ട്.

<u>ഹൈബ്രിഡ് പച്ചക്കറി വിത്തുൽപാദനം</u>

കേരള കാർഷിക സർവകലാശാല വികസിപ്പിച്ചെടുത്ത ശോണിത തണ്ണിമത്തൻ IIHR ബാംഗ്ലൂർ വികസിപ്പിച്ച അർക്കാ നിഖിത (വെണ്ട) എന്നീ വിളകളുടെ മാതൃ-പിതൃ വിത്തുകൾ ആദ്യഘട്ടത്തിൽ വി.എഫ്.പി.സി.കെ. വാങ്ങുകയും ഇവ പോളിഹൗസിൽ കൃഷി ചെയ്ത് വിത്തുകൾ വർധിപ്പിക്കുന്ന നടപടി പൂർത്തിയാക്കിവരികയും ചെയ്യുന്നു. പ്രസ്തുത നടപടികളുടെ ഭാഗമായി പരീക്ഷണാടിസ്ഥാനത്തിൽ സങ്കരയിനം വിത്തുകൾ ഉൽപാദിപ്പിക്കുന്നതിനുള്ള പ്രക്രിയ പ്രത്യേകം തിരഞ്ഞെടുത്തത് പരിശീലനം കൊടുത്ത 15 കർഷകർ മുഖേന നടപ്പാക്കി. 2024-25 സാമ്പത്തിക വർഷത്തിൽ ഹൈബ്രിഡ് വിത്ത് ലഭ്യമാക്കുന്നതാണ്. കൂടാതെ കേരളാ കാർഷിക സർവകലാശാല വികസിപ്പിച്ച നീലിമ (വഴുതന), IIHR ബാംഗ്ലൂർ വികസിപ്പിച്ച അർക്കാ രക്ഷക് (തക്കാളി), അർക്കാ ഹരിത (പച്ചമുളക്) എന്നീ ഹൈബ്രിഡ് ഇനങ്ങളുടെ സ്വീകാര്യത മനസ്സിലാക്കുന്നതിനായി പരീക്ഷണതോട്ടങ്ങളും സംഘടിപ്പിക്കുന്നതാണ്. ഇതുവഴി പച്ചക്കറി ഉൽപാദനം വർധിപ്പിക്കാൻ ഉദ്ദേശിക്കുന്നു.

കൃഷി ബിസിനസ്സ് കേന്ദ്ര (കെ.ബി.കെ.)

കർഷകർക്ക് ഗുണമേന്മയുള്ള കാർഷികോൽപാദനോപാധികൾ ആവശ്യാനുസരണം ലഭ്യമാക്കുന്നതിനായി കൗൺസിലിനുകീഴിൽ എറണാകുളത്തും തിരുവനന്തപുരത്തും കാസർഗോഡും കൃഷി ബിസിനസ് കേന്ദ്രങ്ങൾ പ്രവർത്തിച്ചുവരുന്നു. പത്തനംതിട്ട, കോഴിക്കോട് എന്നീ ജില്ലകളിൽ RKVY പദ്ധതി സഹായത്തോടെ പുതിയ രണ്ട് കൃഷി ബിസിനസ് കേന്ദ്രങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടപ്പാക്കിവരുന്നു. ഈ കേന്ദ്രങ്ങളിൽ ഗുണമേന്മയുള്ള പച്ചക്കറികളുടെ തൈകളും വിത്തും വില്പനയ്ക്കായി ഒരുക്കിയിട്ടുണ്ട്. ജൈവ വളങ്ങൾ, ജൈവ കീടനാശിനികൾ, കാർഷികോപകരണങ്ങൾ, ചെടിചട്ടികൾ എന്നിവയും ഇവിടെനിന്ന് ലഭ്യമാണ്. 63 തളിർ ഗ്രീൻ ഇക്കോഷോപ്പുകൾ സംസ്ഥാനത്തുടനീളം ഔട്ട്ലെറ്റുകൾ ആരംഭിച്ചു. ഇതുവഴി ഗുണമേന്മയുള്ള പഴം-പച്ചക്കറി ഉൽപന്നങ്ങൾ ഉപഭോക്താകൾക്ക് ലഭ്യമാക്കുന്നതിന് ഗുണമേന്മയുള്ള നടീൽ വസ്തുക്കളും ഉൽപാദനോപാധികളും ലഭ്യമാക്കുന്നതിനും സാധിച്ചു.

പച്ചക്കറി കൃഷി പ്രോത്സാഹനം

2021-22 സാമ്പത്തിക വർഷം കയറ്റുമതിക്കനുയോജ്യമായ പച്ചക്കറി കൃഷി 500 ഹെക്ടർ സ്ഥലത്ത് വ്യാപിപ്പിച്ചു. പന്തൽ പച്ചക്കറി കൃഷിക്ക് 25000 ഹെക്ടർ, പന്തൽ ഇതരപച്ചക്കറി വിളകൾക്ക് 20000 ഹെക്ടർ, ശീതകാല പച്ചക്കറി കൃഷിക്ക് 30000 ഹെക്ടർ എന്നിങ്ങനെ ധനസഹായം ലഭ്യമാക്കി. 25 ഹെക്ടറിൽ കൃത്യതാ കൃഷി പ്രോത്സാഹിപ്പിച്ചു. 80 ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷിക്കാവശ്യമായ പെർമനന്റ് പന്തൽ സെമി-പെർമനന്റ് പന്തൽ എന്നിവ നിർമ്മിക്കുന്നതിന് സഹായം ലഭ്യമാക്കി.

2022-23 സാമ്പത്തിക വർഷത്തിൽ പച്ചക്കറി ഉൽപാദനം വർധിപ്പിക്കുന്നതിന് അഗ്രി ഇക്കോളജിക്കൽ യൂണിറ്റ് അടിസ്ഥാനമാക്കി 1000 ഹെക്ടറിൽ പച്ചക്കറി കൃഷിയും 50 ഹെക്ടറിൽ കയറ്റുമതി മൂല്യമുള്ള പച്ചക്കറി ഉൽപാദനവും പ്രോത്സാഹിപ്പിച്ചു. 1000 ഹെക്ടർ സ്ഥലത്തേയ്ക്ക് ആവശ്യമായ ദ്വിതീയ മൂലകങ്ങൾ, സൂക്ഷ്മ മൂലകങ്ങൾ, ഡോളോമൈറ്റ് എന്നിവ ലഭ്യമാക്കി. ഹൈബ്രിഡ് പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് 5 ഇനം ഹൈബ്രിഡ് വിത്തിനങ്ങൾ അടങ്ങിയ 20000 വിത്ത് കിറ്റുകൾ ലഭ്യമാക്കി.

പന്തൽ വിളകൾക്ക് പടർന്ന് കയറുന്നതിനാവശ്യമായ താങ്ങ് നൽകുന്നതിന് പെർമനന്റ്/സെമി പെർമനന്റ് പന്തൽ നിർമ്മിക്കുന്നതിനും കൃത്യതാ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും സോളാർ വേലി സ്ഥാപിക്കുന്നതിനും പദ്ധതി സഹായം ലഭ്യമാക്കി. 140 ഹെക്ടറിൽ നാടൻ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിച്ചു.

2023-24 സാമ്പത്തിക വർഷത്തിൽ കാലാവസ്ഥ അനുയോജ്യ കൃഷിമുറകൾ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി 107.5 ഹെക്ടറിൽ ഹൈഡ്രോജെൽ ഉപേയാഗം പ്രോത്സാഹിപ്പിക്കുകയും 208 പടുതാകുളങ്ങൾ നിർമ്മിക്കുകയും 181896 ഗ്രാഫ്റ്റഡ് പച്ചക്കറി തൈകൾ ലഭ്യമാക്കുകയും 26.24 ഹെക്ടറിൽ ചെറുധാന്യ ഇടവിള കൃഷി പ്രോത്സാഹിപ്പിക്കുകയും ചെയ്തു. പച്ചക്കറി ഉൽപാദനം വർധിപ്പിക്കുന്നതിന് അഗ്രി ഇക്കോളജിക്കൽ യൂണിറ്റ് അടിസ്ഥാനമാക്കി 1000 ഹെക്ടർ സ്ഥലത്തേയ്ക്ക് വാണിജ്യ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനാവശ്യമായ ദ്വിതീയ മൂലകങ്ങൾ, സൂക്ഷ്മ മൂലകങ്ങൾ, ജീവാണുവളങ്ങൾ, കെണികൾ, ഡോളോമൈറ്റ് എന്നിവ ലഭ്യമാക്കി. 267 ഹെക്ടറിൽ നാടൻ പച്ചക്കറി കൃഷി വ്യാപിപ്പിച്ചു. പന്തൽ വിളകൾ

പടർന്നുകയറുന്നതിനാവശ്യമായ താങ്ങ് നൽകുന്നതിന് 23.82 ഹെക്ടർ സ്ഥലത്ത് പെർമനന്റ്/സെമി പെർമനന്റ് പന്തൽ സ്ഥാപിക്കുന്നതിനും 75298.4 മീറ്റർ സൗരോർജ്ജ വേലി നിർമ്മിക്കുന്നതിനും സഹായം ലഭ്യമാക്കി.

വി.എഫ്.പി.സി.കെ. മുഖേന പച്ചക്കറി വികസനം, ഗുണമേന്മയുള്ള നടീൽ വസ്തുക്കളുടെ ഉൽപാദനവും വിതരണവും എന്ന സർക്കാർ പദ്ധതികളിൽ ഉൾപ്പെടുത്തിയാണ് മേൽപ്രവർത്തനങ്ങൾ നടപ്പാക്കിവരുന്നത്. സംസ്ഥാന ഹോർട്ടികൾച്ചർ മിഷന്റെ സാമ്പത്തിക സഹായത്തോടെ പച്ചക്കറി ഉൽപാദനക്ഷമത വർധിപ്പിക്കുന്നതിന് ലക്ഷ്യമിട്ട് 9 ജില്ലകളിൽ 265.81 ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷിക്കുവേണ്ടി മൾച്ചിംഗ് അടക്കമുള്ള കൃത്യതാ കൃഷി നടപ്പിലാക്കി.

അനുബന്ധം 2

രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

ഹൈടെക് കൃഷി

5(*125) ശ്രീ. പി. അബ്ദുൽ ഹമീദ്:
ഡോ. എം. കെ. മുനീർ:
ശ്രീ. കുറുക്കോളി മൊയ്തീൻ:
ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഹൈടെക് കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി തരിശായിക്കിടക്കുന്ന കൃഷിഭൂമി ഏറ്റെടുക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. സംസ്ഥാനത്തെ തരിശു ഭൂമികൾ കൃഷി യോഗ്യമാക്കുന്നതിന് ലക്ഷ്യമിട്ടുകൊണ്ട് നടപ്പാക്കുന്ന പദ്ധതിയാണ് New Agriculture Wealth Opportunities – Driving Horticulture Agri Business Networking NAWO-DHAN. ഹോർട്ടികൾച്ചർ, തേനീച്ചവളർത്തൽ, വിള പരിപാലനം, ഇടവിള കൃഷി, ക്ലൗൺ കൃഷി, അനുബന്ധ മേഖലകൾ, ഹൈഡ്രോപോണിക്സ്,

സംരക്ഷിത കൃഷി, കൃത്യതാ കൃഷി, ഹൈടെക് ഫാമിങ് എന്നിവയുൾപ്പെടെയുള്ള വാണിജ്യ കൃഷിരീതികൾക്കായി സംസ്ഥാനത്തെ വിനിയോഗിക്കപ്പെടാത്ത ഭൂവിഭവങ്ങൾ പ്രയോജനപ്പെടുത്താൻ ഈ പദ്ധതി ലക്ഷ്യമിടുന്നു. നവോ-ധൻ പദ്ധതിയുടെ വിജയകരമായ നടത്തിപ്പിനായി, കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ മേൽനോട്ടത്തിൽ കേരള അഗ്രോ ബിസിനസ് കമ്പനിയെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) ആയി ചുമതലപ്പെടുത്തിയിട്ടുണ്ട്.

പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു.

- ഹൈടെക് വാണിജ്യ കൃഷിക്കായി തരിശിട്ടിരിക്കുന്ന കൃഷിഭൂമിയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തുക.
- അന്താരാഷ്ട്ര വിപണികൾക്ക് അനുയോജ്യമായ ഉയർന്ന മൂല്യമുള്ള പഴങ്ങളും പച്ചക്കറികളും വാണിജ്യ വിളകളും കണ്ടെത്തി കൃഷി ചെയ്യുക.
- ആധുനികവും ശാസ്ത്രീയവുമായ കൃഷിരീതികൾ അവലംബിക്കുന്നതിനായി സുസ്ഥിരവും ലാഭകരവുമായ ഒരു ഫാമിങ് മാതൃക തയ്യാറാക്കുക.

- കയറ്റുമതി ലക്ഷ്യമിട്ടുള്ള കൃഷിയിലൂടെ ഉയർന്ന മൂല്യമുള്ള കാർഷിക വിളകളുടെ ഉൽപാദനം പ്രോത്സാഹിപ്പിച്ചുകൊണ്ട് കർഷകർ, കാർഷിക സംരഭകർ എന്നിവരുടെ വരുമാനം വർധിപ്പിക്കുക.
- ഉൽപാദിപ്പിക്കുന്ന ഉൽപന്നങ്ങളുടെ വിപണി ഉറപ്പാക്കുന്ന പ്രവർത്തനത്തിന് ഊന്നൽ നൽകുക.
- ദ്വിതീയ കാർഷിക മേഖലയ്ക്ക് (Secondary Agriculture) ഊന്നൽ നൽകികൊണ്ടുള്ള കൃഷി പ്രോത്സാഹിപ്പിക്കുക.

(ബി) ഇപ്രകാരം ഏറ്റെടുക്കുന്നതിനുള്ള കരാർ വ്യവസ്ഥകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; കൃഷിഭൂമി ആർക്കെല്ലാമാണ് വിട്ടുനൽകുന്നതെന്ന് അറിയിക്കുമോ?

വിവിധ വകുപ്പുകൾ, സംസ്ഥാന, കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ, സ്വകാര്യ വ്യക്തികൾ, സ്ഥാപനങ്ങൾ എന്നിവയുടെ കീഴിൽ ലഭ്യമായ കൃഷിയോഗ്യമായ തരിശു ഭൂമി കണ്ടെത്തുന്നതിനായി കാബ്കോ വിവിധ സംരംഭകരുമായി ബന്ധപ്പെടുകയും ഒരു അഗ്രിഗേറ്ററായി പ്രവർത്തിച്ചുകൊണ്ട് ഈ ഭൂമികളെ വിവിധ വിസ്തൃതിയിലുള്ള ഹൈടെക് കാർഷിക ഫാമുകളായി

വികസിപ്പിക്കുകയും ഭൂമിയുമായി ബന്ധപ്പെട്ട ഒരു അവകാശങ്ങളും കൈമാറ്റം ചെയ്യാതെ "കൃഷി ഒരു സേവനമായി" കണക്കാക്കി, സേവനതല കരാറുകളിലൂടെ (Service Level Agreement) കൃഷിക്കൂട്ടങ്ങളെയും FPO-കളെയും കൃഷിക്കായി ഏർപ്പെടുത്തുകയും ചെയ്യുന്നു. ആയതിനായുള്ള സേവനതല കരാർമാതൃക സർക്കാർ അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. കയറ്റുമതി-വിപണി സംയോജനം ഉൾപ്പെടെയുള്ള മുന്നാക്ക ബന്ധങ്ങളും വികസിപ്പിക്കുകയും വിപണി ആവശ്യകതയുമായി ഉൽപാദനത്തെ ബന്ധിപ്പിച്ചുകൊണ്ട് Business Intelligence Driven Cropping ഉറപ്പാക്കുകയും ചെയ്യുന്നു.

സർക്കാർ സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, സ്വകാര്യ ഭൂവുടമകൾ എന്നിവരിൽനിന്ന് ഏറ്റെടുക്കുന്ന തരിശു ഭൂമി കാബ്കോ സുതാര്യമായ പ്രക്രിയയിലൂടെ കൃഷി ഏറ്റെടുക്കാൻ തയ്യാറുള്ള കർഷകർ/കൃഷിക്കൂട്ടങ്ങൾ, എഫ്.പി.സി-കൾ, സ്റ്റാർട്ടപ്പുകൾ, കുടുംബശ്രീ, ഫാർമേഴ്സ് ക്ലബ്ബുകൾ എന്നിവയ്ക്കായി അനുവദിക്കുന്നു.

(സി) ഹൈടെക് കൃഷിയിലൂടെ പ്രതീക്ഷിക്കുന്ന നേട്ടങ്ങൾ

എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

ഹൈടെക് കൃഷിയിലൂടെ പ്രതീക്ഷിക്കുന്ന നേട്ടങ്ങൾ ചുവടെ ചേർക്കുന്നു.

- ഹൈടെക് കൃഷി രീതി അവലംബിച്ച് കൃഷി നടപ്പിലാക്കുന്നതിലൂടെ 25 മുതൽ 35 % വരെ ഉൽപാദന ക്ഷമത വർധിക്കുന്നു.
- തൊഴിലാളി ദൗർലഭ്യം ഹൈടെക് കൃഷിയിലൂടെ പരിഹരിക്കാനും ചെലവ് 50 മുതൽ 75 ശതമാനം വരെ കുറയ്ക്കുവാനും സാധിക്കും.
- ഗ്രീൻ ഹൗസുകളിൽ കൃഷി ചെയ്യുന്നതിലൂടെ വർഷത്തിലുടനീളം പച്ചക്കറി, പുഷ്പങ്ങൾ എന്നിവ കൃഷി ചെയ്യുവാൻ സാധിക്കുന്നു.
- സംരക്ഷിത കൃഷിയായതുകൊണ്ട് രോഗകീട നിയന്ത്രണം പൂർണ്ണമായും സാധ്യമാകുകയും അതുവഴി വിളനാശം കുറയുകയും ചെയ്യുന്നു.
- ഉൽപാദനോപാധികളുടെ മിതമായ ഉപയോഗം സാധ്യമാകുന്നു.
- ഉൽപന്നങ്ങളുടെ ഗുണമേന്മ വർധിക്കുന്നു.

ഭൂണമാറ്റ സാങ്കേതികവിദ്യവഴി മെച്ചപ്പെട്ട ഇനം കന്നുകാലികൾ

6(*126) ശ്രീ. വാഴൂർ സോമൻ:
ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. പി. ബാലചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി) സദയം മറുപടി നൽകുമോ:

(എ) പാലുൽപാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിന് ക്ഷീരകർഷകർക്ക് മികച്ച ബ്രീഡുകളിൽപ്പെട്ട കന്നുകാലികളെ ലഭ്യമാക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്, കേരള സംസ്ഥാനത്ത് നിലവിലുള്ള പ്രജനന നയപ്രകാരം ബീജസങ്കലനത്തിന് ആവശ്യമായ ബീജം വിതരണം നടത്തുന്നത് കേരള ലൈവ്സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡാണ്. സംസ്ഥാനത്തെ മൃഗാശുപത്രികൾ, വെറ്ററിനറി സബ് സെന്ററുകൾ എന്നിവ വഴി ബീജം വിതരണം ചെയ്ത് കൃത്രിമ ബീജസങ്കലന പ്രവർത്തനങ്ങൾ നടത്തിവരുന്നു. ഉയർന്ന ജനിതകശേഷിയുള്ള അഞ്ച് (5) ഹോൾസ്റ്റീൻ ഫ്രിഷ്യൻ വിത്തുകാളകളെ ജർമ്മനിയിൽനിന്നും നാല് (4) ജഴ്സി വിത്തുകാളകളെ ഡെൻമാർക്കിൽനിന്നും കെ.എൽ.ഡി. ബോർഡിന്റെ മാട്ടുപ്പെട്ടി ഫാമിലേക്ക് ഇറക്കുമതി ചെയ്ത് അവയുടെ ബീജമാത്രകൾ സംസ്ഥാനത്തിനകത്ത് വിതരണം ചെയ്തുവരുന്നു. കന്നുകാലി പ്രജനന നയം നിഷ്കർഷിക്കുന്ന

രീതിയിൽ ജനിതക മേന്മയുള്ള വിത്തുകാളകളെ സംസ്ഥാനത്തിന് പുറത്തുള്ള ഏജൻസികളിൽ നിന്നും വാങ്ങി അവയുടെ ബീജം ഗാഢ ശീതീകരിച്ച് സംസ്ഥാനത്തിനകത്ത് വിതരണം ചെയ്തുവരുന്നു. ഉയർന്ന ഉൽപാദന ക്ഷമതയുള്ള ജഴ്സി ഹോൾസ്റ്റീൻ ഫ്രിഷ്യൻ ഇനങ്ങളുടെ ഇറക്കുമതി ചെയ്ത ഭ്രൂണം ഉപയോഗിച്ചുള്ള വിത്തുകാളകളെ മാട്ടുപ്പെട്ടി ഫാമിൽ ഉൽപാദിപ്പിച്ചിട്ടുണ്ട്. കെ.എൽ.ഡി. ബോർഡ് ഉൽപാദിപ്പിക്കുന്ന ഉന്നത ഗുണമേന്മയുള്ള ബീജമാത്രകൾ ഉപയോഗിച്ച് പശുക്കളിൽ ബീജാധാനം ചെയ്യുമ്പോൾ മികച്ച പാലുൽപാദന ക്ഷമതയുള്ള പശുക്കളെ കർഷകർക്ക് ലഭിക്കുകയും ഇതിലൂടെ പാൽ ഉൽപാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുക എന്ന ലക്ഷ്യത്തിലെത്തുവാനും സാധിക്കുന്നതാണ്.

കേരള വെറ്ററിനറി & അനിമൽ സയൻസസ് യൂണിവേഴ്സിറ്റിയുടെ ഫാമുകളിൽ പ്രധാനമായും ഉപയോഗിക്കുന്ന ഫ്രീസ് വാൾ (ഹോൾസ്റ്റീൻ ഫ്രീഷ്യൻ x സഹിവാൾ സങ്കരയിനം) ഉയർന്ന ഉൽപാദന ശേഷിയുള്ള ബ്രീഡ് ഇനമാണ്. ഇത് ഇന്ത്യൻ കാർഷിക ഗവേഷണ കൗൺസിലിന്റെ കീഴിലുള്ള പ്രോജനി ടെസ്റ്റിങ് സ്കീം വഴി വിതരണം ചെയ്യപ്പെടുന്നു.

(ബി) ലിംഗനിർണയം നടത്തിയ ബീജം ഉപയോഗിച്ചുള്ള ബീജദാന പദ്ധതിയാണോ കന്നുകാലികളിൽ നടപ്പിലാക്കിയിട്ടുള്ളത്; വിശദമാക്കുമോ?

ലിംഗനിർണ്ണയം നടത്തിയ ബീജം ഉപയോഗിച്ചുള്ള ബീജാധാന പദ്ധതി കേന്ദ്രാവിഷ്കൃത പദ്ധതിയായ രാഷ്ട്രീയ ഗോകുൽ മിഷന് കീഴിൽ ABIP-SS (Accelerated Breed Improvement Programme – Sex Sorted) എന്ന പദ്ധതിയിലൂടെ നടപ്പാക്കിവരുന്നു. ലിംഗനിർണ്ണയം ചെയ്ത ബീജമാത്രകളുടെ വിതരണം, തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, പത്തനംതിട്ട, ഇടുക്കി, കോട്ടയം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട് എന്നീ ജില്ലകളിലായി മൃഗസംരക്ഷണ വകുപ്പ് തിരഞ്ഞെടുത്ത ബീജാധാന കേന്ദ്രങ്ങളിലൂടെ ചെയ്തുവരുന്നു. ജേഴ്സി, ഹോൾസ്റ്റീൻ ഫ്രീഷ്യൻ, സങ്കരയിനം ജേഴ്സി, സങ്കരയിനം ഹോൾസ്റ്റീൻ ഫ്രീഷ്യൻ ഇനത്തിൽപ്പെട്ട ലിംഗനിർണയം നടത്തിയ ബീജമാത്രകൾ എന്നിവയാണ് ഈ പദ്ധതിയിലൂടെ വിതരണം ചെയ്തുവരുന്നത്. കേരള ലൈവ്സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡും മൃഗസംരക്ഷണ വകുപ്പും മിൽമയും സംയുക്തമായാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. ഈ പദ്ധതി

നടപ്പിലാക്കുന്നതിലൂടെ കേരളത്തിൽ മുന്തിയ ഇനത്തിൽപ്പെട്ട പശുക്കുട്ടികളെ കൂടുതലായി ഉൽപാദിപ്പിക്കുവാൻ സാധിക്കും. ഇതുകൂടാതെ കെ.എൽ.ഡി. ബോർഡിന്റെ ബീജോൽപാദന കേന്ദ്രങ്ങളിൽ ഉൽപാദിപ്പിക്കുന്ന ഉന്നത ഗുണമേന്മയുള്ള, ലിംഗനിർണ്ണയം നടത്താത്ത ഗാഢശീതീകരിച്ച ബീജമാത്രകൾ സംസ്ഥാനത്തൊട്ടാകെ ബീജാധാന കേന്ദ്രങ്ങൾ വഴി വിതരണം ചെയ്തുവരുന്നു. ഇങ്ങനെ ബീജാധാനം നടത്തുമ്പോൾ 50-50 എന്ന ലിംഗാനുപാതത്തിലാണ് ആൺ-പെൺ കുട്ടികൾ ഉണ്ടാകുന്നത്.

(സി) ഭ്രൂണമാറ്റ സാങ്കേതികവിദ്യവഴി മെച്ചപ്പെട്ട ഇനം കന്നുകാലികളെ ഉൽപാദിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ഭ്രൂണമാറ്റം, ഇൻവിട്രോഫെർട്ടിലൈസേഷൻ (IVF) തുടങ്ങിയ സാങ്കേതികവിദ്യകൾ ഉപയോഗിച്ച് ഉൽപാദനക്ഷമത കൂടിയ പശുക്കുട്ടികളെ കൂടുതലായി ഉൽപാദിപ്പിക്കുവാനും കർഷകരുടെ ഇടങ്ങളിലുള്ള ഉൽപാദനശേഷി കൂടിയ പശുക്കളിൽനിന്നും ഭ്രൂണം ശേഖരിക്കുവാനുമുള്ള പദ്ധതികൾ മൃഗസംരക്ഷണ വകുപ്പിന്റെ കീഴിലുള്ള കെ.എൽ.ഡി. ബോർഡ് നടപ്പിലാക്കിവരുന്നു. മെച്ചപ്പെട്ട ജനിതക ഘടനയുള്ള സങ്കരയിനം

കന്നുക്കുട്ടികളുടെ ഉൽപാദനമാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്.

ഉയർന്ന ഉൽപാദന ക്ഷമതയുള്ള ജഴ്സി ഹോൾസ്റ്റീൻ ഫ്രിഷ്യൻ ഇനങ്ങളുടെ ഇറക്കുമതി ചെയ്ത ഭ്രൂണത്തിൽനിന്നും ഉന്നത ജനിതക മൂല്യമുള്ള പശുക്കൾ/ വിത്തുകാളകൾ കെ.എൽ.ഡി. ബോർഡിന്റെ മാട്ടുപ്പെട്ടി ഫാമിൽ ഉൽപാദിപ്പിച്ചിട്ടുണ്ട്. ഈ വിത്തുകാളകളിൽ നിന്നും ഉൽപാദിപ്പിക്കുന്ന ഉന്നത ഗുണമേന്മയുള്ള ബീജമാത്രകൾ സംസ്ഥാനത്തെ ക്ഷീര കർഷകർക്ക് വിതരണം ചെയ്തുവരുന്നു.

അത്യാധുനിക സൗകര്യങ്ങളോട് കൂടിയ ഭ്രൂണമാറ്റ ലബോറട്ടറി കൊല്ലം ജില്ലയിലെ ചിതറയിലും കോട്ടയം ജില്ലയിലെ തലയോലപ്പറമ്പിലും പ്രവർത്തിക്കുന്ന റീജിയണൽ ലൈവ്സ്റ്റോക്ക് ഫെർട്ടിലിറ്റി മാനേജ്മെന്റ് സെന്ററുകളിൽ ഒരുക്കിയിട്ടുണ്ട്. ഭ്രൂണമാറ്റത്തിനും IVF സാങ്കേതിതവിദ്യയ്ക്കും മൊബൈൽ സേവനവും ഈ കേന്ദ്രങ്ങൾ നൽകുന്നതാണ്. ആവശ്യമുള്ള ക്ഷീരകർഷകർക്ക് ന്യായമായ നിരക്ക് ഈടാക്കി കിടാരികളിൽ ഭ്രൂണമാറ്റ സാങ്കേതിക സൗകര്യം അവരുടെ വീട്ടുപടിക്കൽ ലഭ്യമാക്കിവരുന്നു.

(ഡി) ഭ്രൂണമാറ്റ സാങ്കേതികവിദ്യയിൽ കേരളത്തിന്റെ തനത്

ഇനങ്ങളായ കാസർഗോഡ് കുള്ളൻ, വെച്ചൂർ പശു എന്നിവയെക്കൂടി ഉൾപ്പെടുത്തി സംരക്ഷിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

കേരളത്തിന്റെ തനത് ജനസ്സുകളായ വെച്ചൂർ, കാസർഗോഡ് കുള്ളൻ, മറ്റ് തനത് ജനസ്സുകളായ വടകര കുള്ളൻ, വില്വാദ്രി കുള്ളൻ, വയനാട് കുള്ളൻ, കുട്ടമ്പുഴ കുള്ളൻ എന്നീ ജനസ്സുകളുടെ മികച്ച കാളകളെ തിരഞ്ഞെടുത്ത് അവയിൽനിന്നും ഗാഢ ശീതീകരിച്ച ബീജം ഉൽപാദിപ്പിച്ച് സംസ്ഥാനത്ത് ബീജാധാന കേന്ദ്രങ്ങൾ വഴി വിതരണം ചെയ്തുവരുന്നു.

കെ.എൽ.ഡി. ബോർഡിന്റെ മാട്ടുപ്പെട്ടി ഫാമിൽ വെച്ചൂർ പശുവിൽ ഭ്രൂണമാറ്റ സാങ്കേതികവിദ്യ പ്രാവർത്തികമാക്കിയിട്ടുണ്ട്. ലോകത്തുതന്നെ ആദ്യമായി ഐ.വി.എഫ്. സാങ്കേതികവിദ്യയിലൂടെ ഉൽപാദിപ്പിച്ച ഗാഢശീതീകരിച്ച ഭ്രൂണം ഉപയോഗിച്ച് ഭ്രൂണമാറ്റ സാങ്കേതികവിദ്യ വെച്ചൂർ പശുവിൽ വിജയകരമായി നടപ്പാക്കിയത് കെ.എൽ.ഡി. ബോർഡാണ്. മാട്ടുപ്പെട്ടി ഫാമിൽ നാളിതുവരെ 11 വെച്ചൂർ കിടാങ്ങളും ഈ സാങ്കേതികവിദ്യയിലൂടെ ജനിച്ചിട്ടുണ്ട്.

മണ്ണുത്തി വെറ്ററിനറി കോളജിൽ ഭ്രൂണമാറ്റ സാങ്കേതികവിദ്യ വെച്ചൂർ പശുക്കളിൽ നടപ്പാക്കുകയും 3 വെച്ചൂർ കിടാവുകളെ ഉൽപാദിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

അന്താരാഷ്ട്ര വിദ്യാർഥികളെ ആകർഷിക്കുവാനുള്ള നടപടികൾ

7(*127) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:
ശ്രീ. കെ. എം. സച്ചിൻദേവ്:
ഡോ. സുജിത് വിജയൻപിള്ള:
ശ്രീമതി ദെലീമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു) സദയം മറുപടി നൽകുമോ:

(എ) വിവിധ കോഴ്സുകൾ പഠിക്കുന്നതിന് സംസ്ഥാനത്തെ സർവകലാശാലകളിലേക്ക് അന്താരാഷ്ട്ര വിദ്യാർഥികളിൽനിന്നും അപേക്ഷകരുടെ എണ്ണത്തിൽ വർധനവുണ്ടായിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കാമോ?

കേരള സർവകലാശാലയിലെ വിവിധ കോഴ്സുകൾ പഠിക്കുന്നതിന് മുൻവർഷങ്ങളെ അപേക്ഷിച്ച് ഈ അക്കാദമിക വർഷം (2024-2025) അപേക്ഷിച്ച അന്താരാഷ്ട്ര വിദ്യാർഥികളുടെ എണ്ണത്തിൽ ഗണ്യമായ

വർധനവ് ഉണ്ടായിട്ടുണ്ട്. ഈ വർഷം 2600 വിദേശ വിദ്യാർഥികളുടെ അപേക്ഷകളാണ് ഐ.സി.സി.ആർ. പോർട്ടൽ വഴി കേരള സർവകലാശാലയ്ക്ക് ലഭിച്ചത്. നിലവിൽ 52 രാജ്യങ്ങളിൽ നിന്നുള്ള 215 വിദേശവിദ്യാർഥികൾ കേരള സർവകലാശാലയിൽ വിവിധ കോഴ്സുകളിൽ പഠിക്കുന്നു. ഇതിൽ 97 വിദ്യാർഥികൾ ഈ അക്കാദമിക വർഷം (2024-2025) അഡ്മിഷൻ എടുത്തവരാണ്.

കഴിഞ്ഞ വർഷങ്ങളിൽ മഹാത്മാഗാന്ധി സർവകലാശാലയിലേക്കുള്ള വിദേശ വിദ്യാർഥികളുടെ എണ്ണത്തിൽ താഴെ പറയുന്ന വർധനവുണ്ടായിട്ടുണ്ട് :

- 2024-25 - 867
- 2023-24 – 583
- 2022-23 – 348

കുസാറ്റിൽ അന്താരാഷ്ട്ര വിദ്യാർഥികളിൽനിന്നും വിവിധ കോഴ്സുകൾ പഠിക്കുന്നതിനുള്ള അപേക്ഷകളുടെ എണ്ണത്തിൽ വർധനവുണ്ടായിട്ടുണ്ട്. മുൻ വർഷങ്ങളിൽ ലഭിച്ച അപേക്ഷയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

- 2021 - 603
- 2022 - 800
- 2023 - 1110
- 2024 - 1410

(ബി) ദേശീയ-രാജ്യാന്തര റാങ്കിങ്ങുകളിൽ കേരളത്തിലെ സർവകലാശാലകൾ മികവ് തുടരുന്നതും അന്താരാഷ്ട്ര നിലവാരത്തിൽ നാല് വർഷ ബിരുദ പ്രോഗ്രാം നടപ്പാക്കുന്നതും വിദേശത്തു നിന്നുള്ള അപേക്ഷകർ വർധിക്കുവാൻ സഹായകമായിട്ടുണ്ടോ; വിശദമാക്കാമോ?

കേരള സർവകലാശാല 2024-ലെ എൻ.ഐ.ആർ.എഫ്. റാങ്കിങ്ങിൽ രാജ്യത്തെ പൊതു സർവകലാശാലകളിൽ ഒൻപതാം സ്ഥാനത്ത് വന്നതും ക്യൂ.എസ്. വേൾഡ് റാങ്കിങ്ങിൽ സൗത്ത് ഏഷ്യയിൽ 88-ാം സ്ഥാനത്ത് വന്നതും വിദേശ വിദ്യാർഥികളെ ആകർഷിക്കുന്നതിന് സഹായകമായിട്ടുണ്ട്. പഠനത്തിനായി വിദേശവിദ്യാർഥികളെ ഉൾപ്പെടെ സംസ്ഥാനത്തേക്ക് ആകർഷിക്കുന്നതിന്റെ ഭാഗമായി കേരള സർവകലാശാലയിൽ പുതിയ കോഴ്സുകൾക്കായുള്ള സിലബസുകൾ അന്താരാഷ്ട്ര നിലവാരത്തിലാണ്

തയ്യാറാക്കിയിട്ടുള്ളത്. ഇതിനായി Outcome based സമീപനമാണ് സ്വീകരിച്ചിരിക്കുന്നത്. ഒരു കുട്ടിക്ക് അഭിരുചിക്കനുസരിച്ച് സ്വന്തമായി ഒരു പ്രോഗ്രാം ഡിസൈൻ ചെയ്യാൻ പ്രാപ്തമാക്കുന്ന രീതിയാണ് അവലംബിച്ചിരിക്കുന്നത്. Foundation courses, discipline specific pathway components, discipline capstone components എന്നിങ്ങനെ മൂന്ന് തരത്തിലുള്ള കോഴ്സുകൾ ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നു. ഇതിലടങ്ങിയിരിക്കുന്ന ability enhancement courses, skill enhancement courses, value added courses, multidisciplinary courses എന്നിവ വിദ്യാർഥികൾക്ക് നൂതന ആശയങ്ങൾ വികസിപ്പിക്കുന്നതിനും തൊഴിൽ സാധ്യത വർധിപ്പിക്കുന്നതിനും സഹായകമാകുന്ന രീതിയിലാണ് തയ്യാറാക്കിയിട്ടുള്ളത്.

NIRF, TIMES Ranking-ലുള്ള മികച്ച സ്ഥാനം കൈവരിച്ചതിലൂടെ മഹാത്മാഗാന്ധി സർവകലാശാലയ്ക്ക് കഴിഞ്ഞ വർഷങ്ങളിൽ കൂടുതൽ വിദേശ വിദ്യാർഥികളെ ആകർഷിക്കുവാൻ സാധിച്ചിട്ടുണ്ട്. 2024-25 വർഷത്തിൽ ബിരുദ പ്രോഗ്രാമിലേക്ക് വന്ന കൂടുതൽ അപേക്ഷകൾ കാണിക്കുന്നത് നാല്

വർഷ ബിരുദ പ്രോഗ്രാമിൽ വിദേശ വിദ്യാർഥികൾക്ക് താൽപര്യമുണ്ടെന്നാണ്.

വിദേശ സർവകലാശാലകളിൽ നിലവിലുള്ളതിന് സമാനമായ ക്രെഡിറ്റ് ഘടന നടപ്പിലാക്കിയതുവഴി വിദേശവിദ്യാർഥികൾക്ക് നമ്മുടെ സർവകലാശാലകളിലെ കോഴ്സുകൾ അവരവരുടെ രാജ്യത്ത് തുടർപഠനത്തിന് കൂടുതൽ സൗകര്യപ്രദമായത് ഇവയുടെ ആകർഷകത്വം വർധിപ്പിച്ചിട്ടുണ്ട്.

(സി) വിദേശ വിദ്യാർഥികളെ ആകർഷിക്കാനുതകുന്ന പദ്ധതികളും പ്രവർത്തനങ്ങളും ആവിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

അന്താരാഷ്ട്ര വിദ്യാർഥികളെ സർവകലാശാലകളിലേക്കും കോളേജുകളിലേക്കും ആകർഷിച്ചുകൊണ്ട് കേരളത്തെ ആഗോളതലത്തിൽ ശ്രദ്ധിക്കപ്പെടുന്ന വിജ്ഞാനകേന്ദ്രമായി ഉയർത്താൻ ലക്ഷ്യമിട്ടുകൊണ്ടുള്ള 'സ്റ്റഡി ഇൻ കേരള' പ്രോഗ്രാം രൂപകല്പന ചെയ്തിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് ദേശീയ അന്തർദേശീയ സ്ഥാപനങ്ങളുമായി കേരള സംസ്ഥാന ഉന്നതവിദ്യാഭ്യാസ കൗൺസിൽ നിരവധി ചർച്ചകൾ ആരംഭിച്ചിട്ടുണ്ട്.

2025 ജനുവരി 14, 15-ന് കൊച്ചിയിൽവച്ച് നടന്ന **അടുത്തതലമുറ** ഉന്നത വിദ്യാഭ്യാസത്തെക്കുറിച്ചുള്ള ഇന്റർനാഷണൽ കോൺക്ലേവിന്റെ ഭാഗമായി അന്താരാഷ്ട്ര വിദ്യാർഥികളെ കേരളത്തിലേക്ക് ആകർഷിക്കുന്നതിനുള്ള മാർഗങ്ങൾ ചർച്ച ചെയ്യുന്നതിനായി വിവിധ സെഷനുകൾ സംഘടിപ്പിച്ചിരുന്നു. സ്റ്റഡി ഇൻ കേരളയുമായി ബന്ധപ്പെട്ട ഒരു പ്രത്യേക പ്രീ-കോൺക്ലേവ് സെഷനും ജനുവരി 13-ാം തീയതി സംഘടിപ്പിക്കുകയുണ്ടായി.

കൊച്ചിയിൽ നടന്ന അന്താരാഷ്ട്ര ഉന്നത വിദ്യാഭ്യാസ കോൺക്ലേവിൽ ഉരുത്തിരിഞ്ഞുവന്ന ആശയങ്ങളുടെ അടിസ്ഥാനത്തിൽ ഒരു കർമ്മപദ്ധതി ആവിഷ്കരിച്ചുവരുന്നു. വിദേശ വിദ്യാർഥികൾക്ക് ആതിഥേയത്വം വഹിക്കാൻ കഴിയുന്ന സ്ഥാപനങ്ങളിലെ അധ്യാപകരെ പരിശീലിപ്പിക്കുന്നതടക്കമുള്ള പ്രവർത്തനങ്ങൾ സംസ്ഥാന ഉന്നതവിദ്യാഭ്യാസ കൗൺസിൽ ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി ഫെബ്രുവരി 3-ാം തീയതി സംസ്ഥാനത്തെ വിവിധ സർവകലാശാലകളിലെയും തിരഞ്ഞെടുക്കപ്പെട്ട കോളേജുകളിലെയും അധ്യാപകർക്കായുള്ള ഹാൻഡ്സ്-ഓൺ-ട്രെയിനിങ്

പ്രോഗ്രാം മിഷിഗൺ സർവകലാശാലയിലെ പ്രൊഫ. സക്കറിയ മാത്യു, പ്രൊഫ. സപ്ന ത്വയിത്ത്, പ്രൊഫ. മാത്യു വിറ്റൺസ്റ്റീൻ (യൂണിവേഴ്സിറ്റി ഓഫ് ഡേട്ടൺ, യു.എസ്.എ.) എന്നിവരുടെ നേതൃത്വത്തിൽ സംഘടിപ്പിക്കുകയുണ്ടായി.

വിദേശ സർവകലാശാലകളുമായി ധാരണാപത്രങ്ങൾ ഒപ്പുവയ്ക്കുന്നതിനുള്ള നടപടികളും ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്. 2025 ഫെബ്രുവരി 4-ാം തീയതിയിൽ സംസ്ഥാന ഉന്നതവിദ്യാഭ്യാസ കൗൺസിൽ അമേരിക്കയിലെ പ്രശസ്തമായ യൂണിവേഴ്സിറ്റി ഓഫ് മിഷിഗൺ-ഫ്ലിന്റുമായി അക്കാദമിക സഹകരണത്തിനായുള്ള ധാരണാപത്രത്തിൽ ഒപ്പുവച്ചു.

ഇതുകൂടാതെ വിവിധ സർവകലാശാലകളിൽ ചുവടെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു:

<u>കേരള സർവകലാശാല</u>

വിദേശ വിദ്യാർഥികളുടെ പ്രവേശന നടപടികൾ ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ സുഗമമായി നടത്തുന്നതിന് ഒരു ഡയറക്ടറുടെ നേതൃത്വത്തിൽ Centre for Global Academics പ്രവർത്തിക്കുന്നു.

എം.ജി. സർവകലാശാല

- വിദേശ വിദ്യാർഥികൾക്ക് പ്രത്യേകം സജ്ജമാക്കിയ അക്കാദമിക് സെന്റർ University Centre for International Co-operation-UCIC- എന്ന സ്ഥാപനം മഹാത്മാഗാന്ധി സർവകലാശാലയിലുണ്ട്.
- മഹാത്മാഗാന്ധി സർവകലാശാല അന്താരാഷ്ട്ര വിദ്യാർഥികളെ ആകർഷിക്കുന്നതിനായി ഒരു ഇന്റർനാഷണൽ സ്റ്റുഡന്റ്സ് അഡ്മിഷൻ റെഗുലേഷൻ (International Students Admission Regulation) രൂപീകരിച്ചിട്ടുണ്ട്.
- സർവകലാശാല പഠനവകുപ്പുകളിലെ സീറ്റുകളിൽ 25% വരെ അധിക സീറ്റുകൾ വിദേശ വിദ്യാർഥികൾക്ക് അനുവദിച്ചിട്ടുണ്ട്. പഠനം പൂർത്തിയാക്കിയശേഷം 10 ദിവസത്തിനകം ഡിഗ്രി സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനായി ഒരു ഗ്രീൻ ചാനൽ സംവിധാനവും ആവിഷ്കരിച്ചിട്ടുണ്ട്.
- സാംസ്കാരിക വൈവിധ്യത്തെ പ്രോത്സാഹിപ്പിക്കുന്നതിനായി, സർവകലാശാല എല്ലാ വർഷവും ജൂലൈ-ആഗസ്റ്റ് മാസങ്ങളിലായി

"ഇന്റർനാഷണൽ കോൺക്ലേവ് ഓൺ കൾച്ചറൽ ഡൈവേഴ്സിറ്റി" എന്ന പേരിൽ ഒരു സമഗ്ര അന്താരാഷ്ട്ര സമ്മേളനം സംഘടിപ്പിക്കുന്നു.

- വിവിധ രാജ്യങ്ങളിൽ നിന്നുള്ള വിദ്യാർഥികൾ നേരിടുന്ന ഭാഷാപരമായ ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനായി സർവകലാശാല ഒരു പ്രത്യേക ലാംഗ്വേജ് ലാബ് സ്ഥാപിച്ചിരിക്കുന്നു.
- MOOC (Massive Open Online Courses) എന്ന ഓൺലൈൻ പഠന പദ്ധതിയിലൂടെ, ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്ന് വിദ്യാർഥികൾക്ക് പഠനം നടത്താൻ അവസരങ്ങൾ ഒരുക്കിയിട്ടുണ്ട്.
- കേരളത്തിൽ ഭൂരിഭാഗം വിദേശ വിദ്യാർഥികളെയും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള 'ഇന്റർനാഷണൽ കൾച്ചറൽ ഫെസ്റ്റ്' എല്ലാ വർഷവും മഹാത്മാഗാന്ധി സർവകലാശാല കാമ്പസിൽ നടത്തിവരുന്നു.

<u>കാലിക്കറ്റ് സർവകലാശാല</u>

1. ഇന്റർനാഷണൽ റിലേഷൻസ് ആൻഡ് അക്കാദമിക് എക്സ്ചേഞ്ച് എന്ന പേരിൽ വിദേശ വിദ്യാർഥികളുടെ വിഷയങ്ങൾ കൈകാര്യം

ചെയ്യുന്നതിനായി ഒരു പ്രത്യേക വിഭാഗം രൂപീകരിച്ചു.

2. കേന്ദ്ര ഗവൺമെന്റ് നടപ്പിൽ വരുത്തിയ മിനിസ്ട്രി ഓഫ് എഡ്യൂക്കേഷന്റെ കീഴിലുള്ള സ്റ്റഡി ഇൻ ഇന്ത്യ പോർട്ടൽ, സർവകലാശാലയിൽ നടപ്പിൽ വരുത്തുകയും അതുവഴി പ്രവേശനം നടത്താനുള്ള എല്ലാ നടപടികളും പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

കണ്ണൂർ സർവകലാശാല

കണ്ണൂർ സർവകലാശാലയിൽ വിവിധ പ്രോഗ്രാമുകൾക്കും ഗവേഷണ പ്രോഗ്രാമുകൾക്കും ചേരാനാഗ്രഹിക്കുന്ന വിദേശ വിദ്യാർഥികളുടെ പ്രവേശനം ഉൾപ്പെടെയുള്ള നടപടികൾക്കായി Office for International Affairs (OIA) സർവകലാശാലയിൽ പ്രവർത്തിച്ചുവരുന്നു.

കുസാറ്റ്

1. സ്കോളർഷിപ്പ് പ്രോഗ്രാമുകൾ: സ്കോളർഷിപ്പ് പ്രോഗ്രാമുകൾ വഴി വിദേശ വിദ്യാർഥികൾക്ക് പഠനത്തിനുള്ള സാമ്പത്തിക സഹായം ലഭ്യമാക്കുന്നു. 'സ്റ്റഡി ഇൻ ഇന്ത്യ' പ്രോഗ്രാം വഴി പ്രവേശനം ലഭിക്കുന്ന വിദ്യാർഥികൾക്ക് 50 ശതമാനം സ്കോളർഷിപ്പ് നൽകിവരുന്നുണ്ട്.

2. മാർക്കറ്റിങ് പ്രചാരണങ്ങൾ: സാമൂഹിക മാധ്യമ പ്ലാറ്റ്ഫോമുകൾ വഴി സർവകലാശാലയുടെ അക്കാദമിക് പ്രോഗ്രാമുകൾക്ക് പ്രചാരണം നൽകുന്നുണ്ട്.

3. സർവകലാശാലയിലെ അക്കാദമിക് അവസരങ്ങളെ കുറിച്ചുള്ള വിവരങ്ങൾ വിദേശ വിദ്യാർഥികളിൽ എത്തിക്കുന്നതിനായി വെർച്വൽ വിവര സെഷനുകളും വെബിനാറുകളും സംഘടിപ്പിച്ചുവരുന്നു.

4. ERASMUS+, DAAD തുടങ്ങിയ അന്താരാഷ്ട്ര പദ്ധതികൾ പ്രയോജനപ്പെടുത്തിയും വിദേശ വിദ്യാർഥികളെ സർവകലാശാലയിലേക്ക് ആകർഷിക്കുന്നുണ്ട്.

5. ആലുംനി നെറ്റ്വർക്കുകൾ: ആലുംനി നെറ്റ്വർക്കുകൾ വിദ്യാർഥികൾക്ക് വൈവിധ്യമാർന്ന കരിയർ അവസരങ്ങൾ കണ്ടെത്താനും പ്രൊഫഷണൽ അനുഭവങ്ങൾ പങ്കിടാനും ഉപകരിക്കുന്നു.

6. വിവിധ വിദേശ സർവകലാശാലകളുമായുള്ള ധാരണാപത്രങ്ങൾ വഴിയും വിദേശ വിദ്യാർഥികൾ സർവകലാശാലയിൽ പഠനത്തിനായി എത്തുന്നുണ്ട്. ഇപ്പോൾ കുസാറ്റിൽ 27 രാജ്യങ്ങളിൽ നിന്നായി 57

വിദേശ വിദ്യാർഥികൾ വിവിധ കോഴ്സുകളിൽ പഠനം നടത്തിവരുന്നുണ്ട്.

<u>ശ്രീ ശങ്കരാചാര്യ സംസ്കൃത സർവകലാശാല</u>

- സർവകലാശാലയിൽ വിദേശ വിദ്യാർഥികളുടെ പ്രവേശനം, Student Exchange എന്നിവയുമായി ബന്ധപ്പെട്ട് യു.ജി.സി. മാനദണ്ഡങ്ങൾക്കനുസൃതമായി റെഗുലേഷൻ (Academic Collaborations between SSUS and Foreign Higher Educational Institutions) രൂപീകരിക്കുകയും തുടർപ്രവർത്തനങ്ങൾക്കായി Office of International Affairs സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്.
- വിയന്നയിലുള്ള സെൻട്രൽ യൂറോപ്യൻ യൂണിവേഴ്സിറ്റി (CEU), യൂറോപ്യൻ യൂണിയന്റെ അധ്യാപക-വിദ്യാർഥി കൈമാറ്റത്തിനായുള്ള സാമ്പത്തിക സഹായ പദ്ധതിയായ Erasmus+ സ്കീമിൽ സംസ്കൃത സർവകലാശാലയെ പാർട്നർ യൂണിവേഴ്സിറ്റി ആക്കുന്നതിനായി അപേക്ഷ നൽകുകയും അതിന് യൂറോപ്യൻ യൂണിയന്റെ അംഗീകാരം ലഭ്യമാകുകയും ചെയ്തിട്ടുണ്ട്.
- സംസ്കൃത സർവകലാശാലയും നെതർലന്റ്സിലെ Groningen

യൂണിവേഴ്സിറ്റിയും തമ്മിൽ Student and Faculty exchange-ന് ധാരണപത്രത്തിൽ ഏർപ്പെടുന്ന നടപടി അന്തിമഘട്ടത്തിലാണ്.

- ഗ്രോണിംഗൻ സർവകലാശാല (നെതർലാൻഡ്സ്), ജാഗിയേലോണിയൻ സർവകലാശാലശാല (പോളണ്ട്), നാഷണൽ യൂണിവേഴ്സിറ്റി ഓഫ് മെക്സിക്കോ എന്നിവരെ പാർട്നർ സർവകലാശാലകളാക്കി മുന്നോട്ടുവച്ച 'Religion and Critical Heritage Studies: Towards an MA in Responsible Cultural Leadership' (RELIC) എന്ന പ്രൊപ്പോസലിന് യൂറോപ്യൻ യൂണിയന്റെ Erasmus Mundus Joint MA Programme (EMJM) പദ്ധതിയിൽ അപേക്ഷിക്കുകയും യൂറോപ്യൻ യൂണിയന്റെ അനുമതി ലഭിക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതി നടപ്പായാൽ ഗ്രോണിംഗൻ സർവകലാശാലയിൽ പ്രസ്തുത പ്രോഗ്രാമിന് ചേരുന്ന വിദ്യാർഥികൾ സംസ്കൃത സർവകലാശാലയിൽ ചുരുങ്ങിയത് ഒരു സെമസ്റ്റർ പഠനം നടത്തേണ്ടതാണ്. പ്രോഗ്രാമിന്റെ സിലബസ് സംബന്ധിച്ച കാര്യങ്ങൾ തിരുമാനിക്കുന്നതിനുള്ള ചർച്ചകൾ പുരോഗമിച്ചുവരുന്നു.

തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല

ജർമ്മനിയിലെ ടുബിംഗൻ സർവകലാശാലയുമായി അക്കാദമിക രംഗത്ത് സഹകരണം തുടരുന്നതിന് മലയാളസർവകലാശാല നടപടി സ്വീകരിച്ചിട്ടുണ്ട്.

റോഡ് സുരക്ഷ ഉറപ്പാക്കാൻ എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ

8(*128) ഡോ. കെ. ടി. ജലീൽ:
ശ്രീ. കെ. ജെ. മാക്സി:
ശ്രീ. കെ.കെ. രാമചന്ദ്രൻ:
ശ്രീമതി ഒ എസ് അംബിക: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി (ശ്രീ. കെ. ബി. ഗണേഷ് കുമാർ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റോഡ് സുരക്ഷ ഉറപ്പാക്കുന്നതിനും റോഡപകടങ്ങൾ ഗണ്യമായി കുറയ്ക്കുന്നതിനുമായി എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; പ്രസ്തുത സ്ക്വാഡിന്റെ ചുമതലകൾ വിശദമാക്കുമോ?

ഉണ്ട്. സംസ്ഥാനത്ത് റോഡ് സുരക്ഷ ഉറപ്പാക്കുന്നതിനും റോഡ് അപകടങ്ങൾ കുറയ്ക്കുന്നതിനുമായി എല്ലാ പോലീസ് ജില്ലകളിലും ട്രാഫിക്

എൻഫോഴ്സ്മെന്റ് യൂണിറ്റുകൾ പ്രവർത്തിച്ചുവരുന്നു. റോഡ് സുരക്ഷ ഉറപ്പാക്കി സുഗമമായ വാഹന ഗതാഗതവും കാൽനട യാത്രക്കാരുടെ സുരക്ഷിതമായ സഞ്ചാരവും ഉറപ്പുവരുത്തുന്നതിനാവശ്യമായ ഗതാഗത ക്രമീകരണങ്ങളും മറ്റും ടി യൂണിറ്റുകൾ നിർവഹിച്ചുവരുന്നു.

കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെ (കെ.ആർ.എസ്.എ.) സാമ്പത്തിക സഹായത്തോടെ മോട്ടോർ വാഹന വകുപ്പ് നടപ്പിലാക്കിയ ഫുള്ളി ഓട്ടോമേറ്റഡ് ട്രാഫിക് എൻഫോഴ്സ്മെന്റ് പ്രോജക്ടാണ് സേഫ് കേരള. AI-അധിഷ്ഠിത ഡിജിറ്റൽ എൻഫോഴ്സ്മെന്റ്, കേന്ദ്രീകൃത നിയന്ത്രണ സംവിധാനങ്ങൾ തുടങ്ങിയ നൂതന സാങ്കേതികവിദ്യകൾ പ്രയോജനപ്പെടുത്തി, ട്രാഫിക് നിയമങ്ങൾ പാലിക്കുന്നത് ഗണ്യമായി വർധിപ്പിക്കുകയും എണ്ണമറ്റ ജീവൻ രക്ഷിക്കുകയും ചെയ്തു.

24-09-2018-ലെ സ.ഉ.(കൈ) നം.56/2018/ഗതാഗതം പ്രകാരം സേഫ് കേരള പദ്ധതിയുടെ ഭാഗമായി മോട്ടോർ വാഹന വകുപ്പിൽ നിലവിലെ 34 സ്ക്വാഡുകൾ കൂടാതെ 51 സ്ക്വാഡുകൾ കൂടി രൂപീകരിക്കുകയും ചെയ്തതുവഴി സംസ്ഥാനത്ത് മോട്ടോർ വാഹന വകുപ്പിനുകീഴിൽ 85 എൻഫോഴ്സ്മെന്റ്

സ്ക്വാഡുകൾ നിലവിൽ പ്രവർത്തിച്ചുവരുന്നു. ടി സ്ക്വാഡുകളുടെ രൂപീകരണത്തിനുശേഷം 02-03-2019-ലെ സ.ഉ. (കൈ) നം.20/2019/ഗതാഗതം പ്രകാരം സേഫ് കേരള പദ്ധതിയുമായി ബന്ധപ്പെട്ട് നടപടിക്രമങ്ങളും നിർദേശങ്ങളും പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) റോഡ് സുരക്ഷ ഉറപ്പാക്കുന്നതിന്റെ ഭാഗമായി പ്രത്യേകമായ എൻഫോഴ്സ്മെന്റ് ഡ്രൈവുകൾ നടത്തിയിട്ടുണ്ടോ; ആയത് ട്രാഫിക് നിയമലംഘനങ്ങൾ പിടികൂടുന്നതിനും പൊതുജനങ്ങൾക്ക് റോഡ് സുരക്ഷാ നിയമങ്ങളിൽ അവബോധം നൽകുന്നതിനും എത്രത്തോളം സഹായകരമായിട്ടുണ്ട്; വിശദമാക്കുമോ?

റോഡ് സുരക്ഷ ഉറപ്പാക്കുന്നതിന്റെ ഭാഗമായി പ്രത്യേകമായ എൻഫോഴ്സ്മെന്റ് ഡ്രൈവുകൾ നടത്തിയിട്ടുണ്ട്. 2024-ൽ മോട്ടോർ വാഹന വകുപ്പ് നടത്തിയ ഡ്രൈവുകളുടെ വിവരം ചുവടെ ചേർക്കുന്നു.

1) <u>ഓപ്പറേഷൻ ' സേഫ്റ്റി റ്റു സേവ് ലൈഫ് '</u>

ആംബുലൻസുകളുടെ നിയമവിരുദ്ധ സർവീസ് പരിശോധിക്കുന്നതുമായി ബന്ധപ്പെട്ട് 2023 JAN 10 മുതൽ 3 ദിവസത്തേക്ക് ഒരു സ്പെഷ്യൽ ഡ്രൈവ്

നടത്തി.

2) അനധികൃത ലൈറ്റ് ഫിറ്റിങ്ങുകൾ കണ്ടെത്തുന്നതിനുള്ള സ്പെഷ്യൽ ഡ്രൈവ്

റോഡ് സുരക്ഷയ്ക്ക് വിഘാതമായി മറ്റ് സംസ്ഥാനങ്ങളിൽനിന്നും വരുന്ന വാഹനങ്ങളിൽ വാഹനങ്ങളിൽ ഘടിപ്പിച്ചിരിക്കുന്ന ക്രാഷ് ഗാർഡ്, എയർ ഹോൺ, അധിക ലൈറ്റുകൾ, നമ്പർ പ്ലേറ്റ് മറച്ചുവച്ചുള്ള യാത്ര മുതലായവകൾ പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതിന് 23-01-2024 മുതൽ 25-01-2024 വരെ നടത്തിയ സ്പെഷ്യൽ ഡ്രൈവ്.

3) ആംബുലൻസുകളുടെ ദുരുപയോഗം സംബന്ധിച്ച സ്പെഷ്യൽ ഡ്രൈവ്

ആംബുലൻസുകളുടെ നിയമവിരുദ്ധ സർവീസ് പരിശോധിക്കുന്നതുമായി ബന്ധപ്പെട്ട് 04-03-2024 മുതൽ 13-03-2024 വരെ ഒരു ഡ്രൈവ് നടത്തുകയുണ്ടായി. പ്രസ്തുത ഡ്രൈവിൽ ചുവടെ ചേർത്തിരിക്കുന്ന നിയമലംഘനങ്ങൾ പരിശോധിക്കുകയുണ്ടായി.

എ) മോട്ടോർ കാർ ആയി രജിസ്റ്റർ ചെയ്ത വാഹനം ആംബുലൻസ് ആയി അനധികൃത രൂപമാറ്റം വരുത്തി സർവീസ് നടത്തുക.

ബി) ആംബുലൻസുകൾ രോഗികളെ കൊണ്ടുപോകാൻ അല്ലാതെ മറ്റ് ആവശ്യങ്ങൾക്കായി ഉപയോഗിക്കുക.

സി) ആംബുലൻസുകൾ രോഗികളുമായുള്ള യാത്ര, മനുഷ്യാവയവങ്ങൾ എത്തിച്ചു നൽകേണ്ട ദുരന്ത നിവാരണ രക്ഷാപ്രവർത്തനങ്ങൾക്കുള്ള അത്യാവശ്യയാത്ര, എന്നിവയിലല്ലാതെയുള്ള അമിതവേഗത, സൈറൺ ദുരുപയോഗം.

ഡി) ആംബുലൻസ് ഡ്രൈവർമാർ മദ്യപിച്ചു സർവീസ് നടത്തുക.

4) ഓട്ടം പൂർത്തിയാക്കാത്ത സ്റ്റേജ് കാര്യേജുകൾക്കെതിരെയുള്ള ഡ്രൈവ്

രാത്രികാലങ്ങളിൽ സ്റ്റേജ് കാര്യേജുകൾ പ്രത്യേകിച്ച് പ്രൈവറ്റ് ബസ്സുകൾ പെർമിറ്റ് നിബന്ധനകൾക്ക് വിരുദ്ധമായി ട്രിപ്പുകൾ മുടക്കുന്നതു കണ്ടെത്തുന്നതിനായി ദിവസേന ഡ്രൈവ് നടത്തുകയുണ്ടായി.

5) തേർഡ് പാർട്ടി ഇൻഷ്വറൻസ് ഇല്ലാത്ത വാഹനങ്ങൾക്കെതിരെ നടപടി സ്വീകരിക്കുന്നത് സംബന്ധിച്ച സെഷ്യൽ ഡ്രൈവ്.

പൊതുനിരത്തുകളിൽ സാധുവായ തേർഡ് പാർട്ടി ഇൻഷ്വറൻസ് ഇല്ലാത്ത വാഹനങ്ങൾ സഞ്ചരിക്കുന്നില്ലെന്നു ഉറപ്പുവരുത്തുന്നതിനായും

മോട്ടോർ വാഹന നിയമം 1998-ലെ 146, 196 എന്നീ ചട്ടങ്ങൾ കൃത്യമായി പാലിക്കുന്നുവെന്നും ഉറപ്പുവരുത്തുന്നതിലേക്കായും തേർഡ് പാർട്ടി ഇൻഷ്വറൻസുമായി ബന്ധപ്പെട്ട ബോധവൽക്കരണങ്ങൾ, സ്പെഷ്യൽ ഡ്രൈവുകൾ എന്നിവ സംഘടിപ്പിച്ചു.

6) ഡെസിബെൽ മീറ്റർ ഉപയോഗിച്ചുള്ള സ്പെഷ്യൽ ഡ്രൈവ്

കേരളത്തിൽ ഓടുന്ന പ്രൈവറ്റ് ബസ്സുകളിലും ലോറികളിലും നിരോധിത എയർഹോൺ ഉപയോഗിക്കുന്നതായി പരാതികൾ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ അത് കണ്ടെത്താൻ 2024 മേയ് 14 മുതൽ മേയ് 18 വരെയുള്ള ദിവസങ്ങളിൽ സംസ്ഥാനത്തുള്ള ബസ്സുകളിലും ലോറികളിലും പരിശോധന സംഘടിപ്പിച്ചു.

7) നിയമവിരുദ്ധമായി ലൈറ്റുകൾ ഘടിപ്പിക്കുന്നതിനെതിരായ സ്പെഷ്യൽ ഡ്രൈവ്

നിയമവിരുദ്ധമായി ലൈറ്റുകൾ ഘടിപ്പിച്ച് സർവീസ് നടത്തുന്ന സ്റ്റേജ് കാര്യേജ്, ഹെവി ഗ്രൂഡ്സ് വെഹിക്കിൾ, ഹെവി പാസഞ്ചർ വെഹിക്കിൾ എന്നീ വാഹനങ്ങൾക്കെതിരെ നിയമനടപടികൾ സ്വീകരിക്കുന്നതിന്റെ

ഭാഗമായി എല്ലാ ദിവസങ്ങളിലും സ്പെഷ്യൽ ഡ്രൈവ് നടത്തുകയുണ്ടായി. അത്തരത്തിൽ ഘടിപ്പിച്ചിട്ടുള്ള ലൈറ്റുകൾ നീക്കം ചെയ്തശേഷം മാത്രമെ പ്രസ്തുത വാഹനങ്ങളെ തുടർന്ന് സർവീസ് നടത്തുവാൻ അനുവദിക്കാവൂ എന്നും നിർദേശം നൽകി.

8) EIB സ്പെഷ്യൽ ഡ്രൈവ്

പുതിയ അധ്യയന വർഷം ആരംഭിക്കുന്നതിനു മുന്നോടിയായി കുട്ടികളുടെ സുരക്ഷയും സംരക്ഷണവും ഉറപ്പുവരുത്തുന്നതിനായി 23-05-2024 മുതൽ സ്കൂൾ വാഹനങ്ങളുടെ പരിശോധനയുമായി ബന്ധപ്പെട്ട് സെഷ്യൽ ഡ്രൈവ് നടത്തുവാൻ നിർദേശം നൽകി.

9) എയർ ഹോണുകളുടെ ഉപയോഗം കണ്ടുപിടിക്കുന്നതിനായുള്ള സെഷ്യൽ ഡ്രൈവ്

കേരള സംസ്ഥാനത്ത് എയർ ഹോണുകൾ ഘടിപ്പിച്ച് ഓടുന്ന വാഹനങ്ങൾ ശബ്ദമലിനീകരണത്തിനും പൗരന്മാർക്ക് ആരോഗ്യ പ്രശ്നങ്ങൾക്കും കാരണമാകുന്നതായി നിരവധി പരാതികൾ ലഭിച്ചതിനാൽ അമിത ശബ്ദം പുറപ്പെടുവിക്കുന്ന വാഹനങ്ങൾ കണ്ടെത്തി നടപടി

സ്വീകരിക്കുന്നതിനായി ഡെസിബൽ മീറ്റർ ഉപയോഗിച്ച് സ്പെഷ്യൽ ഡ്രൈവ് സംഘടിപ്പിച്ചു.

10. സ്റ്റേജ് കാര്യേജുകളുമായി ബന്ധപ്പെട്ട സ്പെഷ്യൽ ഡ്രൈവ്

സ്റ്റേജ് കാര്യേജുകളിൽ സേവനമനുഷ്ഠിക്കുന്ന ഡ്രൈവർമാർ, കണ്ടക്ടർമാർ എന്നിവർ നിയമം അനുശാസിക്കുന്ന രീതിയിലെ യൂണിഫോമാണ് ജോലി സമയത്ത് ധരിച്ചിരിക്കുന്നത് എന്നും ഷർട്ടിൽ പേര്, ബാഡ്ജ് നമ്പർ എന്നിവ പ്രദർശിപ്പിക്കുന്ന ബാഡ്ജ് ധരിച്ചിട്ടുണ്ടെന്നും ഉറപ്പുവരുത്തുന്നതിനായി 10-09-2024 മുതൽ 13-09-2024 വരെ ഒരു സ്പെഷ്യൽ ഡ്രൈവ് നടത്തി.

11. അനധികൃത സ്റ്റേജ് കാര്യേജ് സർവീസുകൾ

സംസ്ഥാനത്ത് അനധികൃതമായി സ്റ്റേജ് കാര്യേജ് എന്ന പേരിൽ സർവീസ് നടത്തുന്ന കോൺട്രാക്ട് ക്യാരേജുകളെ കണ്ടെത്തുന്നതിലേക്കായി 17-10-2024 മുതൽ എല്ലാ ദിവസവും പ്രത്യേക പരിശോധന നടത്തി.

12. നിയമവിരുദ്ധമായി വാഹനങ്ങളിൽ ഘടിപ്പിച്ചിട്ടുള്ള നെയിം ബോർഡുകൾ, ഫ്ലാഷ് ലൈറ്റുകൾ, ഫ്ലാഗുകൾ, ലൈറ്റുകൾ ഘടിപ്പിച്ച് രൂപമാറ്റം

വരുത്തുക എന്നിവ കണ്ടെത്തുന്നതിനുള്ള പ്രത്യേക പരിശോധന WP(C) No. 25129/2024 filed by SUO MOTU എന്ന കേസിൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി പുറപ്പെടുവിച്ചിട്ടുള്ള വിവിധ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ നിയമവിരുദ്ധമായി വാഹനങ്ങളിൽ ഘടിപ്പിച്ചിട്ടുള്ള നെയിം ബോർഡുകൾ, ഫ്ലാഷ് ലൈറ്റുകൾ, ഫ്ലാഗുകൾ എന്നിവയ്ക്കെതിരെ നടപടി സ്വീകരിക്കുവാനും ബസ്സുകളിലും മറ്റു വാഹനങ്ങളിലും നിയമവിരുദ്ധമായി ലൈറ്റുകൾ ഘടിപ്പിച്ച് രൂപമാറ്റം വരുത്തുന്നതിനെതിരെ WP(C) നം 25158/2024 filed by SUO MOTU എന്ന കേസിൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി പുറപ്പെടുവിച്ചിട്ടുള്ള വിവിധ ഉത്തരവുകളുടെ അടിസ്ഥാനത്തിലും ഇത്തരം നിയമലംഘനങ്ങൾ കണ്ടെത്തുന്നതിലേക്കായി 24-10-2024 മുതൽ 30-10-2024 വരെ എല്ലാ ദിവസവും പ്രത്യേക പരിശോധ നടത്തി.

13. ചരക്ക് വാഹനങ്ങൾ ഉൾപ്പെടെയുള്ള വാഹനങ്ങൾ രജിസ്ട്രേഷൻ നമ്പർ പ്ലേറ്റ് മറച്ചുവച്ച് സർവീസ് നടത്തുന്നതിനെതിരായ പ്രത്യേക പരിശോധന.

സംസ്ഥാനത്ത് സർവീസ് നടത്തുന്ന നിരവധി വാഹനങ്ങൾ

പ്രത്യേകിച്ചും അന്യസംസ്ഥാനത്തുനിന്നും വരുന്ന ചരക്ക് വാഹനങ്ങൾ, രജിസ്റ്റർ നമ്പർ മറയുന്ന വിധത്തിലുള്ള നിർമ്മിതികൾ നീക്കം ചെയ്യുന്നതിലേക്കായും വലതുവശം ചേർന്ന് സഞ്ചരിക്കുന്ന ചരക്കുവാഹനങ്ങൾ കണ്ടെത്തുന്നതിലേക്കായും എല്ലാ എൻഫോഴ്സ്മെന്റ് ആർ.ടി.-ഒമാരും 11-11-2024 മുതൽ 17-11-2024 വരെ പ്രത്യേകിച്ച് രാത്രികാലങ്ങളിൽ ഒരു സ്പെഷ്യൽ ഡ്രൈവ് നടത്തുവാനും പ്രസ്തുത നിയമലംഘനങ്ങൾക്കെതിരെ ഇ-ചലാൻ തയ്യാറാക്കി വിശദാംശങ്ങൾ ലഭ്യമാക്കുവാനും നിർദേശംനൽകി. ആയതുകൂടാതെ നിരവധി ചരക്ക് വാഹനങ്ങളിൽ പിൻഭാഗത്ത് അനധികൃതമായി ഘടിപ്പിച്ച ലൈറ്റുകൾക്കെതിരെയും നടപടി സ്വീകരിച്ചു.

14) High Security Registration Plate (HSRP) ഘടിപ്പിച്ച വാഹനങ്ങളുടെ സ്പെഷ്യൽ ഡ്രൈവ്

04-12-2018-ലെ ജി.എസ്.ആർ. നമ്പർ 1162 (E) പ്രകാരമുള്ള മാനദണ്ഡങ്ങൾക്കനുസൃതമായി ഹൈ സെക്യൂരിറ്റി രജിസ്ട്രേഷൻ നമ്പർ പ്ലേറ്റുകളാണ് വാഹനങ്ങളിൽ ഘടിപ്പിച്ചിരിക്കുന്നതെന്നും 2234 of 2023 കൺടംപ്റ്റ് ഓഫ് കോർട്ട് ഉത്തരവ് പ്രകാരമുള്ള കോടതി ഉത്തരവിൽ

പരാമർശിച്ചിരിക്കുന്ന HSRP number plate Tampered, 'fancy fonts' or 'decorative fonts, Obstructing Number plate visibility എന്നീ നിയമ ലംഘനങ്ങൾ വാഹനങ്ങളിലുണ്ടെങ്കിൽ ആയത് കണ്ടെത്തുന്നതിലേക്കുമായി ഒരു സ്പെഷ്യൽ ഡ്രൈവ് നടത്തി.

മേൽ വിവരിച്ച ഡ്രൈവുകൾ നടത്തിയതിന്റെ ഫലമായി ഗതാഗത മേഖലയിൽ റോഡ് സുരക്ഷയെ സംബന്ധിച്ചുള്ള അവബോധം വർധിപ്പിക്കുന്നതിനും ഒരു നല്ല റോഡ് സംസ്കാരം രൂപപ്പെടുത്തിയെടുക്കുന്നതിനും ഈ മേഖലയിൽ പ്രവർത്തിക്കുന്നവർക്ക് ഒരു ദിശാബോധം നൽകാനും മോട്ടോർ വാഹന വകുപ്പിന് സാധിച്ചിട്ടുണ്ട്.

അടുത്ത തലമുറയിലെ ഉന്നതവിദ്യാഭ്യാസം

9(*129) ശ്രീമതി യു. പ്രതിഭ:
ശ്രീ. കടകംപള്ളി സുരേന്ദ്രൻ:
ശ്രീ. എം. രാജഗോപാലൻ:
ശ്രീ. എ. രാജ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു) സദയം മറുപടി നൽകുമോ:

(എ) 'അടുത്ത തലമുറയിലെ ഉന്നതവിദ്യാഭ്യാസം' എന്ന വിഷയത്തിൽ വിവിധ മേഖലകളിലുള്ള വിദഗ്ധരെ ഉൾപ്പെടുത്തി അന്താരാഷ്ട്ര കോൺക്ലേവ്

സംഘടിപ്പിച്ചിട്ടുണ്ടോ; എന്തെല്ലാം കാര്യങ്ങളാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്; വ്യക്തമാക്കുമോ?

ഉണ്ട്. ഉന്നത വിദ്യാഭ്യാസ രംഗത്ത് കേരളം നടത്തിക്കൊണ്ടിരിക്കുന്ന നിരവധി പരിഷ്കാരങ്ങളുടെ തുടർച്ചയായി അന്താരാഷ്ട്ര തലത്തിലുള്ള ഉന്നത വിദ്യാഭ്യാസ രീതികളെയും പുതുതലമുറയിലെ ഉന്നത വിദ്യാഭ്യാസ സാധ്യതകളെയും കുറിച്ച് ആഴത്തിലും പരപ്പിലും ചർച്ച ചെയ്യുകയെന്ന ലക്ഷ്യത്തിലാണ് ജനുവരി 14, 15 തീയതികളിൽ കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആൻഡ് ടെക്നോളജിയിൽ (CUSAT) വച്ച് 'ഷേപ്പിങ് കേരളാസ് ഫ്യൂച്ചർ ഇന്റർനാഷണൽ കോൺക്ലേവ് ഓൺ നെക്സ്റ്റ്-ജെൻ-ഹയർ എജ്യൂക്കേഷൻ' എന്ന പേരിൽ അന്താരാഷ്ട്ര ഉന്നത വിദ്യാഭ്യാസ കോൺക്ലേവ് സംഘടിപ്പിച്ചത്.

(ബി) പ്രസ്തുത കോൺക്ലേവിൽ നടന്ന ചർച്ചകളിൽ ഉയർന്നുവന്ന ആശയങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

ഉന്നത വിദ്യാഭ്യാസത്തിൽ നിർമ്മിത ബുദ്ധിയുടെ സംയോജനം, സാമ്പത്തിക സുസ്ഥിരത, അന്താരാഷ്ട്രവൽക്കരണം, ഗവേഷണ മികവ്,

സുസ്ഥിര വികസനം കരിക്കുലത്തിൽ സംയോജിപ്പിക്കൽ, ഉന്നത വിദ്യാഭ്യാസത്തെ ഭാവി തൊഴിൽ സാധ്യതകളുമായി ബന്ധിപ്പിക്കൽ, ട്രാൻസ്‌ലേഷണൽ റിസർച്ച്, ടീച്ചർ എഡ്യൂക്കേഷൻ, അക്കാദമിക് ലൈബ്രറികൾ, ഗവേഷണ ഫലങ്ങളും നയരൂപീകരണവും, ഗ്രാജ്വേറ്റ് ട്രാക്കിങ് സിസ്റ്റം, ചരിത്രാന്വേഷണത്തിന്റെ ഭാവി, ആർട്ട് എഡ്യൂക്കേഷൻ, ഇൻഡസ്ട്രി, അക്കാദമീയ പങ്കാളിത്തം, കേരളത്തിലെ ഉന്നത വിദ്യാഭ്യാസ പരിഷ്കരണങ്ങൾ തുടങ്ങി വിവിധ വിഷയങ്ങൾ കോൺക്ലേവ് ചർച്ചചെയ്തു.

കേരളാ ഡയസ്പോറയുടെ സഹകരണം ഉറപ്പാക്കാൻ കഴിയുന്ന തരത്തിൽ ഒരു സംവിധാനം ഒരുക്കുന്നതിനും ഇൻഡസ്ട്രി-അക്കാദമിയ ബന്ധം ഉറപ്പിക്കുന്നതിന് ഒരു സംവിധാനം തയ്യാറാക്കുന്നതിനുമുള്ള നിർദേശം ഉണ്ടായിട്ടുണ്ട്. ട്രിന്നിങ് പ്രോഗ്രാമുകൾ വഴി അന്താരാഷ്ട്രതലത്തിൽ സ്ഥാപനങ്ങളുമായി ബന്ധം വളർത്തും. പൂർവവിദ്യാർഥികളുടെ സഹകരണം വർധിപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിക്കും.

(സി) പ്രസ്തുത ആശയങ്ങൾ പ്രായോഗികതലത്തിൽ എത്തിക്കാൻ

പദ്ധതികൾ ആവിഷ്കരിക്കുമോ എന്നും പോസ്റ്റ് കോൺക്ലേവുകൾ സംഘടിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ എന്നും വ്യക്തമാക്കുമോ?

അന്താരാഷ്ട്ര ഉന്നത വിദ്യാഭ്യാസ കോൺക്ലേവിൽ ഉരുത്തിരിഞ്ഞുവന്ന വിഷയങ്ങളുടെ അടിസ്ഥാനത്തിൽ ഭാവി കർമ്മപദ്ധതി പ്രഖ്യാപിച്ചിട്ടുണ്ട്. കോൺക്ലേവിന് തുടർച്ചയായി വിദേശ വിദ്യാർഥികൾക്ക് ആതിഥേയത്വം വഹിക്കാൻ കഴിയുന്ന സ്ഥാപനങ്ങളിലെ അധ്യാപകരെ പരിശീലിപ്പിക്കുന്നതടക്കമുള്ള പ്രവർത്തനങ്ങൾ സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ ആരംഭിച്ചിട്ടുണ്ട്.

വിദേശ സർവകലാശാലകളുമായി ധാരണാപത്രങ്ങൾ ഒപ്പുവയ്ക്കുന്നതിനുള്ള നടപടികളും ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്. ഇത്തരം തന്ത്രപരമായ നടപടികൾ ഉന്നത വിദ്യാഭ്യാസ രംഗത്ത് കേരളത്തിന് ദേശീയ-അന്തർദേശീയ തലത്തിൽ ശ്രദ്ധ ലഭിക്കുന്നതിന് സഹായകരമാകും. കോൺക്ലേവിലെ ചർച്ചകളുടെ അടിസ്ഥാനത്തിൽ മറ്റു തുടർ നടപടികൾ ആവിഷ്കരിച്ചുവരുന്നു.

ക്ഷീരമേഖലയിൽ സമ്പൂർണ്ണ ഇൻഷ്വറൻസ് പദ്ധതി

10(*130) ശ്രീ. വി. ജോയി:

ശ്രീ. ജി. സ്റ്റീഫൻ:

ശ്രീ. കെ. യു. ജനീഷ് കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി) സദയം മറുപടി നൽകുമോ:

(എ) ക്ഷീരകർഷകർക്കും അവരുടെ കുടുംബങ്ങൾക്കും ക്ഷീരസംഘം ജീവനക്കാർക്കുമായി സമ്പൂർണ്ണ ഇൻഷ്വറൻസ് പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ഉണ്ട്. കേരള ക്ഷീരകർഷക ക്ഷേമനിധിയിൽ അംഗങ്ങളായ ക്ഷീരകർഷകർക്ക് ആരോഗ്യ സുരക്ഷിതത്വവും ആശ്വാസവും ഉറപ്പാക്കുന്നതിനുവേണ്ടി 'ക്ഷീരസാന്ത്വനം ഇൻഷ്വറൻസ് പദ്ധതി' നടപ്പിലാക്കിവരുന്നു. യാതൊരുവിധ ആരോഗ്യ പരിശോധനകളും കൂടാതെതന്നെ 80 വയസ്സ് വരെ പ്രായമുള്ള ക്ഷീരകർഷകർക്ക് പദ്ധതിയിൽ ചേരാമെന്നതും നിലവിലുള്ള അസുഖങ്ങൾക്കുകൂടി പദ്ധതിയിൽ പരിരക്ഷ ലഭിക്കുമെന്നതും ഈ പദ്ധതിയുടെ മാത്രം പ്രത്യേകതയാണ്.

2024-25-ൽ ഇ-ടെൻഡർ മുഖാന്തരം തിരഞ്ഞെടുത്ത ന്യൂ ഇന്ത്യ അഷ്വറൻസ് കമ്പനിയും ലൈഫ് ഇൻഷ്വറൻസ് കോർപ്പറേഷൻ ഓഫ്

ഇന്ത്യയും ആണ് നിർവഹണ ഏജൻസികൾ.

പദ്ധതി ധനസഹായത്തിനായി സംസ്ഥാന സർക്കാർ ക്ഷീരവികസന വകുപ്പുവഴി 1.5 കോടി രൂപയും മിൽമയുടെ മൂന്ന് മേഖലാ യൂണിയനുകളിൽ നിന്നുമായി 90 ലക്ഷം രൂപയും ക്ഷീരകർഷക ക്ഷേമനിധി ബോർഡ് വിഹിതമായ 3.37 കോടി രൂപയും ഇൻഷ്വറൻസ് പദ്ധതിക്കായി നീക്കിവച്ചിട്ടുണ്ട്. ക്ഷീരകർഷക ക്ഷേമനിധി ബോർഡിൽ അംഗങ്ങളായ ക്ഷീരകർഷകർക്കും കുടുംബാംഗങ്ങൾക്കും ക്ഷീരസംഘം ജീവനക്കാർക്കും പദ്ധതിയിൽ ചേരാവുന്നതാണ്. സബ്സിഡി വിഹിതം ക്ഷേമനിധി അംഗങ്ങൾക്ക് മാത്രമായി നിജപ്പെടുത്തിയിരിക്കുന്നു.

ക്ഷീരസാന്ത്വനം ഇൻഷ്വറൻസ് പദ്ധതിയിൽ അംഗങ്ങളാകുന്നവർക്ക് ആരോഗ്യ സുരക്ഷാ പോളിസി, അപകടസുരക്ഷാ പോളിസി, ലൈഫ് ഇൻഷ്വറൻസ് പോളിസി എന്നീ മൂന്ന് വിഭാഗങ്ങളുടെ പരിരക്ഷ ലഭിക്കുന്നു. ആരോഗ്യ സുരക്ഷാ പോളിസിയുടെ ഭാഗമായി കുടുംബാംഗങ്ങൾക്ക് രണ്ടുലക്ഷം രൂപ വരെയുള്ള ചികിത്സാ സഹായം പണചെലവില്ലാതെ ലഭ്യമാണ്. അപകട സുരക്ഷ പോളിസി പ്രകാരം ക്ഷീരസാന്ത്വനം

പദ്ധതിയിൽ അംഗത്വമെടുത്ത വ്യക്തികൾക്ക് അപകടമരണങ്ങൾക്കും സ്ഥായിയായ അംഗ വൈകല്യങ്ങൾക്കും 7 ലക്ഷം രൂപ ധനസഹായം നൽകുന്നു. കൂടാതെ 25 വരെയുള്ള 2 കുട്ടികൾക്ക് ഇരുപത്തി അയ്യായിരും രൂപ വീതം അൻപതിനായിരം രൂപ വിദ്യാഭ്യാസ ധനസഹായം ലഭിക്കുന്നതുമാണ്. ലൈഫ് ഇൻഷ്വറൻസ് പദ്ധതി പ്രകാരം സാധാരണ മരണങ്ങൾക്ക് ഒരു ലക്ഷം രൂപയും നൽകുന്നു. കേരളത്തിലുടനീളം 296 ആശുപത്രികളിൽ ക്യാഷ് ലെസ് സൗകര്യം ലഭ്യമാണ്. ഇതുകൂടാതെ ഏത് ആശുപത്രിയിൽ ചികിത്സ നേടിയാലും റീ ഇംബേഴ്സ്മെന്റ് വഴി ധനസഹായം ലഭിക്കും. ആശുപത്രി വാസത്തിന് ഒരു മാസം മുമ്പും ആശുപത്രി വാസത്തിന് ശേഷമുള്ള 2 മാസവും തുടർചികിത്സാ ധനസഹായം ലഭിക്കും. ക്ഷീരസാന്ത്വനം പദ്ധതിയിൽ അംഗമാകുന്നതിന് ഒരു കർഷകന് 6,350/- രൂപയാണ് പ്രീമിയം തുകയായി നിശ്ചയിച്ചിട്ടുള്ളത്. ആയതിന്റെ 50% തുകയായ 3175/- രൂപ ക്ഷേമനിധി ധനസഹായമായി നൽകുന്നു. തൻവർഷം 18,200 ക്ഷീരകർഷകരെ പദ്ധതി ധനസഹായത്തിനായി തിരഞ്ഞെടുക്കുന്നു. ധനസഹായം കൂടാതെ മറ്റ് ക്ഷേമനിധി അംഗങ്ങൾക്കും

ജീവനക്കാർക്കും പദ്ധതിയിൽ ചേരാൻ കഴിയുന്നു.

കൂടാതെ, മൃഗസംരക്ഷണ വകുപ്പ് മുഖേന നടപ്പിലാക്കുന്ന സമഗ്ര കന്നുകാലി ഇൻഷ്വറൻസ് പദ്ധതിയിൽ കന്നുകാലികൾക്കും അവയുടെ ഉടമകൾക്കും ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നുണ്ട്.

(ബി) പ്രസ്തുത പദ്ധതിയിൽ ക്ഷേമനിധി ബോർഡിൽ അംഗമല്ലാത്തവർക്ക് പരിരക്ഷ ലഭ്യമാണോ; പദ്ധതിയിൽ ചേരുന്ന കർഷകന് ഇൻഷ്വറൻസ് പ്രീമിയം തുകയിൽ സർക്കാർ ധനസഹായം ലഭ്യമാണോ; വ്യക്തമാക്കുമോ?

ക്ഷേമനിധി ബോർഡിൽ അംഗമല്ലാത്ത ക്ഷീരകർഷകർക്കും ക്ഷീരസാന്ത്വനം ഇൻഷ്വറൻസ് പദ്ധതിയിൽ ചേരാവുന്നതാണ്. എന്നാൽ കേരള ക്ഷീരകർഷക ക്ഷേമനിധി അംഗമായിട്ടുള്ള ക്ഷീരകർഷകർക്ക് മാത്രമാണ് ഇൻഷ്വറൻസ് പ്രീമിയം ഒടുക്കുന്നതിൽ സബ്സിഡി നൽകിവരുന്നത്. ക്ഷീരസാന്ത്വനം പദ്ധതി ധനസഹായത്തിനായി സംസ്ഥാന സർക്കാർ ക്ഷീരവികസന വകുപ്പുവഴി 1.5 കോടി രൂപയും മൂന്ന് മേഖലാ യൂണിയനുകളിൽ നിന്നുമായി 90 ലക്ഷം രൂപയും ക്ഷീരകർഷക

ക്ഷേമനിധി വിഹിതമായ 3.37 കോടി രൂപയും ഇൻഷ്വറൻസ് പദ്ധതിക്കായി നീക്കിവച്ചിട്ടുണ്ട്.

കൂടാതെ മൃഗസംരക്ഷണ വകുപ്പ് മുഖേന നടപ്പിലാക്കുന്ന സമഗ്ര കന്നുകാലി ഇൻഷ്വറൻസ് പദ്ധതിയിൽ കന്നുകാലികൾക്കും അവയുടെ ഉടമകൾക്കുമാണ് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നത്. കന്നുകാലികളുടെ ഇൻഷ്വറൻസ് പ്രീമിയത്തിൽ ജനറൽ വിഭാഗത്തിന് 50% സർക്കാർ സബ്സിഡിയും എസ്.സി./എസ്.ടി. വിഭാഗത്തിന് 70% സബ്സിഡിയും നൽകിവരുന്നു. കന്നുകാലി ഉടമയ്ക്കുള്ള ഇൻഷ്വറൻസ് പ്രീമിയത്തിന് സർക്കാർ സബ്സിഡി നൽകുന്നതല്ല.

(സി) ക്ഷീരകർഷകരുടെ കറവമാടുകളെ പദ്ധതിയിലുൾപ്പെടുത്താൻ വ്യവസ്ഥയുണ്ടോ; വിശദമാക്കുമോ?

ക്ഷീരകർഷകരുടെ കറവമാടുകളെ ക്ഷീരസാന്ത്വനം ഇൻഷ്വറൻസ് പദ്ധതിയിലുൾപ്പെടുത്താൻ നിലവിൽ വ്യവസ്ഥ ചെയ്തിട്ടില്ല.

മൃഗസംരക്ഷണ വകുപ്പ് മുഖേന നടപ്പിലാക്കുന്ന സമഗ്ര കന്നുകാലി ഇൻഷ്വറൻസ് പദ്ധതിയിൽ കന്നുകാലികൾക്കും അവയുടെ ഉടമകൾക്കും

ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നുണ്ട്. കന്നുകാലികളുടെ ഇൻഷ്വറൻസ് പ്രീമിയത്തിൽ ജനറൽ വിഭാഗത്തിന് 50% സർക്കാർ സബ്സിഡിയും എസ്.സി./എസ്.ടി. വിഭാഗത്തിന് 70% സബ്സിഡിയും നൽകിവരുന്നു.

സുസ്ഥിര കാർഷിക സമ്പദ്വ്യവസ്ഥ

11(*131)ശ്രീ. വി. ശശി:

ശ്രീ. ഇ. ചന്ദ്രശേഖരൻ:

ശ്രീമതി സി. കെ. ആശ:

ശ്രീ. വി. ആർ. സുനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സുസ്ഥിര കാർഷിക സമ്പദ്വ്യവസ്ഥ കെട്ടിപ്പടുക്കുന്നതിന് നൂതനമായ സാങ്കേതിക ആശയവിനിമയ സംവിധാനങ്ങളുടെ സഹായം ലഭ്യമാക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. കാർഷിക ആശയവിനിമയവും സേവനവിതരണവും മെച്ചപ്പെടുത്തുന്നതിന് സർക്കാർ നിരവധി ഇ-ഗവേണൻസ് സംരംഭങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. ഫയലുകളുടെ നീക്കം സജീവമാക്കാൻ കൃഷിഭവൻതലം വരെ ഇ-ഓഫീസ് സംവിധാനം സജ്ജീകരിച്ചതിലൂടെ കർഷക പ്രശ്നങ്ങൾ

വളരെവേഗം പരിഹരിക്കാൻ സാധ്യമാകുന്നുണ്ട്. കൃഷിഭവനുകളിൽനിന്നും സർക്കാർ തലത്തിലേക്ക് കർഷക, കാർഷിക വിവരങ്ങൾ കൈമാറ്റം സുഗമമാക്കുന്നതിനായി രൂപകൽപന ചെയ്ത ഒരു സമഗ്ര പ്ലാറ്റ്ഫോമാണ് AIMS (Agricultural Information Management System). സർക്കാരിന്റെ പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട സേവനങ്ങൾ കർഷകർക്ക് ഇതിലൂടെ നൽകിവരുന്നു. കർഷകർക്കുള്ള സേവന വിതരണത്തിന്റെ കാര്യക്ഷമത മെച്ചപ്പെടുത്തുന്നതിനും വിവരങ്ങളുടെ സമയബന്ധിതമായ പ്രചാരണം ഉറപ്പുവരുത്തുന്നതിനും ഈ സംവിധാനം ലക്ഷ്യമിടുന്നു. കൃഷിഭവനുകളെ സ്മാർട്ട് കൃഷിഭവനുകളാക്കി മാറ്റി, അവയെ കർഷകർക്കുള്ള വിവര കേന്ദ്രങ്ങളായി മാറ്റുന്നതിനും സർക്കാർ മുൻഗണന നൽകിയിട്ടുണ്ട്.

(ബി) സാങ്കേതികവിദ്യയെയും ആശയവിനിമയ സംവിധാനങ്ങളെയും സംയോജിപ്പിച്ച് കാർഷിക മേഖലയുടെ വിവിധ തലങ്ങളെ ഏകോപിപ്പിക്കുന്നതിനുള്ള പുതിയ പദ്ധതികൾ ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. കേരളത്തിൽ സുസ്ഥിരമായ ഒരു കാർഷിക സമ്പദ്വ്യവസ്ഥ

കെട്ടിപ്പടുക്കുന്നതിനായി നൂതന ആശയ വിനിമയ സാങ്കേതിക വിദ്യകളെ സംയോജിപ്പിക്കുന്ന സംരംഭമാണ് "കതിർ" (കേരള അഗ്രിക്കൾച്ചർ ടെക്നോളജി ഹബ്ബ് & ഇൻഫർമേഷൻ റെപ്പോസിറ്ററി). ഇത് ഒരു കേന്ദ്രീകൃത ഡിജിറ്റൽ ഹബ്ബായി പ്രവർത്തിക്കും. ഇതിലൂടെ ഒന്നിലധികം സ്രോതസ്സുകളിൽ നിന്നുള്ള കാർഷിക ഡാറ്റ ഏകീകരിക്കുകയും കർഷകർക്കും നയരൂപകർത്താക്കൾക്കും പങ്കാളികൾക്കും പ്രവേശനം ഉറപ്പാക്കുകയും ചെയ്യുന്നു. വിളകളുടെ ക്രമീകരണം (cropping Pattern) വിശകലനം ചെയ്യുന്നതിനും കാലാവസ്ഥാ സാഹചര്യങ്ങൾ പ്രവചിക്കുന്നതിനും വിഭവ വിനിയോഗം ക്രമീകരിക്കുന്നതിനും ഈ പ്ലാറ്റ്ഫോം Artificial Intelligence അധിഷ്ഠിത തീരുമാന പിന്തുണാ സംവിധാനങ്ങളെ (Decision Support Systems) പ്രയോജനപ്പെടുത്തുന്നു. കർഷക കേന്ദ്രീകൃത പോർട്ടലും ചാറ്റ്ബോട്ട് ഉൾപ്പെടെയുള്ള ഇ-ഗവേണൻസ് സാങ്കേതികവിദ്യകളും നടപ്പിലാക്കുന്നതിന് കതിർ സോഫ്റ്റ്വെയർ വഴി സാധ്യമാകും. സർക്കാരും കർഷക സമൂഹവും തമ്മിലുള്ള തടസ്സമില്ലാത്ത ഡിജിറ്റൽ ഇടപാടുകളുടെ കാര്യക്ഷമത വർധിപ്പിക്കാനും സമയബന്ധിതവും ഡാറ്റ അധിഷ്ഠിതവുമായ ഉൾക്കാഴ്ചകൾ

നൽകി കർഷകരെ ശാക്തീകരിക്കുവാനും സംസ്ഥാനത്തിന്റെ സുസ്ഥിര കാർഷിക വളർച്ചയെ ത്വരിതപ്പെടുത്തുവാനും 'കതിർ' പ്രയോജനപ്പെടും.

കർഷകർക്കും കാർഷികവൃത്തിയിലേർപ്പെടാൻ താൽപര്യമുള്ളവർക്കും സംരംഭകർക്കും ലോകത്തിന്റെ ഏതു കോണിലുള്ളവർക്കും ഉപയോഗിക്കാൻ കഴിയുന്ന രീതിയിൽ ആവശ്യമായ പരിശീലന പരിപാടികൾ 'MOOC' മുഖേന (Massive Open Online Courses) കേരള കാർഷിക സർവകലാശാല തയ്യാറാക്കിയിട്ടുണ്ട്.

കർഷകർക്ക് പ്രയോജനപ്രദമാകുംവിധം വിള അടിസ്ഥാനത്തിലുള്ള പ്രോട്ടോകോളുകൾ, ഹ്രസ്വവീഡിയോകൾ, വാട്ട്സാപ്പ് സംവിധാനത്തിലൂടെയുള്ള വിളപരിപാലന നിർദേശങ്ങൾ എന്നിവയും കാർഷിക സർവകലാശാല നൽകിവരുന്നു.

കാർഷിക ഉൽപാദനവും വിപണനവും ഡിജിറ്റൽ സാങ്കേതിക വിദ്യയിലധിഷ്ഠിതമായി ഡാറ്റാബേസിന്റെ അടിസ്ഥാനത്തിൽ മുൻകൂട്ടി ശേഖരിച്ച് തയ്യാറാക്കുന്ന വാർഡുതല ഉൽപാദന വിപണന പ്ലാൻ "കൃഷി സമൃദ്ധി പദ്ധതി" വഴി സംസ്ഥാനത്തൊട്ടാകെ ഘട്ടംഘട്ടമായി

നടപ്പിലാക്കിവരുന്നു.

കൃഷി വകുപ്പിന്റെ പ്രചരണ പരിപാടികൾ കർഷകരിലേക്ക് എത്തിക്കുന്നതിനായി 1969 മുതൽ ഫാം ഇൻഫർമേഷൻ ബ്യൂറോ പ്രവർത്തിച്ചുവരുന്നു. നിലവിൽ യൂട്യൂബ്, ഫേസ്ബുക്ക്, ഇൻസ്റ്റാഗ്രാം, വാട്ട്സ്ആപ്പ്, തുടങ്ങിയ സാമൂഹ്യ മാധ്യമ സംവിധാനങ്ങളിലൂടെ കർഷകർക്കിടയിൽ സുസ്ഥിര കാർഷിക രീതികൾ പ്രചരിപ്പിച്ചുവരുന്നുണ്ട്. അച്ചടി മാധ്യമം വഴി കേരള കർഷകൻ മാസികയിലൂടെയും ദൃശ്യ മാധ്യമങ്ങളിലൂടെ നൂറുമേനി പരിപാടി വഴിയും ശ്രവ്യ മാധ്യമമായ റേഡിയോ വഴി ഞാറ്റുവേല എന്ന പരിപാടിയിലൂടെയും നവമാധ്യമങ്ങളിലൂടെയും ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ വെബ്സൈറ്റ് വഴിയും വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ നടത്തിവരുന്നു. കർഷകരുടെ സംശയങ്ങളും കാർഷിക മേഖലയിലെ സംരംഭകത്വ വികസനം ലക്ഷ്യമാക്കി ആവശ്യമായ സാങ്കേതിക അറിവുകളും SFAC-യുടെ ടോൾ ഫ്രീ നമ്പർ വഴിയും ലഭ്യമാണ്. ഇതുകൂടാതെ കൃഷിവകുപ്പിന്റെ പ്രധാന പരിപാടികളെല്ലാം ലൈവ് സ്ട്രീമിംഗ് വഴി എല്ലാ സമൂഹ മാധ്യമങ്ങളിലൂടെയും പ്രചരിപ്പിക്കുന്നു.

(സി) കർഷകരുടെയും കർഷക തൊഴിലാളികളുടെയും വികസന ക്ഷേമ പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകിയുള്ള എന്തെല്ലാം പ്രവർത്തനങ്ങളാണ് നടപ്പിലാക്കി വരുന്നതെന്ന് അറിയിക്കാമോ?

സംസ്ഥാനത്തെ കാർഷിക മേഖലയുടെ ഉന്നമനത്തിനും കർഷകരുടെ വരുമാനവും സുരക്ഷയും ക്ഷേമവും ഉറപ്പാക്കുന്നതിനും സർക്കാർ നിരവധി പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കിവരുന്നു.

കർഷകവരുമാനം ഇരട്ടിയാക്കുക എന്ന ഉദ്ദേശ്യത്തോടെയാണ് സർക്കാർ പ്രവർത്തിക്കുന്നത്. കൃഷിക്കൂട്ടങ്ങൾ രൂപീകരിച്ചും കാർഷിക ഉൽപാദന സംഘടനകൾ രൂപീകരിച്ചും ദ്വിതീയ കാർഷിക മേഖലയ്ക്ക് ഊന്നൽ നൽകിയ പ്രവർത്തനങ്ങളാണ് സർക്കാർ നടത്തിവരുന്നത്.

വിവിധ വിളകളുടെ ഉൽപാദനവും ഉൽപാദന ക്ഷമതയും വർധിപ്പിക്കുന്നതിനായി ഓരോ വിളകളെയും കേന്ദ്രീകരിച്ച് പ്രത്യേക പദ്ധതികളും സംസ്ഥാനത്ത് നടപ്പിലാക്കിവരുന്നു. കർഷകരുടെ വരുമാനം, ഭക്ഷ്യസുരക്ഷ, പാരിസ്ഥിതിക സുസ്ഥിരത എന്നിവ മെച്ചപ്പെടുത്തുന്നതിനും ലഭ്യമായ വിഭവങ്ങൾ കാര്യക്ഷമമായും വിവേചനാപരവുമായി

ഉപയോഗിക്കുന്നതിനും ഉറപ്പായ വരുമാനം കർഷകർക്ക് ലഭിക്കുന്നതിനുമായി കൃഷിയധിഷ്ഠിത ആസൂത്രണ ഉൽപാദന പദ്ധതിയും 2021-22 വർഷം മുതൽ സർക്കാർ നടപ്പിലാക്കിവരുന്നു.

കർഷകരുടെ ക്ഷേമത്തിനായി കർഷക ക്ഷേമനിധി ബോർഡ് വഴി ക്ഷേമനിധി പദ്ധതി, കർഷകക്ഷേമ പെൻഷൻ, കർഷക തൊഴിലാളികളുടെ ക്ഷേമത്തിനായി കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡ് വഴിയുള്ള പദ്ധതികൾ, എന്നിവ നൽകിവരുന്നു. കൂടാതെ, വിള ഇൻഷ്വറൻസ്, വർധിച്ചു വരുന്ന കൂലിച്ചെലവ് ലഘൂകരിക്കുന്നതിനും ഉൽപാദന ചെലവ് കുറയ്ക്കുന്നതിനുമായി കാർഷിക യന്ത്രവൽക്കരണ പദ്ധതി, വിള ആരോഗ്യ പദ്ധതി, ബ്ലോക്ക് ലെവൽ അഗ്രികൾച്ചറൽ നോളഡ്ജ് സെന്റർ തുടങ്ങിയവയും നടപ്പാക്കിവരുന്നു.

കേരള കാർഷിക സർവകലാശാല കർഷകർക്ക് ആവശ്യമായ പരിശീലന പരിപാടികൾ, സെമിനാറുകൾ, എക്സിബിഷനുകൾ എന്നിവ നൽകുന്നതോടൊപ്പം കർഷകരുടെ വരുമാന വർധനവിന് ആവശ്യമായ പുതിയ ഇനം വിത്തുകൾ സൂക്ഷ്മമൂലക കൂട്ടുകൾ (സമ്പൂർണ്ണ, അയർ തുടങ്ങിയവ)

സസ്യസംരക്ഷണ ഉൽപന്നങ്ങൾ എന്നിവ ഉൽപാദിപ്പിച്ച് അവരിലേക്ക് എത്തിക്കുകയും ചെയ്യുന്നു.

(ഡി) കർഷകരുടെ കൂട്ടായ്മകളെയും കാർഷിക സംരംഭങ്ങളെയും ഒരു കുടക്കീഴിൽ അണിനിരത്തി കാർഷിക മേഖല ശക്തിപ്പെടുത്തുന്നതിന് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. "ഞങ്ങളും കൃഷിയിലേക്ക്" എന്ന പദ്ധതി പ്രകാരം പ്രാദേശിക സാമ്പത്തിക വികസനം കാർഷിക മേഖലയിലൂടെ കൈവരിക്കാൻ കർഷകരുടെ സ്വയം നിയന്ത്രിത സ്വതന്ത്ര കൂട്ടായ്മകളെ 'കൃഷിക്കൂട്ടം ' എന്ന നാമത്തിൽ രൂപപ്പെടുത്തിയിട്ടുണ്ട്. ഉൽപാദന വിപണന സേവന മേഖലകളിൽ ഉയർന്ന നിലവാരത്തിൽ പ്രവർത്തിക്കുന്ന കാർഷിക കൂട്ടായ്മകളെ ഇതിലൂടെ സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുണ്ട്.

കർഷകരെയും കൃഷിക്കൂട്ടങ്ങളെയും ഫലപ്രദമായി ഉപയോഗപ്പെടുത്തി കാർഷിക മേഖലയിലെ നിരവധി വെല്ലുവിളികളെ കൂട്ടായി നേരിടുന്നതിന് ഫലപ്രദമായ ഒരു സഖ്യം 'കർഷക ഉൽപാദക സംഘടനകൾ' (FPO's) രൂപീകരിക്കുന്നതിലൂടെ സർക്കാർ ലക്ഷ്യം വയ്ക്കുന്നു. SFAC മുഖേന ഇത്തരം 47

FPO-കൾ വളർച്ചയുടെ വിവിധ ഘട്ടങ്ങളിലാണ്. കൂടാതെ ഫാം പ്ലാനുകൾ കേന്ദ്രീകരിച്ച് നൂറോളം FPO-കളും തയ്യാറായിവരുന്നു.

'ഞങ്ങളും കൃഷിയിലേക്ക്' എന്ന പദ്ധതിയുടെ രണ്ടാംഘട്ടമായി "കൃഷി സമൃദ്ധി "എന്ന പദ്ധതി ആസൂത്രണം ചെയ്തു നടപ്പിലാക്കിവരുന്നു. തദ്ദേശഭരണ സ്ഥാപനങ്ങളുടെയും കൃഷി വകുപ്പിന്റെയും സംയുക്ത നേതൃത്വത്തിൽ കൃഷിക്കൂട്ടങ്ങളെ ആധാരമാക്കിയും വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചും വാർഡ് അടിസ്ഥാനത്തിലുള്ള ഉൽപാദന വിപണന പ്ലാനിന്റെ അടിസ്ഥാനത്തിൽ പ്രാദേശിക ഉൽപാദനം സാധ്യമാക്കുകയെന്ന ലക്ഷ്യമാണ് പദ്ധതിയിൽ കൈവരിക്കുന്നത്. ആദ്യഘട്ടത്തിൽ 107 തദ്ദേശഭരണ സ്ഥാപനങ്ങളിലാണ് പദ്ധതി നടപ്പാക്കുന്നത്. 2025-26 സാമ്പത്തിക വർഷം 393 തദ്ദേശഭരണ സ്ഥാപനങ്ങളിൽക്കൂടി പദ്ധതി വ്യാപിപ്പിച്ച് 500 തദ്ദേശഭരണ സ്ഥാപനങ്ങളിൽ കൃഷിസമൃദ്ധി നടപ്പാക്കാൻ ഉദ്ദേശിക്കുന്നു. കാർഷിക പ്രാധാന്യമുള്ള ഇതര തദ്ദേശഭരണ സ്ഥാപനങ്ങളിൽക്കൂടി കൃഷി സമൃദ്ധി വ്യാപിപ്പിക്കുന്നതോടെ സംസ്ഥാനത്തെ കാർഷിക സമൃദ്ധിയിൽ എത്തിക്കുവാനും ദ്വിതീയ കാർഷിക മേഖലയിൽ

സംസ്ഥാനത്തിന് നേട്ടങ്ങൾ കൈവരിക്കുവാനും സാധ്യമാകും.

കെ-റെയിൽ പദ്ധതി

12(*132) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി:
ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:
ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ) സദയം മറുപടി നൽകുമോ:

(എ) കെ-റെയിൽ പദ്ധതിയുടെ നിലവിലെ സ്ഥിതി എന്താണെന്നും പദ്ധതി നടപ്പിലാക്കുന്നതിന് കേന്ദ്ര സർക്കാർ അനുകൂലമായ നിലപാട് സ്വീകരിച്ചിട്ടുണ്ടോ എന്നും വിശദമാക്കുമോ;

(ബി)സംസ്ഥാന സർക്കാർ ഇതിനകം പദ്ധതി നടത്തിപ്പിനായി എന്തെല്ലാം പ്രാഥമിക പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

(എ & ബി) 2024 ഒക്ടോബർ 16-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും കേന്ദ്ര റെയിൽവെ വകുപ്പുമന്ത്രിയുമായി നടത്തിയ ചർച്ചയിൽ സിൽവർലൈൻ പദ്ധതിക്ക് കേന്ദ്രം എതിരല്ലെന്ന് അറിയിച്ചിട്ടുണ്ട്. സിൽവർലൈൻ

പദ്ധതിക്ക് നിക്ഷേപപൂർവ പ്രവർത്തനങ്ങൾ ഏറ്റെടുത്തു നടത്തുന്നതിന് കേന്ദ്ര റെയിൽ മന്ത്രാലയത്തിൽനിന്നും തത്വത്തിലുള്ള അംഗീകാരം ലഭിച്ചിരുന്നു. തുടർന്ന് സിൽവർലൈൻ പദ്ധതിയുടെ വിശദമായ പദ്ധതി റിപ്പോർട്ട് കെ.ആർ.ഡി.സി.എൽ. പൂർത്തീകരിക്കുകയും 17-06-2020-ന് റെയിൽവെ മന്ത്രാലയത്തിന് സമർപ്പിക്കുകയും ചെയ്തു. ഡി.പി.ആർ. അവലോകനത്തിന്റെ ഭാഗമായി റെയിൽവെ മന്ത്രാലയം ആവശ്യപ്പെട്ട അധിക വിവരങ്ങൾക്ക് സ്പഷ്ടീകരണം നൽകുകയും ചെയ്തിട്ടുണ്ട്. സിൽവർലൈൻ പദ്ധതിയുടെ കേന്ദ്രാനുമതിയുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രി തലത്തിലുൾപ്പെടെ റെയിൽവേയുമായി ഉന്നതതല യോഗങ്ങളും കത്തിടപാടുകളും നടത്തിവരുന്നുണ്ട്. റെയിൽവെയിൽ നിന്നും അന്തിമാനുമതി ലഭിക്കുന്ന മുറയ്ക്ക് പദ്ധതിയുടെ തുടർ നടപടിക്രമങ്ങളുമായി മുന്നോട്ടുപോകുന്നതാണ്.

(സി) പദ്ധതിയുടെ അലൈൻമെന്റിൽ മാറ്റം വരുത്തുവാൻ ആലോചിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

സിൽവർലൈൻ പദ്ധതിയുടെ അലൈൻമെന്റ് ഉൾപ്പെടെയുള്ള വിശദ

പദ്ധതി റിപ്പോർട്ട് റെയിൽവേക്ക് അന്തിമാനുമതിക്കായി സമർപ്പിച്ചിരിക്കുകയാണ്. പ്രസ്തുത റിപ്പോർട്ട് നിലവിൽ റെയിൽവെ ബോർഡിന്റെ പരിശോധനയിലാണ്.

(ഡി) കെ-റെയിൽ പദ്ധതിക്കായി ഏകദേശം എത്ര തുക ചെലവ് പ്രതീക്ഷിക്കുന്നുണ്ടെന്നും പ്രസ്തുത തുക എപ്രകാരം കണ്ടെത്താനാണ് ഉദ്ദേശിക്കുന്നതെന്നും വിശദമാക്കുമോ?

വിശദമായ പദ്ധതി റിപ്പോർട്ട് അനുസരിച്ച് സിൽവർ ലൈൻ പദ്ധതിക്കായി 63,941 കോടി രൂപയാണ് ആവശ്യമായി വരിക. ധനസമാഹരണ രീതി ചുവടെ ചേർക്കുന്നു.

വിശദാംശങ്ങൾ	തുക	ശതമാനം
മൂലധനം		
റെയിൽ മന്ത്രാലയം	Rs.3,125 കോടി	4.98%
കേരള സർക്കാർ	Rs.3,253 കോടി	5.09%
പൊതു പങ്കാളിത്ത നിക്ഷേപം	Rs.4,252 കോടി	6.65%
അന്താരാഷ്ട്ര വായ്പ	Rs.33,700 കോടി	52.70%
സബോർഡിനേറ്റ് ഡെബ്റ്റ്		
കേന്ദ്ര സർക്കാർ (നികുതി ഇളവ്)	Rs.3189 കോടി	4.99%
കേരള സർക്കാർ (നികുതി ഇളവ്)	Rs.2896 കോടി	4.53%
കേരള സർക്കാർ - സ്ഥലമേറ്റെടുപ്പിനുള്ള ചിലവ് (land, EIA and R&R)	Rs.11,837 കോടി	18.51%
JDA (ഭൂഉടമകൾക്കായുള്ള ഡെഫേർഡ് പെയ്മെന്റ് സ്കീം)	Rs.1,525 കോടി	2.39%

നിർമ്മാണ കാലഘട്ടത്തിലെ വായ്പ പലിശ കേരള സർക്കാർ	Rs.164 കോടി	0.26%
ആകെ	**Rs. 63,941 കോടി**	**100%**

ന്യൂനപക്ഷ സ്കോളർഷിപ്പ് വെട്ടിക്കുറച്ച നടപടി

13(*133) ശ്രീ. റോജി എം. ജോൺ:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. അൻവർ സാദത്ത്:
ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ന്യൂനപക്ഷ വിഭാഗങ്ങളിലെ വിദ്യാർഥികൾക്ക് നൽകിവരുന്ന സ്കോളർഷിപ്പ് ഫണ്ട് വെട്ടിക്കുറയ്ക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഇപ്രകാരം സ്കോളർഷിപ്പ് ഫണ്ട് വെട്ടിക്കുറയ്ക്കുന്നത് ന്യൂനപക്ഷ വിഭാഗങ്ങളിലെ വിദ്യാർഥികളെ എപ്രകാരമാണ് ബാധിക്കുകയെന്ന് പഠനം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ന്യൂനപക്ഷ വിഭാഗങ്ങളിലെ വിദ്യാർഥികൾക്ക് നൽകിവരുന്ന സ്കോളർഷിപ്പ് ഫണ്ട് വെട്ടിക്കുറയ്ക്കാനുള്ള തീരുമാനം പിൻവലിക്കുമോ;

ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ?

(എ-സി) സംസ്ഥാനത്ത് ന്യൂനപക്ഷ വിഭാഗങ്ങളിലെ വിദ്യാർഥികൾക്ക് നൽകിവരുന്ന സ്കോളർഷിപ്പ് ഫണ്ട് വെട്ടിക്കുറയ്ക്കേണ്ടതില്ലെന്ന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

ബ്ലാക്ക് സ്പോട്ടുകൾ കണ്ടെത്താൻ പഠനം

14(*134) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി (ശ്രീ. കെ. ബി. ഗണേഷ് കുമാർ) സദയം മറുപടി നൽകുമോ:

(എ) മൂന്ന് വർഷത്തിനിടെ അഞ്ചിലേറെ അപകടങ്ങളും പത്തിലേറെ മരണവുമുണ്ടാകുന്ന 500 മീറ്റർ റോഡ് മേഖലയെയാണോ ബ്ലാക്ക് സ്പോട്ട് ആയി കണക്കാക്കുന്നതെന്ന് അറിയിക്കുമോ?

MoRTH Blackspot നിർവചന പ്രകാരം ഏതെങ്കിലും 500 മീറ്റർ നീളമുള്ള റോഡ് ഭാഗത്തിൽ, കഴിഞ്ഞ മൂന്ന് വർഷങ്ങൾക്കിടെ അഞ്ചോ അതിലധികമോ അപകടങ്ങൾ (മരണം അല്ലെങ്കിൽ ഗുരുതര പരിക്കുകളുള്ള

അപകടങ്ങൾ) നടന്നിട്ടുണ്ടെങ്കിലോ, അല്ലെങ്കിൽ പത്തോ അതിലധികമോ മരണം സംഭവിച്ചിട്ടുണ്ടെങ്കിലോ, ആ റോഡ് ഭാഗം അപകട Black spot ആയി കണക്കാക്കുന്നു.

(ബി) ബ്ലാക്ക് സ്പോട്ടുകൾ കണ്ടെത്താൻ സർക്കാർ ഓരോ വർഷവും പഠനം നടത്തുന്നുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ?

എല്ലാ വർഷവും ബ്ലാക്ക് സ്പോട്ടുകൾ കണ്ടെത്തുവാൻ പഠനം നടത്തുന്നില്ല. വിവിധ കാലയളവുകളിൽ black spot മേഖലകൾ കണ്ടെത്തുന്നതിനായി കേന്ദ്ര ഗതാഗത മന്ത്രാലയത്തിന്റെ മാനദണ്ഡങ്ങൾ പാലിച്ച് NATPAC-ന്റെ സഹായത്തോടെ പഠനങ്ങൾ നടത്തുന്നുണ്ട്. ഗതാഗതം, പോലീസ്, പൊതുമരാമത്ത് എന്നിവ സംയുക്തമായാണ് പഠനം നടത്തുന്നത്. അപകടങ്ങളുടെ വിവരങ്ങൾ, റോഡിന്റെ അവസ്ഥ, ഗതാഗത രീതി എന്നിവയെല്ലാം പഠനത്തിൽ പരിഗണിക്കും. ഈ പഠനങ്ങളുടെ അടിസ്ഥാനത്തിലാണ് ബ്ലാക്ക് സ്പോട്ടുകൾ കണ്ടെത്തുകയും അവിടെ സുരക്ഷാ നടപടികൾ എടുക്കുകയും ചെയ്യുന്നത്. കേരളത്തിലെ അപകട ബ്ലാക്ക് സ്പോട്ടുകൾ MoRTH-ന്റെ ബ്ലാക്ക് സ്പോട്ടുകളുടെ നിർവചനത്തെ

അടിസ്ഥാനമാക്കി മുൻഗണന നൽകുകയും കേരളത്തിലുടനീളമുള്ള ബ്ലാക്ക് സ്പോട്ടുകൾ തിരിച്ചറിയാൻ കേരള റോഡ് സുരക്ഷാ അതോറിറ്റി നാറ്റ്പാക്കിനെ ചുമതലപ്പെടുത്തിയിട്ടുമുണ്ട്.

(സി) പഠനത്തിന്റെ അടിസ്ഥാനത്തിൽ കണ്ടെത്തിയ ബ്ലാക്ക് സ്പോട്ടുകളിൽ അപകടം കുറയ്ക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നത്; വിശദമാക്കാമോ?

തിരിച്ചറിഞ്ഞ Black Spot ഇടനാഴികളിൽ അപകടങ്ങൾ ഒഴിവാക്കാൻ **തീരുത്തൽ പദ്ധതികളും** ഗതാഗത നിയമലംഘനങ്ങൾ തടയുന്നതിനുള്ള നടപടികളും നടപ്പിലാക്കി. ഇതിനായി താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

2010-11 Black Spot Management Study അടിസ്ഥാനത്തിൽ 2010-11-ൽ കണ്ടെത്തിയ 50 Black Spot-കളിൽ, പരിഹാര നടപടികൾ ചെയ്യുന്നതിനായി PWD റോഡ് വിഭാഗത്തിന് Rs.4.5 കോടി രൂപ റോഡ് സുരക്ഷാ ഫണ്ട് നൽകി.

2016-17 Black Spot Management Study അടിസ്ഥാനത്തിൽ 2016-17-ൽ

കണ്ടെത്തിയ 275 മുൻഗണനാ Black Spot-കളിൽ, പരിഹാര നടപടികൾ ചെയ്യുന്നതിനായി PWD (Roads) വിഭാഗത്തിന് 22.5 കോടി രൂപ റോഡ് സുരക്ഷാ ഫണ്ട് അനുവദിച്ചു.

2019 Black Spot Management Study-യുടെ അടിസ്ഥാനത്തിൽ 2019-ൽ കണ്ടെത്തിയ 238 Black Spot-കളിൽ, 93 അതിതീവ്ര മുൻഗണനാ Black Spot കളിൽ PWD (Roads) വിഭാഗം മുഖാന്തരം റോഡ് മാർക്കിങ്ങും ട്രാഫിക് സൈൻബോർഡ് സ്ഥാപിക്കലും ഉൾപ്പെടെയുള്ള പ്രാഥമിക Black Spot പരിഹാര നടപടികൾ റോഡ് സുരക്ഷാ ഫണ്ടുപയോഗിച്ച് നടപ്പിലാക്കി.

75 അതിതീവ്ര Black Spot-കളുടെ സ്ഥിരമായ പരിഹാര നടപടികൾ NATPAC തയ്യാറാക്കിയ ഡിസൈൻ പ്രകാരം KRSA, വഴി നടപ്പിലാക്കി. ഇതിൽ 25 Black Spot-കളുടെ സ്ഥിരമായ പരിഹാരത്തിനായി Rs.23.5 കോടി രൂപ PWD Roads-ന് അനുവദിച്ചു.

2021 Black Spot Management Study അടിസ്ഥാനത്തിൽ അപകടസാധ്യതയുള്ള 233 റോഡ് സ്കെച്ചുകൾ തിരിച്ചറിഞ്ഞു. ജില്ലാതല DRSC-കൾക്ക് ഓരോന്നിനും 10 ലക്ഷം രൂപ വീതം അനുവദിച്ചു.

പ്രത്യേകമായി രൂപീകരിച്ച പരിശോധനാ സംഘങ്ങൾ പരിശോധന നടത്തി സുരക്ഷാ നടപടികൾ സ്വീകരിച്ചുവരുന്നു.

നാഷണൽ ഹൈവെ അതോറിറ്റിയും പൊതുമരാമത്ത് വകുപ്പിന്റെ ദേശീയപാത വിഭാഗവും നിയന്ത്രിക്കുന്ന ദേശീയപാതകളിലെ NATPAC Black Spot പഠനത്തിൽ കണ്ടെത്തിയ ബ്ലാക്ക് സ്പോട്ടുകളുടെ ലിസ്റ്റ്, പരിഹാര നടപടികൾക്കായി ബന്ധപ്പെട്ട മേധാവികൾക്ക് നൽകിയിട്ടുണ്ട്.

ബ്ലാക്ക് സ്പോട്ടുകളിൽ അപകടം ഉണ്ടാകാതിരിക്കുന്നതിനായി നിരന്തരം പോലീസ് സാന്നിധ്യം ഉറപ്പുവരുത്തി പട്രോളിങ് നടത്തുകയും അമിത വേഗതയിലോടുന്ന വാഹനങ്ങൾക്കെതിരെ നിയമ നടപടികൾ സ്വീകരിച്ചും വരുന്നുണ്ട്. അശ്രദ്ധമായും അമിതഭാരം കയറ്റിയും, മദ്യപിച്ചും മറ്റ് ലഹരിപദാർത്ഥങ്ങൾ ഉപയോഗിച്ചും മൊബൈൽ ഫോൺ ഉപയോഗിച്ചും വണ്ടിയോടിക്കുന്നവർക്കെതിരെ പിഴ ഈടാക്കുന്നതുൾപ്പെടെയുള്ള നിയമ നടപടികൾ സ്വീകരിച്ചുവരുന്നു. ഇത്തരത്തിൽ റോഡ് നിയമങ്ങൾ പാലിക്കാതെ വാഹനമോടിക്കുന്നവരുടെ ഡ്രൈവിങ് ലൈസൻസ് സസ്പെന്റ് ചെയ്യാനുള്ള റിപ്പോർട്ടുകൾ യഥാസമയം മോട്ടോർ വാഹന വകുപ്പിന്

കൈമാറിവരുന്നുണ്ട്. കൂടാതെ വിവിധ സാമൂഹ്യ മാധ്യമങ്ങളിലൂടെയും നേരിട്ടും റോഡിൽ പാലിക്കേണ്ട നിയമങ്ങളെക്കുറിച്ച് പൊതുസമൂഹത്തിന് നിരന്തരം ബോധവൽക്കരണം നൽകിവരുന്നു. ട്രാഫിക് നിയമങ്ങളെക്കുറിച്ച് ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിച്ചും അപകട മേഖലകളിൽ സുരക്ഷാ മുന്നറിയിപ്പ് ബോർഡുകൾ, ഡിവൈഡറുകൾ എന്നിവ സ്ഥാപിച്ചും വരുന്നുണ്ട്. മോട്ടോർ വാഹന വകുപ്പും ആഭ്യന്തര വകുപ്പും സംയുക്ത വാഹന പരിശോധനയും നടത്തുന്നു.

കെ.എസ്.ആർ.ടി.സി.-യിലെ ശമ്പളവും പെൻഷനും

15(*135) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. റോജി എം. ജോൺ:
ശ്രീ. എം. വിൻസെന്റ്:
ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി (ശ്രീ. കെ. ബി. ഗണേഷ് കുമാർ) സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ജീവനക്കാർക്കും പെൻഷൻകാർക്കും എല്ലാ മാസവും ആദ്യ ആഴ്ചയിൽതന്നെ ശമ്പളം/പെൻഷൻ നൽകാൻ കഴിയുന്നുണ്ടോ?

കെ.എസ്.ആർ.ടി.സി.-യുടെ നിലവിലെ സാമ്പത്തിക സ്ഥിതിയിൽ

ജീവനക്കാർക്കും പെൻഷൻകാർക്കും എല്ലാ മാസവും ആദ്യ ആഴ്ചയിൽ തന്നെ ശമ്പളം/പെൻഷൻ നൽകാൻ കഴിയാറില്ല. എന്നാൽ ആയത് താമസംവിനാ കൃത്യസമയത്ത് കൊടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ സ്വീകരിച്ചുവരുന്നു.

(ബി) കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് എല്ലാ മാസവും അഞ്ചാം തീയതിക്ക് മുമ്പ്തന്നെ ശമ്പളം നൽകുമെന്ന സർക്കാരിന്റെ ഉറപ്പ് പാലിക്കാൻ സാധിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) കെ.എസ്.ആർ.ടി.സി. ജീവനക്കാർക്കും പെൻഷൻകാർക്കും എല്ലാ മാസവും അഞ്ചാം തീയതിക്ക് മുമ്പ്തന്നെ ശമ്പളം/പെൻഷൻ ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കുമോ?

(ബി & സി) കെ.എസ്.ആർ.ടി.സി. കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുന്നതിനാൽ ജീവനക്കാരുടെ 2023 ഫെബ്രുവരി മാസം മുതലുള്ള ശമ്പളം രണ്ട് ഗഡുക്കളായാണ് വിതരണം ചെയ്തുവന്നിരുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ, 20-06-2024-ൽ ചേർന്ന യോഗത്തിൽ എല്ലാ മാസവും ഒറ്റത്തവണയായി കൃത്യമായി ശമ്പളം നൽകാനുള്ള സംവിധാനം കെ.എസ്.ആർ.ടി.സി. ക്രമീകരിക്കേണ്ടതാണെന്ന

തീരുമാനം കൈക്കൊണ്ടിരുന്നു. നിലവിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽനിന്നും 50 കോടി രൂപ ഓവർഡ്രാഫ്റ്റ് വായ്പയും സർക്കാർ ധനസഹായവും വിനിയോഗിച്ചും മറ്റ് അവശ്യചെലവുകൾ (ഡീസൽ, സ്പെയർ പാർട്സ് തുടങ്ങിയവ) മാറ്റിവച്ച് ഫണ്ട് സമാഹരിച്ചുമാണ് ജീവനക്കാരുടെ ശമ്പളം ഒറ്റത്തവണയായി വിതരണം ചെയ്തുവരുന്നത്. ആയത് സ്വരൂപിക്കുന്നതിനുണ്ടാകുന്ന കാലതാമസംകൊണ്ട് മാത്രമാണ് ശമ്പളം ആദ്യ ആഴ്ചയിൽ തന്നെ വിതരണം ചെയ്യാൻ സാധിക്കാതെ പോകുന്നത്. 2024 സെപ്റ്റംബർ മാസം മുതൽ (2024 ആഗസ്റ്റ് മാസത്തെ ശമ്പളം) ജീവനക്കാരുടെ ശമ്പളം ഒറ്റത്തവണയായി കുടിശ്ശികയൊന്നുമില്ലാതെ പൂർണ്ണമായി വിതരണം ചെയ്തുവരികയാണ്.

കടുത്ത സാമ്പത്തിക പ്രതിസന്ധിമൂലം തനത് ഫണ്ടുപയോഗിച്ച് പെൻഷൻ തുക കണ്ടെത്തുവാൻ കോർപ്പറേഷന് കഴിയാത്ത സാഹചര്യമാണ് ഉണ്ടായിരുന്നത്. തന്മൂലം പെൻഷൻ മുടങ്ങുന്ന സാഹചര്യം ഒഴിവാക്കുന്നതിനായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി മുൻകൈയ്യെടുത്ത് 2018 ഫെബ്രുവരി മാസം മുതൽ പ്രാഥമിക കാർഷിക സഹകരണ സംഘം മുഖേന

പെൻഷൻ വിതരണം ചെയ്യുന്നതിന് കൺസോർഷ്യം രൂപീകരിക്കുകയും ഓരോ വർഷവും കരാർ പുതുക്കിക്കൊണ്ട് പ്രസ്തുത സഹകരണ സംഘങ്ങൾ വഴി പെൻഷൻ വിതരണം ചെയ്തുവരികയുമാണ്. നിലവിൽ 2024 ഡിസംബർ മാസം മുതൽ ഒരു വർഷക്കാലത്തേക്ക് പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾവഴി പെൻഷൻ വിതരണം ചെയ്യുന്നതിന് സർക്കാരും കെ.എസ്.ആർ.ടി.സി.-യും കേരള ബാങ്കുമായി ചേർന്ന് ത്രികക്ഷി കരാർ ഒപ്പുവച്ചിട്ടുണ്ട്. ആയതിൻപ്രകാരം 2025 നവംബർ വരെയുള്ള പെൻഷൻ വിതരണം ചെയ്യാൻ കഴിയുന്നതാണ്.

ആശ്വാസകിരണം പദ്ധതിയിലൂടെയുള്ള ധനസഹായം

16(*136) ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. നജീബ് കാന്തപുരം:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു) സദയം മറുപടി നൽകുമോ:

(എ) അന്ധരായ രോഗികളെയും കിടപ്പിലായ വയോധികരെയും കാൻസർ, സെറിബ്രൽ പാൾസി, ഓട്ടിസം, മാനസിക രോഗം, ബുദ്ധിമാന്ദ്യം

തുടങ്ങിയവ ബാധിച്ചവരെയും പരിചരിക്കുന്നവർക്ക് ആശ്വാസകിരണം പദ്ധതിയിലൂടെ നൽകിവരുന്ന ധനസഹായം കൃത്യമായി വിതരണം ചെയ്യുന്നില്ലെന്നത് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. ആശ്വാസകിരണം പദ്ധതിക്ക് 2024-2025 സാമ്പത്തികവർഷം ബജറ്റവിഹിതമായി 37.64 കോടി രൂപ അനുവദിച്ചിട്ടുണ്ട്. അതിൽ ആദ്യഗഡുവായി അനുവദിച്ച 10 കോടി രൂപയിൽ 9,91,81,611 രൂപ 27962 ഗുണഭോക്താക്കൾക്ക് ധനസഹായമായി അനുവദിച്ചിട്ടുണ്ട്. രണ്ടാം ഗഡുവായി അനുവദിച്ച 10 കോടി രൂപ ഉപയോഗിച്ച് തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കോട്ടയം ഇടുക്കി വയനാട്, കാസർഗോഡ് എന്നി ജില്ലകളിലെ യഥാസമയം ലൈഫ് സർട്ടിഫിക്കറ്റ് സമർപ്പിച്ച ഗുണഭോക്താക്കൾക്ക് 7 മാസത്തെ ധനസഹായവും ബാക്കി ജില്ലകൾക്ക് 8 മാസത്തെ ധനസഹായവും നിശ്ചിത തീയതിക്കുശേഷം ലൈഫ് സർട്ടിഫിക്കറ്റ് സമർപ്പിച്ചവർക്ക് അവർ ലൈഫ് സർട്ടിഫിക്കറ്റ് സമർപ്പിച്ച തീയതിയുടെ അടിസ്ഥാനത്തിൽ 2 മാസം വരെ ധനസഹായവും അങ്ങനെ ആകെ 28028 ഗുണഭോക്താക്കൾക്ക് ധനസഹായം നൽകുന്നതിനുള്ള നടപടി

സ്വീകരിച്ചിട്ടുണ്ട്.

(ബി) നിലവിൽ വിതരണം ചെയ്യുന്ന തുച്ഛമായ തുക വർധിപ്പിച്ച് നൽകുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ എന്നുമുതൽ വർധിപ്പിച്ചു നൽകാനാകുമെന്ന് അറിയിക്കുമോ?

നിലവിൽ പരിഗണനയിലില്ല.

(സി) ചലനശേഷിയില്ലാത്ത ഭിന്നശേഷിക്കാരുടെ സംരക്ഷണം ഉറപ്പാക്കുന്നതിന് പ്രത്യേക അതോറിറ്റി സ്ഥാപിക്കണമെന്ന കേന്ദ്രനിർദേശം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ?

ഹൈ സപ്പോർട്ട് ആവശ്യമായിവരുന്ന ഭിന്നശേഷിക്കാരുടെ അപേക്ഷകൾ സ്വീകരിച്ച് സാക്ഷ്യപ്പെടുത്തുന്നതിന് 2016-ലെ ഭിന്നശേഷി അവകാശ നിയമത്തിലെ വകുപ്പ് 38 ഉപവകുപ്പ് (1) നിഷ്കർഷിക്കുന്നത് പ്രകാരമുള്ള അതോറിറ്റി ആയി സാമൂഹ്യനീതി ജോയിന്റ് ഡയറക്ടറെ ചുമതലപ്പെടുത്തി 11-03-2024-ലെ G.O.(P)No.8/2024/SJD പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ചലനശേഷിയില്ലാത്ത ഭിന്നശേഷിക്കാരുടെ സംരക്ഷണം ഉറപ്പാക്കുന്നതിന് പ്രത്യേക അതോറിറ്റി സ്ഥാപിക്കണമെന്ന കേന്ദ്രനിർദേശം

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

കാൽനടക്കാരുടെ അലക്ഷ്യമായ റോഡ് ഉപയോഗം

17(*137) ശ്രീ. ഇ. ചന്ദ്രശേഖരൻ:
ശ്രീ. വി. ശശി:
ശ്രീമതി സി. കെ. ആശ:
ശ്രീ. വി. ആർ. സുനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി (ശ്രീ. കെ. ബി. ഗണേഷ് കുമാർ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വാഹനാപകടങ്ങളുടെ പ്രധാന കാരണങ്ങളിലൊന്ന് കാൽനടക്കാരുടെ അലക്ഷ്യമായ റോഡ് ഉപയോഗമാണെന്ന നിരീക്ഷണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കാൽനടക്കാരുടെ അലക്ഷ്യമായ റോഡ് ഉപയോഗം നിയന്ത്രിക്കുന്നതിനും കാൽനടയാത്ര കൂടുതൽ സുരക്ഷിതമാക്കുന്നതിനും നിയമനിർമ്മാണം നടത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കാൽനടക്കാർ അശ്രദ്ധമായും അലക്ഷ്യമായും റോഡ് ഉപയോഗിക്കുന്നതുമൂലം പലപ്പോഴും അപകടങ്ങളിൽപ്പെടാറുണ്ട്. കാൽനടയ്ക്കായി ഫുട്പാത്തുകൾ

ഉപയോഗിക്കുന്നതും റോഡ് മുറിച്ച് കടക്കാൻ Pedestrian crossing, മേൽപ്പാലങ്ങൾ എന്നിവ ഉപയോഗിക്കുന്നതിനുള്ള വിമുഖത മാറ്റിയെടുക്കുന്നതിനായി വിവിധ എൻ.ജി.ഒ.-കളുമായി സഹകരിച്ച് ബോധവൽക്കരണ പരിപാടികൾ നടത്താറുണ്ട്. കാൽനടക്കാർക്ക് മുൻഗണന നൽകാത്ത വാഹന ഉടമകൾക്കെതിരെ നിയമനടപടികൾ സ്വീകരിക്കാറുണ്ട്. ഫുട്പാത്തുകളിലെ അനധികൃത കയ്യേറ്റങ്ങളും കച്ചവടങ്ങളും മറ്റു തടസ്സങ്ങളും വിവിധ വകുപ്പുകളുടെ സംയുക്തമായ ഇടപെടലുകളിലൂടെ നീക്കംചെയ്ത് കാൽനടക്കാർക്ക് സുരക്ഷിതമായി സഞ്ചരിക്കാനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

കാൽനടക്കാരുടെ അലക്ഷ്യമായ റോഡ് ഉപയോഗം നിയന്ത്രിക്കുന്നതിനും കാൽനടയാത്ര കൂടുതൽ സുരക്ഷിതമാക്കുന്നതിനും നിയമനിർമ്മാണം നടത്തുന്ന വിഷയം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

(സി) സുരക്ഷിതമായ റോഡ് ഉപയോഗത്തെക്കുറിച്ച് കാൽനടക്കാർക്ക് ബോധവൽക്കരണം നടത്തുന്നതിന് എന്തെല്ലാം നടപടികളാണ്

സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ?

കാൽനടയാത്രക്കാർ റോഡ് മാർജിനിൽ കൂടെയും ഫുട്പാത്തിൽ കൂടെയും നടന്നുപോകുന്നതിനും സീബ്രാലൈനിൽ കൂടി ക്രോസ് ചെയ്യുന്നതിനും ഡ്രൈവർമാർ/റൈഡർമാർ ട്രാഫിക് നിയമങ്ങൾ പാലിക്കുന്നതിനുമായി സ്കൂളുകളിലും ജനമൈത്രി യോഗങ്ങളിലും വിവിധ സ്ഥാപനങ്ങളിലും ബോധവൽക്കരണ ക്ലാസുകൾ നൽകിവരുന്നു. റോഡ് മുറിച്ചുകടക്കുമ്പോൾ കാൽ നടയാത്രക്കാരും വാഹനങ്ങളുടെ ഡ്രൈവർമാരും പാലിക്കേണ്ട കാര്യങ്ങളെ സംബന്ധിച്ച പോസ്റ്ററുകളും മറ്റും സമൂഹമാധ്യമങ്ങളിൽ നൽകി ബോധവൽക്കരണം നടത്തിവരുന്നു. സെക്ടർ, എൻഫോഴ്മെന്റ്, പോയിന്റ് തുടങ്ങിയ ഡ്യൂട്ടികളിലുള്ള പോലീസ് ഉദ്യോഗസ്ഥർ അലക്ഷ്യമായി റോഡ് മുറിച്ച് കടക്കുന്ന കാൽനടയാത്രക്കാർക്ക് സുരക്ഷിതമായ റോഡ് ഉപയോഗത്തെ സംബന്ധിച്ച് ബോധവൽക്കരണം നടത്തിവരുന്നു.

കുട്ടികൾക്ക് റോഡ് സുരക്ഷാ അവബോധം വളർത്തുകയെന്ന ലക്ഷ്യം മുൻനിർത്തി കേരള റോഡ് സുരക്ഷാ അതോറിറ്റി സംസ്ഥാനത്തെ അപ്പർ പ്രൈമറിതലം മുതൽ ഹയർസെക്കൻഡറിതലം വരെയുള്ള

തിരഞ്ഞെടുക്കപ്പെട്ട 100 സ്കൂളുകളിലെ വിദ്യാർഥികൾക്ക് പരിശീലന ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നതിനായി ഓരോ സ്കൂളിനും 50,000/-രൂപ (അൻപതിനായിരം രൂപ മാത്രം) വീതം അനുവദിച്ച് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

സ്കൂൾ കാമ്പസിനകത്തും പുറത്തും സ്കൂൾ കുട്ടികൾ നേരിടുന്ന റോഡ് സുരക്ഷാ വെല്ലുവിളികൾ തിരിച്ചറിയുന്നതിനും കുട്ടികൾക്ക് സുരക്ഷാ അവബോധം വളർത്തുന്നതിനും സ്കൂൾ കുട്ടികളിൽ അപകടസാധ്യതയും അതിന്റെ തീവ്രതയും കുറയ്ക്കുന്നതിനുമുള്ള പരിഹാര നടപടികൾ നടപ്പിലാക്കുന്നതിനും നാറ്റ്പാക്കുമായി ചേർന്ന് നടപ്പിലാക്കിയ പദ്ധതിയാണ് സേഫ് റോഡ് ടു സ്കൂൾ. ഈ പദ്ധതിയുടെ രണ്ടാം ഘട്ടം നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

റോഡ് സുരക്ഷാ നടപടികളുടെ നിർവഹണത്തിന്റെയും പൊതുജനങ്ങൾക്കിടയിൽ ബോധവൽക്കരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന്റെയും നോഡൽ ഓഫീസറായി റോഡ് സുരക്ഷാ കമ്മീഷണറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ആയതിന്റെ ഭാഗമായി എഫ്.എം.

നെറ്റ്-വർക്കിലൂടെയും റെയിൽവെ സ്റ്റേഷനിൽ ജിംഗിളുകളിലൂടെയും മറ്റ് അച്ചടി മാധ്യമങ്ങളിലൂടെയും റോഡ് സുരക്ഷാ സന്ദേശങ്ങൾ പ്രചരിപ്പിച്ചുവരുന്നു.

കാൽനടക്കാർ അശ്രദ്ധമായും അലക്ഷ്യമായും റോഡ് ഉപയോഗിക്കുന്നതുമൂലം പലപ്പോഴും അപകടങ്ങളിൽപ്പെടാറുണ്ട്. കാൽനടയ്ക്കായി ഫുട്പാത്തുകൾ ഉപയോഗിക്കുന്നതും റോഡ് മുറിച്ച് കടക്കാൻ Pedestrian crossing, മേൽപ്പാലങ്ങൾ എന്നിവ ഉപയോഗിക്കുന്നതിനുള്ള വിമുഖത മാറ്റിയെടുക്കുന്നതിനുമായി വിവിധ എൻ.ജി.ഒ.-കളുമായി സഹകരിച്ച് ബോധവൽക്കരണ പരിപാടികൾ നടത്താറുണ്ട്. കാൽനടക്കാർക്ക് മുൻഗണന നൽകാത്ത വാഹന ഉടമകൾക്കെതിരെ നിയമ നടപടികൾ സ്വീകരിക്കാറുണ്ട്. ഫുട്പാത്തുകളിലെ അനധികൃത കൈയ്യേറ്റങ്ങളും കച്ചവടങ്ങളും മറ്റു തടസ്സങ്ങളും വിവിധ വകുപ്പുകളുടെ സംയുക്തമായ ഇടപെടലുകളിലൂടെ നീക്കം ചെയ്ത് കാൽനടക്കാർക്ക് സുരക്ഷിതമായി സഞ്ചരിക്കാനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

സംസ്ഥാനത്തെ റോഡുകളിൽ കാൽനടയാത്രക്കാരുടെ സുരക്ഷ

ഉറപ്പാക്കാനായി സെഷ്യൽ ഡ്രൈവുകളും ബോധവൽക്കരണ പരിപാടികളും നടത്തുന്നുണ്ട്. സീബ്രാ ലൈനിൽ കാൽനടയാത്രക്കാരെ കാണുമ്പോൾത്തന്നെ വാഹനം നിർത്തിക്കൊടുക്കുന്ന ഒരു സംസ്കാരം രൂപപ്പെടുത്തുന്നതിനായി സീബ്രാ ക്രോസിങ്ങുകളിൽ കാൽനടയാത്രക്കാർ റോഡ് മുറിച്ച് കടക്കുന്നതിനായി നിൽക്കുന്ന സമയത്ത് വാഹനം നിർത്തിക്കൊടുക്കുന്നുണ്ടെന്ന് പരിശോധിക്കുന്നതിനായി സ്പെഷ്യൽ ഡ്രൈവ് പരിശോധന നടത്തുന്നു.

(ഡി) സംസ്ഥാനത്ത് സുരക്ഷിതമായ റോഡ് സംസ്കാരം രൂപപ്പെടുത്തുന്നതിനായി അലക്ഷ്യമായി റോഡ് ഉപയോഗിക്കുന്ന കാൽനടക്കാരെ നിയന്ത്രിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ?

റോഡുകളുടെ മീഡിയനുകളിൽ പല സ്ഥലങ്ങളിലും ഫെൻസിങ്ങുകളും നടപ്പാതകളിൽ ഹാൻഡ്റെയിലുകളും ഇല്ലാത്തതുകൊണ്ട് കാൽനടയാത്രക്കാർ പല സ്ഥലങ്ങളിലൂടെയും റോഡ് മുറിച്ചുകടന്ന് അപകടത്തിൽപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അത്തരം സ്ഥലങ്ങളിൽ

ഫെൻസിങുകളും ഹാൻഡ് റെയിലുകളും സ്ഥാപിക്കുന്നതിനായി റോഡ് പരിപാലന വകുപ്പുകൾക്ക് നിർദേശം നൽകിയിട്ടുണ്ട്. മാഞ്ഞുപോയ സീബ്രാലൈനുകളും സീബ്രാലൈനുകൾ ആവശ്യമുള്ള സ്ഥലങ്ങളും ശ്രദ്ധയിൽപ്പെടുന്ന മുറയ്ക്ക് ആയത് വരയ്ക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കാൽനടയാത്രക്കാരുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനായി പ്രധാന ജംഗ്ഷനുകൾ, സ്കൂളുകൾക്ക് സമീപമുള്ള സ്ഥലങ്ങൾ, വാഹനാപകടങ്ങൾ കൂടുതലായി സംഭവിക്കുന്ന സ്ഥലങ്ങൾ എന്നിവ കേന്ദ്രീകരിച്ച് ഗതാഗത നിയന്ത്രണ ഡ്യൂട്ടികൾക്കായി പോലീസ് ഉദ്യോഗസ്ഥരെ നിയോഗിക്കുന്നു. കാൽനട യാത്രക്കാർ സുരക്ഷിതമായി റോഡ് മുറിച്ചു കടക്കേണ്ടുന്നതിനെ സംബന്ധിച്ച് ബോധവൽക്കരണം നൽകുന്നു.

കാൽ നടയാത്രക്കാരുടെ സുരക്ഷയ്ക്കായി ടേബിൾടോപ് പെഡസ്ട്രിയൻ ക്രോസിങ്, സീബ്ര ക്രോസിങ്, മുന്നറിയിപ്പ് ബ്ലിങ്കറുകൾ, സിഗ്നൽ ലൈറ്റുകൾ, സൈൻബോർഡുകൾ, ഫുട്പാത്ത്, ഹാൻഡ്റെയിൽ മുതലായ റോഡ് സുരക്ഷാ സൗകര്യങ്ങൾ റോഡ് സുരക്ഷാ ഫണ്ടുപയോഗിച്ച്

നടപ്പിലാക്കിവരുന്നു.

ഭാവിയിൽ സംസ്ഥാനത്ത് സുരക്ഷിതമായ റോഡ് സംസ്കാരം രൂപപ്പെടുത്തുന്നതിനും സംസ്ഥാനത്തെ റോഡുകളിൽ കാൽനടയാത്രക്കാരുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനും ജംഗ്ഷനുകൾ മറ്റ് പ്രധാന സ്ഥലങ്ങൾ എന്നിവയിലും കുട്ടികളുടെ സുരക്ഷയ്ക്കായി സ്കൂൾ മേഖലകളിലും നടപ്പാതകൾ നിർമ്മിച്ചുവരുന്നു. കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെ ഫണ്ടുപയോഗിച്ച് സ്കൂൾ മേഖല ' പദ്ധതി ആവിഷ്കരിച്ചുവരുന്നു. കാൽനട യാത്രക്കാരുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനായി വിവിധ പദ്ധതികളിലുൾപ്പെടുത്തി സിഗ്നലുകൾ, നടപ്പാതകൾ, ഗാർഡ് റെയിലുകൾ, പെഡസ്ട്രിയൻ ക്രോസിങ് മാർക്കിങ്ങുകൾ, സ്റ്റോപ്പ് ലൈനുകൾ, ഹമ്പുകൾ, സൈൻ ബോർഡുകൾ, റംബിൾ സ്ട്രിപ്പുകൾ എന്നിവ സ്ഥാപിച്ചിട്ടുണ്ട്.

റോഡുകൾ, പാലങ്ങൾ എന്നിവയുടെ പുനർനിർമ്മാണം നടത്തുമ്പോഴും പുതിയവ നിർമ്മിക്കുമ്പോഴും ടെക്നിക്കൽ ഫീസിബിലിറ്റി, ഫണ്ട് ലഭ്യത, സ്ഥല ലഭ്യത എന്നിവ കണക്കിലെടുത്തും കാൽനട യാത്രക്കാർ കൂടുതലുള്ള ഭാഗങ്ങളിൽ നടപ്പാതകൾ നിർമ്മിക്കുന്നതിനും കാൽനട യാത്രക്കാർ കൂടുതൽ

ഇല്ലാത്ത ഭാഗങ്ങളിൽ നടക്കുവാൻ റോഡിന്റെ ഇരുവശങ്ങളിലും ഷോൾഡറുകളും നൽകി അനിവാര്യമായ സുരക്ഷാ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. പുതുതായി കെ.എസ്.ടി.പി., കെ.ആർ.എഫ്.ബി., റിക്ക് എന്നിവയുടെ നേതൃത്വത്തിൽ ഏറ്റെടുത്ത് നടത്തിവരുന്ന വൻകിട വികസന പ്രവർത്തനങ്ങളിലും നഗര വികസന പദ്ധതികളിലും റോഡ് വികസനത്തോടൊപ്പം നടപ്പാതകളും പൂർണ്ണമായി നടപ്പിലാക്കിവരുന്നു.

ഗതാഗത തിരക്കുള്ള സ്ഥലങ്ങളിൽ അടിപ്പാതകൾ, മേൽപ്പാലങ്ങൾ എന്നിവ ആവിഷ്കരിക്കുന്നതിനായി നാറ്റ്പാക് തുടങ്ങിയ ഏജൻസികൾ മുഖേന പല പദ്ധതികളുടെയും പഠനം നടന്നുവരുന്നു. നടപ്പാതകളിൽ പൊട്ടിക്കിടക്കുന്ന സ്ലാബുകൾ സ്പെഷ്യൽ റിപ്പയർ ഫണ്ടുപയോഗിച്ച് അറ്റകുറ്റപ്പണികളും നടത്തുന്നു.

നിയമലംഘനം നടത്തുന്ന ഇരുചക്രവാഹന ഉടമകൾക്കെതിരെ നടപടി

18(*138) ശ്രീ. കുറുക്കോളി മൊയ്തീൻ:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. എ. കെ. എം. അഷ്റഫ്:
ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി (ശ്രീ. കെ. ബി. ഗണേഷ് കുമാർ) സദയം മറുപടി

നൽകുമോ:

(എ) മോട്ടോർ വാഹന നിയമം ലംഘിച്ച് സൈലൻസർ, നമ്പർ പ്ലേറ്റ്, മഡ്ഗാർഡ്, ഇൻഡിക്കേറ്ററുകൾ തുടങ്ങിയവയിൽ രൂപമാറ്റം വരുത്തി ഇരുചക്രവാഹനങ്ങൾ ഓടിക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

കണ്ടെത്തിയിട്ടുണ്ട്. മോട്ടോർ വാഹന നിയമം സെക്ഷൻ 182 A(4) പ്രകാരം മോട്ടോർ വാഹന നിയമം ലംഘിച്ച് രൂപമാറ്റം വരുത്തി വാഹനങ്ങൾ ഓടിക്കുന്നതായി കണ്ടെത്തിയ കേസുകളിൽ 5000/- രൂപ പിഴ ഈടാക്കുകയും ചെയ്തു.

2024 കലണ്ടർ വർഷത്തിൽ ഇരുചക്ര വാഹനങ്ങളിൽ അമിത വേഗതയുടെ പേരിലും അഭ്യാസ പ്രകടനങ്ങൾ നടത്തിയതിന്റെ പേരിലും രൂപമാറ്റം നടത്തിയതിന്റെ പേരിലും നൽകിയിട്ടുള്ള ചലാനുകളുടെ എണ്ണം ചുവടെ ചേർക്കുന്നു.	
മഡ്ഗാർഡ് രൂപമാറ്റം	4173
ഇൻഡിക്കേറ്റർ രൂപമാറ്റം	932
സൈലൻസർ രൂപമാറ്റം	8355
നമ്പർ പ്ലേറ്റ് രൂപമാറ്റം	8983
അമിതവേഗത	290

കൂടാതെ, 418 ലൈസൻസുകളും 9 വാഹനങ്ങളുടെ രജിസ്ട്രേഷനും

സസ്പെന്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്.

(ബി) അമിത ശബ്ദത്തോടെയും അമിത വേഗതയിലും ഓടിക്കുന്ന വാഹനങ്ങളെ നിയന്ത്രിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് അറിയിക്കുമോ?

അമിത ശബ്ദത്തോടെയും അമിത വേഗതയിലും വാഹനമോടിക്കുകയും അഭ്യാസ പ്രകടനങ്ങൾ നടത്തുകയും ചെയ്ത വാഹനങ്ങൾക്കെതിരെ പൊതുജന സുരക്ഷ മുൻനിർത്തി കർശന നടപടികൾ സ്വീകരിച്ചുവരുന്നു. ഇത്തരം അഭ്യാസ പ്രകടനങ്ങൾ ഉൾപ്പെടുത്തി റീൽസ് ഉണ്ടാക്കി social media വഴി പ്രചരിപ്പിക്കുന്നവരെ കണ്ടെത്തുന്നതിനായി പോലീസും മോട്ടോർ വാഹന വകുപ്പും സംയുക്തമായി നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) നിയമ ലംഘനങ്ങൾ നടത്തുന്ന ഇരുചക്ര വാഹന ഉടമകൾക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

പൊതുനിരത്തുകളിൽ ഇരുചക്ര വാഹനങ്ങളുടെ നിയമലംഘനം കണ്ടെത്തുന്നതിലേക്കായി കർശന പരിശോധനകളും പ്രത്യേക

എൻഫോഴ്സ്മെന്റ് ഡ്രൈവുകളും നടത്തുന്നുണ്ട്. പൊതുനിരത്തുകളിൽ റോഡ് സുരക്ഷയ്ക്ക് ഭീഷണിയായും ശബ്ദ-പുക മലിനീകരണം നടത്തിയും വാഹനമോടിക്കുന്ന ഇരുചക്ര വാഹനങ്ങൾ ഉൾപ്പെടെയുള്ള എല്ലാ വാഹനങ്ങളുടെയും ഉപയോക്താക്കൾക്ക് മോട്ടോർ വാഹന നിയമം സെക്ഷൻ 190(2) പ്രകാരം ആദ്യ നിയമലംഘനത്തിന് 2000/- രൂപ പിഴയും തുടർന്നുള്ള ഓരോ നിയമ ലംഘനങ്ങൾക്കും 10000/- രൂപ വീതം പിഴയും ചുമത്തുന്നതാണ്.

മോട്ടോർ വാഹന നിയമം സെക്ഷൻ 189 പ്രകാരം അമിത വേഗതയ്ക്കും പൊതു റോഡുകളിൽ അഭ്യാസ പ്രകടനം നടത്തുന്ന ഇരുചക്രവാഹനങ്ങൾ ഉൾപ്പെടയുള്ള എല്ലാ വാഹനങ്ങളുടെ ഉപയോക്താക്കൾക്കെതിരെയും നടപടികൾ സ്വീകരിക്കുന്നു. ഇത്തരം നിയമ ലംഘനങ്ങൾ നടത്തുന്നവർക്ക് ആദ്യ നിയമലംഘനത്തിന് 5000/- രൂപയും തുടർന്നുള്ള ഓരോ നിയമലംഘനങ്ങൾക്കും 10000/- രൂപയും പിഴ ചുമത്തുന്നതാണ്.

വയോജന സ്കിൽ ബാങ്ക്

19(*139) ശ്രീ. കെ. കെ. രാമചന്ദ്രൻ:
ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:

ശ്രീ. പി. മമ്മിക്കുട്ടി:

ശ്രീ. എം. മുകേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു) സദയം മറുപടി നൽകുമോ:

(എ) വയോജനങ്ങളുടെ കർമ്മശേഷി സമൂഹത്തിനായി പ്രയോജനപ്പെടുത്തുകയെന്ന ലക്ഷ്യത്തോടെ വയോജന സ്കിൽ ബാങ്ക് രൂപീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വ്യക്തമാക്കുമോ?

സർക്കാരിന്റെ പരിഗണനയിലാണ്.

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ?

വിവിധ മേഖലകളിൽ വിദഗ്ധ അനുഭവങ്ങളുള്ള വയോജനങ്ങളുടെ കർമ്മശേഷി സമൂഹത്തിനായി പ്രയോജനപ്പെടുത്തുകയെന്ന ലക്ഷ്യം മുൻനിർത്തിയാണ് വയോജന സ്കിൽ ബാങ്ക് രൂപീകരിക്കുന്നതിന് ഉദ്ദേശിച്ചിരിക്കുന്നത്. മുതിർന്ന പൗരന്മാരുടെ വിവരങ്ങൾ ശേഖരിക്കുന്നതിനുള്ള സൗകര്യം പോർട്ടലിൽ ഉണ്ടായിരിക്കുന്നതാണ്. കൂടാതെ വയോജനങ്ങളുടെ അടിസ്ഥാന വ്യക്തിഗത വിവരങ്ങൾ,

പ്രവൃത്തിപരിചയം, വിദ്യാഭ്യാസ യോഗ്യത, നൈപുണ്യവിവരം മുതലായവ പോർട്ടലിൽ ഉൾപ്പെടുത്തുന്നതിനും ഉദ്ദേശിക്കുന്നുണ്ട്.

(സി) വിദ്യാഭ്യാസം, ആരോഗ്യം, കൃഷി, സാമൂഹ്യനീതി, കായികം ഉൾപ്പെടെയുള്ള മേഖലകളിൽ സ്കിൽ ബാങ്കിലൂടെ നിർദ്ദേശം സ്വീകരിക്കാനും പ്രാവർത്തികമാക്കാനും ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ഉണ്ട്. രജിസ്റ്റർ ചെയ്യുന്ന വയോജനങ്ങൾക്ക് ഏത് മേഖലയിലാണോ പ്രാവീണ്യമുള്ളത് അതിനനുസരിച്ച് പോർട്ടലിൽ രജിസ്റ്റർ ചെയ്യാനുള്ള സൗകര്യം ഉൾപ്പെടുത്തുന്നതാണ്. അവരുടെ ആവശ്യത്തിനനുസരിച്ചുള്ള വിവരങ്ങൾ ഉദാ: - volunteer service, job (part time/full time), വ്യത്യസ്തകഴിവും താല്പര്യവുമുള്ള പക്ഷം ആയവ ശേഖരിക്കുന്നതിനുള്ള ഓപ്ഷൻ, IT@elderly സേവനം, രജിസ്റ്റർ ചെയ്യാതെതന്നെ viewing option-ലൂടെ നൈപുണ്യ വികസനം, Tips, ആരോഗ്യ പരിശോധന, പരിശീലനം എന്നീ സേവനങ്ങളും ഉൾക്കൊള്ളിക്കുന്നതിന് ഉദ്ദേശിക്കുന്നു.

സ്വകാര്യ ബസുകളുടെ അന്തർ സംസ്ഥാന സർവീസ്

20(*140) ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. പി. കെ. ബഷീർ:

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി (ശ്രീ. കെ. ബി. ഗണേഷ് കുമാർ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തേക്കുള്ള നികുതി അടയ്ക്കാതെ സ്വകാര്യ ബസ്സുകൾ അന്തർ സംസ്ഥാന സർവീസ് നടത്തുന്നതായി കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അത്തരത്തിൽ സംസ്ഥാനത്തിനുള്ള നികുതി അടയ്ക്കാതെ സർവീസ് നടത്തുന്നപക്ഷം വാഹനം പിടിച്ചെടുത്ത് ഇരട്ടി നികുതി ഈടാക്കുന്നത് ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

കേരള സംസ്ഥാനം തമിഴ്നാട്, കർണ്ണാടക എന്നീ സംസ്ഥാനങ്ങളുമായി മോട്ടോർ വാഹന നിയമം 1939 സെക്ഷൻ 63 (ഉപവകുപ്പ് 3B) പ്രകാരം അന്തർസ്ഥാന കരാറിൽ ഏർപ്പെട്ടിട്ടുള്ളതും പ്രസ്തുത കരാർ പ്രകാരം വാഹനം രജിസ്റ്റർ ചെയ്ത സംസ്ഥാനത്ത് മാത്രം നികുതി അടച്ച് (Single Point Tax) സ്റ്റേജ് കാര്യേജ് സർവീസ് നടത്തുന്ന സ്വകാര്യ ബസ്സുകളും ഉണ്ട്.

(ബി) കാരോട് - മുക്കോല ബൈപ്പാസിൽ ചെക്ക്പോസ്റ്റോ മറ്റ് സംവിധാനമോ ഏർപ്പെടുത്തിയിട്ടുണ്ടോ?

കാരോട്-മുക്കോല ബൈപാസ്സിൽ ചെക്ക് പോസ്റ്റോ മറ്റ് സംവിധാനങ്ങളോ നാളിതുവരെ ഏർപ്പെടുത്തിയിട്ടില്ല. കാരോട് - മുക്കോല ബൈപ്പാസിൽ ഉൾപ്പെടെ നികുതി ചോർച്ച ഒഴിവാക്കാൻ കാര്യക്ഷമവും ഫലപ്രദവുമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളിലൂടെ കഴിയുന്നുണ്ട്. നിലവിൽ കാരോട് - മുക്കോല ബൈപാസ്സിൽ ചെക്ക് പോസ്റ്റുകൾ ഇല്ലെങ്കിലും 24*7 എന്ന ക്രമത്തിൽ എൻഫോഴ്സ്മെന്റ് സ്ക്വാഡിനെ വിന്യസിച്ചിട്ടുണ്ട്.

(സി) ചെക്ക്പോസ്റ്റുകളില്ലാത്ത സ്ഥലങ്ങളിൽ അവ സ്ഥാപിച്ച് നികുതി ചോർച്ച ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ?

കേന്ദ്ര റോഡ് ഉപരിതല ഗതാഗത മന്ത്രാലയത്തിന്റെ 06-09-2021-ലെ RT-23018/47/2021/T, 03-10-2023-ലെ RT-23018/19/2023-T നിർദ്ദേശങ്ങൾ പ്രകാരം സംസ്ഥാനങ്ങളിലെ അതിർത്തി ചെക്ക് പോസ്റ്റുകൾ നിർത്തലാക്കാൻ ആവശ്യപ്പെട്ടിരുന്നു. സംസ്ഥാനവും ചെക്ക് പോസ്റ്റുകൾ

നിർത്തലാക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. വിവര സാങ്കേതിക - കമ്മ്യൂണിക്കേഷൻ സങ്കേതങ്ങൾ പ്രയോജനപ്പടുത്തി നിലവിലുള്ള അതിർത്തി ചെക്ക് പോസ്റ്റുകൾക്ക് പകരം "വെർച്വൽ ചെക്ക് പോസ്റ്റുകൾ" ഏർപ്പെടുത്തുവാനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. നികുതി ചോർച്ച ഒഴിവാക്കാൻ കാര്യക്ഷമവും ഫലപ്രദവുമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളിലൂടെ കഴിയുന്നുണ്ട്. സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പുമായി സഹകരിച്ച് അതിർത്തി കടന്നുവരുന്ന വാഹനങ്ങളുടെ നികുതി വെട്ടിപ്പും ഇതര നിയമ ലംഘനങ്ങളും കണ്ടെത്തി നിയമ നടപടി സ്വീകരിച്ചുവരുന്നു.

ന്യൂനപക്ഷ യുവജനങ്ങൾക്ക് ഒരു ലക്ഷം തൊഴിലവസരങ്ങൾ

21(*141) ശ്രീ. എൻ. കെ. അക്ബർ:
ശ്രീ. എച്ച്. സലാം:
ശ്രീ. ജി. സ്റ്റീഫൻ:
ശ്രീമതി കാനത്തിൽ ജമീല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ) സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷ സമുദായാംഗങ്ങളുടെ ഉന്നമനവും ശാക്തീകരണവും

ലക്ഷ്യമിട്ട് 'ന്യൂനപക്ഷ യുവജനങ്ങൾക്ക് ഒരു ലക്ഷം തൊഴിലവസരങ്ങൾ' എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

സംസ്ഥാനത്തെ ന്യൂനപക്ഷ വിഭാഗങ്ങളിലെ അഭ്യസ്തവിദ്യരായ തൊഴിൽ അന്വേഷകർക്ക് തൊഴിൽ നൈപുണ്യ പരിശീലനം നൽകി സ്വകാര്യ മേഖലയിൽ വിജ്ഞാന തൊഴിലവസരങ്ങൾ ലഭ്യമാക്കി ഒരു ലക്ഷം ന്യൂനപക്ഷ യുവജനങ്ങൾക്ക് തൊഴിൽ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ ന്യൂനപക്ഷ ക്ഷേമ വകുപ്പും കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷനും കേരള നോളജ് ഇക്കോണമി മിഷനും സംയുക്തമായി, 'സമന്വയം' പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

ടി പദ്ധതിയുടെ, ന്യൂനപക്ഷ ക്ഷേമ ഡയറക്ടറേറ്റ് തലത്തിലെ ഏകോപനത്തിനായി, വിവിധ ഉദ്യോഗസ്ഥരെയും ജില്ലകളിലെ നോഡൽ ഓഫീസർമാരായി ന്യൂനപക്ഷ യുവജന പരിശീലന കേന്ദ്രം പ്രിൻസിപ്പൽമാരെയും ചുമതലപ്പെടുത്തിയിട്ടുണ്ട്.

2024 സെപ്തംബർ 19 ന് പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം വയനാട് പുളിയാർമല കൃഷ്ണഗൗഡർ ഹാളിൽവച്ച് നടത്തുകയുണ്ടായി. തുടർന്ന്

തിരുവനന്തപുരം, ഇടുക്കി, പത്തനംതിട്ട, മലപ്പുറം ജില്ലകളിലായി സംഘടിപ്പിക്കപ്പെട്ട 8 രജിസ്ട്രേഷൻ കാമ്പുകളിലായി നാലായിരത്തിലധികം ഉദ്യോഗാർഥികൾ പങ്കെടുത്ത് രജിസ്റ്റർ ചെയ്യുകയുണ്ടായി. ന്യൂനപക്ഷ യുവജന പരിശീലന കേന്ദ്രം പ്രിൻസിപ്പൽമാരാണ് ജില്ലാതല പരിപാടികളുടെ കോ-ഓർഡിനേറ്റർമാരായി പ്രവർത്തിക്കുന്നത്. ന്യൂനപക്ഷ സംഘടനാ പ്രതിനിധികൾ/മതനേതാക്കൾ എന്നിവരെ ഉൾപ്പെടുത്തി സംഘാടക സമിതി രൂപീകരിക്കുകയും അവരുടെ സംഘാടനത്തിൽ 'സമന്വയം' രജിസ്ട്രേഷൻ നടത്തുകയുമാണ് ചെയ്തുവരുന്നത്.

ന്യൂനപക്ഷ വിഭാഗങ്ങൾ നടത്തുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ച് ക്ലസ്റ്ററുകൾ രൂപീകരിച്ച്, കേരള നോളജ് ഇക്കോണമി മിഷന്റെ നേതൃത്വത്തിൽ പരിശീലനം നൽകി രജിസ്ട്രേഷൻ ക്യാമ്പുകളും തൊഴിൽദാന ക്യാമ്പുകളും സംഘടിപ്പിക്കുന്നതിനാണ് ടി പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. ഇതുമായി ബന്ധപ്പെട്ട് വിദ്യാഭ്യാസ സ്ഥാപന മേധാവികളുടെ/ പ്രിൻസിപ്പൽമാരുടെ/മത സംഘടനാ നേതാക്കളുടെ ഒരു ക്ലസ്റ്റർ യോഗം ന്യൂനപക്ഷ ക്ഷേമ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 17-01-2025-ന്

ചേർന്നിട്ടുണ്ട്.

(ബി) യുവജനങ്ങൾക്ക് വൈവിധ്യമാർന്ന തൊഴിൽപാത തിരഞ്ഞെടുക്കുന്നതിന് പദ്ധതി എത്രത്തോളം സഹായകമാണെന്നറിയിക്കുമോ?

നൈപുണ്യ കോഴ്സുകൾ വഴിയും വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ക്ലസ്റ്ററുകൾ മുഖേനയുള്ള നൈപുണ്യ പരിശീലനം വഴിയും നിരവധി തൊഴിലുകൾക്ക് യുവജനങ്ങളെ പ്രാപ്തരാക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം. കേരള നോളജ് എക്കോണമി മിഷൻ തൊഴിൽ പ്ലാറ്റ്ഫോമായ DWMS (Digital Workforce Management System) ൽ ഉൾക്കൊള്ളിച്ചിട്ടുള്ള 150-ഓളം വിവിധ നൈപുണ്യ കോഴ്സുകൾക്ക് ഈ പദ്ധതി വഴി പരിശീലനം ലഭിക്കുന്നതാണ്. ഇതുവഴി സ്വകാര്യ മേഖലയിലെ വൈവിധ്യമാർന്ന തൊഴിലുകൾ തിരഞ്ഞെടുക്കാൻ യുവാക്കൾക്ക് സാധിക്കുന്നു.

(സി) ന്യൂനപക്ഷ സമുദായങ്ങളുടെ സാമൂഹികവും സാമ്പത്തികവുമായ ശാക്തീകരണത്തിന് പ്രസ്തുത പദ്ധതി എത്രത്തോളം സ്വാധീനം ചെലുത്തുമെന്ന് വ്യക്തമാക്കുമോ?

അഭ്യസ്തവിദ്യരായ നിരവധി ആളുകളാണ് തൊഴിൽരഹിതരായി ഉള്ളത്. സമന്വയം പദ്ധതി മുഖേന നൈപുണ്യ കോഴ്സുകളിൽ പങ്കാളിയാവാനും പരിശീലനം ലഭിച്ച് വിവിധ തൊഴിലുകളിൽ ഏർപ്പെടാനും സാധിക്കുന്നു. പദ്ധതി പൂർത്തീകരിക്കുന്നതോടുകൂടി ഒരു ലക്ഷംവരുന്ന അഭ്യസ്തവിദ്യരായ തൊഴിൽരഹിതരായ ആളുകൾക്കാണ് തൊഴിൽ ലഭിക്കുന്നത്. തൊഴിലില്ലായ്മ പരിഹരിക്കുന്നതിനും സാമൂഹിക സാമ്പത്തിക ശാക്തീകരണത്തിനും പദ്ധതി കാരണമായിതീരുന്നു.

പച്ചക്കറിയുടെ വിലക്കയറ്റം നിയന്ത്രിക്കാൻ നടപടി

22(*142) ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. സി. ആർ. മഹേഷ്:
ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പച്ചക്കറിക്ക് വിലക്കയറ്റം ഉണ്ടാകുന്ന സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിലക്കയറ്റത്തിനുള്ള പ്രധാന കാരണം എന്താണെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

സംസ്ഥാനത്ത് പച്ചക്കറികൾക്ക് നിലവിൽ ക്രമാതീതമായ വിലക്കയറ്റം

ഉണ്ടായിട്ടില്ല. എന്നാൽ ഓണക്കാലം, ഉത്സവകാലം തുടങ്ങിയ സീസണുകളിൽ ആവശ്യകത വർധിക്കുന്നതിനാൽ പച്ചക്കറിവിലയിൽ വർധനവ് രേഖപ്പെടുത്താറുണ്ട്. കൂടാതെ പച്ചക്കറികളുടെ ഉൽപാദന ചെലവ് വർധിക്കൽ, കാലാവസ്ഥാ വ്യതിയാനംമൂലമുണ്ടാകുന്ന വിളനഷ്ടം, ഉൽപാദനകുറവ്, കേരളത്തിൽ ഉൽപാദനം കുറവായതും അന്യസംസ്ഥാനങ്ങളെ ആശ്രയിക്കേണ്ടിവരുന്നതുമായ പച്ചക്കറികളുടെ വില, ഇന്ധന വില വർധനവ് തുടങ്ങിയ കാരണങ്ങളാലും പച്ചക്കറി വിലയിൽ വർധനവ് രേഖപ്പെടുത്താറുണ്ട്.

(ബി) പച്ചക്കറി ഉൽപാദനത്തിൽ സംസ്ഥാനത്തിന് സ്വയംപര്യാപ്തത കൈവരിക്കാൻ കഴിയാത്തതിന്റെ കാരണം എന്താണെന്ന് വിശദമാക്കുമോ?

പച്ചക്കറി ഉൽപാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുക എന്നതാണ് സർക്കാർ ലക്ഷ്യം. നാഷണൽ സാമ്പിൾ സർവെ കണക്കുകൾ പ്രകാരം സംസ്ഥാനത്ത് പ്രതിവർഷം 20 ലക്ഷം മെട്രിക് ടൺ പച്ചക്കറികളാണ് ആവശ്യമായി വരുന്നത്. 2022-23 വർഷത്തിൽ 1.14 ലക്ഷം ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി ചെയ്യുകയും 17.10 ലക്ഷം മെട്രിക്

ടൺ പച്ചക്കറി ഉൽപാദിപ്പിക്കുകയും ചെയ്യുന്നതിന് സാധ്യമായി. 2023-24 സാമ്പത്തിക വർഷത്തിൽ 1.15 ലക്ഷം ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി വ്യാപിപ്പിക്കുന്നതിനും അതിലൂടെ 17.21 ലക്ഷം മെട്രിക് ടൺ പച്ചക്കറികൾ ഉൽപാദിപ്പിക്കുവാനും കഴിഞ്ഞിട്ടുണ്ട്.

2028-29 സാമ്പത്തിക വർഷത്തോടെ പച്ചക്കറി ഉൽപാദനത്തിൽ ഘട്ടം ഘട്ടമായി സ്വയംപര്യാപ്തതയിൽ എത്തുകയെന്ന ലക്ഷ്യം സാക്ഷാത്കരിക്കാൻ ജനകീയ പങ്കാളിത്തത്തോടെയും വിവിധ വകുപ്പുകളുടെ ഏകോപനത്തോടെയും സമഗ്ര പച്ചക്കറി ഉൽപാദന യജ്ഞത്തിന് തുടക്കം കുറിക്കുകയാണ്. ഈ പദ്ധതിയിൽ കൃഷി വകുപ്പിന്റെ സമഗ്ര കാഴ്ചപ്പാടോടെ വിവിധ കാർഷിക പദ്ധതികൾ സംയോജിപ്പിക്കുകയും വിവിധ വകുപ്പുകളുടെ പങ്കാളിത്തം ഉറപ്പാക്കുകയും ചെയ്തിട്ടുണ്ട്.

പ്രസ്തുത പദ്ധതി ആസൂത്രണം ചെയ്യുവാൻ സർക്കാർ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ബന്ധപ്പെട്ട വിവിധ വകുപ്പുകളുടെ യോഗം ചേരുകയും ഇക്കാര്യത്തിനായി ഒരു ജനകീയ പദ്ധതി ആസൂത്രണം ചെയ്ത് അടുത്ത അഞ്ചുവർഷത്തിനുള്ളിൽ

സംസ്ഥാനത്തെ പച്ചക്കറിയിൽ സ്വയംപര്യാപ്തതയിൽ എത്തിക്കുവാൻ തീരുമാനിക്കുകയും ചെയ്തു. "സമഗ്ര പച്ചക്കറി ഉൽപാദന യജ്ഞം" എന്ന പേരിൽ ആരംഭിക്കുന്ന ഈ ജനകീയ പദ്ധതിയിൽ വിവിധ വകുപ്പുകൾ, ജനപ്രതിനിധികൾ, സാമൂഹ്യ രാഷ്ട്രീയ സംഘടനകൾ തുടങ്ങിയവരുടെ പങ്കാളിത്തം ഉറപ്പാക്കാനും തദ്ദേശഭരണ സ്ഥാപനങ്ങളും കൃഷിവകുപ്പും നേതൃത്വം നൽകുവാനും തീരുമാനിച്ചു. പദ്ധതി പ്രവർത്തനങ്ങൾ ആരംഭഘട്ടത്തിലാണ്.

പച്ചക്കറി ഉൽപാദനത്തിൽ സ്വയംപര്യാപ്തതയും സുരക്ഷിത പച്ചക്കറികളുടെ ഉൽപാദനവും ലക്ഷ്യമിട്ടുകൊണ്ട് വീട്ടുവളപ്പിലെ പച്ചക്കറി കൃഷിയും വാണിജ്യാടിസ്ഥാനത്തിലുള്ള പച്ചക്കറി കൃഷിയും പ്രോത്സാഹിപ്പിക്കുക, വിദ്യാർഥികളിൽ കാർഷിക സംസ്കാരം ഉണർത്തുവാനും പച്ചക്കറി ഉൽപാദനം വർധിപ്പിക്കുവാനും ഉദ്ദേശിച്ച് സ്കൂളുകൾ, കോളേജുകൾ കേന്ദ്രീകരിച്ച് പച്ചക്കറി പദ്ധതികൾ നടപ്പിലാക്കുക എന്നിവ ലക്ഷ്യത്തിൽപ്പെടുന്നു. വീട്ടുവളപ്പിലെ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി സങ്കരയിനങ്ങൾ ഉൾപ്പെടെയുള്ള പച്ചക്കറി

വിത്തുകളുടെയും തൈകളുടെയും വിതരണം, പോഷകത്തോട്ടങ്ങളുടെ രൂപീകരണം, ദീർഘകാല പച്ചക്കറി വിളകളുടെ തൈ വിതരണം, പച്ചക്കറി തൈകളോടു കൂടിയ മൺചട്ടി/ HDPE ചട്ടികളുടെ വിതരണം, മഴമറ നിർമ്മാണം എന്നിവയും വാണിജ്യാടിസ്ഥാനത്തിൽ ക്ലസ്റ്ററുകൾ, സ്റ്റാഗേർഡ് ക്ലസ്റ്ററുകൾ എന്നിവയിലൂടെയുള്ള പച്ചക്കറി കൃഷി, ശീതകാല പച്ചക്കറി കൃഷി, പരമ്പരാഗത ഇനങ്ങളുടെ പച്ചക്കറി കൃഷി, തുറസ്സായ സ്ഥലത്തെ കൃത്യതാ കൃഷി എന്നിവ പ്രോത്സാഹിപ്പിക്കുക എന്നിവയും ലക്ഷ്യങ്ങളാണ്.

ആരോഗ്യ സംരക്ഷണത്തിന് ഊന്നൽ നൽകി "പോഷക സമൃദ്ധി മിഷൻ", സുരക്ഷിത പച്ചക്കറിക്കായി "ജൈവ കാർഷിക മിഷൻ" മുതലായവയും മേഖലയിലെ ഇടപെടലുകളാണ്.

കൃഷി സമൃദ്ധി പദ്ധതിയുടെ ഭാഗമായി 107 തദ്ദേശഭരണ സ്ഥാപനങ്ങളെ ആദ്യഘട്ടത്തിൽ തിരഞ്ഞെടുത്ത് പച്ചക്കറി കൃഷി പ്രോത്സാഹനവും ഘടകമായി ഉൾപ്പെടുത്തിയിട്ടുണ്ട്. അടുത്ത സാമ്പത്തിക വർഷങ്ങളിൽ കൃഷി സമൃദ്ധി പദ്ധതി കൂടുതൽ തദ്ദേശഭരണ സ്ഥാപനങ്ങളിലേക്ക് വ്യാപിപ്പിക്കുന്നതോടെ ഗ്രൂപ്പ് അടിസ്ഥാനത്തിൽ തുറസ്സായ സ്ഥലത്തെ

കൃത്യതാകൃഷി, സങ്കരയിനം പച്ചക്കറിതൈ വിതരണം, പോഷകത്തോട്ടം, മഴമറ നിർമ്മാണം എന്നീ ഘടകങ്ങൾ സംയോജിപ്പിച്ചുകൊണ്ട് പച്ചക്കറി ഉൽപാദനത്തിൽ സ്വയംപര്യപ്തത കൈവരിക്കുവാൻ സാധ്യമാകും.

തരിശ്ശു ഭൂമികൾ കൃഷിയോഗ്യമാക്കുവാൻ ലക്ഷ്യമിട്ടുകൊണ്ട് നടപ്പാക്കുവാൻ ഉദ്ദേശിക്കുന്ന നവോഥാൻ പദ്ധതിയിൻ കീഴിൽകർഷകർക്കും കൃഷിക്കൂട്ടങ്ങൾക്കും കർഷക ഉൽപാദന സംഘടനകൾക്കും കൂടുതൽ കൃഷിയിടങ്ങൾ കണ്ടെത്തി നൽകി വാണിജ്യാടിസ്ഥാനത്തിലും പ്രാദേശിക ആവശ്യങ്ങൾ നിറവേറ്റുന്ന രീതിയിലും പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുകഴിഞ്ഞു. ഹൈടെക് കൃഷി രീതികൾ അനുവർത്തിച്ച് പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനാൽ ഉൽപാദനക്ഷമത വർധിപ്പിക്കുവാനും കാലാവസ്ഥാ വ്യതിയാനം, കീടരോഗ ശല്യം എന്നിവ ചെറുക്കുവാനും സാധ്യമാകും.

കേന്ദ്രാവിഷ്കൃത പദ്ധതികളായ മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ (MIDH), രാഷ്ട്രീയ കൃഷി വികാസ്

യോജന (RKVY) എന്നിവയുടെ സാമ്പത്തിക സഹായത്തോടെയുള്ള പദ്ധതികൾ സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ-കേരള മുഖേന നടപ്പിലാക്കിവരുന്നു. മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ (MIDH) പദ്ധതിയിൽ ഉൾപ്പെടുത്തി പച്ചക്കറി വിത്തുൽപാദനത്തിനായി ഹെക്ടറിന് 35,000 രൂപ നിരക്കിൽ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ധനസഹായം നൽകുന്നതിനായി MIDH വാർഷിക പദ്ധതിയിൽ തുക വകയിരുത്തിയിട്ടുണ്ട്. MIDH പദ്ധതിയിൽ ഉൾപ്പെടുത്തി കർഷകർക്ക് സങ്കരയിനം പച്ചക്കറി കൃഷി ചെയ്യുന്നതിന് ഹെക്ടർ ഒന്നിന് 20,000 രൂപനിരക്കിൽ ധനസഹായം നൽകിവരുന്നു. ഈ സർക്കാർ നിലവിൽ വന്നതിനുശേഷം ആകെ 255.5 ലക്ഷം രൂപ പച്ചക്കറി വിത്തുൽപാദനത്തിനും 1104.291 ലക്ഷം രൂപ ഹൈബ്രിഡ് പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും വിനിയോഗിച്ചിട്ടുണ്ട്.

(സി) പച്ചക്കറിയുടെ വിലക്കയറ്റം നിയന്ത്രിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

പല പച്ചക്കറികൾക്കും കഴിഞ്ഞ വർഷത്തെ ഇതേ സമയത്തെ

താരതമ്യ വിലയാണ് നിലവിലുള്ളത്. ചെറിയ ഉള്ളി, മുരിങ്ങയ്ക്ക, സവാള, ഏത്തക്കായ് എന്നിവയ്ക്ക് മാത്രമാണ് കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് താരതമ്യേന വിലക്കുടുതൽ.

ചെറിയ ഉള്ളിയുടെ വിലക്കയറ്റം നിയന്ത്രിക്കുന്നതിനായി തമിഴ്നാട്ടിലെ പേരാമ്പല്ലൂർ ജില്ലയിൽ നിന്നും ഹോർട്ടികൾച്ചർ മാർക്കറ്റിങ് വിഭാഗത്തിന്റെ സഹായത്തോടെ ഫാർമർ പ്രൊഡ്യൂസർ കമ്പനിയിൽ നിന്നും നേരിട്ട് ചെറിയ ഉള്ളി വാങ്ങി വിതരണം നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. നാടൻ ഏത്തക്കുലയ്ക്ക് വിപണിയിൽ കഴിഞ്ഞ വർഷത്തെക്കാൾ വിലകൂടുതലാണ്. അത് ഒരു താൽക്കാലിക പ്രതിഭാസമാണ്. മറ്റ് ഉൽപാദന കേന്ദ്രങ്ങളിൽ നിന്നും നാടൻ ഏത്തക്കുല സംഭരിച്ച് വിപണനം നടത്തുന്നതിനുള്ള നടപടികൾ ഹോർട്ടികോർപ്പ് സ്വീകരിച്ചിട്ടുണ്ട്.

ശ്രീനാരായണഗുരു ഓപ്പൺ സർവകലാശാല

23(*143) ശ്രീ. പ്രമോദ് നാരായൺ:
ഡോ. എൻ. ജയരാജ്:
ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:
ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത

വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു) സദയം മറുപടി നൽകുമോ:

(എ) ശ്രീനാരായണഗുരു ഓപ്പൺ സർവകലാശാലയുടെ ആഭിമുഖ്യത്തിൽ ഇപ്പോൾ നടത്തിവരുന്ന ബിരുദ, ബിരുദാനന്തര പ്രോഗ്രാമുകൾ ഏതൊക്കെയാണെന്ന് വിശദമാക്കുമോ?

ശ്രീനാരായണഗുരു ഓപ്പൺ സർവകലാശാലയിൽ നിലവിൽ 29 പ്രോഗ്രാമുകൾ (6 നാലുവർഷ (ഓണേഴ്സ്) ബിരുദം, 11 ബിരുദം, 12 ബിരുദാനന്തര ബിരുദം) നടത്തുന്നുണ്ട്.

സർവകലാശാല നടത്തിവരുന്ന പ്രോഗ്രാമുകളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

(ബി) പ്രസ്തുത സർവകലാശാലയുടെ എല്ലാ കോഴ്സിനും യു.ജി.സി. അംഗീകാരം ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന്റെ കാരണം അറിയിക്കുമോ?

ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാല നടത്തുന്ന 29 പ്രോഗ്രാമുകൾക്കും (6 നാലുവർഷ (ഓണേഴ്സ്) ബിരുദം, 11 ബിരുദം, 12 ബിരുദാനന്തര ബിരുദം) യു.ജി.സി-ഡി.ഇ.ബി.-യിൽ നിന്നും അംഗീകാരം

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ലഭിച്ചിട്ടുള്ളതാണ്.

(സി) പ്രസ്തുത സർവകലാശാല സംസ്ഥാനത്ത് എവിടെയൊക്കെയാണ് വിദൂരപഠന കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുള്ളത്; എല്ലാ ജില്ലകളിലും വിദൂരപഠന കേന്ദ്രങ്ങൾ സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീനാരായണഗുരു ഓപ്പൺ സർവകലാശാല സംസ്ഥാനത്തുടനീളമുള്ള 23 ഗവൺമെന്റ്, എയ്ഡഡ് കോളേജുകളെ പഠന സഹായ കേന്ദ്രങ്ങളായി തിരഞ്ഞെടുത്തിട്ടുണ്ട്. ഈ കേന്ദ്രങ്ങൾ വഴിയാണ് സർവകലാശാലയിലെ പഠിതാക്കൾക്ക് ക്ലാസുകൾ നടത്തിവരുന്നത്. പഠന സഹായ കേന്ദ്രങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു:

Mar Ivanios College, Nalanchira,Thiruvananthapuram- 695015

National College, Kallattumukku, Manacaud, Thiruvananthapuram - 695009

St. Xavier's College, Thumba Perumathura Road, Thiruvananthapuram, 695586

Fatima Mata National College, Kollam - 691001

TKM College of Arts & Science, Karikkode, Kollam - 691 005

College of Applied Science, Adoor, Pathanamthitta - 691523

M.S.M. College, Kayamkulam, Alappuzha - 690502

Govt. College, Nattakom, Kottayam - 686013

Govt. College, Kattappana, Idukki - 685508

Maharajas College, Kochi, Ernakulam - 682011

Sree Sankara Vidyapeetom College, Sree Sankarapuram, Perumbavoor - 683556

Sri. C Achutha Menon Govt. College, Thrissur - 682014

Sree Neelakanta Govt. Sanskrit College, Pattambi, Palakkad- 679303

Govt. Victoria College, Palakkad - 678001

Govt. College Malappuram - 676509

PTM Govt. College, Perinthalmanna - 679322

Farook College, Kozhikode, 673632

CKGM Govt. College, Perambra, Kozhikode - 673525

Govt. Arts and Science College Meenchanda, Kozhikode-673018

NMSM Govt. College, Wayanad - 673122

Govt. Brennen College, Kannur - 670106

St.Joseph's College, Pilathara, Kannur - 670504

Govt. College, Vidyanagar, Kasargod – 670142

(ഡി) ഈ സർവകലാശാലയ്ക്ക് കീഴിൽ ഇപ്പോൾ വിവിധ കോഴ്സുകൾക്ക് പ്രവേശനം നേടിയിട്ടുള്ള വിദ്യാർഥികളുടെ എണ്ണം സംബന്ധിച്ച വിശദാംശം അറിയിക്കുമോ?

സർവകലാശാലയ്ക്ക് കീഴിൽ ഇപ്പോൾ വിവിധ കോഴ്സുകൾക്ക് പ്രവേശനം നേടിയിട്ടുള്ള വിദ്യാർഥികളുടെ എണ്ണം സംബന്ധിച്ച വിശദാംശം ചുവടെ ചേർക്കുന്നു:

2022-2023

UG – 4403

PG – 1790

Others – 7844*

Total – 14037

* Certificate Course in Decentralization and Local Governance with Kerala Institute of Local Administration (KILA).

2023-2024

UG – 11791

PG – 4022

Total – 15813

2024-2025

UG – 22681

PG – 8441

WTotal – 31122

ന്യൂനപക്ഷ സ്കോളർഷിപ് പദ്ധതി

24(*144) ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. കെ. പി. എ. മജീദ്:
ശ്രീ. പി. കെ. ബഷീർ:
ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി

(ശ്രീ. വി. അബ്ദുറഹിമാൻ) സദയം മറുപടി നൽകുമോ:

(എ) വിവിധ ന്യൂനപക്ഷ സ്കോളർഷിപ്പ് പദ്ധതികൾക്കായി ഭരണാനുമതി നൽകിയ തുക പകുതിയായി കുറയ്ക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ബി) ഓരോ സ്കോളർഷിപ്പിനും അനുവദിച്ച തുകയുടെയും വെട്ടിക്കുറച്ചതിന് ശേഷമുള്ള തുകയുടെയും വിശദാംശം നൽകുമോ;

(സി) ഇപ്രകാരം തുക വെട്ടിക്കുറയ്ക്കാനുണ്ടായ കാരണം വ്യക്തമാക്കുമോ;

(ഡി) സ്കോളർഷിപ്പ് തുക വെട്ടിക്കുറയ്ക്കുന്നത് ദുർബല വിഭാഗത്തിൽപ്പെട്ട കുട്ടികളുടെ ഭാവിയെ പ്രതികൂലമായി ബാധിക്കാതിരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

(എ-ഡി) ന്യൂനപക്ഷ ക്ഷേമ വകുപ്പ് മുഖേന വിതരണം ചെയ്തുവരുന്ന സ്കോളർഷിപ്പുകൾക്ക് ഭരണാനുമതി നൽകിയ തുക കുറയ്ക്കേണ്ടതില്ലെന്ന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

പുതിയ കായിക നയം

25(*145) ശ്രീ. എം. വിജിൻ:
ശ്രീ. വി. ജോയി:
ശ്രീ. എം. എസ്. അരുൺ കുമാർ:

ശ്രീ. പി. പി. സുമോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ കായികനയം നിലവിൽ വന്നിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉണ്ട്. സംസ്ഥാനത്തെ കായിക മേഖലയെ സമഗ്രമായി പുനർനിർവചിക്കാനും കേരള സ്പോർട്സിന്റെ അതിവേഗ വളർച്ചയ്ക്കായി രൂപവൽക്കരിച്ച വിഷൻ 2033-ൽ നിർവചിച്ചിരിക്കുന്ന ലക്ഷ്യങ്ങൾ സാക്ഷാത്കരിക്കുന്നതിനുള്ള ഒരു റോഡ് മാപ്പായി പ്രവർത്തിക്കുവാനും കഴിയുന്ന രീതിയിൽ ഒരു കായിക നയം 22-07-2023-ലെ സ.ഉ.(കൈ) നം. 6/2023/കാ.യു.വ. പ്രകാരം അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

ഒളിമ്പിക് ഗെയിംസ് ഉൾപ്പെടെ അന്താരാഷ്ട്രതലത്തിൽ കായിക മികവ് കൈവരിക്കുക, അഴിമതിമുക്തവും സുശക്തവുമായ കായികമേഖല സൃഷ്ടിക്കുക, ശക്തമായ കായികവിനോദ വ്യവസായം രൂപപ്പെടുത്തുക, കായിക

സാക്ഷരതാ നിലവാരമുള്ള കായിക സംസ്കാരം രൂപപ്പെടുത്തുക, പ്രതിഭകളെ കണ്ടെത്തുന്നതിനും പരിപോഷിപ്പിക്കുന്നതിനും ശാസ്ത്രീയമായ പരിശീലന സൗകര്യങ്ങൾ ഏർപ്പെടുത്തുക എന്നിവ നയത്തിന്റെ ലക്ഷ്യങ്ങളാണ്. മാറിക്കൊണ്ടിരിക്കുന്ന പരിതസ്ഥിതിയിൽ മികച്ച മാതൃകകൾ പഠിക്കുന്നതിനും നടപ്പിലാക്കുന്നതിനുമുള്ള പ്രതിജ്ഞാബദ്ധതയാണ് നയം മുന്നോട്ടുവയ്ക്കുന്നത്. കായിക സംവിധാനങ്ങൾക്കുള്ളിലും; വിദ്യാഭ്യാസം, ആരോഗ്യം, മുനിസിപ്പാലിറ്റികൾ-പഞ്ചായത്തീരാജ് സ്ഥാപനങ്ങൾ, വിനോദ ദാതാക്കൾ, സ്വകാര്യ മേഖല തുടങ്ങിയ മറ്റ് മേഖലകളുമായും സഹകരണവും പങ്കാളിത്തവും ബന്ധങ്ങളും കെട്ടിപ്പടുക്കുന്നതും ഇതിൽ ഉൾപ്പെടുന്നു. വിഭവശേഷിയുടെ പങ്കുവയ്ക്കൽ, അടിസ്ഥാനസൗകര്യ വികസനം, സാമൂഹിക പങ്കാളിത്തം, പദ്ധതികളുടെ ഫലപ്രദമായ നിർവഹണം എന്നിവയ്ക്കുള്ള ക്രിയാത്മകവും പുരോഗമനപരവുമായ സമീപനങ്ങൾക്കും നയം ഊന്നൽ നൽകുന്നു.

(ബി) എല്ലാവർക്കും സ്പോർട്സ്, സ്കൂൾതലം മുതൽ കായികവികസനം, ഉന്നതനിലവാരമുള്ള കായിക താരങ്ങളെ വളർത്തിയെടുക്കൽ എന്നിവ

കൈവരിക്കുന്നതിന് പ്രസ്തുത നയം എത്രത്തോളം സഹായകമാണെന്ന് വിശദമാക്കുമോ?

പൊതുജനങ്ങൾക്കിടയിൽ ശക്തമായ കായികവ്യായാമ സാക്ഷരതാ നിലവാരവും സജീവമായ ഒരു കമ്മ്യൂണിറ്റി സ്പോർട്സ് അടിത്തറയുമുള്ള ഊർജസ്വലമായ കായികസംസ്കാരം രൂപപ്പെടുത്തി 'എല്ലാവർക്കും സ്പോർട്സ്' എന്ന ലക്ഷ്യത്തിലേക്കെത്തുന്നതിനും കായിക പ്രതിഭകളെ കണ്ടെത്തി വളർത്തിയെടുക്കുന്നതിനും ഉതകുന്ന തരത്തിലാണ് കായികനയം രൂപപ്പെടുത്തിയിട്ടുള്ളത്. കായിക പ്രതിഭകളെ കണ്ടെത്തുന്നതിന് പുതിയ ടാലന്റ് ഐഡന്റിഫിക്കേഷൻ പ്രോട്ടോക്കോൾ രൂപീകരിക്കുന്നതിനും ഇവരുടെ കഴിവുകൾ പരിപോഷിപ്പിക്കുന്നതിന് കൂടുതൽ കായിക അക്കാദമികൾ, മികവിന്റെ കേന്ദ്രങ്ങൾ, ഹൈ പെർഫോമൻസ് സെന്ററുകൾ എന്നിവ സ്ഥാപിക്കുന്നതിനുമുള്ള നിർദേശങ്ങൾ നയത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഒളിമ്പിക്സ് ഉൾപ്പെടെ അന്താരാഷ്ട്രതലത്തിലുള്ള കായികരംഗത്തെ മികവ് ഉറപ്പുവരുത്തുന്നതിനുള്ള നിർദേശങ്ങളും നയത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

(സി) മറ്റെന്തൊക്കെ ലക്ഷ്യങ്ങളെ അടിസ്ഥാനപ്പെടുത്തിയാണ് കായിക നയത്തിന് രൂപം നൽകിയിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ?

ഒളിമ്പിക് ഗെയിംസ് ഉൾപ്പെടെ അന്താരാഷ്ട്രതലത്തിൽ കായിക മികവ് കൈവരിക്കുക, അഴിമതിമുക്തവും സുശക്തവുമായ കായികമേഖല സൃഷ്ടിക്കുക, ശക്തമായ കായികവിനോദ വ്യവസായം രൂപപ്പെടുത്തുക, കായികസാക്ഷരത നിലവാരമുള്ള കായിക സംസ്കാരം രൂപപ്പെടുത്തുക, പ്രതിഭകളെ കണ്ടെത്തുന്നതിനും പരിപോഷിപ്പിക്കുന്നതിനും ശാസ്ത്രീയമായ പരിശീലന സൗകര്യങ്ങൾ ഏർപ്പെടുത്തുക എന്നിവയാണ് നയത്തിന്റെ ലക്ഷ്യങ്ങൾ.

സാമൂഹിക സേവനവും കായിക പ്രതിഭകളും, അടിസ്ഥാന സൗകര്യങ്ങൾ, ശാസ്ത്രീയ പിന്തുണ, വിദ്യാഭ്യാസം, മികച്ച ഭരണവും തന്ത്രപരമായ ആസൂത്രണവും തുടങ്ങിയ അഞ്ച് ആധാരശിലകൾ അടിസ്ഥാനമാക്കിയുള്ള കായിക സംസ്കാരത്തിന്റെ അടിത്തറ രൂപപ്പെടുത്തുന്ന കാഴ്ച്ചപ്പാടുകളും നയം മുന്നോട്ടുവയ്ക്കുന്നു.

(ഡി) സ്പോർട്സ് ഇക്കണോമി മിഷൻ എന്ന കാഴ്ചപ്പാട് കായികനയം മുന്നോട്ടുവയ്ക്കുന്നുണ്ടോ; എങ്കിൽ ഇതിലൂടെ എന്തൊക്കെയാണ് ലക്ഷ്യമിടുന്നത്;

വിശദമാക്കുമോ?

സംസ്ഥാനത്തിന്റെ സമ്പദ്ഘടനയിൽ കായിക മേഖലയുടെ സംഭാവന ഉയർത്തുന്നതിനുള്ള സ്പോർട്സ് ഇക്കണോമി മിഷൻ കായികനയം വിഭാവനം ചെയ്തിട്ടുണ്ട്. കായിക രംഗത്ത് സ്വകാര്യ നിക്ഷേപം ആകർഷിക്കുന്നതിനും നൂതന പദ്ധതികൾ അവതരിപ്പിക്കുന്നതിനുമായി 2024 ജനുവരി 23 മുതൽ 26 വരെ കാര്യവട്ടം ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിൽ അന്താരാഷ്ട്ര കായിക ഉച്ചകോടി സംഘടിപ്പിച്ചു. കായിക സമ്പദ്വ്യവസ്ഥയെ ശക്തിപ്പെടുത്തുന്നതിനുതകുന്ന വിവിധ പദ്ധതികൾ ഉച്ചകോടിയിൽ അവതരിപ്പിക്കുകയുണ്ടായി. അവ നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയുമാണ്. അടിസ്ഥാനസൗകര്യ വികസനവും അവയുടെ പരിപാലനവും പരിശീലന പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള അക്കാദമികളുടെ സ്ഥാപനം, ലീഗുകളുൾപ്പെടെയുള്ള കായിക പരിപാടികളുടെ സംഘാടനം, പ്രാദേശിക കായിക സംരംഭങ്ങൾ വളർത്തിയെടുക്കുക എന്നിവയിലൂടെ കായിക സമ്പദ്വ്യവസ്ഥയെ ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾക്കാണ് തുടക്കം കുറിച്ചിട്ടുള്ളത്.

മാനസിക വെല്ലുവിളികൾ നേരിടുന്ന ഭിന്നശേഷിക്കാരുടെ സംരക്ഷണം

26(*146) ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. പി. ബാലചന്ദ്രൻ:
ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. വാഴൂർ സോമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു) സദയം മറുപടി നൽകുമോ:

(എ) രക്ഷിതാക്കളുടെ മരണശേഷം അനാഥരാകുന്ന മാനസിക വെല്ലുവിളികൾ നേരിടുന്ന ഭിന്നശേഷിക്കാരുടെ എണ്ണം വർധിക്കുന്നതായുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

രക്ഷിതാക്കളുടെ മരണശേഷം അനാഥരാകുന്ന, മാനസിക വെല്ലുവിളികൾ നേരിടുന്ന ഭിന്നശേഷിക്കാരുടെ പ്രശ്നങ്ങൾ സംബന്ധിച്ചുള്ള വിഷയങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) മാനസിക വെല്ലുവിളികൾ നേരിടുന്ന ഭിന്നശേഷിക്കാരുടെ സംരക്ഷണത്തിനുവേണ്ടി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?

മാനസിക വെല്ലുവിളികൾ നേരിടുന്ന ഭിന്നശേഷിക്കാരുടെ

സംരക്ഷണത്തിനുവേണ്ടി ഈ സർക്കാർ വിവിധ വകുപ്പുകൾ/സ്ഥാപനങ്ങൾ മുഖേന ഒട്ടേറെ പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്.

1. പ്രത്യാശാ ഭവൻ:

18 വയസ്സിന് മുകളിൽ പ്രായമുള്ള ബൗദ്ധിക-മാനസിക വെല്ലുവിളികൾ നേരിടുന്ന സ്ത്രീകളുടെ പുനരധിവാസത്തിനായി സാമൂഹ്യനീതി വകുപ്പിന് കീഴിൽ തൃശ്ശൂർ ജില്ലയിൽ പ്രവർത്തിക്കുന്ന പ്രത്യാശാ ഭവനിൽ നിലവിൽ 41 പേരെ സംരക്ഷിച്ചുവരുന്നുണ്ട്.

2. പ്രിയാ ഹോം (സ്ത്രീകൾ)-

ബൗദ്ധിക-മാനസിക വെല്ലുവിളികൾ നേരിടുന്ന സ്ത്രീകളുടെ പുനരധിവാസത്തിനായി സാമൂഹ്യനീതി വകുപ്പിന് കീഴിൽ കൊല്ലം ജില്ലയിൽ കായില എന്ന സ്ഥലത്ത് പ്രവർത്തിക്കുന്ന "പ്രിയാ ഹോം (സ്ത്രീകൾ)" എന്ന 10 പേരെ താമസിപ്പിക്കുന്നതിനുള്ള സൗകര്യങ്ങളുള്ള സ്ഥാപനത്തിൽ നിലവിൽ 7 പേരെ സംരക്ഷിക്കുന്നുണ്ട്.

3. പുണ്യ ഭവൻ, കോഴിക്കോട്

മാനസിക വെല്ലുവിളി നേരിടുന്ന 18 വയസ്സിന് താഴെ പ്രായമുള്ള

കുട്ടികളെ സംരക്ഷിക്കുന്നതിനായി കോഴിക്കോട് ജില്ലയിൽ പുണ്യഭവൻ എന്ന സ്ഥാപനം സാമൂഹ്യനീതി വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്നുണ്ട്. 50 പേരെ പ്രവേശിപ്പിക്കുന്നതിന് അനുമതിയും സൗകര്യങ്ങളുമുള്ള സ്ഥാപനത്തിൽ നിലവിൽ 16 കുട്ടികളെ താമസിപ്പിച്ച് സംരക്ഷിച്ചുവരുന്നു.

4. പ്രതീക്ഷ ഭവൻ, മലപ്പുറം

മാനസിക വെല്ലുവിളി നേരിടുന്ന 18 വയസ്സിന് മുകളിൽ പ്രായമുള്ള പുരുഷന്മാരെ സംരക്ഷിക്കുന്നതിനായി മലപ്പുറം ജില്ലയിൽ പ്രതീക്ഷ ഭവൻ എന്ന സ്ഥാപനം സാമൂഹ്യനീതി വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്നുണ്ട്. സ്ഥാപനത്തിൽ നിലവിൽ 100 പേരെ സംരക്ഷിച്ചുവരുന്നുണ്ട്.

5. എൻ.ജി.ഒ. സഹകരണത്തോടെ പ്രവർത്തിക്കുന്ന പ്രതീക്ഷ ഭവൻ പദ്ധതി

മാനസിക വെല്ലുവിളി നേരിടുന്ന 18 വയസ്സിന് മുകളിൽ പ്രായമുള്ള പുരുഷന്മാരെ സംരക്ഷിക്കുന്നതിന് എൻ.ജി.ഒ. പങ്കാളിത്തത്തോടുകൂടി പ്രതീക്ഷഭവനുകൾ ആരംഭിക്കുന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. മാനസിക വെല്ലുവിളി നേരിടുന്ന വ്യക്തികളുടെ സ്ഥാപന പുനരധിവാസത്തിന് പുറമെ

അവർക്കുവേണ്ടി നിരവധി പദ്ധതികൾക്കുടി സാമൂഹ്യനീതി വകുപ്പ് മുഖേന നടപ്പിലാക്കിവരുന്നു. ആയതടക്കം ഈ മേഖലയിൽ നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെയും പ്രവർത്തനങ്ങളുടെയും വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

(സി) മറ്റുള്ളവരുടെ ആശ്രയമില്ലാതെ ജീവിതം അസാധ്യമായ മാനസിക വെല്ലുവിളികൾ നേരിടുന്ന ഭിന്നശേഷിക്കാരുടെ സംരക്ഷണത്തിനും പുനരധിവാസത്തിനുമായി ആശ്രയകേന്ദ്രങ്ങൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ?

ഉണ്ട്. സാമൂഹ്യനീതി വകുപ്പ് മുഖേന ബൗദ്ധിക-മാനസിക വെല്ലുവിളികൾ നേരിടുന്ന സ്ത്രീകളുടെ പുനരധിവാസത്തിനായുള്ള പ്രിയ ഹോം (സ്ത്രീകൾ) എന്ന സ്ഥാപനം കൊല്ലം ജില്ലയിലെ കായില എന്ന സ്ഥലത്ത് പ്രവർത്തിക്കുന്നുണ്ട്. ബൗദ്ധിക വെല്ലുവിളി നേരിടുന്ന സ്ത്രീകളുടെ സംരക്ഷണത്തിനായി ഒരു പുനരധിവാസഗ്രാമം അവിടെ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നു. ആയതിനുള്ള മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരികയാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഭിന്നശേഷിക്കാരുടെ സമഗ്ര പുനരധിവാസത്തിനു വേണ്ടി സമഗ്ര പുനരധിവാസ ഗ്രാമം ആരംഭിക്കുമെന്ന് സർക്കാർ നയം പ്രഖ്യാപിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ നിലവിൽ തിരുവനന്തപുരം, കൊല്ലം, മലപ്പുറം എന്നീ ജില്ലകളിലായി സാമൂഹ്യനീതി വകുപ്പിന് കീഴിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള മൂന്ന് പുനരധിവാസ വില്ലേജുകൾ സ്ഥാപിക്കുവാൻ നടപടികൾ സ്വീകരിച്ചുവരികയുമാണ്. ഇതിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലയിലെ അഴൂർ വില്ലേജ്, മലപ്പുറം ജില്ലയിലെ കുറമ്പത്തൂർ വില്ലേജ് എന്നിവിടങ്ങളിൽ നിന്നും പദ്ധതിക്കായി സ്ഥലം അനുവദിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്. ഇവിടങ്ങളിൽ പദ്ധതി നിർമ്മാണത്തിനായി ഡി.പി.ആർ. തയ്യാറാക്കിവരുന്നു. കൊല്ലം ജില്ലയിലെ പുനലൂരിൽ പദ്ധതിക്ക് അനുയോജ്യമായ സ്ഥലം കണ്ടെത്തിയിട്ടുണ്ട്. പ്രസ്തുത സ്ഥലം ലഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(ഡി) മാനസിക വെല്ലുവിളികൾ നേരിടുന്ന ഭിന്നശേഷിക്കാരുടെ സംരക്ഷണ പ്രവർത്തനങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ഏകോപിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

വിശദമാക്കുമോ?

ഉണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടത്തുന്ന ബഡ്സ് സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനും ഏർലി ഇന്റർവെൻഷൻന്റെ ഭാഗമായി തെറാപ്പി സൗകര്യങ്ങൾ ഒരുക്കുന്നതിനുമായി സംസ്ഥാന പൊതുവിദ്യാഭ്യാസ വകുപ്പിന്റെ നേതൃത്വത്തിൽ സ്പെഷ്യൽ സ്കൂൾ പാക്കേജിന്റെ ഭാഗമായി 2024-2025 സാമ്പത്തിക വർഷം ഒരു കോടി രൂപ അനുവദിച്ചിട്ടുണ്ട്. ടി തുക വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

കൂടാതെ സംസ്ഥാനത്ത് മാനസിക വെല്ലുവിളികൾ നേരിടുന്ന ഭിന്നശേഷിക്കാരുടെ സംരക്ഷണ പ്രവർത്തനങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ഏകോപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

റോഡപകടങ്ങൾ വർധിച്ചുവരുന്നതിന്റെ കാരണങ്ങൾ

27(*147) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. സണ്ണി ജോസഫ്:
ശ്രീ. എം. വിൻസെന്റ്:
ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത

വകുപ്പുമന്ത്രി (ശ്രീ. കെ. ബി. ഗണേഷ് കുമാർ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റോഡപകടങ്ങൾ വർധിച്ചുവരുന്നതിന്റെ കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

ഉണ്ട്. അശ്രദ്ധയോടെയും നിയമവിരുദ്ധമായും വാഹനമോടിക്കുന്നതും വാഹനപെരുപ്പത്തിനനുസരിച്ച് റോഡുകൾ വികസിക്കാത്തതും കാരണമാണ് റോഡപകടങ്ങൾ വർധിക്കുന്നതെന്ന് കണ്ടെത്തിയിട്ടുണ്ട്. സംസ്ഥാനത്തുണ്ടാകുന്ന വാഹനാപകടങ്ങളുടെ പ്രധാന കാരണങ്ങൾ ചുവടെ ചേർക്കുന്നു.

1) പല ഡ്രൈവർമാരും വാഹനത്തെക്കുറിച്ചോ റോഡിനെക്കുറിച്ചോ ധാരണയില്ലാതെ അമിത വേഗതയിൽ വാഹനം ഓടിക്കുന്നത് അപകടങ്ങൾക്ക് കാരണമാകുന്നു.

2) വാഹനം ഓടിക്കുന്നവർ പലപ്പോഴും സ്പീഡ് ലിമിറ്റ് പാലിക്കാതെയും ഹെൽമെറ്റ് ഉപയോഗിക്കാതെയും സീറ്റ് ബെൽറ്റ് ഉപയോഗിക്കാതെയും വാഹനമോടിക്കുന്നത് അപകടങ്ങൾക്ക് കാരണമാകുന്നു.

3) മൊബൈൽ ഫോൺ ഉപയോഗിച്ചുകൊണ്ട് വാഹനമോടിക്കുന്നത്.

4) മെക്കാനിക്കൽ തകരാറുകൾ ഉള്ള വാഹനങ്ങൾ ഓടിക്കുന്നത്.

5) അശ്രദ്ധമായി റോഡ് മറികടക്കൽ.

6)രാത്രികാലങ്ങളിൽ ഡിം-ബ്രൈറ്റ് ലൈറ്റ് ശരിയായി ഉപയോഗിക്കാതിരിക്കുന്നത്.

7) അമിത ഭാരം കയറ്റി വാഹനം ഓടിക്കുന്നത്.

8) വെളിച്ചക്കുറവ്.

9)മതിയായ വിശ്രമമില്ലാതെ വാഹനമോടിക്കുക.

10) മദ്യം, മയക്കുമരുന്ന് തുടങ്ങിയ ലഹരി വസ്തുക്കൾ ഉപയോഗിച്ച് വാഹനമോടിക്കുന്നത്.

11) ട്രാഫിക് നിയമം ലംഘിച്ച് വാഹനങ്ങൾ ഓടിക്കുന്നത്.

സംസ്ഥാനത്തുണ്ടാകുന്ന മേജർ ആക്സിഡന്റുകൾ സുപ്രീംകോർട്ട് കമ്മിറ്റിയുടെ നിർദേശ പ്രകാരം എല്ലാ ഏജൻസികളും പരിശോധന നടത്തി കാരണങ്ങൾ കണ്ടെത്തി നടപടികൾ സ്വീകരിച്ചുവരുന്നു. അത്തരം അപകടങ്ങൾ ആവർത്തിക്കാതിരിക്കൽ, റോഡ് സുരക്ഷാ ഉപകരണങ്ങൾ സ്ഥാപിക്കുക, മെച്ചപ്പെട്ട Enforcement നടപടികൾ, ബോധവൽക്കരണ

പരിപാടികൾ മുതലായവ നടപ്പിലാക്കിവരുന്നു. സ്റ്റേക്ക്ഹോൾഡർ ഡിപ്പാർട്ട്മെന്റുകൾ ആവശ്യപ്പെടുന്ന പ്രകാരം ഇത്തരം അപകട നിർമ്മാർജന പ്രവർത്തനങ്ങൾക്ക് KRSA ഫണ്ടും നൽകിവരുന്നു. കൂടാതെ എല്ലാ റോഡപകടങ്ങളും enforcement ഏജൻസികൾ സ്ഥിരമായി പരിശോധിച്ച് കാരണങ്ങൾ കണ്ടെത്തി നടപടികൾ സ്വീകരിക്കുന്നു.

തുടർച്ചയായി അപകടങ്ങൾ നടക്കുന്ന സ്ഥലങ്ങൾ ശാസ്ത്രീയമായി നാറ്റ്പാക് മുഖാന്തരം കണ്ടെത്തി അപകടങ്ങളുടെ തീവ്രതയനുസരിച്ച് മുൻഗണനാക്രമം നിശ്ചയിക്കുകയും പ്രസ്തുത ഭാഗങ്ങളിൽ (ബ്ലാക്ക് സ്പോട്ടുകളിൽ) പോലീസിന്റെയും മോട്ടോർ വാഹന വകുപ്പിന്റെയും റോഡ് സുരക്ഷാ അതോറിറ്റിയുടെയും സഹകരണത്തോടുകൂടി സംയുക്ത സ്ഥല പരിശോധന നടത്തി, സ്ഥലപരിശോധന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഭാഗത്തെ അപകടങ്ങൾ ഒഴിവാക്കുന്നതിനുള്ള തിരുത്തൽ പ്രവൃത്തികൾ നടപ്പിലാക്കിവരുന്നു.

(ബി) അശാസ്ത്രീയമായ റോഡ് നിർമ്മാണവും വളവുകളിൽ ബാങ്കിങ് ഓഫ് കർവ് ഉൾപ്പെടെയുള്ള മാനദണ്ഡങ്ങൾ പാലിക്കാത്തതും

അപകടങ്ങൾക്ക് കാരണമാകുന്ന എന്നത് വസ്തുതയാണോ; വ്യക്തമാക്കുമോ?

സംസ്ഥാനത്ത് റോഡ് നിർമ്മാണത്തിലെ അപാകതകൾ റോഡപകടങ്ങൾക്ക് പ്രധാന കാരണമാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അമിത വേഗതയും റോഡ് ഉപഭോക്താക്കളുടെ അശ്രദ്ധയും സ്വകാര്യ ബസ്സുകളുടെയും ടിപ്പർ ലോറികളുടെയും മത്സരയോട്ടവും വാഹങ്ങളുടെ ഗതാഗത നിയമലംഘനങ്ങളുമാണ് റോഡപകടങ്ങൾക്കുള്ള പ്രധാന കാരണമായി കണക്കാക്കപ്പെടുന്നത്.

(സി) ബ്ലാക്ക് സ്പോട്ടുകളും അശാസ്ത്രീയമായി നിർമ്മിച്ച റോഡുകളും ബാങ്കിങ് ഓഫ് കർവ് ഉൾപ്പെടെയുള്ള മാനദണ്ഡങ്ങൾ പാലിക്കാത്ത വളവുകളും കണ്ടെത്തി അപകടം കുറയ്ക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

ബ്ലാക്ക് സ്പോട്ട് പ്രദേശങ്ങളിൽ വാഹന പരിശോധനയും മൊബൈൽ പട്രോളിങ്ങും മറ്റും നടത്തി പ്രസ്തുത സ്ഥലങ്ങളിൽ അപകടങ്ങൾ കുറയ്ക്കുന്നതിനുള്ള നിരന്തര ശ്രമങ്ങൾ നടത്തിവരുന്നു.

അപകടം പതിവായ സ്ഥലങ്ങളിൽ നാറ്റ്പാക് മുഖാന്തരം ബ്ലാക്ക് സ്പോട്ട്

റെക്ടിഫിക്കേഷൻ പഠനം നടത്തി പ്രസ്തുത പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അപകടങ്ങൾ ഒഴിവാക്കുന്നതിനുള്ള പ്രവൃത്തികൾ ഫണ്ട് ലഭ്യതയ്ക്കനുസരിച്ച് നടപ്പിലാക്കിവരുന്നു. റോഡുകളിലെ സ്ഥിരമായി അപകടമുണ്ടാകുന്ന വളവുകൾ നിവർത്തുന്നതിനും ആവശ്യമായ റോഡ് സുരക്ഷാ ക്രമീകരണങ്ങൾ ഏർപ്പെടുത്തുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നു. സുരക്ഷാ മുന്നറിയിപ്പ് ബോർഡുകൾ, പതിവായി അപകടങ്ങൾ നടക്കുന്ന സ്ഥലങ്ങളിൽ 'അപകട സാധ്യത മേഖല' സൈൻ ബോർഡുകൾ, വളവുകൾ മുൻകൂട്ടി തിരിച്ചറിയുന്നതിനായുള്ള സൈൻ ബോർഡുകൾ, വേഗത പരിധി, No Overtaking, ഷെവറോൺ എന്നീ സൈൻ ബോർഡുകൾ, അമിതവേഗത നിയന്ത്രിക്കുന്നതിനായി റംബിൾ സ്ട്രിപ്പുകൾ, കൂടാതെ ആവശ്യമുള്ള സ്ഥലങ്ങളിൽ മാർക്കിങ്ങുകൾ, സ്റ്റഡുകൾ, ബ്ലിങ്കർ ലൈറ്റുകൾ, അപകടകരമായ വളവുകളിൽ ഡിസൈൻ സ്പീഡ് ലിമിറ്റ് ബോർഡുകൾ എന്നിവ കൂടുതലായി സ്ഥാപിക്കാൻ നടപടി സ്വീകരിച്ചുവരുന്നു. വർധിച്ചുവരുന്ന വാഹനപ്പെരുപ്പംമൂലമുണ്ടാകുന്ന റോഡപകടങ്ങൾ ഒഴിവാക്കുന്നതിനായി സ്ഥല ലഭ്യതയും ഫണ്ട് ലഭ്യതയും അനുസരിച്ച്

നിലവിലുള്ള റോഡുകൾ വീതി കൂട്ടുന്നതിനും ബൈപാസുകൾ, മേൽപ്പാലങ്ങൾ, അടിപ്പാതകൾ തുടങ്ങിയ വൻകിട പദ്ധതികളുടെ നിർമ്മാണം കെ.എസ്.റ്റി.പി., കെ.ആർ.എഫ്.ബി. എന്നിവ മുഖേന നടപ്പിലാക്കിവരുന്നു.

2010-11, 2016-17, 2019, 2021 എന്നീ വർഷങ്ങളിൽ ബ്ലാക്ക് സ്പോട്ടുകളും അശാസ്ത്രീയമായി നിർമ്മിച്ച റോഡുകളും ബാങ്കിങ് ഓഫ് കർവ് ഉൾപ്പെടെയുള്ള മാനദണ്ഡങ്ങൾ പാലിക്കാത്ത വളവുകളും കണ്ടെത്തുവാൻ പഠനങ്ങൾ നടത്തിയിട്ടുണ്ട്.

NATPAC 2019, 2021 വർഷങ്ങളിൽ സംസ്ഥാനത്തിലെ ബ്ലാക്ക് സ്പോട്ടുകളുടെ തിരിച്ചറിയലും മുൻഗണനയും ക്രമീകരണവും" എന്ന പഠന റിപ്പോർട്ടും 2022-ൽ, "കേരള സംസ്ഥാനത്തിലെ അപകട സാധ്യതയുള്ള റോഡ് ഇടനാഴികൾ തിരിച്ചറിയലും മുൻഗണനാ ക്രമീകരണവും" എന്ന സാങ്കേതിക റിപ്പോർട്ടും സമർപ്പിക്കുകയുണ്ടായി. അതിലുപരി 2020-21-ൽ, തിരഞ്ഞെടുത്ത 7 ബ്ലാക്ക്സ്പോട്ടുകൾക്കായി ഹ്രസ്വകാല മെച്ചപ്പെടുത്തൽ നടപടികൾ തയ്യാറാക്കി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

2023-ലെ Blackspot Management Study-ക്ക് KRSA യുടെ 47-ാം യോഗം അംഗീകാരം നൽകുകയും. 2025-ലെ Blackspot Management Study-ക്കായി NATPAC-ന വർക്ക് ഓർഡർ നൽകുകയും ചെയ്തിട്ടുണ്ട്.

റബർ കർഷകർ നേരിടുന്ന പ്രതിസന്ധി പരിഹരിക്കാൻ നടപടി

28(*148) ശ്രീ. മാണി സി. കാപ്പൻ:
ശ്രീ. മോൻസ് ജോസഫ്:
ശ്രീ. പി. ജെ. ജോസഫ്:
ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്) സദയം മറുപടി നൽകുമോ:

(എ) കേന്ദ്രസർക്കാരിന്റെ നയസമീപനവും പ്രതികൂല കാലാവസ്ഥയും മൂലം റബർ കർഷകർ നേരിടുന്ന പ്രതിസന്ധി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. വിലയിടിവും കാലാവസ്ഥാവ്യതിയാനംമൂലം റബ്ബർ കർഷകർ നേരിടുന്ന പ്രതിസന്ധികളും പ്രശ്നങ്ങളും സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുകയും റബ്ബറിന് വിലസ്ഥിരത ഉറപ്പാക്കുന്നതിനും കാലാവസ്ഥാ പ്രശ്നങ്ങൾ നിമിത്തം ഉണ്ടാകുന്ന ദുരിതങ്ങൾ ലഘൂകരിക്കുന്നതിനും വിവിധങ്ങളായ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. കാലാവസ്ഥാ പ്രശ്നങ്ങൾമൂലം ടാപ്പിങ്

ദിനങ്ങൾ കുറയുക, റബ്ബർ മരങ്ങളിൽനിന്നും ഉൽപാദനം കുറയുക തുടങ്ങിയ പ്രശ്നങ്ങൾ റബ്ബർ കർഷകർ നേരിടുന്നുണ്ട്. കേന്ദ്രസർക്കാരിന്റെ കരട് റബ്ബർ നിയമ ഭേദഗതി നിർദേശങ്ങളിന്മേൽ കേരളത്തിലെ കർഷകരെ പ്രതികൂലമായി ബാധിക്കുന്ന കാര്യങ്ങളിൽ കേരളത്തിന്റെ ആശങ്ക കേന്ദ്രസർക്കാരിനെ അറിയിക്കുകയും റബ്ബർ മേഖലയിലെ കർഷകർക്ക് കൂടുതൽ പ്രോത്സാഹനം നൽകുന്ന വ്യവസ്ഥകളായിരിക്കണം നിയമത്തിൽ ഉൾപ്പെടുത്തേണ്ടതെന്നും പുതിയ ബില്ലിൽ പറഞ്ഞിരിക്കുന്ന റബ്ബർ പ്രൊമോഷൻ ആൻഡ് ഡെവലപ്മെന്റ് ഫണ്ടിന്റെ 30% റബ്ബർ കർഷകർക്ക് സബ്സിഡിക്കും ഇൻസെന്റീവുകൾക്കുമായി ഉപയോഗിക്കണമെന്നും ഇറക്കുമതി ചെയ്യുന്ന റബ്ബറിന്റെ വില നിയന്ത്രിക്കുന്നതിനായി നിയമത്തിൽ ശക്തമായ ഭേദഗതികൾ ഉൾപ്പെടുത്തണമെന്നും കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) റബർ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനുമായി എന്തെല്ലാം പുതിയ പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

റബ്ബറിന്റെ ഉൽപാദനം, വികസനം, കയറ്റുമതി എന്നീ കാര്യങ്ങൾ കേന്ദ്ര വാണിജ്യ മന്ത്രാലയത്തിന്റെ കീഴിലുള്ള റബ്ബർ ബോർഡിൽ നിക്ഷിപ്തമാണെങ്കിലും വിള ഇൻഷ്വറൻസും നടീൽ വസ്തുക്കൾക്കുള്ള സഹായവും യന്ത്രവൽക്കരണവും മൂല്യവർധനവിനുള്ള പദ്ധതികളും കൃഷി വകുപ്പ് മുഖേന നടപ്പിലാക്കിവരുന്നുണ്ട്. കേന്ദ്ര-സംസ്ഥാനാവിഷ്കൃത പദ്ധതികളായ പ്രധാൻമന്ത്രി ഭസൽ ബീമയോജന (PMFBY), Restructured Weather Based Crop Insurance Schme (RWBCIS), Sub-Mission on Agricultural Mechanization (SMAM), അഗ്രികൾച്ചർ ഇൻഫ്രാസ്ട്രക്ചർ ഫണ്ട്, സംസ്ഥാന വിള ഇൻഷ്വറൻസ് തുടങ്ങിയ പദ്ധതികളാണ് ഇവയിൽ പ്രധാനപ്പെട്ടത്.

2024-25 വർഷം മുതൽ 2375 കോടി രൂപ അടങ്കലിൽ കൃഷി വകുപ്പ് നടപ്പിലാക്കുന്ന കേരള കാലാവസ്ഥാ പ്രതിരോധ മൂല്യവർധിത ശൃംഖല നവീകരണ പദ്ധതി (കേര)യിലൂടെ റബ്ബർ കർഷകർക്ക് ധനസഹായം നൽകുന്നതിന് നിശ്ചയിച്ചിട്ടുണ്ട്. റബ്ബർ റീപ്ലാന്റേഷനുള്ള സഹായം (225 കോടി രൂപ), റബ്ബർ നഴ്സറികൾക്കുള്ള സഹായം, കർഷകർക്കുള്ള പാർശ്വ്യൽ

ക്രഡിറ്റ് ഗ്യാരന്റി സപ്പോർട്ട് സ്കീം (110 കോടി രൂപ) തുടങ്ങിയവ 'കേര' പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്നതാണ്.

റബ്ബർ കർഷകരെ സംരക്ഷിക്കുന്നതിനും റബ്ബറിന് ന്യായവില ഉറപ്പാക്കുന്നതിനും സംസ്ഥാന സർക്കാർ 2015-16 മുതൽ റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതി നടപ്പിലാക്കിവരുന്നു. 2024-25 വർഷത്തിൽ 61.57 കോടി രൂപയാണ് ഈ ഇനത്തിൽ നിന്നും അനുവദിച്ചിട്ടുള്ളത്. സ്വാഭാവിക റബ്ബർ ഉൽപന്നങ്ങളുടെ മൂല്യവർധന ലക്ഷ്യമാക്കി സിയാൽ മോഡലിൽ കേരള റബ്ബർ ലിമിറ്റഡ് എന്ന പേരിൽ ഒരു കമ്പനി കോട്ടയം ജില്ലയിലെ വെള്ളൂർ കേന്ദ്രമാക്കി ആരംഭിച്ചിട്ടുണ്ട്. 2024 ഏപ്രിൽ 1 മുതൽ റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ്, കിലോ ഗ്രാമിന് 170/- രൂപ എന്നത് 180/- രൂപയാക്കി വർധിപ്പിച്ചിട്ടുണ്ട്. ഈ തുക 250/- ആയി ഉയർത്തുന്നതിന് കേന്ദ്ര സഹായംകൂടി ആവശ്യപ്പെട്ടുകൊണ്ട് പല തവണ കേന്ദ്ര സർക്കാരിന് കത്ത് നൽകുകയും കേന്ദ്ര മന്ത്രിയെ നേരിൽ കണ്ട് കേരളത്തിന്റെ ആവശ്യം അറിയിക്കുകയും ചെയ്തിട്ടുണ്ട്. ദേശീയ തലത്തിൽ റോഡ് റബ്ബറൈസ് ചെയ്യുന്നത് പ്രോത്സാഹിപ്പിക്കുന്നതിനും മറ്റ് നിർമ്മാണ പ്രവൃത്തികളിൽ

റബ്ബർ വുഡിന്റെയും അനുബന്ധ റബ്ബർ ഉൽപന്നങ്ങളുടെയും ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനും നാഷണൽ റബ്ബർ പോളിസിയിലൂടെ സാധ്യമാകണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) സംസ്ഥാനത്ത് റബ്ബറിന് മികച്ച വിലകിട്ടാനുള്ള സാധ്യതയുണ്ടെങ്കിലും അത് പ്രാവർത്തികമാക്കാൻ ടയർ കമ്പനികളും ഇടനിലക്കാരും സമ്മതിക്കുന്നില്ലെന്ന പരാതിയിന്മേൽ എന്തൊക്കെ നടപടികൾ സ്വീകരിക്കാൻ കഴിയുമെന്ന് വിശദമാക്കുമോ?

ടയർ കമ്പനികളും ഇടനിലക്കാരും ചേർന്ന് കൃത്രിമമായി വില നിയന്ത്രിക്കുകയാണോ എന്ന് പരിശോധിക്കാൻ വ്യാപാര മോണിറ്ററിങ് സംവിധാനങ്ങൾ ശക്തിപ്പെടുത്തേണ്ടതുണ്ട്. കമ്പനികൾ വില മാന്ദ്യമുണ്ടാക്കുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിന് നിലവിൽ സംവിധാനമുണ്ട്. വിവിധ കർഷക സംഘടനകൾ ഈ പരാതികൾ ഉന്നയിച്ചതിന്റെ അടിസ്ഥാനത്തിൽ കോമ്പറ്റീഷൻ കമ്മീഷൻ ഓഫ് ഇന്ത്യ ഇക്കാര്യത്തിൽ ഇടപെടലുകൾ നടത്തുകയും പിഴ ഈടാക്കുകയും ചെയ്യുന്നുണ്ട്. റബ്ബർ ഷീറ്റുകളും ഉൽപന്നങ്ങളും നേരിട്ട് വിപണനം ചെയ്യാൻ

പ്രോത്സാഹിപ്പിക്കുക, പ്രാദേശിക, ദേശീയ, അന്തർദേശീയ വിപണന മാർഗങ്ങൾ തേടുക, റബ്ബർ അധിഷ്ഠിത സംരംഭങ്ങൾ കൂടുതലായി ആരംഭിക്കുക, ടയർ കമ്പനികൾക്ക് പുറമെ ആട്ടോമോട്ടീവ്, എഞ്ചിനീയറിങ്, ഫാർമസ്യൂട്ടിക്കൽ വ്യവസായങ്ങൾ എന്നിവയുമായി നേരിട്ട് വിപണന ബന്ധം ഉറപ്പാക്കുക എന്നീ മാർഗങ്ങളും അവലംബിക്കാവുന്നതാണ്.

(ഡി) റബർ സംഭരണം വർധിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കുമോ?

സംസ്ഥാന സർക്കാർ റബ്ബർ സംഭരണം നടത്തുന്നില്ല. എന്നാൽ റബ്ബർ കർഷകരെ സംരക്ഷിക്കുന്നതിനും റബ്ബറിന് ന്യായവില ഉറപ്പാക്കുന്നതിനുമായി സംസ്ഥാന സർക്കാർ 2015-16 മുതൽ റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതി നടപ്പിലാക്കിവരുന്നു. അർഹമായ റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ്, രജിസ്റ്റർ ചെയ്ത കർഷകരുടെ ബാങ്ക് അക്കൗണ്ടിലേക്ക് നൽകുന്ന രീതിയാണ് പദ്ധതിയിൽ അനുവർത്തിക്കുന്നത്. ഈ പദ്ധതിയിലൂടെ കിലോഗ്രാമിന് 180/- രൂപാ നിരക്കിൽ കർഷകർക്ക് ആനുകൂല്യം ലഭ്യമാക്കുന്നതിനാൽ വിലയിടിവുള്ള സാഹചര്യങ്ങളിൽ പദ്ധതി

കർഷകർക്ക് ആശ്വാസം നൽകുന്നുണ്ട്.

ട്രെയിൻ യാത്രാദുരിതം പരിഹരിക്കുന്നതിന് നടപടി

29(*149) ശ്രീ. പി. മമ്മിക്കുട്ടി:
ശ്രീ. എ. സി. മൊയ്തീൻ:
ശ്രീ. ടി. ഐ. മധുസൂദനൻ:
ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ട്രെയിൻ യാത്രാദുരിതം ദൈനംദിനം വർധിച്ചുവരുന്ന സാഹചര്യത്തിൽ അത് പരിഹരിക്കുന്നതിനായി എന്തെല്ലാം കാര്യങ്ങളാണ് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്ത് ട്രെയിൻ യാത്രാദുരിതം അനുദിനം വർധിച്ചുവരുന്ന സാഹചര്യത്തിൽ അത് പരിഹരിക്കുന്നതിനായി കേന്ദ്ര റെയിൽവെ മന്ത്രിയുമായി നിരന്തരം കത്തിടപാട് നടത്തുകയും കൂടിക്കാഴ്ച നടത്തുകയും ചെയ്തിട്ടുണ്ട്. 2024 ഒക്ടോബർ 16-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും കേന്ദ്ര റെയിൽവേ വകുപ്പുമന്ത്രിയുമായി നടത്തിയ ചർച്ചയിൽ റെയിൽവേ

കോച്ചുകളുടെ എണ്ണം കുറയുന്ന കാര്യം ഉന്നയിക്കുകയും വന്ദേഭാരതിന്റെ കോച്ചുകളുടെ എണ്ണം കൂട്ടണമെന്ന് ആവശ്യപ്പെടുകയും ചെയ്തിരുന്നു. ഇതേത്തുടർന്ന് വന്ദേഭാരതിന്റെ കോച്ചുകളുടെ എണ്ണം 16-ൽ നിന്ന് 20 ആക്കുകയും ചെയ്തിട്ടുണ്ട്. വന്ദേഭാരത് പോകുന്നതിനായി പല സ്ഥലത്തും ട്രെയിനുകൾ പിടിച്ചിടുന്നുവെന്നുള്ള വിഷയം കേന്ദ്രത്തിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നിരുന്നു, ഇതേത്തുടർന്ന് മറ്റ് ട്രെയിനുകൾ പിടിച്ചിടുന്നത് കുറച്ചിട്ടുണ്ട്. 2024 ജൂലൈ 3-ന് ദക്ഷിണ റെയിൽവെ അധികൃതരുമായി നടത്തിയ ചർച്ചയിൽ പാസഞ്ചർ ട്രെയിനുകളുടെ കോച്ചുകളുടെ എണ്ണം വർധിപ്പിക്കുന്നതിനെ കുറിച്ചും മറ്റ് ട്രെയിനുകളിലെ സ്ലീപ്പർ കോച്ചുകൾ വെട്ടിച്ചുരുക്കിയ വിഷയവും ചർച്ച ചെയ്യുകയുണ്ടായി. ട്രെയിൻ ഗതാഗതവുമായി ബന്ധപ്പെട്ട് കേരളം ഉന്നയിച്ച വിഷയങ്ങൾ പരിഹരിക്കാൻ അടിയന്തര നടപടികൾ സ്വീകരിക്കുമെന്ന് റെയിൽവെ അധികൃതർ ഉറപ്പുനൽകുകയും ഇതിന്റെ അടിസ്ഥാനത്തിൽ പരശുറാം എക്സ്പ്രസിന് രണ്ട് കോച്ചുകൾകൂടി അനുവദിക്കുകയും ചെയ്തു.

(ബി) എങ്കിൽ മേൽപ്പറഞ്ഞ ആവശ്യങ്ങളിന്മേൽ ഏതെല്ലാം 2025-26-

ലെ കേന്ദ്ര ബജറ്റിൽ പരിഗണിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

ടെയിൻ യാത്രയുമായി ബന്ധപ്പെട്ട് സ്ലീപ്പർ കോച്ചുകൾ വർധിപ്പിക്കുക, ടെയിനുകളുടെ എണ്ണം ആവശ്യാനുസരണം വർധിപ്പിക്കുക തുടങ്ങിയവ കേന്ദ്ര ബജറ്റിൽ ഉൾപ്പെടുത്താറില്ല. മറിച്ച് ഇവ റെയിൽവെ ടൈം ടേബിളിൽ ഉൾപ്പെടുത്തി നടപ്പാക്കുന്നവയാണ്.

(സി) സംസ്ഥാനത്ത് സർവീസ് നടത്തിയിരുന്ന പാസഞ്ചർ ടെയിനുകൾ പലതും നിർത്തലാക്കിയതും ദീർഘദൂര ടെയിനുകളിലെ സ്ലീപ്പർ കോച്ചുകളുടെ എണ്ണം കുറയ്ക്കുന്നതും കാരണം ടെയിൻ യാത്രക്കാർക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

എ.സി. ത്രീ ടയർ കമ്പാർട്ട്മെന്റുകളാണ് മിക്ക ടെയിനുകളിലും ഏറ്റവും കൂടുതൽ യാത്രക്കാർ ബുക്കിങ് സമയത്ത് ആവശ്യപ്പെടുന്നത് എന്നാണ് റെയിൽവെ അറിയിച്ചിട്ടുള്ളത്. അതേസമയം ടെയിനിൽ ഉൾപ്പെടുത്താൻ കഴിയുന്ന പരമാവധി ബോഗികളുടെ (റെയിൽ കാർ) എണ്ണത്തിൽ വർധനവ് വരുത്തുവാൻ സാധിക്കുകയില്ല. ഈ അവസരത്തിലാണ് സ്ലീപ്പർ കോച്ചുകളുടെ എണ്ണം കുറച്ച് ടെയിനുകളിൽ കൂടുതൽ എ.സി. കംപാർട്ട്മെന്റുകൾ

ഉൾകപ്പെടുത്തുന്നതെന്ന് റെയിൽവെ അറിയിച്ചിട്ടുണ്ട്. ഇത് സാധാരണ ട്രെയിൻ യാത്രക്കാർക്ക് പ്രയാസം സൃഷ്ടിക്കുന്നുണ്ടെന്നത് വസ്തുതയാണ്. കേരളത്തിലെ ട്രെയിൻ യാത്രക്കാർ നേരിടുന്ന ഇത്തരം പ്രശ്നങ്ങളെല്ലാം റെയിൽവെ മന്ത്രാലയത്തിന്റെയും റെയിൽവെയുടെ ഉന്നത ഉദ്യോഗസ്ഥരുടെയും ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

(ഡി) അതിവേഗ ട്രെയിനുകൾ ലാഭകരമാക്കുന്നതിനായി എക്സ്പ്രസ്സ്, സൂപ്പർഫാസ്റ്റ് ട്രെയിനുകളിലെ കോച്ചുകളുടെ എണ്ണം കുറയ്ക്കുകയും അവിചാരിതമായി ട്രിപ്പുകൾ നിർത്തലാക്കുകയും ചെയ്യുന്നതായ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

അത്തരമൊരു വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതല്ല. എന്നിരുന്നാലും ആയതു പരിശോധിച്ച് വേണ്ട നടപടി കൈക്കൊള്ളുന്നതാണ്.

(ഇ) നിലവിൽ സർവീസ് നടത്തുന്ന ട്രെയിനുകളിലെ ജനറൽ, സ്ലീപ്പർ കമ്പാർട്ടുമെന്റുകളുടെ എണ്ണം വർധിപ്പിക്കുന്നതിനും കൂടുതൽ എക്സ്പ്രസ്സ്, സൂപ്പർഫാസ്റ്റ് ട്രെയിനുകൾ അനുവദിക്കുന്നതിനും ആവശ്യമായ എന്തെല്ലാം ഇടപെടലുകളാണ് നടത്തിവരുന്നതെന്ന് വിശദമാക്കുമോ?

നിലവിൽ സർവീസ് നടത്തുന്ന ട്രെയിനുകളിലെ ജനറൽ, സ്ലീപ്പർ കമ്പാർട്ടുമെന്റുകളുടെ എണ്ണം വർധിപ്പിക്കുന്നതിനും കൂടുതൽ എക്സ്പ്രസ്സ്, സൂപ്പർഫാസ്റ്റ് ട്രെയിനുകൾ അനുവദിക്കുന്നതിനും മറ്റ് പ്രവർത്തനങ്ങൾക്കുമെല്ലാമായി കേന്ദ്ര റെയിൽവെ മന്ത്രിയുമായി നിരന്തരം കത്തിടപാട് നടത്തുകയും കൂടിക്കാഴ്ച നടത്തുകയും ചെയ്തുവരികയാണ്. കേരളത്തിലെ ട്രെയിൻ യാത്രക്കാർ നേരിടുന്ന ഇത്തരം പ്രശ്നങ്ങളെല്ലാം റെയിൽവെ മന്ത്രാലയത്തിന്റെയും റെയിൽവേയുടെ ഉന്നത ഉദ്യോഗസ്ഥരുടെയും ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. തുടർന്നും ഈ കാര്യത്തിൽ ഇടപെടുന്നതാണ്.

സ്പോർട്സ് കൗൺസിലിന്റെ പ്രവർത്തനങ്ങൾ

30(*150) ശ്രീ. ടി. സിദ്ദിഖ്:
ശ്രീ. സജീവ് ജോസഫ്:
ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ) സദയം മറുപടി നൽകുമോ:

(എ) സ്പോർട്സ് കൗൺസിലിന്റെ പ്രവർത്തനങ്ങൾ എന്തൊക്കെയാണ്

എന്ന് വ്യക്തമാക്കാമോ?

2000-ലെ കേരള സ്പോർട്സ് ആക്ട് പ്രകാരം രൂപീകരിച്ച ഒരു സ്റ്റാറ്റ്യൂട്ടറി സ്ഥാപനമാണ് കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ. സംസ്ഥാനത്ത് സ്പോർട്സ് പ്രോൽസാഹിപ്പിക്കുന്നതിനും കായിക ക്ഷമത വർധിപ്പിക്കുന്നതിനും എല്ലാവർക്കും ആരോഗ്യം എന്ന ആശയം പ്രചരിപ്പിക്കുന്നതിനും സംസ്ഥാനതലത്തിലും ജില്ലാതലത്തിലും പഞ്ചായത്ത് തലത്തിലും സ്പോർട്സ് കൗൺസിലുകൾ രൂപീകരിക്കുന്നതിനും 2000-ലെ കേരള സ്പോർട്സ് ആക്ടിൽ സർക്കാർ വിഭാവനം ചെയ്തിരുന്നു. 2000-ലെ കേരള സ്പോർട്സ് ആക്ട് പ്രകാരം സംസ്ഥാന സ്പോർട്സ് കൗൺസിലും 14 ജില്ലാ സ്പോർട്സ് കൗൺസിലുകളും നിലവിൽ വരികയുണ്ടായി. നിലവിൽ തദ്ദേശസ്വയംഭരണ തലത്തിലുള്ള ഗ്രാമ പഞ്ചായത്തുകളിലും മുൻസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും സ്പോർട്സ് കൗൺസിലുകൾ രൂപികരിച്ചിട്ടുണ്ട്. 14 ജില്ലാ സ്പോർട്സ് കൗൺസിലുകളും കേരള സ്റ്റേറ്റ് സ്പോർട്സ് കൺസിലിന് കീഴിലാണ് പ്രവർത്തിക്കുന്നത്.

കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ പ്രധാന പ്രവർത്തനങ്ങൾ

ചുവടെ സൂചിപ്പിക്കുന്നു.

1) സംസ്ഥാന സ്പോർട്സ് അസോസിയേഷനുകൾക്ക് അംഗീകാരം നൽകുക.

2) സംസ്ഥാന സ്പോർട്സ് കൗൺസിൽ ഗ്രാന്റ്-ഇൻ-എയ്ഡ് നിയമപ്രകാരം, സംസ്ഥാന മത്സരങ്ങൾ സംഘടിപ്പിക്കുന്നതിനും ദേശീയ/മേഖല മത്സരങ്ങൾക്ക് മുന്നോടിയായി നടക്കുന്ന പരിശീലന ക്യാമ്പിനും മത്സരങ്ങളിൽ പങ്കെടുക്കുന്നതിനും മറ്റുമായി സംസ്ഥാന സ്പോർട്സ് അസോസിയേഷനുകൾക്ക് ഗ്രാന്റ് അനുവദിക്കുക.

3) കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന് കീഴിൽ സ്പോർട്സ് ഹോസ്റ്റലുകളിലേക്ക് മികച്ച കായിക താരങ്ങളെ തിരഞ്ഞെടുക്കുന്നതിലേക്ക് ജില്ലാ സ്പോർട്സ് കൗൺസിൽ മുഖേന ജില്ലാതല സെലക്ഷൻ നടത്തുകയും അതിൽനിന്നും തിരഞ്ഞെടുക്കുന്ന കായികതാരങ്ങളെ സോണൽ സെലക്ഷനിൽ പങ്കെടുപ്പിച്ച് ആയതിൽനിന്നും മികച്ച കായിക താരങ്ങളെ തിരഞ്ഞെടുത്ത് പരിശീലനം നൽകുക.

4) കൗൺസിലിന് കീഴിൽ പ്രവർത്തിക്കുന്ന വിവിധ കായിക

ഇനങ്ങളിൽ പ്രവർത്തിച്ചുവരുന്ന ഡേ ബോർഡിങ് സെന്ററുകൾ, സ്പോർട്സ് ടെയിനിങ് സെന്ററുകൾ എന്നിവയ്ക്ക് പരിശീലനത്തിന് ആവശ്യമായ തുകകൾ നൽകുക.

5) അവശത അനുഭവിക്കുന്ന മുൻകാല കായിക താരങ്ങളെ സഹായിക്കുന്ന പദ്ധതിപ്രകാരം അവശ കായികതാര പെൻഷൻ/ഫാമിലി പെൻഷൻ നൽകുക.

6) ദേശീയ മത്സരത്തിൽ പങ്കെടുത്ത് ഒന്ന്, രണ്ട്, മൂന്ന് സ്ഥാനങ്ങൾ നേടുന്ന സംസ്ഥാന കായികതാരങ്ങൾക്ക് (സബ് ജൂനിയർ, ജൂനിയർ, സീനിയർ വിഭാഗങ്ങൾക്ക്) ക്യാഷ് അവാർഡ് നൽകുക.

7) സംസ്ഥാന സർക്കാർ വർഷംതോറും നടപ്പിലാക്കുന്ന സ്പോർട്സ് ക്വാട്ടാ നിയമനത്തിനുള്ള അർഹരായ കായികതാരങ്ങളുടെ സർട്ടിഫിക്കറ്റ് പരിശോധിച്ച് നൽകുക.

8) ജി.വി. രാജ അവാർഡിന് പുറമെ ഒളിമ്പ്യൻ സുരേഷ് ബാബു മെമ്മോറിയൽ ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡ്, മികച്ച കായിക പരിശീലകൻ, മികച്ച കായികാധ്യാപകൻ (സ്കൂൾ, കോളേജ് തലം), മികച്ച

കായിക നേട്ടം കൈവരിച്ച കോളേജ്/സ്കൂൾ, മികച്ച സ്പോർട്സ് ഹോസ്റ്റൽ/സ്കൂൾ/ കോളേജ്, മാധ്യമ അവാർഡുകൾ എന്നിവ നൽകുക.

9) പബ്ലിക് സർവീസ് കമ്മീഷൻ നടത്തുന്ന പരീക്ഷകളിൽ റാങ്ക് ലിസ്റ്റിൽ ഇടം നേടാൻ സാധ്യതയുള്ള കായികതാരങ്ങളുടെ സർട്ടിഫിക്കറ്റുകൾ (കേരള സ്റ്റേറ്റ് സ്പോർട്സ് കൺസിൽ അംഗീകരിച്ച കായിക ഇനങ്ങളിൽ പി.എസ്.സി.-യിൽ നിന്നും ഗ്രേസ് മാർക്ക് ലഭിക്കുന്നതിന് അർഹതയുള്ളവ) കൗൺസിലിൽ നിന്നും കൗണ്ടർ സൈൻ ചെയ്ത് നൽകുക.

10) 2000-ലെ കേരള സ്പോർട്സ് ആക്ടിൽ പറഞ്ഞതിൻ പ്രകാരം മറ്റ് ചുമതലകളും കർത്തവ്യങ്ങളും നിർവഹിക്കുക.

(ബി) സ്പോർട്സ് കൗൺസിലിന്റെ കീഴിലുള്ള കോളേജ് സ്പോർട്സ് ഹോസ്റ്റലുകളിൽ ഫുഡ് അലവൻസ് ഇനത്തിൽ നൽകേണ്ട തുക കുടിശ്ശികയായതുമൂലം പ്രസ്തുത ഹോസ്റ്റലുകളുടെ പ്രവർത്തനം പ്രതിസന്ധിയിലായ സാഹചര്യം ഗൗരവത്തോടെ കാണുന്നുണ്ടോ; ഇത് അടിയന്തരമായി പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

ഉണ്ട്. പ്രസ്തുത വിഷയം അടിയന്തരമായി പരിഹരിക്കുന്നതിന് നടപടി

സ്വീകരിച്ചുവരുന്നു.

2024-25 സാമ്പത്തിക വർഷത്തിൽ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ ഹോസ്റ്റലിൽ താമസിക്കുന്ന കുട്ടികളുടെ Boarding and Lodging ചെലവുകൾക്കായി ചുവടെ നൽകിയ പട്ടിക പ്രകാരം തുക അനുവദിച്ചിട്ടുണ്ട്.

നം.	സ്കീം ഭരണാനുമതി നൽകിയത്	അനുവദിച്ച തുക
1	Boarding and Lodging 15,00,00,000/	12,09,09,708/-

(സി) സ്പോർട്സ് കൗൺസിലിന്റെ പ്രവർത്തനം കാര്യക്ഷമമാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

കേരളത്തിന്റെ കായിക മേഖലയുടെ ഉന്നമനത്തിനായി സ്പോർട്സ് കൗൺസിലിന്റെയും സ്പോർട്സ് ഡയറക്ടറേറ്റിന്റെയും മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും കീഴിൽ പുതിയ കായിക മൈതാനങ്ങൾ നിർമ്മിക്കുന്നതിനും നിലവിലുള്ളതിന്റെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതോടൊപ്പം ഗ്രാമീണ മേഖലയിൽനിന്ന് കായിക

പ്രതിഭകളെ കണ്ടെത്തി അടിസ്ഥാന പരിശീലനം നൽകി മികച്ച കായിക താരങ്ങളാക്കി മാറ്റുന്നതിനും തിരഞ്ഞെടുക്കപ്പെടുന്നവരെ മികച്ച കായിക പരിശീലന സൗകര്യമുള്ള സ്പോർട്സ് കൗൺസിലിന്റെ കീഴിലുള്ള വിവിധ സ്കൂൾ/കോളേജ് സ്പോർട്സ് അക്കാദമികളിൽ എത്തിച്ച് ആധുനിക രീതിയിലുള്ള പരിശീലനം നൽകുന്നതിനും പദ്ധതികൾ ആവിഷ്കരിച്ചുവരുന്നു. കായിക താരങ്ങൾക്ക് അന്തർദേശീയ നിലവാരത്തിലുള്ള മത്സരങ്ങളിൽ പങ്കെടുക്കുന്നതിനും ഉയർന്ന പ്രകടന മികവ് കൈവരിക്കുന്നതിനുംവേണ്ടി ഉയർന്ന നിലവാരത്തിലുള്ള പരിശീലനം നൽകുന്നതിന് എലൈറ്റ് സ്കീം കൂടുതൽ വിപുലീകരിക്കുന്നതിന് ഉദ്ദേശിക്കുന്നു.

സ്പോർട്സ് ക്വാട്ടയിൽ നിയമനം ലഭിച്ച കായിക താരങ്ങളുടെ സേവനം സ്പോർട്സ് കൗൺസിലും ജില്ലാ സ്പോർട്സ് കൗൺസിലുകളും മുഖാന്തരം കായിക മേഖലയ്ക്ക് പ്രയോജനകരമാകുംവിധം പരിശീലന രംഗത്തും ഭരണപരമായ വിഷയങ്ങളിലും ഉപയോഗപ്പെടുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

ദേശീയ/അന്തർദേശീയ മത്സരങ്ങളിൽ മികവ് തെളിയിച്ചിട്ടുള്ള കായിക താരങ്ങൾക്ക് ജോലി സാധ്യത ഉറപ്പ് വരുത്തുന്നതിനും സാമ്പത്തിക

സഹായം അനുവദിക്കുന്നതിനുമായി നടപടി സ്വീകരിച്ചുവരുന്നു.

കേരളത്തിലുള്ള യൂണിവേഴ്സിറ്റികളുടെ നിയന്ത്രണത്തിൽ വരുന്ന എല്ലാ കോളേജുകളെയും ഉൾപ്പെടുത്തിക്കൊണ്ട് സജീവമായ എല്ലാ കായികയിനങ്ങളിലും കോളേജ് ലീഗ് മത്സരം സംഘടിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. അതിലേക്കായി എല്ലാ കോളേജുകളിലും കോളേജ് സ്പോർട്സ് കൗൺസിൽ (സ്പോർട്സ് ക്ലബ് മോഡൽ) രൂപീകരിച്ച് പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ നടപടി സ്വീകരിച്ചുവരുന്നു.

സംസ്ഥാനത്ത് നടക്കുന്ന ജില്ലാതല, സംസ്ഥാനതല മത്സരങ്ങൾക്ക് നൽകുന്ന സർട്ടിഫിക്കറ്റുകളുടെ ആധികാരികതയും സുതാര്യതയും ഉറപ്പ് വരുത്തുന്നതിന് ഇ-സർട്ടിഫിക്കറ്റുകൾ നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

ഭൂമി സ്വഭാവ വ്യതിയാന അപേക്ഷകൾക്കുള്ള സോഫ്റ്റ്വെയർ

1(1574) ശ്രീ. പി. നന്ദകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരം ഭൂമി സ്വഭാവ വ്യതിയാനം വരുത്തുന്നതിനുള്ള അപേക്ഷകൾ വേഗത്തിൽ തീർപ്പ് കൽപ്പിക്കുന്നുവെന്ന് ഉറപ്പ് വരുത്തുന്നതിനായി അപേക്ഷകൾ കെട്ടിക്കിടക്കുന്നത് ഏത് അധികാര സ്ഥാനത്താണ്/യൂസറിനടുത്താണ് എന്ന് വിലയിരുത്തുന്നതിനും അപേക്ഷകൾ അകാരണമായിവച്ച് താമസിപ്പിക്കുന്ന ഉദ്യോഗസ്ഥരെ കണ്ടെത്തി തിരുത്തൽ നടപടി സ്വീകരിക്കുന്നതിനും സോഫ്റ്റ്വെയറിൽ സംവിധാനം ഒരുക്കാമോ; വ്യക്തമാക്കുമോ?

ഭൂമി തരംമാറ്റവുമായി ബന്ധപ്പെട്ട് ലഭിച്ചിട്ടുള്ള അപേക്ഷകൾ തീർപ്പാക്കാതെ ശേഷിക്കുന്നത് ഏത് അധികാരസ്ഥാനത്താണെന്ന് കണ്ടെത്തുന്നതിന് റവന്യൂ വകുപ്പിന്റെ സോഫ്റ്റ്വെയറിൽ നിലവിൽ സംവിധാനം ലഭ്യമാണ്.

(ബി) തീർപ്പാക്കിയ പ്രസ്തുത അപേക്ഷകളുടെ സ്ഥിതിവിവരക്കണക്ക് പൊതുജനങ്ങൾക്ക് ലഭ്യമാക്കാൻ സോഫ്റ്റ്വെയറിൽ ആവശ്യമായ ഭേദഗതി വരുത്താൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

തീർപ്പാക്കിയ അപേക്ഷകളുടെ സ്ഥിതിവിവരക്കണക്ക് പൊതുജനങ്ങൾക്കുകൂടി ലഭ്യമാക്കുന്നതിനായി നയപരമായ തീരുമാനം ആവശ്യമാണ്. നിലവിൽ അപേക്ഷകളുടെ വിവരങ്ങൾ അപേക്ഷകന് ലഭ്യമാകത്തക്കവിധത്തിൽ സോഫ്റ്റ്വെയറിൽ ക്രമീകരണങ്ങൾ വരുത്തിയിട്ടുണ്ട്. അപേക്ഷാ സമർപ്പണത്തിന്റെ/നടപടികളുടെ ഓരോ ഘട്ടത്തിലും അപേക്ഷയിൽ നൽകിയിട്ടുള്ള ഫോൺ നമ്പറിലേക്ക് സന്ദേശം ലഭിക്കുന്നതാണ്.

സംസ്ഥാനത്തെ ആഭ്യന്തര പച്ചക്കറി ഉൽപാദനം

2(1575) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരമേറ്റപ്പോൾ സംസ്ഥാനത്തെ ആഭ്യന്തര പച്ചക്കറി ഉൽപാദനം എത്ര മെട്രിക് ടൺ ആയിരുന്നുവെന്നും ഇപ്പോൾ എത്രയെന്നും വിശദമാക്കുമോ?

നിലവിലെ സർക്കാർ അധികാരമേറ്റ 2020-21 വർഷത്തിൽ സംസ്ഥാനത്തെ ആഭ്യന്തര പച്ചക്കറി ഉൽപാദനം 15.7 ലക്ഷം മെട്രിക് ടൺ ആയിരുന്നു. ആയത് 2023-24 വർഷത്തിൽ 17.21 ലക്ഷം മെട്രിക് ടൺ ആയി

വർധിപ്പിക്കാൻ സാധിച്ചു.

(ബി) നിലവിലെ ആവശ്യകതയുടെ എത്ര ശതമാനം പച്ചക്കറിയാണ് സംസ്ഥാനത്ത് ഉൽപാദിപ്പിക്കുന്നത്; വ്യക്തമാക്കാമോ?

നാഷണൽ സാമ്പിൾ സർവെ കണക്കുകൾ പ്രകാരം സംസ്ഥാനത്ത് പ്രതിവർഷം 20 ലക്ഷം മെട്രിക് ടൺ പച്ചക്കറികളാണ് ആവശ്യമായി വരുന്നത്. നിലവിൽ 17.21 ലക്ഷം മെട്രിക് ടൺ പച്ചക്കറികളാണ് സംസ്ഥാനത്ത് ഉൽപാദിപ്പിക്കുന്നത്.

(സി) പച്ചക്കറി ഉൽപാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കാൻ നിലവിലെ സർക്കാർ നടപ്പാക്കിവരുന്ന നൂതന പദ്ധതികൾ എന്തെല്ലാമാണെന്നും ആയത് എന്നത്തേക്ക് പ്രാവർത്തികമാക്കാൻ കഴിയുമെന്നാണ് കരുതുന്നതെന്നും വ്യക്തമാക്കുമോ?

പച്ചക്കറി ഉൽപാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കൽ ലക്ഷ്യമിട്ട് നടപ്പിലാക്കുന്ന നൂതന പദ്ധതിയാണ് സമഗ്ര പച്ചക്കറി ഉൽപാദന യജ്ഞം. വിവിധ വകുപ്പുകളുടെ ഏകോപനത്തോടെയും ജനകീയ പങ്കാളിത്തത്തോടെയും ആസൂത്രണം ചെയ്യുന്ന പദ്ധതിയാണിത്.

2028-29-ൽ ലക്ഷ്യപ്രാപ്തിയിൽ എത്തത്തക്കവിധം ആസൂത്രണം ചെയ്തിരിക്കുന്ന പദ്ധതിയിൽ നവീന കാർഷിക മുറകൾ, വാണിജ്യ പച്ചക്കറി, ആസൂത്രിത കൃഷി എന്നിവയ്ക്ക് പ്രാധാന്യം നൽകിയുള്ള കൃഷി രീതിയാണ് അവലംബിക്കുന്നത്. കർഷകർ, കൃഷിക്കൂട്ടങ്ങൾ, കർഷകഗ്രൂപ്പുകൾ, വിദ്യാർഥികൾ, യുവജന സംഘടനകൾ തുടങ്ങിയവരെ ഉൾപ്പെടുത്തി വാർഡ് അടിസ്ഥാനത്തിൽ മുൻകൂട്ടി തയ്യാറാക്കുന്ന ഉൽപാദന വിപണന പ്ലാനിന്റെ അടിസ്ഥാനത്തിൽ തദ്ദേശഭരണ സ്ഥാപനതല പദ്ധതി രൂപീകരിച്ചാണ് പദ്ധതി നടപ്പാക്കുക. ആരോഗ്യ സംരക്ഷണത്തിന് ഊന്നൽ നൽകി കാർഷിക മേഖലയെ കൂടുതൽ ഫലപ്രദമാക്കുന്നതിനായി "പോഷക സമൃദ്ധി മിഷൻ" സുരക്ഷിത പച്ചക്കറി വിഭവങ്ങൾ ജനങ്ങളിൽ എത്തിക്കാനുള്ള 'ജൈവ കാർഷിക മിഷൻ' തുടങ്ങിയവയും പച്ചക്കറി ഉൽപാദനത്തിൽ സ്വയംപര്യാപ്തതയിലെത്തുന്നതിനുള്ള ശ്രമത്തിന് ഊർജം നൽകും.

ക്വാളിറ്റി കൺട്രോൾ എൻഫോഴ്സ്മെന്റ് പദ്ധതി

3(1576) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ:
ശ്രീമതി ശാന്തകുമാരി കെ. :
ശ്രീ. പി. പി. ചിത്തരഞ്ജൻ :

ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്വാളിറ്റി കൺട്രോൾ എൻഫോഴ്സ്മെന്റ് പദ്ധതിയിലൂടെ എന്തൊക്കെ കാര്യങ്ങൾ നടപ്പിലാക്കാനാണ് ലക്ഷ്യമിടുന്നത്; വിശദാംശം ലഭ്യമാക്കുമോ?

Enforcement and compliance of statutory regulations എന്ന വാർഷിക പദ്ധതിയിൻ കീഴിൽ വിത്ത്, വളം, കീടനാശിനി എന്നിവയുടെ ഗുണമേന്മ ഉറപ്പാക്കുകയാണ് ലക്ഷ്യം. വളം, വിത്ത്, കീടനാശിനി ഇൻസ്പെക്ടർമാർ ഉൽപാദനോപാധികളുടെ ഉൽപാദന വില്പന യൂണിറ്റുകൾ സന്ദർശിച്ച് സാമ്പിളുകൾ ശേഖരിച്ച് ഗുണമേന്മ പരിശോധന ലബോറട്ടറികളിൽ അയച്ച് ഗുണമേന്മ ഉറപ്പുവരുത്തുകയും ഗുണനിലവാരം കുറഞ്ഞവയുടെ വില്പന തടയുകയും ചെയ്യുന്നു. ഗുണനിലവാരം കുറഞ്ഞ വിത്തുകളാണെന്ന് കണ്ടാൽ വിത്തുകൾ ഉൽപാദിപ്പിക്കാൻ ലൈസൻസ് നൽകാറില്ല. ഗുണമേന്മ ഇല്ലാത്ത വളം കീടനാശിനി ഉത്പാദകർക്ക് മുന്നറിയിപ്പ് നൽകുകയും തുടർന്നും ഇത്തരം പ്രവൃത്തികളിലേർപ്പെടുന്ന സ്ഥാപനങ്ങളുടെ അനുമതി സസ്പെൻഡ് ചെയ്യുകയോ റദ്ദാക്കുകയോ ചെയ്യുന്നു.

(ബി) ജൈവ കീടനാശിനികളുടെയും ജൈവവളങ്ങളുടെയും ഉപയോഗം വർധിപ്പിക്കുന്നതിനും സംയോജിത രോഗ-കീട നിയന്ത്രണ നടപടികൾ പ്രോത്സാഹിപ്പിക്കുന്നതിനും എന്തെല്ലാം പ്രവർത്തനങ്ങളാണ് നടന്നുവരുന്നത്; ഇതിനായി പ്രത്യേക കാമ്പയിനുകൾ നടത്തിവരുന്നുണ്ടോ; വ്യക്തമാക്കുമോ?

ജൈവകീടനാശിനികളുടെയും ജൈവ വളങ്ങളുടെയും ഉപയോഗം വർധിപ്പിക്കുന്നതിനും സംയോജിത രോഗകീട നിയന്ത്രണ നടപടികൾ പ്രോത്സാഹിപ്പിക്കുന്നതിനും വിവിധ വിള പരിപാലന പദ്ധതികൾ, ആത്മ, ജൈവ കാർഷിക മിഷൻ, ഭാരതീയ പ്രകൃതിക് കൃഷി പദ്ധതി എന്നിവ നടപ്പിലാക്കിവരുന്നു. ഈ പദ്ധതികളുടെ ഭാഗമായി ക്ലസ്റ്റർ അടിസ്ഥാനത്തിൽ ജൈവ ഉൽപാദനോപാധികളുടെ നിർമ്മാണം പ്രോത്സാഹിപ്പിക്കുന്നതിനായി പരിശീലനവും കാമ്പയിനുകളും പ്രോജക്ട് അടിസ്ഥാനത്തിൽ ഓൺ ഫാം പ്രൊഡക്ഷൻ ഓഫ് ബയോ ഇൻപുട്ട്സ് എന്നിവയും നടപ്പിലാക്കിവരുന്നു.

(സി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി മറ്റെന്തെല്ലാം പ്രവർത്തനങ്ങളാണ്

നടന്നുവരുന്നത്; വിശദമാക്കുമോ?

Enforcement and compliance of statutory regulations എന്ന പദ്ധതിയിൻ കീഴിൽ ഉൽപാദനോപാധികളുടെ ഗുണമേന്മ ഉറപ്പുവരുത്തുന്നത് കൂടാതെ ഗുണനിലവാര നിയന്ത്രണ നടപടികൾ, സാമ്പിൾ ശേഖരണ നടപടികൾ തുടങ്ങിയ വിവിധ വിഷയങ്ങളെക്കുറിച്ച് നിർവഹണ ഉദ്യോഗസ്ഥർക്ക് പരിശീലനങ്ങൾ നൽകുന്നു. ഉത്പാദകർക്കും ഡീലർമാർക്കും ഗുണനിലവാരമുള്ള ഉൽപാദനോപാധികൾ ഉൽപാദിപ്പിക്കുന്നതിന്റെയും വിൽക്കുന്നതിന്റെയും ആവശ്യകതയെക്കുറിച്ച് ബോധവൽക്കരണ ക്ലാസ്സുകളും നൽകുന്നു.

(ഡി) സംസ്ഥാനത്തെ കാർഷിക മേഖലയിൽ ഈ പദ്ധതി എന്തെല്ലാം മാറ്റങ്ങൾക്ക് ഇടയാക്കുമെന്ന് അറിയിക്കാമോ?

കർഷകർക്ക് വിതരണം ചെയ്യുന്ന ഉൽപാദനോപാധികളുടെ ഗുണ നിലവാരം ഉറപ്പുവരുത്താൻ ഈ നടപടികൾമൂലം സാധ്യമാകുന്നു. സബ്സിഡി വളങ്ങൾ വ്യാവസായിക ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതുൾപ്പെടെയുള്ള അനധികൃത വ്യാപാരം തടയുന്നതിനും

കാർഷിക ആവശ്യത്തിനായി കർഷകർക്ക് ഇവയുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനും എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളിലൂടെ സാധിക്കുന്നു.

കാർഷിക കടാശ്വാസ കമ്മീഷൻ അംഗീകരിച്ച ക്ലെയിമുകൾ

4(1577) ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക കടാശ്വാസ കമ്മീഷൻ അംഗീകരിച്ച എത്ര രൂപയുടെ ക്ലെയിമുകൾ നിലവിൽ വിതരണം ചെയ്യാനുണ്ടെന്ന് അറിയിക്കുമോ?

നിലവിൽ കാർഷിക കടാശ്വാസ കമ്മീഷൻ സർക്കാരിലേക്ക് ശിപാർശ ചെയ്ത് അയച്ച 274.11 കോടി രൂപയുടെ ക്ലെയിമുകളിൽ സഹകരണസംഘം രജിസ്ട്രാർ പരിശോധനയ്ക്കുശേഷം ലഭ്യമാക്കിയ 188.01 കോടി രൂപ വിതരണം ചെയ്യാനുണ്ട്.

(ബി) ഏത് കാലയളവ് മുതലുള്ള ക്ലെയിമുകളാണ് വിതരണം ചെയ്യാനുള്ളതെന്ന് വ്യക്തമാക്കുമോ?

ഈ സർക്കാർ അധികാരമേറ്റശേഷം ഇതുവരെ 84.57 കോടി രൂപ ഈയിനത്തിൽ അനുവദിച്ചിട്ടുണ്ട്. 2021 മുതലുള്ള ക്ലെയിമുകളാണ് ഇനി

വിതരണം ചെയ്യാനുള്ളത്.

(സി) നിലവിൽ ഏതുവർഷം വരെയുള്ള ക്ലെയിമുകളാണ് സ്വീകരിച്ചതെന്നും പ്രസ്തുത ക്ലെയിമുകളിൽ എത്രയെണ്ണത്തിന് തുക നൽകാനുണ്ടെന്നും വ്യക്തമാക്കുമോ?

ഇടുക്കി, വയനാട് ജില്ലകളുടെ 30-08-2020 വരെയുള്ള ക്ലെയിമുകളും മറ്റ് ജില്ലകളുടെ 31-03-2016 വരെയുള്ള ക്ലെയിമുകളുമാണ് സ്വീകരിച്ചിട്ടുള്ളത്. കടാശ്വാസ കമ്മീഷൻ സർക്കാരിലേക്ക് ശിപാർശ ചെയ്ത 36635 ക്ലെയിമുകൾക്ക് തുക വിതരണം ചെയ്യാനുണ്ട്.

കൃഷിയുടെ ഉൽപാദനക്ഷമത വർദ്ധിപ്പിക്കുവാൻ നടപടി

5 (1578) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ:
ശ്രീ. കെ. ബാബു (നെന്മാറ):
ശ്രീ. എച്ച്. സലാം:
ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ കൃഷിയുടെ ഉൽപാദന ക്ഷമത ഉയർത്തുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; വിശദമാക്കുമോ?

സംസ്ഥാനത്ത് കൃഷിയുടെ ഉൽപാദനക്ഷമത ഉയർത്തുന്നതിനായി

കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് വിവിധ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു.

കാർഷിക വിളകളുടെ ഉൽപാദനം വർധിപ്പിക്കുന്നതിനും ആയതിലൂടെ കർഷകരുടെ വരുമാനം മെച്ചപ്പെടുത്തുന്നതിനുമായി 2022-23 സാമ്പത്തിക വർഷം തൊട്ട് നടപ്പാക്കുന്ന പദ്ധതികളാണ് കൃഷിയിടാസൂത്രണാധിഷ്ഠിത വികസന സമീപനത്തിൽ ഉൾപ്പെട്ട പദ്ധതികൾ. കർഷകരുടെ വരുമാനം, സുസ്ഥിരത, ഭക്ഷ്യസുരക്ഷ, പാരിസ്ഥിതിക സ്ഥിരത എന്നിവ മെച്ചപ്പെടുത്തുന്നതിന് ഇപ്പോൾ പിന്തുടരുന്ന വിള-കേന്ദ്രീകൃത സമീപനത്തിന്റെ അപര്യാപ്തത കണക്കിലെടുത്തുകൊണ്ട് ലഭ്യമായ വിഭവങ്ങൾ സുസ്ഥിരമായ രീതിയിൽ കാര്യക്ഷമമായും വിവേചനപരവുമായി ഉപയോഗിക്കുന്നതിനും കർഷകർക്ക് ഉറപ്പായ വരുമാനം ലഭിക്കുന്നതിനുമായി വിള അടിസ്ഥാനമാക്കിയുള്ള വികസനത്തിൽനിന്നും കൃഷിയിടാധിഷ്ഠിത (ഫാം പ്ലാൻ) വികസന സമീപനത്തിലുള്ള പദ്ധതികൾ നടപ്പിലാക്കിവരുന്നു. കൃഷി വകുപ്പിനോടൊപ്പം കേരള കാർഷിക സർവകലാശാല, കേരള സാങ്കേതിക സർവകലാശാല എന്നീ സ്ഥാപനങ്ങളും പദ്ധതിക്കുവേണ്ട

സാങ്കേതിക പിന്തുണ നൽകുന്നു.

വിള വിസ്തൃതി വർധനവും വികസനവും ലക്ഷ്യമിട്ട് നെല്ല്, പച്ചക്കറി, നാളികേരം, സുഗന്ധവ്യഞ്ജനങ്ങൾ, ഫലവർഗ്ഗങ്ങൾ, പുഷ്പകൃഷി, ഔഷധ സസ്യങ്ങൾ, ചെറുധാന്യങ്ങൾ എന്നിവയ്ക്ക് പ്രോത്സാഹനം നൽകിവരുന്നു.

തെങ്ങിന്റെ ഉൽപാദനവും ഉൽപാദനക്ഷമതയും വർധിപ്പിക്കുന്നതിനായി ശാസ്ത്രീയ വിളപരിപാലന മാർഗങ്ങളും കീടരോഗ നിയന്ത്രണ മാർഗങ്ങളും നടപ്പിലാക്കുന്ന 'കേര രക്ഷാ വാരം' പദ്ധതി നിലവിൽ നടപ്പിലാക്കിവരുന്നു. ബഹുവിള കൃഷി, ഇടവിള കൃഷി, വിള പരിക്രമണം (crop rotation) എന്നിവയിലൂടെ വിള വൈവിധ്യവൽക്കരണം പ്രോത്സാഹിപ്പിക്കുകയും അതുവഴി ഉൽപാദനക്ഷമത വർധിപ്പിക്കുകയും ചെയ്യുകയെന്ന ലക്ഷ്യത്തോടെ 'വിള വൈവിധ്യവൽക്കരണം, വിളതീവ്രത' എന്നീ പദ്ധതികൾ നടപ്പിലാക്കുന്നു.

കാർഷിക രംഗത്തെ തൊഴിലാളി ക്ഷാമം പരിഹരിക്കുന്നതിനായി കാർഷിക യന്ത്രവൽക്കരണ മേഖലയിൽ കസ്റ്റം ഹയറിങ് സെന്ററുകൾ, അഗ്രോ സർവീസ് സെന്ററുകൾ, കാർഷിക കർമ്മസേനകൾ, കാർഷിക

മേഖലയിൽ ഏകജാലക സംവിധാനങ്ങളായ കൃഷിശ്രീ സെന്ററുകൾ എന്നിവ സ്ഥാപിച്ചിട്ടുണ്ട്. കാർഷിക മേഖലയിൽ യന്ത്രോപകരണങ്ങളുടെ ഉപയോഗം വ്യാപിപ്പിക്കുക, കാർഷിക മേഖലയ്ക്ക് ആവശ്യമായ സഹായങ്ങളും സേവനങ്ങളും മിതമായ നിരക്കിൽ കർഷകർക്ക് നൽകുക, തൊഴിലാളി ക്ഷാമമൂലം തരിശായികിടക്കുന്ന കൃഷിയിടങ്ങൾ കൃഷി യോഗ്യമാക്കുക, കാർഷിക മേഖലയിലെ ഉൽപാദനം, വിതരണം എന്നീ മേഖലകളിൽ ഇടപെടുക തുടങ്ങിയവയും ഈ പദ്ധതിയുടെ പ്രധാന പ്രവർത്തനങ്ങളിൽ ഉൾപ്പെടുന്നു. കൂടാതെ കേന്ദ്രാവിഷ്കൃത പദ്ധതിയായ **SMAM പദ്ധതി**യിലൂടെ കർഷകർക്കും ഗ്രൂപ്പുകൾക്കും ആവശ്യമായ യന്ത്രങ്ങൾ സബ്സിഡി നിരക്കിൽ ലഭ്യമാക്കുന്നു.

ജൈവകൃഷി വികസനം, കുട്ടനാട് മേഖലയിലെ കാർഷിക വികസനത്തിനുള്ള പദ്ധതി, വിപണി വികസനം, കാർഷികോൽപന്നങ്ങളുടെ മൂല്യവർധനവിനായുള്ള പദ്ധതി, പഴം പച്ചക്കറികളുടെ വില സ്ഥിരത ഉറപ്പുവരുത്തുന്നതിനുള്ള കേരളം ഫാം ഫ്രഷ് പഴം പച്ചക്കറി അടിസ്ഥാനവില പദ്ധതി, നെല്ല് സംഭരണം, പച്ചത്തേങ്ങ സംഭരണം, റബ്ബർ പ്രൊഡക്ഷൻ

ഇൻസെന്റീവ് സ്കീം, എന്നിവയും നടപ്പിലാക്കിവരുന്നു.

(ബി) നെല്ല്, നാളികേരം, പച്ചക്കറി എന്നിവയുടെ ഉൽപാദനക്ഷമത വർധിപ്പിക്കാൻ ഇക്കാലയളവിൽ കഴിഞ്ഞിട്ടുണ്ടോ; എങ്കിൽ ഇതിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്; വിശദാംശം വ്യക്തമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രധാന കാർഷികോല്പന്നങ്ങളായ നെല്ല്, നാളികേരം എന്നിവയുടെ ഉൽപാദനക്ഷമതയിൽ വർധനവ് രേഖപ്പെടുത്തിയിട്ടുണ്ട്. സാമ്പത്തിക, സ്ഥിതിവിവരക്കണക്ക് വകുപ്പിൽനിന്ന് ലഭിച്ച കണക്കുകൾ ചുവടെ പട്ടികയിൽ ചേർക്കുന്നു.

വിള	2021-22 ഉൽപാദന ക്ഷമത (കി.ഗ്രാം/ഹെക്ടർ)	2022-23 ഉൽപാദന ക്ഷമത (കി.ഗ്രാം/ഹെക്ടർ)
നെല്ല് (അരി)	2884	3117
തേങ്ങ (എണ്ണം/ഹെക്ടർ)	7231	7419

സംസ്ഥാനത്തെ പച്ചക്കറി ഉൽപാദനത്തിൽ സ്വയംപര്യാപ്തത

കൈവരിക്കുന്നതിനും കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും ലക്ഷ്യമിട്ട് നടപ്പിലാക്കിവരുന്ന പദ്ധതിയാണ് “പച്ചക്കറി വികസന പദ്ധതി”. കേരളത്തിൽ പച്ചക്കറി ഉൽപാദനം 2021-22-ൽ 16.01 ലക്ഷം മെട്രിക് ടൺ ആയിരുന്നു. ഇത് 2023-24-ൽ 17.21 മെട്രിക് ടൺ ആയി വർധിപ്പിക്കാൻ സാധിച്ചു.

കേരളത്തിലെ പ്രധാന വിളകളായ നെല്ല്, നാളികേരം, പച്ചക്കറികൾ എന്നിവയുടെ ഉൽപാദനവും ഉൽപാദനക്ഷമതയും വർധിപ്പിക്കാനും ഈ വിളകൾ കൃഷി ചെയ്യുന്ന കർഷകർക്ക് മെച്ചപ്പെട്ട വരുമാനം ഉറപ്പുവരുത്താനും സംസ്ഥാന കൃഷി വകുപ്പ് നെൽകൃഷി വികസനം, പച്ചക്കറി വികസനം, നാളികേര വികസനം എന്നീ പ്രധാനപ്പെട്ട പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു.

തരിശുനിലകൃഷി എന്ന പരിപാടിയിലൂടെ വിസ്തൃതി വിപുലീകരണ പ്രവർത്തനങ്ങൾ, സുസ്ഥിര നെൽകൃഷി വികസനത്തിനായി ഉൽപാദനോപാധികൾക്കുള്ള സഹായം, കൂട്ടുകൃഷി പ്രവർത്തനങ്ങൾക്കുള്ള പിന്തുണ, നെൽവയൽ ഉടമകൾക്ക് റോയൽറ്റി, ഡ്രോണുകളുടെ

ഉപയോഗത്തിലൂടെ സൂക്ഷ്മമൂലകങ്ങളുടെ പത്രപോഷണം, നെൽ കൃഷിക്ക് ആവശ്യമായ അടിസ്ഥാന സൗകര്യ വികസനത്തിനുള്ള സഹായം, എന്നിവയാണ് നെൽകൃഷി വികസന പദ്ധതിയിലൂടെ നടപ്പിലാക്കുന്നത്. സവിശേഷ നെല്ലിനങ്ങളുടെ കൃഷിയും പ്രോത്സാഹിപ്പിക്കുന്നു. രജിസ്റ്റേർഡ് സീഡ് ഗ്രോവേഴ്സ് പ്രോഗ്രാമിലൂടെ നെൽ വിത്തുല്പാദനം നടപ്പിലാക്കുന്നു. ഇതിലൂടെ സംസ്ഥാനത്ത് കർഷകർക്ക് ഗുണമേന്മയുള്ള നെൽ വിത്ത് കേരള സംസ്ഥാന വിത്ത് വികസന അതോറിറ്റി മുഖാന്തരം ലഭ്യമാക്കുന്നു.

പച്ചക്കറി ഉൽപാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുക, സുരക്ഷിത പച്ചക്കറി ഉൽപാദനം പ്രോത്സാഹിപ്പിക്കുക എന്നീ ലക്ഷ്യങ്ങളോടുകൂടിയാണ് സംസ്ഥാനത്ത് പച്ചക്കറി വികസന പദ്ധതി നടപ്പിലാക്കുന്നത്. കൃഷി വകുപ്പ്, വി.എഫ്.പി.സി.കെ., ഹോർട്ടികോർപ്പ്, സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ, പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, കേരള കാർഷിക സർവകലാശാല, കർഷക ഉൽപാദക സംഘടനകൾ (എഫ്.പി.ഒ.) തുടങ്ങിയ ഏജൻസികളെ ഉൾപ്പെടുത്തിയാണ് പച്ചക്കറി വികസന പദ്ധതി നടപ്പിലാക്കുന്നത്. വീട്ടുവളപ്പിലെ പച്ചക്കറി

കൃഷി, സ്ഥാപനങ്ങളിലെ പച്ചക്കറി കൃഷി, ക്ലസ്റ്ററുകളിലൂടെ വാണിജ്യാടിസ്ഥാനത്തിലുള്ള പച്ചക്കറി കൃഷി, പോഷകത്തോട്ടങ്ങൾ സ്ഥാപിക്കൽ, പച്ചക്കറി കൃഷിക്കുള്ള അടിസ്ഥാന സൗകര്യ വികസനം – മഴമറ, ജലസേചനം മുതലായവ, വി.എഫ്.പി.സി.കെ. മുഖേന നടപ്പിലാക്കുന്ന പച്ചക്കറി വികസന പരിപാടികൾക്കുള്ള പിന്തുണ, പച്ചക്കറികളിലെ കീടനാശിനി അവശിഷ്ട നിർണ്ണയം എന്നിവയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുന്ന പ്രധാന ഘടകങ്ങൾ.

ഉയർന്ന ഉൽപാദനക്ഷമതയുള്ള ഇനങ്ങൾ നട്ടുപിടിപ്പിക്കുന്നതിലൂടെയും മെച്ചപ്പെട്ട പരിപാലന രീതികൾ നടപ്പിലാക്കുന്നതിലൂടെയും നാളികേരത്തിന്റെ ഉൽപാദനവും ഉൽപാദനക്ഷമതയും വർധിപ്പിക്കുക എന്നതാണ് നാളികേര വികസന പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. നിലവിലുള്ളതും പുതിയതുമായ തെങ്ങുകൾക്ക് ശാസ്ത്രീയ പരിപാലന മാർഗങ്ങൾ സമയബന്ധിതമായി നടപ്പിലാക്കുക, മണ്ണ് പരിശോധന അടിസ്ഥാനമാക്കിയുള്ള വളപ്രയോഗം, ജലസേചനം, രോഗകീട പരിപാലനം, തെങ്ങിൻതോട്ടങ്ങളിൽ ബഹുവിള കൃഷി സമ്പ്രദായം തുടങ്ങിയ

പ്രവർത്തനങ്ങൾ ഉൾപ്പെടുന്നു.

സമഗ്രമായ നാളികേര പുനരുജ്ജീവനവും നടീൽ പരിപാടി – നാളികേര മിഷൻ പരിപാടിയിലൂടെ കേരളത്തിലെ തെങ്ങുകളുടെ പുനരുദ്ധാരണവും പുനരുജ്ജീവനവും, കേരരക്ഷാവാരം, കേരഗ്രാമം പ്രവർത്തനങ്ങൾ, വിത്തുതേങ്ങാ സംഭരണം, തെങ്ങിൻ തൈ ഉൽപാദനം എന്നീ ഘടകങ്ങളാണ് നടപ്പിലാക്കുന്നത്. കേരരക്ഷാ വാരത്തിന്റെ ഭാഗമായി സംസ്ഥാനത്തുടനീളമുള്ള ആരോഗ്യകരവും ഉൽപാദനക്ഷമതയുള്ളതുമായ എല്ലാ തെങ്ങുകളിലും സംയോജിത വളപ്രയോഗം, കീട, രോഗ പരിപാലന പ്രവർത്തനങ്ങൾ എന്നിവ കാമ്പയിൻ അടിസ്ഥാനത്തിൽ നടത്തുന്നു.

മേൽപ്പറഞ്ഞവ കൂടാതെ, കൃഷിയിടാസൂത്രണാധിഷ്ഠിത ഉൽപാദന പരിപാടികൾ-ഉൽപാദന പൂർവ പിന്തുണ, കുട്ടനാട് മേഖലയിലെ കാർഷിക വികസനത്തിനുള്ള പദ്ധതി, ഗുണമേന്മയുള്ള നടീൽ വസ്തുക്കളുടെ ഉൽപാദനവും വിതരണവും, മണ്ണിന്റെയും വിളകളുടെയും ആരോഗ്യ പരിപാലനവും ഉൽപാദനക്ഷമത ഉയർത്തലും, വിള ആരോഗ്യ പരിപാലനം, ഫാം യന്ത്രവൽക്കരണത്തിനുള്ള സഹായം, മണ്ണ് പരിശോധന, വളങ്ങളുടെ

പരിശോധന, കീടനാശിനി പരിശോധന, ഉൽപാദനോപാധികളുടെ ഗുണമേന്മ പരിശോധിക്കുന്നതിനായി വിത്ത് പരിശോധന എന്നിവയ്ക്കാവശ്യമുള്ള ലാബുകൾക്കുള്ള സഹായം, വിപണനത്തിനും മൂല്യവർധനവിനും സഹായിക്കുന്ന പദ്ധതികൾ, സർക്കാർ നടപ്പിലാക്കുന്ന നെല്ല് സംഭരണവും പച്ചത്തേങ്ങ സംഭരണവും, കേന്ദ്രാവിഷ്കൃത പദ്ധതികളായ നാഷണൽ ഫുഡ് സെക്യൂരിറ്റി മിഷൻ, നാളികേര വികസന ബോർഡ് പദ്ധതികൾ, റെയിൻഫെഡ് ഏരിയ ഡെവലപ്മെന്റ് പദ്ധതി, എന്നിവയും പ്രധാന വിളകളായ നെല്ല്, നാളികേരം, പച്ചക്കറികൾ എന്നിവയുടെ ഉൽപാദനക്ഷമത വർധിപ്പിക്കുന്നതിനും പിന്തുണയ്ക്കുന്നു.

(സി) കാർഷികോൽപാദന ക്ഷമതയിൽ ഉണ്ടാകുന്ന വർധനവിനനുസരിച്ച് കൃഷിക്കാരുടെ വരുമാനത്തിൽ വർധനവ് ഉണ്ടാകുന്നുണ്ടോ? കർഷക കുടുംബങ്ങളുടെ വരുമാനക്കണക്ക് എടുക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

കാർഷികോൽപാദന ക്ഷമതയിൽ ഉണ്ടാകുന്ന വർധനവിനനുസരിച്ച് കൃഷിക്കാരുടെ വരുമാനത്തിൽ വർധനവ് ഉണ്ടാകുന്നുണ്ടോ എന്ന്

പരിശോധിക്കുന്നതിനായി കേരളത്തിലെ കാർഷിക കുടുംബങ്ങളുടെ സാഹചര്യം വിലയിരുത്തുന്ന സർവെ (Situation Assessment Survey on Agricultural Households in Kerala 2024-25) ഈ സാമ്പത്തിക വർഷം നടപ്പിലാക്കിവരുന്നു. കേരളത്തിലെ കർഷക കുടുംബങ്ങളുടെ വരുമാനം അഞ്ചു വർഷം കൊണ്ട് 50 ശതമാനം വർധിപ്പിക്കുക എന്നതാണ് 2021-ൽ കേരളത്തിൽ അധികാരത്തിലേറിയ സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യങ്ങളിൽ മുൻപന്തിയിൽ നിൽക്കുന്നത്. ഇതിന്റെ ഭാഗമായി സംസ്ഥാനത്ത് നടപ്പാക്കി വരുന്ന വിവിധ നയപരിപാടികളുടെയും പദ്ധതി പ്രവർത്തനങ്ങളുടെയും ഗുണഫലമായി ഈ ലക്ഷ്യം സമയബന്ധിതമായി കൈവരിക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനും വിലയിരുത്തുന്നതിനുമായി മേൽ പറഞ്ഞ സർവെ കൃഷി വകുപ്പും സാമ്പത്തിക സ്ഥിതി വിവര കണക്ക് വകുപ്പും സംയുക്തമായാണ് നടപ്പിലാക്കുന്നത്.

തെറ്റായി ഉൾപ്പെട്ട ഭൂമി ഡാറ്റാ ബാങ്കിൽ നിന്നും നീക്കം ചെയ്യുന്നതിന് നടപടി

6(1579) ശ്രീ. പി. നന്ദകുമാർ: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) നിയമ പ്രകാരം ഡാറ്റാ ബാങ്കിൽ തെറ്റായി ഉൾപ്പെട്ട ഭൂമി അതിൽനിന്ന് നീക്കം ചെയ്യുന്നതിനും ഉൾപ്പെടാത്ത ഭൂമിയുടെ സ്വഭാവ വ്യതിയാനം വരുത്തുന്നതിനുള്ള അപേക്ഷകളിന്മേൽ തീരുമാനം വേഗത്തിലാക്കാനും ഓരോ അപേക്ഷയും തീർപ്പുകല്പിക്കുന്നതിന് ഒരു പരമാവധി സമയം തിട്ടപ്പെടുത്താനാകുമോ എന്ന് വ്യക്തമാക്കാമോ?

കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) നിയമ പ്രകാരം ഡാറ്റാ ബാങ്കിൽ തെറ്റായി ഉൾപ്പെട്ട ഭൂമി അതിൽനിന്ന് നീക്കം ചെയ്യുന്നതിന് റവന്യൂ ഡിവിഷണൽ ഓഫീസർമാർക്ക് സമർപ്പിക്കുന്ന അപേക്ഷകൾ (ഫോറം 5 അപേക്ഷകൾ) തീർപ്പാക്കുന്നതിനുള്ള കാലയളവ് 3 മാസമായി നിജപ്പെടുത്തിയിട്ടുണ്ട്. എന്നാൽ അപേക്ഷകളുടെ ബാഹുല്യം നിമിത്തം ഈ നിബന്ധന പാലിക്കാനാവാത്ത അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

അപേക്ഷകൾ തീർപ്പാക്കുമ്പോൾ, കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ 27(സി) പ്രകാരം, താലൂക്ക് ഓഫീസിലും വില്ലേജ്

ഓഫീസിലും സ്വീകരിക്കേണ്ട ഭൂരേഖകളിലെ മാറ്റങ്ങൾ സംബന്ധിച്ച നടപടികൾ ലഘൂകരിക്കുന്നതുമായി ബന്ധപ്പെട്ട് 05-08-2023-ലെ സ.ഉ. (സാധാ)നം.2886/2023/RD പ്രകാരം നിർദേശങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളതാണ്. ഭൂമി തരംമാറ്റവുമായി ബന്ധപ്പെട്ട അപേക്ഷകളിലെ, സബ് ഡിവിഷൻ ആവശ്യമില്ലാത്ത കേസുകളിൽ, ബന്ധപ്പെട്ട റവന്യൂ ഡിവിഷണൽ ഓഫീസറുടെ നടപടിക്രമം: തഹസിൽദാർ എൻഡോഴ്സ് ചെയ്ത്, വില്ലേജ് ഓഫീസർക്ക് 48 മണിക്കൂറിനകം നൽകി, റവന്യൂ രേഖകളിൽ തരംമാറ്റം വരുത്തേണ്ടതാണെന്ന് പ്രസ്തുത ഉത്തരവിൽ നിർദേശം നൽകിയിട്ടുള്ളതാണ്. കൂടാതെ ഒരു സ്റ്റാൻഡേർഡ് ഓപ്പറേറ്റിങ് പ്രൊസീജ്യർ (SOP) തയ്യാറാക്കി, അപ്രകാരമുള്ള നടപടികളും സ്വീകരിച്ചുവരുന്നുണ്ട്. ഇതനുസരിച്ച് സബ് ഡിവിഷൻ ആവശ്യമില്ലാത്ത കേസുകളിൽ തരംമാറ്റ ഉത്തരവ് ലഭിച്ചാൽ, പരമാവധി ഒരാഴ്ചക്കുള്ളിൽ, ഭൂരേഖകളിൽ മാറ്റം വരുത്തി ഭൂനികുതി ഒടുക്കുവാൻ കഴിയുന്നതാണ്. സബ് ഡിവിഷൻ ആവശ്യമായിവരുന്ന കേസുകളിൽ സർവെ നടപടികൾ താൽക്കാലികമായി മാറ്റിവച്ചും ഭൂനികുതി ഒടുക്കുവാൻ ഇപ്പോൾ

സാധ്യമാകുന്നതാണ്. കൂടാതെ 27-06-2024-ലെ സ.ഉ.(അച്ചടി) നം.140/2024/RD, 28-06-2024-ലെ സ.ഉ.(അച്ചടി)നം.142/2024/RD എന്നിവ പ്രകാരം 27 സബ് കളക്ടർ/ആർ.ഡി.ഒ.-മാർ കൈകാര്യം ചെയ്തിരുന്ന കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമ പ്രകാരമുള്ള ഭൂമിതരംമാറ്റവുമായി ബന്ധപ്പെട്ട അധികാരങ്ങൾ 71 ഡെപ്യൂട്ടി കളക്ടർമാർ/ആർ.ഡി.ഒ./സബ്കളക്ടർമാരിലേക്ക് വികേന്ദ്രീകരിച്ച് നൽകിക്കൊണ്ട് ഉത്തരവായിട്ടുണ്ട്.

സംസ്ഥാനത്തെ വിവിധ റവന്യൂ ഓഫീസുകളിൽ കെട്ടിക്കിടക്കുന്ന തരംമാറ്റ അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന്റെ ആദ്യഘട്ടമെന്ന നിലയിൽ സൗജന്യ തരംമാറ്റത്തിന് അർഹമായ ഫോറം 5, ഫോറം 6 അപേക്ഷകൾ തീർപ്പാക്കാനായി താലൂക്കുതലത്തിൽ 2024 ഒക്ടോബർ 25 മുതൽ നവംബർ 15 വരെ അദാലത്ത് സംഘടിപ്പിച്ച്, അപ്രകാരമുള്ള അപേക്ഷകൾ അതിവേഗം തീർപ്പാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

മുൻഗണനാക്രമം കൃത്യമായി പാലിച്ചും റിപ്പോർട്ടുകൾ ലഭ്യമാക്കിയും ആവശ്യമെങ്കിൽ നേരിട്ട് സ്ഥല പരിശോധന നടത്തിയും നിയമ

ചട്ടപ്രകാരമുള്ള നടപടിക്രമങ്ങൾ പൂർത്തീകരിച്ച് വളരെ സൂക്ഷ്മതയോടെയും അവധാനതയോടെയുമാണ് ഭൂമി തരംമാറ്റവുമായി ബന്ധപ്പെട്ട അപേക്ഷകളിൽ നടപടി സ്വീകരിച്ചുവരുന്നത്. ദിനംപ്രതി പുതിയ അപേക്ഷകൾ ധാരാളമായി ലഭിച്ചു കൊണ്ടിരിക്കുന്നുണ്ട്. എന്നിരുന്നാലും പരമാവധി വേഗത്തിൽ ഫയൽ തീർപ്പാക്കൽ നടപടികൾ സ്വീകരിക്കണമെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

പച്ചക്കറി ഉൽപാദനത്തിൽ സ്വയംപര്യാപ്തത

7(1580) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും പച്ചക്കറി ഉൽപാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനും സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കുമോ?

നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം

സംസ്ഥാനത്ത് പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും സ്വയംപര്യാപ്തത കൈവരിക്കുന്നതിനുമായി കാർഷിക വികസന കർഷകക്ഷേമ വകുപ്പ് പച്ചക്കറി വികസന പദ്ധതി നടപ്പിലാക്കിവരുന്നു. 2024-2025 വർഷത്തിൽ ആരംഭിച്ച് 2028-2029 വരെ തുടരുന്നതുമായ ഞങ്ങളും കൃഷിയിലേക്ക് - സമഗ്ര

പച്ചക്കറി ഉൽപാദന യജ്ഞം, കൃഷി വകുപ്പും മറ്റ് അനുബന്ധ വകുപ്പുകളുടെയും സംയോജനത്തിലൂടെ നടപ്പിലാക്കിവരുന്ന പോഷക സമൃദ്ധി മിഷൻ, 107 പഞ്ചായത്തുകൾക്ക് പ്രാധാന്യം നൽകി കൃഷി വിപുലീകരിക്കുന്നതിന്റെ ഭാഗമായി കൃഷി സമൃദ്ധി എന്നീ പദ്ധതികളും ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

പച്ചക്കറി ഉൽപാദനത്തിൽ സ്വയംപര്യാപ്തതയും സുരക്ഷിത പച്ചക്കറികൾ ഉൽപാദിപ്പിക്കുന്നതിന് ലക്ഷ്യമിട്ടുകൊണ്ട് വീട്ടുവളപ്പിലെ പച്ചക്കറി കൃഷിയും വാണിജ്യാടിസ്ഥാനത്തിലുള്ള പച്ചക്കറി കൃഷിയും പ്രോത്സാഹിപ്പിക്കുന്നു. വീട്ടുവളപ്പിലെ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കാനായി സങ്കരയിനങ്ങൾ ഉൾപ്പെടെയുള്ള പച്ചക്കറി

വിത്തുകളുടെയും തൈകളുടെയും വിതരണം, പോഷകത്തോട്ടങ്ങളുടെ രൂപീകരണം, ദീർഘകാല പച്ചക്കറി വിളകളുടെ തൈ വിതരണം, പച്ചക്കറി തൈകളോടു കൂടിയ മൺചട്ടി/HDPE ചട്ടികളുടെ വിതരണം, മഴമറ നിർമ്മാണം എന്നിവയും വാണിജ്യാടിസ്ഥാനത്തിൽ ക്ലസ്റ്ററുകൾ, സ്റ്റാഗേർഡ് ക്ലസ്റ്ററുകൾ എന്നിവയിലൂടെയുള്ള പച്ചക്കറി കൃഷി, ശീതകാല പച്ചക്കറി കൃഷി, പരമ്പരാഗത ഇനങ്ങളുടെ പച്ചക്കറി കൃഷി, തുറസ്സായ സ്ഥലത്തെ കൃത്യതാ കൃഷി എന്നിവ പ്രോത്സാഹിപ്പിച്ചുവരുന്നു.

ആരോഗ്യ സംരക്ഷണത്തിന് ഊന്നൽ നൽകി കാർഷിക മേഖലയെ കൂടുതൽ ഫലപ്രദമാക്കുന്നതിനായി "പോഷക സമൃദ്ധി മിഷൻ" രൂപീകരിച്ച് പദ്ധതി നടപ്പിലാക്കിവരുന്നു. പോഷക സമൃദ്ധവും സുരക്ഷിതവുമായ ഭക്ഷണം ഉറപ്പുവരുത്തുവാനും പച്ചക്കറി ഉൽപാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുവാനും കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുവാനും ലക്ഷ്യമിട്ടുകൊണ്ട് വിവിധ കാർഷിക പാരിസ്ഥിതിക മേഖലകളുടെ (അഗ്രോ എക്കോളജിക്കൽ സോൺ) അടിസ്ഥാനത്തിൽ വിവിധ കേന്ദ്ര-സംസ്ഥാന പദ്ധതികൾ സംയോജിപ്പിച്ച് നടപ്പിലാക്കിവരുന്നു. കൃഷി, ആരോഗ്യം,

മൃഗസംരക്ഷണം, ക്ഷീരവികസനം, ഫിഷറീസ്, സാമൂഹ്യക്ഷേമം, വിദ്യാഭ്യാസം, സഹകരണം, തദ്ദേശസ്വയംഭരണം എന്നീ വകുപ്പുകളെ ഫലപ്രദമായി ഏകോപിപ്പിച്ചുകൊണ്ടാണ് മിഷന്റെ പ്രവർത്തനം നടപ്പിലാക്കുന്നത്.

കൃഷി സമൃദ്ധി പദ്ധതിയിലൂടെ കാർഷിക പാരിസ്ഥിതിക മേഖലയെ അടിസ്ഥാനമാക്കി അനുയോജ്യമായ പ്രദേശങ്ങളിലുൾപ്പെട്ട 107 പഞ്ചായത്തുകൾക്ക് മുൻഗണന നൽകിക്കൊണ്ട് പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നു. ഗ്രൂപ്പ് അടിസ്ഥാനത്തിൽ ഇറസ്സായ സ്ഥലത്തെ കൃത്യതാ കൃഷി സങ്കരയിനം പച്ചക്കറിതൈ വിതരണം, പോഷകത്തോട്ടം, മഴമറ നിർമ്മാണം എന്നീ ഘടകങ്ങൾ കൃഷി സമൃദ്ധി പദ്ധതിയിൽ സംയോജിപ്പിച്ചുകൊണ്ട് പച്ചക്കറി ഉൽപാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുവാൻ ലക്ഷ്യമിടുന്നു.

പച്ചക്കറി ഉൽപാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുവാനായി വി.എഫ്.പി.സി.കെ. മുഖേന നടപ്പിലാക്കിവരുന്ന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

1. ഗുണമേന്മയുള്ള നടീൽ വസ്തുക്കളുടെ ഉൽപാദനവും വിതരണവും

2. ഹൈബ്രിഡ് പച്ചക്കറി വിത്തുൽപാദനം

3. കൃഷി ബിസിനസ്സ് കേന്ദ്ര (കെ.ബി.കെ.)

4. പച്ചക്കറി കൃഷി പ്രോത്സാഹനം

(ബി) ഇതിന്റെ ഭാഗമായി സംസ്ഥാനത്ത് പച്ചക്കറി ഉൽപാദനം വർധിച്ചിട്ടുണ്ടോ എന്ന് അറിയിക്കുമോ?

നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പച്ചക്കറികൃഷി മേഖലയിലെ കാര്യക്ഷമമായ ഇടപെടലിന്റെ ഭാഗമായി പച്ചക്കറി വിസ്തൃതിയും ഉൽപാദനവും ഗണ്യമായി വർധിപ്പിക്കാൻ സാധിച്ചിട്ടുണ്ട്.

2021-22 സാമ്പത്തിക വർഷത്തിൽ പച്ചക്കറി കൃഷിയുടെ വിസ്തൃതി 1.08 ലക്ഷം ഹെക്ടർ ആയി വർധിപ്പിക്കുകയും ഉൽപാദനം 16.01 ലക്ഷം മെട്രിക് ടണ്ണായി ഉയർത്തുവാനും സാധിച്ചിട്ടുണ്ട്. 2022-23 വർഷത്തിൽ 1.14 ലക്ഷം ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി ചെയ്യുകയും 17.10 ലക്ഷം മെട്രിക് ടൺ പച്ചക്കറി ഉൽപാദിപ്പിക്കുകയും ചെയ്യുന്നതിന് സാധ്യമായി. 2023-24

സാമ്പത്തിക വർഷത്തിൽ 1.15 ലക്ഷം ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി വ്യാപിപ്പിക്കുന്നതിനും അതിലൂടെ 17.21 ലക്ഷം മെട്രിക് ടൺ പച്ചക്കറികൾ ഉൽപാദിപ്പിക്കുവാനും കഴിഞ്ഞിട്ടുണ്ട്. 2024-25 സാമ്പത്തിക വർഷത്തിൽ പച്ചക്കറി വിസ്തൃതിയും ഉൽപാദനവും വർധിപ്പിക്കുന്നതിന് ലക്ഷ്യമിട്ട് നടപ്പിലാക്കിവരുന്ന പദ്ധതി പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലാണ്.

(സി) വിഷരഹിത പച്ചക്കറി ഉൽപാദിപ്പിക്കുന്നതിനായി കർഷകർക്ക് എന്തെല്ലാം സഹായങ്ങളാണ് നൽകുന്നതെന്ന് വിശദമാക്കുമോ?

വിഷരഹിത പച്ചക്കറി വീട്ടുവളപ്പിലും വാണിജ്യാടിസ്ഥാനത്തിലും ഉൽപാദിപ്പിക്കാനായി കർഷകർക്ക് നൽകിവരുന്ന സഹായങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:-

സുരക്ഷിത പച്ചക്കറികൾ നമ്മുടെ വീട്ടുവളപ്പുകളിൽ നിന്നുതന്നെ ഉൽപാദിപ്പിക്കുവാൻ ലക്ഷ്യമിട്ട് സങ്കരയിനം പച്ചക്കറി വിത്തുകളുടെ വിവിധ ഇനങ്ങളടങ്ങിയ 100/- രൂപ വിലവരുന്ന 1 ലക്ഷം വിത്തു പായ്ക്കറ്റുകളും 3 രൂപ വിലവരുന്ന 50 ലക്ഷം സങ്കരയിനം പച്ചക്കറി തൈകളും വിതരണം നടത്തി. കൂടാതെ വിവിധ ഇനം പച്ചക്കറി വിത്തുകളുടെ 10 രൂപ വിലയുള്ള 25 ലക്ഷം

പച്ചക്കറി വിത്ത് പാക്കറ്റുകളും 2.5 രൂപ വിലയുള്ള 40 ലക്ഷം പച്ചക്കറി തൈകളും കർഷകർക്ക് പൂർണ്ണമായും സൗജന്യമായി വിതരണം ചെയ്തിട്ടുണ്ട്. വിവിധ മാധ്യമങ്ങൾ മുഖേന 5/- രൂപ വിലയുള്ള 2 ലക്ഷം പച്ചക്കറി വിത്ത് പാക്കറ്റുകളും വിതരണം നടത്തിയിട്ടുണ്ട്. ദീർഘകാല പച്ചക്കറി വിളകളുടെ പ്രോത്സാഹനത്തിനായി ദീർഘകാല വിളകളായ മുരിങ്ങ, അഗത്തി, കറിവേപ്പില തുടങ്ങിയ ഇനങ്ങളുടെ 15/- രൂപ വിലവരുന്ന ഒരുലക്ഷം തൈകൾ സൗജന്യമായി കർഷകർക്ക് വിതരണം നടത്തി. ഓണത്തിന് വിഷരഹിതമായ പച്ചക്കറി വീട്ടുവളപ്പിൽ നിന്നുതന്നെ ലഭ്യമാക്കാൻ ഉദ്ദേശിച്ചാണ് ഓണക്കാലത്ത് ഈ പദ്ധതി നടപ്പിലാക്കുന്നത്.

നഗര പ്രദേശങ്ങളിൽ സ്ഥലപരിമിതിമൂലം കൃഷി ചെയ്യാൻ സാധിക്കാത്തവരെ ലക്ഷ്യമിട്ട് ചെടിച്ചട്ടികളിലുള്ള പച്ചക്കറി കൃഷി പ്രോത്സാഹിപ്പിച്ചുവരുന്നു. ഒരു കർഷകന് 25 പച്ചക്കറി തൈകൾ, മൺചട്ടി/ HDPE ചട്ടികളിൽ ആക്കിയ ഒരു യൂണിറ്റിന് 75% സബ്സിഡി നിരക്കിൽ, ആകെ 8000 യൂണിറ്റുകൾ വിതരണം ചെയ്യുന്നുണ്ട് (ഒരു യൂണിറ്റിന്റെ വില 5000 രൂപ).

പോഷക സമൃദ്ധി മിഷനിലുൾപ്പെടുത്തി വീട്ടുവളപ്പുകളിൽ ഒരു ലക്ഷം പോഷകത്തോട്ടം നിർമ്മിക്കാൻ ലക്ഷ്യമിടുന്നു. ഇതിന്റെ ഭാഗമായി സങ്കരയിനം പച്ചക്കറി തൈകൾ, ദീർഘകാല പച്ചക്കറി തൈകൾ (മുരിങ്ങ, കറിവേപ്പ്, അഗത്തി മുതലായവ), ഡോളോമൈറ്റ്, സമ്പൂർണ്ണ (പച്ചക്കറി മിശ്രിതം), സ്യൂഡോമോണാസ്, ട്രൈക്കോഡെർമ, ഫിഷ് അമിനോ ആസിഡ്, മണ്ണിര കമ്പോസ്റ്റ്, ജൈവ കീടനാശിനി എന്നിവ 500/- രൂപ സബ്സിഡിയിൽ കർഷകന് നൽകുന്നു. കൂടാതെ, പോഷകത്തോട്ടം നിർമ്മിക്കുവാനുള്ള മാതൃക, കൃഷി ചെയ്യുന്നതിനുവേണ്ട മാർഗനിർദേശങ്ങൾ തുടങ്ങിയവയും നൽകുന്നുണ്ട്. ഇതിലൂടെ സുരക്ഷിത പച്ചക്കറികൾ വീട്ടുവളപ്പുകളിൽ നിന്നുതന്നെ ലഭ്യമാക്കുവാനും ജീവിതശൈലീ രോഗങ്ങളെ അകറ്റി നിർത്തുവാനും സഹായിക്കുന്നു.

2024-25 സാമ്പത്തിക വർഷത്തിൽ പച്ചക്കറി വികസന പദ്ധതിയിൻ കീഴിൽ ഒരു മുഖ്യഘടകമായി ഉൾപ്പെടുത്തി തുറസ്സായ സ്ഥലത്തെ കൃത്യതാ കൃഷി എന്ന ഘടകം നടപ്പിലാക്കിവരുന്നു. തുറസ്സായ സ്ഥലത്തെ കൃത്യതാ കൃഷി നടപ്പിലാക്കുന്നതിനായി ഒരു ഹെക്ടറിന് ഒരു ലക്ഷം രൂപ

ധനസഹായം നൽകിവരുന്നു.

ജലസേചനത്തിനായി ഡ്രിപ്പും രാസവളങ്ങളും നൽകുന്ന ഫെർട്ടിഗേഷൻ സംവിധാനവും ഉപയോഗിക്കുന്ന ഈ കൃഷി രീതി പോളി ഹൗസുകളിലും തുറസ്സായ സ്ഥലത്തും നടത്താവുന്നതാണ്. 2024-25 സാമ്പത്തിക വർഷത്തിൽ 203 ഹെക്ടർ സ്ഥലത്ത് തുറസ്സായ സ്ഥലത്തെ കൃത്യതാ കൃഷി നടപ്പിലാക്കുന്നതിന് പദ്ധതി പ്രവർത്തനങ്ങൾ നടത്തിവരുന്നു.

സ്ഥാപനങ്ങളിൽ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി സർക്കാർ/സർക്കാരിതര/സ്വകാര്യ സ്ഥാപനങ്ങളിൽ പ്രോജക്ട് അടിസ്ഥാനത്തിൽ പച്ചക്കറി കൃഷിക്ക് ധനസഹായം നൽകിവരുന്നു.

വ്യാവസായിക അടിസ്ഥാനത്തിൽ പച്ചക്കറി കൃഷി ചെയ്യുന്ന കർഷകരെ സഹായിക്കുന്നതിനായി 10 കർഷകർ അടങ്ങുന്ന ഒരു ക്ലസ്റ്റർ രൂപീകരിച്ച് 3 മുതൽ 5 വരെ ഹെക്ടറിൽ പച്ചക്കറി കൃഷി ചെയ്യുന്ന ക്ലസ്റ്റർ ഒന്നിന് പരമാവധി 1 ലക്ഷം രൂപ മുതൽ 1.25 ലക്ഷം രൂപ വരെ ധനസഹായം നൽകുന്ന പദ്ധതി ഘടകമാണിത്.

ക്ലസ്റ്ററുകളിൽ ഉൾപ്പെടാതെ കൃഷി ചെയ്യുന്ന കൃഷിക്കാർക്ക് സ്റ്റാഗേർഡ് ക്ലസ്റ്ററിൽ ഉൾപ്പെടുത്തി ഹെക്ടറൊന്നിന് പന്തൽ ആവശ്യമുള്ളതിന് 25,000/- രൂപയും പന്തൽ ആവശ്യമില്ലാത്തതിന് 20,000/- രൂപ വരെയും ധനസഹായം നൽകുന്നു.

ശീതകാല പച്ചക്കറി ഇനങ്ങൾ കൃഷി ചെയ്യുവാനായി ഹെക്ടറൊന്നിന് 30,000/- രൂപ ധനസഹായം നൽകുന്നു. പരമ്പരാഗത പച്ചക്കറി ഇനങ്ങളുടെ പ്രോത്സാഹനത്തിനായി ഹെക്ടറൊന്നിന് 10,000/-രൂപ അധിക ധനസഹായം നൽകുന്നതിന് വിഭാവനം ചെയ്തിട്ടുണ്ട്. കർഷകർക്ക് കൃഷി സംബന്ധമായ പരിശീലന പരിപാടികളും ടി പദ്ധതി ഘടകത്തിലൂടെ നൽകിവരുന്നുണ്ട്.

വേനൽക്കാലത്തും മഴക്കാലത്തും വിളകളെ സംരക്ഷിച്ച് പച്ചക്കറി കൃഷി ചെയ്യുന്നതിനായി മഴമറയിലെ കൃഷി കർഷകർക്ക് ഏറെ സഹായകരമാണ്. മഴമറകൾ സ്ഥാപിക്കുവാനായി 100 സ്ക്വയർ മീറ്റർ ഉള്ള ഒരു മഴമറയ്ക്ക് പരമാവധി 50,000/- രൂപ നിരക്കിൽ ധനസഹായം നൽകിവരുന്നു. 2024-25 സാമ്പത്തിക വർഷത്തിൽ 30,000 സ്ക്വയർ മീറ്ററിൽ മഴമറ കൃഷി

നടപ്പിലാക്കുന്നതിന് ലക്ഷ്യമിട്ട് പദ്ധതി പ്രവർത്തനങ്ങൾ നടത്തിവരുന്നു.

ജൈവ കാർഷിക മിഷന്റെ ഭാഗമായി എല്ലാ ജില്ലകളിലും ജില്ല, ബ്ലോക്ക്, ഗ്രാമ/നഗര മുനിസിപ്പാലിറ്റി, കൃഷിഭവൻതല കോ-ഓർഡിനേഷൻ കമ്മിറ്റികൾ രൂപീകരിച്ച് യോഗങ്ങളും പരിശീലനങ്ങളും നടത്തിവരുന്നു. കൂടാതെ ജൈവ കാർഷിക മിഷനെ പോഷകസമൃദ്ധി മിഷനുമായും കൃഷിക്കൂട്ടങ്ങളുമായും സംയോജിപ്പിച്ചിട്ടുണ്ട്. എല്ലാ ജില്ലകളിലും ജൈവ കൃഷിയും ഉത്തമ കൃഷി മുറകളും ഭാരതീയ പ്രകൃതിക് കൃഷി പദ്ധതി എന്നീ പദ്ധതികളെ സംയോജിപ്പിച്ചുകൊണ്ട് പ്രവർത്തനങ്ങൾ നടത്തിവരുന്നു. ജൈവ കൃഷിയും ഉത്തമ കൃഷി മുറകളും പദ്ധതിയുടെ ഭാഗമായി വിഷരഹിത പഴം, പച്ചക്കറി എന്നിവയുടെ ഉൽപാദനത്തിയായി NPOP സർട്ടിഫിക്കേഷൻ നൽകുവാൻ 650 തോട്ടങ്ങൾക്ക് 150 ലക്ഷം രൂപ വകയിരുത്താനും 14 ജില്ലകളിലായി 286 ഫാമുകൾക്ക് NPOP Scope സർട്ടിഫിക്കറ്റുകൾ ജനറേറ്റ് ചെയ്യാനും സാധിച്ചിട്ടുണ്ട്. ഉത്തമ കൃഷി മുറകൾ പാലിച്ച് ജൈവ കൃഷി ചെയ്യുന്ന 1000 ക്ലസ്റ്ററുകൾക്ക് 100.00 ലക്ഷം രൂപ വകയിരുത്തി 798 ഉത്തമ മുറകൾ പാലിച്ച് കൃഷി ചെയ്യുന്ന ക്ലസ്റ്ററുകൾ രൂപീകരിച്ചു. കൂടാതെ 100 മണ്ണിര

കമ്പോസ്റ്റ് യൂണിറ്റുകൾ രൂപീകരിക്കാൻ 30.00 ലക്ഷം രൂപ വകയിരുത്തി 55 മണ്ണിര കമ്പോസ്റ്റ് യൂണിറ്റുകൾ നിലവിൽ സ്ഥാപിച്ചുകഴിഞ്ഞു. ജൈവ ഉൽപാദനോപാധികളുടെ നിർമ്മാണം പ്രോത്സാഹിപ്പിക്കാനായി പ്രോജക്ട് അടിസ്ഥാനത്തിൽ പരിശീലനവും ഓൺ ഫാം പ്രൊഡക്ഷൻ ഓഫ് ബയോ ഇൻപുട്ട്സ് എന്ന ഘടകത്തിൽ 30.00 ലക്ഷം രൂപയും വകയിരുത്തി പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു.

ഭാരതീയ പ്രകൃതിക് കൃഷി പദ്ധതിയുടെ ഭാഗമായി ജൈവകൃഷി പ്രോത്സാഹിപ്പിക്കാനും കാമ്പയിനുകൾ സംഘടിപ്പിക്കാനും ഉൽപാദനോപാധികൾ, മൂല്യവർധിത ഉൽപന്നങ്ങൾ എന്നിവയുടെ നിർമ്മാണത്തിനും വിതരണത്തിനും ഊന്നൽ നൽകുന്നു. ഇതിന്റെ ഭാഗമായി ക്ലസ്റ്റർ അടിസ്ഥാനത്തിൽ കാമ്പയിനുകൾ സംഘടിപ്പിക്കുന്നതിനായി ബ്ലോക്ക് തലത്തിൽ തിരഞ്ഞെടുത്ത മികച്ച കർഷക പ്രതിനിധികളായ HPCC, SLRP, LRP, CRP എന്നിവർക്കായി 1298.88 ലക്ഷം രൂപ വകയിരുത്തുകയും പ്രവർത്തനങ്ങൾ നടപ്പിലാക്കിവരികയും ചെയ്യുന്നു. കർഷകർക്ക് എക്സ്പോഷർ വിസിറ്റ്, കപ്പാസിറ്റി ബിൽഡിങ്,

പരിശീലനം, കിസാൻ മേള പോലുള്ള ജൈവകൃഷി പ്രോത്സാഹന പ്രചരണ പരിപാടികൾ എന്നിവയ്ക്കായി 259.12 ലക്ഷം രൂപ വകയിരുത്തി നടപ്പിലാക്കുന്നു. പരമ്പരാഗത നാട്ടറിവുകൾ കർഷകരിലേക്ക് എത്തിക്കാൻ വേണ്ടി പ്ലോട്ടുകളും അതത് പ്രദേശത്തിന് അനുയോജ്യമായ പരമ്പരാഗത വിളകളുടെ വിത്ത് ഉൽപാദിപ്പിച്ച് മറ്റ് കർഷകർക്ക് കൈമാറ്റം ചെയ്യുന്നതിന് പ്ലോട്ടുകളും, പദ്ധതി മാനദണ്ഡങ്ങൾ പാലിച്ച് മാതൃക കൃഷിത്തോട്ടങ്ങളും നിർമ്മിക്കുകയും ചെയ്യുന്നുണ്ട്. പ്രസ്തുത പദ്ധതിയിലെ കർഷകർക്ക് അവരുടെ ജൈവ ഉൽപന്നങ്ങൾക്ക് മെച്ചപ്പെട്ട വില ലഭിക്കാൻ വേണ്ടി 4939.68 ഹെക്ടറിലെ 18219 കർഷകർ അംഗങ്ങളായ 575 ഗ്രൂപ്പുകൾക്ക് നാളിതുവരെ PGS India Green സർട്ടിഫിക്കറ്റ് നൽകാൻ സാധിച്ചു.

(ഡി) സംസ്ഥാനത്ത് ഒരു വർഷം എത്ര ടൺ പച്ചക്കറിയാണ് ആവശ്യമായി വരുന്നതെന്നും അവയിൽ എത്ര ശതമാനമാണ് ഇവിടെ ഉൽപാദിപ്പിക്കുന്നതെന്നും വ്യക്തമാക്കുമോ?

സംസ്ഥാനത്ത് നാഷണൽ സാമ്പിൾ സർവെ കണക്കുകൾ പ്രകാരം ഒരു വർഷം 20 ലക്ഷം മെട്രിക് ടൺ പച്ചക്കറികളാണ് ആവശ്യമായിവരുന്നത്.

നിലവിൽ 17.21 ലക്ഷം മെട്രിക് ടൺ പച്ചക്കറിയാണ് സംസ്ഥാനത്ത് ഉൽപാദിപ്പിക്കുന്നത്.

കൃഷി വകുപ്പ് നടപ്പാക്കുന്ന കുളങ്ങളുടെയും നീർത്തടങ്ങളുടെയും സംരക്ഷണ പദ്ധതികൾ

8(1581) ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുളങ്ങളുടെയും നീർത്തടങ്ങളുടെയും സംരക്ഷണത്തിന് നബാർഡ് വഴി കൃഷി വകുപ്പ് സംസ്ഥാനത്ത് നടപ്പാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

സംസ്ഥാനത്തെ കുളങ്ങളുടെയും നീർത്തടങ്ങളുടെയും സംരക്ഷണത്തിനായി കൃഷി വകുപ്പിന്റെ കീഴിൽ കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷൻ മുഖേന സഹസ്ര സരോവർ പദ്ധതി, നബാർഡ് ധനസഹായത്തോടെയുള്ള ആർ.ഐ.ഡി.എഫ്. പദ്ധതി, കേന്ദ്രാവിഷ്കൃത പദ്ധതിയായ ആർ.കെ.വി.വൈ. സ്കീം എന്നിവയും മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് മുഖേന ആർ.ഐ.ഡി.എഫ്. പദ്ധതി, നബാർഡിന്റെ NIDA ധനസഹായത്തോടെ കണ്ണൂർ ജില്ലയിലെ തളിപ്പറമ്പ്

നിയോജകമണ്ഡലത്തിലെ 9 തദ്ദേശഭരണ സ്ഥാപനങ്ങളിൽ സൂക്ഷ്മ നീർത്തട പദ്ധതികൾ എന്നിവയും നടപ്പിലാക്കിവരുന്നു.

(ബി) ആലപ്പുഴ ജില്ലയിലെ ഏതെല്ലാം കുളങ്ങളുടെയും നീർത്തടങ്ങളുടെയും പ്രവൃത്തികളാണ് പ്രസ്തുത പദ്ധതികളിലുൾപ്പെടുത്തി ഏറ്റെടുത്തിട്ടുള്ളത്; ഓരോന്നിന്റെയും വിശദാംശം ലഭ്യമാക്കുമോ?

ആലപ്പുഴ ജില്ലയിൽ നബാർഡ് സ്കീമിലുൾപ്പെടുത്തി കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷൻ നടപ്പിലാക്കുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

വേങ്ങേരി കാർഷിക വികസന കേന്ദ്രത്തിന്റെ പ്രവർത്തനം

9(1582) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വേങ്ങേരി കാർഷിക വികസന കേന്ദ്രത്തിന്റെ പ്രവർത്തനം കൂടുതൽ വിപുലീകരിക്കുന്നതിന് പദ്ധതിയുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ഉണ്ട്. വേങ്ങേരി കാർഷിക നഗര മൊത്ത വ്യാപാര വിപണി 2023 ഒക്ടോബർ മുതൽ കേരള അഗ്രോ ബിസിനസ് കമ്പനിയുടെ കീഴിലാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രസ്തുത വിപണിയുടെ പ്രവർത്തനം വിപുലീകരിക്കുന്നതിന്റെ ഭാഗമായി RKVY സ്കീമിലുൾപ്പെടുത്തി 8 കോടി രൂപയുടെ ഒരു പദ്ധതി അംഗീകരിച്ചിട്ടുണ്ട്. കർഷകർക്കവശ്യമായ വെയർ ഹൗസുകൾ, നോളഡ്ജ് സെന്റർ എന്നിവ സ്ഥാപിക്കുന്നതിനായാണ് ഈ പദ്ധതി അംഗീകരിച്ചിട്ടുള്ളത്. കാർഷിക ഉൽപന്നങ്ങളുടെ വിളവെടുപ്പിനുശേഷമുള്ള നഷ്ടം കുറയ്ക്കുകയെന്ന ലക്ഷ്യത്തോടുകൂടിയാണ് വേങ്ങേരി മൊത്ത വ്യാപാര വിപണിയിൽ വെയർ ഹൗസുകൾ സ്ഥാപിക്കുന്നത്. കർഷകർക്ക് ആവശ്യമായ കൃഷിയുമായി ബന്ധപ്പെട്ട നൂതന സാങ്കേതിക വിദ്യകൾ, മികച്ച കൃഷി സമ്പ്രദായങ്ങൾ, വിപണി പ്രവണത, കാലാവസ്ഥാ പ്രവചനം, സർക്കാർ നയങ്ങൾ എന്നിവ നോളഡ്ജ് സെന്ററിൽനിന്നും കർഷകർക്ക് ലഭ്യമാണ്. കൂടാതെ, ഒരു എക്സ്പോ സെന്റർ നിർമ്മിക്കാനും വിപണിയിലെ മാലിന്യ സംസ്കരണത്തിനും സോളാർ പാനലുകൾ സ്ഥാപിക്കാനും പദ്ധതികൾ നബാർഡിന്റെ RIAS സ്കീമിലുൾപ്പെടുത്തി സമർപ്പിച്ചിട്ടുണ്ട്.

(ബി) കാർഷിക കേന്ദ്രം കർഷകർക്ക് കൂടുതൽ പ്രയോജനകരമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

കർഷകർക്ക് കൂടുതൽ പ്രയോജനം ലഭിക്കുന്നതിനുവേണ്ടി വിപണിയുടെ അടിസ്ഥാന സൗകര്യ വികസനത്തോടൊപ്പം B2B മീറ്റുകൾ, ഡി.പി.ആർ. ക്ലിനിക്കുകൾ, മറ്റ് വിപണി വിപുലീകരണ പ്രവർത്തനങ്ങൾ എന്നിവ കേരള അഗ്രോ ബിസിനസ്സ് കമ്പനി (കാബ്കോ) മുഖേന നടപ്പിലാക്കുന്ന കാര്യം പരിശോധിച്ചുവരുന്നു.

പദ്ധതി അടങ്കലിൽ വകയിരുത്തിയ തുക

10(1583) ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പദ്ധതി അടങ്കലിൽ കൃഷി വകുപ്പിന് 2024-25 സാമ്പത്തിക വർഷം എത്ര തുകയാണ് വകയിരുത്തിയതെന്നും നാളിതുവരെ എത്ര ശതമാനം ചെലവഴിച്ചുവെന്നും വിശദമാക്കാമോ?

2024-25 സാമ്പത്തിക വർഷത്തിലെ ബജറ്റിൽ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ സംസ്ഥാന വിഹിതവും ഗ്രാമീണ അടിസ്ഥാന സൗകര്യ വികസന പദ്ധതിയും (RIDF) കേര പദ്ധതിയും ഉൾപ്പടെ 693.21 കോടി രൂപയാണ് വകയിരുത്തിയത്. ഈ തുകയിൽനിന്നും നാളിതുവരെ

(06-02-2025-ലെ പ്ലാൻ സ്പേസ് റിപ്പോർട്ട് പ്രകാരം) 50.62 ശതമാനം ചെലവഴിച്ചിട്ടുണ്ട്.

2024-25 സാമ്പത്തിക വർഷത്തിൽ കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി (60% CSS) 115.50 കോടി രൂപ വകയിരുത്തിയതിൽ നാളിതുവരെ 40.43 ശതമാനം തുക ചെലവഴിച്ചിട്ടുണ്ട്.

ഹരിതം ഹരിപ്പാട് പദ്ധതി

11(1584) ശ്രീ. രമേശ് ചെന്നിത്തല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിതം ഹരിപ്പാട് പദ്ധതിയുടെ രണ്ടാം ഘട്ടത്തിന്റെ പ്രോജക്ട് രൂപീകരണ നടപടികൾ ഏത് ഘട്ടത്തിലാണെന്നും എന്തെല്ലാം പ്രവർത്തനങ്ങളാണ് ഇതിന്റെ ഭാഗമായി വിഭാവനം ചെയ്തിട്ടുള്ളതെന്നും എത്ര രൂപയാണ് ഇതിനായി അടങ്കൽ കണക്കാക്കിയിട്ടുള്ളതെന്നും അറിയിക്കാമോ?

ചെറുതന, പള്ളിപ്പാട്, കരുവാറ്റ ഗ്രാമപഞ്ചായത്തുകളിലെയും ഹരിപ്പാട് മുനിസിപ്പാലിറ്റിയിലെയും വിവിധ പാടശേഖരങ്ങളുടെ അടിസ്ഥാന

സൗകര്യ വികസന പ്രവർത്തനങ്ങൾക്കായി ഹരിതം ഹരിപ്പാട് പദ്ധതിയുടെ രണ്ടാംഘട്ട പ്രോജക്ട് പ്രൊപ്പോസലിന്മേൽ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കരുവാറ്റ ഗ്രാമപഞ്ചായത്തിലെ പാടശേഖരങ്ങളിൽ റാമ്പ് നിർമ്മാണം, പമ്പ്സെറ്റ്, പുറം ബണ്ട്, പൊതുമട, കലിങ്ക്, ചാൽ എന്നീ പ്രവർത്തനങ്ങൾക്കായി 169.25 ലക്ഷം രൂപയും പള്ളിപ്പാട് ഗ്രാമപഞ്ചായത്തിലെ പാടശേഖരങ്ങളിൽ റാമ്പ് നിർമ്മാണം, പമ്പ്സെറ്റ്, പുറം ബണ്ട്, കൾവർട്ട്, പമ്പ്സെറ്റ് ഷെഡ്, വിത്ത് സൂക്ഷിക്കുന്നതിനുള്ള കെട്ടിടം, ചാൽ എന്നിവക്കായി 167.25 ലക്ഷം രൂപയും ചെറുതന ഗ്രാമപഞ്ചായത്തിലെ പാടശേഖരങ്ങളിൽ പമ്പ്സെറ്റ്, ബണ്ട് നിർമ്മാണം, കലിങ്ക് പുനർനിർമാണം, തോട് ആഴംകൂട്ടൽ, റാമ്പ് എന്നിവയ്ക്കായി 161.615 ലക്ഷം രൂപയും ഹരിപ്പാട് മുനിസിപ്പാലിറ്റിയിലെ പാടശേഖരങ്ങളിൽ പെട്ടി, പറ, പമ്പ്സെറ്റ് ഷെഡ്, ട്രാക്ടർ റോഡ് നിർമ്മാണം, തോട് വൃത്തിയാക്കൽ, റാമ്പ് നിർമ്മാണം, തോടിന്റെ ആഴം കൂട്ടൽ, പുറം ബണ്ട് നിർമ്മാണം എന്നിവയ്ക്കായി 201.885 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 700 ലക്ഷം

രൂപയാണ് അടങ്കൽ തുകയായി കണക്കാക്കിയിട്ടുള്ളത്.

(ബി) പ്രസ്തുത പദ്ധതിയുടെ രണ്ടാംഘട്ട പ്രോജക്ടിന്റെ ഭരണാനുമതി നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി വ്യക്തമായ സമയക്രമവും ആക്ടിവിറ്റി കലണ്ടർ അടിസ്ഥാനമാക്കിയുള്ള നിർവഹണവും ഉറപ്പാക്കുമോ; വ്യക്തമാക്കുമോ?

(ബി & സി) പദ്ധതിയുടെ രണ്ടാംഘട്ട പ്രവർത്തനങ്ങൾ രാഷ്ട്രീയ കൃഷി വികാസ് യോജനയിൽ ഉൾപ്പെടുത്തി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. വിശദമായ എസ്റ്റിമേറ്റ് സഹിതം ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് ലഭ്യമാകുന്നമുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

ഞങ്ങളും കൃഷിയിലേക്ക് പദ്ധതി

12(1585) ശ്രീ. എ. സി. മൊയ്തീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എല്ലാ കുടുംബങ്ങളിലും കാർഷിക സംസ്കാരം ഉണർത്തുക, ഭക്ഷ്യ സ്വയം പര്യാപ്തതയിൽ എത്തിക്കുക എന്ന ആശയത്തിൽ ഊന്നിക്കൊണ്ട് ആരംഭിച്ച "ഞങ്ങളും കൃഷിയിലേക്ക്" എന്ന പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്

എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

എല്ലാ കേരളീയരിലും കാർഷിക സംസ്കാരം ഉണർത്തുക, സ്ഥായിയായ കാർഷിക മേഖല സൃഷ്ടിക്കുക, ഭക്ഷ്യ സ്വയംപര്യാപ്തതയിലെത്തുക, കാർഷിക മേഖലയിലെ മൂല്യ വർധനവ് പ്രയോജനപ്പെടുത്തി കർഷകരുടെ വരുമാനം വർധിപ്പിക്കുക, ഓരോ കേരളീയ ഭവനവും വിഷരഹിത ഭക്ഷണ ഉൽപാദനത്തിൽ പങ്കാളിയാകുക, കാർഷിക കൂട്ടായ്മയിലൂടെ 2026-ഓടുകൂടി കാർഷിക മേഖലയിൽ 3 ലക്ഷം തൊഴിലവസരങ്ങൾ സൃഷ്ടിക്കുക തുടങ്ങിയ ലക്ഷ്യങ്ങളോടെ ആരംഭിച്ച തുടർ പദ്ധതിയായ "ഞങ്ങളും കൃഷിയിലേയ്ക്ക്" എന്ന ജനകീയ കാമ്പയിനിലൂടെ കാർഷിക മേഖലയിൽ നവഊർജം നൽകുവാനും ഉൽപാദന സേവന വിപണന മേഖലകളിലായി 23245 കൃഷിക്കൂട്ടങ്ങൾ സംസ്ഥാനത്ത് രൂപീകരിക്കാൻ കഴിഞ്ഞിട്ടുണ്ട്. പാരമ്പര്യ കർഷകരെയും സ്ത്രീകൾ, യുവാക്കൾ, പ്രവാസികൾ ഉൾപ്പെടുന്ന നവകർഷകരെയും ഉൾപ്പെടുത്തി രൂപീകരിച്ച ഈ കൃഷിക്കൂട്ടങ്ങൾ ഉൽപാദന മേഖലയ്ക്കൊപ്പം സേവന മൂല്യവർധന മേഖലയിലും ഫലപ്രദമായ ഇടപെടലുകൾ നടത്തിക്കൊണ്ടിരിക്കുകയാണ്.

(ബി) പ്രസ്തുത പദ്ധതി ഏതെല്ലാം വകുപ്പുകളുമായി സംയോജിപ്പിച്ചുകൊണ്ടാണ് നടത്തുന്നതെന്ന് അറിയിക്കുമോ?

തദ്ദേശസ്വയംഭരണം, മൃഗസംരക്ഷണം, ക്ഷീര വികസനം, ഫിഷറീസ്, സാമൂഹ്യനീതി, ആരോഗ്യം, വ്യവസായം, ജലവിഭവം, യുവജനക്ഷേമം എന്നീ വകുപ്പുകളുമായി സംയോജിപ്പിച്ചാണ് "ഞങ്ങളും കൃഷിയിലേക്ക്" പദ്ധതിയും തുടർ പദ്ധതിയും നടപ്പിലാകുന്നത്.

(സി) പദ്ധതിയുമായി ബന്ധപ്പെട്ട് ഒരു സമഗ്ര പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; എങ്കിൽ ഏത് തരത്തിലാണ് പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ?

"ഞങ്ങളും കൃഷിയിലേക്ക്" കാമ്പയിന്റെ രണ്ടാംഘട്ടമായി ആരംഭിച്ച സമഗ്ര പദ്ധതിയായ "കൃഷി സമൃദ്ധി"യിൽ പ്രാദേശിക സാമ്പത്തിക വികസനത്തിൽ കാർഷിക മേഖലയെ ഫലപ്രദമായി ഉപയോഗപ്പെടുത്തുകയാണ്. വിവിധ വകുപ്പുകളെ തദ്ദേശഭരണ സ്ഥാപനങ്ങളുടെയും കൃഷി വകുപ്പിന്റെയും നേതൃത്വത്തിൽ ഭൗതികമായും സാമ്പത്തികമായും ഏകോപിപ്പിച്ച് ഘട്ടംഘട്ടമായി കേരളത്തിലെ മുഴുവൻ

തദ്ദേശഭരണ സ്ഥാപനങ്ങളിലും വ്യാപിപ്പിക്കുന്ന കൃഷിസമൃദ്ധിയുടെ ആദ്യഘട്ടം തിരഞ്ഞെടുക്കപ്പെട്ട 107 തദ്ദേശഭരണ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ചാണ് നടപ്പാക്കുന്നത്. തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ വാർഡ് തലത്തിൽ അതത് പ്രദേശത്തിന്റെയും വിളകളുടെയും പ്രത്യേകതയെ അടിസ്ഥാനമാക്കി ജനകീയ പങ്കാളിത്തത്തോടെ ഉൽപാദന വിള നിർണ്ണയ വിപണന രേഖ തയ്യാറാക്കുന്നു. ഉൽപാദന വർധനവിനും കൃഷി വ്യാപനത്തിനും കാർഷിക സേവനങ്ങളും ഉൽപാദനോപാധികളും ലഭ്യമാക്കുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കുന്നതിനും ധനസഹായങ്ങൾ, മൂല്യവർധനവ്, വിപണനം, നൂതന കൃഷി രീതികൾ എന്നിവ സാധ്യമാക്കുന്ന കൃഷി വകുപ്പിന്റെയും ഇതര വകുപ്പുകളുടെയും ഏജൻസികളുടെയും സംഘടനകളുടെയും ബന്ധപ്പെട്ട പദ്ധതികൾ കണ്ടെത്തി ഏകോപിപ്പിച്ചാണ് പദ്ധതി നടപ്പിലാക്കുന്നത്.

കൃഷി വകുപ്പ് രൂപംകൊടുത്ത് പ്രവർത്തനം ആരംഭിച്ച 'കതിർ' ഡിജിറ്റൽ പ്ലാറ്റ്ഫോമിലൂടെയാണ് കൃത്യതയാർന്ന വിവരശേഖരണം സാധ്യമാക്കുന്നത്. വാർഡ് തലത്തിൽ രൂപീകരിക്കുന്ന ഉൽപാദന വിള നിർണ്ണയ വിപണന

രേഖ അനുസരിച്ച് പ്രാദേശികാടിസ്ഥാനത്തിൽ നടപ്പിലാക്കേണ്ട പദ്ധതി ഘടകങ്ങൾ കണ്ടെത്തുകയും ആയതിന്റെ പട്ടിക തയ്യാറാക്കുകയും ചെയ്യുന്നു. നിലവിലുള്ള കൃഷിക്കൂട്ടങ്ങളെ ശാക്തീകരിച്ചും പുതിയ കൃഷിക്കൂട്ടങ്ങൾ ആവശ്യകത വിലയിരുത്തി രൂപീകരിച്ചും പദ്ധതി നടപ്പിലാക്കും. പ്രവർത്തന സജ്ജമായ കൃഷിക്കൂട്ടങ്ങളെ കൂട്ടിയിണക്കി എഫ്.പി.ഒ.-കൾ (കർഷക ഉൽപാദക സംഘടനകൾ) സാധ്യമായ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും "കൃഷിസമൃദ്ധി"-യുടെ ഭാഗമായി രൂപീകരിക്കും. കൃഷിക്കൂട്ടങ്ങളുടെ ഒരു ഫെഡറേഷൻ തദ്ദേശ അടിസ്ഥാനത്തിൽ രൂപീകരിച്ച് ചാരിറ്റബിൾ സൊസൈറ്റി ആക്ടിൽ രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കാനുള്ള നടപടികളും ആരംഭിച്ചുകഴിഞ്ഞു.

പാലക്കാട് ജില്ലയിൽ കൃഷിവകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികൾ

13(1586) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം നബാർഡ് ആർ.ഐ.ഡി.എഫ്. തുക ഉപയോഗിച്ച് പാലക്കാട് ജില്ലയിൽ കൃഷി വകുപ്പ് മുഖാന്തരം നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാമാണ്; ഓരോ പദ്ധതിക്കും

ചെലവാക്കിയ തുകയും പ്രവൃത്തികളുടെ തൽസ്ഥിതിയും വിശദമാക്കാമോ?

നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം നബാർഡ് ആർ.ഐ.ഡി.എഫ്. തുക ഉപയോഗിച്ച് പാലക്കാട് ജില്ലയിൽ മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ്, കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷൻ, കൃഷി എഞ്ചിനീയറിങ് വിഭാഗം എന്നിവ മുഖേന നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു+.

(ബി) പ്രസ്തുത പദ്ധതികൾ പ്രകാരം വരും വർഷങ്ങളിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

പാലക്കാട് ജില്ലയിൽ വരുംവർഷങ്ങളിൽ നടപ്പിലാക്കാൻ പുതിയ പദ്ധതികൾക്കൊന്നും നബാർഡിൽനിന്നും അനുമതി ലഭിച്ചിട്ടില്ല.

പൂഞ്ഞാർ മണ്ഡലത്തിലെ കാർഷിക വികസന പദ്ധതികൾ

14(1587) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ കൃഷി വകുപ്പ് നേരിട്ടും വിവിധ ഏജൻസികൾ വഴിയും പൂഞ്ഞാർ മണ്ഡലത്തിൽ നടപ്പിലാക്കിവരുന്ന പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾക്ക് അനുവദിച്ച തുക, പദ്ധതികളുടെ നിലവിലെ സ്ഥിതി എന്നിവ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

(എ & ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ കൃഷി വകുപ്പ് നേരിട്ടും വിവിധ ഏജൻസികൾ വഴിയും പൂഞ്ഞാർ മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശവും പ്രസ്തുത പദ്ധതികൾക്ക് അനുവദിച്ച തുക, പദ്ധതികളുടെ നിലവിലെ സ്ഥിതി എന്നിവയും അനുബന്ധമായി ചേർക്കുന്നു+.

മുൻവർഷത്തെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. 2024-25 വർഷത്തെ പ്രവൃത്തികൾ നടപ്പിലാക്കിവരുന്നു. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

പോഷക സമൃദ്ധി മിഷൻ

15(1588) ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോഷക സമൃദ്ധി മിഷൻ മുഖേന ഏതെല്ലാം വിളകളടങ്ങുന്ന പോഷക തോട്ടങ്ങളാണ് ഇതുവരെ സമൂഹത്തിന് മുന്നിൽ എത്തിക്കാൻ സാധിച്ചതെന്ന് വ്യക്തമാക്കാമോ?

പോഷക സമൃദ്ധി മിഷനിൽ ഉൾപ്പെടുത്തിയിട്ടുള്ള വിളകൾ പച്ചക്കറികൾ, പഴവർഗങ്ങൾ, പയറുവർഗങ്ങൾ, ചെറുധാന്യങ്ങൾ, കിഴങ്ങുവർഗ്ഗങ്ങൾ എന്നിവയാണ്.

സുരക്ഷിതമായ ഭക്ഷണം ഉറപ്പുവരുത്തുന്നതിനായി പോഷക സമൃദ്ധി മിഷനിൽ ഉൾപ്പെട്ട വിളകളെ ഉൾക്കൊള്ളിച്ച് വിവിധ കേന്ദ്ര സംസ്ഥാന പദ്ധതികളും ജനകീയാസൂത്രണ പദ്ധതികളും സംയോജിപ്പിച്ച് പോഷക സമൃദ്ധി മിഷന്റെ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനായുള്ള പോഷകത്തോട്ടങ്ങൾ രൂപീകരിച്ചുവരുന്നു. ഇതിന്റെ ഭാഗമായി പഴവർഗങ്ങൾ, സങ്കരയിനം പച്ചക്കറികൾ, മുരിങ്ങ, കറിവേപ്പ്, അഗത്തി തുടങ്ങിയ ദീർഘകാല പച്ചക്കറി വിളകൾ എന്നിവയുൾപ്പെടുത്തി 73,000 പോഷക തോട്ടങ്ങൾ വീട്ടുവളപ്പിൽ തയ്യാറാക്കിയിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിയിൽ എത്ര കുടുംബങ്ങളാണ് പങ്കാളികളായിട്ടുള്ളതെന്ന് വിശദമാക്കുമോ?

4,12,500 കുടുംബങ്ങൾ.

(സി) പദ്ധതി വിപുലീകരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നത്; വിശദമാക്കുമോ?

പദ്ധതി വിപുലീകരിക്കാൻ സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

(1) പച്ചക്കറി/പഴവർഗ്ഗങ്ങൾ/പയറുവർഗ്ഗങ്ങൾ/ചെറുധാന്യങ്ങൾ/ കിഴങ്ങുവർഗങ്ങൾ എന്നീ വിളകളുടെ കൃഷി വ്യാപനം.

മേൽ വിളകളെ ഉൾപ്പെടുത്തി പോഷകത്തോട്ടങ്ങൾ, പച്ചക്കറി/പഴവർഗ ക്ലസ്റ്ററുകൾ, പഴവർഗ/പയർ/കൂൺ ഗ്രാമങ്ങൾ, മില്ലെറ്റ് കഫേ, സംരക്ഷിത കൃഷി, പരമ്പരാഗത ഇനങ്ങളുടെ കൃഷി വ്യാപനം, തുറസ്സായ സ്ഥലത്തെ കൃത്യതാ കൃഷി, തരിശു കൃഷി തുടങ്ങിയ ഘടകങ്ങൾ നടപ്പിലാക്കുന്നതിലൂടെ വിളകളുടെ ഉൽപാദന വർധനവ്, സുരക്ഷിത ഭക്ഷണം ഉറപ്പാക്കൽ, കർഷകരുടെ വരുമാന വർധനവ് എന്നിവ സാധ്യമാകുന്നു.

(2) കൃഷിക്കൂട്ടങ്ങൾ ഉൾപ്പെടെയുള്ള കാർഷിക കൂട്ടായ്മകളെ

പ്രയോജനപ്പെടുത്തിക്കൊണ്ടുള്ള കൃഷി വ്യാപനം

വിവിധ പദ്ധതികളിൽ സംസ്ഥാന വ്യാപകമായി രൂപീകരിച്ച ഉൽപാദന/മൂല്യവർധന/സേവന മേഖലയിലെ ഉൾപ്പെടെയുള്ള കാർഷിക കൂട്ടായ്മകൾ, തങ്ങളുടെ തനതു പ്രവർത്തനങ്ങളോടൊപ്പം പോഷക സമൃദ്ധി മിഷനിൽ ഉൾപ്പെടുത്തിയിട്ടുള്ള വിവിധ പ്രവർത്തനങ്ങളിൽ കൂടി നടപ്പിലാക്കുന്നു.

(3) പരമ്പരാഗത ഇനങ്ങളുടെ കൃഷി

പച്ചക്കറികൾ, പഴവർഗങ്ങൾ, ചെറുധാന്യങ്ങൾ, പയർ വർഗങ്ങൾ, കിഴങ്ങുവർഗ വിളകൾ എന്നിവയുടെ പരമ്പരാഗത ഇനങ്ങൾ സംരക്ഷിക്കുകയും വ്യാപിപ്പിക്കുകയും ചെയ്യുന്നതിന് സംസ്ഥാനത്ത് ഉടനീളമുള്ള പരമ്പരാഗത വിളകൾ മാപ് ചെയ്യുകയും 200 പ്രാദേശിക ഇനങ്ങൾ, സാധ്യതയുള്ള പ്രദേശങ്ങളിൽ സീഡ് ടെസ്റ്റ് നടത്തുകയും ചെയ്യണം. ഇവയിൽ തന്നെ "ഭൗമസൂചിക പദവി (ജ്യോഗ്രഫിക്കൽ ഇൻഡിക്കേഷൻ)" ലഭിക്കാൻ സാധ്യതയുള്ള വിളകൾ തിരഞ്ഞെടുത്ത് കേരള കാർഷിക സർവകലാശാലയുമായി ബന്ധപ്പെട്ട് രജിസ്ട്രേഷൻ കൈക്കൊള്ളണം. പരമ്പരാഗത ഇനങ്ങളുടെ വിത്തുകൾ, നടീൽ വസ്തുക്കൾ

എന്നിവയുടെ കൈമാറ്റത്തിലൂടെ ഇത്തരം വിളകൾ കൂടുതൽ സ്ഥലത്തേക്ക് വ്യാപിപ്പിക്കുവാൻ കഴിയും. ഇതിനായി 'വിത്ത് കൈമാറ്റ മേള'കൾ സംഘടിപ്പിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

(4) പോഷകത്തോട്ടങ്ങൾ

സുരക്ഷിതമായ ഭക്ഷണം ഉറപ്പുവരുത്തുന്നതിനായി പോഷക സമൃദ്ധി മിഷനിൽ ഉൾപ്പെട്ട വിളകളെ ഉൾക്കൊള്ളിച്ച് വിവിധ കേന്ദ്ര സംസ്ഥാന പദ്ധതികളും ജനകീയാസൂത്രണ പദ്ധതികളും സംയോജിപ്പിച്ച് പോഷക സമൃദ്ധി മിഷന്റെ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനായുള്ള പോഷകത്തോട്ടങ്ങൾ രൂപീകരിച്ചുവരുന്നു.

പച്ചക്കറികൾ, പഴങ്ങൾ, പയർ വർഗങ്ങൾ, ചെറുധാന്യങ്ങൾ മുതലായവ വിറ്റമിൻ, ധാതുക്കൾ, പ്രോട്ടീൻ എന്നിവകളാൽ സമൃഷ്ടമാണ്. കൂടാതെ പച്ച ഇലക്കറികൾ ഇരുമ്പ്, കാൽസ്യം, മഗ്നീഷ്യം, പൊട്ടാസ്യം, ധാതുക്കൾ ആന്റി-ഓക്സിഡന്റുകൾ എന്നിവയുടെ ഉറവിടമാണ്. ഇവയെ പോഷകത്തോട്ടത്തിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(5) പോഷക തളികയുടെ (Nutritional Plate) രൂപകല്പനയും പ്രചരണവും

കാർഷിക പാരിസ്ഥിതിക മേഖലയുടെ അടിസ്ഥാനത്തിൽ സമീകൃത ആഹാരം ലഭിക്കുന്നതിനുവേണ്ടി വിവിധ പോഷക ഘടകങ്ങളെ ഉൾപ്പെടുത്തി ദേശീയതലത്തിലുള്ള സ്ഥാപനങ്ങളുടെയും കാർഷിക സർവകലാശാലയുടെയും മേഖലയിലെ വിദഗ്ധരുടെയും സഹായത്തോടുകൂടി 17 വിഭാഗങ്ങൾക്കുള്ള പോഷക തളികകളാണ് തയ്യാറാക്കുന്നത്.

(6) ക്ലൺ കൃഷി പ്രോത്സാഹനം

മിഷനിൽ വിഭാവനം ചെയ്തിട്ടുള്ള ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് പോഷക തളിക പ്രകാരമുള്ള സമീകൃത ആഹാരം ലഭിക്കുന്നതിനുവേണ്ടി ക്ലൺ കൃഷിയും ക്ലൺ അധിഷ്ഠിത സംരംഭങ്ങളും പ്രോത്സാഹിപ്പിക്കുന്നു.

(7) മിഷനിൽ ഉൾപ്പെട്ട വിളകളുടെ മൂല്യവർധനവും വിപണനവും നടത്തുന്നതിനുള്ള നടപടി

(8) പരിശീലനം

പോഷകാഹാരത്തിന് പ്രധാന്യം നൽകി ഐ.സി.എം.ആർ. ശിപാർശ ചെയ്യുന്ന അളവിൽ പഴവർഗങ്ങൾ, പച്ചക്കറികൾ, പയർ വർഗങ്ങൾ, ചെറുധാന്യങ്ങൾ എന്നിവ ഭക്ഷണ ക്രമത്തിൽ ഉൾക്കൊള്ളിക്കുവാനും

"ആരോഗ്യവും ഭക്ഷണവും" എന്ന വിഷയത്തിന് പ്രാധാന്യം നൽകി പോഷക സമൃദ്ധി മിഷന്റെ സന്ദേശം എല്ലാ ജനവിഭാഗങ്ങളിലും എത്തിക്കുന്ന തരത്തിൽ ബോധവൽക്കരണ ക്ലാസ്സുകളും പരിശീലന പരിപാടികളും ബഹുജന പങ്കാളിത്തത്തോടെ കൃഷി ഉദ്യോഗസ്ഥർ, കാർഷിക സർവകലാശാല വിദ്യാർഥികൾ, സന്നദ്ധ പ്രവർത്തകർ, അഗ്രിഗേറ്റഡ് ക്രോപ്സ്, കാർഷിക ക്ലബ്ബുകൾ മുഖേന മറ്റ് വകുപ്പുകളുമായി ചേർന്ന് പഞ്ചായത്ത് തലത്തിൽ പരിശീലന പരിപാടികൾ സംഘടിപ്പിച്ചുവരുന്നു.

യുവതലമുറയ്ക്ക് കൃഷിയുടെ പ്രധാന്യത്തെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനായി കേരള അഗ്രി സാക്ഷരത മിഷൻ, അഗ്രി ബിസിനസ്സ് സ്കൂൾ തുടങ്ങിയവ രൂപീകരിക്കുന്നു. കൂടാതെ സുരക്ഷിതവും പോഷക സമൃദ്ധവുമായ ഭക്ഷണത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് കാമ്പയിനുകൾ സംഘടിപ്പിച്ചുവരുന്നു. (Nutrition education).

ആര്യനാട് സ്മാർട്ട് കൃഷിഭവൻ

16(1589) ശ്രീ ജി സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2023-24 സാമ്പത്തിക വർഷത്തിൽ സ്മാർട്ട് കൃഷിഭവനായി പ്രഖ്യാപിച്ച

ആര്യനാട് സ്മാർട്ട് കൃഷിഭവന്റെ പ്രവർത്തനങ്ങൾ സമയബന്ധിതമായി ആരംഭിച്ച് പൂർത്തിയാക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശങ്ങൾ അറിയിക്കുമോ?

2023-24 സാമ്പത്തിക വർഷം തിരുവനന്തപുരം ജില്ലയിൽനിന്നും കാട്ടാക്കട ബ്ലോക്കിലുൾപ്പെട്ട ആര്യനാട് കൃഷിഭവനെ സ്മാർട്ട് കൃഷിഭവൻ പദ്ധതിക്കായി തിരഞ്ഞെടുക്കുകയും നിർമ്മാണത്തിനായി 24.86616 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും ചെയ്തു. പ്രസ്തുത ഫണ്ട് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

പച്ചക്കറിക്ക് തറവില നിശ്ചയിക്കുന്ന പദ്ധതി

17(1590) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2024-25 സാമ്പത്തിക വർഷം പച്ചക്കറിക്ക് തറവില നിശ്ചയിക്കുന്ന പദ്ധതിക്കായി എത്ര തുക നീക്കിവെച്ചിട്ടുണ്ടെന്നും നാളിതുവരെ എത്ര ചെലവഴിച്ചിട്ടുണ്ടെന്നും വിശദമാക്കുമോ?

2024-25 സാമ്പത്തിക വർഷത്തിൽ അടിസ്ഥാന വില പദ്ധതിക്കായി 50.00 ലക്ഷം രൂപ വകയിരുത്തിയിരുന്നു. ഫണ്ട് ലഭ്യതയുടെ

അടിസ്ഥാനത്തിൽ നടപ്പ് സാമ്പത്തിക വർഷത്തിൽ, നാളിതുവരെ 14.99263 ലക്ഷം രൂപ കർഷകർക്ക് വിതരണം ചെയ്തിട്ടുണ്ട്. അവശേഷിക്കുന്ന തുക വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

പദ്ധതി അടങ്കലിൽ വെട്ടിക്കുറവ് വരുത്തിയ പദ്ധതികൾ

18(1591) ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024-25 സാമ്പത്തിക വർഷത്തെ പദ്ധതി അടങ്കലിന്റെ 50% വരെ വെട്ടിക്കുറവ് വരുത്താനുള്ള സർക്കാർ തീരുമാനത്തെ തുടർന്ന് കൃഷി വകുപ്പിലെ ഏതൊക്കെ പദ്ധതികൾക്കാണ് വെട്ടിക്കുറവ് സംഭവിച്ചിരിക്കുന്നതെന്നും എത്ര ശതമാനംവരെ വെട്ടിക്കുറവ് സംഭവിച്ചുവെന്നുമുള്ള വിവരം ലഭ്യമാക്കാമോ;

(ബി) വെട്ടിക്കുറവ് വരുത്തിയ ഓരോ പദ്ധതിയുടെയും നാളിതുവരെയുള്ള പുരോഗതി വിശദമാക്കാമോ?

(എ & ബി) പദ്ധതി മുൻഗണന ക്രമം നിശ്ചയിച്ചതിനുശേഷം കാർഷിക വികസന കർഷകക്ഷേമ വകുപ്പ് നടപ്പിലാക്കുന്ന 35 സംസ്ഥാനാവിഷ്കൃത പദ്ധതികളിൽ ആറെണ്ണത്തിനൊഴികെ എല്ലാ

പദ്ധതികൾക്കും 45 മുതൽ 50 ശതമാനം വരെ പദ്ധതി അടങ്കലിൽ കുറവ് വന്നിട്ടുണ്ട്.

കേന്ദ്രാവിഷ്കൃത പദ്ധതികളുടെ സംസ്ഥാന വിഹിതവും ഗ്രാമീണ അടിസ്ഥാന സൗകര്യ വികസന പദ്ധതിയും (RIDF), കേര പദ്ധതിയും ഉൾപ്പടെ 693.21 കോടി രൂപയാണ് വകയിരുത്തിയത്. ഈ തുകയിൽ (പ്ലാൻ സ്പേസ് റിപ്പോർട്ട് പ്രകാരം) 350.87 കോടി രൂപ (50.62 ശതമാനം) ചെലവഴിച്ചിട്ടുണ്ട്.

പദ്ധതി മുൻഗണന ക്രമം നിശ്ചയിച്ചതിനുശേഷം ആകെ തുകയിൽ കുറവ് വന്ന പദ്ധതികളും അവയുടെ നിലവിലത്തെ സാമ്പത്തിക പുരോഗതിയും അനുബന്ധമായി ചേർത്തിരിക്കുന്നു.[+]

കതിർ ആപ്പ്

19(1592) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കതിർ ആപ്പിനെ പറ്റി വിശദീകരിക്കാമോ; കർഷകർക്ക് ഏതൊക്കെ രീതിയിലാണ് പ്രസ്തുത ആപ്പ് പ്രയോജനപ്പെടുന്നതെന്ന് വിശദമാക്കുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കേന്ദ്ര സർക്കാർ 2021-ൽ ആവിഷ്കരിച്ചിട്ടുള്ള അഗ്രി-സ്റ്റാക്ക് മാതൃകയിൽ, കേരളത്തിന്റെ കാർഷിക മേഖലയ്ക്കും കർഷകർക്കും അനുയോജ്യമായ പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിനുള്ള സമഗ്ര പദ്ധതിയാണ് കേരളാ കൃഷി ഹബ്/കേരളാ അഗ്രി സ്റ്റാക്ക്. 03-07-2023-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 643/2023/കൃഷി പ്രകാരം സർക്കാർ അനുമതി നൽകിയ കേരളാ കൃഷി ഹബ് സോഫ്റ്റ്വെയർ പാക്കേജിന്റെ ഒരു ഉപഘടകമാണ് 'കതിർ' എന്ന മൊബൈൽ അപ്ലിക്കേഷൻ.

ഓരോ കാലാവസ്ഥയിലെയും കാർഷിക ആവാസ വ്യവസ്ഥയെക്കുറിച്ചുള്ള ധാരണ മെച്ചപ്പെടുത്തുന്നതിനും ഒരു പ്ലാറ്റ്ഫോമിൽ കേരളത്തിലെ കാർഷിക സംബന്ധിയായ എല്ലാ വിവരങ്ങളും ഏകീകരിക്കുക, വ്യക്തിഗത കാർഷിക സവിശേഷതകളും രീതികളും നിർണ്ണയിക്കാൻ നിർമ്മിതബുദ്ധി (Artificial Intelligence) സങ്കേതങ്ങൾ, ഉപഗ്രഹ ഡാറ്റ എന്നിവയിലൂടെ കൃഷിയിട അതിരുകൾ തിരിച്ചറിയുക, കർഷകർക്ക് കാലാവസ്ഥാ വ്യതിയാനത്തിന്റെ അപകടസാധ്യത കുറയ്ക്കുന്നതിനും കർഷകരുടെ വരുമാനം മെച്ചപ്പെടുത്തുന്നതിനുമായി കാർഷിക കാലാവസ്ഥാ മേഖല ആസൂത്രണവും,

ജലലഭ്യത അടിസ്ഥാനമാക്കി പ്രാദേശികമായി അനുയോജ്യമായ വിള കണ്ടെത്തുകയും വിളയുടെ നടീൽ രീതികൾ, ഓരോ വിള കാലത്തിലെ/സീസണിലെ വിള ഉപദേശങ്ങൾ, വിള ആരോഗ്യപരിപാലനം, വിളവ് കണക്കാക്കൽ തുടങ്ങിയവ പകർന്നു നൽകുക, കർഷകർക്ക് സുഗമമായ വിതരണ ശൃംഖലയും മികച്ച സേവനവും ഉറപ്പാക്കുന്നതിന് മാർക്കറ്റ് യാർഡ് ലിങ്കേജ് ആസൂത്രണം ചെയ്യുക, സർക്കാർ ആനുകൂല്യങ്ങളും പദ്ധതികളും ഫലപ്രദമായി നടപ്പിലാക്കുന്നതിന് കർഷകരുടെയും കൃഷിസ്ഥലങ്ങളുടെയും കൃഷിയെയും സംബന്ധിച്ച തത്സമയ വിവരങ്ങൾ ഒരുക്കുക തുടങ്ങിയവയാണ് പദ്ധതിയുടെ ലക്ഷ്യങ്ങൾ.

ഈ പ്ലാറ്റ്ഫോം കർഷകർക്ക് വിള പരിപാലനം, വിപണനം, ആസൂത്രണം, രോഗനിയന്ത്രണം എന്നിവയെക്കുറിച്ചുള്ള വിവരങ്ങൾ നൽകുന്നു. അതോടൊപ്പം കർഷകർക്ക് വിള വിവരങ്ങൾ, കാലാവസ്ഥാ അപ്ഡേറ്റുകൾ, ഉപദേശപരമായ അറിയിപ്പുകൾ എന്നിവ നൽകുകയും കർഷകർക്ക് തങ്ങളുടെ വിളവ്, വരുമാനം, സുസ്ഥിരത എന്നിവ മെച്ചപ്പെടുത്താനും സഹായിക്കുന്നു.

ഈ പ്ലാറ്റ്ഫോമിന്റെ മറ്റൊരു പ്രധാന ഘടകമാണ് നിർമ്മിത ബുദ്ധി (Artificial Intelligence) അടിസ്ഥാനമാക്കിയുള്ള അതിർത്തി നിർണ്ണയം കണ്ടെത്തൽ. ഈ സംവിധാനമുപയോഗിച്ച് കർഷകർക്ക് അവരുടെ കൃഷിയിടങ്ങളുടെ അതിരുകൾ കൃത്യമായി കണ്ടെത്താനും വിവരങ്ങൾ കൃത്യമായി നൽകുവാനും കഴിയും. ഈ പ്ലാറ്റ്ഫോമിൽ വിവര വിശകലനത്തിനും വിവരങ്ങളുടെ ദൃശ്യവത്കരണത്തിനുമുള്ള സൗകര്യങ്ങളുമുണ്ട്.

പുല്ലമ്പാറ കൃഷിഭവനെ സ്മാർട്ട് കൃഷിഭവനാക്കാൻ നടപടി

20(1593) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം മണ്ഡലത്തിലെ പുല്ലമ്പാറ കൃഷിഭവനെ സ്മാർട്ട് കൃഷിഭവനാക്കാൻ തീരുമാനിച്ചിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ എന്തെല്ലാം പ്രവർത്തനങ്ങൾ ഇതിനോടകം ആരംഭിച്ചിട്ടുണ്ടെന്നും വിശദമാക്കുമോ?

പുല്ലമ്പാറ കൃഷിഭവനെ സ്മാർട്ട് കൃഷിഭവൻ പദ്ധതിയിൽ നിലവിൽ ഉൾപ്പെടുത്തിയിട്ടില്ല. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഘട്ടംഘട്ടമായി സംസ്ഥാനത്തെ എല്ലാ കൃഷിഭവനെയും സ്മാർട്ട് കൃഷിഭവനാക്കാനാണ്

ഉദ്ദേശിക്കുന്നത്.

(ബി) എന്തെല്ലാം പ്രത്യേകതകളാണ് സാധാരണ കൃഷിഭവനുകളെ അപേക്ഷിച്ച് സ്മാർട്ട് കൃഷിഭവനുകളിൽ ഉള്ളതെന്ന് വിശദമാക്കുമോ?

ഇൻഫർമേഷൻ സെന്റർ ഉൾപ്പെടെയുള്ള ഫ്രണ്ട് ഓഫീസ്, കാത്തിരിപ്പ് മുറി, നവീകരിച്ച പ്ലാന്റ് ഹെൽത്ത് ക്ലിനിക്ക്, IT ഇൻഫ്രാസ്ട്രക്ചർ എന്നിവ ഉൾപ്പെടുന്ന നവീകരിച്ച അടിസ്ഥാന സൗകര്യങ്ങളോടു കൂടിയവയായിരിക്കും സ്മാർട്ട് കൃഷി ഭവനുകൾ. ഡിജിറ്റൽ രൂപത്തിലുള്ള പഞ്ചായത്തിന്റെ ഭൂവിഭവ മാപ്പ്, കൃഷി ഭവനിലെ ഡാറ്റ ഡിജിറ്റലൈസ് ചെയ്യുക, കൃഷി ഭവൻ മുഖേന നടപ്പാക്കുന്ന പരിപാടികൾ മുതലായ വിവരങ്ങൾ കർഷകർക്ക് ലഭ്യമാക്കുന്നതിനായി എൽ.ഇ.ഡി. ഡിസ്പ്ലേ ബോർഡ്, പ്രൊജക്ടർ, പൊതുജനങ്ങളുമായി ആശയവിനിമയത്തിനായി ടെലിവിഷൻ, ഇന്റർനെറ്റ്, കൃഷി സംബന്ധമായ വായനയ്ക്കുള്ള പുസ്തകങ്ങൾ എന്നിവയാണ് പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്ന സൗകര്യങ്ങളായി ലക്ഷ്യമിട്ടിരിക്കുന്നത്. ഇപ്രകാരം കൃഷിഭവന്റെ പ്രവർത്തനം പൂർണ്ണമായി ഡിജിറ്റലൈസ് ചെയ്യുകയും ഉദ്യോഗസ്ഥരുടെ സേവനം പൂർണ്ണമായും കൃഷിയിടത്തിൽ

ലഭ്യമാക്കാനും ലക്ഷ്യമിട്ടിട്ടുണ്ട്.

(സി) സംസ്ഥാനത്ത് എവിടെയെല്ലാമാണ് സ്മാർട്ട് കൃഷിഭവനുകൾ ഇതിനോടകം ആരംഭിച്ചിട്ടുള്ളതെന്ന് മണ്ഡലാടിസ്ഥാനത്തിൽ വിശദമാക്കുമോ?

സംസ്ഥാനത്ത് ഇതുവരെ പ്രവർത്തനം ആരംഭിച്ച സ്മാർട്ട് കൃഷിഭവനുകളുടെ വിവരം മണ്ഡലാടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	കൃഷിഭവന്റെ പേര്	നിയോജക മണ്ഡലം
1	അരുവാപ്പുലം	കോന്നി
2	നീണ്ടൂർ	ഏറ്റുമാനൂർ
3	കൊട്ടുവള്ളി	പറവൂർ
4	തൊണ്ടർനാട്	മാനന്തവാടി
5	ചെറുതാഴം	കല്യാശ്ശേരി
6	കരകുളം	നെടുമങ്ങാട്

കേരള ക്ലൈമറ്റ് റസലിയന്റ് അഗ്രി-വാല്യു ചെയിൻ മോഡണൈസേഷൻ പദ്ധതി

21(1594) <u>ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 11-01-2024-ലെ ജി.ഒ.(എം.എസ്.)നമ്പർ 9/2024/കൃഷി പ്രകാരം

ഭരണാനുമതി ലഭിച്ച കേരള ക്ലൈമറ്റ് റസലിയന്റ് അഗ്രിവാല്യൂ ചെയിൻ മോഡണൈസേഷൻ പദ്ധതി പ്രകാരം എന്തൊക്കെ പ്രവൃത്തികളാണ് കാർഷിക മേഖലയിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

കേരളത്തിലെ കാർഷിക മേഖലയുടെ പരിവർത്തനത്തിന് ലക്ഷ്യമിട്ട് ലോകബാങ്ക് സഹായത്തോടെ സംസ്ഥാന സർക്കാർ ആവിഷ്കരിച്ച പദ്ധതിയാണ് കേരള ക്ലൈമറ്റ് റെസിലിയന്റ് അഗ്രി വാല്യൂ ചെയിൻ മോഡണൈസേഷൻ പദ്ധതി (KERA).

അഞ്ചുവർഷത്തെ പദ്ധതി കാലയളവിൽ മൊത്തം പദ്ധതി ചെലവ് 285 ദശലക്ഷം ഡോളറാണ്. ആയതിൽ 200 ദശലക്ഷം ഡോളർ (1655.85 കോടി രൂപ) ലോകബാങ്ക് വിഹിതവും 85 ദശലക്ഷം ഡോളർ (709.65 കോടി രൂപ) സംസ്ഥാന വിഹിതവുമാണ്. പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രധാന ഘടകങ്ങൾ ചുവടെ ചേർക്കുന്നു.

ഘടകം 1 : <u>കൃഷിയിലെ കാലാവസ്ഥാ പ്രതിരോധവും ലഘൂകരണവും</u>

- കൃഷിഭവനുകൾ മുഖാന്തരം അഗ്രോ ഇക്കോളജിക്കൽ യൂണിറ്റുകളിൽ (AEU) കാലാവസ്ഥാമാറ്റ പ്രതിരോധ സ്മാർട്ട്കൃഷി (Climate Smart

Agriculture – CSA) സ്വീകരിക്കുന്നതിന് പിന്തുണ നൽകുക.

- കർഷകർക്ക് മെച്ചപ്പെട്ട കാലാവസ്ഥാ പ്രതിരോധ സേവനങ്ങൾ എത്തിക്കുന്നതിന് വിജ്ഞാന വ്യാപന, ഉപദേശകസേവനദാതാക്കളുടെ ശേഷി വർധിപ്പിക്കൽ.
- അഗ്രോ ഇക്കോളജിക്കൽ യൂണിറ്റ് (AEU) തലത്തിൽ കാർഷിക കാലാവസ്ഥാ സംവിധാനത്തിന്റെ ഉപയോഗക്ഷമത വർധിപ്പിക്കുന്നതിന് ആവശ്യമായ നിരീക്ഷണ സംവിധാനങ്ങൾക്ക് വേണ്ടുന്ന ഘടകങ്ങൾക്കുള്ള സഹായം.
- മെച്ചപ്പെട്ട ജല ഉപയോഗക്ഷമതയ്ക്കും കാർബൺ ബഹിർഗമനം കുറയ്ക്കുന്നതിനുമായി ലോ കാർബൺ നെൽകൃഷി സ്വീകരിക്കുക.

ഘടകം2: <u>പ്രാദേശിക സാമ്പത്തിക വികസനം ലക്ഷ്യമാക്കി മൂല്യ വർധനയ്ക്കായി ചെറുകിട കാർഷിക വാണിജ്യവൽക്കരണം വർധിപ്പിക്കുക.</u>

- കർഷകർക്കും/കർഷകഗ്രൂപ്പുകൾക്കും അഗ്രിബിസിനസ്സിനുമിടയിൽ സുസ്ഥിര ഉൽപാദന സഖ്യങ്ങളുടെ (Productive Alliances) രൂപീകരണം.
- സംസ്ഥാനത്ത് തിരഞ്ഞെടുത്ത തോട്ടവിളകളുടെ (റബർ, ഏലം, കാപ്പി)

പുനരുജ്ജീവനം.

- നയപരമായ പരിഷ്കാരങ്ങൾ, കൃഷിക്കുള്ള ഭൂമി ലഭ്യത വർധിപ്പിക്കൽ എന്നിവയിലൂടെ ഉത്പാദനക്ഷമത മെച്ചപ്പെടുത്തൽ.

ഘടകം 3: FPO, FPC, അഗ്രി ബിസിനസ്സ്, അഗ്രി സ്റ്റാർട്ടപ്പുകൾ, ഭക്ഷ്യ കാർഷിക മേഖലയിലെ ചെറുകിട, ഇടത്തരം സംരംഭങ്ങൾ എന്നിവയുടെ ശാക്തീകരണം

- കേരളത്തിലെ FPO, FPC, കാർഷിക ചെറുകിട, ഇടത്തരം സംരംഭങ്ങളുടെ മത്സരക്ഷമതയും വളർച്ചയും വർധിപ്പിക്കുക.
- അഗ്രി സ്റ്റാർട്ടപ്പുകളുടെ ടെക്നോളജി ഇൻകുബേഷന് വേണ്ടിയിട്ടുള്ള കൈത്താങ്ങ്.
- അഗ്രിപാർക്കുകൾക്കുള്ള സഹായം.

(ബി) കാലാവസ്ഥാ വ്യതിയാനംമൂലം കൃഷി ചെയ്യുവാൻ ബുദ്ധിമുട്ടനുഭവിക്കുന്ന ദ്വീപ് മണ്ഡലമായ വൈപ്പിൻ കരയിലെ കർഷകർക്ക് ഈ പദ്ധതിയുടെ ആനുകൂല്യം ലഭ്യമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

കാലാവസ്ഥ വ്യതിയാനംമൂലം ബുദ്ധിമുട്ടനുഭവിക്കുന്ന കേരളത്തിലുടനീളമുള്ള കർഷകർക്ക് പ്രയോജനം ലഭിക്കുന്ന വിധത്തിലാണ് പദ്ധതി ആവിഷ്കരിച്ചിരിക്കുന്നത്.

പച്ചക്കറി ഉൽപാദനം

22(1595) ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ നാളിതുവരെ സംസ്ഥാനത്തെ പച്ചക്കറി ഉൽപാദനം എത്രയാണെന്ന് വർഷം തിരിച്ച് ലഭ്യമാക്കുമോ?

2016 മുതൽ നാളിതുവരെ സംസ്ഥാനത്തെ പച്ചക്കറി ഉൽപാദനത്തിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

വർഷം	ഉൽപാദനം (ലക്ഷം മെട്രിക് ടണ്ണിൽ)
2016-17	7.25
2017-18	10.01
2018-19	12.12
2019-20	14.93
2020-21	15.7
2021-22	16.01

2022-23	17.10
2023-24	17.21

2024-25 സാമ്പത്തിക വർഷത്തിൽ പച്ചക്കറി വിസ്തൃതിയും ഉൽപാദനവും വർധിപ്പിക്കുന്നതിന് ലക്ഷ്യമിട്ട് നടപ്പിലാക്കി വരുന്ന പദ്ധതി പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലാണ്.

(ബി) 2016 മുതൽ നാളിതുവരെ അന്യസംസ്ഥാനങ്ങളിൽ നിന്നും സംസ്ഥാനത്തേക്ക് വരുന്ന പച്ചക്കറി എത്രയാണെന്ന് വർഷം തിരിച്ച് ലഭ്യമാക്കുമോ;

(സി) നിലവിൽ ആവശ്യമുള്ള പച്ചക്കറിയുടെ എത്ര ശതമാനമാണ് മറ്റുള്ള സംസ്ഥാനങ്ങളിൽ നിന്ന് ഹോർട്ടികോർപ്പ് മുഖേനയും അല്ലാതെയും സംഭരിക്കുന്നത്; വിശദാംശം നൽകുമോ?

(ബി&സി) നാഷണൽ സാമ്പിൾ സർവെ കണക്കുകൾ പ്രകാരം സംസ്ഥാനത്ത് ഒരു വർഷം 20 ലക്ഷം മെട്രിക് ടൺ പച്ചക്കറി ആവശ്യമുണ്ട്. 2016-17 മുതൽ 2023-24 വരെ സംസ്ഥാനത്തെ പച്ചക്കറി ഉൽപാദനം യഥാക്രമം 7.25, 10.01, 12.12, 14.93, 15.7, 16.01, 17.10, 17.21 ലക്ഷം

മെ. ടൺ എന്നീ ക്രമത്തിലാണ്. സംസ്ഥാനത്തെ പച്ചക്കറി ഉൽപാദനം പ്രധാനമായും കാലാവസ്ഥയെ അടിസ്ഥാനമാക്കി സ്ഥലലഭ്യതയനുസരിച്ച് ഓണ, വിഷു വിപണികൾ ലക്ഷ്യമിട്ടാണ്. എന്നാൽ സംസ്ഥാനത്തെ നിലവിലെ ദൈനംദിന ഉപഭോഗത്തിൽ സംസ്ഥാനത്ത് കൃഷി ചെയ്യാൻ സാധിക്കാത്ത സവോള, പരിമിതമായി മാത്രം ഉൽപാദിപ്പിക്കുന്ന ഉരുളക്കിഴങ്ങ്, ക്യാരറ്റ്, തക്കാളി, ക്യാബേജ് തുടങ്ങിയവ ഉൾപ്പെടുന്നതുകൊണ്ടും നെൽകൃഷി സമയത്ത് പച്ചക്കറി കൃഷിക്കുള്ള സ്ഥല ലഭ്യത കുറയുന്നതുകൊണ്ടും ഇറക്കുമതിയുടെ അളവ് മാസംതോറും വ്യത്യാസപ്പെടും. ഇതര സംസ്ഥാനങ്ങളിൽ നിന്നും സ്വകാര്യ വ്യാപാരികളിലൂടെ സംസ്ഥാനത്തെത്തുന്ന പച്ചക്കറിയുടെ വർഷം തിരിച്ചുള്ള കണക്ക് നിലവിൽ ലഭ്യമല്ല. എന്നാൽ ഹോർട്ടികോർപ്പ് ഈ സർക്കാരിന്റെ കാലത്ത് തെങ്കാശി, പെരമ്പല്ലൂർ എന്നീ ജില്ലകളിലെ എഫ്.പി.ഒ.-കളിൽ നിന്ന് 888.49 മെ. ടൺ പച്ചക്കറികൾ സമാഹരിച്ചിട്ടുണ്ട്.

പച്ചക്കറി ഉൽപാദനത്തിൽ നടപ്പാക്കിവരുന്ന നൂതന പദ്ധതികൾ

23(1596) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ ആഭ്യന്തര പച്ചക്കറിയുൽപാദനം എത്ര മെട്രിക് ടൺ ആയിരുന്നു; ആയത് നിലവിൽ എത്ര മെട്രിക് ടണ്ണായി വർധിപ്പിക്കുവാൻ സാധിച്ചു; വിശദാംശം ലഭ്യമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ പച്ചക്കറിയുടെ ആഭ്യന്തര ഉൽപാദനം 15.7 ലക്ഷം മെട്രിക് ടണ്ണായിരുന്നു. ആയത് നിലവിൽ 17.21 ആയി വർധിപ്പിക്കുവാൻ സാധിച്ചിട്ടുണ്ട്. സാമ്പത്തിക വർഷം തിരിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

വർഷം	ഉൽപാദനം (ലക്ഷം മെട്രിക് ടണ്ണിൽ)
2016-17	7.25
2017-18	10.01
2018-19	12.12
2019-20	14.93
2020-21	15.7
2021-22	16.01
2022-23	17.10
2023-24	17.21

2024-25 സാമ്പത്തിക വർഷത്തിൽ പച്ചക്കറി വിസ്തൃതിയും ഉൽപാദനവും വർധിപ്പിക്കുന്നതിന് ലക്ഷ്യമിട്ട് നടപ്പിലാക്കിവരുന്ന പദ്ധതി പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലാണ്.

(ബി) നിലവിലെ ആവശ്യത്തിന്റെ എത്ര ശതമാനം പച്ചക്കറിയാണ് സംസ്ഥാനത്ത് ഉൽപാദിപ്പിക്കുന്നതെന്നും എത്ര ശതമാനം പച്ചക്കറി ഇതര സംസ്ഥാനങ്ങളിൽ നിന്നും ഇറക്കുമതി ചെയ്യുന്നുവെന്നും അറിയിക്കാമോ; ഇത്തരത്തിൽ ഇറക്കുമതി ചെയ്യുന്ന പച്ചക്കറിയുടെ ഗുണനിലവാരം സംബന്ധിച്ച പരിശോധനകളുടെ വിശദാംശം ലഭ്യമാക്കുമോ?

സംസ്ഥാനത്ത് നാഷണൽ സാമ്പിൾ സർവെ കണക്കുകൾ പ്രകാരം ഒരു വർഷം 20 ലക്ഷം മെട്രിക് ടൺ പച്ചക്കറികളാണ് ആവശ്യമായി വരുന്നതെന്നാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്. നിലവിൽ 17.21 ലക്ഷം മെ.ടൺ പച്ചക്കറിയാണ് സംസ്ഥാനത്ത് ഉൽപാദിപ്പിക്കുന്നത്. ഇറക്കുമതി ചെയ്യുന്ന പച്ചക്കറിയുടെ ഗുണനിലവാരവും അവയിലെ അവശിഷ്ട കീടനാശിനികളുടെ അളവും പരിശോധിക്കുന്നതിനായി കേരള കാർഷിക സർവകലാശാലയുടെ വെള്ളായണി പെസ്റ്റിസൈഡ് റസിഡ്യു അനാലിസിസ് ലാബിൽ (PRRAL)

നിലവിൽ സംവിധാനമുണ്ട്. 2013 വർഷം മുതൽ കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ധനസഹായത്തോടെ നടപ്പാക്കിവരുന്ന "സേഫ് ടു ഈറ്റ്" എന്ന പദ്ധതി പ്രകാരം പച്ചക്കറിയുടെ ഗുണനിലവാര പരിശോധന നടത്തിവരുന്നു. പ്രസ്തുത ഘടകത്തിലൂടെ കേരളത്തിലെ പൊതുവിപണികളിൽ എത്തുന്ന ഇതര സംസ്ഥാന പച്ചക്കറികൾ, കൃഷിയിടങ്ങൾ, ഇക്കോഷോപ്പ്, ജൈവ വിപണി എന്നിവിടങ്ങളിലെ പച്ചക്കറി/പഴവർഗങ്ങൾ എന്നിവയിൽനിന്നും സാമ്പിളുകൾ ശേഖരിച്ച് അവയിൽ അടങ്ങിയിരിക്കുന്ന കീടനാശിനി അവശിഷ്ട പരിശോധന പ്രസ്തുത ലാബിൽ നടത്തിവരുന്നു. ഭക്ഷ്യ സുരക്ഷാ വകുപ്പ് ഉദ്യോഗസ്ഥർ നേരിട്ട് ശേഖരിച്ച് നൽകുന്ന പഴം, പച്ചക്കറി സാമ്പിളുകളിലെ കീടനാശിനി അവശിഷ്ട വിഷാംശം തിട്ടപ്പെടുത്തി തൊട്ടടുത്തമാസം ഒന്നാം തീയതി www.kerala.gov.in, www.prral.kau.in എന്നീ വെബ് സൈറ്റുകളിൽ പ്രസിദ്ധീകരിച്ചുവരുന്നു. ഇത്തരത്തിൽ 64 റിപ്പോർട്ടുകൾ കേരള കാർഷിക സർവകലാശാല പ്രസിദ്ധീകരിച്ചുകഴിഞ്ഞു. ഇതുവഴി കീടനാശിനികളെയും അവയുണ്ടാക്കുന്ന ആരോഗ്യപ്രശ്നങ്ങളെയും സംബന്ധിച്ച് പൊതുജനങ്ങളുടെ ഇടയിൽ

അവബോധം സൃഷ്ടിക്കുന്നതിനും കീടനാശിനി ഉപയോഗം കുറയ്ക്കുന്നതിന് കർഷകരെ പ്രേരിപ്പിക്കുന്നതിനും സഹായകമാകുന്നു. ഇത് സുരക്ഷിത പച്ചക്കറിയുടെ ആഭ്യന്തര ഉൽപാദനം വർധിപ്പിക്കുന്നതിന് സഹായിക്കുകയും ഇതര സംസ്ഥാനത്തുനിന്നും എത്തുന്ന പച്ചക്കറിയുടെ ഉപയോഗം ഒരു പരിധി വരെ കുറയ്ക്കുന്നതിനും സാധ്യമാകുന്നു.

(സി) പച്ചക്കറി ഉൽപാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുവാൻ നടപ്പാക്കിവരുന്ന നൂതന പദ്ധതികൾ എന്തെല്ലാമാണെന്നും ആയത് എപ്പോൾ മുതൽ നടപ്പിൽ വരുത്താൻ കഴിയുമെന്നും വ്യക്തമാക്കുമോ?

പച്ചക്കറി ഉൽപാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുവാൻ ലക്ഷ്യമിട്ട് നടപ്പിലാക്കി വരുന്ന പച്ചക്കറി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി തുറസ്സായ സ്ഥലത്തെ കൃത്യതാ കൃഷി, മഴമറയിലെ പച്ചക്കറി കൃഷി എന്നീ നൂതന ഘടകങ്ങൾ നടപ്പിലാക്കിവരുന്നുണ്ട്. സസ്യ വളർച്ചയ്ക്കാവശ്യമായ ജലം, പോഷകമൂല്യങ്ങൾ എന്നിവ കൃത്യമായ സമയത്ത് കൃത്യമായ അളവിൽ കൃത്യമായ രീതിയിൽ സസ്യങ്ങൾക്ക് നൽകുന്ന കൃഷി സമ്പ്രദായമാണ് തുറസ്സായ സ്ഥലത്തെ കൃത്യതാ കൃഷി. ജലസേചനത്തിനായി

ഡ്രിപ്പും ജലസേചനത്തിനൊപ്പം രാസവളങ്ങളും നൽകുന്ന ഫെർട്ടിഗേഷൻ സംവിധാനവും ഉപയോഗിക്കുന്ന ഈ കൃഷി രീതി പോളിഹൗസുകളിലും തുറസ്സായ സ്ഥലത്തും നടത്താവുന്നതാണ്. തുറസ്സായ സ്ഥലത്തെ കൃത്യതാ കൃഷി നടപ്പിലാക്കുന്നതിനായി ഒരു ഹെക്ടറിന് ഒരുലക്ഷം രൂപ ധനസഹായം നൽകിവരുന്നു.

വേനൽ കാലത്തും മഴക്കാലത്തും വിളകളെ സംരക്ഷിച്ച് പച്ചക്കറി കൃഷിചെയ്യുന്നതിനായി മഴമറയിലെ കൃഷി കർഷകർക്ക് ഏറെ സഹായകരമാണ്. മഴമറ കൃഷിരീതിയിലൂടെ വർഷത്തിലുടനീളം പച്ചക്കറി കൃഷി സാധ്യമാക്കുന്നതിനും ഉൽപാദനം വർധിപ്പിക്കുന്നതിനും സാധിക്കുന്നു. മഴമറകൾ സ്ഥാപിക്കുന്നതിനായി 100 സ്ക്വയർ മീറ്റർ ഉള്ള ഒരു മഴമറയ്ക്ക് പരമാവധി 50,000/- രൂപ നിരക്കിൽ ധനസഹായം നൽകിവരുന്നു.

- ഹൈടെക് കൃഷി രീതി അവലംബിച്ച് കൃഷിനടപ്പിലാക്കുന്നതിലൂടെ 25 മുതൽ 35% വരെ ഉൽപാദന വർധനവ് സാധ്യമാകുന്നു. കൃത്യമായ അളവിൽ നൽകുക എന്നതാണ് ഹൈടെക് കൃഷിയിലൂടെ ഉദ്ദേശിക്കുന്നത്. ഇതുവഴി 1000 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള പോളി

ഹൗസിൽനിന്നും പ്രതിവർഷം 3 ലക്ഷം രൂപ വരെ ലാഭം പ്രതീക്ഷിക്കുന്നു.

- തൊഴിലാളികളുടെ ദൗർലഭ്യവും വേതനവും കൂടുതലുള്ള കേരളത്തിൽ ഹൈടെക് കൃഷിയിലൂടെ ഇവ പരിഹരിക്കുവാനും ചെലവ് കുറയ്ക്കുവാനും സാധിക്കും.
- വർഷത്തിൽ ആറു മാസത്തോളം മഴ ലഭിക്കുന്നതിനാൽ നമ്മുടെ നാട്ടിലെ പച്ചക്കറി കൃഷി വേനൽക്കാലത്താണ് പ്രധാനമായും നടത്തുന്നത്. എന്നാൽ പോളീഹൗസുകളിൽ കൃഷി ചെയ്യുന്നതിലൂടെ വർഷത്തിലുടനീളം പച്ചക്കറി, പുഷ്പങ്ങൾ എന്നിവ കൃഷി ചെയ്യാൻ സാധിക്കുന്നു.
- സംരക്ഷിത കൃഷിയായതു കൊണ്ട് രോഗകീട നിയന്ത്രണം പൂർണ്ണമായും സാധ്യമാക്കുകയും അതുവഴി വിളനാശം കുറയുകയും ചെയ്യുന്നു.
- ഉൽപാദന ഉപാധികളുടെ മിതമായ ഉപയോഗം.
- ഉൽപന്നങ്ങളുടെ ഗുണമേന്മ വർധിക്കുന്നു.

ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നാലാം നൂറു ദിന കർമ്മപരിപാടിയിൽ

ഉൾപ്പെടുത്തിയിരിക്കുന്നതും 2024-2025 വർഷത്തിൽ ആരംഭിച്ച് 2028-2029 വരെ തുടരുന്നതുമായ ഞങ്ങളും കൃഷിയിലേക്ക് - സമഗ്ര പച്ചക്കറി ഉൽപാദന യജ്ഞം പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്ന നൂതന പദ്ധതികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

- ഉൽപാദന വർധനവിനായി നൂതന കൃഷിരീതികളായ അക്വാപോണിക്സ്, ഹൈഡ്രോപോണിക്സ്, വെർട്ടിക്കൽ ഫാമിങ് എന്നിവ പ്രോത്സാഹിപ്പിക്കുന്നു.
- നൂതന സാങ്കേതിവിദ്യയുടെ സഹായത്തോടെ കുറഞ്ഞത് രണ്ടോ അതിലധികമോ വിളകൾ നിശ്ചിത സ്ഥലത്ത് കൃഷി ചെയ്യുന്നതിലൂടെ ഉൽപാദന വർധനവ് കൈവരിക്കുവാൻ സാധ്യമാകുന്നു.
- വീട്ടുവളപ്പിലെ പച്ചക്കറി കൃഷി (ഒരു വീട്-ഒരു പോഷകത്തോട്ടം)- ഓരോ വീട്ടുവളപ്പുകളിലും ലഭ്യമായ സ്ഥലം കണ്ടെത്തി പച്ചക്കറി കൃഷിയിലേക്കു കൊണ്ടുവരികയും പോഷകത്തോട്ടങ്ങൾ നിർമ്മിച്ച് സുരക്ഷിത ഭക്ഷണം ലഭ്യമാക്കുന്നതിന് സാധിക്കുന്നു.
- ഫ്ലാറ്റുകളിലെയും മട്ടുപ്പാവുകളിലെയും കൃഷി പ്രോത്സാഹനം -

സ്ഥലക്കുറവുമൂലം കൃഷി ചെയ്യാൻ ബുദ്ധിമുട്ടുള്ള കുടുംബങ്ങൾക്ക് മട്ടുപ്പാവുകളും ഫ്ലാറ്റിലെ ബാൽക്കണികളിലും മൺചട്ടികളിലോ HDPE ചട്ടികളിലോ ഉള്ള പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുക.

- സ്ഥാപനാധിഷ്ഠിത പച്ചക്കറികൃഷി: വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സർക്കാർ സർക്കാരിതര സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ പ്രോജക്ട് അധിഷ്ഠിത പച്ചക്കറി കൃഷി, വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പെരിമീറ്റർ കൃഷി, സ്കൂൾ പച്ചക്കറി തോട്ടം നിർമ്മാണം എന്നിവ പ്രോത്സാഹിപ്പിക്കുന്നു.
- ആരോഗ്യ സംരക്ഷണത്തിന് ഊന്നൽ നൽകുന്ന കാർഷികമേഖലയെ കൂടുതൽ ഫലപ്രദമാക്കുന്നതിനായി "പോഷക സമൃദ്ധി മിഷൻ" രൂപീകരിച്ച് പദ്ധതി നടപ്പിലാക്കിവരുന്നു. പോഷക സമൃദ്ധവും സുരക്ഷിതവുമായ ഭക്ഷണം ഉറപ്പുവരുത്തുന്നതിനും പച്ചക്കറി ഉൽപാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനും കർഷകരുടെ വരുമാനം വർധിപ്പിക്കുന്നതിനും ലക്ഷ്യമിട്ടുകൊണ്ട് വിവിധ കാർഷിക പാരിസ്ഥിതിക മേഖലകളുടെ (അഗ്രോ എക്കോളജിക്കൽ സോൺ)

അടിസ്ഥാനത്തിൽ വിവിധ കേന്ദ്ര-സംസ്ഥാന പദ്ധതികൾ സംയോജിപ്പിച്ച് നടപ്പിലാക്കിവരുന്നു. പച്ചക്കറി, പഴവർഗങ്ങൾ, പയർവർഗങ്ങൾ, ചെറുധാന്യങ്ങൾ, കിഴങ്ങുവർഗങ്ങൾ തുടങ്ങിയ വിളകളുടെ വിസ്തൃതി വ്യാപനം ഉൽപാദന വർധനവ് മൂല്യ വർധിത ഉൽപന്നങ്ങളുടെ പ്രോത്സാഹനം, വിപണനം തുടങ്ങിയവ ലക്ഷ്യമിട്ടുകൊണ്ട് വിവിധ കേന്ദ സംസ്ഥാന പദ്ധതികളുടെ സംയോജനത്തിലൂടെയാണ് പോഷക സമൃദ്ധി മിഷൻ നടപ്പിലാക്കുന്നത്. കൃഷി, ആരോഗ്യം, മൃഗസംരക്ഷണം, ക്ഷീരവികസനം, ഫിഷറീസ്, സാമൂഹ്യക്ഷേമം, വിദ്യാഭ്യാസം, സഹകരണം, തദ്ദേശസ്വയംഭരണം എന്നീ വകുപ്പുകളെ ഫലപ്രദമായി ഏകോപിപ്പിച്ച് കൊണ്ടാണ് മിഷന്റെ പ്രവർത്തനം നടപ്പിലാക്കുന്നത്.

പോഷക സമൃദ്ധി മിഷന്റെ ഭാഗമായി നടപ്പിലാക്കി വരുന്ന നൂതന പദ്ധതികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

- പയർവർഗ്ഗ വിളകളുടെ ഉൽപാദനം, മൂല്യവർധനവ്, വിപണനം എന്നിവയുടെ പ്രവർത്തനങ്ങൾ പയർവർഗ വിളകളുടെ വ്യാപന

പദ്ധതിയുടെ വിവിധ ഘടകങ്ങളുമായി സംയോജിപ്പിച്ച് നടപ്പിലാക്കുന്നു.

- ക്ലൺ കൃഷി പ്രോത്സാഹനം– മിഷനിൽ വിഭാവനം ചെയ്തിട്ടുള്ള ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് പോഷക തളിക പ്രകാരമുള്ള സമീകൃത ആഹാരം ലഭിക്കുന്നതിനുവേണ്ടി ക്ലൺ കൃഷിയും ക്ലൺ അധിഷ്ഠിത സംരംഭങ്ങളും പ്രോത്സാഹിപ്പിക്കുന്നു.
- കേന്ദ്ര പദ്ധതികൾ - ആർ.കെ.വി.വൈ.: ചെറുധാന്യ കൃഷിയുടെ വിസ്തൃതി വികസനം, മൂല്യവർധനവ്, വിപണനം - ആർ.കെ.വി.വൈ. പദ്ധതിയിലൂടെ ചെറുധാന്യകൃഷിയുടെ വിസ്തൃതി വികസനം എന്ന ഘടകത്തിൽ ഉൾപ്പെടുത്തി റാഗി, ചാമ, തിന, വരഗ്, മണിച്ചോളം, ബജ്റ, കുതിരവാലി, പനിവരഗ് എന്നിവയുടെ കൃഷി വ്യാപനം, ഉൽപാദിപ്പിക്കപ്പെടുന്ന ചെറുധാന്യങ്ങളുടെ സംഭരണം, സംസ്കരണം, വിപണനം എന്നിവ കൃഷി വകുപ്പ് ഫാമുകൾ/കർഷക ഉൽപാദക സംഘടനകൾ/മില്ലെറ്റ് കഫേ/മില്ലെറ്റ് സംസ്കരണ യൂണിറ്റുകൾ എന്നിവ കേന്ദ്രീകരിച്ച് നടപ്പിലാക്കുന്നത്.

നെല്ലിന് താങ്ങുവില

24(1597) ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ: താഴെ കാണുന്ന ചോദ്യത്തിന്

കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2016 മുതൽ നാളിതുവരെ ഓരോ വർഷവും നെല്ലിന് താങ്ങുവിലയായി കർഷർക്ക് എത്ര രൂപ വീതമാണ് നൽകിയിട്ടുള്ളതെന്നും ഇതിൽ കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ വിഹിതം എത്രയാണെന്നും വർഷം തിരിച്ചു വ്യക്തമാക്കുമോ?

2016-17 മുതൽ 2024-25 വരെ ഓരോ വർഷവും നൽകുന്ന നെല്ലിന്റെ താങ്ങുവില (MSP), സംസ്ഥാന വിഹിതം (SIB), കൈകാര്യ ചെലവ്, കർഷകന് നല്കുന്ന നെല്ലിന്റെ വില എന്നിവ സംബന്ധിച്ച വർഷം തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു+.

കർഷകർക്ക് നെല്ല് സംഭരണ കുടിശ്ശിക ലഭ്യമാക്കാൻ നടപടി

25(1598) ശ്രീ. മോൻസ് ജോസഫ്:

ശ്രീ. പി. ജെ. ജോസഫ്:

ശ്രീ. അനൂപ് ജേക്കബ്:

ശ്രീ. മാണി സി. കാപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) നെല്ലിന്റെ വിലയായി നിശ്ചയിച്ചിരിക്കുന്ന തുക എത്രയാണെന്ന് അറിയിക്കുമോ; നിലവിലെ സാഹചര്യത്തിൽ പ്രസ്തുത വില തൃപ്തികരമാണോയെന്ന് വിശദീകരിക്കുമോ?

കേന്ദ്രസർക്കാർ താങ്ങുവിലയായി നിശ്ചയിച്ചിരിക്കുന്നത് ഒരു കിലോയ്ക്ക് 23 രൂപയാണ്. അതിനുപുറമെ സംസ്ഥാന സർക്കാരിന്റെ പ്രോത്സാഹന ബോണസായി 5.20 രൂപയും കൈകാര്യ ചെലവിനായി 12 പൈസയും ചേർത്ത് 28.32 രൂപയ്ക്കാണ് ഒരു കിലോ നെല്ല് സംഭരിക്കുന്നത്. സംസ്ഥാനത്തിന്റെ ഉൽപാദന ചെലവിനനുസരിച്ച് കേരളത്തിലെ കർഷകർക്ക് ഉയർന്ന താങ്ങുവില ലഭ്യമാക്കണമെന്ന് കേന്ദ്രത്തോട് നിരന്തരം ആവശ്യപ്പെട്ടിട്ടുണ്ടെങ്കിലും പരിഗണന ലഭിച്ചിട്ടില്ല.

(ബി) കർഷകർക്ക് യഥാസമയം നെല്ലിന്റെ വില ലഭിക്കുന്നുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ; നെല്ല് സംഭരിച്ച ഇനത്തിലുള്ള കുടിശ്ശിക യഥാസമയം കർഷകർക്ക് ലഭ്യമാക്കുന്നതിനുവേണ്ടി ഒരു റിവോൾവിങ് ഫണ്ട് രൂപീകരിക്കുന്ന കാര്യം പരിഗണിക്കുമോയെന്ന് അറിയിക്കുമോ?

പരിശോധിച്ചുവരുന്നു.

(സി) കഴിഞ്ഞ സാമ്പത്തിക വർഷം നെല്ല് സംഭരണത്തിനായി നൽകിയിരുന്ന തുക മുഴുവനായും കർഷകർക്ക് നൽകിയിട്ടുണ്ടോ; ആയതിന്റെ വിശദാംശം നൽകുമോ?

സപ്ലൈകോ നെല്ല് സംഭരിക്കുന്നത് സംഭംരണ സീസൺ അടിസ്ഥാനമാക്കിയാണ്. 2023-24 സീസണിൽ കർഷകരിൽനിന്നും 5.59 ലക്ഷം മെട്രിക് ടൺ നെല്ല് സപ്ലൈകോ സംഭരിച്ചിട്ടുണ്ട്. നെല്ല് സംഭരിച്ചതിന്റെ തുകയായ 1584.11 കോടി രൂപ സർക്കാർ നിർദേശാനുസരണം പി.ആർ.എസ്. വായ്പയിലൂടെ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, കാനറാ ബാങ്ക് എന്നീ ബാങ്കുകൾ മുഖേന കർഷകർക്ക് വിതരണം ചെയ്തിട്ടുണ്ട്.

കൈപ്പാട് കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് നടപടി

26(1599) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നെല്ലുല്പാദനം വർധിപ്പിക്കുന്നതിന് കൃഷി വകുപ്പ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ?

സംസ്ഥാനത്ത് നെല്ലൽപാദനം വർധിപ്പിക്കുന്നതിന് നെൽകൃഷി വികസന പദ്ധതിയിലൂടെ നടപ്പിലാക്കിവരുന്ന പ്രവർത്തനങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

(ബി) കൈപ്പാട് കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

കണ്ണൂർ, കോഴിക്കോട്, കാസർഗോഡ് ജില്ലകളിലാണ് കൈപ്പാട് കൃഷി നടക്കുന്നത്. ടി ജില്ലകളിൽ കൈപ്പാട് കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ അനുബന്ധമായി ചേർത്തിരിക്കുന്നു+.

(സി) മലബാർ കൈപ്പാട് ഫാർമേഴ്സ് സൊസൈറ്റിക്ക് കൃഷി വകുപ്പ് മുഖേന എന്തൊക്കെ സഹായങ്ങളാണ് നൽകിവരുന്നതെന്ന് വിശദീകരിക്കാമോ?

കാസർഗോഡ്, കണ്ണൂർ, കോഴിക്കോട് എന്നീ മൂന്ന് ജില്ലകളിലായി വ്യാപിച്ചുകിടക്കുന്ന കൈപ്പാട് കർഷകരുടെ കൂട്ടായ്മയായ മലബാർ കൈപ്പാട് ഫാർമേഴ്സ് സൊസൈറ്റിക്ക് കൃഷി വകുപ്പിലെ സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ്സ് കൺസോർഷ്യം (എസ്.എഫ്.എ.സി.)-യുടെ കീഴിൽ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കമ്പനിയായി രജിസ്റ്റർ ചെയ്ത് ഫാർമർ പ്രൊഡ്യൂസർ കമ്പനിക്കുള്ള (എഫ്.പി.സി.) ആനുകൂല്യം നൽകിവരുന്നു. കൈപ്പാട് കർഷകരുടെ ഉന്നമനത്തിനായി ഈ സൊസൈറ്റി മുഖാന്തരം നെല്ല് പൂർണ്ണമായും സംഭരിച്ച് മൂല്യ വർധിത ഉൽപന്നങ്ങളാക്കി വിപണിയിൽ എത്തിക്കുകയും നെൽവിത്ത് സംഭരിച്ച് ആവശ്യകത അനുസരിച്ച് കർഷകരിൽ എത്തിക്കുകയും ചെയ്യുന്നു.

കുറ്റ്യാടി മണ്ഡലത്തിലെ നെൽ ഉൽപാദനം

27(1600) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കുറ്റ്യാടി മണ്ഡലത്തിൽ 2024-25 സാമ്പത്തിക വർഷം നെല്ലുൽപാദനത്തിൽ കഴിഞ്ഞ വർഷങ്ങളെക്കാൾ വർധനവ് ഉണ്ടായിട്ടുണ്ടോ; എങ്കിൽ വിശദവിവരങ്ങൾ പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കാമോ?

ലഭ്യമായ കണക്കുകൾ അനുസരിച്ച് 2022-23, 2023-24 കാർഷിക വർഷങ്ങളിലെ കുറ്റ്യാടി മണ്ഡലത്തിലെ പഞ്ചായത്തുകൾ ഉൾപ്പെടുന്ന ബ്ലോക്കുകളിലെ നെല്ല് ഉൽപാദനത്തിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

ബ്ലോക്ക്	ഉൽപാദനം (in tonnes)		വ്യതിയാനം
	2022-23	2023-24	
തോടന്നൂർ	769.187	807.597	5%
കുന്നുമ്മൽ	411.825	439.519	7%
തൂണേരി	43.586	52.292	20%
ആകെ	1224.598	1299.408	6%

പ്രസ്തുത കണക്കുകൾ അനുസരിച്ച് കുറ്റ്യാടി മണ്ഡലത്തിൽ 2023-24 വർഷത്തിൽ മുൻവർഷത്തേക്കാൾ (2022-23) നെല്ലുൽപാദനത്തിൽ 6% വർധനവുണ്ടായിട്ടുണ്ട്.

തുലാറ്റുനട നീർത്തട പദ്ധതി

28(1601) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി മണ്ഡലത്തിലെ ആയഞ്ചേരി, വേളം ഗ്രാമപഞ്ചായത്തുകളിലെ നെൽകൃഷി വികസനവുമായി ബന്ധപ്പെട്ട് നടപ്പിലാക്കുന്ന തുലാറ്റുനട നീർത്തട പദ്ധതിയുടെ നിലവിലെ അവസ്ഥ എന്തെന്ന് വ്യക്തമാക്കുമോ?

മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് സൂക്ഷ്മ നീർത്തടാധിഷ്ഠിത

വികസന പദ്ധതിയിലുൾപ്പെടുത്തി നടപ്പിലാക്കുന്ന 2 കോടി രൂപ അടങ്കൽ തുകയുള്ള തുലാത്തുനട നീർത്തട പദ്ധതിയിൽ 281.35 മീറ്റർ നീളത്തിൽ Deepening & Widening of stream and Retaining wall for side protection എന്ന പ്രവൃത്തി പൂർത്തീകരിച്ച് നാളിതുവരെ 20,46,263/- രൂപ ചെലവഴിച്ചിട്ടുണ്ട്. ബാക്കി പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

(ബി) കരാർ പ്രകാരം പ്രസ്തുത പ്രവൃത്തി എന്നാണ് പൂർത്തിയാക്കേണ്ടതെന്നും മഴക്കാലത്തിന് മുമ്പ് പ്രവൃത്തി പൂർത്തിയാക്കാൻ സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയാണെന്നും വിശദമാക്കുമോ?

കരാർ കാലാവധി 10-06-2025 വരെയാണ്. സമയബന്ധിതമായി പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് കരാറുകാരന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

നെല്ല് ഉൽപാദനം

29(1602) ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2010 മുതൽ നാളിതുവരെ ഓരോ വർഷവും ആകെ നെല്ല് ഉൽപാദനം എത്ര ടൺ ആയിരുന്നുവെന്ന് വർഷം തിരിച്ച്

വ്യക്തമാക്കുമോ:

(ബി) 2010 മുതൽ നാളിതുവരെ ഓരോ വർഷവും എത്ര ഹെക്ടറിലാണ് നെൽ കൃഷി ചെയ്തതെന്ന് വർഷം തിരിച്ച് വ്യക്തമാക്കുമോ?

(എ & ബി) സംസ്ഥാനത്തെ അരിയുടെ ഉൽപാദനത്തിന്റെ 2010 മുതലുള്ള കണക്കുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

നെൽപാടങ്ങളിൽ ജലലഭ്യത സുഗമമാക്കുന്നതിനുള്ള നടപടികൾ

30(1603) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാടശേഖരങ്ങളിൽ ജലസേചനത്തിനായി ഉപയോഗിക്കുന്ന മോട്ടോറുകളുടെ എണ്ണം കുറയ്ക്കുന്നതിനും നെൽപാടങ്ങളിൽ ജലലഭ്യത സുഗമമാക്കുന്നതിനും കൂടുതൽ ഉൾച്ചാലുകൾ (കാടച്ചാൽ) നിർമ്മിക്കുന്നതിനും എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുവേണ്ട നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

പാടശേഖരങ്ങളിൽ ജലസേചനത്തിനായി ഉപയോഗിക്കുന്ന മോട്ടോറുകളുടെ എണ്ണം കുറയ്ക്കുന്നതിനും നെൽപാടങ്ങളിൽ ജലലഭ്യത

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സുഗമമാക്കുന്നതിനും കൂടുതൽ ഉൾച്ചാലുകൾ (കാടച്ചാൽ) നിർമ്മിക്കുന്നതിനുമായി കൃഷി വകുപ്പിന്റെ കീഴിൽ RIDF, RKVY, RKI തുടങ്ങിയ സ്കീമുകളിലായി സംസ്ഥാനത്തെ വിവിധ പാടശേഖരങ്ങളുടെ അടിസ്ഥാന വികസന പ്രവൃത്തികളായ കനാൽ ആഴം കൂട്ടൽ, leading channel, side drain, sluice, VCB, pipe sluice, സംരക്ഷണ ഭിത്തിനിർമ്മാണം, കിട നിർമ്മാണം എന്നീ പ്രവൃത്തികൾ കൃഷി വകുപ്പ് എഞ്ചിനീയറിങ് വിഭാഗം കൃഷി വകുപ്പിന്റെ കീഴിലുള്ള പൊതുമേഖല സ്ഥാപനമായ കെ.എൽ.ഡി.സി. എന്നിവ മുഖേന നടപ്പിലാക്കിവരുന്നു.

കേന്ദ്ര നാളികേര തോട്ട ഗവേഷണ കേന്ദ്രത്തിന്റെ സേവനം ലഭ്യമാക്കാൻ നടപടി

31(1604) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് പ്രവർത്തിക്കുന്ന കേന്ദ്ര നാളികേര തോട്ട ഗവേഷണ കേന്ദ്രം സംസ്ഥാനത്തെ കർഷകർക്ക് ഉപകാരപ്രദമാണോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) പ്രസ്തുത സ്ഥാപനത്തിന്റെ സേവനം ഇവിടെയുള്ള കർഷകർക്ക്

ലഭ്യമാകാൻ എപ്പോഴെങ്കിലും ഇടപെടൽ നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

അതെ. കാസർഗോഡ് പ്രവർത്തിക്കുന്ന കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രം സംസ്ഥാനത്തെ കർഷകർക്കുവേണ്ടി താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നടത്തിവരുന്നു.

1. 1916-ൽ സ്ഥാപിതമായ കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രം, തെങ്ങ്, അടയ്ക്ക, കരിമ്പന, കൊക്കോ മുതലായ തോട്ടവിളകളിൽ ഗവേഷണം നടത്തിവരുന്നു. തോട്ടം മേഖലയിലെ സുസ്ഥിര വികസനത്തിനും ഉൽപാദനക്ഷമത വർധിപ്പിക്കുന്നതിനും നൂതന സാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്തിയുള്ള ഗവേഷണങ്ങൾ നടത്തിവരുന്നു.

2. തോട്ടവിളകളുടെ ഉൽപാദനക്ഷമത, ഗുണനിലവാരം, സുസ്ഥിരത എന്നിവ മെച്ചപ്പെടുത്തുന്നതിനായി (സി.പി.സി.ആർ.ഐ.) അതിനൂതന ഗവേഷണം നടത്തുന്നു. ഉയർന്ന വിളവ് നൽകുന്നതും കീടങ്ങളെയും രോഗങ്ങളെയും പ്രതിരോധിക്കുന്നതുമായ പുതിയ ഇനങ്ങളും സങ്കരയിനങ്ങളും വികസിപ്പിക്കുകയും, ജൈവ സമ്മർദങ്ങൾ (biotic stress), മണ്ണിന്റെ

ഫലഭ്രയിഷ്ഠത നിലനിർത്തുക, കാലാവസ്ഥാ വ്യതിയാനം തുടങ്ങിയ പ്രശ്നങ്ങൾക്ക് പരിഹാരം നൽകുകയും ചെയ്യുന്നു. കീട രോഗപ്രതിരോധ ശേഷിയും കാലാവസ്ഥാ വ്യതിയാനങ്ങളെ ചെറുക്കാൻ കഴിവുമുള്ള സങ്കര ഇനങ്ങളും വികസിപ്പിച്ച് കർഷകർക്ക് ലഭ്യമാക്കിയിട്ടുണ്ട്.

3. സംയോജിത കീട നിയന്ത്രണം, നൂതന കൃഷി രീതികൾ, മണ്ണ് സംരക്ഷണം മുതലായ വിഷയങ്ങളിൽ കർഷകർക്ക് പരിശീലനം നൽകിവരുന്നു.

4. അത്യുൽപാദന ശേഷിയുള്ള നടീൽ വസ്തുക്കൾ കർഷകർക്ക് ലഭ്യമാക്കുന്നു. കൂടാതെ കർഷകരുടെ പ്രശ്നങ്ങൾ പരിഹരിക്കാനായി Front Line Extension Service നൽകുന്നു.

5. തോട്ടം മേഖലയിലെ സംസ്കരണ മൂല്യവർധന വിഭാഗത്തിലും ഗവേഷണം ഏറ്റെടുത്തുനടത്തുന്നു. പിന്നാക്ക വിഭാഗങ്ങൾക്കായി SCSP & TSP പരിശീലനങ്ങൾ നടത്തിവരുന്നു. FPO-കൾക്കുള്ള സാങ്കേതിക പരിജ്ഞാനം നൽകിവരുന്നു.

6. കേരളത്തിലെ 12 ജില്ലകളിൽ നാളികേരത്തിന്റെ ഗുണനിലവാരമുള്ള

നടീൽ ഉൽപാദനകേന്ദ്രം വികേന്ദ്രീകൃത (decentralised) മാതൃകയിൽ നടപ്പിലാക്കുന്നു. സി.പി.സി.ആർ.ഐ. ഇനങ്ങളുടെ നടീൽ സാമഗ്രികൾ കൃഷിഭവനുകൾ വഴി വിതരണം ചെയ്തുവരുന്നു. കർഷകരുടെ എക്സ്പോഷർ സന്ദർശനങ്ങളും പരിശീലന പരിപാടികളും കൃഷിഭവനുകൾ വഴി നടത്തുന്നു.

7. (2018-2021) കാലയളവിൽ 60 നാളികേര തോട്ടങ്ങളുടെ മണ്ണ് ഫലഭ്രയിഷ്ഠത മാനേജ്മെന്റിന്റെ മുൻനിര പ്രദർശനം (Front line demonstration) നടപ്പിലാക്കിവരുന്നു. "ബേഡകം" പോലുള്ള തെങ്ങിന്റെ ലോക്കൽ വെറൈറ്റി വികസിപ്പിച്ചു. ഇത്തരത്തിൽ വിവിധതരത്തിലുള്ള ഇടപെടലുകൾ നടത്തിവരുന്നു.

(സി) ഈ സ്ഥാപനത്തിൽ നടക്കുന്ന ഗവേഷണങ്ങളിലും പഠനങ്ങളിലും പങ്കെടുക്കുവാൻ സംസ്ഥാനത്തെ കൃഷി വകുപ്പ് ഉദ്യോഗസ്ഥർക്കും വിദഗ്ധർക്കും അവസരങ്ങൾ ലഭ്യമായിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

കേരള സംസ്ഥാന കൃഷി വകുപ്പ് ഐ.സി.എ.ആർ. -സി.പി.സി.ആർ.ഐ.-യുടെ വിവിധ ഗവേഷണ പദ്ധതികളിൽ

പങ്കാളിയായും സ്പോൺസറായും ഏർപ്പെട്ടിരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. കേരളത്തിലെ ഭൂവിനിയോഗ ആസൂത്രണത്തിനായി നാളികേരത്തെ അടിസ്ഥാനമാക്കിയുള്ള ഭൂവിനിയോഗ സംവിധാനത്തിന്റെ മാതൃകയിലുള്ള പ്രോജക്ട്.

2. മണ്ണ്, ജല സംരക്ഷണം, ജലസംഭരണ ഘടനകൾ എന്നിവയുടെ സാങ്കേതിക-സാമൂഹിക-സാമ്പത്തിക വിലയിരുത്തൽ പ്രോജക്ട്.

3. സങ്കരയിനങ്ങൾ, കുള്ളൻ/ അർദ്ധ ഉയരമുള്ള ഇനങ്ങളുടെ ഗുണനിലവാരമുള്ള നടീൽ വസ്തുക്കളുടെ ഉൽപാദനവും വിതരണവും.

4. നാളികേരത്തിലെ കീടങ്ങൾക്കും രോഗങ്ങൾക്കുമെതിരായ സസ്യസംരക്ഷണ പ്രചാരണത്തിന് സാങ്കേതിക പിന്തുണ.

5. വടക്കൻ കേരളത്തിലെ കീടങ്ങളുടെയും രോഗങ്ങളുടെയും തീവ്രത വിലയിരുത്തൽ.

6. കേരളത്തിലെ നാളികേര ഉൽപാദനത്തിലെ ജിയോസ്പേഷ്യൽ വ്യതിയാനം-വ്യാപ്തിയുടെയും നിർണ്ണായക ഘടകങ്ങളുടെയും വിശകലനം.

7. കൃഷി ഉദ്യോഗസ്ഥരുടെ പ്രയോജനത്തിനായി ഐ.സി.എ.ആർ.-സി.പി.സി.ആർ.ഐ.-യുടെ നിരവധി പരിശീലന പരിപാടികൾ (നാളികേര ഉൽപാദനം, സംരക്ഷണം, വിളവെടുപ്പിന് ശേഷമുള്ള സാങ്കേതിക വിദ്യകൾ) കേരളത്തിലെ കൃഷി വകുപ്പിലെ ഉദ്യോഗസ്ഥർക്ക് നൽകിവരുന്നു.

കേരഗ്രാമം പദ്ധതി

32(1605) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരഗ്രാമം പദ്ധതിയിലൂടെ എന്തെല്ലാം സഹായങ്ങളാണ് കേരകർഷകർക്ക് നൽകുന്നതെന്ന് വിശദമാക്കാമോ?

സമഗ്ര തെങ്ങുകൃഷി പരിപാലനത്തിനാണ് കേരഗ്രാമം പദ്ധതിയിൽ ഊന്നൽ നൽകുന്നത്. 100 ഹെക്ടർ വിസ്തൃതിയിൽ തെങ്ങ് കൃഷിയുള്ള തുടർച്ചയായ ഭൂപ്രദേശമാണ് ഒരു കേരഗ്രാമമായി കണക്കാക്കുന്നത്. ഇവിടെയുള്ള തെങ്ങ് കൃഷിയുടെ അഭിവൃദ്ധിക്കായി സംയോജിത പരിചരണമുറകൾ, ജലസേചന സൗകര്യം മെച്ചപ്പെടുത്തൽ, ജൈവവള ഉൽപാദനം, തെങ്ങ് കയറ്റയന്ത്രങ്ങളുടെ വിതരണം എന്നീ സഹായ

പദ്ധതികൾ നടപ്പിലാക്കുന്നു. സംയോജിത പരിചരണമുറകളുടെ ഭാഗമായി തടം തുറക്കൽ, കള നിയന്ത്രണം, പുതയിടീൽ, തൊണ്ട് കൂഴിച്ചിടീൽ, മണ്ണ് പരിപോഷണ വസ്തുക്കൾ, ജൈവ രാസ വളങ്ങൾ, ജീവാണുവളങ്ങൾ എന്നിവയുടെ പ്രയോഗം, പ്രായാധിക്യം വന്ന തെങ്ങ് മുറിച്ചുമാറ്റി മേൽത്തരം തെങ്ങിൻ തൈകൾ വച്ചുപിടിപ്പിക്കൽ, ഇടവിളകൃഷി എന്നിവ നടപ്പിലാക്കുന്നു. ഇതിനുപുറമെ സാധ്യമായ കേരഗ്രാമങ്ങളിൽ മിനി കയർ നിർമ്മാണ/സംസ്കരണ യൂണിറ്റുകൾ, കേരാധിഷ്ഠിത മൂല്യവർദ്ധിത ഉൽപന്ന നിർമ്മാണ യൂണിറ്റുകൾ തുടങ്ങിയ സംരഭങ്ങളും പ്രോൽസാഹിപ്പിക്കുന്നു. കേരഗ്രാമം പദ്ധതിയിൽ മൂന്ന് വർഷങ്ങളിലായി കർഷകർക്ക് ധനസഹായം നൽകുന്നു.

കേരഗ്രാമം ഒന്നാം വർഷം (100 ഹെക്ടർ വിസ്തൃതിയുള്ള കേരഗ്രാമം) - താഴെപ്പറയും പ്രകാരം 25.67 ലക്ഷം രൂപ ഒരു കേരഗ്രാമത്തിന് ലഭ്യമാക്കുന്നു.

1. സംയോജിത പരിചരണ മുറകൾ സ്വീകരിക്കുന്നതിന് ഹെക്ടറിന് Rs.19200/- രൂപ പ്രകാരം 100 ഹെക്ടറിന് (ഒരു കേരഗ്രാമത്തിന്) 19.2 ലക്ഷം രൂപ. ഇതിൽ താഴെപ്പറയുംപ്രകാരം പ്രാദേശിക ആവശ്യാനുസരണം

സംയോജിത പരിചരണ മുറകൾ/പ്രവർത്തനങ്ങൾ തിരഞ്ഞെടുക്കാവുന്നതാണ്. ഓരോ പ്രവർത്തന ഇനത്തിനും പരമാവധി 50% സബ്സിഡി നൽകുന്നു.

(a) ഇടയിളക്കൽ, തടം തുറക്കൽ, പുതയിടീൽ - 35 രൂപ/തെങ്ങ്

(b) തൊണ്ട് അടുക്കൽ - 50 രൂപ/തെങ്ങ്

(c) ഇടവിള കൃഷി - 6000 രൂപ/ ഹെക്ടറിന്

(d) സംയോജിതവളപ്രയോഗം

i) കുമ്മായം -9 രൂപ/തെങ്ങ്

ii) രാസവളം/ജീവാണുവളങ്ങൾ, - 20 രൂപ/തെങ്ങ്

iii) മഗ്നീഷ്യം സൾഫേറ്റ് - 3.75 രൂപ/തെങ്ങ്

iv) ജൈവവളം - 25 രൂപ/തെങ്ങ്

(e) സംയോജിത സസ്യ സംരക്ഷണം

i) സസ്യ സംരക്ഷണം - 10 രൂപ/തെങ്ങ്

ii) കീടനാശിനി പ്രയോഗം (ആവശ്യാനുസരണം) ജൈവീക നിയന്ത്രണ ഉപാധികൾ പ്രയോഗിക്കുന്നതിന് - 75 രൂപ/തെങ്ങ്

f) രോഗംബാധിച്ചതും ഉൽപാദനശേഷി നശിച്ചതുമായ തെങ്ങ് മുറിച്ചുമാറ്റുന്നതിന് - 1000 രൂപ/തെങ്ങ്

g) ഗുണമേന്മയുള്ള തെങ്ങിൻ തൈകൾ നടുന്നതിന് - 60 രൂപ/തെങ്ങ്

2. സൂക്ഷ്മ ജലസേചന സൗകര്യമുൾപ്പെടെയുള്ള ജലസേചന

സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിന് ഹെക്ടറിന് 25000/- രൂപ ക്രമത്തിൽ പരമാവധി 2.5 ലക്ഷം രൂപ.

3. 25 തെങ്ങ് കയറ്റ യന്ത്രങ്ങൾ ഒരു യന്ത്രത്തിന് 2000/- രൂപ നിരക്കിൽ വിതരണം.

4. ജൈവ വള ഉൽപാദന യൂണിറ്റുകൾ, ഒരു യൂണിറ്റിന് 10,000/- രൂപ നിരക്കിൽ ആനുകൂല്യം.

5. പഞ്ചായത്തുതല കേര സമിതികൾക്കുള്ള പ്രവർത്തന ചെലവായി ഒരു ലക്ഷം രൂപ.

6. മൂല്യവർധിത ഉൽപന്നങ്ങൾ, മിനി കയർനിർമ്മാണ/സംസ്കരണ യൂണിറ്റ് തുടങ്ങിയവക്ക്, SFAC-യുടെ മാനദണ്ഡം അനുസരിച്ചുള്ളതോ അല്ലാതെയോ 2 ലക്ഷം രൂപവരെ ധനസഹായം നൽകുന്നുണ്ട്.

7. കേര ഗ്രാമവുമായി ബന്ധപ്പെട്ടുള്ള കൃഷി ഭവനുകളുടെ പ്രവർത്തന ചെലവായി 7000/- രൂപ.

പരിചരണമുറകൾക്കായി 19.2 ലക്ഷം രൂപയും 2 മുതൽ 7 - വരെ ഉള്ള ഘടകങ്ങൾക്ക് 6.47-ലക്ഷം രൂപ നൽകുന്നു. ആകെ 25.67-ലക്ഷം രൂപ

ഒന്നാംവർഷം ഒരു കേരഗ്രാമത്തിന് നൽകുന്നു.

കേരഗ്രാമം രണ്ടാം വർഷം:

രണ്ടാം വർഷം 100 ha തെങ്ങിൻ പ്രദേശത്ത് മേൽപറഞ്ഞ സംയോജിത വള പ്രയോഗം, സംയോജിത സസ്യസംരക്ഷണം എന്നിവയ്ക്ക് 8.00 ലക്ഷം രൂപ സഹായം നൽകുന്നു.

കേരഗ്രാമം മൂന്നാം വർഷം:

മൂന്നാം വർഷം 100 ha തെങ്ങിൻ പ്രദേശത്ത് സംയോജിത വള പ്രയോഗത്തിനായി 4.00 ലക്ഷം രൂപ ഒരു കേരഗ്രാമത്തിന് സഹായം നൽകുന്നു.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ എത്ര കേര ഗ്രാമം അനുവദിച്ചിട്ടുണ്ട്; കോഴിക്കോട് ജില്ലയിൽ ഏതൊക്കെ പഞ്ചായത്തുകളിലാണ് കേരഗ്രാമം പദ്ധതി അനുവദിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2021-22, 2022-23, 2023-24 & 2024-25 വരെ 277 കേരഗ്രാമങ്ങളാണ് അനുവദിച്ചിട്ടുള്ളത്.

കോഴിക്കോട് ജില്ലയിൽ താഴെപ്പറയുന്ന പഞ്ചായത്തുകളിലാണ് കേരഗ്രാമം അനുവദിച്ചിട്ടുള്ളത്.

	2021-22
1	നരിക്കുനി
2	ചങ്ങരോത്ത്
3	പുറമേരി
4	വാണിമേൽ
5	ഒളവണ്ണ
6	തുണേരി
7	മൊകവൂർ
8	ഉള്ളേ്യരി
9	മണിയൂർ
10	തുറയൂർ
11	കൊടിയത്തൂർ
12	കടലുണ്ടി
13	ഒഞ്ചിയം
14	തിക്കോടി
15	ഫറോഖ്
16	കൂടരഞ്ഞി
	2022-23
1	നാദാപുരം
2	ചെക്യാട്
3	വില്ല്യാപ്പള്ളി
4	പെരുവയൽ
5	കൊയിലാണ്ടി

6	ക്കുത്താളി
7	കായണ്ണ
8	ഓമശ്ശേരി
9	പുതുപ്പാടി
2023-24	
1	കാവിലുംപാറ
2	ആയഞ്ചേരി
3	നടുവണ്ണൂർ
4	കൊടുവള്ളി
2024-25	
1	മുക്കം
2	ചേമഞ്ചേരി
3	പേരാമ്പ്ര
4	വടകര
5	താമരശ്ശേരി
6	മാവൂർ
7	കോട്ടൂർ
8	എലത്തൂർ

തിരുവമ്പാടി മണ്ഡലത്തിലെ കേരഗ്രാമം പദ്ധതി

33(1606) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തിരുവമ്പാടി മണ്ഡലത്തിൽ എവിടെയൊക്കെ കേരഗ്രാമം പദ്ധതി അനുവദിച്ചിട്ടുണ്ടെന്നും

അനുവദിച്ചയിടങ്ങളിൽ നടന്നുവരുന്ന പ്രവർത്തനങ്ങളും വ്യക്തമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കോഴിക്കോട് ജില്ലയിൽ തിരുവമ്പാടി മണ്ഡലത്തിൽ താഴെപ്പറയുന്ന പഞ്ചായത്തുകളിലാണ് കേരഗ്രാമം അനുവദിച്ചിട്ടുള്ളത്.

ക്രമനം	കേരഗ്രാമം	അനുവദിച്ച വർഷം
1	കൂടരഞ്ഞി	2019-20
2	കൊടിയത്തൂർ	2021-22
3	പുതുപ്പാടി	2022-23
4	മുക്കം	2024-25

കേരഗ്രാമം പദ്ധതിക്ക് കീഴിൽ മേൽ പഞ്ചായത്തുകളിൽ താഴെപ്പറയുന്ന പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്.

കൊടിയത്തൂർ - 2021-22 ഒന്നാം വർഷ കേരഗ്രാമം (250HA)

പദ്ധതിയിൽ തടംതുറക്കൽ, ജൈവവള നിർമ്മാണ യൂണിറ്റ് - തെങ്ങുകയറ്റ യന്ത്രത്തിനുള്ള സബ്സിഡി, തെങ്ങിൻ തൈ വിതരണം, ഇടവിളകൃഷി, ജൈവവളം, ജലസേചനം എന്നിവയ്ക്കുള്ള ധനസഹായം, കൃഷിഭവന്റെ പ്രവർത്തനങ്ങൾക്കുള്ള ധനസഹായം എന്നിവയ്ക്കായി ആകെ 45,17,000/-

രൂപ ധനസഹായം നൽകി പദ്ധതി പൂർത്തീകരിച്ചു.

കൊടിയത്തൂർ – 2021–22 രണ്ടാം വർഷ കേരഗ്രാമം – ഒന്നാം വർഷ കേരഗ്രാമ പ്രവർത്തനങ്ങളുടെ തുടർച്ചയായുള്ള പ്രവർത്തനങ്ങൾ (ഇടവിളകൃഷി, കേരസമിതി, കേരഗ്രാമം എന്നിവയ്ക്കുള്ള ധനസഹായം, INM ആക്ടിവിറ്റീസ്) 20,00,000/- രൂപ ധനസഹായം നൽകി പദ്ധതി പൂർത്തീകരിച്ചു.

കൊടിയത്തൂർ – 2023–24 മൂന്നാം വർഷ കേരഗ്രാമം (integrated management of coconut gardens) 370,906/- രൂപ ധനസഹായം നൽകി പദ്ധതി പൂർത്തീകരിച്ചു.

കൂടരഞ്ഞി 2021–22 മൂന്നാം വർഷ കേരഗ്രാമം (250 Ha) (integrated management of coconut gardens) 6,25,000/- രൂപ ധനസഹായം നൽകി പദ്ധതി പൂർത്തീകരിച്ചു.

പുതുപ്പാടി – 2022–23 ഒന്നാം വർഷ കേരഗ്രാമം (100 Ha) പദ്ധതിയിൽ തടം തുറക്കൽ, രാസവളം, ജൈവവളം, മണ്ണ് മെച്ചപ്പെടുത്തുന്ന വസ്തുക്കൾ, തെങ്ങുകയറ്റ യന്ത്രത്തിനുള്ള സബ്സിഡി, രോഗംവന്ന തെങ്ങുകൾ മുറിച്ചു

മാറ്റി പുതിയത് നടീൽ, ജലസേചനത്തിനുള്ള ധനസഹായം, കൃഷിഭവന്റെ പ്രവർത്തനങ്ങൾക്കുള്ള ധനസഹായം എന്നിവയ്ക്കായി ആകെ 14,91,260/- രൂപ ധനസഹായം നൽകി പദ്ധതി പൂർത്തീകരിച്ചു. ഇടവിളകൃഷി, കേരസമിതികൾക്കുള്ള ധനസഹായം എന്നിവയ്ക്കായി ആകെ 5,18,823/- രൂപ ധനസഹായം നൽകി പദ്ധതി പൂർത്തീകരിച്ചു.

പുതുഷാടി (2023-24) രണ്ടാം വർഷ കേരഗ്രാമം 100ha പദ്ധതിയിൽ സംയോജിത വളപ്രയോഗം, സംയോജിത രോഗകീട നിയന്ത്രണം എന്നിവയ്ക്കായി ആകെ 800000 രൂപ ധനസഹായം നൽകി പദ്ധതി പൂർത്തീകരിച്ചു.

പുതുഷാടി-(2024-25) മൂന്നാം വർഷ കേരഗ്രാമം - സംയോജിത വളപ്രയോഗം (16050 തെങ്ങുകൾക്ക് dolomite, potash വിതരണം നടത്തി.

മുക്കം 2024-25 ഒന്നാം വർഷ കേരഗ്രാമം (100 Ha) - 17500 തെങ്ങുകൾക്ക് തടം തുറക്കൽ, ജൈവവളം വിതരണം എന്നീ പ്രവർത്തനങ്ങൾ നടന്നുവരുന്നു. രോഗം വന്ന തെങ്ങുകൾ മുറിച്ച് മാറ്റി പുതിയ തെങ്ങ് നടീൽ, ജൈവ വള നിർമ്മാണ യൂണിറ്റ് എന്നിവയുടെ

പ്രവർത്തനങ്ങളും നടന്നുവരുന്നു.

കേരഗ്രാമം പദ്ധതി

34(1607) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരി മണ്ഡലത്തിലെ ഏതൊക്കെ പഞ്ചായത്തുകളെയാണ് ഇതുവരെ കേരഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയതെന്ന് വ്യക്തമാക്കാമോ?

വടക്കാഞ്ചേരി മണ്ഡലത്തിലെ താഴെപ്പറയുന്ന പഞ്ചായത്തുകളെ ഇതുവരെ കേരഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

1. തെക്കുംകര

2. വടക്കാഞ്ചേരി മുനിസിപ്പാലിറ്റി

3. തോളൂർ

4. കോലഴി - മുളങ്കുന്നത്തുകാവ്

(ബി) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് മണ്ഡലത്തിൽ എന്തൊക്കെ പ്രവൃത്തികളാണ് നടത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

കേരഗ്രാമം പദ്ധതിയുടെ ഭാഗമായി സംയോജിത വിള പരിപാലന മുറകൾ സ്വീകരിച്ചു. നാളികേര കൃഷി സംരക്ഷണവും അഭിവൃദ്ധിപ്പെടുത്തലുമാണ് ലക്ഷ്യം. ജൈവ വളങ്ങൾ, തെങ്ങിന്റെ മണ്ട വൃത്തിയാക്കി സസ്യ സംരക്ഷണ വസ്തുക്കൾ നൽകുക, സംയോജിത വളപ്രയോഗം, ഇടവിള കൃഷി, ജൈവികമായ മാലിന്യ സംസ്കരണം, പമ്പ് സെറ്റ് വിതരണം, തെങ്ങുകയറ്റ യന്ത്രം വിതരണം, കേര വികസന സമിതികൾക്കുള്ള പ്രവർത്തന ചെലവ്, സംഘാടന ചെലവുകൾക്കും മറ്റ് കൂട്ടായ്മയോടെയുള്ള കേര വികസന പ്രവർത്തനങ്ങൾ തുടങ്ങിയവ നടപ്പിലാക്കിയിട്ടുണ്ട്.

(സി) മണ്ഡലത്തിലെ ഏതൊക്കെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലാണ് കേരഗ്രാമം പദ്ധതി ഇതുവരെ നടപ്പിലാക്കാത്തതെന്നും അവിടെയൊക്കെ പദ്ധതി നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ എന്നും അറിയിക്കുമോ?

മുണ്ടത്തിക്കോട്, അവണൂർ, അടാട്ട്, കൈപ്പറമ്പ് എന്നീ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലാണ് ഇതുവരെ കേരഗ്രാമം പദ്ധതി

നടപ്പിലാക്കാത്തത്. ഫണ്ടിന്റെ ലഭ്യത, പദ്ധതി മാനദണ്ഡങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിലാണ് പദ്ധതിയിൽ പഞ്ചായത്തുകളെ ഉൾപ്പെടുത്തുന്നത്.

ചവറ മണ്ഡലത്തിലെ കേരഗ്രാമം പദ്ധതി

35(1608) ഡോ. സുജിത് വിജയൻപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചവറ മണ്ഡലത്തിൽ ഏതെല്ലാം ഗ്രാമപഞ്ചായത്തുകളിൽ കേരഗ്രാമം പദ്ധതി നടപ്പിലാക്കിയിട്ടുണ്ടെന്ന് അറിയിക്കുമോ?

ചവറ മണ്ഡലത്തിലെ പന്മന, തേവലക്കര, ചവറ ഗ്രാമപഞ്ചായത്തുകളിൽ കേരഗ്രാമം പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിയിലൂടെ നടത്തുന്ന പ്രവർത്തനങ്ങൾ വിശദീകരിക്കുമോ?

കേരഗ്രാമം പദ്ധതിയിൽ പഞ്ചായത്ത് സമിതിയുടെ ആക്ഷൻ പ്ലാൻ പ്രകാരം നാളികേരത്തിന്റെ ഉൽപാദനവും ഉൽപാദനക്ഷമതയും വർധിപ്പിക്കുന്ന ചുവടെ ചേർത്തിരിക്കുന്ന ഘടകങ്ങളാണ് പ്രധാനമായും നടപ്പിലാക്കുന്നത്.

1) ജൈവവളം, കമ്മായം, തെങ്ങ് കയറ്റയന്ത്രങ്ങളുടെ വിതരണം.

2) തെങ്ങിന് മരുന്ന് തളിക്കൽ

3) രോഗം ബാധിച്ചതും ഉൽപാദനശേഷി കുറവുള്ളതുമായ തെങ്ങുകൾ

4) വെട്ടിമാറ്റി പകരം തെങ്ങിൻ തൈകൾ നൽകൽ

5) ജൈവവള കമ്പോസ്റ്റ് നിർമ്മാണ യൂണിറ്റ്

6) തെങ്ങിന് തടമെടുക്കൽ

7) ജലസേചന പമ്പ്സെറ്റ് വിതരണം

8) ജലസേചന കിണർ സ്ഥാപിക്കൽ

9) മിനി പ്രോസസിങ് യൂണിറ്റ്

10) കേര സമിതികൾക്കുള്ള സാമ്പത്തിക സഹായം

നാളികേര സംഭരണ കേന്ദ്രങ്ങൾ

36(1609) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ എത്ര നാളികേര സംഭരണ കേന്ദ്രങ്ങളുണ്ട്; 2010 മുതൽ നാളിതുവരെ ഓരോ വർഷവും എത്ര നാളികേര

സംഭരണ കേന്ദ്രങ്ങൾ ഉണ്ടായിരുന്നുവെന്ന് വർഷം തിരിച്ച് വ്യക്തമാക്കുമോ;

(ബി) 2010 മുതൽ നാളിതുവരെ ഓരോവർഷവും നാളികേര താങ്ങുവില ഇനത്തിൽ കർഷകർക്ക് എത്രരൂപ നൽകിയിട്ടുണ്ടെന്നും നാളികേരത്തിന്റെ താങ്ങുവില എത്രയായിരുന്നുവെന്നും വർഷം തിരിച്ച് നൽകാമോ?

(എ & ബി) സംസ്ഥാനത്ത് നിലവിൽ 85 നാളികേര സംഭരണ കേന്ദ്രങ്ങളുണ്ട്. കൃഷി വകുപ്പിന്റെ കീഴിൽ കേരഫെഡ് മുഖേന 2012-13 സാമ്പത്തിക വർഷം മുതലാണ് നാളികേര സംഭരണം ആരംഭിച്ചത്. 2012-13 സാമ്പത്തിക വർഷം മുതൽ നാളിതുവരെ ഓരോ സാമ്പത്തിക വർഷത്തെയും നാളികേര സംഭരണ കേന്ദ്രങ്ങളുടെ എണ്ണം, നിലവിലുണ്ടായിരുന്ന താങ്ങുവില, സംസ്ഥാന സർക്കാരിന്റെ പദ്ധതി വിഹിത ഇനത്തിൽ നൽകിയ തുക, 8 സംഭരണ കേന്ദ്രങ്ങൾ മുഖേന കൊപ്ര സംഭരണത്തിനായി മാർക്കറ്റ് ഫെഡ് കർഷകരിൽനിന്നും 2022-23, 2023-24 വർഷങ്ങളിൽ സംഭരിച്ച പച്ചതേങ്ങയ്ക്ക് നൽകിയ തുക എന്നിവ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സ്വാഭാവിക റബ്ബർ, കോമ്പൗണ്ട് റബ്ബർ എന്നിവയുടെ ഇറക്കുമതി

37(1610) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്തേക്കുള്ള സ്വാഭാവിക റബ്ബർ, കോമ്പൗണ്ട് റബ്ബർ എന്നിവയുടെ കഴിഞ്ഞ അഞ്ച് വർഷങ്ങളിലെ ഇറക്കുമതി സംബന്ധിച്ച കണക്കുകൾ ലഭ്യമാണോ; ഉണ്ടെങ്കിൽ ആയത് ലഭ്യമാക്കുമോ; പ്രസ്തുത ഇറക്കുമതി നിയന്ത്രിക്കണമെന്ന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

ഇന്ത്യയിലേക്കുള്ള സ്വാഭാവിക റബ്ബർ, കോമ്പൗണ്ട് റബ്ബർ എന്നിവയുടെ കഴിഞ്ഞ അഞ്ച് വർഷങ്ങളിലെ (2019-20 മുതൽ 2023-24 വരെ) ഇറക്കുമതി സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

റബ്ബർ ഇറക്കുമതി പരിമിതപ്പെടുത്തണമെന്നും തീരുവയില്ലാതെയുള്ള സ്വാഭാവിക റബ്ബർ ഇറക്കുമതി അവസാനിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും എല്ലാ തരത്തിലുമുള്ള ഉണക്കത്തുപത്തിലുള്ള സ്വാഭാവിക റബ്ബറിന്റെയും കോമ്പൗണ്ട് റബ്ബറിന്റെയും ഇറക്കുമതി തീരുവ 70

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ശതമാനത്തിലേക്ക് ഉയർത്തണമെന്നും സംസ്ഥാന സർക്കാർ നിരവധി തവണ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. സ്വാഭാവിക റബ്ബർ ഇറക്കുമതിക്ക് നിലവിലുള്ള തുറമുഖ നിയന്ത്രണങ്ങൾ തുടരണമെന്നും സ്വാഭാവിക റബ്ബർ, ചിരട്ടപ്പാൽ എന്നിവയുടെ ഇറക്കുമതി 2019-ലെ നാഷണൽ റബ്ബർ പോളിസിയിലൂടെ തടയണമെന്നും കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

റബ്ബർ കൃഷി പ്രോത്സാഹിപ്പിക്കാൻ നടപടി

38(1611) ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റബ്ബർ കൃഷി പ്രോത്സാഹിപ്പിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

സംസ്ഥാനത്തെ റബ്ബർ കർഷകർക്ക് പുതുകൃഷി/ആവർത്തന കൃഷി ചെയ്യുന്നതിന് റബ്ബർ ബോർഡ് വഴി ധനസഹായം നൽകുന്നുണ്ട്. ഉൽപാദന ക്ഷമതാ വർധനവിനുവേണ്ടി വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. റബ്ബർ തോട്ടങ്ങളിൽ റെയിൻ ഗാർഡ് ചെയ്യുന്നതിനും മരുന്ന് തളിക്കുന്നതിനും ധനസഹായം നൽകിവരുന്നു. റബ്ബർ ഉൽപാദക സംഘങ്ങളുടെ

നവീകരണത്തിന്റെ ഭാഗമായി സമൂഹ സംസ്കരണശാലയിലെ വിവിധ ആവശ്യങ്ങൾക്കായും ധനസഹായം നൽകിവരുന്നു. റബ്ബർ തോട്ടങ്ങളിൽ ജോലി ചെയ്യുവരുന്ന തൊഴിലാളികളുടെ ക്ഷേമത്തിനായി വിദ്യാഭ്യാസ സഹായം, വൈദ്യ സഹായം, ഭവന നിർമ്മാണ സഹായം, വനിതാ ടാപ്പർമാർക്കുള്ള പ്രത്യേക ധന സഹായം, പെൻഷൻ പദ്ധതി തുടങ്ങിയവയും നടപ്പിലാക്കിവരുന്നു.

കൃഷി വകുപ്പ് മുഖേന റബ്ബർ കൃഷി പ്രോത്സാഹനത്തിനായി നടപ്പിലാക്കി വരുന്ന പദ്ധതിയാണ് റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം. കൃഷി വകുപ്പും, റബ്ബർ ബോർഡും സംയുക്തമായാണ് പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതി പ്രകാരം റബ്ബറിന്റെ താങ്ങുവിലയും അതതു ദിവസങ്ങളിൽ പ്രസിദ്ധീകരിക്കുന്ന വിലയും തമ്മിലുള്ള വ്യത്യാസം റബ്ബർ ബോർഡ് സാക്ഷ്യപ്പെടുത്തി നൽകുന്ന ബില്ലിന്റെ അടിസ്ഥാനത്തിൽ സബ്സിഡിയായി രജിസ്റ്റർ ചെയ്ത കർഷകരുടെ ബാങ്ക് അക്കൗണ്ടിലേക്ക് തുക വിതരണം ചെയ്യുന്നു. 5 ഹെക്ടറിൽ താഴെ കൃഷിഭൂമിയുള്ള കർഷകർക്ക് പരമാവധി 2 ഹെക്ടറിനാണ് സബ്സിഡി നൽകുന്നത്. 2024-25 വർഷം

61.57 കോടി രൂപ റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവിനായി മാറി നൽകിയിട്ടുണ്ട്. നിലവിലെ ഇൻസെന്റീവ് തുകയായ കിലോഗ്രാമിന് 180/- രൂപ എന്നത് 250/- രൂപയാക്കുന്നതിന് കേന്ദ്ര സർക്കാരിൽനിന്നും സാമ്പത്തിക സഹായം ആവശ്യപ്പെട്ടിട്ടുണ്ടെങ്കിലും ലഭ്യമായിട്ടില്ല.

(ബി) 2010 മുതൽ നാളിതുവരെ റബ്ബർ കൃഷിചെയ്തിരുന്ന ഭൂമി സംബന്ധിച്ച വിവരം വർഷം തിരിച്ച് നൽകുമോ?

2010 മുതൽ റബ്ബർ കൃഷി ചെയ്തിരുന്ന ഭൂമി സംബന്ധിച്ച് സാമ്പത്തിക സ്ഥിതി വിവര കണക്ക് വകുപ്പ് രേഖപ്പെടുത്തിയ വിവരം അനുബന്ധമായി ചേർക്കുന്നു.+

റബർ ഇൻസെന്റീവ് സ്കീം

39(1612) ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2016 മുതൽ നാളിതുവരെ ഓരോ വർഷവും റബ്ബർ ഇൻസെന്റീവ് സ്കീമിനായി ബജറ്റിൽ വകയിരുത്തിയ തുക, വിതരണം ചെയ്ത തുക എന്നിവ സംബന്ധിച്ച വിവരം വർഷം തിരിച്ച് ലഭ്യമാക്കുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സംസ്ഥാനത്ത് 2015-16 സാമ്പത്തികവർഷം മുതൽ 2024-25 (നാളിതുവരെ) വരെ റബ്ബർ ഇൻസെന്റീവ് സ്കീമിനായി ബജറ്റിൽ വകയിരുത്തിയ തുക, വിതരണം ചെയ്ത തുക എന്നിവ സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു+.

(ബി) നടപ്പു സാമ്പത്തികവർഷം പ്രസ്തുത പദ്ധതി പ്രകാരം നാളിതുവരെ എത്ര തുക വിതരണം ചെയ്തിട്ടുണ്ട്; വ്യക്തമാക്കുമോ?

നടപ്പു സാമ്പത്തിക വർഷം റബ്ബർ സബ്സിഡിക്കുള്ള ബജറ്റ് വിഹിതം 500 കോടി രൂപയാണ്. ഈ സാമ്പത്തിക വർഷം പ്രസ്തുത പദ്ധതിക്കായി 61.57 കോടി രൂപ ഇതുവരെ ചെലവാക്കിയിട്ടുണ്ട്. റബ്ബർ ബോർഡ് അംഗീകരിച്ച് സർക്കാരിലേക്ക് ശിപാർശ ചെയ്ത നവംബർ 2024 വരെയുള്ള മുഴുവൻ ബില്ലുകളിന്മേലും ഇതിനകം സബ്സിഡി അനുവദിച്ചിട്ടുണ്ട്. ശേഷിക്കുന്ന ബില്ലുകളിന്മേൽ നടപടി സ്വീകരിച്ചുവരുന്നു.

റബ്ബർ കൃഷി പ്രോത്സാഹിപ്പിക്കാൻ നടപടി

40(1613) ശ്രീ. മാണി സി. കാപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) സംസ്ഥാനത്ത് റബ്ബർ കൃഷിയും ഉൽപാദനക്ഷമതയും ഗണ്യമായി കുറഞ്ഞത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് കൂട്ടാൻ എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിരിക്കുന്നത്; വിശദമാക്കാമോ?

റബ്ബർ ബോർഡിന്റെ രേഖകൾ പ്രകാരം കഴിഞ്ഞ മൂന്ന് വർഷങ്ങളിലെ റബ്ബറിന്റെ വിള വിസ്തൃതിയും ഉൽപാദനക്ഷമതയും സംബന്ധിച്ച കണക്ക് ചുവടെ ചേർക്കുന്നു:

വർഷം	2021-22	2022-23	2023-24
വിള വിസ്തൃതി (ഹെക്ടർ)	550000	549780	548300
ഉൽപാദനക്ഷമത (കി.ഗ്രാം/ഹെക്ടർ)	1565	1570	1573

നിലവിൽ റബ്ബർ കൃഷി ചെയ്യുന്ന സ്ഥല വിസ്തീർണ്ണത്തിൽ കാര്യമായ കുറവുണ്ടായിട്ടില്ല. എന്നാൽ ഉൽപാദനക്ഷമത വർധിപ്പിച്ചിട്ടുണ്ട്. റബ്ബറിന്റെ ഉൽപാദനക്ഷമത വർധിപ്പിക്കുന്നതിന്റെ ഭാഗമായി റബ്ബർ ബോർഡ് വഴി റെയിൻ ഗാർഡ് ഒരുക്കുന്നതിനും മരുന്ന് തളിക്കുന്നതിനും ധനസഹായം ലഭ്യമാക്കുന്നുണ്ട്. 2024-25 വർഷം മുതൽ സംസ്ഥാന കൃഷി വകുപ്പ് നടപ്പിലാക്കുന്ന 'കേരള കാലാവസ്ഥ പ്രതിരോധ മൂല്യ വർധിത ശൃംഖല

നവീകരണ പദ്ധതി (കേര)' യിലൂടെ റബ്ബർ കർഷകർക്ക് റബ്ബർ റീപ്ലാന്റേഷനുള്ള സഹായം (225 കോടി) രൂപ റബ്ബർ നഴ്സറികൾക്കുള്ള സഹായം, റബ്ബർ കർഷകർക്കുള്ള പാർഷ്യൽ ക്രെഡിറ്റ് ഗ്യാരന്റി സപ്പോർട്ട് സ്കീം തുടങ്ങിയവയും ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് റബ്ബർകൃഷി പ്രോത്സാഹിപ്പിക്കാൻ നിലവിൽ എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകിവരുന്നത്; വിശദമാക്കുമോ?

റബ്ബറിന്റെ ഉൽപാദനം, വികസനം, കയറ്റുമതി എന്നീ കാര്യങ്ങൾ കേന്ദ്രവാണിജ്യ മന്ത്രാലയത്തിന്റെ കീഴിലുള്ള റബ്ബർ ബോർഡിൽ നിക്ഷിപ്തമാണെങ്കിലും വിള ഇൻഷ്വറൻസും നടീൽ വസ്തുക്കൾക്കുള്ള സഹായവും യന്ത്രവൽക്കരണവും മൂല്യ വർധനവിനുള്ള പദ്ധതികളും കൃഷി വകുപ്പ് മുഖേന നടപ്പിലാക്കിവരുന്നുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതികളായ PMFBY, RWBCIS, SMAM, അഗ്രികൾച്ചർ ഇൻഫ്രാസ്ട്രക്ചർ ഫണ്ടും സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയുമാണ് ഇവയിൽ പ്രധാനപ്പെട്ടത്.

കൃഷി വകുപ്പ് മുഖേന റബ്ബർ കൃഷി പ്രോത്സാഹനത്തിനായി നടപ്പിലാക്കി വരുന്ന പദ്ധതിയാണ് റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം.

റബ്ബർ ബോർഡ് സാക്ഷ്യപ്പെടുത്തി നൽകുന്ന ബില്ലിന്റെ അടിസ്ഥാനത്തിൽ RPIS പ്രകാരം സർക്കാർ നിശ്ചയിച്ചിരിക്കുന്ന തുകയും അതത് ദിവസങ്ങളിൽ റബ്ബർ ബോർഡ് പ്രസിദ്ധീകരിക്കുന്ന വിലയും തമ്മിലുള്ള വ്യത്യാസം സബ്സിഡിയായി രജിസ്റ്റർ ചെയ്ത കർഷകരുടെ ബാങ്ക് അക്കൗണ്ടിലേക്ക് വിതരണം ചെയ്യുന്നു. ഈ സാമ്പത്തിക വർഷം നാളിതുവരെ ഇതിനായി 61.57 കോടി രൂപ കൈമാറിയിട്ടുണ്ട്.

റബ്ബർ ബോർഡ് വഴി, റബ്ബർ തോട്ടങ്ങളിൽ ജോലി ചെയ്യുവരുന്ന തൊഴിലാളികളുടെ ക്ഷേമത്തിനായി വിദ്യാഭ്യാസ സഹായം, വൈദ്യ സഹായം, ഭവന നിർമ്മാണ സഹായം, വനിതാ ടാപ്പർമാർക്കുള്ള പ്രത്യേക ധനസഹായം, പെൻഷൻ പദ്ധതി തുടങ്ങിയവയും നടപ്പിലാക്കിവരുന്നു.

റബ്ബറിന്റെ താങ്ങുവില വർധിപ്പിക്കാൻ നടപടി

41(1614) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സ്വാഭാവിക റബ്ബറിന് കിലോഗ്രാമിന് ഇരുന്നൂറ്റി അൻപത് രൂപ ലഭ്യമാക്കുമെന്ന നിലവിലെ സർക്കാരിന്റെ തിരഞ്ഞെടുപ്പ് വാഗ്ദാനം നടപ്പിലാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇത് എന്നത്തേക്ക്

നടപ്പിലാക്കുമെന്ന് വ്യക്തമാക്കുമോ?

2024 ഏപ്രിൽ 1 മുതൽ റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ്, കിലോ ഗ്രാമിന് 170/- രൂപ എന്നത് 180/- രൂപയാക്കി സംസ്ഥാന സർക്കാർ വർധിപ്പിച്ചിട്ടുണ്ട്. റബ്ബറിന്റെ താങ്ങുവില 250/- രൂപയായി കേന്ദ്ര സഹായത്തോടെ വർധിപ്പിക്കുമെന്നാണ് പ്രകടന പത്രികയിൽ പറഞ്ഞിരുന്നത്. താങ്ങുവില വർധിപ്പിക്കുന്നതിന് സംസ്ഥാന സർക്കാർ കേന്ദ്രസർക്കാരിനോട് സഹായമഭ്യർഥിച്ചിട്ടുണ്ടെങ്കിലും പരിഗണിച്ചിട്ടില്ല.

"നല്ല മണ്ണ് " പദ്ധതി

42(1615) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ മണ്ഡലത്തിലെ കരിവെള്ളൂർ-പെരളം ഗ്രാമപഞ്ചായത്തിൽ തരിശ് രഹിത പാടശേഖരം എന്ന ലക്ഷ്യം യാഥാർഥ്യമാക്കാൻ "നല്ല മണ്ണ്" എന്ന പേരിൽ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോയെന്ന് അറിയിക്കാമോ?

പയ്യന്നൂർ മണ്ഡലത്തിലെ കരിവെള്ളൂർ-പെരളം ഗ്രാമപഞ്ചായത്തിൽ തരിശ് രഹിത പാടശേഖരം എന്ന ലക്ഷ്യം യാഥാർഥ്യമാക്കാൻ 2021-22

വർഷത്തിൽ ഹരിത കേരള മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി 1,96,47,340/- രൂപയുടെ "നല്ല മണ്ണ് " എന്ന പ്രോജക്ട് സംസ്ഥാന പ്ലാനിംഗ് ബോർഡിന് സമർപ്പിച്ചിട്ടുണ്ടായിരുന്നെങ്കിലും അംഗീകാരം ലഭിച്ചില്ല.

(ബി) പ്രസ്തുത പദ്ധതിക്ക് ധനസഹായം ലഭ്യമാക്കുന്നതിനായി നബാർഡിൽ ഡി.പി.ആർ. സമർപ്പിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

സമർപ്പിച്ചിട്ടില്ല.

(സി) പ്രസ്തുത പദ്ധതിക്ക് ഈ സാമ്പത്തിക വർഷം നബാർഡിൽ നിന്ന് ധനസഹായം ലഭ്യമാക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കുമോ?

ഇല്ല.

നെൽ കർഷകർ നേരിടുന്ന പ്രശ്നങ്ങൾ

43(1616) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെൽ കർഷകർ നേരിടുന്ന വിവിധ സാങ്കേതിക പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉണ്ട്. നെൽകർഷകർ നേരിടുന്ന സാങ്കേതിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി കൃഷി വകുപ്പ് നടത്തിവരുന്ന പ്രവർത്തനങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

(ബി) യന്ത്ര തകരാറും മറ്റ് കാരണങ്ങളാലും യഥാസമയം നെൽ കൃഷിയിലെ വിളവെടുക്കുന്നില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ?

കൊയ്ത്ത് മെതിയന്ത്രത്തിന്റെ പ്രവർത്തനക്ഷമതയിലെ കുറവുമൂലം കർഷകർക്ക് നഷ്ടമുണ്ടാകുന്നതിന് പരിഹാരമായി കാർഷിക യന്ത്രവൽക്കരണ മിഷന്റെ ടീമിനെ പരാതിയുള്ള സ്ഥലങ്ങളിൽ നിയോഗിച്ചിട്ടുണ്ട്. SMAM പദ്ധതി പ്രകാരം വിളവെടുപ്പിനും വിളവെടുപ്പാനന്തര പ്രവർത്തനങ്ങൾക്കും നൽകി വരുന്ന സഹായങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

(സി) നെല്ലിന് ശരാശരി താങ്ങുവില നിശ്ചയിച്ച് കർഷകർക്ക് ആശ്വാസം നൽകുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശങ്ങൾ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

അറിയിക്കുമോ?

ദേശീയ തലത്തിൽ നടപ്പിലാക്കിവരുന്ന വികേന്ദ്രീകൃത ധാന്യസംഭരണ പദ്ധതിയുടെ ഭാഗമായാണ് സംസ്ഥാനത്തും നെല്ലുസംഭരണം നടന്നുവരുന്നത്. കേന്ദ്രസർക്കാർ നൽകേണ്ട താങ്ങുവില (MSP) യോടൊപ്പം സംസ്ഥാന പ്രോത്സാഹന ബോണസ് കൂടി ചേർത്താണ് കർഷകർക്ക് സംഭരണവില നൽകിവരുന്നത്. MSP ആയി കേന്ദ്ര സർക്കാരിൽനിന്നും ലഭിക്കുന്ന തുകയുടെ അപര്യാപ്തത പരിഹരിക്കുന്നതിന് വേണ്ടിയാണ് സംസ്ഥാനത്ത് പ്രോത്സാഹന ബോണസ് നൽകുന്നത്. എം.എസ്.പി.-യും സംസ്ഥാന സർക്കാർ നൽകുന്ന പ്രോത്സാഹന ബോണസും കൈകാര്യ ചെലവും ചേർത്ത് ഒരു കിലോ ഗ്രാം നെല്ലിന് 28 രൂപ 32 പൈസ സംഭരണ വിലയായി നിശ്ചയിച്ചിട്ടുണ്ട്. ദേശീയതലത്തിൽ MSP കണക്കാക്കുമ്പോൾ ചില സംസ്ഥാനങ്ങൾക്ക് MSP കൂടുതൽ ഗ്രണം ചെയ്യുമ്പോൾ കേരളം പോലെയുള്ള സംസ്ഥാനങ്ങൾക്ക് അർഹമായതുപോലും ലഭിക്കാത്ത അവസ്ഥയാണുള്ളത്. സംസ്ഥാനത്തെ നെല്ലിന്റെ ഉൽപാദന ചെലവിന് ആനുപാതികമായ താങ്ങുവില സംസ്ഥാനത്തെ നെൽകർഷകർക്ക് ലഭ്യമാക്കണമെന്ന്

സംസ്ഥാന സർക്കാർ കേന്ദ്രത്തോട് നിരന്തരം ആവശ്യപ്പെടുന്നുണ്ടെങ്കിലും പരിഗണന ലഭിച്ചിട്ടില്ല.

കാർഷിക ഉൽപന്നങ്ങളുടെ താങ്ങുവില കൂടിശ്ശിക

44(1617) ശ്രീ. മാണി സി. കാപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷകരുടെ ഉൽപന്നങ്ങൾക്ക് യഥാസമയം താങ്ങുവില ലഭ്യമാകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ താങ്ങുവില യഥാസമയം ലഭ്യമാക്കി കർഷകരുടെ പ്രയാസം പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

(ബി) കാർഷിക ഉൽപന്നങ്ങൾക്ക് താങ്ങുവിലയായി നൽകാനുള്ള കൂടിശ്ശിക തുക എത്രയാണെന്ന് വിശദമാക്കുമോ?

(എ & ബി) അടിസ്ഥാന വില പദ്ധതി പ്രകാരം കർഷകർക്ക് നൽകാനുണ്ടായിരുന്ന തുകയായ 69.61323 ലക്ഷം രൂപ ടഷറി നിയന്ത്രണംമൂലം മാറി നൽകാൻ കഴിഞ്ഞിരുന്നില്ല. ടി തുകയിൽ ബന്ധപ്പെട്ട ശീർഷകത്തിൽ ഫണ്ട് ലഭ്യതയുടെ അടിസ്ഥാനത്തിൽ നടപ്പ് സാമ്പത്തിക വർഷത്തിൽ 13.09656 ലക്ഷം രൂപ മാറി നൽകുകയും 6.29678 ലക്ഷം

രൂപയുടെ ബില്ല് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. ബാക്കി തുകയായ 50.21989 ലക്ഷം രൂപ മാറിനൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) കാർഷിക ഉൽപന്നങ്ങൾക്ക് നിശ്ചയിച്ചിരിക്കുന്ന താങ്ങുവില അപര്യാപ്തമായതിനാൽ പ്രസ്തുത വില പുതുക്കി നിശ്ചയിച്ച് കർഷകരെ സംരക്ഷിക്കാൻ തീരുമാനമെടുത്തിട്ടുണ്ടോ; വിശദമാക്കുമോ?

പരിശോധിക്കുന്നതാണ്.

ഒരു ലക്ഷം യുവജനങ്ങൾക്കുള്ള പ്രത്യേക തൊഴിൽദാന പദ്ധതി

45(1618) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് ആരംഭിച്ച കാർഷിക മേഖലയിൽ ഒരു ലക്ഷം യുവജനങ്ങൾക്കുള്ള പ്രത്യേക തൊഴിൽദാന പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; പ്രസ്തുത പദ്ധതി ഇപ്പോൾ നിലവിലുണ്ടോ എന്ന് അറിയിക്കുമോ?

കൃഷി, മൃഗസംരക്ഷണം, ക്ഷീര വികസനം എന്നീ മേഖലകളിലെ വിവിധ പരിപാടികൾ ഒറ്റയ്ക്കോ കൂട്ടായോ തിരഞ്ഞെടുത്ത് തൊഴിൽ

കണ്ടെത്തുകയെന്ന ലക്ഷ്യത്തോടെ 1993-1994-ൽ ആരംഭിച്ച പദ്ധതിയാണ് കാർഷിക മേഖലയിൽ ഒരു ലക്ഷം യുവജനങ്ങൾക്കുള്ള പ്രത്യേക തൊഴിൽദാന പദ്ധതി. 1994 ജൂലൈ ഒന്നാം തീയതി 20 വയസ്സ് പൂർത്തിയായവരും 35 വയസ്സിനുമുകളിൽ പ്രായമാകാത്തവരും (പട്ടിക ജാതി പട്ടിക വർഗ വിഭാഗത്തിന് ഉയർന്ന പ്രായ പരിധി 40 വയസ്സ്), 5 സെന്റ് ഭൂമിയെങ്കിലും സ്വന്തമായോ കൈവശമോ ഉള്ള വ്യക്തികളുമാണ് പദ്ധതിയിൽ അംഗമായത്. 100/- രൂപ രജിസ്ട്രേഷൻ ഫീസും 1000/- രൂപ പദ്ധതി വിഹിതവും ജനറൽ വിഭാഗത്തിനും പട്ടികജാതി പട്ടികവർഗ വിഭാഗത്തിന് 100/- രൂപ രജിസ്ട്രേഷൻ ഫീസും ഒടുക്കിയാണ് അംഗമായത്. പ്രസ്തുത പദ്ധതി ഇപ്പോൾ നിലവിലുണ്ട്. ടി പദ്ധതിയിൽ നിലവിൽ 83,881 അംഗങ്ങളാണ് തുടരുന്നത്.

ഈ പദ്ധതിയിൽ താഴെപ്പറയുന്ന ആനുകൂല്യങ്ങളാണ് നൽകിവരുന്നത്.

1. പദ്ധതി അംഗമായി തുടർന്ന് 60 വയസ്സ് തികഞ്ഞ അംഗങ്ങൾക്ക് -ഗ്രാറ്റുവിറ്റി 30000/- രൂപ പ്രതിമാസ പെൻഷൻ- 1000/- രൂപ
2. പദ്ധതി അംഗമായിരിക്കെ 60 വയസ്സിനുമുമ്പ് മരണപ്പെട്ടാൽ -

നോമിനിക്ക് 25000/- രൂപ ഒറ്റത്തവണ മരണാനന്തര ആനുകൂല്യം.

3. 60 വയസ്സ് പൂർത്തിയായശേഷം മരണമടഞ്ഞ പദ്ധതി അംഗത്തിന്റെ നോമിനിക്ക് അംഗത്തിന്റെ മരണംവരെയുള്ള കാലയളവിലെ പെൻഷൻ/ഗ്രാറ്റുവിറ്റി അനുവദിക്കുന്നത് (ഒറ്റ തവണ).

4. പദ്ധതി അംഗമായിരിക്കെ ശാരീരികവും മാനസികമായ പൂർണ്ണമായ അവശതകൾ കാരണം കാർഷിക മേഖലയിൽ തുടരാൻ കഴിയാത്തവർക്ക് 25000/- രൂപ ഒറ്റ തവണ ആനുകൂല്യം.

5. പ്രായപരിധിയിൽ വ്യത്യാസമുള്ള പദ്ധതി അംഗത്തിന് സർക്കാർ ഉത്തരവ് പ്രകാരം അംഗമായി ചേർന്നുകൊണ്ട് പെൻഷൻ ഗ്രാറ്റുവിറ്റി പദ്ധതി പ്രകാരമുള്ള മറ്റ് ആനുകൂല്യങ്ങളും.

6. മറ്റു തൊഴിലുകളിൽ ഏർപ്പെട്ടതിനാൽ പദ്ധതിയിൽനിന്നും സ്വമേധയാ പിരിഞ്ഞു പോയവർക്ക് ഒറ്റ തവണ ആനുകൂല്യം 7500/-രൂപ.

(ബി) ആയിരം രൂപ അടച്ച് പ്രസ്തുത പദ്ധതിയിൽ അംഗമായ അറുപത് വയസ്സ് കഴിഞ്ഞവർക്ക് നിലവിൽ മുപ്പതിനായിരം രൂപ ഗ്രാറ്റുവിറ്റിയും ആയിരം രൂപ പ്രതിമാസ പെൻഷനും നൽകുന്നുണ്ടോ; വിശദമാക്കുമോ?

ആയിരം രൂപ അടച്ച് പ്രസ്തുത പദ്ധതിയിൽ അംഗമായ അറുപത് വയസ്സ് കഴിഞ്ഞവർക്ക് നിലവിൽ മുപ്പതിനായിരം രൂപ ഗ്രാറ്റുവിറ്റിയും ആയിരം രൂപ പ്രതിമാസ പെൻഷനും നൽകിവരുന്നുണ്ട്.

(സി) അറുപത് വയസ്സിനുശേഷം കൃഷിഭവനിൽ അപേക്ഷ സമർപ്പിച്ച അംഗങ്ങൾക്ക് ഒരുവർഷം കഴിഞ്ഞിട്ടും ആനുകൂല്യം ലഭ്യമാക്കാത്തതിന്റെ കാരണം വിശദീകരിക്കുമോ?

അപാകതകളോടെ അപേക്ഷകൾ ലഭ്യമാകുമ്പോൾ, ആയത് അപേക്ഷകരിൽനിന്നും പരിഹരിച്ച് തിരികെ ലഭിക്കുന്നതിന് കാലതാമസം നേരിടുന്നു. അപാകതകൾ ഇല്ലാതെ ലഭ്യമാകുന്ന അപേക്ഷകളിൽ കാലതാമസം കൂടാതെ നടപടി സ്വീകരിച്ചുവരുന്നു. അപേക്ഷകളിൽ ദ്രുതഗതിയിൽ തീർപ്പ് കൽപിക്കുന്നതിന് അദാലത്തുകളും നടത്തുന്നുണ്ട്.

(ഡി) കൃഷി ഭവനുകൾ ക്ലിയർ ചെയ്ത അപേക്ഷകളിന്മേൽ എന്ത് നടപടി സ്വീകരിച്ചുവരുന്നുവെന്ന് വ്യക്തമാക്കുമോ?

കൃഷി ഭവനുകൾ ക്ലിയർ ചെയ്ത അപേക്ഷകൾ/ക്ലെയിമുകൾ കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ ഓഫീസിലും പ്രിൻസിപ്പൽ കൃഷി ഓഫീസിലും

പരിശോധന നടത്തി ജില്ലാതല കമ്മിറ്റിയുടെ അംഗീകാരത്തോടെ കൃഷി ഡയറക്ടർക്ക് സമർപ്പിക്കുന്ന ക്ലെയിമുകൾ സൂക്ഷ്മപരിശോധനയ്ക്കുശേഷം ആനുകൂല്യം ഗുണഭോക്താക്കൾക്ക് അനുവദിക്കുകയാണ് ചെയ്തുവരുന്നത്.

കെ.എസ്.ഇ.ബി.എൽ.-ന് നൽകേണ്ട കുടിശ്ശിക അടയ്ക്കാൻ നടപടി

46(1619) <u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷകർക്ക് വൈദ്യുതി സൗജന്യമായി നൽകിയ ഇനത്തിൽ കെ.എസ്.ഇ.ബി.എൽ.-ന് നാളിതുവരെ എന്തു തുക കുടിശ്ശികയുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കുടിശ്ശിക അടിയന്തരമായി അടയ്ക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശം നൽകാമോ?

(എ&ബി) കർഷകർക്ക് വൈദ്യുതി സൗജന്യമായി നൽകിയ ഇനത്തിൽ കെ.എസ്.ഇ.ബി.എൽ.-ന് നാളിതുവരെ 135.83 കോടി രൂപ കുടിശ്ശികയുണ്ട്. ആയത് തീർപ്പാക്കുന്ന വിഷയത്തിൽ കൃഷി വകുപ്പും ഊർജ വകുപ്പും ധനകാര്യ വകുപ്പും നടപടി സ്വീകരിച്ചുവരുന്നു.

കാർഷിക വിളകൾക്ക് ഇൻഷ്വറൻസ് പദ്ധതി

47(1620) ശ്രീ. ടി. പി. രാമകൃഷ്ണൻ:
ശ്രീ. കെ. യു. ജനീഷ് കുമാർ:
ശ്രീ. പി. പി. ചിത്തരഞ്ജൻ:
ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാർഷിക വിളകൾക്ക് ഇൻഷ്വറൻസ് പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ടോ; ഏതൊക്കെ വിളകളെയാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; വിശദാംശങ്ങൾ നൽകുമോ?

കേരളത്തിലെ പ്രധാനപ്പെട്ട 27 കാർഷിക വിളകളായ തെങ്ങ്, വാഴ, റബ്ബർ, കുരുമുളക്, കമുക്, ഏലം, കശുമാവ്, കൈതച്ചക്ക, കാപ്പി, ഇഞ്ചി, തേയില, മരച്ചീനി, മഞ്ഞൾ, കൊക്കോ, നിലക്കടല, എള്ള്, പച്ചക്കറി, ജാതി, ഗ്രാമ്പൂ, വെറ്റില, പയർവർഗങ്ങൾ, കിഴങ്ങുവർഗങ്ങൾ, കരിമ്പ്, പുകയില, നെല്ല്, മാവ്, ചെറുധാന്യങ്ങൾ (ചാമ, വരക്, തിന, പനിവരക്, കുതിരവാലി) എന്നിവയ്ക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നുണ്ട്. ദീർഘകാലവിളകൾക്ക് കായ്ച്ച് തുടങ്ങുന്നതുവരെയുള്ള കാലത്തേക്ക് പ്രത്യേക വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം സംരക്ഷണം ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിയിൽ അംഗമാകാൻ അർഹതയുള്ള കർഷക വിഭാഗങ്ങൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ?

1. സ്വന്തമായോ പാട്ടത്തിനോ കൃഷിയിറക്കുന്ന കർഷകർക്ക് ഈ പദ്ധതിയിൽ അംഗമാകുന്നതിന് അർഹതയുണ്ട്.

2. നെൽകൃഷിക്ക് ഗ്രൂപ്പ് ഫാമിങ് നിലവിലുള്ള പാടശേഖരങ്ങളിൽ സജീവമായി പ്രവർത്തിക്കുന്ന സമിതികൾക്ക് സെക്രട്ടറിയുടെയോ പ്രസിഡന്റിന്റെയോ പേരിൽ ഗ്രൂപ്പ് അടിസ്ഥാനത്തിലും ഗ്രൂപ്പ് ഫാമിങ് നിലവിലില്ലാത്ത പാടശേഖരങ്ങളിൽ നിലവിലുള്ള രീതിയിൽ വ്യക്തിഗത അടിസ്ഥാനത്തിലും വിള ഇൻഷ്വറൻസിൽ അംഗമായി ചേരാവുന്നതാണ്. ഗ്രൂപ്പ് അടിസ്ഥാനത്തിൽ ഇൻഷ്വർ ചെയ്ത പാടശേഖരങ്ങളിൽ ഒരാളുടെ പാടത്തിൽ മാത്രം നഷ്ടം ഉണ്ടായാലും അതിനും നഷ്ടപരിഹാരം നൽകുന്നതാണ്.

3. വനം വകുപ്പിന്റെ അനുമതിയോടെ വനഭൂമി വേർതിരിക്കുന്ന ജണ്ടയുടെ പുറത്തുള്ള അസംരക്ഷിത വന ഭൂമിയിൽ കൃഷി ചെയ്യുന്ന കർഷകർക്ക് സംസ്ഥാന വിള ഇൻഷ്വറൻസ്, പ്രകൃതിക്ഷോഭം മൂലമുള്ള കൃഷി

നാശത്തിനുള്ള നഷ്ടപരിഹാരം ഉൾപ്പെടെ സംസ്ഥാന കൃഷി വകുപ്പ് മുഖേന നടപ്പിലാക്കുന്ന എല്ലാ പദ്ധതികളുടെയും ആനുകൂല്യം നൽകുന്നു. പ്രസ്തുത സ്ഥലത്ത് കൃഷി ചെയ്യുന്ന ഹ്രസ്വകാല വിളകളായ നെല്ല്, പച്ചക്കറി, കിഴങ്ങുവർഗങ്ങൾ മുതലായവയും വാർഷിക വിളകളായ വാഴ ഉൾപ്പെടെയുള്ള വിളകൾക്കും മാത്രമെ ആനുകൂല്യം ലഭിക്കുകയുള്ളൂ.

(സി) പ്രസ്തുത പദ്ധതി പ്രകാരം ഏതൊക്കെ വിഭാഗം കെടുതികൾക്കാണ് നഷ്ടപരിഹാരം ലഭ്യമാക്കുന്നത്; വിശദമാക്കുമോ?

വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം വരൾച്ച, വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ, ഭൂമികുലുക്കം/ഭൂകമ്പം, കടലാക്രമണം, ചുഴലിക്കാറ്റ്, കൊടുങ്കാറ്റ്, ഇടിമിന്നൽ, കാട്ടുതീ എന്നീ പ്രകൃതിക്ഷോഭങ്ങൾ മൂലവും വന്യജീവി ആക്രമണംമൂലവും വിളകൾക്കുണ്ടാകുന്ന പൂർണ്ണ നാശത്തിന് നഷ്ടപരിഹാരം നൽകുന്നു. കൂടാതെ നെൽ കൃഷിക്ക് കീടരോഗബാധമൂലം ഉണ്ടാകുന്ന നാശങ്ങൾക്കും ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നു.

(ഡി) പ്രകൃതിക്ഷോഭം, വന്യമൃഗാക്രമണം, കീടരോഗബാധ എന്നിവമൂലം

കാർഷിക വിളകൾക്ക് ഉണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് പ്രസ്തുത പദ്ധതി പ്രകാരം ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുമോ; വിശദമാക്കുമോ?

പ്രകൃതിക്ഷോഭം, വന്യമൃഗാക്രമണം എന്നിവമൂലം ഉണ്ടാകുന്ന നാശനഷ്ടത്തിന് 27 കാർഷിക വിളകൾക്കും നെല്ലിന് കീടരോഗബാധമൂലം

ഉണ്ടാകുന്ന നാശനഷ്ടത്തിനും പ്രസ്തുത പദ്ധതി പ്രകാരം ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കും. നഷ്ടപരിഹാര തോത്, പ്രീമിയം എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു+.

(ഇ) സംസ്ഥാനത്ത് എത്ര കർഷകർ പ്രസ്തുത ഇൻഷ്വറൻസ് പദ്ധതിയിൽ അംഗങ്ങളായിട്ടുണ്ട്; വ്യക്തമാക്കുമോ?

സംസ്ഥാനത്ത് നാളിതുവരെ 784039 കർഷകർ പ്രസ്തുത പദ്ധതിയിൽ അംഗങ്ങളായിട്ടുണ്ട്.

(എഫ്) ഈ സർക്കാർ എത്ര പേർക്ക് എത്ര തുക വീതം ഇൻഷ്വറൻസ് പരിരക്ഷയിനത്തിൽ ലഭ്യമാക്കിയിട്ടുണ്ട്; വിശദാംശം നൽകുമോ?

ഈ സർക്കാർ സംസ്ഥാന വിള ഇൻഷ്വറൻസ് പരിരക്ഷ ഇനത്തിൽ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

133.67 കോടി രൂപ 68982 കർഷകർക്ക് ലഭ്യമാക്കിയിട്ടുണ്ട്. തുകയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു+.

പ്രകൃതി ക്ഷോഭത്തിൽ കൃഷിനാശം സംഭവിച്ച കർഷകർക്ക് നഷ്ട പരിഹാരം

48 (1621) ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര മണ്ഡലത്തിൽ 2020-21, 2021-22, 2022-23, 2023-24, 2024-25 സാമ്പത്തിക വർഷത്തിലും നെയ്യാറ്റിൻകര നഗരസഭ, അതിയന്നൂർ, തിരുപുറം, ചെങ്കൽ, കാരോട്, കുളത്തൂർ എന്നീ പഞ്ചായത്തുകളിലും പ്രകൃതിക്ഷോഭത്തിൽ കൃഷിനാശം സംഭവിച്ച എത്ര കർഷകർക്കാണ് നഷ്ടപരിഹാരം നൽകിയതെന്നും ഓരോ സ്ഥലത്തും അനുവദിച്ച തുക എത്രയെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കർഷകർക്ക് നഷ്ടപരിഹാരം നൽകിയിട്ടില്ലെങ്കിൽ അതിന്റെ കാരണം വിശദമാക്കാമോ?

(എ & ബി) നെയ്യാറ്റിൻകര മണ്ഡലത്തിൽ 2020-21, 2021-22, 2022-23, 2023-24, 2024-25 സാമ്പത്തിക വർഷങ്ങളിൽ പ്രകൃതി ക്ഷോഭത്തിൽ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സംഭവിച്ച കൃഷിനാശത്തിന് നൽകിയ നഷ്ടപരിഹാര തുകയുടെ വിശദാംശങ്ങൾ (സംസ്ഥാന വിഹിതം+ സംസ്ഥാന ദുരന്ത നിവാരണ ഫണ്ട്) അനുബന്ധമായി ചേർത്തിരിക്കുന്നു+. 2021-22, 2022-23, 2023-24, 2024-25 വർഷങ്ങളിലെ കൃഷിനാശത്തിന് അവശേഷിക്കുന്ന നഷ്ടപരിഹാരത്തുക നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കർഷക ക്ഷേമനിധി ബോർഡ്

49(1622) ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുള്ള കർഷക ക്ഷേമനിധി ബോർഡ് ഓഫീസുകളുടെയും ഓരോ ഓഫീസിലും അനുവദിക്കപ്പെട്ടിരിക്കുന്ന തസ്തികകളുടെയും വിവരം ലഭ്യമാക്കുമോ?

കേരള കർഷക ക്ഷേമനിധി ബോർഡിന് തൃശ്ശൂരിൽ ഹെഡ് ഓഫീസും, തൃശ്ശൂർ, കോഴിക്കോട്, തിരുവനന്തപുരം എന്നിവിടങ്ങളിലായി മേഖലാ ഓഫീസുകളും പ്രവർത്തിച്ചുവരുന്നു. കേരള കർഷക ക്ഷേമനിധി ആക്ട് പ്രകാരം ബോർഡിന് താഴെപ്പറയുന്ന തസ്തികകൾ അനുവദിച്ചിട്ടുണ്ട്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ - 1

ജോയിന്റ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ - 1

അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ - 1

ഫിനാൻസ് ഓഫീസർ - 1

അസിസ്റ്റന്റ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ - 3 (മേഖല ഓഫീസിൽ ഒന്ന് വീതം)

(ബി) കർഷക ക്ഷേമനിധി ബോർഡിൽ നിലവിൽ അംഗമായിട്ടുള്ള കർഷകരുടെ എണ്ണം എത്രയാണെന്ന് ജില്ല തിരിച്ച് ലഭ്യമാക്കാമോ?

കർഷക ക്ഷേമനിധി ബോർഡിൽ നിലവിൽ അംഗമായിട്ടുള്ള കർഷകരുടെ ജില്ലതിരിച്ചുള്ള എണ്ണം ചുവടെ ചേർക്കുന്നു:

ജില്ല	അംഗങ്ങളുടെ എണ്ണം (06-02-2025 വരെ)
തിരുവനന്തപുരം	862
കൊല്ലം	898
പത്തനംതിട്ട	423
ആലപ്പുഴ	684

കോട്ടയം	1107
ഇടുക്കി	621
എറണാകുളം	749
തൃശ്ശൂർ	1156
പാലക്കാട്	1479
മലപ്പുറം	903
കോഴിക്കോട്	682
വയനാട്	455
കാസർഗോഡ്	431
ആകെ	11879

(സി) കർഷക ക്ഷേമനിധി ബോർഡ് രൂപീകൃതമായത് മുതൽ ഇതുവരെ പ്രതിവർഷം കർഷകർക്ക് നൽകിയിട്ടുള്ള ആനുകൂല്യങ്ങളുടെയും സഹായങ്ങളുടെയും വിവരം ലഭ്യമാക്കുമോ?

കർഷക ക്ഷേമനിധി പദ്ധതിയിൽ ചേർന്ന് അഞ്ചുവർഷത്തിൽ കുറയാതെ അംശദായം അടയ്ക്കുന്ന അംഗങ്ങൾക്കാണ് ആക്ട് പ്രകാരം ആനുകൂല്യങ്ങൾക്ക് അർഹതയുള്ളത്. പദ്ധതിയിലേക്കുള്ള അംഗത്വ രജിസ്ട്രേഷൻ ആരംഭിച്ചിട്ടുള്ളത് 01-12-2021 മുതലാണ്. പദ്ധതിയിൽ ചേർന്ന് 5 വർഷം പൂർത്തീകരിക്കാത്തതിനാൽ അംഗങ്ങൾക്ക് ആനുകൂല്യങ്ങളും

സഹായങ്ങളും നൽകാറായിട്ടില്ല.

പാടശേഖരങ്ങളിലെ ബണ്ടുകളിൽ സോളാർ പാനലുകൾ സ്ഥാപിക്കാൻ നടപടി

50(1623) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക മേഖലയിൽ പമ്പിങ്ങിനായി ഉപയോഗിക്കുന്ന വൈദ്യുതിയുടെ ഉപഭോഗം കുറയ്ക്കുന്നതിന് വൈദ്യുതി വകുപ്പുമായും പാടശേഖര സമിതികളുമായും സഹകരിച്ച് പാടശേഖരങ്ങളിലെ ബണ്ടുകളിൽ സോളാർ പാനലുകൾ സ്ഥാപിച്ച് വൈദ്യുതി ഉൽപാദിപ്പിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കാമോ;

(ബി) ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കാമോ?

(എ & ബി) ഉണ്ട്. കേരളത്തിൽ കാർഷിക മേഖലയിൽ സൗരോർജ്ജ ഉൽപാദനം വർധിപ്പിക്കുവാൻ കേന്ദ്രാവിഷ്കൃത പദ്ധതിയായ PM KUSUM പദ്ധതിയിലുൾപ്പെടുത്തി അനെർട്ട് മുഖേന ഉയർന്നശേഷിയുള്ള കാർഷിക പമ്പുകളുടെ സൗരോർജവൽക്കരണം നടപ്പിലാക്കിവരുന്നു.

കേന്ദ്രാനുമതി ലഭിച്ച 9348 പമ്പുകളിൽ 5955 പമ്പുകളുടെ സൗരോർജവൽക്കരണം നബാർഡ് RIDF ലോൺ ഉപയോഗിച്ച് നടപ്പിലാക്കി വരുന്നതിൽ കോൾ പാടങ്ങളിലെ ഉയർന്ന ശേഷിയുള്ള പമ്പുകളും ഉൾപ്പെടുന്നു. 20 hp മുതൽ 100 hp വരെ ഉയർന്ന ശേഷിയുള്ള പമ്പുകളാണ് ഇതിൽ ഉൾപ്പെടുന്നത്. പ്രസ്തുത പദ്ധതിക്കായി തൃശ്ശൂർ, മലപ്പുറം (തൃശ്ശൂർ പൊന്നാനി കോൾ പാടങ്ങൾ) ജില്ലകളിൽ നബാർഡ് RIDF ഫണ്ട് അനുവദിച്ചിട്ടുണ്ട്. സാധ്യമായ സ്ഥലങ്ങൾ കണ്ടെത്താൻ തൃശ്ശൂർ, മലപ്പുറം ജില്ലകളിൽ സർവെ നടത്തിവരുന്നു. മണലൂർ നിയോജകമണ്ഡലത്തിൽ സാധ്യതാപഠനം നടത്തി കണ്ടെത്തിയ ഏലമുത കോൾ പടവിൽ 50KW സൗരോർജ നിലയത്തിന്റെ നിർമ്മാണ പ്രവൃത്തികൾ അവസാന ഘട്ടത്തിലാണ്.

പാണാവള്ളി കൃഷിഭവൻ നിർമ്മാണം

51(1624) <u>ശ്രീമതി ദെലീമ</u>: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അരൂർ മണ്ഡലത്തിൽ പാണാവള്ളി കൃഷിഭവൻ നിർമ്മാണത്തിന്

എം.എൽ.എ. ആസ്തി വികസന ഫണ്ടിൽനിന്നും പണം അനുവദിച്ചെങ്കിലും പ്രസ്തുത പ്രവൃത്തി കാലങ്ങളായി നീണ്ടുപോകുന്നതിന്റെ കാരണം വിശദമാക്കാമോ?

കൃഷി വകുപ്പിന്റെ 4401-00-001-98 (നോൺ പ്ലാൻ) ശീർഷകത്തിൽ ഉൾപ്പെടുത്തി, അത്തർ നിയോജകമണ്ഡലത്തിന്റെ 2016-17-ലെ ആസ്തി വികസന ഫണ്ടിൽനിന്നും 33.50 ലക്ഷം രൂപ വിനിയോഗിച്ച് പാണാവള്ളി കൃഷിഭവന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് 2022-23 സാമ്പത്തിക വർഷത്തിൽ സർക്കാർ ഭരണാനുമതി നൽകിയിരുന്നു. 2023-24 വർഷത്തിൽ ടി ശീർഷകത്തിൽ ലഭ്യമായിരുന്ന 7.15 ലക്ഷം രൂപയും അധിക ധനാനുമതിയായി ലഭിച്ച 26.35 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 33.50 ലക്ഷം രൂപ കെട്ടിടം പണിയുന്നതിനായി പൊതുമരാമത്ത് വകുപ്പിന്റെ അക്കൗണ്ടിൽ ഡെപ്പോസിറ്റ് ചെയ്യുന്നതിനായി ആലപ്പുഴ പ്രിൻസിപ്പൽ കൃഷി ഓഫീസർക്ക് അനുമതി നൽകുകയും ചെയ്തു. എന്നാൽ ട്രഷറി നിയന്ത്രണംമൂലം തുക മാറാൻ കഴിഞ്ഞിരുന്നില്ലെന്നും 2024-25 സാമ്പത്തിക വർഷത്തിൽ ടി ശീർഷകത്തിൽ തുക ലഭ്യമല്ലാത്തതിനാൽ 33.50 ലക്ഷം

രൂപ സർക്കാരിൽ നിന്ന് അധിക ധനാനുമതിയായി ലഭ്യമാക്കണമെന്നും ആവശ്യപ്പെട്ട് സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ പരിഗണനയിലാണ്.

ആലത്തൂർ സ്മാർട്ട് കൃഷിഭവൻ

52(1625) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ ഗ്രാമ പഞ്ചായത്തിലെ സ്മാർട്ട് കൃഷിഭവൻ നിർമ്മാണവുമായി ബന്ധപ്പെട്ട നടപടിയുടെ പുരോഗതി വിശദമാക്കാമോ;

(ബി) പ്രസ്തുത സ്മാർട്ട് കൃഷി ഭവൻ കെട്ടിട നിർമ്മാണത്തിനുണ്ടാകുന്ന കാലതാമസത്തിന് കാരണമെന്താണെന്നും എത്രയുംവേഗം കൃഷിഭവൻ നിർമ്മാണം പൂർത്തിയാക്കാനാകുമോ എന്നും വ്യക്തമാക്കുമോ?

(എ & ബി) ആലത്തൂർ കൃഷി ഭവനെ സ്മാർട്ട് കൃഷിഭവനാക്കുന്നതിന് നബാർഡ് ആർ.ഐ.ഡി.എഫ്. ട്രാഞ്ച XXX-ൽ ഉൾപ്പെടുത്തുന്നതിന് നബാർഡിന്റെ അനുമതിക്കായി പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. അനുമതി ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്.

തരിശുഭൂമിയിൽ കൃഷി ചെയ്യുന്നതിന് നടപടി

53(1626) ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട മണ്ഡലത്തിലെ ആറ് ഗ്രാമപഞ്ചായത്തുകളിലായി തരിശ് കിടക്കുന്ന രണ്ട് ഏക്കറിന് മുകളിലുള്ള കരഭൂമി എത്രയെന്നത് സംബന്ധിച്ച വിവരം പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ?

കാട്ടാക്കട മണ്ഡലത്തിലെ പഞ്ചായത്ത് തിരിച്ചുള്ള തരിശുഭൂമി സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമനം	പഞ്ചായത്ത്	ആകെ തരിശുഭൂമി (ഏക്കർ)	രണ്ട് ഏക്കറിന് മുകളിലുള്ള തരിശു കരഭൂമി
1	മാറനല്ലൂർ	30	22.825 (2 plots)
2	മലയിൻകീഴ്	25	6.5 (3 plots)
3	വിളപ്പിൽ	47.5	16 (8 plots)
4	വിളവൂർക്കൽ	12.125	ഇല്ല
5	പള്ളിച്ചൽ	20	ഇല്ല
6	കാട്ടാക്കട	17.29	ഇല്ല

(ബി) നിലവിൽ തരിശുഭൂമിയിൽ കൃഷി ചെയ്യുന്നതിന് വകുപ്പ് നടപ്പിലാക്കിവരുന്ന പദ്ധതികൾ എന്തൊക്കെയെന്ന് വിശദമാക്കുമോ?

തരിശ് നിലത്തിൽ നെൽക്കൃഷി ചെയ്യുന്നതിന് ഹെക്ടറിന് 40000 രൂപ സബ്സിഡി നൽകുന്നു. പഞ്ചായത്ത് തലത്തിൽ MGNREGS-മായി സഹകരിച്ച് തരിശുനിലം ഒരുക്കിക്കൊടുക്കുന്നതിനും ജനകീയാസൂത്രണ പദ്ധതിവഴി വിത്തുകൾ, തൈകൾ എന്നിവ സൗജന്യമായും ജൈവ വളം 75% സബ്സിഡിയിലും നൽകുന്നു.

ആധുനിക കൃഷി രീതികൾ ഉപയോഗിച്ച് ഉൽപാദനം വർധിപ്പിക്കാൻ നടപടി

54 (1627) ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മൊത്തം എത്ര ഹെക്ടർ ഭൂമിയാണ് കൃഷിക്ക് അനുയോജ്യമായതെന്നും ഇതിൽ തരിശ് ഭൂമിയായി എത്ര ഹെക്ടറാണ് നിലനിൽക്കുന്നതെന്നും കണക്കാക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പിന്റെ കണക്കുകൾ അനുസരിച്ച് 2023-24-ൽ സംസ്ഥാനത്ത് മൊത്തം 20,81,357.94 ഹെക്ടർ ഭൂമിയാണ് കൃഷിക്ക് അനുയോജ്യമായത്. ഇതിൽ തരിശ് ഭൂമിയായി 1,08,588.22 ഹെക്ടറാണ് നിലനിൽക്കുന്നത്.

(ബി) തരിശ് ഭൂമികളും ഇടവിളകൃഷിക്ക് ഉപയോഗിക്കാവുന്ന പ്രദേശങ്ങളും കണ്ടുപിടിച്ച് ആധുനിക കൃഷി രീതികൾ ഉപയോഗിച്ച് ഉൽപാദനവും കാർഷിക വരുമാനവും വർധിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ?

കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് തരിശ്ശു ഭൂമിയിൽ കൃഷിയും ഇടവിള കൃഷിയും ചെയ്യുന്നതിനും ശാസ്ത്രീയ കാർഷിക രീതികളിലൂടെ ഉൽപാദനം വർധിപ്പിക്കാനും വിവിധ പദ്ധതികളിലൂൾപ്പെടുത്തി പല ഘടകങ്ങൾ നടപ്പിലാക്കിവരുന്നുണ്ട്.

കേരളത്തിലെ ഉപയോഗശൂന്യമായതും തരിശായി കിടക്കുന്നതുമായ ഭൂവിഭവങ്ങൾ വാണിജ്യാടിസ്ഥാനത്തിൽ ഉപയോഗപ്പെടുത്തുന്നതിനായി, ഉദ്യാനകൃഷി, ഹൈഡ്രോപോണിക്സ്, സംരക്ഷിത കൃഷി, കൃത്യതാ കൃഷി, ഹൈടെക് ഇടവിള കൃഷി, ക്ലൺ കൃഷി, തേനീച്ച വളർത്തൽ, വിള വളർത്തൽ, അനുബന്ധ മേഖലകൾ എന്നിവ നടപ്പിലാക്കുന്നതിനായി "നവോധൻ" ("NAWO-DHAN) എന്ന പേരിൽ പുതിയ പദ്ധതിക്ക് തുടക്കമിട്ടിട്ടുണ്ട്. ഭൂവുടമകളെയും കർഷക ഉൽപാദക സംഘടനകളെയും കൃഷിക്കൂട്ടങ്ങളെയും

കുടുംബശ്രീ യൂണിറ്റുകളെയും സ്വയം സഹായ സംഘങ്ങളെയും സ്റ്റാർട്ടപ്പുകളെയും യുവജന സംഘങ്ങളെയും ബന്ധിപ്പിക്കുന്ന ഒരു ഫെസിലിറ്റേറ്ററായി "NAWO-DHAN പ്രവർത്തിച്ച് ഇരു കക്ഷികളിൽനിന്നും താല്പര്യ പ്രഖ്യാപനങ്ങൾ (EOI) ഓൺലൈൻ മുഖേന ക്ഷണിച്ചിട്ടുണ്ട്. പ്രാരംഭഘട്ടത്തിൽ വിവിധ സർക്കാർ വകുപ്പുകളുടെയും പൊതുമേഖലാ സ്ഥാപനങ്ങളുടെയും ഉടമസ്ഥതയിലുള്ള ഉപയോഗശൂന്യമായ കൃഷിഭൂമി പദ്ധതി നടപ്പിലാക്കുന്നതിനായി തിരഞ്ഞെടുക്കുവാൻ ഉദ്ദേശിക്കുന്നു. കാർഷിക വികസന കർഷകക്ഷേമ വകുപ്പിന്റെ മേൽനോട്ടത്തിൽ, നവോ-ധൻ പദ്ധതിയുടെ നടത്തിപ്പിനായി കേരള അഗ്രോ ബിസിനസ്സ് കമ്പനി (കാബ്കോ)യെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയി നിയോഗിച്ചിരിക്കുന്നു.

കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ സംസ്ഥാന സർക്കാർ നടപ്പിലാക്കിയ സുഭിക്ഷകേരളം പദ്ധതിയുടെ ഒരു പ്രധാന ഘടകം തരിശു നിലത്തിൽ കൃഷി പ്രോത്സാഹിപ്പിക്കൽ ആയിരുന്നു. പ്രസ്തുത പദ്ധതിയുടെ ഭാഗമായി നെല്ല്, പച്ചക്കറി, കിഴങ്ങ് വർഗങ്ങൾ, പയർവർഗങ്ങൾ,

ചെറുധാന്യങ്ങൾ എന്നീ വിളകളുടെ തരിശുനില കൃഷിക്ക് പ്രോത്സാഹനം നൽകി.

2024-25 സാമ്പത്തിക വർഷത്തിൽ നെൽക്കൃഷി വികസന പദ്ധതിയിലും 'വിള വൈവിധ്യവൽക്കരണം, വിള തീവ്രത, അവതരണം' (Crop diversification, intensification & introduction) എന്ന പദ്ധതിയിലും തരിശ് ഭൂമിയിൽ കൃഷി ചെയ്യുന്നതിന് പ്രോത്സാഹനം നൽകുന്നു. നെൽക്കൃഷി വികസന പദ്ധതിയിൽ തരിശുനിലങ്ങളിലെ നെൽകൃഷിയുടെ പുനരുജ്ജീവനം ലക്ഷ്യമിട്ട് നെക്കൃഷി വിസ്തൃതി വ്യാപനം എന്ന ഘടകത്തിൽ ഉൾപ്പെടുത്തി തരിശു നില നെക്കൃഷിക്ക് പ്രോത്സാഹനം നൽകിവരുന്നു. നിലവിൽ തരിശ് നെൽക്കൃഷിക്കായി 35000 രൂപ കർഷകനും 5000 രൂപ ഭൂവുടമകൾക്കും ചേർത്ത് ആകെ സഹായധനമായി ഹെക്ടറൊന്നിന് 40000 രൂപ നൽകുന്നു. ഇതിനായി 2024-25 സാമ്പത്തിക വർഷത്തിൽ 280 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്.

തരിശു നിലങ്ങളും തെങ്ങിൻ തോട്ടങ്ങളിലെ ഇടപ്രദേശവും ഉപയോഗപ്പെടുത്തി വിള പരിക്രമണം, ബഹുവിള കൃഷി, ഇടവിള കൃഷി

എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനായി 'വിള വൈവിധ്യവൽക്കരണം, വിള തീവ്രത അവതരണം' എന്ന പദ്ധതിയിലൂടെ ചെറുധാന്യങ്ങൾ, പയറുവർഗങ്ങൾ, എണ്ണക്കുരുക്കൾ എന്നിവയുടെ കൃഷിക്ക് പ്രോത്സാഹനം നൽകുന്നു. നാളികേര വികസന പദ്ധതിയിലെ കേരഗ്രാമം എന്ന ഘടകത്തിൽ ഇടവിള കൃഷിക്ക് പ്രോത്സാഹനം നൽകുന്നുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലൂടെയും തരിശ്ശു ഭൂമിയിൽ കൃഷിയും ഇടവിള കൃഷിയും പ്രോത്സാഹിപ്പിക്കുന്നതിനായി പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്.

ലൈസൻസ് ഫീസ് വർധനവ്

55(1628) ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മിശ്രിത വളം നിർമ്മാണ രംഗത്തുള്ള സ്ഥാപനങ്ങളുടെ ലൈസൻസ് ഫീസ് വർധിപ്പിച്ചിട്ടുണ്ടോ; എങ്കിൽ എത്ര ശതമാനം വർധനവ് വരുത്തിയിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) വളം ചില്ലറ വില്പനക്കാരുടെ ലൈസൻസ് ഫീസ്

വർധിപ്പിച്ചിട്ടുണ്ടോ; എങ്കിൽ എത്ര ശതമാനം വർധനവ് വരുത്തിയിട്ടുണ്ടെന്ന് വിശദമാക്കുമോ?

(എ & ബി) മിശ്രിത വളം നിർമ്മാണ ലൈസൻസുമായും വളം ചില്ലറ വില്പന ലൈസൻസുമായും ബന്ധപ്പെട്ട് പുതിയതിന്, പുതുക്കുന്നതിന്, ഡ്യൂപ്ലിക്കേറ്റിന്, ഭേദഗതിക്ക്, ലേറ്റ് ഫീസ് എന്നിവയ്ക്ക് ഫീസ് വർധിപ്പിച്ചിട്ടുണ്ട്. പഴയ ഫീസ് നിരക്ക് പ്രാബല്യത്തിൽ വന്നത് 13-10-2014-ൽ ആയിരുന്നു. ഫീസിനത്തിൽ വരുത്തിയ വർധനവ് അനുബന്ധമായി ചേർത്തിരിക്കുന്നു.+

(സി) കാർഷിക നഴ്സറികളുടെ ലൈസൻസ് ഫീസ് വർധിപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉണ്ട്. 02-12-2024-ലെ സ.ഉ. (സാധാ) നം.1143/2024/AGRI സർക്കാർ ഉത്തരവ് പ്രകാരം പുതിയ നഴ്സറികൾക്കുള്ള അംഗീകാരം ലഭിക്കുന്നതിന് 4000/- രൂപയും നഴ്സറികളുടെ രജിസ്ട്രേഷൻ പുതുക്കുന്നതിന് 2500/- രൂപയും ഡ്യൂപ്ലിക്കേറ്റ് കോപ്പി നൽകുന്നതിന് 200/- രൂപയും ആക്കി ലൈസൻസ് ഫീസ് വർധിപ്പിച്ചിട്ടുണ്ട്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഡി) ലൈസൻസ് ഫീസ് വർധനവ് കാർഷിക മേഖലയിൽ വലിയ പ്രതിസന്ധിയുണ്ടാക്കുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കർഷകരെ നേരിട്ട് ബാധിക്കാത്ത വിധത്തിൽ കാലോചിതമായ പരിഷ്കരണം മാത്രമാണ് നടപ്പാക്കിയിട്ടുള്ളത്.

കേരള ഗ്രോ ബ്രാൻഡഡ് ഷോപ്പുകൾ

56(1629) ശ്രീ. പി. പി. സുമോദ്: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കർഷകരുടെ മൂല്യവർധിത ഉൽപന്നങ്ങൾക്ക് മികച്ച വിപണിയൊരുക്കാൻ കൃഷി വകുപ്പ് വഴി എത്ര കേരള ഗ്രോ ബ്രാൻഡഡ് ഷോപ്പുകളാണ് തുറക്കുന്നതെന്ന് വിശദമാക്കുമോ?

മാർക്കറ്റ് വികസന പദ്ധതിയിലുൾപ്പെടുത്തി, തിരുവനന്തപുരം ജില്ലയിൽ രണ്ടും മറ്റെല്ലാ ജില്ലകളിലും ഒന്നും വീതം ആകെ 15 കേരളഗ്രോ ബ്രാൻഡഡ് ഷോപ്പുകൾ സംസ്ഥാനത്ത് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ഫാം പ്ലാൻ പദ്ധതിയുടെ ഭാഗമായി എല്ലാ ജില്ലകളിലും ഒന്ന് വീതം 14 കേരളഗ്രോ റീട്ടെയിൽ ഔട്ട്-ലെറ്റുകൾ ആരംഭിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

അഗ്രോ സർവീസ് സെന്ററുകൾക്ക് ഭരണാനുമതി

57(1630) ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് 2024-25 സാമ്പത്തിക വർഷത്തിൽ എത്ര അഗ്രോ സർവീസ് സെന്ററുകൾക്കാണ് ഭരണാനുമതി നൽകിയതെന്ന് വിശദമാക്കാമോ? ഓരോ ജില്ലയിലും എത്ര ബ്ലോക്കുകൾക്കാണ് അഗ്രോ സർവീസ് സെന്ററുകൾ അനുവദിച്ചതെന്ന് അവയുടെ പേര് വിവരവും അനുവദിച്ച തുക എത്രയെന്നും വിശദമാക്കുമോ?

2021-2022 സാമ്പത്തിക വർഷം മുതൽ അഗ്രോ സർവീസ് സെന്ററുകൾ കൃഷിശ്രീ സെന്ററുകൾ എന്ന പേരിലാണ് അറിയപ്പെടുന്നത്. 2024-25 സാമ്പത്തിക വർഷത്തിൽ പുതിയ 16 കൃഷിശ്രീ സെന്ററുകൾ ആരംഭിക്കുന്നതിന് 4 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. എന്നാൽ മതിയായ ഫണ്ട് ലഭ്യമല്ലാതിരുന്നതിനാൽ പുതുതായി കൃഷിശ്രീ സെന്ററുകൾ ഒന്നും തന്നെ ഇതുവരെ ആരംഭിച്ചിട്ടില്ല.

അഗ്രോ സർവീസ് സെന്ററുകൾ

58(1631) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഗ്രോ സർവീസ് സെന്ററുകൾ മുഖേന കർഷകർക്ക് എന്തൊക്കെ സേവനങ്ങളാണ് നൽകിവരുന്നതെന്ന് വ്യക്തമാക്കുമോ?

അഗ്രോ സർവീസ് സെന്ററുകളിലൂടെ കർഷകർക്ക് ലഭിക്കുന്ന വിവിധ സേവനങ്ങളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

(ബി) അഗ്രോ സർവീസ് സെന്ററുകളുടെ സേവനം മെച്ചപ്പെടുത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കുമോ?

അഗ്രോ സർവീസ് സെന്ററുകളുടെ സേവനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഇവയുടെ പ്രവർത്തനം, കാർഷികയന്ത്രങ്ങളുടെ നിജസ്ഥിതി, സാമ്പത്തിക നിജസ്ഥിതി എന്നിവ കേരള സംസ്ഥാന കാർഷികയന്ത്രവൽക്കരണ മിഷൻ ശേഖരിച്ച് വിശകലനം ചെയ്യാറുണ്ട്. ഓരോ വർഷവും ജില്ലാതലത്തിൽ അവലോകനയോഗം നടത്തി കാർഷിക സേവന കേന്ദ്രങ്ങളുടെ സാമ്പത്തിക സ്ഥിതിയും പ്രവർത്തനവും മെച്ചപ്പെടുത്തുന്നതിനുള്ള നിർദ്ദേശം നൽകുന്നുണ്ട്. കാർഷിക സേവന

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

കേന്ദ്രങ്ങളിലെ കേടായി കിടക്കുന്ന കാർഷിക യന്ത്രങ്ങൾ മിഷൻ അറ്റകുറ്റപ്പണി നടത്തി പ്രവർത്തന സജ്ജമാക്കുകയും സേവനദായകർക്ക് വിവിധ സംരംഭങ്ങളിൽ (ഫലവൃക്ഷ തൈ ഗ്രാഫ്റ്റിംഗ്, പച്ചക്കറിതൈ ഗ്രാഫ്റ്റിംഗ്) പരിശീലനവും മറ്റ് നൈപുണ്യ പരിശീലനവും നൽകാറുമുണ്ട്. കാർഷികസേവന കേന്ദ്രങ്ങളുടെ വിലയിരുത്തൽ റിപ്പോർട്ട് മിഷൻ ശേഖരിച്ച് മിഷന്റെ ഭരണസമിതി യോഗത്തിൽ അവതരിപ്പിക്കാറുണ്ട്.

(സി) അഗ്രോ സർവീസ് സെന്ററുകൾ ലാഭകരമായാണോ പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കുമോ?

നിലവിൽ സംസ്ഥാനത്ത് സജീവമായി പ്രവർത്തിക്കുന്ന 87 കാർഷിക സേവന കേന്ദ്രങ്ങളിൽ 62 എണ്ണം വളരെ ലാഭകരമായാണ് പ്രവർത്തിക്കുന്നത്.

കാർഷിക സഹകരണ സംഘങ്ങൾക്ക് ഹോർട്ടികോർപിൽ നിന്നും ലഭിക്കേണ്ട കുടിശ്ശിക

59 (1632) ശ്രീ. രമേശ് ചെന്നിത്തല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ കാർഷിക സഹകരണ സംഘങ്ങളിൽ

നിന്നും ഹോർട്ടികോർപ്പ് പച്ചക്കറി സംഭരിച്ച ഇനത്തിൽ നൽകേണ്ട കുടിശ്ശികയുടെ വിശദാംശങ്ങൾ ജില്ല, സംഘം എന്നിവ തിരിച്ച് ലഭ്യമാക്കാമോ?

സംസ്ഥാനത്തെ വിവിധ കാർഷിക സഹകരണ സംഘങ്ങളിൽ നിന്നും ഹോർട്ടികോർപ്പ് സംഭരിച്ച പച്ചക്കറികളുടെ 2025 ജനുവരി 31 വരെയുള്ള മുഴുവൻ തുകയും നൽകിയിട്ടുള്ളതാണ്.

(ബി) കുടിശ്ശിക ലഭിക്കാത്തതുമൂലം കാർഷിക സഹകരണ സംഘങ്ങൾ നേരിടുന്ന സാമ്പത്തിക പ്രതിസന്ധിയും പ്രവർത്തന മൂലധനത്തിലടക്കം നേരിടുന്ന പ്രശ്നങ്ങളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) സംസ്ഥാനത്തെ കർഷകരെ ഒഴിവാക്കി ഹോർട്ടികോർപ്പ് തമിഴ്നാട്ടിൽനിന്നും സ്വകാര്യ കച്ചവടക്കാർ മുഖേന പച്ചക്കറി സംഭരിച്ച് വില്പന നടത്തുന്നുണ്ടെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് അറിയിക്കുമോ?

ഹോർട്ടികോർപ്പ് സംസ്ഥാനത്തെ കർഷകരെ

ഒഴിവാക്കിതമിഴ്നാട്ടിലെ സ്വകാര്യ കച്ചവടക്കാർ മുഖേന പച്ചക്കറികൾ സംഭരിക്കുന്നില്ല. കേരളത്തിൽ ലഭ്യമല്ലാത്തതും ഗുണഭോക്താക്കൾക്ക് അത്യന്താപേക്ഷിതവുമായ പച്ചക്കറികൾ തമിഴ്നാട് കൃഷി വകുപ്പിന്റെ മാർക്കറ്റിങ്ങ് വിഭാഗവുമായി സഹകരിച്ച് തമിഴ്നാട്ടിലെ തെങ്കാശി, പേരാമ്പല്ലൂർ എന്നിവിടങ്ങളിലെ ഫാർമർ പ്രൊഡ്യൂസർ കമ്പനികളുമായി കരാറിൽ ഏർപ്പെട്ട് സംഭരിച്ചുവരുന്നു.

കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷൻ മുഖേന നടപ്പിലാക്കിയ പ്രവൃത്തികൾ

60 (1633) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരമേറ്റശേഷം മാവേലിക്കര മണ്ഡലത്തിൽ കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷൻ മുഖേന നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദാംശവും നിലവിലെ സ്ഥിതിയും അറിയിക്കുമോ?

മാവേലിക്കര മണ്ഡലത്തിൽ കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷൻ മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികൾ അനുബന്ധമായി ചേർക്കുന്നു+.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

തോടിന്റെ വശങ്ങൾ കെട്ടി സംരക്ഷിക്കുന്നതിന് നടപടി

61(1634) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് മണ്ഡലത്തിലെ വല്ലച്ചിറ പഞ്ചായത്തിലെ എട്ടാം വാർഡ് കൊക്കിരി പള്ളം ഭാഗത്ത് കേരള ലാന്റ് ഡെവലപ്മെന്റ് കോർപ്പറേഷൻ മുഖേന തോടിന്റെ വശങ്ങൾ കെട്ടി സംരക്ഷിക്കുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ടോ:

(ബി) പ്രദേശത്തെ കൃഷി സംരക്ഷണത്തിനും മണ്ണിടിച്ചിലും മണ്ണൊലിപ്പും തടയുന്നതിനും ആവശ്യമായ സംരക്ഷണ നടപടികൾ സ്വീകരിക്കുമോ?

(എ&ബി) പുതുക്കാട് മണ്ഡലത്തിലെ വല്ലച്ചിറ പഞ്ചായത്തിലെ എട്ടാം വാർഡ് കൊക്കിരി പള്ളം ഭാഗത്തെ തോടിന്റെ കരിങ്കൽഭിത്തി നിർമ്മിക്കുന്നതിന് കേരള ലാൻഡ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ എസ്റ്റിമേറ്റ് തയ്യാറാക്കി റീബിൽഡ് കേരള ഇനിഷ്യേറ്റീവ് (RKI) പദ്ധതിയിൽ ഉൾപ്പെടുത്തി അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. അനുമതിയും ഫണ്ടും

ലഭ്യമാകുന്ന മുറയ്ക്ക് പ്രസ്തുത പ്രവൃത്തി കേരള ലാന്റ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ മുഖേന നടപ്പിലാക്കുന്നതാണ്.

നാടുകാണി പ്ലാന്റേഷൻ കോർപ്പറേഷന്റെ ഭൂമിയുമായി ബന്ധപ്പെട്ട കേസ്സുകൾ

62 (1635) ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തളിപ്പറമ്പ് നാടുകാണിയിൽ സ്ഥിതിചെയ്യുന്ന പ്ലാന്റേഷൻ കോർപ്പറേഷന്റെ തോട്ടത്തിന്റെ വിസ്തൃതി എത്ര എന്ന് വ്യക്തമാക്കുമോ?

102.32 ഹെക്ടർ.

(ബി) പ്രസ്തുത ഭൂമി പ്ലാന്റേഷൻ കോർപ്പറേഷന് ഏത് വ്യവസ്ഥ പ്രകാരമാണ് ലഭ്യമായത്; പ്രസ്തുത വ്യവസ്ഥ സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

കണ്ണൂർ ജില്ലയിൽ ശ്രീ പി. ആർ. രാമവർമ്മ രാജ (Late) (കോളിയാട്ട് എസ്റ്റേറ്റ്) എന്നവരുടെ മിച്ചഭൂമി സീലിംഗ് കേസിൽ 22.11.1973 ലെ LB.B5-4858/70 ഉത്തരവ് അനുസരിച്ച് ഏറ്റെടുത്ത 1232.26 ഏക്കർ മിച്ചഭൂമിയിൽ 04-10-1978 ലെ സ.ഉ.(കൈ)1343 പ്രകാരം 1160 ഏക്കർ ഭൂമി കേരള

പ്ലാന്റേഷൻ കോർപ്പറേഷന് ഭൂമിയുടെ മൂല്യത്തിനും മെച്ചപ്പെടുത്തലിനുമായി 32.85 ലക്ഷം രൂപയ്ക്ക് കൈമാറണമെന്ന് ഉത്തരവായതിന്റെ അടിസ്ഥാനത്തിലാണ് പ്രസ്തുത ഭൂമി ലഭ്യമായത്. പ്രസ്തുത ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു. +

(സി) പ്രസ്തുത ഭൂമിയുമായി ബന്ധപ്പെട്ട് കേസ്സുകൾ നിലനിൽക്കുന്നുണ്ടെങ്കിൽ ആയതിന്റെ വിശദവിവരങ്ങൾ ലഭ്യമാക്കുമോ?

കണ്ണൂർ ജില്ലയിൽ പി. ആർ. രാമവർമ്മ രാജ (Late) (കോളിയാട്ട് എസ്റ്റേറ്റ്) എന്നവരുടെ മിച്ചഭൂമി സീലിംഗ് കേസിൽ ടിയാൾക്ക് Exemption വിഭാഗത്തിൽ അനുവദിച്ച ഭൂമിയുടെ വിസ്തീർണ്ണത്തിൽ കുറവ് സംഭവിച്ചിട്ടുണ്ടെന്ന് ആരോപിച്ചുകൊണ്ട് ടിയാളുടെ അവകാശി ശ്രീമതി കുമാരി വർമ്മ എന്നവർ ബഹു. ഹൈക്കോടതിയിൽ സംസ്ഥാന സർക്കാരിനെ എതിർകക്ഷിയാക്കി WP(C)1401/2016 നമ്പർ കേസ് ഫയൽ ചെയ്തിരുന്നു. പ്രസ്തുത കേസിന്റെ ഉത്തരവ് നടപ്പാക്കിയില്ലെന്നാരോപിച്ചുകൊണ്ട് COC 1074/2024 നമ്പർ കേസ് ഫയൽ ചെയ്തിട്ടുള്ളതാണ്. എന്നാൽ പ്രസ്തുത കേസ് പ്ലാന്റേഷൻ കോർപ്പറേഷൻ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

കൈമാറിയ ഭൂമിയുമായി നേരിട്ട് ബന്ധമുള്ളതല്ല. എന്നിരുന്നാലും സ്റ്റേറ്റ് ലാൻഡ് ബോർഡിന്റെ LB(B)5 - 4858/70 നമ്പർ ഉത്തരവ് പ്രകാരം രാമവർമ്മ രാജ (കോളിയാട്ട് എസ്റ്റേറ്റ്) എന്നവരിൽ നിന്നും ഏറ്റെടുത്ത 1260.64 ഏക്കർ ഭൂമിയിൽ ഉൾപ്പെട്ടുവരുന്ന ഭൂമിയാണ് പ്ലാന്റേഷൻ കോർപ്പറേഷന് കൈമാറിയിട്ടുള്ളത്.

(ഡി) പ്രസ്തുത ഭൂമിയിൽ കൈയേറ്റം ഉണ്ടായിട്ടുണ്ടെങ്കിൽ ആയത് സംബന്ധിച്ച വിശദവിവരങ്ങൾ ലഭ്യമാക്കുമോ?

പ്രസ്തുത ഭൂമിയിൽ കൈയ്യേറ്റം റിപ്പോർട്ട് ചെയ്തിട്ടില്ല.

കാർഷികാവശ്യത്തിന് ഉപയോഗിക്കുന്ന വൈദ്യുതി കണക്ഷനുകളുടെ ബിൽ കുടിശ്ശിക

63 (1636) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷികാവശ്യത്തിന് ഉപയോഗിക്കുന്നതും നിലവിൽ കൃഷിഭവൻ മുഖേന വൈദ്യുതി ബിൽ അടച്ചുവരുന്നതുമായ കണക്ഷനുകൾക്ക് എത്ര മാസത്തെ വൈദ്യുതി ബിൽ കുടിശ്ശികയുണ്ടെന്നും അവയുടെ തുക എത്രയെന്നും ജില്ല തിരിച്ച് ലഭ്യമാക്കുമോ?

കാർഷികാവശ്യത്തിന് നിലവിൽ ഉപയോഗിച്ചുവരുന്നതും കൃഷിഭവൻ മുഖേന വൈദ്യുതി ബിൽ അടച്ചുവരുന്നതുമായ കണക്ഷനുകൾക്ക് 2017-18 മുതലുള്ള വൈദ്യുതി ബിൽ KSEB-യ്ക്ക് കുടിശ്ശികയുണ്ട്.

ടി കുടിശ്ശിക തുക സംബന്ധിച്ച ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു.+

മഞ്ചേശ്വരം എക്സ്റ്റൻഷൻ സെന്ററിൽ അഗ്രികൾച്ചർ പോളി ഡിപ്ലോമ കോഴ്സ്

64(1637) <u>ശ്രീ. എ. കെ. എം. അഷ്റഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള കാർഷിക സർവകലാശാല മഞ്ചേശ്വരം എക്സ്റ്റൻഷൻ സെന്ററിൽ അഗ്രികൾച്ചർ പോളി ഡിപ്ലോമ കോഴ്സ് തുടങ്ങുന്നതിന് പ്രൊപ്പോസൽ ലഭ്യമായിട്ടുണ്ടോ; വിശദമാക്കുമോ:

(ബി) പ്രസ്തുത കോഴ്സ് എപ്പോൾ തുടങ്ങാൻ കഴിയുമെന്ന് വിശദമാക്കുമോ?

(എ & ബി) ലഭ്യമായിട്ടുണ്ട്. കേരള കാർഷിക സർവകലാശാലയ്ക്ക് കീഴിലുള്ള മഞ്ചേശ്വരം എക്സ്റ്റൻഷൻ ടെയിനിങ് സെന്ററിന് കീഴിൽ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അഗ്രിക്കൾച്ചറൽ പോളി ഡിപ്ലോമ കോഴ്സ് ആരംഭിക്കുന്നതിനായി ടി സ്റ്റേഷനിലെ അടിസ്ഥാന സൗകര്യങ്ങളെയും ഫാക്കൽറ്റി ലഭ്യതയെയും കുറിച്ച് പടന്നക്കാട് ഡീനിൽ നിന്നും കേരള കാർഷിക സർവകലാശാല രജിസ്ട്രാർ റിപ്പോർട്ട് ആവശ്യപ്പെട്ടിരുന്നു. ടി കോഴ്സ് തുടങ്ങുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ നിലവിലില്ലെന്നും മതിയായ അധ്യാപകരുടെ എണ്ണമില്ലെന്നും പടന്നക്കാട് ഡീൻ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇക്കാര്യം പരിശോധിക്കുന്നതിന് സ്ഥലം നേരിട്ട് സന്ദർശിച്ച് വിശദമായ റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നടപടികൾ കേരള കാർഷിക സർവകലാശാല ഡീൻ ഓഫ് ഫാക്കൽറ്റി സ്വീകരിച്ചുവരികയാണ്.

എ.ഡി.എ. അങ്ങാടിപ്പുറം ഓഫീസിന്റെ പേര് മാറ്റണമെന്ന ആവശ്യം

65 (1638) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട ബ്ലോക്ക് പഞ്ചായത്തിലെ കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ കാര്യാലയത്തിന്റെ പേര് എ.ഡി.എ. അങ്ങാടിപ്പുറം എന്ന് അറിയപ്പെടുന്നത് കാരണം ഓഫീസ് അങ്ങാടിപ്പുറത്താണ് സ്ഥിതി ചെയ്യുന്നതെന്ന്

പൊതുജനങ്ങൾക്കുണ്ടാകുന്ന തെറ്റിദ്ധാരണ പരിഹരിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) ഓഫീസിന്റെ പേര് മാറ്റണമെന്ന ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതി തീരുമാനത്തിന്മേൽ സ്വീകരിച്ചിട്ടുള്ള തുടർനടപടികൾ എന്തെല്ലാമെന്ന് അറിയിക്കുമോ?

ഓഫീസിന്റെ പേര് മാറ്റണമെന്ന ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ മലപ്പുറം പ്രിൻസിപ്പൽ കൃഷി ഓഫീസറിൽ നിന്നും റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

അരുവിക്കര മണ്ഡലത്തിൽ കാർഷിക വിളകളുടെ ഉൽപാദനത്തിലുണ്ടായ വർധനവ്

66 (1639) ശ്രീ. ജി സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അരുവിക്കര മണ്ഡലത്തിൽ നടപ്പിലാക്കിയ വിവിധ പദ്ധതികളുടെ ഫലമായി വിവിധ

കാർഷിക വിളകളുടെ ഉൽപാദനവും അവയിലുണ്ടായ വർധനവും സംബന്ധിച്ച വിവരങ്ങൾ കൃഷിഭവൻ അടിസ്ഥാനത്തിലും വർഷം തിരിച്ചും വിശദമാക്കുമോ?

കൃഷി ഭവനുകളിൽ ലഭ്യമായ അടിസ്ഥാന കൃഷി വിവരങ്ങൾ അനുസരിച്ച്, നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അരുവിക്കര മണ്ഡലത്തിൽ നടപ്പിലാക്കിയ വിവിധ പദ്ധതികളുടെ ഫലമായി വിവിധ കാർഷിക വിളകളുടെ ഉൽപാദനവും അവയിൽ ഓരോ വർഷവും ഉണ്ടായ വർധനവും സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

ആറ്റിങ്ങൽ മണ്ഡലത്തിലെ ഇക്കോ ഷോപ്പുകളുടെ പ്രവർത്തനം

67 (1640) ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ മണ്ഡലത്തിലെ വിവിധ ഇക്കോ ഷോപ്പുകളിൽ കഴിഞ്ഞ മൂന്ന് മാസക്കാലമായി നടന്ന പ്രവർത്തനങ്ങൾ കൃഷിഭവൻ അടിസ്ഥാനത്തിൽ വ്യക്തമാക്കുമോ?

ആറ്റിങ്ങൽ മണ്ഡലത്തിന്റെ പരിധിയിൽ വക്കം, പുളിമാത്ത്, നഗരൂർ,

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ആറ്റിങ്ങൽ, മണമ്പൂർ കൃഷിഭവനുകളിലായി ആകെ 5 ഇക്കോഷോപ്പുകളാണുള്ളത്. ആയതിൽ വക്കം, മണമ്പൂർ കൃഷിഭവനുകളിലായുള്ള ഇക്കോഷോപ്പുകൾ നല്ല രീതിയിൽ പ്രവർത്തിച്ച് വരുന്നു. ടി ഇക്കോഷോപ്പുകളിൽ, കർഷകർ പ്രാദേശികമായി കാർഷിക ഉൽപന്നങ്ങൾ ശേഖരിച്ച്, പൊതുജനങ്ങൾക്ക് വില്പന നടത്തിവരുന്നു.

കഴിഞ്ഞ മൂന്നുമാസ കാലയളവിൽ വക്കം ഇക്കോഷോപ്പ് 1,83,600 രൂപയുടെയും, മണമ്പൂർ ഇക്കോഷോപ്പ് 1,82,109 രൂപയുടെയും വിറ്റുവരവ് നേടിയിട്ടുണ്ട്.

ആറ്റിങ്ങൽ കൃഷിഭവന്റെ കീഴിലുള്ള ഇക്കോഷോപ്പ് സാമ്പത്തിക ബുദ്ധിമുട്ട് കാരണം ഇപ്പോൾ പ്രവർത്തിക്കുന്നില്ല. ആറ്റിങ്ങൽ FPO മുഖേന ഇത് തുറന്ന് പ്രവർത്തിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

നഗരൂർ കൃഷിഭവന്റെ കീഴിലുള്ള ഇക്കോഷോപ്പ് കഴിഞ്ഞ ആറുമാസമായി പ്രവർത്തിക്കുന്നില്ല. പുതിയ ക്ലസ്റ്റർ രൂപീകരിച്ച് രജിസ്ട്രേഷൻ പുതുക്കുന്നതിനും ഇക്കോഷോപ്പ് തുറന്നുപ്രവർത്തിക്കുന്നതിനുമുള്ള നടപടികൾ

സ്വീകരിച്ചുവരുന്നു.

(ബി) ഓരോ ഇക്കോ ഷോപ്പിനും വകുപ്പ് നൽകിയ സഹായം വിശദമാക്കുമോ?

വക്കം, പുളിമാത്ത്, നഗരൂർ, ആറ്റിങ്ങൽ ഇക്കോഷോപ്പുകൾക്ക് 1.00 ലക്ഷം രൂപ വീതവും മണമ്പൂർ ഇക്കോഷോപ്പിന് 2.40 ലക്ഷം രൂപയും കൃഷിവകുപ്പ് ധനസഹായമായി നൽകിയിട്ടുണ്ട്.

ഭവന നിർമ്മാണത്തിനായി ഭൂമി തരംമാറ്റത്തിനുള്ള ഇളവുകൾ

68 (1641) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡാറ്റാബാങ്കിൽ ഉൾപ്പെട്ട ഭൂമി തരംമാറ്റുന്നതിന് കൃഷി വകുപ്പ് നിർദേശിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

കൃഷി ഭൂമി തരം മാറ്റത്തിനായി ആർ.ഡി.ഒ.-യിൽ നിന്നും ലഭിക്കുന്ന ഫാറം 5-ലുള്ള അപേക്ഷകൾ തീർപ്പാക്കുന്നതിനായി കൃഷി ഓഫീസർ സ്ഥലം സന്ദർശിച്ച് (കൃത്യമായി വസ്തുവിന്റെ ലൊക്കേഷൻ അറിയുന്നതിനായി

വില്ലേജ് ഓഫീസറുടെ സഹായത്തോടെ) പ്രസ്തുത വസ്തുവിന്റെ ഫോട്ടോ, അക്ഷാംശം, രേഖാംശം, എന്നിവ എടുക്കുകയും തുടർന്ന് റിപ്പോർട്ട് തയ്യാറാക്കി ഫോട്ടോ സഹിതം ഒരു മാസത്തിനകം RELIS പോർട്ടലിൽ അപ്‌ലോഡ് ചെയ്ത റവന്യൂ ഡിവിഷണൽ ഓഫീസർക്ക് സമർപ്പിക്കേണ്ടതാണ്.

കൃഷി ഓഫീസറുടെ റിപ്പോർട്ട് ലഭിച്ചതിനുശേഷം ഉചിതമാണെന്ന് കാണുന്ന പക്ഷം റവന്യൂ ഡിവിഷണൽ ഓഫീസർ അപേക്ഷയിന്മേൽ തരം മാറ്റാനുള്ള ഉത്തരവ് പുറപ്പെടുവിക്കുന്നു. ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ടി വില്ലേജിലെ തരം മാറ്റപ്പെട്ട സർവെ നമ്പറുകൾ പട്ടികയാക്കി, ഡാറ്റാ ബാങ്കിൽ നിന്നും നീക്കം ചെയ്യുന്നതിനായി കൃഷി ഓഫീസർ പഞ്ചായത്ത് സെക്രട്ടറിക്ക് സമർപ്പിക്കുന്നു. പഞ്ചായത്ത് സെക്രട്ടറി ഈ പട്ടിക ഗസറ്റിൽ പ്രസിദ്ധീകരിക്കുവാനുള്ള നടപടികൾ സ്വീകരിക്കുന്നതും ഗസറ്റിൽ പ്രസിദ്ധീകരിക്കുന്നതോടുകൂടി ടി സർവെ നമ്പറുകൾ ഡാറ്റാ ബാങ്കിൽ നിന്നും ഒഴിവാക്കപ്പെടുന്നതുമാണ്.

(ബി) സ്വന്തമായി അഞ്ച് സെന്റോ അതിൽ താഴെയോ മാത്രം

ഭൂമിയുള്ളവർക്ക് ഭവന നിർമ്മാണത്തിനായി ഭൂമി തരംമാറ്റുന്നതിൽ ഇളവുകൾ നൽകുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ആക്ട് പ്രകാരം വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയിൽ വീട് വയ്ക്കുന്നതിന് നിബന്ധനകളോടെ തരംമാറ്റുന്നതിനായി പ്രത്യേക അനുമതി ആവശ്യമില്ല. എന്നാൽ വിജ്ഞാപനം ചെയ്യപ്പെട്ട ഭൂമിയിൽ വീട് വയ്ക്കുന്നതിനുവേണ്ടി പഞ്ചായത്തിൽ 10 സെന്റ് വരെയും കോർപ്പറേഷൻ/മുനിസിപ്പാലിറ്റികളിൽ 5 സെന്റ് വരെയും നെൽവയൽ നികത്താൻ അപേക്ഷ നൽകാവുന്നതാണ്. ഇതിനായി ഓരോ ജില്ലയിലും റവന്യൂ ഡിവിഷണൽ ഓഫീസർ, പ്രിൻസിപ്പൽ കൃഷി ഓഫീസർ, കളക്ടർ നാമനിർദേശം ചെയ്യുന്ന മൂന്ന് നെൽകർഷകർ എന്നിവർ അടങ്ങിയ ജില്ലാതല അധികൃത സമിതിയാണ് അപേക്ഷകൾ പരിഗണിക്കുന്നത്. കൃഷി ഓഫീസർ കൺവീനറായ പ്രാദേശികതല നിരീക്ഷണ സമിതിയുടെ ശിപാർശയുടെ അടിസ്ഥാനത്തിലാണ് അംഗീകാരം നൽകുന്നത്. പ്രാദേശികതല നിരീക്ഷണ സമിതി അപേക്ഷകൾ പരിശോധിച്ച് അപ്രകാരമുള്ള രൂപാന്തരപ്പെടുത്തൽ

പാരിസ്ഥിതിക വ്യവസ്ഥയെയും ചേർന്ന് കിടക്കുന്ന നെൽവയലിലെ കൃഷിയെയും പ്രതികൂലമായി ബാധിക്കുകയില്ലെന്നും നെൽവയലിന്റെ ഉടമസ്ഥനോ അയാളുടെ കുടുംബത്തിനോ ഈ ആവശ്യത്തിന് പറ്റിയ സ്ഥലം പകരം ആ ജില്ലയിൽ സ്വന്തമായി ഇല്ലെന്നും കെട്ടിടം നിർമ്മിക്കുന്നത് അയാളുടെ സ്വന്തം ആവശ്യത്തിന് വേണ്ടിയാണെന്നും പ്രസ്തുത നെൽവയൽ മറ്റ് നെൽവയലുകളാൽ ചുറ്റപ്പെട്ട് സ്ഥിതി ചെയ്യുന്നതല്ലെന്നും ശിപാർശ ചെയ്താലല്ലാതെ അപ്രകാരമുള്ള യാതൊരു അപേക്ഷയും ജില്ലാതല അധികൃത സമിതി പരിഗണിക്കുന്നതല്ല.

ജില്ലാതല അധികൃത സമിതി പ്രാദേശികതല നിരീക്ഷണ സമിതിയുടെ ശിപാർശ പരിഗണിച്ച് ഒരു മാസത്തിനകം തീരുമാനമെടുക്കേണ്ടതാണ്. ജില്ലാതല അധികൃത സമിതിയുടെ തീരുമാനംമൂലം സങ്കടം അനുഭവിക്കുന്ന ഏതൊരാൾക്കും തീരുമാനം കൈപ്പറ്റി മുപ്പത് ദിവസത്തിനകം കളക്ടർക്ക് അപ്പീൽ നൽകാവുന്നതാണ്. അപ്പീൽ ലഭിച്ച് ഒരു മാസത്തിനകം കളക്ടർ അതിന്മേൽ തീരുമാനം കൈക്കൊള്ളേണ്ടതും കളക്ടറുടെ തീരുമാനം അന്തിമമായിരിക്കുന്നതുമാണ്.

(സി) മണലൂർ മണ്ഡലത്തിൽ ഗുരുവായൂർ നഗരസഭയിലെ 9-ാം വാർഡിൽ താമസിക്കുന്ന ശശി, ആശ ദമ്പതികൾക്ക് വീട് പണിയുന്നതിന് ഭൂമി തരം മാറ്റി കിട്ടുന്നതിനുള്ള അപേക്ഷ തൈക്കാട് കൃഷി ഓഫീസർക്ക് ലഭിച്ചിട്ടുണ്ടോ എങ്കിൽ സ്വീകരിച്ച നടപടി എന്താണെന്ന് അറിയിക്കാമോ?

മണലൂർ മണ്ഡലത്തിൽ ഗുരുവായൂർ നഗരസഭയിലെ ഒമ്പതാം വാർഡിൽ താമസിക്കുന്ന ശശി, ആശ എന്നിവരുടെ ഭൂമി തരം മാറ്റി കിട്ടുന്നതിനുള്ള അപേക്ഷ തൈക്കാട് കൃഷി ഓഫീസർക്ക് ലഭിക്കുകയും ആയതിൽ സ്ഥല പരിശോധന നടത്തി റിപ്പോർട്ട് ആർ.ഡി.ഒ.-യ്ക്ക് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. അപേക്ഷ ഭൂമി റോഡിൽ നിന്നും അര മീറ്റർ താഴ്ന്നതും മഴക്കാലത്ത് വെള്ളക്കെട്ട് ഉണ്ടാകാറുള്ളതുമായ സ്ഥലമായതിനാലും 2008-ലെ സ്ഥിതി പരിശോധിച്ചതിൽ നികന്നിട്ടില്ലാത്ത പാടമാണ് എന്നതിനാലും 08-02-2023-ന് ചേർന്ന പ്രാദേശികതല നിരീക്ഷണ സമിതി യോഗം ടി ഭൂമി ഡാറ്റാബാങ്കിൽ നിന്നും ഒഴിവാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ RELIS മുഖേന തൈക്കാട് കൃഷി ഓഫീസർ തൃശ്ശൂർ ആർ.ഡി.ഒ.-ക്ക് റിപ്പോർട്ട് സമർപ്പിക്കുകയും

ചെയ്തിട്ടുള്ളതാകുന്നു.

(ഡി) 75% ഭിന്നശേഷിയുള്ള മകനടക്കം വാടകയ്ക്ക് താമസിക്കുന്ന പ്രസ്തുത കുടുംബം 2022-ൽ നൽകിയ അപേക്ഷ പരിഗണിച്ച് ഭൂമി തരംമാറ്റം അനുവദിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ?

2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം പ്രകാരം തയ്യാറാക്കിയ ഡാറ്റാ ബാങ്കിൽ നെൽവയൽ ആയി ഉൾപ്പെട്ട ഭൂമികൾ തരംമാറ്റുന്നതിനുള്ള അപേക്ഷകൾ നിലവിൽ RELIS മുഖേന ആർ.ഡി.ഒ.-മാർ സ്വീകരിക്കുകയും അപേക്ഷ ഭൂമി 2008-നുമുമ്പ് പൂർണ്ണമായി നികന്നതാണെന്ന് ബോധ്യപ്പെട്ടതായി കൃഷി ഓഫീസർ സാക്ഷ്യപ്പെടുത്തി ശിപാർശ ചെയ്താലാണ് ആർ.ഡി.ഒ. പ്രസ്തുത അപേക്ഷ പരിശോധിച്ച് അപേക്ഷ ഭൂമി ഡാറ്റാബാങ്കിൽ നിന്ന് ഒഴിവാക്കുന്നതിന് ഉത്തരവിടുന്നത്. സ്ഥല പരിശോധനയിൽ അപേക്ഷകരുടെ ഭൂമി 2008-ൽ പൂർണ്ണമായും നികന്നിട്ടില്ലാത്ത പാടമായതിനാലും മഴക്കാലത്ത് വെള്ളക്കെട്ട് ഉണ്ടാകാറുള്ളതിനാലും 08-02-2023-ൽ ചേർന്ന പ്രാദേശികതല നിരീക്ഷണ സമിതി യോഗത്തിൽ ടി ഭൂമി ഡാറ്റാബാങ്കിൽ നിന്നും ഒഴിവാക്കേണ്ടതില്ല

എന്ന് തീരുമാനം കൈകൊണ്ടതിനാലും 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം പ്രകാരം ഭൂമി തരം മാറ്റാനുള്ള അപേക്ഷ ആർ.ഡി.ഒ. നിരസിച്ചിട്ടുള്ളതുമാണ്.

കയ്പമംഗലം മണ്ഡലത്തിലെ വിദ്യാലയ കൃഷിയിടങ്ങൾ

69 (1642) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയ്പമംഗലം മണ്ഡലത്തിൽ ഏതെല്ലാം വിദ്യാലയങ്ങളിലാണ് കൃഷിവകുപ്പുമായി സഹകരിച്ച് വിദ്യാലയ കൃഷിയിടങ്ങൾ നടപ്പിലാക്കിവരുന്നതെന്ന് അറിയിക്കുമോ?

കയ്പമംഗലം മണ്ഡലത്തിൽ കൃഷിവകുപ്പുമായി സഹകരിച്ച് ഈ വർഷം വിദ്യാലയ കൃഷിയിടങ്ങൾ നടപ്പിലാക്കിയിട്ടില്ല.

(ബി) കുട്ടികൾക്ക് കൃഷിയിൽ താൽപര്യം ജനിപ്പിക്കുന്നതിനും കൃഷി ചെയ്യുന്നതിനും സഹായകമാകുന്ന രീതിയിൽ മണ്ഡലത്തിലെ എല്ലാ വിദ്യാലയങ്ങളിലും വിദ്യാലയ കൃഷിത്തോട്ടം സജ്ജീകരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

കുട്ടികൾക്ക് കൃഷിയിൽ താല്പര്യം ജനിപ്പിക്കുന്നതിനും കൃഷി

ചെയ്യുന്നതിനും സഹായകമാകുന്ന രീതിയിൽ മണ്ഡലത്തിലെ എല്ലാ വിദ്യാലയങ്ങളിലും വിദ്യാലയ കൃഷിത്തോട്ടം സജ്ജീകരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) മതിലകം ബ്ലോക്ക് പഞ്ചായത്തിന് കീഴിൽ രൂപീകരിച്ച കൂൺ ഗ്രാമം പദ്ധതിയുടെ പുരോഗതി വിലയിരുത്തി റിപ്പോർട്ട് നൽകുമോ?

മതിലകം ബ്ലോക്ക് പഞ്ചായത്തിന് കീഴിൽ രൂപീകരിച്ച കൂൺ ഗ്രാമം പദ്ധതിയുടെ ഭാഗമായി കൃഷിഭവൻ തലത്തിൽ 7 പരിശീലന ക്ലാസുകളും ബ്ലോക്ക് തലത്തിൽ 6 പരിശീലന ക്ലാസുകളും നടത്തി. 12 ചെറുകിട ഉൽപാദന യൂണിറ്റുകളും ഒരു വൻകിട ഉൽപാദന യൂണിറ്റും 2 കമ്പോസ്റ്റ് യൂണിറ്റും നിലവിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. പരിശീലന ക്ലാസുകൾക്കായി ഒരു ലക്ഷം രൂപ ചെലവഴിക്കുകയും 2,23,750/- രൂപയുടെ ക്ലെയിമുകൾ നിലവിൽ തയ്യാറായിട്ടുള്ളതുമാണ്. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് ആയത് ഗുണഭോക്താക്കൾക്ക് അനുവദിക്കുന്നതാണ്.

(ഡി) വിദ്യാർഥികൾക്ക് അടുക്കളത്തോട്ടം നിർമ്മിക്കുന്നതിന് വിത്ത് നൽകുന്ന പദ്ധതി പ്രസ്തുത മണ്ഡലത്തിലെ ഏതെല്ലാം വിദ്യാലയങ്ങളിൽ

നടപ്പിലാക്കിയിട്ടുണ്ട്; വിശദമാക്കുമോ?

അടുക്കളത്തോട്ടം നിർമ്മിക്കുന്നതിനായി കയ്യമംഗലം മണ്ഡലത്തിലെ 25 സ്കൂളുകളിലെ വിദ്യാർഥികൾക്ക് പച്ചക്കറി വിത്ത് വിതരണം നടത്തിയിട്ടുണ്ട്. വിദ്യാലയങ്ങളുടെ പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു.+

(ഇ) വിദ്യാർഥികൾക്ക് ശാസ്ത്രീയമായ അറിവ് ലഭിക്കുന്നതിന് സഹായകമാകുന്ന രീതിയിൽ മണ്ണ് പരിശോധന ക്യാമ്പ്, മണ്ണിന്റെ ഗുണനിലവാരം ഉയർത്തുന്നതിനെക്കുറിച്ചും ജൈവ കീടനിയന്ത്രണ മാർഗങ്ങളെക്കുറിച്ചുമുള്ള ബോധവൽക്കരണ ക്ലാസ്സ് എന്നിവ സംഘടിപ്പിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കാമോ; വ്യക്തമാക്കുമോ?

കൃഷിഭവൻ വഴി വിദ്യാലയ കൃഷിയിടങ്ങളിലെ മണ്ണ്, ജില്ലാ മണ്ണ് പരിശോധനാ ലാബിൽ എത്തിക്കുന്നമുറയ്ക്ക് പരിശോധിച്ച് ആയതിന്റെ റിസൾട്ടും വിദ്യാലയ കൃഷിയിടങ്ങളിൽ കൃഷി ചെയ്യാൻ ഉദ്ദേശിക്കുന്ന വിളകൾക്ക് വേണ്ട മണ്ണുമായി ബന്ധപ്പെട്ട സാങ്കേതിക ഉപദേശങ്ങളും

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മണ്ണിന്റെ ഗുണനിലവാരം ഉയർത്തുന്നതിനുള്ള ബോധവൽക്കരണ ക്ലാസും ഉൾപ്പെടെയുള്ള സേവനങ്ങളും ജില്ലാ മണ്ണ് പരിശോധന ലാബിൽ ലഭ്യമാണ്. കയ്പമംഗലം മണ്ഡലത്തിലെ വിദ്യാലയ കൃഷിയിടങ്ങളിൽ മാത്രമല്ല തൃശ്ശൂർ ജില്ലയിലെ വിദ്യാർഥികൾക്ക് ശാസ്ത്രീയമായ മണ്ണ് പരിശോധനയെക്കുറിച്ച് അറിവും മണ്ണ് പരിശോധനാ ക്യാമ്പ് ബോധവൽക്കരണ ക്ലാസ് എന്നിവ നൽകുന്നതിനായി പ്രസ്തുത പഞ്ചായത്തിലെ കൃഷിഭവനിൽ അറിയിപ്പ് നൽകുന്ന പക്ഷം തൃശ്ശൂർ ജില്ലാ സഞ്ചരിക്കുന്ന മണ്ണ് പരിശോധനാ ലാബിന്റെ സേവനം പ്രസ്തുത സ്ഥാപനങ്ങളിൽ ലഭ്യമാക്കുന്നതാണ്.

ജൈവ കാർഷിക മിഷന്റെ ഭാഗമായി എല്ലാ ജില്ലകളിലും ജില്ല, ബ്ലോക്ക്, ഗ്രാമ/നഗര മുനിസിപ്പാലിറ്റി, കൃഷിഭവൻ തല കോ-ഓർഡിനേഷൻ കമ്മിറ്റികൾ രൂപീകരിച്ച് യോഗങ്ങളും പരിശീലനങ്ങളും നടത്തിവരുന്നു. കൂടാതെ ജൈവ കാർഷിക മിഷനെ പോഷകസമൃദ്ധി മിഷനുമായും കൃഷിക്കൂട്ടങ്ങളുമായും സംയോജിപ്പിച്ചിട്ടുണ്ട്. ജൈവ കാർഷിക മിഷനിൽ വിദ്യാർഥികൾക്ക് കൃഷിയിൽ ശാസ്ത്രീയമായ അറിവ് ലഭിക്കുന്നതിന് സഹായകരമാകുന്ന രീതിയിൽ മണ്ണ്-വിള ആരോഗ്യ പരിപാലനം, മൂല്യ

വർദ്ധിത ഉല്പന്ന നിർമ്മാണം എന്നിവയിൽ പരിശീലനം നൽകിവരുന്നു. ഇതിന്റെ ഭാഗമായി മണ്ണ് പരിശോധന ക്യാമ്പ്, മണ്ണിന്റെ ഗുണനിലവാരം ഉയർത്തുന്നതിനെക്കുറിച്ചും ജൈവ കീടരോഗ നിയന്ത്രണ മാർഗങ്ങളെക്കുറിച്ചുമുള്ള ബോധവൽക്കരണ ക്ലാസ് എന്നിവയും സംഘടിപ്പിച്ചുവരുന്നു.

സഹസ്ര സരോവർ പദ്ധതി

70 (1643) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം കോട്ടയം ജില്ലയിൽ കെ.എൽ.ഡി.സി. മുഖേന നടപ്പിലാക്കിവരുന്ന സഹസ്ര സരോവർ പദ്ധതിയിൽ ഉൾപ്പെടുത്തി എന്തെല്ലാം പ്രവൃത്തികളാണ് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഓരോ പ്രവൃത്തിക്കും അനുവദിച്ച തുക എത്രയെന്നും അവയുടെ നിലവിലെ പുരോഗതിയും വ്യക്തമാക്കുമോ; അതുസംബന്ധിച്ച ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

(എ&ബി) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോട്ടയം ജില്ലയിൽ കെ.എൽ.ഡി.സി. മുഖേന സഹസ്ര സരോവർ പദ്ധതിയിൽ ഉൾപ്പെടുത്തി പ്രവൃത്തികളൊന്നും നടപ്പിലാക്കിയിട്ടില്ല.

പൂഞ്ഞാർ മണ്ഡലത്തിൽ സോയിൽ കൺസർവേഷൻ വകുപ്പ് മുഖേന നടപ്പാക്കിവരുന്ന പദ്ധതികൾ

71 (1644) <u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ മണ്ഡലത്തിൽ സോയിൽ കൺസർവേഷൻ വകുപ്പ് മുഖേന നടപ്പാക്കിവരുന്ന പദ്ധതികൾ ഏതൊക്കെയാണെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത പദ്ധതികളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിശദാംശം വ്യക്തമാക്കുമോ?

(എ & ബി) പൂഞ്ഞാർ മണ്ഡലത്തിൽ സോയിൽ കൺസർവേഷൻ വകുപ്പ് മുഖേന നടപ്പാക്കിയതും തുടർന്ന് വരുന്നതുമായ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വടക്കാഞ്ചേരി മണ്ഡലത്തിൽ സോയിൽ കൺസർവേഷൻ വകുപ്പ് മുഖേന നടപ്പാക്കി വരുന്ന പദ്ധതികൾ

72 (1645) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം വടക്കാഞ്ചേരി മണ്ഡലത്തിൽ സോയിൽ കൺസർവേഷൻ വകുപ്പ് മുഖേന നടപ്പാക്കി വരുന്ന പദ്ധതികൾ ഏതൊക്കെയാണെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതികളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിശദാംശം വ്യക്തമാക്കുമോ?

(എ&ബി) നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം വടക്കാഞ്ചേരി മണ്ഡലത്തിൽ മണ്ണ് സംരക്ഷണ വിഭാഗം മുഖേന നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

പടന്നക്കാട് കാർഷിക കോളേജിൽ ഒഴിഞ്ഞ് കിടക്കുന്ന തസ്തികകൾ

73 (1646) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) പടന്നക്കാട് കാർഷിക കോളേജിൽ വിവിധ വിഭാഗങ്ങളിലായി അനുവദിച്ച തസ്തികകൾ സംബന്ധിച്ച് വിശദമാക്കുമോ;

(ബി) എത്ര തസ്തികകളാണ് ഒഴിഞ്ഞ് കിടക്കുന്നതെന്നും അവ ഏതെല്ലാമാണെന്നും വ്യക്തമാക്കുമോ?

(എ&ബി) പടന്നക്കാട് കാർഷിക കോളേജിൽ വിവിധ വിഭാഗങ്ങളിലായി അനുവദിച്ച തസ്തികകളുടെയും ഒഴിഞ്ഞ് കിടക്കുന്ന തസ്തികകളുടെയും വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(സി) ഒഴിഞ്ഞു കിടക്കുന്ന തസ്തികകൾ നികത്താൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

ഒഴിഞ്ഞു കിടക്കുന്ന തസ്തികകൾ നികത്താൻ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഗുണനിലവാരം വിലയിരുത്തൽ

74 (1647) ശ്രീ. എ. സി. മൊയ്തീൻ:
ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ:
ശ്രീ. കെ. ഡി. പ്രസേനൻ:
ശ്രീ. എം. നൗഷാദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഗുണനിലവാരം വിലയിരുത്തുന്നതിനും അക്കാദമിക മികവിന്റെ അടിസ്ഥാനത്തിൽ റാങ്ക് ചെയ്യുന്നതിനും സംസ്ഥാനതലത്തിൽ പ്രത്യേകമായ സെന്ററുകൾക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഗവേഷണ നിലവാരം, അധ്യാപന ഗുണമേന്മ എന്നിവ മെച്ചപ്പെടുത്താനും മികച്ച വിദ്യാഭ്യാസ സാധ്യതകൾ തേടുന്ന വിദ്യാർഥികൾക്കും രക്ഷിതാക്കൾക്കും ഉചിതമായ സ്ഥാപനങ്ങൾ തിരഞ്ഞെടുക്കുന്നതിനും വികസിപ്പിച്ചെടുത്തതാണ് കേരള ഇൻസ്റ്റിറ്റ്യൂഷണൽ റാങ്കിങ് ഫ്രെയിംവർക്ക് (KIRF). കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ ഹയർ എഡ്യൂക്കേഷൻ എംപവർമെന്റ് ഇംപ്ലിമെന്റേഷൻ പ്ലാൻ പ്രോജക്ടിന്റെ ഭാഗമായാണ് KIRF നിലവിൽ വന്നിട്ടുള്ളത്.

(ബി) എന്തൊക്കെ കാര്യങ്ങളാണ് ഇതിലൂടെ ലക്ഷ്യമിടുന്നതെന്ന് അറിയിക്കുമോ; വിശദാംശം ലഭ്യമാക്കാമോ;

(സി) പ്രസ്തുത സംവിധാനം ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ നിലവാര വർധനവിന് ഏതൊക്കെ തരത്തിൽ സഹായകമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദമാക്കുമോ?

(ബി&സി) സംസ്ഥാനത്ത് ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളെ ഇതിലൂടെ ദേശീയവും അന്തർദേശീയവുമായ റാങ്കിങ്ങിൽ പങ്കെടുക്കാൻ സജ്ജമാക്കുകയാണ് കേരള ഇൻസ്റ്റിറ്റ്യൂഷണൽ റാങ്കിങ് ഫ്രെയിംവർക്ക് (KIRF)-ന്റെ ലക്ഷ്യം. ദേശീയ ഇൻസ്റ്റിറ്റ്യൂഷണൽ റാങ്കിങ് ഫ്രെയിംവർക്കിനെ അടിസ്ഥാനമാക്കി രൂപകൽപന ചെയ്തിട്ടുള്ളതിനൊപ്പം സംസ്ഥാനാധിഷ്ഠിത മാനദണ്ഡങ്ങളായ വൈജ്ഞാനിക മനോഭാവവും സാംസ്കാരിക സൗഹാർദവും (Scientific Temper and Secular Outlook-STSO) ഹരിത സാങ്കേതിക വിദ്യയുടെ ഉപയോഗം (Adoption of Green Technology-GT) ആദ്യതലമുറ പഠിതാക്കൾ (First Generation Learners-FGL) തുടങ്ങിയവയും KIRF-ൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

KIRF വിദ്യാഭ്യാസ സ്ഥാപനങ്ങളെ അഞ്ച് പ്രധാന മാനദണ്ഡങ്ങളായ ടീച്ചിങ്, ലേണിങ് ആൻഡ് റിസോഴ്സസ് (TLR), നോളഡ്ജ് ഡിസ്സെമിനേഷൻ

ആൻഡ് റിസർച്ച് എക്സലൻസ് (KDRE), ഗ്രാജുവേഷൻ ഔട്ട്കം (GO), ഔട്ട് റീച്ച് ആൻഡ് ഇൻക്ലൂസിവിറ്റി (OI), സയന്റിഫിക് ടെമ്പർ ആൻഡ് സെക്യുലർ ഔട്ട് ലുക്ക് (STSO) എന്നീ ഘടകങ്ങളെ അടിസ്ഥാനമാക്കി റാങ്ക് ചെയ്യുന്നു. കൂടാതെ ഓരോ മാനദണ്ഡങ്ങൾക്കും വെയ്റ്റേജ് നൽകിയിരിക്കുന്നതിലൂടെ കൃത്യത ഉറപ്പുവരുത്തിയിട്ടുണ്ട്. KIRF റാങ്കിങ് മെത്തഡോളജിയിൽ സമഗ്രവും നിശിതവുമായ ഡാറ്റശേഖരണവും പരിശോധനയും കൂടാതെ പ്രാഥമികവും വിവിധ ദേശീയ ഏജൻസികളിൽ നിന്നുമുള്ള വിവര സംയോജനവും ഉൾക്കൊള്ളിച്ചിരിക്കുന്നു. ഗവേഷണ പ്രസിദ്ധീകരണങ്ങളുടെ ബിബ്ലിയോമെട്രിക് വിശകലനം നടത്തിയിരിക്കുന്നത് ദേശീയ ഏജൻസിയായ CSIR-NISCPR എന്ന സ്ഥാപനവും പേറ്റന്റ് വിലയിരുത്തപ്പെട്ടിരിക്കുന്നത് Indian Patent Advanced Search System (In PASS) ഉപയോഗിച്ചുമാണ്. ഡാറ്റ വിശകലനത്തിൽ കണ്ടെത്തുന്ന ന്യൂനതകൾ കൃത്യമായി ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളെ അറിയിക്കുന്നതിനും ആവശ്യമായ രേഖകൾ സമർപ്പിക്കുന്നതിലൂടെ ന്യൂനതകൾ പരിഹരിക്കുന്നതിനും സുതാര്യത ഉറപ്പുവരുത്തുന്നതിനും കഴിഞ്ഞിട്ടുണ്ട്.

ഉന്നതവിദ്യാഭ്യാസ രംഗത്ത് മികവിന്റെ കേന്ദ്രങ്ങളും ഓട്ടോണമസ് ഇന്റർ യൂണിവേഴ്സിറ്റി കേന്ദ്രങ്ങളും

75 (1648) ശ്രീ. പ്രമോദ് നാരായൺ:
ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:
ശ്രീ. ജോബ് മൈക്കിൾ:
ഡോ. എൻ. ജയരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നതവിദ്യാഭ്യാസ മേഖലയിൽ ഗുണനിലവാരവും ആധുനിക ഗവേഷണ സൗകര്യവും ലഭ്യമാക്കുന്നതിനുതകുംവിധം മികവിന്റെ കേന്ദ്രങ്ങളും ഇന്റർ യൂണിവേഴ്സിറ്റി ഓട്ടോണമസ് കേന്ദ്രങ്ങളും സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

കേരളാ സർവകലാശാല, കുസാറ്റ്, മഹാത്മാഗാന്ധി സർവകലാശാല എന്നീ സർവകലാശാലകളിൽ യഥാക്രമം

(1) Thanu Padmanabhan Centre of Excellence in Astronomy and Astrophysics;

2) Centre of Excellence in Neuro degeneration and Brain Health;

(3) Centre of Excellence in Nanoscience & Nanotechnology എന്നീ മികവിന്റെ കേന്ദ്രങ്ങൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ,

ഉന്നതവിദ്യാഭ്യാസ വകുപ്പിന് കീഴിൽ സ്വയംഭരണ സ്ഥാപനങ്ങൾ എന്ന നിലയിൽ 7 സെന്റേഴ്സ് ഓഫ് എക്സലൻസ് (CoE) സ്ഥാപിക്കുവാൻ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) ഇപ്രകാരമുള്ള കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നത് എവിടെയൊക്കെയാണെന്നും അവയ്ക്ക് സംസ്ഥാന സർക്കാരുമായുള്ള നിയമപരമായ ബാധ്യതകൾ എന്തൊക്കയാണെന്നും അറിയിക്കുമോ?

ഉന്നത വിദ്യാഭ്യാസ കൗൺസിലിന് ഭരണാനുമതി നൽകിയിട്ടുള്ള 7 സെന്റേഴ്സ് ഓഫ് എക്സലൻസ് (CoE)-ൽ ടീച്ചിങ് ലേണിങ് ആൻഡ് ട്രെയിനിങ് കേന്ദ്രവും റിസർച്ച് നെറ്റ് വർക്ക് സെന്ററിന്റെ മെയിൻ കേന്ദ്രവും ഉന്നതവിദ്യാഭ്യാസ കൗൺസിൽ നേരിട്ട് ഹോസ്റ്റ് ചെയ്യുന്ന രീതിയിലാണ് തിരുവനന്തപുരത്ത് പ്രവർത്തനം തുടങ്ങിയിട്ടുള്ളത്.

കേരളാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് സയൻസ് ആൻഡ് ടെക്നോളജി മഹാത്മാഗാന്ധി സർവകലാശാലയിലും ജെൻഡർ സ്റ്റഡീസ് കേന്ദ്രം കാലടി സർവകലാശാലയിലും ലാംഗ്വേജ് നെറ്റ്വർക്ക് കേന്ദ്രം മലയാളം സർവകലാശാലയിലുമാണ് പ്രവർത്തനം ആരംഭിക്കാൻ

പോകുന്നത്.

റിസർച്ച് നെറ്റ്വർക്ക് സപ്പോർട്ട് കേന്ദ്രത്തിന്റെ ഭാഗമായി സ്ഥാപിക്കുന്ന സെൻട്രൽ ഇൻസ്ട്രുമെന്റേഷൻ ആൻഡ് റിസർച്ച് ലാബുകളിൽ ഒന്ന് കണ്ണൂർ സർവകലാശാല പയ്യന്നൂർ ക്യാമ്പസിലും രണ്ടാമത്തേത് തിരുവനന്തപുരം സർക്കാർ വനിതാ കോളേജിലും ആണ് പ്രവർത്തനം ആരംഭിക്കാൻ ഉദ്ദേശിക്കുന്നത്.

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് സ്റ്റഡീസ് എന്ന മികവിന്റെ കേന്ദ്രം സിംലയിലുള്ള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് സ്റ്റഡിയുടെ മാതൃകയിൽ CCEK-യുടെ മൂന്നാർ എഞ്ചിനീയറിങ് കോളേജ് ക്യാമ്പസിൽ ഉടൻ പ്രവർത്തനം ആരംഭിക്കാൻ ഉദ്ദേശിക്കുന്നു.

സെന്റർ ഫോർ ഇൻഡീജിനസ് പീപ്പിൾ എന്ന സ്ഥാപനം വയനാട്ടിൽ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് കാലിക്കറ്റ് യൂണിവേഴ്സിറ്റിയുമായി ചർച്ചകൾ പുരോഗമിക്കുന്നു.

ഓരോ സെന്റർ ഓഫ് എക്സലൻസും അവയുടെ പ്രത്യേക മേഖലയ്ക്കുള്ളിൽ വൈദഗ്ധ്യം, നവീകരണം, സഹകരണം എന്നിവയുടെ കേന്ദ്രമായി

പ്രവർത്തിക്കുന്ന രീതിയിലാണ് വിഭാവന ചെയ്തിട്ടുള്ളത്. ഓരോ CoE-കളിലും അതത് മേഖലയിലെ മികച്ച ഫാക്കൽറ്റി അംഗങ്ങൾ, ഗവേഷകർ, വിദ്യാർഥികൾ, വ്യവസായ പങ്കാളികൾ എന്നിവരുടെ മികച്ച സാന്നിധ്യം ഉണ്ടാകുന്ന രീതിയിലാണ് രൂപീകരിക്കുന്നത്.

(സി) സംസ്ഥാനത്ത് അത്തരം കേന്ദ്രങ്ങൾ കൂടുതലായി അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; ആയത് ആരംഭിക്കുന്നതിനുള്ള അർഹതാ മാനദണ്ഡങ്ങൾ വ്യക്തമാക്കുമോ?

സംസ്ഥാനത്ത് പുതിയ മികവിന്റെ കേന്ദ്രങ്ങളും നിലവിൽ സ്ഥാപിച്ച കേന്ദ്രങ്ങളുടെ ഉപകേന്ദ്രങ്ങളും സ്ഥാപിക്കുന്നതിനുള്ള നടപടികൾ തുടർന്നുവരുന്നു. മികവിന്റെ കേന്ദ്രങ്ങളുടെ ഉദ്ദേശലക്ഷ്യങ്ങളിൽ മുൻപരിചയമുള്ള സ്ഥാപനങ്ങൾ മികവിന്റെ കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങളെ ഹോസ്റ്റ് ചെയ്യാൻ വേണ്ട ഭൗതിക സാഹചര്യങ്ങൾ ഒരുക്കി നൽകാൻ തയ്യാറായാൽ പ്രസ്തുത ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളുമായി ഉന്നതവിദ്യാഭ്യാസ കൗൺസിൽ രൂപീകരിക്കുന്ന ഒരു ധാരണാപത്രത്തിന്റെ അടിസ്ഥാനത്തിൽ നിലവിലെ മികവിന്റെ കേന്ദ്രങ്ങളുടെ ഉപകേന്ദ്രങ്ങൾ

ആരംഭിക്കാൻ സാധിക്കുന്നതാണ്.

യു.ജി.സി.-യുടെ മാർഗനിർദേശങ്ങൾ

76 (1649) ശ്രീ. മുഹമ്മദ് മുഹസിൻ:
ശ്രീ. പി. എസ്. സുപാൽ:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീ. സി. സി. മുകുന്ദൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു.ജി.സി.-യുടെ പുതിയ മാർഗനിർദേശങ്ങൾ ഉന്നത വിദ്യാഭ്യാസ മേഖലയുടെ അടിത്തറ തകർക്കുന്നതും സംഘപരിവാർ അജണ്ട അടിച്ചേൽപ്പിക്കുന്നതുമാണെന്നുള്ള വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്മേലുള്ള നിലപാട് വ്യക്തമാക്കുമോ;

(ബി) അധ്യാപക നിയമനങ്ങളുടെ യോഗ്യതാ മാനദണ്ഡങ്ങളിൽ ഇളവ് വരുത്തുന്നതും കരാർ നിയമനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതുമായ പുതിയ യു.ജി.സി. വ്യവസ്ഥകൾ സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസ മേഖലയുടെ മികവിനെ എത്രത്തോളം ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ? വിശദമാക്കുമോ?

(എ & ബി) ഉണ്ട്. 2025-ലെ യു.ജി.സി ചട്ടങ്ങളുടെ കരട് പരിശോധിച്ച

സമിതിയുടെ പ്രാഥമിക റിപ്പോർട്ട് പ്രകാരം, പ്രസ്തുത ചട്ടം സംസ്ഥാനങ്ങളുടെ അവകാശങ്ങൾക്ക് മേലുള്ള കടന്നാക്രമണമാണെന്ന് വിലയിരുത്തിയിട്ടുണ്ട്. കരട് റെഗുലേഷനിലെ മാർഗനിർദേശങ്ങളനുസരിച്ച് ചാൻസലറുടെ നോമിനി ചെയർപേഴ്സണും രണ്ട് അംഗങ്ങൾ പരോക്ഷമായി കേന്ദ്രസർക്കാർ നിയമിതരുമായിരിക്കുന്ന മൂന്നംഗ സെലക്ഷൻ കമ്മിറ്റിയെ നിയമിക്കാനുള്ള അധികാരം ചാൻസലർ കൂടിയായ ഗവർണ്ണർക്കാണ്. ഭരണഘടനയുടെ 7-ാം ഷെഡ്യൂൾ പ്രകാരം സംസ്ഥാന സർവകലാശാലകൾ സ്ഥാപിക്കുന്നതിനും മേൽനോട്ടം വഹിക്കുന്നതിനുമുള്ള അധികാരം സംസ്ഥാന സർക്കാരുകൾക്കാണ്. യു.ജി.സി-യുടെ പങ്ക് ഉന്നത വിദ്യാഭ്യാസത്തിന്റെ ഏകോപനത്തിലും മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നതിലുമായി പരിമിതപ്പെടുത്തണം. അതും സർവകലാശാലകളുമായി കൂടിയാലോചിച്ച് മാത്രം. കരട് ചട്ടങ്ങൾ സംസ്ഥാന സർവകലാശാലകൾക്കുള്ള ഫണ്ടിങ്ങിന്റെ 80% സംഭാവന ചെയ്യുന്ന സംസ്ഥാന ഗവൺമെന്റുകളുടെ പങ്കിനെ മാറ്റിനിർത്തുക മാത്രമല്ല, സർവകലാശാലകളുടെ ജനാധിപത്യ പ്രവർത്തനത്തെ അവ ദുർബലപ്പെടുത്തുകയും ചെയ്യുന്നു.

സർവകലാശാലകളിലെ അക്കാദമിക് വൈദഗ്ധ്യത്തിന് മുൻഗണന നൽകുന്നതിന് പകരം സ്വകാര്യ മേഖലയിൽ നിന്നും വാണിജ്യ പശ്ചാത്തലത്തിൽ നിന്നുമുള്ള വൈസ് ചാൻസലർമാരെ നിയമിക്കാൻ നിർദേശിക്കുന്ന ആക്ഷേപകരമായ വ്യവസ്ഥകൾ അവയിൽ അടങ്ങിയുമിരിക്കുന്നു. ഇത് ഉന്നത വിദ്യാഭ്യാസത്തെ കൂടുതൽ വാണിജ്യവൽക്കരിക്കുന്നതിനും അതിന്റെ സമഗ്രതയെ ഇല്ലാതാക്കുന്നതിനും ആത്യന്തികമായി അക്കാദമിക് സ്വാതന്ത്ര്യത്തെയും വിമർശനാത്മക ചിന്തയെയും ഇല്ലാതാക്കുന്നതിനും ഇടയാക്കും. അതിനാൽ ഈ നിയന്ത്രണങ്ങൾ പിൻവലിക്കേണ്ടതും സംസ്ഥാന സർക്കാരുകളുമായും ഉന്നത വിദ്യാഭ്യാസ രംഗത്തെ എല്ലാ പങ്കാളികളുമായും കൂടിയാലോചിച്ച് പുതിയ മാർഗനിർദേശങ്ങൾ അവതരിപ്പിക്കേണ്ടതും അടിയന്തരമായ ആവശ്യമാണ്.

(സി) വി.സി. നിയമനത്തിൽ ഗവർണ്ണർക്ക് അധികാരം നൽകുന്ന തരത്തിലുള്ള പുതിയ യു.ജി.സി. നിർദേശങ്ങൾ പിൻവലിക്കണമെന്ന സംസ്ഥാന സർക്കാരിന്റെ നിലപാട് കേന്ദ്രസർക്കാരിനെയും യു.ജി.സി.-യെയും അറിയിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉണ്ട്. ഭരണഘടനയുടെ അന്ത:സത്ത ഉൾക്കൊള്ളാതെയും വൈസ്ചാൻസിലർ നിയമനം മുതൽ അസിസ്റ്റന്റ് പ്രൊഫസർമാർ വരെയുള്ള നിയമന കാര്യത്തിൽ അക്കാദമിക യോഗ്യത കണക്കാക്കാതെയും സംസ്ഥാന സർക്കാരുകളുടെ അഭിപ്രായങ്ങൾ പരിഗണിക്കാതെയും പുറത്തിറക്കിയ യു.ജി.സി കരട് മാർഗനിർദേശങ്ങൾ പിൻവലിച്ച് ബന്ധപ്പെട്ടവരുമായെല്ലാം വിശദമായ ചർച്ചകൾ നടത്തി അവരുടെ അഭിപ്രായങ്ങൾ കണക്കിലെടുത്തുകൊണ്ടുമാത്രം പുതിയ മാനദണ്ഡങ്ങൾ പുറപ്പെടുവിക്കണമെന്ന് കേന്ദ്ര സർക്കാരിനോടാവശ്യപ്പെട്ട് 21-01-2025-ന് കേരള നിയമസഭ ഐകകണ്ഠ്യേന പ്രമേയം പാസ്സാക്കുകയും അത് കേന്ദ്ര സർക്കാരിന് അയച്ചു നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ, ഡ്രാഫ്റ്റ് റഗുലേഷനിലെ സംസ്ഥാന താൽപര്യങ്ങൾക്ക് വിരുദ്ധമായ ശിപാർശകൾ സംബന്ധിച്ച് സർക്കാരിന്റെ അഭിപ്രായം 03-02-2025-ന് കേന്ദ്ര സർക്കാരിനെയും യു.ജി.സി.-യെയും അറിയിച്ചിട്ടുണ്ട്.

(ഡി) ഉന്നതവിദ്യാഭ്യാസ മേഖലയിൽ ഇടപെടലുകൾ നടത്താനുള്ള കേന്ദ്രസർക്കാരിന്റെ നിലപാടിനെതിരെ മറ്റ് സംസ്ഥാന സർക്കാരുകളുമായി

ചേർന്ന് നിയമപോരാട്ടം നടത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

ഉന്നത വിദ്യാഭ്യാസ മേഖലയിൽ ഇടപെടലുകൾ നടത്താനുള്ള കേന്ദ്രസർക്കാരിന്റെ നിലപാടിനെതിരെ സമാന അഭിപ്രായമുള്ള മറ്റ് സംസ്ഥാന സർക്കാരുകളുമായി ചേർന്ന് നിയമപോരാട്ടം നടത്തുന്നതിനുള്ള സാധ്യത പരിശോധിച്ചുവരുന്നു.

ഉന്നത വിദ്യാഭ്യാസ മേഖലയിലെ പരിഷ്കാരങ്ങൾ

77 (1650) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് ഉന്നത വിദ്യാഭ്യാസ മേഖലയിൽ നടപ്പാക്കിയ പരിഷ്കാരങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ബി) പുതുതായി എന്തെല്ലാം പദ്ധതികളാണ് ഉന്നത വിദ്യാഭ്യാസ മേഖലയിൽ നടപ്പാക്കാനുദ്ദേശിക്കുന്നത്; വിശദമാക്കാമോ?

(എ&ബി) ഈ സർക്കാരിന്റെ കാലത്ത് ഉന്നത വിദ്യാഭ്യാസ മേഖലയിൽ നടപ്പാക്കിയ പരിഷ്കാരങ്ങൾ ചുവടെ ചേർക്കുന്നു.

1. <u>കരിക്കുലം പരിഷ്കരണം</u>:- ഉന്നത വിദ്യാഭ്യാസ പരിഷ്കരണ കമ്മീഷന്റെ ശിപാർശകളുടെ ഭാഗമായി കരിക്കുലം പരിഷ്കരിക്കുന്നതിനും 4 വർഷ ബിരുദ കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള മാർഗനിർദേശങ്ങൾ തയ്യാറാക്കുന്നതിനുമായി ഡോ. സുരേഷ് ദാസ് അധ്യക്ഷനായി രൂപീകരിച്ച 39 അംഗ കേരള സംസ്ഥാന ഹയർ എഡ്യുക്കേഷൻ കരിക്കുലം കമ്മിറ്റി നാലുവർഷ ബിരുദ പ്രോഗ്രാമുകളുടെ കരിക്കുലം ചട്ടക്കൂട് തയ്യാറാക്കിയിട്ടുള്ളതും നാലുവർഷ ബിരുദ പ്രോഗ്രാമുകളുടെ ഘടന സംബന്ധിച്ച ഈ കമ്മിറ്റിയുടെ ശിപാർശകളുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ സർവകലാശാലകളിലും 850-ഓളം കോളേജുകളിലും 2024-25 അക്കാദമിക വർഷം മുതൽ നാലുവർഷ ബിരുദ പ്രോഗ്രാം നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. റെഗുലേഷൻ ഉന്നത വിദ്യാഭ്യാസ കൗൺസിൽ നാലുവർഷ ബിരുദ പ്രോഗ്രാമുകൾ നടപ്പിലാക്കാൻ ആവശ്യമായ മാതൃക തയ്യാറാക്കി സർവകലാശാലകൾക്ക് നൽകിയിട്ടുണ്ട്. ഇത് ഘടനയിലും ഉള്ളടക്കത്തിലും ബിരുദതലത്തിലുള്ള കരിക്കുലം പരിഷ്കരണത്തിന്റെ കേരള മോഡൽ ആണ്. ഓരോ പ്രോഗ്രാമിലൂടെയും

വിദ്യാർഥികൾ ആർജിക്കേണ്ട ജ്ഞാനം, നൈപുണി, അഭിരുചി (Knowledge, Skill, Aptitude) എന്നിവ ഉറപ്പുവരുത്തി ഒരേ ക്യാമ്പസിനകത്ത് തന്നെ ഒരേ കോഴ്സുകൾ വ്യത്യസ്ത അധ്യാപകർക്ക് വ്യത്യസ്ത തരത്തിൽ പഠിപ്പിക്കുന്നതിനും അതിന്റെ പരീക്ഷയും മൂല്യനിർണ്ണയവും നടത്തുന്നതിനും നാലുവർഷ ബിരുദ പ്രോഗ്രാമിൽ സ്വാതന്ത്ര്യമുണ്ട്. ശാസ്ത്ര വിഷയങ്ങൾക്ക് മാത്രം പ്രാക്ടിക്കൽ ഉണ്ടായിരുന്ന രീതിയിൽ നിന്ന് വ്യത്യസ്തമായി നൈപുണി ഉറപ്പുവരുത്തുന്നതിനായി ആവശ്യമെങ്കിൽ എല്ലാ വിഷയങ്ങൾക്കും പ്രാക്ടീസ് നൽകുന്നുമുണ്ട്. സർവകലാശാല തയ്യാറാക്കിയ കോഴ്സ് ബാസ്കറ്റ് സമ്പ്രദായത്തിൽ ബാസ്കറ്റിൽ ആവശ്യമായ കോഴ്സുകൾ ഇല്ലെങ്കിൽ അധ്യാപകർ സ്വന്തം നിലയ്ക്ക് കോഴ്സുകൾ തയ്യാറാക്കി സർവകലാശാല പഠന ബോർഡിന് സമർപ്പിച്ച് ക്ലാസുകൾ നടത്തേണ്ടതുണ്ട്. സർവ്വകലാശാലയുടെ വിവിധ ബോർഡ് ഓഫ് സ്റ്റഡീസ് തയ്യാറാക്കിയ മേജർ മൈനർ കോഴ്സുകൾ, ജനറൽ ഫൗണ്ടേഷൻ കോഴ്സുകളുടെ ഭാഗമായ ലാംഗ്വേജ് എബിലിറ്റി കോഴ്സുകൾ (AEC), ബഹുവൈജ്ഞാനിക കോഴ്സുകൾ (MDC), വാല്യൂ അഡിഷൻ കോഴ്സുകൾ (VAC), നൈപുണ്യ വികസന കോഴ്സുകൾ (SEC) എന്നിവയുടെ

ലിസ്റ്റിൽനിന്നും ഓരോ കോളേജുകളും അവരുടെ കോളേജുകളിൽ നൽകാൻ കഴിയുന്ന മേജർ പ്രോഗ്രാമുകൾ, മൈനർ പ്രോഗ്രാമുകൾ, ഫൗണ്ടേഷൻ കോഴ്സുകൾ എന്നിവയുടെ ലിസ്റ്റ് തയ്യാറാക്കാവുന്നതാണ്.

2. സെന്റർ ഓഫ് എക്സലൻസ്: ഉന്നതവിദ്യാഭ്യാസവകുപ്പിന്റെ സ.ഉ. (സാധാ) നം. 897/2024/ഉ.വി.വ., സ.ഉ.(സാധാ) നം. 171/2025/ഉ.വി.വ., എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം താഴെപ്പറയുന്ന സെന്റേഴ്സ് ഓഫ് എക്സലൻസുകൾ ആരംഭിക്കാൻ ഭരണാനുമതി നൽകിയിട്ടുണ്ട്.

1. Centre of excellence for Teaching, Learning and Training

2. Kerala Institute for Science, Technology and Innovation (KISTI)

3. Kerala Institute of Advanced Studies (KIAS)

4. Kerala Network for Research-support in Higher Education (KNRSHE)

5. Centre for Indigenous Peoples' Education (CIPE)

6. The Kerala Institute for Gender Equality (KIGE)

7. Kerala Language Network (KLN)

23-08-2023-ലെ സ.ഉ.(സാധാ) നം.1318/2023/ഉ.വി.വ. പ്രകാരം താഴെപ്പറയുന്ന സെന്റേഴ്സ് ഓഫ് എക്സലൻസുകൾ യൂണിവേഴ്സിറ്റികളിൽ ആരംഭിക്കാൻ ഭരണാനുമതി നൽകിയിട്ടുണ്ട്.

1. കേരള സർവകലാശാല ക്യാമ്പസിൽ താണു പത്മനാഭൻ സെന്റർ ഓഫ് എക്സലൻസ് ഇൻ അസ്ട്രോണമി ആൻഡ് ആസ്ട്രോഫിസിക്സ്

2. കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിൽ സെന്റർ ഓഫ് എക്സലൻസ് ഇൻ ന്യൂറോഡീജനറേഷൻ ആൻഡ് ബ്രെയിൻ ഹെൽത്ത്

3. മഹാത്മാഗാന്ധി സർവകലാശാലയിൽ സെന്റർ ഓഫ് എക്സലൻസ് ഇൻ നാനോ സയൻസ് ആൻഡ് നാനോ ടെക്നോളജി

3. <u>സ്റ്റഡി ഇൻ കേരള</u>: കേരളത്തെ ഒരു ഉന്നതവിദ്യാഭ്യാസ ഹബ്ബാക്കി മാറ്റുന്നതിനും കൂടുതൽ വിദ്യാർഥികളെ കേരളത്തിലേക്ക് എത്തിക്കുന്നതിനും ആവശ്യമായ കർമ്മപരിപാടികൾ സ്റ്റഡി ഇൻ കേരള എന്ന പദ്ധതിയിലൂടെ കൗൺസിൽ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

4. <u>ഉന്നത വിദ്യാഭ്യാസ കോൺക്ലേവ്: ഷേപ്പിങ് കേരളാസ് ഫ്യൂച്ചർ: ഇന്റർനാഷണൽ കോൺക്ലേവ് ഓൺ നെക്സ്റ്റ്-ജെൻ-ഹയർ എജ്യൂക്കേഷൻ:</u>

ഉന്നത വിദ്യാഭ്യാസരംഗത്ത് കേരളം നടത്തിക്കൊണ്ടിരിക്കുന്ന നിരവധി പരിഷ്കാരങ്ങളുടെ തുടർച്ചയായി അന്താരാഷ്ട്രതലത്തിലുള്ള ഉന്നത വിദ്യാഭ്യാസ രീതികളെയും പുതുതലമുറയിലെ ഉന്നതവിദ്യാഭ്യാസ സാധ്യതകളെയും കുറിച്ച് ആഴത്തിലും പരപ്പിലും ചർച്ച ചെയ്യുന്നതിനുവേണ്ടി 2025 ജനുവരി 14, 15 തീയതികളിൽ കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആൻഡ് ടെക്നോളജിയിൽ (CUSAT) വച്ച് കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലുമായി ചേർന്ന് "ഷേപ്പിങ് കേരളാസ് ഫ്യൂച്ചർ: ഇന്റർനാഷണൽ കോൺക്ലേവ് ഓൺ നെക്സ്റ്റ്-ജെൻ-ഹയർ എജ്യൂക്കേഷൻ" എന്ന പേരിൽ ഉന്നത വിദ്യാഭ്യാസ കോൺക്ലേവ് നടത്തിയിരുന്നു.

ഉന്നത വിദ്യാഭ്യാസത്തിൽ നിർമ്മിത ബുദ്ധിയുടെ സംയോജനം, സാമ്പത്തിക സുസ്ഥിരത, അന്താരാഷ്ട്രവൽക്കരണം, ഗവേഷണമികവ്, സുസ്ഥിര വികസനം കരിക്കുലത്തിൽ സംയോജിപ്പിക്കൽ, ഉന്നതവിദ്യാഭ്യാസത്തെ ഭാവി തൊഴിൽ സാധ്യതകളുമായി ബന്ധിപ്പിക്കൽ, ട്രാൻസ്ലേഷണൽ റിസർച്ച്, ടീച്ചർ എഡ്യൂക്കേഷൻ, അക്കാദമിക് ലൈബ്രറികൾ, ഗവേഷണഫലങ്ങളും നയരൂപീകരണവും, ഗ്രാജ്വേറ്റ്

ട്രാക്കിങ് സിസ്റ്റം, ചരിത്രാന്വേഷണത്തിന്റെ ഭാവി, ആർട്ട് എഡ്യൂക്കേഷൻ, ഇൻഡസ്ട്രി, അക്കാഡമിക് പങ്കാളിത്തം, കേരളത്തിലെ ഉന്നത വിദ്യാഭ്യാസ പരിഷ്കരണങ്ങൾ തുടങ്ങി വിവിധ വിഷയങ്ങൾ കോൺക്ലേവ് ചർച്ച ചെയ്തു. ഗവേഷണമികവ് വളർത്തൽ, അന്താരാഷ്ട്ര വിദ്യാർഥികളെ ആകർഷിക്കാൻ നവീന മാർഗങ്ങൾ ആവിഷ്കരിക്കൽ, ആഗോള ഉന്നത വിദ്യാഭ്യാസ ഹബ്ബായി മാറുന്നതിന് സംസ്ഥാനതലത്തിൽ സ്വീകരിക്കേണ്ട നടപടികൾ എന്നിവ യോഗം വിശദമായി ചർച്ചചെയ്തു. വ്യവസായ, വിദ്യാഭ്യാസ സൗഹൃദബന്ധങ്ങൾ ശക്തിപ്പെടുത്തുന്നതിന് ഈ രംഗത്തെ വിദഗ്ധർ പങ്കെടുക്കുന്ന പാനൽ ചർച്ചകൾ, മികച്ച ഗവേഷണവിദ്യകളും സാങ്കേതികവിദ്യകളും ഉപയുക്തമാക്കി തൊഴിൽ സാധ്യതകൾ മെച്ചപ്പെടുത്തുന്നതിനെക്കുറിച്ചും വിപുലമായ പര്യവേഷണങ്ങൾ കോൺക്ലേവിന്റെ ഭാഗമായിരുന്നു. കോൺക്ലേവിന്റെ വിവിധ പരിപാടികളിൽ രാജ്യത്തിനകത്തും പുറത്തും നിന്നുമായി രണ്ടായിരത്തോളം പ്രതിനിധികൾ പങ്കെടുത്തു.

5. എറുഡൈറ്റ് സ്കോളർ ഇൻ റെസിഡൻസ് പ്രോഗ്രാം: സംസ്ഥാനത്തെ

സർവകലാശാലകളിലെയും കോളേജുകളിലെയും അക്കാദമിക് സമൂഹത്തിന് നൊബേൽ ജേതാക്കളടക്കമുള്ള അക്കാദമിക് വിദഗ്ധരുമായി ആശയ വിനിമയം നടത്തുന്നതിനും അതിലൂടെ അക്കാദമിക് നെറ്റ്‌വർക്ക് വികസിപ്പിക്കുന്നതിനുമായി എറുഡൈറ്റ് സ്കോളർ ഇൻ റസിഡൻസ് പദ്ധതി നടപ്പാക്കിയിട്ടുണ്ട്. ഈ പദ്ധതി നടപ്പിലാക്കിയത് മുതൽ നാളിതുവരെ 15 നൊബേൽ ജേതാക്കൾ ഉൾപ്പെടെ 381 വിദഗ്ധരാണ് ഈ പദ്ധതിക്ക് കീഴിൽ സംസ്ഥാനത്തെ സർവകലാശാലകളും കോളേജുകളും സന്ദർശിച്ചിട്ടുള്ളത്.

6. കേരള ഇൻസ്റ്റിറ്റ്യൂഷണൽ റാങ്കിംഗ് ഫ്രെയിംവർക്ക് (Kerala Institutional Ranking Framework) (KIRF): സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഗവേഷണ നിലവാരം, അധ്യാപന ഗുണമേന്മ എന്നിവ മെച്ചപ്പെടുത്താനും മികച്ച വിദ്യാഭ്യാസ സാധ്യതകൾ തേടുന്ന വിദ്യാർഥികൾക്കും രക്ഷിതാക്കൾക്കും ഉചിതമായ സ്ഥാപനങ്ങൾ തിരഞ്ഞെടുക്കുന്നതിനും കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ വികസിപ്പിച്ചെടുത്തതാണ് കേരള ഇൻസ്റ്റിറ്റ്യൂഷണൽ റാങ്കിങ് ഫ്രെയിംവർക്ക് (KIRF). സംസ്ഥാനത്ത് ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളെ ഇതിലൂടെ

ദേശീയവും അന്തർദേശീയവുമായ റാങ്കിങ്ങിൽ പങ്കെടുക്കാൻ സജ്ജമാക്കുന്നു.

7. ബ്രെയിൻ ഗെയിൻ: ലോകമെമ്പാടുമുള്ള പ്രശസ്ത സർവ്വകലാശാലകളിലും ഗവേഷണ സ്ഥാപനങ്ങളിലും പ്രവർത്തിക്കുന്ന അക്കാദമിക്കുകളായ മലയാളികളുടെ ഒരു സമഗ്ര ഡാറ്റാബേസ് നിർമ്മിക്കുന്നത് ലക്ഷ്യമിട്ട് കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ ആരംഭിച്ച പദ്ധതിയാണ് ബ്രെയിൻ ഗെയിൻ. വിദേശങ്ങളിലുള്ള മലയാളികളായ ശാസ്ത്രജ്ഞർ, സാമൂഹ്യ ശാസ്ത്രജ്ഞർ, മാനവിക വിദഗ്ധർ, മെഡിക്കൽ പ്രൊഫഷണലുകൾ, സാങ്കേതിക വിദഗ്ധർ, മാനേജ്മെന്റ് സെപ്ഷ്യലിസ്റ്റുകൾ തുടങ്ങിയ വിവിധ മേഖലകളിലെ വിദഗ്ധരെ കേരളത്തിന്റെ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അക്കാദമിക്, ഗവേഷണ വികസനത്തിനായി ഉൾക്കൊള്ളിക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

8. സ്റ്റേറ്റ് അസസ്മെന്റ് ആന്റ് അക്രഡിറ്റേഷൻ സെന്റർ (SAAC): നാഷണൽ അസസ്സ്മെന്റ് ആൻഡ് അക്രഡിറ്റേഷൻ കൗൺസിലിന്റെയും യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷന്റെയും നിർദേശങ്ങൾക്കനുസൃതമായി SAAC

എന്ന സംസ്ഥാനതല അക്രഡിറ്റേഷൻ സംവിധാനം കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ രൂപീകരിച്ചു. സർവകലാശാലകൾ, സർക്കാർ, എയ്ഡഡ് കോളേജുകൾ, സ്വയംഭരണ കോളേജുകൾ, സ്വാശ്രയ സ്ഥാപനങ്ങൾ/കോളേജുകൾ എന്നിവയുൾപ്പെടെ സംസ്ഥാനത്തെ എല്ലാ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും സംസ്ഥാനതല അക്രഡിറ്റേഷനും ഗ്രേഡുകളും വിലയിരുത്തി നൽകുക എന്നതാണ് SAAC-ന്റെ ലക്ഷ്യം. 2021-23 കാലയളവിൽ മൂന്ന് കോളേജുകളുടെ അക്രഡിറ്റേഷൻ SAAC പൂർത്തിയാക്കി.

9. ഇ-ജേർണൽ കൺസോർഷ്യം: സംസ്ഥാനത്തെ എല്ലാ സർവകലാശാലകൾക്കും/ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ഗവേഷണ പ്രവർത്തനത്തിനും മറ്റും അനിവാര്യമായ ഇ-ജേർണൽ വിഭവങ്ങൾ പ്രദാനം ചെയ്യുന്നതിന് 2022-23-ൽ സംസ്ഥാനതല ഇ-ജേർണൽ കൺസോർഷ്യം (State Level E-Journal Consortium) രൂപീകരിച്ചിരുന്നു. പ്രമുഖ പ്രസാധകരായ എൽസെവിയർ, Knimbus എന്നിവരുമായി പ്രവർത്തന കരാർ നിലവിൽ വന്നുകഴിഞ്ഞു. എൽസെവിയർ ഗ്രൂപ്പിന്റെ പ്രസിദ്ധീകരണങ്ങളായ സയൻസ് ഡയറക്ടും സ്കോപ്പസും ഇതിൽ ഉൾപ്പെടും. ഇത് ഗവേഷണ

പ്രവർത്തനങ്ങൾക്ക് ഏറെ സഹായകരമായ സംവിധാനമാണ്.

10. <u>ചീഫ് മിനിസ്റ്റേഴ്സ് നവകേരള പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പ്</u>: നവകേരള സൃഷ്ടിക്ക് അനുയോജ്യമായ ഗവേഷണങ്ങൾക്ക് പ്രോത്സാഹനം നൽകുന്നതിനായി സംസ്ഥാന സർക്കാർ നടപ്പിലാക്കിയ ഗവേഷണ പദ്ധതിയാണിത്. ലൈഫ് സയൻസ്, കെമിക്കൽ സയൻസ്, മെറ്റീരിയൽ സയൻസ്, പൊളിറ്റിക്കൽ സയൻസ്, ഹ്യൂമാനിറ്റീസ് & ലിബറൽ ആർട്സ്, ഇക്കണോമിക്സ് സ്റ്റഡീസ്, അഗ്രികൾച്ചർ & ഇക്കോളജിക്കൽ സയൻസ്, ക്ലൈമറ്റ് ചെയ്ഞ്ച് & ജിയോളജിക്കൽ സ്റ്റഡീസ്, മെഡിക്കൽ സയൻസ്, കോമേഴ്സ് & മാനേജ്മെന്റ് സ്റ്റഡീസ്, ഡിജിറ്റൽ ടെക്നോളജി & എഞ്ചിനീയറിങ് എന്നിവ ഉൾക്കൊള്ളുന്ന 10 ബൃഹത്തായ വിജ്ഞാന മേഖലകളിലാണ് ഫെല്ലോഷിപ്പ് നൽകിവരുന്നത്. ആദ്യവർഷം ഓരോ മാസവും 50,000 രൂപയും രണ്ടാം വർഷം ഒരു ലക്ഷം രൂപ വീതവും നൽകുന്നതിനു പുറമെ പ്രതിവർഷം 2 ലക്ഷം രൂപ വീതം സയൻസ് വിഭാഗത്തിൽപ്പെട്ടവർക്കും 50,000 രൂപ വീതം സോഷ്യൽ സയൻസ് വിഭാഗത്തിനും കണ്ടിജൻസി ഗ്രാന്റായും നൽകും. ആകെ 500

ഫെല്ലോഷിപ്പുകൾ നൽകാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. ആദ്യഘട്ടത്തിൽ 77 ഫെല്ലോഷിപ്പുകളും രണ്ടാം ഘട്ടത്തിൽ 68 ഫെല്ലോഷിപ്പുകളും മോഡ് 1 പ്രകാരം സർവകലാശാലകളിലെ ട്രാൻസ്ലേഷണൽ റിസർച്ച് സെന്ററുകൾക്ക് 31 ഫെല്ലോഷിപ്പുകളുമാണ് പ്രഖ്യാപിച്ചിട്ടുള്ളത്.

11. കൈരളി ഗവേഷണ പുരസ്കാരങ്ങൾ: ഗവേഷണരംഗത്ത് മികവ് കാട്ടുന്ന കേരളീയർക്ക് അംഗീകാരവും പ്രോത്സാഹനവും നൽകാൻ സംസ്ഥാന സർക്കാർ ഏർപ്പെടുത്തിയിരിക്കുന്നതാണ് കൈരളി റിസർച്ച് അവാർഡുകൾ. പോസ്റ്റ് ഡോക്ടറൽ ഗവേഷണത്തിൽ ഏർപ്പെട്ടിരിക്കുന്ന വിദ്യാർഥികൾക്കുള്ള കൈരളി ഗവേഷക പുരസ്കാരം, റിസർച്ച് ഫാക്കൽറ്റിക്ക് നൽകുന്ന കൈരളി ഗവേഷണ പുരസ്കാരം, പ്രമുഖ ശാസ്ത്രജ്ഞർക്ക് സമഗ്ര സംഭാവനയ്ക്ക് നൽകുന്ന കൈരളി ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡ്, കൈരളി ഗ്ലോബൽ ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡ് എന്നിവയാണ് കൈരളി ഗവേഷണ അവാർഡ് ശ്രേണിയിൽ ഉൾപ്പെടുന്ന പുരസ്കാരങ്ങൾ.

12. K-REAP:- സർവകലാശാലാ പ്രവർത്തനങ്ങളിൽ ആധുനിക സാങ്കേതികവിദ്യ ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി K-REAP പദ്ധതി

സർക്കാർ ആസൂത്രണം ചെയ്ത നടപ്പിലാക്കിവരുന്നു. K-REAP-ന്റെ ഭാഗമായി വിദ്യാർഥി പ്രവേശനം മുതൽ പരീക്ഷാ ഫലപ്രഖ്യാപനവും സർട്ടിഫിക്കറ്റ് വിതരണവും വരെയുള്ള മുഴുവൻ വിദ്യാർഥി പഠന പ്രക്രിയകളും ഈ സംവിധാനത്തിലൂടെ ചിട്ടപ്പെടുത്തുവാൻ കഴിയും. 2024-25 അധ്യയന വർഷം മുതൽ കണ്ണൂർ സർവകലാശാലയിൽ പദ്ധതി നടപ്പിലാക്കിവരുന്നു. കാലടി, മലയാളം സർവകലാശാലകളിൽ K-REAP പദ്ധതി പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്.

13. അധ്യാപക പരിശീലന പദ്ധതി: ഉന്നത വിദ്യാഭ്യാസ മേഖലയിൽ മികച്ച അധ്യാപകരെ വാർത്തെടുക്കുകയെന്ന ലക്ഷ്യത്തോടെയാണ് ഉന്നത വിദ്യാഭ്യാസ കൗൺസിലിന് കീഴിൽ ഫാക്കൽറ്റി ഡെവലപ്മെന്റ് സെന്റർ ആരംഭിച്ചത്. Humanities & Social Science, Science, Commerce, Technology and Management എന്നീ സ്ട്രീമുകളിൽ അധ്യാപകർക്കായി പരിശീലനം സംഘടിപ്പിച്ചുവരുന്നു.

14. ഡിജികോൾ (DIGICOL): ആഗോള വിദ്യാഭ്യാസ രംഗം ഡിജിറ്റൽ മാറ്റത്തിലേക്ക് നീങ്ങുന്നതിന്റെ പശ്ചാത്തലത്തിൽ, കേരളം 'Let's Go Digital',

'DIGICOL' എന്നിങ്ങനെ രണ്ട് പദ്ധതികൾക്ക് 2021 മുതൽ തുടക്കം കുറിച്ചു. ഈ പദ്ധതികളുടെ മുഖ്യലക്ഷ്യത്തിൽ ഉന്നത വിദ്യാഭ്യാസ രംഗത്ത് ഡിജിറ്റൽ സാങ്കേതികതയുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുക, അധ്യാപകരുടെ ഡിജിറ്റൽ സാങ്കേതികമായ കഴിവുകൾ വർധിപ്പിക്കുക, നൂതനവും പുതുമയാർന്നതുമായ അധ്യാപനരീതി (techno pedagogy) അവലംബിക്കുന്നതിനായുള്ള പരിശീലനം നൽകുക എന്നിവ ഉൾപ്പെടുന്നു.

15. കേരള അക്കാദമിക് ലൈബ്രറി നെറ്റ് വർക്ക് (കാൽനെറ്റ്): കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ നേതൃത്വത്തിൽ സംസ്ഥാനത്തെ 11 സർവകലാശാല ലൈബ്രറികളിലെ 15 ലക്ഷത്തോളം പുസ്തകങ്ങളും തീസിസുകളും കൂട്ടിയിണക്കി സംസ്ഥാനതലത്തിൽ കേരള അക്കാദമിക് ലൈബ്രറി നെറ്റ്വർക്ക് (Kerala Academic Library Network - KALNET) പ്രവർത്തനം ആരംഭിച്ചു.

16. കൗൺസിൽ ജേർണൽ: ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ ആഭിമുഖ്യത്തിൽ SAGE പബ്ലിഷിങ് ഹൗസുമായി ചേർന്ന് 'Higher Education for the Future' എന്ന ജേർണൽ പ്രസിദ്ധീകരിച്ചുവരുന്നു.

17. <u>ഉന്നത വിദ്യാഭ്യാസ സ്കോളർഷിപ്പ് പദ്ധതി:</u> കേരളത്തിലെ ഗവൺമെന്റ്/എയ്ഡഡ് കോളേജുകളിലും യൂണിവേഴ്സിറ്റി ഡിപ്പാർട്ടുമെന്റുകളിലും പ്രൊഫഷണലേതര വിഷയങ്ങളിൽ ഒന്നാം വർഷ ഡിഗ്രി കോഴ്സിന് ചേരുന്ന (എയ്ഡഡ് കോഴ്സുകൾ) വിദ്യാർഥികൾക്കാണ് ഉന്നത വിദ്യാഭ്യാസ സ്കോളർഷിപ്പ് നൽകുന്നത്. പ്ലസ് ടുവിന്/തത്തുല്യ പരീക്ഷകൾക്ക് ലഭിച്ച മാർക്കിന്റെ അടിസ്ഥാനത്തിൽ 1000 വിദ്യാർഥികളെയാണ് ബിരുദ പഠനത്തിനുള്ള സ്കോളർഷിപ്പിനായി ഓരോ വർഷവും തിരഞ്ഞെടുക്കുന്നത്. ബിരുദാനന്തര ബിരുദ പഠനത്തിന് 600 സ്കോളർഷിപ്പുകളാണ് പ്രതിവർഷം നൽകുന്നത്. എസ്.സി./എസ്.ടി., ഒ.ബി.സി., ബി.പി.എൽ., ശാരീരിക വെല്ലുവിളികൾ നേരിടുന്നവർ എന്നീ വിഭാഗങ്ങൾക്കായി യഥാക്രമം 10%, 27%, 10%, 3% സ്കോളർഷിപ്പുകൾ സംവരണം ചെയ്തിരിക്കുന്നു.

തൊഴിൽ ദാതാക്കളായ സാങ്കേതിക വിദഗ്ധരെ സൃഷ്ടിക്കുന്നതിന്റെ ഭാഗമായി സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ IOC (ഇൻഡസ്ട്രി ഓൺ ക്യാമ്പസ്) പദ്ധതി

നടപ്പിലാക്കിവരുന്നു. 6 പോളിടെക്നിക്ക് കോളേജുകളിൽ ASAP-ന്റെ സഹായത്തോടെയും പാലക്കാട് സർക്കാർ പോളിടെക്നിക് കോളേജിലും 4 സർക്കാർ കോളേജുകളിലും KSUM-ന്റെ സഹായത്തോടെയും മിനിഫാബ് ലാബുകൾ സ്ഥാപിച്ചിട്ടുണ്ട്.

സംസ്ഥാനത്തെ കോളേജുകളിൽ Mini Industrial Units ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് 2022-23-ലെ ബജറ്റ് പ്രഖ്യാപന പ്രകാരം പെരുമ്പാവൂർ സർക്കാർ പോളിടെക്നിക്ക് കോളേജിൽ ടി കേന്ദ്രം ആരംഭിക്കുന്നതിന് സർക്കാർ 29-09-2022-ലെ സ.ഉ.(സാധാ) നം.1437/2022/ഉ.വി.വ. പ്രകാരം 116.92 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. സ്ത്രീ ശാക്തീകരണം ലക്ഷ്യമിട്ട് SHE (Scheme for Her Empowerment in Engineering Education) പദ്ധതി വകുപ്പിന് കീഴിലെ എല്ലാ സർക്കാർ എഞ്ചിനീയറിങ് കോളേജുകളിലും പോളിടെക്നിക്ക് കോളേജുകളിലും നടപ്പിലാക്കിയിട്ടുണ്ട്. ഈ സർക്കാർ അധികാരമേറ്റതിനുശേഷം വിവിധ എഞ്ചിനീയറിങ് കോളേജുകളിലായി Centre for Sustainable Development (CSD), Centre for Nano Electronics,

Collaborative Research and Learning (CORaL) എന്നീ ഗവേഷണ പദ്ധതികൾ നടപ്പിലാക്കി.

പോളിടെക്നിക് കോളേജുകളിൽ വ്യവസായ അധിഷ്ഠിതമായ ഔട്ട് കം ബേസ്ഡ് ഡിപ്ലോമ കരിക്കുലം റിവിഷൻ 2021 ആവിഷ്കരിച്ചു. Rev. 2021 ഡിപ്ലോമ കരിക്കുലം വിദ്യാർഥികളുടെ വ്യവസായ അധിഷ്ഠിത കഴിവുകൾ വികസിപ്പിക്കുന്നതിൽ ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുന്നു. ഇതിന്റെ ഭാഗമായി രണ്ടാം സെമസ്റ്ററിന് ശേഷം 3 ആഴ്ച ഇന്റേൺഷിപ്പും നാലാം സെമസ്റ്ററിന് ശേഷം 4 ആഴ്ച ഇന്റേൺഷിപ്പും നടപ്പിലാക്കി. കൂടാതെ Minor Project, Major Project, Act Activity Points അവതരിപ്പിച്ചതിലൂടെ വിദ്യാർത്ഥികളുടെ വൈദഗ്ധ്യ വികസനത്തിന് പ്രാധാന്യം നൽകി. പുതിയ കരിക്കുലം നടപ്പിലാക്കുന്നതിന്റെ ഫലപ്രാപ്തി ഉറപ്പാക്കുന്നതിനായി Handbook പ്രസിദ്ധീകരിച്ചു. Inter disciplinary പഠനത്തെ പ്രോത്സാഹിപ്പിക്കുന്നതിനായി ഓപ്പൺ ഇലക്ടീവുകൾ അവതരിപ്പിച്ചു. ഒരു കരിയർ ഓപ്ഷനായി സംരംഭകത്വം ഏറ്റെടുക്കുന്നത് പ്രോത്സാഹിപ്പിക്കുന്നതിനായി പാഠ്യപദ്ധതിയിൽ സംരംഭകത്വത്തെയും സ്റ്റാർട്ടപ്പുകളെയും കുറിച്ചുള്ള

കോഴ്സ് ഉൾപ്പെടുത്തി. വിദ്യാർത്ഥികളെ അവരുടെ തൊഴിൽ അഭിവൃദ്ധിക്ക് വേണ്ടി, ഓൺലൈനായി പഠനം നടത്തി ആഗോളതലത്തിൽ സർട്ടിഫിക്കേഷൻ നേടുന്നതിനായി തയ്യാറാക്കുന്നതിന്റെ ഭാഗമായി ഡിപ്ലോമ കരിക്കുലത്തിൽ “Activity Points” ഉൾപ്പെടുത്തി. കൂടാതെ ആഗോളതലത്തിൽ വിദ്യാർഥികളെ തൊഴിൽ പ്രാപ്തരാക്കുന്നതിനു വേണ്ടി Communication skills in English theory ഒന്നാം സെമസ്റ്ററിലും Communication skills in English Lab രണ്ടാം സെമസ്റ്ററിലും ഉൾപ്പെടുത്തി.

കേരളത്തെ വിജ്ഞാന സമൂഹമാക്കി പരിവർത്തനപ്പെടുത്താനും ഉന്നതവിദ്യാഭ്യാസ ഹബ്ബാക്കി മാറ്റുന്നതിന്റെ അടുത്തഘട്ട പ്രവർത്തനങ്ങളുടെ ഭാഗമായും വകുപ്പിന്റെ ആഭിമുഖ്യത്തിൽ 2024 ഡിസംബർ മാസത്തിൽ "ഉദ്യമ 1.0 " എന്ന പേരിൽ ഉന്നതവിദ്യാഭ്യാസ കോൺക്ലേവ് സംഘടിപ്പിച്ചു.

കേരള സാങ്കേതിക സർവകലാശാലയുടെ കീഴിൽ കേരളത്തിലെ സർവകലാശാല കാമ്പസുകളിൽ ട്രാൻസ്ലേഷണൽ റിസർച്ച് സെന്ററുകൾ വികസിപ്പിക്കുമെന്ന് ബജറ്റ് പ്രസംഗത്തിൽ സർക്കാർ പ്രഖ്യാപിക്കുകയും ട്രാൻസ്ലേഷണൽ റിസർച്ച് ഫെസിലിറ്റി സ്ഥാപിക്കുന്നതിനുള്ള ഹ്രസ്വ

നിർദ്ദേശം സർവകലാശാല സമർപ്പിക്കുകയും ചെയ്തു. വിളപ്പിൽശാലയിൽ സർവകലാശാലയ്ക്കായി ട്രാൻസ്ലേഷണൽ റിസർച്ച് സെന്റർ സ്ഥാപിക്കുന്നതിനായി ഇന്ത്യാ ഗവൺമെന്റിന്റെ ഉടമസ്ഥതയിലുള്ള കൺസൾട്ടൻസി സേവനദാതാവായ വാപ്കോസ് ലിമിറ്റഡിനെ പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടന്റായി നിയമിച്ചു. ടി.ആർ.സി. പദ്ധതിയുടെ വിശദമായ പദ്ധതി റിപ്പോർട്ട് കിഫ്ബി അംഗീകരിച്ചു. പദ്ധതി നിർമാണത്തിനായി 12.94 കോടി രൂപയുടെ ഭരണാനുമതി കിഫ്ബി നൽകി. 9.95 കോടി രൂപയുടെ പദ്ധതി നിർമാണത്തിനുള്ള എസ്റ്റിമേറ്റ് ടെക്നിക്കൽ കമ്മിറ്റി അംഗീകരിച്ചു. നിർമ്മാണ പ്രവൃത്തികൾ 2025 മാർച്ച് മാസത്തോടെ ആരംഭിക്കും.

സർക്കാരിന്റെ ആനിമേഷൻ വിഷ്വൽ എഫക്ട്, ഗെയിമിംഗ് കോമിക്സ് ആൻഡ് എക്സ്റ്റെൻഡഡ് റിയാലിറ്റി (AVGC - XR)പോളിസി പ്രകാരം കേരള സാങ്കേതിക സർവകലാശാലയുടെ കീഴിൽ നടപ്പിലാക്കുന്ന പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിലേക്കായി 2025-26 വർഷത്തേക്ക് 2.50 കോടി രൂപ വകയിരുത്തിയിരിക്കുന്നു. സർക്കാർ പദ്ധതിയിൽ ഉൾപ്പെടുത്തി അനുമതി

ലഭിക്കുന്ന മുറയ്ക്ക് നടപ്പിലാക്കുന്നതാണ്.

പദ്ധതി അടങ്കലിലെ വെട്ടിക്കുറവ്

78 (1651) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024-25 സാമ്പത്തിക വർഷത്തെ പദ്ധതി അടങ്കലിന്റെ അൻപത് ശതമാനം വരെ വെട്ടിക്കുറവ് വരുത്താനുള്ള സർക്കാർ തീരുമാനത്തെ തുടർന്ന് ഉന്നത വിദ്യാഭ്യാസ വകുപ്പിലെ ഏതൊക്കെ പദ്ധതികൾക്ക് എത്ര ശതമാനം വരെ വെട്ടിക്കുറവ് വരുത്തിയെന്നുള്ള വിവരം ലഭ്യമാക്കാമോ?

(ബി) വെട്ടിക്കുറവ് വരുത്തിയ ഓരോ പദ്ധതിയുടെയും നാളിതുവരെയുള്ള പുരോഗതി വിശദമാക്കാമോ?

(എ & ബി) റീപ്രയോറിറ്റൈസേഷൻ സംബന്ധിച്ച വിശദവിവരം അനുബന്ധമായി ചേർക്കുന്നു+.

സെമസ്റ്റർ പരീക്ഷകൾ

79 (1652) ശ്രീ. മാണി സി. കാപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രിസദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) സംസ്ഥാനത്തെ വിവിധ യൂണിവേഴ്സിറ്റികളിൽ, പ്രത്യേകിച്ച് കേരളാ യൂണിവേഴ്സിറ്റിയിൽ മുൻ സെമസ്റ്റർ പരീക്ഷകൾ പിന്നീടുള്ള സെമസ്റ്ററുകളിലെ ക്ലാസുകൾക്കിടയിൽ നടത്തി വിദ്യാർഥികൾക്ക് മാനസിക സംഘർഷം സൃഷ്ടിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

സർവകലാശാലകളുടെ അക്കാദമിക് കലണ്ടറിൽ നിശ്ചയിച്ചിരിക്കുന്ന പ്രകാരം ഓരോ സെമസ്റ്റർ പരീക്ഷ പൂർത്തീകരിച്ചശേഷം മാത്രമാണ് അടുത്ത സെമസ്റ്റർ ക്ലാസുകൾ ആരംഭിക്കുന്നത്. എന്നാൽ മുൻ സെമെസ്റ്ററുകളിലെ പരീക്ഷകൾ Improvement/Supplementary ആയോ എഴുതേണ്ടിവരുന്ന വിദ്യാർഥികൾക്ക് അവരുടെ ക്ലാസുകൾക്കിടയിൽ പരീക്ഷ എഴുതേണ്ട സാഹചര്യം ഉണ്ടാകാറുണ്ട്. 2024-25 അക്കാദമിക് വർഷം മുതൽ സംസ്ഥാന സർക്കാർ FYUG Programme-കൾക്ക് ഏകീകൃത അക്കാദമിക് കലണ്ടർ കൊണ്ടുവന്നതിന്റെ അടിസ്ഥാനത്തിൽ പരീക്ഷകൾ കൃത്യമായി നടന്നുവരുന്നു.

(ബി) സെമസ്റ്ററുകൾക്ക് ആറ് മാസം എന്ന രീതി കൃത്യമായി പാലിച്ചതിനുശേഷം മാത്രം പരീക്ഷ നടത്തി അടുത്ത സെമസ്റ്ററുകളിലെ

ക്ലാസ്സുകളിൽ പ്രവേശിക്കാനും അങ്ങനെ വിദ്യാർഥികൾക്ക് ഉണ്ടാകുന്ന മാനസിക സംഘർഷം കുറയ്ക്കാനുമുള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

നിലവിൽ അതത് കോഴ്സുകളുടെ റെഗുലേഷനിൽ നിഷ്കർഷിച്ചിരിക്കുന്ന അധ്യയന ദിവസങ്ങൾ/ teaching hours അനുസരിച്ച് തയ്യാറാക്കിയ academic calender പ്രകാരമാണ് പരീക്ഷകൾ നടത്തിവരുന്നത്.

വിദ്യാർഥികൾ നേരിട്ടിരുന്ന ചില ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനുകൂടി വേണ്ടിയാണ് 2024-'25 അക്കാദമിക് വർഷം മുതൽ FYUG Programme-കൾക്ക് ഏകീകൃത അക്കാദമിക് കലണ്ടർ പ്രകാരം പരീക്ഷകൾ നടത്തിവരുന്നത്.

സർക്കാർ കോളേജുകളിലെ അധിക അധ്യാപകരുടെ പുനർവിന്യാസം

80 (1653) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ കോളേജുകളിലെ അധിക അധ്യാപക തസ്തിക

പുനർവിന്യസിക്കുന്ന നടപടി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

29-06-2024-ലെ സ.ഉ.(സാധാ) നമ്പർ 770/2024/HEDN പ്രകാരം നാലുവർഷ ബിരുദ കോഴ്സിന്റെ ആദ്യ ബാച്ച് പഠനം പൂർത്തിയാകുന്നത് വരെ സർക്കാർ/എയ്ഡഡ് കോളേജുകളിൽ നിലവിൽ അനുവദിക്കപ്പെട്ട മുഴുവൻ ജോലിഭാരവും തസ്തികകളും തൽസ്ഥിതി നിലനിർത്തി ലോക്ക് ചെയ്തതായി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സർക്കാർ കോളേജുകളിലെ അധിക അധ്യാപക തസ്തിക പുനർവിന്യസിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) 03-01-2001-ലെ ജി.ഒ. (പി) നം.5/2001/ഹ.എഡ്യൂ. ഉത്തരവിലൂടെ നിലവിൽ വന്ന പി.ജി. വെയ്റ്റേജ്, 01-04-2020-ലെ G.O.(Ms)No.155/2020/HEDN, 25-05-2020-ലെ G.O.(Ms)No.193/2020/HEDN എന്നീ ഉത്തരവുകൾ എടുത്തുമാറ്റിയതിനെ തുടർന്നാണ് സർക്കാർ കോളേജുകളിൽ അധിക അധ്യാപക തസ്തിക ശൃപപ്പെട്ടത് എന്നിരിക്കെ ഇരുപത് വർഷത്തിനിടയിൽ ശൃപപ്പെട്ട എക്സസ് മൂലമുണ്ടാകുന്ന ഉദ്യോഗനഷ്ടം, പി.ജി. വെയ്റ്റേജ് എടുത്തുമാറ്റിയ 2020-ലെ ഉത്തരവ്

വരുന്നതിനു മുമ്പുള്ള 2019-ലെ നോട്ടിഫിക്കേഷൻ വഴി നിലവിൽ വന്ന നിലവിലെ റാങ്ക് ലിസ്റ്റിനെ ബാധിക്കുന്നത് ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

അധിക തസ്തികകൾക്കുശേഷമുള്ള വേക്കൻസികൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാവുന്നതാണെന്ന് സർക്കാർ നിർദേശം നൽകിയിട്ടുണ്ട്. അപ്രകാരമുള്ള വേക്കൻസികൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുകയും പി.എസ്.സി.-യിൽ നിന്നും നിയമന ശിപാർശ ലഭിച്ച മുറയ്ക്ക് നിയമന ഉത്തരവ് നൽകിയിട്ടുമുണ്ട്.

(സി) യു.ജി.സി. മാനദണ്ഡ പ്രകാരമുള്ള ജോലി ഭാരമുണ്ടായിട്ടും ഭാഷാധ്യാപകരുടെ തസ്തികകൾ പല കോളേജുകളിലും സൃഷ്ടിച്ചിട്ടില്ലാത്തതിനാൽ ആയത് സൃഷ്ടിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

അധിക ജോലിഭാരത്തിനനുസരിച്ച് അതിഥി അധ്യാപകരെ നിയമിക്കാവുന്നതാണെന്ന് സർക്കാർ നിർദേശം നൽകിയിട്ടുണ്ട്.

(ഡി) 2021-22 അധ്യയന വർഷം അനുവദിച്ച പുതുതലമുറ

കോഴ്സുകളിൽ പ്രവർത്തിക്കുന്നത് അതിഥി അധ്യാപകരാണെന്നിരിക്കെ പ്രസ്തുത കോഴ്സുകൾക്ക് സ്ഥിരം അധ്യാപകരെ പബ്ലിക് സർവീസ് കമ്മിഷൻ മുഖേന നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

പുതിയതായി ആദ്യ അഞ്ച് വർഷം അധിക സാമ്പത്തിക ബാധ്യത ഇല്ലാതെ അനുവദിച്ച കോഴ്സുകൾക്ക് സ്ഥിരം തസ്തിക സൃഷ്ടിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചതിനുശേഷം മാത്രമെ നിയമന നടപടികൾ സ്വീകരിക്കാൻ സാധിക്കുകയുള്ളൂ.

സർവകലാശാല ഗ്രാന്റ്സ് കമ്മീഷന്റെ മാർഗനിർദേശങ്ങൾ

81 (1654) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. നജീബ് കാന്തപുരം:
ശ്രീ. യു. എ. ലത്തീഫ്:
ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നത വിദ്യാഭ്യാസ മേഖലയിൽ മാറ്റങ്ങൾ നിർദേശിച്ചുകൊണ്ടുള്ള സർവകലാശാല ഗ്രാന്റ്സ് കമ്മീഷന്റെ മാർഗനിർദേശങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത മാർഗനിർദേശങ്ങൾ വി.സി. നിയമനങ്ങളിൽ

സംസ്ഥാനങ്ങൾക്കുള്ള അധികാരം കവരുന്നതാണോ എന്ന് അറിയിക്കുമോ; വ്യക്തമാക്കുമോ;

(സി) പഠിച്ചിട്ടില്ലാത്ത വിഷയത്തിൽ നെറ്റ് യോഗ്യതയോ പി.എച്ച്.ഡി.-യോ നേടിയവർക്ക് കോളേജ് അധ്യാപകനാകാമെന്ന നിർദേശം വിദ്യാഭ്യാസ നിലവാരത്തകർച്ചയ്ക്ക് കാരണമാകുമോ എന്ന് അറിയിക്കുമോ; വ്യക്തമാക്കുമോ?

(എ-സി) യു.ജി.സി. കരട് റെഗുലേഷൻ 2025-ലെ സംസ്ഥാന താൽപര്യങ്ങൾക്ക് വിരുദ്ധമായ വ്യവസ്ഥകൾ സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി പ്രൊഫ. പ്രഭാത് പട്നായിക് അധ്യക്ഷനായി ഒരു അഞ്ചംഗ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റിയുടെ പ്രാഥമിക നിരീക്ഷണങ്ങളുടെ അടിസ്ഥാനത്തിൽ ഒരു റിപ്പോർട്ട് തയ്യാറാക്കി സർക്കാരിൽ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ട് അനുബന്ധമായി ചേർക്കുന്നു.[+]

(ഡി) യു.ജി.സി.-യുടെ നിർദേശങ്ങളിന്മേൽ എന്തെല്ലാം നടപടികൾ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

ഭരണഘടനയുടെ അന്ത:സത്ത ഉൾക്കൊള്ളാതെയും വൈസ്ചാൻസലർ നിയമനം മുതൽ അസിസ്റ്റന്റ് പ്രൊഫസർമാർ വരെയുള്ള നിയമന കാര്യത്തിൽ അക്കാദമിക യോഗ്യത കണക്കാക്കാതെയും സംസ്ഥാന സർക്കാരുകളുടെ അഭിപ്രായങ്ങൾ പരിഗണിക്കാതെയും പുറത്തിറക്കിയ യു.ജി.സി. കരട് മാർഗനിർദേശങ്ങൾ പിൻവലിച്ച് ബന്ധപ്പെട്ടവരുമായി വിശദമായ ചർച്ചകൾ നടത്തി അവരുടെ അഭിപ്രായങ്ങൾ കണക്കിലെടുത്തുകൊണ്ട് മാത്രം പുതിയ മാനദണ്ഡങ്ങൾ പുറപ്പെടുവിക്കണമെന്ന് കേന്ദ്ര സർക്കാരിനോടാവശ്യപ്പെട്ട് 21-01-2025-ന് കേരള നിയമസഭ ഐകകണ്ഠ്യേന പ്രമേയം പാസ്സാക്കുകയും അത് കേന്ദ്ര സർക്കാരിൽ അയച്ചു നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ, ഡ്രാഫ്റ്റ് റഗുലേഷൻ സംബന്ധിച്ച് സർക്കാരിന്റെ അഭിപ്രായം 03-02-2025-ന് കേന്ദ്ര സർക്കാരിനേയും യു.ജി.സി.-യെയും അറിയിച്ചിട്ടുണ്ട്.

യു.ജി.സി. റെഗുലേഷൻ 2025-ന്റെ കരടിനെതിരെ 20-02-2025-ന് സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസ മേഖലയിലുള്ളവരെയും മറ്റ്

സംസ്ഥാനങ്ങളിലെ പ്രതിനിധികളെയും പങ്കെടുപ്പിച്ചുകൊണ്ട് ദേശീയ കൺവെൻഷൻ സംഘടിപ്പിക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു.

വിദ്യാർഥികളുടെ ആത്മഹത്യയും റാഗിങ്ും തടയുന്നതിനുള്ള നടപടി

82 (1655) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിദ്യാർഥികളുടെ ഇടയിലുള്ള ആത്മഹത്യയും റാഗിങ്ും തടയുന്നതിന് എന്തെല്ലാം നടപടികളാണ് ഉന്നത വിദ്യാഭ്യാസ വകുപ്പ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉന്നത വിദ്യാഭ്യാസവകുപ്പിന് കീഴിലുള്ള കോളേജുകളിൽ റാഗിങ് തടയുന്നതിന് ആന്റി-റാഗിങ് കമ്മിറ്റികളും റാഗിങ് തടയുന്നതിനുള്ള സ്ക്വാഡുകളും രൂപീകരിച്ചിട്ടുണ്ട്. എല്ലാ കോളേജ് ക്യാമ്പസുകളിലും വിവിധ ഭാഗങ്ങളിലായി റാഗിങ് നിരോധിച്ചുകൊണ്ടുള്ള അറിയിപ്പും റാഗിങ് നടത്തുന്നവർക്ക് ലഭിക്കാവുന്ന ശിക്ഷാ നടപടികളെ കുറിച്ചുള്ള അറിയിപ്പുകളും പ്രദർശിപ്പിച്ചിട്ടുണ്ട്. പല കോളേജുകളിലും റാഗിങ് വിരുദ്ധ പ്രവർത്തനങ്ങൾക്ക് എൻ.എസ്.എസ്.-ന്റെ സജീവമായ പങ്കാളിത്തവുമുണ്ട്.

എല്ലാ വിദ്യാർഥികളും കോളേജിൽ പ്രവേശനം നേടുന്ന

അവസരത്തിൽ, റാഗിങ് നടത്തുകയോ റാഗിങ്ങിന് പിന്തുണ നൽകുകയോ ചെയ്തില്ലെന്നുള്ള പ്രതിജ്ഞയിൽ വിദ്യാർഥിയുടെയും രക്ഷകർത്താവിന്റെയും ഒപ്പുശേഖരിച്ച് കോളേജുകളുടെ ഓഫീസുകളിൽ സൂക്ഷിക്കാറുണ്ട്. റാഗിങ് തടയുന്നതിനുവേണ്ടി യു.ജി.സി. പുറപ്പെടുവിച്ചിട്ടുള്ള UGC Regulations on Curbing the Menace of Ragging in Higher Educational Institutions, 2009 വായിച്ചു മനസ്സിലാക്കിയിട്ടുണ്ടെന്നും റാഗിങ്ങിന്റെ ദൃഷ്യവശങ്ങളെ സംബന്ധിച്ചും റാഗിങ്ങിൽ ഏർപ്പെട്ടാൽ ഉണ്ടാകാനിടയുള്ള ഭവിഷ്യത്തിനെ സംബന്ധിച്ചും താൻ ബോധവാനാണെന്നും സാക്ഷ്യപ്പെടുത്തുകയാണ് ഈ അണ്ടർടേക്കിങ് പൂരിപ്പിച്ച് സമർപ്പിക്കുന്നതിലൂടെ വിദ്യാർഥികൾ ചെയ്യുന്നത്.

റാഗിങ്ങിന് വിധേയമാവുകയോ റാഗിങ് നടന്നതായി ശ്രദ്ധയിൽപ്പെടുകയോ ചെയ്താൽ വിദ്യാർഥികൾക്ക് പരാതി അറിയിക്കുന്നതിനുള്ള ഉദ്യോഗസ്ഥന്റെ വിവരവും ഫോൺ നമ്പറും കോളേജുകളിൽ പ്രദർശിപ്പിച്ചിട്ടുണ്ട്. വിദ്യാർഥികളുടെ ഐഡന്റിറ്റി വെളിപ്പെടുത്താതെതന്നെ അജ്ഞാത പരാതികൾ രജിസ്റ്റർ ചെയ്യാനും അവസരമുണ്ട്.

വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ റാഗിങ് നടന്നുകഴിഞ്ഞതായി ശ്രദ്ധയിൽപ്പെട്ടാൽ ആയത് ഏഴുദിവസത്തിനുള്ളിൽ സർവകലാശാലയെ അറിയിക്കുവാൻ കോളേജുകൾക്ക് നിർദേശം നൽകിയിട്ടുണ്ട്. ഇങ്ങനെ ലഭിക്കുന്ന പരാതികൾ സർവകലാശാല റാഗിങ് വിരുദ്ധസമിതി പരിശോധിച്ച് ഉചിതമായ നടപടികൾ സ്വീകരിക്കുന്നുണ്ട്.

വിദ്യാർഥികൾക്കിടയിലുള്ള ആത്മഹത്യാ പ്രവണത, പരീക്ഷാ ഭയം, എന്നിവ കുറയ്ക്കുന്നതിനും മാനസികാരോഗ്യം മെച്ചപ്പെടുത്തുന്നതിനുമായി കോളേജ് വിദ്യാഭ്യാസ വകുപ്പ് "ജീവനി മെന്റൽ വെൽബീയിങ്" എന്ന പേരിൽ പദ്ധതി ആസൂത്രണം ചെയ്ത നടപ്പിലാക്കിവരുന്നു. പ്രസ്തുത പദ്ധതിയുടെ ഭാഗമായി എല്ലാ സർക്കാർ കോളേജുകളിലും സൈക്കോളജി വിദഗ്ധരെ കരാർ അടിസ്ഥാനത്തിൽ നിയമിക്കുകയും വിദ്യാർഥികൾക്ക് ആവശ്യമായ കൗൺസിലിങ് നൽകിവരികയും ചെയ്യുന്നു. 2019-ൽ സർക്കാർ കോളേജുകളിൽ മാത്രമായി ആരംഭിച്ച ഈ പദ്ധതി നിലവിൽ വകുപ്പിന് കീഴിലുള്ള എയ്ഡഡ് കോളേജുകളിലേക്കുകൂടി വ്യാപിപ്പിച്ചിട്ടുണ്ട്. സൈക്കോളജിസ്റ്റുമാരുടെ സഹായത്തോടെ വിദ്യാർഥികളുടെ നിരവധി

പ്രശ്നങ്ങൾ തിരിച്ചറിഞ്ഞ് പരിഹാരം കണ്ടെത്താൻ സാധിക്കുകയും ചെയ്തിട്ടുണ്ട്.

വിദ്യാർഥികളുടെ മാനസിക സംഘർഷങ്ങൾ ലഘൂകരിക്കുന്നതിനും സ്വതന്ത്രമായി ചർച്ച ചെയ്ത് പ്രശ്നപരിഹാരം കണ്ടെത്തുന്നതിനും വ്യക്തിത്വ വികസനത്തിനുമായി "CUSAT Mind behaviour Studio" എന്ന സ്റ്റുഡന്റ്സ് അമിനിറ്റി സെന്റർ മുഖേന വിദ്യാർഥികൾക്ക് മാനസികാരോഗ്യ വിദഗ്ധരുടെ സേവനം ലഭ്യമാക്കുന്നുണ്ട്.

(ബി) ഇതിനെതിരെ ബോധവൽക്കരണ പരിപാടികൾ നടത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

കോളേജുകളിൽ ഒന്നാംവർഷ വിദ്യാർഥികളെ സ്വാഗതം ചെയ്യുന്ന സന്ദർഭങ്ങളിൽ റാഗിങ് വിരുദ്ധ സന്ദേശങ്ങൾ നൽകുന്ന ബോധവൽക്കരണം നടത്തുന്നുണ്ട്. കോളേജുകളിൽ റാഗിങ് വിരുദ്ധ ദിനം ആചരിക്കുകയും വിവിധ പേരുകളിൽ റാഗിംഗിനെതിരായ ബോധവൽക്കരണവും സന്ദേശവും നൽകുന്ന പരിപാടികളും സംഘടിപ്പിക്കാറുണ്ട്. പല കോളേജുകളിലും അധ്യയന വർഷ ആരംഭത്തിൽ, പുതിയ വിദ്യാർഥികൾക്കായി പ്രത്യേക

ഓറിയന്റേഷൻ/ഇൻഡക്ഷൻ പ്രോഗ്രാം നടത്തുന്നുമുണ്ട്. നവാൽസിൽ വിവിധ സെന്ററുകളുടെ ആഭിമുഖ്യത്തിൽ ബോധവൽക്കരണ പ്രോഗ്രാമുകൾ നടത്താറുണ്ട്. ബജറ്റിൽ ഇതിനായി പ്രത്യേകം തുക മാറ്റിവച്ചിട്ടുമുണ്ട്.

കോളേജുകളിൽ അധ്യയന വർഷത്തിന്റെ തുടക്കത്തിൽ റാഗിങ്ങിന്റെ ദൂഷ്യവശങ്ങളെ സംബന്ധിച്ച് വിദ്യാർഥികൾക്കും രക്ഷിതാക്കൾക്കുമായി ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നുണ്ട്.

കണ്ണൂർ സർവകലാശാലയിൽ മേൽ വിഷയങ്ങളിൽ ബോധവൽക്കരണം നടത്തുന്നതിലേക്കായി ഓറിയേന്റേഷൻ ക്ലാസുകൾ, കൗൺസിലിങ്, സെമിനാറുകൾ, ഫ്ലാഷ് മോബ് തുടങ്ങിയവ നടത്തിവരുന്നുണ്ട്.

സർവകലാശാലകളിലെ റിസർച്ച് പ്രോജക്ടുകൾ

83 (1656) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവകലാശാല അധ്യാപകരുടെ മൈനർ റിസർച്ച് പ്രോജക്ടുകൾക്ക് സീഡ് മണി എന്ന പേരിൽ സർവകലാശാലകൾ

ധനസഹായം അനുവദിക്കാറുണ്ടോ; പ്രസ്തുതയിനത്തിൽ 2020-2021 സാമ്പത്തിക വർഷം മുതൽ നാളിതുവരെ അനുവദിച്ച തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉണ്ട്. സർവകലാശാലകൾ സീഡ് മണി ഇനത്തിൽ 2020-21 സാമ്പത്തിക വർഷം മുതൽ നാളിതുവരെ അനുവദിച്ച തുകയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു+. എ.പി.ജെ. അബ്ദുൾകലാം സാങ്കേതികശാസ്ത്ര സർവകലാശാലയെ സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

(ബി) സീഡ് മണി പ്രോജക്ടിന് തിരഞ്ഞെടുക്കപ്പെട്ട ഓരോ അധ്യാപകനും സമർപ്പിച്ച പ്രോജക്ടിന്റെ പേര് (പ്രൊപ്പോസലിന്റെ പേര്), ഓരോരുത്തർക്കും സർവകലാശാല നാളിതുവരെ അനുവദിച്ച തുക, അനുവദിച്ച തുകയിൽ ഓരോ ഇനത്തിലും ഇതുവരെ ചെലവഴിച്ച തുക, വാങ്ങിയ ഉപകരണങ്ങളുടെയും കമ്പ്യൂട്ടറുകളുടെയും വിശദാംശങ്ങൾ എന്നിവ പഠനവകുപ്പ് തിരിച്ചു ലഭ്യമാക്കാമോ;

(സി) സീഡ് മണി പ്രോജക്ട് പ്രകാരം ലാപ്ടോപ്/ഡെസ്ക് ടോപ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കമ്പ്യൂട്ടറുകൾ വാങ്ങുന്നതിന് അനുവാദം ചോദിച്ച അധ്യാപകരുടെയും പ്രസ്തുതയിനത്തിൽ അനുവദിച്ച തുകയുടെയും വിശദാംശങ്ങൾ ലഭ്യമാക്കാമോ?

(ബി & സി) വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+ എം.ജി., കണ്ണൂർ, എ.പി.ജെ. അബ്ദുൾകലാം സാങ്കേതികശാസ്ത്ര സർവകലാശാലകളെ സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

(ഡി) രണ്ട് വർഷ സമയപരിധി കഴിഞ്ഞിട്ടും പ്രോജക്ടുകൾ പൂർത്തീകരിക്കാത്ത അധ്യാപകരുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+ എ.പി.ജെ. അബ്ദുൾകലാം സാങ്കേതികശാസ്ത്ര സർവകലാശാലയെ സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

(ഇ) പ്രോജക്ടുകളിൽ വിഭാവനം ചെയ്ത ലക്ഷ്യം പൂർത്തീകരിച്ചിട്ടുണ്ടോ എന്നും ഇവ സർവകലാശാലയ്ക്കും പൊതുസമൂഹത്തിനും ഗുണകരമായിട്ടുണ്ടോ എന്നും വിശദമാക്കാമോ?

പ്രോജക്ടുകൾ വിഭാവനം ചെയ്ത ലക്ഷ്യം പൂർത്തീകരിച്ചിട്ടുണ്ടോ എന്ന് സർവകലാശാലകൾ പരിശോധിക്കാറുണ്ട്. സർവകലാശാലകൾക്കും

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അതുപോലെതന്നെ പൊതുസമൂഹത്തിനും ഗുണകരമാകുന്ന വിവിധ വിഷയങ്ങൾ പ്രസ്തുത പ്രോജക്ടുകളിൽ ഉൾപ്പെടുത്താറുണ്ട്.

സർവകലാശാലകളിൽ നാല് വർഷ ബിരുദ പ്രോഗ്രാമുകൾ

84 (1657) ഡോ. കെ. ടി. ജലീൽ:
ശ്രീ. വി. കെ. പ്രശാന്ത്:
ശ്രീ. കെ. വി. സുമേഷ്:
ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവകലാശാലകളിൽ നാല് വർഷ ബിരുദ പ്രോഗ്രാമുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ ഏതുഘട്ടത്തിലാണെന്ന് അറിയിക്കുമോ; വിശദാംശം നൽകാമോ?

സംസ്ഥാനത്തെ കണ്ണൂർ, കാലിക്കറ്റ്, മഹാത്മാഗാന്ധി, കേരള സർവകലാശാലകളിലെ അഫിലിയേറ്റിങ് കോളേജുകളിലും മലയാളം, കാലടി സർവകലാശാലകളിലും നാലുവർഷ ബിരുദ പ്രോഗ്രാമുകളും നാലുവർഷ ബിരുദത്തോടു കൂടിയ ഇന്റഗ്രേറ്റഡ് മാസ്റ്റർ പ്രോഗ്രാമുകളും ഈ വർഷം ആരംഭിച്ചിട്ടുണ്ട്. 2024-25 അധ്യയന വർഷം ഈ പ്രോഗ്രാമുകളുടെ ആദ്യ സെമസ്റ്റർ പൂർത്തിയാക്കി രണ്ടാം സെമസ്റ്റർ ആരംഭിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പ്രോഗ്രാമിൽ എക്സിറ്റ് ഓപ്ഷൻ നൽകുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ?

നാലുവർഷ ബിരുദ പ്രോഗ്രാമിൽ 3 വിധത്തിൽ ബിരുദം പൂർത്തിയാക്കാൻ സാധിക്കും. എക്സിറ്റ് ഓപ്ഷൻ പ്രയോജനപ്പെടുത്തി 3 വർഷത്തിനുശേഷം ബിരുദം നേടുകയോ നാലാം വർഷത്തിനുശേഷം ഓണേഴ്സ് ബിരുദം നേടുകയോ ചെയ്യാം. കൂടാതെ, നാലാം വർഷം നിശ്ചിത ക്രെഡിറ്റോടെ ഗവേഷണ പ്രോജക്ട് പൂർത്തിയാക്കുന്നവർക്ക് ഓണേഴ്സ് വിത്ത് റിസർച് ബിരുദവും നേടാം. FYUGP-ൽ ഒന്നാംരണ്ടും വർഷ എക്സിറ്റ് ഓപ്ഷനുകൾ ഒഴിവാക്കിയിട്ടുണ്ട്.

(സി) പ്രസ്തുത പ്രോഗ്രാം ഗവേഷണാധിഷ്ഠിത പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള അവസരങ്ങൾ ഉറപ്പുവരുത്തുന്നുണ്ടോ എന്ന് അറിയിക്കാമോ; വിശദമാക്കാമോ?

നാലുവർഷ ബിരുദ പ്രോഗ്രാം ഗവേഷണ പ്രവർത്തനങ്ങൾക്ക് കൂടുതൽ മുൻതൂക്കവും പ്രോത്സാഹനവും നൽകുന്നുണ്ട്. ഇതിന്റെ ഭാഗമായി ഗവേഷണാടിസ്ഥിത ഓണേഴ്സ് വിത്ത് റിസർച്ച് പ്രോഗ്രാമുകൾ

ആരംഭിച്ചിട്ടുണ്ട്.

(ഡി) ഉപരിപഠനത്തിനും തൊഴിലിനുമായി വിദേശ രാജ്യങ്ങളിലേക്ക് പോകുന്നവർക്ക് പ്രസ്തുത പ്രോഗ്രാം എത്രത്തോളം സഹായകമാണെന്ന് വിശദമാക്കാമോ?

നാലുവർഷ ബിരുദ പ്രോഗ്രാമുകളുടെ സിലബസിൽ ഉൾപ്പെടുത്തിയിട്ടുള്ള സ്കിൽ എൻഹാൻസ്മെന്റ് കോഴ്സുകൾ, എബിലിറ്റി എൻഹാൻസ്മെന്റ് കോഴ്സുകൾ എന്നിവ ഉപരിപഠനത്തിനും തൊഴിലിനുമായി വിദേശ രാജ്യങ്ങളിലേക്ക് പോകുന്നവർക്ക് സഹായകരമാകും വിധത്തിലുള്ളതാണ്.

FYUG പ്രോഗ്രാമുകൾക്ക് അന്താരാഷ്ട്ര തലത്തിലുള്ള പ്രോഗ്രാമുകളുമായി തുല്യത വരുന്നതിന് നാലുവർഷ പ്രോഗ്രാം സഹായിക്കും. അതുവഴി ഉപരിപഠനത്തിനും തൊഴിലിനും ഈ ബിരുദങ്ങൾ സഹായകരമാവുകയും ചെയ്യും.

ഹംഗർ ഫ്രീ പദ്ധതി

85 (1658) ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹംഗർ ഫ്രീ ക്യാമ്പസ് എന്ന പദ്ധതി കേരളത്തിലെ ഏതെല്ലാം കോളേജുകളിലാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

2024-25 സാമ്പത്തിക വർഷം കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള 68 സർക്കാർ കോളേജുകളിൽ ഹംഗർ ഫ്രീ ക്യാമ്പസ് പദ്ധതി നടപ്പിലാക്കിവരുന്നു. പദ്ധതിയിലുൾപ്പെട്ട കോളേജുകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ബി) പ്രസ്തുത പദ്ധതി വഴി എത്ര വിദ്യാർഥികൾക്കാണ് പ്രയോജനം ലഭ്യമാകുന്നതെന്ന് വിശദമാക്കാമോ?

ആകെ 14,235 വിദ്യാർഥികൾ പദ്ധതിയിലുൾപ്പെടുന്നു.

(സി) പ്രസ്തുത പദ്ധതി സ്ഥിരമായി മോണിറ്റർ ചെയ്യുന്നതിനും കൂടുതൽ കലാലയങ്ങളിലേക്ക് വ്യാപിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

കൂടുതൽ കോളേജുകളിൽ ക്യാന്റീൻ, കുടുംബശ്രീ യൂണിറ്റുമായി ചേർന്ന് സജ്ജമാകുന്ന മുറയ്ക്ക് പദ്ധതി വ്യാപിപ്പിക്കുന്നതാണ്.

ഉന്നതവിദ്യാഭ്യാസ മേഖലയുടെ ശാക്തീകരണ പ്രവർത്തനങ്ങൾ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

86 (1659) ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ:
ശ്രീ. കെ. പ്രേംകുമാർ:
ശ്രീ. ഐ. ബി. സതീഷ്:
ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) ഉന്നത വിദ്യാഭ്യാസ ശാക്തീകരണ ശില്പശാല, നിർമിതബുദ്ധി ഉൾപ്പടെയുള്ള വിഷയങ്ങളിൽ പ്രത്യേകമായ കോൺക്ലേവുകൾ സംഘടിപ്പിച്ചിട്ടുണ്ടോ എന്നറിയിക്കുമോ?

2024 ഡിസംബർ 7-10 തീയതികളിൽ തിരുവനന്തപുരത്ത് സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ് വ്യവസായ-അക്കാദമിക-സർക്കാർ (IAG) കോൺക്ലേവ് ഉദ്യമ 1.0 നടത്തിയിട്ടുണ്ട്. 2025 ജനുവരി 14 - 15 തീയതികളിൽ കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് & ടെക്നോളജിയിൽ (CUSAT) സംസ്ഥാന സർക്കാരും ഉന്നത വിദ്യാഭ്യാസ കൗൺസിലും സംയുക്തമായി ഉന്നത വിദ്യാഭ്യാസ കോൺക്ലേവ് സംഘടിപ്പിക്കുകയുണ്ടായി.

കോൺക്ളേവിന്റെ ഭാഗമായി സംസ്ഥാനത്തിന് പുറത്ത് പ്രവർത്തിക്കുന്ന പ്രമുഖരായ അക്കാദമിക് വിദഗ്ധരുടെ സേവനം സംസ്ഥാനത്തെ വിദ്യാർത്ഥികൾക്ക് പ്രയോജനപ്പെടുന്ന രീതിയിൽ

വിനിയോഗിക്കുന്നതിനുള്ള പദ്ധതികൾ രൂപീകരിച്ച് നടപ്പാക്കുന്നതിനും വ്യവസായവും വിദ്യാഭ്യാസവും തമ്മിലുള്ള ആദാനപ്രദാനങ്ങൾ വർധിപ്പിക്കുന്നതിന് സ്ഥിരം സംവിധാനം സ്ഥാപിക്കുന്നതിനും സ്ഥാപനങ്ങളിലുള്ള സ്കിൽ ഡെവലപ്മെന്റ് സെൻറ്ററുകൾ വികസിപ്പിച്ച് വ്യവസായവുമായുള്ള സഹകരണം വർദ്ധിപ്പിക്കുന്നതിനും റ്റ്രിന്നിംഗ് പ്രോഗ്രാമുകൾ വ്യാപിപ്പിക്കുന്നതിനും ഫാക്കൽറ്റികളെ മാറിവരുന്ന വിദ്യാഭ്യാസ രീതികളിൽ പ്രാഗൽഭ്യമുള്ളവരാക്കി മാറ്റുന്നതിനാവശ്യമായ പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നതിനും സർക്കാർ നേതൃത്വം നൽകുന്നതാണ് എന്ന പ്രഖ്യാപനം നടത്തി.

ഐ.എച്ച്.ആർ.ഡി.-യുടെ നേതൃത്വത്തിൽ നിർമ്മിത ബുദ്ധി ആസ്പദമാക്കി International Conclave on Generative AI and the Future of Education എന്ന പേരിൽ കോൺക്ലേവ് 1.0 2023-ലും 2.0 2024-ലും വിജയകരമായി സംഘടപ്പിച്ചു.

(ബി) വികസന വിഷയങ്ങളിൽ വിദ്യാർഥികളുടെയും യുവസമൂഹത്തിന്റെയും കാഴ്ചപ്പാട് മനസ്സിലാക്കുന്നതിന് ഉതകുന്ന

പ്രവർത്തനങ്ങൾക്ക് രൂപം കൊടുത്തിട്ടുണ്ടോ; വ്യക്തമാക്കുമോ?

വികസന വിഷയങ്ങളിൽ വിദ്യാർഥികളുടെയും യുവസമൂഹത്തിന്റെയും കാഴ്ചപ്പാട് മനസ്സിലാക്കുന്നതിന് കോൺക്ലേവിൽ അവസരമുണ്ടായി.

വ്യവസായ വിദഗ്ധരുമായി സംവദിക്കാനും സർക്കാർ എഞ്ചിനീയറിങ് കോളേജുകളിൽ നിന്നുള്ള സ്റ്റാർട്ടപ്പുകളുടെ വിജയഗാഥകൾ കേൾക്കാനും അവസരം ലഭിച്ചു. യുവ സംരംഭകർ കൂടാതെ, പ്രമുഖ സ്ഥാപനങ്ങൾ സന്ദർശിച്ച ഫാക്കൽറ്റി അംഗങ്ങളുടെ അവതരണം ഈ സ്ഥാപനങ്ങളിൽ വ്യവസായ-അക്കാദമിക ബന്ധങ്ങൾ ശക്തിപ്പെടുത്തുന്നതിനുള്ള സംവിധാനത്തെക്കുറിച്ചുള്ള അനുഭവങ്ങൾ പങ്കുവെച്ചു.

കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് & ടെക്നോളജിയിൽ (CUSAT) ൽ വച്ച് സംഘടിപ്പിച്ച അന്താരാഷ്ട്ര ഉന്നത വിദ്യാഭ്യാസ കോൺക്ലേവിൽ ഉന്നത വിദ്യാഭ്യാസ രംഗത്തിന് നേതൃത്വം നൽകുന്ന വിദ്യാഭ്യാസ വീക്ഷണർ, അധ്യാപകർ, വിദ്യാർഥികൾ, ഗവേഷകർ, വ്യവസായ പ്രതിനിധികൾ, അന്താരാഷ്ട്ര പ്രതിനിധികൾ എന്നിവർ നേതൃത്വം വഹിച്ചു.

കേരള സർക്കാരിന്റെ Young innovators Programme (YIP)-ൽ

ഐ.എച്ച്.ആർ.ഡി യുടെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളും പങ്കാളികളായി.

(സി) സംസ്ഥാനത്തിന്റെ ജ്ഞാന സമ്പദ്‌വ്യവസ്ഥയ്ക്ക് അടിത്തറയിടുന്നതിന് പ്രസ്തുത പ്രവർത്തനങ്ങൾ എത്രത്തോളം സഹായകമായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; ഇതിനായുള്ള കർമ്മ പദ്ധതികൾക്ക് രൂപം കൊടുത്തിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

കോൺക്ലേവിന്റെ അടിസ്ഥാനത്തിൽ, അടിയന്തരവും ദീർഘകാലവുമായ നടപടികൾ തിരിച്ചറിഞ്ഞു. ഇതിൽ ഇനിപ്പറയുന്നവ ഉൾപ്പെടുന്നു.

- ഡയറക്ടറേറ്റ് ഓഫ് ടെക്നിക്കൽ എഡ്യൂക്കേഷന്റെ (ഡി.ടി.ഇ.) കീഴിലുള്ള സ്ഥാപനങ്ങളിൽ സ്റ്റാർട്ടപ്പുകളെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള നയ ചട്ടക്കൂടിന്റെ വികസനം.
- കാമ്പസുകളിൽ സർട്ടിഫിക്കേഷൻ പ്രോഗ്രാമുകൾ നടത്തുന്നതിനുള്ള നയങ്ങൾ.
- വ്യവസായങ്ങളിൽ ജോലി ചെയ്യുന്നതിന് ഫാക്കൽറ്റി അംഗങ്ങൾക്ക് സബാറ്റിക്കൽ ലീവ് നൽകാനുള്ള സാധ്യത.

- പ്രാരംഭ 3 വർഷത്തേക്ക് സ്റ്റാർട്ടപ്പുകൾക്ക് സീഡ് മണി നൽകുക.
- സംരംഭകത്വ വർക്ക്ഷോപ്പുകളിലും സർട്ടിഫിക്കേഷൻ പ്രോഗ്രാമുകളിലും ഫാക്കൽറ്റി പങ്കാളിത്തം സ്പോൺസർ ചെയ്യുക.
- എല്ലാ വർഷവും സ്റ്റാർട്ടപ്പുകളെ പ്രോത്സാഹിപ്പിക്കുന്നതിൽ മികവ് പുലർത്തുന്ന സ്ഥാപനങ്ങൾക്ക് പ്രോത്സാഹനമോ അവാർഡുകളോ നൽകുക.
- ആഗോള വിദ്യാഭ്യാസ മേള പോലുള്ള വ്യവസായ പിന്തുണയോടെ നടത്തുന്ന ആഗോള, ദേശീയ പരിപാടികളിൽ പങ്കെടുക്കുന്നതിന് ഫാക്കൽറ്റി അവസരം നല്കുക.
- വ്യവസായ സംബന്ധിയായ പരിപാടികൾക്കായി വ്യവസായങ്ങളിൽ നിന്ന് ഫണ്ട് സ്വീകരിക്കുന്നതിനും പ്രാപ്തമാക്കുന്നതിന് ടി.ബി.ഐ. (എൻജിനിയറിങ് കോളേജുകൾക്കായി)/ഐ.ഒ.സി. (പോളിടെക്നിക്കുകൾ) എന്നിവയിൽനിന്ന് ഒരു സെക്ഷൻ 8 കമ്പനി ഉണ്ടായിരിക്കുന്നതിന് സ്ഥാപനങ്ങളെ പിന്തുണയ്ക്കുക.
- എല്ലാ ഗവൺമെന്റ് എഞ്ചിനീയറിങ് കോളേജുകളിലും ടെസ്റ്റ് റിസർച്ച്

പാർക്കിന്റെ സാറ്റലൈറ്റ് സെന്ററുകൾ സ്ഥാപിക്കുക

ഉന്നത വിദ്യാഭ്യാസത്തിൽ നിർമ്മിത ബുദ്ധിയുടെ സംയോജനം ഗവേഷണ മികവ് എന്നിവ യോഗം വിശദമായി ചർച്ച ചെയ്തു. വ്യവസായ, വിദ്യാഭ്യാസ സുഹൃദ്ബന്ധങ്ങൾ ശക്തിപ്പെടുത്തുന്നതിന് ഈ രംഗത്തെ വിദഗ്ധർ പങ്കെടുക്കുന്ന പാനൽ ചർച്ചകൾ, മികച്ച ഗവേഷണ വിദ്യകളും സാങ്കേതിക വിദ്യകളും ഉപയുക്തമാക്കി തൊഴിൽ സാധ്യതകൾ മെച്ചപ്പെടുത്തുന്നതിനെക്കുറിച്ചും വിപുലമായ പര്യവേഷങ്ങൾ കോൺക്ലേവിന്റെ ഭാഗമായിരുന്നു.

നിർമ്മിത ബുദ്ധിയെ അടിസ്ഥാനമാക്കിയുള്ള നൂതന കോഴ്സുകൾ ആരംഭിക്കുന്നതിലൂടെ ജ്ഞാന സമൃദ്ധമായ ഒരു യുവതലമുറയെ വാർത്തെടുക്കാനുമുള്ള പദ്ധതികൾക്ക് രൂപം കൊടുത്തുവരുന്നു.

പദ്ധതി ചെലവ്

87 (1660) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യത്തിന് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2024-25 സാമ്പത്തിക വർഷം പദ്ധതി അടങ്കലിനത്തിൽ ഉന്നത

വിദ്യാഭ്യാസ വകുപ്പിന് എത്ര തുകയാണ് വകയിരുത്തിയതെന്നും നാളിതുവരെ എത്ര ശതമാനം ചെലവഴിച്ചുവെന്നും വിശദമാക്കാമോ?

ഉന്നതവിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള വകുപ്പ്/സ്ഥാപനങ്ങൾക്ക് 2024-25 സാമ്പത്തിക വർഷം പദ്ധതി അടങ്കലിനത്തിൽ വകയിരുത്തിയ തുകയും അവ ചെലവഴിച്ച തുകയുടെ ശതമാനവും അനുബന്ധമായി ചേർക്കുന്നു.+

കോളേജ് അധ്യാപകരുടെ നിയമനം

88 (1661) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോളേജുകളിൽ അധ്യാപക തസ്തികകൾ അധികമായി നിലനിൽക്കെ പല വിഷയങ്ങളിലെയും അധ്യാപക ഒഴിവുകൾ പി.എസ്.സി.-യിലേക്ക് റിപ്പോർട്ട് ചെയ്യപ്പെട്ടതിന്റെ കാരണം വ്യക്തമാക്കാമോ; ഏതെല്ലാം വിഷയങ്ങളിലാണ് ഇങ്ങനെ റിപ്പോർട്ട് ചെയ്തതെന്ന് വിശദമാക്കാമോ;

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) വിഷയം, റിപ്പോർട്ട് ചെയ്ത ഒഴിവുകളുടെ എണ്ണം, റിപ്പോർട്ട് ചെയ്ത തീയതി, ഒഴിവ് വന്ന തീയതി എന്നിവ വ്യക്തമാക്കാമോ?

(എ & ബി) അധിക അധ്യാപക തസ്തികകൾ നില നിൽക്കുന്ന വിഷയങ്ങളിൽ അധിക തസ്തികകൾക്ക് ഉപരിയായി വിരമിക്കൽ, ഡെപ്യൂട്ടേഷൻ എന്നിവ മുഖേനയുണ്ടാകുന്ന ഒഴിവുകൾ കേരള പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ വിധി അനുസരിച്ചും പി.എസ്.സി.-ക്ക് ഒഴിവ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. വിശദവിരങ്ങൾ അനുബന്ധമായി ചേർക്കുന്നു.[+]

(സി) കോളേജ് അധ്യാപകരുടെ ജോലിഭാരവുമായി ബന്ധപ്പെട്ട് ധനകാര്യ വകുപ്പിലുള്ള എച്ച്.ഇ.ഡി.എൻ.-എഫ്2/173/2024-എച്ച്.ഇ.ഡി.എൻ. നമ്പർ ഫയലിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

നാല് വർഷ ബിരുദ കോഴ്സ് (FYUGP) നടത്തിപ്പുമായി ബന്ധപ്പെട്ട് കോളേജ് അധ്യാപകരുടെ പ്രവൃത്തി, സമയം, ജോലിഭാരം, മറ്റിതര വിഷയങ്ങൾ എന്നിവ നിശ്ചയിക്കുന്നത് സംബന്ധിച്ച് കേരള സ്റ്റേറ്റ് ഹയർ എഡ്യൂക്കേഷൻ റിഫോം ഇംപ്ലിമെന്റേഷൻ സെല്ലിന്റെ ശിപാർശയിന്മേൽ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ റിപ്പോർട്ട് ഉൾക്കൊള്ളുന്നതാണ് പ്രസ്തുത ഫയലിലെ വിഷയം. പ്രസ്തുത ഫയൽ ധനകാര്യ വകുപ്പുമായി ബന്ധപ്പെട്ട് സർക്കാർ പരിശോധിച്ചുവരുന്നു.

(ഡി) പി.ജി. വെയ്റ്റേജ് എടുത്തുമാറ്റിയ സർക്കാർ ഉത്തരവിനനുസരിച്ച് കേരളത്തിലെ യൂണിവേഴ്സിറ്റികളിലെ അധിക അധ്യാപക തസ്തികകൾ എത്രയാണെന്നുള്ള കണക്കെടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ഓരോ യൂണിവേഴ്സിറ്റികളിലെയും അധിക തസ്തികകൾ എത്രയാണെന്ന് വിഷയാടിസ്ഥാനത്തിൽ വ്യക്തമാക്കാമോ?

(ഇ) പ്രസ്തുത ഉത്തരവ് കോളേജുകളിൽ നടപ്പിലാക്കിയതുപോലെ യൂണിവേഴ്സിറ്റികളിൽ എന്തുകൊണ്ട് നടപ്പിലാക്കുന്നില്ല എന്നറിയിക്കുമോ; ഈ ഉത്തരവ് ഇറങ്ങിയതിനുശേഷം ഏതെല്ലാം യൂണിവേഴ്സിറ്റികളിൽ ഏതെല്ലാം വിഭാഗത്തിൽ എത്ര അധ്യാപകരെ നിയമിച്ചുവെന്ന് വ്യക്തമാക്കാമോ?

(ഡി &ഇ) വിവരം ശേഖരിച്ചുവരുന്നു.

എറണാകുളം മഹാരാജാസ് കോളേജ് പ്രിൻസിപ്പാളിന്റെ ചുമതല

89 (1662) ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം മഹാരാജാസ് കോളേജ് പ്രിൻസിപ്പാളിന്റെ ചുമതല നിലവിൽ വഹിക്കുന്ന അധ്യാപികയ്ക്ക് പ്രിൻസിപ്പാൾ നിയമനം ലഭിക്കുന്നതിനുള്ള യോഗ്യതയുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കോളേജിൽ പ്രൊഫസർമാരുള്ള സാഹചര്യത്തിൽ ജൂനിയറായ ഒരു അസോസിയേറ്റ് പ്രൊഫസർക്ക് കോളേജിന്റെ പ്രിൻസിപ്പാൾ ചുമതല നൽകാനുള്ള കാരണം വ്യക്തമാക്കാമോ?

യു.ജി.സി. 2010 റെഗുലേഷൻ Clause 5.1.6 മാനദണ്ഡങ്ങൾ പ്രകാരം സെലക്ഷൻ കമ്മിറ്റി രൂപീകരിച്ചാണ് കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സർക്കാർ ആർട്സ് & സയൻസ് കോളേജുകളിലെ പ്രിൻസിപ്പാൾ തസ്തികയിൽ നിയമനം നടത്തുന്നത്. സ്ഥാപനങ്ങളുടെ ഭരണപരവും സുഗമവുമായ അടിയന്തര സാഹചര്യങ്ങൾ കണക്കിലെടുത്ത്, ഉന്നത വിദ്യാഭ്യാസ വകുപ്പ് പ്രസിദ്ധീകരിച്ചിട്ടുള്ള ഹാൻഡ് ബുക്ക് ചാപ്റ്റർ 12 പ്രകാരം പ്രിൻസിപ്പാളിന്റെ അഭാവത്തിൽ വൈസ് പ്രിൻസിപ്പാൾ/സീനിയർ

മോസ്റ്റ് അസ്സോസിയേറ്റ് പ്രൊഫസർ/സീനിയർ മോസ്റ്റ് അസിസ്റ്റന്റ് പ്രൊഫസർക്ക് സാധൂകരണ വിധേയമായി സർക്കാർ പ്രിൻസിപ്പാളിന്റെ അധിക ചുമതല കോളേജ് വിദ്യാഭ്യാസ ഡയറക്ടർ നൽകാറുണ്ട്. എറണാകുളം മഹാരാജാസ് കോളേജ് പ്രിൻസിപ്പാളിന് സ്ഥലം മാറ്റം ലഭിച്ചതിനെ തുടർന്ന് ടി സ്ഥാപനത്തിലെ സീനിയർ മോസ്റ്റ് അധ്യാപികയായ ഇസ്ലാമിക് ഹിസ്റ്ററി വിഭാഗം അസ്സോസിയേറ്റ് പ്രൊഫസ്സർ ഡോ. ഷാജിലാ ബീവിക്ക് പ്രിൻസിപ്പാളിന്റെ അധിക ചുമതല നൽകുന്നതിന് സ്ഥാനമൊഴിഞ്ഞ പ്രിൻസിപ്പാൾ ശിപാർശ ചെയ്തിരുന്നു. ടി ശിപാർശ പരിഗണിച്ചാണ് കോളേജ് വിദ്യാഭ്യാസ ഡയറക്ടർ ഡോ. ഷാജിലാ ബീവിക്ക് പ്രിൻസിപ്പാളിന്റെ അധിക ചുമതല നൽകി ഉത്തരവായത്.

(സി) കോളേജ് ഭരണസമിതിയുടെ പുനഃസംഘടന ചട്ടപ്രകാരമാണോ എന്ന് വ്യക്തമാക്കാമോ?

എറണാകുളം, മഹാരാജാസ് കോളേജിന്റെ ഭരണ സമിതിയുടെ പുനഃസംഘടന സംബന്ധിച്ച 22-10-2024-ലെ സ.ഉ(സാധാ)

നം.1319/2024/ഉവിവ. നമ്പർ ഉത്തരവ് പ്രകാരം സർക്കാരിൽ നിന്നും അംഗങ്ങളെ നാമനിർദേശം ചെയ്തിരുന്നതിന്റെ അടിസ്ഥാനത്തിൽ കോളേജ് വിദ്യാഭ്യാസ ഡയറക്ടർ ഉത്തരവ് നൽകിയിരുന്നു. എറണാകുളം മഹാരാജാസ് കോളേജിന്റെ ഭരണസമിതി പുനഃസംഘടിപ്പിച്ചുകൊണ്ടുള്ള ഉത്തരവ് യു.ജി.സി. റഗുലേഷന് വിരുദ്ധമാണോ എന്ന് സർക്കാർ പരിശോധിച്ചുവരുന്നു.

പെരിങ്ങോം ഗവ. കോളേജ് കെട്ടിട നിർമ്മാണം

90 (1663) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയ പെരിങ്ങോം ഗവ. കോളേജ് കെട്ടിട നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി അവലോകനം ചെയ്യുന്നതിന് ബഹു. ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ സാന്നിധ്യത്തിൽ യോഗം ചേർന്നിരുന്നോ; എങ്കിൽ യോഗ തീരുമാനം എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

(സി) പദ്ധതി തുടങ്ങാൻ കാലതാമസം നേരിടുന്നത്

എന്തുകൊണ്ടാണെന്ന് അറിയിക്കാമോ?

(എ-സി) പെരിങ്ങോം ഗവ. കോളേജ് കെട്ടിട നിർമ്മാണ പ്രവൃത്തിയുടെ നിർവ്വഹണ ഏജൻസിയായ KITCO സമർപ്പിച്ച പദ്ധതി രൂപരേഖയുടെ അടിസ്ഥാനത്തിൽ നിലവിലുള്ള അക്കാദമിക് കെട്ടിടത്തിന് മുകളിലായി കൂടുതൽ നിലകൾ നിർമ്മിക്കുന്നതിനായാണ് 2021 ൽ 9.27 കോടി രൂപയുടെ കിഫ്ബി സാമ്പത്തിക അനുമതി ലഭിച്ചിരുന്നത്. എന്നാൽ അക്കാദമിക് കെട്ടിടത്തിന് മുകളിലായി കൂടുതൽ നിലകൾ നിർമ്മിക്കുന്നത് നിലവിലുള്ള കെട്ടിടത്തിന്റെ സുരക്ഷയെ ബാധിക്കാനുള്ള സാധ്യതയുള്ളതിനാൽ നിർമ്മാണ പ്രവൃത്തി ആരംഭിക്കാൻ സാധിച്ചിരുന്നില്ല. തുടർന്ന് ബഹു. ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ കിഫ്ബിയുടെയും പദ്ധതി നിർവ്വഹണ ഏജൻസിയുടെയും സംയുക്ത യോഗത്തിൽ കോളേജ് ക്യാമ്പസിൽ മറ്റെവിടെയെങ്കിലും കെട്ടിടം നിർമ്മിക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കുന്നതിന് KITCO-യ്ക്ക് നിർദ്ദേശം നൽകി. ആയതിന്റെ അടിസ്ഥാനത്തിൽ KITCO-യുടെയും കോളേജ് അധികൃതരുടെയും സംയുക്ത പരിശോധനയിൽ കെട്ടിട നിർമ്മാണത്തിനായുള്ള മറ്റൊരു സ്ഥലം

കണ്ടെത്തുകയും പുതുക്കിയ പദ്ധതി രൂപരേഖ തയ്യാറാക്കേണ്ടിയും വന്നു. ടി കാരണത്താലാണ് പദ്ധതി നടപ്പാക്കുന്നതിന് കാലതാമസം നേരിട്ടത്. പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായ KITCO പുതുക്കിയ പദ്ധതി രൂപരേഖ കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. കിഫ്ബിയുടെ പരിശോധനകൾ പുരോഗമിച്ചുവരുന്നു.

(ഡി) സാങ്കേതിക നടപടികൾ പൂർത്തിയാക്കി കെട്ടിട നിർമ്മാണം എപ്പോൾ തുടങ്ങാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കാമോ?

കിഫ്ബിയുടെ അനുമതി ലഭ്യമാക്കിയശേഷം പുതുക്കിയ സാമ്പത്തിക അനുമതിയും സാങ്കേതിക അനുമതിയും കൂടി ലഭ്യമാക്കേണ്ടതുണ്ട്. ആയത് ലഭ്യമാകുന്നമുറയ്ക്ക് പെരിങ്ങോം ഗവ. കോളേജ് കെട്ടിട നിർമ്മാണ പ്രവൃത്തിയുടെ ടെൻഡർ നടപടികൾ പൂർത്തീകരിച്ച് നിർമ്മാണം ആരംഭിക്കുവാൻ കഴിയും.

മൂന്നാർ ഗവൺമെന്റ് ആർട്സ് കോളേജ് നിർമ്മാണം

91 (1664) ശ്രീ. എ. രാജ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂന്നാർ ഗവൺമെന്റ് ആർട്സ് കോളേജിൽ കിഫ്ബി ധനസഹായത്തോടെ നിർമ്മാണം നടത്തുന്ന എതെല്ലാം പ്രവൃത്തികൾ നിലവിൽ പൂർത്തീകരിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ?

മൂന്നാർ ഗവൺമെന്റ് ആർട്സ് & സയൻസ് കോളേജിൽ കിഫ്ബി ധനസഹായത്തോടെയുള്ള നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടില്ല.

(ബി) പ്രവ്യത്തികൾ വേഗത്തിലാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ?

നിലവിൽ കോളേജ് സ്ഥിതി ചെയ്യുന്ന ബജറ്റ് ഹോട്ടൽ, അതിനോട് ചേർന്നുള്ള റവന്യു ഭൂമി, മൂന്നാർ എൻജിനീയറിങ് കോളേജിലെ ഭൂമി എന്നിവ ചേർത്ത് മൂന്നാർ ഗവൺമെന്റ് ആർട്സ് & സയൻസ് കോളേജിനായി ഏറ്റെടുക്കാൻ തീരുമാനമെടുക്കുകയും അതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ച് വരികയുമാണ്. നടപടിക്രമങ്ങൾ പൂർത്തീകരിച്ച് ഭൂമി ഏറ്റെടുത്തശേഷം നിർമ്മാണ പ്രവൃത്തികൾ വേഗത്തിലാക്കുന്നതിനുള്ള

നടപടികൾ സ്വീകരിക്കുന്നതാണ്.

എറണാകുളം മഹാരാജാസ് കോളേജിലെ ഭരണസമിതി

92 (1665) ശ്രീ. ടി. ജെ. വിനോദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) സർക്കാർ നിയന്ത്രണത്തിലുള്ള സ്വയംഭരണ കോളേജ് ആയ എറണാകുളം മഹാരാജാസ് കോളേജിലെ നിലവിലെ ഭരണസമിതിയുടെ ഘടന വിശദമാക്കുമോ?

മഹാരാജാസ് കോളേജിലെ നിലവിലെ ഭരണസമിതിയുടെ ഘടന താഴെ നൽകുന്നു.

1. ചെയർമാൻ- കൊളീജിയേറ്റ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ (റിട്ട)

2. മെമ്പർ സെക്രട്ടറി - പ്രിൻസിപ്പൽ, മഹാരാജാസ് കോളേജ്

3. മെമ്പർമാർ (8 പേർ)

    1. ഉന്നതവിദ്യാഭ്യാസ വകുപ്പ് അഡീഷണൽ സെക്രട്ടറി

    2. എം.ജി. സർവ്വകലാശാല പ്രതിനിധി

    3. അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്, മഹാരാജാസ് കോളേജ്

4. മഹാരാജാസ് കോളേജിലെ അസ്സോസിയേറ്റ് പ്രൊഫസർമാർ (5 പേർ)

(ബി) പ്രസ്തുത ഭരണസമിതിയുടെ അധികാരങ്ങളും കർത്തവ്യങ്ങളും എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

University Grants Commission (Conferment of Autonomous Status upon Colleges and Measures for Maintenance of Standards in Autonomous Colleges) Regulations- നും സർക്കാരിന്റെ അതത് കാലത്തെ നിയമങ്ങൾക്കും അനുസരിച്ചുള്ള അധികാരങ്ങളും കർത്തവ്യങ്ങളുമാണുള്ളത്.

(സി) സർക്കാർ നേരിട്ട് നൽകുന്ന ഗ്രാന്റിന് പുറമേ നിയമസഭാംഗങ്ങളുടെ വിഹിതത്തിൽ നിന്നോ പാർലമെന്റ് അംഗങ്ങളുടെ വിഹിതത്തിൽ നിന്നോ മറ്റ് ഏജൻസികളിൽ നിന്നോ സ്ഥാപനങ്ങളിൽ നിന്നോ സംഘടനകളിൽ നിന്നോ നിർമ്മാണ നവീകരണ പ്രവർത്തനങ്ങൾക്കായി എറണാകുളം മഹാരാജാസ് കോളേജിന് ഫണ്ട് ലഭിച്ചിട്ടുണ്ടോ എന്ന് അറിയിക്കുമോ; ഉണ്ടെങ്കിൽ ഏതെല്ലാം പ്രവർത്തനങ്ങൾക്കായി എവിടെനിന്ന് എത്ര രൂപ വീതം

ലഭിച്ചിട്ടുണ്ടെന്നതിന്റെ വിശദാംശം നൽകുമോ; ടി പ്രവൃത്തികളുടെ നിലവിലെ സ്ഥിതി അറിയിക്കുമോ?

നിലവിൽ ഫണ്ടൊന്നും ലഭിച്ചിട്ടില്ല.

(ഡി) എറണാകുളം മഹാരാജാസ് കോളേജ് ഭരണസമിതിയിൽ സ്ഥലത്തെ പ്രതിനിധീകരിക്കുന്ന നിയമസഭാ സാമാജികനെയോ പാർലമെൻറ് അംഗത്തെയോ ഉൾപ്പെടുത്തിയിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

2023-ലെ യുജിസി (കോളേജുകൾക്ക് സ്വയംഭരണ പദവി നൽകലും സ്വയംഭരണ കോളേജുകളുടെ നിലവാര പരിപാലനവും) റഗുലേഷനുകളിലെ റഗുലേഷൻ 12.3 B പ്രകാരം ഭരണസമിതിയിൽ ജനപ്രതിനിധികളെ ഉൾപ്പെടുത്തുന്നതിനുള്ള വ്യവസ്ഥ നിലവിലില്ല.

ശാന്തൻപാറ ഗവൺമെന്റ് കോളേജ് വികസനത്തിന് ഭൂമി ലഭ്യമാക്കൽ

93(1666) ശ്രീ. എം. എം. മണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശാന്തൻപാറ ഗവൺമെന്റ് ആർട്സ് & സയൻസ് കോളേജിന്റെ വികസനത്തിന് ആവശ്യമായ അഞ്ച് ഏക്കർ സ്ഥലം ഉറപ്പുവരുത്താൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത നടപടിക്രമങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദാംശം നൽകാമോ?

(എ&ബി) നിലവിൽ 3.43 ഏക്കർ സ്ഥലം ശാന്തൻപാറ ഗവൺമെന്റ് ആർട്സ് & സയൻസ് കോളേജിന് ഏറ്റെടുത്തിട്ടുണ്ടെങ്കിലും യു.ജി.സി. മാനദണ്ഡപ്രകാരമുള്ള അധിക ഭൂമി കണ്ടെത്തുന്നതിന് കോളേജിന് സമീപത്ത് ലഭിക്കാൻ സാധ്യതയുള്ള സർക്കാർ ഭൂമി റവന്യൂ അധികൃതർ സന്ദർശിച്ചതിൽ ശാന്തൻപാറ വില്ലേജിലെ ശാന്തൻപാറ താവളത്തിൽ സർവ്വേ 34/1-ൽപെട്ട 29.0055 ഹെക്ടറിൽനിന്നും ചെങ്ങറ ഭൂസമരക്കാർക്ക് നീക്കിവച്ചിട്ടുള്ള ഭൂമിയും നിലവിലുള്ള പട്ടയ കക്ഷികളുടെ വസ്തുവും ഒഴിവാക്കി ശാന്തൻപാറ ഗവൺമെന്റ് ആർട്സ് & സയൻസ് കോളേജിനുവേണ്ടി 5 ഹെക്ടർ വസ്തു അനുവദിക്കാവുന്നതാണെന്ന് കണ്ടെത്തി. ടി സർവ്വെ നമ്പരിൽപ്പെട്ട ഭൂമി അടിക്കാട് വളർന്ന് അകത്തു പ്രവേശിക്കാനാവാത്ത

വിധം കിടക്കുന്നതിനാൽ വെട്ടിത്തെളിച്ച് തിട്ടപ്പെടുത്തണമെന്ന ജില്ലാ കളക്ടറുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ആയത് വെട്ടിത്തെളിച്ച് ഭൂമി അളന്ന് തിട്ടപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

നെയ്യാറ്റിൻകര കുളത്തൂർ ഗവൺമെന്റ് കോളേജിനായി സ്ഥലം ഏറ്റെടുക്കൽ

94(1667) ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര കുളത്തൂർ ഗവൺമെന്റ് കോളേജിന് സ്ഥലം ഏറ്റെടുക്കുന്നതിലെ പുരോഗതി വിശദമാക്കാമോ?

നെയ്യാറ്റിൻകര കുളത്തൂർ ഗവൺമെന്റ് കോളേജിന്റെ വികസനത്തിന് ആവശ്യമായ ഭൂമി കുളത്തൂരിൽ തന്നെയുള്ള ഇന്റഗ്രേറ്റഡ് പവർലൂം സൊസൈറ്റിയിൽ അന്വേഷിച്ചതിൽ നിലവിൽ സംഘം പ്രവർത്തനം പുനരാരംഭിക്കുന്ന സാഹചര്യത്തിലും ലോൺ കുടിശ്ശികയുള്ളതിനാലും കോളേജിന് വേണ്ടുന്ന ഭൂമി ലഭ്യമാക്കാൻ സാധ്യമല്ലാത്ത അവസ്ഥയിലാണെന്ന് കൈത്തറി വകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. നിലവിൽ, കോളേജിനുവേണ്ടി മറ്റേതെങ്കിലും സ്വകാര്യ ഭൂമി

കണ്ടെത്തുന്നതിനുള്ള നടപടികൾ കോളേജ് വിദ്യാഭ്യാസ വകുപ്പ് പരിശോധിച്ചുവരുന്നു.

(ബി) പ്രസ്തുത കോളേജിൽ 2025-26 വർഷത്തിൽ പുതിയ കോഴ്സ് ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വിശദമാക്കാമോ?

സർക്കാർ/എയ്ഡഡ് കോളേജുകളിൽ പുതിയ കോഴ്സ് അനുവദിക്കുന്ന വിഷയം പിന്നീട് പരിഗണിക്കുന്നതിനായി മാറ്റിവച്ചിരിക്കുകയാണ്.

ഫിസിക്സിൽ ബിരുദാനന്തര ബിരുദ കോഴ്സുകൾ ആരംഭിക്കുന്ന നടപടി

95(1668) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഗ്രാമീണ മേഖലയിലെ സർക്കാർ കോളേജുകളിൽ ഫിസിക്സിൽ ബിരുദാനന്തര ബിരുദ കോഴ്സുകൾ കുറവാണെന്ന വസ്തുത പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ ജില്ലതിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കാമോ?

ഫിസിക്സിൽ ബിരുദാനന്തര ബിരുദമുള്ള കോളേജുകളുടെ വിവരങ്ങൾ ശേഖരിച്ചുവരുന്നു.

(ബി) വരുന്ന അധ്യയന വർഷം ഏതെല്ലാം കോളേജുകളിലാണ് ഫിസിക്സ് ബിരുദാനന്തര ബിരുദ കോഴ്സുകൾ ആരംഭിക്കാനായി അനുമതി നൽകാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ;

(സി) കേരള യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള ഏതെല്ലാം സർക്കാർ കോളേജുകൾക്കാണ് പുതുതായി ഫിസിക്സ് ബിരുദാനന്തര ബിരുദ കോഴ്സ് അടുത്ത വർഷം ആരംഭിക്കുന്നതിന് അംഗീകാരം നൽകിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) ഏതെല്ലാം സർക്കാർ കോളേജുകൾക്കാണ് ഫിസിക്സിൽ ബിരുദാനന്തര ബിരുദ കോഴ്സുകൾ ആരംഭിക്കുന്നതിന് തത്വത്തിൽ അംഗീകാരം നൽകിയിരിക്കുന്നതെന്ന് വിശദമാക്കാമോ?

(ബി-ഡി) സർക്കാർ കോളേജുകളിൽ പുതിയ കോഴ്സുകൾ അനുവദിക്കുന്ന വിഷയം പിന്നീട് പരിഗണിക്കുന്നതിനായി മാറ്റിവച്ചിരിക്കുകയാണ്.

കൊടുങ്ങല്ലൂർ കെ.കെ.റ്റി.എം. ഗവൺമെന്റ് കോളേജിലെ സിന്തറ്റിക് ട്രാക്ക് നിർമ്മാണം

96(1669) ശ്രീ. വി. ആർ. സുനിൽ കുമാർ: താഴെ കാണുന്ന ചോദ്യത്തിന് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൊടുങ്ങല്ലൂർ കെ.കെ.റ്റി.എം. കോളേജിൽ വിദ്യാർഥികൾക്ക് കായിക പരിശീലനത്തിനായി 400 മീറ്റർ സിന്തറ്റിക് ട്രാക്ക് നിർമ്മിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്നും ആയതിന്റെ നിലവിലെ സ്ഥിതിയും അറിയിക്കാമോ?

ഉണ്ട്. 2025-26 സാമ്പത്തിക വർഷത്തെ ബജറ്റിൽ Work Appendix-ൽ 1378-ാം ഇനമായ 5 കോടി രൂപ അടങ്കൽ തുകയായി കൊടുങ്ങല്ലൂർ കെ.കെ.റ്റി.എം. കോളേജിലെ വിദ്യാർഥികൾക്ക് കായിക പരിശീലനത്തിനായി 400 മീറ്റർ സിന്തറ്റിക് ട്രാക്ക് നിർമ്മാണ പ്രവൃത്തി ഉൾപ്പെടുത്തിയിട്ടുണ്ട്.

ഇ. കെ. നായനാർ മെമ്മോറിയൽ ഗവൺമെന്റ് കോളേജിൽ പി.ജി. കോഴ്സുകൾ

97(1670) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യത്തിന് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തൃക്കരിപ്പൂർ മണ്ഡലത്തിലെ മലയോര, കുടിയേറ്റ മേഖലയായ എളേരിത്തട്ടിൽ പ്രവർത്തിക്കുന്ന ഇ.കെ. നായനാർ മെമ്മോറിയൽ

ഗവൺമെന്റ് കോളേജിൽ പി.ജി. കോഴ്സുകൾ എന്ന് അനുവദിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഇ.കെ. നായനാർ മെമ്മോറിയൽ ഗവൺമെന്റ് കോളേജിൽ നിലവിൽ Applied Economics-ൽ (15 സീറ്റ്) ബിരുദാനന്തര ബിരുദ പ്രോഗ്രാമുണ്ട്.

പുതിയ കോഴ്സുകൾ അനുവദിക്കുന്ന വിഷയം പിന്നീട് പരിഗണിക്കുന്നതിനായി മാറ്റിവച്ചിരിക്കുകയാണ്.

കോടഞ്ചേരി ഗവൺമെന്റ് കോളേജിലെ നിർമ്മാണ പ്രവൃത്തികൾ

98(1671) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യത്തിന് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോടഞ്ചേരി ഗവൺമെന്റ് കോളേജിലെ വിവിധ നിർമ്മാണ പ്രവൃത്തികൾക്കായി കിഫ്ബിയിൽ എസ്.പി.വി.-യുടെ നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

കോടഞ്ചേരി ഗവൺമെന്റ് കോളേജിൽ കിഫ്ബി ധനസഹായത്തോടെ നടപ്പാക്കുന്ന നിർദിഷ്ട അടിസ്ഥാന സൗകര്യവികസന പ്രവൃത്തികളിൽ അക്കാദമിക് ബ്ലോക്ക്, പ്രിൻസിപ്പൽ ക്വാർട്ടേഴ്സ്, സ്റ്റാഫ് ക്വാർട്ടേഴ്സ്

എന്നിവ ഉൾപ്പെടുന്നു. 22-07-2024-ൽ കോളേജിൽവച്ച് പ്രസ്തുത പ്രവൃത്തിയുടെ വിശദമായ അവലോകനം നടത്തുകയുണ്ടായി. പ്രസ്തുത യോഗത്തിൽ, സ്ഥലപരിമിതി പരിഗണിച്ച് നിർദ്ദിഷ്ട അക്കാദമിക് ബ്ലോക്കിന്റെ സ്ഥാനം ക്യാമ്പസിൽ ബയോഡൈവേഴ്സിറ്റി ഏരിയയായി മാർക്ക് ചെയ്ത സ്ഥലത്തേക്ക് മാറ്റി പരിഗണിക്കണമെന്ന് നിർദ്ദേശിച്ചതിൻപ്രകാരം ആയതിനുള്ള വിശദമായ റിപ്പോർട്ട് ഈ പ്രവൃത്തിയുടെ SPV ആയ KSITIL 29-07-2024-ൽ കിഫ്ബിയിൽ സമർപ്പിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ നേരത്തെ ഭരണാനുമതി ലഭിച്ച തുകയിൽ അധികംവരാതെ പുതുക്കിയ രൂപരേഖ എസ്റ്റിമേറ്റ് ഉൾപ്പെടെ സമർപ്പിക്കാൻ 09-09-2024-ൽ SPV-ക്ക് കിഫ്ബി നിർദ്ദേശം നൽകിയിട്ടുണ്ട്. ആയതു പ്രകാരം പ്രസ്തുത പ്രവൃത്തിയുടെ പുതുക്കിയ പദ്ധതി റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നടപടികൾ പദ്ധതി നിർവ്വഹണ ഏജൻസിയായ KSITIL സ്വീകരിച്ചുവരുന്നു.

കിനാനൂർ-കരിന്തളം ഗവൺമെന്റ് കോളേജ് കെട്ടിട നിർമ്മാണം

99(1672) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത

വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിനാനൂർ-കരിന്തളം ഗവൺമെന്റ് ആർട്സ് ആൻഡ് സയൻസ് കോളേജിന് കെട്ടിടങ്ങൾ നിർമ്മിക്കാനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

2021-22 സാമ്പത്തിക വർഷം പ്ലാൻ പദ്ധതിയിൽ ഉൾപ്പെടുത്തി കിനാനൂർ-കരിന്തളം ഗവൺമെന്റ് ആർട്സ് ആൻഡ് സയൻസ് കോളേജിനായി അക്കാദമിക് ബ്ലോക്ക് നിർമ്മിക്കുന്നതിന് 6.82 കോടി രൂപ അനുവദിക്കുകയും ടി നിർമ്മാണപ്രവൃത്തി പുരോഗമിച്ചുവരികയുമാണ്. നിലവിൽ പ്രസ്തുത അക്കാദമിക് ബ്ലോക്കിന്റെ തറയുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) ഏതൊക്കെ ഫണ്ടുകൾ ഉപയോഗിച്ചാണ് കെട്ടിടങ്ങൾ നിർമ്മിക്കാൻ നടപടികൾ സ്വീകരിച്ചതെന്നും പ്രസ്തുത ഫണ്ടുകൾ സംബന്ധിച്ച് ഓരോ പദ്ധതികളുടെയും നിലവിലെ സ്ഥിതി എന്തെന്നും വിശദമാക്കാമോ?

വിവിധ ഫണ്ടുകൾ ഉപയോഗപ്പെടുത്തി കെട്ടിടം നിർമ്മിക്കുന്നതിന്

അനുമതി ലഭിച്ച പദ്ധതികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

(i) 2021-22 സാമ്പത്തിക വർഷം പ്ലാൻ പദ്ധതിയിൽ ഉൾപ്പെടുത്തി അക്കാദമിക് ബ്ലോക്ക് നിർമ്മിക്കുന്നതിന് 6.82 കോടി രൂപ അനുവദിക്കുകയും ടി നിർമ്മാണ പ്രവൃത്തി പുരോഗമിച്ചുവരികയുമാണ്.

(ii) 2021-22 സാമ്പത്തിക വർഷം മറ്റൊരു അക്കാദമിക് ബ്ലോക്ക് നിർമ്മിക്കുന്നതിന് ബജറ്റ് വിഹിതമായി 5.94 കോടി രൂപ അനുവദിച്ചിരുന്നു. എന്നാൽ നിർമ്മാണം ആരംഭിക്കാൻ സാധിച്ചിട്ടില്ല. ഭരണാനുമതിയുടെ കാലാവധി അവസാനിച്ചതിനാൽ ആയത് പുതുക്കി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(iii) കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി വിവിധ നിർമ്മാണ പ്രവൃത്തികൾ നടത്തുന്നതിനായി 11.31 കോടി രൂപ അനുവദിച്ചിരുന്നു. പദ്ധതി രൂപരേഖ തയ്യാറാക്കുന്നതിന് മുന്നോടിയായി SPV ആയ KITCO പദ്ധതി പ്രദേശം സന്ദർശിച്ചപ്പോൾ റോഡിന്റെ വീതി കുറവാണെന്ന് അഭിപ്രായപ്പെട്ടതിനാൽ പദ്ധതി രൂപരേഖ തയ്യാറാക്കുന്നതിന് സാധിച്ചിരുന്നില്ല. എന്നാൽ ആവശ്യമായ അളവിൽ (6 മീറ്റർ) റോഡിന്

വീതിയുള്ളതായി കരിന്തളം ഗ്രാമപഞ്ചായത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തി നൽകിയിട്ടുണ്ട്. ടി സാഹചര്യത്തിൽ പദ്ധതി രൂപരേഖ തയ്യാറാക്കുന്നതിനുള്ള പ്രവൃത്തികൾ ആരംഭിക്കാൻ സാധിക്കുമെന്ന് KITCO അറിയിച്ചിട്ടുണ്ട്. പദ്ധതി രൂപരേഖ തയ്യാറാക്കി കിഫ്ബി അനുമതി ലഭ്യമാക്കി നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ഹിന്ദി ബിരുദ പഠനത്തിന് ലഭ്യമായ സീറ്റുകൾ

100(1673) ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ ഗവൺമെന്റ് എയ്ഡഡ്/അൺ എയ്ഡഡ് കോളേജുകളിൽ ഹിന്ദി ബിരുദ പഠനത്തിന് ലഭ്യമായ സീറ്റുകളുടെ എണ്ണം കോളേജ് തിരിച്ച് ലഭ്യമാക്കാമോ?

മലപ്പുറം ജില്ലയിൽ ഗവൺമെന്റ് എയ്ഡഡ്/അൺ എയ്ഡഡ് കോളേജുകളിൽ ഹിന്ദി ബിരുദ പ്രോഗ്രാമുകൾ ഇപ്പോൾ നിലവിലില്ല.

(ബി) തിരൂർ നിയോജക മണ്ഡലത്തിൽ ഗവൺമെന്റ് എയ്ഡഡ്/അൺ

എയ്ഡഡ് കോളേജുകളിൽ ഹിന്ദി ബിരുദ പഠനത്തിന് ലഭ്യമായ സീറ്റുകളുടെ എണ്ണം കോളേജ് തിരിച്ച് ലഭ്യമാക്കാമോ?

തിരൂർ നിയോജക മണ്ഡലത്തിൽ ഗവൺമെന്റ് എയ്ഡഡ്/അൺ എയ്ഡഡ് കോളേജുകളിൽ ഹിന്ദി ബിരുദ പ്രോഗ്രാമുകൾ ഇപ്പോൾ നിലവിലില്ല.

(സി) തിരൂർ നിയോജക മണ്ഡലത്തിൽ ഗവൺമെന്റ് എയ്ഡഡ് കോളജുകളിൽ ഹിന്ദി ബിരുദ കോഴ്സുകൾ പുതുതായി ആരംഭിക്കുമോ എന്ന് അറിയിക്കാമോ?

തിരൂർ നിയോജക മണ്ഡലത്തിൽ ഗവൺമെന്റ് എയ്ഡഡ് കോളേജുകളിൽ ഹിന്ദി ബിരുദ കോഴ്സുകൾ പുതുതായി ആരംഭിക്കുന്നതിനുള്ള അപേക്ഷകളൊന്നും കാലിക്കറ്റ് സർവ്വകലാശാലയിൽ ലഭിച്ചിട്ടില്ല. കാലിക്കറ്റ് സർവ്വകലാശാല സ്റ്റാറ്റ്യൂട്ട് അനുശാസിക്കുംവിധം പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള അപേക്ഷ സർവ്വകലാശാലയുടെ ശിപാർശ സഹിതം സർക്കാരിൽ ലഭ്യമാക്കുന്ന മുറയ്ക്ക് ഉചിത നടപടി സ്വീകരിക്കാവുന്നതാണ്.

എയ്ഡഡ് കോളേജുകളിലെ ബിരുദ, ബിരുദാനന്തര ബിരുദ പ്രോഗ്രാമുകൾ

101(1674) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എയ്ഡഡ് ആർട്സ് ആൻഡ് സയൻസ് കോളേജുകളിൽ 2024-25 അധ്യയന വർഷം വിവിധ നാല് വർഷ ബിരുദ പ്രോഗ്രാമുകളിൽ എയ്ഡഡ് കോഴ്സുകളിലും സെൽഫ് ഫിനാൻസിംഗ് കോഴ്സുകളിലും ലഭ്യമായ പെർമനന്റ് സീറ്റുകളുടെ ആകെ എണ്ണം സർവ്വകലാശാല അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

കേരള സർവകലാശാല.

Aided College Seat: 14454 (excluding the marginal seats)

Self Financing Seat: 16133 (excluding the marginal seats)

എം.ജി. സർവകലാശാല

എയ്ഡഡ് കോഴ്സുകളിൽ ലഭ്യമായ പെർമനന്റ് സീറ്റുകളുടെ ആകെ എണ്ണം - 14770

സെൽഫ് ഫിനാൻസിംഗ് കോഴ്സുകളിൽ ലഭ്യമായ പെർമനന്റ് സീറ്റുകളുടെ ആകെ എണ്ണം - 36364

കാലിക്കറ്റ് സർവ്വകലാശാല

എയ്ഡഡ് കോഴ്സുകളിലും സെൽഫ് ഫിനാൻസിംഗ് കോഴ്സുകളിലും ലഭ്യമായ പെർമനന്റ് സീറ്റുകളുടെ ആകെ എണ്ണം - 30873

കണ്ണൂർ സർവ്വകലാശാല

എയ്ഡഡ് കോഴ്സുകളുടെ പെൻമനന്റ് സീറ്റുകളുടെ എണ്ണം : 4199

സെൽഫ് ഫിനാൻസ് കോഴ്സുകളുടെ പെർമനന്റ് സീറ്റുകളുടെ എണ്ണം : 124

(ബി) പ്രസ്തുത സീറ്റുകളിൽ പ്രവേശനം നേടിയ വിദ്യാർഥികൾ, ഒഴിഞ്ഞ് കിടക്കുന്ന സീറ്റുകൾ എന്നിവയുടെ ആകെ എണ്ണം എയ്ഡഡ് കോഴ്സുകളുടേതും സെൽഫ് ഫിനാൻസിംഗ് കോഴ്സുകളുടേതും പ്രത്യേകം പ്രത്യേകമായി കോളേജ്, സർവ്വകലാശാല തിരിച്ച് ലഭ്യമാക്കാമോ;

(സി) സംസ്ഥാനത്തെ എയ്ഡഡ് ആർട്സ് ആൻഡ് സയൻസ് കോളേജുകളിൽ വിവിധ ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളിലും

ഇന്റഗ്രേറ്റഡ് പി.ജി. പ്രോഗ്രാമുകളിലും 2024-25 അധ്യയന വർഷം ലഭ്യമായ പെർമനന്റ് സീറ്റുകളുടെ ആകെ എണ്ണം, പ്രസ്തുത സീറ്റുകളിൽ പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ ആകെ എണ്ണം, ഒഴിഞ്ഞ് കിടക്കുന്ന ആകെ സീറ്റുകളുടെ എണ്ണം എന്നിവ എയ്ഡഡ് കോഴ്സുകളുടേതും സെൽഫ് ഫിനാൻസിംഗ് കോഴ്സുകളുടേതും പ്രത്യേകം പ്രത്യേകമായി കോളേജ്, സർവ്വകലാശാല തിരിച്ചു ലഭ്യമാക്കാമോ?

(ബി & സി) വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.[+]

2026-ലെ യു.ജി.സി. കരട് ഭേദഗതി നിർദ്ദേശങ്ങൾ

102(1675) ശ്രീ. ടി. പി. രാമകൃഷ്ണൻ:
ശ്രീ. എം. വിജിൻ:
ശ്രീ. കെ. പ്രേംകുമാർ:
ശ്രീ. വി. കെ. പ്രശാന്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്തിന്റെ ഫെഡറൽ സംവിധാനത്തിനും ജനാധിപത്യ സംഹിതയ്ക്കും നിരക്കാത്തതും ഭരണഘടനയുടെ അന്തഃസത്ത ഉൾക്കൊള്ളാത്തതുമാണ് കേന്ദ്ര സർക്കാർ അടിച്ചേൽപ്പിക്കാൻ ശ്രമിക്കുന്ന

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

2026-ലെ കരട് യു.ജി.സി. ഭേദഗതി നിർദേശങ്ങൾ എന്ന് കരുതുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) സർവ്വകലാശാലകളുടെയും മറ്റ് ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും നടത്തിപ്പിനായി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ എത്ര ശതമാനം വീതമാണ് ചെലവഴിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) നിലവിൽ സംസ്ഥാന സർക്കാരുകളുടെ അധീനതയിലുണ്ടായിരുന്ന ഏതെല്ലാം അധികാരാവകാശങ്ങളാണ് പ്രസ്തുത ഭേദഗതിയിലൂടെ അട്ടിമറിക്കാൻ ശ്രമിക്കുന്നതെന്ന് വിശദമാക്കുമോ;

(എ-സി) ഉണ്ട്. 2025-ലെ യു.ജി.സി. ചട്ടങ്ങളുടെ കരട് പരിശോധിച്ച സമിതിയുടെ പ്രാഥമിക റിപ്പോർട്ട് പ്രകാരം, പ്രസ്തുത ചട്ടം സംസ്ഥാനങ്ങളുടെ അവകാശങ്ങൾക്ക് മേലുള്ള കടന്നാക്രമണമാണെന്ന് വിലയിരുത്തിയിട്ടുണ്ട്. കരട് റെഗുലേഷനിലെ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച്, ചാൻസലറുടെ നോമിനി ചെയർപേഴ്സണും രണ്ട് അംഗങ്ങൾ പരോക്ഷമായി കേന്ദ്രസർക്കാർ നിയമിതരുമായിരിക്കുന്ന മൂന്നംഗ സെലക്ഷൻ കമ്മിറ്റിയെ നിയമിക്കാനുള്ള അധികാരം ചാൻസലർ കൂടിയായ ഗവർണ്ണർക്കാണ്. ഭരണഘടനയുടെ 7-ാം

ഷെഡ്യൂൾ പ്രകാരം സംസ്ഥാന സർവ്വകലാശാലകൾ സ്ഥാപിക്കുന്നതിനും മേൽനോട്ടം വഹിക്കുന്നതിനുമുള്ള അധികാരം സംസ്ഥാന സർക്കാരുകൾക്കാണ്. യു.ജി.സി.-യുടെ പങ്ക് ഉന്നത വിദ്യാഭ്യാസത്തിന്റെ ഏകോപനത്തിലും മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നതിലുമായി പരിമിതപ്പെടുത്തേണ്ടതാണ്, അതും സർവ്വകലാശാലകളുമായി കൂടിയാലോചിച്ച് മാത്രം. കരട് ചട്ടങ്ങൾ സംസ്ഥാന സർവ്വകലാശാലകൾക്കുള്ള ഫണ്ടിംഗിന്റെ 80 ശതമാനം സംഭാവന ചെയ്യുന്ന സംസ്ഥാന ഗവൺമെന്റുകളുടെ പങ്കിനെ മാറ്റി നിർത്തുക മാത്രമല്ല, സർവ്വകലാശാലകളുടെ ജനാധിപത്യ പ്രവർത്തനത്തെ ദുർബലപ്പെടുത്തുകയും ചെയ്യുന്നു. സർവ്വകലാശാലകളിലെ അക്കാദമിക് വൈദഗ്ധ്യത്തിന് മുൻഗണന നൽകുന്നതിന് പകരം സ്വകാര്യ മേഖലയിൽനിന്നും വാണിജ്യ പശ്ചാത്തലത്തിൽനിന്നുമുള്ള വൈസ് ചാൻസലർമാരെ നിയമിക്കാൻ നിർദ്ദേശിക്കുന്ന ആക്ഷേപകരമായ വ്യവസ്ഥകൾ അവയിൽ അടങ്ങിയിരിക്കുന്നു. ഇത് ഉന്നത വിദ്യാഭ്യാസത്തെ കൂടുതൽ വാണിജ്യവൽക്കരിക്കുന്നതിനും അതിന്റെ സമഗ്രതയെ

ഇല്ലാതാക്കുന്നതിനും ആത്യന്തികമായി അക്കാദമിക് സ്വാതന്ത്ര്യത്തെയും വിമർശനാത്മക ചിന്തയെയും ഇല്ലാതാക്കുന്നതിനും ഇടയാക്കും. അതിനാൽ ഈ നിയന്ത്രണങ്ങൾ പിൻവലിക്കേണ്ടതും സംസ്ഥാന സർക്കാരുകളുമായും ഉന്നത വിദ്യാഭ്യാസ രംഗത്തെ എല്ലാ പങ്കാളികളുമായും കൂടിയാലോചിച്ച് പുതിയ മാർഗ്ഗനിർദ്ദേശങ്ങൾ അവതരിപ്പിക്കേണ്ടതും അത്യാവശ്യമാണ്.

(ഡി) ഉന്നത വിദ്യാഭ്യാസ മേഖലയെ കച്ചവടവൽക്കരിക്കുന്നതിനും മത-വർഗ്ഗീയ ആശയ പ്രചരണത്തിനുമായുള്ള കേന്ദ്രസർക്കാർ നീക്കത്തെ തുറന്ന് കാണിക്കുന്നതിനും നേരിടുന്നതിനും ആവശ്യമായ എന്തെല്ലാം ശ്രമങ്ങളാണ് നടത്തുന്നതെന്ന് വ്യക്തമാക്കുമോ?

ഇപ്പോൾ പുറത്തിറക്കിയ യു.ജി.സി. കരട് മാർഗനിർദ്ദേശങ്ങൾ പിൻവലിച്ച് ബന്ധപ്പെട്ടവരുമായി വിശദമായ ചർച്ചകൾ നടത്തി അവരുടെ അഭിപ്രായങ്ങൾ കണക്കിലെടുത്തുകൊണ്ടുമാത്രം പുതിയ മാനദണ്ഡങ്ങൾ പുറപ്പെടുവിക്കണമെന്ന് കേന്ദ്ര സർക്കാരിനോടാവശ്യപ്പെട്ട് 21-01-2025-ന് കേരള നിയമസഭ ഐകകണ്ഠ്യേന പ്രമേയം പാസ്സാക്കുകയും അത് കേന്ദ്ര സർക്കാരിൽ അയച്ചു നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ, ഡ്രാഫ്റ്റ്

റഗുലേഷനിലെ സംസ്ഥാന താൽപര്യങ്ങൾക്ക് വിരുദ്ധമായ ശിപാർശകൾ സംബന്ധിച്ച് സർക്കാരിന്റെ അഭിപ്രായം 03-02-2025-ന് കേന്ദ്ര സർക്കാരിനെയും യു.ജി.സി.-യെയും അറിയിച്ചിട്ടുണ്ട്.

യു.ജി.സി. റെഗുലേഷൻ 2025-ന്റെ കരടിനെതിരെ 20-02-2025-ന് സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസ മേഖലയിലുള്ളവരെയും മറ്റ് സംസ്ഥാനങ്ങളിലെ മന്ത്രിമാരുൾപ്പടെയുള്ള പ്രതിനിധികളെയും പങ്കെടുപ്പിച്ചുകൊണ്ട് ദേശീയ വിദ്യാഭ്യാസ കൺവെൻഷൻ സംഘടിപ്പിക്കാൻ നടപടി സ്വീകരിച്ചുവരുന്നു.

പുതുതായി അനുവദിച്ച ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ

103(1676) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 01-06-2016 മുതൽ 31-12-2024 വരെയുള്ള കാലയളവിൽ എയ്ഡഡ്/ഗവൺമെന്റ് മേഖലകളിൽ അനുവദിച്ച ആർട്സ് ആൻഡ് സയൻസ് കോളേജ്, പോളിടെക്നിക്, എഞ്ചിനീയറിങ് കോളേജ്, എന്നിവയുടെ ജില്ല തിരിച്ചുള്ള വിവരം ലഭ്യമാക്കുമോ;

(ബി) എയ്ഡഡ് മേഖലയിൽ ആർക്കെല്ലാമാണ് പ്രസ്തുത സ്ഥാപനങ്ങൾ അനുവദിച്ചതെന്ന വിവരം നൽകാമോ?

(എ&ബി) 01-06-2016 മുതൽ 31-12-2024 വരെയുള്ള കാലയളവിൽ സർക്കാർ മേഖലയിൽ 7-ഉം എയ്ഡഡ് മേഖലയിൽ 11-ഉം ആർട്സ് ആൻഡ് സയൻസ് കോളേജുകൾ ആരംഭിച്ചിട്ടുണ്ട്. ജില്ല തിരിച്ച വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

ധർമ്മടം നിയോജകമണ്ഡലത്തിലെ പിണറായി ഗ്രാമപഞ്ചായത്തിൽ സർക്കാർ മേഖലയിൽ 2021-ൽ ഒരു പോളിടെക്നിക് കോളേജ് അനുവദിച്ചിട്ടുണ്ട്. സർക്കാർ മേഖലയിലോ എയ്ഡഡ് മേഖലയിലോ ടി കാലയളവിൽ പുതിയ എഞ്ചിനീയറിങ് കോളേജുകൾ ഒന്നുംതന്നെ അനുവദിച്ചിട്ടില്ല.

നാലുവർഷ ബിരുദ കോഴ്സിൽ പ്രവേശനം നേടിയ വിദ്യാർഥികൾ

104(1677) <u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):</u> താഴെ കാണുന്ന ചോദ്യത്തിന് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സംസ്ഥാനത്ത് നാലുവർഷ ബിരുദ കോഴ്സിൽ ഈ വർഷം പ്രവേശനം നേടിയ ആകെ വിദ്യാർഥികളുടെ എണ്ണം എത്രയാണ്; സർവ്വകലാശാല തിരിച്ചുള്ള വിശദാംശം അറിയിക്കുമോ?

സംസ്ഥാനത്ത് 2024-25 അക്കാദമിക വർഷം നാലുവർഷ ബിരുദ പ്രോഗ്രാമുകളിൽ പ്രവേശനം നേടിയ വിദ്യാർഥികളുടെ എണ്ണം ചുവടെ ചേർക്കുന്നു:

- കേരള സർവകലാശാല: 22179
- മഹാത്മാഗാന്ധി സർവകലാശാല: 24229
- കാലിക്കറ്റ് സർവകലാശാല: 69976
- കണ്ണൂർ സർവകലാശാല: 14505
- കുസാറ്റ്: 109
- തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവകലാശാല: 51
- ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാല: 374
- ശ്രീനാരായണഗുരു ഓപ്പൺ സർവകലാശാല: 16736

പാമ്പാടി ആർ.ഐ.ടി. നവീകരണം

105(1678) ശ്രീ. ചാണ്ടി ഉമ്മൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാമ്പാടി ആർ.ഐ.ടി. നവീകരണത്തിനായി 2021-ൽ അഞ്ച് കോടി രൂപ അനുവദിച്ചിരുന്നോ; എങ്കിൽ ഏത് ഫണ്ടിൽ ഉൾപ്പെടുത്തിയാണ് അനുവദിച്ചതെന്ന് അറിയിക്കുമോ; വിശദാംശങ്ങൾ നൽകാമോ?

അനുവദിച്ചിട്ടുണ്ട്. "2203-00-800-76 NON PLAN Asset Maintenance Fund" എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയാണ് തുക അനുവദിച്ചത്.

(ബി) ഏതൊക്കെ പ്രവൃത്തികൾക്കായാണ് തുക അനുവദിച്ചതെന്നും നിർവഹണ ഏജൻസി ആരാണെന്നും അറിയിക്കുമോ; പ്രസ്തുത തുക ചെലവഴിച്ച് പ്രവൃത്തികളെല്ലാം നിർവഹിച്ചിട്ടുണ്ടോ എന്നും ഇല്ലെങ്കിൽ അതിന്റെ കാരണമെന്തെന്നും വിശദമാക്കുമോ; പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനുള്ള സമയപരിധി അറിയിക്കാമോ?

പാമ്പാടി ആർ.ഐ.ടി.-യിലെ വിവിധ കെട്ടിടങ്ങളുടെ നവീകരണ പ്രവൃത്തികൾക്കാണ് തുക അനുവദിച്ചത്, PWD ആണ് പ്രസ്തുത പ്രവൃത്തിയുടെ നിർവഹണ ഏജൻസി. "2203-00-800-76 NON PLAN Asset Maintenance Fund" ശീർഷകത്തിൽ അലോട്ട്മെന്റ് ലഭ്യമാകാത്തതിനാൽ മേൽത്തുക

വിനിയോഗിച്ച് ടി സ്ഥാപനത്തിലെ കെട്ടിടങ്ങളുടെ നവീകരണ പ്രവൃത്തി നിർവഹിക്കാൻ കഴിഞ്ഞിട്ടില്ല.

(സി) പ്രസ്തുത പ്രവൃത്തികൾ നിർവഹിക്കുന്നതിനായി ഭരണാനുമതി ഉത്തരവ് പ്രകാരമുള്ള തുക ഡെപ്പോസിറ്റ് ചെയ്യാൻ നിർവഹണ ഏജൻസി ആവശ്യപ്പെട്ടിരുന്നോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങളും തുടർന്ന് വകുപ്പ് സ്വീകരിച്ച നടപടികളും വിശദമാക്കുമോ?

ആവശ്യപ്പെട്ടിരുന്നു, "2203-00-800-76 NON PLAN Asset Maintenance Fund" ശീർഷകത്തിൽ അലോട്ട്മെന്റ് ലഭ്യമാകാത്തതിനാൽ deposit ചെയ്തു നൽകാൻ കഴിഞ്ഞിട്ടില്ല.

ടെക്നോളജിക്കൽ യൂണിവേഴ്സിറ്റിയുടെ ഓഡിറ്റ്

106(1679) ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യത്തിന് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടെക്നോളജിക്കൽ യൂണിവേഴ്സിറ്റിയുടെ പ്രവർത്തനങ്ങൾ സംബന്ധിച്ച് എ.ജി. ഓഡിറ്റ് നടത്തിയിട്ടുണ്ടോ; ഏറ്റവും ഒടുവിൽ എപ്പോഴാണ് ഓഡിറ്റ് നടത്തിയതെന്ന് വ്യക്തമാക്കാമോ?

ടെക്നോളജിക്കൽ യൂണിവേഴ്സിറ്റിയുടെ പ്രവർത്തനങ്ങൾ സംബന്ധിച്ച് എ.ജി. ഓഡിറ്റ് നടത്തിയിട്ടുണ്ട്. ഏറ്റവും ഒടുവിൽ ഓഡിറ്റ് നടത്തിയ കാലയളവ് 2021-2024 ആണ്.

(ബി) പ്രസ്തുത ഓഡിറ്റിലെ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

2021-2024-ലെ പരിശോധനാ റിപ്പോർട്ട് അക്കൗണ്ടന്റ് ജനറലിന്റെ കാര്യാലയത്തിൽ നിന്ന് 13-09-2024-ൽ ടെക്നോളജിക്കൽ യൂണിവേഴ്സിറ്റിയിൽ ലഭിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് പരിശോധിച്ച് അക്കൗണ്ടന്റ് ജനറലിന് മറുപടി ലഭ്യമാക്കുന്നതിനുള്ള നടപടികൾ ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി സ്വീകരിച്ചുവരുന്നു.

എം.ടെക്. കോഴ്സുകളുടെ വിവരങ്ങൾ

107(1680) <u>ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരമേറ്റതിനുശേഷം അനുവദിച്ച എം.ടെക് കോഴ്സുകളുടെ വിശദവിവരങ്ങൾ നൽകാമോ; അതിൽ ഏതൊക്കെ എം.ടെക് കോഴ്സുകളാണ് ആരംഭിച്ചതെന്ന് അറിയിക്കാമോ?

നിലവിലെ സർക്കാർ അധികാരമേറ്റതിനുശേഷം അനുവദിച്ച എം.ടെക് കോഴ്സുകളുടെ വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.[+] പ്രസ്തുത പട്ടികയിലെ എല്ലാ എം.ടെക്. കോഴ്സുകളും ആരംഭിച്ചിട്ടുണ്ട്.

(ബി) പുതുതായി എം.ടെക്. അനുവദിച്ച സ്ഥാപനങ്ങൾ ഏതൊക്കെയാണെന്ന് ഗവൺമെന്റ്, എയ്ഡഡ്, സ്വകാര്യമേഖല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ?

പുതുതായി എം.ടെക് അനുവദിച്ച ഗവൺമെന്റ്, എയ്ഡഡ്, സ്വകാര്യമേഖല എന്നിവയുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.[+]

(സി) പ്രസ്തുത കോഴ്സുകളിൽ സർക്കാരിന് സാമ്പത്തിക ബാധ്യത ഇല്ലാതെ അനുവദിച്ച കോഴ്സുകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രസ്തുത കോഴ്സുകൾ എല്ലാംതന്നെ സർക്കാരിന് സാമ്പത്തിക ബാധ്യത ഇല്ലാതെ അനുവദിച്ച കോഴ്സുകളാണ്.

(ഡി) കണ്ണൂർ ഗവൺമെന്റ് എഞ്ചിനീയറിങ് കോളേജിൽ പുതുതായി അനുവദിച്ച എം.ടെക് കോഴ്സുകളുടെ വിശദാംശങ്ങൾ നൽകാമോ?

കണ്ണൂർ ഗവൺമെന്റ് എഞ്ചിനീയറിങ് കോളേജിൽ എം.ടെക് വിഭാഗത്തിൽ കമ്പ്യൂട്ടർ എഞ്ചിനീയറിങ് ഡിപ്പാർട്ട്മെന്റിനുകീഴിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് & ഡാറ്റ സയൻസ് എന്ന കോഴ്സ് 2024-25 അധ്യയന വർഷത്തിൽ പുതുതായി ആരംഭിച്ചിട്ടുണ്ട്.

(ഇ) സർക്കാരിന് സാമ്പത്തിക ബാധ്യതവരാത്തവിധം കണ്ണൂർ ഗവൺമെന്റ് എഞ്ചിനീയറിങ് കോളേജിൽ പുതിയ എം.ടെക്. കോഴ്സുകൾ അനുവദിക്കുന്നത് പരിഗണിക്കാമോ?

സർക്കാരിന് സാമ്പത്തിക ബാധ്യത വരാത്തവിധം കണ്ണൂർ ഗവൺമെന്റ് എഞ്ചിനീയറിങ് കോളേജിൽ പുതിയ എം.ടെക്. കോഴ്സുകൾ അനുവദിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ ലഭിക്കുന്നമുറയ്ക്ക് പരിശോധിക്കാവുന്നതാണ്.

ടെക്നിക്കൽ ഹൈസ്കൂൾ ക്യാമ്പസിൽ എഞ്ചിനീയറിങ് കോളേജ് അനുവദിക്കുന്നതിന് നടപടി

108(1681) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സർക്കാർ എഞ്ചിനീയറിങ് കോളേജുകൾ എവിടെയൊക്കെ അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സർക്കാർ എഞ്ചിനീയറിങ് കോളേജുകൾ അനുവദിച്ചിട്ടില്ല.

(ബി) കാസർഗോഡ് ജില്ലയിലെ ചെറുവത്തൂർ ബ്ലോക്കിലെ ടെക്നിക്കൽ ഹൈസ്കൂൾ ക്യാമ്പസിൽ ഒരു സർക്കാർ എഞ്ചീനിയറിങ് കോളേജ് അനുവദിക്കുന്നതിനുള്ള നടപടി നിലവിൽ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

കാസർഗോഡ് ജില്ലയിലെ ചെറുവത്തൂരിൽ സർക്കാർ മേഖലയിൽ പുതിയ എഞ്ചിനീയറിങ് കോളേജ് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട

പ്രൊപ്പോസൽ കാസർഗോഡ് പാക്കേജിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ആയത് സർക്കാരിന്റെ പരിഗണനയിലാണ്.

സംസ്ഥാന ബജറ്റ് 2025-26 വാല്യം 2-ലെ അനുബന്ധം 1-ൽ, ചെറുവത്തൂരിൽ (നിലവിലുള്ള ടി.എച്ച്.എസ്. കോമ്പൗണ്ടിൽ) നിർദ്ദിഷ്ട എഞ്ചിനീയറിങ് കോളേജിന് 3 കോടി രൂപ എസ്റ്റിമേറ്റ് കണക്കാക്കി 60 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

കോഴിക്കോട് ഗവൺമെന്റ് എഞ്ചിനീയറിങ് കോളേജ് വികസനത്തിന് ഭൂമി ലഭ്യമാക്കൽ

109(1682) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ഗവൺമെന്റ് എഞ്ചിനീയറിങ് കോളേജിന്റെ വികസനത്തിനാവശ്യമായ ഭൂമി ലഭ്യമല്ലെന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

കോഴിക്കോട് എഞ്ചിനീയറിങ് കോളേജിന് നിലവിൽ 7 ഏക്കറിലധികം ഭൂമിയുണ്ട്. AICTE-യുടെ മാനദണ്ഡ പ്രകാരമുള്ള എല്ലാ ഭൗതിക സൗകര്യങ്ങളും നിലവിൽ ലഭ്യമാണ്.

ഈ സർക്കർ അധികാരത്തിൽ വന്നതിനുശേഷം 23-08-2022-ലെ സർക്കാർ ഉത്തരവ് മുഖേന കമ്പ്യൂട്ടർ സയൻസ് & ഡിസൈനിൽ 60 സീറ്റുകളുള്ള ബി.ടെക് കോഴ്സും സ്ട്രക്ചറൽ എഞ്ചിനീയറിങ്ങിൽ 18 സീറ്റുകളുള്ള എം.ടെക്. കോഴ്സും അനുവദിച്ചിട്ടുണ്ട്.

(ബി) കോളേജിന്റെ വികസനത്തിനായി ഭൂമി വാങ്ങുന്നതിന് നടപടി സ്വീകരിക്കുമോ; ഇത് സംബന്ധിച്ച് ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

കോളേജിന്റെ വികസനത്തിനായി ഭൂമി വാങ്ങുന്നത് സംബന്ധിച്ച വിഷയത്തിൽ സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുമായും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായും സർക്കാർ വിശദമായ ചർച്ച നടത്തുകയുണ്ടായി. പ്രസ്തുത മീറ്റിങ്ങിൽ നിലവിൽ കോളേജിന് ഏഴ് ഏക്കറിലധികം ഭൂമിയുണ്ടെന്നും AICTE-യുടെ മാനദണ്ഡ പ്രകാരമുള്ള എല്ലാ ഭൗതിക സൗകര്യങ്ങളും

ലഭ്യമാണെന്നും സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു. കോഴിക്കോട് നഗരത്തിൽ സ്ഥിതിചെയ്യുന്ന കോളേജ് നിലവിലുള്ള സ്ഥലത്തുനിന്നും മാറ്റുന്നത് ഇപ്പോഴത്തെ സാഹചര്യത്തിൽ പ്രായോഗികമല്ലെന്നും ചർച്ചയിൽ അഭിപ്രായമുണ്ടായി. വിശദമായ ചർച്ചകൾക്കുശേഷം നിലവിലെ എഞ്ചിനീയറിങ് കോളേജ് നിൽക്കുന്ന സ്ഥലത്ത് പോളിടെക്നിക്, ടെക്നിക്കൽ ഹൈസ്കൂൾ എന്നിവ ഏകോപിപ്പിച്ച് ഒരു ടെക്നിക്കൽ എഡ്യൂക്കേഷൻ ഹബ്ബായി മാറ്റുന്നതിനുള്ള നടപടികൾ ആലോചിക്കാമെന്നും തീരുമാനമെടുത്തിട്ടുണ്ട്.

മഞ്ചേരി നിയോജകമണ്ഡലത്തിലെ വിദ്യാർഥികൾക്ക് സാങ്കേതിക വിദ്യാഭ്യാസം നൽകുന്നതിനുള്ള നടപടി

110(1683) ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ വിദ്യാർഥികൾക്ക് ഉന്നത സാങ്കേതിക വിദ്യാഭ്യാസം നൽകാൻ പര്യാപ്തമായ രീതിയിൽ മഞ്ചേരി നിയോജകമണ്ഡലത്തിൽ ഒരു സർക്കാർ എൻജിനീയറിങ് കോളേജ് ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

മലപ്പുറം ജില്ലയിൽ സർക്കാർ എഞ്ചിനീയറിങ് കോളേജ് ആരംഭിക്കുന്ന വിഷയം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

സംസ്ഥാനത്ത് പുതുതായി സർക്കാർ എഞ്ചിനീയറിങ് കോളേജുകൾ ആരംഭിക്കുമ്പോൾ മലപ്പുറം ജില്ലയിലും പുതുതായി സർക്കാർ എൻജിനീയറിങ് കോളേജ് അനുവദിക്കുന്ന വിഷയം പരിഗണിക്കാവുന്നതാണ്.

(ബി) മഞ്ചേരി ഗവൺമെന്റ് പോളിടെക്നിക് കോളേജിൽ പുതുതായി അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് നിർമ്മിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

മഞ്ചേരി ഗവൺമെന്റ് പോളിടെക്നിക് കോളേജിൽ പുതുതായി അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് നിർമ്മിക്കുന്നതിന്റെ ആദ്യ ഘട്ടം ചെയ്യുന്നതിനായി 6,50,00,000/- രൂപയുടെ ഭരണാനുമതി 10-07-2024-ലെ സ.ഉ.(സാധാ) നം.825/2024/ഉ.വി.വ. പ്രകാരം അനുവദിച്ചിട്ടുണ്ട്.

(സി) മഞ്ചേരി ഗവൺമെന്റ് പോളിടെക്നിക് കോളേജിൽ കോഴ്സുകളുടെയും കുട്ടികളുടെയും അനുപാതത്തിന് അനുസരിച്ച് അനധ്യാപക-അധ്യാപക തസ്തികകൾ സൃഷ്ടിക്കാൻ നടപടി സ്വീകരിക്കുമോ?

മഞ്ചേരി ഗവൺമെന്റ് പോളിടെക്നിക് കോളേജിൽ AICTE നിശ്ചയിച്ചിട്ടുള്ള അധ്യാപക വിദ്യാർഥി അനുപാതം പ്രകാരമുള്ള അധ്യാപക തസ്തികകൾ നിലവിൽ അനുവദിച്ചിട്ടുണ്ട്. പോളിടെക്നിക് കോളേജുകൾക്കായി നിശ്ചയിച്ചിട്ടുള്ള സ്റ്റാഫ് പാറ്റേൺ അനുസരിച്ചുള്ള ലാബ്/വർക്ക്ഷോപ്പ് തസ്തികകൾ, വകുപ്പിനുകീഴിലുള്ള വിവിധ സ്ഥാപനങ്ങളിൽ അധിക തസ്തികകൾ ഉണ്ടെങ്കിൽ അത് ടി സ്ഥാപനത്തിലേക്ക് പുനർവിന്യസിപ്പിച്ച് നൽകുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഡി) മഞ്ചേരി ഗവൺമെന്റ് പോളിടെക്നിക് കോളേജിൽ 2025-26 അധ്യയന വർഷം മുതൽ പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ഇ) മഞ്ചേരി ഗവൺമെന്റ് പോളിടെക്നിക് കോളേജിൽ ഈവനിംഗ് കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

(ഡി&ഇ) മഞ്ചേരി ഗവൺമെന്റ് പോളിടെക്നിക് കോളേജിൽ 2025-26 അക്കാദമിക വർഷം പുതിയ കോഴ്സുകളോ സായാഹ്ന കോഴ്സുകളോ ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസലുകൾ ഒന്നും നിലവിലില്ല.

(എഫ്) മഞ്ചേരി പാണ്ടിക്കാട് അസാപ് സ്കിൽ പാർക്കിൽ പുതിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

മഞ്ചേരി നിയോജകമണ്ഡലത്തിലെ പാണ്ടിക്കാട് അസാപ് കമ്മ്യൂണിറ്റി സ്കിൽ പാർക്കിൽ അസാപ് 'ഐ ലൈക്ക് (iLike)' പദ്ധതിയുടെ ഭാഗമായി വിവിധ മേഖലകളിലെ നൂതന തൊഴിൽ നൈപുണ്യ പരിശീലന പരിപാടികൾ ആരംഭിച്ചിട്ടുണ്ട്. പഠിതാക്കൾക്ക് വളരെ ചുരുങ്ങിയ ഫീസിൽ പഠനം പൂർത്തിയാക്കാൻ സാധിക്കുന്ന കോഴ്സുകളാണ് ആരംഭിച്ചിട്ടുള്ളത്. 'ഐ ലൈക്ക്' കോഴ്സുകളിൽ, ജാവ പ്രോഗ്രാമിംഗ്, വെബ് ഡെവലപ്മെന്റ്, മൊബൈൽ ആപ്പ് ഡെവലപ്മെന്റ്, ഡിജിറ്റൽ ഫ്രീലാൻസിംഗ് തുടങ്ങി

പന്ത്രണ്ടോളം പുതിയ യുഗ കോഴ്സുകളിലെ പഠിതാക്കൾക്ക് പ്ലേസ്മെന്റ് സഹായവും അസാപ് ഒരുക്കുന്നുണ്ട്.

വിദ്യാർഥികളുടെ താല്പര്യമനുസരിച്ച് ഏതുസമയത്തും സ്കിൽ പാർക്കിൽ വന്ന് പഠിക്കാൻ തക്കവണ്ണമുള്ള സൗകര്യങ്ങളാണ് ലഭ്യമാക്കിയിട്ടുള്ളത്. ജൂനിയർ സോഫ്റ്റ്വെയർ ഡെവലപ്പർ, പേഴ്സണൽ ടെയ്നർ, യോഗ ഇൻസ്ട്രക്ടർ, ജനറൽ ഡ്യൂട്ടി അസിസ്റ്റന്റ് തുടങ്ങിയ കോഴ്സുകൾ PMKVY പദ്ധതിയിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ധനസഹായം ഉപയോഗിച്ചും സ്കിൽ പാർക്കിൽ ആരംഭിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ, 2025 ഫെബ്രുവരി മുതൽ എല്ലാ മാസവും പാണ്ടിക്കാട് അസാപ് കമ്മ്യൂണിറ്റി സ്കിൽ പാർക്കിൽ തൊഴിൽ മേളകൾ സംഘടിപ്പിക്കാൻ വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പ്രദേശത്തെ തൊഴിലന്വേഷകർക്ക് സൗജന്യമായി ഈ തൊഴിൽ മേളകളിൽ പങ്കെടുക്കാവുന്നതാണ്. തൊഴിലന്വേഷകർക്ക് സ്കോളർഷിപ്പ് നൽകുന്നതിന് നിരവധി കമ്പനികളുമായി, അവരുടെ സി.എസ്.ആർ. പിന്തുണയ്ക്കായി അസാപ് കേരള സജീവമായി പിന്തുടരുന്നു.

നൈപുണ്യ സമ്പാദനത്തിനും പ്ലേസ്മെന്റിനുമുള്ള ഒരു സജീവ കേന്ദ്രമായി സി.എസ്.പി. നിലനിർത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ഗവൺമെന്റ് പോളിടെക്നിക് തുടങ്ങുന്നതിനുള്ള മാനദണ്ഡങ്ങൾ

111(1684) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഭരണാനുമതി ലഭിച്ച മുക്കം ഗവൺമെന്റ് പോളിടെക്നിക് ആരംഭിക്കുന്നതിന് നിശ്ചയിച്ച മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

പുതിയ പോളിടെക്നിക്ക് കോളേജ് ആരംഭിക്കുന്നത് സംബന്ധിച്ചുള്ള മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നത് AICTE ആണ്. AICTE-യുടെ 2024-27 വർഷത്തെ Approval process Hand book-ലെ വ്യവസ്ഥകളാണ് നിലവിൽ ബാധകമായിട്ടുള്ളത്.

(ബി) ഇതിൽ എന്തെല്ലാം സൗകര്യങ്ങൾ ലഭ്യമാക്കിയാൽ താൽക്കാലികാടിസ്ഥാനത്തിൽ പോളിടെക്നിക് പ്രവർത്തനം ആരംഭിക്കാൻ സാധിക്കുമെന്ന് വിശദമാക്കാമോ?

താൽക്കാലികാടിസ്ഥാനത്തിൽ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് AICTE അനുമതി നൽകാറില്ല.

(സി) പ്രസ്തുത പോളിടെക്നിക്കിന് ഭൂമി ലഭ്യമാക്കുന്ന പ്രവർത്തനം ഇപ്പോൾ ഏതെങ്കിലും തലത്തിൽ നടക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ?

കോഴിക്കോട് ജില്ലയിൽ മുക്കം ഗവൺമെന്റ് പോളിടെക്നിക് കോളേജ് ആരംഭിക്കുന്നതിനായി 2015-ൽ മുക്കം മുൻസിപ്പാലിറ്റിയിൽ താഴേക്കാട് വില്ലേജ് ചേന്ദമംഗല്ലൂർ ദേശത്ത് മംഗലശ്ശേരി തോട്ടത്തിൽ ഭൂമി കണ്ടെത്തിയിരുന്നു. ടി ഭൂമി വനം വകുപ്പിന്റെ ഉടമസ്ഥതയിലുള്ളതിനാൽ ആയത് ആദ്യം റവന്യൂ വകുപ്പിന് കൈമാറേണ്ടതുണ്ട്. ഇതിനായുള്ള നടപടികൾ പൂർത്തിയായിട്ടില്ല.

പയ്യന്നൂർ വനിത റസിഡൻഷ്യൽ പോളിടെക്നിക് കോളേജിൽ അക്കാദമിക് ബ്ലോക്ക് നിർമ്മാണം

112(1685) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ വനിത റസിഡൻഷ്യൽ പോളിടെക്നിക് കോളേജിൽ അക്കാദമിക് ബ്ലോക്ക് പൂർത്തീകരിക്കുന്നതിനായി പ്ലാൻ ഫണ്ടിൽ നിന്ന് ഫണ്ട് അനുവദിച്ച് ഭരണാനുമതി നൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി ആരംഭിക്കാൻ കഴിയാത്തത് എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതിക്ക് പുതുക്കിയ ഭരണാനുമതി ലഭിക്കുന്നതിന് സർക്കാരിൽ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ടോ എന്നറിയിക്കുമോ; വിശദമാക്കാമോ?

(എ-സി) പയ്യന്നൂർ വനിത റസിഡൻഷ്യൽ പോളിടെക്നിക് കോളേജിൽ അക്കാദമിക് ബ്ലോക്ക് നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ടുള്ള പ്രൊപ്പോസലുകളൊന്നുംതന്നെ സർക്കാരിൽ ലഭ്യമായിട്ടില്ല.

ഗുരുവായൂർ നിയോജകമണ്ഡലത്തിലെ പോളിടെക്നിക് നിർമ്മാണം

113(1686) ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യത്തിന് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഗുരുവായൂർ നിയോജകമണ്ഡലത്തിൽ പോളിടെക്നിക്

ആരംഭിക്കുന്നതിന് നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഗുരുവായൂർ മണ്ഡലത്തിൽ പുതിയ പോളിടെക്നിക് കോളേജ് ആരംഭിക്കുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലില്ല.

മഞ്ചേശ്വരം മണ്ഡലത്തിൽ പോളിടെക്നിക് കോളേജ്

114(1687) ശ്രീ. എം. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം മണ്ഡലത്തിൽ പോളിടെക്നിക് കോളേജ് തുടങ്ങുന്നതിനുള്ള നടപടി നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) അടുത്ത അധ്യയന വർഷം പോളിടെക്നിക് കോളേജ് തുടങ്ങാൻ കഴിയുമോ എന്ന് വ്യക്തമാക്കുമോ?

(എ&ബി) മഞ്ചേശ്വരം മണ്ഡലത്തിൽ പോളിടെക്നിക് കോളേജ് തുടങ്ങുന്ന വിഷയം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

ശാസ്ത്ര സാങ്കേതിക മ്യൂസിയത്തിലെ സംഗീത ജലധാര

115(1688) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ശാസ്ത്ര സാങ്കേതിക മ്യൂസിയത്തിലെ (പ്ലാനറ്റോറിയം) സംഗീത ജലധാരയും ലേസർ പ്രദർശനവും നിലവിൽ പ്രവർത്തനക്ഷമമാണോ; അല്ലെങ്കിൽ എന്നുമുതലാണ് ഇവ പ്രവർത്തിക്കാതായത് എന്നറിയിക്കുമോ?

കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക മ്യൂസിയത്തിലെ സംഗീത ജലധാര ആഡിയോ സിസ്റ്റത്തിന്റെ തകരാറുമൂലം 25-07-2023 മുതൽ ഷോ മുടങ്ങുകയും പ്രസ്തുത തകരാറ് പരിഹരിച്ച് 2024 ജൂലൈ മുതൽ പ്രവർത്തന സജ്ജമാക്കുകയും ചെയ്തിരുന്നു.

(ബി) സംഗീത ജലധാരയും ലേസർ പ്രദർശനവും പ്രവർത്തിക്കാത്തതിനാൽ നാളിതുവരെ എത്ര രൂപയുടെ വരുമാന നഷ്ടം ഉണ്ടായിട്ടുണ്ട്; ആയത് പ്രവർത്തനക്ഷമമാക്കാൻ കാലതാമസം നേരിടുന്നതിന്റെ കാരണം അറിയിക്കുമോ?

ശാസ്ത്ര സാങ്കേതിക മ്യൂസിയത്തിൽ 12 വർഷത്തിലേറെയായി സ്ഥാപിച്ച സംഗീത ജലധാര ഒരുവർഷത്തോളമാണ് പ്രവർത്തിക്കാതിരുന്നത്. ഈ ഇനത്തിൽ ഏകദേശം 73,200 രൂപയോളം വരുമാന നഷ്ടമുണ്ടായതായി കണക്കാക്കുന്നു.

സംഗീത ജലധാര പ്രവർത്തനക്ഷമമാക്കാൻ 2.5 ലക്ഷം രൂപയാണ് എസ്റ്റിമേറ്റ് ചെയ്തിരുന്നത്. പ്രസ്തുത പ്രവൃത്തി ടെൻഡർ നടപടി സ്വീകരിച്ച്, മ്യൂസിയത്തിന്റെ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അംഗീകാരത്തോടുകൂടിയേ ചെയ്യാൻ കഴിയുകയുള്ളൂവെന്നതിനാലാണ് ഇക്കാര്യത്തിൽ കാലതാമസം നേരിട്ടത്.

ഐ.എച്ച്.ആർ.ഡി. ഡയറക്ടറുടെ യോഗ്യതകളിൽ ഇളവ്

116(1689) <u>ശ്രീ. സനീഷ്കുമാർ ജോസഫ്:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹ്യൂമൻ റിസോഴ്സ് ഡെവലപ്മെന്റ് ഡയറക്ടറുടെ യോഗ്യതയിൽ ഇളവ് വരുത്തി സ്പെഷ്യൽ റൂൾ തയ്യാറാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഐ.എച്ച്.ആർ.ഡി. നിയമാവലി പ്രകാരം യോഗ്യതകളിൽ ഇളവ് വരുത്താനുള്ള അധികാരം ഗവേണിങ് ബോഡിയിൽ നിക്ഷിപ്തമായിരിക്കെ ഉന്നത വിദ്യാഭ്യാസ വകുപ്പ് ഇളവ് വരുത്തിയത് ക്രമപ്രകാരമാണോ എന്ന് വ്യക്തമാക്കുമോ?

(എ&ബി) ഐ.എച്ച്.ആർ.ഡി. ഡയറക്ടറുടെ യോഗ്യതയിൽ ഇളവ് വരുത്തിയിട്ടില്ല. ഐ.എച്ച്.ആർ.ഡി. ഡയറക്ടറുടെ യോഗ്യത 13-12-2023-ലെ G.O.(Ms)No. 687/2023/H.Edn. പ്രകാരം ഭേദഗതി വരുത്തിയിട്ടുണ്ട്. യോഗ്യതയിൽ ഭേദഗതി വരുത്തിയ നടപടിക്ക് ഐ.എച്ച്.ആർ.ഡി.-യുടെ ഗവേർണിങ് ബോഡി അംഗീകാരം നൽകിയിട്ടുണ്ട്.

(സി) ഡയറക്ടർ നിയമനത്തിന് ആൾ ഇന്ത്യ കൗൺസിൽ ഫോർ ടെക്നിക്കൽ എഡ്യൂക്കേഷൻ നിശ്ചയിച്ചിട്ടുള്ള യോഗ്യതകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

ആൾ ഇന്ത്യ കൗൺസിൽ ഫോർ ടെക്നിക്കൽ എഡ്യൂക്കേഷൻ ഐ.എച്ച്.ആർ.ഡി. ഡയറക്ടർ തസ്തികയുടെ യോഗ്യതാ മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടില്ല.

(ഡി) യോഗ്യതാ മാനദണ്ഡങ്ങളിൽ മാറ്റം വരുത്താൻ കാരണമെന്താണെന്ന് വ്യക്തമാക്കുമോ?

അനോമലികൾ ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് അവ പരിഹരിക്കുന്നതിനുള്ള കാലാനുസൃതമായ മാറ്റങ്ങൾ മാത്രമാണ് യോഗ്യതാ മാനദണ്ഡങ്ങളിൽ വരുത്തിയിട്ടുള്ളത്.

(ഇ) നിലവിൽ ഐ.എച്ച്.ആർ.ഡി. ഡയറക്ടറുടെ ചുമതല ആർക്കാണ് നൽകിയിട്ടുള്ളത്; അദ്ദേഹത്തിന്റെ വിദ്യാഭ്യാസ/അധ്യാപന പരിചയ യോഗ്യതകൾ എന്താണെന്ന് വ്യക്തമാക്കാമോ?

ഐ.എച്ച്.ആർ.ഡി. ഡയറക്ടറുടെ ചുമതല അഡീഷണൽ ഡയറക്ടറായ ഡോ. വി. എ. അരുൺ കുമാറിനാണ് നൽകിയിരിക്കുന്നത്. അദ്ദേഹത്തിന് ഐ.എച്ച്.ആർ.ഡി.-യിൽ അഡീഷണൽ ഡയറക്ടർ തസ്തികയിൽ 14

വർഷത്തെ അടക്കം 30 വർഷത്തെ പ്രവൃത്തി പരിചയവും MCA-യും Ph.D-യും LLB-യും Business Law-യിൽ ബിരുദാനന്തര ബിരുദവും ഉണ്ട്.

(എഫ്) ഐ.എച്ച്.ആർ.ഡി.-യിൽ സ്ഥിരം ഡയറക്ടറെ നിയമിക്കുന്നതിനുള്ള അഭിമുഖം പൂർത്തിയായോ എന്നും എത്രപേർ അഭിമുഖത്തിൽ പങ്കെടുത്തുവെന്നും ആരെയാണ് നിയമനത്തിന് ശിപാർശ ചെയ്തിട്ടുള്ളതെന്നും വ്യക്തമാക്കാമോ; സ്ഥിരനിയമനം വൈകുന്നതിനുള്ള കാരണമെന്താണെന്ന് വിശദമാക്കാമോ?

ഐ.എച്ച്.ആർ.ഡി. ഡയറക്ടറുടെ നിയമനത്തിനുള്ള അഭിമുഖം 09-10-2024-ന് 10.30-ന് തിരുവനന്തപുരം പി.എം.ജി. ജങ്ഷനിലുള്ള മസ്കറ്റ് ഹോട്ടലിൽ വച്ച് നടന്നിരുന്നു. അഭിമുഖത്തിൽ 6 പേർ പങ്കെടുത്തിരുന്നു. ഐ.എച്ച്.ആർ.ഡി. ഡയറക്ടർ നിയമനത്തിന് സെലക്ഷൻ കമ്മിറ്റി ആരെയും ശിപാർശ ചെയ്തിട്ടില്ല.

(ജി) ഡയറക്ടറുടെ യോഗ്യതയിൽ ഇളവ് വരുത്തിക്കൊണ്ടുള്ള സർക്കാർ തീരുമാനത്തിനെതിരെ ഹൈക്കോടതിയിൽ ഹർജി നിലവിലുണ്ടോ; എങ്കിൽ ആരാണ് ഹർജ്ജി ഫയൽ ചെയ്തതെന്നും സർക്കാർ എതിർ സത്യവാങ്മൂലം

നൽകിയിട്ടുണ്ടോയെന്നും അറിയിക്കുമോ; ഹർജിയിൽ സർക്കാരിന്റെ നിലപാട് എന്താണെന്നും വ്യക്തമാക്കാമോ?

ഡയറക്ടറുടെ യോഗ്യതയിൽ ഭേദഗതി വരുത്തിക്കൊണ്ടുള്ള തീരുമാനത്തിനെതിരെ ഹൈക്കോടതിയിൽ ഹർജി നിലവിലുണ്ട്. ഐ.എച്ച്.ആർ.ഡി.-യിലെ അധ്യാപകനും സാങ്കേതിക സർവകലാശാലയിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ഡീൻ (അക്കാഡമിക്സ്) ആയി പ്രവർത്തിക്കുകയും ചെയ്യുന്ന ശ്രീ. വിനു തോമസും റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിലെ അധ്യാപകനായ ശ്രീ. അനിൽ കുമാർ സി.ഡി.-യുമാണ് ഹർജി ഫയൽ ചെയ്തിരിക്കുന്നത്. ശ്രീ. വിനു തോമസിന്റെ ഹർജിയിൽ സർക്കാർ അഡ്വക്കേറ്റ് ജനറലിന് ഇൻസ്ട്രക്ഷൻസ് നൽകിയിട്ടുണ്ട്. ഐ.എച്ച്.ആർ.ഡി.-യുടെ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ തീരുമാനപ്രകാരം ഐ.എച്ച്.ആർ.ഡി. ഡയറക്ടർ ലഭ്യമാക്കിയ പ്രൊപ്പോസലിന്മേലാണ് ഐ.എച്ച്.ആർ.ഡി. ഡയറക്ടറുടെ യോഗ്യതയിൽ ഭേദഗതി വരുത്തികൊണ്ട് 13-12-2023-ലെ G.O.(Ms)No. 687/2023/H.Edn.

പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. ഇതിന് ഐ.എച്ച്.ആർ.ഡി. ഗവേർണിങ് ബോഡിയുടെ അംഗീകാരമുണ്ട്.

കുറവിലങ്ങാട് സയൻസ് സിറ്റി

117(1690) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിലെ കുറവിലങ്ങാട് സയൻസ് സിറ്റിയുടെ അവസാനഘട്ട നിർമ്മാണവുമായി ബന്ധപ്പെട്ട് നടത്തുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ നൽകാമോ;

(ബി) നിർമ്മാണം പുരോഗമിക്കുന്ന സയൻസ് സിറ്റിയുടെ ഒന്നാം ഘട്ടത്തിൽ സയൻസ് സെന്ററും അനുബന്ധ സൗകര്യങ്ങളും പൊതുജനങ്ങൾക്ക് തുറന്നുകൊടുക്കുന്നതിനുള്ള നടപടികൾ വിശദമാക്കാമോ?

(എ&ബി) സയൻസ് സിറ്റിയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് നിലവിൽ ക്യാമ്പസിനുള്ളിൽ ശാസ്ത്രകേന്ദ്രത്തിലേയ്ക്കുള്ള റോഡുകളുടെ നിർമ്മാണം, വൈദ്യുതീകരണം, ജലവിതരണ സംവിധാനം തുടങ്ങിയ അടിസ്ഥാന സൗകര്യ വികസന പ്രവൃത്തികൾ ത്വരിതഗതിയിൽ

നടന്നുവരുന്നു. പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിച്ച ശേഷം സയൻസ് സെന്ററും അനുബന്ധ സൗകര്യങ്ങളും പൊതുജനങ്ങൾക്ക് തുറന്നുകൊടുക്കാൻ കഴിയും.

(സി) 2014-ൽ നിർമ്മാണം ആരംഭിച്ച കുറവിലങ്ങാട് സയൻസ് സിറ്റിയുടെ പൂർത്തീകരണത്തിലെ കാലതാമസം ഒഴിവാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

2014-ൽ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ച കോട്ടയം സയൻസ് സിറ്റിയുടെ പൂർത്തീകരണത്തിന്റെ കാലതാമസം ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് ബന്ധപ്പെട്ടവരുമായി പല തവണ യോഗങ്ങൾ കൂടുകയും, ശക്തമായ ഇടപെടലുകൾ നടത്തുകയും ചെയ്തിരുന്നു. അതിന്റെ ഫലമായി സയൻസ് സിറ്റിയുടെ ഒന്നാം ഘട്ടമായി സയൻസ് സെന്ററും അനുബന്ധ സൗകര്യങ്ങളും പൊതുജനങ്ങൾക്ക് തുറന്നുകൊടുക്കാനുള്ള നടപടികൾ അവസാന ഘട്ടത്തിലാണ്.

(ഡി) സയൻസ് സിറ്റിയുടെ രണ്ടാം ഘട്ടത്തിലെ പ്ലാനറ്റേറിയം ഉൾക്കൊള്ളുന്ന സ്പേസ് തിയേറ്ററിന്റെയും മോഷൻ സിമുലേറ്ററിന്റെയും സംഗീത ജലധാരയുടെയും നിർമ്മാണ പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

സയൻസ് സിറ്റിയുടെ രണ്ടാം ഘട്ടത്തിലെ പ്ലാനറ്റേറിയം ഉൾക്കൊള്ളുന്ന സ്പേസ് തിയേറ്ററിന്റെ നിർമ്മാണം പൂർത്തീകരിക്കാനായുള്ള ഭരണാനുമതി പുതുക്കാനുള്ള നടപടികൾ നിലവിൽ സ്വീകരിച്ചുവരുന്നു. മോഷൻ സിമുലേറ്റർ സ്ഥാപിക്കാനുള്ള കെട്ടിടത്തിന്റെയും സംഗീത ജലധാര സ്ഥാപിക്കാനുള്ള ആംഫി തിയേറ്ററിന്റെയും നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. മോഷൻ സിമുലേറ്ററിലെയും ആംഫി തിയേറ്ററിലെയും ഉപകരണങ്ങൾ സ്ഥാപിക്കുന്ന പ്രവൃത്തികൾ വരുംവർഷങ്ങളിലെ പദ്ധതിയിനത്തിൽ ഉൾപ്പെടുത്തി നിർവ്വഹിക്കാനാണ് ഉദ്ദേശിക്കുന്നത്.

(ഇ) 2024-25 വർഷം കുറവിലങ്ങാട് സയൻസ് സിറ്റിക്കായി അനുവദിച്ചതും ഭരണാനുമതി നൽകിയതുമായ 7.805 കോടി രൂപയുടെ പദ്ധതിയിലെ പ്രവൃത്തികളുടെ പുരോഗതി വിശദമാക്കാമോ?

2024-25 വർഷം കുറവിലങ്ങാടിലെ സയൻസ് സിറ്റിക്കായി ഭരണാനുമതി ലഭിച്ച പുതിയ പ്രവൃത്തികൾ കേരളാ പൊതുമരാമത്ത് വകുപ്പ് മുഖേനയും ജില്ലാ നിർമ്മിതി കേന്ദ്രംവഴിയും നിർവ്വഹിക്കാനാണ് തീരുമാനിച്ചിരിക്കുന്നത്. പ്രവൃത്തികളുടെ പുരോഗതി സംബന്ധിച്ച വിശദവിവരം അനുബന്ധമായി ചേർക്കുന്നു.+

(എഫ്) സന്ദർശകരിൽ ശാസ്ത്ര അവബോധവും ശാസ്ത്ര അഭിരുചിയും വളർത്തിയെടുക്കുന്ന അനൗപചാരിക വിദ്യാഭ്യാസ സ്ഥാപനമായാണ് സയൻസ് സിറ്റിയെ വിഭാവനം ചെയ്തിരിക്കുന്നതെന്നതിനാൽ സയൻസ് സിറ്റിയിൽ സ്കൂൾ-കോളേജ് വിദ്യാർഥികൾക്ക് ആവശ്യമായ പഠന സൗകര്യം ഒരുക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

സന്ദർശകരിൽ ശാസ്ത്ര അവബോധവും ശാസ്ത്ര അഭിരുചിയും വളർത്തിയെടുക്കുന്ന അനൗപചാരിക വിദ്യാഭ്യാസ സ്ഥാപനം എന്ന നിലയിൽ വിനോദത്തിലൂടെ വിജ്ഞാനമാർജ്ജിക്കാനുതകുന്ന തരത്തിലുള്ള

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ശാസ്ത്ര പ്രദർശനികൾ, പ്ലാനറ്റേറിയം, വാനനിരീക്ഷണ സംവിധാനങ്ങൾ എന്നിവ ഉൾക്കൊള്ളിച്ചാണ് സയൻസ് സിറ്റി വിഭാവനം ചെയ്തിരിക്കുന്നത്. ഇപ്പോൾ പ്രവർത്തന സജ്ജമാക്കാൻ ഉദ്ദേശിക്കുന്ന സയൻസ് സെന്ററിൽ ശാസ്ത്രഗാലറികൾ, ശാസ്ത്രപാർക്ക്, ഡിനോസർ പാർക്ക്, ആക്റ്റിവിറ്റി സെന്റർ മുതലായവയാണ് ഉൾക്കൊള്ളിച്ചിരിക്കുന്നത്. ഇത് വിദ്യാർഥികൾക്ക് ഏറെ പ്രയോജനകരമായിരിക്കും.

കുറ്റിപ്പുറം ടെക്നിക്കൽ ഹൈസ്കൂൾ കെട്ടിട നിർമ്മാണം

118(1691) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ കുറ്റിപ്പുറം ടെക്നിക്കൽ ഹൈസ്കൂളിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള പ്രവൃത്തിയുടെ പുതുക്കിയ ഭരണാനുമതിക്കുള്ള പ്രൊപ്പോസലിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റിൽനിന്നും ആവശ്യപ്പെട്ട എക്കണോമിക്കൽ പ്രൊപ്പോസൽ ലഭ്യമായിട്ടുണ്ടോ; എങ്കിൽ ആയതിന്മേൽ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ;

(സി) പ്രവൃത്തി സംബന്ധിച്ച് സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ് സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ഡി) പ്രവൃത്തി ആരംഭിക്കുന്നതിൽ കാലതാമസം നേരിടുന്നതിന്റെ കാരണം അറിയിക്കുമോ; കെട്ടിടനിർമ്മാണം എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

(എ-ഡി) 30-10-2019-ലെ സ.ഉ.(സാധാ)നം. 1945/2019/ഉ.വി.വ. പ്രകാരം കുറ്റിപ്പുറം സർക്കാർ ടെക്നിക്കൽ ഹൈസ്കൂളിന് പുതിയ അക്കാദമിക് ബ്ലോക്ക് നിർമ്മിക്കുന്നതിനായി 300 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. എന്നാൽ DSR 2018-ൽ വ്യത്യാസം വരികയും അതിൻപ്രകാരം പൊതുമരാമത്ത് വകുപ്പ് എസ്റ്റിമേറ്റ് പുനർനിർണ്ണയിക്കുകയും ചെയ്തു. അപ്രകാരം ആകെ 5,54,40,000/- (അഞ്ച് കോടി അൻപത്തി നാല് ലക്ഷത്തി നാൽപ്പതിനായിരം രൂപ മാത്രം) രൂപയുടെ പുതുക്കിയ

എസ്റ്റിമേറ്റിന് ഭരണാനുമതി നൽകുന്നതിനായി സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ സർക്കാരിൽ പ്രൊപ്പോസൽ സമർപ്പിച്ചു. പ്രസ്തുത പ്രൊപ്പോസൽ സർക്കാർ പരിശോധിക്കുകയും NIT കോഴിക്കോട് നിന്നോ മറ്റ് സർക്കാർ സ്ഥാപനങ്ങളിൽ നിന്നോ ഉള്ള മണ്ണ് പരിശോധന വിദഗ്ധനെക്കൊണ്ട് മണ്ണ് പരിശോധിപ്പിച്ച് റിപ്പോർട്ട് സഹിതം പുതുക്കിയ എസ്റ്റിമേറ്റ് സമർപ്പിക്കുവാൻ നിർദേശം നൽകുകയും ചെയ്തു.

പുതിയ അക്കാദമിക് ബ്ലോക്ക് നിർമ്മിക്കുന്നതിന്റെ ഏകദേശ സ്കെച്ച് അനുസരിച്ച് standard plinth area rate പ്രകാരം പൈൽ ഫൗണ്ടേഷൻ ഉൾപ്പെടെ ഏകദേശം 9 കോടി രൂപയോളം ആകുമെന്നും ഭരണാനുമതി തുക ഉപയോഗിച്ച് കെട്ടിടം പൂർണ്ണമായും നിർമ്മിക്കാൻ കഴിയില്ലെന്നും ഗ്രൗണ്ട് ഫ്ലോറിലെ ക്ലാസ് റൂം ഉൾപ്പെട്ട ഭാഗം മാത്രമെ നിർമ്മിക്കുവാൻ കഴിയുകയുള്ളുവെന്നും സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ അറിയിക്കുകയും പുതുക്കിയ ഭരണാനുമതിക്കായി സർക്കാരിലേക്ക് വീണ്ടും പ്രൊപ്പോസൽ സമർപ്പിക്കുകയും ചെയ്തു.

ടി നിർമ്മാണത്തിനുവേണ്ടി PEB (Pre Engineering building) അല്ലെങ്കിൽ Prefab pre-stressed building with prefab slab & walls ഉപയോഗിച്ച് ഇതര സാങ്കേതികവിദ്യ പരിഗണിച്ച്, സർക്കാർ അനുമതി ലഭിച്ച ഭരണാനുമതി തുകയ്ക്കുള്ളിൽ ചെലവ് പരിമിതപ്പെടുത്തി ഒരു economical proposal വീണ്ടും സമർപ്പിക്കുന്നതിന് ഡയറക്ടർക്ക് നിർദ്ദേശം നല്കിയിരുന്നു.

എഗ്രിമെന്റുവച്ച് നിർമ്മാണ പ്രവൃത്തി ആരംഭിച്ച മേൽ പ്രവൃത്തിക്ക് പുതിയൊരു പ്രൊപ്പോസൽ സമർപ്പിക്കാൻ സാധ്യമല്ലെന്ന് മലപ്പുറം പൊതുമരാമത്ത് കെട്ടിട വിഭാഗം സൂപ്രണ്ട് എഞ്ചിനീയറിങ് സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറെ അറിയിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

പുനലൂർ ഗവണ്മെന്റ് കൊമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ടിലെ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത

119(1692) ശ്രീ. പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ ഗവൺമെന്റ് കൊമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ടിലെ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത പരിഹരിക്കുന്ന വിഷയത്തിൽ 02-09-2024-ന് ചേർന്ന യോഗത്തിന്റെ മിനിട്ട്സ് ലഭ്യമാക്കാമോ?

വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ബി) പ്രസ്തുത സ്ഥാപനത്തിന് സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

ഗവൺമെന്റ് കൊമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ടുകളുടെ അടിസ്ഥാന സൗകര്യങ്ങൾ, കെട്ടിടം, ഇൻഫ്രാസ്ട്രക്ചർ എന്നിവ ലഭ്യമാക്കുന്നതും വികസനത്തിനാവശ്യമായ ഫണ്ട് അനുവദിക്കേണ്ടതും ജില്ലാ പഞ്ചായത്ത് ആണ്.

(സി) പുനലൂർ മണ്ഡലത്തിലെ കുളത്തുപ്പുഴയിൽ ഗവൺമെന്റ് ടെക്നിക്കൽ ഹൈസ്കൂളിനെ ഗവൺമെന്റ് പോളിടെക്നിക് കോളേജ് ആയി ഉയർത്തുന്നത്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സംബന്ധിച്ച് തീരുമാനമെടുത്തിട്ടുണ്ടോ; വിശദമാക്കാമോ; ആയതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

കുളത്തുപ്പുഴ സാം ഉമ്മൻ മെമ്മോറിയൽ സർക്കാർ ടെക്നിക്കൽ ഹൈസ്കൂൾ നിലനിർത്തിക്കൊണ്ട് ടി സ്ഥാപനത്തിന്റെ കോമ്പൗണ്ടിൽ ഒരു പുതിയ പോളിടെക്നിക് കോളേജ് ആരംഭിക്കുന്ന കാര്യം നിലവിൽ പരിഗണനയിലില്ല.

(ഡി) അഞ്ചലിൽ സി-ആപ്റ്റിന്റെ ഉപകേന്ദ്രം തുടങ്ങണമെന്ന ആവശ്യം സി-ആപ്റ്റിന്റെ 41-ാമത് ഗവേണിങ് ബോഡി യോഗം പരിഗണിച്ചിട്ടുണ്ടോ; വിശദമാക്കാമോ; പ്രസ്തുത യോഗത്തിന്റെ മിനിട്ട്സ് ലഭ്യമാക്കുമോ?

ഉണ്ട്. മിനിട്ട്സിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.+

(ഇ) 2023-24 സംസ്ഥാന ബജറ്റിൽ ഉൾപ്പെടുത്തിയിരുന്ന സി-ആപ്റ്റിന്റെ കെട്ടിട നിർമ്മാണ പ്രവൃത്തിക്ക് ഭരണാനുമതി ലഭ്യമായിട്ടുണ്ടോ; വിശദമാക്കാമോ; പ്രസ്തുത ഭരണാനുമതിക്ക് സാങ്കേതിക

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

തടസ്സങ്ങൾ നിലവിലുണ്ടോ; ഭരണാനുമതി എന്നത്തേക്ക് നൽകാൻ കഴിയുമെന്ന് വിശദമാക്കാമോ?

2023-24 വർഷത്തെ സംസ്ഥാന ബജറ്റിൽ ഉൾപ്പെടുത്തിയിരുന്ന സി-ആപ്റ്റിന്റെ കെട്ടിട നിർമ്മാണ പ്രവൃത്തിക്ക് ഭരണാനുമതി നൽകുന്നതിനായുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്. മറ്റ് സാങ്കേതിക തടസ്സങ്ങൾ നിലവിലില്ല.

കെ.ജി.ടി.ഇ. ടൈപ്റൈറ്റിങ് പരീക്ഷാ നോട്ടിഫിക്കേഷൻ

120(1693) ഡോ. എം. കെ. മുനീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2025-ൽ നടത്തേണ്ട കെ.ജി.ടി.ഇ. ടൈപ്പ്റൈറ്റിങ് പരീക്ഷയുടെ നോട്ടിഫിക്കേഷൻ എന്നത്തേക്ക് പ്രസിദ്ധീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പരീക്ഷാ നടത്തിപ്പിനുള്ള കാലതാമസം എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ?

(എ&ബി) 16-01-2025-ലെ സ.ഉ.(സാധാ) നം. 82/2025/ഉ.വി.വ പ്രകാരമുള്ള ഉത്തരവിന്റെ അടിസ്ഥാനത്തിൽ 10-02-2025-ൽ ഇ.എക്സ്/എച്ച്6/4902/2025/സി.ജി.ഇ. നമ്പർ പ്രകാരം കെ.ജി.ടി.ഇ. (കൊമേഴ്സ് ഗ്രൂപ്പ്) പരീക്ഷയുടെ വിജ്ഞാപനം പരീക്ഷാഭവൻ പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) എല്ലാവർഷവും രണ്ട് പരീക്ഷകൾ വീതം യഥാസമയം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

16-01-2025-ലെ സ.ഉ.(സാധാ) നം.82/2025/ഉ.വി.വ. പ്രകാരം KGTE കോഴ്സിന്റെ 2024-25 അധ്യയന വർഷത്തെ രണ്ടാം ഘട്ട പരീക്ഷയും 2025-26 അധ്യയന വർഷത്തെ ആദ്യ ഘട്ട പരീക്ഷയും (അതായത് തുടർന്ന് നടത്തുന്ന 2 പരീക്ഷകൾ) പഴയ സിലബസിൽ നിലവിൽ തുടർന്നുവരുന്ന രീതിയിൽ നടത്തുന്നതിന് പരീക്ഷാഭവന് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ തുടർന്നുവരുന്ന 2 പരീക്ഷകൾ പരീക്ഷാഭവൻ സമയബന്ധിതമായി നടത്തുന്നതാണ്.

(ഡി) കെ.ജി.ടി.ഇ. ടൈപ്പ്റൈറ്റിങ് പരീക്ഷയുടെ ചോദ്യപേപ്പർ പരീക്ഷ കഴിഞ്ഞയുടൻ പരീക്ഷാഭവന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

സെർവ്വറിന്റെ കപ്പാസിറ്റി കുറവുമൂലം നിലവിൽ KGTE പരീക്ഷയുടെ ചോദ്യപേപ്പറുകൾ പരീക്ഷാഭവന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് സാങ്കേതിക തടസ്സമുണ്ട്.

(ഇ) സർട്ടിഫിക്കറ്റുകൾ സാക്ഷ്യപ്പെടുന്നതിനുള്ള വിദ്യാർഥികളുടെ ബുദ്ധിമുട്ടുകൾ പരിഗണിച്ച് കെ.ജി.ടി.ഇ. ടൈപ്പ്റൈറ്റിങ് പരീക്ഷയ്ക്ക് അപേക്ഷിക്കുമ്പോൾ സ്വയം സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റുകൾ സമർപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ?

2025 വർഷത്തെ വിജ്ഞാപനം മുതൽ കെ.ജി.ടി.ഇ. ടൈപ്പ്റൈറ്റിങ് പരീക്ഷയ്ക്ക് അപേക്ഷിക്കുമ്പോൾ സ്വയം സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റുകൾ സമർപ്പിച്ചാൽ മതിയാകും.

(എഫ്) കെ.ജി.ടി.ഇ. ടൈപ്പ്റൈറ്റിങ് പരീക്ഷ നിർത്തലാക്കുന്നതിന് ആലോചനയുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ?

ഇല്ല.

കോഴിക്കോട് വെസ്റ്റ്ഹിൽ ടെക്നിക്കൽ ഹൈസ്കൂളിന്റെ വികസനം

121(1694) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് വെസ്റ്റ്ഹിൽ ടെക്നിക്കൽ ഹൈസ്കൂളിന്റെ വികസനത്തിനായി ഏതെങ്കിലും പദ്ധതി പരിഗണനയിലുണ്ടോ?

കോഴിക്കോട് വെസ്റ്റ് ഹിൽ ടെക്നിക്കൽ ഹൈസ്കൂളിന്റെ വികസനത്തിനായി മാത്രം പ്രത്യേക പദ്ധതികളൊന്നും നിലവിൽ പരിഗണനയിലില്ല. എന്നാൽ നിലവിൽ കോഴിക്കോട് എഞ്ചിനീയറിങ് കോളേജ് നിലനിൽക്കുന്ന സ്ഥലത്ത് കോഴിക്കോട് സർക്കാർ പോളിടെക്നിക് കോളേജ്, ടെക്നിക്കൽ ഹൈസ്കൂൾ കോഴിക്കോട് എന്നിവ ഏകോപിപ്പിച്ച് ഒരു ടെക്നിക്കൽ എഡ്യൂക്കേഷൻ ഹബ്ബായി മാറ്റുന്ന വിഷയം സർക്കാരിന്റെ പരിശോധനയിലുണ്ട്.

(ബി) ടെക്നിക്കൽ ഹൈസ്കൂളിന് പുതിയ കെട്ടിടം നിർമ്മിക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) സ്കൂളിൽ ആവശ്യമായ അടിസ്ഥാനസൗകര്യങ്ങൾ വിപുലീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(ബി&സി) ടെക്നിക്കൽ ഹൈസ്കൂളിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ വിപുലീകരിക്കുന്നതിനുമുള്ള പ്രൊപ്പോസലുകളൊന്നും ലഭ്യമായിട്ടില്ല. അങ്ങനെയുള്ള പ്രൊപ്പോസൽ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ സർക്കാരിൽ ലഭ്യമാക്കുന്ന മുറയ്ക്ക്, പ്ലാൻ ഫണ്ടിന്റെ ലഭ്യതക്കനുസരിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

കടപ്ലാമറ്റം ടെക്നിക്കൽ ഹൈസ്കൂളിന്റെ സ്ഥലമെടുപ്പ്

122(1695) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടപ്ലാമറ്റം ടെക്നിക്കൽ ഹൈസ്കൂളിന് സ്ഥലം ഏറ്റെടുക്കുന്നതിനായി സമർപ്പിച്ച പ്രൊപ്പോസലിൽ പലിശ ഇനത്തിൽ ആവശ്യപ്പെട്ട തുക സംബന്ധിച്ച് സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ സ്പഷ്ടീകരണം

നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ; ഈ വിഷയത്തിന്റെ ഫയൽ ഒരു നടപടിയും സ്വീകരിക്കാതെ സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ ഓഫീസിൽ സൂക്ഷിക്കുന്നതിന്റെ കാരണം അറിയിക്കാമോ?

കടപ്ലാമറ്റം ടെക്നിക്കൽ ഹൈസ്കൂളിന് സ്ഥലം ഏറ്റെടുക്കാനായി സമർപ്പിച്ച പ്രൊപ്പോസലിൽ പലിശ ഇനത്തിൽ കൂടുതൽ തുകവരുന്നത് സംബന്ധിച്ച് സർക്കാർ ആവശ്യപ്പെട്ട റിപ്പോർട്ട് സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ ലഭ്യമാക്കിയിട്ടില്ല. പാലാ എൽ.എ. (ജനറൽ) സ്പെഷ്യൽ തഹസിൽദാർ, സ്ഥാപനമേധാവി എന്നിവരിൽനിന്നും സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ആവശ്യപ്പെട്ടിരുന്നു. സ്ഥാപന മേധാവിയിൽനിന്നും 15-01-2025-ലെ കത്ത് പ്രകാരമാണ് റിപ്പോർട്ട് ലഭ്യമായിട്ടുള്ളത്. തഹസിൽദാരുടെയും സ്ഥാപനമേധാവിയുടെയും വിശദീകരണം ക്രോഡീകരിച്ച് സർക്കാരിലേയ്ക്ക് റിപ്പോർട്ട് സമർപ്പിക്കുന്നതിനുള്ള നടപടികൾ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ സ്വീകരിച്ചുവരുന്നതായി അറിയിച്ചിട്ടുണ്ട്.

(ബി) കടപ്ലാമറ്റം ടെക്നിക്കൽ ഹൈസ്കൂളിന് സ്ഥലം ഏറ്റെടുക്കുന്നതിന് ഉന്നതവിദ്യാഭ്യാസ വകുപ്പ് നൽകിയ 25-09-2024-ലെ ജെ2/62/2023 നമ്പർ കത്തിന്മേൽ സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) പ്രസ്തുത സ്ഥലം ഏറ്റെടുക്കലിന് ആവശ്യമായ ഫണ്ട് അർത്ഥനാധികാരി (കളക്ടർ) റവന്യു വകുപ്പിന് കൈമാറാനുള്ള കാലതാമസത്തിന് കാരണമെന്താണെന്നറിയിക്കുമോ; കാലതാമസം ഒഴിവാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

(ബി&സി) പലിശയിനത്തിൽ ഭീമമായ തുക വന്നത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാൻ സർക്കാർ നിർദ്ദേശിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ പാലാ എൽ.എ. (ജനറൽ) സ്പെഷ്യൽ തഹസിൽദാർ, സ്ഥാപനമേധാവി എന്നിവരിൽനിന്നും ലഭ്യമായ വിശദീകരണം ക്രോഡീകരിച്ച് സർക്കാരിലേക്ക് സമർപ്പിക്കുന്നതിന് സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ നടപടികൾ സ്വീകരിച്ചുവരുന്നതായി

അറിയിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് വിഷയം പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

(ഡി) കടപ്ലാമറ്റം ടെക്നിക്കൽ ഹൈസ്കൂളിന്റെ സ്ഥലമെടുപ്പ് നടപടികളുടെ നാളിതുവരെയുള്ള പുരോഗതി വിശദമാക്കാമോ?

24-06-2017-ലെ ജി.ഒ.(ആർ.ടി.) നം. 1210/2017/ഉ.വി.വ. പ്രകാരം കോട്ടയം ജില്ലയിലെ കടപ്ലാമറ്റം വില്ലേജിലെ ശ്രീ. ബാബു, ശ്രീമതി ഷൈനി ബാബു എന്നിവരുടെ ഉടമസ്ഥതയിലുള്ള 338/1, 338/1-1, 338/1/2 സർവ്വേ നമ്പരുകളിലുള്ള 2.55 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത ഭൂമി LARR Act 2013 പ്രകാരം ഏറ്റെടുക്കുന്നതിന് കോട്ടയം ജില്ലാ കളക്ടർക്ക് 18-11-2017-ലെ സ.ഉ. (സാധാ) നം. 4923/2017/റവ. പ്രകാരം റവന്യൂ വകുപ്പ് അനുമതി നൽകിയിട്ടുണ്ട്. കടപ്ലാമറ്റം ടെക്നിക്കൽ ഹൈസ്കൂൾ നിർമ്മാണത്തിനായി 2.55 ഏക്കർ വസ്തു ഏറ്റെടുക്കുന്നതിനായി അർത്ഥനാധികാരി റിക്വസിഷൻ നൽകിയിട്ടുണ്ട്. RFCT LARR Act 2013 പ്രകാരം ടി പദ്ധതി ഏറ്റെടുക്കുന്നതിന് 09-07-2019-ലെ G.O.(Rt) No. 1847/19/RD പ്രകാരം അനുമതി നൽകിയിട്ടുണ്ട്. ടി വസ്തുവിന്

ആർ ഒന്നിന് 1,17,501/- രൂപ അടിസ്ഥാന വിലയായി നിശ്ചയിച്ച് 104.05 ആർ ഭൂമിക്ക് 1,22,25,979/- രൂപ സ്ഥലവില വരികയും RFCT LARR Act പ്രകാരം മൾട്ടിപ്ലിക്കേഷൻ ഫാക്ടർ, 100 ശതമാനം സൊലേഷ്യം, നിർമ്മിതികളുടെയും വൃക്ഷങ്ങളുടെയും വില, 12 ശതമാനം അഡീഷണൽ ലാൻഡ് വാല്യു എന്നിവയും 31-03-2024 വരെയുള്ള പലിശയുംകൂടി കണക്കാക്കി ആകെ 3,64,98,740/- രൂപ ആവശ്യമാണെന്ന് സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ അറിയിച്ചിരുന്നു. പലിശയിനത്തിൽ ഭീമമായ തുക വന്നത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാൻ സർക്കാർ നിർദ്ദേശിച്ചു. അതിന്റെ അടിസ്ഥാനത്തിൽ പാലാ എൽ.എ. (ജനറൽ) സ്പെഷ്യൽ തഹസിൽദാർ, സ്ഥാപനമേധാവി എന്നിവരിൽനിന്നും ലഭ്യമായ വിശദീകരണം ക്രോഡീകരിച്ച് സർക്കാരിലേക്ക് സമർപ്പിക്കുന്നതിന് സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ നടപടികൾ സ്വീകരിച്ചുവരുന്നതായി അറിയിച്ചിട്ടുണ്ട്. ആയത് ലഭ്യമാകുന്നമുറയ്ക്ക് വിഷയം പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

കമ്പ്യൂട്ടർ കോഴ്സുകളുടെ അംഗീകാരം

123(1696) ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതെല്ലാം സ്ഥാപനങ്ങളുടെ പോസ്റ്റ് ഗ്രാജ്വേറ്റ് ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ, ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ സർട്ടിഫിക്കറ്റുകൾക്കാണ് അംഗീകാരമുള്ളത്; ഇത് സംബന്ധിച്ച ഉത്തരവുകളുടെ പകർപ്പുകൾ സഹിതം ഇനം തിരിച്ചു വിശദമാക്കാമോ;

(ബി) സംസ്ഥാന സർക്കാർ ജോലിക്കുള്ള കമ്പ്യൂട്ടർ കോഴ്സുകളുടെ അംഗീകാരം സംബന്ധിച്ച ഉത്തരവുകൾ പുറപ്പെടുവിക്കുന്നതാരാണെന്ന് വിശദമാക്കാമോ;

(സി) കേന്ദ്ര സർക്കാർ അംഗീകാരമുള്ള കമ്പ്യൂട്ടർ കോഴ്സ് സർട്ടിഫിക്കറ്റുകൾക്ക് സംസ്ഥാനത്ത് പ്രത്യേക അംഗീകാരത്തിന്റെ ആവശ്യമുണ്ടോ; സംസ്ഥാന സർക്കാർ ജോലിക്ക് പ്രസ്തുത സർട്ടിഫിക്കറ്റുകൾ അംഗീകരിക്കുമോ; വിശദമാക്കാമോ;

(ഡി) കേന്ദ്ര സർക്കാരിനുകീഴിൽ രജിസ്റ്റർ ചെയ്ത ഇന്ദിരാ ഗാന്ധി നാഷണൽ എഡ്യൂക്കേഷൻ ട്രസ്റ്റിന്റെ പോസ്റ്റ് ഗ്രാജ്വേറ്റ് ഡിപ്ലോമ ഇൻ

കമ്പ്യൂട്ടർ ആപ്ലിക്കേഷൻ, ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ കോഴ്സുകൾക്ക് സംസ്ഥാനത്ത് അംഗീകാരം ഉണ്ടോ; ഉത്തരവിന്റെ പകർപ്പുകൾ സഹിതം വിശദമാക്കാമോ?

(എ-ഡി) സർക്കാർ സർവ്വീസിലെ നിയമനവുമായി ബന്ധപ്പെട്ട് ചുവടെപ്പറയുന്ന പ്രകാരമുള്ള കമ്പ്യൂട്ടർ കോഴ്സുകൾ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(i) IHRD, LBS, Rutronix, C-DAC, C-DIT, C-APT, KELTRON തുടങ്ങിയ സ്ഥാപനങ്ങൾ നടത്തുന്ന 'ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ' എന്ന കോഴ്സ് ഗവൺമെന്റ് സെക്രട്ടേറിയറ്റ്, കേരള പി.എസ്.സി. തുടങ്ങിയ സ്ഥാപനങ്ങളിലെ അസിസ്റ്റന്റ് തസ്തികയുടെ യോഗ്യതയായി പരിഗണിച്ച് 26-05-2012-ലെ സ.ഉ. (കൈ) നം.25/2012/ഉ.ഭ.പ.വ. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ii) Rutronix, C-DAC, C-DIT, C-APT, KELTRON തുടങ്ങിയ സ്ഥാപനങ്ങൾ നടത്തുന്ന PGDCA കോഴ്സ് ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ എന്ന

കോഴ്സിന്റെ ഉയർന്ന യോഗ്യതയായി പരിഗണിച്ച് 11-07-2012-ലെ സ.ഉ. (കൈ) നം.35/2012/ഉ.ഭ.പ.വ. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

(iii) കേരള സർവകലാശാലയുടെ 'Centre for Adult', 'Continuing Education and Extension (CACEE)' എന്നീ സ്ഥാപനങ്ങളുടെയും 'DOEACC Centre, Calicut', 'Centre for Continuing Education, Kerala', 'Electronics Corporation of India Limited (ECIL)' എന്നീ സ്ഥാപനങ്ങളുടെയും ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ കോഴ്സും LBS നടത്തുന്ന Post Graduate Diploma in Information Technology (PGDIT) കോഴ്സും അസിസ്റ്റന്റ് തസ്തികയുടെ യോഗ്യതയായി പരിഗണിച്ച് 16-07-2012-ലെ സ.ഉ.(കൈ) നം.37/2012/ഉ.ഭ.പ.വ. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(iv) സർക്കാർ അംഗീകൃത/സ്വയംഭരണ സ്ഥാപനങ്ങൾ നടത്തുന്ന വിവിധ കോഴ്സുകൾ, ഗവൺമെന്റ് സെക്രട്ടേറിയറ്റ്, കേരള പി.എസ്.സി. തുടങ്ങിയ സ്ഥാപനങ്ങളിലെ അസിസ്റ്റന്റ് തസ്തികയിലേയ്ക്കുള്ള 'ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ' എന്ന കോഴ്സിന് തത്തുല്യമായി/പകരമായി

പരിഗണിച്ച് 10-09-2012-ലെ സ.ഉ. (കൈ) നം.44/2012/ഉ.ഭ.പ.വ. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(v) ഭാരത് സേവക് സമാജ് (BSS) നടത്തുന്ന 'ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ' എന്ന കോഴ്സ് അനുയോജ്യമായ തസ്തികകൾക്ക് അംഗീകരിച്ചു 05-01-2013-ലെ സ.ഉ. (പി) നം.9/2013/ഉ.ഭ.പ.വ. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(vi) കേരള സ്റ്റേറ്റ് ഓപ്പൺ സ്കൂൾ നടത്തുന്ന 'ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ' എന്ന കോഴ്സ് ഗവണ്മെന്റ് സെക്രട്ടേറിയറ്റ്, കേരള പി.എസ്.സി. തുടങ്ങിയ സ്ഥാപനങ്ങളിലെ അസിസ്റ്റന്റ് തസ്തികയുടെ യോഗ്യതയായി പരിഗണിച്ച് 18-09-2014-ലെ സ.ഉ.(കൈ) നം.30/2014/ഉ.ഭ.പ.വ. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. തുടർന്ന്, ടി ഉത്തരവിന്റെ ഖണ്ഡിക 3 'DCA Course conducted by Kerala State Open School' എന്നത് 'DCA Course conducted by SCOLE-Kerala' എന്ന് ഭേദഗതി വരുത്തി 19-04-2021-ലെ സ.ഉ. (കൈ) നം.9/2021/ഉ.ഭ.പ.വ. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(vii) സ്റ്റേറ്റ് റിസോഴ്സ് സെന്റർ നടത്തുന്ന ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ എന്ന കോഴ്സ് ഗവണ്മെന്റ് സെക്രട്ടേറിയറ്റ്, കേരള പി.എസ്.സി. തുടങ്ങിയ സ്ഥാപനങ്ങളിലെ അസിസ്റ്റന്റ് തസ്തികയുടെ യോഗ്യതയായി പരിഗണിച്ച് 08-05-2017-ലെ സ.ഉ. (കൈ) നം.12/2017/ഉ.ഭ.പ.വ. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

സർക്കാർ സർവ്വീസിലെ ഓരോ തസ്തികകൾക്കും ബാധകമാകുന്ന വിശേഷാൽ ചട്ടങ്ങൾ, എക്സിക്യൂട്ടീവ് ഉത്തരവുകൾ, പൊതു ഉത്തരവുകൾ/ വ്യവസ്ഥകൾ എന്നിവ പ്രകാരം നിഷ്കർഷിച്ചിട്ടുള്ള യോഗ്യതകളാണ് ടി തസ്തികകളിലെ നിയമനങ്ങൾക്ക് പരിഗണിക്കുന്നത്.

മേൽ ഉത്തരവുകളുടെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.+

ഐ.എച്ച്.ആർ.ഡി.-യുടെ നിയന്ത്രണത്തിൽ കോന്നിയിലും കലഞ്ഞൂരിലുമുള്ള കോളേജുകളിൽ പുതിയ കോഴ്സുകൾ

124(1697) ശ്രീ. കെ. യു. ജനീഷ് കുമാർ: താഴെ കാണുന്ന ചോദ്യത്തിന് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഐ.എച്ച്.ആർ.ഡി.-യുടെ നിയന്ത്രണത്തിൽ കോന്നിയിലും കലഞ്ഞൂരിലുമുള്ള അപ്ലൈഡ് സയൻസ് കോളേജുകളിൽ പുതിയതായി കോഴ്സുകൾ അനുവദിക്കുന്നത് പരിഗണനയിലുണ്ടോ; വിശദമാക്കുമോ?

കോന്നി അപ്ലൈഡ് സയൻസസ് കോളേജിൽ പുതുതായി BBA, BCA കോഴ്സുകളും കോളേജ് ഓഫ് അപ്ലൈഡ് സയൻസസ് കലഞ്ഞൂരിൽ BBA (Logistics) കോഴ്സും അനുവദിക്കുന്ന വിഷയം പരിഗണനയിലുണ്ട്.

ട്രേഡ്സ്മാൻ (കമ്പ്യൂട്ടർ എഞ്ചിനീയറിങ്) തസ്തികയിലെ ഒഴിവുകൾ

125(1698) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാങ്കേതിക വിദ്യാഭ്യാസ വകുപ്പിലെ ട്രേഡ്സ്മാൻ (കമ്പ്യൂട്ടർ എൻജിനീയറിങ്) തസ്തികയിലെ എത്ര ഒഴിവുകളാണ് നിലവിൽ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളത്; വ്യക്തമാക്കുമോ?

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിലെ ട്രേഡ്സ്മാൻ (കമ്പ്യൂട്ടർ എഞ്ചിനീയറിങ്) തസ്തികയിൽ ആകെ 43 ഒഴിവുകളുള്ളതിൽ വിശേഷാൽ ചട്ടപ്രകാരം 3:1 എന്ന അനുപാതം കണക്കാക്കി ബൈ ട്രാൻസ്ഫർ

നിയമനത്തിനുള്ള ഒഴിവുകൾ മാറ്റിവച്ച് ശേഷിക്കുന്ന 37 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത തസ്തികയിലെ അടുത്ത മൂന്നു വർഷത്തെ പ്രതീക്ഷിത ഒഴിവുകളുടെ എണ്ണം എത്രയെന്ന് വിശദമാക്കാമോ?

2025 മുതൽ 2028 വരെയുള്ള കാലയളവിൽ ട്രേഡ്സ്മാൻ (കമ്പ്യൂട്ടർ എഞ്ചിനീയറിങ്) തസ്തികയിൽ വിരമിക്കലിലൂടെ ആകെ 19 ഒഴിവുകളാണ് പ്രതീക്ഷിക്കുന്നത്.

കോഴിക്കോട് വെസ്റ്റ്ഹിൽ ഗവണ്മെന്റ് പോളിടെക്നിക് കോളേജിന്റെ വികസനം

126(1699) <u>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് വെസ്റ്റ്ഹിൽ ഗവൺമെന്റ് പോളിടെക്നിക് കോളേജിന്റെ വികസനത്തിനായി ഏതെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ; ആയതിന്റെ വിശദാംശം ലഭ്യമാക്കുമോ;

(ബി) വെസ്റ്റ്ഹിൽ ഗവൺമെന്റ് എഞ്ചിനിയറിങ് കോളേജ്, ഗവൺമെന്റ് പോളിടെക്നിക് കോളേജ്, ഗവൺമെന്റ് ടെക്നിക്കൽ ഹൈസ്കൂൾ എന്നിവ നിലനിൽക്കുന്ന സ്ഥലം ഉൾപ്പെടുത്തി കോഴിക്കോട് സാങ്കേതിക വിദ്യാലയ സമുച്ചയം നിർമ്മിക്കുന്ന വിഷയം പരിഗണിക്കുമോ?

(എ&ബി) കോഴിക്കോട് എഞ്ചിനീയറിങ് കോളേജിലെ സ്ഥലമേറ്റെടുപ്പുമായി ബന്ധപ്പെട്ട വിഷയം ചർച്ച ചെയ്യുന്നതിനായി ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ, നിലവിൽ എഞ്ചിനീയറിങ് കോളേജ് നിൽക്കുന്ന സ്ഥലത്ത് കോഴിക്കോട് സർക്കാർ പോളിടെക്നിക് കോളേജ്, കോഴിക്കോട് സർക്കാർ ടെക്നിക്കൽ ഹൈസ്കൂൾ എന്നിവ ഏകോപിപ്പിച്ച് ഒരു ടെക്നിക്കൽ എഡ്യൂക്കേഷൻ ഹബ്ബായി മാറ്റുന്നതിനുള്ള നടപടികൾ ആലോചിക്കാമെന്ന് തീരുമാനിച്ചു. പ്രസ്തുത തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ടെക്നിക്കൽ എഡ്യൂക്കേഷൻ ഹബ്ബാക്കി മാറ്റുന്നതിനുള്ള പ്രൊപ്പോസൽ സമർപ്പിക്കുന്നതിനായി കോഴിക്കോട് സർക്കാർ എഞ്ചിനീയറിങ് കോളേജ് പ്രിൻസിപ്പലിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

ഉന്നതവിദ്യാഭ്യാസ കോൺക്ലേവ്

127(1700) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരും ഉന്നത വിദ്യാഭ്യാസ കൗൺസിലും സംയുക്തമായി കുസാറ്റിൽ വച്ച് സംഘടിപ്പിച്ച ഉന്നത വിദ്യാഭ്യാസ കോൺക്ലേവിൽ വിദേശ രാജ്യങ്ങളിൽനിന്നും പങ്കെടുത്ത പ്രതിനിധികളുടെ പേരും ഔദ്യോഗിക പദവിയും വെളിപ്പെടുത്താമോ?

2025 ജനുവരി 14, 15 തീയതികളിൽ കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആന്റ് ടെക്നോളജിയിൽ (CUSAT) വച്ച് സംഘടിപ്പിച്ച അന്താരാഷ്ട്ര ഉന്നത വിദ്യാഭ്യാസ കോൺക്ലേവിൽ പങ്കെടുത്ത വിദേശ പ്രതിനിധികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

ബോസ്റ്റൺ കോളേജ് സെന്റർ ഫോർ ഇന്റർനാഷണൽ ഹയർ എജ്യൂക്കേഷനിലെ സ്ഥാപക ഡയറക്ടർ പ്രൊഫ. ഫിലിപ്പ് ആൾട്ബാക്, ലങ്കാസ്റ്റർ സർവ്വകലാശാലയിലെ പ്രൊഫ. ഡോൺ പാസി, ഡോ. ശ്രീറാം

രാമകൃഷ്ണ (നാഷണൽ യൂണിവേഴ്സിറ്റി ഓഫ് സിംഗപ്പൂർ), ഡോ. സാബു പദ്മദാസ് (സൗത്താംപ്ടൺ സർവ്വകലാശാല), ഡോ. സക്കറിയ മാത്യു (മിഷിഗൺ ഫ്ളിന്റ് സർവ്വകലാശാല), ഡോ. മഹ്മൂദ് കുരിയ (എഡിൻബറ യൂണിവേഴ്സിറ്റി), സ്റ്റീഫൻ വിൻസെന്റ്-ലാൻക്രിൻ (ഒ.ഇ.സി.ഡി. പാരീസ്), ഡോ. നീന ആർനോൾഡ് (ഗ്ലോബൽ ലീഡ് ടേർഷ്യറി എജ്യുക്കേഷൻ, ഐബിആർഡി), പ്രൊഫ. ജിൻ ജോസ് (യൂണിവേഴ്സിറ്റി ഓഫ് ലീഡ്സ്, യു.കെ.), ഡോ. ഡെനീസ് നിക്കോളോവ് (ഐബിആർഡി) എന്നീ വിദഗ്ധർ കോൺക്ലേവിൽ പങ്കെടുത്തു. ടാൻസാനിയയിൽ നിന്നുള്ള ഉന്നത വിദ്യാഭ്യാസ പ്രതിനിധി സംഘം പ്രൊഫ. പീറ്റർ എംസോഫേ (ഡയറക്ടർ ഓഫ് ഹയർ എഡ്യൂക്കേഷൻ), പ്രൊഫ. ലാഡിസ്ലോസ് മയോണേണ (ഡയറക്ടർ ഓഫ് സയൻസ് ആന്റ് ടെക്നോളജി), പ്രൊഫ. ചാൾസ് കിഹാംബ (എക്സിക്യൂട്ടീവ് സെക്രട്ടറി, റ്റി.സി.യു.), പ്രൊഫ. ജോയൽ എംറ്റബേ (സി.വി.സി.പി.റ്റി. പ്രതിനിധി), മിസ് കഡോൾ കിലുഗല (ഹയർ എഡ്യൂക്കേഷൻ) എന്നിവരും കോൺക്ലേവിൽ സംബന്ധിച്ചു.

(ബി) പ്രസ്തുത കോൺക്ലേവിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

ഉന്നത വിദ്യാഭ്യാസ രംഗത്ത് കേരളം നടത്തിക്കൊണ്ടിരിക്കുന്ന നിരവധി പരിഷ്കാരങ്ങളുടെ തുടർച്ചയായി അന്താരാഷ്ട്ര വിദ്യാഭ്യാസ രീതികളെയും പുതുതലമുറയിലെ സാധ്യതകളെയും കുറിച്ച് ആഴത്തിലും പരപ്പിലും ചർച്ച ചെയ്യുന്നതിനുവേണ്ടിയാണ് അന്താരാഷ്ട്ര ഉന്നത വിദ്യാഭ്യാസ കോൺക്ലേവ് സംഘടിപ്പിച്ചത്. ഉന്നത വിദ്യാഭ്യാസ രംഗത്ത് കേരളം മാറ്റങ്ങളിലൂടെ കടന്നുപോകുന്ന സാഹചര്യത്തിൽ നിലവിലെ വെല്ലുവിളികളും സാധ്യതകളും ഈ കോൺക്ലേവ് പരിശോധിച്ചു. ഉന്നത വിദ്യാഭ്യാസത്തിൽ നിർമ്മിത ബുദ്ധിയുടെ സംയോജനം, സാമ്പത്തിക സുസ്ഥിരത, അന്താരാഷ്ട്രവൽക്കരണം, ഗവേഷണമികവ്, സുസ്ഥിര വികസനം കരിക്കുലത്തിൽ സംയോജിപ്പിക്കൽ, ഉന്നത വിദ്യാഭ്യാസത്തെ ഭാവി തൊഴിൽ സാധ്യതകളുമായി ബന്ധിപ്പിക്കൽ, ട്രാൻസ്ലേഷണൽ റിസർച്ച്, ടീച്ചർ എഡ്യൂക്കേഷൻ, അക്കാഡമിക് ലൈബ്രറികൾ, ഗവേഷണ ഫലങ്ങളും നയരൂപീകരണവും, ഗ്രാജ്വേറ്റ് ട്രാക്കിങ് സിസ്റ്റം, ചരിത്രാന്വേഷണത്തിന്റെ

ഭാവി, ആർട്ട് എഡ്യൂക്കേഷൻ, ഇൻഡസ്ട്രി, അക്കാഡമിയ പങ്കാളിത്തം, കേരളത്തിലെ ഉന്നത വിദ്യാഭ്യാസ പരിഷ്കരണങ്ങൾ തുടങ്ങി വിവിധ വിഷയങ്ങൾ കോൺക്ലേവ് ചർച്ച ചെയ്തു. ഗവേഷണമികവ് വളർത്തൽ, അന്താരാഷ്ട്ര വിദ്യാർത്ഥികളെ ആകർഷിക്കാൻ നവീന മാർഗ്ഗങ്ങൾ ആവിഷ്കരിക്കൽ, ആഗോള ഉന്നത വിദ്യാഭ്യാസ ഹബ്ബായി മാറുന്നതിന് സംസ്ഥാന തലത്തിൽ സ്വീകരിക്കേണ്ട നടപടികൾ എന്നിവ യോഗം വിശദമായി ചർച്ച ചെയ്തു. വ്യവസായ, വിദ്യാഭ്യാസ സൗഹൃദബന്ധങ്ങൾ ശക്തിപ്പെടുത്തുന്നതിന് ഈ രംഗത്തെ വിദഗ്ധർ പങ്കെടുക്കുന്ന **പാനൽ** ചർച്ചകൾ, മികച്ച ഗവേഷണ വിദ്യകളും സാങ്കേതിക വിദ്യകളും ഉപയുക്തമാക്കി തൊഴിൽ സാധ്യതകൾ മെച്ചപ്പെടുത്തുന്നതിനെക്കുറിച്ചും വിപുലമായ പര്യവേഷണങ്ങൾ കോൺക്ലേവിന്റെ ഭാഗമായിരുന്നു.

(സി) കോൺക്ലേവിന്റെ നടത്തിപ്പിനും ചെലവുകൾക്കുമായി എത്ര തുക അനുവദിച്ചുവെന്ന് വ്യക്തമാക്കാമോ?

കോൺക്ലേവിന്റെ നടത്തിപ്പിനായി പ്രത്യേകം തുക അനുവദിച്ചിട്ടില്ല.

(ഡി) കോൺക്ലേവിനനുബന്ധമായി ഏതെല്ലാം സ്ഥാപനങ്ങളുടെ സ്റ്റാളുകൾ സജീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

അന്താരാഷ്ട്ര കോൺക്ലേവിൽ സ്റ്റാളുകൾ സജീകരിച്ചിരുന്ന സ്ഥാപനങ്ങളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.+

(ഇ) കോൺക്ളേവിൽ ക്ഷണിക്കപ്പെട്ട വി.സി.-മാരും മുൻ വി.സി.-മാരും ആരെല്ലാമായിരുന്നു എന്ന് വ്യക്തമാക്കാമോ;

(എഫ്) കോൺക്ലേവിന്റെ വിവിധ സെഷനുകളിൽ സംബന്ധിക്കുന്നതിന് ക്ഷണിക്കപ്പെട്ട സംസ്ഥാനത്തെ സർവ്വകലാശാലകളിലെ വി.സി.-മാരിൽ, ഡിജിറ്റൽ യൂണിവേഴ്സിറ്റി വി.സി.-യെ ഒഴിവാക്കിയിരുന്നോ എന്ന വിവരം അറിയിക്കുമോ; എങ്കിൽ ഒഴിവാക്കാൻ കാരണമെന്താണെന്ന് വ്യക്തമാക്കാമോ?

(ഇ&എഫ്) സംസ്ഥാനത്തെ എല്ലാ സർവ്വകലാശാല വി.സി.-മാരെയും കോൺക്ലേവ്/പ്രീകോൺക്ലേവ് സെഷനുകളിലേയ്ക്കും കോൺക്ലേവുമായി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ബന്ധപ്പെട്ട് സംഘടിപ്പിച്ച എക്സിബിഷനിലേയ്ക്കും ക്ഷണിച്ചിരിക്കുന്നു. പാനൽ ചർച്ചകളിൽ മുൻ വി.സി.-മാരെയും ക്ഷണിച്ചിരുന്നു.

സർവകലാശാലകളുടെ ഫണ്ട് വിനിയോഗം

128(1701) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജീവനക്കാരുടെ ശമ്പള വിതരണത്തിനും പെൻഷൻ വിതരണത്തിനും ഓരോ സർവകലാശാലയും തങ്ങളുടെ തനത് ഫണ്ടിൽ നിന്നും 2016-17 സാമ്പത്തിക വർഷം മുതൽ നാളിതുവരെ ഓരോ വർഷവും ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) വിവിധ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഓരോ സർവകലാശാലയും തങ്ങളുടെ തനത് ഫണ്ടിൽ നിന്നും 2016-17 സാമ്പത്തിക വർഷം മുതൽ നാളിതുവരെ ഓരോ വർഷവും ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) 2016-17 സാമ്പത്തിക വർഷം മുതൽ നാളിതുവരെ ഓരോ വർഷവും വിവിധ നിർമ്മാണേതര പദ്ധതികൾക്ക് ഓരോ സർവകലാശാലയും

തങ്ങളുടെ തനത് ഫണ്ടിൽ നിന്നും ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ സാമ്പത്തിക വർഷം തിരിച്ച് ലഭ്യമാക്കാമോ?

(എ-സി) വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ഡി) അതത് സാമ്പത്തികവർഷം സംസ്ഥാന ബജറ്റിൽ സർവകലാശാലകൾക്ക് പ്ലാൻ , നോൺപ്ലാൻ ഇനത്തിൽ വകയിരുത്തിയ തുക പൂർണ്ണമായും സർക്കാർ അനുവദിക്കാതിരുന്നതുമൂലം 2016-17 സാമ്പത്തികവർഷം മുതൽ സർവകലാശാലകൾ തങ്ങളുടെ തനത് ഫണ്ടിൽ നിന്നും തുകയെടുത്ത് പ്ലാൻ, നോൺ പ്ലാൻ ചെലവുകൾ പൂർത്തീകരിച്ചതിന്റെ വിശദാംശം സാമ്പത്തികവർഷം തിരിച്ച് ലഭ്യമാക്കാമോ?

2016-17 സാമ്പത്തികവർഷം മുതൽ സർവകലാശാലകൾ തങ്ങളുടെ തനത് ഫണ്ടിൽ നിന്നും തുകയെടുത്ത് പ്ലാൻ, നോൺ പ്ലാൻ ചെലവുകൾ പൂർത്തീകരിച്ചതിന്റെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

സർവകലാശാല ഗ്രാന്റ്

129(1702) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മറുപടി നൽകുമോ:

(എ) വിവിധ സർവകലാശാലകൾക്ക് 2024-25 സാമ്പത്തിക വർഷം സംസ്ഥാന ബജറ്റിൽ പ്ലാൻ ഗ്രാന്റിനത്തിൽ വകയിരുത്തിയ തുക; നാളിതുവരെ അനുവദിച്ച തുക എന്നിവ ലഭ്യമാക്കാമോ?

സർവകലാശാല തിരിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

കേരള സർവകലാശാല

2024-25 സാമ്പത്തിക വർഷം കേരള സർവകലാശാലയുടെ വാർഷിക പദ്ധതിയുടെ കീഴിലെ വിവിധ പ്രവർത്തനങ്ങൾക്കായി ഭരണാനുമതി നൽകിയ തുക - 35.2 കോടി രൂപ. പ്ലാൻ ഫണ്ടിൽ നിന്നും തുക അനുവദിക്കുന്നതിനുള്ള നിർദ്ദേശം പരിശോധനയിലാണ്.

എം.ജി. സർവകലാശാല

2024-25 സാമ്പത്തിക വർഷം ബജറ്റിൽ വകയിരുത്തിയ തുക – 3645 ലക്ഷം രൂപ.

അനുവദിച്ച തുക – 1230.62071 ലക്ഷം രൂപ.

കാലിക്കറ്റ് സർവകലാശാല

2024-25 സാമ്പത്തിക വർഷത്തെ സംസ്ഥാന ബജറ്റിൽ സർവ്വകലാശാലയ്ക്ക് പദ്ധതിയിനത്തിൽ 3180 ലക്ഷം രൂപയാണ് സർക്കാർ വകയിരുത്തിയിട്ടുള്ളത്.

അനുവദിച്ച തുക - 328.47 ലക്ഷം രൂപ.

കണ്ണൂർ സർവകലാശാല

ബഡ്ജറ്റിൽ പ്ലാൻ ഗ്രാന്റിനത്തിൽ വകയിരുത്തിയ തുക – 3200 ലക്ഷം രൂപ.

നാളിതുവരെ അനുവദിച്ച തുക

217.35 ലക്ഷം രൂപ (resumed fund)

257.14 ലക്ഷം രൂപ (e-Lams)

കുസാറ്റ്

കൊച്ചി ശാസ്ത്രസാങ്കേതിക സർവകലാശാലയ്ക്ക് 2024-25 സാമ്പത്തിക വർഷം സംസ്ഥാന ബജറ്റിൽ പ്ലാൻ ഗ്രാന്റിനത്തിൽ വകയിരുത്തിയ തുക - 31.25 കോടി രൂപ (ഭരണാനുമതി ലഭിച്ച തുക - 2566.29 ലക്ഷം രൂപ)

നാളിതുവരെ അനുവദിച്ച തുക

I. ഇ-ലാംസ് വഴി ലഭിച്ച തുക - 5.58 കോടി രൂപ

II. അനുവദിച്ച ആദ്യ ഗഡു - 3.46 കോടി രൂപ

<u>ശ്രീ ശങ്കരാചാര്യ സംസ്കൃത സർവകലാശാല</u>

ബഡ്ജറ്റിൽ പ്ലാൻ ഗ്രാന്റിനത്തിൽ വകയിരുത്തിയ തുക – 2205 ലക്ഷം രൂപ.

അനുവദിച്ച തുക - 171.82 ലക്ഷം രൂപ.

<u>നുവാൽസ്</u>

സർക്കാർ ഉത്തരവ് പ്രകാരം നേരത്തെ ബജറ്റ് അനുമതി ലഭിച്ച തുകയുടെ 50 ശതമാനം മുൻഗണനാടിസ്ഥാനത്തിൽ revised plan proposal (2024-25) സമർപ്പിച്ചിരുന്നു. അതിൻ പ്രകാരം 612.50 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിരുന്നു.

അനുവദിച്ച തുക - 152.19 ലക്ഷം രൂപ.

<u>തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവകലാശാല</u>

ബജറ്റിൽ വകയിരുത്തിയ തുക – 1035 ലക്ഷം രൂപ.

നാളിതുവരെ അനുവദിച്ചത് - 301.59 ലക്ഷം രൂപ.

എ.പി.ജെ. അബ്ദുൾകലാം സാങ്കേതികശാസ്ത്ര സർവകലാശാല

ബജറ്റിൽ വകയിരുത്തിയ തുക – 2570 ലക്ഷം രൂപ.

അനുവദിച്ച തുക – 1235 ലക്ഷം രൂപ.

ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി

വിവരം ശേഖരിച്ചുവരുന്നു.

(ബി) പ്രസ്തുത സാമ്പത്തിക വർഷം സർവകലാശാലകൾക്ക് പ്ലാൻ ഗ്രാന്റിനത്തിൽ വകയിരുത്തിയ തുകയുടെ അൻപത് ശതമാനം വെട്ടിക്കുറക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ അൻപത് ശതമാനം കുറവു വരുത്തി സർവകലാശാലകൾ സമർപ്പിച്ച പുതുക്കിയ പ്രൊപ്പോസൽ പ്രകാരം ഓരോ സർവ്വകലാശാലയ്ക്കും പ്ലാൻ ഗ്രാന്റിനത്തിൽ നടപ്പു സാമ്പത്തിക വർഷം അനുവദിക്കേണ്ട തുക, നാളിതുവരെ സർക്കാർ അനുവദിച്ച തുക തുടങ്ങിയ വിശദാംശങ്ങൾ സർവകലാശാല തിരിച്ചു ലഭ്യമാക്കാമോ?

സർവകലാശാലകളുടെ പ്ലാൻ ഫണ്ട് വെട്ടിക്കുറയ്ക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടില്ല; പ്ലാൻ ഫണ്ട് മുൻഗണനാക്രമത്തിൽ 50 ശതമാനമായി നിജപ്പെടുത്തുകയാണ് ചെയ്തിട്ടുള്ളത്.

(സി) സംസ്ഥാന ബജറ്റിൽ പ്ലാൻ ഗ്രാന്റിനത്തിൽ വകയിരുത്തിയ തുക പൂർണ്ണമായും അനുവദിക്കാതിരുന്നതുമൂലം 2017-2018 മുതൽ 2022-2023 വരെയുള്ള കാലയളവിൽ വിവിധ പദ്ധതികൾ പൂർത്തീകരിക്കുന്നതിന് കാലിക്കറ്റ് സർവകലാശാല തനത്ഫണ്ടിൽനിന്നും ചെലവഴിച്ച 28.42 കോടി രൂപ തിരികെ ആവശ്യപ്പെട്ട് സമർപ്പിച്ച അപേക്ഷ നിരസിച്ചുകൊണ്ട് മറുപടി നല്കിയിരുന്നോ എന്ന് വ്യക്തമാക്കുമോ?

പ്രസ്തുത അപേക്ഷ, "the recurring and asset creation activities of grant in aid institutions have to be met from their own resources too" എന്ന് സൂചിപ്പിച്ചുകൊണ്ട് 01-09-2023-ലെ B1/127/2023/HEDN നമ്പർ കത്ത് പ്രകാരം മറുപടി നൽകിയിട്ടുണ്ട്.

(ഡി) പ്രസ്തുത തുക സർവകലാശാലയ്ക്ക് ലഭ്യമാക്കുന്നതിന് അനുകൂലമായ തീരുമാനം പിന്നീട് സ്വീകരിച്ചോയെന്നും തുക തിരികെ നല്കുന്ന കാര്യം പരിഗണനയിലുണ്ടോ എന്നും വ്യക്തമാക്കാമോ?

പരിഗണനയിലില്ല.

സംസ്ഥാനത്തെ സർവകലാശാലകളിലെ വിദേശ വിദ്യാർഥികൾ

130(1703) ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തെ ഒരു ജനപക്ഷ-വൈജ്ഞാനിക സമൂഹമായി പരിവർത്തനം ചെയ്യാനും ഉന്നത വിദ്യാഭ്യാസ മേഖലയെ ആഗോള ഹബ്ബാക്കി മാറ്റാനും സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ?

കേരളത്തെ ഒരു ജനപക്ഷ-വൈജ്ഞാനിക സമൂഹമായി പരിവർത്തനം ചെയ്യാനും ഉന്നത വിദ്യാഭ്യാസ മേഖലയെ ആഗോള ഹബ്ബാക്കി മാറ്റാനും താഴെപ്പറയുന്ന പദ്ധതികൾ നടപിലാക്കിവരുന്നു.

സ്റ്റഡി ഇൻ കേരള:

കേരളത്തെ ഒരു ഉന്നത വിദ്യാഭ്യാസ ഹബ്ബാക്കി മാറ്റുന്നതിനും കൂടുതൽ വിദ്യാർഥികളെ കേരളത്തിലേക്ക് എത്തിക്കുന്നതിനും ആവശ്യമായ കർമ്മപരിപാടികൾ 'സ്റ്റഡി ഇൻ കേരള' പദ്ധതിയിലൂടെ നടപ്പിലാക്കി വരുന്നു. ഉന്നത വിദ്യാഭ്യാസരംഗത്ത് കേരളം നടത്തിക്കൊണ്ടിരിക്കുന്ന നിരവധി പരിഷ്കാരങ്ങളുടെ തുടർച്ചയായി അന്താരാഷ്ട്ര തലത്തിലുള്ള ഉന്നത വിദ്യാഭ്യാസ രീതികളെയും പുതുതലമുറയിലെ ഉന്നത വിദ്യാഭ്യാസ സാധ്യതകളെയും കുറിച്ച് ആഴത്തിലും പരപ്പിലും ചർച്ച ചെയ്യുന്നതിനുവേണ്ടി 2025 ജനുവരി 14, 15 തീയതികളിൽ കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആൻഡ് ടെക്നോളജിയിൽ (CUSAT) വച്ച് അന്താരാഷ്ട്ര ഉന്നത വിദ്യാഭ്യാസ കോൺക്ലേവ് സംഘടിപ്പിച്ചു.

<u>സെന്റർ ഓഫ് എക്സലൻസ്:</u>

കേരള, കുസാറ്റ്, മഹാത്മാഗാന്ധി എന്നീ സർവകലാശാലകളിൽ യഥാക്രമം -

(1) Thanu Padmanabhan Centre of Excellence in Astronomy and Astrophysics

(2) Centre of Excellence in Neuro degeneration and Brain Health

(3) Centre of Excellence in Nano Science & Nanotechnology എന്നീ മികവിന്റെ കേന്ദ്രങ്ങൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ ഉന്നത വിദ്യാഭ്യാസ വകുപ്പിനുകീഴിൽ സ്വയംഭരണ സ്ഥാപനങ്ങൾ എന്ന നിലയിൽ 7 സെന്റർ ഓഫ് എക്സലൻസ് (CoE) സ്ഥാപിക്കാൻ ഉന്നത വിദ്യാഭ്യാസ കൗൺസിലിന് ഭരണാനുമതി നൽകിയിട്ടുണ്ട്.

നാലുവർഷ ബിരുദ പ്രോഗ്രാം:

സംസ്ഥാനത്ത് ഈ അധ്യയന വർഷം മുതൽ 8 സർവ്വകലാശാലകളിൽ നാലുവർഷ ബിരുദ പ്രോഗ്രാമുകൾ ആരംഭിച്ചിട്ടുണ്ട്.

എറുഡൈറ്റ് സ്കോളർ ഇൻ റെസിഡൻസ് പ്രോഗ്രാം:

സംസ്ഥാനത്തെ സർവകലാശാലകളിലെയും കോളേജുകളിലെയും അക്കാദമിക് സമൂഹത്തിന് നൊബേൽ ജേതാക്കളടക്കമുള്ള അക്കാദമിക് വിദഗ്ധരുമായി ആശയ വിനിമയം നടത്തുന്നതിനും അതിലൂടെ അക്കാദമിക് നെറ്റ്വർക്ക് വികസിപ്പിക്കുന്നതിനുമായി വിഭാവനം ചെയ്തിട്ടുള്ള പദ്ധതിയാണിത്.

ബ്രെയിൻ ഗെയിൻ:

ലോകമെമ്പാടുമുള്ള പ്രശസ്ത സർവകലാശാലകളിലും ഗവേഷണ സ്ഥാപനങ്ങളിലും പ്രവർത്തിക്കുന്ന അക്കാദമിക്കുകളായ മലയാളികളുടെ ഒരു സമഗ്ര ഡേറ്റാബേസ് നിർമ്മിക്കാനായി ലക്ഷ്യമിട്ട് ആരംഭിച്ച പദ്ധതിയാണ് ബ്രെയിൻ ഗെയിൻ.

സ്റ്റേറ്റ് അസസ്മെന്റ് ആൻഡ് അക്രഡിറ്റേഷൻ സെന്റർ (SAAC):

നാഷണൽ അസസ്മെന്റ് ആൻഡ് അക്രഡിറ്റേഷൻ കൗൺസിലിന്റെയും യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷന്റെയും നിർദ്ദേശങ്ങൾക്കനുസൃതമായി SAAC എന്ന സംസ്ഥാനതല അക്രഡിറ്റേഷൻ സംവിധാനം രൂപീകരിച്ചു.

ഇ-ജേർണൽ കൺസോർഷ്യം:

സംസ്ഥാനത്തെ എല്ലാ സർവകലാശാലകൾക്കും/ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ഗവേഷണ പ്രവർത്തനത്തിനും മറ്റും അനിവാര്യമായ ഇ-ജേർണൽ വിഭവങ്ങൾ പ്രദാനം ചെയ്യുന്നതിന് സംസ്ഥാനതല ഇ-ജേർണൽ

കൺസോർഷ്യം (State Level E-Journal Consortium) 2022-23-ൽ രൂപീകരിച്ചു.

ചീഫ് മിനിസ്റ്റേഴ്സ് നവകേരള പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പ്:

നവകേരള സൃഷ്ടിക്ക് അനുയോജ്യമായ ഗവേഷണങ്ങൾക്ക് പ്രോത്സാഹനം നൽകുന്നതിനായി സംസ്ഥാന സർക്കാർ നടപ്പിലാക്കിയ ഗവേഷണ പദ്ധതിയാണിത്.

കൈരളി ഗവേഷണ പുരസ്കാരങ്ങൾ:

ഗവേഷണരംഗത്ത് മികവ് കാട്ടുന്ന കേരളീയർക്ക് അംഗീകാരവും പ്രോത്സാഹനവും നൽകാൻ സംസ്ഥാന സർക്കാർ ഏർപ്പെടുത്തിയിരിക്കുന്നതാണ് കൈരളി റിസേർച്ച് അവാർഡുകൾ.

K-REAP:

സർവകലാശാല പ്രവർത്തനങ്ങളിൽ ആധുനിക സാങ്കേതികവിദ്യ ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി K-REAP പദ്ധതി സർക്കാർ ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു. K-REAP-ന്റെ ഭാഗമായി വിദ്യാർഥി പ്രവേശനം

മുതൽ പരീക്ഷാ ഫലപ്രഖ്യാപനവും സർട്ടിഫിക്കറ്റ് വിതരണവും വരെയുള്ള മുഴുവൻ വിദ്യാർത്ഥി പഠന പ്രക്രിയകളും ഈ സംവിധാനത്തിലൂടെ ചിട്ടപ്പെടുത്താൻ കഴിയും. 2024-25 അധ്യയന വർഷം മുതൽ കണ്ണൂർ സർവകലാശാലയിൽ പദ്ധതി നടപ്പിലാക്കിവരുന്നു. കാലടി, മലയാളം സർവകലാശാലകളിൽ K-REAP പദ്ധതി പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്.

ഡിജികോൾ:

ആഗോള വിദ്യാഭ്യാസ രംഗം ഡിജിറ്റൽ മാറ്റത്തിലേക്ക് നീങ്ങുന്നതിന്റെ പശ്ചാത്തലത്തിൽ, കേരളം 'Let's Go Digital' 'DIGICOL' എന്നിങ്ങനെ രണ്ട് പദ്ധതികൾക്ക് 2021 മുതൽ തുടക്കം കുറിച്ചു.

കേരള അക്കാദമിക് ലൈബ്രറി നെറ്റ്വർക്ക് (കാൽനെറ്റ്):

സംസ്ഥാനത്തെ 11 സർവകലാശാല ലൈബ്രറികളിലെ 15 ലക്ഷത്തോളം പുസ്തകങ്ങളും തീസിസുകളും കൂട്ടിയിണക്കി സംസ്ഥാനതലത്തിൽ കേരള അക്കാദമിക് ലൈബ്രറി നെറ്റ്വർക്ക് (Kerala Academic Library Network -KALNET) പ്രവർത്തനം ആരംഭിച്ചു.

ഉന്നത വിദ്യാഭ്യാസ സ്കോളർഷിപ്പ് പദ്ധതി:

കേരളത്തിലെ ഗവൺമെന്റ്/എയിഡഡ് കോളേജുകളിലും യൂണിവേഴ്സിറ്റി ഡിപ്പാർട്ടുമെന്റുകളിലും പ്രൊഫഷണേലതര വിഷയങ്ങളിൽ ഒന്നാം വർഷ ഡിഗ്രി കോഴ്സിന് ചേരുന്ന (എയ്ഡഡ് കോഴ്സുകൾ) വിദ്യാർത്ഥികൾക്ക് ഉന്നത വിദ്യാഭ്യാസ സ്കോളർഷിപ്പ് നൽകുന്ന പദ്ധതിയാണിത്.

(ബി) ഈ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്തെ വിവിധ സർവകലാശാലകൾക്ക് കീഴിൽ പഠനം നടത്തുന്നതിനായി അപേക്ഷിച്ചിട്ടുള്ളതും അഡ്മിഷൻ നേടിയിട്ടുള്ളതുമായ വിദേശ വിദ്യാർത്ഥികളുടെ എണ്ണം സംബന്ധിച്ച വിവരം അക്കാഡമിക് വർഷം തിരിച്ചും സർവ്വകലാശാല തിരിച്ചും ലഭ്യമാക്കുമോ?

വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

പ്ലാൻ ഫണ്ട് വെട്ടിക്കുറയ്ക്കാനുള്ള പ്രൊപ്പോസലുകൾ

131(1704) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യത്തിന് ഉന്നത

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പ്ലാൻ ഫണ്ട് വെട്ടിക്കുറയ്ക്കാനുള്ള സർക്കാർ നിർദ്ദേശ പ്രകാരം സർവകലാശാലകൾ സമർപ്പിച്ച പ്രൊപ്പോസലുകൾ എന്തൊക്കെയാണെന്ന് സർവകലാശാല അടിസ്ഥാനത്തിൽ നൽകാമോ?

പ്ലാൻ ഫണ്ട് വെട്ടിക്കുറയ്ക്കാൻ സർക്കാർ നിർദ്ദേശം നൽകിയിട്ടില്ല. പദ്ധതി ക്രമീകരണം നടപ്പിലാക്കുന്നതിന്റെ മാർഗ്ഗനിർദ്ദേശങ്ങളുടെ ഭാഗമായി, ഫണ്ടുകളിൽ ഭരണാനുമതി നൽകിയ പദ്ധതികളുടെ അനിവാര്യത പരിശോധിച്ച് പദ്ധതി മാറ്റിവയ്ക്കുകയോ ഭരണാനുമതി തുകയുടെ 50 ശതമാനമായി നിജപ്പെടുത്തുന്നതിനോ ആണ് നിർദ്ദേശിച്ചത്.

വൈസ് ചാൻസലർമാരുടെ ഒഴിവ്

132(1705) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യത്തിന് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ എത്ര യൂണിവേഴ്സിറ്റികളിൽ നിലവിൽ സ്ഥിരം വൈസ് ചാൻസലർമാരുടെ ഒഴിവുകളുണ്ടെന്ന് വ്യക്തമാക്കാമോ?

ഉന്നതവിദ്യാഭ്യാസ വകുപ്പിനുകീഴിലുള്ള കേരള, എം.ജി., കാലിക്കറ്റ്, കണ്ണൂർ, കുസാറ്റ്, നുവാൽസ്, ശ്രീ ശങ്കരാചാര്യ സംസ്കൃത, തുഞ്ചത്തെഴുത്തച്ഛൻ മലയാളം, എ.പി.ജെ. അബ്ദുൾകലാം സാങ്കേതികശാസ്ത്ര, ശ്രീനാരായണഗുരു ഓപ്പൺ എന്നീ സർവകലാശാലകളിൽ സ്ഥിരം വൈസ് ചാൻസലർമാരുടെ ഒഴിവുണ്ട്.

യു.ജി.സി. കരട് മാർഗരേഖ

133(1706) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ പുറത്തിറക്കിയ പുതിയ കരട് മാർഗരേഖയിൽ പ്രതിപാദിച്ചിട്ടുള്ള വിഷയങ്ങളിൽ സംസ്ഥാന സർക്കാരിന്റെ ആശങ്ക കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ?

ഭരണഘടനയുടെ അന്ത:സത്ത ഉൾക്കൊള്ളാതെയും വൈസ്ചാൻസലർ നിയമനം മുതൽ അസിസ്റ്റന്റ് പ്രൊഫസർമാർ വരെയുള്ള നിയമന കാര്യത്തിൽ അക്കാദമിക യോഗ്യത കണക്കാക്കാതെയും സംസ്ഥാന സർക്കാരുകളുടെ അഭിപ്രായങ്ങൾ പരിഗണിക്കാതെയും പുറത്തിറക്കിയ

യു.ജി.സി. കരട് മാർഗനിർദ്ദേശങ്ങൾ പിൻവലിച്ച് ബന്ധപ്പെട്ടവരുമായി വിശദമായ ചർച്ചകൾ നടത്തി അവരുടെ അഭിപ്രായങ്ങൾ കണക്കിലെടുത്തുകൊണ്ട് മാത്രം പുതിയ മാനദണ്ഡങ്ങൾ പുറപ്പെടുവിക്കണമെന്ന് കേന്ദ്ര സർക്കാരിനോടാവശ്യപ്പെട്ട് 21-01-2025-ന് കേരള നിയമസഭ ഐകകണ്ഠ്യേന പ്രമേയം പാസ്സാക്കുകയും അത് കേന്ദ്ര സർക്കാരിൽ അയച്ചു നൽകുകയും ചെയ്തിട്ടുണ്ട്. യു.ജി.സി.-യുടെ കരട് റഗുലേഷനുകളിലുള്ള നിർദ്ദേശങ്ങൾ സംബന്ധിച്ച് സംസ്ഥാന സർക്കാരിനുള്ള എതിർപ്പ് അറിയിച്ചുകൊണ്ട് കേന്ദ്ര വിദ്യാഭ്യാസ മന്ത്രിക്ക് കത്തയച്ചിരുന്നു. കൂടാതെ, ഡ്രാഫ്റ്റ് റെഗുലേഷൻ സംബന്ധിച്ച് സർക്കാരിന്റെ അഭിപ്രായം 03-02-2025-ന് കേന്ദ്ര സർക്കാരിനെയും യു.ജി.സി.-യെയും അറിയിച്ചിട്ടുണ്ട്.

കരട് റഗുലേഷനുകൾ ചർച്ച ചെയ്യുന്നതിന് സമാന ചിന്താഗതിക്കാരായ മറ്റ് സംസ്ഥാനങ്ങളുടെ പ്രതിനിധികളെക്കൂടി ഉൾപ്പെടുത്തി വിപുലമായ കൺവെൻഷൻ ചേരുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

(ബി) ഇത് സംസ്ഥാനത്തെ യൂണിവേഴ്സിറ്റികളെയും ഉന്നതവിദ്യാഭ്യാസ മേഖലയെയും ഏതൊക്കെ വിധത്തിലാണ് ബാധിക്കുന്നതെന്ന് പഠനം നടത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

യു.ജി.സി കരട് റഗുലേഷൻ 2025-ലെ സംസ്ഥാന താൽപര്യങ്ങൾക്ക് വിരുദ്ധമായ വ്യവസ്ഥകൾ സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി പ്രൊഫ. പ്രഭാത് പട്നായിക് അദ്ധ്യക്ഷനായി ഒരു അഞ്ചംഗ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റിയുടെ പ്രാഥമിക നിരീക്ഷണങ്ങളുടെ അടിസ്ഥാനത്തിൽ ഒരു റിപ്പോർട്ട് തയ്യാറാക്കി സർക്കാരിൽ സമർപ്പിക്കുകയുണ്ടായി. പ്രസ്തുത കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ട് അനുബന്ധമായി ചേർക്കുന്നു.+

സംസ്ഥാനത്ത് പഠിക്കുന്ന വിദേശ വിദ്യാർഥികൾ

134(1707) <u>ശ്രീമതി ഒ. എസ്. അംബിക:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശ വിദ്യാർഥികൾ ഉന്നത വിദ്യാഭ്യാസത്തിനായി കേരളത്തിൽ എത്തുന്ന സാഹചര്യം നിലവിലുണ്ടോ എന്ന് വ്യക്തമാക്കുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഉണ്ട്.

(ബി) നിലവിൽ എത്ര വിദേശ വിദ്യാർഥികളാണ് സംസ്ഥാനത്ത് വിദ്യാഭ്യാസം ചെയ്യുവരുന്നതെന്ന് കോഴ്സ് തിരിച്ച് വ്യക്തമാക്കുമോ?

ഉന്നത വിദ്യാഭ്യാസവകുപ്പിനുകീഴിലെ വിവിധ സ്ഥാപനങ്ങളിൽ നിലവിലുള്ള വിദേശ വിദ്യാർഥികളുടെ കോഴ്സ് തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു.+

ഓഫ് ക്യാമ്പസ് പദ്ധതി

135(1708) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർവകലാശാലകളുടെ പ്രവർത്തനം കേരളത്തിന് പുറത്തേക്ക് വ്യാപിപ്പിക്കാനും അതുവഴി സർവ്വകലാശാലകളുടെ പ്രവർത്തനം വിപുലീകരിക്കാനുമുള്ള ഓഫ് ക്യാംപസ് പദ്ധതിയുടെ പ്രവർത്തനങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്തിന് പുറത്ത് ഓഫ് ക്യാംപസ് സ്ഥാപിക്കുന്ന വിഷയം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിൽ ഇല്ല.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ഉന്നത വിദ്യാഭ്യാസ മേഖലയിൽ ഗവേഷണത്തിന് പ്രാധാന്യം നൽകുന്നതിനായി എന്തൊക്കെ നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ?

ഉന്നത വിദ്യാഭ്യാസ മേഖലയിൽ ഗവേഷണത്തിന് പ്രാധാന്യം നൽകുന്നതിനായി താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.

1. കൈരളി ഗവേഷണ പുരസ്കാരങ്ങൾ:

ഗവേഷണരംഗത്ത് മികവ് കാട്ടുന്ന കേരളീയർക്ക് അംഗീകാരവും പ്രോത്സാഹനവും നൽകാൻ സംസ്ഥാന സർക്കാർ ഏർപ്പെടുത്തിയിരിക്കുന്നതാണ് കൈരളി റിസർച്ച് അവാർഡുകൾ. പോസ്റ്റ് ഡോക്ടറൽ ഗവേഷണത്തിൽ ഏർപ്പെട്ടിരിക്കുന്ന വിദ്യാർഥികൾക്കുള്ള കൈരളി ഗവേഷക പുരസ്കാരം, റിസർച്ച് ഫാക്കൽറ്റിക്ക് നൽകുന്ന കൈരളി ഗവേഷണ പുരസ്കാരം, പ്രമുഖ ശാസ്ത്രജ്ഞർക്ക് സമഗ്ര സംഭാവനയ്ക്ക് നൽകുന്ന കൈരളി ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡ്, കൈരളി ഗ്ലോബൽ ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡ് എന്നിവയാണ് കൈരളി ഗവേഷണ അവാർഡ് ശ്രേണിയിൽ ഉൾപ്പെടുന്ന പുരസ്കാരങ്ങൾ. അവാർഡുകളുടെ

നിർവ്വഹണ ചുമതല കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിനാണ്.

2. <u>ചീഫ് മിനിസ്റ്റേഴ്സ് നവകേരള പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പ്:</u>

നവകേരള സൃഷ്ടിക്ക് അനുയോജ്യമായ ഗവേഷണങ്ങൾക്ക് പ്രോത്സാഹനം നൽകുന്നതിനായി സംസ്ഥാന സർക്കാർ നടപ്പിലാക്കിയ ഗവേഷണ പദ്ധതിയാണിത്. ലൈഫ് സയൻസ്, കെമിക്കൽ സയൻസ്, മെറ്റീരിയൽ സയൻസ്, പൊളിറ്റിക്കൽ സയൻസ്, ഹ്യൂമാനിറ്റീസ് & ലിബറൽ ആർട്സ്, ഇക്കണോമിക്സ് സ്റ്റഡീസ്, അഗ്രികൾച്ചർ & ഇക്കോളജിക്കൽ സയൻസ്, ക്ലൈമറ്റ് ചെയ്ഞ്ച് & ജിയോളജിക്കൽ സ്റ്റഡീസ്, മെഡിക്കൽ സയൻസ്, കൊമേഴ്സ് & മാനേജ്മെന്റ് സ്റ്റഡീസ്, ഡിജിറ്റൽ ടെക്നോളജി & എഞ്ചിനീയറിങ് എന്നിവ ഉൾക്കൊള്ളുന്ന 10 ബൃഹത്തായ വിജ്ഞാന മേഖലകളിലാണ് ഫെല്ലോഷിപ്പ് നൽകിവരുന്നത്. ആദ്യവർഷം ഓരോ മാസവും 50,000/- രൂപയും രണ്ടാം വർഷം ഒരു ലക്ഷം രൂപ വീതവും കൂടാതെ പ്രതിവർഷം 2 ലക്ഷം രൂപ വീതം സയൻസ് വിഭാഗത്തിൽപ്പെട്ടവർക്കും 50,000/- രൂപ വീതം സോഷ്യൽ സയൻസ്

വിഭാഗത്തിനും കണ്ടിജൻസി ഗ്രാന്റായും നൽകും. 500 ഫെല്ലോഷിപ്പുകളാണ് ആകെ നൽകാൻ ഉദ്ദേശിച്ചിട്ടുള്ളത്. ആദ്യഘട്ടത്തിൽ 77 ഫെല്ലോഷിപ്പുകളും രണ്ടാം ഘട്ടത്തിൽ 68 ഫെല്ലോഷിപ്പുകളും മോഡ് 1 പ്രകാരം സർവകലാശാലകളിലെ ട്രാൻസ്ലേഷണൽ റിസർച്ച് സെന്ററുകൾക്ക് 31 ഫെല്ലോഷിപ്പുകളുമാണ് പ്രഖ്യാപിച്ചിട്ടുള്ളത്. നാളിതുവരെ ഫെല്ലോഷിപ്പ് തുകയായി 12,14,28,406/- രൂപ (പന്ത്രണ്ട് കോടി പതിനാല് ലക്ഷത്തി ഇരുപത്തിയെട്ടായിരത്തി നാന്നൂറ്റി ആറ് രൂപ)-യും കണ്ടിജൻസി ഗ്രാന്റായി 2,37,97,000/- രൂപ (രണ്ട് കോടി മുപ്പത്തിയേഴ് ലക്ഷത്തി തൊണ്ണൂറ്റി ഏഴായിരം രൂപ)-യും വിതരണം ചെയ്തിട്ടുണ്ട്. പദ്ധതിക്കായി ആകെ 14,52,25,406/- രൂപ (പതിനാല് കോടി അമ്പത്തിരണ്ട് ലക്ഷത്തി ഇരുപത്തി അയ്യായിരത്തി നാന്നൂറ്റി ആറ് രൂപ)-യാണ് ഇതുവരെ ചെലവഴിച്ചത്.

3. <u>സെന്റർ ഓഫ് എക്സലൻസ്:</u>

സംസ്ഥാന സർക്കാർ നിർദ്ദേശ പ്രകാരം താഴെപ്പറയുന്ന സെന്റേഴ്സ് ഓഫ് എക്സലൻസുകൾ ആരംഭിക്കാൻ ഉന്നത വിദ്യാഭ്യാസ കൗൺസിൽ നടപടികൾ സ്വീകരിച്ചു.

1. Centre of excellence for Teaching, Learning and Training

2. Kerala Institute for Science, Technology and Innovation (KISTI)

3. Kerala Institute of Advanced Studies (KIAS)

4. Kerala Network for Research-support in Higher Education (KNRSHE)

5. Centre for Indigenous Peoples Education (CIPE)

6. The Kerala Institute for Gender Equality (KIGE)

7. Kerala Language Network (KLN)

4. <u>ട്രാൻസ്ലേഷണൽ റിസർച്ച് സെന്റേഴ്സ്:</u>

കേരള സർവ്വകലാശാല, മഹാത്മാഗാന്ധി സർവ്വകലാശാല, കാലിക്കറ്റ് സർവ്വകലാശാല, കണ്ണൂർ സർവ്വകലാശാല, കുസാറ്റ്, എ.പി.ജെ. അബ്ദുൾ കലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി എന്നീ സർവ്വകലാശാലകളിൽ ട്രാൻസ്ലേഷണൽ റിസർച്ച് സെന്റേഴ്സ് ആരംഭിക്കാൻ അനുമതി നൽകിയിട്ടുണ്ട്.

സർവകലാശാലകളുടെ പ്രവർത്തനങ്ങളിൽ ആധുനിക സാങ്കേതികവിദ്യ

136(1709) ശ്രീ. പ്രമോദ് നാരായൺ:
ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:
ശ്രീ. ജോബ് മൈക്കിൾ:
ഡോ. എൻ. ജയരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ സർവകലാശാലകളിൽ ഉന്നത വിദ്യാഭ്യാസത്തിന് പ്രവേശനം നേടുന്ന വിദ്യാർഥികളെ സംബന്ധിച്ച സമഗ്രവിവരങ്ങൾ സാങ്കേതികവിദ്യയുടെ സഹായത്തോടെ ശേഖരിക്കുന്നതിന് നിലവിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാമോ?

ഉന്നത വിദ്യാഭ്യാസത്തിന് പ്രവേശനം നേടുന്ന വിദ്യാർഥികളെ സംബന്ധിച്ച സമഗ്ര വിവരങ്ങൾ സാങ്കേതികവിദ്യയുടെ സഹായത്തോടെ ശേഖരിക്കുന്നതിനുള്ള സൗകര്യം ലഭ്യമാണ്. ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ എൻറോൾ ചെയ്യുന്ന വിദ്യാർഥികളുടെ വിവരശേഖരണത്തിനായി ആൾ ഇന്ത്യ സർവ്വേ ഓൺ ഹയർ എഡ്യൂക്കേഷൻ (AISHE) പോർട്ടൽ പ്രയോജനപ്പെടുത്തുന്നുണ്ട്. സർവകലാശാലാ പ്രവർത്തനങ്ങളിൽ ആധുനിക സാങ്കേതികവിദ്യ ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി K-REAP എന്ന പദ്ധതി സർക്കാർ ആസൂത്രണം ചെയ്ത

നടപ്പിലാക്കിവരുന്നു. K-REAP-ന്റെ ഭാഗമായി വിദ്യാർത്ഥി പ്രവേശനം മുതൽ പരീക്ഷാ ഫലപ്രഖ്യാപനവും സർട്ടിഫിക്കറ്റ് വിതരണവും വരെയുള്ള മുഴുവൻ വിദ്യാർഥി പഠന പ്രക്രിയകളും ഈ സംവിധാനത്തിലൂടെ ചിട്ടപ്പെടുത്തുവാൻ കഴിയും. 2024-25 അധ്യയന വർഷം മുതൽ കണ്ണൂർ സർവകലാശാലയിൽ ടി പദ്ധതി നടപ്പിലാക്കി വരുന്നു. കാലടി ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, മലയാളം സർവകലാശാല എന്നീ സർവകലാശാലകളിൽ K-REAP പദ്ധതി പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്. സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ വകുപ്പിനുകീഴിലുള്ള എല്ലാ സർവകലാശാലകളും പദ്ധതിയുടെ ഭാഗമാകുന്നതാണ്.

(ബി) വിദ്യാർഥികൾക്ക് ആധാർ അധിഷ്ഠിത ഒറ്റത്തവണ രജിസ്ട്രേഷനും ലോഗിൻ ഐ.ഡി.-യും ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

(സി) വിദ്യാർഥികൾക്ക് ഏതൊരു കോഴ്സിനും ചേരുന്നതിനും സർട്ടിഫിക്കറ്റുകൾ ലഭിക്കുന്നതിനും പ്രസ്തുത ലോഗിൻ ഐ.ഡി.-യിലൂടെ

അപേക്ഷിക്കുന്നതിനും അനുബന്ധ നടപടികൾ സ്വീകരിക്കുന്നതിനും സാധിക്കുന്ന വിധത്തിൽ ക്രമീകരണങ്ങൾ ഏർപ്പെടുത്തുമോ; വ്യക്തമാക്കുമോ?

(ബി&സി) പുതുതായി നിലവിൽ വന്നിട്ടുള്ള ABC (Academic Bank of Credit) ID ഉപയോഗിച്ച് ഒറ്റത്തവണ ലോഗിൻ സൗകര്യം വിദ്യാർത്ഥികൾക്കായി ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സർവകലാശാല തലത്തിൽ നടന്നുവരുന്നു.

കോൺസ്റ്റിറ്റ്യുവന്റ് കോളേജുകൾ സ്ഥാപിക്കൽ

137(1710) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർവകലാശാലകൾക്ക് സ്വതന്ത്ര സ്വഭാവമുള്ള കോൺസ്റ്റിറ്റ്യൂവന്റ് കോളേജുകൾ സ്ഥാപിക്കൽ, വിദ്യാർഥികൾക്ക് കോളേജുകൾക്ക് പുറമെ സർവകലാശാല മാറുവാൻ അവസരം, നാലുവർഷ ബിരുദം നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട പൊതു അക്കാദമിക് കലണ്ടർ നടപ്പിലാക്കൽ എന്നീ പ്രവർത്തനങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്ത് കോൺസ്റ്റിറ്റുവന്റ് കോളേജുകൾ ആരംഭിക്കുന്നതിനുവേണ്ടി guidelines പുറപ്പെടുവിക്കുന്നതിനായി Kerala State Higher Education Reforms Implementation Cell (KSHERIC)-നെ ചുമതലപ്പെടുത്തിക്കൊണ്ട് 09-08-2023-ലെ G.O.(Rt) No. 1241/2023/HEDN പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ KSHERIC തയ്യാറാക്കി നൽകിയ guidelines സർക്കാർ പരിശോധിച്ചുവരികയാണ്.

വിദ്യാർഥികളുടെ അന്തർ സർവകലാശാല സ്ഥലംമാറ്റം സംബന്ധിച്ച ചട്ടങ്ങൾ നാലുവർഷ ബിരുദ പ്രോഗ്രാമുകളുടെ റഗുലേഷനുകളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

നാലുവർഷ ബിരുദ പ്രോഗ്രാമിന്റെ ആദ്യവർഷം (2024-25) ഏകീകൃത അക്കാദമിക് കലണ്ടർ നടപ്പിലാക്കുന്നതിനായി, 06-06-2024-ലെ സ.ഉ. (സാധാ) നം. 640/2024/HEDN പ്രകാരം സർക്കാർ അംഗീകരിച്ച മോഡൽ ഏകീകൃത അക്കാദമിക് കലണ്ടർ സർവകലാശാലകൾക്ക് ലഭ്യമാക്കുകയും ഇതിന്റെ അടിസ്ഥാനത്തിൽ അക്കാദമിക് കലണ്ടറുകൾ തയ്യാറാക്കാൻ

സർവകലാശാലകൾക്ക് നിർദേശം നൽകുകയും ചെയ്തിരുന്നു. പ്രസ്തുത അക്കാദമിക് കലണ്ടർ നടപ്പിലാക്കിയതിലൂടെ പരീക്ഷ, ഫലപ്രഖ്യാപനം എന്നിവ സമയബന്ധിതമായി നടപ്പിലാക്കാൻ കഴിഞ്ഞിട്ടുണ്ട്.

(ബി) പ്രസ്തുത പ്രവർത്തനങ്ങൾ നിർവഹിക്കാനാവശ്യമായ നിയമനിർമ്മാണം എപ്പോൾ നടപ്പിലാക്കുമെന്ന് വ്യക്തമാക്കുമോ?

സർവകലാശാലാ നിയമങ്ങൾ ഭേദഗതി ചെയ്യുന്നത് പരിഗണിച്ചുവരുന്നു.

സർവകലാശാലകളിലെ കരാർ/ദിവസവേതന ജീവനക്കാർ

138(1711) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർവകലാശാലകളിൽ കരാർ/ദിവസവേതന അടിസ്ഥാനത്തിൽ സർക്കാർ ഖജനാവിൽനിന്നും വേതനം പറ്റുന്ന ജീവനക്കാരുടെ ആകെ എണ്ണം അറിയിക്കാമോ?

കേരള സർവകലാശാല – 971

എം.ജി. സർവകലാശാല - 328

കാലിക്കറ്റ് സർവകലാശാല - 704

കണ്ണൂർ സർകലാശാല – 359

കുസാറ്റ് - 511

ശ്രീ ശങ്കരാചാര്യ സംസ്കൃത സർവകലാശാല – 261

തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവകലാശാല – 84

എ.പി.ജെ. അബ്ദുൾകലാം സാങ്കേതികശാസ്ത്ര സർവകലാശാല – 95

ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി - 109

(ബി) ഇതിൽ എംപ്ലോയ്മെൻറ് എക്സ്ചേഞ്ച് മുഖേന നിയമിച്ചിട്ടുള്ളവർ എത്രയെന്ന് വ്യക്തമാക്കാമോ?

എം.ജി. സർവകലാശാല – 71

കണ്ണൂർ സർവകലാശാല – 68

ശ്രീ ശങ്കരാചാര്യ സംസ്കൃത സർവകലാശാല – 3

സയൻസ് പാർക്കിന് കേരള സർവകലാശാലയുടെ ഭൂമി

139(1712) ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സർവകലാശാലയുടെ ഭൂമി സ്വകാര്യ സംരംഭകരുമായി ചേർന്ന് നടത്തുന്ന സയൻസ് പാർക്കിന് സൗജന്യമായി വിട്ടുകൊടുക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കാമോ; ആയത് സംബന്ധിച്ച രേഖകളുടെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) നേരത്തെ സെനറ്റ് തീരുമാനിച്ച നിബന്ധനകൾക്ക് വിരുദ്ധമായാണോ പ്രസ്തുത ഭൂമി നൽകാൻ തീരുമാനിച്ചതെന്ന് വ്യക്തമാക്കാമോ?

(എ&ബി) കേരള സർവകാലശാലയുടെ ഭൂമി സ്വകാര്യ സംരംഭകരുമായി ചേർന്ന് നടത്തുന്ന സയൻസ് പാർക്കിന് സൗജന്യമായി വിട്ടുകൊടുക്കാൻ തീരുമാനിച്ചിട്ടില്ല.

(സി) സാങ്കേതിക സർവകലാശാലയുടെയും ഉന്നത വിദ്യാഭാസ കൗൺസിലിന്റെയും ആസ്ഥാന മന്ദിരങ്ങൾ നിർമ്മിക്കുന്നതിന് ഭൂമി വിട്ടു നൽകണമെന്ന സർക്കാർ നിർദ്ദേശം സർവകലാശാല നിരസിച്ചിരുന്നോ; വ്യക്തമാക്കാമോ?

സർവകലാശാലയ്ക്ക് ഭാവിയിൽ പുതിയ പഠനശാഖകൾ സ്ഥാപിക്കുന്നതിന് സർവകലാശാല ഭൂമിയുടെ സംരക്ഷണം അത്യാവശ്യമാണെന്നും മറ്റ് പ്രവർത്തനങ്ങൾക്കായി മാറ്റിവയ്ക്കാൻ ഭൂമിയില്ലെന്നും സമാനമായ ഒരു നിർദ്ദേശവും ഭാവിയിൽ സിൻഡിക്കേറ്റിനുമുന്നിൽ വയ്ക്കരുതെന്നും 20-01-1995-ന് നടന്ന സിൻഡിക്കേറ്റ് യോഗത്തിൽ തീരുമാനിച്ചിട്ടുണ്ട്. കൂടാതെ, സാങ്കേതിക സർവകലാശാലയ്ക്ക് ഭൂമി അനുവദിക്കുന്നതിന് സർക്കാർ നൽകിയ നിർദ്ദേശം സ്വീകരിക്കാൻ നിർവാഹമില്ലെന്ന് 2016 ജൂലൈ 1, 2 തീയതികളിൽ നടന്ന സെനറ്റ് യോഗത്തിൽ തീരുമാനമായിരുന്നു.

മാവേലിക്കര രാജാ രവിവർമ്മ സെന്റർ ഓഫ് എക്സലൻസ് ഫോർ വിഷ്വൽ ആർട്സിന് പുതിയ ക്യാമ്പസ്

140(1713) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യത്തിന് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരള സർവകലാശാലയുടെ അധീനതയിൽ മാവേലിക്കര മണ്ഡലത്തിൽ പ്രവർത്തിക്കുന്ന രാജാ രവിവർമ്മ സെന്റർ ഓഫ് എക്സലൻസ്

ഫോർ വിഷ്വൽ ആർട്സിന് പുതിയ ക്യാമ്പസ് നിർമ്മിക്കുന്നതിനാവശ്യമായ തുക അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

രാജാ രവിവർമ്മ സെന്റർ ഓഫ് എക്സലൻസ് ഫോർ വിഷ്വൽ ആർട്സിന് നിർമ്മാണ പ്രവൃത്തികൾ നടത്തുന്നതിലേയ്ക്കായി വിശദമായ എസ്റ്റിമേറ്റ് സമർപ്പിക്കുന്നതിനുള്ള നടപടികൾ കേരള സർവകലാശാല സ്വീകരിച്ചുവരുന്നു.

എറണാകുളം മഹാരാജാസ് കോളേജിന്റെ ഓട്ടോണമസ് പദവി

141(1714) ശ്രീമതി ഉമ തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം മഹാരാജാസ് കോളേജിന് നിലവിൽ ഓട്ടോണമസ് പദവി ഉണ്ടോ; ഏതു വർഷം വരെയാണ് പ്രസ്തുത പദവി ഉണ്ടായിരുന്നത്; ആയതിനുള്ള തുടർ അംഗീകാരം ലഭിക്കാതിരിക്കാൻ കാരണമെന്താണ്; വിശദമാക്കാമോ?

എറണാകുളം മഹാരാജാസ് കോളേജിന് 2014-15 അക്കാദമിക വർഷം മുതൽ 2019-20 വരെയാണ് യു.ജി.സി. സ്വയംഭരണ പദവി

അനുവദിച്ചിരുന്നത്. സ്വയംഭരണ പദവി പുതുക്കി ലഭിക്കുന്നതിന് പ്രസ്തുത കോളേജ് യു.ജി.സി. മുമ്പാകെ അപേക്ഷ സമർപ്പിച്ചെങ്കിലും ആയത് അനുവദിച്ചുകൊണ്ടോ നിരസിച്ചുകൊണ്ടോ യു.ജി.സി.-യിൽനിന്നും സർവ്വകലാശാലയ്ക്ക് അറിയിപ്പ് ലഭിച്ചിട്ടില്ല.

(ബി) എം.ജി. സർവകലാശാലയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള എത്ര ഓട്ടോണമസ് കോളേജുകൾ നിലവിലുണ്ട്; പ്രസ്തുത കോളേജുകൾക്ക് ഓട്ടോണമസ് പദവിക്കുള്ള തുടർ അംഗീകാരം ലഭിച്ചിട്ടുണ്ടോ?

മഹാത്മാഗാന്ധി സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള പതിനാറ് സ്വയംഭരണ കലാലയങ്ങളുണ്ട്. പ്രാരംഭമായി സ്വയംഭരണ പദവി അനുവദിക്കപ്പെട്ടതും കാലാവധി പൂർത്തിയാക്കിയതുമായ നാല് കലാലയങ്ങൾക്ക് സ്വയംഭരണ പദവിക്കുള്ള തുടർ അംഗീകാരം യു.ജി.സി.-യിൽനിന്നും ലഭിച്ചിട്ടുണ്ട്.

(സി) കഴിഞ്ഞ അഞ്ച് വർഷമായി ഓട്ടോണമസ് പദവിക്കുള്ള തുടർ അംഗീകാരം ലഭിക്കാതെ മഹാരാജാസ് കോളേജ് പ്രവർത്തിക്കുന്നത് ആരുടെ ഭാഗത്തുനിന്നുള്ള വീഴ്ച മൂലമാണെന്ന് വിശദമാക്കാമോ?

എറണാകുളം മഹാരാജാസ് കോളേജിന്റെ സ്വയംഭരണ പദവിയുടെ തുടർ അംഗീകാരത്തിനുള്ള അപേക്ഷ യു.ജി.സി.-യുടെ പരിഗണനയിലാണ്. തുടർ അംഗീകാരത്തിനായുള്ള അപേക്ഷ നിരസിച്ചുകൊണ്ടുള്ള അറിയിപ്പ് യു.ജി.സി.-യിൽനിന്നും ലഭിച്ചിട്ടില്ല.

അസിസ്റ്റന്റ് പ്രൊഫസർമാരുടെ നിയമനത്തിന് അംഗീകാരം

142(1715) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മാർ അത്തനേഷ്യസ് കോളേജ് ഓഫ് എൻജിനീയറിങ്ങിലെ സിവിൽ എഞ്ചിനീയറിങ് വിഭാഗത്തിലെ അഞ്ച് അസിസ്റ്റന്റ് പ്രൊഫസർമാരുടെ നിയമനാംഗീകാരവുമായി ബന്ധപ്പെട്ട് സമർപ്പിച്ചിരിക്കുന്ന ഫയൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഫയൽ നടപടിക്രമങ്ങൾ വേഗത്തിൽ പൂർത്തീകരിച്ച് പ്രസ്തുത നിയമനങ്ങൾക്ക് അംഗീകാരം നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത വിഷയത്തിൽ അടിയന്തര നടപടി സ്വീകരിക്കാൻ കോതമംഗലം മേഖലാ കാര്യാലയം ജോയിന്റ് ഡയറക്ടർക്ക് സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്.

കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിൽ അസിസ്റ്റന്റ് തസ്തികയിലെ ഒഴിവുകൾ

143(1716) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലും അനുബന്ധ സ്ഥാപനങ്ങളിലുമായി 2024 ജനുവരി മുതൽ നാളിതുവരെ യൂണിവേഴ്സിറ്റി അസിസ്റ്റന്റ് തസ്തികയിൽ എത്ര ഒഴിവുകൾ ഉണ്ടായിട്ടുണ്ടെന്നും അവയിൽ എത്ര ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തുവെന്നും വ്യക്തമാക്കുമോ?

2024 ജനുവരി മുതൽ നാളിതുവരെ കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ അസിസ്റ്റന്റ് തസ്തികയിൽ നേരിട്ടുള്ള നിയമനത്തിനായി മാറ്റിവച്ചിരിക്കുന്ന 14 ഒഴിവുകൾ ഉണ്ടായിട്ടുണ്ട്. അവയിൽ 13 ഒഴിവുകൾ പി.എസ്.സി.-യിലേയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 2025 ജനുവരി 31-ന വിരമിക്കൽമൂലമുണ്ടായ ഒരൊഴിവ് റിപ്പോർട്ട് ചെയ്യാനുണ്ട്.

(ബി) 2024 ജനുവരി 1 മുതൽ ഡിസംബർ 31 വരെ പ്രസ്തുത തസ്തികയിലെ എത്ര ഒഴിവുകളാണ് ദീർഘകാല അവധി/ഡെപ്യൂട്ടേഷൻ എന്നിവയ്ക്കുവേണ്ടി മാറ്റിവെച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

2024 ജനുവരി 1 മുതൽ ഡിസംബർ 31 വരെ അസിസ്റ്റന്റ് തസ്തികയിലെ 13 ജീവനക്കാർ ദീർഘകാല അവധി/ഡെപ്യൂട്ടേഷൻ പോയിട്ടുണ്ട്.

(സി) 2025 ജനുവരി 1 മുതൽ ഡിസംബർ 31 വരെ പ്രസ്തുത തസ്തികയിൽ പ്രതീക്ഷിത ഒഴിവുകൾ എത്രയെന്നും അവയിൽ എത്രയെണ്ണം ദീർഘകാല അവധി/ഡെപ്യൂട്ടേഷൻ എന്നിവയ്ക്കുവേണ്ടി മാറ്റിവെക്കുമെന്നും എത്ര ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുമെന്നും വ്യക്തമാക്കുമോ?

2025 ജനുവരി 1 മുതൽ ഡിസംബർ 31 വരെ പ്രസ്തുത തസ്തികയിലെ പ്രതീക്ഷിത ഒഴിവുകൾ – 13, ദീർഘകാല അവധി/ഡെപ്യൂട്ടേഷൻ പോയിട്ടുള്ള ജീവനക്കാർ - 13.

2025 ജനുവരി 31-ന് വിരമിക്കൽമൂലമുണ്ടായ ഒരോഴിവ് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാനുണ്ട്.

(ഡി) 09-12-2024-ലെ സ.ഉ.(നം.) ഉപ.സി3/200/2024/പി.& എ.ആർ.ഡി. പ്രകാരം 2025-ലെ എല്ലാ മുൻകൂർ ഒഴിവുകളും 2024 ഡിസംബർ 25-നുമുമ്പ് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യണമെന്ന നിർദ്ദേശം കൊച്ചി ശാസ്ത്ര സാങ്കേതിക സർവകാലാശാലയിൽ പ്രാവർത്തികമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(ഇ) പ്രസ്തുത തസ്തികയിൽ നിലവിലുള്ള ഒഴിവുകളും പ്രതീക്ഷിത ഒഴിവുകളും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിൽ എന്തെങ്കിലും തടസ്സം ഉണ്ടോ എന്ന് വ്യക്തമാക്കുമോ?

(ഡി&ഇ) പ്രതീക്ഷിത ഒഴിവുകളും ദീർഘകാല അവധി/ ഡെപ്യൂട്ടേഷനിൽ പോയിരിക്കുന്ന ജീവനക്കാരുടെ എണ്ണവും തുല്യമായതിനാൽ ടി ഒഴിവുകൾ യാഥാർഥ്യമാക്കുന്ന മുറയ്ക്ക് മാത്രമെ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ സാധിക്കുകയുള്ളൂ. നിലവിലുള്ള ഒരൊഴിവ് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ഗവർണ്ണർക്കെതിരെയുള്ള കേസുകളുടെ ചെലവ്

144(1717) ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർവകലാശാലകളിലെ വിവിധ വിഷയങ്ങളിൽ ഗവർണ്ണർക്കെതിരെയുള്ള കേസുകൾക്കായി സർവകലാശാലകളും സർക്കാരും നാളിതുവരെ ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത ഇനത്തിൽ ഇനിയും ബാക്കിനൽകാനുള്ള തുകയുടെ വിവരങ്ങൾ അറിയിക്കാമോ?

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

സംസ്കൃത സർവകലാശാലയുടെ പ്രാദേശിക കേന്ദ്രങ്ങൾ

145(1718) ശ്രീമതി ഉമ തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലടി ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാലയ്ക്ക് സംസ്ഥാനത്ത് എത്ര പ്രാദേശിക കേന്ദ്രങ്ങൾ ഉണ്ടെന്ന് അറിയിക്കാമോ?

ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയ്ക്ക് 6 പ്രാദേശിക കേന്ദ്രങ്ങളുണ്ട്.

(ബി) ഓരോ കേന്ദ്രങ്ങളിലും എത്ര വിദ്യാർത്ഥികൾ പഠിക്കുന്നുണ്ടെന്നും എത്ര സ്ഥിരം അധ്യാപകരെയും എത്ര താൽക്കാലിക അധ്യാപകരെയും പ്രസ്തുത കേന്ദ്രങ്ങളിൽ നിയമിച്ചിട്ടുണ്ടെന്നുമുള്ള വിവരം ലഭ്യമാക്കാമോ?

വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.[+]

(സി) സാമ്പത്തിക പ്രതിസന്ധി നേരിടുന്ന സാഹചര്യത്തിൽ വിദ്യാർഥികളുടെ എണ്ണം കുറവായ കോഴ്സുകളും പ്രാദേശിക കേന്ദ്രങ്ങളും നിർത്തലാക്കാൻ സർവകലാശാല തീരുമാനമെടുത്തിട്ടുണ്ടോ; വിശദമാക്കാമോ?

ഇല്ല. ഏതെങ്കിലും കോഴ്സിന് പ്രവേശനം നേടുന്ന വിദ്യാഥികളുടെ എണ്ണം കുറയുന്ന പക്ഷം വിദ്യാർഥികളുടെ സൗകര്യംകൂടി കണക്കിലെടുത്ത് മറ്റ് പ്രാദേശിക കേന്ദ്രങ്ങളിലേയ്ക്ക് പുനർവിന്യസിക്കുന്നതിന് സർവ്വകലാശാല നടപടി സ്വീകരിക്കാറുണ്ട്. ഓരോ പ്രാദേശിക കേന്ദ്രങ്ങളെയും മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിനും പരമാവധി വിദ്യാർത്ഥികളെ ലഭിക്കുന്നതിനും സർവകലാശാല അക്കാദമിക് പ്രോഗ്രാം റിസ്ട്രക്ചറിങ് നടത്തുന്നുണ്ട്.

ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റിയുടെ പഠനകേന്ദ്രങ്ങൾ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

146(1719) ശ്രീ. പി. പി. സുമോദ്: താഴെ കാണുന്ന ചോദ്യത്തിന് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റിയിൽ നിലവിൽ എത്ര പഠനകേന്ദ്രങ്ങളാണുള്ളതെന്നും എത്ര പഠിതാക്കളുണ്ടെന്നും വ്യക്തമാക്കാമോ?

ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റിയിൽ നിലവിൽ 23 പഠനകേന്ദ്രങ്ങളാണുള്ളത്.

സർവകലാശാലയിലെ പഠിതാക്കളുടെ എണ്ണം സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു:

2022-2023

UG – 4403

PG – 1790

Others – 7844*

Total – 14037

* Certificate Course in Decentralization and Local Governance with Kerala Institute of Local Administration (KILA).

2023-2024

UG – 11791

PG – 4022

Total – 15813

2024-2025

UG – 22681

PG – 8441

Total – 31122

ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി ഡ്യൂവൽ ഡിഗ്രി

147(1720) ശ്രീ. പി. പി. സുമോദ്: താഴെ കാണുന്ന ചോദ്യത്തിന് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റിയിൽ ഡ്യൂവൽ ഡിഗ്രി സംവിധാനം സാധ്യമാണോ എന്ന് വ്യക്തമാക്കാമോ?

ശ്രീനാരായണഗുരു ഓപ്പൺ സർവകലാശാല, ഓപ്പൺ/ഡിസ്റ്റന്റ് മോഡ് വഴി യു.ജി.സി. മാർഗനിർദ്ദേശപ്രകാരം ഡ്യൂവൽ ഡിഗ്രി അക്കാഡമിക് പ്രോഗ്രാം നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്.

അണ്ണാമലൈ യൂണിവേഴ്സിറ്റിയുടെ കോഴ്സിന് അംഗീകാരം

148(1721) ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അണ്ണാമലൈ യൂണിവേഴ്സിറ്റിയുടെ എം.എ. (ഇക്കണോമിക്സ്) ഡിസ്റ്റൻസ് എഡ്യൂക്കേഷൻ കോഴ്സിന് കേരളത്തിലെ ഏതെങ്കിലും യൂണിവേഴ്സിറ്റിയുടെ അംഗീകാരമുണ്ടോ; യൂണിവേഴ്സിറ്റി തിരിച്ച് വിശദമാക്കാമോ?

2015-16 അധ്യയന വർഷത്തിനുമുൻപ് അഡ്മിഷൻ എടുത്ത് പാസ്സായിട്ടുള്ള അണ്ണാമലൈ യൂണിവേഴ്സിറ്റിയുടെ എം.എ. (ഇക്കണോമിക്സ്)

ഡിസ്റ്റൻസ് എഡ്യൂക്കേഷൻ കോഴ്സിന് കേരള, മഹാത്മാഗാന്ധി, കാലിക്കറ്റ്, കണ്ണൂർ എന്നീ സർവ്വകലാശാലകളുടെ അംഗീകാരമുണ്ട്.

(ബി) പ്രസ്തുത കോഴ്സിന് സംസ്ഥാനത്തെ ഏതെങ്കിലും യൂണിവേഴ്സിറ്റിയുടെ അംഗീകാരം മുൻപ് ഉണ്ടായിരുന്നോ; ഏതു വർഷം വരെയാണ് അംഗീകാരം ഉണ്ടായിരുന്നത്; വിശദമാക്കാമോ?

പ്രസ്തുത കോഴ്സിന് 2014-2015 അധ്യയന വർഷംവരെ അംഗീകാരമുണ്ടായിരുന്നു.

(സി) പ്രസ്തുത കോഴ്സിന്റെ അംഗീകാരം ഒഴിവാക്കുന്നതിനുള്ള കാരണങ്ങൾ എന്തെല്ലാമാണ്; അംഗീകാരം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ടോ; വിശദമാക്കാമോ?

യു.ജി.സി.-യുടെ 25-03-2022-ലെ F.No.1-2/2015(DEB-III) നമ്പർ പബ്ലിക് നോട്ടീസ് പ്രകാരം അണ്ണാമലൈ യൂണിവേഴ്സിറ്റിയുടെ 2015-16 അധ്യയനവർഷം മുതലുള്ള ഡിസ്റ്റൻസ് എഡ്യൂക്കേഷൻ കോഴ്സുകളുടെ അംഗീകാരം നിർത്തലാക്കിയിട്ടുണ്ട്. അണ്ണാമലൈ യൂണിവേഴ്സിറ്റിയുടെ ഡിസ്റ്റൻസ് എഡ്യൂക്കേഷൻ മുഖേനയുള്ള ബിരുദ, ബിരുദാനന്തര കോഴ്സുകളുടെ

അംഗീകാരം സംബന്ധിച്ച് യു.ജി.സി.-യുടെ അന്തിമ തീരുമാനം വരുന്ന മുറയ്ക്കുമാത്രമെ പ്രസ്തുത കോഴ്സുകളുടെ അംഗീകാരം സംബന്ധിച്ച വിഷയത്തിൽ സർവകലാശാലകൾക്ക് തുടർ നടപടി സ്വീകരിക്കാനാകൂ.

സർവകലാശാലകൾക്കുള്ള പദ്ധതി വിഹിതം

149(1722) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-2017 സാമ്പത്തിക വർഷം മുതൽ നാളിതുവരെ ഓരോ സാമ്പത്തിക വർഷവും പ്ലാൻ ഗ്രാന്റിനത്തിലും നോൺപ്ലാൻ ഗ്രാന്റിനത്തിലും സംസ്ഥാനത്തെ വിവിധ സർവകലാശാലകൾക്ക് അതത് വർഷത്തെ സംസ്ഥാന ബജറ്റിൽ വകയിരുത്തിയ തുക, ഓരോ സർവകലാശാലയ്ക്കും അനുവദിച്ച തുക, വകയിരുത്തിയ തുക പൂർണ്ണമായും അനുവദിച്ചിട്ടില്ലെങ്കിൽ ആയതിന്റെ കാരണം തുടങ്ങിയ വിശദാംശങ്ങൾ സർവകലാശാല തിരിച്ച് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത കാലയളവിൽ പ്ലാൻ, നോൺ പ്ലാൻ വിഭാഗങ്ങളിൽ ഓരോ സർവകലാശാലയും ചെലവഴിച്ച ആകെ തുക, പ്രസ്തുത തുകയിൽ സർവകലാശാലകളുടെ തനത്ഫണ്ടിൽനിന്നും ചെലവഴിക്കേണ്ടിവന്ന തുക എന്നിവയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) 2022-23 സാമ്പത്തിക വർഷത്തെ നോൺ പ്ലാൻ ഗ്രാന്റിനത്തിൽ അനുവദിക്കാൻ ബാക്കിയുള്ള അവസാന ഗഡു അനുവദിക്കാൻ നിർവ്വാഹമില്ലെന്ന് ഉന്നത വിദ്യാഭ്യാസ വകുപ്പിൽനിന്നുള്ള 10-05-2023-ലെ ബി1/73/2023/ഉ.വി.വ. നമ്പർ കത്ത് പ്രകാരം സർവകലാശാലകളെ അറിയിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണം വിശദമാക്കാമോ;

(ഡി) നോൺ പ്ലാൻ ഗ്രാന്റിനത്തിലെ അവസാന ഗഡു തടഞ്ഞുകൊണ്ടുള്ള സർക്കാർ തീരുമാനംമൂലം ഓരോ സർവകലാശാലയ്ക്കും നഷ്ടമായ തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; പ്രസ്തുത തുക സർവകലാശാലകൾക്ക് അനുവദിക്കുന്ന കാര്യം പരിഗണനയിലുണ്ടോ എന്ന് വിശദമാക്കാമോ?

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

സർക്കാർ കോളേജുകളിൽ ആരംഭിക്കാൻ ഉദ്ദേശിക്കുന്ന കോഴ്സുകൾ

150(1723) ഡോ. എം. കെ. മുനീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടുത്ത അധ്യയന വർഷം മുതൽ സർക്കാർ കോളേജുകളിൽ ഏതെല്ലാം പുതിയ കോഴ്സുകളാണ് ആരംഭിക്കാൻ ഉദ്ദേശിക്കുന്നത്; കോഴ്സുകളുടെ വിവരം കോളേജ് തിരിച്ച് വ്യക്തമാക്കാമോ; ഇതുമായി ബന്ധപ്പെട്ട നടപടികളുടെ വിശദാംശങ്ങൾ നൽകാമോ?

സർക്കാർ കോളേജുകളിൽ പുതിയ കോഴ്സുകൾ അനുവദിക്കുന്ന വിഷയം പിന്നീട് പരിഗണിക്കുന്നതിനായി മാറ്റിവച്ചിരിക്കുകയാണ്.

(ബി) കോഴിക്കോട് ഗവൺമെന്റ് ആർട്സ് ആൻഡ് സയൻസ് കോളേജിൽ എം.എ. അറബിക് കോഴ്സ് ആരംഭിക്കാൻ 02-03-2016-ന് ചേർന്ന മന്ത്രിസഭാ യോഗത്തിൽ അനുമതി നൽകുകയും (നം. 8693) 14-03-2017-ന് ചേർന്ന മന്ത്രിസഭാ യോഗം അംഗീകരിക്കുകയും ചെയ്തിട്ടും ഇതുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവ് ഇറങ്ങാത്തതിനാൽ കോഴ്സ്

ആരംഭിക്കാൻ സാധിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ സർക്കാർ ഉത്തരവ് ഇറങ്ങാത്തത് എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ?

കോഴിക്കോട് ഗവൺമെന്റ് ആർട്സ് ആൻഡ് സയൻസ് കോളേജിൽ എം.എ. അറബിക് കോഴ്സ് ആരംഭിക്കാൻ തീരുമാനിച്ചിരുന്നെങ്കിലും സർക്കാരിന്റെ അക്കാലത്തെ സാമ്പത്തിക സ്ഥിതിയുടെ പശ്ചാത്തലത്തിൽ ഉത്തരവ് പുറപ്പെടുവിച്ചിരുന്നില്ല.

(സി) 16 മണിക്കൂർ ജോലിഭാരം ഉണ്ടായിട്ടും പല കോളേജുകളിലും പല അധ്യാപക തസ്തികകളും സൃഷ്ടിക്കപ്പെട്ടിട്ടില്ല എന്നത് പരിഗണിച്ച് പുതിയ തസ്തികകൾ സൃഷ്ടിക്കാൻ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

പി.ജി. വെയ്റ്റേജ് ഒഴിവാക്കിയതിന്റെ അടിസ്ഥാനത്തിലും എം.ഫിൽ. തസ്തിക നിർത്തലാക്കിയതിന്റെ അടിസ്ഥാനത്തിലും സർക്കാർ ആർട്സ് ആൻഡ് സയൻസ് കോളേജുകളിലെ തസ്തികകളിലെ ആകെ ജോലിഭാരം കുറയുകയും ആയതിന്റെ അടിസ്ഥാനത്തിൽ എല്ലാ വിഷയങ്ങളിലെയും ആകെ തസ്തികകളുടെ എണ്ണം കുറയുന്ന സാഹചര്യമാണ് ഉണ്ടായിട്ടുള്ളത്. മേൽ സാഹചര്യത്തിലും നാലുവർഷ ബിരുദ കോഴ്സ് ആരംഭിച്ചതിന്റെ

പശ്ചാത്തലത്തിലും 29-06-2024-ലെ സ.ഉ.(സാധാ) നം. 770/2024/ഉ.വി.വ. പ്രകാരം നാലുവർഷ ബിരുദ കോഴ്സിന്റെ ആദ്യ ബാച്ച് പഠനം പൂർത്തിയാകുന്നതുവരെ സർക്കാർ/എയ്ഡഡ് കോളേജുകളിൽ നിലവിൽ അനുവദിക്കപ്പെട്ട മുഴുവൻ ജോലിഭാരവും തസ്തികകളും തൽസ്ഥിതി നിലനിർത്തി ലോക്ക് ചെയ്തുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ഡി) ചുരുങ്ങിയത് ഒൻപത് മണിക്കൂറെങ്കിലും ജോലിഭാരമുള്ള അവസാന തസ്തിക/സിംഗിൾ ഫാക്കൽറ്റി എന്നിവയിൽ സ്ഥിര അധ്യാപകരെ നിയമിക്കാത്തതുമൂലം അധ്യാപകരും വിദ്യാർഥികളും ഉന്നത വിദ്യാഭ്യാസരംഗത്ത് പൊതുവായി നേരിടുന്ന പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ നിലവിലുള്ള തസ്തികകൾ നിലനിർത്തുകയും സൃഷ്ടിക്കപ്പെടാത്ത തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തുകൊണ്ട് ഈ പ്രശ്നം പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

സ്ഥിര അധ്യാപകരെ നിയമിക്കുന്നിനുള്ള, 16 മണിക്കൂർ ജോലിഭാരം ഇല്ലാത്ത തസ്തികകളിലേയ്ക്കും സ്ഥിരം അധ്യാപക തസ്തികകൾ സൃഷ്ടിക്കാത്ത

തസ്തികകളിലേയ്ക്കും വർക്ക് ലോഡ് ഉള്ള പക്ഷം ഗസ്റ്റ് അധ്യാപകരുടെ സേവനം പ്രയോജനപ്പെടുത്താമെന്ന് 28-06-2024-ലെ സ.ഉ.(സാധാ)നം. 751/2024/ഉ.വി.വ. പ്രകാരം കോളേജുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

ചാലക്കുടി മേഖലാ ശാസ്ത്ര കേന്ദ്രത്തിലെ പ്ലാനറ്റോറിയം കെട്ടിട ചോർച്ച പരിഹരിക്കാൻ നടപടി

151(1724) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മേഖലാ ശാസ്ത്ര കേന്ദ്രത്തിലെ പ്ലാനറ്റോറിയം കെട്ടിടത്തിന്റെ മകുടത്തിലെ ചോർച്ച പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ചോർച്ച പരിഹരിക്കുന്നതിന് നിർമ്മാണ നിർവ്വഹണ ഏജൻസിയായ ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പ് മുന്നോട്ടുവച്ച നിർദ്ദേശവും ഇതിന്മേലുള്ള ചീഫ് ടെക്നിക്കൽ എക്സാമിനറുടെ വിദഗ്ദാഭിപ്രായവും വിശദമാക്കാമോ;

(സി) ചോർച്ച പരിഹരിച്ച് പ്ലാനറ്റോറിയം പൊതുജനങ്ങൾക്ക് എന്നത്തേയ്ക്ക് തുറന്നുനൽകാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

(എ-സി) കേരള ശാസ്ത്ര സാങ്കേതിക മ്യൂസിയത്തിന്റെ ചാലക്കുടി മേഖലാ ശാസ്ത്ര കേന്ദ്രത്തിലെ പ്ലാനറ്റോറിയം കെട്ടിടത്തിന്റെ മകുടത്തിലെ ചോർച്ച പരിഹരിക്കുന്നതിന് "Super ThermoLay App modified Waterproofing Membrane" ഉപയോഗിച്ച് കെട്ടിടത്തിന്റെ മകുടം പൂർണ്ണമായി പൊതിയുക എന്ന നിർദ്ദേശം പദ്ധതിയുടെ നിർമ്മാണ നിർവഹണ ഏജൻസിയായ ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പ് മുന്നോട്ടുവയ്ക്കുകയും ടി പ്രൊപ്പോസൽ മ്യൂസിയത്തിന്റെ സാങ്കേതിക സമിതി ചുവടെ ചേർത്തിട്ടുള്ള ഉപാധികളോടെ അംഗീകരിക്കുകയും ചെയ്തു.

(1) "Super ThermoLay App modified Waterproofing Membrane" രീതി ഉപയോഗിക്കുമ്പോൾ ഉൽപാദകരുടെ മെത്തഡോളജിതന്നെ പ്രയോഗിക്കേണ്ടതാണ്.

(2) "Super ThermoLay App modified Waterproofing Membrane" രീതി ഉപയോഗിച്ച് ചെയ്യുന്ന ചോർച്ച പരിഹാര രീതിക്ക് ഉറപ്പുനൽകുന്ന ആറ്

വർഷത്തെ വാറണ്ടി ഉൽപാദകരിൽനിന്നും ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പ് വാങ്ങി endorse ചെയ്ത് നൽകേണ്ടതാണ്.

(3) ഉൽപാദകർ "Super ThermoLay App modified Waterproofing Membrane"-ന് ആറ് വർഷത്തെ വാറണ്ടി മാത്രമെ വാഗ്ദാനം ചെയ്യുന്നുള്ളു എന്നതിനാലും പ്ലാനറ്റോറിയം കെട്ടിടം വളരെ വിലപിടിച്ചതും അത്യാധുനികവുമായ പ്രൊജക്ഷൻ സിസ്റ്റം ഘടിപ്പിച്ച് നിർമ്മിക്കുന്നതായതിനാലും ഭാവിയിൽ പ്ലാനറ്റോറിയം കെട്ടിടത്തിനുമുകളിൽ സ്ഥിരമായ ബാഹ്യ മേൽക്കൂര നിർമ്മിക്കുന്നതും ഉചിതമാണ്.

മേൽപ്പറഞ്ഞ ഉപാധികളോടൊപ്പം താഴെപ്പറയുന്ന ഉപാധികൾകൂടി ഉൾപ്പെടുത്തി ചീഫ് ടെക്നിക്കൽ എക്സാമിനർ ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പിന്റെ പ്രൊപ്പോസൽ അംഗീകരിച്ചു.

(1) പ്ലാനറ്റോറിയം കെട്ടിടത്തിനുമുകളിൽ ചെലവുകുറഞ്ഞതും സൗന്ദര്യാത്മകവുമായ സ്ഥിരമായ ബാഹ്യ മേൽക്കൂര നൽകുന്നതാണ് നല്ലത്.

(2) ഉൽപാദകർ വാഗ്ദാനം ചെയ്യുന്ന 6 വർഷത്തെ വാറണ്ടി കാലാവധി ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പിനെകൊണ്ട് അംഗീകരിച്ചുവാങ്ങേണ്ടതാണ്.

നിർമ്മാണ നിർവ്വഹണ ഏജൻസിയായ ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പ്, "Super ThermoLay App modified Water proofing Membrane" ഉപയോഗിച്ച് കെട്ടിടത്തിന്റെ മകുടം പൂർണ്ണമായി പൊതിയുന്ന ജോലി പ്ലാനറ്റോറിയം കെട്ടിടത്തിന്റെ നിർമ്മാണ കരാറിന്റെ ഭാഗമായി ഏറ്റെടുക്കാൻ കഴിയില്ലെന്നും പ്രത്യേക വർക്ക് ഓർഡർ നൽകിയാൽ മാത്രമെ ചെയ്യാൻ കഴിയുകയുള്ളൂവെന്നും അറിയിക്കുകയും തുടർന്ന് ബന്ധപ്പെട്ടവരുമായി യോഗം ചേരുകയും യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പ്രശ്ന പരിഹാരത്തിനായുള്ള നിർദ്ദേശങ്ങൾ മ്യൂസിയം ഡയറക്ടർ സമർപ്പിക്കുകയും ചെയ്തു. പ്രസ്തുത നിർദ്ദേശങ്ങൾ സർക്കാരിന്റെ പരിഗണനയിലാണ്. കെട്ടിടത്തിന്റെ ചോർച്ച പരിഹരിച്ചശേഷം ഉപകരണങ്ങൾ സ്ഥാപിച്ച് പ്ലാനറ്റോറിയം പ്രവർത്തനസജ്ജമാക്കി പൊതുജനങ്ങൾക്ക് തുറന്നു കൊടുക്കുന്നതിനാണ് പദ്ധതിയിടുന്നത്.

സ്വകാര്യ സർവകലാശാലകൾ തുടങ്ങാൻ നടപടി

152(1725) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം

മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വകാര്യ സർവകലാശാലകൾ തുടങ്ങുന്നത് സർക്കാരിന്റെ പരിഗണനയിലുണ്ടോ? ഉണ്ടെങ്കിൽ വിശദമാക്കാമോ;

(ബി) പ്രസ്തുത സർവകലാശാലകൾ തുടങ്ങുന്നത് സംബന്ധിച്ച് സർക്കാരിൽ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് ജില്ല തിരിച്ച് വിശദമാക്കുമോ?

(എ&ബി) സംസ്ഥാനത്ത് സ്വകാര്യ സർവകലാശാലകൾ തുടങ്ങുന്നത് സംബന്ധിച്ച നിയമ നിർമ്മാണം സർക്കാരിന്റെ പരിഗണനയിലാണ്.

ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റിയിലെ യു.ജി., പി.ജി. പ്രോഗ്രാമുകൾ

153(1726) ശ്രീ. പി. പി. സുമോദ്: താഴെ കാണുന്ന ചോദ്യത്തിന് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റിയിൽ എത്ര യു.ജി., പി.ജി. പ്രോഗ്രാമുകളാണ് ലഭ്യമായിട്ടുള്ളതെന്ന് വിശദമാക്കാമോ?

ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റിയിൽ നടത്തിവരുന്ന യു.ജി., പി.ജി. പ്രോഗ്രാമുകളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.+

എ.ജി. ഓഡിറ്റ് റിപ്പോർട്ടിന്റെ പകർപ്പ്

154(1727) ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യത്തിന് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരളാ ടെക്നോളജിക്കൽ യൂണിവേഴ്സിറ്റിയുടെ പ്രവർത്തങ്ങൾ സംബന്ധിച്ച് ഏറ്റവും ഒടുവിൽ പ്രസിദ്ധീകരിച്ച അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ?

പകർപ്പ് അനുബന്ധമായി ചേർക്കുന്നു.+

കേരള സാങ്കേതിക സർവകലാശാലയിലെ ഓഡിറ്റ്

155(1728) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യത്തിന് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ സാങ്കേതിക സർവകലാശാലയുടെ പ്രവർത്തനങ്ങൾ അക്കൗണ്ടന്റ് ജനറൽ ഓഡിറ്റ് ചെയ്തിട്ടുണ്ടോ; ഏറ്റവും ഒടുവിലായി എപ്പോഴാണ് ഓഡിറ്റ് നടത്തിയതെന്ന് വ്യക്തമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കേരളാ സാങ്കേതിക സർവകലാശാലയുടെ പ്രവർത്തനങ്ങൾ അക്കൗണ്ടന്റ് ജനറൽ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഏറ്റവും ഒടുവിൽ ഓഡിറ്റ് നടത്തിയ കാലയളവ് 2021-2024 ആണ്.

(ബി) പ്രസ്തുത ഓഡിറ്റിലെ കണ്ടെത്തലുകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

പ്രസ്തുത ഓഡിറ്റിലെ കണ്ടെത്തലുകൾ അനുബന്ധമായി ചേർക്കുന്നു.+

ഐ.ഇ.ഡി. വിഭാഗം വിദ്യാർഥികൾക്ക് സ്ക്രൈബ്

156(1729) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: താഴെ കാണുന്ന ചോദ്യത്തിന് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള കോളേജുകളിൽ പഠിക്കുന്ന ഐ.ഇ.ഡി. വിഭാഗം വിദ്യാർഥികൾക്ക് പരീക്ഷ എഴുതുന്നതിനായി കോളേജ് തലത്തിൽത്തന്നെ സ്ക്രൈബിനെ സംഘടിപ്പിച്ചു നൽകുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കോളേജുകൾ കണ്ടെത്തുന്ന സ്പെഷ്യലിനെ നിയമിക്കുന്നതിനായി അതത് പ്രിൻസിപ്പൽമാർ അപേക്ഷ സമർപ്പിക്കുമ്പോൾ രേഖകൾ പരിശോധിച്ച ശേഷം അനുമതി നൽകുന്നതിന് കാലിക്കറ്റ് സർവകലാശാല നടപടി സ്വീകരിക്കുന്നുണ്ട്. ഒന്നാം സെമസ്റ്ററിൽ സ്പെഷ്യലിനെ ലഭ്യമാക്കുന്നതിന് അപേക്ഷ സമർപ്പിക്കുന്ന പക്ഷം ഒന്ന് മുതൽ ആറ് സെമസ്റ്റർ വരെ (റെഗുലറും സപ്ലിമെന്ററിയും) എല്ലാ സെമസ്റ്ററിലും സ്പെഷ്യലിനെ ലഭ്യമാക്കുന്നതിനും കാലിക്കറ്റ് സർവ്വകലാശാല അനുമതി നൽകിയിട്ടുണ്ട്.

കാലിക്കറ്റ് സർവകലാശാല ഭൂമിയിലെ കൈവശങ്ങൾ

157(1730) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലിക്കറ്റ് സർവകലാശാലയുടെ ഉടമസ്ഥതയിലുള്ള ഭൂമി, കെട്ടിടങ്ങൾ എന്നിവ ഏതെങ്കിലും സ്ഥാപനങ്ങൾക്കോ വ്യക്തികൾക്കോ സംഘടനകൾക്കോ സൊസൈറ്റികൾക്കോ പാട്ടത്തിനോ വാടകയ്ക്കോ സൗജന്യമായോ അനുവദിച്ചിട്ടുണ്ടെങ്കിൽ, കരാർ പ്രാബല്യത്തിൽ വന്ന

തീയതി, പുതുക്കിയ തീയതി, പാട്ട/വാടക തുക, പുതുക്കി നിശ്ചയിച്ച തുക എന്നിവ ഉൾപ്പെടെയുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ; പാട്ടകരാർ/വാടക കരാർ എന്നിവയുടെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത ഭൂമിയിൽ നിലവിലുള്ള കെട്ടിടങ്ങളുടെയും, സ്ഥാപനങ്ങളുടെയും വിശദാംശങ്ങൾ ലഭ്യമാക്കാമോ?

(എ&ബി) വിശദാംശങ്ങൾ അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.+

(സി) പ്രസ്തുത ഭൂമിയുടെ പാട്ടത്തുകയിനത്തിലും കെട്ടിടങ്ങളുടെ വാടകയിനത്തിലും സ്ഥാപനങ്ങൾ, വ്യക്തികൾ, സംഘടനകൾ, സൊസൈറ്റികൾ എന്നിവയിൽനിന്നും സർവകലാശാലയ്ക്ക് നിലവിൽ ലഭിച്ചുകൊണ്ടിരിക്കുന്ന വരുമാനത്തിന്റെ വിശദാംശങ്ങൾ ഇനം തിരിച്ച് ലഭ്യമാക്കാമോ; പ്രസ്തുത പാട്ടതുക/വാടക എന്നുമുതൽ നിലവിലുള്ളതാണെന്ന് വ്യക്തമാക്കാമോ; പാട്ടത്തുക/വാടക കുടിശ്ശിക വരുത്തിയവരുടെ വിശദാംശങ്ങളും, അവരിൽനിന്നും സർവകലാശാലയ്ക്ക് ലഭിക്കാനുള്ള തുകയുടെ വിശദാംശങ്ങളും ലഭ്യമാക്കുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രസ്തുത ഭൂമിയുടെ പാട്ടത്തുക എന്നുമുതൽ നിലവിലുള്ളതാണെന്ന് പിരിവ് (എ)-യിൽ വ്യക്തമാക്കിയിട്ടുണ്ട്. കൂടിശ്ശിക വരുത്തിയവരുടെ വിശദാംശങ്ങൾ അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.+

(ഡി) കാലിക്കറ്റ് സർവകലാശാലയുടെ ഉടമസ്ഥതയിലുള്ള പ്രസ്തുത ഭൂമിയുടെ പാട്ടത്തുകയും കെട്ടിടങ്ങളുടെ വാടകയും അവസാനമായി പുതുക്കി നിശ്ചയിച്ചതെന്നാണെന്ന് വിശദമാക്കാമോ; യഥാസമയം തുക പുതുക്കി നിശ്ചയിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ?

കാലിക്കറ്റ് സർവകലാശാലയുടെ ഉടമസ്ഥതയിലുള്ള പ്രസ്തുത ഭൂമിയുടെ പാട്ടത്തുക അതത് സൊസൈറ്റികളുടെ എഗ്രിമെന്റ് കാലാവധി അവസാനിക്കുമ്പോൾ പുതുക്കി നിശ്ചയിക്കാറുണ്ട്. വിശദാംശങ്ങൾ പിരിവ് (എ)-യിൽ നൽകിയിട്ടുണ്ട്.

(ഇ) പ്രസ്തുത ഭൂമിയുടെ പാട്ടത്തുകയും കെട്ടിടങ്ങളുടെ വാടകയും പുതുക്കി നിശ്ചയിക്കാത്തതുമൂലം സർവകലാശാലയ്ക്ക് വർഷംതോറും ഭീമമായ തുക നഷ്ടപ്പെടുന്നതായി ഓഡിറ്റ് പരിശോധനകളിൽ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കണ്ടെത്തിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ; ഓഡിറ്റ് ഏജൻസികളുടെ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ?

മേൽ വിഷയങ്ങളുമായി ബന്ധപെട്ട ലോക്കൽ ഫണ്ട് ഓഡിറ്റ് പരാമർശങ്ങൾ 2020-21 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3-6 (കാലിക്കറ്റ് സർവകലാശാല സ്റ്റാഫ് കോ-ഓപ്പറേറ്റീവ് ക്രെഡിറ്റ് സൊസൈറ്റി-പാട്ടക്കരാർ പുതുക്കാതെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് അനുമതി നൽകിയത് ക്രമപ്രകാരമല്ല), കാലിക്കറ്റ് സർവകലാശാലയുടെ 2019-20 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ Para 2-25 (പാട്ടത്തിന് നൽകിയ ഭൂമിയുടെ പാട്ടത്തുക പുതുക്കുന്നില്ല), 2018-2019 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ 3-13 (കാലിക്കറ്റ് യൂണിവേഴ്സിറ്റി കോ-ഓപ്പറേറ്റീവ് സ്റ്റോർസ് ലിമിറ്റഡ് നം.എം 24 പാട്ടത്തുക പുതുക്കിയിട്ടില്ല.), 3-44 (സർവകലാശാല ക്യാമ്പസിലെ അനധികൃത കയ്യേറ്റം - അഡ്വ. നിയാസ് കമ്മറ്റി ശിപാർശകൾ നടപ്പാക്കിയില്ല), 2019-20 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഭാഗം 2-21:5-ലെ വാടക പുതുക്കി നിശ്ചയിക്കേണ്ടതാണ് എന്ന ശീർഷകത്തിൽ, ചില സ്ഥാപനങ്ങളുടെ നിശ്ചയിച്ച വാടക നിരക്ക്

ആനുകാലിക നിരക്കുമായി താരതമ്യം ചെയ്യുമ്പോൾ വളരെ കുറവാണ് എന്നും PWD വകുപ്പിന്റെ സഹായത്തോടെ വാടക പുതുക്കി നിശ്ചയിക്കേണ്ടതാണെന്നും നിരീക്ഷിച്ചിട്ടുണ്ട്. കൂടാതെ, AG-യുടെ 2016-2017 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ പാർട്ട് II para VI, 2019 -2020 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ പാർട്ട് II B para X, 2020-2021 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ പാർട്ട് II B para XVI ഓഡിറ്റ് പരാമർശങ്ങൾ പ്രകാരം പ്രസ്തുത ഭൂമിയുടെ പാട്ടത്തുകയും കെട്ടിടങ്ങളുടെ വാടകയും പുതുക്കി നിശ്ചയിക്കാത്തത് തുക നഷ്ടപ്പെടുന്നതായി ഓഡിറ്റ് പരിശോധനകളിൽ കണ്ടെത്തിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് സർവകലാശാല ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. മേൽ ഓഡിറ്റ് പരാമർശങ്ങളുടെ പകർപ്പ് അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.+

ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നൈപുണ്യ വികസന കേന്ദ്രങ്ങൾ

158(1731) ശ്രീ. കടകംപള്ളി സുരേന്ദ്രൻ:
ശ്രീ. സി. എച്ച്. കുഞ്ഞമ്പു:
ശ്രീമതി യു. പ്രതിഭ:
ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) സംസ്ഥാനത്തെ മുഴുവൻ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിലും നൈപുണ്യവികസന കേന്ദ്രങ്ങൾ ആരംഭിക്കാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉണ്ട്. നാലുവർഷ ബിരുദ പ്രോഗ്രാമുകൾ ആരംഭിച്ച പശ്ചാത്തലത്തിൽ സംസ്ഥാനത്തെ എല്ലാ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലും പ്രൊഫഷണൽ നൈപുണ്യ പരിശീലന ഏജൻസികളുമായി സഹകരിച്ച് നൈപുണ്യ വികസന കോഴ്സുകളും കരിയർ പ്ലാനിംഗും നടത്തുന്നതിനായി Centre for Skill Development Courses and Career Planning (CSDCCP) എന്ന പേരിൽ സ്വയംപര്യാപ്ത രീതിയിൽ നൈപുണ്യ വികസനകേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

(ബി) ഇതിന്റെ ഭാഗമായി നൈപുണ്യവികസന കോഴ്സുകളും കരിയർ പ്ലാനിങ്ങും നടത്താനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

സ്കിൽ കോഴ്സുകൾ നടത്തുന്ന മറ്റ് ഏജൻസികളുമായി ചേർന്ന് വിദ്യാർഥികൾക്ക് നൈപുണ്യ വികസന കോഴ്സുകൾ നൽകുന്നതിന് CSDCCP-കൾക്ക് നിർദേശം നൽകിയിട്ടുണ്ട്.

(സി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

സംസ്ഥാനത്തെ ആർട്സ് ആൻഡ് സയൻസ് കോളേജുകളിൽ, വിദ്യാർഥികളിൽ നിലനിൽക്കുന്ന സ്കിൽ വിടവുകൾ മറികടക്കുന്നതിനായി സ്കിൽ ഫൗണ്ടേഷൻ കോഴ്സുകൾ രൂപപ്പെടുത്തണമെന്ന് ഉന്നത വിദ്യാഭ്യാസ പരിഷ്കരണ കമ്മീഷനുകളുടെ റിപ്പോർട്ടുകളിൽ നിർദേശിച്ചിരുന്നു. ഇതിന്റെ കൂടി അടിസ്ഥാനത്തിലാണ് നാലുവർഷ ബിരുദ പ്രോഗ്രാമിന്റെ ഭാഗമായി പുറത്തിറക്കിയ കേരള സ്റ്റേറ്റ് ഹയർ എഡ്യൂക്കേഷൻ കരിക്കുലം ഫ്രെയിംവർക്കിൽ സ്കിൽ എഡ്യൂക്കേഷനും വൊക്കേഷണൽ എഡ്യൂക്കേഷനും ബിരുദ കരിക്കുലത്തിന്റെ ഭാഗമാക്കി ഉൾപ്പെടുത്തിയത്.

(ഡി) നൈപുണ്യ വികസനം, കരിയർ പ്ലാനിംഗ് തുടങ്ങിയ മേഖലകളിൽ എന്തെല്ലാം മാറ്റങ്ങൾ പ്രതീക്ഷിക്കുന്നുവെന്ന് അറിയിക്കുമോ?

പ്രസ്തുത പദ്ധതിയിലൂടെ, നിലവിൽ വിദ്യാർഥികളിൽ നിലനിൽക്കുന്ന സ്കിൽ വിടവുകൾ നികത്തി, അവരെ തൊഴിൽ പ്രാപ്തരാക്കാനും

ഉന്നതവിദ്യാഭ്യാസ-വ്യവസായ linkage ശക്തിപ്പെടുത്താനും സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

കെ-റീപ് പദ്ധതി

159(1732) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ-റീപ് പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഉന്നതവിദ്യാഭ്യാസ വകുപ്പും ബന്ധപ്പെട്ട ഏജൻസികളും സ്ഥാപനങ്ങളും നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) പദ്ധതി നടപ്പിലാക്കുന്നതിന് ഹയർ എഡ്യൂക്കേഷൻ കൗൺസിൽ മുഖേന അസാപ് കേരള വഴി എം.കെ.സി.എൽ. എന്ന മഹാരാഷ്ട്ര കമ്പനിയെ തെരഞ്ഞെടുത്തത് എങ്ങനെയെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത കമ്പനിയുടെ സ്വഭാവം, ഉടമസ്ഥർ, മുൻകാല പരിചയം എന്നിവ സംബന്ധിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ?

(എ-സി) ഉന്നതവിദ്യാഭ്യാസ പരിഷ്കരണ കമ്മീഷനുകൾ സമർപ്പിച്ച ഇടക്കാല റിപ്പോർട്ട് സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി 21-04-2022-ന് വിളിച്ചുചേർത്ത യോഗത്തിൽ Enterprise Resourse Planning എന്ന ആശയത്തിലൂന്നി സംസ്ഥാനത്തെ സർവകലാശാലകൾക്കും കോളേജുകൾക്കും ഉപയോഗപ്രദമാക്കാവുന്ന കേരള റിസോഴ്സ് ഫോർ എഡ്യൂക്കേഷണൽ അഡ്മിനിസ്ട്രേഷൻ ആൻഡ് പ്ലാനിങ് (K-REAP) മൂന്ന് ഘട്ടമായി വികസിപ്പിക്കണമെന്നും ആദ്യഘട്ടത്തിൽ ഭരണപരമായ മൊഡ്യൂളുകളും രണ്ടാം ഘട്ടത്തിൽ പരീക്ഷ സംബന്ധിയായ മൊഡ്യൂളുകളും മൂന്നാംഘട്ടത്തിൽ ലേർണിംഗ് മാനേജ്മെന്റ് മൊഡ്യൂളുകളും വികസിപ്പിക്കണമെന്നും തീരുമാനിച്ചിരുന്നു.

ഇതിനെ തുടർന്ന് കെ-റീപ് വികസന കാര്യങ്ങളെക്കുറിച്ച് വിശദമായി പഠിക്കുന്നതിനും നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനുമായി സർവകലാശാല പ്രതിനിധികളെവച്ച് രൂപീകരിച്ച സാങ്കേതിക നിരീക്ഷണ സമിതി ഒരു സോഫ്റ്റ്വെയർ വികസന പദ്ധതി തയ്യാറാക്കി സർക്കാരിലേയ്ക്ക് സമർപ്പിക്കുകയും പ്രൊപ്പോസൽ ടെക്നിക്കൽ കമ്മിറ്റി പരിശോധിക്കുകയും

തുടർന്ന്, വിപണിയിൽ ലഭ്യമായ സോഫ്റ്റ്വെയർ സേവനങ്ങൾ കസ്റ്റമൈസ് ചെയ്ത് ഉപയോഗിക്കുന്ന രീതി ആദ്യം പരിഗണിക്കണമെന്ന നിർദ്ദേശം ഉൾപ്പെടുത്തി ഉന്നതവിദ്യാഭ്യസ കൗൺസിലിന് കെ-റീപ് സോഫ്റ്റ്വെയർ വികസന പ്രവർത്തനങ്ങളുടെ ആദ്യഘട്ടം ആരംഭിക്കാനുള്ള ഭരണാനുമതി ലഭ്യമാക്കുകയും ചെയ്തു.

ഇതിനെ തുടർന്ന്, വിപണിയിൽ ലഭ്യമായ സോഫ്റ്റ്വെയർ സേവനങ്ങൾ K-REAP നടത്തിപ്പിനായി ഉപയോഗപ്പെടുത്താമോ എന്ന് പരിശോധിക്കുന്നതിനായി KSHEC രൂപീകരിച്ച സാങ്കേതിക ഉപദേശ സമിതി വിവിധ ഏജൻസികൾ സമർപ്പിച്ച പ്രൊപ്പോസലുകൾ പരിശോധിക്കുകയും വിശദമായ അവതരണത്തിനായി ഈ ഏജൻസികൾക്ക് അവസരം നൽകുകയും ചെയ്തു. ഇതിനെ തുടർന്ന് ASAP Kerala, TCS എന്നിവ സമർപ്പിച്ച SaaS-അധിഷ്ഠിത ERP സൊല്യൂഷനുകൾ സമിതി ഷോർട്ട്ലിസ്റ്റ് ചെയ്തു. തുടർന്ന്, അസാപ് കേരള സർക്കാർ ഉടമസ്ഥതയിലുള്ള സ്ഥാപനമാണെന്നതും അവർ മുമ്പോട്ടുവച്ച സൊല്യൂഷന്റെ പ്രായോഗിക മികവും മുൻനിർത്തി KSHEC എക്സിക്യൂട്ടീവ് കൗൺസിൽ ആത്യന്തികമായി

അസാപ്-കേരള മുന്നോട്ടുവച്ച സൊല്യൂഷൻ കെ-റീപ് വികസനത്തിനായി തെരഞ്ഞെടുക്കാനുള്ള അനുമതിക്കായി സർക്കാരിനെ സമീപിക്കുകയും സർക്കാർ അത് പരിശോധിച്ച് അനുമതി നൽകുകയും ചെയ്തു.

സർക്കാർ അനുമതി പ്രകാരം കൗൺസിൽ അസാപ് കേരളയുമായി ധാരണാപാത്രത്തിൽ ഏർപ്പെടുകയും അതുപ്രകാരം കെ-റീപ് വികസന പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

നവകേരള പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പ്

160(1733) ശ്രീ. വി. ആർ. സുനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഉന്നതവിദ്യാഭ്യാസ വകുപ്പിനുകീഴിലുള്ള ഉന്നത വിദ്യാഭ്യാസ കൗൺസിൽ ഗവേഷണ വിദ്യാർഥികൾക്ക് തുടർ ഗവേഷണങ്ങൾക്കായി നൽകിവരുന്ന നവകേരള പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പിനുവേണ്ടി ലഭിച്ച അപേക്ഷകൾ പ്രകാരം 20-04-2024-ന്

നടത്തിയ കൂടിക്കാഴ്ചയുടെ സെലക്ഷൻ ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടില്ലെങ്കിൽ അതിന്റെ കാരണവും ലിസ്റ്റിന്റെ നിലവിലെ സ്ഥിതിയും അത് എപ്പോൾ പ്രസിദ്ധീകരിക്കാൻ കഴിയുമെന്നുമുള്ള വിവരങ്ങൾ അറിയിക്കാമോ; വിശദമാക്കുമോ ?

(എ&ബി) സംസ്ഥാന ഉന്നതവിദ്യാഭ്യാസ വകുപ്പിനുകീഴിലുള്ള ഉന്നത വിദ്യാഭ്യാസ കൗൺസിൽ ഗവേഷണ വിദ്യാർഥികൾക്ക് തുടർ ഗവേഷണങ്ങൾക്കായി നൽകിവരുന്ന നവകേരള പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പിനുവേണ്ടി ലഭിച്ച അപേക്ഷകൾ പ്രകാരം 20-04-2024-ന് നടത്തിയ കൂടിക്കാഴ്ചയുടെ കരട് സെലക്ഷൻ ലിസ്റ്റ് പരിശോധിച്ചുവരുന്നു.

സ്ത്രീകളുടെയും കുട്ടികളുടെയും ക്ഷേമം

161(1734) ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യനീതി വകുപ്പ് സ്ത്രീകളുടെയും കുട്ടികളുടെയും ക്ഷേമത്തിനും ഉന്നമനത്തിനുമായി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

സാമൂഹ്യനീതി വകുപ്പ് സ്ത്രീകളുടെയും കുട്ടികളുടെയും ക്ഷേമത്തിനും ഉന്നമനത്തിനുമായി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മലപ്പുറം ജില്ലയിലെ മഞ്ചേരി നിയോജക മണ്ഡലത്തിൽ സാമൂഹ്യനീതി വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

സാമൂഹ്യനീതി വകുപ്പുവഴി സമൂഹത്തിലെ പാർശ്വവൽകൃത ജനവിഭാഗങ്ങളായ വയോജനം, ഭിന്നശേഷി, ട്രാൻസ്ജെൻഡർ, പ്രൊബേഷൻ & ആഫ്റ്റർ കെയർ എന്നീ വിഭാഗങ്ങളിലുള്ളവരുടെ ഉന്നമനത്തിനും ക്ഷേമത്തിനുമുള്ള വിവിധ പദ്ധതികളും പുനരധിവാസ പ്രവർത്തനങ്ങളുമാണ് നടപ്പിലാക്കിവരുന്നത്. ജില്ലാതലത്തിലാണ് പ്രസ്തുത പദ്ധതികൾക്ക് തുക അനുവദിച്ചുവരുന്നത്. ഇപ്രകാരം ജില്ലാതലത്തിൽ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നടത്തുന്ന പദ്ധതികൾക്കല്ലാതെ, മണ്ഡലങ്ങൾ അടിസ്ഥാനമാക്കിയുള്ള പ്രത്യേക പദ്ധതികൾക്കും പ്രവർത്തനങ്ങൾക്കും മാത്രമായി സാമൂഹ്യനീതി വകുപ്പു മുഖേന തുക അനുവദിക്കപ്പെടുന്നില്ല. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിവിധ പദ്ധതികൾക്കായി മഞ്ചേരി മണ്ഡലം ഉൾപ്പെടുന്ന മലപ്പുറം ജില്ലയിൽ നടപ്പിലാക്കിയ പദ്ധതികൾക്ക് ചെലവഴിക്കപ്പെട്ടിട്ടുള്ള തുക സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

മാരക രോഗം ബാധിച്ചവർക്ക് സാമൂഹ്യക്ഷേമ വകുപ്പ് മുഖേന നൽകുന്ന പ്രതിമാസ ധനസഹായം

162(1735) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യത്തിന് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരളത്തിൽ കാൻസർ ഉൾപ്പെടെയുള്ള മാരക രോഗം ബാധിച്ചവർക്ക് സാമൂഹ്യക്ഷേമ വകുപ്പ് മുഖേന നൽകുന്ന പ്രതിമാസ ധനസഹായത്തിൽ ഇപ്പോൾ എത്ര മാസത്തെ കുടിശ്ശിക നൽകാനുണ്ടെന്ന് വ്യക്തമാക്കാമോ; ഈ കുടിശ്ശിക എപ്പോൾ വിതരണം ചെയ്യാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കാൻസർ ബാധിച്ചവർക്ക് സാമൂഹ്യനീതി വകുപ്പ് മുഖേന പ്രതിമാസ ധനസഹായം നൽകുന്നില്ല. എന്നാൽ ഡയാലിസിസ് ചെയ്യുന്നവർക്കും വൃക്ക, കരൾ എന്നിവ മാറ്റിവയ്ക്കപ്പെട്ടവർക്കും പ്രതിമാസ ധനസഹായം അനുവദിക്കുന്ന സമാശ്വാസം പദ്ധതി കേരള സാമൂഹ്യസുരക്ഷാമിഷൻ മുഖേന നടപ്പാക്കുന്നുണ്ട്. പ്രസ്തുത പദ്ധതിയിൽ 2024 ഒക്ടോബർ വരെയുള്ള സഹായം അനുവദിച്ചിട്ടുണ്ട്. ഇപ്പോൾ മൂന്ന് കോടി രൂപകൂടി പദ്ധതിക്കായി അനുവദിച്ചിട്ടുണ്ട്. പ്രസ്തുത തുക ഉപയോഗിച്ച് നവംബർ മുതലുള്ള ധനസഹായം അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

പദ്ധതി അടങ്കലിൽ വകയിരുത്തിയ തുക

163(1736) ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യത്തിന് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2024-25 സാമ്പത്തിക വർഷം പദ്ധതി അടങ്കലിൽ സാമൂഹ്യനീതി വകുപ്പിന് എത്ര തുകയാണ് വകയിരുത്തിയതെന്നും നാളിതുവരെ എത്ര ശതമാനം ചെലവഴിച്ചുവെന്നും പദ്ധതി അടിസ്ഥാനത്തിൽ അറിയിക്കാമോ?

2024-25 സാമ്പത്തിക വർഷം പദ്ധതി അടങ്കലിൽ സാമൂഹ്യനീതി വകുപ്പിനുകീഴിലെ വിവിധ സ്ഥാപനങ്ങൾക്കായി വിവിധ പദ്ധതികൾക്ക് വകയിരുത്തിയ തുകയുടെയും ചെലവഴിച്ച തുകയുടെയും വിശദാംശങ്ങൾ അനുബന്ധമായി നൽകുന്നു.+

പദ്ധതി അടങ്കലിൽ വെട്ടിക്കുറവ് വരുത്തിയ പദ്ധതികൾ

164(1737) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024-25 സാമ്പത്തിക വർഷത്തെ പദ്ധതി അടങ്കലിന്റെ 50 ശതമാനം വരെ വെട്ടിക്കുറവ് വരുത്താനുള്ള സർക്കാർ തീരുമാനത്തെ തുടർന്ന് സാമൂഹ്യനീതി വകുപ്പിലെ ഏതൊക്കെ പദ്ധതികൾക്കാണ് വെട്ടിക്കുറവ് സംഭവിച്ചിരിക്കുന്നതെന്നും എത്ര ശതമാനംവരെ വെട്ടിക്കുറവ് സംഭവിച്ചുവെന്നുമുള്ള വിവരം ലഭ്യമാക്കാമോ?

2024-25 സാമ്പത്തിക വർഷത്തെ പദ്ധതി വിഹിതമായി സാമൂഹ്യനീതി വകുപ്പിന് വകയിരുത്തിയിരുന്ന തുകകളിൽ പദ്ധതി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പുനഃക്രമീകരണത്തിന്റെ ഭാഗമായി വെട്ടിക്കുറവ് വരുത്തിയതിന്റെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ബി) വെട്ടിക്കുറവ് വരുത്തിയ ഓരോ പദ്ധതിയുടെയും നാളിതുവരെയുള്ള പുരോഗതി വിശദമാക്കാമോ?

വെട്ടിക്കുറവ് വരുത്തിയ ഓരോ പദ്ധതിയുടെയും നാളിതുവരെയുള്ള പുരോഗതി സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

ആശ്വാസകിരണം ധനസഹായ വിതരണം

165(1738) ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആശ്വാസകിരണം പദ്ധതിയിൽ നിന്നുള്ള ധനസഹായ വിതരണം മുടങ്ങിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര മാസത്തെ തുക മുടങ്ങിയിട്ടുണ്ടെന്ന് വിശദമാക്കുമോ?

ആശ്വാസകിരണം പദ്ധതിക്ക് 2024-25 സാമ്പത്തികവർഷത്തിൽ ബജറ്റ് വിഹിതമായി 37.64 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. അതിൽ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ആദ്യഗഡുവായി അനുവദിച്ച 10 കോടി രൂപ വിനിയോഗിച്ച് അർഹരായ 27962 ഗുണഭോക്താക്കൾക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്. രണ്ടാം ഗഡുവായി അനുവദിച്ച 10 കോടി രൂപ ഉപയോഗിച്ച് തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കോട്ടയം, ഇടുക്കി, വയനാട്, കാസർഗോഡ് എന്നീ ജില്ലകളിലെ യഥാസമയം ലൈഫ് സർട്ടിഫിക്കറ്റ് സമർപ്പിച്ച ഗുണഭോക്താക്കൾക്ക് 7 മാസത്തെ ധനസഹായവും ബാക്കി ജില്ലകൾക്ക് 8 മാസത്തെ ധനസഹായവും നിശ്ചിത തീയതിക്കുശേഷം ലൈഫ് സർട്ടിഫിക്കറ്റ് സമർപ്പിച്ചവർക്ക് അവർ ലൈഫ് സർട്ടിഫിക്കറ്റ് സമർപ്പിച്ച തീയതിയുടെ അടിസ്ഥാനത്തിൽ രണ്ട് മാസത്തെ ധനസഹായവും, അങ്ങനെ ആകെ 28028 ഗുണഭോക്താക്കൾക്ക് ധനസഹായം അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് ആശ്വാസകിരണം പദ്ധതിയിൽനിന്നും ധനസഹായം ലഭിക്കുന്ന ഗുണഭോക്താക്കളുടെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

സംസ്ഥാനത്ത് ആശ്വാസകിരണം പദ്ധതിയിൽനിന്നും ധനസഹായം ലഭിക്കുന്ന ഗുണഭോക്താക്കളുടെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു.+

(സി) ആശ്വാസകിരണം പദ്ധതിയിൽനിന്നും അവസാനമായി ധനസഹായ വിതരണം നടത്തിയത് എപ്പോഴാണെന്ന് വിശദമാക്കുമോ?

2024-25 സാമ്പത്തിക വർഷം ആദ്യഗഡുവായി അനുവദിച്ച 10 കോടി രൂപയിൽ 9,91,81,611/- രൂപ 27962 ഗുണഭോക്താക്കൾക്ക് അനുവദിച്ചിട്ടുണ്ട്. രണ്ടാം ഗഡുവായി അനുവദിച്ച 10 കോടി രൂപ ചെലവഴിച്ച് 2025 ഫെബ്രുവരി മാസത്തിൽ 28030 ഗുണഭോക്താക്കൾക്ക് ആകെ 9,95,56,470/- രൂപ അനുവദിച്ചിട്ടുണ്ട്.

(ഡി) ആശ്വാസകിരണം പദ്ധതിയിൽ നിന്നുള്ള ധനസഹായത്തിനായി എത്ര അപേക്ഷകൾ പരിഗണിക്കാനുണ്ടെന്ന ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

2018 മാർച്ച് 31 വരെ അപേക്ഷ സമർപ്പിച്ചവരിൽ വർഷം തോറും ലൈഫ് സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നവർക്ക് എല്ലാ വർഷവും ധനസഹായം അനുവദിച്ചുവരുന്നു. 2018 ഏപ്രിൽ മുതൽ 2024 നവംബർവരെ ലഭ്യമായിട്ടുള്ള അപേക്ഷകളുടെ എണ്ണം അനുബന്ധമായി ചേർക്കുന്നു.+

(ഇ) പ്രസ്തുത പദ്ധതി നിർത്തലാക്കുന്ന കാര്യം സർക്കാർ ആലോചനയിലുണ്ടോ?

ഇല്ല.

(എഫ്) 2018 മുതൽ ധനസഹായത്തിനായി അപേക്ഷിച്ചവരുടെ അപേക്ഷയിന്മേൽ എന്തുകൊണ്ടാണ് നടപടി സ്വീകരിക്കാത്തതെന്നും കുടിശ്ശികയായ ധനസഹായ വിതരണം എപ്പോൾ നടത്തുമെന്നും വിശദമാക്കുമോ?

11-10-2012-ലെ സ.ഉ.(എം.എസ്)നം.60/2012/സാക്ഷേവ. പ്രകാരം ആശ്വാസകിരണം പദ്ധതിയുടെ മാനദണ്ഡം ലഘൂകരിക്കുകയും ആനുകൂല്യം ലഭിക്കുന്ന ശയ്യാവലംബർ, ബുദ്ധിമാന്ദ്യം, ഓട്ടിസം, സെറിബ്രൽ പാൾസി,

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മാനസിക വൈകല്യമുള്ളവർ, മാനസിക രോഗികൾ എന്നിവർക്ക് പുറമെ 100 ശതമാനം അന്ധത ബാധിച്ചവരെയും പ്രായാധിക്യംകൊണ്ടും കാൻസർ മുതലായ പലവിധ ഗുരുതരമായ രോഗങ്ങളാലും കിടപ്പിലായവരെയും ദൈനംദിന കാര്യങ്ങൾക്ക് പരസഹായം ആവശ്യമായിട്ടുള്ള മുഴുവൻ ആളുകളുടെ പരിചാരകരെയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തി ഉത്തരവായി. തന്മൂലം പ്രസ്തുത പദ്ധതിയിലെ ഗുണഭോക്താക്കളുടെ എണ്ണം ക്രമാതീതമായി വർദ്ധിക്കുകയും ബജറ്റ് വിഹിതത്തിനെക്കാൾ കൂടുതൽ തുക പദ്ധതിക്ക് ആവശ്യമായി വരുന്ന സാഹചര്യം സംജാതമാകുകയും ചെയ്തു. അതുകൊണ്ടുതന്നെ, 2018 മാർച്ച് 31 വരെ ലഭിച്ച അപേക്ഷകൾക്ക് മാത്രമെ ഇതുവരെ ധനസഹായം അനുവദിക്കാൻ കഴിഞ്ഞിട്ടുള്ളൂ.

ഭിന്നശേഷി പുനരധിവാസഗ്രാമം പദ്ധതി

166(1739) ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യത്തിന് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാട്ടാക്കടയിൽ ഭിന്നശേഷി പുനരധിവാസഗ്രാമം പദ്ധതി നടപ്പിലാക്കുന്നതിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ; ഇതിനായുള്ള

ഡി.പി.ആർ. തയ്യാറാക്കപ്പെട്ടിട്ടുണ്ടോ; ഏജൻസിയെ നിശ്ചയിച്ചിട്ടുണ്ടോ; ഇതിനുള്ള തുടർനടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

തിരുവനന്തപുരം ജില്ലയിലെ കാട്ടാക്കട ഗ്രാമപഞ്ചായത്തിൽ ഭിന്നശേഷി പുനരധിവാസഗ്രാമം നിർമ്മിക്കുന്നതിന് സ്വകാര്യ വ്യക്തി പഞ്ചായത്തിന് കൈമാറിയ 50 സെന്റ് ഭൂമിയും (പാറച്ചൽ വാർഡിലെ കുളത്തുമ്മൽ വില്ലേജിലെ ബ്ലോക്ക് നം. 9-ൽ റീസർവ്വെ 401-5-ൽ ഉൾപ്പെട്ട 20.20 ആർ (50 സെന്റ് ഭൂമി) എം.എൽ.എ. ഫണ്ടിൽനിന്നും പ്രസ്തുത പദ്ധതിക്കായി കാട്ടാക്കട പഞ്ചായത്തിനുവേണ്ടി വാങ്ങാൻ ഉദ്ദേശിക്കുന്ന 50 സെന്റ് ഭൂമിയും ചേർത്ത് ആകെ ഒരേക്കർ വസ്തു സാമൂഹ്യനീതി വകുപ്പിന് കൈമാറ്റം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ടി വസ്തു സാമൂഹ്യനീതി വകുപ്പിന് കൈമാറുന്ന നടപടിക്രമത്തിന്റെ ഭാഗമായി സ്കെച്ചും പ്ലാനും തയ്യാറാക്കുന്നതിനായി നിലവിൽ ഫയൽ റവന്യൂ വകുപ്പിലെ ഭൂരേഖാ തഹസിൽദാർക്ക് പഞ്ചായത്ത് അധികാരികൾ സമർപ്പിച്ചിട്ടുണ്ട്.

കാട്ടാക്കട ഗ്രാമപഞ്ചായത്തിൽ ഭിന്നശേഷി പുനരധിവാസഗ്രാമം ആംഭിക്കുന്നതിനായി, സാമൂഹ്യനീതി വകുപ്പിന് ഭൂമി കൈമാറിക്കിട്ടിയിട്ടില്ല.

പ്രസ്തുത ഭൂമി കൈമാറിക്കിട്ടുന്നമുറയ്ക്ക് ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള ഏജൻസിയെ നിശ്ചയിക്കുന്നതടക്കമുള്ളവ പരിശോധിച്ച് നടപടികൾ സ്വീകരിക്കാവുന്നതാണ്.

സാമൂഹ്യ സുരക്ഷാ മിഷൻ പദ്ധതികൾ

167(1740) ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യ സുരക്ഷാ മിഷന്റെ കീഴിൽ ജനങ്ങൾക്ക് ആശ്വാസം നൽകിവരുന്ന എത്ര പദ്ധതികൾ നിലവിലുണ്ട്;

(ബി) ഓരോ പദ്ധതിക്കും കീഴിൽ ഗുണഭോക്താക്കൾക്ക് നൽകുവാനുള്ള ആനുകൂല്യങ്ങളിൽ നിലവിൽ എത്രമാസം കുടിശ്ശികയുണ്ടെന്ന് പദ്ധതി തിരിച്ച് വ്യക്തമാക്കുമോ?

(എ&ബി) കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ കീഴിൽ വിവിധ ജനവിഭാഗത്തിനുവേണ്ടി നടപ്പാക്കുന്ന പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സായംപ്രഭാ ഡേകെയർ സെന്ററുകൾ

168(1741) ശ്രീ. പി. ടി. എ. റഹീം:
ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ:
ശ്രീ. എ. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നതിനുശേഷം പുതുതായി "സായംപ്രഭാ ഡേകെയർ സെന്ററുകൾ" ആരംഭിച്ചിട്ടുണ്ടോ; നിലവിൽ ഇത്തരത്തിലുള്ള എത്ര സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്; വിശദാംശം നൽകുമോ?

2021-22 വർഷം മുതൽ സായംപ്രഭ ഹോം പദ്ധതിയിൽ ഉൾപ്പെട്ട് പ്രവർത്തിച്ചുവരുന്ന ഹോമുകളുടെ വിവരം അനുബന്ധമായി ചേർക്കുന്നു.+

2024-25 വർഷം 116 പകൽ വീടുകളെ അപ്ഗ്രേഡ് ചെയ്ത് സായംപ്രഭ ഭവനങ്ങളാക്കി പ്രവർത്തിപ്പിക്കുന്നതിനാണ് ഭരണാനുമതി നല്കിയിട്ടുള്ളത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും അപേക്ഷ ലഭ്യമായത് പ്രകാരം 85 ഭവനങ്ങൾ പദ്ധതിയുടെ കീഴിൽ പ്രവർത്തിക്കുന്നു. ഇതിൽ 10 ഭവനങ്ങൾ പുതിയതായി പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളതാണ് .

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) മുതിർന്ന പൗരന്മാർക്ക് പരസ്പരം ഇടപഴകാനും തമ്മിലറിയാനും അവസരം നൽകി അവരുടെ ഏകാന്തതയും സമ്മർദ്ദവും കുറയ്ക്കുന്നതിന് പ്രസ്തുത സെന്ററുകൾ എത്രത്തോളം സഹായകരമാണ്; ഇതുവഴി മറ്റെന്തൊക്കെ കാര്യങ്ങളാണ് ലക്ഷ്യമിടുന്നത്; വിശദമാക്കുമോ?

പകൽ സമയങ്ങളിൽ വയോജനങ്ങൾ നേരിടുന്ന ഒറ്റപ്പെടൽ വിരസത, സുരക്ഷയില്ലായ്മ തുടങ്ങിയവമൂലം മുതിർന്ന പൗരന്മാർക്കുണ്ടാകുന്ന ശാരീരികവും മാനസികവും സാമൂഹികവുമായ നിരവധി പ്രശ്നങ്ങൾ മുന്നിൽക്കണ്ട് ആയതിന് പരിഹാരമായാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടത്തുന്ന പകൽ പരിപാലന കേന്ദ്രങ്ങൾക്ക് നിലവിലുള്ള സൗകര്യങ്ങൾക്ക് പുറമെ കെയർ ഗിവർമാരുടെ സേവനം, പോഷകാഹാരം നൽകൽ, യോഗ മെഡിറ്റേഷൻ, കൗൺസിലിംഗ്, നിയമ സഹായങ്ങൾ, വിനോദോപാധികൾ തുടങ്ങിയ സൗകര്യങ്ങൾ ഏർപ്പെടുത്തി അവയെ സായംപ്രഭാ ഭവനങ്ങളാക്കി നിലവാരമുയർത്തുന്ന പദ്ധതിക്ക് 2017-18-ൽ സാമൂഹ്യനീതി വകുപ്പ് തുടക്കം കുറിച്ചത്.

പകൽവീടുകളെ സായംപ്രഭ ഭവനങ്ങളാക്കി പ്രവർത്തിപ്പിക്കുന്നതിലൂടെ ചുവടെപ്പറയുന്ന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനാണ് നിശ്ചയിച്ചിട്ടുള്ളത്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുകീഴിലുള്ള പകൽ വീടുകളെ പ്രദേശത്തെ എല്ലാ വയോജനങ്ങൾക്കും ഉതകുന്ന രീതിയിൽ ശക്തിപ്പെടുത്തുക എന്നതാണ് വകുപ്പ് മുന്നോട്ടുവയ്ക്കുന്ന പ്രധാന ആശയം. ആയതിലേക്കായി പ്രധാനമായും 9 ലക്ഷ്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

1. സായംപ്രഭ ഭവനങ്ങളെ പ്രദേശത്തെ വയോജനങ്ങളുടെ ആവശ്യാടിസ്ഥാനത്തിലുള്ള സേവന വിതരണ (Service Delivery Point) കേന്ദ്രങ്ങളാക്കി പ്രവർത്തിപ്പിക്കുക.

2. വയോജനങ്ങൾക്ക് പകൽസമയങ്ങൾ സമപ്രായക്കാരുമായും ആരോഗ്യകരമായും ചെലവഴിക്കാനുള്ള ഒരു കേന്ദ്രമാക്കി പ്രവർത്തിപ്പിക്കുക.

3. വയോജനക്ഷേമവും സംരക്ഷണവും ഉറപ്പാക്കുന്ന സർക്കാർ-സർക്കാരിതര പദ്ധതികളുടെ വിവരങ്ങൾ അർഹരായ

വയോജനങ്ങളിലേയ്ക്ക് എത്തിക്കുന്ന അന്വേഷണ–വിവര കേന്ദ്രങ്ങളാക്കി (Information Hub) മാറ്റുക.

4. വയോജനങ്ങളുടെ വിവിധതരത്തിലുള്ള പദ്ധതികളും പ്രവർത്തനങ്ങളും സമൂഹതലത്തിൽ നിർവ്വഹിക്കുന്ന കേന്ദ്രമാക്കി മാറ്റുക.

5. സായംപ്രഭ ഭവനങ്ങളിലൂടെ വയോജനങ്ങളുമായി ബന്ധപ്പെട്ട വിവിധ സേവനങ്ങളെയും പ്രവർത്തനങ്ങളെയുംപറ്റിയുള്ള ബോധവൽക്കരണ പരിപാടികൾ ആസൂത്രണം ചെയ്യുക, ആയത് നടപ്പിലാക്കുക.

6. പോഷകാഹാരക്കുറവുള്ള വയോജനങ്ങൾക്ക് സായംപ്രഭ ഭവനങ്ങൾ വഴി പോഷകാഹാരം ഉറപ്പാക്കുക.

7. വയോജനങ്ങൾക്ക് നേരിടേണ്ടിവരുന്ന അതിക്രമങ്ങൾക്കും പീഡനങ്ങൾക്കും നിയമപരമായ സഹായങ്ങൾ ലഭ്യമാക്കുക.

8. വയോജനങ്ങൾക്ക് ശാരീരികോല്ലാസത്തിനും മാനസികോല്ലാസത്തിനുമായി യോഗ, കൗൺസിലിംഗ്, മെഡിറ്റേഷൻ തുടങ്ങിയവ ലഭ്യമാക്കുക.

9. സായംപ്രഭ ഭവനങ്ങൾക്ക് സാങ്കേതികമായ പിന്തുണ നല്കുക.

ആശ്വാസകിരണം പദ്ധതിയിലെ കുടിശ്ശിക

169(1742) ഡോ. എം. കെ. മുനീർ:
ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചലനശേഷി ഇല്ലാത്തവരെയും മാനസികവും ശാരീരികവുമായ വെല്ലുവിളി നേരിടുന്ന കിടപ്പു രോഗികളെയും പരിചരിക്കുന്നവർക്ക് ആശ്വാസ കിരണം പദ്ധതി മുഖേന നൽകിവരുന്ന ധനസഹായ വിതരണത്തിൽ കുടിശിക വരുത്തിയിട്ടുണ്ടോ എന്നറിയിക്കുമോ?

ആശ്വാസകിരണം പദ്ധതിക്ക് 2024-25 സാമ്പത്തികവർഷം 37.64 കോടി രൂപയാണ് ബജറ്റ് വിഹിതമായി അനുവദിച്ചിട്ടുള്ളത്. അതിൽ ആദ്യഗഡുവായി അനുവദിച്ച 10 കോടി രൂപയിൽ 9,91,81,611/- രൂപ 27962 ഗുണഭോക്താക്കൾക്ക് അനുവദിച്ചിട്ടുണ്ട്. രണ്ടാം ഗഡുവായി അനുവദിച്ച 10 കോടി രൂപ വിനിയോഗിച്ച് 14 ജില്ലകളിലെ 28028 ഗുണഭോക്താക്കൾക്ക് ധനസഹായം നല്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. തിരുവനന്തപുരം,

കൊല്ലം, പത്തനംതിട്ട, കോട്ടയം, ഇടുക്കി, വയനാട്, കാസർഗോഡ് എന്നീ ജില്ലകളിൽ യഥാസമയം ലൈഫ് സർട്ടിഫിക്കറ്റ് സമർപ്പിച്ച ഗുണഭോക്താക്കൾക്ക് 7 മാസത്തെ ധനസഹായവും ബാക്കി 7 ജില്ലകൾക്ക് 8 മാസത്തെ ധനസഹായവും നിശ്ചിത തീയതിക്കുശേഷം ലൈഫ് സർട്ടിഫിക്കറ്റ് സമർപ്പിച്ചവർക്ക് അവർ ലൈഫ് സർട്ടിഫിക്കറ്റ് സമർപ്പിച്ച തീയതിയുടെ അടിസ്ഥാനത്തിൽ 2 മാസം വരെ ധനസഹായവും അനുവദിക്കുന്നതിനാണ് നടപടി സ്വീകരിച്ചിട്ടുള്ളത്.

(ബി) 2018 മാർച്ചിനുശേഷം അപേക്ഷ സമർപ്പിച്ചവരെ പരിഗണിക്കേണ്ടതില്ലെന്ന് തീരുമാനിച്ചിട്ടുണ്ടോ?

നിലവിൽ 2018 മാർച്ച് 31 വരെ അപേക്ഷ സമർപ്പിച്ചവർക്കാണ് ധനസഹായം അനുവദിച്ചുവരുന്നത്.

(സി) അർഹതപ്പെട്ട എല്ലാവർക്കും ധനസഹായം കുടിശിക കൂടാതെ വിതരണം ചെയ്യാൻ അടിയന്തര നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

ആശ്വാസകിരണം പദ്ധതി പ്രകാരം അർഹതപ്പെട്ട മുഴുവൻ അപേക്ഷകർക്കും ധനസഹായം അനുവദിക്കുന്നതിനാണ് ശ്രമിക്കുന്നത്.

ഫണ്ട് ലഭ്യതക്കനുസൃതമായി ധനസഹായം നൽകുന്നതിനായി ലഭിച്ചിട്ടുള്ള എല്ലാ അപേക്ഷകളിന്മേലും നടപടി സ്വീകരിച്ചുവരുന്നുണ്ട്.

ആശ്വാസകിരണം

170(1743) ശ്രീ. ടി. സിദ്ദിഖ്:
ശ്രീമതി കെ. കെ. രമ:
ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യ സുരക്ഷാ മിഷന്റെ പ്രവർത്തനങ്ങൾ വിശദമാക്കുമോ?

കേരള സാമൂഹ്യ സുരക്ഷാ മിഷന്റെ പ്രവർത്തനങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ബി) ആശ്വാസകിരണം ഉൾപ്പെടെയുള്ള പദ്ധതികളിലെ കുടിശ്ശിക കാരണം ഗുണഭോക്താക്കൾ പ്രതിസന്ധിയിലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് സമയബന്ധിതമായി നൽകാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

11-10-2012-ലെ സ.ഉ.(എം.എസ്)നം. 60/2012/സാക്ഷേവ. പ്രകാരം ആശ്വാസകിരണം പദ്ധതിയുടെ മാനദണ്ഡം ലഘൂകരിക്കുകയും ആനുകൂല്യം

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ലഭിക്കുന്ന ശയ്യാവലംബർ, ബുദ്ധിമാന്ദ്യം, ഓട്ടിസം, സെറിബ്രൽ പാൾസി, മാനസിക വൈകല്യമുള്ളവർ, മാനസിക രോഗികൾ എന്നിവർക്ക് പുറമെ 100% അന്ധത ബാധിച്ചവരെയും പ്രായാധിക്യംകൊണ്ടും ക്യാൻസർ മുതലായ പലവിധ ഗുരുതരമായ രോഗങ്ങളാലും കിടപ്പിലായവരെയും ദൈനംദിന കാര്യങ്ങൾക്ക് പരസഹായം ആവശ്യമായിട്ടുള്ള മുഴുവൻ ആളുകളുടെ പരിചാരകരെയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തി ഉത്തരവായിട്ടുണ്ട്. തന്മൂലം പ്രസ്തുത പദ്ധതിയിലെ ഗുണഭോക്താക്കളുടെ എണ്ണം ക്രമാതീതമായി വർധിക്കുകയും ബജറ്റ് വിഹിതത്തെക്കാൾ കൂടുതൽ തുക പദ്ധതിക്ക് ആവശ്യമായിവരുന്ന സാഹചര്യം സംജാതമാകുകയും ചെയ്തു.

ആശ്വാസകിരണം പദ്ധതിക്ക് 2024-2025 സാമ്പത്തിക വർഷം ബജറ്റ് വിഹിതമായി 37.64 കോടി രൂപ അനുവദിച്ചിട്ടുണ്ട്. അതിൽ ആദ്യ ഗഡുവായി അനുവദിച്ച 10 കോടി രൂപയിൽ 9,91,81,611/- രൂപ 27962 ഗുണഭോക്താക്കൾക്ക് ധനസഹായമായി അനുവദിച്ചിട്ടുണ്ട്. രണ്ടാം ഗഡുവായി അനുവദിച്ച 10 കോടി രൂപ ഉപയോഗിച്ച് തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കോട്ടയം, ഇടുക്കി, വയനാട്, കാസർഗോഡ് എന്നീ ജില്ലകളിൽ

യഥാസമയം ലൈഫ് സർട്ടിഫിക്കറ്റ് സമർപ്പിച്ച ഗുണഭോക്താക്കൾക്ക് 7 മാസത്തെ ധനസഹായവും ബാക്കി 7 ജില്ലകൾക്ക് 8 മാസത്തെ ധനസഹായവും നിശ്ചിത തീയതിക്കുശേഷം ലൈഫ് സർട്ടിഫിക്കറ്റ് സമർപ്പിച്ചവർക്ക് അവർ ലൈഫ് സർട്ടിഫിക്കറ്റ് സമർപ്പിച്ച തീയതിയുടെ അടിസ്ഥാനത്തിൽ 2 മാസം വരെ ധനസഹായവും, അങ്ങനെ ആകെ 28028 ഗുണഭോക്താക്കൾക്ക് ധനസഹായം നല്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

സാമൂഹ്യനീതി വകുപ്പ് മുഖേന നടപ്പിലാക്കിവരുന്ന ക്ഷേമ പദ്ധതികൾ

171(1744) ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യനീതി വകുപ്പ് മുഖേന നടപ്പിലാക്കിവരുന്ന ക്ഷേമ പദ്ധതികൾ എന്തൊക്കെയാണെന്നും അവയുടെ മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നും വിശദമാക്കുമോ?

സാമൂഹ്യനീതി വകുപ്പ് മുഖേന നടപ്പിലാക്കിവരുന്ന ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) സാമൂഹ്യനീതി വകുപ്പ് മുഖേന അർഹരായവർക്ക് മുച്ചക്ര വാഹനം നൽകുന്നതിന് പദ്ധതിയുണ്ടോ; എങ്കിൽ ആയതിന്റെ മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

കേരള സംസ്ഥാന ഭിന്നശേഷിക്ഷേമ കോർപ്പറേഷൻ മുഖേന ചലന പരിമിതി നേരിടുന്ന ഭിന്നശേഷിക്കാരുടെ സഞ്ചാര സ്വാതന്ത്ര്യം ഉറപ്പാക്കുന്നതിനായി സൈഡ് വീൽ ഘടിപ്പിച്ച മുച്ചക്ര വാഹനം മാനദണ്ഡങ്ങൾക്ക് വിധേയമായി സൗജന്യമായി നൽകിവരുന്നു. ടി പദ്ധതിയുടെ മാനദണ്ഡങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

- 16 വയസ്സിന് മുകളിൽ പ്രായം,
- 40-90 അതിന് മുകളിലും ശതമാനമുള്ള ചലന പരിമിതി,
- ഒരു ലക്ഷത്തിൽ കുറഞ്ഞ വാർഷിക വരുമാനം,
- സർക്കാർ ഇദ്യോഗം ഇല്ലാതിരിക്കുക.

ലോക്കോമോട്ടോർ ഡിസ്എബിലിറ്റി വിഭാഗത്തിൽ ചലന പരിമിതി നേരിടുന്നവരുടെ ചലന സ്വാതന്ത്ര്യം ഉറപ്പുവരുത്താൻ മാത്രമാണ് ഈ പദ്ധതി. മറ്റ് ഒരു ഭിന്നശേഷിക്കാരെയും ഈ പദ്ധതിയിൽ

പരിഗണിക്കുന്നതല്ല. Eligibility criteria meet ചെയ്യുന്ന വനിതകൾക്കും എസ്.ടി. വിഭാഗത്തിൽപ്പെട്ടവർക്കും പ്രഥമ പരിഗണന നൽകുന്നുണ്ട്.

അങ്കണവാടി പെൻഷൻ

172(1745) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കണവാടികളിൽനിന്നും വിരമിച്ചവരുടെ പെൻഷൻ കൃത്യമായി ലഭിക്കുന്നില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇവർക്ക് നൽകുന്ന പെൻഷൻ തുക എത്രയാണെന്നും തുച്ഛമായ പ്രസ്തുത പെൻഷൻ കൃത്യമായി നൽകുന്നതിന് സ്വീകരിച്ച നടപടികൾ എന്താണെന്നും അറിയിക്കുമോ?

അങ്കണവാടി ക്ഷേമനിധി ബോർഡിൽനിന്നും വിരമിച്ച വർക്കർമാർക്ക് 2,500/- രൂപയും ഹെൽപ്പർമാർക്ക് 1,500/- രൂപയും പ്രതിമാസ പെൻഷൻ നൽകിവരുന്നു.

കേരള അങ്കണവാടി വർക്കേഴ്സ് ആൻഡ് ഹെൽപ്പേഴ്സ് ക്ഷേമനിധി ബോർഡിന് 2024-2025 സാമ്പത്തിക വർഷം സർക്കാർ വിഹിതമായി

ഇതുവരെ 9,00,00,000/-രൂപ (ഒൻപത് കോടി രൂപ മാത്രം) അനുവദിച്ച് നൽകിയിട്ടുണ്ട്. പ്രസ്തുത തുക വിനിയോഗിച്ച് 2023-ൽ വിരമിച്ച അങ്കണവാടി പ്രവർത്തകർക്ക് 5/23 മുതൽ 10/24 വരെയുള്ള പെൻഷൻ അനുവദിച്ച് നല്കിയിട്ടുണ്ട്. സർക്കാർ വിഹിതം ആവശ്യപ്പെട്ടുകൊണ്ട് ക്ഷേമനിധി ബോർഡിൽനിന്നും ലഭിക്കുന്ന പ്രൊപ്പോസലുകൾ പരിശോധിച്ച് സർക്കാർ വിഹിതം അനുവദിച്ച് നൽകിവരുന്നുണ്ട്.

(ബി) നിലവിൽ എത്ര മാസത്തെ പെൻഷൻ തുകയാണ് വിതരണം ചെയ്യുവാനുള്ളതെന്ന് വെളിപ്പെടുത്തുമോ?

2023 വരെ വിരമിച്ച അങ്കണവാടി ജീവനക്കാർക്ക് 4 മാസത്തെ (11/24 മുതൽ 2/25 വരെ) പെൻഷനും 2024-ൽ വിരമിച്ച അങ്കണവാടി ജീവനക്കാർക്ക് 10 മാസത്തെ (5/24 മുതൽ 2/25 വരെ) പെൻഷനും കുടിശ്ശികയായി നൽകാനുണ്ട്.

(സി) അങ്കണവാടി പെൻഷൻ ലഭിക്കുന്നുവെന്ന കാരണത്താൽ ഇവർക്ക് ലഭിച്ചുകൊണ്ടിരുന്ന 1600/- രൂപയുടെ ക്ഷേമ പെൻഷൻ 600/-

രൂപയായി കുറച്ചിട്ടുണ്ടോ; എങ്കിൽ എന്ത് അടിസ്ഥാനത്തിലാണെന്നും ഏത് ശിപാർശ പ്രകരമാണെന്നും അറിയിക്കുമോ?

23-09-2020-ലെ സ.ഉ.(എം.എസ്)നം. 97/2020/ധന. പ്രകാരം തനത് ഫണ്ടുപയോഗിച്ച് പെൻഷൻ നൽകുന്ന ക്ഷേമനിധി ബോർഡ് ഗുണഭോക്താക്കൾക്ക് മറ്റൊരു സാമൂഹ്യപെൻഷൻ 600/- രൂപ നിരക്കിൽ ലഭിക്കുന്നതാണ്. 06-07-2018-ന് മുമ്പ് സാമൂഹ്യ സുരക്ഷാ പെൻഷൻ അനുവദിക്കപ്പെട്ടവർക്ക് ലഭിച്ചുവന്നിരുന്ന ഉയർന്ന നിരക്കിലുള്ള സാമൂഹ്യ സുരക്ഷാ പെൻഷൻ തുടർന്നും ലഭിക്കുന്നതാണ്.

(ഡി) തുച്ഛമായ അങ്കണവാടി പെൻഷൻ വർധിപ്പിച്ച് കൃത്യമായി എല്ലാ മാസവും നൽകുന്നതിനും 1600 രൂപ ക്ഷേമ പെൻഷൻ നിലനിർത്തി നൽകുന്നതിനും നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

അങ്കണവാടി വർക്കേഴ്സ് ആൻഡ് ഹെൽപ്പേഴ്സ് ക്ഷേമനിധി ബോർഡിലെ ഫണ്ട് ലഭ്യതയനുസരിച്ച് തടസമില്ലാതെ പെൻഷൻ നൽകിവരുന്നുണ്ട്.

സവിശേഷ സഹായം ആവശ്യമായ കുട്ടികൾക്ക് മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റ്

173(1746) ശ്രീ. പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ മണ്ഡലത്തിൽ ഈ വർഷം എസ്.എസ്.എൽ.സി. പരീക്ഷ എഴുതേണ്ട കുട്ടികളിൽ പഠന വൈകല്യമുള്ള എത്ര കുട്ടികൾക്ക് സവിശേഷ സഹായം ആവശ്യമായിവരുമെന്ന കണക്കെടുത്തിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

പുനലൂർ നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന പുനലൂർ, കൊട്ടാരക്കര വിദ്യാഭ്യാസ ജില്ലകളിൽനിന്നും എസ്.എസ്.എൽ.സി. പരീക്ഷ എഴുതുന്നതിന് സവിശേഷ സഹായം ആവശ്യപ്പെട്ട് പഠന വൈകല്യമുള്ള 66 വിദ്യാർഥികൾ അപേക്ഷ നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത കുട്ടികൾക്ക് ക്ലിനിക്കൽ സൈക്കോളജിസ്റ്റിന്റെ സഹായത്തോടെ ഐ.ക്യു. അസെസ്സ്മെന്റ് നടത്തി മെഡിക്കൽ ബോർഡിന്റെ സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

18 വിദ്യാർഥികൾക്ക് മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റ് ലഭിച്ചു. 48 വിദ്യാർഥികളുടെ ഐ.ക്യു. അസെസ്സ്മെന്റ് നടന്നുവരുന്നു.

(സി) ഇല്ലെങ്കിൽ ഇവർക്ക് അടിയന്തരമായി പ്രസ്തുത സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിന് പുനലൂരിൽ പ്രത്യേക മെഡിക്കൽ ബോർഡ് കൂടുന്നതിനായി കൊല്ലം ഡി.എം.ഒ. തലത്തിൽ ബന്ധപ്പെട്ട് അടിയന്തര നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

സർട്ടിഫിക്കറ്റ് ലഭിക്കാൻ താമസം നേരിട്ടതിനാൽ പുനലൂർ വിദ്യാഭ്യാസ ജില്ലയിൽനിന്ന് കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടറുടെ ഓഫീസിലേയ്ക്ക് വിവരം നൽകിയതിന്റെ അടിസ്ഥാനത്തിൽ ജില്ലാ കളക്ടർ, ഡി.എം.ഒ., ഡി.ഡി.ഇ. എന്നിവർ കൂടി ആലോചന നടത്തുകയും ഐ.കൃ. അസെസ്സ്മെന്റ് നടത്തുന്നതിനായി അടിയന്തര നടപടി സ്വീകരിക്കുകയും ചെയ്തതിന്റെ ഫലമായാണ് സർട്ടിഫിക്കറ്റിന്റെ വിതരണ നടപടികൾ നടന്നുവരുന്നത്.

നിപ്മർ

174(1747) ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യത്തിന് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഭിന്നശേഷി പുനരധിവാസ മേഖലയിൽ പ്രവർത്തിക്കുന്ന നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഫിസിക്കൽ മെഡിസിൻ ആൻഡ് റീഹാബിലിറ്റേഷനിൽ (നിപ്മർ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏതെങ്കിലും പുതിയ പദ്ധതികളോ പ്രവർത്തനങ്ങളോ ആരംഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ ആൻഡ് റീഹാബിലിറ്റേഷനിൽ (നിപ്മർ) ആരംഭിച്ചിട്ടുള്ള പുതിയ പദ്ധതികളുടെയും പ്രവർത്തനങ്ങളുടെയും വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.[+]

ഭിന്നശേഷി കലാകാരൻമാരെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള 'റിഥം' പദ്ധതി

175(1748) ശ്രീ. ഐ. ബി. സതീഷ്:
ശ്രീ. എം. മുകേഷ്:
ശ്രീ. ലിന്റോ ജോസഫ്:
ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) ഭിന്നശേഷി കലാകാരൻമാരുടെ കഴിവുകളെ പ്രോത്സാഹിപ്പിക്കുന്നതിനും അവർക്ക് വരുമാനം കണ്ടെത്തുന്നതിനും ലക്ഷ്യമിട്ട് 'റിഥം' എന്ന പേരിൽ പ്രത്യേക പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശം ലഭ്യമാക്കുമോ?

ഭിന്നശേഷി കലാകാരൻമാരുടെ കഴിവുകളെ പ്രോത്സാഹിപ്പിക്കുന്നതിനും അവർക്ക് വരുമാനം കണ്ടെത്തുന്നതിനും ലക്ഷ്യമിട്ട് 'റിഥം' എന്ന പേരിൽ പ്രത്യേക പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. കേരള സാമൂഹ്യ സുരക്ഷാ മിഷനും (KSSM) കേരള ഡെവലപ്മെന്റ് ആൻഡ് ഇന്നൊവേഷൻ സ്ട്രാറ്റജിക് കൗൺസിലും (KDISC) സംയുക്തമായി നടപ്പാക്കുന്ന ടാലന്റ് സെർച്ച് ഫോർ യൂത്ത് വിത്ത് ഡിസ്എബിലിറ്റീസ് (Talent Search for Youth with Disabilities) എന്ന പദ്ധതി വഴി കലാ-സാഹിത്യ മേഖലകളിൽ കഴിവും പ്രാഗത്ഭ്യവും തെളിയിച്ചിട്ടുള്ള ഭിന്നശേഷിക്കാരെ അവർക്ക് അനുകൂലമായ സാഹചര്യങ്ങളും വിവിധ സഹായ സംവിധാനങ്ങളും നൽകി, അവരുടെ കഴിവുകൾ

പരിപോഷിപ്പിക്കുന്നതിന് ആവശ്യമായ സഹായങ്ങൾ നൽകി, കൂടുതൽ വൈദഗ്ധ്യം ലഭ്യമാക്കി പ്രസ്തുത കലയിൽ അവരെ വിദഗ്ധരാക്കി സമൂഹത്തിന്റെ മുൻനിരയിലേയ്ക്ക് കൊണ്ടുവരുന്നതിലേയ്ക്കാണ് പ്രസ്തുത പദ്ധതി നടപ്പാക്കിയിരിക്കുന്നത്. ഒരു യുവ ഭിന്നശേഷി പ്രതിഭ പെർഫോമൻസ് ട്രൂപ്പ് രൂപീകരിക്കുകയും പ്രസ്തുത ട്രൂപ്പിന് ആവശ്യമായ പരിശീലനം നൽകി സംസ്ഥാന സർക്കാർ/പ്രാദേശിക സർക്കാർ നടത്തുന്ന ഫെസ്റ്റിവലുകൾ, എക്സിബിഷൻ, ഫെയർ, വിവിധ കലാ-സാംസ്കാരിക പരിപാടികൾ എന്നിവയിൽ കലാപരിപാടി അവതരിപ്പിക്കുന്നതിനുള്ള അവസരം ഒരുക്കുകയും ചെയ്യുക എന്നതാണ് പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നത്. ഏകദേശം രണ്ട് മണിക്കൂർ ദൈർഘ്യമുള്ള ഒരു കലാവിരുന്ന് ഒരുക്കുന്നതിന് പ്രസ്തുത കലാ ട്രൂപ്പിന് പരിശീലനവും അവസരവും നൽകുകയും അതുവഴി വ്യക്തികൾക്ക് വരുമാനമാർഗവും പ്രോത്സാഹനവും പൊതുസ്വീകാര്യതയും വർധിപ്പിക്കുകയും ചെയ്യുക എന്നതാണ് 'റിഥം' പ്രോഗ്രാം ലക്ഷ്യമിടുന്നത്.

(ബി) ഭിന്നശേഷി കലാകാരൻമാരെ കണ്ടെത്തുന്നതിനായി പ്രത്യേകമായ സ്ക്രീനിംഗ് ഏർപ്പെടുത്തുന്നുണ്ടോ; ഏതൊക്കെ കലാരൂപങ്ങളാണ് റിഥം ഷോയിൽ അവതരിപ്പിക്കുന്നത്; വിശദമാക്കുമോ?

2019-20 സാമ്പത്തികവർഷത്തിൽ ടാലന്റ് സെർച്ച് ഫോർ യൂത്ത് വിത്ത് ഡിസെബിലിറ്റീസ് (TSYD) ആദ്യഘട്ട (Cycle-1) പരിപാടിയുടെ ഭാഗമായി 46 കുട്ടികളെ തിരെഞ്ഞെടുക്കുകയുണ്ടായി. 2022-23 സാമ്പത്തികവർഷത്തിൽ രണ്ടാംഘട്ട (Cycle-2) പ്രവർത്തനങ്ങളുടെ ഭാഗമായി സംസ്ഥാന തലത്തിൽനിന്ന് 40% ഭിന്നശേഷിയുള്ള ഭിന്നശേഷിക്കാരിൽനിന്നും അപേക്ഷ ക്ഷണിക്കുകയും 2023 ജനുവരിയിൽ ശ്രീകാര്യം മരിയാറാണി സെന്ററിൽ വച്ച് ത്രിദിന റെസിഡൻഷ്യൽ ക്യാമ്പ് നടത്തി ആയതിൽ രണ്ടാം ഘട്ടത്തിൽ 41 കുട്ടികളെ തിരെഞ്ഞെടുക്കുകയും ചെയ്തിരുന്നു. സംസ്ഥാനതലത്തിൽ പ്രസ്തുത പരിപാടികളിലൂടെ കണ്ടെത്തിയ പ്രതിഭകളിൽനിന്നും performing arts-ന്റെയും instrumental arts-ന്റെയും അടിസ്ഥാനത്തിലുള്ള പ്രതിഭകളെ മാത്രം വിദഗ്ധരടങ്ങുന്ന ഒരു പാനൽ കാലടി ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാലയിൽ വച്ച് സക്രീനിംഗ്

നടത്തുകയും ആയതിൽ 35 പേർ പങ്കെടുക്കുകയും A+ നേടിയ 28 കലാപ്രതിഭകളെ റിഥം ആർട്സ് ട്രൂപ്പ് രൂപീകരണവുമായി ബന്ധപ്പെട്ട് തിരെഞ്ഞെടുക്കുകയുമുണ്ടായി.

Performing arts-മായും instrumental arts-മായും ബന്ധപ്പെട്ടുള്ള കലാപരിപാടികളാണ് റിഥം ആർട്സ് ട്രൂപ്പിലെ പ്രതിഭകൾ അവതരിപ്പിക്കുന്നത്.

(സി) പ്രസ്തുത പദ്ധതി ഭിന്നശേഷി കലാകാരന്മാരുടെ ജീവിതത്തിൽ എത്രത്തോളം സ്വാധീനം ചെലുത്തുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദമാക്കുമോ?

റിഥം പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് ഒരു യുവ ഭിന്നശേഷി പ്രതിഭ പെർഫോമൻസ് ട്രൂപ്പ് രൂപീകരിക്കുകയും പ്രസ്തുത ട്രൂപ്പിന് ആവശ്യമായ പരിശീലനം നൽകി സംസ്ഥാന സർക്കാർ/പ്രാദേശിക സർക്കാർ നടത്തുന്ന ഫെസ്റ്റിവലുകൾ, എക്സിബിഷൻ, ഫെയർ, വിവിധ കലാ-സാംസ്കാരിക പരിപാടികൾ എന്നിവയിൽ കലാപരിപാടി അവതരിപ്പിക്കുന്നതിനുള്ള അവസരം ഒരുക്കുകയും ചെയ്യുക എന്നതാണ്

പ്രസ്തുത പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നത്. ഏകദേശം രണ്ട് മണിക്കൂർ ദൈർഘ്യമുള്ള ഒരു കലാവിരുന്ന് ഒരുക്കുന്നതിന് പ്രസ്തുത കലാ ട്രൂപ്പിന് പരിശീലനവും അവസരവും നൽകുകയും അതുവഴി പ്രതിഭകൾക്ക് വരുമാനമാർഗവും പോത്സാഹനവും ആത്മവിശ്വാസവും ലഭിക്കുകയും പൊതുസമൂഹത്തിന്റെ ഭാഗമായി മാറുന്നതിന് അവസരമൊരുക്കുകയും അതുവഴി പൊതു സ്വീകാര്യത വർധിപ്പിക്കുകയും ചെയ്യുന്നതാണ്.

സാമൂഹ്യ സുരക്ഷാ മിഷൻ

176(1749) ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യത്തിന് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന 2024-25 സാമ്പത്തികവർഷം ഏതെല്ലാം മാരക രോഗങ്ങൾ പിടിപെട്ടവർക്കുള്ള സഹായമാണ് നൽകിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

മാരകരോഗങ്ങൾ ബാധിച്ചവർക്ക് കേരളാ സാമൂഹ്യ സുരക്ഷാമിഷൻ മുഖേന നടപ്പിലാക്കിവരുന്ന പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ട്രാൻസ്ജെൻഡറുകൾക്ക് വേണ്ടിയുള്ള ക്ഷേമ പദ്ധതികൾ

177(1750) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യത്തിന് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ട്രാൻസ്ജെൻഡറുകളുടെ പുനരധിവാസവും ക്ഷേമവും മുൻനിർത്തി എന്തൊക്കെ ക്ഷേമ പദ്ധതികളാണ് വകുപ്പ് നടപ്പിൽ വരുത്തിയിട്ടുള്ളതെന്നും; ഈ വർഷം പ്രസ്തുത പദ്ധതികൾക്കായി എത്ര കോടി രൂപ നീക്കിവച്ചിട്ടുണ്ടെന്നും അറിയിക്കാമോ?

സാമൂഹ്യനീതി വകുപ്പ് മുഖേന ട്രാൻസ്ജെൻഡർ ക്ഷേമവുമായി ബന്ധപ്പെട്ട് 'മഴവില്ല്' എന്ന പേരിൽ ഒരു സമഗ്രപദ്ധതി ആവിഷ്കരിക്കുകയും, അതിന്റെ കീഴിൽ വിദ്യാഭ്യാസം, പാർപ്പിടം, ആരോഗ്യ സംരക്ഷണം, സെക്സ് റീ അസൈസ്സ്മെന്റ് സർജറിക്ക് ധനസഹായം, തൊഴിലധിഷ്ഠിത-നൈപുണ്യ വികസന പരിശീലനം, സ്വയംതൊഴിൽ, പൊതുമേഖലയിലും സ്വകാര്യമേഖലയിലും തൊഴിൽ, സെൻസിറ്റൈസേഷൻ പ്രോഗ്രാമുകൾ, മാനസിക-സാമൂഹികമായ ഇടപെടലുകൾ, സോഷ്യൽ ഇൻക്ലൂസീവ്നെസ് തുടങ്ങിയ മേഖലകൾ ഉൾപ്പെടുത്തി വിവിധ പദ്ധതികൾ

നടപ്പിലാക്കിവരുന്നുണ്ട്. 2024-25 സാമ്പത്തിക വർഷം പ്രസ്തുത പദ്ധതികൾക്കായി 4,98,00,000/- രൂപ വകയിരുത്തിയിട്ടുണ്ട്. പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

വയോജന കമ്മീഷന്റെ രൂപീകരണവും പ്രവർത്തനങ്ങളും

178(1751) ശ്രീ. എം. എം. മണി:
ശ്രീ. മുരളി പെരുനെല്ലി:
ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയോജനങ്ങളുടെ ക്ഷേമത്തിനും സംരക്ഷണത്തിനും മാർഗനിർദേശം നൽകുക, വയോജനങ്ങൾക്ക് പുനരധിവാസവും നിയമസഹായവും നൽകുക തുടങ്ങിയ ലക്ഷ്യങ്ങളോടെ വയോജന കമ്മീഷൻ രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

വയോജനങ്ങളുടെ ക്ഷേമവും സംരക്ഷണവുമായി ബന്ധപ്പെട്ട് മാർഗനിർദേശങ്ങൾ നല്കുന്നതിനും വയോജനങ്ങളുടെ പുനരധിവാസം

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സാധ്യമാക്കുന്നതിനും അവരുടെ കഴിവുകൾ പൊതുസമൂഹത്തിന് ഉപയുക്തമാക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്നതിനും അവകാശ സംരക്ഷണം ഉറപ്പുവരുത്തുന്നതിനും ഒരു വയോജന കമ്മീഷൻ രൂപീകരിക്കുന്നതിനായി 2024-ലെ കേരള സംസ്ഥാന വയോജന കമ്മീഷൻ ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുണ്ട്. ഈ നിയമസഭാ സമ്മേളനത്തിൽ പ്രസ്തുത ഓർഡിനൻസിന് പകരമുള്ള ബിൽ അവതരിപ്പിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരികയാണ്.

(ബി) നിലവിലുള്ള വയോജന ക്ഷേമ പദ്ധതികൾ വിപുലമാക്കുന്നതിനും അതിന്റെ നേട്ടം കൂടുതൽ പേരിലേയ്ക്ക് എത്തിക്കുന്നതിനും വയോജന കമ്മീഷന്റെ രൂപീകരണം എത്രത്തോളം സഹായകമാകുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് അറിയിക്കുമോ?

വയോജനകമ്മീഷൻ ബിൽ അധ്യായം 3 പ്രകാരം വയോജന കമ്മീഷന്റെ അധികാരങ്ങളും ചുമതലകളും നിശ്ചയിച്ച് നല്കിയിട്ടുണ്ട്. അതുപ്രകാരം ആകൃിലെ വ്യവസ്ഥകൾക്ക് വിധേയമായി വയോജനങ്ങളുടെ ക്ഷേമത്തിനും സംരക്ഷണത്തിനുമായി മാർഗനിർദേശങ്ങൾ നൽകുന്നതും

സഹായിക്കുന്നതും അവർക്ക് പുനരധിവാസം ആവശ്യമുള്ളിടത്ത് സർക്കാരുമായി സഹകരിച്ച് അത് സാധ്യമാക്കുന്നതും എന്തെങ്കിലും തരത്തിലുള്ള നിയമസഹായം ആവശ്യമുള്ളിടത്ത് ആയത് ലഭ്യമാക്കുന്നതും വയോജനങ്ങളുടെ കഴിവുകൾ പൊതുസമൂഹത്തിന് ഉപയുക്തമാക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്നതും സർക്കാർ അതത് കാലങ്ങളിൽ ഏല്പിച്ചുനൽകുന്ന അങ്ങനെയുള്ള ചുമതലകൾ നിർവ്വഹിക്കുന്നതും കമ്മീഷന്റെ കർത്തവ്യമായി നിശ്ചയിച്ചിട്ടുണ്ട്. കമ്മീഷൻ നിലവിൽ വരുന്നതോടെ വയോജനക്ഷേമത്തിനുള്ള ഇത്തരം പ്രവർത്തനങ്ങൾ കമ്മീഷന് ഏറ്റെടുക്കാൻ സാധിക്കും.

മിശ്രവിവാഹ ധനസഹായ അപേക്ഷകൾ

179(1752) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് മിശ്രവിവാഹ ധനസഹായത്തിനായി ലഭിച്ച അപേക്ഷകൾ എത്രയെന്നും അതിന്മേൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നുമുള്ള വിവരം ജില്ല തിരിച്ച് വിശദമാക്കാമോ?

പട്ടികജാതി/പട്ടികവർഗ വിഭാഗം ഒഴികെ മിശ്രവിവാഹം ചെയ്തതുമൂലം സാമ്പത്തിക ദുരിതം അനുഭവിക്കുന്ന ദമ്പതിമാർക്ക് 2015 മുതൽ മിശ്രവിവാഹ ധനസഹായം അനുവദിക്കുന്ന പദ്ധതി സാമൂഹ്യനീതി വകുപ്പ് മുഖേന നടപ്പിലാക്കിവരുന്നു. പഞ്ചായത്ത്രാജ് സംവിധാനം നിലവിൽ വന്നതോടെ മിശ്രവിവാഹിതർക്ക് നൽകുന്ന ധനസഹായം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളായ ബ്ലോക്ക് പഞ്ചായത്തിനും, മുനിസിപ്പാലിറ്റിക്കും കോർപ്പറേഷനുമായി കൈമാറ്റം ചെയ്താണ് വിതരണം ചെയ്തുവരുന്നത്. 09-09-2010 മുതൽ മിശ്രവിവാഹിതരായ ദമ്പതിമാർക്കുള്ള ധനസഹായം 30,000/- രൂപയാക്കി വർധിപ്പിച്ച് ഉത്തരവായിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മിശ്രവിവാഹ ധനസഹായത്തിനായി ലഭ്യമായ അപേക്ഷകളുടെ ജില്ലാടിസ്ഥാനത്തിലുള്ള എണ്ണം അനുബന്ധമായി ചുവടെ ചേർക്കുന്നു.[+] ഓരോ വർഷവും ബജറ്റിൽ വകയിരുത്തുന്ന തുക, അപേക്ഷകൾക്ക് ആനുപാതികമായി ഓരോ ജില്ലയ്ക്കും വീതിച്ച് നൽകുകയാണ് ചെയ്യുന്നത്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത ധനസഹായം വിതരണം ചെയ്യുന്നതിൽ കാലതാമസം നേരിടുന്നുവെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ധനസഹായം സമയബന്ധിതമായി നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്നറിയിക്കാമോ?

മിശ്രവിവാഹ ധനസഹായം ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് മുൻഗണനാക്രമം പാലിച്ച് അനുവദിച്ചുവരുന്നുണ്ട്. 2024-25 സാമ്പത്തിക വർഷം മിശ്രവിവാഹധന സഹായത്തിനായി 1,13,15,000/- രൂപയാണ് ബജറ്റിൽ വകയിരുത്തിയിരുന്നത്. പ്രസ്തുത തുകയിൽനിന്നും 1,12,80,000/- രൂപ മുൻഗണനാക്രമം പാലിച്ച് അപേക്ഷകർക്ക് വിതരണം ചെയ്യുന്നതിനായി ജില്ലകൾക്ക് അനുവദിച്ചിട്ടുണ്ട്. പ്രസ്തുത തുക അനുവദിച്ചതിനുശേഷവും മിശ്രവിവാഹ ധനസഹായം വിതരണം ചെയ്യുന്നതിനായി അധികമായി വേണ്ടിവരുന്ന 13,30,80,000/- രൂപ അധിക ധനാഭ്യർഥനവഴി അനുവദിക്കുന്നതിനായി നടപടി സ്വീകരിച്ചുവരുന്നുണ്ട്.

എൻഡോസൾഫാൻ ദുരിതബാധിതർക്ക് വേണ്ടിയുള്ള നടപടികൾ

180(1753) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ എട്ട് വർഷം എൻഡോസൾഫാൻ ദുരിതബാധിതർക്കുവേണ്ടി സർക്കാർ ചെയ്ത കാര്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) വിവിധ അവസരങ്ങളിലായി എൻഡോസൾഫാൻ ദുരിതബാധിതർക്ക് സർക്കാർ നൽകിയ വാഗ്ദാനങ്ങൾ എന്തൊക്കെയായിരുന്നുവെന്നും ഇവയിൽ ഇതിനോടകം പാലിക്കപ്പെട്ടതും അല്ലാത്തതും ഏതൊക്കെയെന്നും വ്യക്തമാക്കാമോ?

(എ&ബി) കഴിഞ്ഞ എട്ട് വർഷം എൻഡോസൾഫാൻ ദുരിതബാധിതർക്കുവേണ്ടി സംസ്ഥാന സർക്കാർ ചെയ്ത കാര്യങ്ങൾ (വിവിധ ധനസഹായങ്ങൾ ഉൾപ്പെടെ) സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(സി) നിലവിലുള്ള ലിസ്റ്റിൽ എത്ര എൻഡോസൾഫാൻ ദുരിതബാധിതരാണുള്ളതെന്നും ഇവർക്ക് നൽകിവരുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്നും പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിതരുടെ നിലവിലുള്ള ലിസ്റ്റിൽ 7266 പേരാണ് ഉൾപ്പെട്ടിട്ടുള്ളത്. പ്രസ്തുത എൻഡോസൾഫാൻ ദുരിതബാധിതർക്ക് നൽകിവരുന്ന ആനുകൂല്യങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ (പഞ്ചായത്ത് തിരിച്ചുള്ളത്) അനുബന്ധമായി ചേർക്കുന്നു.+

(ഡി) എൻഡോസൾഫാൻ ദുരിതബാധിതർക്ക് ചികിത്സ നൽകിയ ആശുപത്രികൾക്ക് കുടിശ്ശിക നൽകുവാൻ ഉണ്ടോയെന്നും എങ്കിൽ ഇത് ഏതെല്ലാം ആശുപത്രികൾക്കെന്നും വിശദമാക്കാമോ?

കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിതർക്ക് ചികിത്സ നൽകിയ ഇനത്തിൽ കുടിശ്ശിക നൽകുവാനുള്ള ആശുപത്രികളുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു.+

വയോജന കമ്മീഷൽ

181(1754) ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) സംസ്ഥാന സർക്കാർ വയോജന നയം വ്യക്തമാക്കിയിട്ടുണ്ടോ; എങ്കിൽ വയോജന കമ്മീഷന്റെ ഘടന എപ്രകാരമാണ്?

സംസ്ഥാനത്തുള്ള മുതിർന്ന പൗരന്മാരുടെ ക്ഷേമത്തിനുവേണ്ടി വിവിധ പരിപാടികൾ നടപ്പിലാക്കുന്നതിനുള്ള കർമ്മപദ്ധതി രൂപവത്കരിക്കുന്നതിനുള്ള മാർഗരേഖയായി സംസ്ഥാന വയോജന നയം അംഗീകരിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സംസ്ഥാന വയോജനനയം കാലാനുസൃതമായി പരിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

വയോജനങ്ങളുടെ ക്ഷേമവും സംരക്ഷണവുമായി ബന്ധപ്പെട്ട് മാർഗനിർദേശങ്ങൾ നല്കുന്നതിനും വയോജനങ്ങളുടെ പുനരധിവാസം സാധ്യമാക്കുന്നതിനും അവരുടെ കഴിവുകൾ പൊതുസമൂഹത്തിന് ഉപയുക്തമാക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്നതിനും അവകാശ സംരക്ഷണം ഉറപ്പുവരുത്തുന്നതിനും മറ്റുമായി ഒരു വയോജന കമ്മീഷൻ രൂപീകരിക്കുന്നതിനായി 2024-ലെ കേരള സംസ്ഥാന വയോജന കമ്മീഷൻ ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത

ഓർഡിനൻസിലെ വ്യവസ്ഥകൾ പ്രകാരം വയോജന കമ്മീഷൻ ഘടന ചുവടെപ്പറയുന്നത് പ്രകാരമാണ്:

- വയോജനകമ്മീഷനിൽ സർക്കാർ വിജ്ഞാപനംവഴി നിയമിക്കുന്ന ഒരു ചെയർപേഴ്സണും മൂന്നിൽ കുറയാത്ത എണ്ണം അംഗങ്ങളും ഉണ്ടായിരിക്കും.

- ചെയർപേഴ്സൺ ഉൾപ്പടെ എല്ലാ അംഗങ്ങളും വയോജനങ്ങൾ ആയിരിക്കേണ്ടതും വയോജനക്ഷേമ മേഖലയിൽ പ്രവർത്തനപരിചയമുള്ള ആളുകളായിരിക്കേണ്ടതും അവരിൽ ഒരാൾ പട്ടികജാതികളിലോ പട്ടിക ഗോത്രവിഭാഗങ്ങളിലോപെട്ടയാളും മറ്റൊരാൾ വനിതയും ആയിരിക്കും.

- സർക്കാർ അഡീഷണൽ സെക്രട്ടറിയുടെ പദവിയിൽ കുറയാത്ത ഒരാൾ കമ്മീഷൻ സെക്രട്ടറിയായും സർക്കാർ നിയമവകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ പദവിയിൽ കുറയാത്ത ഒരാൾ കമ്മീഷൻ രജിസ്ട്രാറായും സർക്കാർ ധനകാര്യ ഡെപ്യൂട്ടി സെക്രട്ടറിയുടെ

പദവിയിൽ കുറയാത്ത ഒരാളെ കമ്മീഷൻ ഫിനാൻസ് ഓഫീസറായും നിയമിക്കുന്നതാണ്.

- ചെയർപേഴ്സന്റെയും അംഗങ്ങളുടെയും ഔദ്യോഗിക കാലാവധി അവർ പ്രസ്തുത സ്ഥാനം ഏറ്റെടുത്ത തീയതി മുതൽ മൂന്ന് വർഷം വരെയായിരിക്കും.

(ബി) വയോജന കമ്മീഷന് അർധ ജുഡീഷ്യറി അധികാരങ്ങൾ നൽകുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ?

സംസ്ഥാന വയോജന കമ്മീഷൻ 9-ാം വകുപ്പ് പ്രകാരമുള്ള ചുമതലകൾ നിർവഹിക്കുമ്പോൾ 1908-ലെ സിവിൽ നടപടി നിയമസംഹിതയിൻ (1908-ലെ 5-ാം കേന്ദ്ര ആക്ട്) കീഴിൽ ഒരു വ്യവഹാരം വിചാരണ ചെയ്യുന്ന സിവിൽ കോടതിക്കുള്ള എല്ലാ അധികാരങ്ങളും ഉണ്ടായിരിക്കുന്നതാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

(സി) വയോജന കമ്മീഷൻ മുഖാന്തരം എപ്രകാരമാണ് വയോജനങ്ങൾക്ക് നീതിനിർവഹണം ലക്ഷ്യമിടുന്നത്; വിശദമാക്കാമോ?

വയോജനങ്ങളുടെ ക്ഷേമവും സംരക്ഷണവുമായി ബന്ധപ്പെട്ട് മാർഗനിർദേശങ്ങൾ നല്കുന്നതിനും വയോജനങ്ങളുടെ പുനരധിവാസം സാധ്യമാക്കുന്നതിനും അവരുടെ കഴിവുകൾ പൊതുസമൂഹത്തിന് ഉപയുക്തമാക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്നതിനും അവകാശ സംരക്ഷണം ഉറപ്പുവരുത്തുന്നതിനും മറ്റുമായാണ് സംസ്ഥാനത്ത് വയോജന കമ്മീഷൻ രൂപീകരിക്കുന്നതിലൂടെ ലക്ഷ്യമിടുന്നത്.

വയോജന കമ്മീഷൻ ബിൽ അധ്യായം 3 പ്രകാരം വയോജന കമ്മീഷന്റെ അധികാരങ്ങളും ചുമതലകളും നിശ്ചയിച്ച് നല്കിയിട്ടുണ്ട്. ആയത് പ്രകാരം ആകുലെ വ്യവസ്ഥകൾക്ക് വിധേയമായി വയോജനങ്ങളുടെ ക്ഷേമത്തിനും സംരക്ഷണത്തിനുമായി മാർഗനിർദേശങ്ങൾ നൽകുന്നതും സഹായിക്കുന്നതും അവർക്ക് പുനരധിവാസം ആവശ്യമുള്ളിടത്ത് സർക്കാരുമായി സഹകരിച്ച് അത് സാധ്യമാക്കുന്നതും എന്തെങ്കിലും തരത്തിലുള്ള നിയമസഹായം ആവശ്യമുള്ളിടത്ത് ആയത് ലഭ്യമാക്കുന്നതും വയോജനങ്ങളുടെ കഴിവുകൾ പൊതുസമൂഹത്തിന് ഉപയുക്തമാക്കുന്നതിന്

ആവശ്യമായ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്നതും സർക്കാർ കാലാകാലങ്ങളിൽ ഏല്പിച്ച് നൽകുന്ന അങ്ങനെയുള്ള ചുമതലകൾ നിർവഹിക്കുന്നതും കമ്മിഷന്റെ കർത്തവ്യമായി നിശ്ചയിച്ചിട്ടുണ്ട്.

ആശ്വാസകിരണം പദ്ധതി

182(1755) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിടപ്പിലായ രോഗികളെ പരിചരിക്കുന്നവർക്ക് ധനസഹായം നൽകുന്ന ആശ്വാസകിരണം പദ്ധതിയിൽ നാല് വർഷത്തിലധികമായി ലഭിച്ച അപേക്ഷകൾ തീർപ്പാക്കിയിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കാമോ?

11-10-2012-ലെ സ.ഉ.(എം.എസ്)നം. 60/2012/സാക്ഷേവ. പ്രകാരം ആശ്വാസകിരണം പദ്ധതിയുടെ മാനദണ്ഡം ലഘൂകരിക്കുകയും ആനുകൂല്യം ലഭിക്കുന്ന ശയ്യാവലംബർ, ബുദ്ധിമാന്ദ്യം, ഓട്ടിസം, സെറിബ്രൽ പാൾസി, മാനസിക വൈകല്യമുള\ളവർ, മാനസിക രോഗികൾ എന്നിവർക്ക് പുറമെ 100% അന്ധത ബാധിച്ചവരെയും പ്രായാധിക്യംകൊണ്ടും ക്യാൻസർ മുതലായ പലവിധ ഗുരുതരമായ രോഗങ്ങളാലും കിടപ്പിലായവരെയും ദൈനംദിന

കാര്യങ്ങൾക്ക് പരസഹായം ആവശ്യമായിട്ടുള്ള മുഴുവൻ ആളുകളുടെ പരിചാരകരെയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തി ഉത്തരവായി. തന്മൂലം പ്രസ്തുത പദ്ധതിയിലെ ഗുണഭോക്താക്കളുടെ എണ്ണം ക്രമാതീതമായി വർധിക്കുകയും ബജറ്റ് വിഹിതത്തെക്കാൾ കൂടുതൽ തുക പദ്ധതിക്ക് ആവശ്യമായിവരുന്ന സാഹചര്യം സംജാതമാകുകയും ചെയ്തു. അതുകൊണ്ടുതന്നെ, 2018 മാർച്ച് 31 വരെ ലഭിച്ച അപേക്ഷകൾക്ക് മാത്രമെ ഇതുവരെ ധനസഹായം അനുവദിക്കാൻ കഴിഞ്ഞിട്ടുള്ളൂ.

(ബി) ധനസഹായം ലഭിക്കാത്തതുമൂലം രോഗികളും അവരെ പരിചരിക്കുന്നവരും നേരിടുന്ന ബുദ്ധിമുട്ടുകൾ പരിഹരിച്ച് അടിയന്തരമായി കുടിശ്ശിക വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ; എത്ര മാസത്തെ കുടിശ്ശിക കൊടുത്ത് തീർക്കുവാനുണ്ടെന്ന് അറിയിക്കുമോ; കുടിശ്ശിക എന്നത്തേയ്ക്ക് വിതരണം ചെയ്യാൻ സാധിക്കുമെന്ന് വെളിപ്പെടുത്തുമോ?

ആശ്വാസകിരണം പദ്ധതിക്ക് 2024-2025 സാമ്പത്തികവർഷം ബജറ്റ് വിഹിതമായി 37.64 കോടി രൂപ അനുവദിച്ചിട്ടുണ്ട്. അതിൽ ആദ്യഗഡുവായി അനുവദിച്ച 10 കോടി രൂപയിൽ 9,91,81,611/- രൂപ 27962

ഗുണഭോക്താക്കൾക്ക് ധനസഹായമായി അനുവദിച്ചിട്ടുണ്ട്. രണ്ടാം ഗഡുവായി അനുവദിച്ച 10 കോടി രൂപ ഉപയോഗിച്ച് തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കോട്ടയം, ഇടുക്കി, വയനാട്, കാസർഗോഡ് എന്നി ജില്ലകളിലെ യഥാസമയം ലൈഫ് സർട്ടിഫിക്കറ്റ് സമർപ്പിച്ച ഗുണഭോക്താക്കൾക്ക് 7 മാസത്തെ ധനസഹായവും ബാക്കി 7 ജില്ലകൾക്ക് 8 മാസത്തെ ധനസഹായവും നിശ്ചിത തീയതിക്കുശേഷം ലൈഫ് സർട്ടിഫിക്കറ്റ് സമർപ്പിച്ചവർക്ക് അവർ ലൈഫ് സർട്ടിഫിക്കറ്റ് സമർപ്പിച്ച തീയതിയുടെ അടിസ്ഥാനത്തിൽ പരമാവധി 2 മാസം വരെ ധനസഹായവും ഉൾപ്പെടെ ആകെ 28028 ഗുണഭോക്താക്കൾക്ക് ധനസഹായം നല്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) പ്രസ്തുത പദ്ധതി പ്രകാരം മാസംതോറും അനുവദിക്കുന്ന തുക നാമമാത്രമായതിനാൽ അത് വർധിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ?

നിലവിൽ പരിഗണനയിലില്ല.

ലൈബ്രറി കൗൺസിലിനുള്ള സർക്കാർ ഗ്രാന്റ്

183(1756) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈബ്രറികളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി സർക്കാർ നൽകുന്ന തുക ലൈബ്രറി കൗൺസിൽ എപ്രകാരമാണ് വിനിയോഗിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ലൈബ്രറികളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി സർക്കാർ നൽകുന്ന തുക കെട്ടിട നിർമ്മാണത്തിനും ഗ്രന്ഥശാലകൾക്ക് ഫർണിച്ചർ, കമ്പ്യൂട്ടർ, അനുബന്ധ ഉപകരണങ്ങൾ, പബ്ലിക് അഡ്രസ് സിസ്റ്റം എന്നിവ വാങ്ങുന്നതിനുമാണ് ലൈബ്രറി കൗൺസിൽ വിനിയോഗിക്കുന്നത്.

(ബി) ഓരോ സാമ്പത്തികവർഷവും സർക്കാർ ഗ്രാന്റിൽ വ്യത്യാസം വരുന്നുണ്ടോ; 2021-22 മുതൽ 2024-25 വരെ ഓരോ ജില്ലാ ലൈബ്രറി കൗൺസിലിനും അനുവദിച്ച തുക എത്രയെന്ന് വ്യക്തമാക്കാമോ?

ഉണ്ട്. 2021-22 മുതൽ 2024-25 വരെ ഓരോ ജില്ലാ ലൈബ്രറി കൗൺസിലിനും അനുവദിച്ച തുക അനുബന്ധമായി ചേർക്കുന്നു.+

(സി) സംസ്ഥാനത്തെ ലൈബ്രറികളെ ആധുനികവത്കരിക്കുവാനും കമ്പ്യൂട്ടർവത്കരിക്കുവാനുമുള്ള നടപടികൾ വിശദീകരിക്കാമോ; ഈ പദ്ധതി എന്നുമുതൽ ആരംഭിക്കുമെന്ന് വ്യക്തമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സംസ്ഥാനത്തെ ലൈബ്രറികളെ കമ്പ്യൂട്ടർവത്കരിക്കുന്നതിനും ആധുനികവത്കരിക്കുന്നതിനും പദ്ധതി ആരംഭിച്ചുകഴിഞ്ഞു. 3900 ലൈബ്രറികളിൽ നിലവിൽ കമ്പ്യൂട്ടർ ഉണ്ട്. 3300 ലൈബ്രറികളിൽ കമ്പ്യൂട്ടർ ലഭ്യമാക്കുന്നതിന് ലൈബ്രറി കൗൺസിൽ നടപടി സ്വീകരിച്ചുവരുന്നു. ആധുനികവൽക്കരണത്തിന്റെ ഭാഗമായി കൗൺസിലിൽ അഫിലിയേറ്റ് ചെയ്ത ലൈബ്രറികളിലെ ലൈബ്രേറിയൻമാർക്കും ലൈബ്രറി പ്രവർത്തകർക്കും സാങ്കേതിക പരിജ്ഞാനം നൽകുന്നതിന് പ്രത്യേക സോഫ്റ്റ്വെയർ നിർമ്മിച്ചിട്ടുണ്ട്. സോഫ്റ്റ്വെയർ ഉപയോഗിക്കുന്നതിനായി ലൈബ്രറി പ്രവർത്തകർക്കും റിസോഴ്സ് പേഴ്സൺസിനും ആദ്യഘട്ട പരിശീലനം നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ലൈബ്രറികളിൽ പുസ്തകങ്ങളുടെയും ലൈബ്രറി അംഗങ്ങളുടെയും എൻട്രി നടത്തിവരുന്നു. ഇത് പൂർത്തിയാകുന്നതനുസരിച്ച് രണ്ടാം ഘട്ട പരിശീലനംകൂടി നൽകുകയും എല്ലാ ലൈബ്രറികളുടെയും പ്രവർത്തനം ഒരു ഏകീകൃത പ്ലാറ്റ്ഫോമിൽ നൽകുവാനും കഴിയും.

(ഡി) സംസ്ഥാന ലൈബ്രറി കൗൺസിലിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള ലൈബ്രറികളുടെ കെട്ടിടങ്ങളെ കെട്ടിട നികുതിയിൽനിന്നും ഒഴിവാക്കിയിട്ടുണ്ടോ; ആയതിന് സർക്കാർ ഉത്തരവ് നിലവിലുണ്ടോ; ഉണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കാമോ?

കേരള പഞ്ചായത്ത്രാജ് ആക്ട് 207 (1) (സി) പ്രകാരം ലൈബ്രറികളെ കെട്ടിട നികുതിയിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്.

ലൈബ്രറി സെസ് തുകയുടെ വിനിയോഗം

184(1757) ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്ഥാപനങ്ങൾവഴി കെട്ടിട ഉടമകളിൽനിന്ന് പിരിക്കുന്ന ലൈബ്രറി സെസ്വഴി പ്രതിവർഷം എത്ര രൂപയാണ് ലഭിക്കുന്നത്; എന്നുമുതലാണ് ലൈബ്രറി സെസ് ഏർപ്പെടുത്തിയത്; ഇതിനായി ഉത്തരവ് ഇറക്കാൻ ശിപാർശ നൽകിയത് ഉന്നതവിദ്യാഭ്യാസ വകുപ്പാണോ?

പ്രതിവർഷം ശരാശരി നാൽപത് കോടി രൂപ ലഭിക്കുന്നുണ്ട്. 1989-ലെ കേരള പബ്ലിക് ലൈബ്രറീസ് (കേരള ഗ്രന്ഥശാലാ സംഘം) ആക്ട്, സെക്ഷൻ 48 അനുസരിച്ചാണ് ലൈബ്രറി സെസ് 1996 മുതൽ ഏർപ്പെടുത്തിയത്.

(ബി) പ്രസ്തുത സെസ് ഏർപ്പെടുത്തിയ കാലം മുതൽ ഇതുവരെ എത്ര തുക ഈയിനത്തിൽ ലഭിച്ചിട്ടുണ്ട്; എത്ര ലൈബ്രറികൾക്കായിട്ടാണ് ഈ തുക പ്രയോജനപ്പെടുത്തുന്നത്; ഈ ലൈബ്രറികളെല്ലാം സംസ്ഥാന ലൈബ്രറി കൗൺസിലിന്റെ അംഗീകാരമുള്ളവയാണോ; ഈ തുക ലൈബ്രറിയുടെ ഏതെല്ലാം പ്രവർത്തനങ്ങൾക്ക് ഉപയോഗപ്പെടുത്തണമെന്ന് വ്യവസ്ഥയുണ്ടോ?

ലൈബ്രറി സെസിനത്തിൽ ഓരോ വർഷവും ലഭിച്ച തുക അനുബന്ധമായി ചേർക്കുന്നു.+

ലൈബ്രറി കൗൺസിലിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള 8300 ലൈബ്രറികൾക്ക് ടി തുക പ്രയോജനപ്പെടുന്നുണ്ട്. ലൈബ്രറി സെസ് ഇനത്തിൽ ലഭിക്കുന്ന തുക ലൈബ്രറികളുടെ വാർഷിക ഗ്രാന്റ്, ലൈബ്രേറിയൻ അലവൻസ്, ലൈബ്രറി പ്രവർത്തന ഗ്രാന്റ്, ഫെസ്റ്റിവെൽ അലവൻസ്, കെട്ടിട ഗ്രാന്റ്, വനിതാ വയോജന പുസ്തക വിതരണ പദ്ധതി, ലൈബ്രറി സോഫ്റ്റ്വെയർ, വായനോത്സവം, താലൂക്ക് റഫറൻസ് ലൈബ്രറി, ദുരിതാശ്വാസ ഗ്രാന്റ്, പുനരുദ്ധാരണ ഗ്രാന്റ്, ടൈബൽ ലൈബ്രറി, ബാലവേദി,

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വനിതാവേദി, ജില്ലാ-താലൂക്ക് ലൈബ്രറി, കുട്ടികളുടെ സ്റ്റേറ്റ് ലൈബ്രറി, വിമുക്തി, പ്രതിഭാതീരം, വീട്ടിലേയ്ക്ക് ഒരു പുസ്തകം, ദിശ, ജില്ലാ പദ്ധതി എന്നീ പ്രവർത്തനങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നുണ്ട്. പുസ്തക ഗ്രാന്റ് നൽകുന്നതിനായി 14 കോടി രൂപയും ലൈബ്രേറിയൻ അലവൻസ് നൽകുന്നതിനായി 39 കോടി രൂപയും ഒരു വർഷം ചെലവഴിക്കുന്നുണ്ട്.

(സി) ഈ തുക ലൈബ്രറി കൗൺസിലിന്റെ പ്രവർത്തനങ്ങൾക്കും ഉപയോഗിക്കുന്നുണ്ടോ; എത്ര തുകയാണ് പ്രതിവർഷം കൗൺസിലിനായി നീക്കിവയ്ക്കുന്നത്; ലൈബ്രറി കൗൺസിലിലെ അംഗങ്ങളുടെ ഓണറേറിയം എത്രയാണ്?

ഉണ്ട്. 77 താലൂക്ക് ലൈബ്രറി കൗൺസിലിന്റെയും 14 ജില്ലാ ലൈബ്രറി കൗൺസിലിന്റെയും സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന്റെയും ആകെ പ്രവർത്തനങ്ങൾക്കായി 2024-25 വർഷം 5,15,00,000/- രൂപ നീക്കി വെച്ചിട്ടുണ്ട്. സ്റ്റേറ്റ്-ജില്ലാ-താലൂക്ക് കൗൺസിലുകളിലെ ഭാരവാഹികളുടെ അലവൻസ് അനുബന്ധമായി ചേർക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കൗൺസിൽ അംഗങ്ങൾക്ക് ഓണറേറിയം ഇല്ല. കമ്മിറ്റി ചേരുമ്പോൾ സിറ്റിംഗ് ഫീസ് മാത്രമാണ് അനുവദിക്കുന്നത്.

(ഡി) ലൈബ്രറി കൗൺസിലിന്റെ താലൂക്ക്, ജില്ലാ, സംസ്ഥാന ഓഫീസുകളിലായി എത്ര ജീവനക്കാരാണ് സ്ഥിരവും താൽക്കാലികവുമായി ജോലി ചെയ്യുന്നത്; ഇവർക്ക് ശമ്പളവും മറ്റാനുകൂല്യങ്ങളും നൽകാൻ പണം കണ്ടെത്തുന്നത് സംസ്ഥാന സർക്കാർ നൽകുന്ന വിഹിതത്തിൽനിന്നാണോ; ഈ തുക ലൈബ്രറി സെസ് വഴിയാണോ കണ്ടെത്തുന്നത്; വിശദമാക്കാമോ?

സംസ്ഥാന ലൈബ്രറി കൗൺസിൽ ഓഫീസ്

സ്ഥിരം ജീവനക്കാർ - 21

താത്കാലിക ജീവനക്കാർ - 2

ജില്ലാ ലൈബ്രറി കൗൺസിൽ ഓഫീസ്

സ്ഥിരം ജീവനക്കാർ - 31

താത്കാലിക ജീവനക്കാർ - 11

താലൂക്ക് ലൈബ്രറി കൗൺസിൽ ഓഫീസ്

സ്ഥിരം ജീവനക്കാർ - 31

താത്കാലിക ജീവനക്കാർ - 46

ഇവർക്ക് ശമ്പളവും മറ്റാനുകൂല്യങ്ങളും നൽകുന്നത് സർക്കാർ ഗ്രാന്റിൽനിന്നാണ്, ലൈബ്രറി സെസ് വഴിയല്ല.

ഇ-ചെക്ക്പോസ്റ്റ്

185(1758) ശ്രീ. ചാണ്ടി ഉമ്മൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇ-ചെക്ക്പോസ്റ്റ് നിലവിൽ വന്നശേഷം മോട്ടോർ വാഹന വകുപ്പിലെ ചെക്ക്പോസ്റ്റുകളിൽ വിജിലൻസ് പരിശോധന നടക്കാറുണ്ടോ; ഇപ്രകാരം പരിശോധനയിൽ അഴിമതി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ കുറ്റക്കാർക്കെതിരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

22-10-2022 മുതൽ ചെക്ക്പോസ്റ്റിലെ സേവനങ്ങൾ വാഹൻ മൊഡ്യൂൾ വഴി (ഇ-ചെക്ക് പോസ്റ്റ്) നൽകിയതിനുശേഷവും ചെക്ക്പോസ്റ്റുകളിൽ വിജിലൻസ് പരിശോധന നടന്നുവരുന്നു. അഴിമതി കണ്ടെത്തിയതിൽ കുറ്റക്കാർക്കെതിരെ അച്ചടക്ക നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഓൺലൈൻ വാഹന ചെക്ക്പോസ്റ്റ് മൊഡ്യൂൾ പ്രവർത്തനവുമായി ബന്ധപ്പെട്ട് എന്തെങ്കിലും മാനദണ്ഡങ്ങൾ പുതുക്കി നിശ്ചയിച്ചിട്ടുണ്ടോ; ഓൺലൈനായി അടച്ച രസീതുകൾ പ്രിന്റെടുത്ത് ചെക്ക്പോസ്റ്റിലെ ഉദ്യോഗസ്ഥരിൽനിന്നും സീൽ പതിപ്പിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ടോ; ഇതിനാധാരമായ സാഹചര്യങ്ങൾ വിശദമാക്കുമോ?

ഓൺലൈൻ വാഹന ചെക്ക്പോസ്റ്റ് മൊഡ്യൂൾ പ്രവർത്തനവുമായി ബന്ധപ്പെട്ട് ഗതാഗത കമ്മീഷണറുടെ 16-06-2021-ലെ സർക്കുലർ നമ്പർ 12/2021 പ്രകാരം ഓൺലൈനായി അടച്ച രസീതുകൾ പ്രിന്റെടുത്ത് ചെക്ക്പോസ്റ്റിലെ ഉദ്യോഗസ്ഥരിൽനിന്നും സീൽ പതിപ്പിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. 2021-ൽ വാഹൻ സോഫ്റ്റ്വെയർ പൂർണ്ണതോതിൽ സംസ്ഥാനത്ത് സജ്ജമായിട്ടില്ലായിരുന്നതിനാലും ആ കാലഘട്ടത്തിൽ Non Vahan ആയ സംസ്ഥാനങ്ങളുടെ എണ്ണം കൂടുതലുമായിരുന്നതിനാലുമാണ് ഇത്തരമൊരു സർക്കുലർ പുറപ്പെടുവിക്കേണ്ടിവന്നത്.

(സി) ഇപ്രകാരം ഒരു നിർദ്ദേശം നൽകിയത് ചെക്ക്പോസ്റ്റിലെ അഴിമതി വർധിപ്പിക്കുമെന്ന് വിലയിരുത്തലുണ്ടോ; എല്ലാം

ഡിജിറ്റലായിക്കൊണ്ടിരിക്കുന്ന ഇക്കാലത്ത് ഡിജിറ്റലായി നടത്തിയ ഇടപാടിന്റെ പ്രിന്റെടുത്ത് ചെക്ക്പോസ്റ്റിൽ ഹാജരാക്കണമെന്ന വ്യവസ്ഥ പിൻവലിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഇല്ല. കേന്ദ്രസർക്കാരിന്റെ 06-09-2021-ലെ RT-23018/47/2021-T, 03-10-2023-ലെ RT-23018/19/2023-T എന്നീ കത്തുകളുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തിലെ മോട്ടോർ വാഹന വകുപ്പിന് കീഴിലുള്ള ചെക്ക്പോസ്റ്റുകളുടെ പ്രവർത്തനം പൂർണ്ണമായും നിർത്തലാക്കുവാൻ നിർദേശം നൽകിയിരുന്നു.

ആയതിന്റെ അടിസ്ഥാനത്തിൽ ചെക്ക്പോസ്റ്റുകളുടെ പ്രവർത്തനം പൂർണ്ണമായും ഓൺലൈൻ രീതിയിൽ ക്രമീകരിച്ചുകൊണ്ട് അവയുടെ പ്രവർത്തനം നിർത്തലാക്കുന്നതിനുള്ള നടപടികൾ സർക്കാരിന്റെ പരിഗണനയിലാണ്.

ഗതാഗത നിയമലംഘനങ്ങൾ തടയുന്നതിനുള്ള നടപടി

186(1759) ഡോ. എൻ. ജയരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗതാഗത നിയമലംഘനങ്ങൾ തടയാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

സേഫ് കേരള പദ്ധതി:- റോഡ് സുരക്ഷ ഉറപ്പ് വരുത്തുന്നതിനും റോഡപകടങ്ങൾ ഗണ്യമായി കുറയ്ക്കുകയെന്ന ഉദ്ദേശത്തോടുംകൂടി സംസ്ഥാനത്ത് 85 എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. വാഹന നിയമലംഘനങ്ങൾ കണ്ടെത്താനും അപകടമേഖലകൾ കണ്ടെത്തി അതിനുള്ള പരിഹാരം നിർദ്ദേശിക്കാനും ട്രാഫിക്ക് ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കാനും അപകടങ്ങളുണ്ടായാൽ കാരണങ്ങൾ കണ്ടെത്തുവാനും ഈ സ്ക്വാഡുകളെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

എ.ഐ. ക്യാമറ പദ്ധതി:- റോഡപകടങ്ങൾ ഗണ്യമായി കുറയ്ക്കുകയെന്ന ലക്ഷ്യത്തോടുകൂടി ആരംഭിച്ച രാജ്യത്തെ ആദ്യത്തെ Fully Automated Enforcement System എന്ന സംവിധാനത്തിന്റെ ഭാഗമായി Artificial Intelligence സാങ്കേതികവിദ്യ ഉപയോഗിച്ച് പ്രവർത്തിക്കുന്ന ക്യാമറകൾ ഉൾപ്പെടെ 726 ക്യാമറകൾ കേരളത്തിലെ നിരത്തുകളിൽ 2023 ജൂൺ 5-ന്

പ്രവത്തനസജ്ജമായി. തെറ്റായ രീതിയിലുള്ള വാഹന പാർക്കിങ്, വാഹനമോടിക്കുമ്പോൾ മൊബൈൽ ഫോണിന്റെ ഉപയോഗം, സീറ്റ് ബെൽറ്റ്/ഹെൽമെറ്റ് എന്നിവ ധരിക്കാതിരിക്കൽ, റെഡ് ലൈറ്റ് മറികടന്ന് വാഹനമോടിക്കൽ എന്നിവയ്ക്കാണ് ഈ സംവിധാനത്തിലൂടെ പിഴ ഈടാക്കുന്നത്. ഈ ക്യാമറകളിലൂടെ ലഭ്യമാകുന്ന ട്രാഫിക് നിയമലംഘനങ്ങൾ ജില്ലാതലത്തിലും സംസ്ഥാനതലത്തിലും പ്രവർത്തിച്ചുവരുന്ന കൺട്രോൾ റൂമുകൾവഴി പരിശോധിക്കുകയും നിയമലംഘകർക്ക് പിഴ ചുമത്തുകയും ചെയ്യുന്നു. ഈ ക്യാമറകൾ നിരത്തുകളിൽ സ്ഥാപിച്ചതോടുകൂടി റോഡപകടങ്ങൾവഴി തല്യ്ക്ക് ഏൽക്കുന്ന ഗുരുതരമായ പരിക്ക്, മരണനിരക്ക്, എന്നിവയിൽ കുറവ് ഉണ്ടായിട്ടുള്ളതായി കണക്കുകൾ സൂചിപ്പിക്കുന്നു.

ശബരിമല സേഫ് സോൺ:- കേരളത്തിലെ ഏറ്റവും വലിയ തീർത്ഥാടന കേന്ദ്രമായ ശബരിമലയിലേയ്ക്ക് സംസ്ഥാനത്തിനകത്തും പുറത്തുനിന്നുമായി മണ്ഡലമകരവിളക്ക് കാലയളവിൽ 50 ലക്ഷത്തിന് മുകളിൽ ഭക്തജനങ്ങൾ ദർശനത്തിനെത്തി. ഏകദേശം മൂന്നരലക്ഷത്തിന്

മുകളിൽ വാഹനങ്ങൾ ഭക്തരെയും വഹിച്ച് ഈ കാലയളവിൽ ശബരിമലയിലെത്തിച്ചേർന്നു. ശബരിമലയിലെ റോഡ് സുരക്ഷ ഉറപ്പ് വരുത്തുന്നതിന്റെ ഭാഗമായും ഭക്തജനങ്ങളുടെ സുഗമമായ ദർശനത്തിനുമായി മോട്ടോർ വാഹന വകുപ്പിലെ ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി 24 മണിക്കൂറും പ്രവർത്തിക്കുന്ന സ്ക്വാഡുകൾ രൂപീകരിച്ച് മൂന്ന് കൺട്രോൾ റൂമുകൾ തുറന്ന് പ്രവർത്തനങ്ങൾ ക്രോഡീകരിച്ച് നടപ്പാക്കി. 39 ഇലക്ട്രിക് വാഹനങ്ങൾ ഉപയോഗപ്പെടുത്തി 212510 കിലോമീറ്റർ ദൂരം പെട്രോളിങ് നടത്തുകയുണ്ടായി.

സിറ്റിസൺ സെന്റിനൽ - റിപ്പോർട്ട് ട്രാഫിക് വയലേഷൻ:- ഗതാഗത നിയമലംഘനങ്ങൾ കണ്ടെത്തുന്നതിന് പൊതുജനങ്ങളെ ഉൾപ്പെടുത്തുന്നതിനായി സർക്കാരിന്റെ നൂറ് ദിന കർമ്മപരിപാടിയിൽ ഉൾപ്പെടുത്തി പൊതുജങ്ങങ്ങൾക്ക് ഗതാഗത നിയമലംഘനങ്ങൾ റിപ്പോർട്ട് ചെയ്യുന്നതിലേയ്ക്കായിട്ടുള്ള എം-പരിവാഹൻ അപ്ലിക്കേഷനിലെ സിറ്റിസൺ സെന്റിനൽ - റിപ്പോർട്ട് ട്രാഫിക് വയലേഷൻ - രജിസ്റ്റർ കംപ്ലയിന്റ് ഓപ്ഷൻ പ്രവർത്തനക്ഷമമാക്കി.

ഗതാഗത നിയമങ്ങളെക്കുറിച്ചുള്ള ബോധവൽക്കരണ ക്ലാസ്സുകൾ:-

പൊതുജനങ്ങൾക്ക് ഗതാഗത നിയമങ്ങളെക്കുറിച്ചുള്ള അറിവില്ലായ്മയാണ് കൂടുതൽ നിയമലംഘനങ്ങൾക്ക് കാരണമാകുന്നത്. ആയത് പരിഹരിക്കുന്നതിനായി സ്കൂൾ വിദ്യാർഥികൾക്കും ലേണേഴ്സ് ലൈസൻസ് നേടുന്നവർക്കും ഡ്രൈവർമാർക്കും വിവിധ സന്നദ്ധ സംഘടനകൾ നടത്തുന്ന പരിപാടികളിലും ഗതാഗത നിയമങ്ങളെക്കുറിച്ചുള്ള ബോധവൽക്കരണ ക്ലാസുകൾ നടത്തിവരുന്നു.

* ആറു വരി പാത സജ്ജമാകുന്നതിനു മുന്നോടിയായി ലെയ്ൻ ട്രാഫിക് ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുകയുണ്ടായി.

* മോട്ടോർ വാഹന നിയമലംഘനങ്ങൾ കണ്ടെത്തുവാൻ 'സേഫ്റ്റി ടു സേവ് ലൈഫ് ', ഓപ്പറേഷൻ റാഷ്, ഓപ്പറേഷൻ ഡെസിബെൽ, ഓപ്പറേഷൻ നൈറ്റ് റൈഡേഴ്സ്, ക്ലിയർ പാത്ത്, സ്ക്രീൻ, സൈലൻസ്, ഫോക്കസ്, ഓപ്പറേഷൻ ഓവർലോഡ് എന്നീ പേരുകളിലും, അനധികൃത ഫിറ്റിങ്ങുകൾ കണ്ടെത്തുന്നതിനും എയർ ഹോണുകളുടെ ഉപയോഗം, നിയമവിരുദ്ധമായി വാഹനങ്ങളിൽ ഘടിപ്പിച്ചിട്ടുള്ള നെയിം ബോർഡുകൾ, ഫ്ലാഷ് ലൈറ്റുകൾ,

ഫ്ലാഗുകൾ, ലൈറ്റുകൾ ഘടിപ്പിച്ച് രൂപമാറ്റം വരുത്തുന്നത് എന്നിവ കണ്ടെത്തുന്നതിനുള്ള പ്രത്യേക പരിശോധന, High Security Registration Plate (HSRP) ഘടിപ്പിച്ച വാഹനങ്ങളുടെ പ്രത്യേക പരിശോധന തുടങ്ങിയ 'സ്പെഷ്യൽ ഡ്രൈവുകൾ' സംഘടിപ്പിക്കുകയും കുറ്റകൃത്യങ്ങൾ കണ്ടെത്തുകയും ചെയ്തു.

* ട്രാൻസ്പോർട്ട് വാഹനങ്ങളുടെ നിരീക്ഷണത്തിനും നിയന്ത്രണത്തിനും 'സുരക്ഷാമിത്ര' പദ്ധതി നടപ്പിലാക്കി.

* സ്കൂൾ കുട്ടികളുടെ സുരക്ഷയ്ക്കായി സ്കൂൾ വാഹനങ്ങളെ നിരീക്ഷിക്കുന്നതിനായി 'വിദ്യാവാഹൻ' എന്ന ആപ്പ് നിർമ്മിക്കുകയും രക്ഷിതാക്കൾക്ക് ഉപയോഗിക്കാവുന്ന രീതിയിൽ നടപ്പിൽവരുത്തുകയും ചെയ്തു.

* സോഷ്യൽ മീഡിയ വഴി ട്രാഫിക് ബോധവൽക്കരണം നടത്തുന്നതിനായി മീഡിയ സെൽ രൂപീകരിച്ചു.

* പൊതുജനങ്ങളുടെ ശ്രദ്ധയിൽപ്പെടുന്ന ട്രാഫിക് നിയമലംഘനങ്ങൾ വകുപ്പിനെ അറിയിക്കുവാൻ വാട്ട്സ്ആപ്പ് നമ്പറുകൾ ലഭ്യമാക്കി.

* ഗുരുതരമായ നിയമലംഘനങ്ങൾ നടത്തുന്നതായി കണ്ടെത്തിയവരുടെ ലൈസൻസ് സസ്പെൻഡ് ചെയ്യുകയും പരിഹാരമായി സാമൂഹ്യസേവനത്തിനോ ബോധവൽക്കരണ ക്ലാസിൽ പങ്കെടുക്കുന്നതിനോ നിർദേശിക്കുകയും ചെയ്യുന്നു.

* വാഹനങ്ങളുടെ അധിക വേഗത കണ്ടെത്തുവാൻ മൊബൈൽ സ്പീഡ് ഡിറ്റക്ഷൻ സംവിധാനം ഉപയോഗപ്പെടുത്തിവരുന്നു.

* സ്പീഡ് ഗവർണർ, വെഹിക്കിൾ ലൊക്കേഷൻ ട്രാക്കിങ് സംവിധാനം എന്നിവ അഴിച്ചുമാറ്റിവച്ച് സർവീസ് നടത്തുന്ന ചരക്ക് വാഹനങ്ങൾ, അമിതഭാരം കയറ്റിക്കൊണ്ടുപോകുന്ന ചരക്ക് വാഹനങ്ങൾ എന്നിവയ്ക്കെതിരെ കർശന നടപടികൾ സ്വീകരിച്ചുവരുന്നു.

* കെ.എസ്.ആർ.ടി.സി. ബസ് ഉൾപ്പെട്ട ഗതാഗത നിയമലംഘനങ്ങൾ തടയുന്നതിനായി ചീഫ് ഓഫീസ്തലത്തിലും യൂണിറ്റ്തലത്തിലും അപകടനിരീക്ഷണ സമിതി രൂപീകരിക്കുകയും എല്ലാ മാസവും സി.എം.ഡി.-യുടെ അധ്യക്ഷതയിൽ യോഗം ചേർന്ന് അപകടങ്ങൾ വിലയിരുത്തുകയും അപകടങ്ങൾ കുറയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.

കൂടാതെ കണ്ടക്ടർ, ഡ്രൈവർ വിഭാഗം ജീവനക്കാർക്ക് അപകട ബോധവൽക്കരണ ക്ലാസ്സുകളും നൽകിവരുന്നു.

ഗതാഗത നിയമലംഘനങ്ങൾ നടത്തുന്ന കെ.എസ്.ആർ.ടി.സി ഡ്രൈവർമാർക്ക് തിരുത്തൽ പരിശീലനം നൽകിവരുന്നുണ്ട്.

(ബി) പൊതുജനങ്ങൾക്ക് ഗതാഗത നിയമലംഘനങ്ങൾ പരിവാഹൻ ആപ്പിലൂടെ റിപ്പോർട്ട് ചെയ്യാൻ സാധിക്കുമോ; വിശദമാക്കാമോ?

പൊതുജനങ്ങൾക്ക് നിരത്തുകളിൽ കാണപ്പെടുന്ന ചുവടെ പറയുന്ന ഗതാഗത നിയമ ലംഘനങ്ങൾ ഫോട്ടോ, വീഡിയോ സഹിതം എം-പരിവാഹൻ മൊബൈൽ ആപ്പിലെ സിറ്റിസൺ സെന്റിനൽ എന്ന സവിധാനത്തിലൂടെ അപ്ലോഡ് ചെയ്ത് പരാതി രജിസ്റ്റർ ചെയ്യാൻ സാധിക്കുന്നതാണ്.

1. ഹെൽമറ്റില്ലാതെ ടൂ വീലറിൽ യാത്ര ചെയ്യുന്നത്

2. സീറ്റ് ബെൽറ്റ് ഇല്ലാതെ യാത്ര ചെയ്യുന്നത്

3. ടൂ വീലറിൽ മൂന്നുപേർ യാത്ര ചെയ്യുന്നത്

4. അനധികൃത പാർക്കിങ്

5. വാഹനം ഓടിക്കുമ്പോൾ മൊബൈൽ ഉപയോഗിക്കുന്നത്

6. അപകടകരമായി വാഹനം ഓടിക്കുന്നത്

7. ചുവപ്പ് സിഗ്നൽ മറികടക്കുന്നത്

ഇത്തരത്തിൽ രജിസ്റ്റർ ചെയ്യപ്പെടുന്ന പരാതികൾ എൻഫോഴ്സ്മെന്റ് ഉദ്യോഗസ്ഥർ പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) പരിവാഹൻ ആപ്പിലൂടെ റിപ്പോർട്ട് ചെയ്യുന്ന നിയമലംഘനങ്ങൾക്ക് ചുമത്തുന്ന പിഴത്തുകയിൽനിന്നും നേരിയതെങ്കിലും ഒരു വിഹിതം ഇൻസെന്റീവ് മാതൃകയിൽ റിപ്പോർട്ട് ചെയ്യുന്ന ആളിന് ലഭിക്കുന്ന വിധത്തിൽ സംവിധാനം ഏർപ്പെടുത്താമോ: ഇതിലൂടെ നിയമലംഘനങ്ങൾ തടയുന്നതിൽ പൊതുജനത്തിനുള്ള പങ്കാളിത്തം കൂടുതൽ ശക്തമാക്കാൻ നടപടി സ്വീകരിക്കാമോ?

വിവിധ നിയമ ലംഘനങ്ങൾക്ക് ഈടാക്കുന്ന തുക/ഫൈൻ '0041-102-97' ശീർഷകത്തിലേയ്ക്കാണ് ഒടുക്കുന്നത്. ഇത് സർക്കാരിന്റെ consolidated fund-ലേയ്ക്കാണ് പോകുന്നത്. ആയതിനാൽ ഓരോ പിഴത്തുകയിൽനിന്നും

ഇൻസെന്റീവ് മാതൃകയിൽ നിയമ ലംഘനം റിപ്പോർട്ട് ചെയ്യുന്ന വ്യക്തിക്ക് നൽകുന്നത് പ്രായോഗികമല്ല.

ഗതാഗത സംവിധാനം പ്രകൃതിസൗഹൃദമാക്കാൻ നടപടി

187(1760) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗതാഗത സംവിധാനം പ്രകൃതി സൗഹൃദമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

പരിസ്ഥിതി മലിനീകരണത്തിന്റെ പ്രധാന കാരണങ്ങളിലൊന്ന് പെട്രോൾ, ഡീസൽ വാഹനങ്ങളുടെ ഉപയോഗം കാരണമാണെന്നതിനാൽ നിരത്തിൽ ഇത്തരം വാഹനങ്ങളുടെ ഉപയോഗം കുറച്ച് ഇലക്ട്രിക് വാഹനങ്ങളുടെയും മറ്റ് ഹരിത ഇന്ധനങ്ങളുടെയും ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനായി ചുവടെ ചേർത്തിട്ടുള്ള പദ്ധതികൾ വിഭാവനം ചെയ്തിട്ടുണ്ട്:

1. ഇലക്ട്രിക് വാഹനങ്ങളുടെ പ്രോത്സാഹനത്തിനായി പുതിയതായി രജിസ്റ്റർ ചെയ്യുന്ന ഇലക്ട്രിക് വാഹനങ്ങൾക്ക് വാഹന വിലയുടെ 5% മാത്രമാണ് നിലവിൽ നികുതിയായി ഈടാക്കുന്നത്.

2. പുതുതായി രജിസ്റ്റർ ചെയ്യുന്ന പാസഞ്ചർ ഇലക്ട്രിക് ഓട്ടോറിക്ഷകൾക്ക് 30,000/- രൂപ സബ്സിഡി നൽകിവരുന്നു. ഓരോ വർഷവും 1000 ഓട്ടോറിക്ഷകൾക്ക് ഇത്തരത്തിൽ സബ്സിഡി നൽകുന്നു.

3. ഗതാഗത സംവിധാനം പ്രകൃതി സൗഹൃദമാക്കുന്നതിന്റെ ഭാഗമായി കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റിൽനിന്നും 165 ഇലക്ട്രിക് വാഹനങ്ങൾ ലഭ്യമാക്കി സർവ്വീസ് നടത്തിവരുന്നു.

4. കെ.എസ്.ആർ.ടി.സി.-യുടെ നിലവിലുള്ള ഡീസൽ ബസ്സുകൾ സി.എൻ.ജി.-യിലേയ്ക്ക് മാറ്റുന്നതിനായി ആദ്യഘട്ടത്തിൽ സി.എൻ.ജി. കിറ്റ് ഉപയോഗിച്ച് 6 ഡീസൽ ബസ്സുകൾ സി.എൻ.ജി.-യിലേയ്ക്ക് പരിവർത്തനം നടത്തുകയും, വാഹന നിർമ്മാതാവിൽനിന്നും സി.എൻ.ജി. എഞ്ചിനും അനുബന്ധ സാധനങ്ങളും വാങ്ങി 2 ബസ്സുകളും പരിവർത്തനം നടത്തി സർവ്വീസിന് ഉപയോഗിച്ചുവരുന്നു.

(ബി) ഇലക്ട്രിക്, സോളാർ വാഹനങ്ങൾ കൂടുതലായി നിരത്തിലിറക്കുന്നതിന് എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകിവരുന്നതെന്ന് വിശദീകരിക്കുമോ?

ഇലക്ട്രിക് വാഹനങ്ങളുടെയും മറ്റ് ഹരിത ഇന്ധനങ്ങളുടെയും ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനായി ചുവടെ ചേർത്തിട്ടുള്ള പദ്ധതികൾ വിഭാവനം ചെയ്തിട്ടുണ്ട് :

1. പുതിയതായി രജിസ്റ്റർ ചെയ്യുന്ന ഇലക്ട്രിക് വാഹനങ്ങൾക്ക് വാഹന വിലയുടെ 5% മാത്രമാണ് നിലവിൽ നികുതിയായി ഈടാക്കുന്നത്.

2. പുതുതായി രജിസ്റ്റർ ചെയ്യുന്ന പാസഞ്ചർ ഇലക്ട്രിക് ഓട്ടോറിക്ഷകൾക്ക് 30,000/- രൂപ സബ്സിഡി നൽകിവരുന്നു. ഓരോ വർഷവും 1000 ഓട്ടോറിക്ഷകൾക്ക് ഇത്തരത്തിൽ സബ്സിഡി നൽകുന്നു.

3. കെ.എസ്.ആർ.ടി.സി. സിറ്റി ഡിപ്പോ ഗാരേജിൽ 4 ബേ ചാർജിംഗ് സ്റ്റേഷൻ, പാപ്പനംകോട് ഡിപ്പോയിൽ 7 ബേ ചാർജിംഗ് സ്റ്റേഷൻ എന്നിവ നിർമ്മിക്കുന്നതിന് ഇ-മൊബിലിറ്റി ഫണ്ട് അനുവദിച്ചിട്ടുണ്ട്.

4. KSRTC-യുടെ എല്ലാ EV ചാർജിംഗ് സ്റ്റേഷനുകളുടെയും പവർ സപ്ലൈക്കായി KSEB-യിൽ ഒടുക്കുന്നതിനായി പ്ലാൻ ഫണ്ട് അനുവദിച്ചിട്ടുണ്ട്.

5. സ്മാർട്ട്സിറ്റി ഫണ്ട് ഉപയോഗിച്ച് നാല് ചാർജിങ് സ്റ്റേഷനുകളുടെ (180 KW) നിർമ്മാണ പ്രവൃത്തി പുരോഗമിച്ചുവരികയാണ്.

(സി) വൈദ്യുതി വാഹനങ്ങളുടെ ബാറ്ററി ചാർജ് ചെയ്യുന്നതിനായി കെ.എസ്.ഇ.ബി.-യുമായി സഹകരിച്ച് കൂടുതൽ ചാർജിങ് പോയിന്റുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

വൈദ്യുതി വാഹനങ്ങളുടെ ബാറ്ററി ചാർജ് ചെയ്യുന്നതിനായി കെ.എസ്.ഇ.ബി.-യുമായി സഹകരിച്ച് ചാർജിങ് പോയിന്റുകൾ സ്ഥാപിക്കുന്നതിന് ചുവടെ ചേർത്തിരിക്കുന്ന നടപടി സ്വീകരിച്ചിട്ടുണ്ട്:

1. ഇ-മൊബിലിറ്റി പ്രൊമോഷന്റെ ഭാഗമായി ചാർജിങ് ഇൻഫ്രാസ്ട്രക്ചറുകൾ സ്ഥാപിക്കുന്നതിനായി 32 ഇലക്ട്രിക് വെഹിക്കിൾ ചാർജിങ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് 5 കോടി രൂപ കെ.എസ്.ഇ.ബി.-ക്ക് അനുവദിച്ചിട്ടുണ്ട്.

2. 500 KVA ട്രാൻസ്ഫോർമർ കപ്പാസിറ്റിയുള്ള രണ്ട് ഇലക്ട്രിക് വെഹിക്കിൾ ചാർജിങ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനായി കെ.എസ്.ആർ.ടി.സി.-ക്ക് 2 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ആയതിന്റെ പണി പൂർത്തീകരിച്ച് കമ്മീഷൻ ചെയ്തിട്ടുണ്ട്.

3. സ്വകാര്യ ഏജൻസികൾവഴി ഇലക്ട്രിക് വെഹിക്കിൾ ചാർജിങ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് സബ്സിഡി നൽകുന്നതിലേയ്ക്കായി ANERT-ന് 64 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

4. 35 മോട്ടോർ വാഹന വകുപ്പ് ഓഫീസുകളിൽ ഇലക്ട്രിക് വെഹിക്കിൾ ചാർജിങ് സ്റ്റേഷൻ സ്ഥാപിക്കുന്നതിന് ANERT-ന് 315 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

(ഡി) പൊതുഗതാഗത സംവിധാനത്തെ കൂടുതലായി ആശ്രയിക്കുന്നതിനും അതുവഴി ഇന്ധനത്തിന്റെ ഉപയോഗവും വാഹനാപകടങ്ങളും കുറയ്ക്കുന്നതിനുംവേണ്ടി പ്രചരണ പരിപാടികൾ സംഘടിപ്പിക്കുമോ എന്ന് വ്യക്തമാക്കാമോ?

പൊതുഗതാഗത സംവിധാനത്തിലേയ്ക്ക് കൂടുതൽ യാത്രക്കാരെ ആകർഷിക്കുന്നതിനായും സ്വകാര്യ വാഹനങ്ങൾ ഒഴിവാക്കി പൊതുഗതാഗത സൗകര്യങ്ങൾ ഉപയോഗിക്കുന്നതിനും ലാസ്റ്റ് മൈൽ, ഫസ്റ്റ് മൈൽ കണക്ടിവിറ്റി ഉറപ്പാക്കി കൂടുതൽ യാത്രക്കാരെ ആകർഷിക്കുന്നതിന് ഇലക്ട്രിക് ബസ്സുകൾ ഉപയോഗിച്ച് സിറ്റി സർക്കുലർ സർവ്വീസ്, പോയിന്റ് ടു

പോയിന്റ് തുടങ്ങിയ ചെറിയ ബസ്സുകളുപയോഗിച്ചുള്ള സർവ്വീസുകൾ ആരംഭിക്കുകയും ആയതിന് ആകർഷകമായ നിരക്കുകൾ ഏർപ്പെടുത്തി പ്രചരണ പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്തുവരുന്നുണ്ട്. കൂടാതെ കെ.എസ്.ആർ.ടി.സി. സോഷ്യൽ മീഡിയ സെൽ മുഖാന്തരം നവമാധ്യമങ്ങളിലൂടെ പ്രചരണ പരിപാടികൾ, 'ബസ് ഡേ' ദിനാചരണം എന്നിവ സംഘടിപ്പിച്ചുവരുന്നു.

പയ്യന്നൂർ ജോയിന്റ് ആർ.ടി.ഒ. ഓഫീസ് മാറ്റുന്ന നടപടി

188(1761) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന പയ്യന്നൂർ ജോയിന്റ് ആർ.ടി.ഒ. ഓഫീസ് പയ്യന്നൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോ കെട്ടിടത്തിലേയ്ക്ക് മാറ്റുന്ന നിർദ്ദേശം പരിഗണനയിലുണ്ടോ എന്ന് വിശദമാക്കാമോ?

വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന പയ്യന്നൂർ സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ്, പയ്യന്നൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോ കെട്ടിടത്തിലേയ്ക്ക് മാറ്റുന്നതിലേയ്ക്കായി നടപടികൾ സ്വീകരിച്ചുവരുന്നു.

എന്നാൽ പയ്യന്നൂർ താലൂക്ക് ഓഫീസ് സമുച്ചയം മറ്റൊരു കെട്ടിടത്തിലേയ്ക്ക് മാറ്റാൻ സാധ്യതയുള്ളതിനാൽ, പ്രസ്തുത ഓഫീസ് മാറുന്ന സമയത്ത് മിനി സിവിൽ സ്റ്റേഷനിൽ ഒഴിവുവരുന്ന സ്ഥലം പയ്യന്നൂർ സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ് പ്രവർത്തനത്തിന് അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പയ്യന്നൂർ ജോയിന്റ് ആർ.ടി.ഒ. ജില്ലാ കളക്ടർക്ക് അപേക്ഷ നൽകിയിട്ടുണ്ട്. ജില്ലാ കളക്ടറുടെ മറുപടിയുടെ അടിസ്ഥാനത്തിൽ അന്തിമ തീരുമാനം കൈക്കൊള്ളുന്നതാണ്.

(ബി) ഇതുമായി ബന്ധപ്പെട്ട ഫയൽ ഗതാഗത വകുപ്പിൽ നിലവിലുണ്ടോയെന്നും ഉണ്ടെങ്കിൽ ഫയൽ നമ്പർ, കൈകാര്യം ചെയ്യുന്ന സെക്ഷൻ എന്നിവ ഏതെന്നും അറിയിക്കാമോ?

ഇതുമായി ബന്ധപ്പെട്ട് സർക്കാരിൽ ഫയലൊന്നും നിലവിലില്ല.

2023 നാറ്റ്പാക് റിപ്പോർട്ട്

189(1762) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. സണ്ണി ജോസഫ്:
ശ്രീ. സജീവ് ജോസഫ്:
ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പതിവായി അപകടം നടക്കുന്ന റോഡുകൾ കണ്ടെത്താനായി ഗതാഗത വകുപ്പിന്റെ നിർദേശപ്രകാരം 2023-ൽ നാറ്റ്പാക്ക് നടത്തിയ പഠനത്തിന്റെ കണ്ടെത്തൽ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പഠനത്തിന്റെ ഭാഗമായി അപകടകരമായ റോഡ് ഭാഗങ്ങൾ പുനർനിർമ്മിക്കണമെന്നും കൂടുതൽ റോഡ് സുരക്ഷാമാർഗങ്ങൾ നടപ്പാക്കണമെന്നും നിർദേശിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത റിപ്പോർട്ടിലെ നിർദേശങ്ങൾ എന്തൊക്കെയായിരുന്നു എന്നും അവയിൽ ഏതൊക്കെ നടപ്പിലാക്കി എന്നും വ്യക്തമാക്കുമോ?

(എ-സി) ഗതാഗത വകുപ്പിന്റെ നിർദേശപ്രകാരം റോഡ് സുരക്ഷാ അതോറിറ്റിയുടെ 47-ാമത് യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 2023-ൽ നാഷണൽ ട്രാൻസ്പോർട്ടേഷൻ പ്ലാനിങ് ആൻഡ് റിസർച്ച് സെന്റർ (നാറ്റ്പാക്)-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. എന്നാൽ സംസ്ഥാനത്ത് പതിവായി അപകടം നടക്കുന്ന റോഡുകൾ കണ്ടെത്താനായി നാറ്റ്പാക് പഠനം നടത്തിയിട്ടില്ല. കേരള റോഡ് സുരക്ഷാ അതോറിറ്റിക്കുവേണ്ടി

'കേരള സംസ്ഥാനത്തെ റോഡപകട ബ്ലാക്ക് സ്പോട്ടുകളുടെ തിരിച്ചറിയലും മുൻഗണനയും' എന്ന വിഷയത്തിൽ 2021-ലെ പഠന റിപ്പോർട്ടും 'കേരള സംസ്ഥാനത്തെ പതിവായി അപകടം നടക്കുന്ന ഇടനാഴികളുടെ തിരിച്ചറിയലും മുൻഗണനയും' എന്ന വിഷയത്തിൽ സാങ്കേതിക റിപ്പോർട്ടും നാറ്റ്പാക് 2022-ൽ കേരള റോഡ് സുരക്ഷാ അതോറിറ്റിക്ക് സമർപ്പിച്ചിട്ടുണ്ട്.

പനയംപാടം വളവിലെ അപകടങ്ങൾ നിയന്ത്രിക്കാൻ നടപടി

190(1763) ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. പി. അബ്ദുൽ ഹമീദ്:
ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട്-കോഴിക്കോട് ദേശീയ പാതയിൽ പനയംപാടം വളവിൽ അപകടങ്ങൾ പെരുകിവരുന്നതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ?

പാലക്കാട് പനയമ്പാടത്ത് അപകടമുണ്ടായി സ്കൂൾ കുട്ടികൾ മരിക്കാനിടയായ അപകടത്തെത്തുടർന്ന്, ചീഫ് എഞ്ചിനീയർ,

പൊതുമരാമത്ത്, ട്രാൻസ്പോർട്ട് കമ്മീഷണർ, ചീഫ് എഞ്ചിനീയർ കെ.എസ്.ടി.പി., നാഷണൽ ഹൈവേ, എൻ.എച്ച്.എ.ഐ., റീജിയണൽ ഓഫീസർ എന്നിവരെ ഉൾപ്പെടുത്തി യോഗം ചേരുകയും വാഹനങ്ങൾക്ക് സുരക്ഷിതമായ സഞ്ചാരം ഉറപ്പാക്കാൻവേണ്ടി റോഡിൽ ഡിവൈഡർ സ്ഥാപിക്കാനും ഇറക്കം തുടങ്ങുന്ന ഭാഗത്ത് സ്പീഡ് ബ്രേക്കർ സ്ഥാപിക്കാനും അപകടം നടന്ന സ്ഥലത്ത് റോഡ് ഷോൾഡർ സ്ഥാപിക്കാനും ഈ ഭാഗത്ത് പാർക്കിങ്ങുകൾ ഒഴിവാക്കാനും റോഡിലെ വെള്ളക്കെട്ട് ഒഴിവാക്കുന്നതിനും റോഡ് മാർക്കിങ്ങുകൾ ശരിയായ വിധത്തിൽ വരയ്ക്കുന്നതിനും വേണ്ട നിർദേശങ്ങൾ നൽകുകയും നടപടികൾ പുരോഗമിച്ചുവരികയും ചെയ്യുന്നു.

(ബി) റോഡിന്റെ അശാസ്ത്രീയമായ നിർമ്മിതിയാണ് ഇതിനുള്ള കാരണമെന്ന് മോട്ടോർ വാഹന വകുപ്പ് കണ്ടെത്തിയിരുന്നോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടി അറിയിക്കുമോ?

12-12-2024-ൽ നടന്ന വാഹനാപകടത്തെ തുടർന്ന് 14-12-2024-ൽ പോലീസ്, മോട്ടോർ വാഹന വകുപ്പ്, പൊതുമരാമത്ത് വകുപ്പ് ഉദ്യോഗസ്ഥർ തുടങ്ങിയവർ സ്ഥലം പരിശോധിക്കുകയും അപകടങ്ങൾ കുറയ്ക്കുന്നതിന്

സ്വീകരിക്കേണ്ട ഹ്രസ്വകാല, ദീർഘകാല അടിസ്ഥാനത്തിലുള്ള നടപടികൾ നിർദ്ദേശിക്കുകയും ചെയ്തിരുന്നു. ഇതുപ്രകാരം ഹ്രസ്വകാലാടിസ്ഥാനത്തിൽ നിർദ്ദേശിക്കപ്പെട്ട റോഡ് പ്രതലം മില്ലിംഗ്, കൂടുതൽ റംബിൾ സ്ട്രിപ്പുകൾ, താൽക്കാലിക ഡിവൈഡർ തുടങ്ങിയവ സ്ഥാപിച്ചിട്ടുണ്ട്. സ്ഥലത്ത് അപകടം കുറയ്ക്കുന്നതിനുള്ള നടപടികളുമായി ബന്ധപെട്ട് 17-12-2024-ന് ബന്ധപെട്ട വകുപ്പ് ഉദ്യോഗസ്ഥന്മാരുടെ യോഗം ചേരുകയും പനയംപടം ഭാഗത്ത് കോൺക്രീറ്റ് ഡിവൈഡർ, വീതികൂട്ടി ഫുട്പാത്ത്, ഷോൾഡർ എന്നിവ നിർമ്മിക്കുന്നതിന് നിർദ്ദേശം നൽകുകയും ചെയ്തു. അതുപ്രകാരം 1.35 കോടി രൂപയുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി NHAI-ക്ക് സമർപ്പിക്കുകയുണ്ടായി. പ്രസ്തുത എസ്റ്റിമേറ്റിന് NHAI അംഗീകാരം നൽകിയിട്ടുണ്ട്.

(സി) പ്രസ്തുത പ്രദേശത്തെ അപകടരഹിതമാക്കുവാൻ ശാശ്വത നടപടി സ്വീകരിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

NHAI അനുമതി നൽകിയ പ്രവൃത്തികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. വാഹനങ്ങളുടെ അമിതവേഗതയും നിയമലംഘനങ്ങളും ഈ ഭാഗത്തെ അപകടങ്ങൾക്ക് കാരണമാകുന്നതിനാൽ

എ.ഐ. ക്യാമറ സ്ഥാപിക്കൽ, മറ്റ് നടപടികൾ, എൻഫോഴ്സ്മെന്റ് എന്നിവകൂടി കർശനമാക്കേണ്ടതുണ്ട്. നിലവിൽ NH-966 ദേശീയപാത അതോറിറ്റി ഏറ്റെടുത്തിട്ടുള്ളതും പുതിയ ഒരു അലൈൻമെന്റ് പ്രകാരം ദേശീയപാത നിർമ്മിക്കുന്നതിനുള്ള നടപടികൾ നടന്നുവരികയുമാണ്.

റോഡപകടങ്ങൾ കുറയ്ക്കാൻ പ്രായോഗിക നടപടികൾ

191(1764) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റോഡപകടങ്ങൾ ക്രമാതീതമായി വർധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരത്തിൽ റോഡപകടങ്ങൾ വർധിക്കുന്നതിന്റെ കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അശ്രദ്ധമായും നിയമവിരുദ്ധമായും വാഹനമോടിക്കുന്നതും വാഹനപെരുപ്പത്തിനനുസരിച്ച് റോഡുകൾ വികസിക്കാത്തതും കാരണമാണ് റോഡപകടങ്ങൾ വർധിക്കുന്നതെന്ന് കണ്ടെത്തിയിട്ടുണ്ട്. സംസ്ഥാനത്തുണ്ടാകുന്ന വാഹനാപകടങ്ങളുടെ പ്രധാന കാരണങ്ങൾ ചുവടെ ചേർക്കുന്നു:

(i) പല ഡ്രൈവർമാരും വാഹനത്തെക്കുറിച്ചോ റോഡിനെക്കുറിച്ചോ ധാരണയില്ലാതെ അമിത വേഗതയിൽ വാഹനം ഓടിക്കുന്നത് അപകടങ്ങൾക്ക് കാരണമാകുന്നു.

(ii) വാഹനം ഓടിക്കുന്നവർ പലപ്പോഴും സ്പീഡ് ലിമിറ്റ് പാലിക്കാതെയും ഹെൽമെറ്റ് ഉപയോഗിക്കാതെയും സീറ്റ് ബെൽറ്റ് ഉപയോഗിക്കാതെയും വാഹനമോടിക്കുന്നത് അപകടങ്ങൾക്ക് കാരണമാകുന്നു.

(iii) മൊബൈൽ ഫോൺ ഉപയോഗിച്ചുകൊണ്ട് വാഹനമോടിക്കുന്നത്.

(iv) മെക്കാനിക്കൽ തകരാറുകളുള്ള വാഹനങ്ങൾ ഓടിക്കുന്നത്.

(v) അശ്രദ്ധമായി റോഡ് മറികടക്കൽ.

(vi) രാത്രികാലങ്ങളിൽ ഡിം-ബ്രൈറ്റ് ലൈറ്റ് ശരിയായി ഉപയോഗിക്കാതിരിക്കുന്നത്.

(vii) അമിത ഭാരം കയറ്റി വാഹനം ഓടിക്കുന്നത്.

(viii) വെളിച്ചക്കുറവ് മൂലം.

(ix) മതിയായ വിശ്രമമില്ലാതെ വാഹനമോടിക്കുക.

(x) മദ്യം, മയക്കുമരുന്ന് തുടങ്ങിയ ലഹരി വസ്തുക്കൾ ഉപയോഗിച്ച് വാഹനമോടിക്കുന്നത്.

(xi) ട്രാഫിക് നിയമം ലംഘിച്ച് വാഹനങ്ങൾ ഓടിക്കുന്നത്.

(ബി) റോഡപകടങ്ങൾ കുറയ്ക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് അറിയിക്കുമോ?

സംസ്ഥാനത്തെ റോഡുകളിലെ സ്ഥിരം അപകട മേഖലകളിൽ പോലീസ് ഉദ്യോഗസ്ഥരെയും ഹോം ഗാർഡുമാരെയും ഗതാഗത നിയന്ത്രണത്തിനായി ഡ്യൂട്ടിക്ക് നിയമിച്ചുവരുന്നു. കൂടാതെ വാഹനങ്ങളുടെ അമിത വേഗത കണ്ടെത്തുന്നതിനായി ഇന്റർസെപ്റ്റർ വാൻ നിരത്തുകളിൽ പട്രോളിങ്ങ് നടത്തിവരുന്നുണ്ട്. അപകട സാധ്യതാ മേഖലകളിൽ മുന്നറിയിപ്പ് ബോർഡുകൾ, PWD, NHAI, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തുടങ്ങിയവരുടെ സഹകരണത്താൽ ബ്ലിങ്കർ ലൈറ്റ്, ഡിവൈഡർ, റിമ്പിൾ സ്ട്രിപ്പ് എന്നിവ സ്ഥാപിച്ചിട്ടുണ്ട്. വളവുകൾ, റോഡ്/നടപ്പാത കൈയേറ്റം ഒഴിവാക്കൽ, കാഴ്ച മറയ്ക്കുന്ന മരങ്ങൾ വെട്ടിമാറ്റുന്നത്, തെരുവ് വിളക്കുകൾ, സിഗ്നൽ ലൈറ്റുകൾ, ദിശാബോർഡുകൾ, മീഡിയനുകൾ, സീബ്രാ ലൈനുകൾ

സ്ഥാപിക്കൽ, അനധികൃത ഓപ്പണിങ്ങുകൾ/യു-ടേൺ ഒഴിവാക്കൽ തുടങ്ങിയ കാര്യങ്ങളിൽ ട്രാഫിക് റെഗുലേറ്ററി കമ്മിറ്റി യോഗം ചേർന്ന് തീരുമാനങ്ങൾ കൈകൊണ്ടിട്ടുള്ളതും നടപടികൾ സ്വീകരിച്ചുവരുന്നതുമാണ്. അമിത വേഗത നിയന്ത്രിക്കുന്നതിനായി റോഡിൽ സ്പീഡ് ബ്രേക്കറുകൾ സ്ഥാപിച്ചും തിരക്കേറിയ സ്ഥലങ്ങളിലും ജങ്ഷനുകളിലും വേഗത കുറയ്ക്കാൻ ആവശ്യമായ ട്രാഫിക് സിഗ്നലുകൾ കൂടാതെ മഞ്ഞവര/തുടർച്ചയായ ഡിപ് എന്നിവ സ്ഥാപിച്ചുവരുന്നുണ്ട്. റോഡുകളിലെ സ്ഥിരം അപകടമേഖലകളിൽ യാത്രാ സുരക്ഷ ഉറപ്പുവരുത്തുന്നതിന് ബ്ലാക്ക് സ്പോട്ടുകൾ നിർണ്ണയിക്കുന്നതിനും അപകടസ്ഥലങ്ങൾ സന്ദർശിച്ച് അപകടകാരണങ്ങൾ കണ്ടെത്തി ആയവ കുറയ്ക്കുന്നതിലേയ്ക്കായി കർശന നിരീക്ഷണം നടത്തുന്നതിനുമായി സെക്യൂർ എൻഫോഴ്സ്മെന്റ് പാർട്ടികളെ നിയോഗിച്ചിട്ടുള്ളതാണ്. അമിതഭാരം കയറ്റിയും മദ്യവും മറ്റ് ലഹരിപദാർഥങ്ങൾ ഉപയോഗിച്ചും അമിത വേഗതയിൽ വണ്ടിയോടിച്ചുവരുന്നവരെ കണ്ടെത്തി പിഴ ഈടാക്കാനും ഇത്തരത്തിൽ വാഹനമോടിച്ച് അപകടം വരുത്തുന്ന കേസുകളിൽ വാഹനമോടിച്ചവരുടെ ഡ്രൈവിങ് ലൈസൻസ് സസ്പെൻഡ് ചെയ്യാനും

മോട്ടോർ വാഹന വകുപ്പിന് നിർദേശം കൈമാറിയിട്ടുണ്ട്. അശ്രദ്ധമായി കാൽനടയാത്രക്കാർ റോഡ് മുറിച്ചുകടക്കുന്നതുമൂലം വാഹനാപകടങ്ങളിൽപ്പെടുന്നത് ഒഴിവാക്കുന്നതിനായി റോഡുകളുടെ മീഡിയനുകളിൽ ഫെൻസിങുകൾ സ്ഥാപിക്കുന്നതിനായി വിവിധ റോഡ് പരിപാലന ഏജൻസികൾക്ക് കത്ത് നൽകി നടപടി സ്വീകരിച്ചിട്ടുള്ളതാകുന്നു. റോഡുകളിലെ മീഡിയനുകളിൽ രാത്രികാലങ്ങളിൽ ദൃശ്യമാകുന്ന സൂചന ബോർഡുകൾ സ്ഥാപിക്കുന്നതിനും സ്കൂളുകൾക്ക് സമീപം സൂചന ബോർഡുകൾ സ്ഥാപിക്കുന്നതിനും റോഡ് പരിപാലന വകുപ്പുകൾക്ക് നിർദേശം നൽകിയിട്ടുണ്ട്. റോഡിന്റെ ഉപരിതലത്തിലെ ഏറ്റക്കുറച്ചിലുകൾമൂലം വാഹനാപകടങ്ങളുണ്ടാകുന്ന സ്ഥലങ്ങളിൽ ആയത് പരിഹരിക്കുന്നതിനും റോഡുകളിൽ രൂപപ്പെടുന്ന കുഴികൾ, പൊട്ടിപ്പൊളിഞ്ഞ സ്ലാബുകൾ എന്നിവയിൽ അറ്റകുറ്റപ്പണികൾ ചെയ്യുന്നതിനും വിവിധ റോഡ് പരിപാലന ഏജൻസികൾക്ക് ജില്ലാ അടിസ്ഥാനത്തിൽ നിർദേശം നൽകിയിട്ടുണ്ട്. അപകടങ്ങൾ കുറയ്ക്കുന്നതിനായി സ്കൂൾ വിദ്യാർഥികൾ,

പൊതുജനങ്ങൾ, ഡ്രൈവർമാർ, റൈഡർമാർ എന്നിവർക്ക് ബോധവൽക്കരണങ്ങളും നൽകിയിട്ടുണ്ട്.

സംസ്ഥാനത്തുണ്ടാകുന്ന മേജർ അപകടങ്ങൾ സുപ്രീംകോടതി കമ്മിറ്റിയുടെ നിർദേശപ്രകാരം എല്ലാ ഏജൻസികളും പരിശോധന നടത്തി കാരണങ്ങൾ കണ്ടെത്തി നടപടികൾ സ്വീകരിച്ചുവരുന്നു.

തുടർച്ചയായി അപകടങ്ങൾ നടക്കുന്ന സ്ഥലങ്ങൾ NATPAC മുഖാന്തരം ശാസ്ത്രീയമായി അപകടകാരണങ്ങൾ കണ്ടെത്തി അപകടങ്ങളുടെ തീവ്രതയനുസരിച്ച് മുൻഗണനാക്രമം നിശ്ചയിക്കുകയും പ്രസ്തുത ഭാഗങ്ങളിൽ (ബ്ലാക്ക് സ്പോട്ടുകളിൽ) പോലീസിന്റെയും മോട്ടോർ വാഹന വകുപ്പിന്റെയും റോഡ് സുരക്ഷ അതോറിറ്റിയുടെയും സഹകരണത്തോടുകൂടി സംയുക്ത സ്ഥല പരിശോധന നടത്തി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഫണ്ട് ലഭ്യതയ്ക്കനുസരിച്ച് അപകടങ്ങൾ ഒഴിവാക്കുന്നതിനുള്ള തിരുത്തൽ പ്രവൃത്തികൾ നടപ്പാക്കുന്നു.

(സി) രാത്രികാലങ്ങളിൽ ട്രാഫിക് സിഗ്നലുകൾ അണയ്ക്കുന്നതുമൂലം റോഡപകടങ്ങൾ വർധിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രധാന

ജങ്ഷനുകളിലെ ട്രാഫിക് സിഗ്നലുകൾ 24 മണിക്കൂറും പ്രവർത്തനക്ഷമമാക്കണമെന്ന് റോഡ് സുരക്ഷാ അതോറിറ്റി ജില്ലാ കളക്ടർമാർക്ക് നിർദേശം നൽകിയിരുന്നോ; എങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പ്രധാന ജങ്ഷനുകളിലെ ട്രാഫിക് സിഗ്നലുകൾ 24 മണിക്കൂറും പ്രവർത്തനക്ഷമമാക്കണമെന്ന് റോഡ് സുരക്ഷാ അതോറിറ്റി എല്ലാ ജില്ലാ കളക്ടർമാർക്കും നിർദേശം നൽകിയിട്ടുണ്ട്.

(ഡി) റോഡപകടങ്ങളുടെ കാരണങ്ങൾ കണ്ടെത്തി അപകടങ്ങൾ കുറയ്ക്കുന്നതിനായി നിയമം കർശനമാക്കുന്നതുൾപ്പെടെ കൂടുതൽ പ്രായോഗിക നടപടികൾ സ്വീകരിക്കുമോ?

റോഡപകടങ്ങളുടെ കാരണങ്ങൾ കണ്ടെത്തി അവ പരിഹരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. നിയമ ലംഘകർക്കെതിരെ കർശന നിയമനടപടികളും സ്വീകരിച്ചുവരുന്നു.

സ്ഥിരം അപകടമേഖലകളിൽ യാത്രാസുരക്ഷ ഉറപ്പാക്കാൻ നടപടി

192(1765) ശ്രീ. പി. സി. വിഷ്ണുനാഥ്:

ശ്രീ. സനീഷ്കുമാർ ജോസഫ്:

ശ്രീ. സി. ആർ. മഹേഷ്:

ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റോഡുകളിൽ സ്ഥിരം അപകടമേഖലകളിൽ യാത്രാസുരക്ഷ ഉറപ്പാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

സംസ്ഥാനത്തെ റോഡുകളിൽ സ്ഥിരം അപകടമേഖലകളിൽ യാത്രാ സുരക്ഷ നടപ്പാക്കുന്നതിലേയ്ക്കായി മോട്ടോർ വാഹന വകുപ്പ് സ്ഥിരമായ വാഹന പരിശോധന നടത്തിവരുന്നു. ടി മേഖലയിലെ ട്രാൻസ്പോർട്ട് വാഹനങ്ങളുടെ ഡ്രൈവർമാർക്ക് റോഡ് സുരക്ഷാ ബോധവൽക്കരണ ക്ലാസുകൾ, റോഡു സുരക്ഷാ മാസാചരണം, റോഡ് സുരക്ഷാ വാരാചരണം എന്നിവ നടത്തുന്നു. സ്ഥിരം അപകട മേഖലകളിൽ അപകടം ഒഴിവാക്കുന്നതിലേയ്ക്കായി എൻഫോഴ്സ്മെന്റ് വിഭാഗത്തിന്റെ നേതൃത്വത്തിൽ റോഡ് സുരക്ഷ ഓഡിറ്റ് നടത്തുകയും ടി മേഖലയിൽ നടപ്പിൽ വരുത്തേണ്ട മാറ്റങ്ങളെ സംബന്ധിച്ച് ക്രിയാത്മക നിർദേശങ്ങൾ ജില്ലാ റോഡ് സുരക്ഷാ കൗൺസിലിൽ സമർപ്പിക്കുകയും അതുവഴി തുടർ നടപടികൾ സ്വീകരിക്കാൻ

റോഡ് പരിപാലന ഏജൻസികളായ പി.ഡബ്ല്യു.ഡി., എൻ.എച്ച്.എ.ഐ., പോലീസ് എന്നീ വകുപ്പുകളുമായി ചേർന്ന് പ്രവർത്തിക്കുകയും ചെയ്തുവരുന്നു. കൂടാതെ, റോഡുകളിലെ സ്ഥിരം അപകട മേഖലകളിൽ പോലീസ് ഉദ്യോഗസ്ഥരെയും ഹോം ഗാർഡുമാരെയും ഗതാഗത നിയന്ത്രണത്തിനായി ഡ്യൂട്ടിക്ക് നിയമിച്ചുവരുന്നു. വാഹനങ്ങളുടെ അമിത വേഗത കണ്ടെത്തുന്നതിനായി ഇന്റർസെപ്റ്റർ വാൻ നിരത്തുകളിൽ പട്രോളിങ്ങ് നടത്തിവരുന്നുണ്ട്. അപകട സാധ്യതാ മേഖലകളിൽ മുന്നറിയിപ്പ് ബോർഡുകൾ, PWD, NHAI, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തുടങ്ങിയവരുടെ സഹകരണത്താൽ ബ്ലിങ്കർ ലൈറ്റ്, ഡിവൈഡർ, റിമ്പിൾ സ്ട്രിപ്പ് തുടങ്ങിയവ സ്ഥാപിച്ചിട്ടുണ്ട്. വളവുകൾ, റോഡ്/നടപ്പാത കൈയേറ്റം ഒഴിവാക്കൽ, കാഴ്ച മറയ്ക്കുന്ന മരങ്ങൾ വെട്ടി മാറ്റുന്നത്, തെരുവ് വിളക്കുകൾ, സിഗ്നൽ ലൈറ്റുകൾ, ദിശാബോർഡുകൾ, മീഡിയനുകൾ, സീബ്രാ ലൈനുകൾ സ്ഥാപിക്കൽ, അനധികൃത ഓപ്പണിങ്ങുകൾ/U-Turn ഒഴിവാക്കൽ തുടങ്ങിയ കാര്യങ്ങളിൽ ട്രാഫിക് റെഗുലേറ്ററി കമ്മിറ്റി യോഗം ചേർന്ന് തീരുമാനങ്ങൾ കൈക്കൊണ്ട് നടപടികൾ സ്വീകരിച്ചുവരുന്നു. യാത്രാ സുരക്ഷ ഉറപ്പാക്കാൻ

വളവുകൾ മുൻകൂട്ടി തിരിച്ചറിയുന്നതിനായുള്ള സൈൻ ബോർഡുകൾ, വേഗത പരിധി, 'No Overtaking' സൈൻ ബോർഡുകൾ, ഷെവറോൺ എന്നീ സൈനുകൾ സ്ഥാപിച്ചിട്ടുണ്ട്. അമിത വേഗത നിയന്ത്രിക്കുന്നതിനായി റോഡിൽ സ്പീഡ് ബ്രേക്കറുകൾ, റിമ്പിൾ സ്ട്രിപ്പുകൾ എന്നിവ സ്ഥാപിച്ചും തിരക്കേറിയ സ്ഥലങ്ങളിലും ജംങ്ഷനുകളിലും വേഗത കുറയ്ക്കാൻ ആവശ്യമായ ട്രാഫിക് സിഗ്നലുകൾ കൂടാതെ മഞ്ഞവര/തുടർച്ചയായ ഡിപ് എന്നിവ സ്ഥാപിച്ചുവരുന്നുണ്ട്. അപകട സാധ്യത മേഖലകളിൽ റോഡിന് മതിയായ വീതിയില്ലെങ്കിൽ സ്ഥല ലഭ്യതയനുസരിച്ച് റോഡിന്റെ വീതി വർധിപ്പിക്കുന്നതിനും സ്ഥിരമായി അപകടമുണ്ടാകുന്ന വളവുകൾ നിവർത്തുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പതിവായി അപകടമുണ്ടാകുന്ന സ്ഥലങ്ങളിൽ 'അപകട സാധ്യതാ മേഖല' സൈൻ ബോർഡുകൾ സ്ഥാപിച്ചിട്ടുണ്ട്.

കൂടാതെ ഡ്രൈവിങ്ങിലെ പിഴവുകൾമൂലമുണ്ടാകുന്ന അപകടങ്ങളെക്കുറിച്ച് ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനായി സ്കൂളുകൾ, ക്ലബ്ബുകൾ, മറ്റ് സാംസ്കാരിക സംഘടനകൾ മുതലായവ

നടത്തിവരുന്ന പരിപാടികളിൽ ജനമൈത്രി പോലീസ്, ട്രാഫിക് പോലീസ്, മോട്ടോർ വാഹന വകുപ്പ് എന്നിവ സംയുക്തമായി ചേർന്ന് ട്രാഫിക് ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിച്ചുവരുന്നുണ്ട്. റോഡുകളിലെ സ്ഥിരം അപകടമേഖലകളിൽ യാത്രാ സുരക്ഷ ഉറപ്പുവരുത്തുന്നതിന് ബ്ലാക്ക് സ്പോട്ടുകൾ നിർണ്ണയിച്ചും അപകടസ്ഥലങ്ങൾ സന്ദർശിച്ച് അപകടകാരണങ്ങൾ കണ്ടെത്തി ആയവ കുറക്കുന്നതിലേക്കായി കർശന നിരീക്ഷണം നടത്തുന്നതിനുമായി സെക്യൂർ എൻഫോഴ്സ്മെന്റ് പാർട്ടികളെ നിയോഗിച്ചിട്ടുള്ളതുമാണ്. അമിതഭാരം കയറ്റിയും മദ്യവും മറ്റ് ലഹരിപദാർഥങ്ങൾ ഉപയോഗിച്ചും അമിത വേഗതയിൽ വണ്ടിയോടിച്ച് വരുന്നവരെ കണ്ടെത്തി പിഴ ഈടാക്കിയും ഇത്തരത്തിൽ വാഹനമോടിച്ച് അപകടം വരുത്തുന്ന കേസുകളിൽ വാഹനമോടിച്ചവരുടെ ഡ്രൈവിങ് ലൈസൻസ് സസ്പെൻഡ് ചെയ്യാനുള്ള നിർദേശങ്ങൾ പോലീസ് മോട്ടോർ വാഹന വകുപ്പിന് കൈമാറുന്നുണ്ട്. അശ്രദ്ധമായി കാൽനടയാത്രക്കാർ റോഡ് മുറിച്ചുകടക്കുന്നതുമൂലം വാഹനാപകടങ്ങളിൽപ്പെടുന്നത് ഒഴിവാക്കുന്നതിനായി റോഡുകളുടെ മീഡിയനുകളിൽ ഫെൻസിങുകൾ സ്ഥാപിക്കുന്നതിനായി

പോലീസ് വിവിധ റോഡ് പരിപാലന ഏജൻസികൾക്ക് നിർദേശം നൽകിയിട്ടുണ്ട്. റോഡുകളിലെ മീഡിയനുകളിൽ രാത്രികാലങ്ങളിൽ ദൃശ്യമാകുന്ന സൂചന ബോർഡുകൾ സ്ഥാപിക്കുന്നതിനും സ്കൂളുകൾക്ക് സമീപം സൂചന ബോർഡുകൾ സ്ഥാപിക്കുന്നതിനും പോലീസ് റോഡ് പരിപാലന വകുപ്പുകൾക്ക് നിർദേശം നൽകിയിട്ടുള്ളതാണ്. റോഡിന്റെ ഉപരിതലത്തിലെ ഏറ്റക്കുറച്ചിലുകൾമൂലം വാഹനാപകടങ്ങളുണ്ടാകുന്ന സ്ഥലങ്ങളിൽ ആയത് പരിഹരിക്കുന്നതിനും റോഡുകളിൽ രൂപപ്പെടുന്ന കുഴികൾ, പൊട്ടിപ്പൊളിഞ്ഞ സ്ലാബുകൾ എന്നിവ അറ്റകുറ്റപ്പണികൾ ചെയ്യുന്നതിനുമായും വിവിധ റോഡ് പരിപാലന ഏജൻസികൾക്ക് ജില്ലാ അടിസ്ഥാനത്തിൽ പോലീസ് വകുപ്പിൽനിന്നും നിർദേശങ്ങൾ നൽകിയിട്ടുണ്ട്. അപകടങ്ങൾ കുറയ്ക്കുന്നതിനായി സ്കൂൾ വിദ്യാർഥികൾ, പൊതുജനങ്ങൾ, ഡ്രൈവർമാർ, റൈഡർമാർ എന്നിവർക്ക് ബോധവത്കരണങ്ങളും നൽകിയിട്ടുണ്ട്.

(ബി) പാലക്കാട് നാല് സ്കൂൾ വിദ്യാർഥികളുടെ ജീവനെടുത്ത കരിമ്പ പനയംപാടം വളവിൽ അപകടസാധ്യതാ മുന്നറിയിപ്പ് നൽകിയ റിപ്പോർട്ടുകൾ അവഗണിക്കാനുള്ള കാരണം വിശദമാക്കുമോ?

പാലക്കാട് ജില്ലയിലെ കരിമ്പ പനയംപാടം വളവിൽ അപകടസാധ്യതാ മുന്നറിയിപ്പ് നൽകിയ റിപ്പോർട്ടുകൾ അവഗണിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ടി മേഖലയിൽ അപകടം കുറയ്ക്കുന്നതിന് നൽകിയിട്ടുള്ള എല്ലാ നിർദേശങ്ങളും നടപ്പിൽവരുത്തുന്നതിന് മോട്ടോർ വാഹന വകുപ്പ് നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ സ്റ്റേഷൻ മൊബൈൽ, ഹൈവേ പോലീസ് വാഹനം എന്നിവ ഉപയോഗിച്ച് ഇത്തരം സ്ഥലങ്ങളിൽ പോലീസ് വകുപ്പും പട്രോളിങ് നടത്തിവരുന്നുണ്ട്.

പാലക്കാട് പനയംപാടത്ത് അപകടമുണ്ടായി സ്കൂൾ കുട്ടികൾ മരിക്കാനിടയായ അപകടത്തെ തുടർന്ന്, ചീഫ് എഞ്ചിനീയർ, പൊതുമരാമത്ത്, ട്രാൻസ്പോർട്ട് കമ്മീഷണർ, ചീഫ് എഞ്ചിനീയർ, കെ.എസ്.ടി.പി., നാഷണൽ ഹൈവേ, എൻ.എച്ച്.എ.ഐ., റീജിയണൽ ഓഫീസർ എന്നിവരെ ഉൾപ്പെടുത്തി യോഗം ചേരുകയും വാഹനങ്ങൾക്ക് സുരക്ഷിതമായ സഞ്ചാരം ഉറപ്പാക്കാൻവേണ്ടി റോഡിൽ ഡിവൈഡർ സ്ഥാപിക്കാനും ഇറക്കം തുടങ്ങുന്ന ഭാഗത്ത് സ്പീഡ് ബ്രേക്കർ സ്ഥാപിക്കാനും അപകടം നടന്ന സ്ഥലത്ത് റോഡ് ഷോൾഡർ സ്ഥാപിക്കാനും ഈ ഭാഗത്ത്

പാർക്കിങ്ങുകൾ ഒഴിവാക്കാനും റോഡിലെ വെള്ളക്കെട്ട് ഒഴിവാക്കുന്നതിനും റോഡ് മാർക്കിങ്ങുകൾ ശരിയായ വിധത്തിൽ വരയ്ക്കുന്നതിനുംവേണ്ട നിർദേശങ്ങൾ നൽകുകയും നടപടികൾ പുരോഗമിച്ചുവരികയും ചെയ്യുന്നു.

(സി) സ്ഥിരം അപകട മേഖലകളിലെ അപകട കാരണം കണ്ടെത്തി പരിഹാര നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

Ministry of Road Transport & Highways, Govt. of India-യുടെ നിർദേശങ്ങളുടെ അടിസ്ഥാനത്തിലാണ് സ്ഥിര അപകട സ്ഥലങ്ങൾ (ബ്ലാക്ക് സ്പോട്ടുകൾ) നിശ്ചയിച്ചിട്ടുള്ളത്. സംസ്ഥാനത്ത് സ്ഥിരമായി അപകടങ്ങളുണ്ടാകുന്ന റോഡ് ഭാഗങ്ങളിൽ കേരള സംസ്ഥാന റോഡ് സുരക്ഷാ അതോറിറ്റി (KRSA), നാഷണൽ ട്രാൻസ്പോർട്ടേഷൻ പ്ലാനിങ് ആൻഡ് റിസർച്ച് സെന്റർ (NATPAC)-മായി ചേർന്ന് പഠനം നടത്തി ടി റോഡ് ഭാഗത്തെ ബ്ലാക്ക് സ്പോട്ടുകളായി കണ്ടെത്തി അപകടങ്ങൾ കുറയ്ക്കുന്നതിന് PWD, NHAI തുടങ്ങിയ ഏജൻസികളുടെ സഹകരണത്താൽ ബ്ലിങ്കർ ലൈറ്റ്, ഡിവൈഡർ, റിമ്പിൾ സ്ട്രിപ്പ് തുടങ്ങിയവ സ്ഥാപിച്ചുവരുന്നുണ്ട്. ബ്ലാക്ക് സ്പോട്ടുകളിൽ അപകടങ്ങൾ കുറയ്ക്കാൻ സൂചനാ

ബോർഡുകൾ സ്ഥാപിച്ചും കൃത്യമായ റോഡ് അടയാളങ്ങൾ സ്ഥാപിച്ചും സിഗ്നൽ ലൈറ്റുകൾ സ്ഥാപിച്ചും വൺവേ സിസ്റ്റം, സി.സി.ടി.വി ക്യാമറകൾ സ്ഥാപിച്ചും കൃത്യമായ വാഹന പരിശോധനകൾ നടത്തിയും റോഡ്/നടപ്പാത കൈയേറ്റം ഒഴിവാക്കൽ, കാഴ്ച മറയ്ക്കുന്ന മരങ്ങൾ വെട്ടി മാറ്റുന്നത്, തെരുവ് വിളക്കുകൾ, ദിശാബോർഡുകൾ, മീഡിയനുകൾ, സീബ്രാ ലൈനുകൾ സ്ഥാപിക്കൽ അനധികൃത ഓപ്പണിങ്ങുകൾ/U-Turn ഒഴിവാക്കൽ തുടങ്ങിയ കാര്യങ്ങളിൽ ട്രാഫിക് റെഗുലേറ്ററി കമ്മിറ്റി യോഗം ചേർന്ന് തീരുമാനങ്ങൾ കൈക്കൊണ്ട് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

റോഡപകടങ്ങളുടെ കണക്ക്

193(1766) ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2010 മുതൽ സംസ്ഥാനത്ത് ഓരോ വർഷവും നടന്ന റോഡപകടങ്ങളുടെയും ഇതിൽ മരണമടഞ്ഞവരുടെയും കണക്ക് വർഷം തിരിച്ച് ലഭ്യമാക്കാമോ?

2010 മുതൽ സംസ്ഥാനത്ത് ഒരോ വർഷവും നടന്ന റോഡപകടങ്ങളുടെയും ഇതിൽ മരണമടഞ്ഞവരുടെയും കണക്കുകൾ ചുവടെ ചേർക്കുന്നു.

വർഷം	അപകടങ്ങൾ	മരണപ്പെട്ടവർ
2010	35082	3950
2011	35216	4145
2012	36174	4286
2013	35215	4258
2014	36282	4049
2015	39014	4196
2016	39420	4287
2017	38470	4131
2018	40181	4303
2019	41111	4440
2020	27877	2979
2021	33296	3429
2022	43910	4317
2023	48091	4080
2024	48912	3781

റോഡപകടങ്ങൾ കുറയ്ക്കുവാനുള്ള മാസ്റ്റർ പ്ലാൻ

194(1767) ശ്രീ. എൻ. ഷംസുദ്ദീൻ:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. മഞ്ഞളാംകുഴി അലി:

ഡോ. എം. കെ. മുനീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വർധിച്ചുവരുന്ന റോഡപകടങ്ങൾ 2030-ഓടെ പകുതിയായി കുറയ്ക്കുന്നതിനുള്ള മാസ്റ്റർ പ്ലാൻ റോഡ് സുരക്ഷാ അതോറിറ്റി തയ്യാറാക്കിയിരുന്നോ എന്നറിയിക്കുമോ;

(ബി) ഈ പദ്ധതി പഠിച്ച് നടപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത മാസ്റ്റർ പ്ലാനിലെ നിർദേശങ്ങൾ എന്തെല്ലാമായിരുന്നു; അവ എത്രത്തോളം നടപ്പിലാക്കാൻ കഴിഞ്ഞു; വിശദമാക്കുമോ?

(എ-സി) റോഡ് സുരക്ഷ അതോറിറ്റി സംസ്ഥാനത്ത് വർധിച്ചുവരുന്ന റോഡപകടങ്ങൾ 2030-ഓടെ പകുതിയായി കുറയ്ക്കുന്നതിനുള്ള മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടില്ല.

നാറ്റ്പാക് റിപ്പോർട്ട്

195(1768) ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ഏറ്റവും അപകടസാധ്യതയുള്ള സ്ഥലങ്ങൾ ചൂണ്ടിക്കാട്ടി നാഷണൽ ട്രാൻസ്പോർട്ടേഷൻ പ്ലാനിങ് ആൻഡ് റിസർച്ച് സെന്റർ (നാറ്റ്പാക്) 2019-ൽ റോഡ് സുരക്ഷാ അതോറിറ്റിക്ക് റിപ്പോർട്ട് നൽകിയിരുന്നോ; റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ?

'കേരള സംസ്ഥാനത്തെ റോഡ് അപകട ബ്ലാക്ക് സ്പോട്ടുകളുടെ തിരിച്ചറിയലും മുൻഗണനയും' എന്ന വിഷയത്തിൽ 2019-ലെ റിപ്പോർട്ട് നാഷണൽ ട്രാൻസ്പോർട്ടേഷൻ പ്ലാനിങ് ആൻഡ് റിസർച്ച് സെന്റർ (നാറ്റ്പാക്) കേരള റോഡ് സുരക്ഷാ അതോറിറ്റിക്ക് സമർപ്പിച്ചിട്ടുണ്ട്. റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.+

(ബി) അപകട ഭീഷണിയുള്ള ബ്ലാക്ക് സ്പോട്ടുകൾ ചൂണ്ടിക്കാട്ടി 2021, 2023 വർഷങ്ങളിൽ നാറ്റ്പാക് റോഡ് സുരക്ഷാ അതോറിറ്റിക്ക് റിപ്പോർട്ട് നൽകിയിരുന്നോ; ഉണ്ടെങ്കിൽ പ്രസ്തുത റിപ്പോർട്ടുകളുടെ പകർപ്പ് ലഭ്യമാക്കാമോ?

'കേരള സംസ്ഥാനത്തെ റോഡ് അപകട ബ്ലാക്ക് സ്പോട്ടുകളുടെ തിരിച്ചറിയലും മുൻഗണനയും' എന്ന വിഷയത്തിൽ 2021-ലെ റിപ്പോർട്ട്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നാഷണൽ ട്രാൻസ്പോർട്ടേഷൻ പ്ലാനിങ് ആൻഡ് റിസർച്ച് സെന്റർ (നാറ്റ്പാക്) കേരള റോഡ് സുരക്ഷാ അതോറിറ്റിക്ക് സമർപ്പിച്ചിട്ടുണ്ട്. റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.+ എന്നാൽ 2023-ൽ പഠനം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല.

വാഹനാപകടങ്ങൾ കുറയ്ക്കുവാൻ നടപടി

196(1769) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റോഡപകടങ്ങളും അതിനെ തുടർന്നുള്ള മരണങ്ങളും വർധിച്ചുവരുന്നുവെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

സംസ്ഥാനത്ത് 2016 മുതൽ 2024 കാലയളവിലെ റോഡപകടങ്ങളുടെ കണക്ക് പരിശോധിച്ചാൽ ഏറ്റക്കുറച്ചിലുകൾ കാണാവുന്നതാണ്. മരണനിരക്കിന്റെ കാര്യത്തിലും ഇതേ സ്ഥിതിയാണുള്ളത്. 2023-ൽ നിർമ്മിതബുദ്ധി ഉപയോഗിച്ച് പ്രവർത്തിക്കുന്ന ക്യാമറകൾ ഉൾപ്പെടുന്ന സമ്പൂർണ്ണ ആട്ടോമേറ്റഡ് എൻഫോഴ്സ്മെന്റ് പദ്ധതി നിലവിൽ വന്നശേഷം

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

2022-ലെ 4317 എന്ന മരണനിരക്കിൽ നിന്നും 2023, 2024 വർഷങ്ങളിൽ ഇത് യഥാക്രമം 4080, 3774 എന്നിങ്ങനെ കുറഞ്ഞതായി കാണുന്നു. 20-05-2021 മുതൽ 07-01-2025 വരെയുള്ള കാലയളവിലും സംസ്ഥാനത്ത് റോഡപകടങ്ങളും അതിനെ തുടർന്നുള്ള മരണങ്ങളും വിശകലനം ചെയ്തതിൽ ആക്സിഡന്റ് കേസുകൾ കൂടിയിട്ടുള്ളതായും മരണനിരക്കുകൾ കുറഞ്ഞിട്ടുള്ളതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) റോഡപകടങ്ങളിൽ പരിക്കേൽക്കുന്നവർക്ക് എല്ലാ ആശുപത്രികളിലും സൗജന്യ ചികിത്സ നൽകുന്ന പദ്ധതി നിലവിൽ വന്നിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

റോഡപകടത്തിൽപ്പെടുന്നവർക്ക് എല്ലാ ആശുപത്രികളിലും സൗജന്യ ചികിത്സയുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. 1988-ലെ മോട്ടോർ വെഹിക്കിൾ നിയമത്തിലെ സെക്ഷൻ 162 പ്രകാരം, അപകടത്തിന് ഇരയായ ഒരാൾക്ക് പരമാവധി 7 ദിവസത്തേയ്ക്ക് ഒന്നര ലക്ഷം രൂപ വരെയുള്ള പണരഹിത ചികിത്സ നാഷണൽ ഹെൽത്ത് അതോറിറ്റിയുടെ (എൻ.എച്ച്.എ.) എംപാനൽ ചെയ്ത ആശുപത്രികളിൽ Ministry of Road Transport and

Highways ലഭ്യമാക്കിയിട്ടുണ്ട്. ഇതിനായി eDAR അപ്ലിക്കേഷൻ മുഖാന്തരം, ആശുപത്രികളിൽനിന്നും വരുന്ന അപേക്ഷകളിൽ ബന്ധപ്പെട്ട സ്റ്റേഷനുകളിലെ പോലീസ് ഉദ്യോഗസ്ഥർ 6 മണിക്കൂറിനുള്ളിൽ അവരുടെ പ്രതികരണം രേഖപ്പെടുത്തി തിരികെ അയയ്ക്കുന്നുണ്ട്.

(സി) അലക്ഷ്യമായി വാഹനമോടിക്കുന്നവരെയും മദ്യപിച്ച് വാഹനമോടിക്കുന്നവരെയും കണ്ടെത്തുന്നതിനും രാത്രികാല വാഹനപരിശോധന കർശനമാക്കുന്നതിനും വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ?

മോട്ടോർ വാഹനവകുപ്പിന്റെ കീഴിലുള്ള 85 എൻഫോഴ്സ്മെന്റ് സ്ക്വാഡുകളുടെ പ്രവർത്തനഫലമായി അലക്ഷ്യമായി വാഹനമോടിക്കുന്നവരെയും മദ്യപിച്ച് വാഹനമോടിക്കുന്നവരെയും കണ്ടെത്തുന്നതിനും നിയമപരമായി പിഴ ഈടാക്കുന്നതിനും സാധിക്കുന്നു. കൂടാതെ ഹെൽമെറ്റ് ധരിക്കാതെയും സീറ്റ് ബെൽറ്റ് ധരിക്കാതെയും മൊബൈൽ ഫോൺ ഉപയോഗിച്ചുകൊണ്ടും അലക്ഷ്യമായി വാഹനമോടിക്കുന്നവരെ കണ്ടെത്താൻ നിർമ്മിതബുദ്ധി ഉപയോഗിച്ച് 24

മണിക്കൂറും പ്രവർത്തിക്കുന്ന ക്യാമറകൾ സംസ്ഥാനമൊട്ടാകെ സ്ഥാപിച്ചിട്ടുണ്ട്. രാത്രികാലങ്ങളിൽ ഗതാഗത നിയമ ലംഘനങ്ങൾ കണ്ടെത്തുന്നതിനായി സെക്ടർ, എൻഫോഴ്സ്മെന്റ് പട്രോളിങ്, നൈറ്റ് എൻഫോഴ്സ്മെന്റ്, പോലീസ് ഹൈവേ പട്രോളിങ്ങ് എന്നിവരെ നിയോഗിച്ച് പരിശോധനകൾ നടത്തി നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) കെ.എസ്.ആർ.ടി.സി. ബസ് ഡ്രൈവർമാർ മദ്യപിച്ചും അലക്ഷ്യമായും വാഹനമോടിക്കുന്നത് കണ്ടെത്തുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ; ഇത്തരത്തിൽ വാഹനമോടിച്ചതിന്റെ പേരിൽ എത്ര പേർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ?

കെ.എസ്.ആർ.ടി.സി. ജീവനക്കാർ മദ്യപിച്ചും അലക്ഷ്യമായും വാഹനമോടിക്കുന്നത് കണ്ടെത്തുന്നതിനുള്ള പരിശോധനകൾ കർശനമാക്കുകയും ഡ്യൂട്ടിക്കെത്തുന്ന ഡ്രൈവർ, കണ്ടക്ടർ, മറ്റ് ജീവനക്കാർ എന്നിവരെ ബ്രീത്ത് അനലൈസർ ഉപയോഗിച്ച് പരിശോധന നടത്തുകയും മദ്യപിച്ചിട്ടുള്ളതായി സ്ഥിരീകരിക്കുന്നപക്ഷം ഡ്യൂട്ടിയിൽനിന്നും മാറ്റി

നിർത്തി അച്ചടക്ക നടപടി സ്വീകരിച്ചവരുന്നതുമാണ്. 01-04-2024 മുതൽ യൂണിറ്റുകളിൽ ബ്രീത്ത് അനലൈസർ പരിശോധന ആരംഭിച്ചശേഷം 31-01-2025 വരെ 408 സ്ഥിരം ജീവനക്കാരെ സസ്പെൻഡ് ചെയ്യുകയും 101 ബദൽ ജീവനക്കാരെ ജോലിയിൽനിന്നും മാറ്റിനിർത്തിയിട്ടുള്ളതുമാണ്.

കെ.എസ്.ആർ.ടി.സി.-യുടെ എല്ലാ യൂണിറ്റിലും ആക്സിഡന്റ് മോണിറ്ററിങ് സെൽ രൂപീകരിച്ചിട്ടുള്ളതും അത് കൃത്യമായി പ്രവർത്തിച്ചുവരികയും ചെയ്യുന്നുണ്ട്. RTO, മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ, പോലീസ് ഉദ്യോഗസ്ഥർ എന്നിവരെ ഉൾപ്പെടുത്തി യൂണിറ്റ്തലത്തിൽ അപകടരഹിത ഡ്രൈവിങ്ങിനെക്കുറിച്ച് ബോധവൽക്കരണ ക്ലാസ് നടത്തിവരുന്നുണ്ട്. ചീഫ് ഓഫീസ് മോണിറ്ററിങ് സെല്ലിലേയ്ക്ക് ടി വിവരങ്ങൾ കൃത്യമായി റിപ്പോർട്ട് ചെയ്യപ്പെടുന്നുമുണ്ട്. റോഡപകടങ്ങൾ കുറയ്ക്കാനായി ചീഫ് ഓഫീസ്തലത്തിൽ ആക്സിഡന്റ് മോണിറ്ററിങ് സെൽ രൂപീകരിക്കുകയും ഉന്നത ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ കൃത്യമായി മോണിറ്ററിങ് നടക്കുകയും ചെയ്യുന്നുണ്ട്. കെ.എസ്.ആർ.ടി.സി. ഡ്രൈവർമാരുടെ അപകടകരമായ ഡ്രൈവിങ് ശ്രദ്ധയിൽപ്പെട്ടാൽ

യാത്രക്കാർക്കും പൊതുജനങ്ങൾക്കും വീഡിയോ ഉൾപ്പെടെ റിപ്പോർട്ട് ചെയ്യാനായി ഒരു വാട്സ്ആപ്പ് (9188619380) നമ്പർ എല്ലാ ബസ്സുകളിലും പ്രദർശിപ്പിച്ചിട്ടുണ്ട്. അന്വേഷണത്തിൽ കുറ്റക്കാരാണെന്ന് കണ്ടെത്തുന്നവർക്ക് കൗൺസിലിങ്, കറക്ടീവ് ട്രെയിനിങ് മുതലായവ നൽകിവരുന്നുണ്ട്.

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കെ.എസ്.ആർ.ടി.സി. ബസ്സുകൾ ഉൾപ്പെട്ട അപകടങ്ങളിൽ എത്രയാളുകൾക്ക് ജീവഹാനി സംഭവിച്ചുവെന്നും എത്രയാളുകൾക്ക് പരിക്കേറ്റുവെന്നുമുള്ള വിശദാംശം നൽകുമോ; പ്രസ്തുത അപകടങ്ങൾക്ക് കാരണക്കാരായവർക്കെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

KSRTC ബസ്സുകളുടെയും മറ്റ് സ്വകാര്യ വാഹനങ്ങളുടെയും പിഴവുമൂലം KSRTC ബസ്സുകൾ ഉൾപ്പെട്ട 2016-2024 വരെയുള്ള 10040 അപകടങ്ങളിൽ 1089 പേർ മരണപ്പെട്ടിട്ടുണ്ട്. പരിക്കേറ്റവരുടെ എണ്ണം ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല. KSRTC ബസ്സുകൾ അപകടത്തിൽപ്പെടുന്ന കേസുകളിൽ

ഉത്തരവാദികളായ ജീവനക്കാരെ സർവീസിൽനിന്നും സസ്പെൻഡ് ചെയ്യുകയും 1960-ലെ കേരള സിവിൽ സർവ്വീസ് (തരംതിരിവും നിയന്ത്രണവും അപ്പീലും) ചട്ടങ്ങൾപ്രകാരം വകുപ്പുതല അച്ചടക്ക നടപടി സ്വീകരിക്കുകയും കുറ്റകൃത്യത്തിന്റെ സ്വഭാവവും തീവ്രതയും അനുസരിച്ച് സർവ്വീസിൽനിന്നും നീക്കുകയും ചെയ്യുന്നതുൾപ്പെടെയുള്ള ശിക്ഷകൾ നൽകിവരുന്നു. കൂടാതെ അപകടങ്ങളെയും/അലക്ഷ്യമായ ഡ്രൈവിങ്ങിനെയും തുടർന്ന് ലൈസൻസ് സസ്പെൻസ് ചെയ്യുന്ന ഡ്രൈവർമാരെ IDTR പരിശീലനത്തിന് ശേഷം മാത്രമാണ് തുടർന്ന് ജോലിക്ക് നിയോഗിക്കുന്നത്.

(എഫ്) സ്വകാര്യ ബസ്സുകൾ, ടിപ്പർ ലോറികൾ, കെ.എസ്.ആർ.ടി.സി. ബസ്സുകൾ എന്നിവയുടെ അമിത വേഗത്തിന് നിയന്ത്രണമേർപ്പെടുത്തുന്നതിനും ഗതാഗത നിയമ പരിപാലനം കർശനമാക്കുന്നതിനും സ്വീകരിച്ച നടപടികൾ അറിയിക്കാമോ?

സ്വകാര്യ ബസ്സുകൾ, ടിപ്പർ ലോറികൾ, കെ.എസ്.ആർ.ടി.സി. ബസ്സുകൾ എന്നിവയുടെ അമിതവേഗത നിയന്ത്രിക്കുന്നതിനായി പ്രത്യേക പരിശോധനകൾ നടത്തിവരുന്നു.

സമ്പൂർണ്ണ ഓട്ടോമേറ്റഡ് ട്രാഫിക് എൻഫോഴ്സ്മെന്റ്

197(1770) ശ്രീ. പി. നന്ദകുമാർ:

ഡോ. സുജിത് വിജയൻപിള്ള:

ശ്രീ. കെ. ജെ. മാക്സി:

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡപകടങ്ങൾ കുറയ്ക്കാൻ ലക്ഷ്യമിട്ട് സമ്പൂർണ്ണ ഓട്ടോമേറ്റഡ് ട്രാഫിക് എൻഫോഴ്സ്മെന്റ് നടപ്പിലാക്കിയിട്ടുണ്ടോ; ഇതിന്റെ ഭാഗമായി എന്തൊക്കെ കാര്യങ്ങളാണ് പ്രാവർത്തികമാക്കിയിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ?

നടപ്പിലാക്കിയിട്ടുണ്ട്. ടി പദ്ധതിയുടെ ഭാഗമായി 726 ക്യാമറകളാണ് സ്ഥാപിച്ചിട്ടുള്ളത്. അതിൽ 675 എണ്ണം നിർമ്മിതബുദ്ധി ഉപയോഗിച്ച് പ്രവർത്തിക്കുന്നതും 25 എണ്ണം പാർക്കിങ് നിയമ ലംഘനങ്ങൾ കണ്ടെത്തുന്നതിനും 4 എണ്ണം അമിതവേഗത കണ്ടെത്തുന്നതിനും 4 എണ്ണം

മൊബൈൽ വാഹനങ്ങളിൽ ഘടിപ്പിച്ചിട്ടുള്ളതും 18 എണ്ണം ചുവന്ന ലൈറ്റ് കടന്നുപോകുന്ന വാഹനങ്ങളെ കണ്ടെത്തുന്നതിനുമുള്ള ക്യാമറകളാണ്. സമ്പൂർണ്ണ ഓട്ടോമേറ്റഡ് ട്രാഫിക് എൻഫോഴ്സ്മെന്റ് പദ്ധതിയുടെ ഭാഗമായി ഏറ്റവും ഒടുവിലായി ലഭിച്ച കണക്ക് പ്രകാരം 90,97,613 നിയമ ലംഘനങ്ങൾ കണ്ടെത്തിയിട്ടുണ്ട്. 592,20,63,001/- രൂപ പിഴ ചുമത്തിയിട്ടുമുണ്ട്.

(ബി) നിയമ ലംഘനം കണ്ടെത്തി പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ?

നിയമ ലംഘനം കണ്ടെത്തുന്നവർക്കെതിരെ ചെലാൻ തയ്യാറാക്കുകയും പിഴ ഈടാക്കുകയും ചെയ്തുവരുന്നു. ഇങ്ങനെ പിഴ അടയ്ക്കേണ്ടിവരുന്നവർക്ക് നിയമ ലംഘനം നടത്തിയത് സംബന്ധിച്ച് അവബോധമുണ്ടാകുകയും ആയത് റോഡ് സുരക്ഷയ്ക്ക് മുതൽക്കൂട്ടാകുകയും ചെയ്യുന്നു.

(സി) നിയമലംഘകർക്ക് പിഴ ചുമത്തിയതിന്റെ വിശദാംശം വ്യക്തമാക്കാമോ?

ഏറ്റവും ഒടുവിലായി ലഭിച്ച കണക്ക് പ്രകാരം 90,97,613 നിയമ ലംഘനങ്ങൾ കണ്ടെത്തി ചെലാൻ തയ്യാറാക്കി 592,20,63,001/- രൂപ പിഴ

ചുമത്തി. 152,27,51,251/-രൂപ പിഴയിനത്തിൽ സർക്കാർ ഖജനാവിൽ ലഭിച്ചിട്ടുണ്ട്.

(ഡി) പ്രസ്തുത പദ്ധതി ആവിഷ്കരിച്ചതിനുശേഷം അപകടമരണ സംഖ്യയിൽ കുറവുണ്ടായിട്ടുണ്ടോ; ലക്ഷ്യം കൈവരിക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കുമോ?

പ്രസ്തുത പദ്ധതി ആവിഷ്കരിച്ചതിനുശേഷം അപകടമരണ സംഖ്യയിൽ കുറവുണ്ടായിട്ടുണ്ട്. 2022-ൽ അപകട മരണം 4317 ആയിരുന്നു. 2023 ജൂൺ 5 മുതൽ നടപ്പാക്കിയ ടി പദ്ധതിക്കുശേഷം 2023-ൽ അപകടമരണം 4080 ആയിരുന്നു. 2024-ൽ ഇത് 3774 ആയി കുറഞ്ഞിട്ടുണ്ട്. ടി കണക്കുകൾ പ്രകാരം ഹെൽമെറ്റ് ധരിക്കുക, സീറ്റ് ബെൽറ്റ് ധരിക്കുക എന്നിവയിൽ വാഹനമോടിക്കുന്നവർ കൂടുതൽ ശ്രദ്ധാലുക്കളായിട്ടുണ്ട്. ആയതിന്റെ ഫലമായാണ് ഗുരുതര പരിക്കുകളിൽനിന്നും രക്ഷനേടുകയും മരണം കുറയുകയും ചെയ്തിട്ടുള്ളതെന്ന് വിലയിരുത്തപ്പെടുന്നു.

റോഡ് സുരക്ഷാ ഓഡിറ്റ്

198(1771) ശ്രീ. പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ മുതൽ ആര്യങ്കാവ് കോട്ടവാസൽ വരെയുള്ള ഭാഗത്ത് തുടർച്ചയായി അപകടങ്ങളുണ്ടാകുന്ന സാഹചര്യത്തിൽ മോട്ടോർ വാഹനവകുപ്പ്, പൊതുമരാമത്ത് റോഡ് വിഭാഗം, അഗ്നിരക്ഷാ സേന, പഞ്ചായത്ത് സെക്രട്ടറിമാർ ഉൾപ്പെടെയുള്ള സംയുക്ത സംഘം നടത്തിയ റോഡ് സുരക്ഷാ ഓഡിറ്റിന്റെ റിപ്പോർട്ട് ലഭ്യമാക്കാമോ?

സംയുക്ത സംഘം നടത്തിയ റോഡ് സുരക്ഷാ ഓഡിറ്റിന്റെ റിപ്പോർട്ട് അനുബന്ധമായി ചേർക്കുന്നു.+

(ബി) ദേശീയപാത അതോറിറ്റിയുമായി ആലോചിച്ച് പ്രസ്തുത റിപ്പോർട്ടിന്മേൽ അടിയന്തര നടപടികൾ കൈക്കൊള്ളുമോ; എന്തൊക്കെ സുരക്ഷാ ക്രമീകരണങ്ങളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

റോഡ് സുരക്ഷാ ഓഡിറ്റിന്റെ റിപ്പോർട്ട് തുടർ നടപടികൾ സ്വീകരിക്കുന്നതിനായി കൊല്ലം അഡീഷണൽ ഡിസ്ട്രിക്ട് മജിസ്ട്രേറ്റിന് അയച്ചുകൊടുത്തിട്ടുണ്ട്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) ദേശീയപാതയിൽ പുനലൂർ മുതൽ ആര്യങ്കാവ് കോട്ടവാസൽ വരെയുള്ള ഭാഗത്ത് ദീർഘദൂരം യാത്ര ചെയ്തുവരുന്ന ചരക്കുവാഹനങ്ങളിലെ ഡ്രൈവർമാർ ഉറങ്ങിപ്പോകുന്നത് തുടർച്ചയായി അപകടങ്ങൾക്ക് കാരണമാകുന്നുവെന്നത് റോഡ് സുരക്ഷാ ഓഡിറ്റിൽ കണ്ടെത്തിയിരുന്നതിനാൽ ആയത് ഒഴിവാക്കുന്നതിനായി ആര്യങ്കാവ് ചെക്ക്പോസ്റ്റിനോട് ചേർന്ന് മോട്ടോർ വാഹന വകുപ്പിന്റെ സ്ഥലത്ത് വാഹനങ്ങൾ പാർക്ക് ചെയ്യാനും ഡ്രൈവർമാർക്ക് വിശ്രമിക്കാനും സൗകര്യമൊരുക്കുകയും ശൗചാലയങ്ങൾ ഉൾപ്പെടെ നിർമ്മിച്ചുനൽകുന്നതിനും നടപടിയെടുക്കുമോ; വിശദമാക്കാമോ?

ആര്യങ്കാവ് ചെക്ക്പോസ്റ്റിനോട് ചേർന്ന് മോട്ടോർ വാഹന വകുപ്പിന്റെ സ്ഥലത്ത് വാഹനങ്ങൾ പാർക്ക് ചെയ്യാനും ഡ്രൈവർമാർക്ക് വിശ്രമിക്കാനും സൗകര്യമൊരുക്കുകയും ശൗചാലയങ്ങൾ ഉൾപ്പെടെ നിർമ്മിച്ചു നൽകുകയും ചെയ്യുന്ന വിഷയം പരിശോധിക്കുന്നതാണ്.

അപകടസാധ്യത ഒഴിവാക്കുന്നതിനുള്ള റോഡ് സുരക്ഷാ നടപടികൾ

199(1772) ശ്രീ. പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയോര ഹൈവേയിലെ അഞ്ചൽ-ആയുർ, അഞ്ചൽ-കുളത്തുപ്പുഴ, അഞ്ചൽ-പുനലൂർ തുടങ്ങിയ പ്രധാന പാതകൾ സംഗമിക്കുന്ന അഞ്ചൽ പട്ടണത്തിലും അഞ്ചൽ മാർക്കറ്റ് ജങ്ഷനിലും റോഡ് സേഫ്റ്റി ഫണ്ടിൽ ഉൾപ്പെടുത്തി ട്രാഫിക് പരിഷ്കരണങ്ങളും സിഗ്നൽ സംവിധാനവും അനുബന്ധ സൗകര്യങ്ങളും ഒരുക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

- ആയൂർ-അഞ്ചൽ-പുനലൂർ റോഡിൽ ഉൾപ്പെട്ട അഞ്ചൽ പട്ടണത്തിലും അഞ്ചൽ മാർക്കറ്റ് ജങ്ഷനിലും റോഡ് മാർക്കിങ്സ്, studs, sign board തുടങ്ങി റോഡ് സുരക്ഷാ പ്രവൃത്തികളും അഞ്ചൽ ബൈപാസ് റോഡിൽ ട്രാഫിക് സിഗ്നൽ സംവിധാനവും കിഫ്ബി ധനസഹായത്താൽ നിർവഹിച്ച പദ്ധതിയായ 'Upgradation of Ayur-Anchal-Punalur Road in Kollam District'-ൽ ഉൾപ്പെടുത്തി നടപ്പിലാക്കിയിട്ടുണ്ട്.

- അഞ്ചൽ RO ജംഗ്ഷനിലും മാർക്കറ്റ് ജംഗ്ഷനിലും പത്തനാപുരം ടൗണിലും ട്രാഫിക് സിഗ്നൽ സംവിധാനങ്ങൾ സ്ഥാപിക്കുന്നത് സംബന്ധിച്ച് പോലീസ് വകുപ്പ് റോഡ് സുരക്ഷാ അതോറിറ്റിക്ക് സമർപ്പിച്ച ശിപാർശപ്രകാരം 31.3 ലക്ഷം രൂപ ടി പ്രവൃത്തിക്കായി

അനുവദിക്കാൻ കേരള റോഡ് സുരക്ഷാ അതോറിറ്റി തീരുമാനിച്ചിട്ടുണ്ട്. സിഗ്നലുകൾ സ്ഥാപിക്കുന്നത് സംബന്ധിച്ച ശാസ്ത്രീയമായ പഠനങ്ങൾ നടത്തിയതിന്റെ ഓഡിറ്റ് റിപ്പോർട്ട് NATPAC-ൽനിന്നും ലഭ്യമാക്കിയശേഷം ആയതിന്റെ അടിസ്ഥാനത്തിൽ തുക കൈമാറുന്നതാണ്.

(ബി) പുനലൂർ-കുളത്തുപ്പുഴ മലയോര ഹൈവേയിൽ കരവാളൂർ മാമൂട് വളവിൽ, അപകടകരമായ വളവിനെക്കുറിച്ചും അപകടസാധ്യതയെക്കുറിച്ചും മുന്നറിയിപ്പ് നൽകുന്ന ബോർഡുകളോ ബ്ലിങ്കർ പോലെയുള്ള മുന്നറിയിപ്പ് സംവിധാനങ്ങളോ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

പുനലൂർ-കുളത്തുപ്പുഴ മലയോര ഹൈവേയിൽ കരവാളൂർ മാമൂട് വളവിൽ നിലനിൽക്കുന്ന അപകടസാധ്യത കുറയ്ക്കുന്നതിനായി KSTP, PWD, തദ്ദേശസ്വയംഭരണ വകുപ്പുകളുമായി കൂടിയാലോചിച്ച് സ്പീഡ് ബ്രേക്കർ, കോൺകേവ് മിറർ, സൈൻ ബോർഡുകൾ എന്നിവ സ്ഥാപിക്കുന്നതിനുള്ള പോലീസ് വകുപ്പിന്റെ നിർദേശങ്ങൾ ബന്ധപ്പെട്ട വകുപ്പിനെ

അറിയിക്കുന്നതിനുള്ള നടപടികൾ കൊല്ലം റൂറൽ ജില്ലാ പോലീസ് മേധാവി സ്വീകരിച്ചുവരുന്നു.

(സി) കൊല്ലം ആശ്രാമം മുനീശ്വരൻ കോവിൽ റോഡിൽനിന്ന് ശങ്കേർസ് ഹോസ്പിറ്റലിലേയ്ക്ക് പോകുന്ന റോഡിൽ കുറവാൻപാലം ഇറക്കത്തിലെ വളവിൽ തുടർച്ചയായി അപകടമുണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കഴിഞ്ഞ അഞ്ച് മാസത്തിനുള്ളിൽ നിരവധി അപകടങ്ങളും മൂന്ന് മരണങ്ങളുമുണ്ടായ സാഹചര്യത്തിൽ പൊതുമരാമത്ത് വിഭാഗവുമായി കൂടിയാലോചിച്ച് പ്രസ്തുത ഭാഗത്ത് അടിയന്തര സുരക്ഷാ ക്രമീകരണം ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ടി സ്ഥലത്തെ അപകടങ്ങളുടെ പ്രധാന കാരണം പ്രദേശത്തെ റോഡിലെ ഇറക്കവും വലിയ വളവുമാണ്. ടി സ്ഥലത്ത് വാഹനങ്ങളുടെ അമിതവേഗം നിയന്ത്രിക്കുന്നതിന് വാഹനപരിശോധന ഏർപ്പെടുത്തിയിട്ടുള്ളതും റോഡിൽ പോലീസിന്റെ നിരീക്ഷണം ശക്തമാക്കിയിട്ടുള്ളതുമാണ്. പ്രസ്തുത ഭാഗത്ത് അടിയന്തരമായി ഏർപ്പെടുത്തേണ്ട സുരക്ഷാ ക്രമീകരണങ്ങൾ സംബന്ധിച്ച നിർദ്ദേശങ്ങൾ

പൊതുമരാമത്ത് വകുപ്പിനെ അറിയിക്കുന്നതിനുള്ള നടപടികൾ സീകരിച്ചുവരുന്നു. അപകടങ്ങൾ ഒഴിവാക്കുന്നതിനായി റണ്ണിങ് കോൺട്രാക്ട് പ്രവൃത്തിയിൽ ഉൾപ്പെടുത്തി റോഡ് സുരക്ഷാ മാർക്കിങ്ങുകളും ബോർഡുകളും സ്ഥാപിക്കുന്നതിനുള്ള നടപടികൾ പൊതുമരാമത്ത് വകുപ്പ് സ്വീകരിച്ചുവരുന്നു. കൂടാതെ ഈ വളവിൽ നിൽക്കുന്ന മരം മുറിച്ച് മാറ്റുന്നതിന് സോഷ്യൽ ഫോറസ്ട്രി വകുപ്പിലേയ്ക്ക് അനുമതി തേടിയിട്ടുണ്ട്.

പൊതുനിരത്തുകളിലെ ട്രാഫിക് സിഗ്നലുകൾ

200(1773) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുനിരത്തുകളിൽ സ്ഥാപിച്ചിരിക്കുന്ന എല്ലാ ട്രാഫിക് സിഗ്നൽ സംവിധാനങ്ങളിലും പൂർണ്ണ സമയ നിരീക്ഷണം ഏർപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

പൊതുനിരത്തുകളിലെ ട്രാഫിക് സിഗ്നൽ സംവിധാനങ്ങളിൽ കൃത്യമായ നിരീക്ഷണം നടത്തുന്നതിനുവേണ്ടി പോലീസ് ഉദ്യോഗസ്ഥരെ

ഡ്യൂട്ടിക്കായി നിയോഗിച്ചുവരുന്നു. കൂടാതെ തകരാറുകൾ ശ്രദ്ധയിൽപ്പെടുന്ന മുറയ്ക്ക് ആയത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(ബി) സർക്കാർ വാഹനങ്ങൾ ഉൾപ്പെടെയുള്ള പൊതുഗതാഗത സംവിധാനങ്ങൾ ട്രാഫിക് സിഗ്നലുകൾ തെറ്റിക്കുന്നത് പരിശോധിക്കുന്നതിനും പിഴ ചുമത്തുന്നതിനും കൂടുതൽ മോട്ടോർ വെഹിക്കിൾ ഉദ്യോഗസ്ഥരെ നിയോഗിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

'സമ്പൂർണ്ണ ഓട്ടോമേറ്റഡ് ട്രാഫിക് എൻഫോഴ്സ്മെന്റ് സിസ്റ്റം' എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി Red Light Violation Detection System (RLVDS) സ്ഥാപിച്ചിട്ടുണ്ട്. ടി ക്യാമറകൾ ചുവന്ന ലൈറ്റ് മറികടന്ന് പോകുന്ന വാഹനങ്ങളെ കണ്ടെത്തുകയും പിഴ ചുമത്തുകയും ചെയ്യുന്നു. ടി ക്യാമറകൾ പകർത്തുന്ന നിയമലംഘന ദൃശ്യങ്ങൾ അതത് കൺട്രോൾ റൂമുകളിൽ മോട്ടോർ വാഹന ഉദ്യോഗസ്ഥർ പരിശോധിക്കുകയും ചലാൻ തയ്യാറാക്കുകയും ചെയ്യുന്നു. ഇന്റർസെപ്റ്റർ വാഹനങ്ങൾ ഉപയോഗിച്ച് ഉദ്യോഗസ്ഥർ റോഡിൽനിന്നും ഇത്തരം പരിശോധനകൾ ചെയ്തുവരുന്നു.

(സി) എ.ഐ. ക്യാമറ ഉൾപ്പെടെയുള്ള ആധുനിക മാർഗങ്ങൾ ഉപയോഗപ്പെടുത്തി ട്രാഫിക് സിഗ്നലുകൾ ആധുനികവൽക്കരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

സേഫ് കേരള പ്രോജക്ട്, സേഫ് കോറിഡോർ പ്രോജക്ട്, സ്മാർട്ട് സിറ്റി തുടങ്ങിയ പദ്ധതികളിൽ AI ക്യാമറ ഉൾപ്പെടുത്തി ട്രാഫിക് സിഗ്നലുകളുടെ ആധുനികവൽക്കരണം നടത്തിവരുന്നു.

(ഡി) തിരുവനന്തപുരം നഗര പരിധിയിൽ ഉൾപ്പെട്ട, പ്രത്യേകിച്ച് പുളിമൂട് ജംഗ്ഷൻ, ജി.പി.ഒ. പോലുള്ള സ്ഥലങ്ങളിൽ ട്രാഫിക് സിഗ്നലുകൾ തെറ്റിക്കുന്ന വാഹനങ്ങളെ കണ്ടെത്തുന്നതിനും പിഴ ചുമത്തുന്നതിനും ബോധവൽകരണം നടത്തുന്നതിനും മോട്ടോർ വെഹിക്കിൾ ഉദ്യോഗസ്ഥരെ നിയമിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ?

ട്രാഫിക് സിഗ്നൽ തെറ്റിക്കുന്ന വാഹനങ്ങളെ നിരത്തുകളിൽ സ്ഥാപിച്ചിരിക്കുന്ന RLVDS (Red Light Violation Detection System) ക്യാമറകൾ കണ്ടെത്തുകയും ക്യാമറകൾ പകർത്തുന്ന നിയമലംഘന

ദൃശ്യങ്ങൾ അതത് കൺട്രോൾ റൂമുകളിൽ മോട്ടോർ വാഹന ഉദ്യോഗസ്ഥർ പരിശോധിച്ച് പിഴ ചുമത്തുകയും ചെയ്യുന്നു. ഇന്റർസെപ്റ്റർ വാഹനങ്ങൾ ഉപയോഗിച്ച് ഉദ്യോഗസ്ഥർ റോഡിൽനിന്നും ഇത്തരം പരിശോധനകൾ നടത്തുന്നു.

ജില്ലാ റോഡ് സുരക്ഷാ കൗൺസിൽവഴി തൃശ്ശൂർ ജില്ലയിൽ നടപ്പിലാക്കിയ പദ്ധതികൾ

201(1774) ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തൃശ്ശൂർ ജില്ലാ റോഡ് സുരക്ഷാ കൗൺസിൽവഴി തൃശ്ശൂർ ജില്ലയിൽ നടപ്പിലാക്കിയ പദ്ധതികളുടെയും ചെലവിനങ്ങളുടെയും വിശദമായ വിവരങ്ങൾ ലഭ്യമാക്കാമോ?

തൃശ്ശൂർ ജില്ലാ റോഡ് സുരക്ഷാ കൗൺസിൽവഴി തൃശ്ശൂർ ജില്ലയിൽ 'വാണീയമ്പാറ-പാലിയേക്കര സേഫ് റോഡ് കോറിഡോർ പദ്ധതി' എന്ന പദ്ധതി റോഡ് സുരക്ഷാ ഫണ്ടുപയോഗിച്ച് ചെയ്യുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. ആയതിന്റെ ഒന്നാം ഗഡുവായി 45,54,505/- രൂപ തൃശ്ശൂർ

ജില്ലാ റോഡ് സുരക്ഷാ കാൺസിലിന് കേരള റോഡ് സുരക്ഷാ അതോറിറ്റി നൽകിയിട്ടുണ്ട്.

ടി പദ്ധതിയുമായി ബന്ധപ്പെട്ട് റോഡ് സുരക്ഷാ അതോറിറ്റിവഴി ക്യാമറ ഉൾപ്പെടെയുള്ള സേഫ്റ്റി ഉപകരണങ്ങൾ സ്ഥാപിച്ച് സുരക്ഷ വർധിപ്പിക്കുന്നതിനായി 1,82,18,020/- രൂപ തൃശ്ശൂർ ജില്ലാ കളക്ടർക്ക് അനുവദിക്കുകയും തുടർ നടപടികളുടെ ഭാഗമായി ജില്ലാ കളക്ടർ തൃശ്ശൂർ സിറ്റി ജില്ലാ പോലീസ് മേധാവിയെ നിർവഹണ ഉദ്യോഗസ്ഥനായി ചുമതലപ്പെടുത്തിയിട്ടുള്ളതുമാണ്. ടെൻഡർ നടപടിക്കുശേഷം M/s One View System, Kochi എന്ന സ്ഥാപനത്തിന് നിർമ്മാണച്ചുമതല നൽകുകയും ടി സ്ഥാപനം പദ്ധതി നടപ്പിലാക്കിവരികയുമാണ്.

കൂടാതെ റോഡ് സുരക്ഷയ്ക്കാവശ്യമായ ട്രാഫിക് ഉപകരണങ്ങൾ വാങ്ങുന്നതിനായി റോഡ് സേഫ്റ്റി ഫണ്ടിൽനിന്നും 21,69,000/- രൂപയുടെ ഭരണാനുമതി നൽകിയിട്ടുള്ളതും GEM (Government E- Market Place) മുഖേന ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയുമാണ്.

തൃശ്ശൂർ ജില്ലാ കളക്ടറുടെ 04-12-2021-ലെ തൃശ്ശൂർ ജില്ലാ റോഡ് സുരക്ഷാ കൗൺസിൽ Order No: A11-719/2021 പ്രകാരം 5580/- രൂപ കൈപ്പമംഗലം, കാട്ടൂർ പോലീസ് സ്റ്റേഷൻ പരിധികളിൽ 2021-ലെ റോഡ് സുരക്ഷാ മാസാചരണത്തിന്റെ ഭാഗമായി ചെലവഴിച്ചിട്ടുള്ളതുമാണ്.

കൂടാതെ സംസ്ഥാനത്തൊട്ടാകെയുള്ള ബ്ളാക്ക് സ്പോട്ടുകൾ പരിഹരിക്കുന്നതിനായി കേരള റോഡ് സുരക്ഷാ അതോറിറ്റി എല്ലാ ജില്ലാ റോഡ് സുരക്ഷാ കൗൺസിലുകൾക്കും 10 ലക്ഷം രൂപ അനുവദിച്ചതിൽ ആദ്യ ഗഡുവായി 5 ലക്ഷം രൂപ മറ്റ് ജില്ലകളോടൊപ്പം തൃശ്ശൂർ ജില്ലാ റോഡ് സുരക്ഷാ കൗൺസിലിനും നൽകിയിട്ടുണ്ട്.

(ബി) ട്രാഫിക് സിഗ്നലുകളും മിനിമാസ്റ്റ് ലൈറ്റുകളും സ്ഥാപിക്കുന്ന പദ്ധതി പ്രകാരം ആയത് എവിടെയൊക്കെയാണ് സ്ഥാപിച്ചതെന്ന് വിശദമാക്കാമോ?

തൃശ്ശൂർ റൗണ്ടിലെ നായ്ക്കനാൽ ജംഗ്ഷനിലും എം.ജി. റോഡിലെ ശങ്കര അയ്യർ റോഡ് ജങ്ഷനിലും ട്രാഫിക് സിഗ്നലുകൾ സ്ഥാപിച്ചിട്ടുണ്ട്. ആയവ സ്ഥാപിച്ചതും പരിപാലിക്കുന്നതും പരസ്യ ഏജൻസികളാണ്.

സംസ്ഥാനത്തെ എ.ഐ. ക്യാമറകൾ

202(1775) ശ്രീ. രമേശ് ചെന്നിത്തല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ ഇടങ്ങളിലായി മോട്ടോർ വാഹന വകുപ്പ് സ്ഥാപിച്ചിട്ടുള്ള എ.ഐ. ക്യാമറകൾ നിലവിൽ പ്രവർത്തിക്കുന്നുണ്ടോ?

പ്രവർത്തിക്കുന്നുണ്ട്.

(ബി) എത്ര നിയമലംഘനങ്ങളാണ് എ.ഐ. ക്യാമറകൾമൂലം കണ്ടെത്താനായതെന്നും എത്ര രൂപയുടെ പിഴ ഈടാക്കിയെന്നും ഏത് ഹെഡ് ഓഫ് അക്കൗണ്ടിലേയ്ക്കാണ് ഈ തുക ക്രമീകരിച്ചിട്ടുള്ളതെന്നും, ഇതിന്റെ വിനിയോഗം എപ്രകാരമാണെന്നും അറിയിക്കാമോ?

നിലവിൽ ലഭിച്ച കണക്ക് പ്രകാരം 90,97,613 നിയമലംഘനങ്ങൾ കണ്ടെത്തിയിട്ടുണ്ട്. 592,20,63,001/-രൂപ പിഴ ചുമത്തിയിട്ടുണ്ട്. റോഡ് ഗതാഗത നിയമ ലംഘനവുമായി ബന്ധപ്പെട്ട ഫീസുകളും പിഴകളും സംസ്ഥാന സഞ്ചിതനിധിയിലെ റവന്യൂ വരവ് ശീർഷകമായ '0041-00-102-97-മോട്ടോർ വാഹന നികുതി ആക്ട് സെക്ഷൻ 200 പ്രകാരം കോമ്പൗണ്ടിംഗ് ഫീസ്' എന്നതിലാണ് ഈടാക്കിവരുന്നത്. പ്രസ്തുത തുകയുടെ 50% കേരള

റോഡ് സുരക്ഷാ അതോറിറ്റിക്ക് കൈമാറണമെന്ന് 2007-ലെ റോഡ് സുരക്ഷാ നിയമത്തിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്.

(സി) എ.ഐ. ക്യാമറ സ്ഥാപിച്ചിട്ടുള്ള ഇനത്തിൽ നിർവഹണ ഏജൻസിക്ക്/കരാർ സ്ഥാപനത്തിന് എത്ര രൂപയാണ് സർക്കാർ നൽകിയിട്ടുള്ളതെന്നും ഏത് ഫണ്ടിൽനിന്നാണ് ഈ തുക അനുവദിച്ചിട്ടുള്ളതെന്നും അറിയിക്കാമോ?

കേരള റോഡ് സുരക്ഷ അതോറിറ്റി നിർവഹണ ഏജൻസിയായ കെൽട്രോണിന് മോട്ടോർ വാഹന വകുപ്പ് മുഖേന 44,23,31,362/-രൂപ അനുവദിച്ചിട്ടുണ്ട്. കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെ '3055-00-800-95' എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽനിന്നാണ് അനുവദിക്കുന്നത്.

കാൽനട യാത്രക്കാർ ഉൾപ്പെടുന്ന അപകടങ്ങൾ കുറയ്ക്കുന്നതിനുള്ള നടപടി

203(1776) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. അൻവർ സാദത്ത്:
ശ്രീ. ചാണ്ടി ഉമ്മൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാൽനട യാത്രക്കാർ ഉൾപ്പെടുന്ന അപകടങ്ങൾ വർധിച്ചുവരുന്ന സാഹചര്യം ഗൗരവത്തോടെ കാണുന്നുണ്ടോ?

കാൽനട യാത്രക്കാർ അപകടത്തിൽപ്പെടുന്ന പല കേസുകളിലും അശ്രദ്ധ കാരണമാണ് അപകടമുണ്ടാകുന്നതെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കാൽനട യാത്രക്കാർ ശരിയായ രീതിയിൽ റോഡ് ക്രോസ് ചെയ്യാത്തതും സീബ്രാ ലൈനുള്ള സ്ഥലങ്ങളിൽ റോഡ് ക്രോസ് ചെയുന്നതിനായി സീബ്രാ ലൈനുകൾ ഉപയോഗിക്കാത്തതും മൊബൈൽ ഫോൺ ഉപയോഗിച്ചുകൊണ്ടും മറ്റും അശ്രദ്ധമായി റോഡ് ക്രോസ്സ് ചെയ്യുന്നതും അപകടങ്ങൾക്ക് ഒരു പ്രധാന കാരണമാണ്.

(ബി) ഇത്തരത്തിലുള്ള അപകടങ്ങൾ കുറയ്ക്കുന്നതിനും കാൽനടയാത്രക്കാർക്ക് കൂടുതൽ സുരക്ഷ ഒരുക്കുന്നതിനും സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ;

(സി) കാൽനടയാത്രക്കാർ റോഡ് മുറിച്ചുകടക്കുന്നത് കാരണമുണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കാൻ സ്വീകരിച്ച നടപടികളെപ്പറ്റി വിശദമാക്കാമോ?

(ബി&സി) സംസ്ഥാനത്തെ റോഡുകളിൽ കാൽനട യാത്രക്കാരുടെ സുരക്ഷ ഉറപ്പാക്കാനായി സ്പെഷ്യൽ ഡ്രൈവുകളും ബോധവൽക്കരണ പരിപാടികളും നടത്തുന്നുണ്ട്.

സീബ്രാ ലൈനിൽ കാൽനട യാത്രക്കാരെ കാണുമ്പോൾത്തന്നെ വാഹനം നിർത്തിക്കൊടുക്കുന്ന ഒരു സംസ്കാരം രൂപപ്പെടുത്തേണ്ടതായുണ്ട്. ഇതിനായി സീബ്രാ ക്രോസിംഗുകളിൽ കാൽനട യാത്രക്കാർ റോഡ് മുറിച്ചുകടക്കുന്നതിനായി നിൽക്കുന്ന സമയത്ത് വാഹനം നിർത്തിക്കൊടുക്കുന്നുണ്ടോ എന്ന് സ്പെഷ്യൽ ഡ്രൈവ് പരിശോധന നടത്തിയിട്ടുണ്ട്. ഇത്തരം പരിശോധനകൾ നിരന്തരം സംഘടിപ്പിച്ച് കാൽനട യാത്രക്കാരുടെ സുരക്ഷ സീബ്രാ ക്രോസിംഗുകളിൽ ഉറപ്പാക്കും.

കാൽനട യാത്രക്കാരുടെ അശ്രദ്ധമായ റോഡ് ഉപയോഗംമൂലമുണ്ടാകുന്ന അപകടങ്ങളെക്കുറിച്ച് ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനായി സ്കൂളുകളിലും പൊതുഇടങ്ങൾ, ക്ലബ്ബുകൾ, മറ്റ് സാംസ്കാരിക സംഘടനകൾ പോലുള്ളവ നടത്തി വരുന്ന പരിപാടികളിലും ജനമൈത്രി പോലീസും ട്രാഫിക് പോലീസും മോട്ടോർ വാഹന വകുപ്പും ചേർന്ന് ട്രാഫിക്

ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിച്ചുവരുന്നുണ്ട്. കൂടാതെ ഓട്ടോ, ടാക്സി, ബസ്സ് ജീവനക്കാർക്കും സ്കൂൾ കുട്ടികൾക്കും അധ്യാപകർക്കും ട്രാഫിക് ബോധവൽക്കരണ ക്ലാസ്സുകൾ നൽകിയും സ്റ്റേഷൻ പരിധികളിൽ SPC യൂണിറ്റ് അനുവദിച്ചിട്ടുള്ള സ്കൂളുകളിലെ കുട്ടികൾക്ക് പ്രത്യേകം ട്രാഫിക് ബോധവൽക്കരണ ക്ലാസുകൾ നടത്തി അവരിലൂടെ പൊതുജനങ്ങൾക്ക് ട്രാഫിക് അവബോധം സൃഷ്ടിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചും കൃത്യമായ വാഹന പരിശോധന നടത്തിയും സുരക്ഷിതമായ റോഡ് ഉപയോഗത്തെക്കുറിച്ച് ബോധവൽക്കരണം നടത്തിവരുന്നു.

കേരളാ റോഡ് സുരക്ഷാ അതോറിറ്റിയുടെ ഫണ്ടുപയോഗിച്ച് 'സ്കൂൾ മേഖല' പദ്ധതി ആവിഷ്കരിച്ചുവരുന്നു. കൂടാതെ കാൽനട യാത്രക്കാരുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനായി വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി സിഗ്നലുകൾ, നടപ്പാതകൾ, ഗാർഡ് റെയിലുകൾ, പെഡസ്ട്രിയൻ ക്രോസിങ് മാർക്കിങ്ങുകൾ, സ്റ്റോപ്പ് ലൈനുകൾ, ഹമ്പുകൾ, സൈൻ ബോർഡുകൾ, റമ്പിൾ സ്ട്രിപ്പുകൾ എന്നിവ സ്ഥാപിച്ചിട്ടുണ്ട്. നടപ്പാതകളിൽ പൊട്ടിക്കിടക്കുന്ന സ്ലാബുകൾ സ്പെഷ്യൽ റിപ്പെയർ ഫണ്ടുപയോഗിച്ച്

അറ്റകുറ്റപ്പണികളും നടത്തിവരുന്നു. കൂടാതെ റോഡുകൾ, പാലങ്ങൾ എന്നിവയുടെ പുനർനിർമ്മാണം നടത്തുമ്പോഴും പുതിയവ നിർമ്മിക്കുമ്പോഴും ടെക്നിക്കൽ ഫീസിബിലിറ്റി, ഫണ്ട് ലഭ്യത, സ്ഥലലഭ്യത എന്നിവ കണക്കിലെടുത്തും, കാൽനട യാത്രക്കാർ കൂടുതലുള്ള ഭാഗങ്ങളിൽ നടപ്പാതകൾ നിർമ്മിക്കുന്നതിനും, കാൽനട യാത്രക്കാർ കൂടുതലില്ലാത്ത ഭാഗങ്ങളിൽ നടക്കുവാൻ റോഡിന്റെ ഇരുവശങ്ങളിലും ഷോൾഡറുകളും നൽകി അനിവാര്യമായ സുരക്ഷാ സംവിധാനം ഏർപ്പെടുത്തിവരുന്നുണ്ട്. പുതുതായി കെ.എസ്.ടി.പി., കെ.ആർ.എഫ്.ബി., റിക്ക് എന്നിവയുടെ നേതൃത്വത്തിൽ ഏറ്റെടുത്ത് നടത്തിവരുന്ന വൻകിട വികസന പ്രവർത്തനങ്ങളിലും നഗര വികസന പദ്ധതികളിലും റോഡ് വികസനത്തിനോടൊപ്പം നടപ്പാതകളും പൂർണ്ണമായി നടപ്പിലാക്കിവരുന്നുണ്ട്. കൂടാതെ കിഫ്ബി ധനസഹായത്തോടെ ഏറ്റെടുക്കുന്ന പ്രവൃത്തികളിലും നടപ്പാതകൾ നിർമ്മിക്കുന്നുണ്ട്. ഗതാഗതത്തിരക്കുള്ള സ്ഥലങ്ങളിൽ അടിപ്പാതകൾ, മേൽപ്പാലങ്ങൾ എന്നിവയും നടപ്പിലാക്കിവരുന്നു.

കാൽനട യാത്രക്കാരുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി പൊതുമരാമത്ത് വകുപ്പ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ യോജിച്ച പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. കാൽ നടയാത്രക്കാർക്ക് സുരക്ഷിതമായും സുഗമമായും നടക്കാൻവേണ്ട ഫുട്പാത്തുകൾ നിർമ്മിക്കാനുള്ള നടപടികൾ പൊതുമരാമത്ത് വകുപ്പ് സ്വീകരിക്കുന്നു. കാൽനടയാത്രക്കാർക്ക് അപകടവും അസൗകര്യവും ഉണ്ടാകുന്ന തരത്തിലുള്ള അനധികൃത പാർക്കിങ്ങുകൾക്കെതിരെ പോലീസ് വകുപ്പും മോട്ടോർ വാഹന വകുപ്പും നടപടികൾ സ്വീകരിക്കുന്നുണ്ട്. റോഡരികിലെ കാടും പുല്ലും വെട്ടിമാറ്റി കാൽ നടപ്പാത സഞ്ചാരയോഗ്യമാക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദേശം നൽകുന്നുണ്ട്.

തിരക്കേറിയ ടൗണുകളിലും മറ്റും പ്രത്യേകം നിഷ്കർഷിച്ചിട്ടുള്ള സീബ്രാ ക്രോസിലും ഫുട് പാത്തും അണ്ടർ പാസേജുകളും ഓവർ ബ്രിഡ്ജുകളും ഉപയോഗപ്പെടുത്തിക്കൊണ്ട് ട്രാഫിക് തടസ്സങ്ങളില്ലാതെ സുഗമമായും സുരക്ഷിതമായും യാത്ര ചെയ്യുന്നതിനായി കാൽനട യാത്രക്കാരെ പര്യാപ്തരാക്കുന്നതിനുള്ള നടപടികളുടെ ഭാഗമായി ട്രാഫിക് സൂചനകൾ

സ്ഥാപിച്ചും വിവിധ തരത്തിലുള്ള ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിച്ചും തിരക്കേറിയ സ്ഥലങ്ങളിൽ കൂടുതൽ ട്രാഫിക് പോലീസിനെ വിന്യസിച്ചും അശ്രദ്ധമായി സഞ്ചരിക്കുന്ന കാൽനട യാത്രക്കാരെ നിയന്ത്രിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

ട്രാവൽ കാർഡ് സമ്പ്രദായം

204(1777) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ ട്രാവൽ കാർഡ് സമ്പ്രദായം എന്നുമുതൽ തുടങ്ങിയെന്നും എന്നുമുതലാണ് നിർത്തലാക്കിയതെന്നും വ്യക്തമാക്കുമോ?

20-07-2022 മുതൽ കെ.എസ്.ആർ.ടി.സി.-യിൽ ക്ലോസ്ഡ് ലൂപ്പ് കാർഡുകൾ നടപ്പിലാക്കുകയും 31-12-2023-ൽ നിർത്തലാക്കുകയും ചെയ്തു.

(ബി) പ്രസ്തുത സമ്പ്രദായം നിർത്തലാക്കാനുള്ള കാരണം വ്യക്തമാക്കുമോ?

കെ.എസ്.ആർ.ടി.സി.-യുടെ ടിക്കറ്റിങ് സംവിധാനം പൂർണമായും ഡിജിറ്റലൈസ് ചെയ്യുന്നതിന്റെ ഭാഗമായി ആൻഡ്രോയിഡ് ബേസ്ഡ് ടിക്കറ്റിങ് സൊല്യൂഷൻ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു.

ടി സംവിധാനം നടപ്പിലാക്കി കഴിയുമ്പോൾ നിലവിൽ ഉപയോഗത്തിലുണ്ടായിരുന്ന ട്രാവൽ കാർഡുകൾ അപ്ഗ്രേഡ് ചെയ്ത് പുതിയ കാർഡുകൾ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) ട്രാവൽ കാർഡ് സമ്പ്രദായത്തിൽ എത്ര പേർ അംഗങ്ങളായെന്നും കാർഡിൽ തുക ബാക്കിയുള്ളവർക്ക് തിരിച്ചുനൽകുവാൻ എന്ത് നടപടി സ്വീകരിച്ചുവരുന്നുവെന്നും ഇതുമായി ബന്ധപ്പെട്ട് എന്ത് തുക കെ.എസ്.ആർ.ടി.സി.-യുടെ പക്കലുണ്ടെന്നും വ്യക്തമാക്കുമോ?

തിരുവനന്തപുരം ജില്ലയിൽ 1,17,164 പേർക്ക് ട്രാവൽ കാർഡ് വിതരണം ചെയ്തിട്ടുണ്ട്. ടി കാർഡുകളിൽ 1075 കാർഡുകളുടെ തുകയായ 1,96,985/- രൂപ കെ.എസ്.ആർ.ടി.സി.-യുടെ പക്കൽ ലഭിക്കുകയും ചെയ്തു. പഴയ കാർഡിലുള്ള തുക പുതിയ കാർഡുകളിലേയ്ക്ക് ട്രാൻസ്ഫർ ചെയ്ത് സൂക്ഷിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.-യിൽ ആൻഡ്രോയിഡ് ബേസ്ഡ് ടിക്കറ്റിങ്

സൊല്യൂഷൻ സംവിധാനം നടപ്പിലാക്കുന്ന മുറയ്ക്ക് പുതിയ കാർഡുകൾ വിതരണം ചെയ്യുന്നതാണ്.

(ഡി) പ്രസ്തുത പദ്ധതി തുടർന്നും നല്ല രീതിയിൽ നടപ്പിലാക്കാൻ ഉദ്ദേശ്യമുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉണ്ട്. ആൻഡ്രോയ്ഡ് ബേസ്ഡ് ടിക്കറ്റിങ് സൊല്യൂഷൻ നടപ്പിലാക്കുന്നമുറയ്ക്ക് പ്രസ്തുത കാർഡുകൾ സംസ്ഥാനതലത്തിൽ ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

പദ്ധതി അടങ്കലിൽ വകയിരുത്തിയ തുക

205(1778) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2024-25 സാമ്പത്തിക വർഷം ഗതാഗത വകുപ്പിന് പദ്ധതി അടങ്കലിൽ എത്ര തുകയാണ് വകയിരുത്തിയതെന്നും നാളിതുവരെ എത്ര ശതമാനം ചെലവഴിച്ചുവെന്നും വിശദമാക്കാമോ?

ഗതാഗത വകുപ്പിന്റെ ഭരണ നിയന്ത്രണത്തിലുള്ള മോട്ടോർ വാഹന വകുപ്പ്, ജലഗതാഗത വകുപ്പ്, കെ.എസ്.ആർ.ടി.സി., ശ്രീചിത്തിരതിരുനാൾ

കോളേജ് ഓഫ് എഞ്ചിനീയറിങ് എന്നിവർക്കാണ് പദ്ധതി അടങ്കൽ തുക വകയിരുത്തിയിട്ടുള്ളത്. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

മോട്ടോർവാഹന വകുപ്പ്

24-08-2024-ലെ G.O.(Rt.)328/2024/Trans, 04-06-2024-ലെ G.O.(Rt.)204/2024/Trans എന്നീ ഉത്തരവുകൾ പ്രകാരവും ട്രാൻസ്പോർട്ട് കമ്മീഷണറുടെ 31-12-2024-ലെ A3/90/2024-TC നമ്പർ നടപടിക്രമം പ്രകാരവും ചെലവഴിച്ച തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

Road Safety Measures-XLI-5055-00-800-91 ആയി Budget Outlay 500 ലക്ഷം രൂപ ആണ്. ഇതിൽ 200 ലക്ഷത്തിന് ഭരണാനുമതി നൽകിയതിൽ 175.64 ലക്ഷം രൂപ ചെലവഴിക്കുകയുണ്ടായി. ടി തുക Budget Outlay-യുടെ 50%-ത്തിൽ താഴെയാണ്.

E-Mobility Promotion Fund-XLI-3055-00-800-93 എന്ന ശീർഷകത്തിൽ Budget Outlay 1750 ലക്ഷം രൂപയാണ്. ഇതിൽ 576 ലക്ഷത്തിന് ഭരണാനുമതി നൽകിയതിൽ 368.98 ലക്ഷം രൂപ ചെലവഴിക്കുകയുണ്ടായി. ടി തുക Budget Outlay-യുടെ 50%-ത്തിൽ

താഴെയാണ്. Training and Capacity Building-[XLI]-3055-00-003-99 ശീർഷകത്തിൽ Budget Outlay 200 ലക്ഷം രൂപ ആണ്. പക്ഷെ ആയതിന് ഭരണാനുമതി ലഭിക്കാതിരുന്നതിനാലും പുതുതായി അപ്പോയിന്റ് ചെയ്ത അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർമാർക്ക് basic training നിർബന്ധമായിരുന്നതിനാൽ HOD Level Delegation-നുള്ള 1.65 ലക്ഷം രൂപ സാങ്ഷൻ ചെയ്യുകയും ടി തുക ഉൾപ്പെടെ 6.65 ലക്ഷം രൂപ കൈമാറിയിട്ടുള്ളതുമാണ്. ബാക്കിയുള്ള 5 ലക്ഷം രൂപ rectification ചെയ്യുന്നതിനായി C3/91/2024-ഗതാഗതം നമ്പർ ഫയലിൽ പരിഗണനയിലാണ്. മോട്ടോർ വാഹന വകുപ്പിന് 2024-25 സാമ്പത്തിക വർഷത്തിൽ പദ്ധതി അടങ്കലിൽ വകയിരുത്തിയ തുക 1837.05 ലക്ഷം രൂപയും നാളിതുവരെ ചെലവഴിച്ച തുക 551.267 ലക്ഷം രൂപയുമാണ്. ചെലവിന്റെ ശതമാനം - 30%.

ജലഗതാഗത വകുപ്പ്

ജലഗതാഗത വകുപ്പിന് 2024-25 സാമ്പത്തിക വർഷത്തിൽ ബജറ്റ് പ്ലാൻ ഹെഡിൽ 27 കോടി 41 ലക്ഷം രൂപ വകയിരുത്തുകയും 05-02-2025

വരെ 13,70,50,000/- രൂപ അനുവദിച്ചതിൽ അതിന്റെ 48.16% തുകയായ 13 കോടി 20 ലക്ഷം രൂപ നാളിതുവരെ ചെലവഴിക്കുകയും ചെയ്തു.

കെ.എസ്.ആർ.ടി.സി.

കെ.എസ്.ആർ.ടി.സി.-ക്ക് 2024-25 സാമ്പത്തിക വർഷത്തിൽ പദ്ധതി വിഹിതമായി 128.54 കോടി വകയിരുത്തിയിട്ടുണ്ട്. എന്നാൽ പ്രസ്തുത വിഹിതത്തിൽനിന്നും നാളിതുവരെ കെ.എസ്.ആർ.ടി.സി.-ക്ക് തുകയൊന്നും ലഭ്യമാക്കിയിട്ടില്ല.

ശ്രീചിത്തിരതിരുനാൾ കോളേജ് ഓഫ് എഞ്ചിനീയറിങ്

ശ്രീചിത്തിരതിരുനാൾ കോളേജ് ഓഫ് എഞ്ചിനീയറിങിന് 2024-25-ലെ ബജറ്റിൽ പദ്ധതി വിഹിതമായി 5.28 കോടി രൂപ അനുവദിച്ചിരുന്നു. 2024-25 സാമ്പത്തിക വർഷം കോളേജിന്റെ PSTSB അക്കൗണ്ടിലേയ്ക്ക് തുകയൊന്നും വകയിരുത്തിയിട്ടില്ല. ബജറ്റ് തുക 50 % ആയി കുറയ്ക്കുന്നതിന്റെ ഭാഗമായി 2.03 കോടി രൂപയായി കുറയുകയും ചെയ്തു. മുൻ വർഷങ്ങളിൽ അനുവദിച്ച റെസ്യൂമെഡ് ഫണ്ടിൽനിന്നും (Rs. 26,08,915) 13,38,716/-രൂപ ചെലവഴിച്ചിട്ടുണ്ട്.

കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ വയോജനങ്ങൾക്ക് യാത്രാനിരക്കിൽ ഇളവ്

206(1779) ശ്രീ. അഹമ്മദ് ദേവർകോവിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ വയോജനങ്ങൾക്ക് യാത്രാനിരക്കിൽ ഇളവ് അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വിശദമാക്കാമോ;

(ബി) ഇല്ലെങ്കിൽ ഇവർക്ക് യാത്രാനിരക്കിൽ ഇളവ് നൽകുന്നതിന് നടപടികൾ സ്വീകരിക്കാൻ കഴിയുമോ എന്ന് വ്യക്തമാക്കാമോ?

(എ&ബി) നിലവിൽ കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ വിവിധ വിഭാഗങ്ങൾക്കായി നിരവധി യാത്രാ ആനുകൂല്യങ്ങൾ അനുവദിച്ചുവരുന്നുണ്ട്. ഇതിൽ വയോജനങ്ങൾക്ക് യാത്രാനിരക്കിൽ ഇളവ് അനുവദിക്കുന്നില്ല.

കെ.എസ്.ആർ.ടി.സി. നേരിടുന്ന കടുത്ത സാമ്പത്തിക പ്രതിസന്ധിയുടെ സാഹചര്യം പരിഗണിച്ച് വയോജനങ്ങൾക്കായി പ്രത്യേക യാത്രാ നിരക്കിളവ് ഏർപ്പെടുത്തുവാൻ നടപടികൾ സ്വീകരിച്ചിട്ടില്ല.

പുതുക്കാട് മൊബിലിറ്റി ഹബ്ബ്

207(1780) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാരിന്റെ ആദ്യ ബജറ്റിൽ പുതുക്കാട് കെ.എസ്.ആർ.ടി.സി. വക ദേശീയപാതയോട് ചേർന്ന വാണിജ്യ പ്രാധാന്യമുള്ള സ്ഥലത്ത് ഒരു മൊബിലിറ്റി ഹബ്ബ് സ്ഥാപിക്കുമെന്ന പ്രഖ്യാപനത്തിന്റെ തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

2021-22 സാമ്പത്തിക വർഷത്തെ Revised Budget Speech-ൽ പുതുക്കാട് കെ.എസ്.ആർ.ടി.സി. മൊബിലിറ്റി ഹബ്ബിനായി (Hub and Spoke Model) കിഫ്ബിയുമായി ചേർന്ന് പദ്ധതി രൂപീകരിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു. എന്നാൽ ബജറ്റിൽ ഇതിനായി പ്രത്യേക തുക വകയിരുത്തിയിരുന്നില്ല.

24-09-2021-ന് KIIFB CEO-യും മറ്റ് ഉദ്യോഗസ്ഥരുമായി KIIFB ഫണ്ടിനുവേണ്ടി ചർച്ച നടത്തുകയുണ്ടായി. തുടർന്ന് Buro Development

Architecture & Planning എന്ന സ്ഥാപനം മുഖേന concept drawing-ഉം Rough Cost estimate-ഉം തയ്യാറാക്കിയിട്ടുണ്ട്.

പ്രസ്തുത പ്രവൃത്തിക്കുവേണ്ടി KIIFB-മായി സഹകരിച്ച് International Financial Corporation (IFC) എന്ന ഏജൻസിയുമായി ചേർന്ന് സാധ്യതാ പഠനം നടത്തിയിട്ടുണ്ട്. എന്നാൽ IFC സ്വീകാര്യമല്ലാത്ത ചില നിബന്ധനകൾ agreement-ൽ ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെടുകയുണ്ടായി.

തുടർന്ന് 05-08-2022-ലെ GO(Rt) 328/2022/Trans പ്രകാരം KSRTC-യുടെ ബസ്സ് സ്റ്റേഷനുകൾ PPP മോഡലിൽ വികസിപ്പിക്കുന്നതിനായി സാധ്യതാപഠനം നടത്തുന്നതിനും ഇതുമായി ബന്ധപ്പെട്ട മറ്റ് പ്രവർത്തനങ്ങൾക്കുമായി KIIFB-യുടെ Consultancy wing ആയ KIIFCON Pvt. Ltd.-നെ Transaction Advisor ആയി നിയമിച്ചുകൊണ്ട് ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ വാണിജ്യ പ്രാധാന്യമുള്ള പുതുക്കാട് ഉൾപ്പെടെയുള്ള എട്ട് സ്ഥലങ്ങളിൽ EOI ക്ഷണിച്ചിരുന്നെങ്കിലും പുതുക്കാട് യൂണിറ്റിനായി ടെൻഡർ ഒന്നും ലഭിച്ചിരുന്നില്ല.

എന്നാൽ നിലവിൽ കെ.എസ്.ആർ.ടി.സി.-യുടെ സിവിൽ പ്രവൃത്തികൾ പി.ഡബ്ല്യു.ഡി. മുഖേന ചെയ്യുന്നതിന് ധാരണയായതിനാൽ എം.എൽ.എ./എം.പി. ഫണ്ട് ലഭ്യമാകുന്നമുറയ്ക്ക് ടി പുതുക്കാട് പ്രവൃത്തി തുടങ്ങുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(ബി) പ്രസ്തുത സ്ഥലത്ത് അനുയോജ്യമായ വികസന പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിനാവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

നിലവിൽ കെ.എസ്.ആർ.ടി.സി.-യുടെ സിവിൽ പ്രവൃത്തികൾ പി.ഡബ്ല്യു.ഡി. മുഖേന ചെയ്യുന്നതിന് ധാരണയായതിനാൽ എം.എൽ.എ./എം.പി. ഫണ്ട് ലഭ്യമാകുന്നമുറയ്ക്ക് ടി പ്രവൃത്തി തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

കെ.എസ്.ആർ.ടി.സി. ഡിപ്പോകളുടെ വരുമാനം വർധിപ്പിക്കൽ

208(1781) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നഗരത്തിലെ കെ.എസ്.ആർ.ടി.സി. ഡിപ്പോകൾ കൂടുതൽ വരുമാനപ്രദമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

തിരക്കേറിയ ദിവസങ്ങളിൽ പ്രവർത്തന ചെലവ് വർധിക്കാതെ മുഴുവൻ സർവീസുകളും യാത്രാ ഡിമാൻഡ് അനുസരിച്ച് അധിക സർവീസുകളും ലഭ്യമായ ജീവനക്കാരെ കാര്യക്ഷമമായി ഉപയോഗിച്ച് ഓപ്പറേറ്റ് ചെയ്ത് വരുമാനം വർധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ദൈനംദിന, പ്രതിവാര, പ്രതിമാസ യോഗങ്ങൾ കൃത്യമായി നടത്തി പ്രവർത്തന അവലോകനം വിലയിരുത്തുന്നതിനും അനാവശ്യ ചെലവുകൾ ചുരുക്കിയും ഡെഡ് കിലോമീറ്റർ ഒഴിവാക്കിയും ചെലവ് കുറച്ചും ഓപ്പറേറ്റിങ് ചെലവിന് മുകളിൽ വരുമാനം എത്തിക്കുന്നതിന് കഴിഞ്ഞതിനൊപ്പം ടാർജറ്റ് കളക്ഷൻ ലഭ്യമാക്കുന്നതിന് സാധ്യതാപഠനം നടത്തി കൂടുതൽ ലാഭകരമായതും ജനോപകാരപ്രദമായതുമായ റൂട്ടുകൾ കണ്ടെത്തി അധിക സർവീസുകൾ ആരംഭിച്ച് മെച്ചപ്പെട്ട വരുമാനം ലഭ്യമാക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) മാവൂർ റോഡ് കെ.എസ്.ആർ.ടി.സി. കെട്ടിടത്തിലെ കടമുറികൾ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട കോടതി നടപടികളുടെ ഭാഗമായി എന്തെല്ലാം തുടർ നടപടികളാണ് സ്വീകരിച്ചത്?

കോഴിക്കോട് കെ.എസ്.ആർ.ടി.സി ബസ് ടെർമിനൽ കോംപ്ലക്സിന്റെ അലോട്ട്മെന്റുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ lesse ആയ M/s. Alif Builders W.P.(C)No. 32457/2023 പ്രകാരം കേസും ബസ്സ് ടെർമിനൽ കോംപ്ലക്സിലെ ഗ്രൗണ്ട് ഫ്ലോറിലെ മൂന്ന് കിയോസ്കുകൾ വാടകയ്ക്ക് നൽകിയതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട മുൻസിഫ് കോടതി, കോഴിക്കോട്-II ൽ M/s. Alif Builders കേസ്സും നിലനിൽക്കുന്നതിനാൽ തുടർ നടപടികൾ കോടതി ഉത്തരവിന് വിധേയമായി മാത്രമെ സ്വീകരിക്കാൻ കഴിയുകയുള്ളൂ.

(സി) മാവൂർ റോഡ് കെ.എസ്.ആർ.ടി.സി. കെട്ടിടം യാത്രക്കാർക്ക് കൂടുതൽ ഉപയോഗപ്രദമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

സ്വീകരിക്കുന്നതാണ്.

കെ.എസ്.ആർ.ടി.സി. വരുമാനം

209(1782) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2010 മുതൽ നാളിതുവരെ കെ.എസ്.ആർ.ടി.സി.-യുടെ വരുമാനവും ചെലവും വർഷം തിരിച്ച് ലഭ്യമാക്കാമോ?

2020-21 സാമ്പത്തിക വർഷം വരെയുള്ള കണക്കുകളുടെ അംഗീകാരം മാത്രമെ C&AG-യിൽനിന്നും ലഭ്യമായിട്ടുള്ളൂ. പ്രസ്തുത കണക്ക് പ്രകാരം 2020-21 വരെയുള്ള വരവും ചെലവും ചുവടെ ചേർക്കുന്നു.

		കോടി രൂപയിൽ
വർഷം	വരവ്	ചെലവ്
2010-11	1294.10	1673.42
2011-12	1489.14	1905.78
2012-13	1637.82	2143.27
2013-14	1670.04	2478.86
2014-15	1838.41	2927.68
2015-16	1784.83	2795.51
2016-17	1789.25	3466.62
2017-18	1969.05	3781.95
2018-19	2068.13	3604.36
2019-20	2014.96	3534.89
2020-21	623.41	2743.20

2021-22 സാമ്പത്തിക വർഷം മുതൽ 2024-25 സാമ്പത്തിക വർഷത്തിലെ 2025 ജനുവരി മാസം വരെയുള്ള വർഷം തിരിച്ചുള്ള താൽക്കാലിക കണക്ക് (un-audited figures) അനുബന്ധമായി ചേർക്കുന്നു.[+]

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കാട്ടാക്കട കെ.എസ്.ആർ.ടി.സി. ഓഫീസ് കമ്പ്യൂട്ടറൈസേഷൻ

210(1783) ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാട്ടാക്കട നിയോജകമണ്ഡലത്തിലെ കാട്ടാക്കട കെ.എസ്.ആർ.ടി.സി. ഓഫീസ് കമ്പ്യൂട്ടറൈസേഷനുവേണ്ടി എം.എൽ.എ. ഫണ്ടിൽനിന്നും അനുമതി ലഭ്യമായിട്ടുണ്ടോ; പ്രസ്തുത പ്രോജക്ട് നടപ്പിലാക്കുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കപ്പെട്ടിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ; പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കാമോ?

12-08-2024-ലെ സ.ഉ.(സാധാ)നം. 69/2024/ധന പ്രകാരം പുറപ്പെടുവിച്ച സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിച്ച് കളക്ടർക്ക് കത്ത് നൽകുകയും തുടർന്ന് കളക്ടറേറ്റിൽനിന്ന് ആവശ്യപ്പെട്ടത് പ്രകാരം എസ്റ്റിമേറ്റും അനുബന്ധ രേഖകളും സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പദ്ധതി സമയബന്ധിതമായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

കെ.എസ്.ആർ.ടി.സി.-യുടെ പ്രതിമാസ വരവും ചെലവും

211(1784) ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024 ആഗസ്റ്റ് മുതൽ 2025 ജനുവരി വരെയുള്ള കെ.എസ്.ആർ.ടി.സി.-യുടെ പ്രതിമാസ വരവും ചെലവും സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ?

2024 ആഗസ്റ്റ് മുതൽ 2025 ജനുവരി വരെയുള്ള കെ.എസ്.ആർ.ടി.സി.-യുടെ പ്രതിമാസ വരവും ചെലവും സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ബി) 2024 മാർച്ച് മുതൽ സ്ഥിരം/താൽക്കാലിക ജീവനക്കാരുടെ നെറ്റ് സാലറി നൽകുന്നതിനായി കെ.എസ്.ആർ.ടി.സി.-ക്ക് പ്രതിമാസം എത്ര രൂപ ചെലവുണ്ടെന്ന് വ്യക്തമാക്കാമോ?

കെ.എസ്.ആർ.ടി.സി.-യിലെ സ്ഥിരം/താൽക്കാലിക ജീവനക്കാർക്ക് 2024 മാർച്ച് മുതൽ 2024 ഡിസംബർ മാസംവരെ നെറ്റ് സാലറി വിതരണം ചെയ്യുന്നതിനായി പ്രതിമാസം ശരാശരി 83.31 കോടി രൂപ വീതം ചെലവായിട്ടുണ്ട്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

2024 മാർച്ച് മാസം മുതൽ 2024 ഡിസംബർ മാസംവരെ നെറ്റ് സാലറി വിതരണം ചെയ്തതിന്റെ വിവരം അനുബന്ധമായി ചേർക്കുന്നു.+

(സി) ജീവനക്കാരുടെ ശബളത്തിൽനിന്നും പ്രതിമാസം കെ.എസ്.ആർ.ടി.സി. പിടിച്ചെടുത്ത നോൺ ഓപ്പറേഷൻ റവന്യൂവിന്റെ ഭാഗമായ എൻ.ഡി.ആർ. (നോൺ ഡിപ്പാർട്ട്മെന്റൽ റിക്കവറി) ഇനത്തിലെ തുകയിൽ അതത് ധനകാര്യ സ്ഥാപനങ്ങളിലേയ്ക്ക് ഒടുക്കാൻ എത്ര രൂപ കുടിശ്ശികയുണ്ടെന്ന് വ്യക്തമാക്കാമോ?

നിലവിൽ കടുത്ത സാമ്പത്തിക പ്രതിസന്ധി കാരണം ജീവനക്കാരുടെ ശമ്പളത്തിൽനിന്നും ഇൻഷ്വറൻസ് ഉൾപ്പെടെ വിവിധ ധനകാര്യ സ്ഥാപനങ്ങളിലേയ്ക്ക് റിക്കവറി നടത്തിയ തുകകൾ യഥാസമയം ഒടുക്കുവാൻ കഴിഞ്ഞിരുന്നില്ല. എന്നാലിപ്പോൾ ദിവസ വരുമാനത്തിൽനിന്നും ഒരു തുക മാറ്റിവെച്ച് എൻ.ഡി.ആർ. കുടിശ്ശിക ഒടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇപ്രകാരം കെ.എസ്.ആർ.ടി.സി. സൊസൈറ്റികളുടെ 28 മാസത്തെ കുടിശ്ശികയും മറ്റ് സൊസൈറ്റികളുടെ 23 മാസത്തെ കുടിശ്ശികയും ഒടുക്കിത്തീർത്തിട്ടുണ്ട്. കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ പ്രതിമാസ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ശമ്പളത്തിൽനിന്നും റിക്കവറി ചെയ്ത എൻ.ഡി.ആർ. (നോൺ ഡിപ്പാർട്ട്മെന്റൽ റിക്കവറി) ഇനത്തിലെ തുകയിൽ ബന്ധപ്പെട്ട ധനകാര്യ സ്ഥാപനങ്ങളിലേയ്ക്ക് 33.08 കോടി രൂപ ഒടുക്കുവാനുണ്ട്. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ധനകാര്യ സ്ഥാപനങ്ങൾ	കാലയളവ്	തുക
എൽ.ഐ.സി.	11/2024 മുതൽ 12/2024 വരെ	73,62,553/-
ജി.ഐ.എസ്.		2,41,37,710/-
എസ്.എൽ.ഐ.		2,41,42,560/-
കെ.എസ്.എഫ്.ഇ.		22,31,474/-
കെ.എസ്.ആർ.ടി.സി സൊസൈറ്റികൾ	12/2021 മുതൽ 12/2024 വരെ	24,82,90,023/-
കെ.എസ്.ആർ.ടി.സി. സൊസൈറ്റികൾ ഒഴികെയുള്ള മറ്റ് സൊസൈറ്റികൾ/ബാങ്കുകൾ	10/2023 മുതൽ 12/2024 വരെ	2,46,05,298/-
ആകെ		33,07,69,618/-

കെ.എസ്ആ.ർ.ടി.സി. ബസ്സുകളുടെ എണ്ണം

212(1785) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-2016-ലെ സർക്കാർ അധികാരമൊഴിയുമ്പോൾ കെ.എസ്ആ.ർ.ടി.സി.-യിൽ എത്ര ബസ്സുകൾ ഉണ്ടായിരുന്നുവെന്ന് വ്യക്തമാക്കാമോ?

31-03-2016-ലെ കണക്കുപ്രകാരം കെ.എസ്.ആർ.ടി.സി. ഉടമസ്ഥതയിൽ 5686 ബസ്സുകളുണ്ടായിരുന്നു.

(ബി) നിലവിൽ കെ.എസ്ആ.ർ.ടി.സി.-യിൽ എത്ര ബസ്സുകളുണ്ടെന്ന് വ്യക്തമാക്കാമോ?

05-02-2025-ലെ കണക്ക് പ്രകാരം കെ.എസ്.ആർ.ടി.സി.-യിലെ 5062 എണ്ണവും, കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റിലെ 444 എണ്ണവും ഉൾപ്പെടെ ആകെ 5506 ബസ്സുകളുണ്ട്.

കെ.എസ്.ആർ.ടി.സി.

213(1786) ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മേയ് മാസത്തിലെയും 2024 ഡിസംബർ മാസത്തിലെയും കെ.എസ്.ആർ.ടി.സി.-യുടെ ആകെ കടം എത്ര; വിശദമാക്കാമോ?

2016 മേയ് മാസത്തിലെ ആകെ കടം ചുവടെ ചേർക്കുന്നു.

ധനകാര്യ സ്ഥാപനങ്ങൾ	:	2636.37 കോടി രൂപ
സർക്കാർ വായ്പ	:	1611.58 കോടി രൂപ
ആകെ കടം	:	4247.95 കോടി രൂപ

2024 ഡിസംബർ മാസത്തെ കെ.എസ്.ആർ.ടി.സി.-യുടെ വായ്പ ബാധ്യത 16,206.01 കോടി രൂപയാണ്.

(തുക കോടി രൂപയിൽ)

സർക്കാർ വായ്പ	13,359.37
കൺസോർഷ്യം	2,814.64
എസ്.ബി.ഐ. ഓവർഡ്രാഫ്റ്റ് വായ്പ	32.00
ആകെ	16,206.01

(ബി) കെ.എസ്.ആർ.ടി.സി-ക്ക് സാമൂഹിക ബാധ്യത (സോഷ്യൽ ഒബ്ലിഗേഷൻ) ആയിട്ട് എത്ര രൂപ സർക്കാർ നൽകാനുണ്ടെന്ന് വ്യക്തമാക്കാമോ?

സാമൂഹ്യ പ്രതിബദ്ധതയുടെ പേരിൽ വിവിധ വിഭാഗം ജനവിഭാഗങ്ങൾക്ക് കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ യാത്രാ സൗജന്യം അനുവദിച്ച ഇനത്തിൽ 2016-17 മുതൽ 2023-24 വരെയുള്ള കാലയളവിൽ കെ.എസ്.ആർ.ടി.സി.-ക്ക് ആകെ 1708.71 കോടി രൂപയുടെ വരുമാന നഷ്ടമുണ്ടായിട്ടുണ്ട്. ടി ഇനത്തിൽ കെ.എസ്.ആർ.ടി.സി.-ക്കുണ്ടായ നഷ്ടം നാളിതുവരെയും സർക്കാർ റീ-ഇമ്പേഴ്സ് ചെയ്ത് നൽകിയിട്ടില്ല.

പുൽപ്പള്ളി–കട്ടപ്പന കെ.എസ്.ആർ.ടി.സി. ബസ് സർവീസ്

214(1787) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിലെ പുൽപ്പള്ളിയിൽനിന്നും ഇടുക്കി ജില്ലയിലെ കട്ടപ്പനയിലേയ്ക്കുള്ള കെ.എസ്.ആർ.ടി.സി. ബസ് സർവീസ് ആരംഭിക്കുന്നതിനുള്ള അപേക്ഷ ലഭിച്ചിട്ടുണ്ടോ?

ലഭിച്ചിട്ടുണ്ട്.

(ബി) പുൽപ്പള്ളി, മാനന്തവാടി, കുറ്റ്യാടി, പേരാമ്പ്ര, പെരുവണ്ണാമുഴി, വിലങ്ങാട് തുടങ്ങിയ പ്രദേശങ്ങളിലെ കുടിയേറ്റ കർഷകർ ഉൾപ്പടെയുള്ള ധാരാളം ജനവിഭാഗങ്ങൾക്ക് വളരെയധികം പ്രയോജനപ്പെടുന്നതിനാൽ ഈ റൂട്ടിലൂടെ കെ.എസ്.ആർ.ടി.സി. ബസ് സർവീസ് ആരംഭിക്കുമോ; വിശദമാക്കാമോ?

പുൽപ്പള്ളിയിൽനിന്ന് ഇടുക്കി ജില്ലയിലെ കട്ടപ്പനയിലേയ്ക്ക് സർവീസ് ആരംഭിക്കണമെങ്കിൽ പുൽപ്പള്ളിയുടെ സമീപ ഡിപ്പോകളായ സുൽത്താൻബത്തേരി, മാനന്തവാടി എന്നിവിടങ്ങളിൽനിന്ന് ബസ് പുൽപ്പള്ളിയിലേയ്ക്ക് എത്തിച്ചേരണം. ഇത് ഡെഡ് ട്രിപ്പിന് കാരണമാകും.

കൂടാതെ ധാരാളം കെ.എസ്.ആർ.ടി.സി. ബസ്സുകളും സ്വകാര്യ ബസ്സുകളും പുൽപ്പള്ളി-സുൽത്താൻ ബത്തേരി റൂട്ടിൽ സർവീസ് നടത്തിവരുന്നുണ്ട്. നിലവിൽ ഓൺലൈൻ റിസർവേഷൻ സൗകര്യത്തോടെ രാത്രി 20.00 മണിക്ക് സുൽത്താൻബത്തേരിയിൽനിന്ന് കട്ടപ്പന-കുമിളി സർവീസ് നിലവിലുണ്ട്. കൂടാതെ സുൽത്താൻബത്തേരിയിൽനിന്നും ധാരാളം സർവീസുകൾ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലേയ്ക്ക് ഓൺലൈൻ സീറ്റ് റിസർവേഷൻ സൗകര്യത്തോടെ സർവീസ് നടത്തിവരുന്നുണ്ട്. ഇവയെ പുൽപ്പള്ളി നിവാസികൾക്ക് ഉപയോഗപ്പെടുത്തുവാൻ കഴിയും. നിലവിൽ ഇത്തരം ഒറ്റപ്പെട്ട സ്ഥലങ്ങളിൽനിന്നും നടത്തുന്ന ദീർഘദൂര സർവീസുകൾ യാത്രക്കാർക്കും കോർപ്പറേഷനും ഗുണകരമല്ലെന്ന് കണ്ടെത്തുന്നതിനാൽ ഡെഡ് ടിപ്പുകൾ ഒഴിവാക്കുന്നതിന് കൃത്യമായ പരിശോധന നടത്തി ആവശ്യമെങ്കിൽ കണക്ഷൻ സർവീസുകൾ നൽകി ജനോപകാരപ്രദമായി പുനഃക്രമീകരിച്ച് നഷ്ടം കുറച്ചുവരികയുമാണ്. ആയതിനാലാണ് മേൽ സർവീസ് ആരംഭിക്കുന്നതിന് കഴിയാത്തത്.

കെ.എസ്.ആർ.ടി.സി. അക്രഡിറ്റഡ് ഡ്രൈവിങ് ട്രെയിനിങ് സെന്റർ

215(1788) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യുടെ കീഴിൽ അക്രഡിറ്റഡ് ഡ്രൈവിങ് ട്രെയിനിങ് സെന്റർ തുടങ്ങുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) പാലക്കാട് ജില്ലയിൽ പ്രസ്തുത സെന്ററുകൾ തുടങ്ങാൻ തിരഞ്ഞെടുക്കുന്ന കേന്ദ്രങ്ങൾ ഏതൊക്കെയാണെന്ന് അറിയിക്കാമോ; അതിന്റെ നിലവിലെ സ്ഥിതി എന്തെന്ന് വ്യക്തമാക്കാമോ?

(എ&ബി) കെ.എസ്.ആർ.ടി.സി.-യുടെ കീഴിൽ ആദ്യ ഘട്ടത്തിൽ 11 ഡ്രൈവിങ് സ്കൂളുകൾ തുടങ്ങാനാണ് തീരുമാനിച്ചിരുന്നത്. ഇതിൽ ആദ്യ ഡ്രൈവിങ് സ്കൂൾ തിരുവനന്തപുരത്തും തുടർന്ന് 8 ഡ്രൈവിംഗ് സ്കൂളുകൾ ആറ്റിങ്ങൽ, ചാത്തന്നൂർ, ചടയമംഗലം, വിതുര, ചാലക്കുടി, ചിറ്റൂർ (പാലക്കാട്), എടപ്പാൾ, മാനന്തവാടി എന്നീ സ്ഥലങ്ങളിലും ആരംഭിച്ചു. പാറശ്ശാല, മാവേലിക്കര എന്നിവിടങ്ങളിൽ സ്കൂൾ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

രണ്ടാം ഘട്ടമായി പാപ്പനംകോട്, പൂവാർ, കാട്ടക്കട, നിലമ്പൂർ, പൊന്നാനി, പയ്യന്നൂർ എന്നിവിടങ്ങളിൽ സ്കൂൾ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നതുമാണ്.

സംസ്ഥാനത്ത് Accredited Driving Training Centre ആരംഭിക്കുന്നത് സംബന്ധിച്ച് 2024 ഫെബ്രുവരി മാസത്തിൽ ബഹുമാനപ്പെട്ട ഗതാഗത വകുപ്പുമന്ത്രി ഡ്രൈവിങ് സ്കൂൾ അസോസിയേഷൻ പ്രതിനിധികളുമായും മോട്ടോർ വാഹന വകുപ്പ് ഉദ്യോഗസ്ഥരുമായും ചർച്ച നടത്തിയിരുന്നു. കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച മാർഗനിർദേശങ്ങൾ പ്രകാരം സംസ്ഥാനത്ത് ഓട്ടോമേറ്റഡ് ഡ്രൈവിങ് ടെയിനിങ് സെന്ററുകൾ തുടങ്ങുന്നതിന് വലിയ സാമ്പത്തിക ബാധ്യതയുണ്ടാക്കുന്നതാണ്. മറ്റ് സംസ്ഥാനങ്ങൾ ഓട്ടോമേറ്റഡ് ഡ്രൈവിങ് ടെയിനിങ് സെന്റർ സംവിധാനങ്ങൾ ഏർപ്പെടുത്തുന്ന മുറയ്ക്ക് കേരളത്തിലും ഇവ ആരംഭിക്കുന്നതിനുള്ള നടപടി ആരംഭിക്കുന്നതാണ്.

കെ.എസ്.ആർ.ടി.സി. ബസ്സുകളുടെ എണ്ണം

216(1789) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-2016-ലെ സർക്കാരിന്റെ കാലയളവിൽ കെ.എസ്.ആർ.ടി.സി.-യിൽ എത്ര ബസ്സുകൾ പുതുതായി വാങ്ങിയിരുന്നുവെന്ന് വ്യക്തമാക്കാമോ?

2011-2016-ലെ സർക്കാരിന്റെ കാലയളവിൽ 2578 ബസ്സുകൾ പുതിയതായി വാങ്ങിയിട്ടുണ്ട്.

(ബി) 2016-2021-ലെ സർക്കാരിന്റെ കാലയളവിൽ കെ.എസ്.ആർ.ടി.സി.-യിൽ എത്ര ബസ്സുകൾ പുതുതായി വാങ്ങിയിരുന്നുവെന്ന് വ്യക്തമാക്കാമോ?

2016-2021-ലെ സർക്കാരിന്റെ കാലയളവിൽ കെ.എസ്.ആർ.ടി.സി.-യിൽ 538 ബസ്സുകൾ പുതിയതായി വാങ്ങിയിട്ടുണ്ട്.

(സി) ഈ സർക്കാരിന്റെ കാലയളവിൽ കെ.എസ്.ആർ.ടി.സി.-യിൽ എത്ര ബസ്സുകൾ വാങ്ങയിയെന്ന് വ്യക്തമാക്കാമോ?

ഈ സർക്കാരിന്റെ കാലയളവിൽ 444 ബസ്സുകൾ വാങ്ങിയിട്ടുണ്ട്.

പങ്കാളിത്ത പെൻഷൻ പദ്ധതി

217(1790) ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പങ്കാളിത്ത പെൻഷൻ പദ്ധതി നിലവിൽ വന്നശേഷം കെ.എസ്.ആർ.ടി.സി.-യിൽ ജോലി നേടിയവരിൽനിന്നും മറ്റ് വകുപ്പുകളിലേയ്ക്ക് നിയമനം കിട്ടി പോയവർ എത്രയെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ?

പങ്കാളിത്ത പെൻഷൻ പദ്ധതി നിലവിൽ വന്നശേഷം കെ.എസ്.ആർ.ടി.സി.-യിൽ ജോലി നേടുകയും പിന്നീട് മറ്റ് വകുപ്പുകളിലേയ്ക്ക് ജോലി ലഭിച്ച് പോകുകയും ചെയ്തവരുടെ എണ്ണം ചുവടെ ചേർക്കുന്നു:

തിരുവനന്തപുരം	:	466
കൊല്ലം	:	205
പത്തനംതിട്ട	:	124
ആലപ്പുഴ	:	56
കോട്ടയം	:	74
ഇടുക്കി	:	12
എറണാകുളം	:	160
തൃശ്ശൂർ	:	45
പാലക്കാട്	:	54
മലപ്പുറം	:	70
കോഴിക്കോട്	:	157
വയനാട്	:	117
കണ്ണൂർ	:	155
കാസർഗോഡ്	:	66
ആകെ	:	1761 എണ്ണം

(ബി) ഇവരുടെ പക്കൽനിന്നും പങ്കാളിത്ത പെൻഷൻ പ്രകാരം അതത് മാസങ്ങളിൽ പിടിക്കുന്ന തുക കോർപ്പറേഷന്റെ വിഹിതവും ചേർത്ത് കൃത്യമായി അടയ്ക്കാറുണ്ടോ; ഇല്ലെങ്കിൽ എത്ര പേരുടെ തുക അടയ്ക്കാനുണ്ട്; ജില്ല തിരിച്ച് വ്യക്തമാക്കാമോ?

കെ.എസ്.ആർ.ടി.സി.-യിൽനിന്നും മറ്റ് വകുപ്പുകളിലേയ്ക്ക് പോയവരിൽ, പ്രാൺ അക്കൗണ്ടുള്ള 74 ജീവനക്കാരുടെ തുക അടയ്ക്കാനുണ്ട്. ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

SL. NO	DISTRICT	NO. EMPLOYEES
1	Thiruvananthapuram	21
2	Kollam	10
3	Pathanamthitta	2
4	Alappuzha	1
5	Kottayam	3
6	Idukki	2
7	Ernakulam	7
8	Thrissur	5
9	Palakkad	10
10	Malappuram	2
11	Kozhikode	2
12	Wayanad	7
13	Kannur	2
14	Kasargod	0
	Total	74

(സി) ഇത്തരത്തിൽ പിടിച്ച പണം എത്ര പേർക്ക് തിരികെ നൽകിയിട്ടുണ്ട്; ജില്ല തിരിച്ച് വ്യക്തമാക്കാമോ?

494 ജീവനക്കാർക്ക് പണം തിരികെ നൽകിയിട്ടുണ്ട്.

SL. NO.	DISTRICT	NO. EMPLOYEES
1	Thiruvananthapuram	122
2	Kollam	76
3	Pathanamthitta	26
4	Alappuzha	37
5	Kottayam	34
6	Idukki	8
7	Ernakulam	38
8	Thrissur	21
9	Palakkad	34
10	Malappuram	18
11	Kozhikode	20
12	Wayanad	36
13	Kannur	19
14	Kasargod	5
	Total	494

(ഡി) തിരികെ നൽകാനുള്ളവർക്ക് പണം എന്ന് നൽകുമെന്നും നൽകാത്തതിന്റെ കാരണമെന്താണെന്നും വിശദമാക്കാമോ?

കടുത്ത സാമ്പത്തിക പ്രതിസന്ധിമൂലം ജീവനക്കാർക്ക് അർഹമായ ആനുകൂല്യങ്ങളൊന്നുംതന്നെ വിതരണം ചെയ്യാൻ സാധിക്കാത്ത അവസ്ഥയുള്ളതിനാലാണ് ടി ആനുകൂല്യം വിതരണം ചെയ്യാത്തത്. നിലവിൽ സർക്കാർ സഹായമുള്ളതുകൊണ്ട് മാത്രമാണ് ജീവനക്കാരുടെ നെറ്റ് ശമ്പളംപോലും വിതരണം ചെയ്യാൻ സാധിക്കുന്നത്. സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്നമുറയ്ക്ക് ജീവനക്കാരുടെ എൻ.പി.എസ്. ഉൾപ്പെടെയുള്ള കുടിശ്ശിക ആനുകൂല്യങ്ങൾ വിതരണം ചെയ്യുവാൻ സാധ്യമാകും എന്ന് പ്രതീക്ഷിക്കുന്നു.

കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ ശമ്പളവും പെൻഷനും

218(1791) ശ്രീ. യു. എ. ലത്തീഫ്:

ശ്രീ. കുറുക്കോളി മൊയ്തീൻ:

ശ്രീ. എ. കെ. എം. അഷ്റഫ്:

ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ജീവനക്കാർക്കുള്ള ശമ്പളവും പെൻഷനും അതത് മാസം അഞ്ചാം തീയതിക്കകം നൽകണമെന്ന് ഹൈക്കോടതി നിർദ്ദേശമുണ്ടായിരുന്നോ?

കെ.എസ്.ആർ.ടി.സി. ജീവനക്കാർക്കുള്ള ശമ്പളം അഞ്ചാം തീയതിക്കകമോ അല്ലെങ്കിൽ പരമാവധി പത്താം തീയതിക്കകമോ നൽകണമെന്ന് ബഹുമാനപ്പെട്ട ഹൈക്കോടതി 11-07-2022-ലെ W.P.(C) 15353/22 എന്ന കേസിൽ ഉത്തരവായിരുന്നു. എന്നാൽ ഇതിനെതിരെ കെ.എസ്.ആർ.ടി.സി. ഫയൽ ചെയ്ത WA2175/23 എന്ന അപ്പീൽ കേസിൻമേലുള്ള 08-01-2024-ലെ ഇടക്കാല ഉത്തരവ് പ്രകാരം മേൽ ഉത്തരവ് ഭേദഗതി വരുത്തിക്കൊണ്ട് ശമ്പളത്തിന്റെ 50% എല്ലാ മാസവും 10-ാം തീയതിക്ക് മുമ്പായിട്ടും ബാക്കി 50% 20-ാം തീയതിക്കകവും വിതരണം ചെയ്യുന്നതിന് ബഹുമാനപ്പെട്ട കോടതി ഉത്തരവായിട്ടുണ്ട്.

കെ.എസ്.ആർ.ടി.സി.-യിലെ പെൻഷൻ വിതരണം അഞ്ചാം തീയതിക്കകം നടത്തണമെന്ന് ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ WP(C) 15093/2017 മുതൽ കേസുകളിൽ (connected cases) കോടതി 05-08-2022-ൽ ഉത്തരവായിട്ടുള്ളതാണ്.

(ബി) പ്രസ്തുത നിർദേശപ്രകാരം ശമ്പളവും പെൻഷനും വിതരണം ചെയ്യാൻ കഴിയാത്തതിന്റെ കാരണം കണ്ടെത്തിയിട്ടുണ്ടോ;

(സി) ഇവ കൃത്യമായി വിതരണം ചെയ്യാൻ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണ്; വിശദമാക്കുമോ?

(ബി&സി) കെ.എസ്.ആർ.ടി.സി. കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുന്നതിനാൽ 2023 ഫെബ്രുവരി മാസം മുതലുള്ള ജീവനക്കാരുടെ ശമ്പളം രണ്ട് ഗഡുക്കളായാണ് വിതരണം ചെയ്തുവന്നിരുന്നത്.

മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ, 20-06-2024-ൽ ചേർന്ന യോഗത്തിൽ എല്ലാ മാസവും ഒറ്റത്തവണയായി കൃത്യമായി ശമ്പളം നൽകാനുള്ള സംവിധാനം കെ.എസ്.ആർ.ടി.സി. ക്രമീകരിക്കേണ്ടതാണെന്ന തീരുമാനം കൈക്കൊണ്ടിരുന്നു. ഇതിൻപ്രകാരം 2024 സെപ്റ്റംബർ മാസം മുതൽ (2024 ആഗസ്റ്റ് മാസത്തെ ശമ്പളം) ജീവനക്കാരുടെ ശമ്പളം ഒറ്റത്തവണയായി പൂർണ്ണമായി വിതരണം ചെയ്തുവരികയാണ്. നിലവിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽനിന്നും 50 കോടി രൂപ ഓവർഡ്രാഫ്റ്റ് വായ്പയും സർക്കാർ ധനസഹായവും മറ്റ് അവശ്യച്ചെലവുകൾ (ഡീസൽ, സ്പെയർ പാർട്സ്, എം.എ.സി.ടി. തുടങ്ങിയവ) മാറ്റിവെച്ച് ഫണ്ട് സമാഹരിച്ചുമാണ് ജീവനക്കാരുടെ ശമ്പളം ഒറ്റത്തവണയായി വിതരണം ചെയ്തുവരുന്നത്.

ആയത് സ്വരൂപിക്കാനുണ്ടാകുന്ന കാലതാമസംകൊണ്ട് മാത്രമാണ് ശമ്പളം ആദ്യ ആഴ്ചയിൽത്തന്നെ വിതരണം ചെയ്യാൻ സാധിക്കാതെ പോകുന്നത്.

മുഖ്യമന്ത്രി മുൻകൈയെടുത്ത് 2018 ഫെബ്രുവരി മാസം മുതൽ പ്രാഥമിക കാർഷിക സഹകരണ സംഘം മുഖേന പെൻഷൻ വിതരണം ചെയ്യുന്നതിന് കൺസോർഷ്യം രൂപീകരിക്കുകയും പ്രസ്തുത സഹകരണ സംഘങ്ങൾവഴി പെൻഷൻ വിതരണം ചെയ്തുവരികയുമാണ്. 2024 നവംബർ മാസം വരെ കാലവധിയുണ്ടായിരുന്ന ത്രികക്ഷി കരാർ നിലവിൽ 2024 ഡിസംബർ മാസം മുതൽ ഒരു വർഷക്കാലത്തേയ്ക്ക് പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾവഴി പെൻഷൻ വിതരണം ചെയ്യുന്നതിന് സർക്കാരും, കെ.എസ്.ആർ.ടി.സി.-യും കേരള ബാങ്കുമായി ചേർന്ന് ത്രികക്ഷി കരാർ ഒപ്പുവെച്ചിട്ടുണ്ട്. അപ്രകാരം 2025 നവംബർ വരെയുള്ള പെൻഷൻ വിതരണം നടത്താൻ കഴിയുന്നതാണ്.

കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ പ്രതിമാസ ഫിസിക്കൽ ഡ്യൂട്ടി

219(1792) <u>ശ്രീ. എം. വിൻസെന്റ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് പ്രതിമാസം 16 ഫിസിക്കൽ ഡ്യൂട്ടി ഇല്ലെങ്കിൽ സപ്ലിമെന്ററിയായേ ശമ്പളം നൽകുകയുള്ളൂ എന്നോ റെഗുലർ ശമ്പളം നൽകുമ്പോൾ ഇത്തരക്കാർക്ക് നൽകില്ലെന്നോ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ?

സർവീസ് ഓപ്പറേഷൻ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി ജീവനക്കാരുടെ ലഭ്യത ഉറപ്പുവരുത്തുന്നതിന് ഓരോ ജീവനക്കാരും പ്രതിമാസം 16 ഫിസിക്കൽ ഡ്യൂട്ടിയെങ്കിലും അനുഷ്ഠിക്കേണ്ടതുണ്ട്. ഇല്ലെങ്കിൽ മെയിൻ ശമ്പള ബില്ലിൽ ഉൾപ്പെടുത്താതെ സപ്ലിമെന്ററി ശമ്പള ബില്ലിൽ ഉൾപ്പെടുത്തി കാലതാമസം കൂടാതെ ശമ്പളം വിതരണം നടത്തുന്നുണ്ട്.

അംഗീകൃത തൊഴിലാളി സംഘടനകളുമായുള്ള ഉഭയകക്ഷി കരാർ വ്യവസ്ഥകൾക്കനുസൃതമായി ജീവനക്കാരുടെ അനധികൃത ഹാജരില്ലായ്മ ഒഴിവാക്കുന്നതിനും ജീവനക്കാരുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനും പ്രതിവർഷം ആവശ്യമായ ഏറ്റവും കുറഞ്ഞ ഫിസിക്കൽ ഡ്യൂട്ടികളുടെ എണ്ണം 190 ആയി നിഷ്കർഷിച്ച് കെ.എസ്.ആർ.ടി.സി. ചെയർമാൻ & മാനേജിങ്

ഡയറക്ടർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ പ്രതിവർഷം 190 ഫിസിക്കൽ ഡ്യൂട്ടി എന്നതിന് ആനുപാതികമായി പ്രതിമാസം 16 ഫിസിക്കൽ ഡ്യൂട്ടി എന്ന് കണക്കാക്കി അടിയന്തര സാഹചര്യങ്ങളിൽ ഈ ഉത്തരവ് ബാധകമാക്കുന്നതിന് ഇളവുകൾ അനുവദിക്കാവുന്ന വ്യവസ്ഥകൾ ഉൾപ്പെടുത്തിയാണ് കെ.എസ്.ആർ.ടി.സി. ചെയർമാൻ & മാനേജിങ് ഡയറക്ടർ ഉത്തരവ് പുറപ്പെടുവിച്ചത്.

(ബി) 'പതിനാറ് ഫിസിക്കൽ ഡ്യൂട്ടി' നിബന്ധന സംബന്ധിച്ച് കെ.എസ്.ആർ.ടി.സി. ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു.+

(സി) പ്രതിമാസം പതിനാറ് ഫിസിക്കൽ ഡ്യൂട്ടി ഇല്ലാത്തവർക്ക് 2022 ആഗസ്റ്റ് മുതൽ നാളിതുവരെ പ്രതിമാസം എത്ര രൂപ ശമ്പള കുടിശ്ശികയുണ്ട്?

പ്രതിമാസം പതിനാറ് ഫിസിക്കൽ ഡ്യൂട്ടി ഇല്ലാത്ത കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ 2022 ആഗസ്റ്റ് മാസത്തെയും 2024 ജൂൺ മാസം മുതൽ 2024 ഡിസംബർ മാസം വരെയുള്ള കാലയളവിലെയും ശമ്പളം സപ്ലിമെന്ററിയായി ബിൽ തയ്യാറാക്കി തുക വിതരണം ചെയ്തിട്ടുണ്ട്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

2022 സെപ്റ്റംബർ മാസം മുതൽ 2024 മേയ് മാസം വരെയുള്ള കാലയളവിലെ സപ്ലിമെന്ററി ശമ്പള ബില്ലുകൾ കൂടിശ്ശികയുണ്ട്.

ടി കാലയളവിലെ സപ്ലിമെന്ററി ശമ്പള ബിൽ തയ്യാറാക്കിയിട്ടില്ലാത്തതിനാൽ കൂടിശ്ശിക തുക സംബന്ധിച്ച യഥാർഥ കണക്കുകൾ ലഭ്യമായിട്ടില്ല.

ടി കൂടിശ്ശിക ബിൽ സംബന്ധിച്ച് പ്രതീക്ഷിക്കുന്ന ശരാശരി തുക വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.[+]

(ഡി) കൂടിശ്ശികയുടെ പ്രതിമാസ വിശദാംശം ജീവനക്കാരുടെ പേരും തസ്തികയും ഡിപ്പോയും ഉൾപ്പെടെ ലഭ്യമാക്കാമോ?

ടി കാലയളവിലെ സപ്ലിമെന്ററി ശമ്പള ബിൽ തയ്യാറാക്കിയിട്ടില്ലാത്തതിനാൽ ജീവനക്കാരുടെ പേരുവിവരവും കൂടിശ്ശിക തുകയും സംബന്ധിച്ച യഥാർഥ കണക്കുകൾ ലഭ്യമായിട്ടില്ല.

(ഇ) മേൽ ഉത്തരവ് പുറപ്പെടുവിച്ചത് ഏതെങ്കിലും സർക്കാർ ഉത്തരവിന്റെയോ യോഗതീരുമാനത്തിന്റെയോ അടിസ്ഥാനത്തിലാണോ; എങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അംഗീകൃത തൊഴിലാളി സംഘടനകളുമായുള്ള ഉഭയകക്ഷി കരാർ വ്യവസ്ഥകൾക്കനുസൃതമായി ജീവനക്കാരുടെ അനധികൃത ഹാജരില്ലായ്മ ഒഴിവാക്കുന്നതിനും ജീവനക്കാരുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനും പ്രതിവർഷം ആവശ്യമായ ഏറ്റവും കുറഞ്ഞ ഫിസിക്കൽ ഡ്യൂട്ടികളുടെ എണ്ണം 190 ആയി നിഷ്കർഷിച്ച് കെ.എസ്.ആർ.ടി.സി. ചെയർമാൻ & മാനേജിങ് ഡയറക്ടർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ പ്രതിവർഷം 190 ഫിസിക്കൽ ഡ്യൂട്ടി എന്നതിന് ആനുപാതികമായി പ്രതിമാസം 16 ഫിസിക്കൽ ഡ്യൂട്ടി എന്ന് കണക്കാക്കി അടിയന്തര സാഹചര്യങ്ങളിൽ ഈ ഉത്തരവ് ബാധകമാക്കുന്നതിന് ഇളവുകൾ അനുവദിക്കാവുന്ന വ്യവസ്ഥകൾ ഉൾപ്പെടുത്തിയാണ് ഉത്തരവ് പുറപ്പെടുവിച്ചത്.

കെ.എസ്.ആർ.ടി.സി. ചീഫ് ഓഫീസിലെ നിയമനങ്ങൾ

220(1793) ശ്രീമതി ഉമ തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ചീഫ് ഓഫീസിൽ എക്സിക്യൂട്ടീവ് ഡയറക്ടർ (അഡ്മിനിസ്ട്രേഷൻ, ഓപ്പറേഷൻ, ടെക്നിക്കൽ, മെയിന്റനൻസ് &

വർക്സ്), ജനറൽ മാനേജർ, ഡെപ്യൂട്ടി ജനറൽ മാനേജർ, മാനേജർ (എം&ഡബ്ല്യൂ), എം.ഇ. ചീഫ് ഓഫീസ്, സി.പി.എസ്., എ.സി.പി.എസ്. എന്നീ തസ്തികകളിലേയ്ക്ക് നിയമനം നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; ഇതുസംബന്ധിച്ച് നിലവിലുള്ള ഉത്തരവുകൾ ലഭ്യമാക്കാമോ?

<u>എക്സിക്യൂട്ടീവ് ഡയറക്ടർ നിയമനം</u>:- കെ.എസ്.ആർ.ടി.സി.-യിൽ നാലാം സ്കെയിലിലെ ഓഫീസർമാർക്കാണ് എക്സിക്യൂട്ടീവ് ഡയറക്ടർ (അഡ്മിനിസ്ട്രേഷൻ, ഓപ്പറേഷൻസ് & ടെക്നിക്കൽ) തസ്തികയിലേയ്ക്ക് സീനിയോറിറ്റി പ്രകാരം നിഷ്കർഷിത യോഗ്യതകൾ പരിഗണിച്ച് ഭരണ സമിതി അംഗീകാരത്തോടെ സ്ഥാനക്കയറ്റം അനുവദിക്കുന്നത്.

<u>എക്സിക്യൂട്ടീവ് ഡയറക്ടർ (മെയിന്റനൻസ് & വർക്സ്)</u>:- 04-11-2023-ലെ സ.ഉ.(സാധാ)നം. 477/2023/Trans പ്രകാരം കെ.എസ്.ആർ.ടി.സി.-യിൽ നിലവിലുണ്ടായിരുന്ന 3 സോണൽ എക്സിക്യൂട്ടീവ് ഡയറക്ടർ തസ്തികയും എക്സിക്യൂട്ടീവ് ഡയറക്ടർ (മെയിന്റനൻസ് & വർക്സ്) തസ്തികയും നിർത്തലാക്കി 4 ജനറൽ മാനേജർ തസ്തികകൾ സൃഷ്ടിക്കുകയും 4 കെ.എ.എസ്.

ഓഫീസർമാരെ നിയോഗിക്കുകയും ചെയ്തു. എന്നാൽ 26-03-2024-ലെ സ.ഉ. (സാധാ)നം. 1434/2024/GAD, 16-11-2024-ലെ സ.ഉ.(സാധാ)നം. 5073/2024/GAD എന്നീ ഉത്തരവുകൾ പ്രകാരം പ്രസ്തുത ഓഫീസർമാരെ തിരികെ കേഡർ തസ്തികയിലേയ്ക്ക് വിടുതൽ ചെയ്യുകയും ചെയ്തിട്ടുണ്ട്.

മാനേജർ (എം&ഡബ്ല്യു), മെക്കാനിക്കൽ എഞ്ചിനീയർ ചീഫ് ഓഫീസ്, സി.പി.എസ്., എ.സി.പി.എസ്.:- പ്രസ്തുത ഹയർ ഡിവിഷൻ തസ്തികകളിലേയ്ക്ക് ഫീഡർ തസ്തികകളിലെ സീനിയോരിറ്റി, തസ്തികയിലെ റെഗുലേഷൻ എന്നിവയെ അടിസ്ഥാനമാക്കി സ്ഥാനക്കയറ്റത്തിന് അനിവാര്യമായ യോഗ്യതകൾ നേടിയ, ഡി.പി.സി. തീരുമാന പ്രകാരം തിരഞ്ഞെടുക്കപ്പെട്ട ജീവനക്കാർക്കാണ് സ്ഥാനക്കയറ്റം അനുവദിക്കുന്നത്.

കെ.എസ്.ആർ.ടി.സി.-യിലെ പുനരുദ്ധാരണത്തിന്റെ ഭാഗമായി പ്രൊഫ. സുശീൽഖന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ, കെ.എസ്.ആർ.ടി.സി.-യിൽ ടോപ്പ് ലെവൽ മാനേജ്മെന്റിൽ പ്രൊഫഷണലിസം കൊണ്ടുവരുന്നതിന്റെ ഭാഗമായി, കരാർ/താൽക്കാലിക നിയമനങ്ങൾ കെ.എസ്.ആർ.ടി.സി.-യിൽ നടത്തിയിട്ടുണ്ട്. ചുവടെ

ചേർക്കുന്ന തസ്തികകളെല്ലാംതന്നെ താൽക്കാലിക അടിസ്ഥാനത്തിൽ സൃഷ്ടിച്ചിട്ടുണ്ട്.

ക്രമ നമ്പർ	തസ്തിക	എണ്ണം
1	General Manager (Finance& Administration)	1
2	General Manager (Technical)	1
3	Deputy General Manager (Finance& Administration)	1
4	Deputy General Manager (Operations)	1
5	Deputy General Manager (Technical)	1

തുടർന്ന് 02-02-2021-ലെ സ.ഉ.(സാധാ)നം.50/2021/TRANS പ്രകാരം ഡെപ്യൂട്ടി ജനറൽ മാനേജർ (ടെക്നിക്കൽ) എന്ന തസ്തികയെ ഡി.ജി.എം. (Marketing & Logistics) എന്നും, ഡി.ജി.എം. (F&A) എന്ന തസ്തികയെ DGM(IT) എന്നും Re-Designate ചെയ്ത് ഉത്തരവായിട്ടുണ്ട്.

03-09-2021-ലെ സ.ഉ.(സാധാ)നം. 295/2021/TRANS പ്രകാരം ജനറൽ മാനേജർ (F&A) എന്ന തസ്തികയെ ജനറൽ മാനേജർ (ഫിനാൻസ്) ആയും Re-Designate ചെയ്തിട്ടുണ്ട്.

ടി തസ്തികകളിൽ സർക്കാർ നിശ്ചിത യോഗ്യതയും പ്രവൃത്തി പരിചയവും നിശ്ചയിച്ച് വിജ്ഞാപനം ക്ഷണിച്ച് കാലാകാലങ്ങളിൽ നിയമനം നടത്തിയിട്ടുണ്ട്.

ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു.+

(ബി) പ്രസ്തുത തസ്തികകളിൽ നിലവിൽ ജോലി ചെയ്യുന്നവരുടെ ഔദ്യോഗിക പദവികൾ വ്യക്തമാക്കാമോ?

1. എക്സിക്യൂട്ടീവ് ഡയറക്ടർ (അഡ്മിനിസ്ട്രേഷൻ)-ന്റെ ചുമതല നിലവിൽ ചെയർമാൻ & മാനേജിങ് ഡയറക്ടർ നേരിട്ട് നിർവഹിക്കുന്നു.

2. എക്സിക്യൂട്ടീവ് ഡയറക്ടർ (ഓപ്പറേഷൻസ്) - ശ്രീ. ജി.പി. പ്രദീപ് കുമാർ

3. എക്സിക്യൂട്ടീവ് ഡയറക്ടർ (ടെക്നിക്കൽ)- ശ്രീ.എ. ഡേവിഡ്, വർക്സ് മാനേജർ (അധിക ചുമതല)

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

4. എക്സിക്യൂട്ടീവ് ഡയറക്ടർ (മെയിന്റനൻസ് & വർക്സ്) എന്ന തസ്തിക നിർത്തലാക്കി.

5. മെക്കാനിക്കൽ എൻജിനീയർ ചീഫ് ഓഫീസ് - ശ്രീ. പി. എം. ദിൽഷാദ്, അസിസ്റ്റന്റ് വർക്സ് മാനേജർ (അധിക ചുമതല)

6. കൺട്രോളർ ഓഫ് പർച്ചേസ് & സ്റ്റോർഴ്സ് - ശ്രീ. കെ. എം. വിനോദ് കുമാർ, അസിസ്റ്റന്റ് വർക്സ് മാനേജർ

7. അസിസ്റ്റന്റ് കൺട്രോളർ ഓഫ് പർച്ചേസ് & സ്റ്റോഴ്സ് (ജനറൽ) - ശ്രീ. ആർ. രഞ്ജിത്ത് കുമാർ, ഡിപ്പോ എഞ്ചിനീയർ

8. അസിസ്റ്റന്റ് കൺട്രോളർ ഓഫ് പർച്ചേസ് & സ്റ്റോഴ്സ് (എ) - ശ്രീ. ബോബി ജോർജ്, ഡിപ്പോ എഞ്ചിനീയർ

9. അസിസ്റ്റന്റ് കൺട്രോളർ ഓഫ് പർച്ചേസ് & സ്റ്റോഴ്സ് (1) - ശ്രീ. ബി. ബ്രിജ് ലാൽ, ഡിപ്പോ എഞ്ചിനീയർ

10. മാനേജർ (എം ഡബ്ല്യു) - ശ്രീ. എസ്. ഷിബു, ഡിപ്പോ എഞ്ചിനീയർ

കരാർ അടിസ്ഥാനത്തിൽ നിയമനം നടത്തിയ തസ്തികകളിൽ ജനറൽ മാനേജർ തസ്തികയിൽ നിലവിൽ ആരുംതന്നെ സേവനം അനുഷ്ഠിക്കുന്നില്ല.

ഡെപ്യൂട്ടി ജനറൽ മാനേജർ തസ്തികയിൽ DGM(IT) - ശ്രീ. നിഷാന്ത് എസ്. നിലവിൽ സേവനം അനുഷ്ഠിക്കുന്നു.

(സി) കെ.എസ്.ആർ.ടി.സി. ചീഫ് ഓഫീസിൽ ജോലി ചെയ്യുന്ന അസ്സിസ്റ്റന്റ് ഡിപ്പോ എഞ്ചിനീയർമാരുടെ എണ്ണവും പേരുവിവരങ്ങളും ലഭ്യമാക്കാമോ?

കെ.എസ്.ആർ.ടി.സി. ചീഫ് ഓഫീസിൽ 5 അസിസ്റ്റന്റ് ഡിപ്പോ എഞ്ചിനീയർമാർ ജോലി ചെയ്യുന്നുണ്ട്. അവരുടെ പേരുവിവരം ചുവടെ ചേർക്കുന്നു.

1. ശ്രീ. വിനീത് രാജ് ആർ. വി. (ചീഫ് സ്റ്റോർ, പാപ്പനംകോട്)

2. ശ്രീ. നിസ്താർ എൻ. (കെ.എസ്.ആർ.ടി.സി. -സ്വിഫ്റ്റിലേയ്ക്ക് വർക്കിങ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ)

3. ശ്രീ. മനോഷ പി. രാജ്

4. ശ്രീ. അജിത്കുമാർ എം. (തിരുവനന്തപുരം സെൻട്രൽ യൂണിറ്റിൽനിന്നും വർക്കിങ് അറേഞ്ച്മെന്റ്)

5. ശ്രീ. നവീൻ എൻ. ഐ. (ഫ്യൂവൽ സെൽ, ചീഫ് ഓഫീസ്)

(ഡി) ചീഫ് ഓഫീസിൽ എത്ര മെക്കാനിക്കൽ വിഭാഗം ഓഫീസർമാർ ജോലി ചെയ്യുന്നുണ്ടെന്നും അവർ ആരൊക്കെയാണെന്നും വ്യക്തമാക്കുമോ?

ചീഫ് ഓഫീസിൽ ആകെ 12 മെക്കാനിക്കൽ വിഭാഗം ഓഫീസർമാരുണ്ട്.

<u>എക്സിക്യൂട്ടീവ് ഡയറക്ടർ - 1</u>

ശ്രീ. ജി. പി. പ്രദീപ് കുമാർ

<u>വർക്ക്സ് മാനേജർ - 2</u>

1. ശ്രീ. എ. ഡേവിഡ്

2. ശ്രീ. ഐസക് മാത്യു എം.

<u>അസിസ്റ്റന്റ് വർക്ക്സ് മാനേജർ - 3</u>

1. ശ്രീ. സി. ബി. ജയകുമാർ

2 . ശ്രീ. പി. എം. ദിൽഷാദ്

3. ശ്രീ. കെ. എം. വിനോദ് കുമാർ

ഡിപ്പോ എൻജിനീയർ - 6

1. ശ്രീ. ബോബി ജോർജ്

2. ശ്രീ. കെ. രഞ്ജിത് കുമാർ

3. ശ്രീ. ഉല്ലാസ് ബാബു

4. ശ്രീ. ബി. ബ്രിജ് ലാൽ

5. ശ്രീ. ആർ. എസ്. സലിം കുമാർ

6. ശ്രീ. എസ്. ഷിബു

കെ.എസ്.ആർ.ടി.സി. ചീഫ് ഓഫീസിൽ അദർ ഡ്യൂട്ടി ചെയ്യുന്നവർ

221(1794) ശ്രീമതി ഉമ തോമസ്: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കെ.എസ്.ആർ.ടി.സി. ചീഫ് ഓഫീസിൽ അദർ ഡ്യൂട്ടിയിൽ എത്ര കണ്ടക്ടർ, ഡ്രൈവർ, മെക്കാനിക്കൽ വിഭാഗം ജീവനക്കാരാണ് ജോലി ചെയ്യുന്നത്; അവരുടെ പേരുവിവരങ്ങൾ ലഭ്യമാക്കാമോ?

കെ.എസ്.ആർ.ടി.സി. ചീഫ് ഓഫീസിൽ ജോലി ചെയ്യുന്ന കണ്ടക്ടർ, മെക്കാനിക്കൽ വിഭാഗം ജീവനക്കാരുടെ എണ്ണം ചുവടെ ചേർക്കുന്നു.

കണ്ടക്ടർ- 62

ചീഫ് ഓഫീസിന്റെ റോളിലുള്ളത് - 31

വിവിധ യൂണിറ്റുകളിൽനിന്നും വർക്കിങ് അറേഞ്ച്മെന്റ് - 31

ആകെ - 62

മെക്കാനിക്ക്- 05

ചീഫ് ഓഫീസിന്റെ റോളിലുള്ളത് - 04

വർക്കിംഗ് അറേഞ്ച്മെന്റ് - 01

ആകെ - 05

ജീവനക്കാരുടെ പേര് വിവരം അനുബന്ധമായി ചേർക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പങ്കാളിത്ത പെൻഷൻ തുക

222(1795) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യിൽനിന്നും മറ്റ് വകുപ്പുകളിലേയ്ക്ക് നിയമനം ലഭിച്ച പങ്കാളിത്ത പെൻഷൻ പദ്ധതി പ്രകാരമുള്ള ജീവനക്കാർ എത്രയാണ്; ഇവരുടെ ജില്ല തിരിച്ചുള്ള വിശദാംശം നൽകാമോ?

പങ്കാളിത്ത പെൻഷൻ പദ്ധതി നിലവിൽ വന്നശേഷം കെ.എസ്.ആർ.ടി.സി.-യിൽ ജോലി നേടുകയും പിന്നീട് മറ്റ് വകുപ്പുകളിലേയ്ക്ക് ജോലി ലഭിച്ച് പോവുകയും ചെയ്തവരുടെ എണ്ണം ചുവടെ ചേർക്കുന്നു.

തിരുവനന്തപുരം	:	466
കൊല്ലം	:	205
പത്തനംതിട്ട	:	124
ആലപ്പുഴ	:	56
കോട്ടയം	:	74
ഇടുക്കി	:	12
എറണാകുളം	:	160
തൃശ്ശൂർ	:	45
പാലക്കാട്	:	54
മലപ്പുറം	:	70
കോഴിക്കോട്	:	157

വയനാട്	:	117
കണ്ണൂർ	:	155
കാസർഗോഡ്	:	66
ആകെ	:	1761

(ബി) ഇവരിൽനിന്നും ഈടാക്കിയ പങ്കാളിത്ത പെൻഷൻ തുകയും കോർപ്പറേഷന്റെ വിഹിതവും കൃത്യമായി ഒടുക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ എത്ര പേരുടെ തുക ഒടുക്കാനുണ്ട്; ഇതിന്റെ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

ഒടുക്കിയിട്ടില്ല.

കെ.എസ്.ആർ.ടി.സി.-യിൽനിന്നും മറ്റുവകുപ്പുകളിലേയ്ക്ക് പോയവരിൽ, പ്രാൺ അക്കൗണ്ടുള്ള 74 ജീവനക്കാരുടെ തുക അടയ്ക്കാനുണ്ട്. ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

SL. NO	DISTRICT	NO. of EMPLOYEES
1	Thiruvananthapuram	21
2	Kollam	10
3	Pathanamthitta	2
4	Alappuzha	1
5	Kottayam	3
6	Idukki	2
7	Ernakulam	7
8	Thrissur	5
9	Palakkad	10
10	Malappuram	2

11	Kozhikode	2
12	Wayanad	7
13	Kannur	2
14	Kasargod	0
	Total	74

(സി) മറ്റ് വകുപ്പുകളിലേയ്ക്ക് നിയമനം ലഭിച്ചവർക്ക് പ്രസ്തുത തുക ഓരോ ജില്ലയിലും എത്രപേർക്ക് തിരികെ നൽകിയിട്ടുണ്ട്; തിരികെ നൽകാനുള്ളവർക്ക് എന്ന് നൽകുമെന്നും നൽകാത്തതിന്റെ കാരണമെന്താണെന്നും വിശദമാക്കാമോ?

കെ.എസ്.ആർ.ടി.സി.-യിൽനിന്നും രാജിവച്ച് പോയവരിൽ 494 ജീവനക്കാർക്ക് തുക തിരികെ നൽകിയിട്ടുണ്ട്.

SL. NO.	DISTRICT	NO. EMPLOYEES
1	Thiruvananthapuram	122
2	Kollam	76
3	Pathanamthitta	26
4	Alappuzha	37
5	Kottayam	34
6	Idukki	8
7	Ernakulam	38
8	Thrissur	21
9	Palakkad	34
10	Malappuram	18

11	Kozhikode	20
12	Wayanad	36
13	Kannur	19
14	Kasargod	5
	Total	494

നിലവിലെ കടുത്ത സാമ്പത്തിക സ്ഥിതിയിൽ കെ.എസ്.ആർ.ടി.സി.-ക്ക് ജീവനക്കാരുടെ എൻ.പി.എസ്. വിഹിതം ഉൾപ്പടെയുള്ള ആനുകൂല്യങ്ങൾ നൽകാൻ കഴിയുന്നില്ല. കെ.എസ്.ആർ.ടി.സി.-യുടെ സാമ്പത്തിക നില മെച്ചപ്പെടുന്നമുറയ്ക്ക് ടി തുക തിരികെ നൽകുന്നതാണ്.

കെ.എസ്.ആർ.ടി.സി. യുടെ വരുമാനം വർധിപ്പിക്കൽ നടപടി

223(1796) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യുടെ വരുമാനം വർധിപ്പിക്കുന്നതിനും ലാഭകരമാക്കുന്നതിനും സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ?

കെ.എസ്.ആർ.ടി.സി.-യുടെ നഷ്ടം നികത്തി സ്ഥാപനത്തെ സന്തുലിതാവസ്ഥയിൽ എത്തിക്കാൻവേണ്ടി ഈ സർക്കാർ വായ്പ

വിഹിതയിനത്തിൽ 2021-22 സാമ്പത്തിക വർഷത്തിൽ 2037.51 കോടി രൂപയും 2022-23 സാമ്പത്തിക വർഷത്തിൽ 1434.81 കോടി രൂപയും 2023-24 സാമ്പത്തിക വർഷത്തിൽ 2065.57 കോടി രൂപയും 2024-25 സാമ്പത്തിക വർഷത്തിൽ നാളിതുവരെ 1376.33 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. ഇതിനുപുറമെ സമ്പൂർണ്ണ കമ്പ്യൂട്ടർവൽക്കരണവും ഇ-ഗവേണൻസും വാഹന വ്യൂഹങ്ങളുടെ നവീകരണം, വയബിലിറ്റി ഗ്യാപ് ഫണ്ടിങ്, അടിസ്ഥാന സൗകര്യ വികസനവും വർക്ക്ഷോപ്പുകളുടെ നവീകരണവും, ജീവനക്കാർക്കും ഓഫീസർമാർക്കും പരിശീലനം തുടങ്ങി വിവിധ പദ്ധതികളുടെ നടത്തിപ്പിനായി പദ്ധതി വിഹിതമായി 2021-22 സാമ്പത്തിക വർഷത്തിൽ 38.44 കോടി രൂപയും 2022-23 സാമ്പത്തിക വർഷത്തിൽ 59.14 കോടി രൂപയും 2023-24 സാമ്പത്തിക വർഷത്തിൽ നാളിതുവരെ 67.66 കോടി രൂപയും 2024-25 സാമ്പത്തിക വർഷത്തിൽ നാളിതുവരെ 10.88 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. ഇത്തരത്തിൽ പദ്ധതി വിഹിതമായി ലഭ്യമായ തുക വിനിയോഗിച്ച് മൾട്ടി ആക്സിൽ, നോൺ എ.സി. പൂർണ്ണ നിർമ്മിത ഡീസൽ ബസ്സുകൾ, ഇലക്ട്രിക് ബസ്സുകൾ ഉൾപ്പെടെ

വിവിധ ശ്രേണികളിൽപ്പെട്ട ബസുകൾ നിരത്തിലിറക്കുകവഴി കോർപ്പറേഷന്റെ വരുമാനം ഗണ്യമായി വർധിപ്പിക്കാനും സാധിച്ചിട്ടുണ്ട്.

2024-25 സാമ്പത്തിക വർഷത്തിൽ പദ്ധതി വിഹിതമായ 63 കോടി രൂപ വിനിയോഗിച്ച് 143 ബസ്സുകൾ നിരത്തിലിറക്കി സർവീസ് വിപുലീകരിക്കുന്നതോടൊപ്പം ടിക്കറ്റിതര വരുമാനം വർധിപ്പിക്കുന്നതിനായി നിരവധി നൂതന പദ്ധതികളും ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു. പൊതുജനങ്ങൾക്കുകൂടി കെ.എസ്.ആർ.ടി.സി. പമ്പുകളിൽനിന്നും ഇന്ധനം ലഭ്യമാക്കുന്നതിനായി യാത്രാ ഫ്യൂവൽസ്, മൂന്നാറിലെത്തുന്ന വിനോദ സഞ്ചാരികൾക്ക് കുറഞ്ഞ ചെലവിൽ താമസ സൗകര്യം ലഭ്യമാക്കുന്ന സ്ലീപ്പർ ഇൻ ബസ്, വിവിധ വിനോദസഞ്ചാര കേന്ദ്രങ്ങൾ ബന്ധപ്പെടുത്തിയുള്ള ടൂർ പാക്കേജുകൾ, ലൂബ്രിക്കേറ്റിങ് ഓയിലുകൾ മിതമായ നിരക്കിൽ ലഭ്യമാക്കുന്ന ലൂബ് ഷോപ്പുകൾ, മത്സ്യ വിപണന രംഗത്തെ തൊഴിലാളി സ്ത്രീകൾക്ക് പ്രയോജനപ്രദമായ സമുദ്ര, കെ.എസ്.ആർ.ടി.സി.-യുടെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളിൽ നിർമ്മിച്ച വാണിജ്യ സമുച്ചയങ്ങൾ ദീർഘകാല അടിസ്ഥാനത്തിൽ വിവിധ സർക്കാർ, അർദ്ധ സർക്കാർ

സ്ഥാപനങ്ങൾക്ക് വാടകയ്ക്ക് നൽകുന്ന പദ്ധതിയും, കെ.എസ്.ആർ.ടി.സി. ഡിപ്പോകളിൽ പാസഞ്ചർ ഇൻഫർമേഷൻ സിസ്റ്റം, ഹോർഡിങ്സ് എന്നിവ സ്ഥാപിച്ച് പരസ്യം നൽകുന്നതിലൂടെ അധിക വരുമാനം ലഭ്യമാകുന്ന പദ്ധതി, പൊതുജനങ്ങൾക്ക് മിതമായ നിരക്കിലും വേഗത്തിലും പാഴ്സലുകൾ വിവിധ സ്ഥലങ്ങളിലേയ്ക്ക് എത്തിക്കുന്നതിനായി ആരംഭിച്ച കൊറിയർ/ലോജിസ്റ്റിക്സ് പദ്ധതി, കേരള സർക്കാർ പൊതുമേഖല സ്ഥാപനമായ കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ പുറത്തിറക്കുന്ന മിനറൽ വാട്ടറായ 'ഹില്ലി അക്വ'യുടെ വിതരണം കെ.എസ്.ആർ.ടി.സി.-യുടെ ബസ് സ്റ്റേഷനുകളിലും ദീർഘദൂര സർവീസുകളിലും നടപ്പിലാക്കുവാനായി പദ്ധതി, പൊതുജനങ്ങൾക്ക് മിതമായ നിരക്കിൽ ഡ്രൈവിങ് പരിശീലനം ലഭ്യമാക്കുന്നതിനായി ഡ്രൈവിങ് സ്കൂൾ എന്നിവ ഉൾപ്പെടെ നിരവധി നൂതന പദ്ധതികൾ കോർപ്പറേഷന്റെ നഷ്ടം നികത്തി സ്ഥാപനത്തെ സന്തുലിതാവസ്ഥയിൽ എത്തിക്കാൻവേണ്ടി ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നുണ്ട്.

ചെലവ് ചുരുക്കുന്നതിന്റെ ഭാഗമായി കോർപ്പറേഷനിൽ ഡീസലിന്റെയും സ്പെയർ പാർട്സിന്റെയും ചെലവുകൾപോലും ലഭ്യമാകാത്ത റൂട്ടുകളും ട്രിപ്പുകളും പരിശോധിച്ച്, സ്റ്റുഡന്റ്സ് കൺസഷൻ, മറ്റ് യാത്രാ സൗകര്യമില്ലാത്ത ഒറ്റപ്പെട്ട റൂട്ടുകൾ, ആദിവാസി മേഖലകൾ, തോട്ടം തൊഴിലാളി മേഖലകൾ തുടങ്ങിയ സാമൂഹ്യ പ്രതിബദ്ധതയുള്ളതും എന്നാൽ നഷ്ടത്തിലുള്ളതുമായ ട്രിപ്പുകൾ തുടർന്നുകൊണ്ട് കിലോമീറ്റർ ഓപ്പറേഷന് ആനുപാതികമായി വരുമാനം ലഭ്യമാകത്തക്കവിധം മറ്റ് ഡെഡ് ട്രിപ്പുകൾ പൂർണ്ണമായും ഒഴിവാക്കുകയോ ജനോപകാരപ്രദമായി പുനഃക്രമീകരിക്കുകയോ സ്റ്റേ സർവീസുകൾ ആക്കി മാറ്റുകയോ യൂണിറ്റ് മാറ്റി ഓപ്പറേറ്റ് ചെയ്യുകയോ ചെയ്ത് ചെലവ് ചുരുക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

മെയിന്റനൻസ് സംവിധാനത്തിന്റെ കാര്യക്ഷമത വർധിപ്പിച്ച് ബസ്സുകളുടെ ഫ്ലീറ്റ് യൂട്ടിലൈസേഷൻ വർധിപ്പിക്കുന്നതിന് ആവശ്യമായ താഴെ പ്രതിപാദിക്കുന്ന ക്രമീകരണങ്ങൾ ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(i) ബസ്സുകളുടെ ബ്രേക്ക് ഡൗൺ, ആക്സിഡന്റ് എന്നിവ കുറയ്ക്കുന്നതിനും എഞ്ചിനടക്കമുള്ള വാഹന ഘടകങ്ങളുടെ പരവമാവധി ആയുസ്സ് ലഭ്യമാക്കുന്നതിനും ഓഫ് റോഡ് കുറയ്ക്കുന്നതിനുമായി എഞ്ചിൻ ഉൾപ്പെടെയുള്ള ഘടകങ്ങളുടെ ലൈഫ് കണക്കാക്കി മാറ്റുന്നതിലേയ്ക്കാവശ്യമായ ഫ്ലോട്ട് യൂണിറ്റുകൾ സജ്ജീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

(ii) പ്രൊഡക്ഷൻ സെന്ററുകളിൽ (സെൻട്രൽ/റീജിയണൽ വർക്ക്ഷോപ്പുകൾ) ബസ്സുകളുടെ നിർമ്മിതിയുടെ അടിസ്ഥാനത്തിൽ വർക്ക്ഷോപ്പുകളിൽ യൂണിറ്റുകൾ റീകണ്ടീഷൻ ചെയ്യുന്നതിനുള്ള ക്രമീകരണം ഏർപ്പെടുത്തിവരുന്നു.

കെ.എസ്.ആർ.ടി.സി.-യിലെ യാത്രക്കാർക്ക് ഡിപ്പോകളിൽ നിലവാരമുള്ള നല്ല ഭക്ഷണം ലഭ്യമാക്കുന്നതിനായി Restaurant-കളും കെ.എസ്.ആർ.ടി.സി.-യിലെ യാത്രക്കാർക്ക് ബസ്സുകളിൽ നിലവാരമുള്ള നല്ല ലഘുഭക്ഷണവും പാനീയങ്ങളും ലഭ്യമാക്കുകയെന്ന ഉദ്ദേശ്യത്തോടുകൂടി Onboard refreshment-നുള്ള നടപടികളും പുരോഗമിക്കുന്നു.

കെ.എസ്.ആർ.ടി.സി.-യുടെ വിവിധ ബസ്സ് സ്റ്റേഷനുകൾ നവീകരിക്കുന്നതിന്റെ ഭാഗമായി കൂടുതൽ സൗകര്യങ്ങളും സുരക്ഷിതത്വം ഉറപ്പാക്കുന്നതിന് Ladies and Family Waiting Area സി.എസ്.ആർ. ഫണ്ട് വിനിയോഗിച്ച് Vivo എന്ന കമ്പനി തിരുവനന്തപുരം സെൻട്രൽ, കോഴിക്കോട്, അങ്കമാലി ഡിപ്പോകളിൽ പ്രവർത്തനമാരംഭിച്ചു.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ശമ്പളം, പെൻഷൻ, മറ്റിനങ്ങൾ എന്നിവയിലേയ്ക്കായി സർക്കാർ കെ.എസ്.ആർ.ടി.സി.-ക്ക് നൽകിയ തുകയുടെ വിശദാംശം ലഭ്യമാക്കാമോ?

2021-22 സാമ്പത്തിക വർഷം മുതൽ സർക്കാർ കെ.എസ്.ആർ.ടി.സി.-ക്ക് ശമ്പളം ഇനത്തിൽ 2543.09 കോടി രൂപയും പെൻഷൻ ഇനത്തിൽ 3351.92 കോടി രൂപയും മറ്റിനങ്ങളിലായി 1019.21 കോടി രൂപയും ചേർത്ത് ആകെ 6914.22 കോടി രൂപ അനുവദിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) കെ.എസ്.ആർ.ടി.സി.-യിലെ ജീവനക്കാരുടെ ശമ്പളവും പെൻഷനും മുടങ്ങാതെ കൃത്യമായി വിതരണം ചെയ്യാൻ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ?

കെ.എസ്.ആർ.ടി.സി. കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുന്നതിനാൽ 2023 ഫെബ്രുവരി മാസം മുതലുള്ള ജീവനക്കാരുടെ ശമ്പളം രണ്ട് ഗഡുക്കളായാണ് വിതരണം ചെയ്തുവന്നിരുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ, കെ.എസ്.ആർ.ടി.സി.-യുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനായി 20-06-2024-ൽ ചേർന്ന യോഗത്തിൽ എല്ലാ മാസവും ഒറ്റത്തവണയായി കൃത്യമായി ശമ്പളം നൽകാനുള്ള സംവിധാനം കെ.എസ്.ആർ.ടി.സി. ക്രമീകരിക്കേണ്ടതാണെന്ന തീരുമാനം കൈക്കൊണ്ടിരുന്നു. ഇതിൻപ്രകാരം 2024 സെപ്റ്റംബർ മാസം മുതൽ (2024 ആഗസ്റ്റ് മാസത്തെ ശമ്പളം) ജീവനക്കാരുടെ ശമ്പളം ഒറ്റത്തവണയായി പൂർണ്ണമായി വിതരണം ചെയ്തുവരികയാണ്. നിലവിൽ 50 കോടി രൂപ സർക്കാർ ധനസഹായവും സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ നിന്നുള്ള ഓവർഡ്രാഫ്റ്റ് വായ്പ ലഭ്യമാക്കിയും മറ്റ് അവശ്യച്ചെലവുകൾ (ഡീസൽ,

സ്പെയർ പാർട്സ്, എം.എ.സി.ടി. തുടങ്ങിയവ) മാറ്റിവച്ച് ഫണ്ട് സമാഹരിച്ചുമാണ് ജീവനക്കാരുടെ ശമ്പളം ഒറ്റത്തവണയായി വിതരണം ചെയ്തുവരുന്നത്.

കടുത്ത സാമ്പത്തിക പ്രതിസന്ധിമൂലം തനത് ഫണ്ടുപയോഗിച്ച് പെൻഷൻ തുക കണ്ടെത്തുവാൻ കോർപ്പറേഷന് കഴിയാത്ത സാഹചര്യമാണ് നിലവിലുള്ളത്. തന്മൂലം പെൻഷൻ മുടങ്ങുന്ന സാഹചര്യമുണ്ടാകുകയും ആയത് ഒഴിവാക്കുന്നതിനായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി മുൻകൈയെടുത്ത് 2018 ഫെബ്രുവരി മാസം മുതൽ പ്രാഥമിക കാർഷിക സഹകരണ സംഘം മുഖേന പെൻഷൻ വിതരണം ചെയ്യുന്നതിന് കൺസോർഷ്യം രൂപീകരിക്കുകയും പ്രസ്തുത സഹകരണ സംഘങ്ങൾവഴി പെൻഷൻ മുടക്കമില്ലാതെ വിതരണം ചെയ്തുവരികയുമാണ്. 2024 നവംബർ മാസം വരെ കാലവധിയുണ്ടായിരുന്ന ത്രികക്ഷി കരാർ നിലവിൽ 2024 ഡിസംബർ മാസം മുതൽ ഒരു വർഷക്കാലത്തേയ്ക്ക് പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾവഴി പെൻഷൻ വിതരണം ചെയ്യുന്നതിന് സർക്കാരും കെ.എസ്.ആർ.ടി.സി.-യും കേരള ബാങ്കുമായി ചേർന്ന് ത്രികക്ഷി കരാർ ഒപ്പുവച്ചിട്ടുണ്ട്.

ആയതിൻപ്രകാരം 2024 ഡിസംബർ മാസത്തെ പെൻഷൻ നൽകിക്കഴിഞ്ഞു. തുടർന്ന് 2025 ജനുവരി, ഫെബ്രുവരി മാസങ്ങളിലെ പെൻഷൻ വിതരണം ചെയ്യുന്നതിനുള്ള നടപടി പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളുടെ സൊസൈറ്റികൾ ഉൾപ്പെടുന്ന കൺസോർഷ്യം സ്വീകരിച്ചുവരുന്നു. തുടർന്നുള്ള മാസങ്ങളുടെ ആദ്യ ആഴ്ചയിൽത്തന്നെ പെൻഷൻ വിതരണം നടത്താൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(ഡി) വരുമാന വർധനവിനായി ആരംഭിച്ച വിവിധ പദ്ധതികളിലൂടെ കെ.എസ്.ആർ.ടി.സി.-ക്കുണ്ടായ നേട്ടങ്ങൾ വിശദമാക്കുമോ?

വരുമാന വർധനവിനായി വിവിധ പദ്ധതികൾ ആരംഭിക്കുകയും അവ വിജയകരമായി നടപ്പിലാക്കിയതിലൂടെ കെ.എസ്.ആർ.ടി.സി.-ക്ക് നേട്ടങ്ങൾ കൈവരിക്കാൻ സാധിച്ചിട്ടുമുണ്ട്.

1. ലോ ഫ്ളോർ എ.സി. ബസ്സുകളെക്കാൾ കുറഞ്ഞ നിരക്കിലും സൂപ്പർഫാസ്റ്റ് പാസഞ്ചർ നോൺ എ.സി. ബസ്സുകളെക്കാൾ കൂടിയതും ടെയിൻ നിരക്കുകളുമായി താദാത്മ്യമുള്ളതുമായ ആകർഷകമായ നിരക്കിൽ സ്റ്റോപ്പുകൾ കുറഞ്ഞതും എന്നാൽ ആധുനിക സൗകര്യങ്ങൾ നൽകിയും

ഇന്ധനക്ഷമത കൂടിയ പ്രീമിയം സൂപ്പർ ഫാസ്റ്റ് എന്ന ക്ലാസ് സർവീസ് ആരംഭിച്ചു. ഇതിന്റെ പ്രാഥമിക പദ്ധതി 10 ബസ്സുകളുപയോഗിച്ച് വിജയകരമായി നടത്തിവരുന്നു.

2. കോൺവോയ് ആയി സർവീസ് നടത്തുന്നത് ഒഴിവാക്കുന്നതിനും യാത്രക്കാരുടെ സൗകര്യാർഥവും നിലവിൽ തിരുവനന്തപുരത്തുനിന്നും തൃശ്ശൂരിലേയ്ക്കോ അതിനപ്പുറമോ സർവീസ് നടത്തുന്ന എല്ലാ സൂപ്പർ ഫാസ്റ്റ് ബസ്സുകളെയും സൂപ്പർഫാസ്റ്റ് ലിമിറ്റഡ് സ്റ്റോപ്പ് സർവീസുകളാക്കുവാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ ലിമിറ്റഡ് സ്റ്റോപ്പ് സൂപ്പർഫാസ്റ്റ് ബസ്സുകൾ എൻ.എച്ച്.-ലെയും എം.സി.-യിലെയും പ്രധാന ബസ് സ്റ്റേഷനുകൾ ഒഴികെയുള്ള ബസ് സ്റ്റേഷനുകളിൽ ഒന്നിടവിട്ട് മാത്രം പ്രവേശിച്ച് യാത്രക്കാരെ കയറ്റുകയും ഇറക്കുകയും ചെയ്ത് ഇത്തരത്തിൽ 169 ട്രിപ്പുകൾ ലിമിറ്റഡ് സ്റ്റോപ്പ് സൂപ്പർ ഫാസ്റ്റ് ആയി ഓപ്പറേറ്റ് ചെയ്തുവരുന്നു. ഇതിലൂടെ ശരാശരി ഇ.പി.കെ.എം. (Earning per kilometre) 47.99 രൂപയിൽനിന്ന് 49.58 രൂപയായി വർധിച്ചിട്ടുണ്ട്.

3. കെ.എസ്.ആർ.ടി.സി.-യെ ആധുനികവൽക്കരിക്കുവാൻവേണ്ടി 279 ഡീസൽ ബസ്സുകളും 52 (2 ഡബിൾ ഡക്കർ ഉൾപ്പെടെ) ഇലക്ട്രിക് ബസ്സുകളും വാങ്ങി കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റിൽ രജിസ്റ്റർ ചെയ്ത് മികച്ച വരുമാനം ലഭിക്കുന്ന രീതിയിൽ പുനഃക്രമീകരിച്ച് സർവീസ് നടത്തിവരുന്നു. കൂടാതെ 113 ഇ-ബസ്സുകൾ തിരുവനന്തപുരം സ്മാർട്ട് സിറ്റി ലിമിറ്റഡ് അനുവദിച്ച ഫണ്ട് ഉപയോഗിച്ച് വാങ്ങിയും കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റിൽ രജിസ്റ്റർ ചെയ്ത് മികച്ച വരുമാനം ലഭ്യമാകുന്ന രീതിയിൽ പുനഃക്രമീകരിച്ച് സർവീസ് നടത്തി വരുന്നു.

4. പരിമിതമായ യാത്രക്കാരുമായി നഷ്ടത്തിൽ ഓടിയിരുന്ന ഇലക്ട്രിക് ബസ്സുകൾ പുനഃക്രമീകരിച്ച് പൊതുജനത്തിന് കൂടുതൽ ഉപകാരപ്രദമായി മാറ്റുകയും പൊതുവെ യാത്രക്കാർ കുറവുള്ള, സിറ്റിയിലേയ്ക്ക് വരുന്ന വലിയ ഡീസൽ ബസ്സുകൾ മാറ്റി ഇലക്ട്രിക് ബസ്സുകൾ നൽകിയും ചെലവ് കുറച്ച് വരുമാനം കൂട്ടുന്നതിനും ജനോപകാരപ്രദമായ സർവീസ് ആക്കി മാറ്റുന്നതിനും സാധിച്ചിട്ടുണ്ട്. പ്രധാന റൂട്ടുകളിലെ ട്രിപ്പുകൾ പുനഃക്രമീകരിച്ചതിലൂടെ പ്രതിദിന യാത്രക്കാരുടെ എണ്ണത്തിലും വരുമാനത്തിലും വർധനവ്

ഉണ്ടാകുകയും ചെയ്തിട്ടുണ്ട്. ഇതിലൂടെ ശരാശരി ഇ.പി.കെ.എം. 36.57 രൂപ എന്നതിൽനിന്നും 50.25 രൂപയായി വർധിച്ചു.

5. പരമാവധി ചെലവ് കുറച്ച് വരുമാനം വർധിപ്പിക്കുന്നതിനുള്ള എല്ലാവിധ ക്രമീകരണങ്ങളും കൃത്യമായി പുനരവലോകനവും ചെയ്തുവരുന്നു. ആദ്യഘട്ടമെന്ന നിലയിൽ ബസ് സർവ്വീസ് നടത്തുന്നതിനുള്ള നേരിട്ടുള്ള പ്രവർത്തന ചെലവുകളായ ഡീസൽ, സ്പെയർ പാർട്സ്, ക്രൂ ശമ്പളം, അലവൻസുകൾ, ടോൾ, ഇൻഷ്വറൻസ് തുടങ്ങിയ നേരിട്ടുള്ള ഓപ്പറേഷണൽ ചെലവുകൾ ടിക്കറ്റ് വരുമാനത്തിൽനിന്നുംതന്നെ കണ്ടെത്തി ഓരോ യൂണിറ്റിനെയും പ്രോഫിറ്റ് സെന്ററാക്കി മാറ്റുന്ന പ്രവർത്തനം നടന്നുവരുന്നു. ഇതിന്റെ ഭാഗമായി 2024 ജൂലൈ മാസം 52 യൂണിറ്റുകൾ മാത്രം ഇത്തരം പ്രവർത്തന ലാഭം ലഭ്യമാക്കുകയും 41 യൂണിറ്റുകൾ പ്രവർത്തന നഷ്ടം വരുത്തുകയും ചെയ്ത സ്ഥാനത്ത് യൂണിറ്റ്തല ഏകോപനത്തിലൂടെയും യൂണിറ്റുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തിയതിലൂടെയും 2024 ഡിസംബർ മാസത്തിൽ ആകെ 93 യൂണിറ്റുകളിൽ 88 യൂണിറ്റുകൾ പ്രവർത്തന ലാഭത്തിലും 5 യൂണിറ്റുകൾ മാത്രം പ്രവർത്തന നഷ്ടത്തിലുമായി മാറിയിട്ടുണ്ട്.

ഇത് ജനുവരി മാസം 90 യൂണിറ്റുകൾ പ്രവർത്തന ലാഭത്തിലും 3 യൂണിറ്റുകൾ മാത്രം ഇത്തരത്തിൽ പ്രവർത്തന നഷ്ടത്തിലും എന്ന മികച്ച രീതിയിൽ മെച്ചപ്പെട്ടിട്ടുണ്ട്. ഇതുസംബന്ധിച്ച് നടത്തിയ വിവിധ മീറ്റിങ്ങുകളിൽ എടുത്ത തീരുമാനങ്ങൾ പ്രകാരം വ്യക്തമായ പദ്ധതികൾ ആവിഷ്കരിക്കുകയും മേഖല, യൂണിറ്റ്തലത്തിൽ പരിശോധനയും ചർച്ചകളും നടത്തി കൃത്യമായ പ്ലാനിങ്ങോടുകൂടി സർവീസ് പുനഃക്രമീകരണം നടപ്പിലാക്കിയതിന്റെ ഫലമായി പ്രസ്തുത നേട്ടങ്ങൾ കരസ്ഥമാക്കി കൂടുതൽ മെച്ചപ്പെടുത്തുന്നതിന് പ്രവർത്തനങ്ങൾ നടന്നുവരുന്നു.

6. തമിഴ്നാടുമായുള്ള 2019-ലെ അന്തർസംസ്ഥാന കരാറിന്റെ അടിസ്ഥാനത്തിൽ കേരളത്തിന് അധിക സർവീസ് നടത്താൻ അവകാശമുണ്ടായിരുന്ന റൂട്ടുകളിൽകൂടി പുതിയ അന്തർസംസ്ഥാന സർവീസുകൾ ആരംഭിച്ചു. വോൾവോ, ലോ ഫ്ലോർ എ.സി., സൂപ്പർഫാസ്റ്റ്, ഫാസ്റ്റ് പാസഞ്ചർ ബസ്സുകളാണ് സർവീസുകൾക്കായി ഉപയോഗിക്കുന്നത്. സംസ്ഥാനത്തെ വിവിധ യൂണിറ്റുകളിൽനിന്നും കോയമ്പത്തൂർ, തെങ്കാശി, തേനി, കമ്പം, ഉദുമൽപേട്ട്, പൊള്ളാച്ചി എന്നിവിടങ്ങളിലേയ്ക്കാണ്

ബാക്കിയുണ്ടായിരുന്ന വരുമാന ലഭ്യതയുള്ള പുതിയ അന്തർസംസ്ഥാന സർവീസുകൾ ആരംഭിച്ചത്.

കേരളത്തിലെ പൊതുഗതാഗത രംഗത്ത് എന്നതുപോലെ ഇന്ധന വിതരണ രംഗത്തും കെ.എസ്.ആർ.ടി.സി. യാത്രാ ഫ്യൂവൽസിനെ ഒരു പ്രമുഖ ഇന്ധന വിതരണ ശൃംഖലയായി പ്രവർത്തിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്.

പ്രതിദിനം ശരാശരി 250 KL ഡീസലാണ് യാത്രാ ഫ്യൂവൽസിൽനിന്നും കെ.എസ്.ആർ.ടി.സി. ബസ്സുകൾക്ക് നൽകിവരുന്നത്. 2022 ഫെബ്രുവരി മാസം മുതൽ ബൾക്ക് കൺസ്യൂമേഴ്സിന് നൽകുന്ന ഡീസലിന് വിപണി വിലയെക്കാൾ കൂടിയ നിരക്കാണ് ഈടാക്കിവരുന്നത്. യാത്രാ ഫ്യൂവൽസ്വഴി കെ.എസ്.ആർ.ടി.സി.-ക്ക് ഇന്ധന വിതരണം നടത്തിയതിലൂടെ കൊച്ചി ടെർമിനലിലെ ബൾക്ക് പർച്ചേയ്സർ റേറ്റ് പ്രകാരം കെ.എസ്.ആർ.ടി.സി.-ക്ക് ഉണ്ടാകുമായിരുന്ന ഏകദേശം 271 കോടിയോളം രൂപയുടെ അധിക സാമ്പത്തിക ബാധ്യത ഇതുവരെ ഒഴിവാക്കുന്നതിന് സാധിച്ചിട്ടുണ്ട്. യാത്രാ ഫ്യൂവൽസ്വഴി പൊതുജനങ്ങൾക്കുള്ള പ്രതിദിന വില്പന ശരാശരി 73 KL കടന്നിട്ടുണ്ട്.

ഇപ്രകാരം പൊതുജനങ്ങൾക്ക് യാത്രാ ഫ്യൂവൽ ഔട്ട്‌ലെറ്റുകൾ മുഖേന ഇന്ധനവിതരണം നടത്തിയതിലൂടെ 2021 സെപ്റ്റംബർ മുതൽ 2024 ഡിസംബർ മാസം വരെ ഏകദേശം 631.54 കോടി രൂപയുടെ വിറ്റുവരവ് നടത്തുവാനും അതിലൂടെ ഏകദേശം 18.36 കോടിയോളം രൂപയുടെ ഡീലർ കമ്മീഷൻ നേടുവാനും കഴിഞ്ഞിട്ടുണ്ട്.

വരുമാന വർധനവിനായി ആരംഭിച്ച വിവിധ പദ്ധതികളിലൂടെ കെ.എസ്.ആർ.ടി.സി.-ക്ക് വരുമാന വർധനവുണ്ടായിട്ടുണ്ട്.

കെ.എസ്.ആർ.ടി.സി-യിൽനിന്നും വിടുതൽ വാങ്ങിയവരുടെ പെൻഷൻ വിഹിതം

224(1797) ഡോ. എം. കെ. മുനീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പങ്കാളിത്ത പെൻഷൻ നിലവിൽ വന്നതിനുശേഷം കെ.എസ്.ആർ.ടി.സി.-യിൽ ജോലിയിൽ പ്രവേശിച്ചവരുടെ പെൻഷൻ പദ്ധതിയിൽ ഈടാക്കിയ തുക തൊഴിലാളികളുടെ അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ടോ?

തുക ഭാഗികമായി നിക്ഷേപിച്ചുവരുന്നു.

(ബി) കെ.എസ്.ആർ.ടി.സി.-യിൽനിന്നും വിടുതൽ വാങ്ങിയവരുടെ പെൻഷൻ വിഹിതം തിരികെ നൽകുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ; എങ്കിൽ എത്രയും വേഗം ഇവർക്ക് തുക നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

സാമ്പത്തിക പ്രതിസന്ധി കാരണം തടസ്സം വരുന്നുണ്ട്. എന്നാലും ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് തടസ്സം കൂടാതെ നൽകിവരുന്നുണ്ട്.

കെ.എസ് .ആർ.ടി.സി. ജീവനക്കാർ

225(1798) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-ൽ സർക്കാർ അധികാരമൊഴിയുമ്പോൾ കെ.എസ്.ആർ.ടി.സി.-യിൽ എത്ര ജീവനക്കാർ ഉണ്ടായിരുന്നുവെന്ന് വ്യക്തമാക്കാമോ?

2016-ൽ സർക്കാർ അധികാരമൊഴിയുമ്പോൾ കെ.എസ്.ആർ.ടി.സി.-യിൽ 05/2016-ലെ റോൾ പ്രകാരം 35842 സ്ഥിരം ജീവനക്കാരുണ്ടായിരുന്നു. കൂടാതെ, കരാർ അടിസ്ഥാനത്തിൽ 4 പേരും 9092 താൽക്കാലിക ജീവനക്കാരും ഉണ്ടായിരുന്നു.

(ബി) നിലവിൽ കെ.എസ്.ആർ.ടി.സി.-യിൽ എത്ര ജീവനക്കാരുണ്ടെന്ന് വ്യക്തമാക്കാമോ?

നിലവിൽ കെ.എസ്.ആർ.ടി.സി.-യിൽ 02/2025-ലെ റോൾ പ്രകാരം 23321 സ്ഥിരം ജീവനക്കാരുണ്ട്. നിലവിൽ സേവനത്തിലുള്ള കരാർ ജീവനക്കാരുടെ എണ്ണം - 12 (As per 01-02-2025)

2025 ജനുവരി മാസത്തെ കണക്ക് പ്രകാരം കെ.എസ്.ആർ.ടി.സി.-യിൽ താൽക്കാലിക, ബദലി ജീവനക്കാരുടെ എണ്ണം ചുവടെ ചേർക്കുന്നു:

താൽക്കാലിക ജീവനക്കാർ - 867 എണ്ണം

ബദലി ജീവനക്കാർ - 5247 എണ്ണം

കെ.എസ്.ആർ.ടി.സി.-യിലെ വിവിധ തസ്തികകളിലെ ഒഴിവുകൾ

226(1799) <u>ശ്രീ. എം. വിൻസെന്റ്</u>: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കെ.എസ്.ആർ.ടി.സി.-യിൽ നിലവിൽ കണ്ടക്ടർ, ഡ്രൈവർ എന്നീ വിഭാഗങ്ങളിലെ തസ്തികകളിൽ എത്ര ഒഴിവുകളുണ്ട്; പ്രസ്തുത വിഭാഗങ്ങളിൽ എത്ര താൽക്കാലിക ജീവനക്കാർ ജോലി ചെയ്യുന്നുണ്ടെന്ന് വ്യക്തമാക്കാമോ?

പ്രൊഫ. സുശീൽ ഖന്ന റിപ്പോർട്ട് പ്രകാരം കെ.എസ്.ആർ.ടി.സി.-യിലെ ബസ്-ജീവനക്കാർ അനുപാതം ദേശീയ ശരാശരിയെക്കാളും കൂടുതലാണ്. അതിനാൽ സ്ഥിരം കണ്ടക്ടർ, ഡ്രൈവർ തസ്തികകളിൽ ഒഴിവുകൾ നിലവിലില്ല. എന്നാൽ, ശബരിമല/മറ്റ് അവധിക്കാല സ്പെഷ്യൽ സർവീസുകൾ കാര്യക്ഷമമായി നടത്തുന്നതിനും സ്ഥിരം ജീവനക്കാരുടെ അവധി കാരണമുള്ള താൽക്കാലിക ഒഴിവുകൾ നികത്തുന്നതിനും ചുവടെ പറയുന്ന എണ്ണം ബദലി ജീവനക്കാർ (ദിവസവേതനാടിസ്ഥാനത്തിൽ) താൽക്കാലിക വ്യവസ്ഥയിൽ ജോലി ചെയ്യുന്നുണ്ട്.

കണ്ടക്ടർ - 1864

ഡ്രൈവർ - 3301

കെ.എസ്.ആർ.ടി.സി. ഷെഡ്യൂളുകൾ

227(1800) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-ൽ സർക്കാർ അധികാരമൊഴിയുമ്പോൾ കെ.എസ്.ആർ.ടി.സി.-യിൽ എത്ര ഷെഡ്യൂളുകൾ ഉണ്ടായിരുന്നുവെന്ന് വ്യക്തമാക്കാമോ;

(ബി) നിലവിൽ കെ.എസ്.ആർ.ടി.സി.-യിൽ എത്ര ഷെഡ്യൂളുകൾ ഉണ്ടെന്ന് വ്യക്തമാക്കാമോ?

(എ&ബി) 2016 ഏപ്രിൽ മാസം കെ.എസ്.ആർ.ടി.സി.-യിൽ വിവിധ യൂണിറ്റുകളിലായി പേപ്പർ ഷെഡ്യൂളുകൾ ഉൾപ്പെടെ ആകെ 5809 ഷെഡ്യൂളുകൾക്ക് അനുമതി നൽകിയിരുന്നു. എന്നാൽ ഇതിൽ ശരാശരി 4873 സർവീസുകൾ മാത്രമാണ് ഓപ്പറേറ്റ് ചെയ്തിരുന്നത്.

2025 ജനുവരി മാസത്തെ കണക്കനുസരിച്ച് 4725 ഷെഡ്യൂളുകളാണ് ഇപ്പോൾ നടത്തിവരുന്നത്.

കെ.എസ്.ആർ.ടി.സി. ഡിപ്പോകളിൽ നിർമ്മിച്ചിട്ടുള്ള വാണിജ്യ കേന്ദ്രങ്ങൾ

228(1801) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ഡിപ്പോകളിൽ നിർമ്മിച്ചിട്ടുള്ള വാണിജ്യ കേന്ദ്രങ്ങളിൽ എത്ര സ്റ്റാളുകളാണ് ഒഴിഞ്ഞുകിടക്കുന്നതെന്നും അവ എവിടെയെല്ലാമാണെന്നും വിശദമാക്കാമോ?

കെ.എസ്.ആർ.ടി.സി. വിവിധ ഡിപ്പോകളിൽ നിർമ്മിച്ച വാണിജ്യ കേന്ദ്രങ്ങളിൽ 78 കടമുറികൾ ഒഴിഞ്ഞുകിടക്കുന്നു.

Neyyattinkara - 03

Nedumangad - 02

Kattakada - 04

Kottarakara - 04

Cherthala - കടമുറികൾ ഒഴിവില്ല

Payyanur - 16

Kannur - 03

Kasargod - 46

(ബി) ഒഴിവുണ്ടെങ്കിൽ ആയവ വാണിജ്യ സ്റ്റാളുകൾക്കായി ലേലം ചെയ്ത് കൊടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ സ്വീകരിക്കുമോ?

നിരവധി തവണ ടെൻഡർ നടപടികൾ സ്വീകരിച്ചിട്ടുള്ളതാണ്, തുടർന്നും സ്വീകരിച്ചുവരുന്നു.

കെ.എസ്.ആർ.ടി.സി. സൂപ്പർഫാസ്റ്റ് പ്രീമിയം സർവീസ്

229(1802) ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട്നിന്നും തിരുവനന്തപുരത്തേയ്ക്ക് കെ.എസ്.ആർ.ടി.സി സൂപ്പർഫാസ്റ്റ് പ്രീമിയം സർവീസ് ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്നുമുതൽ നടപ്പിലാക്കാൻ കഴിയുമെന്ന് വിശദമാക്കാമോ?

(എ&ബി) പാലക്കാട്-തിരുവനന്തപുരം റൂട്ടിൽ നിലവിൽ 2 സൂപ്പർ ഫാസ്റ്റ് പ്രീമിയം സർവീസുകൾ നടത്തിവരുന്നുണ്ട്.

കൂടുതൽ സൂപ്പർ ഫാസ്റ്റ് പ്രീമിയം എ.സി. ബസുകൾ പാലക്കാട്-തിരുവനന്തപുരം റൂട്ടിൽ ആരംഭിക്കുന്നത് മുൻഗണനാ ക്രമത്തിൽ പരിഗണിക്കുന്നതാണ്.

(സി) പാലക്കാട്നിന്നും മറ്റേതെല്ലാം സ്ഥലങ്ങളിലേയ്ക്കാണ് സൂപ്പർഫാസ്റ്റ് പ്രീമിയം സർവീസ് ആരംഭിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

പ്ലാൻ ഫണ്ടുപയോഗിച്ച് പുതിയ ബസ്സുകൾ വാങ്ങുന്ന മുറയ്ക്ക് പാലക്കാട്-കോഴിക്കോട് റൂട്ടിൽ പ്രീമിയം സൂപ്പർഫാസ്റ്റ് എ.സി. സർവീസ് ആരംഭിക്കുവാൻ മുൻഗണന നൽകിയിട്ടുണ്ട്.

മലപ്പുറം കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ കം ഷോപ്പിങ് കോംപ്ലക്സ്

230(1803) <u>ശ്രീ. പി. ഉബൈദുള്ള</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ കം ഷോപ്പിങ് കോംപ്ലക്സ് രണ്ടാം ഘട്ട നിർമ്മാണ പ്രവൃത്തിക്ക് 2024-25 വർഷത്തെ ബജറ്റ് മറുപടി പ്രസംഗത്തിൽ ധനകാര്യ വകുപ്പുമന്ത്രി നിയമസഭയിൽ പ്രഖ്യാപിച്ച

അഞ്ചുകോടി രൂപയുടെ എസ്റ്റിമേറ്റ് നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) ജില്ലാ ആസ്ഥാനത്തെ മാസ്റ്റർ പ്രോജക്ടായ കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ-കം-ഷോപ്പിങ് കോംപ്ലക്സ് രണ്ടാം ഘട്ട നിർമ്മാണ പ്രവൃത്തിക്ക് വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി നൽകണമെന്നാവശ്യപ്പെട്ട് സ്ഥലം എം.എൽ.എ. 10-12-2024-ന് നൽകിയ പി.യു./84/2024/പി.ഡബ്ല്യു.ഡി./എം.പി.എം. നമ്പർ കത്തിൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ?

(എ&ബി) ജില്ലാ ആസ്ഥാനത്തെ മാസ്റ്റർ പ്രോജക്ടായ കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ കം ഷോപ്പിങ് കോംപ്ലക്സ് രണ്ടാം ഘട്ട നിർമ്മാണ പ്രവൃത്തിക്ക് വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി പൊതുമരാമത്ത് വകുപ്പിൽനിന്നും 04-02-2025-ൽ കെ.എസ്.ആർ.ടി.സി.-യിൽ നൽകിയിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു.

കോവിഡ് കാലത്ത് നിർത്തിവച്ചിരുന്ന സർവീസുകൾ പുനരാരംഭിക്കാൻ നടപടി

231(1804) ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോവിഡ് കാലത്ത് നിർത്തിവച്ചിരുന്ന കെ.എസ്.ആർ.ടി.സി. സർവീസുകൾ പൂർണ്ണമായും പുനരാരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; അരുവിക്കര മണ്ഡലത്തിലെ ഡിപ്പോകളിൽനിന്നും ഇത്തരത്തിൽ ഇനി സർവീസ് പുനരാരംഭിക്കാനുള്ള ടിപ്പുകളുടെ വിശദാംശം ഡിപ്പോ തിരിച്ച് നൽകാമോ?

കോവിഡ്കാല ഗതാഗത നിയന്ത്രണങ്ങൾ അവസാനിച്ചതിനെ തുടർന്ന് ലാഭകരവും ജനോപകാരപ്രദവുമായ കെ.എസ്.ആർ.ടി.സി. ബസ് സർവീസുകൾ പുനഃക്രമീകരിച്ച് ഇതിനോടകംതന്നെ സർവീസ് ആരംഭിച്ചിട്ടുണ്ട്.

എന്നാൽ,

വെള്ളനാട് യൂണിറ്റിൽനിന്നുള്ള കാരക്കൻതോട്, മൈലം

ആര്യനാട് യൂണിറ്റിലെ നെടുമങ്ങാട്-മീനാങ്കൽ, മീനാങ്കൽ-തിരുവനന്തപുരം, ആര്യനാട്-തിരുവനന്തപുരം

വിതുര യൂണിറ്റിലെ വിതുര-ചെരുപ്പാണി-ആര്യനാട്-വാഴിച്ചൽ-വെള്ളറട-കളിയിക്കാവിള, വിതുര-ഉരുളക്കുന്ന്-മീനാങ്കൽ-ആര്യനാട്-

നെടുമങ്ങാട്-തിരുവനന്തപുരം, വിളപ്പുര-മേത്തോട്ടം-നെടുമങ്ങാട്-തിരുവനന്തപുരം, വിളപ്പുര (stay)-നെടുമങ്ങാട്-തിരുവനന്തപുരം, വിളപ്പുര-നെടുമങ്ങാട്-തിരുവനന്തപുരം (stay) എന്നീ ട്രിപ്പുകൾ പഴയ സമയക്രമത്തിൽ പുനരാരംഭിച്ചിട്ടില്ലെങ്കിലും ജനോപകാരപ്രദമായ രീതിയിൽ പുനഃക്രമീകരിച്ച് ഓപ്പറേറ്റ് ചെയ്തുവരുന്നു. കൂടുതൽ സർവീസുകൾ ആരംഭിക്കുന്ന കാര്യം യാത്രാവശ്യം അനുസരിച്ച് സാധ്യതാപഠനം നടത്തി പരിശോധിക്കുന്നതാണ്.

ആറ്റിങ്ങൽ ഡിപ്പോയിലെ പുതിയ മന്ദിരത്തിന്റെ നിർമ്മാണം

232(1805) ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആറ്റിങ്ങൽ കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ പുതിയ മന്ദിരം നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

നിലവിലെ കെട്ടിടം പൊളിച്ച് മാറ്റി, MLA ഫണ്ടും ബജറ്റ് വിഹിതവും ഉപയോഗിച്ച് L Shape-ൽ പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായുള്ള

Requirements തയ്യാറാക്കി PWD എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നൽകിയിട്ടുണ്ട്.

മൂന്നാർ കെ.എസ്.ആർ.ടി.സി. ഡിപ്പോയിലെ വികസന പ്രവർത്തനങ്ങൾ

233(1806) ശ്രീ. എ. രാജ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024-25 വർഷത്തെ ബജറ്റിൽ അനുവദിച്ച തുക ഉപയോഗപ്പെടുത്തി മൂന്നാർ കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ എന്തൊക്കെ വികസന പ്രവർത്തനങ്ങളാണ് നടത്താൻ തീരുമാനിച്ചിരിക്കുന്നതെന്ന് അറിയിക്കുമോ?

ബജറ്റിൽ വകയിരുത്തിയിട്ടുള്ള 5 കോടി രൂപ വിനിയോഗിച്ച് PWD മുഖേന പുതിയ ബസ് സ്റ്റേഷന്റെ നിർമ്മാണ പ്രവൃത്തിയാണ് നടത്താൻ തീരുമാനിച്ചിരിക്കുന്നത്.

(ബി) ഇതുമായി ബന്ധപ്പെട്ട് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

പ്രസ്തുത പ്രവൃത്തിക്കായുള്ള പ്ലാൻ തയ്യാറാക്കുന്നതിനായി Requirements തയ്യാറാക്കി PWD-ക്ക് നൽകിയിട്ടുണ്ട്.

കാസർഗോഡ് മണ്ഡലത്തിലെ കെ.എസ്.ആർ.ടി.സി. ബസ് റൂട്ടുകൾ

234(1807) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് മണ്ഡലത്തിൽ നിലവിലുള്ള കെ.എസ്.ആർ.ടി.സി. ബസ് റൂട്ടുകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ?

കാസർഗോഡ്-സുള്ള്യ, കാസർഗോഡ്-പുത്തൂർ, കാസർഗോഡ്-കണ്ണൂർ, കാസർഗോഡ്-മംഗലാപുരം, കാസർഗോഡ്-ബന്തടുക്ക, കാസർഗോഡ്-ബാംഗ്ലൂർ, കാസർഗോഡ്-മാനന്തവാടി, കാസർഗോഡ്-സുബ്രഹ്മണ്യ, കാസർഗോഡ്-ചട്ടഞ്ചാൽ, കാസർഗോഡ്-പൊയിനാച്ചി, കാസർഗോഡ്-കല്ലളി, കാസർഗോഡ്-ബിട്ടിക്കൽ, കാസർഗോഡ്-ബേവൂരി, കാസർഗോഡ്-കല്ലംവളപ്പ്, കാസർഗോഡ്-പെരുമ്പള, കാസർഗോഡ്-നർക്കിലക്കാട്, കാസർഗോഡ്-മാലോം, കാസർഗോഡ്-കോഴിക്കോട്, കാസർഗോഡ്-തൃശ്ശൂർ, കാസർഗോഡ്-കോട്ടയം, കാസർഗോഡ്-ബളാംതോട് എന്നീ സർവീസുകൾ കാസർഗോഡ് മണ്ഡലത്തിൽക്കൂടി നടത്തിവരുന്നു.

(ബി) കഴിഞ്ഞ പതിനഞ്ച് വർഷത്തിനിടയിൽ മണ്ഡലത്തിൽ റദ്ദ് ചെയ്തതും പുതുതായി ആരംഭിച്ചതുമായ സർവീസുകൾ ഏതൊക്കെയാണെന്ന് വർഷം തിരിച്ച് വ്യക്തമാക്കാമോ;

(സി) സർവ്വീസുകൾ/റൂട്ടുകൾ റദ്ദ് ചെയ്യാനുള്ള കാരണം എന്താണെന്നും അവ പുനഃസ്ഥാപിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ?

(ബി&സി) കാസർഗോഡ് ജില്ലയിൽ നിന്നുപോയ സർവ്വീസുകൾ:

1. വാണി നഗർ - 2015

2. മുള്ളേരിയ - 2015

3. മുളിഗദ്ദെ - 2015

4. മൈസൂർ - 2018

5. പാടി - 2019

6. അട്ടൂർ - 2020

7. മല്ലം - 2020

8. നീലേശ്വരം (2) - 2020

9. കട്ടീൽ - 2020

10. കാട്ടുകുക്കെ - 2020

11. മുണ്ട്യത്തടുക്ക – 2020

12. കമ്പാർ - 2020

13. കണ്ണൂർ (2) - 2020

14. ചീക്കാട് - 2020

15. പാണത്തൂർ - 2020

യാത്രക്കാർ കുറവായതിനാലും പ്രവർത്തന ചെലവ് പോലും ലഭിക്കാതെ വന്നതിനാലും കാലഹരണപ്പെട്ടതിനാലും നിന്നുപോയ ഈ സർവ്വീസുകളിലെ ജനോപകാരപ്രദമായ ടിപ്പുകൾ ഇതിനോടകംതന്നെ പുനഃക്രമീകരിച്ച് ആരംഭിച്ചിട്ടുണ്ട്.

ആരംഭിച്ച സർവ്വീസുകൾ:

1. സുള്ള്യ - 2012

2. മാലോം - 2014

3. തൃശ്ശൂർ - 2016

4. പരിപ്പുതോട് - 2016

5. മാനന്തവാടി - 2016

6. ബളാംതോട് - 2017

7. കോട്ടയം (മിന്നൽ) - 2017

8. നർക്കിലക്കാട് - 2019

9. കുമ്പള (ഗ്രാമവണ്ടി) - 2023

(ഡി) കാസർഗോഡ് മണ്ഡലത്തിൽ ഏറ്റവും ആദായകരവും തീരെ ആദായകരമല്ലാത്തതുമായ റൂട്ടുകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ?

കാസർഗോഡ് മണ്ഡലത്തിലൂടെ സർവീസ് നടത്തുന്ന സുള്ള്യ, പുത്തൂർ, കണ്ണൂർ, കാഞ്ഞങ്ങാട്, മംഗലാപുരം എന്നിവ ആദായകരമായി ഓപ്പറേറ്റ് ചെയ്തുവരുന്നു.

കല്ലംവളപ്പ്, ചട്ടഞ്ചാൽ, പൊയിനാച്ചി, പെരുമ്പള, ബേവൂരി, പറമ്പ, ബിട്ടിക്കൽ, കല്ലളി എന്നീ റൂട്ടുകൾ താരതമ്യേന ആദായകരമല്ല.

വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ സ്ഥലംമാറ്റിയ ജീവനക്കാർ

235(1808) ശ്രീ. എ. രാജ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിലെ മൂന്നാർ കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽനിന്നും വർക്കിങ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ എത്ര ജീവനക്കാരെ മറ്റ് ഡിപ്പോകളിലേയ്ക്ക് സ്ഥലംമാറ്റിയിട്ടുണ്ടെന്ന് അറിയിക്കുമോ; വിശദാംശം ലഭ്യമാക്കാമോ?

മൂന്നാർ ഡിപ്പോയിൽനിന്നും രണ്ട് ഡ്രൈവർമാരെ ഹരിപ്പാട് ഡിപ്പോയിലേയ്ക്കും രണ്ട് കണ്ടക്ടർമാരെ നെടുങ്കണ്ടം ഡിപ്പോയിലേയ്ക്കും ഒരു കണ്ടക്ടറെ മൂലമറ്റം ഡിപ്പോയിലേയ്ക്കും വർക്കിങ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ സ്ഥലംമാറ്റിയിട്ടുണ്ട്.

(ബി) പ്രസ്തുത ജീവനക്കാരെ മാറ്റിയത് മൂന്നാർ ഡിപ്പോയുടെ പ്രവർത്തനത്തെ സാരമായി ബാധിച്ചിട്ടുണ്ടോ എന്ന് അറിയിക്കുമോ?

സർവീസ് ഓപ്പറേഷനെ സാരമായി ബാധിച്ചിട്ടില്ല.

(സി) എത്ര കാലയളവിലേയ്ക്കാണ് വർക്കിങ് അറേഞ്ച്മെന്റ് നടത്തിയിട്ടുള്ളതെന്ന് അറിയിക്കുമോ;

(ഡി) പ്രസ്തുത ജീവനക്കാരുടെ വർക്കിങ് അറേഞ്ച്മെന്റ് കാലാവധി പൂർത്തീകരിച്ചിട്ടുണ്ടോ എന്ന് അറിയിക്കുമോ;

(ഇ) ഉണ്ടെങ്കിൽ അവരെ മൂന്നാർ ഡിപ്പോയിലേയ്ക്ക് തിരികെ മാറ്റുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് വിശദമാക്കാമോ?

(സി-ഇ) മേൽപ്പറഞ്ഞ മൂന്ന് ഡിപ്പോകളിൽ സർവീസ് നടത്തിപ്പിന് ആവശ്യമായ ജീവനക്കാരുടെ അഭാവത്തിലാണ് മൂന്നാർ യൂണിറ്റിൽനിന്ന് ജീവനക്കാരെ വർക്കിങ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ നിയോഗിച്ചത്. എന്നാൽ, മൂന്നാർ ഡിപ്പോയിൽ ജീവനക്കാരുടെ അഭാവം ബോധ്യപ്പെട്ടാൽ വർക്കിങ് അറേഞ്ച്മെന്റ് മാറ്റി ജീവനക്കാരെ തിരികെ മാറ്റുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

കോതമംഗലം ഡിപ്പോയിൽനിന്നും വേളാങ്കണ്ണിക്ക് പുതിയ ബസ് സർവീസ്

236(1809) <u>ശ്രീ. ആന്റണി ജോൺ</u>: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തീർത്ഥാടന കേന്ദ്രമായ വേളാങ്കണ്ണിയിലേയ്ക്ക് മൂന്നാർ-ബോഡിമെട്ട്-തേനി-തിരുച്ചിറപ്പള്ളിവഴി കോതമംഗലം കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽനിന്നും പുതിയ സർവീസ് ആരംഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

അയൽ സംസ്ഥാനങ്ങളുമായി കാലാകാലങ്ങളിൽ രൂപീകരിക്കുന്ന അന്തർസംസ്ഥാന കരാറിലെ വ്യവസ്ഥകൾ പ്രകാരമാണ് കെ.എസ്.ആർ.ടി.സി. അന്തർസംസ്ഥാന സർവീസുകൾ നിലവിൽ നടത്തിവരുന്നത്. നിലവിലെ അന്തർസംസ്ഥാന കരാർ പ്രകാരം കോതമംഗലത്ത് നിന്നും മൂന്നാർ-ബോഡിമെട്ട്-തേനി-തിരുച്ചിറപ്പള്ളിവഴി വേളാങ്കണ്ണിയിലേയ്ക്ക് സർവീസ് നടത്തുന്നതിന് വ്യവസ്ഥ ചെയ്തിട്ടില്ലാത്തതിനാൽ, ടി റൂട്ടിൽ പുതിയ അന്തർസംസ്ഥാന സർവീസ് ആരംഭിക്കുന്നതിന് സാധിക്കുകയില്ല.

കൂടാതെ ടി സർവീസ് സംബന്ധിച്ച് സാധ്യതാപഠനം നടത്തിയതിൽ, കോതമംഗലത്ത് നിന്ന് ആരംഭിച്ച്, ഹൈറേഞ്ച് മേഖലകളിലൂടെ സഞ്ചരിച്ച്, തമിഴ്നാട്ടിലൂടെ കൂടുതൽ ദൂരം സഞ്ചരിക്കേണ്ടി വരുന്നതിനാൽ മതിയായ യാത്രക്കാരെ ലഭിക്കുകയില്ലെന്നും ആയതിനാൽ ടി സർവീസിന് ഓപ്പറേറ്റിങ് ചെലവ് പോലും ലഭിക്കുവാൻ സാധ്യതയില്ലെന്നും കാണുന്നു.

വൈക്കം ഡിപ്പോയിൽ പുതിയ സ്വിഫ്റ്റ് ബസുകൾ അനുവദിക്കാൻ നടപടി

237(1810) ശ്രീമതി സി. കെ. ആശ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് കാലഘട്ടത്തിൽ വൈക്കം ഡിപ്പോയിലെ ഏതെല്ലാം ബസ്സ് സർവീസുകളാണ് നിർത്തലാക്കിയതെന്ന് വ്യക്തമാക്കുമോ; അവ പുനരാരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

കോവിഡ് കാലഘട്ടത്തിൽ നിർത്തിവെച്ച വൈക്കം യൂണിറ്റിലെ 06.45 നെടുമ്പാശ്ശേരി, 06.40 തിരുനെല്ലി ഫാസ്റ്റ് പാസഞ്ചർ, 07.20 മലമ്പുഴ ഫാസ്റ്റ് പാസഞ്ചർ എന്നീ മൂന്ന് സർവീസുകളിൽ, 07.20 മലമ്പുഴ ഫാസ്റ്റ് പാസഞ്ചർ 07.30 പാലക്കാട് ഫാസ്റ്റ് പാസഞ്ചർ ആയി പുനഃക്രമീകരിച്ച് സർവീസ് നടത്തിവരുന്നു.

എന്നാൽ 06.45 നെടുമ്പാശ്ശേരി, 06.40 തിരുനെല്ലി ഫാസ്റ്റ് പാസഞ്ചർ എന്നീ സർവീസുകൾ യാത്രക്കാർ കുറവായതിനാലും പ്രവർത്തന ചെലവ് പോലും ലഭിക്കാതെ വന്നതിനാലും പുനരാരംഭിച്ചിട്ടില്ല.

(ബി) പ്രസ്തുത ഡിപ്പോയ്ക്ക് പുതിയ സ്വിഫ്റ്റ് ബസ്സുകൾ അനുവദിക്കുന്നതിന് തടസ്സം നിലവിലുണ്ടോ; ഇല്ലെങ്കിൽ പുതിയ സ്വിഫ്റ്റ് ബസ്സുകൾ എന്നത്തേയ്ക്ക് അനുവദിക്കാൻ സാധിക്കുമെന്ന് അറിയിക്കുമോ?

ഓരോ യൂണിറ്റിലും പുതുതായി അനുവദിക്കുന്ന ഷെഡ്യൂളുകളുടെ ആവശ്യകതയ്ക്കനുസരിച്ചാണ് സ്വിഫ്റ്റ് ഉൾപ്പെടെയുള്ള ബസ്സുകൾ അനുവദിച്ച് വരുന്നത്. പുതുതായി ലഭ്യമാക്കിയ മുഴുവൻ സ്വിഫ്റ്റ് ബസ്സുകളും വിവിധ യൂണിറ്റുകളിൽ ലഭ്യമാക്കി സർവീസിനായി ഉപയോഗിച്ചുവരുന്നുണ്ട്. ടി സാഹചര്യത്തിൽ കൂടുതൽ സ്വിഫ്റ്റ് ബസ്സുകൾ ലഭ്യമാകുന്ന മുറയ്ക്ക് വൈക്കം ഡിപ്പോയിലേയ്ക്കും അനുവദിക്കണമെന്ന ആവശ്യം പരിശോധിക്കുന്നതാണ്.

കെ.എസ്.ആർ.ടി.സി. പെരിന്തൽമണ്ണ ഡിപ്പോയിൽനിന്നുള്ള സർവീസുകൾ

238(1811) <u>ശ്രീ. നജീബ് കാന്തപുരം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡിനെ തുടർന്ന് കെ.എസ്.ആർ.ടി.സി. പെരിന്തൽമണ്ണ ഡിപ്പോയിൽനിന്നുള്ള എത്ര സർവീസുകൾ നിർത്തലാക്കിയിട്ടുണ്ടെന്നും പിന്നീട് ഇതിൽ എത്ര സർവീസുകൾ പുനരാരംഭിച്ചിട്ടുണ്ടെന്നും വിശദമാക്കുമോ;

(ബി) ബാക്കിയുള്ള സർവീസുകൾ പുനരാരംഭിക്കാത്തത് എന്തുകൊണ്ടാണെന്ന് അറിയിക്കുമോ?

(എ&ബി) കോവിഡ് കാലത്ത് പെരിന്തൽമണ്ണ യൂണിറ്റിലെ നിർത്തിവെച്ച 15.10 തിരുവനന്തപുരം, 18.30 തിരുവനന്തപുരം, 05.00 താമരശ്ശേരി, 07.00 കൊയിലാണ്ടി, 08.00 കൊയിലാണ്ടി, 09.00 കൊയിലാണ്ടി എന്നീ 6 (ആറ്) സർവീസുകളിൽ 15.10 തിരുവനന്തപുരം, 18.30 തിരുവനന്തപുരം എന്നീ 2 (രണ്ട്) സർവീസുകൾ യാത്രക്കാർ കുറവായതിനാലും പ്രവർത്തന ചെലവ് പോലും ലഭിക്കാതെ വന്നതിനാലും പുനരാരംഭിച്ചിട്ടില്ല.

എന്നാൽ 05.00 താമരശ്ശേരി, 07.00 കൊയിലാണ്ടി, 08.00 കൊയിലാണ്ടി, 09.00 കൊയിലാണ്ടി എന്നീ 4 (നാല്) സർവീസുകളുടെ ജനോപകാരപ്രദമായ പ്രധാന ടിപ്പുകൾ പുനഃക്രമീകരിച്ച് സർവീസ് നടത്തിവരുന്നു.

(സി) റൂട്ട് ഫോർമേഷൻ പദ്ധതിയുമായി ബന്ധപ്പെട്ട് പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിൽ ഗ്രാമീണ റൂട്ടുകളിൽ ബസ്സ് സർവീസുകൾ ആരംഭിക്കുന്ന കാര്യം ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ?

ജനകീയ സദസ്സിൽ സ്വീകരിച്ച റൂട്ട് ഫോർമുലേഷൻ അപേക്ഷകളിൽനിന്നും 503 റൂട്ടുകൾ വെറ്റ് ചെയ്ത്, ദക്ഷിണമേഖലാ ഡി.റ്റി.സി.-യിൽനിന്നും ലഭിച്ചിട്ടുണ്ട്. ജില്ലാടിസ്ഥാനത്തിലുള്ള റൂട്ട് വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) പെരിന്തൽമണ്ണ ഡിപ്പോയിൽനിന്നും കോയമ്പത്തൂർ, പൊള്ളാച്ചി, ബാംഗ്ലൂർ, കോഴിക്കോട്-പാലക്കാട് എന്നീ റൂട്ടുകളിലേയ്ക്ക് ദീർഘദൂര, സൂപ്പർ ഫാസ്റ്റ് എ.സി. ബസ്സ് സർവീസുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

അയൽസംസ്ഥാനങ്ങളുമായി കാലാകാലങ്ങളിൽ രൂപീകരിക്കുന്ന അന്തർസംസ്ഥാന കരാറിലെ വ്യവസ്ഥകൾ പ്രകാരമാണ് കെ.എസ്.ആർ.ടി.സി. അന്തർസംസ്ഥാന സർവീസുകൾ നിലവിൽ നടത്തിവരുന്നത്.

നിലവിലുള്ള അന്തർസംസ്ഥാന കരാറുകൾ പ്രകാരം പെരിന്തൽമണ്ണവഴി ബാംഗ്ലൂരിലേയ്ക്ക് പ്രതിദിനം ഒരു എ.സി. ഗരുഡ ഉൾപ്പെടെ 4 സർവീസുകൾ നടത്തിവരുന്നു.

എന്നാൽ പെരിന്തൽമണ്ണ ഡിപ്പോയിൽനിന്നും കോയമ്പത്തൂർ, പൊള്ളാച്ചി എന്നിവിടങ്ങളിലേയ്ക്ക് സർവീസ് നടത്തുന്നതിന് വ്യവസ്ഥ ചെയ്തിട്ടില്ലാത്തതാണ്. കൂടാതെ കെ.എസ്.ആർ.ടി.സി.-ക്ക് ലഭ്യമായിട്ടുള്ള എ.സി. ശ്രേണിയിലുള്ള സൂപ്പർ ഫാസ്റ്റ് ബസ്സുകൾ പരിമിതമായതിനാൽ നിലവിൽ ടി ശ്രേണിയിലുള്ള സർവീസുകൾ ആരംഭിക്കുവാൻ നിലവിൽ നിർവാഹമില്ലാത്തതാണ്.

സ്വകാര്യ ബസ്സ് റൂട്ടുകൾക്ക് പെർമിറ്റ്

239(1812) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗതാഗത വകുപ്പ് നടത്തിയ ജനകീയ സദസ്സിൽ ഉയർന്ന നിർദേശങ്ങൾ പരിഗണിച്ച് സ്റ്റേറ്റ് ട്രാൻസ്പോർട്ട് അതോറിറ്റി സ്വകാര്യ ബസ്സ് റൂട്ടുകൾക്ക് പെർമിറ്റ് നല്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

ഉണ്ട്. ജനകീയ സദസ്സിൽ ഉയർന്ന നിർദേശങ്ങൾ പ്രകാരം സ്വീകരിച്ച റൂട്ട് ഫോർമുലേഷൻ അപേക്ഷകൾ സൂക്ഷ്മപരിശോധന നടത്തിയതിൽനിന്നും അഞ്ഞൂറ്റിമൂന്ന് (503) റൂട്ടുകൾ ദക്ഷിണ മേഖലാ ഡി.റ്റി.സി. കണ്ടെത്തിയിട്ടുണ്ട്.

അതനുസരിച്ച് സ്കീം പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഇതുമായി ബന്ധപ്പെട്ട് കണ്ണൂർ ജില്ലയിൽ ഏതൊക്കെ ബസ്സ് റൂട്ടുകൾക്കാണ് അനുമതി നല്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

ജില്ലാടിസ്ഥാനത്തിലുള്ള റൂട്ടുകൾ സംബന്ധിച്ച വിവരം വിജ്ഞാപനത്തിലൂടെ പുറപ്പെടുവിക്കുന്നതായിരിക്കും.

വൈപ്പിനിൽനിന്നുള്ള സ്വകാര്യ ബസ്സുകളുടെ നഗര പ്രവേശനം

240(1813) <u>ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിനിൽനിന്നുള്ള സ്വകാര്യ ബസ്സുകളുടെ നഗര പ്രവേശനത്തിനായി ഗതാഗത വകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള 27-11-2023-ലെ സർക്കാർ ഉത്തരവ് (അച്ചടി)നമ്പർ 27/2023/ഗതാ. പ്രകാരം സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

ഇരുപത് കെ.എസ്.ആർ.ടി.സി. ബസ്സുകൾക്കും രണ്ട് സ്വകാര്യ ബസ്സുൾക്കും പെർമിറ്റ് അനുവദിക്കുകയും രണ്ട് സ്വകാര്യ ബസ്സുകൾക്ക് പെർമിറ്റ് വ്യതിയാനം അനുവദിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ,

ബഹുമാനപ്പെട്ട ഗതാഗത വകുപ്പുമന്ത്രിയുടെ അധ്യക്ഷതയിൽ ബഹുമാനപ്പെട്ട വൈപ്പിൻ എം.എൽ.എ.-യുടെ സാന്നിധ്യത്തിൽ, 05-02-2025-ൽ ചേർന്ന യോഗതീരുമാനപ്രകാരം വൈപ്പിൻ ദ്വീപുമായി ബന്ധമുള്ള റൂട്ടുകളിൽ കെ.എസ്.ആർ.ടി.സി.-യുടെ വിവിധ യൂണിറ്റുകളിൽനിന്നായി കാക്കനാട്, കളമശ്ശേരി മെഡിക്കൽകോളേജ്, ഫോർട്ട് കൊച്ചി, വൈറ്റില, പച്ചാളം ലൂർദ്ദ് ഹോസ്പിറ്റൽ മുതലായ പ്രധാന സ്ഥലങ്ങളിലേയ്ക്ക് പുതിയതായി പത്ത് ഓർഡിനറി സർവീസുകൾ ആരംഭിക്കുന്നതിനും അധികമായി ട്രിപ്പുകൾ ഓപ്പറേറ്റ് ചെയ്യുന്നതിനും തീരുമാനം കൈക്കൊണ്ടിട്ടുണ്ട്.

(ബി) സ്വകാര്യ ബസ്സുകളുടെ നഗര പ്രവേശനത്തിനുള്ള പെർമിറ്റിനായുള്ള അപേക്ഷകൾ പരിഗണിക്കുന്നതിനായി റീജണൽ ട്രാൻസ്പോർട്ട് അതോറിറ്റിയുടെ ബോർഡ് യോഗം എത്ര തവണ ചേർന്നുവെന്നും എന്നൊക്കെയാണ് ചേർന്നതെന്നുമുള്ള വിവരം വ്യക്തമാക്കുമോ?

സ്വകാര്യ ബസ്സുകളുടെ നഗര പ്രവേശനത്തിനുള്ള പെർമിറ്റിനായുള്ള അപേക്ഷകൾ പരിഗണിക്കുന്നതിനായി റീജണൽ ട്രാൻസ്പോർട്ട്

അതോറിറ്റിയുടെ ബോർഡ് യോഗം രണ്ട് തവണ ചേർന്നിരുന്നു. 17-08-2024, 18-01-2025 എന്നീ തീയതികളിലായി യോഗങ്ങൾ ചേർന്നിട്ടുണ്ട്.

(സി) പ്രസ്തുത യോഗങ്ങളുടെ അടിസ്ഥാനത്തിൽ ഏതൊക്കെ ബസ്സുകൾക്ക് ഏതെല്ലാം റൂട്ടുകളിലാണ് പെർമിറ്റ് നൽകിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

1. നോർത്ത് പറവൂർ കെ.എസ്.ആർ.ടി.സി. സ്റ്റേഷൻ-വൈറ്റില ഹബ്ബ് റൂട്ടിൽ പത്ത് (10) കെ.എസ്.ആർ.ടി.സി. ബസ്സുകൾക്കും നോർത്ത് പറവൂർ കെ.എസ്.ആർ.ടി.സി. സ്റ്റേഷൻ-കാക്കനാട് റൂട്ടിൽ പത്ത് (10) കെ.എസ്.ആർ.ടി.സി. ബസ്സുകൾക്കും പെർമിറ്റ് നൽകിയിട്ടുണ്ട്.

2. KL-07-BA-4149 നമ്പർ ബസ്സിന് എടവനാട്-വൈറ്റില ഹബ്ബ് റൂട്ടിലും KL-07-AN-8181 നമ്പർ ബസ്സിന് ആണിയിൽ ബീച്ച്-വൈറ്റില ഹബ്ബ് റൂട്ടിലും പെർമിറ്റ് നൽകിയിട്ടുണ്ട്.

3. KL-18-D-2221, KL-07-BA-7259 എന്നിവയ്ക്ക് ഹൈക്കോടതി കവലയിൽനിന്നും വൈറ്റില ഹബ്ബ് വരെ പെർമിറ്റ് നീട്ടി നൽകിയിട്ടുണ്ട്.

(ഡി) ഗതാഗത വകുപ്പിന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ കെ.എസ്.ആർ.ടി.സി. ബസ്സുകൾക്ക് പുതുതായി പെർമിറ്റ് നൽകിയിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ റൂട്ടുകളിലാണെന്ന് വ്യക്തമാക്കാമോ?

ഇരുപത് കെ.എസ്.ആർ.ടി.സി. ബസ്സുകൾക്ക് പെർമിറ്റ് അനുവദിച്ചിട്ടുണ്ട്. നോർത്ത് പറവൂർ കെ.എസ്.ആർ.ടി.സി. സ്റ്റേഷൻ-വൈറ്റില ഹബ്ബ് റൂട്ടിൽ പത്തും നോർത്ത് പറവൂർ കെ.എസ്.ആർ.ടി.സി. സ്റ്റേഷൻ-കാക്കനാട് റൂട്ടിൽ പത്തും വീതം കെ.എസ്.ആർ.ടി.സി. ബസ്സുകൾക്ക് പെർമിറ്റ് നൽകിയിട്ടുണ്ട്.

കെ.എസ്.ആർ.ടി.സി. ബസ് സർവീസ്

241(1814) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട്, തൊട്ടിൽപ്പാലം, താമരശ്ശേരി ഡിപ്പോകളിൽനിന്നും ബാലുശ്ശേരി മണ്ഡലത്തിലെ വിവിധ പ്രദേശങ്ങളിലൂടെ ഇപ്പോൾ സർവീസ് നടത്തുന്ന കെ.എസ്.ആർ.ടി.സി. ബസ്സുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

സർവ്വീസ് നടത്തുന്ന ബസുകൾ

കോഴിക്കോട് ഡിപ്പോ

1. 21.00 ബാംഗ്ലൂർ

2. 15.00 കുറ്റ്യാടി

തൊട്ടിൽപ്പാലം ഡിപ്പോ

1. 06.00 കുണ്ടുതോട്

2. 06.40 തൃശ്ശൂർ

3. 07.10 കോഴിക്കോട്

4. 05.10 വടകര

താമരശ്ശേരി ഡിപ്പോ

1. 04.25 ബാലുശ്ശേരി - കോഴിക്കോട്

2. 04.50 ബാലുശ്ശേരി - കൊയിലാണ്ടി

3. 06.00 ബാലുശ്ശേരി - കോഴിക്കോട്

4. 06.25 കുരാച്ചുണ്ട് - പേരാമ്പ്ര

5. 06.40 ബാലുശ്ശേരി - ക്കുരാച്ചുണ്ട്

6. 07.00 ബാലുശ്ശേരി - വയലട

7. 07.25 ബാലുശ്ശേരി - കോഴിക്കോട്

8. 08.00 ബാലുശ്ശേരി - കോഴിക്കോട്

(ബി) 2019-നുശേഷം കോഴിക്കോട്, തൊട്ടിൽപ്പാലം, താമരശ്ശേരി ഡിപ്പോകളിൽനിന്നും ബാലുശ്ശേരി മണ്ഡലത്തിലെ വിവിധ പ്രദേശങ്ങളിലൂടെ സർവീസ് നടത്തുന്ന എത്ര കെ.എസ്.ആർ.ടി.സി. ബസ്സുകൾ സർവീസുകൾ നിർത്തലാക്കിയിട്ടുണ്ടെന്നുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ?

നിർത്തലാക്കിയ സർവ്വീസുകൾ

കോഴിക്കോട് ഡിപ്പോ

1. 06.40 ബാലുശ്ശേരി

2. 07.10 ബാലുശ്ശേരി

3. 07.20 ബാലുശ്ശേരി

4. 05.20 ക്കുരാച്ചുണ്ട്

തൊട്ടിൽപ്പാലം ഡിപ്പോ

1. 07.45 കുമിളി

2. 06.00 ഈരാറ്റുപേട്ട

3. 16.00 പിറവം

4. 06.00 കക്കയം

5. 14.10 താമരശ്ശേരി

താമരശ്ശേരി ഡിപ്പോ

1. ഉള്ള്യേരി - ചെറുവാടി

2. കോഴിക്കോട് - ബാലുശ്ശേരി (കപ്പുറം)

3. ചീക്കിലോട് - കോഴിക്കോട് കൊയിലാണ്ടി - പെരിന്തൽമണ്ണ (5 ഷെഡ്യൂളുകൾ).

മാവേലിക്കരയിൽ കെ.എസ്.ആർ.ടി.സി.-യുടെ ഡ്രൈവിങ് ടെസ്റ്റിങ് ഗ്രൗണ്ട്/ഡ്രൈവിങ് സ്കൂൾ നിർമ്മാണം

242(1815) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മാവേലിക്കരയിൽ കെ.എസ്.ആർ.ടി.സി.-യുടെ ഡ്രൈവിങ് ടെസ്റ്റിങ് ഗ്രൗണ്ടും ഡ്രൈവിങ് സ്കൂളും ആരംഭിക്കുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

കെ.എസ്.ആർ.ടി.സി.-യുടെ മാവേലിക്കര റീജണൽ വർക്ക്ഷോപ്പിന്റെ കീഴിൽ ഡ്രൈവിങ് സ്കൂൾ രജിസ്റ്റർ ചെയ്തിട്ടുള്ളതും ഡ്രൈവിങ് ടെസ്റ്റ് ഗ്രൗണ്ടിന്റെ പ്രവൃത്തികൾ പുരോഗമിച്ചുവരികയുമാണ്.

ഡ്രൈവിങ് ടെസ്റ്റ് ഗ്രൗണ്ടിന്റെ വർക്ക് തീരുന്നമുറയ്ക്കുതന്നെ ഡ്രൈവിങ് സ്കൂളിന്റെ പ്രവർത്തനം ആരംഭിക്കാൻ കഴിയുന്നതാണ്.

ഈരാറ്റുപേട്ട കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ ഡോർമെറ്ററി കോംപ്ലക്സ്

243(1816) <u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ</u>: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈരാറ്റുപേട്ട കെ.എസ്.ആർ.ടി.സി. ഡിപ്പോയിലെ ഒഴിഞ്ഞുകിടക്കുന്ന സ്ഥലം പ്രയോജനപ്പെടുത്തി എം.എൽ.എ. ഫണ്ടുപയോഗിച്ച് ഒരു ഡോർമെറ്ററി കോംപ്ലക്സ് നിർമ്മിക്കുന്നതിനുള്ള അനുമതിക്കായി നൽകിയ അപേക്ഷയിന്മേൽ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ?

ഈരാറ്റുപേട്ട കെ.എസ്.ആർ.ടി.സി. ഡിപ്പോയിലെ ഒഴിഞ്ഞുകിടക്കുന്ന സ്ഥലം പ്രയോജനപ്പെടുത്തി എം.എൽ.എ. ഫണ്ടുപയോഗിച്ച് ഒരു ഡോർമെറ്ററി കോംപ്ലക്സ് നിർമ്മിക്കുന്നതിനുള്ള അനുമതിക്കായി അപേക്ഷ കെ.എസ്.ആർ.ടി.സി.-യിൽ ലഭിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിക്കായി സ്ഥലം സന്ദർശിച്ച് സാധ്യതാ പഠനം നടത്തി കെ.എസ്.ആർ.ടി.സി.-യിൽനിന്നും തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

യാത്രാ സൗകര്യങ്ങളില്ലാത്ത റൂട്ടുകളിൽ സ്വകാര്യ ബസ്സ് പെർമിറ്റ് അനുവദിക്കാൻ നടപടി

244(1817) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗതാഗത വകുപ്പ് മണ്ഡലാടിസ്ഥാനത്തിൽ സംഘടിപ്പിച്ച ജനകീയ സദസ്സുകളിൽ ആവശ്യപ്പെട്ടതിൻ പ്രകാരം വേണ്ടത്ര യാത്രാ സൗകര്യങ്ങളില്ലാത്ത റൂട്ടുകളിൽ സ്വകാര്യ ബസ്സ് പെർമിറ്റ് അനുവദിക്കുന്ന നടപടി ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) നിയോജകമണ്ഡലാടിസ്ഥാനത്തിൽ പുതുതായി ആരംഭിക്കുന്ന റൂട്ടുകൾക്ക് അന്തിമ രൂപം നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) എങ്കിൽ വാമനപുരം നിയോജകമണ്ഡലത്തിൽ എത്ര റൂട്ടുകളിലാണ് സ്വകാര്യ പെർമിറ്റ് അനുവദിക്കുന്നതെന്നും അവ ഏതെല്ലാം സ്ഥലങ്ങളിലൂടെയാണെന്നും വിശദമാക്കാമോ?

(എ-സി) ജനകീയ സദസ്സിൽ ഉയർന്ന നിർദേശങ്ങൾ പ്രകാരം സ്വീകരിച്ച റൂട്ട് ഫോർമുലേഷൻ അപേക്ഷകൾ സൂക്ഷ്മപരിശോധന നടത്തിയതിൽനിന്നും അഞ്ഞൂറ്റിമൂന്ന് (503) റൂട്ടുകൾ ദക്ഷിണ മേഖലാ ഡി.റ്റി.സി. കണ്ടെത്തിയിട്ടുണ്ട്. അതിനനുസരിച്ച് സ്കീം പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ജില്ലാടിസ്ഥാനത്തിലുള്ള റൂട്ട് വിജ്ഞാപനം പുറപ്പെടുവിക്കുന്നതാണ്.

(ഡി) പ്രസ്തുത റൂട്ടുകളിൽ സ്വകാര്യ പെർമിറ്റ് അനുവദിക്കുന്നതിനുള്ള നിബന്ധനകൾ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

പ്രസ്തുത റൂട്ടുകളിൽ സ്വകാര്യ പെർമിറ്റ് അനുവദിക്കുന്നതിനുള്ള നിബന്ധനകൾ അനുബന്ധമായി ചേർക്കുന്നു.+

റൂട്ട് ഫോർമുലേഷൻ പദ്ധതി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

245(1818) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാധ്യമാകുന്ന മുഴുവൻ പ്രദേശങ്ങളിലും പൊതുഗതാഗത സേവനം ലക്ഷ്യമിടുന്ന റൂട്ട് ഫോർമുലേഷൻ പദ്ധതിയുടെ ഭാഗമായുള്ള ജനകീയ സദസ്സിന്റെ പുരോഗതി വിശദമാക്കാമോ?

ജനകീയ സദസ്സിൽ ഉയർന്ന നിർദേശങ്ങൾ പ്രകാരം സ്വീകരിച്ച റൂട്ട് ഫോർമുലേഷൻ അപേക്ഷകൾ സൂക്ഷ്മ പരിശോധന നടത്തിയതിൽനിന്നും അഞ്ഞൂറ്റിമൂന്ന് (503) റൂട്ടുകൾ ദക്ഷിണ മേഖലാ ഡി.റ്റി.സി. കണ്ടെത്തിയിട്ടുണ്ട്. അതിനനുസരിച്ച് സ്കീം പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി വൈപ്പിൻ മണ്ഡലത്തിലെ ജനകീയ സദസ്സിൽ ലഭിച്ച നിർദേശങ്ങൾ എന്തെല്ലാം; പ്രസ്തുത നിർദേശങ്ങളിന്മേൽ സ്വീകരിച്ച നടപടികളുടെ പുരോഗതി വിശദമാക്കാമോ?

വൈപ്പിൻ മണ്ഡലത്തിൽ പുതിയ റൂട്ടിനുള്ള അപേക്ഷകൾ ജനകീയ സദസ്സിൽ ലഭിച്ചിട്ടില്ല.

ദേശീയ ജലപാത സംബന്ധിച്ച്

246(1819) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈപ്പമംഗലം നിയോജകമണ്ഡലത്തെ കനോലി കനാലിലൂടെ കടന്നുപോകുന്ന ദേശീയ ജലപാത ഗതാഗതയോഗ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് വകുപ്പ് സ്വീകരിച്ചിരിക്കുന്നത്?

ദേശീയ ജലപാത ഗതാഗതയോഗ്യമാക്കുന്നതിന്റെ ഭാഗമായി കയ്പമംഗലം നിയോജകമണ്ഡലത്തിൽ ഇൻലാന്റ് നാവിഗേഷൻ വകുപ്പ് നടപ്പിലാക്കുന്ന പ്രവൃത്തികൾ ചുവടെ ചേർക്കുന്നു.

നം.	പ്രവൃത്തി
1.	പി.സി. കനാലിൽ ആല ഗോത്തുരുത്ത് പാലത്തിന് സമീപം തകർന്ന നടപ്പാലം പൊളിച്ചുനീക്കൽ പ്രവൃത്തി.
2.	കൊടുങ്ങല്ലൂർ മുനിസിപ്പാലിറ്റിയിൽ കോട്ടപ്പുറം ബ്രിഡ്ജിന്റെ പടിഞ്ഞാറുഭാഗത്തുള്ള വി.പി. തുരുത്തിന്റെ തെക്കുഭാഗത്ത് പെരിയാർ നദിയുടെ തീര സംരക്ഷണ പ്രവൃത്തി.
3.	കൊടുങ്ങല്ലൂർ താലൂക്കിൽ തിരുവഞ്ചിക്കുളം കനാലിന്റെ (ചെ. 0 മുതൽ 300m വരെ) തീരസംരക്ഷണവും ആഴംകൂട്ടലും പ്രവൃത്തി.
4.	തൃശ്ശൂർ-എടത്തിരുത്തി പഞ്ചായത്തിലെ കൂനൻപാലം പുനർനിർമ്മാണ പ്രവൃത്തിക്കായുള്ള ഇൻവെസ്റ്റിഗേഷൻ.
5.	എടത്തിരുത്തി പഞ്ചായത്തിലെ തകർന്ന കൂനൻ പാലം

	നടപ്പാലം പൊളിച്ചുനീക്കൽ പ്രവൃത്തി.
6.	തൃശ്ശൂർ- എടത്തിരുത്തി പഞ്ചായത്തിലെ എടത്തിരുത്തിപാലം പുനർനിർമ്മാണ പ്രവൃത്തിക്കായുള്ള ഇൻവെസ്റ്റിഗേഷൻ.
7.	തൃശ്ശൂർ- കാട്ടൂർ പഞ്ചായത്തിലെ കാട്ടൂർ നടപ്പാലം പുനർനിർമ്മാണ പ്രവൃത്തിക്കായുള്ള ഇൻവെസ്റ്റിഗേഷൻ.
8.	തൃശ്ശൂർ - പെരിഞ്ഞനം പഞ്ചായത്തിലെ കുറ്റിലക്കടവ് സ്റ്റീൽ ബ്രിഡ്ജ് പുനർനിർമ്മാണ പ്രവൃത്തിക്കായുള്ള ഇൻവെസ്റ്റിഗേഷൻ.
9.	കാട്ടൂർ പഞ്ചായത്തിലെ കാട്ടൂർ മാർക്കറ്റിന് സമീപം സ്ഥിതിചെയ്യുന്ന നടപ്പാലം പൊളിച്ചുമാറ്റൽ പ്രവൃത്തി.
10.	പെരിഞ്ഞനം പഞ്ചായത്തിൽ കാക്കത്തുരുത്തി ബ്രിഡ്ജിന് സമീപം ഠാണാക്കടവിന് സമീപം ബോട്ട് ജെട്ടി നിർമ്മാണ പ്രവൃത്തിക്കായുള്ള ഇൻവെസ്റ്റിഗേഷൻ.
11.	പെരിഞ്ഞനം പഞ്ചായത്തിൽ കാക്കത്തുരുത്തി ബ്രിഡ്ജിന് സമീപം ഠാണാക്കടവിന് സമീപം ബോട്ട് ജെട്ടി നിർമ്മാണം.
12.	തൃശ്ശൂർ- എടത്തിരുത്തി പഞ്ചായത്തിൽ പി.സി കനാലിന് കുറുകെ ക്രോസ്സ് സ്റ്റീൽ നടപ്പാലം നിർമ്മാണം.
13.	തൃശ്ശൂർ- വെസ്റ്റ് കോസ്റ്റ് കനാലിന്റെ മധുരംപിള്ളി മുതൽ മുനയം വരെ ആഴം കൂട്ടൽ (ഡീസിൽറ്റേഷൻ) പ്രവൃത്തി.

(ബി) നിർദിഷ്ട ദേശീയ ജലപാതയ്ക്കുള്ള വീതി എത്രത്തോളമാണ്; വീതി കുറഞ്ഞ കനോലി കനാലിന്റെ ഭാഗങ്ങൾ എവിടെയെല്ലാമാണ്; ഇത് വീതി കൂട്ടുന്നതിനും സഞ്ചാരയോഗ്യമാക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വിശദമാക്കാമോ?

നിർദിഷ്ട ദേശീയ ജലപാതയ്ക്കുള്ള വീതി 40 മീറ്ററാണ്. കയ്പമംഗലം നിയോജകമണ്ഡലത്തിൽ ശ്രീനാരായണപുരം പൊരി ബസാർ പ്രദേശങ്ങളിൽ കനാലിന് ഏകദേശം 21 മീറ്റർ വീതിയും ഠാണാക്കടവ്, കാക്കത്തുരുത്തി പാലത്തിനുശേഷം എടത്തിരുത്തി പാലംവരെ ഏകദേശം 15 മീറ്റർ വീതിയുമാണുള്ളത്. വീതി കൂട്ടുന്നതിന്റെ ഭാഗമായി കനാലിന്റെ അതിർത്തി നിർണ്ണയിക്കുന്നതിനായി എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. കനാൽ സഞ്ചാരയോഗ്യമാക്കുന്നതിന്റെ ഭാഗമായി മധുരംപിള്ളി മുതൽ മുനയം വരെയുള്ള ഭാഗത്ത് ഡീസിൽറ്റേഷൻ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. ജലഗതാഗതത്തിന് തടസ്സമായി നിൽക്കുന്ന ഉയരം കുറഞ്ഞതും വീതി കുറഞ്ഞതുമായ എടത്തിരുത്തി, കാട്ടൂർ, കൂട്ടിലക്കടവ്, കൂനൻപാലം എന്നീ പാലങ്ങൾ നിർമ്മിക്കുന്നതിനുള്ള ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ പൂർത്തീകരിച്ച് ഡിസൈൻ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

സ്റ്റേറ്റ് സബോർഡിനേറ്റിന്റെ സ്പെഷ്യൽ റൂൾ പരിഷ്കരണം

247(1820) ശ്രീമതി ദെലീമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലഗതാഗത വകുപ്പിൽ സ്റ്റേറ്റ് സബോർഡിനേറ്റ് സ്പെഷ്യൽ റൂൾ പരിഷ്കരണം ഏതുഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത സ്പെഷ്യൽ റൂളിന് പി.എസ്.സി.-യുടെ അംഗീകാരം ലഭിച്ചോയെന്ന് വിശദമാക്കാമോ?

(എ & ബി) കേരള സംസ്ഥാന ജലഗതാഗത വകുപ്പ് സബോർഡിനേറ്റ് സർവീസിന് പൊതുവായി വിശേഷാൽ ചട്ടങ്ങൾ പുറപ്പെടുവിക്കുന്നതിനാവശ്യമായ വിജ്ഞാപനത്തിന്റെ കരട് ഭേദഗതികളോടെ കേരള പബ്ലിക് സർവീസ് കമ്മീഷൻ അംഗീകരിച്ചിരുന്നു. എന്നാൽ കേരള ഇൻലാൻഡ് വെസ്സൽ റൂൾ 2010 നിഷ്കർഷിക്കുന്ന ബോട്ട് മാസ്റ്റർ ലൈസൻസ് നിലവിൽ കേരള മാരിടൈം ബോർഡ് അനുവദിക്കാത്തതിനാൽ ടി ലൈസൻസ് യോഗ്യതയായി ഉൾപ്പെടുത്തിയിട്ടുള്ള തസ്തികകളിൽനിന്നും ആയത് ഒഴിവാക്കിയും ബോട്ട് മാസ്റ്റർ തസ്തികയിലെ നേരിട്ടുള്ള നിയമനത്തിനും സ്ഥാനക്കയറ്റത്തിനും ബോട്ട് മാസ്റ്റർ ലൈസൻസ് അല്ലെങ്കിൽ സെക്കൻഡ് ക്ലാസ് മാസ്റ്റർ ലൈസൻസ് ഉൾപ്പെടുത്തിയും പരിഷ്കരിച്ച കരട് വിജ്ഞാപനം വീണ്ടും കേരള

പബ്ലിക് സർവീസ് കമ്മീഷന്റെ ഉപദേശത്തിനായി സമർപ്പിച്ചിരിക്കുകയാണ്. ടി ഉപദേശം ലഭ്യമായാൽ മാത്രമെ ഇതുസംബന്ധിച്ച തുടർനടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളൂ.

(സി) സ്പെഷ്യൽ റൂൾ ഭേദഗതിയുടെ കരട് ഏതുവർഷമാണ് തയ്യാറാക്കിയതെന്നും; കരട് തയ്യാറാക്കുന്ന സമയത്ത് ജീവനക്കാരുടെ ആവശ്യങ്ങൾ കേട്ടിരുന്നോയെന്നും വ്യക്തമാക്കാമോ?

1999-ലാണ് സ്പെഷ്യൽ റൂൾ ഭേദഗതിയുടെ കരട് പ്രാഥമികമായി തയ്യാറാക്കിയിട്ടുള്ളത്. പ്രസ്തുത കരട് തയ്യാറാക്കുന്ന അവസരത്തിൽ വിവിധ തസ്തികകളിലുള്ള ജീവനക്കാരുടെ ആവശ്യങ്ങൾ കേൾക്കുകയും അപേക്ഷകൾ പരിഗണിക്കുകയും ജീവനക്കാരുടെയും സർവീസ് സംഘടനാ പ്രതിനിധികളുടെയും അഭിപ്രായങ്ങൾ/നിർദേശങ്ങൾ എന്നിവ പരിശോധിക്കുകയും ചെയ്തിട്ടുള്ളതാണ്.

(ഡി) കരട് തയ്യാറാക്കുന്ന സമയത്ത് വകുപ്പിലെ ജീവനക്കാർക്ക് നൽകിയിരുന്ന ലൈസൻസുകൾ ഇപ്പോഴും നിലവിലുണ്ടോ എന്നും ഏതെങ്കിലും ലൈസൻസുകൾ നിർത്തലാക്കിയിട്ടുണ്ടോയെന്നും

വിശദമാക്കാമോ?

ട്രാവൻകൂർ പബ്ലിക് കനാൽസ് ആൻഡ് പബ്ലിക് ഫെറീസ് റൂൾ പ്രകാരം ജീവനക്കാർ കരസ്ഥമാക്കിയിരുന്ന ലൈസൻസുകൾ ഇപ്പോൾ നിലവിലില്ല. കേരള ഇൻലാൻഡ് വെസ്സൽസ് റൂൾസ് 2010 പ്രകാരമുള്ള ലൈസൻസുകളാണ് ഇപ്പോൾ ജലഗതാഗത വകുപ്പിൽ പ്രാബല്യത്തിലുള്ളത്. ആയവ യോഗ്യതയായി ഉൾപ്പെടുത്തിയാണ് സ്പെഷ്യൽ റൂൾ വിജ്ഞാപനത്തിന്റെ കരട് പരിഷ്കരിച്ചിട്ടുള്ളത്.

തിരൂർ ജോയിന്റ് ആർ.ടി.ഒ. ഓഫീസിലെ തസ്തികകൾ

248(1821) ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂർ ജോയിന്റ് ആർ.ടി.ഒ. ഓഫീസിൽ നിലവിൽ എത്ര തസ്തികകളുണ്ടെന്ന് അറിയിക്കാമോ; പ്രസ്തുത ഓഫീസിൽ നിലവിലുള്ള തസ്തികകളിൽ എത്രയെണ്ണം ഒഴിഞ്ഞു കിടക്കുന്നുവെന്ന വിവരം അറിയിക്കുമോ?

വിവരം ചുവടെ ചേർക്കുന്നു.

തസ്തിക	അംഗീകൃത	നിലവിൽ ഒഴിഞ്ഞു

	സംഖ്യാബലം	കിടക്കുന്നവയുടെ എണ്ണം
ജോയിന്റ് ആർ.ടി.ഒ.	1	ഇല്ല
മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർ	3	1
അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർ	6	1
ജൂനിയർ സൂപ്രണ്ട്	1	ഇല്ല
എച്ച്എ./എച്ച്.സി./ പി.ആർ.ഒ.	1	ഇല്ല
ക്ലാർക്ക്/സീനിയർ ക്ലാർക്ക്	6	2
ടൈപ്പിസ്റ്റ്	1	ഇല്ല
ഓഫീസ് അറ്റൻഡന്റ്	2	ഇല്ല

(ബി) പ്രസ്തുത ഓഫീസിൽ നിലവിൽ ഒഴിവുകൾ നികത്താതെ കിടക്കുന്ന തസ്തികകളിൽ എന്ന് മുതലാണ് ഒഴിവുവന്നതെന്ന് തസ്തിക തിരിച്ച് അറിയിക്കുമോ?

മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർ, അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർ എന്നീ തസ്തികകളിൽ 05-11-2024 മുതലും ക്ലാർക്ക്, സീനിയർ ക്ലാർക്ക് തസ്തികകളിൽ 06-02-2024 മുതലുമാണ് ഒഴിവ്

വന്നിട്ടുള്ളത്.

(സി) പ്രസ്തുത ഓഫീസിൽ നിലവിൽ ഒഴിഞ്ഞുകിടക്കുന്ന തസ്തികകളുടെ ഒഴിവുകൾ നികത്താത്തതിന് കാരണമെന്താണെന്ന് വിശദമാക്കാമോ?

മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർ തസ്തികയിലുള്ള ഒഴിവ് സസ്പെൻഷൻ വേക്കൻസി ആണ്. അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർ തസ്തികയിലെ നിലവിലുണ്ടായിരുന്ന പി.എസ്.സി. റാങ്ക് ലിസ്റ്റിന്റെ കാലാവധി അവസാനിക്കുകയും പുതിയ ലിസ്റ്റ് പ്രസിദ്ധീകരിക്കാൻ കാലതാമസമുണ്ടാകുകയും ചെയ്തു. ആയതിനാൽ പ്രസ്തുത കാലയളവിൽ മോട്ടോർ വാഹന വകുപ്പിലുണ്ടായിട്ടുള്ള പ്രസ്തുത തസ്തികയിലെ ഒഴിവുകൾ നികത്താൻ സാധിച്ചിരുന്നില്ല. 02-09-2024-ൽ നിലവിൽ വന്നിട്ടുള്ള റാങ്ക് ലിസ്റ്റ് പ്രകാരം കേരള പി.എസ്.സി. 70 ഉദ്യോഗാർഥികൾക്ക് നിയമന ശിപാർശ നൽകുകയും 57 പേർ പ്രസ്തുത തസ്തികയിൽ ജോലിയിൽ പ്രവേശിക്കുകയുമുണ്ടായി. പ്രസ്തുത ഉദ്യോഗസ്ഥർ നിയമാനുസൃതമായ അടിസ്ഥാന പോലീസ് പരിശീലനത്തിൽ പങ്കെടുക്കുകയാണ്. പ്രസ്തുത പരിശീലനം പൂർത്തിയാക്കുന്നമുറയ്ക്ക് ഒഴിവുകൾ പൂർണ്ണമായും നികത്താൻ

സാധിക്കുന്നതാണ്.

കൂടാതെ വകുപ്പിലെ അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർ തസ്തികയിലെ പൊതുസ്ഥലംമാറ്റം സംബന്ധിച്ച് ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ ഉത്തരവിൻ പ്രകാരം സ്ഥലംമാറ്റം നടത്തുന്നതിന് സ്പാർക്ക് സോഫ്റ്റ്വെയർ സംബന്ധിച്ച സാങ്കേതികവും പ്രായോഗികവുമായ ബുദ്ധിമുട്ടുകൾ നിലവിലുണ്ട്. ക്ലാർക്ക്/സീനിയർ ക്ലാർക്ക് തസ്തികയിൽ ഉണ്ടായിട്ടുള്ളത് സസ്പെൻഷൻ കാരണമുണ്ടായ ഒഴിവായതിനാൽ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ സാധിക്കുകയില്ല. മറ്റൊരു ഒഴിവ് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

റോഡപകടങ്ങൾ കുറയ്ക്കാൻ നടപടികൾ

249(1822) ശ്രീ. സനീഷ്കുമാർ ജോസഫ്:
ശ്രീ. സി. ആർ. മഹേഷ്:
ശ്രീ. ചാണ്ടി ഉമ്മൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റോഡപകടങ്ങൾ വർധിക്കുന്നതായുള്ള കേന്ദ്ര സർക്കാരിന്റെ ഉൾപ്പെടെയുള്ള റിപ്പോർട്ടുകൾ പരിശോധിച്ചിട്ടുണ്ടോ;

വിശദമാക്കുമോ?

റോഡപകടങ്ങൾ വർധിക്കുന്നതായുള്ള റിപ്പോർട്ടുകൾ പരിശോധിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിലാണ് സേഫ് കേരള പദ്ധതി ഉൾപ്പെടെയുള്ള പദ്ധതികളുമായി മോട്ടോർ വാഹന വകുപ്പ് മുന്നോട്ട് വന്നിട്ടുള്ളത്. ടി പദ്ധതി പ്രകാരം എൻഫോഴ്സ്മെന്റ് ആർ.ടി. ഓഫീസുകൾ നിലവിൽ വരികയുണ്ടായി. സംസ്ഥാനത്തൊട്ടാകെ 85 എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ പ്രവർത്തിക്കുന്നു. ടി പദ്ധതിയുടെ ഭാഗമായിത്തന്നെ നിർമ്മിതബുദ്ധി ഉപയോഗിച്ച് പ്രവർത്തിക്കുന്ന ക്യാമറകൾ ഉൾപ്പെടെയുള്ള 726 ക്യാമറകൾ സംസ്ഥാനത്തൊട്ടാകെ സജ്ജമാക്കി.

2022 വരെയുള്ള റോഡപകട വിവരങ്ങളാണ് കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയം പ്രസിദ്ധീകരിച്ചിട്ടുള്ളത്. അതിൻപ്രകാരം 2021-ൽ 33296 റോഡപകടങ്ങളും 2022-ൽ 43910 റോഡപകടങ്ങളുമാണ് സംസ്ഥാനത്ത് സംഭവിച്ചിട്ടുള്ളത്. റോഡപകടങ്ങൾ 31.9% വർധിച്ചതായി റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്. 2022-ൽ ഏറ്റവും കൂടുതൽ റോഡപകടങ്ങൾ നടന്ന മൂന്നാമത് സംസ്ഥാനമാണ് കേരളം. കേരളാ പോലീസ്

ക്രോഡീകരിച്ചിട്ടുള്ള വിവരങ്ങൾ പ്രകാരം 2023-ലും 2024-ലും കേരളത്തിൽ നടന്നിട്ടുള്ള വാഹനാപകടങ്ങൾ യഥാക്രമം 48091, 48901 എന്നിങ്ങനെയാണ്. 4317 പേരാണ് കേരളത്തിൽ 2022-ൽ വാഹനാപകടങ്ങളിൽ മരണപ്പെട്ടത്. വാഹനാപകട മരണങ്ങളുടെ അടിസ്ഥാനത്തിൽ 2022-ൽ സംസ്ഥാനം പതിനാറാം സ്ഥാനത്തായിരുന്നു. കേരളാ പോലീസ് ക്രോഡീകരിച്ചിട്ടുള്ള വിവരങ്ങൾ പ്രകാരം 2023-ലും 2024-ലും കേരളത്തിൽ നടന്നിട്ടുള്ള വാഹനാപകട മരണങ്ങളുടെ എണ്ണം യഥാക്രമം 4080, 3728 എന്നിങ്ങനെയാണ്. അപകടങ്ങളുടെ എണ്ണത്തിൽ വർധനയുണ്ടെങ്കിലും വാഹനാപകട മരണങ്ങളുടെ എണ്ണം ഗണ്യമായി കുറച്ചുകൊണ്ടുവരാൻ സാധിച്ചിട്ടുണ്ട്.

(ബി) റോഡപകടങ്ങൾ കുറയ്ക്കുന്നതിനായി റോഡുകളിലെ ഹോട്ട്സ്പോട്ടുകൾ കണ്ടെത്താനും ട്രാഫിക് നിയമങ്ങൾ കർശനമാക്കാനും സ്വീകരിച്ചിരിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

ശാസ്ത്രീയമായ പഠനങ്ങൾ നടത്തി ബ്ലാക്ക് സ്പോട്ടുകൾ കണ്ടെത്തുന്നതിന് ആവശ്യമായ വിവരങ്ങളും സമാഹരിച്ചുവരുന്നു. ആക്സിഡന്റ്

വിവരങ്ങളുടെ അടിസ്ഥാനത്തിൽ അപകട സാധ്യതയേറിയ സ്ഥലങ്ങൾ കണ്ടെത്തുന്നുണ്ട്. ബ്ലാക്ക് സ്പോട്ടുകളിൽ നിരന്തരം പോലീസ് സാന്നിധ്യം ഉറപ്പുവരുത്തുന്നതിലേക്കായി പട്രോളിങ് നടത്തിയും അമിത വേഗതയിലോടുന്ന വാഹനങ്ങളെ കണ്ടത്തി നടപടി സ്വീകരിച്ചും വരുന്നുണ്ട്. ഇതിനുപുറമെ മദ്യപിച്ച് വാഹനമോടിക്കുന്നവർക്കെതിരെയും അശ്രദ്ധമായും ലഹരിപദാർഥങ്ങൾ ഉപയോഗിച്ചും മൊബൈൽ ഫോൺ ഉപയോഗിച്ചും അമിതഭാരം കയറ്റിയും വാഹനമോടിച്ച് വരുന്നവരെ കണ്ടെത്തി കർശന നിയമ നടപടികൾ സ്വീകരിക്കുന്നുണ്ട്. ഇത്തരം പ്രദേശങ്ങളിൽ സുരക്ഷാ മുന്നറിയിപ്പ് ബോർഡുകൾ, സ്പീഡ് ഡിറ്റക്ഷൻ ക്യാമറകൾ എന്നിവ സ്ഥാപിച്ചും ഡ്രൈവർമാർക്കും പൊതുജനങ്ങൾക്കും ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ചും അപകടങ്ങൾ കുറയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സംസ്ഥാനത്തുണ്ടാകുന്ന മേജർ ആക്സിഡന്റുകൾ സുപ്രീംകോടതി കമ്മിറ്റിയുടെ നിർദേശ പ്രകാരം എല്ലാ ഏജൻസികളും പരിശോധന നടത്തി കാരണങ്ങൾ കണ്ടെത്തി, അത്തരം അപകടങ്ങൾ ആവർത്തിക്കാതിരിക്കാൻ റോഡ് സുരക്ഷാ ഉപകരണങ്ങൾ സ്ഥാപിക്കുക,

മെച്ചപ്പെട്ട enforcement നടപടികൾ, ബോധവൽക്കരണ പരിപാടികൾ മുതലായവ നടപ്പാക്കിവരുന്നു. ബ്ലാക്ക് സ്പോട്ടുകൾ കണ്ടെത്തുന്നതിനും പരിഹരിക്കുന്നതിനുമായി 2010-11, 2016-17, 2019, 2021 എന്നീ വർഷങ്ങളിൽ പഠനങ്ങൾ നടത്തിയിട്ടുണ്ട്.

(സി) അമിത വേഗവും മദ്യപിച്ച് വാഹനം ഓടിക്കുന്നതും അടക്കമുള്ള നിയമ ലംഘനങ്ങൾക്കെതിരെ എൻഫോഴ്സ്മെന്റ് നടപടികൾ സ്വീകരിക്കാൻ വേണ്ടത്ര ജീവനക്കാർ ഇല്ലെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ആൾക്കോമീറ്ററുകൾ ഉപയോഗിച്ച് മദ്യപിച്ച് വാഹനമോടിക്കുന്നവരെ കണ്ടെത്താനുള്ള പരിശോധനകൾ നടത്തിവരുന്നു. ഡിജിറ്റൽ ട്രാഫിക് എൻഫോഴ്സ്മെന്റ് എന്ന ആശയം പൂർണ്ണതോതിൽ പ്രാവർത്തികമാകുന്നതോടെ അമിതവേഗം കണ്ടെത്തി നടപടിയെടുക്കുന്നതിൽ അംഗബലത്തിന്റെ കുറവുമൂലമുണ്ടാകുന്ന പ്രതിസന്ധികൾ ഏറക്കുറെ പരിഹരിക്കപ്പെടുന്നതാണ്.

(ഡി) എങ്കിൽ മോട്ടോർ വാഹന വകുപ്പിൽ സ്റ്റാഫ് പാറ്റേൺ

പുനഃക്രമീകരിക്കുന്നതിനും പുതിയ നിയമനങ്ങൾ നടത്തുന്നതിനും നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

സ്റ്റാഫ് പാറ്റേൺ പുനഃക്രമീകരിക്കുന്നതിനും പുതിയ നിയമനങ്ങൾ നടത്തുന്നതിനും ഗതാഗത കമ്മീഷണർ ലഭ്യമാക്കിയ പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു.

തിരുരങ്ങാടി സബ് ആർ.ടി.ഒ. ഓഫീസ്

250(1823) ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുരങ്ങാടി സബ് ആർ.ടി.ഒ. ഓഫീസിൽ ഏതെല്ലാം തസ്തികകളാണ് ജീവനക്കാരില്ലാതെ ഒഴിഞ്ഞു കിടക്കുന്നതെന്ന് വിശദമാക്കാമോ?

അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർ തസ്തികയിൽ നിലവിൽ 2 ഒഴിവുകളുണ്ട്.

(ബി) തിരുരങ്ങാടി ഓഫീസിൽ ജീവനക്കാരെ നിയമിക്കുന്നതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട വകുപ്പുമന്ത്രിക്കും ട്രാൻസ്പോർട്ട് കമ്മീഷണർക്കും തിരുരങ്ങാടി നിയോജകമണ്ഡലം എം.എൽ.എ. നൽകിയ കത്തുകളിന്മേൽ

സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(സി) തിരൂരങ്ങാടി സബ് ആർ.ടി.ഒ. ഓഫീസിൽ എല്ലാ തസ്തികകളിലേക്കും ജീവനക്കാരെ നിയമിക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കുമോ എന്ന് വിശദമാക്കാമോ?

(ബി & സി) തിരൂരങ്ങാടി സബ് ആർ.ടി. ഓഫീസിൽ അനുവദിക്കപ്പെട്ടിട്ടുള്ള 4 അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർ തസ്തികയിൽ 2 ഒഴിവുകളുണ്ട്. പ്രസ്തുത ഒഴിവ് പരിഹരിക്കുന്നതിലേക്കായി ഒരു അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടറെ എൻഫോഴ്സ്മെന്റ് വിഭാഗത്തിൽനിന്നും താൽക്കാലികമായി പ്രസ്തുത ഓഫീസിലേക്ക് അറ്റാച്ച് ചെയ്തിട്ടുണ്ട്. മറ്റൊരു അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടറെ 04-01-2025-ൽ പോസ്റ്റ് ചെയ്തിട്ടുള്ളതുമാണ്.

നിലവിൽ അടിസ്ഥാന പോലീസ് പരിശീലനത്തിൽ പങ്കെടുത്തു കൊണ്ടിരിക്കുന്ന 57 അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർമാർ പരിശീലനം പൂർത്തിയാക്കുന്നമുറയ്ക്ക്, പ്രസ്തുത തസ്തികയിലുള്ള ഒഴിവുകൾ പൂർണ്ണമായും നികത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

കായംകുളം മണ്ഡലത്തിൽ പുതിയ ബസ്സ് റൂട്ടുകൾ

251(1824) <u>ശ്രീമതി യു. പ്രതിഭ</u>: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പൊതുഗതാഗത സംവിധാനങ്ങൾ നിലവിലില്ലാത്ത സ്ഥലങ്ങളിൽ പുതിയ ബസ്സ് റൂട്ടുകൾ നിർദ്ദേശിക്കുന്നതിനായി 2024 ജൂലൈ 22-ന് കായംകുളം മുനിസിപ്പൽ ടൗൺ ഹാളിൽ മോട്ടോർ വാഹന വകുപ്പ് കായംകുളം റീജിയണൽ ഓഫീസ് സംഘടിപ്പിച്ച കായംകുളം മണ്ഡലം ജനകീയ സദസ്സിൽ ഉയർന്നുവന്ന പ്രധാന നിർദ്ദേശങ്ങൾ എന്തൊക്കെയെന്നും ഇതിൽ പ്രാവർത്തികമാക്കിയത് ഏതൊക്കെയെന്നും വിശദമാക്കാമോ?

2024 ജൂലൈ 22-ന് കായംകുളം മണ്ഡലത്തിൽ സംഘടിപ്പിച്ച ജനകീയ സദസ്സിൽ, യാത്രാ സൗകര്യം കുറവായതും ബസ് സർവീസ് ആരംഭിച്ചാൽ ലാഭകരവുമായ 24 റൂട്ടുകൾ സംബന്ധിച്ച് നിർദ്ദേശങ്ങൾ ഉയർന്നിരുന്നു. റൂട്ടുകളുടെ വിവരം അനുബന്ധമായി ചേർക്കുന്നു[+].

പ്രസ്തുത നിർദ്ദേശങ്ങൾ പരിശോധിച്ച് ചുവടെ ചേർത്തിരിക്കുന്ന 2

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

റൂട്ടുകൾ അന്തിമമാക്കി, സ്റ്റേറ്റ് ട്രാൻസ്പോർട്ട് അതോറിറ്റിയുടെ മുമ്പാകെ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയാണ്.

- കുറ്റിത്തെരുവ് - വിശ്വഭാരതി സ്കൂൾ വഴി ഒന്നാംകുറ്റി - മേനാത്തേരി - ചേരവള്ളി.
- പ്രയാർ - വടക്കേ ആഞ്ഞിലിമൂട് വഴി തോട്ടപ്പള്ളി - കൂട്ടും വാതുക്കൽകടവ് പാലം കൊച്ചീ ജെട്ടി - തുക്കുന്നപ്പുഴ.

മഞ്ചേശ്വരം താലൂക്കിൽ ജോയിന്റ് ആർ.ടി. ഓഫീസ്

252(1825) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം താലൂക്കിൽ ജോയിന്റ് ആർ.ടി. ഓഫീസ് തുടങ്ങുന്നതിന്റെ നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത ആർ.ടി. ഓഫീസിന്റെ പ്രവർത്തനങ്ങൾ എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

(എ & ബി) സംസ്ഥാനത്ത് പുതിയ സബ് ആർ.ടി. ഓഫീസ്, റൂറൽ ആർ.ടി. ഓഫീസ് എന്നിവ തുടങ്ങുന്നത് നിലവിൽ സർക്കാരിന്റെ സജീവ

പരിഗണനയിലില്ല.

ഡ്രൈവിങ് ഇൻസ്ട്രക്ടർമാരുടെ യോഗ്യതകൾ

253(1826) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര റോഡ് ട്രാൻസ്പോർട്ട് ആൻഡ് ഹൈവേയ്സ് മന്ത്രാലയത്തിന്റെ 07-06-2021-ലെ വിജ്ഞാപന പ്രകാരമുള്ള മോട്ടോർ വാഹന നിയമ ഭേദഗതിയിൽ ഡ്രൈവിങ് ഇൻസ്ട്രക്ടർമാർക്ക് എന്തൊക്കെ യോഗ്യതകൾ ഉണ്ടായിരിക്കണമെന്നാണ് നിഷ്കർഷിക്കുന്നത്; വിശദമാക്കാമോ?

കേന്ദ്ര മോട്ടോർ വാഹന ചട്ടം 31(B) 3(III) പ്രകാരം അക്രഡിറ്റഡ് ഡ്രൈവിങ് സെന്ററുകളിൽ ഇൻസ്ട്രക്ടർമാരായി നിയമിക്കപ്പെടുന്നതിന് താഴെപ്പറയുന്ന യോഗ്യതകൾ നിഷ്കർഷിച്ചിട്ടുണ്ട്.

I. അംഗീകൃത Board/Institution-ൽ നിന്നുള്ള പന്ത്രണ്ടാം ക്ലാസ് പാസ്സ് യോഗ്യത ഉണ്ടായിരിക്കണം.

II. 5 വർഷത്തിൽ കുറയാത്ത ഡ്രൈവിങ് പരിചയത്തിനുപുറമെ, കേന്ദ്ര സർക്കാരോ, സംസ്ഥാന സർക്കാരോ, സംസ്ഥാന സർക്കാരിന് കീഴിലുള്ള

ടെക്നിക്കൽ എഡ്യുക്കേഷൻ ബോർഡ് അംഗീകരിച്ചിട്ടുള്ള ഏതെങ്കിലും സ്ഥാപനത്തിൽനിന്നും മോട്ടോർ മെക്കാനിക്കിലുള്ള സർട്ടിഫിക്കറ്റോ, അല്ലെങ്കിൽ മെക്കാനിക്കൽ എഞ്ചിനീയറിങ്ങിലെ ഉന്നത ബിരുദമോ ഉണ്ടായിരിക്കണം.

III. ട്രാഫിക് സിഗ്നലുകളെ കുറിച്ചുള്ള പൂർണ്ണമായ അവബോധം ഉണ്ടായിരിക്കണം.

IV. വാഹനത്തെ കുറിച്ചും വാഹനത്തിന്റെ വിവിധ ഘടകങ്ങളെയും യന്ത്ര സംവിധാനങ്ങളുടെ പ്രവർത്തനത്തെക്കുറിച്ചും വിശദീകരിക്കുന്നതിനും ബോധ്യപ്പെടുത്തുന്നതിനുമുള്ള പാടവമുണ്ടായിരിക്കണം.

V. വിവിധ തരത്തിലുള്ള ഡ്രൈവിങ് രീതികളെ കുറിച്ചും സിമുലേറ്റർ ഉപയോഗിച്ച് പരിശീലനം നൽകുന്നതിനുള്ള അറിവും ഉണ്ടായിരിക്കണം.

VI. ഇംഗ്ലീഷ് ഭാഷയിൽ പ്രാവീണ്യവും പ്രസ്തുത സെന്റർ സ്ഥിതി ചെയ്യുന്ന സ്ഥലത്തെ പ്രാദേശിക ഭാഷാ പ്രാവീണ്യവും ഉണ്ടായിരിക്കണം.

(ബി) പ്രസ്തുത ഭേദഗതികൾ നിലവിൽ വരുന്നതിനുമുമ്പ് ഇൻസ്ട്രക്ടർമാരായിരുന്നവർക്ക് യോഗ്യതകളിൽ എന്തെങ്കിലും ഇളവുകൾ

അനുവദിച്ചിട്ടുണ്ടോ; പ്രസ്തുത ഇളവുകൾ നിലവിൽ അനുവദിക്കുന്നുണ്ടോ; ഇല്ലെങ്കിൽ അതിന്റെ കാരണം അറിയിക്കുമോ?

പ്രസ്തുത ഭേദഗതി വരുന്നതിനുമുമ്പ് 5 വർഷത്തിൽ കുറയാതെ ഡ്രൈവിങ് ഇൻസ്ട്രക്ടർമാരായി പ്രവർത്തിച്ചിട്ടുള്ളവർക്ക് മേൽ പറഞ്ഞിട്ടുള്ള യോഗ്യതകളിൽ ഇളവ് അനുവദിച്ചിട്ടുണ്ട്.

(സി) കേന്ദ്ര നിയമത്തിലും ആക്ടിലും വരുത്തിയിട്ടുള്ള ഭേദഗതികൾ സംസ്ഥാനത്തും നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

കേന്ദ്ര നിയമത്തിലും ആക്ടിലും വരുത്തിയിട്ടുള്ള ഭേദഗതികൾ സംസ്ഥാനത്തും നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കേന്ദ്ര റോഡ് ട്രാൻസ്പോർട്ട് ആൻഡ് ഹൈവേയ്സ് മന്ത്രാലയത്തിന്റെ 07-06-2021-ലെ വിജ്ഞാപന പ്രകാരമുള്ള മാർഗനിർദേശമനുസരിച്ച് സംസ്ഥാനത്ത് പുതുതായി അക്രഡിറ്റഡ് ഡ്രൈവർ ട്രെയിനിങ് സെന്ററുകൾക്ക് അക്രഡിറ്റേഷൻ നൽകുന്നതിനായി തീരുമാനിച്ചിട്ടുണ്ട്.

ആയതുമായി ബന്ധപ്പെട്ട അപേക്ഷകളുടെ മാതൃകയും മാർഗനിർദേശവും

എം.വി.ഡി. വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. കൂടാതെ സാരഥി സോഫ്റ്റ്വെയറിന്റെ പോർട്ടലിൽ ഓൺലൈനായി ഫീസ് ഒടുക്കുന്നതിനുള്ള സജ്ജീകരണങ്ങൾ നടപ്പാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

വെള്ളരിക്കുണ്ട് ആർ.ടി. ഓഫീസ് മിനി സിവിൽ സ്റ്റേഷനിലേക്ക് മാറ്റുന്ന നടപടി

254(1827) <u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വെള്ളരിക്കുണ്ട് സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ് നിലവിൽ പ്രവർത്തിക്കുന്നത് ഏത് കെട്ടിടത്തിലാണെന്നും ആയതിന് മാസംതോറും എത്ര വാടകയാണ് നൽകുന്നതെന്നും വ്യക്തമാക്കാമോ?

കാസർഗോഡ് ജില്ലയിൽ വെള്ളരിക്കുണ്ട്, മങ്കയം ശ്രീ. അസീസ് വി. കെ. എന്നയാളുടെ ഉടമസ്ഥതയിലുള്ള വി.കെ.-മാളിന്റെ ഒന്നാം നിലയിലാണ് വെള്ളരിക്കുണ്ട് സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ് നിലവിൽ പ്രവർത്തിച്ചുവരുന്നത്. പ്രതിമാസം വാടക ഇനത്തിൽ 53,237/- രൂപ (അൻപത്തിമൂന്നായിരത്തി ഇരുന്നൂറ്റി മുപ്പത്തി ഏഴ് രൂപ മാത്രം) നൽകിവരുന്നു.

(ബി) പ്രസ്തുത ഓഫീസ് വെള്ളരിക്കുണ്ട് മിനി സിവിൽ സ്റ്റേഷനിലേക്ക് മാറ്റുന്നതിലേക്കായി സ്ഥലം നീക്കിവച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

04-04-2022-ലെ കാസർഗോഡ് ജില്ലാ കളക്ടറുടെ DCKSGD/2695/2018-M5 നമ്പർ നടപടിക്രമം പ്രകാരം വെള്ളരിക്കുണ്ട് സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസിനായി വെള്ളരിക്കുണ്ട് മിനി സിവിൽ സ്റ്റേഷനിൽ സ്ഥലം അനുവദിച്ചിട്ടുണ്ട്.

(സി) എങ്കിൽ എന്തുകൊണ്ടാണ് മിനി സിവിൽ സ്റ്റേഷനിലേക്ക് സബ് ആർ.ടി. ഓഫീസ് മാറ്റാത്തതെന്ന് വിശദമാക്കാമോ?

വെള്ളരിക്കുണ്ട് സബ് ആർ. ടി. ഓഫീസ് മിനി സിവിൽ സ്റ്റേഷനിലേക്ക് മാറ്റി സ്ഥാപിക്കുന്നതിനായുള്ള ഭരണാനുമതി നൽകുന്നതിനുള്ള പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു.

കെ.എസ്.ആർ.ടി.സി. മിനി ബസ് സർവീസ്

255(1828) ശ്രീ. അഹമ്മദ് ദേവർകോവിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രൈവറ്റ് ബസ്സുകളില്ലാത്ത റൂട്ടുകളിൽ കെ.എസ്.ആർ.ടി.സി. മിനി ബസ് റൂട്ട് അനുവദിക്കുന്നതിന് നടപടി

സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) മിനി ബസ്സുകൾക്ക് പെർമിറ്റ് നൽകിയിട്ടുണ്ടെങ്കിൽ അനുവദിച്ച റൂട്ടുകൾ വിശദമാക്കാമോ;

(സി) കോഴിക്കോട് സൗത്ത് മണ്ഡലത്തിൽ ഉമ്മളത്തൂർ-വെളിപ്പറമ്പ് എം.എൽ.എ. റോഡിലൂടെ കെ.എസ്.ആർ.ടി.സി. മിനി ബസ്സിന് റൂട്ട് അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

(എ-സി) പുതിയ റൂട്ടുകളിൽ കെ.എസ്.ആർ.ടി.സി. മിനി ബസ്സ് അനുവദിക്കുന്നത് നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

മോട്ടോർ വാഹന ചെക്പോസ്റ്റുകൾ

256(1829) ശ്രീ. ചാണ്ടി ഉമ്മൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാതിർത്തിയിൽ എത്ര മോട്ടോർ വാഹന ചെക്ക്പോസ്റ്റുകൾ ഉണ്ട്; പ്രസ്തുത ചെക്ക്പോസ്റ്റുകളിൽ എത്ര ജീവനക്കാർ ജോലിചെയ്യുന്നുണ്ടെന്നും ഏതെല്ലാം വിഭാഗത്തിൽപ്പെടുന്നവരാണെന്നും വിശദമാക്കാമോ?

മോട്ടോർ വാഹന വകുപ്പിന് കീഴിൽ 19 സ്ഥിരം ചെക്ക് പോസ്റ്റുകളും ഒരു താൽക്കാലിക ചെക്ക് പോസ്റ്റും നിലവിലുണ്ട്. പ്രസ്തുത ചെക്ക് പോസ്റ്റുകളിലായി 23 മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർമാരും 73 അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർമാരും 62 ഓഫീസ് അറ്റൻഡന്റുമാരും ഉൾപ്പെടെ 158 ജീവനക്കാരാണ് ജോലി ചെയ്തിരുന്നത്.

എന്നാൽ ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ചിട്ടുള്ള 03-02-2025-ലെ സർക്കുലർ നമ്പർ 03/2025 പ്രകാരം 8 മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർമാരും 20 അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർമാരും 20 ഓഫീസ് അറ്റൻഡന്റുമാരും ഉൾപ്പെടെ 48 ജീവനക്കാരാണ് നിലവിലുള്ളത്.

(ബി) പ്രസ്തുത ചെക്ക്പോസ്റ്റുകളിൽനിന്നും 2024 വർഷത്തിൽ സർക്കാരിന് എത്ര രൂപ വരുമാനം ലഭിച്ചുവെന്നും ചെക്ക്പോസ്റ്റുകൾ പ്രവർത്തിപ്പിക്കുന്നതിന് ജീവനക്കാരുടെ ശമ്പളം ഉൾപ്പെടെ 2024 വർഷത്തിൽ എത്ര രൂപ ചെലവായി എന്നും കണക്കുകൾ നൽകാമോ?

ചെക്ക് പോസ്റ്റുകൾ പ്രവർത്തിപ്പിക്കുന്നതിന് 2024 വർഷത്തിൽ

ജീവനക്കാരുടെ ശമ്പള ഇനത്തിൽ പ്രതിമാസം ശരാശരി 93,83,750/- രൂപ ചെലവഴിക്കുന്നുണ്ട്.

ചെക്ക്പോസ്റ്റുകളിൽ നിന്നും 2024 വർഷത്തിൽ സർക്കാരിന് ലഭിച്ച വരുമാനം ചുവടെ ചേർക്കുന്നു.

Financial Year	Amount Collected
2023-2024 (2023 April - 2024 March)	27,35,51,156/-
2024 (April 1st – Dec 31)	96,035,822/-

(സി) മോട്ടോർ വാഹന ചെക്ക്പോസ്റ്റുകൾ നിർത്തലാക്കാൻ കേന്ദ്ര നിർദേശമുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കുമോ?

കേന്ദ്ര സർക്കാരിന്റെ 6-9-2021-ലെ RT-23018/47/2021-T 15-10-2024-ലെ RT-23018/19/2023-T എന്നീ കത്തുകളുടെ അടിസ്ഥാനത്തിൽ മോട്ടോർ വാഹന വകുപ്പിന് കീഴിലുള്ള സംസ്ഥാന അതിർത്തി ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനം നിർത്തലാക്കാൻ നിർദേശം നൽകിയിരുന്നു. ചെക്ക്പോസ്റ്റുകളുടെ പ്രവർത്തനം പൂർണ്ണമായും ഓൺലൈൻ രീതിയിൽ ക്രമീകരിച്ചുകൊണ്ട് അവയുടെ പ്രവർത്തനം നിർത്തലാക്കുന്നതിനുള്ള

നടപടികൾ സ്വീകരിച്ചുവരുന്നു.

കേരളത്തിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ആർ.ടി. ഓഫീസുകൾ

257(1830) <u>ശ്രീമതി കാനത്തിൽ ജമീല:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന എത്ര ആർ.ടി. ഓഫീസുകൾ നിലവിലുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് വിശദമാക്കാമോ?

കേരളത്തിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന 3 ആർ.ടി. ഓഫീസുകൾ നിലവിലുണ്ട്.

<u>തിരുവനന്തപുരം ജില്ല</u>

1) തിരുവനന്തപുരം റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ്.

2) ആറ്റിങ്ങൽ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ്.

<u>പത്തനംതിട്ട ജില്ല</u>

1) പത്തനംതിട്ട റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ്.

(ബി) പ്രസ്തുത ഓഫീസുകൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കാൻ പദ്ധതിയുണ്ടോ; വിശദമാക്കാമോ?

ഇപ്പോൾ പരിഗണനയിലില്ല.

ന്യൂനപക്ഷ സ്കോളർഷിപ്പുകളുടെ തുക

258(1831) ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യത്തിന് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് ന്യൂനപക്ഷ സ്കോളർഷിപ്പുകളുടെ തുക വെട്ടിക്കുറച്ച നടപടികൾ സംബന്ധിച്ച ഫയലുകളുടെ പകർപ്പ് ലഭ്യമാക്കാമോ?

ന്യൂനപക്ഷ സ്കോളർഷിപ്പുകളുടെ തുക വെട്ടിക്കുറയ്ക്കേണ്ടതില്ലെന്ന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

മൈനോറിറ്റി കോച്ചിങ് സെന്ററുകളിലെ താൽക്കാലിക ജീവനക്കാർ

259(1832) ശ്രീ. അഹമ്മദ് ദേവർകോവിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷക്ഷേമ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന മൈനോറിറ്റി കോച്ചിങ് സെന്ററുകളിൽ നിലവിലുള്ള താൽക്കാലിക ജീവനക്കാരെ

നിയമിച്ചിട്ട് എത്ര വർഷമായെന്ന് വ്യക്തമാക്കാമോ?

ന്യൂനപക്ഷ ക്ഷേമ വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന മൈനോറിറ്റി കോച്ചിങ് സെന്ററുകളിൽ നിലവിലുള്ള താൽക്കാലിക ജീവനക്കാരെ നിയമിച്ചിട്ട് 2 മുതൽ 13 വർഷം വരെയായിട്ടുണ്ട്.

(ബി) അവരെ നിയമിക്കുന്നതിന് സ്വീകരിച്ച മാനദണ്ഡങ്ങൾ വിശദമാക്കാമോ?

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽനിന്നും ലിസ്റ്റ് ലഭ്യമാക്കി അല്ലെങ്കിൽ ഓരോ തസ്തികയ്ക്കും പി.എസ്.സി./സർക്കാർ നിഷ്കർഷിച്ചിട്ടുള്ള യോഗ്യതയുള്ള ഉദ്യോഗാർഥികളിൽനിന്നും അപേക്ഷ ക്ഷണിച്ച് സർക്കാർ പ്രതിനിധി ഉൾപ്പെടുന്ന സെലക്ഷൻ കമ്മിറ്റി മുഖാന്തരം അഭിമുഖം നടത്തി റാങ്ക് ലിസ്റ്റ് തയ്യാറാക്കിയാണ് താൽക്കാലിക നിയമനം നടത്തുന്നത്.

(സി) അപ്രകാരം നിയമിച്ചവരിൽ എത്രപേർ നിലവിൽ ജോലിയിൽ തുടരുന്നുവെന്നും സേവന കാലയളവിൽ അവർക്ക് നൽകിയ വേതനം എത്രയാണെന്നും വിശദമാക്കാമോ?

സംസ്ഥാനത്തെ 24 ന്യൂനപക്ഷ യുവജന പരിശീലന കേന്ദ്രങ്ങളിലായി

നിലവിൽ ആകെ 76 ജീവനക്കാർ കരാർ അടിസ്ഥാനത്തിൽ ജോലി നോക്കിവരുന്നു. വിവിധ യുവജന പരിശീലന കേന്ദ്രങ്ങളിലെ കരാർ ജീവനക്കാർക്ക് സമാഹൃത വേതനം ഇനത്തിൽ ആകെ 17,40,80,329/- രൂപ അനുവദിച്ചിട്ടുണ്ട്.

മുനമ്പം വിഷയം രമ്യമായി പരിഹരിക്കുന്നതിന് നടപടി

260(1833) ശ്രീ. റോജി എം. ജോൺ:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. ടി. ജെ. വിനോദ്:
ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുനമ്പത്ത് കിടപ്പാടത്തിനായി സമരം ചെയ്യുന്ന ജനങ്ങളുടെ പ്രശ്നങ്ങൾ ഗൗരവത്തോടെ കാണുന്നുണ്ടോ; വിശദമാക്കുമോ;

(ബി) മുനമ്പത്തെ നിലവിലെ താമസക്കാർക്ക് ഭൂമിയുടെ പൂർണ്ണ അവകാശം നൽകി യുദ്ധകാലാടിസ്ഥാനത്തിൽ പരിഹാരം കാണാൻ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

(എ & ബി) മുനമ്പത്ത് കിടപ്പാടത്തിനായി സമരം ചെയ്യുന്ന

ജനങ്ങളുടെ പ്രശ്നങ്ങൾ സർക്കാർ ഗൗരവത്തോടെ കാണുന്നുണ്ട്. അതിനൊരു ശാശ്വത പരിഹാരം കണ്ടെത്തി സർക്കാർ സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് മൂന്ന് മാസത്തിനകം ശിപാർശ ചെയ്യുന്നതിലേക്കായി 1952-ലെ കമ്മീഷൻസ് ഓഫ് എൻക്വയറി ആക്ടിലെ 3-ാം വകുപ്പ് പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച് മുൻ ഹൈക്കോടതി ജഡ്ജി ശ്രീ. സി. എൻ. രാമചന്ദ്രൻ നായരെ എൻക്വയറി കമ്മീഷനായി നിയോഗിച്ച് സർക്കാർ ഇതിനകം വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളതാണ്. കമ്മീഷൻ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

ന്യൂനപക്ഷ ക്ഷേമ പ്രവർത്തനങ്ങൾ

261(1834) ശ്രീ. പി. ടി. എ. റഹീം:
ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി:
ശ്രീമതി കാനത്തിൽ ജമീല:
ശ്രീമതി ദെലീമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ന്യൂനപക്ഷ വിദ്യാർഥികളുടെ സ്കോളർഷിപ്പ് വെട്ടിക്കുറച്ചുവെന്ന ചില മാധ്യമങ്ങൾ വഴിയുള്ള പ്രചരണം ഏറ്റെടുത്ത് ചില

ഉന്നത വ്യക്തികൾ സമൂഹത്തിൽ തെറ്റിദ്ധാരണ പരത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ന്യൂനപക്ഷ വിദ്യാർഥികളുടെ സ്കോളർഷിപ്പ് വെട്ടിക്കുറയ്ക്കേണ്ടതില്ലെന്ന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

(ബി) ഈ സർക്കാർ ന്യൂനപക്ഷ ക്ഷേമവുമായി ബന്ധപ്പെട്ട് നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദീകരിക്കുമോ?

സംസ്ഥാനത്തെ ന്യൂനപക്ഷ ജനവിഭാഗങ്ങളുടെ സാമൂഹിക-സാമ്പത്തിക-വിദ്യാഭ്യാസ പിന്നാക്കാവസ്ഥ പരിഹരിക്കുന്നതിന് ആവശ്യമായ പരിപാടികളും പദ്ധതികളും ആവിഷ്കരിച്ച് നടപ്പിലാക്കുകയും അതുവഴി ഈ വിഭാഗങ്ങളുടെ സമഗ്രമായ സാമൂഹിക ഉന്നമനം സാധ്യമാക്കുകയുമാണ് ന്യൂനപക്ഷ ക്ഷേമ വകുപ്പിന്റെ ലക്ഷ്യം. ഈ ഉദ്ദേശ്യലക്ഷ്യം നിറവേറ്റുന്നതിന് വകുപ്പ് മുഖേന സ്കോളർഷിപ്പ് പദ്ധതികളും നൈപുണ്യ പരിശീലന പദ്ധതികളും യു.ജി.സി./സി.എസ്.ഐ.ആർ. നെറ്റ് പരീക്ഷ പരിശീലന പദ്ധതിയും ന്യൂനപക്ഷ യുവജനതയ്ക്കായുള്ള 24

പരിശീലന കേന്ദ്രങ്ങളും ന്യൂനപക്ഷ കേന്ദ്രീകൃത മേഖലകളിൽ കൂടിവെള്ള പദ്ധതികൾ, കരിയർ ഗൈഡൻസ്, പ്രീമാരിറ്റൽ കൗൺസിലിങ്, ഭവന പദ്ധതി/ഭവന നിർമ്മാണ പദ്ധതികളും ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ന്യൂനപക്ഷ ക്ഷേമ വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികൾ സംബന്ധിച്ച് ഓരോ സാമ്പത്തിക വർഷത്തെയും ഭരണ റിപ്പോർട്ട് തയ്യാറാക്കാറുണ്ട്.

ജസ്റ്റിസ് ജെ. ബി. കോശി കമ്മീഷൻ റിപ്പോർട്ട്

262(1835) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യത്തിന് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ജസ്റ്റിസ് ജെ. ബി. കോശി കമ്മീഷൻ റിപ്പോർട്ടിലെ ശിപാർശകൾ നടപ്പിലാക്കുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശം വ്യക്തമാക്കുമോ?

സംസ്ഥാനത്തെ ക്രിസ്ത്യൻ ന്യൂനപക്ഷങ്ങളുടെ വിദ്യാഭ്യാസ, സാമ്പത്തിക പിന്നാക്കാവസ്ഥ, ക്ഷേമം എന്നിവ സംബന്ധിച്ച പ്രശ്നങ്ങൾ പഠിക്കാൻ വേണ്ടി 05-11-2020-ലെ സ.ഉ. (എം.എസ്.)നം.214/2020/ആഭ്യന്തരം പ്രകാരം രൂപീകൃതമായതാണ്

ജസ്റ്റിസ് (റിട്ട.) ജെ. ബി. കോശി കമ്മീഷൻ. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് ജസ്റ്റിസ് (റിട്ട.) ജെ. ബി. കോശി കമ്മീഷൻ സമർപ്പിച്ച 284 ശിപാർശകൾ അടങ്ങിയ പഠന റിപ്പോർട്ട് പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതിനായി 20-06-2023-ൽ ആഭ്യന്തര വകുപ്പിൽനിന്നും ന്യൂനപക്ഷ ക്ഷേമ വകുപ്പിലേക്ക് കൈമാറിയിരുന്നു.

ന്യൂനപക്ഷ ക്ഷേമ വകുപ്പ് ഉൾപ്പെടെ വിവിധ വകുപ്പുകളിൽ നടപ്പാക്കേണ്ടവ അതത് വകുപ്പുകളിൽ പരിശോധിച്ച് തീരുമാനം കൈക്കൊള്ളേണ്ടതുണ്ട്. ബന്ധപ്പെട്ട വകുപ്പുകൾ കൈക്കൊള്ളേണ്ട നടപടികൾ ചർച്ച ചെയ്യുന്നതിനായും അവ ക്രോഡീകരിക്കുന്നതിനായും വകുപ്പുമന്ത്രി സെക്രട്ടറിമാരുടെ യോഗം 09-01-2024-ലും ന്യൂനപക്ഷ ക്ഷേമ വകുപ്പുമായി ബന്ധപ്പെട്ട ശിപാർശകളിന്മേൽ നടപടി സംബന്ധിച്ച് ചർച്ച ചെയ്യുന്നതിനായി 22-08-2024-ലും യോഗം വിളിച്ചു ചേർക്കുകയുണ്ടായി. കൂടാതെ, ജസ്റ്റിസ് (റിട്ട.) ജെ. ബി. കോശി കമ്മീഷൻ റിപ്പോർട്ടിലെ ശിപാർശകൾ പരിശോധിച്ച് അഭിപ്രായങ്ങൾ സമർപ്പിക്കാൻ ചീഫ് സെക്രട്ടറി അധ്യക്ഷനായി ന്യൂനപക്ഷ ക്ഷേമ വകുപ്പ് സെക്രട്ടറി, പൊതുഭരണ

വകുപ്പ് സെക്രട്ടറി എന്നിവർ അംഗങ്ങളായും 02-03-2024-ലെ സ.ഉ. (സാധാ)നം.993/2024/പൊ.ഭ.വ. പ്രകാരം ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റി കൃത്യമായ ഇടവേളകളിൽ യോഗം ചേർന്ന് കമ്മീഷൻ ശിപാർശകളിന്മേൽ ബന്ധപ്പെട്ട വകുപ്പുകൾ സ്വീകരിക്കേണ്ട നടപടികൾ അവലോകനം ചെയ്യുന്നുണ്ട്.

ജസ്റ്റിസ് (റിട്ട.) ജെ. ബി. കോശി കമ്മീഷൻ റിപ്പോർട്ടിലെ ശിപാർശകൾ സംബന്ധിച്ച വിഷയം ചർച്ച ചെയ്ത് അന്തിമരൂപം തയ്യാറാക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുമന്ത്രിമാരുമായും ഉദ്യോഗസ്ഥരുമായും 17-02-2025-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി യോഗം നടത്താൻ തീരുമാനിച്ചിട്ടുണ്ട്.

വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ട ശിപാർശകൾ ക്രോഡീകരിച്ച് മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കാനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്.

ന്യൂനപക്ഷ ക്ഷേമ വകുപ്പിന് വകയിരുത്തിയ തുക

263(1836) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യത്തിന് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി

സദയം മറുപടി നൽകുമോ:

2024-25 സാമ്പത്തികവർഷം പദ്ധതി അടങ്കലിൽ ന്യൂനപക്ഷക്ഷേമ വകുപ്പിന് എത്ര തുകയാണ് വകയിരുത്തിയതെന്നും നാളിതുവരെ തുകയുടെ എത്ര ശതമാനം ചെലവഴിച്ചുവെന്നും വിശദമാക്കാമോ?

2024-25 സാമ്പത്തിക വർഷം പദ്ധതി അടങ്കലിൽ ന്യൂനപക്ഷ ക്ഷേമ വകുപ്പിന് വകയിരുത്തിയ ₹73,63,00,000/- രൂപയിൽ നാളിതുവരെ 6.1% തുക ചെലവഴിച്ചിട്ടുണ്ട്. വകയിരുത്തിയ തുകയിൽ 35.43 ലക്ഷം രൂപ സ്കോളർഷിപ്പുകൾ വിതരണം ചെയ്യാനുള്ളതാണ്. സ്കോളർഷിപ്പ് വിതരണത്തിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

ഐ.ഐ.റ്റി./ഐ.ഐ.എം. സ്കോളർഷിപ്പ്

264(1837) ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യത്തിന് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2016 മുതൽ നാളിതുവരെ ന്യൂനപക്ഷവിഭാഗത്തിൽപ്പെട്ട വിദ്യാർഥികൾക്കായുള്ള ഐ.ഐ.റ്റി./ഐ.ഐ.എം. സ്കോളർഷിപ്പ്

ഇനത്തിൽ എത്ര രൂപ വകയിരുത്തിയെന്നും എത്ര രൂപ ചെലവഴിച്ചുവെന്നും വർഷം തിരിച്ച് വിവരം ലഭ്യമാക്കാമോ?

2023-24 സാമ്പത്തിക വർഷം മുതൽ രാജ്യത്തെ പ്രധാനപ്പെട്ട ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളായ IIM/IIT/IISc/IMSc-കളിൽ ഉപരിപഠനം (PG/Ph.D) നടത്തുന്നവർക്ക് ഐ.ഐ.റ്റി./ഐ.ഐ.എം. സ്കോളർഷിപ്പ് നൽകിവരുന്നു. സ്കോളർഷിപ്പ് ഇനത്തിൽ വകയിരുത്തിയ തുക, ചെലവഴിച്ച തുക, തിരഞ്ഞെടുത്ത വിദ്യാർഥികളുടെ എണ്ണം എന്നിവയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

വർഷം	വകയിരുത്തിയ തുക (രൂപ ലക്ഷത്തിൽ)	ചെലവഴിച്ച തുക (രൂപ ലക്ഷത്തിൽ)	തിരഞ്ഞെടുത്ത വിദ്യാർഥികളുടെ എണ്ണം
2023-24	20	17.5	35
2024-25	20	10	20

ന്യൂനപക്ഷ ക്ഷേമ ഡയറക്ടറേറ്റിന് വകയിരുത്തിയ തുക

265(1838) ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024-25 സാമ്പത്തിക വർഷം ന്യൂനപക്ഷ ക്ഷേമ ഡയറക്ടറേറ്റിന് വകയിരുത്തിയ തുക എത്രയാണെന്നും പ്രസ്തുത തുകയിൽ നാളിതുവരെ ഡയറക്ടറേറ്റ് ചെലവാക്കിയത് എത്രയാണെന്നും അറിയിക്കാമോ?

2024-25 സാമ്പത്തിക വർഷം ന്യൂനപക്ഷ ക്ഷേമ ഡയറക്ടറേറ്റിന് വകയിരുത്തിയ ₹73,63,000,00/- രൂപയിൽ നാളിതുവരെ ₹5,94,94,376/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതിൽ സ്കോളർഷിപ്പുകൾ അനുവദിക്കാനുള്ള നടപടികൾ നടന്നുവരുന്നു.

(ബി) ന്യൂനപക്ഷ ക്ഷേമ ഡയറക്ടറേറ്റ് വിവിധ പ്രവർത്തനങ്ങൾക്കായി 2024-25 സാമ്പത്തിക വർഷം വകയിരുത്തിയത് എത്ര തുകയാണെന്ന് പ്രവൃത്തികൾ തിരിച്ച് അറിയിക്കാമോ;

(സി) 2024-25 സാമ്പത്തിക വർഷം ന്യൂനപക്ഷ ക്ഷേമ ഡയറക്ടറേറ്റ് വിവിധ പ്രവൃത്തികൾക്കായി വകയിരുത്തിയ തുകയിൽ ഓരോ പ്രവൃത്തികൾക്ക് ചെലവഴിച്ച തുക എത്രയാണെന്ന് പ്രവൃത്തി തിരിച്ച് അറിയിക്കാമോ?

(ബി & സി) ന്യൂനപക്ഷ ക്ഷേമ ഡയറക്ടറേറ്റ് വിവിധ

പ്രവർത്തനങ്ങൾക്കായി 2024-25 സാമ്പത്തിക വർഷം വകയിരുത്തിയ തുകയുടെ പ്രവൃത്തി തിരിച്ചുള്ള വിശദാംശങ്ങളും ചെലവഴിച്ച തുകയുടെ വിശദാംശങ്ങളും അനുബന്ധമായി ചേർക്കുന്നു+.

(ഡി) 2024-25 സാമ്പത്തിക വർഷം ന്യൂനപക്ഷ ക്ഷേമ ഡയറക്ടറേറ്റിന് വകയിരുത്തിയ തുക ഈ സാമ്പത്തിക വർഷം പൂർണ്ണമായും ചെലവഴിക്കുമോ എന്ന് അറിയിക്കാമോ?

2024-25 സാമ്പത്തിക വർഷം ന്യൂനപക്ഷക്ഷേമ ഡയറക്ടറേറ്റിന് വകയിരുത്തിയ തുക ഈ സാമ്പത്തിക വർഷം പൂർണ്ണമായും ചെലവഴിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

യു.ജി.സി./നെറ്റ്, ഐ.ടി.സി. ഫീസ് റീ ഇംബേഴ്സ്മെന്റ്

266(1839) ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യത്തിന് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2016 മുതൽ നാളിതുവരെ യു.ജി.സി./നെറ്റ്, ഐ.ടി.സി. ഫീസ് റീ ഇംബേഴ്സ്മെന്റ് ഇനത്തിൽ എത്ര രൂപ വകയിരുത്തിയെന്നും എത്ര രൂപ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ചെലവഴിച്ചുവെന്നും വർഷം തിരിച്ച് വിവരം ലഭ്യമാക്കാമോ?

യു.ജി.സി./സി.എസ്.ഐ.ആർ.-നെറ്റ് കോച്ചിംഗ് ഇനത്തിൽ വകയിരുത്തിയ തുകയുടെയും ചെലവഴിച്ച തുകയുടെയും വർഷം തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിട്ടുണ്ട്+. ഐ.ടി.സി. ഫീസ് റീ-ഇംബേഴ്സ്മെന്റ് ഇനത്തിൽ വകയിരുത്തിയ തുകയുടെയും ചെലവഴിച്ച തുകയുടെയും വർഷം തിരിച്ചുള്ള കണക്കും അനുബന്ധമായി ചേർത്തിട്ടുണ്ട്+.

ന്യൂനപക്ഷ വിഭാഗങ്ങൾക്ക് കോച്ചിങ് സെന്റർ അനുവദിക്കുന്നതിന് നടപടി

267(1840) ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ മണ്ഡലത്തിൽ ന്യൂനപക്ഷ വിഭാഗങ്ങൾക്ക് കോച്ചിങ് സെന്റർ അനുവദിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഗുരുവായൂർ മണ്ഡലത്തിൽ പുതിയ പരിശീലന കേന്ദ്രം ആരംഭിക്കുന്നകാര്യം പരിശോധനയിലാണ്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആരംഭിച്ച

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ന്യൂനപക്ഷ കോച്ചിങ് സെന്ററുകളുടെ വിശദാംശം അറിയിക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതിയ ന്യൂനപക്ഷ യുവജന പരിശീലന കേന്ദ്രങ്ങൾ ആരംഭിച്ചിട്ടില്ല.

ന്യൂനപക്ഷ സ്കോളർഷിപ്പ്

268(1841) ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമ്പത്തിക പ്രതിസന്ധിമൂലം സംസ്ഥാനത്ത് ന്യൂനപക്ഷ സ്കോളർഷിപ്പ് ഫണ്ട് വെട്ടിക്കുറച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര ശതമാനം തുകയാണ് വെട്ടിക്കുറച്ചതെന്ന് വിശദമാക്കുമോ?

സംസ്ഥാനത്ത് ന്യൂനപക്ഷ സ്കോളർഷിപ്പ് ഫണ്ട് വെട്ടിക്കുറയ്ക്കേണ്ടതില്ലെന്ന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

(ബി) വകുപ്പ് നൽകുന്ന ന്യൂനപക്ഷ സ്കോളർഷിപ്പുകൾ ഏതെല്ലാമാണെന്ന് വിശദമാക്കുമോ?

ന്യൂനപക്ഷ ക്ഷേമ വകുപ്പ് മുഖേന നൽകുന്ന സ്കോളർഷിപ്പുകളുടെ

വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

(സി) 2011-2024 വർഷ കാലയളവിൽ വിവിധ സ്കോളർഷിപ്പ് ഇനത്തിൽ ന്യൂനപക്ഷ വകുപ്പ് ചെലവഴിച്ച തുകയുടെ വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

2013-14 സാമ്പത്തിക വർഷം മുതലാണ് സംസ്ഥാന ന്യൂനപക്ഷക്ഷേമ വകുപ്പ് വിവിധ സ്കോളർഷിപ്പ് പദ്ധതികൾ നടപ്പിലാക്കിയിട്ടുള്ളത്. പ്രസ്തുത കാലയളവിൽ ഈ ഇനത്തിൽ ചെലവഴിച്ച തുകയുടെ വർഷം തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു+.

ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ്പ് ഫണ്ട്

269(1842) ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യത്തിന് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2016 മുതൽ നാളിതുവരെ ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ്പ് ഫണ്ടിലേക്ക് എത്ര രൂപ വകയിരുത്തിയെന്നും എത്ര രൂപ ചെലവഴിച്ചുവെന്നും വർഷം തിരിച്ചുള്ള വിവരം ലഭ്യമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

2016 മുതൽ നാളിതുവരെ ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ്പ് ഇനത്തിൽ വകയിരുത്തിയ തുക, ചെലവഴിച്ച തുക, തിരഞ്ഞെടുത്ത വിദ്യാർഥികളുടെ എണ്ണം എന്നിവയുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു+.

ന്യൂനപക്ഷ സ്കോളർഷിപ് ഫണ്ട്

270(1843) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യത്തിന് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ ന്യൂനപക്ഷ സ്കോളർഷിപ്പ് ഫണ്ട് വെട്ടിക്കുറച്ചിട്ടുണ്ടോ; എങ്കിൽ ഈ തീരുമാനം കൈക്കൊണ്ടതിന്റെ നോട്ട് ഫയൽ, കറന്റ് ഫയൽ എന്നിവയുടെ പകർപ്പുകൾ ലഭ്യമാക്കാമോ?

ന്യൂനപക്ഷ സ്കോളർഷിപ്പ് ഫണ്ട് വെട്ടിക്കുറയ്ക്കേണ്ടതില്ലെന്ന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

ന്യൂനപക്ഷ സ്കോളർഷിപ് ഫണ്ട്

271(1844) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ന്യനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ന്യനപക്ഷ സ്കോളർഷിപ്പ് ഫണ്ട് വെട്ടിക്കുറച്ചിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ സ്കോളർഷിപ്പുകളുടെ ഫണ്ടുകളാണ് വെട്ടിക്കുറച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത തീരുമാനം കൈക്കൊണ്ട യോഗത്തിന്റെ മിനിറ്റ്സ് ലഭ്യമാക്കാമോ?

(എ & ബി) ന്യനപക്ഷ സ്കോളർഷിപ്പ് ഫണ്ട് വെട്ടിക്കുറയ്ക്കേണ്ടതില്ലെന്ന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

ന്യനപക്ഷ വിഭാഗത്തിൽപ്പെട്ട വിദ്യാർഥികളുടെ ആനുകൂല്യങ്ങൾ

272 (1845) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ന്യനപക്ഷ വിഭാഗത്തിൽപ്പെട്ട വിദ്യാർഥികൾക്ക് നൽകിവരുന്ന ആനുകൂല്യങ്ങളും സഹായങ്ങളും എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

ന്യനപക്ഷ വിഭാഗത്തിലെ വിദ്യാർഥികൾക്കായി നൽകിവരുന്ന വിവിധ

സ്കോളർഷിപ്പ് പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. പ്രൊഫ. ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ്പ്

2. സിവിൽ സർവീസ് ഫീ-റീ ഇംമ്പേഴ്സ്മെന്റ് സ്കീം

3. വിദേശ പഠനത്തിനുള്ള സ്കോളർഷിപ്പ്

4. സർക്കാർ അംഗീകൃത പ്രൈവറ്റ് ഐ.റ്റി.ഐ.-കളിൽ പഠിക്കുന്ന വിദ്യാർഥികൾക്ക് ITC-ഫീ റീ-ഇംമ്പേഴ്സ്മെന്റ് സ്കീം

5. സി.എ./സി.എം.എ./സി.എസ്. സ്കോളർഷിപ്പ്

6. ഐ.ഐ.ടി./ഐ.ഐ.എം./ഐ.ഐ.എസ്.സി., ഐ.എം.എസ്.സി. എന്നീ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്ന വിദ്യാർഥികൾക്കുള്ള സ്കോളർഷിപ്പ്

7. എ.പി.ജെ. അബ്ദുൾ കലാം സ്കോളർഷിപ്പ്

8. മദർ തെരേസ സ്കോളർഷിപ്പ്

9. മാർഗദീപം സ്കോളർഷിപ്പ് പദ്ധതി

10. സി.എച്ച്. മുഹമ്മദ് കോയ സ്കോളർഷിപ്പ്

11. ഇബ്രാഹീം സുലൈമാൻ സേട്ട് ഉർദു സ്കോളർഷിപ്പ് അവാർഡ്

തൊഴിൽ നൈപുണി പരിശീലന പദ്ധതികൾ

1. ന്യൂനപക്ഷ വിദ്യാർഥികൾക്ക് അസാപ്, KITTS, KASE, ODEPEC മുഖേന നൈപുണ്യ പരിശീലന പരിപാടി
2. യു.ജി.സി./സി.എസ്.ഐ.ആർ./നെറ്റ് കോച്ചിങ്
3. ന്യൂനപക്ഷ മതവിഭാഗങ്ങളിലെ വിദ്യാർഥികൾക്ക് (പത്താംതരവും പ്ലസ് ടുവും) വേണ്ടിയുള്ള കരിയർ ഗൈഡൻസ് പരിശീലന പരിപാടി
4. ന്യൂനപക്ഷ യുവജനതയ്ക്കായുള്ള സൗജന്യ പരിശീലന കേന്ദ്രങ്ങളും ഉപകേന്ദ്രങ്ങളും

(ബി) ഇതിനായുള്ള ഫണ്ടിൽ സംസ്ഥാനത്തിന്റെയും കേന്ദ്രത്തിന്റെയും വിഹിതം എത്ര വീതമാണെന്ന് വിശദമാക്കാമോ;

(സി) ഈ ആനുകൂല്യങ്ങളും സഹായങ്ങളും നിലവിൽ മുടങ്ങിയിട്ടുണ്ടോ എന്ന് അറിയിക്കാമോ; എങ്കിൽ അതിനുള്ള കാരണം വിശദമാക്കാമോ;

(ഡി) ഫണ്ട് അനുവദിക്കുന്നതിൽ കേന്ദ്ര സർക്കാരിന്റെ ഭാഗത്തുനിന്നും കാലതാമസം ഉണ്ടാകാറുണ്ടോ; എങ്കിൽ വിശദമാക്കാമോ?

(ബി-ഡി) കേന്ദ്ര വിഹിതമില്ല. 100 ശതമാനവും സംസ്ഥാന സർക്കാർ

വിഹിതമാണ്. ആനുകൂല്യങ്ങളും സഹായങ്ങളും നിലവിൽ മുടങ്ങിയിട്ടില്ല.

ന്യൂനപക്ഷ സ്കോളർഷിപ്പ് തുക കാലോചിതമായി പരിഷ്കരിക്കുന്നതിന് നടപടി

273(1846) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ന്യൂനപക്ഷ വിദ്യാർഥികൾക്ക് വിതരണം ചെയ്യുന്ന സ്കോളർഷിപ്പ് തുകയുടെ വിശദാംശം ലഭ്യമാക്കുമോ?

ക്രമ നം.	സ്കോളർഷിപ്പ് പേര്	തുക
1.	സി.എച്ച്. മുഹമ്മദ് കോയ സ്കോളർഷിപ്പ്	ബിരുദം-5000/-രൂപ
		ബിരുദാനന്തര ബിരുദം- 6000/-രൂപ
		പ്രൊഫഷണൽ- 7000/-രൂപ
		ഹോസ്റ്റൽ സ്റ്റൈപ്പന്റ് - 13000/-രൂപ
2	മദർതെരേസ സ്കോളർഷിപ്പ്	15000/- രൂപ
3	എ.പി.ജെ. അബ്ദുൾ കലാം സ്കോളർഷിപ്പ്	6000/- രൂപ
4	സി.എ./സി.എം.എ./സി.എസ്. സ്കോളർഷിപ്പ്	15000/- രൂപ
5.	യു.ജി.സി./സി.എസ്.ഐ.ആർ./നെറ്റ് പരീക്ഷാ പരിശീലനം	ഒരു ബാച്ചിന് 79500/-രൂപ
6.	IITs, IIM, IISc, IMSc	50000/- രൂപ

7	പ്രൊഫ. ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ്പ് അവാർഡ്	എസ്.എസ്.എൽ.സി./പ്ലസ് ടു/ വി.എച്ച്.എസ്.ഇ. വിഭാഗത്തിന് – 10,000/- രൂപയും ബിരുദത്തിന് 80% മാർക്ക്, ബിരുദാനന്തര ബിരുദത്തിന് 75% മാർക്ക് നേടി വിജയിച്ചവർക്ക് 15000/- രൂപയും
8	സിവിൽ സർവ്വീസ് ഫീ-റീ ഇംമ്പേഴ്സ്മെന്റ് സ്കീം	കോഴ്സ് ഫീ ഇനത്തിൽ പ്രതിവർഷം 20000/- രൂപയും ഹോസ്റ്റൽ ഫീ ഇനത്തിൽ 10000/- രൂപയും
9	വിദേശ പഠനത്തിനുള്ള സ്കോളർഷിപ്പ്	2021-22 സാമ്പത്തിക വർഷം പരമാവധി 10,00,000/- രൂപ 2022-23 സാമ്പത്തിക വർഷം മുതൽ പരമാവധി 5,00,000/- രൂപ
10	ഇബ്രാഹീം സുലൈമാൻ സേട്ട് ഉർദു സ്കോളർഷിപ്പ് അവാർഡ്	1000/- രൂപ
11	മാർഗദീപം സ്കോളർഷിപ്പ് പദ്ധതി	1500/- രൂപ
12	സ്വകാര്യ ഐ.റ്റി.ഐ. – കളിൽ വിവിധ കോഴ്സുകൾക്ക് പഠിക്കുന്നവർക്കുള്ള ഫീ റീ-ഇംബേഴ്സ്മെന്റ് സ്കീം	10000/- (ഒരു വർഷ കോഴ്സ്) 20000/- (രണ്ട് വർഷ കോഴ്സ്) എന്ന തോതിൽ ഫീസ് റീ – ഇംമ്പേഴ്സ്മെന്റ് ആയാണ് സ്കോളർഷിപ്പ് നൽകുന്നത്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിതരണം നടത്തിയിട്ടുള്ള സ്കോളർഷിപ്പ് തുകയുടെ വിശദാംശം നൽകാമോ?

വിതരണം നടത്തിയിട്ടുള്ള സ്കോളർഷിപ്പ് തുകയുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു+.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) ന്യൂനപക്ഷ സ്കോളർഷിപ്പ് തുക കാലോചിതമായി പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ?

സ്കോളർഷിപ്പ് തുക പരിഷ്കരിക്കുന്നത് സംബന്ധിച്ച വിഷയം നിലവിൽ പരിഗണനയിലില്ല.

പദ്ധതി അടങ്കൽ തുക വെട്ടിക്കുറച്ച നടപടി

274(1847) ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമ്പത്തിക പ്രതിസന്ധിയെ തുടർന്ന് 2024-25 വർഷത്തെ പദ്ധതി അടങ്കലിന്റെ അൻപത് ശതമാനംവരെ വെട്ടിക്കുറവ് വരുത്താനുള്ള തീരുമാനത്തെ തുടർന്ന് വകുപ്പിലെ ഏതൊക്കെ പദ്ധതികൾക്കാണ് വെട്ടിക്കുറവ് സംഭവിച്ചിരിക്കുന്നതെന്നും എത്ര ശതമാനം വരെ വെട്ടിക്കുറച്ചുവെന്നുമുള്ള വിവരം ലഭ്യമാക്കാമോ?

ന്യൂനപക്ഷ വിഭാഗങ്ങളിലെ വിദ്യാർഥികൾക്ക് നൽകി വരുന്ന സ്കോളർഷിപ്പ് വെട്ടിക്കുറയ്ക്കേണ്ടെന്ന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. നൈപുണ്യ

പരിശീലനത്തിനായി വകയിരുത്തിയ 180 ലക്ഷം രൂപയിൽ 50% വെട്ടിക്കുറവ് വരുത്തിയിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതികളുടെ നാളിതുവരെയുള്ള പുരോഗതി വിശദമാക്കാമോ?

പ്രസ്തുത പദ്ധതികളുടെ നാളിതുവരെയുള്ള പുരോഗതി അനുബന്ധമായി ചേർക്കുന്നു+.

ജസ്റ്റിസ് ജെ.ബി. കോശി കമ്മീഷൻ റിപ്പോർട്ട്

275(1848) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജസ്റ്റിസ് ജെ.ബി. കോശി കമ്മീഷൻ റിപ്പോർട്ടിന്മേൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

05-11-2020-ലെ സ.ഉ.(എം.എസ്.)നം.214/2020/ആഭ്യന്തരം പ്രകാരം സംസ്ഥാനത്തെ ക്രിസ്ത്യൻ ന്യൂനപക്ഷങ്ങളുടെ വിദ്യാഭ്യാസ, സാമ്പത്തിക പിന്നാക്കാവസ്ഥ, ക്ഷേമം എന്നിവ സംബന്ധിച്ച പ്രശ്നങ്ങൾ പഠിക്കാൻ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വേണ്ടിയാണ് ജസ്റ്റിസ് (റിട്ട.) ജെ. ബി. കോശി കമ്മീഷൻ രൂപീകൃതമായത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് ജസ്റ്റിസ് (റിട്ട.) ജെ. ബി. കോശി കമ്മീഷൻ സമർപ്പിച്ച പഠന റിപ്പോർട്ടിലെ 284 ശിപാർശകളാണ് പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതിനായി ആഭ്യന്തര വകുപ്പിൽ നിന്നും ന്യൂനപക്ഷ ക്ഷേമ വകുപ്പിലേക്ക് 20-06-2023-ൽ കൈമാറിയത്. പ്രസ്തുത ശിപാർശകളിൽത്തന്നെ ഉൾപ്പിരിവുകളും ധാരാളമുണ്ട്.

ന്യൂനപക്ഷ ക്ഷേമ വകുപ്പ് ഉൾപ്പെടെ മുപ്പത്തിയഞ്ചോളം വകുപ്പുകളിൽ നടപ്പാക്കേണ്ടുന്ന കാര്യങ്ങൾ ശിപാർശയിൽ ഉൾക്കൊള്ളിച്ചിട്ടുള്ളതിനാൽ, അതത് വകുപ്പുകൾ പരിശോധിച്ച് തീരുമാനം കൈക്കൊള്ളേണ്ട നടപടികൾ ചർച്ച ചെയ്യുന്നതിനായും അവ ക്രോഡീകരിക്കുന്നതിനായും വകുപ്പുമന്ത്രി സെക്രട്ടറിമാരുടെ യോഗം 09-01-2024-ലും ന്യൂനപക്ഷ ക്ഷേമ വകുപ്പുമായി ബന്ധപ്പെട്ട ശിപാർശകളിന്മേൽ നടപടി സംബന്ധിച്ച് ചർച്ച ചെയ്യുന്നതിനായി 22-08-2024-ലും യോഗം വിളിച്ചുചേർക്കുകയുണ്ടായി. കൂടാതെ, ജസ്റ്റിസ് (റിട്ട.) ജെ. ബി. കോശി കമ്മീഷൻ റിപ്പോർട്ടിലെ ശിപാർശകൾ പരിശോധിച്ച് അഭിപ്രായങ്ങൾ സമർപ്പിക്കാൻ ചീഫ്

സെക്രട്ടറി അധ്യക്ഷനായി ന്യൂനപക്ഷ ക്ഷേമവകുപ്പ് സെക്രട്ടറി, പൊതുഭരണവകുപ്പ് സെക്രട്ടറി എന്നിവർ അംഗങ്ങളായും 02-03-2024-ലെ സ.ഉ.(സാധാ)നം.993/2024/പൊ.ഭ.വ. പ്രകാരം ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ടി കമ്മിറ്റി കൃത്യമായ ഇടവേളകളിൽ യോഗം ചേർന്ന് കമ്മീഷൻ ശിപാർശകളിന്മേൽ ബന്ധപ്പെട്ട വകുപ്പുകൾ സ്വീകരിക്കേണ്ട നടപടികൾ പരിശോധിച്ച് തുടർനടപടികൾ സ്വീകരിച്ചുവരുന്നു. കമ്മീഷന്റെ ശിപാർശകൾ ചർച്ച ചെയ്ത് അന്തിമരൂപമാക്കുന്നതിനായി 17-02-2025-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി മീറ്റിങ് നടത്താൻ തീരുമാനിച്ചിട്ടുണ്ട്.

(ബി) കമ്മീഷന്റെ ശിപാർശകൾ നടപ്പിലാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ട ശിപാർശകൾ ക്രോഡീകരിച്ച് മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്.

ന്യൂനപക്ഷ സ്കോളർഷിപ്പ് വെട്ടിക്കുറച്ച നടപടി

276(1849) ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:

ശ്രീ. സജീവ് ജോസഫ്:

ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷ വിഭാഗങ്ങളിലെ വിദ്യാർഥികൾക്ക് നൽകിവരുന്ന സ്കോളർഷിപ്പ് വെട്ടിക്കുറയ്ക്കാൻ തീരുമാനിച്ചിട്ടുണ്ടോ; ഇതിന്റെ കാരണം വ്യക്തമാക്കുമോ;

(ബി) ഏതൊക്കെ സ്കോളർഷിപ്പുകളാണ് വെട്ടിക്കുറയ്ക്കാൻ തീരുമാനിച്ചതെന്ന് അറിയിക്കുമോ?

(എ & ബി) ന്യൂനപക്ഷ വിഭാഗങ്ങളിലെ വിദ്യാർഥികൾക്ക് നൽകി വരുന്ന സ്കോളർഷിപ്പ് വെട്ടിക്കുറയ്ക്കേണ്ടതില്ലെന്ന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

മദർ തെരേസ സ്കോളർഷിപ്പ്

277(1850) ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യത്തിന് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2016 മുതൽ നാളിതുവരെ മദർ തെരേസ സ്കോളർഷിപ്പ് ഫണ്ടായി എത്ര രൂപ വകയിരുത്തിയെന്നും എത്ര രൂപ ചെലവഴിച്ചുവെന്നും വർഷം തിരിച്ച് വിവരം ലഭ്യമാക്കാമോ?

2018-19 സാമ്പത്തിക വർഷം മുതൽ കേരളത്തിലെ ഗവൺമെന്റ് നഴ്സിങ് സ്കൂളുകളിൽ ജനറൽ നഴ്സിങ്/മറ്റു സ്ഥാപനങ്ങളിൽ പാരാ മെഡിക്കൽ ഡിപ്ലോമ കോഴ്സുകളിൽ മെരിറ്റ് സീറ്റിൽ അഡ്മിഷൻ നേടുന്ന ന്യൂനപക്ഷ വിദ്യാർഥികൾക്ക് മദർ തെരേസ സ്കോളർഷിപ്പ് നൽകിവരുന്നു. സ്കോളർഷിപ്പ് ഇനത്തിൽ വകയിരുത്തിയ തുക, ചെലവഴിച്ച തുക, തിരഞ്ഞെടുത്ത വിദ്യാർഥികളുടെ എണ്ണം എന്നിവയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

വർഷം	വകയിരുത്തിയ തുക (രൂപ ലക്ഷത്തിൽ)	ചെലവഴിച്ച തുക (രൂപ ലക്ഷത്തിൽ)	തിരഞ്ഞെടുത്ത വിദ്യാർഥികളുടെ എണ്ണം
2018-19	75	34.35	229
2019-20	75	74.57	495
2020-21	50	31.65	211
2021-22	68	58.05	386
2022-23	68	58.31	388
2023-24	68	67.35	445
2024-25	68	വിദ്യാർഥികളെ തിരഞ്ഞെടുക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്.	

സി.എ./ഐ.സി.ഡബ്ല്യു.എ./സി.എസ്. സ്കോളർഷിപ്പ്

278(1851) ശ്രീമതി ഉമ തോമസ്: താഴെ കാണുന്ന ചോദ്യത്തിന് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2016 മുതൽ നാളിതുവരെ സി.എ./ഐ.സി.ഡബ്ല്യു.എ./സി.എസ്. സ്കോളർഷിപ്പ് ഇനത്തിൽ എത്ര തുക വകയിരുത്തിയെന്നും എത്ര തുക ചെലവഴിച്ചുവെന്നുമുള്ള വിവരം വർഷം തിരിച്ചു ലഭ്യമാക്കാമോ?

2016 മുതൽ നാളിതുവരെ സി.എ./ഐ.സി.ഡബ്ല്യു.എ./സി.എസ്. സ്കോളർഷിപ്പ് ഇനത്തിൽ വകയിരുത്തിയ തുക, ചെലവഴിച്ച തുക, തിരഞ്ഞെടുത്ത വിദ്യാർഥികളുടെ എണ്ണം എന്നിവയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

വർഷം	വകയിരുത്തിയ തുക (രൂപ ലക്ഷത്തിൽ)	ചെലവഴിച്ച തുക (രൂപ ലക്ഷത്തിൽ)	തിരഞ്ഞെടുത്ത വിദ്യാർഥികളുടെ എണ്ണം
2016-17	200	199.80	1333
2017-18	100	100	666
2018-19	50	50	333
2019-20	50	12.45	179

2020-21	45	40.05	171
2021-22	36.10	31.8	212
2022-23	33.95	28.62	190
2023-24	56.70	50.55	331
2024-25	57.75	സ്കോളർഷിപ്പിന് അപേക്ഷ ക്ഷണിച്ചിട്ടുണ്ട്	

എ.പി.ജെ. അബ്ദുൾകലാം സ്കോളർഷിപ്പ്

279(1852) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യത്തിന് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2016 മുതൽ നാളിതുവരെ എ.പി.ജെ. അബ്ദുൾകലാം സ്കോളർഷിപ്പ് ഫണ്ടായി എത്ര തുക വകയിരുത്തിയെന്നും എത്ര തുക ചെലവഴിച്ചുവെന്നും വർഷം തിരിച്ച് വിവരം ലഭ്യമാക്കാമോ?

2018-19 സാമ്പത്തിക വർഷം മുതൽ സർക്കാർ/എയ്ഡഡ്/സർക്കാർ അംഗീകൃത സെൽഫ് ഫിനാൻസിങ് മേഖലയിലെ പോളിടെക്നിക്കുകളിൽ ത്രിവത്സര ഡിപ്ലോമ കോഴ്സിന് പഠിക്കുന്ന വിദ്യാർഥികൾക്ക് എ.പി.ജെ. അബ്ദുൾ കലാം സ്കോളർഷിപ്പ് നൽകിവരുന്നു. സ്കോളർഷിപ്പ് ഇനത്തിൽ വകയിരുത്തിയ തുക, ചെലവഴിച്ച തുക, തിരഞ്ഞെടുത്ത വിദ്യാർഥികളുടെ

എണ്ണം എന്നിവയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

വർഷം	വകയിരുത്തിയ തുക (രൂപ ലക്ഷത്തിൽ)	ചെലവഴിച്ച തുക (രൂപ ലക്ഷത്തിൽ)	തിരഞ്ഞെടുത്ത വിദ്യാർഥികളുടെ എണ്ണം
2018-19	60	18.78	313
2019-20	60	59.55	990
2020-21	60	59.50	990
2021-22	82	61.29	1020
2022-23	82	24.66	411
2023-24	82	70.53	1164
2024-25	82	അപേക്ഷ ക്ഷണിച്ചിട്ടുണ്ട്	

വിദേശ സ്കോളർഷിപ്പ്

280(1853) ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യത്തിന് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2016 മുതൽ നാളിതുവരെ വിദേശ സ്കോളർഷിപ്പ് ഇനത്തിൽ എത്ര രൂപ വകയിരുത്തിയെന്നും എത്ര രൂപ ചെലവഴിച്ചുവെന്നും വർഷം തിരിച്ച് വിവരം ലഭ്യമാക്കാമോ?

സംസ്ഥാനത്തെ ന്യൂനപക്ഷ വിഭാഗത്തിൽപ്പെടുന്ന വിദ്യാർഥികൾക്ക്

വിദേശ സർവകലാശാലകളിൽ ബിരുദ-ബിരുദാനന്തര-പി.എച്ച്ഡി. കോഴ്സുകൾക്ക് ഉന്നത വിദ്യാഭ്യാസം നടത്തുന്നതിന് വിദേശ പഠന സ്കോളർഷിപ്പ് 2021-22 സാമ്പത്തിക വർഷം മുതൽ നടപ്പിലാക്കിവരുന്നുണ്ട്. സ്കോളർഷിപ്പ് ഇനത്തിൽ വകയിരുത്തിയ തുക, ചെലവഴിച്ച തുക, തിരഞ്ഞെടുത്ത വിദ്യാർഥികളുടെ എണ്ണം എന്നിവയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

വർഷം	വകയിരുത്തിയ തുക (രൂപ ലക്ഷത്തിൽ)	ചെലവഴിച്ച തുക (രൂപ ലക്ഷത്തിൽ)	തിരഞ്ഞെടുത്ത വിദ്യാർഥികളുടെ എണ്ണം
2021-22	150	77.667	13
2022-23	150	53.45	73
2023-24	150	146.61	30
2024-25	170	വിദ്യാർഥികളെ തിരഞ്ഞെടുക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്	

ന്യൂനപക്ഷ ക്ഷേമ പദ്ധതികൾ

281(1854) ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ നടപ്പിലാക്കിവരുന്ന വിവിധ ന്യൂനപക്ഷ ക്ഷേമ പദ്ധതികൾ ഏതെല്ലാമാണെന്നും അതിൽ ധനസഹായ പദ്ധതികൾ ഏതെല്ലാമെന്നും വ്യക്തമാക്കുമോ?

ഉത്തരം അനുബന്ധമായി ചേർക്കുന്നു[+].

(ബി) പ്രസ്തുത ഓരോ പദ്ധതിയിലും നടപ്പ് സാമ്പത്തിക വർഷം വകയിരുത്തിയ തുകയും ചെലവഴിച്ച തുകയും അറിയിക്കാമോ?

ഉത്തരം അനുബന്ധമായി ചേർക്കുന്നു[+]. പദ്ധതികളിൽ വിവിധ സ്കോളർഷിപ്പിനുള്ള അപേക്ഷ ക്ഷണിച്ച് തുടർനടപടികൾ സ്വീകരിച്ചുവരുന്നതേയുള്ളൂ.

ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ്പ്

282(1855) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിന് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2016 മുതൽ നാളിതുവരെ ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ്പ് ഫണ്ടായി എത്ര രൂപ വകയിരുത്തിയെന്നും എത്ര രൂപ ചെലവഴിച്ചുവെന്നും വർഷം

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

തിരിച്ചുള്ള വിവരം ലഭ്യമാക്കാമോ?

2016 മുതൽ നാളിതുവരെ ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ്പ് ഇനത്തിൽ വകയിരുത്തിയ തുക, ചെലവഴിച്ച തുക, തിരഞ്ഞെടുത്ത വിദ്യാർഥികളുടെ എണ്ണം എന്നിവയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

വർഷം	വകയിരുത്തിയ തുക (രൂപ ലക്ഷത്തിൽ)	ചെലവഴിച്ച തുക (രൂപ ലക്ഷത്തിൽ)	തിരഞ്ഞെടുത്ത വിദ്യാർഥികളുടെ എണ്ണം
2016-17	150	150	1333
2017-18	250	250	2405
2018-19	260	260	2475
2019-20	300	300	2835
2020-21	300	300	2835
2021-22	472	472	4315
2022-23	472	461.95	4248
2023-24	472	472	4315
2024-25	524	വിദ്യാർഥികളെ തിരഞ്ഞെടുക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്.	

തൃശ്ശൂർ ജില്ലയിലെ പി.എം.ജെ.വി.കെ. പദ്ധതി

283(1856) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എം.ജെ.വി.കെ. പദ്ധതിയിൽ തൃശ്ശൂർ ജില്ലയെ ഉൾപ്പെടുത്തിയിട്ടുണ്ടോ?

പി.എം.ജെ.വി.കെ. പദ്ധതിയിൽ തൃശ്ശൂർ ജില്ലയെ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിയിലുൾപ്പെടുത്തി തൃശ്ശൂർ ജില്ലയിൽനിന്ന് 2021 മുതൽ 2024 വരെയുള്ള കാലയളവിൽ ഏതെങ്കിലും പ്രോജക്ടുകൾ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ടോ?

പ്രോജക്ടുകൾ സമർപ്പിച്ചിട്ടുണ്ട്.

(സി) വടക്കാഞ്ചേരി മണ്ഡലത്തിൽനിന്ന് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി തൃശ്ശൂർ ജില്ലാ പ്ലാനിങ് ഓഫീസിൽ ലഭിച്ച പ്രോജക്ട് പ്രൊപ്പോസലുകളുടെ വിശദാംശം ലഭ്യമാക്കാമോ?

പി.എം.ജെ.വി.കെ. പദ്ധതിയിലുൾപ്പെടുത്തുന്നതിനായി വടക്കാഞ്ചേരി മണ്ഡലത്തിൽനിന്നും സമർപ്പിച്ച പ്രോജക്ടുകളുടെ വിവരങ്ങൾ ചുവടെ

ചേർക്കുന്നു.

1. ഗവ. ആയുർവേദ ആശുപത്രി, വടക്കാഞ്ചേരി

2.ഗവ. എസ്.സി./എസ്.ടി. ഐ.ടി.ഐ. എങ്കേക്കാട്

3. ഓട്ടുപാറ ഓഡിറ്റോറിയം

4. ഫാഷൻ ടെക്നോളജി ഇൻസ്റ്റിറ്റ്യൂട്ട്

5. കുംബ്ലങ്ങാട് വ്യവസായ പാർക്ക്

6. ചട്ടൻചിറയുടെ പുനരുജ്ജീവനം

7. പാർളിക്കാട് ഗവ. യു.പി. സ്കൂൾ നവീകരണം

8. ഓട്ടുപാറ ജലാശയത്തിന്റെ പുനരുജ്ജീവനം

9. ഓട്ടുപാറ ഗവ. എൽ.പി. സ്കൂൾ നവീകരണം

10. വടക്കാഞ്ചേരി ഗവ. ഹൈസ്കൂൾ നവീകരണം

11. ഗവ. എൽ.പി. ഗേൾസ് വടക്കാഞ്ചേരിയുടെ നവീകരണം

12. പുത്തരുത്തി ഗവ. യു.പി. സ്കൂൾ നവീകരണം

13. വടക്കാഞ്ചേരിയിലെ മിനാലൂർ ഗ്രൗണ്ട്

14. ഗവ. ഗേൾസ് ഹൈസ്കൂൾ വടക്കാഞ്ചേരി

15. മങ്കര ജലവിതരണ പദ്ധതി

16. ജലവിതരണ പദ്ധതി റെയിൽവേ

17. കുമരനെല്ലൂർ കിണറമാക്കൽ ജലവിതരണ പദ്ധതി

18. ഒാട്ടുപാറക്കുളത്തിൽ നിന്നുള്ള ജലവിതരണ പദ്ധതി

19. പരുത്തിപ്പാറയ്ക്ക് ജലവിതരണ പദ്ധതി

20. അകമലയ്ക്കുള്ള ജലവിതരണ പദ്ധതി

21. ഗവ. ഹോമിയോ ഡിസ്പെൻസറി, വടക്കാഞ്ചേരി

22. CHC തോളൂർ-ഗ്രീൻ ഹോസ്പിറ്റൽ പ്രോജക്ട്

23. പൊന്നൂർ മിനി സ്റ്റേഡിയം നവീകരണം

24. ചിറ്റിലപ്പിള്ളി ഗ്രൗണ്ടിന്റെ നവീകരണം

(ഡി) ഇപ്രകാരം ലഭിച്ച പ്രൊപ്പോസലുകൾ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ?

സമർപ്പിച്ചിട്ടില്ല. പ്രധാൻമന്ത്രി ജൻവികാസ് കാര്യക്രം പദ്ധതിക്ക് കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിരിക്കുന്ന മാർഗനിർദേശങ്ങൾ പരിഗണിച്ചുകൊണ്ടും പ്രോജക്ട് ഫീസിബിലിറ്റി നോക്കിയുമാണ് പ്രോജക്ടുകളുടെ മുൻഗണന

നിശ്ചയിക്കുന്നത്. പദ്ധതിയിൽ സമർപ്പിക്കുന്ന പ്രൊപ്പോസലുകൾക്ക് ബന്ധപ്പെട്ട ഭരണവകുപ്പിന്റെ അംഗീകാരവും നിർബന്ധമാണ്. ഇതുമായി ബന്ധപ്പെട്ട് ഡയറക്ടറേറ്റ് തലത്തിൽ നടത്തിയിട്ടുള്ള സൂക്ഷ്മപരിശോധനയിൽ ജില്ലാതലത്തിൽ ലഭിച്ച പ്രൊപ്പോസലുകൾ വകുപ്പിന്റെ സാധ്യതാ പട്ടികയിൽ ഉൾപ്പെട്ടിരുന്നില്ല.

ന്യൂനപക്ഷ ക്ഷേമ പദ്ധതികൾ

284(1857) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നടപ്പ് സാമ്പത്തിക വർഷമുൾപ്പെടെയുള്ള കഴിഞ്ഞ അഞ്ചുവർഷത്തെ ന്യൂനപക്ഷ ക്ഷേമ വകുപ്പിന്റെ ബജറ്റ് വിഹിതം എത്രയാണ്; അതിൽ എത്ര വീതമാണ് അനുവദിച്ചത്; അതിൽ ചെലവഴിച്ചത് എത്ര; ചെലവഴിക്കാതെ ബാക്കിയായത് എത്ര; വിശദാംശം ലഭ്യമാക്കുമോ?

ന്യൂനപക്ഷ ക്ഷേമ വകുപ്പിന്റെ നടപ്പു സാമ്പത്തിക വർഷം ഉൾപ്പെടെയുള്ള കഴിഞ്ഞ അഞ്ചുവർഷത്തെ ബജറ്റ് വിഹിതവുമായി

ബന്ധപ്പെട്ട വിശദാംശം ചുവടെ ചേർക്കുന്നു.

വർഷം	ബജറ്റ് വിഹിതം (ലക്ഷത്തിൽ)	അനുവദിച്ച തുക (ലക്ഷത്തിൽ)	ചെലവഴിച്ച തുക (ലക്ഷത്തിൽ)	ബാക്കി തുക (ലക്ഷത്തിൽ)
2020-21	5241	5075.2914	3203.7104	1875.4596
2021-22	12403.53	12284.99	10877.523	1407.467
2022-23	7601	4110.621	3136.41	974.2318
2023-24	7601	3443.06	1995.8238	1447.219
2024-25	9763	2679.24378	578.1816	2101.062

(ബി) നടപ്പു സാമ്പത്തിക വർഷം ഉൾപ്പെടെ അഞ്ചുവർഷം ന്യൂനപക്ഷ ക്ഷേമ വകുപ്പിന് കേന്ദ്രസർക്കാരിൽനിന്ന് വിവിധ പദ്ധതികൾക്കായി അനുവദിച്ച തുക എത്ര; അതിൽ ചെലവഴിച്ചത് എത്ര; ചെലവഴിക്കാതെ ബാക്കിയായത് എത്ര; പദ്ധതി തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ?

ന്യൂനപക്ഷക്ഷേമ വകുപ്പ് മുഖേന നടപ്പാക്കിവരുന്ന ഏക കേന്ദ്രാവിഷ്കൃത പദ്ധതിയാണ് പ്രധാൻമന്ത്രി ജൻ വികാസ് കാര്യക്രം. ആയതിന്റെ നടപ്പു സാമ്പത്തിക വർഷം ഉൾപ്പെടെ അഞ്ചുവർഷം കേന്ദ്രസർക്കാരിൽ നിന്ന് ലഭിച്ചിട്ടുള്ള ഫണ്ടിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

വർഷം	അനുവദിച്ച തുക (ലക്ഷത്തിൽ)	ചെലവഴിച്ചത് (ലക്ഷത്തിൽ)	ബാക്കി (ലക്ഷത്തിൽ)
2020-21	0	0	0

2021-22	4269.08	4269.08	0
2022-23	286.14	286.14	0
2023-24	0	0	0
2024-25	0	0	0

സിവിൽ സർവീസ് ഫീ റീ-ഇംബേഴ്സ്മെന്റ് സ്കോളർഷിപ്പ്

285(1858) ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യത്തിന് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2016 മുതൽ നാളിതുവരെ സിവിൽ സർവീസ് ഫീ റീ-ഇംബേഴ്സ്മെന്റ് സ്കോളർഷിപ്പ് ഇനത്തിൽ എത്ര രൂപ വകയിരുത്തിയെന്നും എത്ര രൂപ ചെലവഴിച്ചുവെന്നും വർഷം തിരിച്ച് വിവരം ലഭ്യമാക്കാമോ?

2016 മുതൽ നാളിതുവരെ സിവിൽ സർവീസ് ഫീ റീ-ഇംബേഴ്സ്മെന്റ് സ്കോളർഷിപ്പ് ഇനത്തിൽ വകയിരുത്തിയ തുക, ചെലവഴിച്ച തുക, തിരഞ്ഞെടുത്ത വിദ്യാർഥികളുടെ എണ്ണം എന്നിവയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

വർഷം	വകയിരുത്തിയ തുക (രൂപ ലക്ഷത്തിൽ)	ചെലവഴിച്ച തുക (രൂപ ലക്ഷത്തിൽ)	തിരഞ്ഞെടുത്ത വിദ്യാർഥികളുടെ എണ്ണം

2016-17	24.69	24.69	111
2017-18	17.50	17.50	88
2018-19	25.806	25.806	125
2019-20	22.070	22.070	116
2020-21	30	8.10	36
2021-22	30	10.798	53
2022-23	30	10.47	55
2023-24	30	17.16	63
2024-25	20	സ്കോളർഷിപ്പിന് അപേക്ഷ ക്ഷണിച്ചിട്ടുണ്ട്	

കാസർഗോഡ് ജില്ലയിൽ ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതി

286(1859) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതിയിലുൾപ്പെടുത്തി ഏതൊക്കെ പഞ്ചായത്തുകൾക്കാണ് കളിസ്ഥലം അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതിയിൽ കാസർഗോഡ് ജില്ലയിലെ 4 പ്രവൃത്തികൾ ഉൾപ്പെട്ടിട്ടുണ്ട്. ആയത് ചുവടെ ചേർക്കുന്നു.

1. കയ്യൂർ ചീമേനി ഗ്രാമപഞ്ചായത്ത് ജി.എച്ച്.എസ്.എസ്. ഗ്രൗണ്ട്

2. മഞ്ചേശ്വരം പഞ്ചായത്ത് സ്റ്റേഡിയം

3. ജി.എച്ച്.എസ്. ഗ്രൗണ്ട്, കുറ്റിക്കോൽ ഗ്രാമപഞ്ചായത്ത്

4. രാമഗിരി ഗ്രൗണ്ട്, അജാനൂർ പഞ്ചായത്ത്

(ബി) പ്രാദേശിക കളിസ്ഥലങ്ങളുടെ നവീകരണത്തിന് എന്തൊക്കെ പദ്ധതികളാണുള്ളതെന്ന് വിശദമാക്കാമോ?

പ്രാദേശിക കളിസ്ഥലങ്ങളുടെ നവീകരണം/നിർമ്മാണത്തിന് "ഒരു പഞ്ചായത്തിൽ ഒരു കളിക്കളം" പദ്ധതി കായിക യുവജന കാര്യാലയം മുഖേന നിലവിൽ നടപ്പിലാക്കിവരുന്നു. കൂടാതെ പ്രാദേശിക കളിസ്ഥലങ്ങളുടെ നവീകരണത്തിനായി ബജറ്റിൽ 20% തുക വകയിരുത്തിയ പ്രവൃത്തികളും കായിക വകുപ്പിന്റെ പ്ലാൻ ഫണ്ടിലുൾപ്പെടുത്തിയ പ്രവൃത്തികളും എം.എൽ.എ. ആസ്തി വികസന പദ്ധതിയിലുൾപ്പെട്ട പ്രവൃത്തികളും നടപ്പിലാക്കിവരുന്നു.

(സി) സ്കൂളുകളുടെ ഉടമസ്ഥതയിലുള്ള കളിസ്ഥലങ്ങൾ നവീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

"ഒരു പഞ്ചായത്തിൽ ഒരു കളിക്കളം" പദ്ധതിയിൽ സർക്കാർ സ്കൂളുകളുടെ

ഉടമസ്ഥതയിലുള്ള കളിസ്ഥലങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിലേക്കായി മറ്റ് പദ്ധതികൾ കായിക വകുപ്പിൽ നിലവിലില്ല.

ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതി

287(1860) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതി പ്രകാരം മണ്ണാർക്കാട് മണ്ഡലത്തിലെ മുണ്ടൂർ പഞ്ചായത്ത് ഗ്രൗണ്ടിൽ കളിക്കളം നിർമ്മിക്കുന്നതിനായി 2024-25 വർഷത്തെ എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടിൽനിന്നും 50 ലക്ഷം രൂപയും കായിക വകുപ്പിന്റെ 50 ലക്ഷം രൂപയും ഉൾപ്പെടെ ഒരു കോടി രൂപയുടെ പദ്ധതിയിൽ എന്തെല്ലാം പ്രവൃത്തികളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്?

ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയുടെ ആദ്യഘട്ടത്തിൽ ഉൾപ്പെട്ട മണ്ണാർക്കാട് നിയോജകമണ്ഡലത്തിലെ മുണ്ടൂർ പഞ്ചായത്ത് കളിസ്ഥലം നിർമ്മാണത്തിനായി പദ്ധതിയുടെ നിർവഹണ ഏജൻസിയായ സ്പോർട്സ് കേരള ഫൗണ്ടേഷൻ തയ്യാറാക്കിയ എസ്റ്റിമേറ്റിൽ പ്രധാനമായും

ഉൾപ്പെടുത്തിയിരിക്കുന്നത് ടോയ്ലെറ്റ് കം ചെയ്ഞ്ച് റൂം നിർമ്മാണം, സ്റ്റെപ് ഗ്യാലറി, ഫെൻസിങ്, ഗ്രൗണ്ട് വികസനം, മഡ് കോർട്ട് നിർമ്മാണം, കുഴൽക്കിണർ നിർമ്മാണം, ഫ്ലഡ് ലൈറ്റിങ്, അനുബന്ധ ജോലികൾ എന്നിവയാണ്.

(ബി) പ്രസ്തുത പദ്ധതി നിലവിൽ ഏത് ഘട്ടത്തിലാണെന്നും എന്നത്തേക്ക് പൂർത്തീകരിക്കാനാകുമെന്നും അറിയിക്കുമോ?

എം.എൽ.എ. ആസ്തിവികസനഫണ്ടിൽ നിന്നുള്ള ഭരണാനുമതി ലഭിക്കുന്നതിനായി ടി പ്രവൃത്തിയുടെ എസ്റ്റിമേറ്റ് കായിക യുവജനകാര്യാലയത്തിൽ നിന്നും തൃശ്ശൂർ ജില്ലാ തദ്ദേശസ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടർക്ക് നൽകിയിട്ടുണ്ട്. ഭരണാനുമതി ലഭിച്ചിട്ടില്ല.

ഭരണാനുമതി ലഭിച്ചശേഷം സ്പോർട്സ് കേരള ഫൗണ്ടേഷൻ മുഖേന സാങ്കേതികാനുമതി നൽകുകയും ദർഘാസ് നടപടികൾ സ്വീകരിച്ച് പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നതാണ്.

ഭൂമി വാങ്ങി കളിസ്ഥലം നിർമ്മിക്കുന്നതിന് പദ്ധതി

288(1861) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യത്തിന് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സ്വന്തമായി കളിസ്ഥലം നിർമ്മിക്കാൻ ഭൂമിയില്ലാത്ത ഗ്രാമപഞ്ചായത്തുകൾക്ക് ഭൂമി വാങ്ങി കളിസ്ഥലം നിർമ്മിക്കുന്നതിന് പദ്ധതികൾ നിലവിലുണ്ടോ; ഇല്ലെങ്കിൽ ആയതിന് നടപടി സ്വീകരിക്കുമോ?

സ്വന്തമായി കളിസ്ഥലം നിർമ്മിക്കാൻ ഭൂമി ഇല്ലാത്ത ഗ്രാമപഞ്ചായത്തുകൾക്ക് ഭൂമി വാങ്ങി കളിസ്ഥലം നിർമ്മിക്കുന്നതിനുള്ള പദ്ധതികൾ കായിക വകുപ്പിന് കീഴിൽ നിലവിലില്ല. എന്നാൽ ഭൂമി ഏറ്റെടുക്കലിനും കളിക്കളം നിർമ്മിക്കുന്നതിനുമായി ബജറ്റിൽ പ്രഖ്യാപിച്ചതും 20% തുക വകയിരുത്തിയതുമായ പദ്ധതികൾ കായിക വകുപ്പ് മുഖേന നടപ്പിലാക്കിവരുന്നുണ്ട്.

ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതി

289(1862) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിന് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതിയുടെ ഭാഗമായി പേരാമ്പ്ര മണ്ഡലത്തിൽ അനുവദിച്ച സ്റ്റേഡിയത്തിന്റെ വിശദാംശവും ആയതിന്റെ പ്രവർത്തന പുരോഗതിയും വിശദമാക്കുമോ?

ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയുടെ ആദ്യഘട്ടത്തിൽ പേരാമ്പ്ര നിയോജകമണ്ഡലത്തിൽ നൊച്ചാട് ഗ്രാമപഞ്ചായത്തിലെ വാർഡ്-1 കളിസ്ഥലം ഉൾപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാന പ്ലാൻ ഫണ്ട്, എം.എൽ.എ.-മാരുടെ ആസ്തി വികസന ഫണ്ട്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട്, ഗ്രണഭോക്തൃ വിഹിതം, കോർപ്പറേറ്റ് സ്ഥാപനങ്ങളുടെ സി.എസ്.ആർ. ഫണ്ട് തുടങ്ങിയ മറ്റ് സ്രോതസ്സുകളിൽ നിന്നുള്ള ഫണ്ട് സമാഹരിച്ചാണ് ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയിലെ ഓരോ പ്രവൃത്തിക്കും ആവശ്യമായ തുക സമാഹരിക്കുന്നത്. നിലവിൽ ഈ പദ്ധതിയിൽ തിരഞ്ഞെടുക്കപ്പെട്ട കളിസ്ഥലങ്ങളുടെ നിർമ്മാണത്തിനായി ഫണ്ട് അനുവദിച്ചതായി ബന്ധപ്പെട്ട എം.എൽ.എ.-യിൽ നിന്നോ ജില്ലാ കളക്ടറിൽ നിന്നോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽനിന്നോ അറിയിപ്പ് ലഭിക്കുന്ന മുറയ്ക്കാണ് പദ്ധതിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി

പുറപ്പെടുവിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നത്. ആയത് ലഭ്യമായാലുടൻ മേൽ പദ്ധതിക്കായുള്ള ഭരണാനുമതി എസ്റ്റിമേറ്റ് സ്പോർട്സ് കേരള ഫൗണ്ടേഷൻ മുഖേന തയ്യാറാക്കുന്നതാണ്.

വടക്കാഞ്ചേരി മണ്ഡലത്തിലെ കായിക വകുപ്പിന്റെ പദ്ധതികൾ

290(1863) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യത്തിന് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം കായിക വകുപ്പ് വടക്കാഞ്ചേരി മണ്ഡലത്തിൽ വിവിധ പദ്ധതികൾക്കായി അനുവദിച്ച തുക എത്രയാണെന്ന് വ്യക്തമാക്കാമോ; പ്രസ്തുത പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ?

നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം കായിക വകുപ്പ് വടക്കാഞ്ചേരി മണ്ഡലത്തിൽ വിവിധ പദ്ധതികൾക്കായി അനുവദിച്ച തുകയും പ്രസ്തുത പദ്ധതികളുടെ വിശദാംശവും അനുബന്ധമായി ചേർക്കുന്നു[+].

പദ്ധതി അടങ്കലിൽ വകയിരുത്തിയ തുക

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

291(1864) ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യത്തിന് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായിക വകുപ്പിന് 2024-25 സാമ്പത്തിക വർഷം പദ്ധതി അടങ്കലിൽ എത്ര തുക വകയിരുത്തിയെന്നും നാളിതുവരെ എത്ര ശതമാനം ചെലവഴിച്ചുവെന്നും പദ്ധതി അടിസ്ഥാനത്തിൽ വിശദമാക്കുമോ?

2024-25 സാമ്പത്തിക വർഷത്തിൽ കായിക വകുപ്പിന് 10,239 ലക്ഷം രൂപയാണ് വകയിരുത്തിയിരുന്നത്. ആയത് സംബന്ധിച്ച വിശദവിവരം അനുബന്ധമായി ചേർക്കുന്നു+.

പേരാമ്പ്ര മണ്ഡലത്തിൽ കായിക വകുപ്പ് നടപ്പിലാക്കിവരുന്ന പദ്ധതികൾ

292(1865) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിന് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പേരാമ്പ്ര മണ്ഡലത്തിൽ കായിക വകുപ്പ് നടപ്പിലാക്കിവരുന്ന പദ്ധതികളെക്കുറിച്ചും ഓരോ പ്രവൃത്തിയുടെയും പുരോഗതിയെക്കുറിച്ചും

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വിശദമാക്കുമോ?

ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയിലുൾപ്പെടുത്തി ഭേദഗതി വരുത്തിയ ലിസ്റ്റിലെ ക്രമ നമ്പർ 90 ആയി കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര മണ്ഡത്തിലെ നൊച്ചാട് ഗ്രാമപഞ്ചായത്ത് (വാർഡ്-1) കളിക്കളം ഉൾപ്പെട്ടിട്ടുണ്ട്.

പ്രസ്തുത പദ്ധതിക്കായുള്ള എം.എൽ.എ. ഫണ്ട് വിഹിതം അനുവദിച്ചുകൊണ്ട് എം.എൽ.എ.-യുടെ കത്തോ, ജില്ലാ കളക്ടറുടെ കത്തോ ലഭ്യമായാലുടൻ പ്രസ്തുത പദ്ധതിക്കായുള്ള ഭരണാനുമതി എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരത്തിനായി സമർപ്പിക്കുന്നതാണ്.

കല്ല്യാശ്ശേരി മണ്ഡലത്തിലെ കായിക വകുപ്പ് മുഖേന നടന്നുവരുന്ന പ്രവൃത്തികൾ

293(1866) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കല്ല്യാശ്ശേരി മണ്ഡലത്തിൽ കായിക വകുപ്പ് മുഖേന നടന്നുവരുന്ന പ്രവൃത്തികൾ ഏതൊക്കെയാണ്; പ്രസ്തുത പ്രവൃത്തികളുടെ നിർമ്മാണ

പുരോഗതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കാനാവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

(എ&ബി) കല്ല്യാശ്ശേരി മണ്ഡലത്തിൽ കായിക വകുപ്പ് മുഖേന നടന്നുവരുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു+.

ഹെൽത്തി കിഡ്സ് പ്രോഗ്രാം

294(1867) ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ മണ്ഡലത്തിലെ സ്കൂളുകളിൽ കുട്ടികളുടെ കായികവും ബൗദ്ധികവുമായ കഴിവ് വികസിപ്പിക്കുന്നതിനുള്ള ഹെൽത്തി കിഡ്സ് പ്രോഗ്രാം നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

കേരള സംസ്ഥാനത്തിലെ കുട്ടികളുടെ കായികവും ബൗദ്ധികവുമായ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

കഴിവ് വികസിപ്പിക്കുകയെന്ന ലക്ഷ്യത്തോടെ കായികയുവജനകാര്യാലയം വിദ്യാഭ്യാസ വകുപ്പിന്റെയും എസ്.സി.ഇ.ആർ.റ്റി.-യുടെയും സഹകരണത്തോടെ നടപ്പിലാക്കുന്ന ബൃഹത് പദ്ധതിയാണ് ഹെൽത്തി കിഡ്സ്.

നിലവിൽ തിരഞ്ഞെടുത്ത 55 സ്കൂളുകളിലാണ് ഹെൽത്തി കിഡ്സ് പദ്ധതി നടപ്പിലാക്കിവരുന്നത്. ഇതിൽ ഗുരുവായൂർ മണ്ഡലത്തിലെ സ്കൂളുകൾ ഉൾപ്പെടുന്നില്ല. ഈ പദ്ധതിയിൽ അടുത്തഘട്ടമായി സംസ്ഥാനത്തെ എല്ലാ വിദ്യാഭ്യാസ ജില്ലകളിലും കുറഞ്ഞത് ഒരു സ്കൂളിലെങ്കിലും പദ്ധതി നടപ്പിലാക്കുന്നതിനും ഘട്ടംഘട്ടമായി സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും നടപ്പിലാക്കുന്നതിനുമാണ് ഉദ്ദേശിക്കുന്നത്.

(ബി) തൃശ്ശൂർ ജില്ലയിൽ ഏതെല്ലാം സ്കൂളുകളിലാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കിയിട്ടുള്ളതെന്ന് മണ്ഡലാടിസ്ഥാനത്തിൽ വിശദമാക്കുമോ?

നിയോജകമണ്ഡലം	സ്കൂൾ
ചേലക്കര	ഗവ. എൽ.പി.എസ്. ചേലക്കര
ഇരിങ്ങാലക്കുട	ഗവ. എൽ.പി.എസ്. നടവരമ്പ്
ഒല്ലൂർ	ഗവ. എൽ.പി.എസ്., പട്ടിക്കാട്
കുന്നംകുളം	ഗവ. എൽ.പി.എസ്., കടങ്ങോട്
പുതുക്കാട്	ഗവ. എൽ.പി.എസ്. മുക്കത്തുകര

തൃശ്ശൂർ	ഗവ. എൽ.പി.എസ്., മറ്റത്തൂർ

ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതി

295(1868) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര സ്റ്റേഡിയങ്ങളാണ് ഗ്രാമപഞ്ചായത്തുകളിൽ നവീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ?

ഓരോ പഞ്ചായത്തിലും മറ്റ് ഗ്രാമപ്രദേശങ്ങളിലും കുറഞ്ഞത് ഒരു കളിസ്ഥലമെങ്കിലും വികസിപ്പിക്കാൻ ലക്ഷ്യമിട്ടുകൊണ്ട് സർക്കാർ നടപ്പിലാക്കുന്ന "ഒരു പഞ്ചായത്തിൽ ഒരു കളിക്കളം" പദ്ധതി പ്രകാരം പാറശ്ശാല നിയോജകമണ്ഡലത്തിലെ കള്ളിക്കാട് ഗ്രാമപഞ്ചായത്ത് സ്റ്റേഡിയം, ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ ചിറക്കര ജി.എച്ച്.എസ്. കളിസ്ഥലം എന്നിവയുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതി പ്രകാരം കായികയുവജനകാര്യ

ഡയറക്ടർ സംയുക്ത ഭരണാനുമതി നൽകിയവയിൽ 60 പ്രവൃത്തികൾക്ക് നിർവഹണ ഏജൻസിയായ സ്പോർട്സ് കേരള ഫൗണ്ടേഷൻ മുഖേന സാങ്കേതികാനുമതി നൽകുകയും 59 പ്രവൃത്തികൾക്ക് ദർഘാസ് ക്ഷണിക്കുകയും ചെയ്തിട്ടുണ്ട്. ഇതിൽ 47 പ്രവൃത്തികൾക്ക് കരാറിൽ ഏർപ്പെട്ട് പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. 8 പ്രവൃത്തികൾക്ക് വർക്ക് ഓർഡർ നൽകിയിട്ടുമുണ്ട്.

(ബി) ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതി പ്രകാരം കോഴിക്കോട് ജില്ലയിൽ ഏതൊക്കെ കളിക്കളങ്ങളുടെ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ?

ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയുടെ ആദ്യഘട്ടത്തിൽ കോഴിക്കോട് ജില്ലയിലെ 12 കളിസ്ഥല നിർമ്മാണ/നവീകരണ പ്രവൃത്തികൾ ഉൾപ്പെടുന്നുണ്ട്. അതിൽ കുന്ദമംഗലം നിയോജകമണ്ഡലത്തിലെ ഒളവണ്ണ ഗ്രാമപഞ്ചായത്തിലെ മാവുത്തുപ്പടി ഗ്രൗണ്ട് വികസനം, ബേപ്പൂർ നിയോജകമണ്ഡലത്തിലെ കണ്ണാട്ടിക്കുളം മിനി സ്റ്റേഡിയം വികസനം ബാലുശ്ശേരി മണ്ഡലത്തിലെ കായണ്ണ ഗ്രാമപഞ്ചായത്ത് സ്റ്റേഡിയം വികസനം

ഓമശ്ശേരി ഇ. കെ. ഉണ്ണിമൊയ്തീൻ സ്മാരക മിനി സ്റ്റേഡിയം തുടങ്ങിയ 4 കളിക്കളങ്ങളുടെ വികസന പ്രവൃത്തികൾ നടന്നുവരുന്നുണ്ട്. എന്നാൽ ടി പ്രവൃത്തികൾ ഒന്നും പൂർത്തീകരിച്ചിട്ടില്ല.

ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതി

296(1869) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതി പ്രകാരം സംസ്ഥാനത്ത് ആദ്യഘട്ടത്തിൽ ഇതുവരെ എത്ര കളിസ്ഥലത്തിന് അനുമതി നൽകിയിട്ടുണ്ടെന്നും അതിൽ എത്രയെണ്ണം പൂർത്തിയായിട്ടുണ്ടെന്നും വിശദമാക്കുമോ?

ഓരോ പഞ്ചായത്തിലും മറ്റ് ഗ്രാമപ്രദേശങ്ങളിലും കുറഞ്ഞത് ഒരു കളിസ്ഥലമെങ്കിലും വികസിപ്പിക്കാൻ ലക്ഷ്യമിട്ടുകൊണ്ട് സർക്കാർ നടപ്പിലാക്കുന്ന "ഒരു പഞ്ചായത്തിൽ ഒരു കളിക്കളം" പദ്ധതിയുടെ ആദ്യഘട്ടത്തിൽ 124 പ്രവൃത്തികളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഈ

പദ്ധതി പ്രകാരം ആദ്യഘട്ടത്തിൽ നിർമ്മാണം ആരംഭിച്ച ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ ചിറക്കര ജി.എച്ച്.എസ്. കളിസ്ഥലം, പാറശ്ശാല നിയോജകമണ്ഡലത്തിലെ കള്ളിക്കാട് സ്റ്റേഡിയം, ചടയമംഗലം നിയോജകമണ്ഡലത്തിലെ ചടയമംഗലം ഗ്രാമപഞ്ചായത്ത് സ്റ്റേഡിയം, ചവറ നിയോജകമണ്ഡലത്തിലെ അയ്യൻ കോയിക്കൽ ജി.എച്ച്.എസ്.എസ്. കളിസ്ഥലം എന്നിവ ഒഴിച്ച് 120 കളിസ്ഥലങ്ങളുടെ നിർമ്മാണത്തിന് സർക്കാർ സമഗ്ര ഭരണാനുമതിയും നൽകിയിട്ടുണ്ട്. എം.എൽ.എ. ഫണ്ട്/തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള ഫണ്ട്/മറ്റ് സ്രോതസ്സുകളിൽ നിന്നുള്ള ഫണ്ട് ലഭ്യമായ ഓരോ പ്രവൃത്തിക്കും സർക്കാർ പുറപ്പെടുവിച്ച സമഗ്ര ഭരണാനുമതിയുടെയും പദ്ധതിയുടെ SOP-യുടെയും അടിസ്ഥാനത്തിൽ, കായിക യുവജനകാര്യ ഡയറക്ടർ പ്രത്യേകം ഭരണാനുമതി നൽകിയാണ് ഓരോ പ്രവൃത്തിയും നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നത്. ഇപ്രകാരം 64 പ്രവൃത്തികൾക്കാണ് കായിക യുവജനകാര്യ ഡയറക്ടർ ഭരണാനുമതി നൽകിയിട്ടുള്ളത്. ഈ പദ്ധതിയിലുൾപ്പെട്ട പാറശ്ശാല നിയോജകമണ്ഡലത്തിലെ കള്ളിക്കാട്

ഗ്രാമപഞ്ചായത്ത് സ്റ്റേഡിയം, ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ ചിറക്കര ജി.എച്ച്.എസ്. കളിസ്ഥലം എന്നിവയുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതി വരും വർഷവും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്നും മണ്ഡലങ്ങളിൽ നിന്നും ലഭിച്ച ശിപാർശകളിന്മേൽ സ്വീകരിച്ച നടപടികൾ ഏതു ഘട്ടത്തിലാണെന്നും വിശദമാക്കാമോ?

പ്രസ്തുത പദ്ധതി മുഖേന വിവിധ ഘട്ടങ്ങളിലായി സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളിലും കളിസ്ഥലം നിർമ്മിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. ജനപ്രതിനിധികളിൽനിന്നും വിവിധ സ്ഥാപനങ്ങളിൽനിന്നും ലഭിച്ച അപേക്ഷകളുടെ അടിസ്ഥാനത്തിൽ രണ്ടാംഘട്ടത്തിൽ ഉൾപ്പെടുത്തേണ്ടുന്ന പ്രവൃത്തികളുടെ ലിസ്റ്റ് അന്തിമമാക്കുന്നതിന് പ്രസ്തുത സ്ഥലങ്ങൾ സന്ദർശിച്ച് പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രായോഗികത പരിശോധിക്കുന്നതിന് പദ്ധതിയുടെ നിർവഹണ ഏജൻസിയായ സ്പോർട്സ് കേരള ഫൗണ്ടേഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

കേരള സ്പോർട്സ് ആക്ട്, 2000-ലെ അവ്യക്തത നീക്കുന്നതിനുള്ള നടപടി

297(1870) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യത്തിന് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2000-ലെ കേരള സ്പോർട്സ് ആക്ടിലെ 31-ാം വകുപ്പിലെ (1A)(viii) ഉപവകുപ്പിലെ അവ്യക്തത നീക്കുന്നതിന് വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; വിശദവിവരം നൽകുമോ?

2000-ലെ കേരള സ്പോർട്സ് ആക്ടിലെ 31-ാം വകുപ്പിലെ (1A)(viii) ഉപവകുപ്പിലെ വ്യവസ്ഥയിൽ അവ്യക്തതയുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ഹരിപ്പാട് മണ്ഡലത്തിൽ കായിക വകുപ്പിന്റെ നേതൃത്വത്തിലുള്ള പ്രവൃത്തികൾ

298(1871) ശ്രീ. രമേശ് ചെന്നിത്തല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് മണ്ഡലത്തിൽ കായിക വകുപ്പിന്റെ നേതൃത്വത്തിൽ നടന്നുവരുന്ന പ്രവൃത്തികളുടെ പുരോഗതി അറിയിക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ സമയബന്ധിത പൂർത്തീകരണം ഉറപ്പുവരുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ?

(എ&ബി) ഹരിപ്പാട് മണ്ഡലത്തിൽ കായിക വകുപ്പിന്റെ നേതൃത്വത്തിൽ നടന്നുവരുന്ന താഴെപ്പറയുന്ന 2 പ്രവൃത്തികളുടെ സമയബന്ധിത പൂർത്തീകരണത്തിന് നടപടി സ്വീകരിച്ചുവരുന്നു.

1. ഹരിപ്പാട് ബോയ്സ് ഹയർ സെക്കൻഡറി സ്കൂൾ ഇൻഡോർ സ്റ്റേഡിയം നിർമ്മാണം : ടി പ്രവൃത്തിക്ക് 2.45 കോടി രൂപയുടെ ഭരണാനുമതി 05-01-2023-ന് നൽകിയിരുന്നു. സ്പോർട്സ് കേരള ഫൗണ്ടേഷൻ 06-01-2024-ന് 2.2 കോടി രൂപയ്ക്ക് സാങ്കേതികാനുമതി നൽകുകയും ദർഘാസ് ക്ഷണിക്കുകയും ചെയ്തു. യോഗ്യരായ കരാറുകാരിൽനിന്നും ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ശ്രീ. വർക്കിച്ചൻ റ്റി. എന്ന കരാറുകാരനുമായി 1,96,28,046/- രൂപയ്ക്ക് 31-05-2024-ന് കരാറിൽ ഏർപ്പെടുകയും നിർമ്മാണവുമായി ബന്ധപ്പെട്ട് ഹരിപ്പാട് ബോയ്സ് ഹയർ സെക്കൻഡറി സ്കൂൾ പ്രിൻസിപ്പാളും കായിക യുവജനകാര്യ ഡയറക്ടറുമായി 01-08-2024-ന് ധാരണാപത്രത്തിൽ ഏർപ്പെടുകയും

02-08-2024-ന് കരാറുകാരന് സൈറ്റ് കൈമാറി നൽകുകയും ചെയ്തു. ഈ പദ്ധതിക്കായി വിഭാവനം ചെയ്തിരുന്നത് 21 മീറ്റർ വീതിയുള്ള ഇൻഡോർ കോർട്ടായിരുന്നു. എന്നാൽ ഇൻഡോർ കോർട്ടിന് മറുവശത്ത് എൽ.എസ്.ജി.ഡി. പുതിയതായി ഒരു ബിൽഡിങ് കൂടി നിർമ്മിക്കുന്നതിന് പദ്ധതി തയ്യാറാക്കിയതിനാൽ ഇതുസംബന്ധിച്ച് 28-11-2024-ൽ എം.എൽ.എ.-യുമായി നടത്തിയ മീറ്റിങ്ങിൽ ഇൻഡോർ കോർട്ടിന്റെ വീതി 19.30 മീറ്ററായി നിജപ്പെടുത്താൻ തീരുമാനിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ പ്രവൃത്തിയുടെ ഡിസൈൻ പുതുക്കി പ്രീ എഞ്ചിനീയേർഡ് ബിൽഡിങ്ങിന്റെ ഡിസൈൻ ഡ്രോയിങ് തയ്യറാക്കി, വെറ്റിങ് ചെയ്ത് നൽകാൻ കരാറുകാരന് നിർദ്ദേശം നൽകിയിട്ടുണ്ട്. കരാറുകാരൻ വെറ്റിങ് ഡ്രോയിങ് ലഭ്യമാക്കുന്ന മുറയ്ക്ക് ഇൻഡോർ കോർട്ടിന്റെ പ്രവൃത്തികൾ ആരംഭിക്കുന്നതാണ്. കൂടാതെ സൈറ്റിൽ നിർമ്മാണത്തിന് തടസ്സമായി നിന്നിരുന്ന മരങ്ങൾ മുറിച്ചുമാറ്റുന്നതിന് പ്രിൻസിപ്പാൾ 2025 ജനുവരി 23-ാം തീയതി ഹരിപ്പാട് മുനിസിപ്പാലിറ്റിയിൽ നിന്നും അനുമതി ലഭ്യമാക്കി 29-01-2025-ന് പ്രസ്തുത മരങ്ങൾ മുറിക്കുകയും ചെയ്തു. വെറ്റിങ് ഡ്രോയിങ്

ലഭ്യമാക്കുന്ന മുറയ്ക്ക് ഇൻഡോർ കോർട്ടിന്റെ പ്രവൃത്തികൾ ആരംഭിക്കുന്നതാണ്.

2. ഹരിപ്പാട് ബോയ്സ് ഹയർ സെക്കൻഡറി സ്കൂൾ ഗ്രൗണ്ട് പുനരുദ്ധാരണം: ടി പ്രവൃത്തിക്കായി 2.55 കോടി രൂപയുടെ ഭരണാനുമതി 11-03-2022-ന് നൽകുകയും 20-05-2022-ൽ 2.40 കോടി രൂപയ്ക്ക് സാങ്കേതികാനുമതി നൽകുകയും ചെയ്തു. 23-05-2022, 08-06-2022, 28-06-2022 എന്നീ തീയതികളിൽ ടെൻഡർ ക്ഷണിച്ചുവെങ്കിലും ആരും തന്നെ ടി ടെൻഡറുകളിൽ പങ്കെടുത്തിരുന്നില്ല. തുടർന്ന് 18-07-2022-ന് പുനർദർഘാസ് ക്ഷണിക്കുകയും 29-07-2022-ന് ടെൻഡർ ഓപ്പൺ ചെയ്ത് ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ദേവിക കൺസ്ട്രക്ഷൻസ് എന്ന സ്ഥാപനവുമായി 21-11-2022-ൽ 2.24 കോടി രൂപയ്ക്ക് കരാറിൽ ഏർപ്പെടുകയും ചെയ്തു. 30-11-2022-ന് കരാറുകാരന് സൈറ്റ് കൈമാറി നൽകിയെങ്കിലും പ്രസ്തുത പ്രവൃത്തിയുടെ പ്രധാന ഘടകങ്ങളായ ഗ്രൗണ്ട് ഡെവലപ്മെന്റ്, ഗ്യാലറി മുതലായ പ്രവൃത്തികൾ ആരംഭിക്കാതെ അനുബന്ധ ഘടകങ്ങളായ ടോയ്ലറ്റ് ബ്ലോക്ക്, അതിന്റെ പ്ലാസ്റ്ററിങും പടിഞ്ഞാറ്

വശത്തുള്ള ചുറ്റുമതിലിന്റെ പ്രവൃത്തി എന്നിവയുമുൾപ്പടെ 7% മാത്രമാണ് കരാറുകാരൻ ഇതിനോടകം പൂർത്തീകരിച്ചിട്ടുള്ളത്. കരാറുകാരൻ പൂർത്തിയാക്കിയ പ്രവൃത്തികൾക്കുവേണ്ടി 17,67,336/- രൂപയുടെ (ജി.എസ്.ടി. ഉൾപ്പടെ) പാർട്ട് ബിൽ സമർപ്പിച്ചിരുന്നു. ആയത് അംഗീകരിച്ച് 15-10-2023-ന് ബിൽ തുക കരാറുകാരന് അനുവദിക്കുന്നതിലേക്കായി സ്പോർട്സ് കേരള ഫൗണ്ടേഷൻ കായിക യുവജനകാര്യ ഡയറക്ടറേറ്റിൽ ബിൽ സമർപ്പിച്ചിരുന്നു. മേൽ പരാമർശിച്ച ബിൽ തുക ബി.ഡി.എസ്. ഫെസിലിറ്റി മുഖേന അനുവദിക്കണമെന്ന് കരാറുകാരൻ അപേക്ഷിക്കുകയും ആയത് കായിക യുവജന കാര്യാലയം ഡയറക്ടർ പാസ്സാക്കി നൽകുകയും ഫോം I, II ജനറേറ്റ് ചെയ്ത് ടി ബാങ്കിൽ നിന്ന് അംഗീകാരം ലഭ്യമാക്കാനായി കരാറുകാരന് നൽകുകയും ചെയ്തിരുന്നു. ആയത് സമർപ്പിക്കാത്തതിനാൽ തുക മാറി നൽകാൻ സാധിച്ചിട്ടില്ല. പ്രസ്തുത പ്രവൃത്തിയുടെ പൂർത്തീകരിച്ച ഘടകങ്ങളുടെ പേയ്മെന്റ് നൽകുവാനും ടി പ്രവൃത്തിയിൽനിന്ന് വിടുതൽ ചെയ്യാനും ആവശ്യപ്പെട്ടുകൊണ്ട് 05-02-2024-ലെ WP(C)5155/2024 നമ്പർ പ്രകാരം കരാറുകാരൻ ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്യുകയും

ഹൈക്കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ കരാറുകാരനുമായി ഹിയറിങ് നടത്താൻ ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തുകയും ആയത് പ്രകാരം 16-04-2024-ന് ഹിയറിങ് നടത്തുകയും കരാറുകാരന്റെ പരാതികൾ കേൾക്കുകയും പ്രവൃത്തി ആരംഭിക്കാൻ നിർദേശം നൽകുകയും ചെയ്തിരുന്നു. എന്നാൽ ഹിയറിങ്ങിൽ കരാറുകാരൻ ടി പ്രവൃത്തി തുടരാൻ താല്പര്യമില്ലെന്നും പൂർത്തീകരിച്ച പ്രവൃത്തിയുടെ പേയ്മെന്റ് ലഭ്യമാക്കണമെന്നും അപേക്ഷിച്ചിരുന്നു. എന്നാൽ 18-05-2023-ൽ നിർത്തലാക്കിയ പ്രവൃത്തി പുനരാരംഭിക്കാൻ പലതവണ കരാറുകാരനോട് നിർദേശിച്ചിട്ടും ടി പ്രവൃത്തി ആരംഭിക്കാത്ത സാഹചര്യത്തിൽ 27-09-2024-ൽ കരാറുകാരനെ Risk & Cost-ൽ ടെർമിനേറ്റ് ചെയ്യുകയും ചെയ്തു. തുടർന്ന് കരാറുകാരൻ പൂർത്തീകരിച്ച പ്രവൃത്തിയുടെ പേയ്മെന്റ് ലഭ്യമാക്കാനും Risk & Cost-ൽനിന്ന് ഒഴിവാക്കുവാനും വേണ്ടി WP(C)35305/2024 നമ്പർ പ്രകാരം ഹൈക്കോടതിയിൽ വീണ്ടും കേസ് ഫയൽ ചെയ്തു. ഹൈക്കോടതിയുടെ 09-10-2024-ലെ ഇടക്കാല വിധി പ്രകാരം കരാറുകാരനെ Risk & Cost-ൽ ടെർമിനേറ്റ് ചെയ്യുന്നതിനെ താൽക്കാലികമായി നിർത്തിവയ്ക്കാനും ഇനി

പൂർത്തീകരിക്കാനുള്ള പ്രവൃത്തി റീ-അറേഞ്ച് ചെയ്യാനും ഉത്തരവായിരുന്നു. പ്രസ്തുത പ്രവൃത്തികളുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് അംഗീകരിച്ചിട്ടുണ്ട്. ശേഷിക്കുന്ന പ്രവൃത്തിക്ക് ഉടൻ ടെൻഡർ ചെയ്യുന്നതാണ്.

മലപ്പുറം ഗവൺമെന്റ് കോളേജിന്റെ കായിക മേഖലയിലെ അടിസ്ഥാന സൗകര്യ വികസനം

299(1872) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ മുണ്ടുപറമ്പ് ഗവൺമെന്റ് കോളേജിന്റെ കായിക മേഖലയിലെ അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിനായി സമർപ്പിച്ച 7 കോടി രൂപയുടെ പ്രൊപ്പോസലിന് ഭരണാനുമതി ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) കായിക വകുപ്പിന്റെ എഞ്ചിനീയറിങ് വിഭാഗമായ സ്പോർട്സ് കേരള ഫൗണ്ടേഷൻ സ്ഥലം സന്ദർശിച്ച് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എത്രയുംവേഗം റിപ്പോർട്ട് സമർപ്പിക്കാൻ നിർദേശം നൽകുമോ;

(സി) ഗവൺമെന്റ് കോളേജിൽ ഇൻഡോർ സ്റ്റേഡിയവും ഓപ്പൺ

ജിംനേഷ്യവും അനുവദിക്കുന്നതുൾപ്പടെയുള്ള വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് എം.എൽ.എ. സമർപ്പിച്ച പി.യു./62/23/എസ്.പി.ഒ./എം.പി.എം. കത്തിന്മേൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

(എ-സി) മലപ്പുറം ജില്ലയിലെ മുണ്ടുപറമ്പ് ഗവൺമെന്റ് കോളേജിന്റെ കായിക മേഖലയിലെ അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിനായി സമർപ്പിച്ച 7 കോടി രൂപയുടെ പ്രൊപ്പോസലിന്മേൽ വിശദമായ പഠനം ആവശ്യമായതിനാൽ ഭരണാനുമതി നൽകിയിട്ടില്ല. കായിക വകുപ്പിന്റെ എഞ്ചിനീയറിങ് വിഭാഗമായ സ്പോർട്സ് കേരള ഫൗണ്ടേഷന് നിർദ്ദേശം നൽകിയത് പ്രകാരം സ്ഥലം സന്ദർശിക്കുകയും റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

മൾട്ടിപർപ്പസ് ഇൻഡോർ സ്റ്റേഡിയം-(ബാഡ്മിന്റൺ, വോളീബോൾ, ബാസ്കറ്റ് ബോൾ, ഹാന്റ്ബോൾ, ജിംനാസ്റ്റിക്സ്, റെസ്ലിങ്, ജൂഡോ, വുഷു, ടേബിൾ ടെന്നീസ്) ഇതുകൂടാതെ ഗ്യാലറി, ഫിറ്റ്നസ്സ് സെന്റർ, ഓഫീസ് & ഡിപ്പാർട്ട്മെന്റ് റൂം, ഡ്രെസ്സിങ് ഏരിയ, ടോയ്ലറ്റ്, സ്റ്റോർ റൂം, സി.സി.ടി.വി. മെഡിക്കൽ & ഫിറ്റ്നസ്സ് എയ്ഡ് റൂം, മിനി കോൺഫറൻസ് ഹാൾ,

പാർക്കിങ് ഏരിയ എന്നീ ഘടകങ്ങളാണ് കോളേജ് അധികൃതർ ആവശ്യപ്പെട്ടിട്ടുള്ളത്.

60 മീറ്റർ നീളവും 40 മീറ്റർ വീതിയുമുള്ള സ്ഥലമാണിവിടെയുള്ളത്. ചെറിയ ഒരു മൾട്ടി പർപ്പസ് ഇൻഡോർ സ്റ്റേഡിയം ഇവിടെ നിർമ്മിക്കാൻ കഴിയും. 5 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു.

കളിസ്ഥലം വാങ്ങുന്നതിനായുള്ള പദ്ധതി

300(1873) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓരോ വിദ്യാലയങ്ങൾക്കും കളിസ്ഥലം വാങ്ങുന്നതിനായുള്ള പദ്ധതി നിലവിലുണ്ടോയെന്ന് അറിയിക്കുമോ?

സ്വന്തമായി കളിസ്ഥലം നിർമ്മിക്കാൻ ഭൂമി ഇല്ലാത്ത വിദ്യാലയങ്ങളിലും പഞ്ചായത്തുകളിലും ഭൂമി വാങ്ങി കളിസ്ഥലം നിർമ്മിക്കുന്നതിനുള്ള പദ്ധതികൾ കായിക വകുപ്പിന് കീഴിൽ നിലവിലില്ല. എന്നാൽ ഭൂമി ഏറ്റെടുക്കലിനും കളിക്കളം നിർമ്മിക്കുന്നതിനുമായി ബജറ്റിൽ

പ്രഖ്യാപിച്ചതും 20% തുക വകയിരുത്തിയതുമായ പദ്ധതികൾ കായിക വകുപ്പ് മുഖേന നടപ്പിലാക്കി വരുന്നുണ്ട്.

(ബി) കൈപ്പമംഗലം മണ്ഡലത്തിൽ കളരിപ്പറമ്പ് വായനശാല പൊതുജന കൂട്ടായ്മയിലൂടെ വാങ്ങിയ കളിസ്ഥലത്തിന്റെ അടിസ്ഥാന വികസനത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വിശദമാക്കുമോ?

കയ്പമംഗലം മണ്ഡലത്തിൽ കളരിപ്പറമ്പ് വായനശാല പൊതുജന കൂട്ടായ്മയിലൂടെ വാങ്ങിയ കളിസ്ഥലത്തിന്റെ അടിസ്ഥാന വികസനവുമായി ബന്ധപ്പെട്ട പദ്ധതി നിലവിൽ കായിക വകുപ്പിന്റെ പരിഗണനയിലില്ല.

സ്പെഷ്യൽ ഒളിമ്പിക്സിൽ പങ്കെടുത്ത കുട്ടികൾക്ക് ഉപഹാരം

301(1874) ശ്രീ. മാണി സി. കാപ്പൻ: താഴെ കാണുന്ന ചോദ്യത്തിന് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തുനിന്നും സ്പെഷ്യൽ ഒളിമ്പിക്സിൽ പങ്കെടുത്ത് സ്വർണ്ണം, വെള്ളി, വെങ്കലം എന്നിവ നേടിയ കുട്ടികൾക്ക് സംസ്ഥാന സർക്കാർ

പ്രോത്സാഹന സമ്മാനം നൽകാൻ തീരുമാനമെടുത്തിട്ടുണ്ടോ; ഇല്ലെങ്കിൽ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഫണ്ട് ലഭ്യതയ്ക്കനുസരിച്ച് പ്രോത്സാഹന സമ്മാനം നൽകുന്ന വിഷയം പരിഗണിക്കുന്നതാണ്.

കുത്തുപറമ്പ് മണ്ഡലത്തിലെ പ്രവൃത്തികളുടെ പുരോഗതി

302(1875) ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുത്തുപറമ്പ് മണ്ഡലത്തിൽ കായിക വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതികളും അനുവദിച്ച തുകയും അവയുടെ നിലവിലെ പുരോഗതിയും വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾ പൂർത്തീകരിക്കുന്നതിന് തടസ്സങ്ങൾ നിലവിലുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ?

(എ & ബി) കുത്തുപറമ്പ് മണ്ഡലത്തിലെ കുന്നോത്ത് പറമ്പ് ഇൻഡോർ സ്റ്റേഡിയത്തിന്റെ നിർമ്മാണത്തിനായി 12-10-2022-ലെ

സ.ഉ(സാധാ) 258/2022/കാ.യു.വ പ്രകാരം 5 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ സ്പോർട്സ് കേരള ഫൗണ്ടേഷൻ ചീഫ് എഞ്ചിനീയർ 4.78 കോടി രൂപയുടെ സാങ്കേതികാനുമതി നൽകുകയും 17-10-2023-ൽ ദർഘാസ് ക്ഷണിക്കുകയും അതിൽ യോഗ്യത നേടിയ കരാറുകാരിൽ ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ശ്രീ. സി. എൽ. മുഹമ്മദ് ഹനീഫ്, കാസർഗോഡ് എന്ന കരാറുകാരനുമായി 20-01-2024-ൽ 4,29,55,589/- രൂപയ്ക്ക് കരാറിൽ ഏർപ്പെടുകയും ചെയ്തിരുന്നു. ടി പദ്ധതിയിൽ പ്രധാനമായും ഇൻഡോർ സ്റ്റേഡിയം, റീട്ടെയിനിങ് വാൾ, ഇൻഡോർ സ്റ്റേഡിയത്തിലേക്കുള്ള ഇലക്ട്രിക്കൽ പ്രവൃത്തികൾ എന്നീ ഘടകങ്ങളാണ് ഉൾപ്പെട്ടിട്ടുള്ളത്. ഗ്രൗണ്ട് ഡെവലപ്മെന്റിന്റെ ഭാഗമായി റീട്ടെയിനിങ് വാൾ പ്രവൃത്തി പൂർത്തീകരിക്കുകയും സോയിൽ ഇൻവെസ്റ്റിഗേഷൻ പൂർത്തീകരിച്ച് ഇൻഡോർ സ്റ്റേഡിയത്തിന്റെ ഫൗണ്ടേഷൻ പ്രവൃത്തികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

കുത്തുപറമ്പ് മണ്ഡലത്തിലെ ചെറുവാഞ്ചേരി സ്റ്റേഡിയത്തിന്റെ

നിർമ്മാണത്തിനായി 04-01-2023-ലെ സ.ഉ(സാധാ)13/2023/കാ.യു.വ. പ്രകാരം 5 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ സ്പോർട്സ് കേരള ഫൗണ്ടേഷൻ ചീഫ് എഞ്ചിനീയർ 4.78 കോടി രൂപയുടെ സാങ്കേതികാനുമതി നൽകുകയും 09-03-2024-ൽ ദർഘാസ് ക്ഷണിക്കുകയും ചെയ്തിരുന്നു. എന്നാൽ ആദ്യ ദർഘാസിൽ കരാറുകാരെ ലഭിക്കാത്ത സാഹചര്യത്തിൽ ടി പദ്ധതിക്ക് 27-04-2024-ൽ പുനർദർഘാസ് ക്ഷണിക്കുകയും രണ്ട് ദർഘാസുകാരിൽനിന്നും നിരക്ക് രേഖപ്പെടുത്തി ലഭിക്കുകയും ചെയ്തിരുന്നു. പ്രസ്തുത ദർഘാസ് പ്രകാരം L1 ദർഘാസുകാരൻ 3,92,77,722/- രൂപയും L2 ദർഘാസുകാരൻ - 4,63,22,059/- രൂപയുമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ L1 ദർഘാസുകാരൻ പ്രവൃത്തി പരിചയ സർട്ടിഫിക്കറ്റ് ഹാജരാക്കാത്തതിനാൽ ടി കരാറുകാരന് വർക്ക് ഓർഡർ നൽകിയില്ല. പ്രവൃത്തി പരിചയ സർട്ടിഫിക്കറ്റ് ഹാജരാക്കാൻ L1 ദർഘാസുകാരന് നിർദ്ദേശം നൽകിയെങ്കിലും പ്രവൃത്തി പരിചയ സർട്ടിഫിക്കറ്റ് ഹാജരാക്കാത്തതിനാൽ ടി പ്രവൃത്തിക്ക് 06-08-2024-ന് പുനർദർഘാസ് ക്ഷണിക്കുകയും അതിൽ കുറഞ്ഞ തുക രേഖപ്പെടുത്തിയ

ശ്രീ. അബ്ദുൾ ഷെരീഫ്, കാസർഗോഡ് എന്ന ദർഘാസുകാരനുമായി 14-10-2024-ൽ കരാറിലേർപ്പെടുകയും പ്രവൃത്തി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

കുഞ്ഞുപറമ്പ് മണ്ഡലത്തിലെ കുന്നോത്ത് പറമ്പ് ചിറ്റാരിത്തോട് ഓപ്പൺ ജിം & പാർക്ക് നിർമ്മാണ പ്രവൃത്തിക്കായി 23-08-2024-ലെ കണ്ണൂർ തദ്ദേശസ്വയംഭരണ വകുപ്പ് ജില്ലാ ജോയിന്റ് ഡയറക്ടറുടെ കത്ത് പ്രകാരം കുഞ്ഞുപറമ്പ് നിയോജകമണ്ഡലം എം.എൽ.എ.-യുടെ ആസ്തി വികസന പദ്ധതിയിലുൾപ്പെടുത്തി 50 ലക്ഷം രൂപ അനുവദിച്ചതിനെ തുടർന്ന് ടി പ്രവൃത്തിക്കായുള്ള 50 ലക്ഷം രൂപയുടെ ഭരണാനുമതി എസ്റ്റിമേറ്റ് തയ്യാറാക്കി തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

ചായോത്ത് ഹയർ സെക്കൻഡറി സ്കൂളിൽ സ്പോർട്സ് ഡിവിഷൻ

303(1876) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചായോത്ത് ഹയർ സെക്കൻഡറി സ്കൂളിൽ കായിക വകുപ്പ് നിർദ്ദേശിച്ച സ്പോർട്സ് ഡിവിഷൻ സ്ഥാപിക്കുന്ന നടപടികൾ ഏത്

ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത വിഷയം സംബന്ധിച്ച് വകുപ്പുമന്ത്രി, നിയോജകമണ്ഡലം എം.എൽ.എ., ബന്ധപ്പെട്ട ഉദ്യോഗസ്ഥർ എന്നിവർ യോഗം ചേർന്നിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ യോഗത്തിൽ എടുത്ത തീരുമാനങ്ങൾ നടപ്പിലാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കാമോ?

(എ-സി) കായിക യുവജനകാര്യാലയത്തിന് കീഴിൽ കാഞ്ഞങ്ങാട് ചായോത്ത് ജി.എച്ച്.എസ്.എസ്.-ൽ ഒരു സ്പോർട്സ് ഡിവിഷൻ ആരംഭിക്കുന്നതിന് 2019-20 കാലഘട്ടത്തിൽ തീരുമാനിക്കുകയും സ്പോർട്സ് ഡിവിഷൻ തുടങ്ങുന്നത് അധിക ബാധ്യത വരുത്തുമെന്നതിനാൽ, പകരമായി സ്പോർട്സ് അക്കാദമി സ്ഥാപിക്കുന്നതിനുള്ള സാധ്യത പരിശോധിക്കുന്നതിന് 16-02-2023-ൽ സ്ഥലം എം.എൽ.എ.-യുടെ സാന്നിധ്യത്തിൽ പ്രസ്തുത സ്ഥലം സന്ദർശിക്കുകയും തുടർന്ന് നടന്ന മീറ്റിങ്ങിൽ സ്പോർട്സ് അക്കാദമി സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ടുള്ള അഭിപ്രായങ്ങൾ രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഇതുസംബന്ധിച്ച് പ്രൊപ്പോസൽ ലഭ്യമാകുന്നമുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

ഹാൻഡ്ബോൾ കായിക ഇനത്തിലെ രണ്ട് അസോസിയേഷനുകൾ

304(1877) ശ്രീ. എം. നൗഷാദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഹാൻഡ്ബോൾ കായിക ഇനത്തിൽ നിലവിൽ രണ്ട് അസോസിയേഷനുകൾ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അറിയിക്കുമോ?

ഉണ്ട്. ഹാൻഡ് ബോൾ കായികയിനത്തിൽ ഹാൻഡ് ബോൾ ഫെഡറേഷൻ ഓഫ് ഇന്ത്യ (HFI)-യുടെയും ഹാൻഡ് ബോൾ അസോസിയേഷൻ ഓഫ് ഇന്ത്യയുടെയും (HAI) കീഴിൽ രണ്ട് സംഘടനകൾ കേരളത്തിൽ പ്രവർത്തിക്കുന്നുണ്ട്.

(ബി) പ്രസ്തുത രണ്ട് അസോസിയേഷനുകളും മിനി, സബ് ജൂനിയർ, ജൂനിയർ, സീനിയർ എന്നീ വിഭാഗങ്ങളിൽ മത്സരങ്ങൾ സംഘടിപ്പിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

മത്സരങ്ങൾ സംഘടിപ്പിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ഹാൻഡ്ബോൾ കായിക ഇനത്തിൽ കേരള സ്പോർട്സ് കൗൺസിൽ പ്രസ്തുത രണ്ട് അസോസിയേഷനുകളിൽ ഏത് അസോസിയേഷനാണ് അംഗീകാരം നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

കേരള ഹാൻഡ് ബോൾ അസോസിയേഷനുമായി ബന്ധപ്പെട്ട് വിവിധ ജില്ലകളിൽനിന്നും വന്ന പരാതികളുടെ പശ്ചാത്തലത്തിലും ബഹുമാനപ്പെട്ട ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ സംസ്ഥാന സ്പോർട്സ് കൗൺസിൽ സെക്രട്ടറി നടത്തിയ ഹിയറിങ്ങിന്റെ അടിസ്ഥാനത്തിലും ഹാൻഡ് ബോൾ കായിക ഇനത്തിൽ സംസ്ഥാനത്തെ മത്സരങ്ങളുടെ നടത്തിപ്പിനും സംസ്ഥാനതലത്തിലും ജില്ലാതലത്തിലും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുമായി 14 അംഗങ്ങൾ അടങ്ങിയ ഒരു ടെക്നിക്കൽ കമ്മിറ്റി സംസ്ഥാന സ്പോർട്സ് കൗൺസിൽ രൂപീകരിച്ചിട്ടുണ്ട്.

കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ ജീവനക്കാർക്ക് ശമ്പളം

305(1878) ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി

സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ ജീവനക്കാർക്ക് കൃത്യമായി പ്രതിമാസ ശമ്പളം വിതരണം ചെയ്യുന്നുണ്ടോ; ഇല്ലെങ്കിൽ ആയതിനുള്ള കാരണം വ്യക്തമാക്കുമോ;

(ബി) കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ പെൻഷൻകാർക്കും കുടുംബ പെൻഷൻകാർക്കും കൃത്യമായി പ്രതിമാസ പെൻഷൻ വിതരണം ചെയ്യുന്നുണ്ടോ; ഇല്ലെങ്കിൽ ആയതിനുള്ള കാരണം വ്യക്തമാക്കുമോ; കൃത്യമായി പെൻഷൻ വിതരണം ചെയ്യുന്നതിനുള്ള എന്തെങ്കിലും നടപടി സർക്കാർ സ്വീകരിച്ചിട്ടുണ്ടോ?

(എ & ബി) കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന് 2024-2025 സാമ്പത്തിക വർഷത്തിൽ നോൺ പ്ലാൻ ബജറ്റ് വിഹിതമായി നോൺ പ്ലാൻ ഇനത്തിൽ ചുവടെ നൽകിയ പട്ടിക പ്രകാരം തുക അനുവദിച്ചിരുന്നു.

SL NO	PLAN / NON PLAN	Budget Provision	Amount Sanctioned
1	Non Plan (2204-00-104-97-31) SALARY Grant-in-Aid - General - Salary	10,82,40,000/-	11,14,23,000/-
2	Non Plan Non Salary (2204-00-104-97-36) Grant-in-Aid - General - Non Salary	5,73,71,000/-	5,73,71,000/-

കേരള സംസ്ഥാന സ്പോർട്സ് കൗൺസിൽ ജീവനക്കാർക്ക് 2024 നവംബർ മാസം വരെയുള്ള ശമ്പളവും പെൻഷൻകാർക്ക് 2024 ഒക്ടോബർ മാസം വരെയുള്ള മുഴുവൻ പെൻഷനും 2024 നവംബർ മാസത്തെ പെൻഷൻ ഭാഗികമായും വിതരണം ചെയ്തിട്ടുണ്ടെന്ന് സ്പോർട്സ് കൗൺസിൽ അറിയിച്ചിട്ടുണ്ട്.

പ്രസ്തുത ശീർഷകത്തിൽ അധിക തുക ലഭ്യമാക്കി ശമ്പളവും പെൻഷനും അനുവദിക്കുന്നതിനുള്ള പ്രൊപ്പോസലുകൾ സർക്കാർ പരിശോധിച്ചുവരുന്നു.

(സി) 2013 മുതൽ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ സർവീസിൽ നിന്നും വിരമിച്ച ജീവനക്കാർക്ക് പെൻഷൻ ആനുകൂല്യങ്ങൾ യഥാസമയം വിതരണം ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിനുള്ള കാരണം വ്യക്തമാക്കുമോ?

കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിൽനിന്നും 2013 മുതൽ 2021 വരെ വിരമിച്ച എല്ലാ പെൻഷൻകാർക്കും ഡി.സി.ആർ.ജി. അനുവദിച്ച് നൽകിയിട്ടുണ്ട്. മറ്റ് പെൻഷൻ ആനുകൂല്യങ്ങൾ അനുവദിക്കുന്നതിനുള്ള

പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

(ഡി) കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ സർവീസിൽനിന്നും വിരമിച്ച ജീവനക്കാർക്ക് പെൻഷൻ ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നത് സംബന്ധിച്ച് ഹൈക്കോടതി വിധി പുറപ്പെടുവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കുമോ; പ്രസ്തുത വിധിയിന്മേൽ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഇ) കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ സർവീസിൽനിന്നും വിരമിച്ച ജീവനക്കാർക്ക് പെൻഷൻ ആനുകൂല്യങ്ങൾ വിതരണം ചെയ്യാനുള്ള നടപടികൾ സർക്കാർ കൈക്കൊണ്ടിട്ടുണ്ടോ; കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ ജീവനക്കാർക്കും പെൻഷൻകാർക്കും പത്താം ശമ്പള പരിഷ്കരണ പ്രകാരമുള്ള കുടിശ്ശിക പൂർണ്ണമായും വിതരണം ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കാമോ?

(ഡി & ഇ) ഉണ്ട്. കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിലെ പെൻഷൻകാരുടെ പെൻഷൻ ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നതുമായി ബന്ധപ്പെട്ട് ചുവടെപ്പറയുന്ന കേസുകളിൽ ബഹുമാനപ്പെട്ട ഹൈക്കോടതി

വിധിന്യായം പുറപ്പെടുവിച്ചിട്ടുണ്ട്.

1)WP(C) NO.22511 OF 2022 Filed By Sreekumar & Others

2)WP(C) NO. 32036 OF 2022 Filed By Beerankuttty & Others

3)WP(C) NO. 33384 OF 2022 Filed By Shaji P Mohammmed & Others

WP(C) NO. 22511 OF 2022 Filed By Sreekumar & Others ഫയൽ ചെയ്ത കേസിൽ 2014 മുതൽ 2021 വരെ സർവീസിൽനിന്ന് വിരമിച്ച 52 ജീവനക്കാർക്ക് ഡി.സി.ആർ.ജി. ഇനത്തിൽ 4,05,02,817/- രൂപ അനുവദിച്ചിട്ടുണ്ടെന്ന് സ്പോർട്സ് കൗൺസിലിൽനിന്നും അറിയിച്ചിട്ടുണ്ട്.

2016-ലെ 10-ാം ശമ്പള കമ്മീഷൻ പ്രകാരം കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ ശമ്പള പരിഷ്കരണം നടപ്പാക്കിക്കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നുവെങ്കിലും പെൻഷൻ പരിഷ്കരണത്തിന് അനുമതി നൽകിയിരുന്നില്ല.

കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന് കൂടിശ്ശിക സംബന്ധിച്ച കോടതിയലക്ഷ്യ കേസുമായി ബന്ധപ്പെട്ട് അടിയന്തര സഹായമായി 2 കോടി രൂപയും ഈ സാമ്പത്തിക വർഷം അനുവദിച്ചിരുന്നു.

(എഫ്) കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ ജീവനക്കാർക്കും പെൻഷൻകാർക്കും പതിനൊന്നാം ശമ്പള പരിഷ്കരണം നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കാമോ; ആയത് നടപ്പാക്കുന്നത് സംബന്ധിച്ച് സർക്കാർ എന്തെങ്കിലും നടപടി കൈക്കൊണ്ടിട്ടുണ്ടോ?

ഇല്ല. പത്താം ശമ്പള പരിഷ്കരണവുമായി ബന്ധപ്പെട്ട സ്പോർട്സ് കൗൺസിലിന്റെ ആനുകൂല്യങ്ങൾ സാധൂകരിക്കപ്പെട്ടിട്ടില്ലാത്തതാണ്. ഇതുസംബന്ധിച്ച കോടതി വ്യവഹാരം നിലനിൽക്കുന്ന സാഹചര്യം കണക്കിലെടുത്ത് സ്പോർട്സ് കൗൺസിലിലെ ജീവനക്കാരുടെ പതിനൊന്നാം ശമ്പള പരിഷ്കരണ നടപടികൾ നിലവിൽ നടപ്പിലാക്കിയിട്ടില്ല.

സ്പോർട്സ് കൗൺസിലിന് അനുവദിച്ച തുക

306(1879) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യത്തിന് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സ്പോർട്സ് കൗൺസിലിന് നടപ്പ് സാമ്പത്തിക വർഷം എത്ര രൂപ വകയിരുത്തിയെന്നും അതിൽ എത്ര ലഭിച്ചുവെന്നും വ്യക്തമാക്കുമോ?

കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന് നടപ്പ് സാമ്പത്തിക വർഷം എത്ര രൂപ വകയിരുത്തിയെന്നും ആയതിൽ എത്ര തുക അനുവദിച്ചു, എന്നത് സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു+.

ചാമ്പ്യൻഷിപ് ഇനത്തിൽ നൽകിയ തുക

307(1880) ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സ്പോർട്സ് കൗൺസിൽ 2016-17 മുതൽ 2024-25 സാമ്പത്തിക വർഷം വരെ സംസ്ഥാന ബോൾ ബാഡ്മിന്റൺ അസോസിയേഷന് കായിക ചാമ്പ്യൻ ഷിപ്പ്, കോച്ചിങ് ക്യാമ്പ് എന്നിവ നടത്തിയ ഇനത്തിൽ ഓരോ വർഷവും നൽകിയ തുക എത്രയെന്ന് വിശദമാക്കാമോ; നൽകിയിട്ടില്ലെങ്കിൽ അതിന്റെ കാരണമെന്ത്?

സംസ്ഥാന സ്പോർട്സ് കൗൺസിലിൽനിന്നും സംസ്ഥാന ബോൾ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ബാഡ്മിന്റൺ അസോസിയേഷന് കായിക ചാമ്പ്യൻഷിപ്പ്, കോച്ചിങ് ക്യാമ്പ്, യാത്രാ ബത്ത ഉൾപ്പെടെ 2016-17, 2017-18, 2020-21, 2022-23 എന്നീ വർഷങ്ങളിൽ അനുവദിച്ച തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

2016-17

Advance Grant for 36th Kerala State Sub junior Ball Badminton Championship - 30000/-.

Advance Grant for 62nd Senior National Ball Badminton Championship - 97000/-.

2017- 18

Final Grant for Kerala State Senior Ball Badminton Championship - 60000/-.

Final Grant for Sub junior National Ball Badminton Championship - 90000/-.

Final Grant for Kerala State Sub junior Ball Badminton Championship – 10000/-.

2020-21

Advance Grant for 65th Senior National Ball Badminton Championship - 190000/-.

Final Grant for 51st Kerala State junior Ball Badminton Championship - 50000/-.

Final Grant for 65th Kerala State Senior Ball Badminton Championship - 60000/-.

2022-23

Advance Grant for 68th Senior National Ball Badminton Championship – 112500/-.

2018-19, 2019-20 കാലയളവിൽ പ്രസ്തുത അസോസിയേഷൻ ഫൈനൽ ക്ലെയിം യഥാസമയം സമർപ്പിക്കാത്തതിനാലും 2023-24 വർഷത്തിൽ ഫണ്ടിന്റെ അഭാവത്തിനാലും തുക അനുവദിച്ചിട്ടില്ല.

(ബി) അന്തർ സംസ്ഥാന മത്സരത്തിൽ പങ്കെടുത്ത സബ് ജൂനിയർ, ജൂനിയർ, സീനിയർ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും യാത്രാ

ബത്തയായി എത്ര തുകയാണ് നൽകിയതെന്ന് വ്യക്തമാക്കാമോ?

സംസ്ഥാന സ്പോർട്സ് കൗൺസിലിൽനിന്നും യാത്രാബത്ത ഇനത്തിൽ പ്രത്യേകമായി തുക അനുവദിച്ച് നൽകുന്നില്ല. ദേശീയ മത്സരങ്ങളിൽ പങ്കെടുക്കുന്ന കായിക താരങ്ങൾക്ക് പരിശീലനത്തിനും ചാമ്പ്യൻഷിപ്പിൽ പങ്കെടുക്കുന്നതിനുള്ള ഡി.എ., യാത്രാബത്ത, മെഡിക്കൽ ചെലവ്, മറ്റ് ചെലവ് എന്നിവ ഉൾപ്പെടുന്ന ബില്ലുകളാണ് തയ്യാറാക്കുന്നത്.

(സി) സംസ്ഥാന ബോൾ ബാഡ്മിന്റൺ അസോസിയേഷനിൽ 2021-22, 2022-23, 2023-24, 2024-25 വർഷത്തിൽ ഓരോ ജില്ലയിൽനിന്നും സബ് ജൂനിയർ, ജൂനിയർ, സീനിയർ വിഭാഗങ്ങളായി എത്ര കായിക താരങ്ങളെയാണ് രജിസ്റ്റർ ചെയ്തത്; സ്പോർട്സ് കൗൺസിൽ നൽകിയ വാർഷിക റിപ്പോർട്ടിലെ കായിക താരങ്ങളുടെ എണ്ണം വ്യക്തമാക്കാമോ?

സംസ്ഥാന ബോൾ ബാഡ്മിന്റൺ അസോസിയേഷനിൽ 2021-22, 2022-23, 2023-24, 2024-25 വർഷത്തിൽ ഓരോ ജില്ലയിൽനിന്നും സബ് ജൂനിയർ, ജൂനിയർ, സീനിയർ വിഭാഗങ്ങളിലായി രജിസ്റ്റർ ചെയ്ത കായിക താരങ്ങളുടെ എണ്ണം അനുബന്ധമായി ചേർക്കുന്നു+.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കാഞ്ഞിരപ്പള്ളി കുന്നുംഭാഗം സ്പോർട്സ് സ്കൂൾ പദ്ധതി

308(1881) ഡോ. എൻ. ജയരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞിരപ്പള്ളി കുന്നുംഭാഗം സ്പോർട്സ് സ്കൂൾ പദ്ധതിയുടെ നിലവിലെ സ്ഥിതി അറിയിക്കുമോ;

(ബി) പ്രസ്തുത പദ്ധതിക്ക് കിഫ്ബിയുടെ ധനാനുമതി ലഭിച്ചിട്ടുണ്ടോ; ഭരണാനുമതി തുക സംബന്ധിച്ചും പദ്ധതിയിൽ ഉൾക്കൊള്ളിച്ചിട്ടുള്ള ഘടകങ്ങൾ സംബന്ധിച്ചുമുള്ള വിശദാംശം നൽകുമോ?

(എ & ബി) കിഫ്ബി ധനസഹായത്തോടെ നിർമ്മിക്കുന്ന കാഞ്ഞിരപ്പള്ളി കുന്നുംഭാഗം സ്പോർട്സ് സ്കൂൾ പദ്ധതിക്ക് 08-05-2023-ലെ സ.ഉ.(സാധാ)നം.126/2023/S&YA പ്രകാരം 25 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകിയിരുന്നു.

പ്രസ്തുത പദ്ധതിയിൽ മൾട്ടിപർപ്പസ് ഇൻഡോർ സ്റ്റേഡിയം, പരിശീലന നീന്തൽക്കുളം, ഹോസ്റ്റൽ (ഗേൾസും ബോയ്സും), സ്റ്റെപ്പ് ഗ്യാലറി,

സിന്തറ്റിക് ട്രാക്ക് 200 മീ., 7's നാച്വറൽ ടർഫ് എന്നിവയാണ് പ്രധാന ഘടകങ്ങൾ. പ്രവൃത്തിയുടെ ഡി.പി.ആർ. തയ്യാറാക്കി 19-09-2023-ന് കിഫ്ബിയിൽ സമർപ്പിക്കുകയും 27.7 കോടി രൂപയ്ക്ക് നിബന്ധനകൾക്ക് വിധേയമായി സാമ്പത്തികാനുമതി 13-03-2024-ന് ലഭിക്കുകയും ചെയ്തിരുന്നു.

നിർദിഷ്ട സാമ്പത്തികാനുമതിയുടെ ഉത്തരവിനോടൊപ്പം DAR (Detailed Appraisal Report) കൂടി കിഫ്ബി നൽകിയിരുന്നു. അതിൽ എസ്.പി.വി.-യായ സ്പോർട്സ് കേരള ഫൗണ്ടേഷൻ സാങ്കേതികാനുമതി എടുക്കുന്നതിന് മുമ്പായി DAR-ൽ പറഞ്ഞ കാര്യങ്ങൾ പാലിക്കേണ്ടതാണെന്ന് പരാമർശിച്ചിരുന്നു. അതിൻപ്രകാരം പദ്ധതിയിലെ ഘടകങ്ങളുടെ സ്ട്രക്ചറൽ ഡിസൈനിന്റെ മോഡൽ പരിശോധനയ്ക്കായി കിഫ്ബി ഡിസൈൻ വിങ്ങിന് 30-05-2024-ൽ സമർപ്പിക്കുകയും കിഫ്ബി സ്ട്രക്ചറൽ ഡിസൈൻസ് പരിശോധിച്ചശേഷം 10-09-2024, 30-11-2024 തീയതികളിൽ സ്പോർട്സ് കേരള ഫൗണ്ടേഷന് റിപ്പോർട്ട് നൽകുകയും ചെയ്തിരുന്നു. പ്രസ്തുത റിപ്പോർട്ട് പ്രകാരം സ്ട്രക്ചറൽ ഡിസൈനിൽ വരുത്തേണ്ട മാറ്റങ്ങൾ വരുത്തി സ്പോർട്സ് കേരള ഫൗണ്ടേഷൻ 16-11-2024,

03-01-2025 തീയതികളിൽ കിഫ്ബിയിൽ സമർപ്പിക്കുകയും കിഫ്ബി 23-01-2025-ന് ഡിസൈനിന് അനുമതി നൽകുകയും ചെയ്തിരുന്നു. തുടർന്ന് സ്പോർട്സ് കേരള ഫൗണ്ടേഷൻ 10-02-2025-ൽ കൂടിയ സാങ്കേതികാനുമതി കമ്മിറ്റിയിൽ പ്രസ്തുത പ്രവൃത്തി കമ്മിറ്റി അംഗീകരിക്കുകയും ചെയ്തു.

(സി) പദ്ധതിയുടെ നിർമ്മാണം എന്നത്തേക്ക് ആരംഭിക്കാനാകുമെന്നും നടപടികൾ ത്വരിതപ്പെടുത്തുമോ എന്നും വ്യക്തമാക്കുമോ?

പ്രസ്തുത പ്രവൃത്തിയുടെ ദർഘാസ് നടപടികളിലേക്ക് കടക്കുന്നതിനുമുമ്പ് പി.ഇ.ഡി. (പ്രോജക്ട് എക്സിക്യൂഷൻ ഡോക്യുമെന്റ്) കിഫ്ബിക്ക് സമർപ്പിക്കണം. പി.ഇ.ഡി.-ക്ക് അപ്രൂവൽ ലഭ്യമായാലുടൻ സ്പോർട്സ് കേരള ഫൗണ്ടേഷൻ മുഖേന പ്രവൃത്തിയുടെ ദർഘാസ് ക്ഷണിക്കുന്നതാണ്.

സ്പോർട്സ് കൗൺസിലിന്റെ കീഴിലുള്ള ഹോസ്റ്റലുകൾ

309(1882) ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്പോർട്സ് കൗൺസിലിന്റെ കീഴിലുള്ള സ്പോർട്സ്

ഹോസ്റ്റലുകൾക്ക് ഫുഡ് അലവൻസ് ഇനത്തിൽ എത്ര തുക കുടിശ്ശിക നൽകാനുണ്ടെന്നും എന്ന് മുതലാണ് കുടിശ്ശികയുള്ളതെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഇനത്തിൽ കുടിശ്ശികയുണ്ടാകാനുള്ള കാരണം വ്യക്തമാക്കാമോ?

(എ & ബി) 2024-25 സാമ്പത്തിക വർഷത്തിൽ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ ഹോസ്റ്റലിൽ താമസിക്കുന്ന കുട്ടികളുടെ Boarding and Lodging ചെലവുകൾക്കായി ചുവടെ നൽകിയ പട്ടിക പ്രകാരം തുക അനുവദിച്ചിട്ടുണ്ട്.

Sl. no.	സ്കീം	ഭരണാനുമതി നൽകിയത്	അനുവദിച്ച തുക
1.	Boarding and Lodging	15,00,00,000/-	12,09,09,708/-

2024 ജൂലൈ വരെയുള്ള ഭക്ഷണ അലവൻസ് ചില കോളേജുകൾ ഒഴികെ ബാക്കി എല്ലാ കോളേജുകൾക്കും അനുവദിച്ചിട്ടുണ്ടെന്ന് സ്പോർട്സ് കൗൺസിലിൽനിന്നും അറിയിച്ചിട്ടുണ്ട്. കുടിശ്ശിക അനുവദിക്കുന്ന വിഷയം അടിയന്തരമായി പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

സ്പോർട്സ് കൗൺസിൽ ഹോസ്റ്റലുകൾ

310(1883) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്പോർട്സ് കൗൺസിലുകളുടെ കീഴിൽ എത്ര ഹോസ്റ്റലുകൾ നിലവിലുണ്ടെന്നും ഇവിടെ എത്ര വിദ്യാർഥികൾ താമസിക്കുന്നുണ്ടെന്നും വ്യക്തമാക്കുമോ?

സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ കീഴിൽ വിവിധ ജില്ലകളിലായി 27 ജില്ലാ സ്പോർട്സ് അക്കാദമികൾ, 42 കോളേജ് സ്പോർട്സ് അക്കാദമികൾ, 16 സ്കൂൾ സ്പോർട്സ് അക്കാദമികൾ എന്നിവ പ്രവർത്തിക്കുന്നതിൽ ആകെ 1915 കായിക താരങ്ങൾ താമസിച്ച് പരിശീലനം നേടിവരുന്നുണ്ട്.

(ബി) ഇവരുടെ ഭക്ഷണത്തിനും മറ്റും മുടക്കം വരാത്ത വിധത്തിൽ ആവശ്യമായ ക്രമീകരണങ്ങൾ നടത്തിയിട്ടുണ്ടോ എന്ന് അറിയിക്കുമോ;

(സി) പ്രസ്തുത ഹോസ്റ്റലുകളിലെ കുട്ടികൾക്കുള്ള ആനുകൂല്യങ്ങൾ കൃത്യമായി നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ;

വ്യക്തമാക്കുമോ?

(ബി & സി) ഇവരുടെ ഭക്ഷണത്തിനും മറ്റും മുടക്കം വരാത്ത രീതിയിൽ ആവശ്യമായ ക്രമീകരണങ്ങൾ ജില്ലാ സ്പോർട്സ് കൗൺസിലുകൾ വഴി നടത്തിവരുന്നു. ഓരോ വർഷത്തെയും ഹോസ്റ്റലുകളുടെ പ്രവർത്തനത്തിന് ആവശ്യമായ തുക ബജറ്റ് വിഹിതമായിട്ടാണ് ലഭ്യമാക്കുന്നത്. ഹോസ്റ്റലുകളിലെ കായിക താരങ്ങൾക്ക് സമയബന്ധിതമായി ആനുകൂല്യങ്ങൾ അനുവദിക്കുന്നതിന് വേണ്ട നടപടി സ്വീകരിച്ചുവരുന്നു.

2024-25 സാമ്പത്തിക വർഷത്തിൽ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ ഹോസ്റ്റലിൽ താമസിക്കുന്ന കുട്ടികളുടെ Boarding and Lodging ചെലവുകൾക്കായി ചുവടെ നൽകിയ പട്ടിക പ്രകാരം തുക അനുവദിച്ചിട്ടുണ്ട്.

Sl. no.	സ്കീം	ഭരണാനുമതി നൽകിയത്	അനുവദിച്ച തുക
1.	Boarding and Lodging	15,00,00,000/-	12,09,09,708/-

(ഡി) പ്രസ്തുത സ്ഥാപനങ്ങൾ കാലാനുസൃതമായി പരിഷ്കരിക്കുന്നതിനും കൂടുതൽ കായിക താരങ്ങൾക്ക് താമസസൗകര്യം ഒരുക്കുന്നതിനും നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

ഓരോ ഹോസ്റ്റലുകളിലെയും പരിശീലന, താമസസൗകര്യങ്ങൾ ഉൾപ്പടെയുള്ള വിഷയങ്ങൾ കാലാനുസൃതമായി പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

കോളേജ് സ്പോർട്സ് ഹോസ്റ്റലുകളിലെ കുട്ടികൾക്കുള്ള ഭക്ഷണ അലവൻസ്

311(1884) ശ്രീ. സണ്ണി ജോസഫ്:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീമതി കെ. കെ. രമ:
ശ്രീ. ചാണ്ടി ഉമ്മൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന് കീഴിലുള്ള കോളേജ് സ്പോർട്സ് ഹോസ്റ്റലുകളിലെ കുട്ടികൾക്കുള്ള ഭക്ഷണ അലവൻസ് ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഹോസ്റ്റലുകളിലെ കുട്ടികൾക്കുള്ള ഭക്ഷണ അലവൻസ്

പത്ത് മാസമായി നൽകുന്നില്ലെന്ന കാര്യം ഗൗരവത്തോടെ കാണുന്നുണ്ടോ; വിശദമാക്കുമോ;

(സി) പ്രസ്തുത വിദ്യാർഥികൾക്ക് ഭക്ഷണ അലവൻസ് കുടിശ്ശിക അടക്കം നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

(എ-സി) ഉണ്ട്. 2024-25 സാമ്പത്തിക വർഷത്തിൽ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ ഹോസ്റ്റലിൽ താമസിക്കുന്ന കുട്ടികളുടെ Boarding and Lodging ചെലവുകൾക്കായി ചുവടെ നൽകിയ പട്ടിക പ്രകാരം തുക അനുവദിച്ചിട്ടുണ്ട്.

Sl. no.	സ്കീം	ഭരണാനുമതി നൽകിയത്	അനുവദിച്ച തുക
1.	Boarding and Lodging	15,00,00,000/-	12,09,09,708/-

2024 ജൂലൈ വരെയുള്ള ഭക്ഷണ അലവൻസ് ചില കോളേജുകൾ ഒഴികെ ബാക്കി എല്ലാ കോളേജുകൾക്കും അനുവദിച്ചിട്ടുണ്ടെന്ന് സ്പോർട്സ് കൗൺസിലിൽനിന്നും അറിയിച്ചിട്ടുണ്ട്. കുടിശ്ശിക അനുവദിക്കുന്ന വിഷയം അടിയന്തരമായി പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

കായിക മേഖലയുടെ അടിസ്ഥാന സൗകര്യ വികസനം

312(1885) ശ്രീ. സി. എച്ച്. കുഞ്ഞമ്പു:
ശ്രീ. കെ. വി. സുമേഷ്:
ശ്രീ. എൻ. കെ. അക്ബർ:
ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായിക മേഖലയുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി എന്തെല്ലാം പ്രവർത്തനങ്ങളാണ് നടന്നുവരുന്നത്; വിവിധ ഫണ്ടുകൾ ഉപയോഗിച്ച് നടന്നുവരുന്ന പ്രവർത്തനങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദമാക്കുമോ?

ഉത്തരം അനുബന്ധമായി ചേർക്കുന്നു[+].

(ബി) കായിക വകുപ്പിന് കീഴിലെ മുഴുവൻ സ്ഥാപനങ്ങൾക്കുമുള്ള കേന്ദ്രം എന്ന നിലയിൽ കായിക ഭവന്റെ നിർമ്മാണം ആരംഭിച്ചിട്ടുണ്ടോ എന്ന് അറിയിക്കുമോ?

കായിക വകുപ്പിന് കീഴിലുള്ള വിവിധ സ്ഥാപനങ്ങളെ ഒരു കുടക്കീഴിൽ കൊണ്ടുവരുന്നതിനും അതുവഴി ഭരണതലത്തിൽ മെച്ചപ്പെട്ട ഏകോപനവും

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വർധിത വേഗവും കൈവരിക്കുന്നതിനായി 'കായിക ഭവൻ' എന്ന പേരിൽ കായിക ആസ്ഥാനമന്ദിരത്തിന്റെ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്.

(സി) കായിക സമുച്ചയങ്ങളുടെ നിർമ്മാണം ഏത് ഘട്ടത്തിലാണ്; വിശദാംശം നൽകാമോ?

കായികഭവന്റെ നിർമ്മാണത്തിന്റെ ആദ്യഘട്ടമെന്ന നിലയിൽ സർക്കാർ 8.5 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഗ്രൗണ്ട് ഫ്ലോർ, ഒന്നാം നില, രണ്ടാം നില എന്നിവയാണ് ആദ്യഘട്ടത്തിൽ നിർമ്മിക്കുന്നത്. പദ്ധതി നിർവഹണം സർക്കാർ അക്രഡിറ്റഡ് ഏജൻസിയായ ഊരാളുങ്കൽ ലേബർ കോൺട്രാക്ടിങ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്കാണ്. നിലവിൽ പ്രവൃത്തി 27% പൂർത്തിയാക്കിയിട്ടുണ്ട്. ഫൗണ്ടേഷൻ, സമ്പ് പ്രവൃത്തികൾ പൂർത്തിയായി.

(ഡി) പ്രസ്തുത അടിസ്ഥാന സൗകര്യ നിർമ്മാണ പ്രവർത്തനങ്ങൾ കായിക മേഖലയെ ഊർജ്വസ്വലമാക്കുന്നതിന് ഏതെല്ലാം നിലയിൽ സഹായകമാകുമെന്ന് വ്യക്തമാക്കുമോ?

കായിക വകുപ്പ് ഏറ്റെടുത്ത് നടപ്പിലാക്കുന്ന വിവിധ അടിസ്ഥാന

സൗകര്യപദ്ധതികൾ സംസ്ഥാനത്ത് കായികമേഖലയ്ക്ക് പുത്തൻ ഉണർവ് നൽകുന്നതിനും ലോകനിലവാരത്തിലുള്ള കായികതാരങ്ങളെ കണ്ടെത്തി സംസ്ഥാനത്തിന് അഭിമാനകരമാകുന്ന നേട്ടങ്ങൾ കൈവരിക്കാൻ പ്രാപ്തരായ ഒരു യുവതലമുറയെ വളർത്തിയെടുക്കുന്നതിനും അടിസ്ഥാനമിടുന്നതാണ്. നഗരപ്രദേശങ്ങളിലും ഗ്രാമീണമേഖലയിലും നടക്കുന്ന വികസന പ്രവർത്തനങ്ങൾ നഗരഗ്രാമഭേദമില്ലാതെ യുവജനങ്ങളെ കായികമേഖലയിലേക്ക് ആകർഷിക്കുന്നതിനും യുവാക്കളുടെ കായികക്ഷമത മെച്ചപ്പെടുത്തുന്നതിനും ഏറെ സഹായകരമാകും.

ഒരു മികച്ച കായിക സംസ്കാരം വളർത്തിയെടുക്കുന്നതിലൂടെ ആരോഗ്യമുള്ള ഒരു ഭാവിതലമുറയെ സൃഷ്ടിക്കുന്നതിനും ഈ അടിസ്ഥാന സൗകര്യവികസന പ്രവർത്തനങ്ങൾ വഴിയൊരുക്കുന്നതാണ്.

വിവിധ ജീവിതശൈലി രോഗങ്ങൾ വർധിച്ചുവരുന്ന സാഹചര്യത്തിൽ കായികവും ശാരീരികവും മാനസികവുമായ വികാസത്തിനുള്ള സൗകര്യം ഒരുക്കുക എന്നത് സാമൂഹികമായി നിലവിൽ ഏറ്റവും പ്രാധാന്യം അർഹിക്കുന്ന മേഖലയായി സർക്കാർ നോക്കിക്കാണുന്നു. ഇതിന്റെ ഭാഗമായി

സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളിലും തനത് കായിക വികസനങ്ങൾക്കൂടി പരിഗണിച്ചുകൊണ്ട് ആവിഷ്കരിച്ച 'ഒരു പഞ്ചായത്തിൽ ഒരു കളിക്കളം' പദ്ധതി നടപ്പിൽ വരുന്നതോടെ പ്രാദേശികമായി എല്ലാ പഞ്ചായത്തുകളിലും കായിക സൗകര്യങ്ങൾ വികസിക്കപ്പെടുന്നതിലൂടെ സാമൂഹിക ഒത്തുചേരലുകളും ആരോഗ്യ വികസന പ്രവർത്തനങ്ങളും നടപ്പിലാക്കുന്നതിന് വഴിയൊരുക്കുമെന്ന് പ്രതീക്ഷിക്കുന്നു. എല്ലാവർക്കും "ആരോഗ്യം, ശാരീരികക്ഷമത, സന്തോഷം" എന്ന പ്രാഥമിക ലക്ഷ്യത്തോടെയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

ഒറ്റപ്പാലം ജിംനേഷ്യം നിർമ്മാണം

313(1886) ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം നഗരസഭയിലെ ഒറ്റപ്പാലം ജിംനേഷ്യം എന്ന പ്രവൃത്തിക്ക് വർക്ക് ഓർഡർ നൽകിയത് എന്നാണെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി നാളിതുവരെ പൂർത്തീകരിക്കാത്തത്

എന്തുകൊണ്ടാണെന്നും അടിയന്തരമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്നും എന്നത്തേക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്നും വിശദമാക്കുമോ?

(എ & ബി) കായിക വകുപ്പിന് കീഴിൽ ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെന്റർ സ്ഥാപിക്കുന്നതിനായി കായികയുവജനകാര്യ ഡയറക്ടറുടെ 12-02-2022-ലെ നടപടി ക്രമ നം. ജി3-6890/21/കാ.യു.വ പ്രകാരം 49,98,000/- രൂപയുടെ ഭരണാനുമതി പുറപ്പെടുവിക്കുകയും ടി പദ്ധതിക്ക് 46,76,800/- രൂപയുടെ സാങ്കേതികാനുമതി നൽകി ദർഘാസ് ക്ഷണിക്കുകയും M/s. Tahdcos Limited തിരുവനന്തപുരം എന്ന സ്ഥാപനവുമായി കരാറിലേർപ്പെടുകയും ചെയ്തിരുന്നു. എന്നാൽ പ്രസ്തുത പ്രവൃത്തിയിൽ പുരോഗതി ഇല്ലാത്തതിനാൽ 16-09-2022-ലെ സ്പോർട്സ് കേരള ഫൗണ്ടേഷൻ ചീഫ് എഞ്ചിനീയറുടെ നടപടിക്രമം പ്രകാരം ടി കരാറുകാരനെ കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ ടെർമിനേറ്റ് ചെയ്യുകയും പ്രവൃത്തിക്ക് റീ ടെൻഡർ ക്ഷണിക്കുകയും ചെയ്തു. M/s. ജി.എസ്. എഞ്ചിനീയറിങ്

വർക്ക്സ്, തിരുവനന്തപുരം എന്ന സ്ഥാപനത്തിന് 23-02-2023-ന് വർക്ക് ഓർഡർ നൽകി സ്ഥാപനവുമായി 28-02-2023-ൽ കരാറിലേർപ്പെടുകയും പ്രവൃത്തി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. നിലവിൽ 80% ഫ്ലോറിങ്, സീലിങ് പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഇലക്ട്രിക്കൽ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. 2025 മാർച്ച് മാസം അവസാനത്തോടുകൂടി പ്രവൃത്തി പൂർത്തീകരിക്കുന്നതാണ്.

മണിയൂർ ഗ്രാമപഞ്ചായത്തിലെ കളിക്കളം നിർമ്മാണം

314(1887) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യത്തിന് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മണിയൂർ ഗ്രാമപഞ്ചായത്തിലെ കളിക്കളം നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി അറിയിക്കുമോ; പ്രസ്തുത പ്രവൃത്തിയുടെ ഡി.പി.ആർ.-ന് അംഗീകാരം ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതിയിലുൾപ്പെട്ട കുറ്റ്യാടി നിയോജകമണ്ഡലത്തിലെ മണിയൂർ ഗ്രാമപഞ്ചായത്തിലെ കളിക്കളം

നിർമ്മാണ പ്രവൃത്തി നടപ്പിലാക്കേണ്ട ഭൂമി സ്പോർട്സ് കേരള ഫൗണ്ടേഷൻ എഞ്ചിനീയറിങ് വിഭാഗം ഉദ്യോഗസ്ഥർ സ്ഥല പരിശോധന നടത്തിയതിൽ ടി ഭൂമി പഞ്ചായത്ത് പൊന്നും വിലയ്ക്കെടുത്ത് നൽകേണ്ട ഭൂമിയാണെന്ന് അറിവായിട്ടുണ്ട്. ടി സ്ഥലത്ത് പാറയായതിനാൽ അത് പൊട്ടിച്ച് ഗ്രൗണ്ട് ലെവൽ ചെയ്യേണ്ടതുണ്ട്. ഇത്തരത്തിൽ ഭൂവികസന പ്രവൃത്തികൾ ചെയ്യുന്നതിന് പദ്ധതി തുകയായ 100 ലക്ഷം രൂപ മതിയാകില്ല. മാത്രമല്ല, ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതിയുടെ മാർഗനിർദേശ പ്രകാരം വലിയവിധത്തിലുള്ള ഭൂവികസന പ്രവൃത്തികൾ വരുന്ന സ്ഥലം ഒഴിവാക്കണമെന്ന് നിർദേശിച്ചിട്ടുള്ളതുമാണ്. ആയതിനാൽ ടി സ്ഥലം പഞ്ചായത്ത് ഏറ്റെടുത്ത് ഗ്രൗണ്ട് ലെവൽ ചെയ്ത് നൽകുകയാണെങ്കിൽ കളിക്കളം നിർമ്മിക്കുന്നതിനുള്ള തുടർനടപടി സ്വീകരിക്കാൻ കഴിയുന്നതാണ്. ഇതുസംബന്ധിച്ച് ഗ്രാമപഞ്ചായത്തിന് കത്ത് നൽകിയിട്ടുണ്ട്.

കുന്നുമ്മൽ വോളിബോൾ അക്കാദമിയുടെ നിർമ്മാണം

315(1888) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന

ചോദ്യത്തിന് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കുന്നുമ്മൽ വോളിബോൾ അക്കാദമിയുടെ നിർമ്മാണം ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ; പ്രസ്തുത പ്രവൃത്തി എന്നത്തേക്ക് പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്നുവെന്നും ഏതൊക്കെ പ്രവൃത്തികളാണ് ഈ പദ്ധതിയുടെ ഭാഗമായി പൂർത്തീകരിക്കുന്നതെന്നും വിശദമാക്കുമോ?

കുന്നുമ്മൽ വോളിബോൾ അക്കാദമിയുടെ നിർമ്മാണ പ്രവൃത്തിയുമായി ബന്ധപ്പെട്ട് റീട്ടെയിനിങ് വാളിന്റെ പ്രവൃത്തി നടന്നുവരുന്നു. 2026 മാർച്ച് അവസാനത്തോടെ പ്രവൃത്തി പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്. ഗ്രൗണ്ട് ഡെവലപ്മെന്റ് വർക്ക്, റീട്ടെയിനിങ് സ്ട്രക്ച്ചർ, മഡ് കോർട്ട്, ഫെൻസിങ്, കോമ്പൗണ്ട് വാൾ, ഫ്ലഡ് ലൈറ്റിങ് തുടങ്ങിയ പ്രവൃത്തികളാണ് ഈ പദ്ധതിയുടെ ഭാഗമായി പൂർത്തീകരിക്കുന്നത്.

മാവേലിക്കര മണ്ഡലത്തിലെ താമരക്കുളം സ്റ്റേഡിയം നിർമ്മാണം

316(1889) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യത്തിന് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന

വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മാവേലിക്കര മണ്ഡലത്തിലെ താമരക്കുളം സ്റ്റേഡിയം നിർമ്മാണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ഉണ്ട്. 2019-20-ലെ ബജറ്റിൽ ഉൾപ്പെടുത്തിയിരുന്ന ആലപ്പുഴ മണ്ഡലത്തിലെ താമരക്കുളം പഞ്ചായത്ത് ഗ്രൗണ്ടിന്റെ പ്രവൃത്തിക്ക് 26-02-2021-ലെ സർക്കാർ ഉത്തരവ് പ്രകാരം 5 കോടി രൂപയുടെ ഭരണാനുമതി നൽകുകയും 12-01-2022-ന് 4.77 കോടി രൂപയ്ക്ക് സ്പോർട്സ് കേരള ഫൗണ്ടേഷൻ സാങ്കേതികാനുമതി നൽകി 15-01-2022-ന് ദർഘാസ് ക്ഷണിക്കുകയും 27-01-2022-ന് ദർഘാസ് ഓപ്പൺ ചെയ്യുകയും ചെയ്തു. യോഗ്യരായ കരാറുകാരിൽ നിന്നും ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ബി & ഐ കൺസ്ട്രക്ഷൻ എന്ന സ്ഥാപനത്തിന് 04-02-2022-ന് വർക്ക് ഓർഡർ നൽകി. 07-02-2022-ന് സൈറ്റ് കരാറുകാരന് കൈമാറി നൽകുകയും 04-03-2022-ന് കാരാറിൽ ഏർപ്പെടുകയും ചെയ്തു.

90 m X 55 m വിസ്തീർണ്ണമുള്ള നാച്വറൽ ടർഫ്, സ്റ്റെപ്പ് ഗ്യാലറി,

ഓഫീസ്, ജിം, ഗ്രൗണ്ട് ഡെവലപ്മെന്റ്, ചുറ്റുമതിൽ, സമ്പ് ടാങ്ക്, അനുബന്ധ ഇലക്ട്രിഫിക്കേഷൻ എന്നീ ഘടകങ്ങളാണ് പദ്ധതിയിലുൾപ്പെടുത്തിയിട്ടുള്ളത്. ജിം കെട്ടിടത്തിന്റെ പ്ലാസ്റ്ററിങ്, സ്റ്റെപ് ഗ്യാലറി പ്ലാസ്റ്ററിങ്, ഗ്രൗണ്ട് ഡെവലപ്മെന്റ് പ്രവൃത്തി, എർത്ത് ഫില്ലിങ് എന്നിവ പൂർത്തീകരിച്ചു. ഡ്രെയിനേജ് നിർമ്മാണം, ചുറ്റുമതിൽ നിർമ്മാണം എന്നിവ 90% പൂർത്തീകരിച്ചിട്ടുണ്ട്. മഡ് ഫുട്ബോൾ ഗ്രൗണ്ട്, ബാക്കിയുള്ള എർത്ത് ഫില്ലിങ്, കെർബ്, ഇലക്ട്രിഫിക്കേഷൻ വർക്ക് എന്നീ പ്രവൃത്തികൾ പൂർത്തീകരിക്കാനുണ്ട്.

മേൽ പരാമർശിച്ച പ്രകാരം പൂർത്തീകരിച്ച പ്രവൃത്തികളുടെ CC 1st & പാർട്ട് ബില്ല് 25-10-2022-നും CC 2nd & പാർട്ട് ബില്ല് 15-11-2023-നും സ്പോർട്സ് കേരള ഫൗണ്ടേഷൻ ചീഫ് എഞ്ചിനീയർ അംഗീകരിച്ച് കായിക വകുപ്പ് മുഖേന എൽ.എസ്.ജി.ഡി.-യിൽ സമർപ്പിച്ചിരുന്നുവെങ്കിലും എൽ.എസ്.ജി.ഡി.-യിൽനിന്നും ബിൽ തുക ലഭിക്കാനുള്ള കാലതാമസം കാരണം 13-02-2024 മുതൽ കരാറുകാരൻ പ്രവൃത്തി നിർത്തിവച്ചിരിക്കുകയാണ്.

04-05-2024-ൽ എം.എൽ.എ.-യുമായി നടന്ന മീറ്റിങ്ങിൽ നിലവിലുള്ള എഗ്രിമെന്റ് ഷെഡ്യൂളിൽ പരാമർശിച്ചിരിക്കുന്ന നാച്വറൽ ടർഫ് മാറ്റി മഡ് കോർട്ട് ആക്കാനും അതിനുമുകളിൽ കൊറിയൻ ഗ്രാസ് വച്ചുപിടിപ്പിക്കാനും ഈ മാറ്റം വന്ന ഘടകങ്ങളുടെ സേവിങ്സ് ഉപയോഗിച്ച് ഒരു മിനി കൺവെൻഷൻ സെന്റർ നിർമ്മിക്കുന്നതിന് തീരുമാനിക്കുകയും ആയതിന്റെ റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി വരികയുമാണ്. ഈ കാലയളവിനിടയിൽ കരാറുകാരന് 04-11-2024-ലെ ജി.ഒ.(ആർ.റ്റി)നം. 8155/2024/ഫിൻ നമ്പർ ഉത്തരവ് പ്രകാരം CC 1st & പാർട്ട് ബില്ലിന്റെയും CC 2nd & പാർട്ട് ബില്ലിന്റെയും തുക നൽകിയിട്ടുണ്ട്. തുടർന്ന് പ്രവൃത്തി ആരംഭിക്കാമെന്ന് കരാറുകാരൻ അറിയിച്ചിട്ടുണ്ട്.

ഇടവ തോമസ് സെബാസ്റ്റ്യൻ ഇൻഡോർ സ്റ്റേഡിയം

317(1890) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യത്തിന് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വർക്കല മണ്ഡലത്തിലെ ഇടവ തോമസ് സെബാസ്റ്റ്യൻ ഇൻഡോർ

സ്റ്റേഡിയം നിർമ്മാണത്തിന്റെ പ്രവർത്തന പുരോഗതി വിശദമാക്കുമോ?

കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി നിർമ്മിക്കുന്ന തിരുവനന്തപുരം ജില്ലാ സ്റ്റേഡിയമായ ഇടവ തോമസ്സ് സെബാസ്റ്റ്യൻ സ്റ്റേഡിയത്തിന് 58.47 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിരുന്നു. തുടർന്ന് കിഫ്ബിയിൽനിന്നും 34.26 കോടി രൂപയുടെ സാമ്പത്തികാനുമതിയും ലഭിച്ചിരുന്നു.

M/s. കിറ്റ്കോയെയാണ് ടി പ്രവൃത്തിയുടെ സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി (എസ്.പി.വി.) ചുമതലപ്പെടുത്തിയിരുന്നത്. M/s. കിറ്റ്കോ മുഖേന ടി സ്റ്റേഡിയത്തിന്റെ നിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ചു കൊണ്ടിരുന്ന സമയത്ത് കിഫ്ബിയുടെ പരിശോധനയിൽ ഇൻഡോർ സ്റ്റേഡിയത്തിന്റെ ഫൗണ്ടേഷൻ ഡിസൈനിൽ ചില പോരായ്മകൾ കണ്ടെത്തിയതിനെ തുടർന്ന് പ്രവൃത്തി തടസ്സപ്പെടുകയും തുടർന്ന് പ്രവൃത്തി പുനരാരംഭിക്കുന്ന വിഷയത്തിൽ തീരുമാനമുണ്ടാകുന്നതിന് കാലതാമസമുണ്ടായതിനാൽ കരാറുകാരൻ പ്രവൃത്തി തുടരാൻ താല്പര്യമില്ലെന്നും കരാറിൽനിന്നും ഒഴിവാക്കണമെന്നും M/s. കിറ്റ്കോയോട് അഭ്യർഥിക്കുകയും ചെയ്തിരുന്നു. ഇത്തരത്തിൽ ടി പദ്ധതിയിൽ

പുരോഗതിയൊന്നും ഉണ്ടാകാത്ത സാഹചര്യത്തിൽ പ്രസ്തുത സ്റ്റേഡിയത്തിന്റെ ശേഷിക്കുന്ന പ്രവൃത്തികളുടെ എസ്.പി.വി. ആയി സ്പോർട്സ് കേരള ഫൗണ്ടേഷനെ 22-02-2024-ലെ സ.ഉ. (സാധാ).56/2024/S&YA ഉത്തരവ് പ്രകാരം ചുമതലപ്പെടുത്തിയിരുന്നു. ടി പ്രവൃത്തിയുമായി ബന്ധപ്പെട്ട രേഖകൾ മുൻ എസ്.പി.വി. ആയ കിറ്റ്കോ സ്പോർട്സ് കേരള ഫൗണ്ടേഷന് കൈമാറുന്നതിൽ കാലതാമസം നേരിട്ട സാഹചര്യത്തിൽ ടെൻഡർ ഡോക്യുമെന്റ്സ് ഉൾപ്പെടെ സ്പോർട്സ് കേരള ഫൗണ്ടേഷൻ ഏറ്റെടുക്കുകയും പ്രസ്തുത പ്രവൃത്തിയുടെ ദർഘാസിൽ ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത M/s. ജെ. ജെ. അസോസിയേറ്റ്സ് എന്ന കരാറുകാരന് വർക്ക് ഓർഡർ നൽകി 26,51,39,934/- രൂപയ്ക്ക് എഗ്രിമെന്റിൽ ഏർപ്പെടുകയും 15-01-2025-ൽ പ്രവൃത്തി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

ആറ്റിങ്ങൽ ശ്രീപാദം സ്റ്റേഡിയത്തിലെ വികസന പ്രവർത്തനങ്ങൾ

318(1891) <u>ശ്രീമതി ഒ. എസ്. അംബിക</u>: താഴെ കാണുന്ന ചോദ്യത്തിന് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആറ്റിങ്ങൽ ശ്രീപാദം സ്റ്റേഡിയത്തിൽ കിഫ്ബി ഫണ്ടുപയോഗിച്ച് നടപ്പാക്കിവരുന്ന വികസന പ്രവൃത്തിയുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

കിഫ്ബി പദ്ധതിയിലുൾപ്പെടുത്തിയ ആറ്റിങ്ങൽ ശ്രീപാദം സ്റ്റേഡിയം എന്ന പ്രവൃത്തിക്ക് 15-05-2017-ലെ സർക്കാർ ഉത്തരവ് (സാധാ)നം.95/2017/S&YA പ്രകാരം ഭരണാനുമതി നൽകിയിരുന്നു. പദ്ധതിയുടെ പ്രാരംഭ SPV കിറ്റ്കോ ആയിരുന്നു, എന്നാൽ കിറ്റ്കോ കൃത്യസമയത്ത് ഡി.പി.ആർ. സമർപ്പിക്കാത്തതിനാൽ എസ്.കെ.എഫ്.-നെ എസ്.പി.വി.-യായി നിയമിച്ചു. തുടർന്ന് ടി പ്രവൃത്തിയുടെ സാമ്പത്തികാനുമതി ലഭിക്കുന്നതിനായി 4.47 കോടി രൂപയ്ക്ക് സ്പോർട്സ് കേരള ഫൗണ്ടേഷൻ ഡി.പി.ആർ. തയ്യാറാക്കി കിഫ്ബിക്ക് സമർപ്പിച്ചപ്പോൾ, ഭരണാനുമതിയുടെ റീവാലിഡേഷൻ നടത്തേണ്ടതുണ്ടെന്നും അതിനുശേഷം മാത്രമെ സാമ്പത്തിക അനുമതി നൽകാൻ സാധിക്കുകയുള്ളുവെന്നും കിഫ്ബി അറിയിച്ചതിനെ തുടർന്ന് ഭരണാനുമതിയുടെ റീവാലിഡേഷനായി കായിക യുവജനകാര്യാലയത്തിൽ

നിന്നും സമർപ്പിച്ചിരുന്ന പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു.

നെയ്യാറ്റിൻകര കുളത്തൂർ ഗ്രാമപഞ്ചായത്തിലെ പൊഴിയൂരിൽ നിർമ്മിക്കുന്ന സ്റ്റേഡിയം

319(1892) ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര കുളത്തൂർ ഗ്രാമപഞ്ചായത്തിലെ പൊഴിയൂരിൽ നിർമ്മിക്കുന്ന സ്റ്റേഡിയത്തിന്റെ നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ?

നെയ്യാറ്റിൻകര കുളത്തൂർ ഗ്രാമപഞ്ചായത്തിലെ പൊഴിയൂരിൽ നിർമ്മിക്കുന്ന സ്റ്റേഡിയത്തിന്റെ നിർമ്മാണ പ്രവൃത്തി 30-10-2024-ൽ പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത സ്റ്റേഡിയം നിർമ്മിക്കുന്നതിന് എത്ര തുകയാണ് വിനിയോഗിച്ചതെന്ന് വ്യക്തമാക്കാമോ?

പ്രസ്തുത സ്റ്റേഡിയം നിർമ്മിക്കുന്നതിനായി രണ്ട് പാർട്ട് ബില്ലുകളിലായി 49,77,835/- രൂപ വിനിയോഗിച്ചിട്ടുണ്ട്. ടി പ്രവൃത്തിയുടെ ഫൈനൽ ബിൽ

പരിശോധിച്ചുവരുന്നു.

കിഫ്ബി ഫണ്ടുപയോഗിച്ചുള്ള സ്റ്റേഡിയം നിർമ്മാണം

320(1893) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരും നിലവിലെ സർക്കാരും അധികാരത്തിൽ വന്നശേഷം കിഫ്ബി ഫണ്ടുപയോഗിച്ച് എത്ര സ്റ്റേഡിയങ്ങൾ നിർമ്മിച്ചിട്ടുണ്ടെന്നും ആയതിന്റെ നിർമ്മാണത്തിനായി എസ്.പി.വി. ആയി ആരെയൊക്കെയാണ് നിയോഗിച്ചിട്ടുള്ളതെന്നും വ്യക്തമാക്കുമോ?

മുൻ സർക്കാരും നിലവിലെ സർക്കാരും അധികാരത്തിൽ വന്നശേഷം കിഫ്ബി ഫണ്ടുപയോഗിച്ച് 18 സ്റ്റേഡിയങ്ങൾ നിർമ്മിച്ചിട്ടുണ്ട്. ടി സ്റ്റേഡിയങ്ങളുടെ നിർമ്മാണം പൂർത്തിയാക്കിയത് മുൻ എസ്.പി.വി. ആയ കിറ്റ്കോ ആയിരുന്നു.

(ബി) സ്റ്റേഡിയം നിർമ്മാണം എവിടെയൊക്കെ പൂർത്തീകരിച്ചുവെന്നും ഈ വർഷം പൂർത്തീകരിക്കാൻ കഴിയുന്ന എത്ര സ്റ്റേഡിയങ്ങളുണ്ടെന്നും

വ്യക്തമാക്കുമോ?

പൂർത്തീകരിച്ച സ്റ്റേഡിയങ്ങളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു+. സ്പോർട്സ് കേരള ഫൗണ്ടേഷൻ മുഖാന്തരം പത്തനംതിട്ട ബ്ലസ്സൻ ജോർജ്ജ് ഇൻഡോർ സ്റ്റേഡിയം, പാലക്കാട് ഇൻഡോർ സ്റ്റേഡിയം, തിരുവനന്തപുരം തോമസ് സെബാസ്റ്റ്യൻ ഇൻഡോർ സ്റ്റേഡിയം ഇടവ, എറണാകുളം ഒളിമ്പ്യൻ ചന്ദ്രശേഖരൻ ഇൻഡോർ സ്റ്റേഡിയം എന്നീ നാല് പ്രോജക്ടുകൾ ആരംഭിച്ചിട്ടുണ്ട്. ഇതിൽ പത്തനംതിട്ട ജില്ലാ സ്റ്റേഡിയം ഈ സാമ്പത്തിക വർഷം പൂർത്തിയാകുന്നതാണ്.

കിറ്റ്കോ മുഖാന്തരം നിർമ്മിക്കുന്ന ഇടുക്കി കെ. പി. തോമസ് ഇൻഡോർ സ്റ്റേഡിയം, തൃക്കരിപ്പൂർ എം.ആർ.സി. കൃഷ്ണൻ ഇൻഡോർ സ്റ്റേഡിയം, ലാലൂർ ഐ. എം. വിജയൻ ഇൻഡോർ സ്റ്റേഡിയം എന്നിവ ഈ സാമ്പത്തിക വർഷം പൂർത്തിയാക്കാൻ സാധിക്കുമെന്നാണ് കിറ്റ്കോ കിഫ്ബിയെ അറിയിച്ചിട്ടുള്ളത്.

ധീരജവാൻ ജോമോൻ സ്മാരക സ്റ്റേഡിയം നിർമ്മാണം

321(1894) <u>ശ്രീമതി ദെലീമ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ന്യനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അത്തൂർ മണ്ഡലത്തിൽ പള്ളിപ്പുറം പഞ്ചായത്തിലെ ഐ.എച്ച്.ആർ.ഡി. കോളേജിൽ ധീരജവാൻ ജോമോൻ സ്മാരക സ്റ്റേഡിയം നിർമ്മാണം ഏതുഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

അത്തൂർ മണ്ഡലത്തിലെ പള്ളിപ്പുറം ഐ.എച്ച്.ആർ.ഡി. കോളേജിൽ സ്റ്റേഡിയം നിർമ്മിക്കുന്നതിലേക്കായി 16.83 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. പദ്ധതിയുടെ എസ്.പി.വി. ആയി ആദ്യം കിറ്റ്കോയെയാണ് നിയമിച്ചിരുന്നത്. കിറ്റ്കോ തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരം കിഫ്ബിയിൽ നിന്നും പദ്ധതിക്കായി 7.67 കോടി രൂപയുടെ സാമ്പത്തികാനുമതി ലഭിച്ചിരുന്നു. എന്നാൽ പദ്ധതി ദീർഘകാലം നടപ്പിലാകാതിരുന്ന സാഹചര്യത്തിൽ പദ്ധതി നിർവഹണം കായിക വകുപ്പിന് കീഴിലുള്ള പൊതുമേഖല സ്ഥാപനമായ സ്പോർട്സ് കേരള ഫൗണ്ടേഷനെ ഏൽപ്പിക്കുകയും ആദ്യഘട്ടത്തിൽ 18.45 കോടി രൂപയുടെ എസ്റ്റിമേറ്റ് സ്പോർട്സ് കേരള ഫൗണ്ടേഷൻ തയ്യാറാക്കിയിരുന്നെങ്കിലും

പദ്ധതി തുക നിജപ്പെടുത്തി സമർപ്പിക്കാൻ കിഫ്ബി നിർദേശിക്കുകയുണ്ടായി. തുടർന്ന് സ്പോർട്സ് കേരള ഫൗണ്ടേഷൻ 10.86 കോടി രൂപയുടെ പുതുക്കിയ ഡി.പി.ആർ. തയ്യാറാക്കി കിഫ്ബിയിൽ 12-02-2024-ന് സമർപ്പിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പ്രവൃത്തിക്ക് എത്ര തുക അനുവദിച്ചിട്ടുണ്ടെന്നും ഈ പ്രവൃത്തിയുടെ കാലതാമസത്തിന്റെ കാരണം എന്താണെന്നും വിശദമാക്കാമോ?

കിറ്റ്കോ എസ്.പി.വി. ആയിരുന്ന ഘട്ടത്തിൽ പദ്ധതിക്കുള്ള ഡി.പി.ആർ. തയ്യാറാക്കുന്നതിൽ കാലതാമസം നേരിട്ടിരുന്നു. സ്പോർട്സ് കേരള ഫൗണ്ടേഷൻ 12-02-2024-ൽ പദ്ധതിയുടെ 10.86 കോടി രൂപയുടെ ഡി.പി.ആർ. തയ്യാറാക്കി കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. പദ്ധതിയുടെ ഭരണാനുമതിയുടെ കാലാവധി കഴിഞ്ഞതിനാൽ ഭരണാനുമതി പുതുക്കുന്നതിനായി സമർപ്പിച്ചിരുന്ന പ്രൊപ്പോസൽ നിലവിൽ പരിശോധിച്ചുവരുന്നു.

പയ്യന്നൂർ മൾട്ടി പർപ്പസ് സ്റ്റേഡിയം

322(1895) <u>ശ്രീ. ടി. ഐ. മധുസൂദനൻ</u>: താഴെ കാണുന്ന

ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതിയിലുൾപ്പെട്ട പയ്യന്നൂർ മൾട്ടി പർപ്പസ് സ്റ്റേഡിയം നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ പുരോഗതി അറിയിക്കാമോ?

കിഫ്ബി പദ്ധതിയിലുൾപ്പെടുത്തിയ പയ്യന്നൂർ മൾട്ടി പർപ്പസ് സ്റ്റേഡിയം നിർമ്മാണത്തിന്റെ ബാക്കി പ്രവൃത്തികളുടെ എസ്.പി.വി. ആയി സ്പോർട്സ് കേരള ഫൗണ്ടേഷനെ 20-09-2024-ലെ സ.ഉ. (സാധാ)നം.234/2024/S&YA പ്രകാരം നിയമിച്ചിരുന്നു. പ്രവൃത്തിയുമായി ബന്ധപ്പെട്ട എല്ലാ ഡോക്യുമെന്റ്സും പുതിയ എസ്.പി.വി. ആയ എസ്.കെ.എഫ്.-ന് കൈമാറുന്നതിന് കിറ്റ്കോയ്ക്ക് സ്പോർട്സ് കേരള ഫൗണ്ടേഷനും കായിക യുവജനകാര്യ ഡയറക്ടറും നിർദ്ദേശം നൽകിയതിനെ തുടർന്ന് കിറ്റ്കോയിൽനിന്നും രേഖകൾ ലഭിച്ചു. എന്നാൽ കിറ്റ്കോയിൽനിന്നും ലഭിച്ച രേഖകൾ ഉപയോഗിച്ച് ശേഷിക്കുന്ന പ്രവൃത്തികളുടെ ഡി.പി.ആർ. തയ്യാറാക്കാൻ കഴിയാത്തതിനാൽ സ്പോർട്സ്

കേരള ഫൗണ്ടേഷൻ മുഖേന പുതിയ ഡി.പി.ആർ. തയ്യാറാക്കുന്നതിന് വേണ്ടിയുള്ള പ്രിലിമിനറി ഇൻവെസ്റ്റിഗേഷൻ പുരോഗമിച്ചുവരുന്നു.

(ബി) സാങ്കേതിക നടപടികൾ പൂർത്തിയാക്കി നിർമ്മാണ പ്രവൃത്തികൾ എപ്പോൾ തുടങ്ങാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദമാക്കാമോ?

പ്രിലിമിനറി ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് ലഭിച്ചശേഷം റിപ്പോർട്ട് പ്രകാരം സ്ട്രക്ചറൽ ഡിസൈനും ഡീറ്റെയിൽഡ് എസ്റ്റിമേറ്റും തയ്യാറാക്കി ഡി.പി.ആർ. രണ്ട് മാസത്തിനുള്ളിൽ സ്പോർട്സ് കേരള ഫൗണ്ടേഷൻ കിഫ്ബിയിൽ സമർപ്പിക്കുന്നതാണ്. ശേഷിക്കുന്ന പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കി കിഫ്ബിയിൽനിന്നും അംഗീകാരം ലഭിച്ചശേഷം മാത്രമെ പ്രവൃത്തി ടെൻഡർ ചെയ്ത് പുനരാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ സാധിക്കുകയുള്ളൂ. കിഫ്ബിയുടെ പ്രൊസീഡിയർ പ്രകാരം ടെൻഡർ നടപടികളിലേക്ക് പോകാൻ ആദ്യം ഡി.പി.ആർ. സമർപ്പിക്കുകയും ആയതിന് അംഗീകാരം വാങ്ങുകയും തുടർന്ന് പി.ഇ.ഡി. (പ്രോജക്ട് എക്സിക്യൂഷൻ ഡോക്യുമെന്റ്) തയ്യാറാക്കി കിഫ്ബിയിൽ സമർപ്പിച്ച് അംഗീകാരം വാങ്ങിയതിനുശേഷം മാത്രമെ പ്രവൃത്തിയുടെ ടെൻഡർ നടപടി

സ്വീകരിക്കാൻ കഴിയുകയുള്ളൂ.

കിറ്റ്കോയിൽ നിന്ന് എസ്.കെ.എഫ്. ഏറ്റെടുത്ത പ്രവൃത്തികൾ

323(1896) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി ധനസഹായത്തോടെയുള്ള പ്രവൃത്തികൾ നടക്കുന്ന സ്റ്റേഡിയങ്ങളുടെ എസ്.പി.വി. ആയിരുന്ന കിറ്റ്കോ കാലതാമസം വരുത്തിയതുമൂലം അവരിൽനിന്ന് ഏതെങ്കിലും പ്രവൃത്തികൾ എസ്.കെ.എഫ്. ഏറ്റെടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ അവയുടെ വിശദാംശം നൽകുമോ;

(ബി) ഇപ്രകാരം കിറ്റ്കോയിൽനിന്ന് എസ്.കെ.എഫ്. ഏറ്റെടുത്ത എത്ര പ്രവൃത്തികൾ ആരംഭിക്കാൻ കഴിഞ്ഞിട്ടുണ്ട്; നിലവിലെ സ്ഥിതി വിവരമറിയിക്കാമോ?

(എ & ബി) സ്പോർട്സ് കേരള ഫൗണ്ടേഷൻ കിറ്റ്കോയിൽനിന്നും ഏറ്റെടുത്ത കിഫ്ബി പ്രവൃത്തികളുടെ വിശദാംശവും അവയുടെ നിലവിലെ സ്ഥിതിയും അനുബന്ധമായി ചേർക്കുന്നു+.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) വിവിധ ഘട്ടങ്ങളിൽ നിർമ്മാണം നിലച്ചുപോയ എത്ര പ്രവൃത്തികളാണ് കിറ്റ്കോയിൽനിന്ന് എസ്.കെ.എഫ്. ഏറ്റെടുത്തിട്ടുള്ളത്; പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി ഉൾപ്പെടെയുള്ള വിശദവിവരങ്ങൾ അറിയിക്കാമോ?

വിവിധ ഘട്ടങ്ങളിലായി നിർമ്മാണം നിലച്ചുപോയ, കിറ്റ്കോയിൽ നിന്ന് എസ്.കെ.എഫ്. ഏറ്റെടുത്ത പ്രവൃത്തികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു+.

(ഡി) കിഫ്ബി പ്രവൃത്തികൾ കാലതാമസം കൂടാതെ പൂർത്തിയാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് അറിയിക്കുമോ?

കിറ്റ്കോ കാരണം കാലതാമസം നേരിടുന്ന കിഫ്ബി പ്രവൃത്തികളിൽ കൂടുതൽ കാലതാമസം ഉണ്ടാകുന്നത് തടയുന്നതിനായി വിവിധ സർക്കാർ ഉത്തരവുകൾ മുഖേന സ്പോർട്സ് കേരള ഫൗണ്ടേഷന് കൈമാറിയിട്ടുണ്ട്. വിവിധ പദ്ധതികളിൽ നേരിടുന്ന പ്രശ്നങ്ങൾ ചർച്ച ചെയ്ത് പരിഹരിക്കുന്നതിനും സ്റ്റേഡിയങ്ങൾ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വേഗത്തിലാക്കുന്നതിനുമായി KIIFB പ്രതിനിധികളുമായി തുടർച്ചയായ അവലോകന യോഗങ്ങൾ നടത്തിവരുന്നു.

കാട്ടാക്കട മണ്ഡലത്തിലെ സ്റ്റേഡിയങ്ങളുടെ നിർമ്മാണ പുരോഗതി

324(1897) ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട മണ്ഡലത്തിലെ വിളവൂർക്കൽ പഞ്ചായത്ത് സ്റ്റേഡിയത്തിന്റെ നിർമ്മാണ പുരോഗതി ഉൾപ്പെടെയുള്ള നിലവിലെ സ്ഥിതി വിശദമാക്കുമോ; പ്രസ്തുത സ്റ്റേഡിയം നിർമ്മാണം എന്നത്തേക്ക് പൂർത്തീകരിക്കാനാകുമെന്ന് വ്യക്തമാക്കാമോ?

കാട്ടാക്കട മണ്ഡലത്തിലെ വിളവൂർക്കൽ പഞ്ചായത്ത് സ്റ്റേഡിയത്തിന്റെ നിർമ്മാണ പ്രവൃത്തിക്ക് 19-12-2023-ൽ 150 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയതിനെ തുടർന്ന് 12-03-2024-ൽ സ്പോർട്സ് കേരള ഫൗണ്ടേഷൻ പ്രവൃത്തിക്ക് സാങ്കേതികാനുമതി നൽകുകയും തുടർന്ന് ഏറ്റവും കുറഞ്ഞ

നിരക്ക് ക്വാട്ട് ചെയ്ത ശ്രീ. രാഹുൽ രാജേന്ദ്രൻ, തിരുവനന്തപുരം എന്ന കരാറുകാരനുമായി 27-09-2024-ന് 1,14,18,295/- രൂപയ്ക്ക് എഗ്രിമെന്റിൽ ഏർപ്പെടുകയും ചെയ്തു. ടി പ്രവൃത്തി 20% പൂർത്തീകരിച്ചിട്ടുണ്ട്. നിലവിൽ ഡ്രെയിൻ വർക്ക് പൂർത്തിയായി. എർത്ത് ലെവലിങ് പ്രവൃത്തി നടന്നുവരുന്നു. ഫെൻസിങ് പ്രവൃത്തി ഉടൻ ആരംഭിക്കുന്നതാണ്. പ്രസ്തുത സ്റ്റേഡിയം നിർമ്മാണം 2025 ഏപ്രിൽ മാസം പൂർത്തിയാക്കുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

(ബി) ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതിയിലുൾപ്പെട്ട പ്രസ്തുത മണ്ഡലത്തിലെ മാറനല്ലൂർ പഞ്ചായത്തിലെ കുവളശ്ശേരി സ്റ്റേഡിയത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഏതുഘട്ടത്തിലാണെന്നും എന്നത്തേക്ക് പൂർത്തീകരിക്കാനാകുമെന്നും വിശദമാക്കുമോ?

ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതിയിലുൾപ്പെട്ട മാറനല്ലൂർ പഞ്ചായത്തിലെ കുവളശ്ശേരി സ്റ്റേഡിയത്തിന്റെ നിർമ്മാണ പ്രവൃത്തിക്ക് കായിക യുവജനകാര്യ ഡയറക്ടർ 16-03-2024-ന് 100 ലക്ഷം രൂപയുടെ ഭരണാനുമതി ലഭ്യമാക്കിയതിനെ തുടർന്ന് 30-04-2024-ൽ സ്പോർട്സ്

കേരള ഫൗണ്ടേഷൻ പ്രവൃത്തിക്ക് സാങ്കേതികാനുമതി നൽകുകയും തുടർന്ന് ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ശ്രീ. സുനിൽ എസ്., തിരുവനന്തപുരം എന്ന കരാറുകാരനുമായി 15-10-2024-ന് 75,39,135/- രൂപയ്ക്ക് എഗ്രിമെന്റിൽ ഏർപ്പെടുകയും ചെയ്തു. ടി പ്രവൃത്തി 20% പൂർത്തീകരിച്ചിട്ടുണ്ട്. നിലവിൽ ഗ്രൗണ്ട് വികസന പ്രവൃത്തി പൂർത്തിയായി. ഫെൻസിങ്, ടോയ്‌ലറ്റ് ബ്ലോക്ക് പ്രവൃത്തികൾ നടന്നുവരുന്നു. പ്രസ്തുത സ്റ്റേഡിയം നിർമ്മാണം 2025 ഏപ്രിൽ മാസം പൂർത്തിയാക്കുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

മുക്കം സ്റ്റേഡിയം നിർമ്മാണം

325(1898) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി ഫണ്ടിൽ നിന്നുള്ള ധനസഹായത്തോടെ മുക്കം നഗരസഭയിൽ നിർമ്മിക്കുന്ന മിനി സ്റ്റേഡിയത്തിന്റെ പ്രവൃത്തികൾ ഏതൊക്കെയാണെന്നും ഇതിൽ ഏതൊക്കെ പൂർത്തിയാക്കിയെന്നും വിശദമാക്കുമോ?

കിഫ്ബി ഫണ്ടിൽ നിന്നുള്ള ധനസഹായത്തോടെ മുക്കം നഗരസഭയിൽ നിർമ്മിക്കുന്ന തിരുവമ്പാടി മിനി സ്റ്റേഡിയത്തിന്റെ ഘടകങ്ങൾ നാച്ചുറൽ ഫുട്ബോൾ ടർഫ്, 6 ലൈൻ സിന്തറ്റിക് ട്രാക്ക്, ഗാലറി, ചേഞ്ച് റൂം കം ടോയ്ലറ്റ് ബ്ലോക്ക്, വോളിബോൾ കോർട്ട്, നിലവിലുള്ള ബിൽഡിങ്ങിന്റെ നവീകരണം എന്നിവയാണ്. ചേഞ്ച് റൂമിന്റെ സ്ട്രക്ചറൽ വർക്ക്, ബ്ലോക്ക് മേസൺറി വർക്ക് എന്നിവയും ഫുട്ബോൾ ടർഫിന് ചുറ്റുമുള്ള ഡ്രെയിനേജും പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) ഇവിടെ ട്രാക്ക് ഉൾപ്പെടെയുള്ള പ്രവൃത്തികൾ എപ്പോൾ പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

സിന്തറ്റിക് പ്രവൃത്തിയുടെ സാങ്കേതികാനുമതിയിൽ ഉൾപ്പെട്ടിരുന്നത് 200 മീറ്റർ ട്രാക്ക് മാത്രമാണ്. എന്നാൽ മേൽ പറഞ്ഞതിന്റെ അധികമായി 100 മീറ്റർ ട്രാക്ക് കൂടി ഉൾപ്പെടുത്താൻ മുക്കം എം.എൽ.എ. ചേർന്ന അവലോകന യോഗത്തിൽ നിർദേശിച്ചുവെങ്കിലും അവ ഉൾപ്പെടുത്തുന്നതിന്റെ സ്ഥലപരിമിതി എം.എൽ.എ.-യെ ബോധ്യപ്പെടുത്തുകയുണ്ടായി. 200 മീറ്റർ സിന്തറ്റിക് ട്രാക്ക് ഉദ്ദേശിച്ച

രീതിയിൽ ചെയ്യുന്നതിനായി സാങ്കേതികാനുമതിയിൽ നിർദ്ദേശിച്ച ടർഫ് സൈസ് 35 x 60-ൽ നിന്നും 35 x 50 സൈസിലേക്ക് മാറ്റേണ്ടതുണ്ടെന്നും കിറ്റ്കോ അറിയിച്ചു. പ്രസ്തുത മാറ്റങ്ങൾ പ്രതിപാദിച്ചുകൊണ്ട് അടുത്ത സാങ്കേതികാനുമതി കമ്മിറ്റിയിൽ റിപ്പോർട്ട് സമർപ്പിക്കാൻ സ്പോർട്സ് കേരള ഫൗണ്ടേഷൻ കിറ്റ്കോയ്ക്ക് കത്ത് നൽകിയെങ്കിലും ആയത് കിറ്റ്കോ സമർപ്പിച്ചിരുന്നില്ല. കിറ്റ്കോ എസ്.പി.വി.-യായ ടി നിർമ്മാണ പദ്ധതി വളരെ മന്ദഗതിയിലാണ് പുരോഗമിക്കുന്നത്. മൊത്തത്തിലുള്ള പദ്ധതി പൂർത്തീകരണം നിലവിൽ 25% മാത്രമാണ്. എന്നാൽ ടി കാലതാമസത്തിന്റെ കാരണം കിറ്റ്കോ ഇതുവരെ റിപ്പോർട്ട് ചെയ്തിട്ടില്ല.

കിഫ്ബി സി.ഇ.ഒ.-യുടെ സാന്നിധ്യത്തിൽ 05-02-2025-ന് ചേർന്ന കിഫ്ബി പ്രവൃത്തികളുടെ അവലോകന യോഗത്തിൽ പ്രസ്തുത പ്രവൃത്തിയുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് കിറ്റ്കോ 10 ദിവസത്തിനകം സമർപ്പിക്കേണ്ടതാണെന്നും ടി പ്രവൃത്തി സമയബന്ധിതമായി പൂർത്തിയാക്കുന്നതിനായി സ്പോർട്സ് കേരള ഫൗണ്ടേഷന്റെ മേൽനോട്ടത്തിൽ കിറ്റ്കോ പ്രവൃത്തി തുടരേണ്ടതാണെന്നും

തീരുമാനിച്ചിരുന്നു.

കോന്നി മണ്ഡലത്തിൽ കലഞ്ഞൂർ പഞ്ചായത്ത് സ്റ്റേഡിയം നിർമ്മാണം

326(1899) ശ്രീ. കെ. യു. ജനീഷ് കുമാർ: താഴെ കാണുന്ന ചോദ്യത്തിന് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോന്നി മണ്ഡലത്തിൽ കലഞ്ഞൂർ പഞ്ചായത്ത് സ്റ്റേഡിയം നിർമ്മാണ പ്രവൃത്തി എന്ന് ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ?

ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയുടെ ആദ്യഘട്ടത്തിൽ ഉൾപ്പെടുന്ന കോന്നി നിയോജകമണ്ഡലത്തിലെ കലഞ്ഞൂർ ഗ്രാമപഞ്ചായത്തിലെ കൂടൽ സ്റ്റേഡിയം നിർമ്മാണത്തിനായി 07-01-2025-ന് ഒരുകോടി രൂപയുടെ സംയുക്തഭരണാനുമതിയായതിനെ തുടർന്ന് പ്രസ്തുത പ്രവൃത്തിക്കായി സ്പോർട്സ് കേരള ഫൗണ്ടേഷൻ 16-01-2025-ന് സാങ്കേതികാനുമതി നൽകുകയും 20-01-2025-ന് ടെൻഡർ ക്ഷണിക്കുകയും ചെയ്തു. എന്നാൽ 28-01-2025 അവസാന ദിവസമായി നിശ്ചയിച്ചിരുന്ന ദർഘാസിൽ ഒരു ബിഡ് മാത്രം ലഭ്യമായതിനെ തുടർന്ന് പ്രവൃത്തിക്ക്

29-01-2025-ന് റീ ടെൻഡർ ക്ഷണിച്ചിട്ടുണ്ട്. 07-02-2025-നാണ് ദർഘാസ് സമർപ്പിക്കുന്നതിനുള്ള അവസാന തീയതിയായി നിശ്ചയിച്ചിരുന്നത്.

ഹജ്ജ് തീർത്ഥാടകരിൽ നിന്നുള്ള ഉയർന്ന യാത്രാനിരക്ക് കുറയ്ക്കുന്നതിന് നടപടി

327(1900) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹജ്ജ് തീർത്ഥാടനത്തിന് പോകുന്നവരിൽനിന്നും മറ്റ് വിമാനത്താവളങ്ങളെ അപേക്ഷിച്ച് കോഴിക്കോട് വിമാനത്താവളത്തിൽ ഉയർന്ന യാത്രാനിരക്ക് ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉണ്ട്. ഔദ്യോഗികമായ അറിയിപ്പുകൾ കിട്ടിയിട്ടില്ലെങ്കിലും, ലഭ്യമായ വിവരമനുസരിച്ച് കേരളത്തിൽ നിലവിലുള്ള മൂന്ന് ഹജ്ജ് എംബാർക്കേഷൻ പോയിന്റുകളിൽ ഹാജിമാരിൽനിന്നും ഈടാക്കുന്ന വിമാന ചാർജ് താഴെപ്പറയും പ്രകാരമാണ്.

ക്രമ നം.	എംബാർക്കേഷൻ പോയിന്റ്	തുക	വിമാനം

1	കാലിക്കറ്റ് (കോഴിക്കോട്)	1,25,000/-	എയർ ഇന്ത്യ എക്സ്പ്രസ്സ്
2	കണ്ണൂർ	87,000/-	എയർ ഇന്ത്യ എക്സ്പ്രസ്സ്
3	കൊച്ചി	86,000/-	സൗദി എയർലൈൻസ്

(ബി) ഉയർന്ന യാത്രാനിരക്ക് കുറയ്ക്കുന്നതിന് എന്തെങ്കിലും തരത്തിലുള്ള ഇടപെടലുകൾ നടത്തിയിട്ടുണ്ടോ; എങ്കിൽ അതിന്റെ പുരോഗതി അറിയിക്കുമോ; യാത്രാനിരക്ക് കുറയ്ക്കുന്നതിന് സാധ്യമായ എല്ലാ നടപടികളും സ്വീകരിക്കുമോ?

ഉണ്ട്. കാലിക്കറ്റ് എംബാർക്കേഷൻ പോയിന്റിൽനിന്നും ഉയർന്ന വിമാനക്കൂലി ഈടാക്കാനുള്ള എയർ ഇന്ത്യ എക്സ്പ്രസ്സിന്റെ നീക്കം തടയുവാൻ, ന്യായരഹിതമായ ഈ തീരുമാനത്തിനെതിരെ കേന്ദ്ര സർക്കാരുമായി ബന്ധപ്പെട്ട് പരിഹാരം കാണുന്നതിനായി കേന്ദ്ര വ്യോമയാന മന്ത്രിക്കും കേന്ദ്ര ന്യൂനപക്ഷ ക്ഷേമ മന്ത്രിക്കും 31-12-2024-ൽ ന്യൂനപക്ഷ ക്ഷേമ വകുപ്പുമന്ത്രി കത്ത് നൽകിയിട്ടുണ്ട്. കൂടാതെ, എയർ ഫെയർ കുറയ്ക്കണമെന്നാവശ്യപ്പെട്ട് എയർ ഇന്ത്യ ലിമിറ്റഡിന്റെ ചെയർമാന് വകുപ്പ് സെക്രട്ടറി 10-01-2025-നും കത്ത് നൽകിയിട്ടുണ്ട്. പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു+. യാത്രാനിരക്ക് കുറയ്ക്കുന്നതിന് സാധ്യമായ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

എല്ലാ നടപടികളും സ്വീകരിക്കുന്നതാണ്.

ഹജ്ജ് തീർത്ഥാടനം

328(1901) ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2025-ലെ ഹജ്ജ് തീർത്ഥാടനത്തിന് കേരളത്തിൽനിന്നും എത്ര പേരാണ് രജിസ്റ്റർ ചെയ്തിട്ടുള്ളതെന്നും ഇതിൽ എത്രപേർക്ക് ഹജ്ജ് തീർത്ഥാടനത്തിന് അവസരം ലഭിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

കേരള സംസ്ഥാന ഹജ്ജ് കമ്മിറ്റി മുഖേന നിലവിൽ 20636 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. അതിൽ ഇതുവരെ 15412 പേർക്ക് അവസരം ലഭിച്ചിട്ടുണ്ട്.

(ബി) 2025-ലെ ഹജ്ജ് തീർത്ഥാടകർക്കായി എന്തൊക്കെ സൗകര്യങ്ങളാണ് ഏർപ്പെടുത്തിയിരിക്കുന്നതെന്ന് അറിയിക്കുമോ?

കേരളത്തിലെ ഹജ്ജ് തീർത്ഥാടകർക്കായി ഹജ്ജ് കമ്മിറ്റി മൂന്ന് ഘട്ടങ്ങളിലായി ഹജ്ജ് സാങ്കേതിക പഠന ക്ലാസ്സ് സംഘടിപ്പിക്കുന്നുണ്ട്.

ഹാജിമാർക്ക് ആവശ്യമായ വിവിധ സേവനങ്ങൾ നൽകുന്നതിനായി ഓരോ മണ്ഡലങ്ങളിലും ഹജ്ജ് ടെയിനർമാരെ നിയമിച്ചിട്ടുണ്ട്. സൗദി അധികൃതരുമായി ബന്ധപ്പെട്ട് സൗദി അറേബ്യയിലെ സൗകര്യങ്ങൾ ഒരുക്കുന്നത് ഹജ്ജ് കമ്മിറ്റി ഓഫ് ഇന്ത്യയാണ്. കേരളത്തിലെ മൂന്ന് എംബാർക്കേഷനുകളിലും വച്ചുനടത്തുന്ന ഹജ്ജ് ക്യാമ്പിൽ ഹജ്ജ് തീർത്ഥാടകർ വിമാനത്തിൽ കയറുന്നത് വരെയുള്ള എല്ലാ സൗകര്യങ്ങളും ചെയ്തുനൽകുന്നുണ്ട്.

(സി) ഹജ്ജ് തീർത്ഥാടകർക്ക് യാത്രാസൗകര്യം ഏതൊക്കെ വിമാനത്താവളങ്ങളിലൂടെയാണ് ഏർപ്പാടാക്കിയിട്ടുള്ളതെന്നും അവിടെ ലഭിക്കുന്ന സൗകര്യങ്ങൾ എന്തൊക്കെയാണെന്നും വിശദമാക്കാമോ?

കേരളത്തിൽനിന്നും കാലിക്കറ്റ് എയർപോർട്ട്, കൊച്ചി എയർപോർട്ട് (CIAL), കണ്ണൂർ എയർപോർട്ട് (KIAL) എന്നീ എയർപോർട്ടുകളിൽ നിന്നുമാണ് യാത്രാ സൗകര്യമുള്ളത്. മൂന്ന് എംബാർക്കേഷൻ പോയിന്റുകളിലും ഹജ്ജ് തീർത്ഥാടകർക്ക് ഹജ്ജ് ക്യാമ്പുകൾ ഒരുക്കിക്കൊണ്ട് എല്ലാവിധ സൗകര്യങ്ങളും തീർത്ഥാടകർക്ക് നൽകാറുണ്ട്.

ഹജ്ജ് തീർത്ഥാടകരുടെ എണ്ണം

329(1902) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം ഒരോ വർഷവും സംസ്ഥാനത്തുനിന്നും ഹജ്ജ് കമ്മിറ്റി മുഖേന ഹജ്ജ് നിർവഹിച്ച തീർത്ഥാടകരുടെ എണ്ണം എത്രയാണെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ?

സർക്കാർ അധികാരത്തിൽ വന്ന 2021-ൽ കോവിഡ് മഹാമാരി കാരണം ഹജ്ജ് നടന്നില്ല. 2022, 2023, 2024 വർഷങ്ങളിൽ ഹജ്ജ് കമ്മിറ്റി മുഖേന ഹജ്ജ് നിർവഹിച്ച തീർത്ഥാടകരുടെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

ക്രമ നം.	ജില്ല	2022	2023	2024
1	ആലപ്പുഴ	72	173	308
2	എറണാകുളം	534	749	1475
3	ഇടുക്കി	36	79	152
4	കണ്ണൂർ	644	1228	1992
5	കാസർഗോഡ്	264	576	1078
6	കൊല്ലം	175	288	443

7	കോട്ടയം	60	157	235
8	കോഴിക്കോട്	1192	2600	3302
9	മലപ്പുറം	1905	3835	6220
10	പാലക്കാട്	300	653	1085
11	പത്തനംതിട്ട	24	33	80
12	തിരുവനന്തപുരം	163	282	490
13	തൃശ്ശൂർ	275	408	815
14	വയനാട്	122	191	291
15	മറ്റ് സംസ്ഥാനങ്ങൾ	51	304	234
	ആകെ	5817	11556	18200

(ബി) 2021 മുതൽ ഓരോ വർഷവും ഹജ്ജ് തീർത്ഥാടകർക്കായി സാങ്കേതിക പഠന ക്ലാസ്സുകൾ സംഘടിപ്പിക്കുന്നതിന് ഹജ്ജ് കമ്മിറ്റി ഓഫ് ഇന്ത്യയിൽനിന്നും സംസ്ഥാന ഹജ്ജ് കമ്മിറ്റിക്ക് ലഭ്യമായിട്ടുള്ള തുകയും ചെലവഴിച്ചിട്ടുള്ള തുകയും എത്രയെന്ന് ഇനം തിരിച്ച് വ്യക്തമാക്കാമോ?

വർഷം	വരവ്	ചെലവ്
2021	--	--
2022	--	12650/-
2023	576600/-	8272/-
2024	1686600/-	244446/-

(സി) 2023, 2024 വർഷങ്ങളിൽ പ്രസ്തുത പഠന ക്ലാസ്സുകൾ സംഘടിപ്പിക്കുന്നതിന് ചെലവഴിച്ച തുകയുടെ ജില്ല തിരിച്ചുള്ള കണക്കുകൾ

ലഭ്യമാക്കാമോ?

വർഷം	ജില്ല	ചെലവഴിച്ച തുക
2023	മലപ്പുറം	51400/-
	കോഴിക്കോട്	31321/-
2024	മലപ്പുറം	183696/-
	കോഴിക്കോട്	60750/-

മറ്റ് ജില്ലകളിൽ പഠന ക്ലാസുകൾ സംഘടിപ്പിച്ചതിന് ഹജ്ജ് കമ്മിറ്റി തുകയൊന്നും ചെലവഴിച്ചിട്ടില്ല.

സംസ്ഥാന ഹജ്ജ് കമ്മിറ്റിയുടെ ധനാഗമന മാർഗങ്ങൾ

330(1903) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഹജ്ജ് കമ്മിറ്റിയുടെ വിവിധ ചെലവുകൾ നിർവഹിക്കുന്നതിനുള്ള ധനാഗമ മാർഗങ്ങൾ ഏതെല്ലാമാണെന്ന് വിശദമാക്കുമോ?

സംസ്ഥാന സർക്കാരിന്റെ വർഷാവർഷമുള്ള ബജറ്റ്

വിഹിതത്തിനുപുറമെ, സംസ്ഥാന ഹജ്ജ് കമ്മിറ്റിക്ക് പ്രധാനമായും ഓരോ വർഷവും കേന്ദ്ര ഹജ്ജ് കമ്മിറ്റി നൽകുന്ന ഫണ്ടാണ് പ്രധാന വരുമാന മാർഗം. ഹജ്ജ് ഹൗസ് കെട്ടിടം വിവിധ പരിപാടികൾക്ക് വിട്ടുനൽകുന്ന വാടകയിനത്തിലും ഫണ്ട് ലഭ്യമാകാറുണ്ട്.

(ബി) 2024-ൽ ഹജ്ജ് കമ്മിറ്റിക്ക് ഗ്രാന്റ് ഇൻ എയ്ഡായും മറ്റ് വിധത്തിലും സംസ്ഥാന സർക്കാരിൽനിന്നും തുക ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ഉണ്ട്. 2024-25 വർഷത്തിൽ ഡെപ്യൂട്ടേഷൻ ജീവനക്കാരുടെ ശമ്പള ഇനത്തിൽ 1731400/-രൂപയും ശമ്പളേതര ഇനത്തിൽ 2872000/- രൂപയും കണ്ണൂർ ഹജ്ജ് ക്യാമ്പ് അനുബന്ധ മരാമത്ത് ജോലികൾക്ക് 484952/- രൂപയും ലഭ്യമായിട്ടുണ്ട്.

(സി) ഹജ്ജിന് പണമടയ്ക്കുന്ന ഒരോ ഹാജിയിൽനിന്നും സംസ്ഥാന ഹജ്ജ് കമ്മിറ്റിക്ക് എത്ര രൂപ വീതമാണ് ലഭിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഹജ്ജുമായി ബന്ധപ്പെട്ട മുഴുവൻ പണമിടപാടുകളും കേന്ദ്ര ഹജ്ജ് കമ്മിറ്റി നേരിട്ടാണ് നിയന്ത്രിക്കുന്നത്. പ്രോസസിങ്, ഹാന്റിലിങ്,

സപ്പോർട്ടിങ് അറേഞ്ച്മെന്റ് ഇനങ്ങളിലായി കേന്ദ്ര ഹജ്ജ് കമ്മിറ്റി കേരളത്തിൽ നിന്നുള്ള ഓരോ ഹാജിമാർക്കും 700/-രൂപ വീതം സംസ്ഥാന ഹജ്ജ് കമ്മിറ്റിക്ക് അനുവദിച്ചിട്ടുണ്ട്.

(ഡി) 2024-ലെ ഹജ്ജ് ട്രെയിനിങ്ങിനുവേണ്ടി ഹാജിമാരിൽനിന്ന് പണം വാങ്ങിയിട്ടുണ്ടോ; എങ്കിൽ ഒരോ ഹാജിയിൽനിന്നും എത്ര രൂപ വീതം വാങ്ങിയെന്നും ആകെ എത്ര രൂപ ലഭിച്ചുവെന്നും വ്യക്തമാക്കുമോ?

വാങ്ങിയിട്ടില്ല.

(ഇ) 2024-ൽ ട്രെയിനിങ് ആവശ്യത്തിന് എത്ര രൂപയാണ് ചെലവ് വന്നിട്ടുള്ളതെന്ന് അറിയിക്കുമോ?

244446/-രൂപയാണ് ചെലവ് വന്നിട്ടുള്ളത്.

(എഫ്) ഹജ്ജ് കമ്മിറ്റി ജീവനക്കാർക്ക് വിമാന യാത്ര ചെയ്യുന്നതിന് അനുമതി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം ജീവനക്കാർക്കാണ് അനുമതിയുള്ളതെന്നും 2024-ൽ ഏതെല്ലാം ജീവനക്കാർ വിമാനയാത്ര നടത്തിയെന്നുമുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഹജ്ജ് കമ്മിറ്റി ജീവനക്കാർക്ക് വിമാനയാത്ര ചെയ്യുന്നതിന്

അനുമതിയൊന്നും നൽകിയിട്ടില്ല. 2024-ൽ ഹജ്ജ് കമ്മിറ്റി എക്സിക്യൂട്ടീവ് ഓഫീസർ കൂടിയായ മലപ്പുറം ജില്ലാ കളക്ടർ ഡൽഹിയിൽ ഹജ്ജുമായി ബന്ധപ്പെട്ട യോഗത്തിൽ സംബന്ധിക്കാൻ വിമാനയാത്ര നടത്തിയിട്ടുണ്ട്.

(ജി) ഹജ്ജ് സേവന രംഗത്ത് പ്രവർത്തിക്കുന്ന സാമൂഹ്യ സംഘടനകളെ വിലക്കുന്ന രീതിയിൽ സർക്കാരോ ഹജ്ജ് കമ്മിറ്റിയോ തീരുമാനമെടുത്തിട്ടുണ്ടോ; എങ്കിൽ അത് എല്ലാ സംഘടനകൾക്കും ബാധകമാണോയെന്ന് വ്യക്തമാക്കുമോ?

ഇല്ല.

അമൃത, രാജ്യറാണി എക്സ്പ്രസ്സുകളിൽ അധിക കോച്ചുകൾ

331(1904) <u>ശ്രീ. പി. ഉബൈദുള്ള</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അമൃത, രാജ്യറാണി എക്സ്പ്രസ്സുകളിൽ സ്ലീപ്പർ കോച്ചുകളുടെ എണ്ണം കുറയ്ക്കാനുള്ള റെയിൽവെയുടെ തീരുമാനം പുനഃപരിശോധിക്കാൻ സർക്കാർ തലത്തിൽ ഇടപെടുമോ; വിശദമാക്കുമോ;

(ബി) മലബാറിലെ യാത്രാക്ലേശം പരിഹരിക്കുന്നതിനായി രാജ്യറാണി എക്സ്പ്രസ്സിൽ അധിക സ്ലീപ്പർ കോച്ചുകൾ അനുവദിക്കുന്നതിനായുള്ള നടപടി സ്വീകരിക്കുമോ?

(എ & ബി) റെയിൽവെ സംസ്ഥാനത്തോട് കാണിക്കുന്ന അവഗണന സംബന്ധിച്ച് കേന്ദ്ര റെയിൽവെ മന്ത്രിയുമായി നിരന്തരം കത്തിടപാട് നടത്തുകയും കൂടിക്കാഴ്ച നടത്തുകയും ചെയ്തിട്ടുണ്ട്. 16-10-2024-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി കേന്ദ്ര റെയിൽവെ മന്ത്രിയെ സന്ദർശിച്ച് കേരളത്തിലെ റെയിൽവെ വികസനവുമായി ബന്ധപ്പെട്ട വിവിധ ആവശ്യങ്ങൾ ഉന്നയിച്ചിരുന്നു. 2024 ജൂലൈ 3-ന് ദക്ഷിണ റെയിൽവെ അധികൃതരുമായി നടത്തിയ ചർച്ചയിൽ പാസഞ്ചർ ട്രെയിനുകളുടെ എണ്ണം വെട്ടിക്കുറച്ചതും മറ്റുട്രെയിനിലെ സ്ലീപ്പർ കോച്ചുകൾ വെട്ടിച്ചുരുക്കിയ വിഷയവും ചർച്ച ചെയ്യുകയുണ്ടായി. ട്രെയിൻ ഗതാഗതവുമായി ബന്ധപ്പെട്ട് കേരളം ഉന്നയിച്ച വിഷയങ്ങൾ പരിഹരിക്കാൻ അടിയന്തര നടപടികൾ സ്വീകരിക്കുമെന്ന് റെയിൽവെ അധികൃതർ ഉറപ്പുനൽകുകയും ചെയ്തു.

അമൃത, രാജ്യറാണി എക്സ്പ്രസ്സുകളിൽ സ്ലീപ്പർ കോച്ചുകളുടെ എണ്ണം

കുറയ്ക്കുന്ന വിഷയം ചൂണ്ടിക്കാണിച്ചുകൊണ്ട് ലഭിച്ച നിവേദനങ്ങൾ യഥാസമയം ഡിവിഷണൽ റെയിൽവെ മാനേജർമാരുടെ ശ്രദ്ധയിൽപ്പെടുത്തി തുടർ നടപടികൾ സ്വീകരിച്ചുവരികയാണ്.

കെ-റെയിൽ പ്രോജക്ട്

332(1905) ശ്രീ കടകംപള്ളി സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ-റെയിൽ പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ; ഈ പദ്ധതി നടപ്പിലാക്കുന്നതിന് നിലവിലുള്ള തടസ്സങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

സിൽവർ ലൈൻ പദ്ധതിക്ക് നിക്ഷേപപൂർവ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്നതിന് തത്വത്തിലുള്ള അംഗീകാരം കേന്ദ്ര റെയിൽ മന്ത്രാലയത്തിൽ നിന്നും ലഭിച്ചിരുന്നു. തുടർന്ന് സിൽവർലൈൻ പദ്ധതിയുടെ വിശദ പദ്ധതി റിപ്പോർട്ട് കെ.ആർ.ഡി.സി.എൽ. പൂർത്തീകരിക്കുകയും 17-06-2020-ന് റെയിൽവെ മന്ത്രാലയത്തിന് സമർപ്പിക്കുകയും ചെയ്തു.

ഡി.പി.ആർ. അവലോകനത്തിന്റെ ഭാഗമായി റെയിൽവെ മന്ത്രാലയം ആവശ്യപ്പെട്ട അധിക വിവരങ്ങൾക്ക് സ്പഷ്ടീകരണം നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ സിൽവർലൈൻ പദ്ധതിയുടെ കേന്ദ്രാനുമതിയുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി തലത്തിലുൾപ്പെടെ റെയിൽവെയുമായി ഉന്നതതല യോഗങ്ങളും കത്തിടപാടുകളും നടത്തിവരുന്നുണ്ട്. റെയിൽവെയിൽനിന്നും അന്തിമാനുമതി ലഭിക്കുന്നമുറയ്ക്ക് പദ്ധതിയുടെ തുടർ നടപടിക്രമങ്ങളുമായി മുന്നോട്ടുപോകുന്നതാണ്.

(ബി) പ്രസ്തുത പദ്ധതി സമയബന്ധിതമായി നടപ്പിലാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

പദ്ധതിക്ക് അംഗീകാരം ലഭിക്കുന്നതിനായി സംസ്ഥാന സർക്കാരും റെയിൽവെ മന്ത്രാലയവും തമ്മിൽ നിരവധി കത്തിടപാടുകളും ചർച്ചകളും നടത്തിവന്നിരുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി 24-03-2022, 27-12-2022 & 25-03-2023 തീയതികളിൽ ബഹുമാനപ്പെട്ട പ്രധാനമന്ത്രിയെ കാണുകയും സിൽവർലൈനിനെക്കുറിച്ച് ഒരു മെമ്മോറാണ്ടം സമർപ്പിക്കുകയും ചെയ്തു. 2024 ജൂണിൽ സംസ്ഥാന ധനമന്ത്രിമാരുമായി ബഹുമാനപ്പെട്ട കേന്ദ്ര

ധനമന്ത്രി നടത്തിയ പ്രീ-യൂണിയൻ ബജറ്റ് യോഗത്തിൽ, പദ്ധതിയുടെ ആവശ്യകതയെക്കുറിച്ചും പദ്ധതിക്ക് ആവശ്യമായ അനുമതി എത്രയുംവേഗം നൽകണമെന്നും കേരള ധനകാര്യ വകുപ്പുമന്ത്രി അഭ്യർഥിച്ചിരുന്നു. 22-06-2024-ന് ഇതുമായി ബന്ധപ്പെട്ട് ഒരു കത്തും അയച്ചിട്ടുണ്ട്. തുടർന്ന് സിൽവർലൈൻ പദ്ധതി ഉൾപ്പെടെ കേരളത്തിലെ റെയിൽവെ വികസനവുമായി ബന്ധപ്പെട്ട വിവിധ കാര്യങ്ങളെക്കുറിച്ച് 16-10-2024-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും സംസ്ഥാനത്തെ റെയിൽവെയുടെ ചുമതലയുള്ള മന്ത്രിയും കേന്ദ്ര റെയിൽവെ മന്ത്രിയുമായി വിശദമായ ചർച്ച നടത്തുകയും ഇതുമായി ബന്ധപ്പെട്ട വിഷയങ്ങൾ അവലോകനം ചെയ്യുകയും ചെയ്തു.

(സി) ഈ പദ്ധതിയുടെ നിർവഹണ ഏജൻസി ഏതെന്നും അനുമതി ലഭിക്കുന്ന മുറയ്ക്ക് എത്ര കാലയളവിനുള്ളിൽ ഈ പദ്ധതി നടപ്പിലാക്കാൻ സാധിക്കുമെന്നും വിശദമാക്കാമോ?

കേന്ദ്ര സർക്കാരിന്റെയും സംസ്ഥാന സർക്കാരിന്റെയും സംയുക്ത സംരംഭമായ കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡാണ് സിൽവർ ലൈൻ പദ്ധതിയുടെ നിർവഹണ ഏജൻസി. ഡി.പി.ആർ. പ്രകാരം

പദ്ധതിക്കുവേണ്ട എല്ലാ അനുമതിയും ലഭ്യമായി കഴിഞ്ഞ് 5 വർഷംകൊണ്ട് പദ്ധതി പൂർത്തീകരിക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

അങ്കമാലി-എരുമേലി ശബരി റെയിൽവേ പദ്ധതി

333(1906) ശ്രീ. കെ. പി. എ. മജീദ്:
ശ്രീ. പി. അബ്ദുൽ ഹമീദ്:
ശ്രീ. യു. എ. ലത്തീഫ്:
ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലി-എരുമേലി ശബരി റെയിൽവെ പദ്ധതി നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

അങ്കമാലി-ശബരി റെയിൽവെ ലൈനിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട പദ്ധതി ചെലവിന്റെ (2815 കോടി) 50 ശതമാനം കേരള സർക്കാർ കിഫ്ബി വഴി വഹിക്കുന്നതാണെന്ന് 07-01-2021-ലെ G.O(Ms). No. 1/2021/Trans പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പുതുക്കിയ എസ്റ്റിമേറ്റ് തുകയനുസരിച്ച് (3900 കോടി) പദ്ധതിയുടെ 50% ചെലവ് പങ്കിടുന്നതിന് സംസ്ഥാന സർക്കാരിൽനിന്നും റെയിൽവെ സ്ഥിരീകരണം

ആവശ്യപ്പെടുകയുണ്ടായി. ആയത് സർക്കാർ പരിഗണിക്കുകയും അങ്കമാലി - ശബരി റെയിൽവെ പദ്ധതിയുടെ 50% ചെലവ് വഹിക്കാനുള്ള സംസ്ഥാന സർക്കാരിന്റെ സന്നദ്ധത റെയിൽവേയെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. നിലവിൽ പദ്ധതി മരവിപ്പിച്ചതിനാൽ മറ്റു പുരോഗതി ഒന്നുംതന്നെ ഉണ്ടായിട്ടില്ല. പദ്ധതി പുനരുജ്ജീവിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് റെയിൽവെയുടെ ഭാഗത്തുനിന്നും തുടർനടപടികൾ ഉണ്ടാകേണ്ടതുണ്ട്. അങ്കമാലി-എരുമേലി-ശബരി പദ്ധതി പുനരാരംഭിക്കുന്നതിന് റെയിൽവെയോട് സംസ്ഥാന സർക്കാർ അഭ്യർഥിച്ചുവരികയാണ്.

(ബി) പ്രസ്തുത റെയിൽപാത നിർമ്മാണവുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാരിൽനിന്നും എന്തെങ്കിലും അറിയിപ്പ് ലഭിച്ചിട്ടുണ്ടോ; സംസ്ഥാനം നിർദേശിച്ച വ്യവസ്ഥ ഒഴിവാക്കണമെന്ന് കേന്ദ്രം ആവശ്യപ്പെട്ടിട്ടുണ്ടോ?

പുതുക്കിയ എസ്റ്റിമേറ്റ് തുകയനുസരിച്ച് പദ്ധതിയുടെ 50% ചെലവ് പങ്കിടുന്നതിന് സംസ്ഥാന സർക്കാരിൽനിന്നും റെയിൽവെ സ്ഥിരീകരണം ആവശ്യപ്പെടുകയുണ്ടായി. തുടർന്ന്, പദ്ധതിയുടെ 50% ചെലവ് വഹിക്കാനുള്ള സംസ്ഥാന സർക്കാരിന്റെ സന്നദ്ധത റെയിൽവേയെ അറിയിക്കുകയും

ചെയ്തിട്ടുണ്ട്. സംസ്ഥാന സർക്കാർ വഹിക്കുന്ന ചെലവ് സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധിയിൽനിന്നും ഒഴിവാക്കിത്തരണമെന്നും അറിയിച്ചിരുന്നു. എന്നാൽ നിർമ്മാണച്ചെലവിന്റെ 50% പങ്കിടുന്നതിന് സംസ്ഥാനം മുന്നോട്ടുവച്ച വ്യവസ്ഥയ്ക്കുപകരം ത്രികക്ഷി കരാറിലേർപ്പെടുന്നതിന് റെയിൽവെ നിഷ്കർഷിക്കുകയുണ്ടായി.

(സി) പ്രസ്തുത പദ്ധതിക്ക് ആവശ്യമായ തുക എപ്രകാരം കണ്ടെത്താമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കുമോ?

പ്രസ്തുത പദ്ധതി റെയിൽവെയും സംസ്ഥാന സർക്കാരും 50:50 എന്ന ചെലവ് പങ്കിടൽ വ്യവസ്ഥയിൽ നിർമ്മിക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാർ 50 ശതമാനം ചെലവ് വഹിക്കുന്നതിന് തീരുമാനിച്ചിരുന്നു. 2025-26 ബജറ്റ് പ്രകാരം ഈ പദ്ധതി സർക്കാരിന്റെ MIDP വിഭാഗത്തിൽ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

(ഡി) പ്രസ്തുത പാത നിർമ്മാണം ഭാവിയിൽ റെയിൽവെയുടെ വികസനത്തിന് എത്രമാത്രം സഹായകമാകുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

അങ്കമാലിയും പ്രസിദ്ധമായ ശബരിമല ക്ഷേത്രത്തിന്റെ പ്രവേശന കവാടമായ എരുമേലിയേയും ബന്ധിപ്പിക്കുന്ന പ്രസ്തുത പദ്ധതി ശബരിമല തീർഥാടകർക്ക് ഏറെ സൗകര്യമാകുന്നതോടൊപ്പം ഹൈറേഞ്ച് ജില്ലയായ ഇടുക്കിയെയും കേരളത്തിന്റെ പ്രാന്തപ്രദേശങ്ങളെയും ബന്ധിപ്പിക്കുകയും ചെയ്യും. എറണാകുളം, കോട്ടയം, ഇടുക്കി ജില്ലകളെ ബന്ധിപ്പിക്കുന്ന പദ്ധതി ഈ മേഖലയിലെ സാമ്പത്തിക വികസനത്തിന് വേഗം കൂട്ടും. ശബരി റെയിൽവെ പദ്ധതി കേരളത്തിന്റെ റെയിൽവെ വികസന പാതയിൽ ഒരു വഴിത്തിരിവാകും. നീണ്ട കാലതാമസവും ചെലവിൽ ഭീമമായ വർധനവും സംഭവിച്ചിട്ടുണ്ടെങ്കിലും പദ്ധതി പുനരാരംഭിക്കാനുള്ള ശ്രമങ്ങൾ നടന്നുവരികയാണ്. ട്രെയിൻ രഹിത ഇടുക്കി ജില്ലയ്ക്ക് ഒരു റെയിൽവേ ലൈൻ ലഭിക്കുന്നു. ഇത് ഇടുക്കിയിലെ ടൂറിസ്റ്റ് കേന്ദ്രങ്ങളെ ഉത്തേജിപ്പിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത് യാത്രാച്ചെലവും യാത്രാ സമയവും റോഡപകടങ്ങളും വലിയൊരളവുവരെ കുറയ്ക്കുകയെന്ന ലക്ഷ്യത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത്. ശബരിമലയ്ക്ക് സമീപം അങ്കമാലി മുതൽ എരുമേലി വരെ 110 കിലോമീറ്റർ ദൈർഘ്യമുള്ള

റെയിൽപ്പാത പൂർത്തിയാകുന്നതോടെ പാലാ, തൊടുപുഴ, മൂവാറ്റുപുഴ, കോതമംഗലം, പെരുമ്പാവൂർ, അങ്കമാലി എന്നീ അഞ്ച് മുനിസിപ്പാലിറ്റികൾക്കും കേരളത്തിലെ 11 ചെറുപട്ടണങ്ങൾക്കും പുതിയ റെയിൽവേ സ്റ്റേഷനുകൾ ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

മൃഗസംരക്ഷണ മേഖലയിലെ വാതിൽപ്പടി സേവനങ്ങൾ

334(1907) ശ്രീ. പി. എസ്. സുപാൽ:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീ. മുഹമ്മദ് മുഹസിൻ:
ശ്രീ. സി. സി. മുകുന്ദൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൃഗസംരക്ഷണ മേഖലയിലുള്ള കർഷകരുടെ വളർത്തുമൃഗങ്ങൾക്ക് മൃഗാശുപത്രികളിൽനിന്ന് ഉണനിലവാരമുള്ള ചികിത്സാ സേവനങ്ങൾ 24 മണിക്കൂറും ലഭ്യമാക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മൃഗങ്ങളെ ആശുപത്രികളിൽ കൊണ്ടുവരുന്നതിന് കർഷകർ നേരിടുന്ന ബുദ്ധിമുട്ട് പരിഹരിക്കുന്നതിനായും മൃഗാശുപത്രികളുടെ പ്രവർത്തന സമയശേഷം, മൃഗസംരക്ഷണ മേഖലയിലെ കർഷകർക്ക്

ആവശ്യമായ അടിയന്തര മൃഗചികിത്സാ സേവനങ്ങൾ കർഷകരുടെ വീട്ടുപടിക്കൽ നൽകാനുമായി രാത്രികാല അടിയന്തര വെറ്ററിനറി സേവനം പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. രാത്രികാല അടിയന്തര വെറ്ററിനറി സേവനം പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ 152 ബ്ലോക്കുകളിലും തിരുവനന്തപുരം, കൊല്ലം, കൊച്ചി കോർപ്പറേഷനുകളിലും നെയ്യാറ്റിൻകര മുനിസിപ്പാലിറ്റിയിലുമുൾപ്പെടെ സംസ്ഥാനത്ത് 156 സെന്ററുകളിൽ നടപ്പിലാക്കുന്നു. മൊബൈൽ വെറ്ററിനറി സേവനങ്ങൾകൂടി ഉൾപ്പെടുത്തി വാതിൽപ്പടി സേവനം കൂടുതൽ വിപുലപ്പെടുത്തിവരുന്നു.

(ബി) പ്രസ്തുത കർഷകർക്ക് സേവനങ്ങൾ വീട്ടുപടിക്കൽ എത്തിക്കുന്നതിന് വേണ്ടി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ?

കർഷകർക്ക് സേവനങ്ങൾ വീട്ടുപടിക്കൽ എത്തിക്കുന്നതിനുവേണ്ടി മൃഗസംരക്ഷണ വകുപ്പിന് കീഴിൽ രാത്രികാല അടിയന്തര മൃഗചികിത്സാ സേവനം പദ്ധതി 152 ബ്ലോക്കുകളിലും തിരുവനന്തപുരം, കൊല്ലം, കൊച്ചി കോർപ്പറേഷനുകളിലും നെയ്യാറ്റിൻകര മുനിസിപ്പാലിറ്റിയിലുമുൾപ്പെടെ

സംസ്ഥാനത്ത് 156 സെന്ററുകളിൽ നടപ്പിലാക്കുന്നു. മൊബൈൽ വെറ്ററിനറി യൂണിറ്റ് 29 ബ്ലോക്കുകളിൽ, കൊല്ലം എറണാകുളം കണ്ണൂർ ജില്ലകളിൽ മൊബൈൽ ടെലി വെറ്ററിനറി യൂണിറ്റുകളുടെ സേവനം എന്നിവ നടപ്പിലാക്കി വരുന്നു. റീബിൾഡ് കേരള പദ്ധതി പ്രകാരം സംസ്ഥാനത്തെ എല്ലാ ബ്ലോക്കുകളിലും മൊബൈൽ സേവനം ലഭ്യമാക്കാൻ അനുമതിയായിരുന്നു. ഇതിന്റെ ഒന്നാംഘട്ടം എന്ന നിലയിൽ 47 മൊബൈൽ വെറ്ററിനറി യൂണിറ്റുകൾ 12 മൊബൈൽ സർജറി യൂണിറ്റുകൾ എന്നിവ സ്ഥാപിക്കാനുള്ള നടപടികൾ പുരോഗമിക്കുന്നു.

(സി) വാതിൽപ്പടി സേവനം ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി മൊബൈൽ വെറ്ററിനറി യൂണിറ്റുകൾ ആരംഭിക്കുന്ന പദ്ധതി പൂർത്തീകരിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ പ്രയോജനം കർഷകർക്ക് ഏതു തരത്തിലാണ് ലഭ്യമാകുന്നത്; വിശദമാക്കുമോ?

വാതിൽപ്പടി സേവനം ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി മൊബൈൽ വെറ്ററിനറി യൂണിറ്റുകൾ ആരംഭിക്കുന്ന പദ്ധതി വിപുലീകരിച്ചുവരുന്നു. കേന്ദ്രാവിഷ്കൃത പദ്ധതിയായ ലൈവ്സ്റ്റോക്ക് ഹെൽത്ത് ആൻഡ് ഡിസീസ്

കൺട്രോൾ-മൊബൈൽ വെറ്ററിനറി യൂണിറ്റ് എന്ന പദ്ധതിയുടെ കീഴിൽ 29 മൊബൈൽ വെറ്ററിനറി യൂണിറ്റുകൾ സംസ്ഥാനത്തെ 29 ബ്ലോക്കുകൾ കേന്ദ്രീകരിച്ച് പ്രവർത്തിച്ചുവരുന്നു. 13 ജില്ലകളിൽ 2 ബ്ലോക്കുകൾ വീതവും ഇടുക്കി ജില്ലയിലെ 3 ബ്ലോക്കുകളിലുമാണ് പ്രസ്തുത യൂണിറ്റുകൾ പ്രവർത്തിക്കുന്നത്. കൂടാതെ ആർ.കെ.വി.വൈ. പദ്ധതി പ്രകാരം പത്തനംതിട്ട, പാലക്കാട്, വയനാട് ജില്ലകളിൽ ഓരോ മൊബൈൽ വെറ്ററിനറി യൂണിറ്റുകൾ വീതം ജില്ലാടിസ്ഥാനത്തിൽ പ്രവർത്തിച്ചുവരുന്നു. എറണാകുളം, കണ്ണൂർ, കൊല്ലം ജില്ലകളിൽ ഓരോ മൊബൈൽ ടെലിവെറ്ററിനറി യൂണിറ്റുകളും പ്രവർത്തിച്ചുവരുന്നു. യൂണിറ്റുകളുടെ സേവനം വ്യാപകമാക്കുക വഴി കർഷകരുടെ വീട്ടുപടിക്കൽത്തന്നെ മികവുള്ള രോഗചികിത്സാ സംവിധാനം സമയബന്ധിതമായി ലഭ്യമാക്കാൻ സഹായിക്കുകയും അതുവഴി രോഗങ്ങൾമൂലമുള്ള ഉൽപാദന നഷ്ടമുണ്ടാകുന്നത് തടയുകയും ചെയ്യുന്നു.

സംസ്ഥാനത്തെ മിച്ചമുള്ള ബ്ലോക്കുകളിൽകൂടി മൊബൈൽ വെറ്ററിനറി യൂണിറ്റ് സ്ഥാപിക്കുന്നതിന് റീബിൽഡ് കേരള പദ്ധതി പ്രകാരം

ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ആയതിന്റെ ആദ്യഘട്ടമായി 47 മൊബൈൽ വെറ്ററിനറി യൂണിറ്റ് കൂടി ഉടൻ സ്ഥാപിക്കുന്നതാണ്. കൂടാതെ 12 മൊബൈൽ സർജറി യൂണിറ്റുകൾ കൂടി സ്ഥാപിക്കുന്നതിന് അനുമതി ലഭിച്ചിട്ടുണ്ട്.

(ഡി) മൃഗസംരക്ഷണ മേഖലയിലെ കർഷകർക്കായി കൂടുതൽ സേവനങ്ങൾ ഓൺലൈനായി ലഭ്യമാക്കാൻ ഈ സർക്കാർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

മൃഗസംരക്ഷണ മേഖലയിലെ കർഷകർക്കായി കൂടുതൽ സേവനങ്ങൾ ഓൺലൈനായി ലഭ്യമാക്കാൻ ഈ സർക്കാർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

മൃഗസംരക്ഷണ വകുപ്പ് നടപ്പിലാക്കുന്ന ഇ-സമൃദ്ധ പദ്ധതിയുടെ ഭാഗമായി പുറത്തിറക്കുന്ന മൊബൈൽ ആപ്ലിക്കേഷൻവഴി അരുമ മൃഗങ്ങളുടെ ഉടമകൾക്ക് വാക്സിനേഷൻ സർട്ടിഫിക്കറ്റുകൾ ഡൗൺലോഡ് ചെയ്തെടുക്കാം.

ഏപ്രിൽ ഒന്ന് മുതൽ സംസ്ഥാനത്തെ എല്ലാ മൃഗാശുപത്രികളിലും ഈ സൗകര്യം ലഭ്യമാകും. കർഷകർക്ക് തങ്ങളുടെ മൃഗങ്ങൾക്ക് ചികിത്സാ സേവനം ലഭ്യമാക്കുന്നതിനായി മൊബൈൽ ആപ്ലിക്കേഷൻ മുഖേന അപ്പോയിന്റ്മെന്റുകൾ മുൻകൂട്ടി ബുക്ക് ചെയ്യാൻ സാധിക്കുന്ന സംവിധാനവും

തയ്യാറാക്കിയിട്ടുണ്ട്.

തിരുവനന്തപുരം ജില്ലയിലെ കുടപ്പനക്കുന്ന് മൾട്ടി സ്പെഷ്യാലിറ്റി ആശുപത്രി, തൃക്കണ്ണാപുരം വെറ്ററിനറി ഡിസ്പെൻസറി, കഴക്കൂട്ടം വെറ്ററിനറി ഹോസ്പിറ്റൽ എന്നീ സ്ഥാപനങ്ങളിൽ പരീക്ഷണാടിസ്ഥാനത്തിൽ സൗകര്യം ലഭ്യമാണ്. പത്തനംതിട്ട ജില്ലയിലെ എല്ലാ മൃഗാശുപത്രികളിലും ഒരു പൈലറ്റ് പ്രോജക്ടായി ഈ സൗകര്യം നടപ്പിലാക്കുന്നതിനായുള്ള നടപടികൾ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്.

ഉദുമ നിയോജകമണ്ഡലത്തിലെ മൃഗസംരക്ഷണ വകുപ്പ് പദ്ധതികൾ

335(1908) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഉദുമ നിയോജകമണ്ഡലത്തിൽ മൃഗ സംരക്ഷണ വകുപ്പ് വിവിധ പദ്ധതികൾക്കായി എത്ര തുക അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളുടെ പേരും അനുവദിച്ച തുകയും പദ്ധതികളുടെ പുരോഗതി റിപ്പോർട്ടും ലഭ്യമാക്കാമോ?

(എ & ബി) 2021-22

1) എ.ആർ.ഡി.-ഗോട്ട് റിയറിങ് സ്കീം-7,00,000/-

2) എ.ആർ.ഡി.-മെയിൽ കാഫ് ഫാറ്റേണിങ്-2,80,000/-

3) ഫാർമേഴ്സ് കോമ്പൻസേഷൻ-3,16,850/-

4) ഗോട്ട് സാറ്റലൈറ്റ് യൂണിറ്റ്-1,25,000/-

5) ഇൻഫെർട്ടിലിറ്റി മാനേജ്മെന്റ് പ്രോഗ്രാം-40,000/-

6) ലൈവ്സ്റ്റോക്ക് ബയോ വേസ്റ്റ് മാന്വർ-1,00,000/-

7) എൻ.എൽ.എം. ഗോട്ടറി (ജനറൽ)-5,94,000/-

8) എൻ.എൽ.എം. ഗോട്ടറി (എസ്.സി.എസ്.പി)-3,56,400/-

9) ഓഡ്അവർ സർവീസ്-2,75,892/-

2022-23

1) ഫാർമേഴ്സ് കോമ്പൻസേഷൻ-2,28,450/-

2) ഗോട്ട് സാറ്റലൈറ്റ് യൂണിറ്റ്-1,25,000/-

3) ഇൻഫെർട്ടിലിറ്റി മാനേജ്മെന്റ് പ്രോഗ്രാം-30,000/-

4) ഓഡ് അവർ സർവീസ്-4,02,624/-

2023-24

1) ഓഡ് അവർ സർവീസ്-4,20,660/-

2) മൊബൈൽ സർജറി യൂണിറ്റ്-29,882/-

3) ഇൻഫെർട്ടിലിറ്റി മാനേജ്മെന്റ് പ്രോഗ്രാം-20,000/-

4) എൻ.എൽ.എം.-റൂറൽ ബാക്ക് യാർഡ് ഗോട്ട് ഡെവലപ്മെന്റ് സ്കീം (ടി.എസ്.പി.)-2,97,000/-

2024-25

1) മൊബൈൽ സർജറി യൂണിറ്റ്-30,000/-

2) ഫാർമേഴ്സ് കോമ്പൻസേഷൻ-3,23,450/-

3) ഓഡ്അവർ സർവീസ്-2,52,381/-

മുഴുവൻ പദ്ധതികളും പൂർത്തീകരിച്ചിട്ടുണ്ട്.

മൃഗസംരക്ഷണ-ക്ഷീരവികസന മേഖലയിലെ വിവിധ പദ്ധതികൾ

336(1909) ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യത്തിന് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മൃഗസംരക്ഷണ-

ക്ഷീരവികസന മേഖലയിൽ അരുവിക്കര നിയോജകമണ്ഡലത്തിൽ വിവിധ പദ്ധതികൾക്കായി എത്ര രൂപ അനുവദിച്ചിട്ടുണ്ടെന്ന് ഇനം തിരിച്ച് വിശദാംശങ്ങൾ നൽകുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അരുവിക്കര നിയോജകമണ്ഡലത്തിൽ വിവിധ പദ്ധതികൾക്കായി മൃഗസംരക്ഷണ വകുപ്പിൽ അനുവദിച്ച തുകയുടെ ഇനംതിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു+. ക്ഷീരവികസന മേഖലയിൽ അനുവദിച്ച മുഴുവൻ തുക ചെലവഴിച്ചതിന്റെയും ഇനംതിരിച്ചുള്ള വിശദാംശങ്ങളും അനുബന്ധമായി ചേർത്തിരിക്കുന്നു+.

കാളപൂട്ട് – മരമടി തൊഴിൽ പ്രശ്നം

337(1910) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാർഷികമേഖലയുമായി ബന്ധപ്പെട്ട് നടത്തിയിരുന്ന കാളപൂട്ട്, മരമടി, കാളയോട്ടം, കാളവണ്ടിയോട്ടം, ഉഴവ് എന്നിവ നടത്തുന്നതിന് നിലനിൽക്കുന്ന തടസ്സങ്ങൾ എന്തൊക്കെയെന്ന്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വിശദമാക്കുമോ; ഇവയ്ക്ക് നിലവിൽ ഏതെങ്കിലും നിരോധനം ഏർപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തടിസ്ഥാനത്തിലാണ് വിലക്ക് നിലനിൽക്കുന്നത്; വ്യക്തമാക്കുമോ?

സംസ്ഥാനത്ത് കാളപൂട്ട്, മരമടി, കാളയോട്ടം, കാളവണ്ടിയോട്ടം, ഉഴവ് തുടങ്ങിയ മത്സരങ്ങൾ 'Prevention of cruelty to Animal Act, 1960' നിയമപ്രകാരം കേരള ഹൈക്കോടതി നിരോധിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത മേഖലയിൽ പ്രവർത്തിച്ചിരുന്ന തൊഴിലാളികളുടെ തൊഴിൽപ്രശ്നങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത മേഖലയിൽ പ്രവർത്തിച്ചിരുന്ന തൊഴിലാളികളുടെ തൊഴിൽപ്രശ്നങ്ങൾ സംബന്ധിച്ച പരാതികൾ വകുപ്പിന് ലഭിച്ചിട്ടുണ്ട്.

(സി) പ്രസ്തുത പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നിയമനിർമ്മാണം പരിഗണനയിലുണ്ടോ; എങ്കിൽ ആയത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ?

സംസ്ഥാനത്ത് കാളപൂട്ട്, കന്നുപൂട്ട്, മരമടി മത്സരങ്ങൾ നിയമപരമായി

നടത്തുന്നതിന് ആവശ്യമായ നിയമനിർമ്മാണം നടത്തുന്നതുമായി ബന്ധപ്പെട്ട് 'Prevention of Cruelty to Animals (Kerala Amendment) - Ordinance' ഓർഡിനൻസ് ആയി അംഗീകരിക്കാൻ മന്ത്രിസഭ തീരുമാനിച്ചിരുന്നു.

1960-ലെ Prevention of Cruelty to Animals Act (Central Act 59 of 1960) ഒരു കേന്ദ്ര ആക്ടായതിനാൽ ഭേദഗതി വരുത്തുന്നതിനുമുമ്പ് ഇന്ത്യൻ ഭരണഘടനയുടെ 213-ാം അനുച്ഛേദം ഒന്നാം ഖണ്ഡിക പ്രകാരം ബഹുമാനപ്പെട്ട രാഷ്ട്രപതിയുടെ മുൻകൂറായുള്ള നിർദേശം വാങ്ങേണ്ടതുണ്ട്. ആയതിനാൽ ബഹുമാനപ്പെട്ട രാഷ്ട്രപതിയുടെ മുൻകൂർ നിർദേശങ്ങൾ ലഭിക്കുന്നതിനായി കേന്ദ്ര ആഭ്യന്തര വകുപ്പ് സെക്രട്ടറിക്ക് 2021 മുതൽ കത്തുകളും നിരവധി ഓർമ്മക്കുറിപ്പുകളും നൽകിയിരുന്നുവെങ്കിലും നാളിതുവരെ ആയതിന് കേന്ദ്രസർക്കാരിൽനിന്നും മറുപടി ലഭ്യമായിട്ടില്ല.

തമിഴ്നാട്, കർണ്ണാടക, മഹാരാഷ്ട്ര തുടങ്ങിയ സംസ്ഥാനങ്ങൾ കേന്ദ്രനിയമത്തിൽ ഭേദഗതി വരുത്തി, ഇത്തരം മത്സരങ്ങൾ നിയമനിർമ്മാണത്തിലൂടെ നിയമ വിധേയമാക്കിയിട്ടുണ്ട്. ഇത് ചോദ്യം

ചെയ്തുകൊണ്ട് മൃഗക്ഷേമ സംഘടനകൾ ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ കേസ് ഫയൽ ചെയ്തിരുന്നുവെങ്കിലും മേൽപ്പറഞ്ഞ നിയമഭേദഗതികൾ സാധുവാണെന്ന് 2023-ൽ പ്രസ്തുത കേസിൽ ബഹുമാനപ്പെട്ട സുപ്രീംകോടതി വിധി പ്രസ്താവിക്കുകയുണ്ടായി.

ഈ സാഹചര്യത്തിൽ സംസ്ഥാനത്ത് കാളപൂട്ട്, കന്നുപൂട്ട്, മരമടി തുടങ്ങിയ മത്സരങ്ങൾ നിയമവിധേയമായി നടത്തുന്നതിന് കേന്ദ്രനിയമമായ 'മൃഗങ്ങളോടുള്ള ക്രൂരത തടയൽ നിയമം - 1960'-ന് ആവശ്യമായ ഭേദഗതി വരുത്തുന്നതിനുവേണ്ടി നിയമനിർമ്മാണം നടത്താൻ സർക്കാർ ആലോചിക്കുന്നുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് കാളപൂട്ട്, കന്നുപൂട്ട്, മരമടി മത്സരങ്ങൾ നടത്തുന്നതിന് ആവശ്യമായ നിയമനിർമ്മാണം നടത്തുന്നതുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിച്ചുവരികയാണ്.

ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ തസ്തികയുടെ യോഗ്യത

338(1911) ശ്രീ. രമേശ് ചെന്നിത്തല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി

നൽകുമോ:

(എ) വി.എച്ച്.എസ്.ഇ.-യുടെ ഡയറി ഫാർമർ എന്റർപ്രണർ കോഴ്സ് മൃഗസംരക്ഷണ വകുപ്പിന്റെ ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ തസ്തികയുടെ യോഗ്യതയായി അംഗീകരിക്കാത്തതിന്റെ കാരണം അറിയിക്കാമോ?

കേന്ദ്ര ധനമന്ത്രാലയത്തിന്റെ 27-12-2013-ലെ 08-06-2013 വിജ്ഞാപനം അനുസരിച്ച് എല്ലാ തൊഴിലധിഷ്ഠിത കോഴ്സുകളും NSQF (നാഷണൽ സ്കിൽ ക്വാളിഫിക്കേഷൻ ഫ്രെയിംവർക്ക്) ആയി മാറ്റുകയുണ്ടായി. സ്കൂൾ വിദ്യാഭ്യാസത്തെ തൊഴിലധിഷ്ഠിതമാക്കുന്നതിനുള്ള പദ്ധതിയും അതനുസരിച്ച് കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയം പരിഷ്കരിക്കുകയുണ്ടായി. കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയത്തിന്റെ ഈ വിദ്യാഭ്യാസ നയത്തിന് അനുസൃതമായി VHSE-യിൽ നിലവിലുള്ള തൊഴിലധിഷ്ഠിത കോഴ്സുകളും 2018-19 അധ്യയന വർഷം മുതൽ NSQF അടിസ്ഥാനമാക്കിയുള്ള നൈപുണ്യ കോഴ്സുകളാക്കി മാറ്റുകയുണ്ടായി. ഇപ്പോൾ VHSE-ൽ വാഗ്ദാനം ചെയ്യുന്ന എല്ലാ തൊഴിലധിഷ്ഠിത കോഴ്സുകളും 2020-21 അധ്യയന വർഷം മുതൽ NSQF അടിസ്ഥാനമാക്കിയുള്ളതാണ്.

മൃഗസംരക്ഷണ വകുപ്പിന്റെ Special Rules പ്രകാരം ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ Gr.II/പൗൾട്രി അസിസ്റ്റന്റ്/മിൽക്ക് റെക്കോർഡർ/സ്റ്റോർ കീപ്പർ/എന്യൂമറേറ്റർ എന്നീ തസ്തികകൾക്ക് നിശ്ചയിച്ചിട്ടുള്ള യോഗ്യത VHSE-യിലെ ലൈവ്സ്റ്റോക്ക് മാനേജ്മെന്റ് വിജയമാണ്. പൊതു വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള VHSE വിഭാഗം LSM course പൂർണ്ണമായും നിർത്തലാക്കുകയും ആയത് NSQF അടിസ്ഥാനമാക്കിയുള്ള ഡയറി ഫാർമർ എന്റർപ്രണർ (DFE)/ചെറുകിട പൗൾട്രി (SPF) കോഴ്സ് എന്നാക്കി മാറ്റുകയുണ്ടായി. എന്നാൽ വകുപ്പിലെ സ്പെഷ്യൽ റൂളിൽ ആയത് സംബന്ധിച്ച് ഭേദഗതി വരുത്തിയിട്ടില്ല. സ്പെഷ്യൽ റൂളിൽ ഭേദഗതി വരുത്തുന്നതിനുള്ള നടപടികൾ സർക്കാർ തലത്തിൽ സ്വീകരിച്ചുവരികയാണ്.

(ബി) ഇതുമായി ബന്ധപ്പെട്ട് വി.എച്ച്.എസ്.ഇ.-യുടെ ഡയറി ഫാർമർ എന്റർപ്രണർ കോഴ്സ് പാസ്സായിട്ടുള്ള ഉദ്യോഗാർഥികൾ നേരിടുന്ന പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മൃഗസംരക്ഷണ വകുപ്പിലെ ലൈവ് സ്റ്റോക്ക്

ഇൻസ്പെക്ടർ തസ്തികയിലെ സ്പെഷ്യൽ റൂൾ ഭേദഗതിക്ക് സ്വാഭാവികമായ കാലതാമസമുണ്ടാകുമെന്നതിനാലും നിലവിൽ ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ തസ്തികയിൽ പി.എസ്.സി. നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചിട്ടുള്ളതിനാലും ഇക്കാര്യത്തിൽ വ്യക്തമായ പൊതുതാൽപര്യമുള്ളതിനാലും VHSE in Livestock Management യോഗ്യതയ്ക്ക് തുല്യമാണ് NSQF അടിസ്ഥാനമാക്കിയ ഡയറി ഫാർമർ എന്റർപ്രണർ (DFE)/ചെറുകിട പൗൾട്രി (SPF) എന്നീ കോഴ്സുകൾ എന്ന് തെളിയിക്കുന്ന Equivalency Certificate അനുവദിക്കാവുന്നതാണോയെന്ന വിഷയം നിലവിൽ പൊതുവിദ്യാഭ്യാസ വകുപ്പ് പരിശോധിച്ചുവരികയാണ്.

വടക്കാഞ്ചേരി മണ്ഡലത്തിൽ വിവിധ പദ്ധതികൾക്കായി അനുവദിച്ച തുക

339(1912) <u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൃഗസംരക്ഷണ വകുപ്പ് 2021 മുതൽ 2024 വരെ വടക്കാഞ്ചേരി മണ്ഡലത്തിൽ വിവിധ പദ്ധതികൾക്കായി എത്ര രൂപ അനുവദിച്ചിട്ടുണ്ടെന്ന്

വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾ ഓരോന്നിന്റെയും പ്രവർത്തന പുരോഗതിയുടെ വിശദാംശം പഞ്ചായത്ത്/മുനിസിപ്പാലിറ്റി അടിസ്ഥാനത്തിൽ വിശദമാക്കുമോ?

(എ & ബി) മൃഗസംരക്ഷണ വകുപ്പ് 2021 മുതൽ 2024 വരെ വടക്കാഞ്ചേരി മണ്ഡലത്തിൽ വിവിധ പദ്ധതികൾക്കായി ചെലവഴിച്ച തുകയുടെ വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു+. പദ്ധതികളെല്ലാം പൂർത്തിയാക്കിയിട്ടുണ്ട്.

മൃഗസംരക്ഷണ വകുപ്പിന്റെ ദുരന്തനിവാരണ ഫണ്ടിൽ നിന്നുള്ള നഷ്ടപരിഹാരം

340(1913) ശ്രീ. പി. നന്ദകുമാർ:
ശ്രീ. കെ. ആൻസലൻ:
ശ്രീ. എ. പ്രഭാകരൻ:
ശ്രീ. എം. നൗഷാദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൃഗസംരക്ഷണ വകുപ്പിന്റെ ദുരന്തനിവാരണ ഫണ്ടിൽനിന്നും കർഷകർക്ക് നഷ്ടപരിഹാരം നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ പുതുക്കി നിശ്ചയിച്ചിട്ടുണ്ടോ; ഇതിന്റെ വിശദാംശം നൽകുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഉണ്ട്. മൃഗസംരക്ഷണ വകുപ്പിന്റെ ബജറ്റ് വിഹിതത്തിൽ ദുരന്തനിവാരണത്തിനായി ഉൾപ്പെടുത്തിയിട്ടുള്ള കണ്ടിജൻസി ഫണ്ടിൽനിന്നും തുക അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ പരിഷ്കരിച്ചുകൊണ്ട് 28-09-2024-ലെ സ.ഉ. (സാധാ) നം.535/2024/AHD പ്രകാരം ഉത്തരവായിട്ടുണ്ട്.

(ബി) പ്രകൃതിക്ഷോഭം, രോഗങ്ങൾ, വന്യമൃഗ ആക്രമണം, ഇടിമിന്നൽ, വൈദ്യുതി ആഘാതം എന്നിവമൂലം കർഷകർക്കുണ്ടാകുന്ന നഷ്ടങ്ങൾക്ക് പ്രസ്തുത ഫണ്ടിൽനിന്നും നഷ്ടപരിഹാരം ലഭ്യമാണോ; വ്യക്തമാക്കുമോ?

ലഭ്യമാണ്. പ്രകൃതിക്ഷോഭം മൂലമുണ്ടാകുന്ന നാശനഷ്ടങ്ങൾ, ആന്ത്രാക്സ്, ബ്രൂസല്ലോസിസ്, ക്ലാസിക്കൽ സ്വൈൻ ഫീവർ, പേവിഷബാധ, പക്ഷിപ്പനി, പി.പി.ആർ., താറാവിന് ഇൻഷ്വറൻസ് പരിരക്ഷ ഇല്ലാത്തതിനാൽ Duck Pasteurellosis, Duck Plague മുതലായ രോഗങ്ങൾ എന്നിവയും വന്യമൃഗ ആക്രമണം, ഇടിമിന്നൽ, വൈദ്യുതാഘാതം എന്നിവമൂലം കർഷകർക്കുണ്ടാകുന്ന നഷ്ടങ്ങൾക്കും 28-09-2024-ലെ സ.ഉ. (സാധാ) നം.535/2024/AHD നമ്പർ സർക്കാർ ഉത്തരവ് പ്രകാരം നഷ്ടപരിഹാരം

അനുവദിക്കുന്നുണ്ട്.

(സി) ഉരുക്കൾ നഷ്ടപ്പെടുന്ന കർഷകർക്ക് നഷ്ടപരിഹാരം നൽകുന്നതിന് മാനദണ്ഡം നിശ്ചയിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. ചുവടെ ചേർക്കുന്ന നിബന്ധനകൾക്ക് വിധേയമായാണ് കർഷകർക്ക് നഷ്ടപരിഹാരം അനുവദിക്കുന്നത്:-

28-09-2024-ലെ സ.ഉ. (സാധാ) നം.535/2024/AHD പ്രകാരമുള്ള മാനദണ്ഡങ്ങൾ അനുസരിച്ച്:

1. ഇൻഷ്വറൻസ് തുകയോ, ജില്ലാ കളക്ടറുടെ ധനസഹായമോ ലഭിക്കാത്ത ദുരിത ബാധിതരായ എല്ലാ കർഷകർക്കും ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ധനസഹായത്തിന് അർഹത ഉണ്ടായിരിക്കും.

2. അത്യാഹിതമുണ്ടായി 3 മാസത്തിനകം അപേക്ഷ നൽകിയിരിക്കണം.

3. പ്രകൃതിക്ഷോഭംമൂലമുണ്ടാകുന്ന നാശനഷ്ടങ്ങൾ, ആന്ത്രാക്സ്, ബ്രൂസല്ലോസിസ്, ക്ലാസിക്കൽ സ്വൈൻ ഫീവർ, പേവിഷബാധ, പക്ഷിപ്പനി, പി.പി.ആർ. എന്നീ രോഗങ്ങൾമൂലമുണ്ടാകുന്ന നാശനഷ്ടങ്ങൾക്കും

വന്യമൃഗങ്ങളുടെ ആക്രമണം, തെരുവ് നായ ആക്രമണം, ഇടിമിന്നൽ, മുങ്ങിമരണം, വൈദ്യുതാഘാതം, സൂര്യാഘാതം, പാമ്പ്കടി, വിഷബാധ, അപകടം തുടങ്ങിയ അത്യാഹിതങ്ങൾ എന്നിവയ്ക്കും താറാവിന് ഇൻഷ്വറൻസ് പരിരക്ഷ ഇല്ലാത്തതിനാൽ Duck Pasteurellosis, Duck Plague എന്നീ രോഗങ്ങൾമൂലം മരണമടയുന്ന താറാവുകൾക്കും (വാക്സിനേഷൻ കൃത്യമായി ചെയ്തിട്ടും യഥാസമയം ചികിത്സകൾ നൽകിയിട്ടും ടി രോഗങ്ങൾ നിയന്ത്രണ വിധേയമായില്ലെന്നുള്ള Regional Disease Diagnostic Lab/State Institute for Animal Diseases എന്നീ സ്ഥാപനങ്ങളിലെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ) ഈ ഫണ്ടിൽനിന്നും നഷ്ടപരിഹാരം അനുവദിക്കാം.

4. കർഷകർ സാമ്പത്തിക സഹായത്തിനുള്ള അപേക്ഷ നിശ്ചിത അപേക്ഷ ഫോറത്തിൽ അനുബന്ധ രേഖകളോടൊപ്പം അതത് പ്രദേശത്തെ സർക്കാർ മൃഗാശുപത്രിയിൽ സമർപ്പിക്കേണ്ടതാണ്.

5. സാമ്പത്തിക സഹായത്തിനുള്ള നിശ്ചിത അപേക്ഷ വാർഡ് മെമ്പർ സാക്ഷ്യപ്പെടുത്തി, വെറ്ററിനറി ഡോക്ടറുടെ വിലനിർണ്ണയ സർട്ടിഫിക്കറ്റ്, പോസ്റ്റുമോർട്ടം റിപ്പോർട്ട്, ഉരുവിന്റെ ദുരന്ത സ്ഥലത്തുവച്ചെടുത്ത ഫോട്ടോ

എന്നിവ സഹിതം അപേക്ഷ ബന്ധപ്പെട്ട വെറ്ററിനറി സർജൻ ജില്ലാ മൃഗസംരക്ഷണ ഓഫീസർക്ക് സമർപ്പിക്കണം.

6. നഷ്ടപരിഹാര അപേക്ഷയോടൊപ്പം സംസ്ഥാന മൃഗസംരക്ഷണ വകുപ്പിൽ സേവനമനുഷ്ഠിക്കുന്ന വെറ്ററിനറി ഡോക്ടർ നൽകുന്ന പോസ്റ്റുമോർട്ടം റിപ്പോർട്ട് നിർബന്ധമാണ്. പോസ്റ്റുമോർട്ടം ചെയ്ത വെറ്ററിനറി സർജന്റെ പേര്, ഔദ്യോഗിക മുദ്ര, രജിസ്റ്റർ നമ്പർ എന്നിവ റിപ്പോർട്ടിൽ രേഖപ്പെടുത്തണം. കൂടാതെ ആന്ത്രാക്സ്, റാബീസ്, ലംപി സ്കിൻ എന്നീ രോഗങ്ങളുടെ കാര്യത്തിൽ പോസ്റ്റുമോർട്ടം നടത്താത്തപക്ഷം റിപ്പോർട്ടിൽ മരണകാരണം വ്യക്തമാക്കിയിരിക്കണം.

7. ഇൻഷ്വറൻസ് ലഭിച്ചിട്ടില്ലെന്നതിന് വെറ്ററിനറി സർജൻ സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റ്, ജില്ലാ കളക്ടറുടെ ധനസഹായം ലഭിച്ചിട്ടില്ല എന്നതിന് കർഷകന്റെ സത്യവാങ്മൂലം എന്നിവ അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്.

8. ജില്ലാതലത്തിലുള്ള അപേക്ഷകൾ അതത് ജില്ലാ മൃഗസംരക്ഷണ ഓഫീസിലെ ഡെപ്യൂട്ടി ഡയറക്ടർമാർ (എ.എച്ച്.) അധ്യക്ഷനായ സമിതി

പരിശോധിക്കേണ്ടതും അർഹരായവരെ കണ്ടെത്തി നഷ്ടപരിഹാരം ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്.

കാഞ്ഞങ്ങാട് മണ്ഡലത്തിൽ മൃഗസംരക്ഷണ വകുപ്പ് പദ്ധതികൾ

341(1914) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് മണ്ഡലത്തിൽ മൃഗസംരക്ഷണ വകുപ്പ് 2016 മുതൽ നിർദ്ദേശിച്ച പദ്ധതികൾ ഏതെല്ലാമെന്ന് പറയാമോ;

(ബി) ഓരോ പദ്ധതികൾക്കും അനുവദിച്ച തുക, പ്രവർത്തന പുരോഗതി എന്നിവ വിശദമാക്കാമോ?

(എ & ബി)

2015-16

1) റൂറൽ ബാക്ക് യാർഡ് പൗൾട്രി ത്രൂ സ്കൂൾ-2,92,500/-

2) ഗോട്ട് സാറ്റലൈറ്റ് യൂണിറ്റ്-1,50,000/-

3) ഓർഗനൈസിങ് റഗുലർ വിസിറ്റ് വിത്ത് സൊസൈറ്റീസ്-1,20,000/-

4) താലൂക്ക് ലെവൽ എന്റർപ്രണർ മീറ്റ്- 1,00,000/-

5) അവെയർനസ് പ്രോഗ്രാം ഫോർ സ്കൂൾ സ്റ്റുഡന്റ്സ്-10,000/-

6) അനിമൽ വെൽഫെയർ ക്ലബ് ഇൻ സ്കൂൾ-50,000/-

7) എമർജൻസ് വെറ്ററിനറി കെയർ സർവീസ് ഡ്യൂറിങ് ഓഡ് അവേഴ്സ് -3,41,880/-

8) ഇൻഫെർട്ടിലിറ്റി മാനേജ്മെന്റ് പ്രോഗ്രാം-50,000/-

2016-17

1) ഹീറ്റ് സ്ട്രസ് റിലീഫ് മെഷേഴ്സ് പർച്ചേസ് ഓഫ് എസ്സൻഷ്യൽ ലൈഫ് സേവിങ് ഡ്രഗ്സ്- 38,500/-

2) ഗോട്ട് സാറ്റലൈറ്റ് യൂണിറ്റ്-1,75,000/-

3) കോംപ്രിഹെൻസീവ് ഹെൽത്ത് കെയർ പ്രോഗ്രാം-60,000/-

4) റൂറൽ ബാക്ക് യാർഡ് പൗൾട്രി ത്രൂ സ്കൂൾ-3,26,250/-

5) ഓഡ് അവർ സർവീസ്-7,69,734/-

6) ഡെവലപ്മെന്റ് ഓഫ് മോഡൽ പഞ്ചായത്ത്-5,12,500/-

7) ടെയിനിങ് ഓൺ കൊമേഴ്സ്യൽ ഗോട്ടറി-1,05,000/-

8) ഇൻഫെർട്ടിലിറ്റി മാനേജ്മെന്റ് പ്രോഗ്രാം- 40,000/-

2017-18

1) ബാക്ക് യാർഡ് പൗൾട്രി ഡെവലപ്മെന്റ് പ്രോഗ്രാം-3,02,530/-

2) ഡെവലപ്മെന്റ് ഓഫ് മോഡൽ പഞ്ചായത്ത്-5,10,000/-

3) എമർജൻസ് വെറ്ററിനറി കെയർ സർവീസ് ഡ്യൂറിങ് ഓഡ് അവേഴ്സ്-9,46,870/-

4) ഫാർമേഴ്സ് കോമ്പൻസേഷൻ-2,98,000/-

5) ഗോട്ട് സാറ്റലൈറ്റ് യൂണിറ്റ്-2,00,000/-

6) ഇൻഫെർട്ടിലിറ്റി മാനേജ്മെന്റ് പ്രോഗ്രാം- 20,000/-

7) കർഷക അവാർഡ്-30,000/-

8) മിൽക്കിങ് മെഷീൻ-25,000/-

9) താലൂക്ക് ലെവൽ എന്റർപ്രനൂർ മീറ്റ്-50,000/-

10) റിയറിങ് കൊമേഴ്സ്യൽ ഗോട്ടറി- 1,05,000/-

2018-19

1) അനിമൽ വെൽഫെയർ ക്ലബ് ഇൻ സ്കൂൾ- 1,14,000/-

2) ബാക്ക് യാർഡ് പൗൾട്രി ഡെവലപ്മെന്റ് പ്രോഗ്രാം-3,95,000/-

3) ഡെവലപ്മെന്റ് ഓഫ് മോഡൽ പഞ്ചായത്ത്-5,00,000/-

4) എമർജൻസ് വെറ്ററിനറി കെയർ സർവീസ് ഡ്യൂറിങ് ഓഡ് അവേഴ്സ്-12,66,000/-

5) ഫാർമേഴ്സ് കോമ്പൻസേഷൻ-3,37,000/-

6) ഗോട്ട് സാറ്റലൈറ്റ് യൂണിറ്റ്-3,50,000/-

7) ഇൻഫെർട്ടിലിറ്റി മാനേജ്മെന്റ് പ്രോഗ്രാം-40,000/-

8) കർഷക അവാർഡ്-5,000/-

9) ലൈവ്സ്റ്റോക്ക് ബയോ വേസ്റ്റ് മാന്വർ-2,00,000/-

10) മിൽക്കിങ് മെഷീൻ-1,00,000/-

11) താലൂക്ക് ലെവൽ എന്റർപ്രനൂർ മീറ്റ്-50,000/-

2019-20

1) അനിമൽ വെൽഫെയർ ക്ലബ് ഇൻ സ്കൂൾ-50,000/-

2) ബാക്ക് യാർഡ് പൗൾട്രി ഡെവലപ്മെന്റ് പ്രോഗ്രാം-4,27,500/-

3) ബ്ലോക്ക് ലെവൽ എക്സ്റ്റൻഷൻ പ്രോഗ്രാം-14,000/-

4) ഡ്രോട്ട് മിറ്റിഗേഷൻ-20,000/-

5) എമർജൻസ് വെറ്ററിനറി കെയർ സർവീസ് ഡ്യൂറിങ് ഓഡ് അവേഴ്സ്-9,58,729/-

6) ഫാർമേഴ്സ് കോമ്പൻസേഷൻ-32,800/-

7) ഗോട്ട് സാറ്റലൈറ്റ് യൂണിറ്റ്-3,75,000/-

8) ഇൻഫെർട്ടിലിറ്റി മാനേജ്മെന്റ് പ്രോഗ്രാം-20,000/-

9) ലൈവ്സ്റ്റോക്ക് ബയോ വേസ്റ്റ് മാന്വർ-2,00,000/-

10) മിൽക്കിങ് മെഷീൻ -25,000/-

11) താലൂക്ക് ലെവൽ എന്റർപ്രന്യൂർ മീറ്റ്-50,000/-

12) ടെയ്നിങ് ഓൺ കൊമേഴ്സ്യൽ ഗോട്ടറി-1,02,690/-

2020-21

1) എ.ആർ.ഡി.-ഗോട്ട് റിയറിങ് സ്കീം-2,00,000/-

2) എ.ആർ.ഡി.-മെയിൽ കാഫ് ഫാറ്റേണിങ്-4,50,000/-

3) എമർജൻസ് വെറ്ററിനറി കെയർ സർവീസ് ഡ്യൂറിങ് ഓഡ് അവേഴ്സ്-10,89,289/-

4) ഫാർമേഴ്സ് കോമ്പൻസേഷൻ-3,82,950/-

5) ഗോട്ട് സാറ്റലൈറ്റ് യൂണിറ്റ്-1,50,000/-

6) റീ ബിൽഡ് കേരള ഇനിഷ്യേറ്റീവ്-23,29,700/-

2021-22

1) എ.ആർ.ഡി.-ഗോട്ട് റിയറിങ് സ്കീം-5,00,000/-

2) എ.ആർ.ഡി.-ഇന്ററസ്റ്റ് സബ്വെൻഷൻ-3,51,358/-

3) എ.ആർ.ഡി.-മെയിൽ കാഫ് ഫാട്ടേണിങ്-2,80,000/-

4) ഫാർമേഴ്സ് കോമ്പൻസേഷൻ-2,74,300/-

5) ഗോട്ട് സാറ്റലൈറ്റ് യൂണിറ്റ്-1,25,000/-

6) ഇൻഫെർട്ടിലിറ്റി മാനേജ്മെന്റ് പ്രോഗ്രാം-20,000/-

7) ലൈവ്സ്റ്റോക്ക് ബയോ വേസ്റ്റ് മാന്വർ-1,00,000/-

8) മിൽക്കിങ് മെഷീൻ-50,000/-

9) എൻ.എൽ.എം. ഗോട്ടറി (ജനറൽ)-5,94,000/-

10) ഓഡ് അവർ സർവീസ്-7,88,673/-

11) ടെയിനിങ് ഓൺ കൊമേഴ്സ്യൽ ഗോട്ടറി-1,00,000/-

2022-23

1) എ.ആർ.ഡി.-മെയിൽ കാഫ് ഫാട്ടേണിങ്-8,98,500/-

2) ക്രോസ് ബ്രീഡിങ് ഫെസിലിറ്റീസ്-29,883/-

3) ഫാർമേഴ്സ് കോമ്പൻസേഷൻ-2,11,400/-

4) ഗോട്ട് സാറ്റലൈറ്റ് യൂണിറ്റ്-1,50,000/-

5) ഇൻഫെർട്ടിലിറ്റി മാനേജ്മെന്റ് പ്രോഗ്രാം-50,000/-

6) മെഡിസിൻ പർച്ചേസ് & ഓണറേറിയം ഫോർ എം.വി.യു.-75,000/-

7) സ്ട്രെങ്തെനിങ് ഓഫ് ലാബ്-2,96,667/-

2023-24

1) ഓഡ് അവർ സർവീസ്-10,93,556/-

2) ജൂനിയർ റെസിഡന്റ് ഷിപ്പ് പ്രോഗ്രാം-3,20,000/-

3) ഇൻഫെർട്ടിലിറ്റി മാനേജ്മെന്റ് പ്രോഗ്രാം-30,000/-

4) എൻ.എൽ.എം.-റൂറൽ ബാക്ക് യാർഡ് ഗോട്ട് ഡെവലപ്മെന്റ് സ്കീം (ടി.എസ്.പി.)- 5,34,600/-

5) എൻ.എൽ.എം.-ൂറൽ ബാക്ക് യാർഡ് ഗോട്ട് ഡെവലപ്മെന്റ് സ്കീം (എസ്.സി.എസ്.പി.)-1,18,800/-

2024-25

1) മൊബൈൽ സർജറി യൂണിറ്റ്-30,000/-

2) ഫാർമേഴ്സ് കോമ്പൻസേഷൻ-1,10,050/-

3) ഓഡ് അവർ സർവീസ്-9,68,775/-

മുഴുവൻ പദ്ധതികളും പൂർത്തീകരിച്ചിട്ടുണ്ട്.

(സി) ഏതെങ്കിലും പദ്ധതികൾക്കുവേണ്ടി ഭൂമി അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത പദ്ധതി ആരംഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

മടിക്കൈ പ്രോജക്ടിനായി 50 സെന്റ് ഭൂമി അനുവദിച്ചിട്ടുണ്ട്. പദ്ധതിക്കായി വിഭാവനം ചെയ്തത് 100 ഏക്കർ ഭൂമിയായിരുന്നു. വിഭാവനം ചെയ്തിട്ടുള്ള ഭൂമി ലഭിച്ചിട്ടില്ലാത്തതിനാൽ പദ്ധതി ആരംഭിക്കാൻ സാധിച്ചിട്ടില്ല.

കന്നുകാലി സെൻസസ്

342(1915) ശ്രീ. എം. നൗഷാദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ അവസാനത്തെ കന്നുകാലി സെൻസസ് പ്രകാരം ആകെ കന്നുകാലികളുടെ (കറവപ്പശു/എരുമ) എണ്ണം ജില്ലതിരിച്ച് വിശദമാക്കാമോ?

കേരളത്തിലെ അവസാനത്തെ കന്നുകാലി സെൻസസ് പ്രകാരം ആകെ കന്നുകാലികളുടെ (കറവപ്പശു/എരുമ) എണ്ണം ജില്ലതിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	നമ്പർ	കറവപ്പശു	എരുമ
1	തിരുവനന്തപുരം	50170	659
2	കൊല്ലം	49481	266
3	പത്തനംതിട്ട	25870	160
4	ആലപ്പുഴ	35830	507
5	കോട്ടയം	34429	401
6	ഇടുക്കി	40665	630
7	എറണാകുളം	47433	514
8	തൃശ്ശൂർ	48015	942
9	പാലക്കാട്	64992	426
10	മലപ്പുറം	35510	337
11	കോഴിക്കോട്	37326	90

12	വയനാട്	30183	80
13	കണ്ണൂർ	36976	152
14	കാസർഗോഡ്	25548	70

(ബി) കേരളത്തിലെ ആകെ പ്രതിദിന ക്ഷീരോൽപാദനം ജില്ല തിരിച്ച് വിശദമാക്കാമോ?

കേരളത്തിലെ ആകെ പ്രതിദിന ക്ഷീരോൽപാദനത്തിന്റെ വിവരങ്ങൾ വകുപ്പിന് ലഭ്യമല്ല. എന്നാൽ, കേരളത്തിലെ ക്ഷീരോൽപാദക സഹകരണ സംഘങ്ങൾ മുഖേന പ്രതിദിനം സംഭരിക്കുന്ന പാലിന്റെ അളവ് ജില്ലാ അടിസ്ഥാനത്തിലുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	ജില്ല	പാലളവ് (ലിറ്ററിൽ)
1	തിരുവനന്തപുരം	182385
2	കൊല്ലം	116105
3	പത്തനംതിട്ട	36863
4	ആലപ്പുഴ	73858
5	കോട്ടയം	78130
6	ഇടുക്കി	154137
7	എറണാകുളം	113300
8	തൃശ്ശൂർ	99177
9	പാലക്കാട്	328000
10	മലപ്പുറം	77515

11	കോഴിക്കോട്	95325
12	വയനാട്	248691
13	കണ്ണൂർ	117267
14	കാസർഗോഡ്	60725
	ആകെ	1781478

(സി) കേരളത്തിലെ കറവ പശുക്കളുടെ പ്രതിദിന ശരാശരി ഉൽപാദനക്ഷമത എത്രയെന്ന് വ്യക്തമാക്കാമോ?

കേരളത്തിലെ കറവ പശുക്കളുടെ പ്രതിദിന ശരാശരി ഉൽപാദനക്ഷമത- 10.79 Kg.

മൃഗസംരക്ഷണ വകുപ്പിന്റെ പദ്ധതികൾ

343(1916) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിൽ മൃഗസംരക്ഷണ വകുപ്പ് ഏതെല്ലാം പദ്ധതികളാണ് 2021-22 മുതൽ നടപ്പിലാക്കി വരുന്നതെന്ന് അറിയിക്കാമോ?

ആലത്തൂർ മണ്ഡലത്തിൽ മൃഗസംരക്ഷണ വകുപ്പ് നടത്തിവരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.

2021-22

1. ആർ.കെ.ഐ. (റീ ബിൽഡ് കേരള)

2. ആട് വളർത്തൽ

3. അടുക്കളമുറ്റത്തെ കോഴി വളർത്തൽ

4. താറാവ് വളർത്തൽ

5. വളക്കുഴി നിർമ്മാണം

6. ഇൻഫെർട്ടിലിറ്റി ക്യാമ്പ്

7. എൻ.എൽ.എം. - റൂറൽ ബാക്ക് യാർഡ് ഗോട്ട് ഡെവലപ്മെന്റ് സ്കീം

8. സ്പെങ്തനിങ് ഓഫ് വെറ്ററിനറി സർവീസസ്

9. എച്ച്.ഡി.സി. - ഹോസ്പിറ്റൽ ഡെവലപ്മെന്റ് കമ്മിറ്റി

10. എൻ.എൽ.എം. - റൂറൽ ബാക്ക് യാർഡ് എസ്.സി. & എസ്.ടി.

2022-23

1. ആർ.കെ.ഐ. (റീ ബിൽഡ് കേരള)

2. രാത്രികാല അടിയന്തര മൃഗചികിത്സാ പദ്ധതി

3. എച്ച്.ഡി.സി. - ഹോസ്പിറ്റൽ ഡെവലപ്മെന്റ് കമ്മിറ്റി

4. ഗോട്ട് സാറ്റലൈറ്റ് യൂണിറ്റ് സ്കീം

5. സ്കൂൾ പൗൾട്രി ക്ലബ് പദ്ധതി

2023-24

1. എൻ.എൽ.എം. ഗോട്ട് (എസ്.സി.) & (എസ്.ടി.)

2. വന്ധ്യതാ നിവാരണ ക്യാമ്പ്

(ബി) പ്രസ്തുത പദ്ധതികൾ ഓരോന്നിന്റെയും പ്രവർത്തന പുരോഗതിയുടെ വിശദാംശങ്ങൾ പഞ്ചായത്തടിസ്ഥാനത്തിൽ വിശദമാക്കാമോ?

പ്രസ്തുത പദ്ധതികൾ ഓരോന്നിന്റെയും പ്രവർത്തന പുരോഗതിയുടെ വിശദാംശങ്ങൾ പഞ്ചായത്തടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്നു.

1. എരിമയൂർ പഞ്ചായത്ത്

2021-22

1. ഗോട്ട് സാറ്റലൈറ്റ് യൂണിറ്റ് - 1 യൂണിറ്റ് 25000/-

2. വളക്കുഴി നിർമ്മാണം - 1 യൂണിറ്റ് 12500/-

3. താറാവ് വളർത്തൽ - 10 യൂണിറ്റ് 12200/-

4. ആട് വളർത്തൽ - 2 യൂണിറ്റ് 2,00,000/-

5. ഡിസ് ഇൻഫെക്ഷൻ & സാനിട്ടേഷൻ - 2500/-

6. എച്ച്.ഡി.സി. - ഹോസ്പിറ്റൽ ഡെവലപ്മെന്റ് കമ്മിറ്റി 3 യൂണിറ്റ് 1500/-

പദ്ധതികൾ എല്ലാം പൂർത്തീകരിച്ചിട്ടുണ്ട്.

2022-23

1. ഗോട്ട് സാറ്റലൈറ്റ് യൂണിറ്റ് - 2 യൂണിറ്റ് 50000/-

2. എച്ച്.ഡി.സി. - ഹോസ്പിറ്റൽ ഡെവലപ്മെന്റ് കമ്മിറ്റി 3 യൂണിറ്റ് 1500/-

പദ്ധതികൾ എല്ലാം പൂർത്തീകരിച്ചിട്ടുണ്ട്.

2023-24

1. ഇൻഫെർട്ടിലിറ്റി ക്യാമ്പ് 10000/-

പദ്ധതികൾ എല്ലാം പൂർത്തീകരിച്ചിട്ടുണ്ട്.

2024-25

പദ്ധതികൾ ഇല്ല.

2. വണ്ടാഴി പഞ്ചായത്ത്

2021-22

1. ഡിസ് ഇൻഫെക്ഷൻ & സാനിട്ടേഷൻ - 2500/-

2. ഗോട്ട് സാറ്റലൈറ്റ് യൂണിറ്റ് - 1 യൂണിറ്റ് – 25000/-

3. വളക്കുഴി നിർമ്മാണം - 1 യൂണിറ്റ് - 12500/-

4. എച്ച്.ഡി.സി. - ഹോസ്പിറ്റൽ ഡെവലപ്മെന്റ് കമ്മിറ്റി - 1500/-

5. അടുക്കളമുറ്റത്തെ കോഴി വളർത്തൽ - 1,18,800/-

6. ആർ.കെ.ഐ. - തീറ്റപ്പുൽ കൃഷി - 1,06,200/-

പദ്ധതികൾ എല്ലാം പൂർത്തീകരിച്ചിട്ടുണ്ട്.

2022-23

1. എച്ച്.ഡി.സി. - ഹോസ്പിറ്റൽ ഡെവലപ്മെന്റ് കമ്മിറ്റി - 1500/-

2. സ്കൂൾ പൗൾട്രി ക്ലബ് പദ്ധതി - 32625/-

പദ്ധതികൾ എല്ലാം പൂർത്തീകരിച്ചിട്ടുണ്ട്.

2023-24

1. ഇൻഫെർട്ടിലിറ്റി ക്യാമ്പ് - 10000/-

പദ്ധതികൾ എല്ലാം പൂർത്തീകരിച്ചിട്ടുണ്ട്.

2024-25

പദ്ധതികൾ ഇല്ല.

3. ആലത്തൂർ പഞ്ചായത്ത്

2021-22

1. ഡിസ് ഇൻഫെക്ഷൻ & സാനിട്ടേഷൻ - 3000/-

2. ഗോട്ട് സാറ്റലൈറ്റ് യൂണിറ്റ് - 1 യൂണിറ്റ് - 42000/-

3. എച്ച്.ഡി.സി. - ഹോസ്പിറ്റൽ ഡെവലപ്മെന്റ് കമ്മിറ്റി - 1500/-

4. കോഴി വളർത്തൽ - 30,100/-

പദ്ധതികൾ എല്ലാം പൂർത്തീകരിച്ചിട്ടുണ്ട്.

2022-23

1. എച്ച്.ഡി.സി. - ഹോസ്പിറ്റൽ ഡെവലപ്മെന്റ് കമ്മിറ്റി - 1500/-

പദ്ധതികൾ എല്ലാം പൂർത്തീകരിച്ചിട്ടുണ്ട്.

2023-24

പദ്ധതികൾ ഇല്ല.

2024-25

പദ്ധതികൾ ഇല്ല.

4. തേങ്കുറിശ്ശി പഞ്ചായത്ത്

2021-22

1. ഡിസ് ഇൻഫെക്ഷൻ & സാനിട്ടേഷൻ - 2500/-

2. ആട് വളർത്തൽ - 1 യൂണിറ്റ് - 1,00,000/-

3. വളക്കുഴി നിർമ്മാണം - 1 യൂണിറ്റ് - 12500/-

4. എച്ച്.ഡി.സി. - ഹോസ്പിറ്റൽ ഡെവലപ്മെന്റ് കമ്മിറ്റി - 1500/-

5. താറാവ് വളർത്തൽ - 10 യൂണിറ്റ് - 12000/-

6. അടുക്കളമുറ്റത്തെ കോഴി വളർത്തൽ എസ്.സി. - 25 യൂണിറ്റ് - 30000/-

പദ്ധതികൾ എല്ലാം പൂർത്തീകരിച്ചിട്ടുണ്ട്.

2022-23

1. എച്ച്.ഡി.സി. - ഹോസ്പിറ്റൽ ഡെവലപ്മെന്റ് കമ്മിറ്റി - 1500/-

2. സ്കൂൾ പൗൾട്രി ക്ലബ് പദ്ധതി -32625/-

പദ്ധതികൾ എല്ലാം പൂർത്തീകരിച്ചിട്ടുണ്ട്.

2023-24

1. ഇൻഫെർട്ടിലിറ്റി ക്യാമ്പ് - 10000/-

പദ്ധതികൾ എല്ലാം പൂർത്തീകരിച്ചിട്ടുണ്ട്.

2024-25

പദ്ധതികൾ ഇല്ല.

5. കിഴക്കഞ്ചേരി പഞ്ചായത്ത്

2021-22

1. വളക്കുഴി നിർമ്മാണം - 1 യൂണിറ്റ് - 12500/-

2. ഗോട്ട് സാറ്റലൈറ്റ് യൂണിറ്റ് - 25000/-

3. താറാവ് വളർത്തൽ - 10 യൂണിറ്റ് - 12000/-

4. ഡിസ് ഇൻഫെക്ഷൻ & സാനിട്ടേഷൻ - 2500/-

5. ആട് വളർത്തൽ - 1 യൂണിറ്റ് - 1,00,000/-

6. ഇൻഫെർട്ടിലിറ്റി ക്യാമ്പ് - 10000/-

7. എച്ച്.ഡി.സി. - ഹോസ്പിറ്റൽ ഡെവലപ്മെന്റ് കമ്മിറ്റി - 1500/-

8. എൻ.എൽ.എം. ഗോട്ട് (എസ്.ടി.) - 118800/-

9. എൻ.എൽ.എം. ജനറൽ - 534600/-

പദ്ധതികൾ എല്ലാം പൂർത്തീകരിച്ചിട്ടുണ്ട്.

2022-23

1. എച്ച്.ഡി.സി. - ഹോസ്പിറ്റൽ ഡെവലപ്മെന്റ് കമ്മിറ്റി - 1500/-

2. ഗോട്ട് സാറ്റലൈറ്റ് യൂണിറ്റ് - 75000/-

പദ്ധതികൾ എല്ലാം പൂർത്തീകരിച്ചിട്ടുണ്ട്.

2023 - 24

1. ഇൻഫെർട്ടിലിറ്റി ക്യാമ്പ് - 10000/-

പദ്ധതികൾ എല്ലാം പൂർത്തീകരിച്ചിട്ടുണ്ട്.

2024-25

പദ്ധതികൾ ഇല്ല

6. കുഴൽമന്ദം പഞ്ചായത്ത്

2021-22

1. ഡിസ് ഇൻഫെക്ഷൻ & സാനിറ്റേഷൻ - 3000/-

2. എച്ച്.ഡി.സി. - ഹോസ്പിറ്റൽ ഡെവലപ്മെന്റ് കമ്മിറ്റി - 1500/-

3. ഗോട്ട് സാറ്റലൈറ്റ് യൂണിറ്റ് - 25000/-

പദ്ധതികൾ എല്ലാം പൂർത്തീകരിച്ചിട്ടുണ്ട്.

2022-23

1. എച്ച്.ഡി.സി. - ഹോസ്പിറ്റൽ ഡെവലപ്മെന്റ് കമ്മിറ്റി - 1500/-

2. രാത്രികാല അടിയന്തര മൃഗചികിത്സ പദ്ധതി - 1,97,065/-

പദ്ധതികൾ എല്ലാം പൂർത്തീകരിച്ചിട്ടുണ്ട്.

2023-24

1. രാത്രികാല അടിയന്തര മൃഗചികിത്സ പദ്ധതി - 5,12,335/-

പദ്ധതികൾ എല്ലാം പൂർത്തീകരിച്ചിട്ടുണ്ട്.

2024-25

പദ്ധതികൾ ഇല്ല.

7. മേലാർകോട് പഞ്ചായത്ത്

2021-22

1. ഗോട്ട് സാറ്റലൈറ്റ് യൂണിറ്റ് - 75000/-

2. താറാവ് വളർത്തൽ - 10 യൂണിറ്റ് - 12200/-

3. എച്ച്.ഡി.സി. - ഹോസ്പിറ്റൽ ഡെവലപ്മെന്റ് കമ്മിറ്റി - 1500/-

4. വളക്കുഴി നിർമ്മാണം - 1 യൂണിറ്റ് - 12500/-

5. ഡിസ് ഇൻഫെക്ഷൻ & സാനിട്ടേഷൻ - 2500/-

6. എൻ.എൽ.എം. ഗോട്ട് - 178200/-

പദ്ധതികൾ എല്ലാം പൂർത്തീകരിച്ചിട്ടുണ്ട്.

2022-23

1. എച്ച്.ഡി.സി. - ഹോസ്പിറ്റൽ ഡെവലപ്മെന്റ് കമ്മിറ്റി – 1500/-

പദ്ധതികൾ എല്ലാം പൂർത്തീകരിച്ചിട്ടുണ്ട്.

2023-24

പദ്ധതികൾ ഇല്ല.

2024-25

പദ്ധതികൾ ഇല്ല.

പക്ഷിഷ്നി

344(1917) ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ രണ്ട് സീസണുകളിലായി ആലപ്പുഴ ജില്ലയിലെ വിവിധ പഞ്ചായത്തുകളിൽ പക്ഷിപ്പനി ബാധിച്ചതുമൂലം എത്ര താറാവുകളെയാണ് കൊല്ലേണ്ടിവന്നത്; വ്യക്തമാക്കാമോ?

കഴിഞ്ഞ രണ്ട് സീസണുകളിലായി ആലപ്പുഴ ജില്ലയിൽ പക്ഷിപ്പനി ബാധിച്ചതുമൂലം 'ദയവധം' ചെയ്ത താറാവുകളുടെ എണ്ണം പഞ്ചായത്ത് തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു+.

(ബി) ഈ താറാവുകൾക്ക് നഷ്ടപരിഹാര ഇനത്തിൽ, എത്ര താറാവുകൾക്ക് എത്ര രൂപ വീതം നൽകിയിട്ടുണ്ടെന്ന വിവരം പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കുമോ; നഷ്ടപരിഹാരം നൽകുന്നതിന് തടസ്സങ്ങൾ ഉണ്ടായിട്ടുണ്ടോ; വിശദാംശം നൽകുമോ?

2022 ഒക്ടോബർ മാസം 'ദയാവധം' നടത്തിയ താറാവുകളുടെ ഉടമസ്ഥരായിരുന്ന കർഷകർക്ക് ആകെ 95,61,600/- രൂപ നഷ്ടപരിഹാരമായി അനുവദിച്ചിട്ടുണ്ട്, പഞ്ചായത്ത് തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു+. 2024 ഏപ്രിൽ മാസം 'ദയാവധം' നടത്തിയ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

താറാവുകൾക്കുള്ള തുക സർക്കാരിൽനിന്നും അനുവദിച്ചിട്ടുണ്ട്. തുക വിതരണം ചെയ്യുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. നഷ്ടപരിഹാരം നൽകുന്നതിന് തടസ്സമുണ്ടായിട്ടില്ല.

കന്നുകാലികൾ മരണപ്പെട്ടാൽ കർഷകർക്ക് നഷ്ടപരിഹാരം

345(1918) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ക്ഷീരമേഖലയിൽ പ്രവർത്തിക്കുന്ന കർഷകരുടെ കന്നുകാലികൾ രോഗം ബാധിച്ച് മരണപ്പെട്ടാൽ കർഷകർക്ക് നഷ്ടപരിഹാരം ലഭ്യമാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്നും നഷ്ടപരിഹാരത്തുക എത്രയെന്നും വ്യക്തമാക്കാമോ?

മൃഗസംരക്ഷണ വകുപ്പിന്റെ ബജറ്റ് വിഹിതത്തിൽ ദുരന്തനിവാരണത്തിനായി ഉൾപ്പെടുത്തിയിട്ടുള്ള കണ്ടിജൻസി ഫണ്ടിൽനിന്നും തുക അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ പരിഷ്കരിച്ചുകൊണ്ട് 28-09-2024-ൽ സ.ഉ. (സാധാ)

നം.535/2024/AHD പ്രകാരം ഉത്തരവായിട്ടുണ്ട്. ചുവടെ ചേർക്കുന്ന നിബന്ധനകൾക്ക് വിധേയമായാണ് കർഷകർക്ക് നഷ്ടപരിഹാരം അനുവദിക്കുന്നത്.

1. ഇൻഷ്വറൻസ് തുകയോ, ജില്ലാ കളക്ടറുടെ ധനസഹായമോ ലഭിക്കാത്ത ദുരിത ബാധിതരായ എല്ലാ കർഷകർക്കും ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ധനസഹായത്തിന് അർഹതയുണ്ടായിരിക്കും.

2. അത്യാഹിതമുണ്ടായി 3 മാസത്തിനകം അപേക്ഷ നൽകിയിരിക്കണം.

3. പ്രകൃതിക്ഷോഭംമൂലമുണ്ടാകുന്ന നാശനഷ്ടങ്ങൾ, ആന്ത്രാക്സ്, ബ്രൂസല്ലോസിസ്, ക്ലാസിക്കൽ സ്വൈൻ ഫീവർ, പേവിഷബാധ, പക്ഷിപ്പനി, പി.പി.ആർ. എന്നീ രോഗങ്ങൾമൂലമുണ്ടാകുന്ന നാശനഷ്ടങ്ങൾക്കും വന്യമൃഗങ്ങളുടെ ആക്രമണം, തെരുവുനായ ആക്രമണം, ഇടിമിന്നൽ, മുങ്ങിമരണം, വൈദ്യുതാഘാതം, സൂര്യാഘാതം, പാമ്പുകടി, വിഷബാധ, അപകടം തുടങ്ങിയ അത്യാഹിതങ്ങൾ എന്നിവയ്ക്കും താറാവിന് ഇൻഷ്വറൻസ് പരിരക്ഷ ഇല്ലാത്തതിനാൽ Duck Pasteurellosis, Duck Plague എന്നീ

രോഗങ്ങൾമൂലം മരണമടയുന്ന താറാവുകൾക്കും (വാക്സിനേഷൻ കൃത്യമായി ചെയ്തിട്ടും യഥാസമയം ചികിത്സകൾ നൽകിയിട്ടും ടി രോഗങ്ങൾ നിയന്ത്രണ വിധേയമായില്ലെന്നുള്ള Regional Disease Diagnostic Lab/State Institute for Animal Diseases എന്നീ സ്ഥാപനങ്ങളിലെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ) ഈ ഫണ്ടിൽനിന്നും നഷ്ടപരിഹാരത്തിന് അർഹത ഉണ്ടായിരിക്കും.

4. സാമ്പത്തിക സഹായത്തിനുള്ള അപേക്ഷ നിശ്ചിത അപേക്ഷ ഫോറത്തിൽ അനുബന്ധ രേഖകളോടൊപ്പം അതത് പ്രദേശത്തെ സർക്കാർ മൃഗാശുപത്രിയിൽ കർഷകർ സമർപ്പിക്കേണ്ടതാണ്.

5. സാമ്പത്തിക സഹായത്തിനുള്ള നിശ്ചിത അപേക്ഷ വാർഡ് മെമ്പർ സാക്ഷ്യപ്പെടുത്തി, വെറ്ററിനറി ഡോക്ടറുടെ വിലനിർണ്ണയ സർട്ടിഫിക്കറ്റ്, പോസ്റ്റുമോർട്ടം റിപ്പോർട്ട്, ഉരുവിന്റെ ദുരന്ത സ്ഥലത്തുവച്ചെടുത്ത ഫോട്ടോ എന്നിവ സഹിതം അപേക്ഷ ബന്ധപ്പെട്ട വെറ്ററിനറി സർജൻ ജില്ലാ മൃഗസംരക്ഷണ ഓഫീസർക്ക് സമർപ്പിക്കണം.

6. നഷ്ടപരിഹാര അപേക്ഷയോടൊപ്പം സംസ്ഥാന മൃഗസംരക്ഷണ

വകുപ്പിൽ സേവനമനുഷ്ഠിക്കുന്ന വെറ്ററിനറി ഡോക്ടർ നൽകുന്ന പോസ്റ്റുമോർട്ടം റിപ്പോർട്ട് നിർബന്ധമാണ്. പോസ്റ്റുമോർട്ടം ചെയ്ത വെറ്ററിനറി സർജന്റെ പേര്, ഔദ്യോഗിക മുദ്ര, രജിസ്റ്റർ നമ്പർ എന്നിവ റിപ്പോർട്ടിൽ രേഖപ്പെടുത്തണം. കൂടാതെ ആന്ത്രാക്സ്, റാബീസ്, ലംപിസ്കിൻ എന്നീ രോഗങ്ങളുടെ കാര്യത്തിൽ പോസ്റ്റുമോർട്ടം നടത്താത്തപക്ഷം റിപ്പോർട്ടിൽ മരണകാരണം വ്യക്തമാക്കിയിരിക്കണം.

7. ഇൻഷ്വറൻസ് ലഭിച്ചിട്ടില്ലെന്നതിന് വെറ്ററിനറി സർജൻ സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റ് ജില്ലാ കളക്ടറുടെ ധനസഹായം ലഭിച്ചിട്ടില്ലെന്നതിന് കർഷകന്റെ സത്യവാങ്മൂലം എന്നിവ അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്.

8. ജില്ലാതലത്തിലുള്ള അപേക്ഷകൾ അതത് ജില്ലാ മൃഗസംരക്ഷ ഓഫീസിലെ ഡെപ്യൂട്ടി ഡയറക്ടർമാർ (എ.എച്ച്.) അധ്യക്ഷനായ സമിതി പരിശോധിക്കേണ്ടതും അർഹരായവരെ കണ്ടെത്തി നഷ്ടപരിഹാരം ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്.

നഷ്ടപരിഹാരതുക സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി

ചേർക്കുന്നു+.

(ബി) കന്നുകാലികളെ ഇൻഷ്വർ ചെയ്യാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്ത് 2016-17 സാമ്പത്തികവർഷം മുതൽ 60% കേന്ദ്ര സർക്കാർ ധനസഹായത്തോടെയും 40% സംസ്ഥാന സർക്കാർ ധനസഹായത്തോടെയും ചേർത്തുള്ള എൻ.എൽ.എം. കന്നുകാലി ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. 2017-18 സാമ്പത്തിക വർഷം മുതൽ 100% സംസ്ഥാന സർക്കാർ ധനസഹായത്തോടെ ഗോസമൃദ്ധി സമഗ്ര കന്നുകാലി ഇൻഷ്വറൻസ് പദ്ധതിയും നടപ്പിലാക്കിവരുന്നുണ്ട്. 65,000 രൂപ വരെ മതിപ്പുവിലയുള്ള പശുക്കൾക്ക് പ്രീമിയം തുകയിൽ ജനറൽ വിഭാഗത്തിന് 50% സബ്സിഡിയും SC/ST വിഭാഗത്തിൽ വരുന്ന കർഷകർക്ക് 70% സബ്സിഡിയും നൽകുന്നു.

ഉരുക്കളുടെ മരണം (death), പാൽ ഉൽപാദനക്ഷമതയിലും പ്രത്യുൽപാദന ക്ഷമതയിലുമുണ്ടാകുന്ന നഷ്ടം (PTD), എന്നിവയ്ക്കുള്ള പരിരക്ഷയാണ് ഇൻഷ്വറൻസ് പദ്ധതിയുടെ പരിധിയിൽവരുന്നത്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഇൻഷ്വറൻസ് പദ്ധതിക്ക് ഒരു വർഷം, മൂന്ന് വർഷം എന്നിങ്ങനെ രണ്ട് പരിരക്ഷാ കാലയളവുകളാണുള്ളത്. ഏഴ് ലിറ്ററോ അതിൽ കൂടുതലോ പാലുതരുന്ന, 2 മുതൽ 10 വയസ്സ് വരെ പ്രായമുള്ള പശുക്കൾക്കും എരുമകൾക്കുമായാണ് ഇൻഷ്വറൻസ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. മൂന്നാമത്തെ ട്രൈമസ്റ്റർ ഗർഭാവസ്ഥ അഥവാ 7 മാസത്തിന് മുകളിൽ ചെനയുള്ള കിടാരികൾക്കും ഈ ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നതാണ്.

നടപ്പ് സാമ്പത്തിക വർഷം 65,000 രൂപവരെ മതിപ്പുവിലയുള്ള പശുക്കൾക്ക് ഒരു വർഷ പദ്ധതിയിൽ 4.48%, മൂന്ന് വർഷ പദ്ധതിയിൽ 10.98% പ്രീമിയം നിരക്കിൽ കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് മുഖേനയാണ് കന്നുകാലി ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നത്. പ്രസ്തുത വർഷം കുറഞ്ഞത് 40565 ഉരുക്കൾക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകാൻ സാധിക്കും.

(സി) സ്ഥലസൗകര്യം കുറവുള്ള ക്ഷീരകർഷകരുടെ കന്നുകാലികൾ മരണപ്പെടുമ്പോൾ മറവുചെയ്യാൻ നിലവിൽ എന്തെല്ലാം സംവിധാനങ്ങളാണ് ഒരുക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

നിലവിൽ മൃഗസംരക്ഷണ വകുപ്പ് കർഷകർക്ക് അത്തരം സംവിധാനങ്ങൾ ഒരുക്കിയിട്ടില്ല.

(ഡി) ക്ഷീരകർഷകരുടെ ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് ഇതിനായി പൊതു ശ്മശാനത്തിൽ സ്ഥലം അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

ബാധകമല്ല.

പരിയാരം ഗവൺമെന്റ് വെറ്ററിനറി ക്ലിനിക്ക്

346(1919) ശ്രീ. ചാണ്ടി ഉമ്മൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിൽ അത്യാധുനിക ലാബ് സൗകര്യമുള്ള എത്ര വെറ്ററിനറി ക്ലിനിക്കുകളുണ്ട്; ഏതൊക്കെ; വ്യക്തമാക്കാമോ?

കോട്ടയം ജില്ലയിൽ, മൃഗസംരക്ഷണ വകുപ്പിന് കീഴിൽ, ലാബ് സൗകര്യമുള്ള ചുവടെപ്പറയുന്ന മൂന്ന് വെറ്ററിനറി പോളി ക്ലിനിക്കുകൾ നിലവിലുണ്ട്:-

1) വെറ്ററിനറി പോളിക്ലിനിക്, പരിയാരം

2) വെറ്ററിനറി പോളിക്ലിനിക്, ചങ്ങനാശ്ശേരി

3) വെറ്ററിനറി പോളി ക്ലിനിക്, കാഞ്ഞിരപ്പള്ളി.

(ബി) ഇവയിൽ അത്യാധുനിക ലാബ് ഉപകരണങ്ങൾ പ്രവർത്തിപ്പിക്കുന്നതിനായി ലാബ് ടെക്നീഷ്യന്മാരെ നിയമിച്ചിട്ടുണ്ടോ; ലാബ് ടെക്നീഷ്യന്മാരുടെ അഭാവം നിമിത്തം ഏതെങ്കിലും ക്ലിനിക്കിൽ ലാബ് സൗകര്യം ഉപയോഗപ്പെടുത്താനാവാത്ത സാഹചര്യമുണ്ടോ, വിശദമാക്കുമോ?

നിലവിൽ കോട്ടയം ജില്ലയിൽ ലാബ് സൗകര്യമുള്ള വെറ്ററിനറി പോളി ക്ലിനിക്കുകളിൽ ലാബോറട്ടറി ടെക്നീഷ്യന്റെ തസ്തിക നിലവിലുണ്ട്. എന്നാൽ കാഞ്ഞിരപ്പള്ളി വെറ്ററിനറി പോളിക്ലിനിക്കിൽ ലബോറട്ടറി ടെക്നീഷ്യന്റെ തസ്തിക നിലവിലുണ്ടെങ്കിലും പി.എസ്.സി. റാങ്ക് ലിസ്റ്റ് ഇല്ലാത്തതിനാൽ സ്ഥിരനിയമനം നടത്തിയിട്ടില്ലാത്തതും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം ലഭിച്ച വ്യക്തി ജോലി ഉപേക്ഷിച്ചുപോയതിനാൽ പുതിയ താൽക്കാലിക നിയമനത്തിനായി ആളെ നിയമിക്കുന്നതിന് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ അറിയിപ്പ് നൽകിയിരിക്കുകയുമാണ്. ലാബോറട്ടറി ടെക്നീഷ്യന്റെ നിയമനത്തോടെ ലാബ് സൗകര്യം ഉപയോഗപ്പെടുത്താനാവാത്ത സാഹചര്യം ഇല്ലാതാകുന്നതാണ്.

(സി) കഴിഞ്ഞ 8 വർഷത്തിനുള്ളിൽ കോട്ടയം ജില്ലയിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന എതൊക്കെ വെറ്ററിനറി ക്ലിനിക്കിന്റെ സേവനം പകൽ സമയം മാത്രമാക്കി നിശ്ചയിച്ചിട്ടുണ്ടെന്നും ഏതൊക്കെ ക്ലിനിക്കിൽ പുതുതായി 24 മണിക്കൂർ സേവനം ഏർപ്പെടുത്തിയെന്നുമുള്ള വിവരം ഇപ്രകാരം പുതുക്കി നിശ്ചയിക്കാനാധാരമാക്കിയ മാനദണ്ഡങ്ങൾ സഹിതം വിശദമാക്കുമോ?

കോട്ടയം ജില്ലയിലെ കാഞ്ഞിരപ്പള്ളി വെറ്ററിനറി പോളിക്ലിനിക്ക്, വൈക്കം വെറ്ററിനറി ഹോസ്പിറ്റൽ എന്നീ സ്ഥാപനങ്ങളെയാണ് 19-08-2020-ലെ സ.ഉ.(സാ.ധാ)നം.251/2020/എ.എച്ച്.ഡി. ഉത്തരവ് പ്രകാരം 24 മണിക്കൂറും പ്രവർത്തിക്കുന്ന സ്ഥാപനങ്ങളായി ഉയർത്തിയത്. കോട്ടയം ജില്ലയിൽ നിലവിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന വെറ്ററിനറി ക്ലിനിക്കിന്റെ സേവനം പകൽ സമയം മാത്രമായി ചുരുക്കിയിട്ടില്ല.

(ഡി) പുതുപ്പള്ളി പരിയാരം ഗവൺമെന്റ് വെറ്ററിനറി ക്ലിനിക്കിൽ അത്യാധുനിക ലാബ് ഉൾപ്പെടെ എല്ലാ സൗകര്യവും ലഭ്യമായിരുന്നിട്ടും 24 മണിക്കൂർ പ്രവർത്തനം ഒഴിവാക്കി പകൽ സമയംമാത്രം

പ്രവർത്തിക്കുന്നതിന് ഉത്തരവ് നൽകിയത് എന്തടിസ്ഥാനത്തിലാണെന്ന് അറിയിക്കുമോ; ആയത് 24 മണിക്കൂർ പ്രവർത്തിക്കുന്ന ക്ലിനിക്കായി പുനഃസ്ഥാപിക്കുമോ; വിശദമാക്കാമോ?

കോട്ടയം ജില്ലയിലെ പരിയാരം വെറ്ററിനറി പോളിക്ലിനിക് 04-06-2016-ലെ സ.ഉ.(സാധാ) നം.251/2016/എ.എച്ച്.ഡി. നമ്പർ ഉത്തരവ് പ്രകാരം നിലവിൽ 2 ഷിഫ്റ്റ് അടിസ്ഥാനത്തിലാണ് പ്രവർത്തിക്കുന്നത് (8 am to 8 pm). പ്രസ്തുത സ്ഥാപനം പകൽ സമയം മാത്രം പ്രവർത്തിക്കുന്നതിന് ഉത്തരവ് നൽകിയിട്ടില്ല. പുതുപ്പള്ളി പരിയാരം ഗവൺമെന്റ് വെറ്ററിനറി പോളിക്ലിനിക്കിനെ 24 മണിക്കൂർ പ്രവർത്തിക്കുന്ന സ്ഥാപനമാക്കുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല.

മൊബൈൽ വെറ്ററിനറി യൂണിറ്റുകൾ

347(1920) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ ഏതെല്ലാം ബ്ലോക്ക് പഞ്ചായത്തുകളിലാണ് മൊബൈൽ വെറ്ററിനറി യൂണിറ്റുകളുടെ സേവനം

ലഭ്യമായിട്ടുള്ളതെന്ന് വിശദമാക്കാമോ?

തിരുവനന്തപുരം ജില്ലയിൽ നിലവിൽ നെടുമങ്ങാട്, പാറശ്ശാല എന്നീ ബ്ലോക്ക് പഞ്ചായത്തുകളിലാണ് മൊബൈൽ വെറ്ററിനറി യൂണിറ്റുകളുടെ സേവനം ലഭ്യമായിട്ടുള്ളത്.

(ബി) മൊബൈൽ വെറ്ററിനറി യൂണിറ്റുകൾ ലഭ്യമല്ലാത്ത സ്ഥലങ്ങളിൽ ആയവ എത്തിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

മൊബൈൽ വെറ്ററിനറി യൂണിറ്റുകൾ ലഭ്യമല്ലാത്ത സ്ഥലങ്ങളിൽ ആയവ എത്തിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

മൊബൈൽ വെറ്ററിനറി യൂണിറ്റുകളുടെ സേവനം

348(1921) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൊബൈൽ വെറ്ററിനറി യൂണിറ്റുകളുടെ സേവനം വാമനപുരം മണ്ഡലത്തിലെ ഏതെല്ലാം പഞ്ചായത്തുകളിലാണ് ലഭ്യമാകുന്നതെന്ന് വിശദീകരിക്കാമോ?

ബ്ലോക്ക് ആസ്ഥാനമായാണ് മൊബൈൽ വെറ്ററിനറി യൂണിറ്റുകൾ

അനുവദിച്ചിട്ടുള്ളത്. ജില്ലയിൽ നെടുമങ്ങാട്, പാറശ്ശാല ബ്ലോക്കുകളിലാണ് എം.വി.യു. സ്ഥാപിച്ചിട്ടുള്ളത്. നിലവിൽ അതിന്റെ പ്രവർത്തന പരിധിയിൽ വാമനപുരം മണ്ഡലത്തിലെ പഞ്ചായത്തുകളും ഉൾപ്പെടുന്നു.

(ബി) എന്തെല്ലാം സേവനങ്ങളാണ് പ്രസ്തുത യൂണിറ്റിൽനിന്ന് ലഭ്യമാകുന്നതെന്ന് വിശദീകരിക്കാമോ?

വളർത്തുമൃഗങ്ങളുടെ ചികിത്സ, കൃത്രിമബീജ സങ്കലനം, രോഗപ്രതിരോധ കുത്തിവയ്പ്, പ്രയാസമേറിയ പ്രസവം കൈകാര്യം ചെയ്യുക തുടങ്ങിയ പ്രവർത്തനങ്ങൾ ലഭ്യമാക്കിവരുന്നു. കർഷകരുടെ വാതിൽപ്പടിയിൽ വെറ്ററിനറി ഡോക്ടറുടെ സേവനം ലഭ്യമാക്കി മൃഗങ്ങളെ ചികിത്സിക്കുന്നു.

(സി) പ്രസ്തുത യൂണിറ്റ് ആരംഭിച്ചതിനുശേഷം എത്ര പേർക്ക് ഇതിന്റെ പ്രയോജനം ലഭിച്ചിട്ടുണ്ടെന്നും സേവനം ലഭിക്കാൻ എവിടെയാണ് ബന്ധപ്പെടേണ്ടതെന്നും വിശദമാക്കാമോ?

പ്രസ്തുത യൂണിറ്റ് ആരംഭിച്ചതിൽ 850 പേർക്ക് ഇതിന്റെ പ്രയോജനം നിലവിലുള്ള മൊബൈൽ വെറ്ററിനറി യൂണിറ്റുകൾ (നെടുമങ്ങാട്, പാറശ്ശാല) മുഖേന ലഭിച്ചിട്ടുണ്ട്. ഇതിന്റെ സേവനം ലഭിക്കുന്നതിനായി '1962' കാൾ

സെന്ററിൽ ബന്ധപ്പെടാവുന്നതാണ്.

ചെമ്മാടിൽ വെറ്ററിനറി പോളിക്ലിനിക്

349(1922) ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വെറ്ററിനറി പോളിക്ലിനിക്കുകൾ നിലവിലില്ലാത്ത താലൂക്കുകൾ ഏതെല്ലാമാണെന്ന് ജില്ല തിരിച്ച് വിശദമാക്കാമോ?

സംസ്ഥാനത്ത് വെറ്ററിനറി പോളിക്ലിനിക്കുകൾ നിലവിലില്ലാത്ത താലൂക്കുകൾ ജില്ല തിരിച്ചുള്ളത് ചുവടെ ചേർക്കുന്നു:-

ക്രമ നം.	ജില്ല	വെറ്ററിനറി പോളിക്ലിനിക്കുകൾ ഇല്ലാത്ത താലൂക്ക്
1	തിരുവനന്തപുരം	തിരുവനന്തപുരം, വർക്കല, കാട്ടാക്കട, ചിറയിൻകീഴ്
2	കൊല്ലം	പത്തനാപുരം, കൊട്ടാരക്കര
3	പത്തനംതിട്ട	കോന്നി, കോഴഞ്ചേരി, മല്ലപ്പള്ളി
4	ആലപ്പുഴ	അമ്പലപ്പുഴ
5	കോട്ടയം	വൈക്കം
6	ഇടുക്കി	ഉടുമ്പൻചോല, തൊടുപുഴ, പീരുമേട്
7	എറണാകുളം	കുന്നത്തുനാട്, കോതമംഗലം,
8	തൃശ്ശൂർ	ചാവക്കാട്
9	മലപ്പുറം	തിരൂരങ്ങാടി, കൊണ്ടോട്ടി
10	പാലക്കാട്	പാലക്കാട്, പട്ടാമ്പി, അട്ടപ്പാടി
11	കോഴിക്കോട്	കോഴിക്കോട്, താമരശ്ശേരി

12	വയനാട്	വൈത്തിരി
13	കണ്ണൂർ	കണ്ണൂർ
14	കാസർഗോഡ്	കാസർഗോഡ്, ഹോസ്ദുർഗ്, വെള്ളരിക്കുണ്ട്, മഞ്ചേശ്വരം (ജില്ലയിൽ പോളിക്ലിനിക്കുകൾ ഇല്ല)

(ബി) തിരുരങ്ങാടി താലൂക്കിൽ വെറ്ററിനറി പോളിക്ലിനിക് നിലവിലില്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(സി) തിരുരങ്ങാടി താലൂക്ക് ആസ്ഥാനമായ ചെമ്മാടിൽ വെറ്ററിനറി പോളിക്ലിനിക് സ്ഥാപിക്കണമെന്ന ആവശ്യത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ഡി) ചെമ്മാടിൽ നിലവിലുള്ള മൃഗാശുപത്രിയെ വെറ്ററിനറി പോളിക്ലിനിക്കായി ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

(ബി-ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തിരുരങ്ങാടി താലൂക്കിലെ വെറ്ററിനറി ഡിസ്പെൻസറിയിൽ തസ്തികകൾ സൃഷ്ടിച്ചുകൊണ്ട് വെറ്ററിനറി പോളിക്ലിനിക്കായി ഉയർത്തുന്നതിന് മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നെങ്കിലും സർക്കാരിന് അധിക സാമ്പത്തിക

ബാധ്യത വരുമെന്നതിനാൽ ഇപ്പോൾ പരിഗണിക്കുന്നില്ല.

പന്നിഷനി മൂലം കർഷകർക്കുണ്ടാകുന്ന സാമ്പത്തിക നഷ്ടം

350(1923) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പന്നിപ്പനി ബാധിച്ച ഫാമുകൾക്ക് സമീപമുള്ള ഫാമുകളിലെ എല്ലാ പന്നികളെയും കൊല്ലുന്നതുമൂലം പന്നി കർഷകർക്ക് വലിയ സാമ്പത്തിക നഷ്ടം ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പന്നിപ്പനി ബാധിക്കാത്ത പന്നികളെ കൊല്ലുന്നതിനുപകരം പരിശോധന നടത്തി പനി ബാധിച്ച പന്നികളെ മാത്രം കൊല്ലുന്നതിന് നടപടി സ്വീകരിക്കാമോ; വിശദമാക്കാമോ?

പന്നികളെ ബാധിക്കുന്ന മാരകവും അതിസാംക്രമികവുമായ വൈറസ് രോഗമാണ് ആഫ്രിക്കൻ സ്വൈൻ ഫീവർ (African Swine Fever). ഇതിന് ഫലപ്രദമായ വാക്സിനോ ചികിത്സയോ ഇല്ല. പന്നികളിൽ ഉയർന്ന

മരണനിരക്കാണുണ്ടാകുന്നത്. രോഗമുള്ള പന്നികളുമായിട്ടുള്ള സമ്പർക്കം, swill feeding, രോഗമേഖലയിൽ പ്രവേശിക്കുന്ന വാഹനങ്ങൾ, ഉപകരണങ്ങൾ തുടങ്ങിയവമൂലമാണ് ഈ രോഗം പടരുന്നത്. പന്നികളിൽ എല്ലാ പ്രായത്തിലുമുള്ള ജനുസ്സുകളെ ഇതുബാധിക്കുന്നു. ഇത് മനുഷ്യരെ ബാധിക്കുന്ന രോഗമല്ല. രോഗം ബാധിച്ച പന്നികൾ 100% മരണപ്പെടും.

കേന്ദ്ര സർക്കാർ നിഷ്കർഷിച്ചിട്ടുള്ള നിയന്ത്രണ മാർഗരേഖയായ "National Action Plan for Control, Containment & Eradication of ASF" പ്രകാരം, രോഗത്തിന്റെ പ്രഭവകേന്ദ്രത്തിന്റെ ഒരു കി.മീ. ചുറ്റളവിലുള്ള പന്നികളെ നശിപ്പിക്കുകയും (Culling) പ്രഭവകേന്ദ്രത്തിന് പുറത്ത് 10 കി.മീ. ചുറ്റളവിലെ പ്രദേശങ്ങളിൽ രോഗനിരീക്ഷണം കാര്യക്ഷമമായി നടത്തുകയും പന്നികളുടെയും അതുമായി ബന്ധപ്പെട്ട ഉൽപന്നങ്ങളുടെയും അകത്തേക്കും പുറത്തേക്കുമുള്ള പോക്ക്-വരവ് തടയുകയും ചെയ്യേണ്ടതാണ്. കേന്ദ്രസർക്കാരിന്റെ മാർഗരേഖകളിൽ പറഞ്ഞിരിക്കുന്ന എല്ലാ നടപടിക്രമങ്ങളും പാലിക്കാൻ സംസ്ഥാന സർക്കാരിന് ഉത്തരവാദിത്വമുണ്ട്. അതിനാൽ രോഗം ബാധിച്ച പന്നികളെ മാത്രം കൊല്ലുവാൻ (കള്ളിങ്)

സാധിക്കുകയില്ല.

കേന്ദ്രസർക്കാരിന്റെ മാർഗരേഖ കൃത്യമായി പാലിച്ചാൽ മാത്രമെ സംസ്ഥാന സർക്കാരിന് 'കൾ' (cull) ചെയ്യുന്ന പന്നികൾക്കുള്ള നഷ്ടപരിഹാരം (compensation) കർഷകർക്ക് അനുവദിക്കാൻ സാധിക്കുകയുള്ളൂ.

പാൽ ഉൽപാദനം

351(1924) ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യത്തിന് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2010 മുതൽ നാളിതുവരെ കേരളത്തിന്റെ പാൽ ഉൽപാദനം എത്രയെന്നത് സംബന്ധിച്ച വിവരം വർഷം തിരിച്ചു ലഭ്യമാക്കുമോ?

2010 മുതൽ നാളിതുവരെ കേരളത്തിന്റെ പാൽ ഉൽപാദനം എത്രയെന്നത് സംബന്ധിച്ച് മൃഗസംരക്ഷണ വകുപ്പിന്റെ ഇന്റഗ്രേറ്റഡ് സാമ്പിൾ സർവെ പ്രകാരം ലഭ്യമാക്കിയ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

സാമ്പത്തിക വർഷം	പാൽ ഉൽപാദനം (ടൺ കണക്കിൽ)
2010-11	2643.35
2011-12	2716.85

2012-13	2791.61
2013-14	2653.68
2014-15	2711.13
2015-16	2649.72
2016-17	2520.29
2017-18	2575.98
2018-19	2548.68
2019-20	2544.35
2020-21	2533.88
2021-22	2532.46
2022-23	2579.76
2023-24	2579.99

2020-21 മുതൽ ക്ഷീരവികസന വകുപ്പ് മാവേലിക്കര നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ

352(1925) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യത്തിന് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2020-21 മുതൽ ക്ഷീരവികസന വകുപ്പ് മാവേലിക്കര നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കാമോ?

മാവേലിക്കര നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമനം	സാമ്പത്തിക വർഷം	പദ്ധതിയുടെ പേര്	ചെലവഴിച്ച തുക (രൂപയിൽ)
1	2020-21	ക്ഷീരസംഘങ്ങൾക്കുള്ള ധനസഹായം	17,51,112
2		മിൽക്ക്ഷെഡ് ഡെവലപ്മെന്റ് പദ്ധതി	70,16,150
3		തീറ്റപ്പുൽ കൃഷി വികസനം	5,06,007
4		റൂറൽ ഡയറി എക്സ്റ്റൻഷൻ സർവീസ്	60,000
1	2021-22	ക്ഷീരസംഘങ്ങൾക്കുള്ള ധനസഹായം	12,47,870
2		മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പദ്ധതി	28,98,500
3		തീറ്റപ്പുൽ കൃഷി വികസനം	3,69,506
4		ക്യാറ്റിൽ ഫീഡ് സബ്സിഡി	1,86,392
5		റൂറൽ ഡയറി എക്സ്റ്റൻഷൻ സർവീസ്	1,78,500
1	2022-23	ക്ഷീരസംഘങ്ങൾക്കുള്ള ധനസഹായം	16,85,072
2		മിൽക്ക്ഷെഡ് ഡെവലപ്മെന്റ് പദ്ധതി	15,05,200
3		തീറ്റപ്പുൽ കൃഷി വികസനം	19,30,022
4		റൂറൽ ഡയറി എക്സ്റ്റൻഷൻ സർവീസ്	2,01,000
5		ക്യാറ്റിൽ ഫീഡ് സബ്സിഡി	28,46,824
1	2023-24	ക്ഷീരസംഘങ്ങൾക്കുള്ള ധനസഹായം	11,54,595
2		മിൽക്ക്ഷെഡ് ഡെവലപ്മെന്റ് പദ്ധതി	8,18,190
3		തീറ്റപ്പുൽ കൃഷി വികസനം	3,77,697
4		റൂറൽ ഡയറി എക്സ്റ്റൻഷൻ സർവീസ്	1,38,000
5		ക്യാറ്റിൽ ഫീഡ് സബ്സിഡി	10,63,702
1	2024-25	ക്ഷീരസംഘങ്ങൾക്കുള്ള ധനസഹായം	3,21,099
2		മിൽക്ക്ഷെഡ് ഡെവലപ്മെന്റ് പദ്ധതി	37,20,000
3		തീറ്റപ്പുൽ കൃഷി വികസനം	1,98,470
4		റൂറൽ ഡയറി എക്സ്റ്റൻഷൻ സർവീസ്	1,35,000

5		ക്യാറ്റിൽ ഫീഡ് സബ്സിഡി	1,57,000
	ആകെ		3,04,65,908

കല്ല്യാശ്ശേരി മണ്ഡലത്തിലെ ക്ഷീരഗ്രാമം പദ്ധതി

353(1926) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ ഏതൊക്കെ പഞ്ചായത്തുകളെയാണ് ക്ഷീരഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ ചെറുതാഴം ഗ്രാമ പഞ്ചായത്തിലാണ് ക്ഷീരഗ്രാമം പദ്ധതി നടപ്പിലാക്കുന്നത്.

(ബി) ക്ഷീരഗ്രാമം പദ്ധതിയിലുൾപ്പെട്ട ഗ്രാമപഞ്ചായത്തുകൾക്ക് എന്തൊക്കെ ആനുകൂല്യങ്ങളാണ് നൽകി വരുന്നതെന്ന് വിശദമാക്കാമോ?

ക്ഷീരവികസന വകുപ്പിൽ നിന്നുള്ള ധനസഹായമായി 7 പേർക്ക് രണ്ട് പശു യൂണിറ്റിന് 4,20,000/- രൂപ, 2 പേർക്ക് രണ്ട് പശു യൂണിറ്റിന് 3,00,000/- രൂപ ആവശ്യാധിഷ്ഠിത ധനസഹായമായി 2,50,000/- രൂപ, കർഷക മൈത്രി, ക്വാളിറ്റി അവയർനസ് പ്രോഗ്രാം എന്നിവയ്ക്ക് 19,500/-

രൂപ, ഡോക്യുമെന്റേഷന് 10,500/- എന്നിങ്ങനെ ആകെ ക്ഷീര വികസന വകുപ്പിന്റെ വിഹിതം 10,00,000/- രൂപയാണ്.

ഗ്രാമ പഞ്ചായത്ത് – ജില്ലാ പഞ്ചായത്ത് സംയുക്ത പദ്ധതിയായിട്ടാണ് നടപ്പിലാക്കുന്നത്. 10,20,000/- രൂപ ഗ്രാമ പഞ്ചായത്ത് വിഹിതവും 7,20,000/- ജില്ലാ പഞ്ചായത്ത് വിഹിതവും 17,40,000/- ഗുണഭോക്തൃ വിഹിതവുമായി ആകെ 34,80,000/-രൂപ. 58 കറവപ്പശുക്കളെ വാങ്ങുന്നതിനാണ് പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുള്ളത്.

ക്ഷീരഗ്രാമം പദ്ധതി

354(1927) ശ്രീമതി ശാന്തകുമാരി കെ.:
ശ്രീ. കെ. ആൻസലൻ:
ശ്രീ. എം. രാജഗോപാലൻ:
ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദായകരമായ ക്ഷീരോല്പാദനം ഉറപ്പാക്കുന്നതിനും പാൽ ഉൽപാദനത്തിൽ സ്വയംപര്യാപ്തത നേടുന്നതിനുമായി ക്ഷീരഗ്രാമം എന്ന പദ്ധതിക്ക് രൂപംനൽകിയിട്ടുണ്ടോ; എങ്കിൽ എന്തൊക്കെ കാര്യങ്ങളാണ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നതെന്ന് വിശദമാക്കുമോ?

ആദായകരമായ ക്ഷീരോൽപാദനം ഉറപ്പാക്കുന്നതിനും പാൽ ഉൽപാദനത്തിൽ സ്വയംപര്യാപ്തത നേടുന്നതിനുമായി ക്ഷീരഗ്രാമം പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. ക്ഷീരവികസന വകുപ്പിന്റെ പ്ലാൻ ഫണ്ട് കൂടാതെ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതം കൂടി ഉൾപ്പെടുത്തിയാണ് ക്ഷീരഗ്രാമം പദ്ധതി നടപ്പിലാക്കുന്നത്.

ഉരുക്കളെ വാങ്ങൽ, കറവയന്ത്രം, കറവപ്പശുക്കൾക്ക് കാലിത്തീറ്റ, ചാണകക്കുഴി നിർമ്മാണം എന്നീ ഘടകപദ്ധതികൾ പഞ്ചായത്തിന്റെ വികസന ഫണ്ടുപയോഗിച്ചും ഉരുക്കളെ വാങ്ങൽ, ഡയറി ഫാം അടിസ്ഥാന സൗകര്യം വർധിപ്പിക്കൽ, തീറ്റപ്പുൽക്കൃഷി, തീറ്റപ്പുൽക്കൃഷി യന്ത്രവത്കരണവും ആധുനികവത്കരണവും സബ്സിഡി നിരക്കിൽ തീറ്റപ്പുൽ/വൈക്കോൽ, സൈലേജ് ധാതുലവണ മിശ്രിതം വിതരണം എന്നീ പദ്ധതികൾ വകുപ്പിന്റെ ഫണ്ടുപയോഗിച്ചും നടപ്പിലാക്കുന്നു. ക്ഷീരകർഷകരുടെ സാമൂഹിക, സാമ്പത്തിക ഉന്നമനം ലക്ഷ്യമാക്കി പാൽ ഉൽപാദനത്തിൽ സ്വയംപര്യാപ്തത നേടുന്നതിനും ഗുണനിലവാരമുള്ള പാൽ ഉപഭോക്താക്കൾക്ക് ഉറപ്പാക്കുന്നതിനും പാൽ ഉൽപാദനച്ചെലവ്

കുറയ്ക്കുന്നതിനുമായുള്ള പദ്ധതികളാണ് ക്ഷീര ഗ്രാമം പദ്ധതിയിലൂടെ വിഭാവനം ചെയ്തിരിക്കുന്നത്.

(ബി) സ്വയംപര്യാപ്ത ക്ഷീരകേരളം എന്ന ലക്ഷ്യം നേടുന്നതിനും ക്ഷീരകർഷകരുടെ സാമൂഹ്യ സാമ്പത്തിക ഉന്നമനം ഉറപ്പുവരുത്തുന്നതിനും പ്രസ്തുത പദ്ധതി എത്രത്തോളം സഹായകമാണ്; വിശദാംശം നൽകുമോ?

പദ്ധതിയുടെ ഭാഗമായി ഉരുക്കളെ അന്യസംസ്ഥാനത്തുനിന്നും വാങ്ങി എത്തിക്കുന്നതിനാൽ സംസ്ഥാനത്തെ കന്നുകാലി സമ്പത്ത് വർധിപ്പിക്കുന്നതിനും അതുവഴി പാൽ ഉൽപാദനം മെച്ചപ്പെടുത്തുന്നതിനും കഴിയുന്നു. ഇത് ആത്യന്തികമായി സ്വയംപര്യാപ്ത ക്ഷീരകേരളം എന്ന ലക്ഷ്യം നേടുന്നതിന് സഹായകമാണ്. പാൽ ഉൽപാദന ചെലവ് കുറയ്ക്കുന്ന വിവിധ ഘടക പദ്ധതികളും ഉരുക്കളുടെ ആരോഗ്യ സംരക്ഷണത്തിനായുള്ള പദ്ധതികളും ഉൾപ്പെടുത്തിയിരിക്കുന്നതിനാൽ ക്ഷീരഗ്രാമം പദ്ധതി ക്ഷീരകർഷകരുടെ സാമൂഹിക സാമ്പത്തിക ഉന്നമനം ഉറപ്പുവരുത്തുന്നതിന് സഹായകരമാകുന്നു.

ക്ഷീരസാന്ത്വനം ഇൻഷ്വറൻസ് പദ്ധതി

355(1928) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിന് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ക്ഷീരകർഷകർക്കായുള്ള 'ക്ഷീരസാന്ത്വനം ഇൻഷ്വറൻസ് പദ്ധതി'യുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര കർഷകർക്ക് പ്രസ്തുത പദ്ധതിയുടെ ഗുണം ലഭിച്ചുവെന്ന് വ്യക്തമാക്കാമോ?

കേരള ക്ഷീരകർഷക ക്ഷേമനിധിയിൽ അംഗങ്ങളായ ക്ഷീരകർഷകർക്ക് ആരോഗ്യ സുരക്ഷിതത്വവും ആശ്വാസവും ഉറപ്പാക്കുന്നതിനാണ് ക്ഷീര സാന്ത്വനം ഇൻഷ്വറൻസ് പദ്ധതി രൂപീകരിച്ചത്. ക്ഷീരകർഷകരുടെ ആരോഗ്യത്തിനും ജീവനും സുരക്ഷിതത്വം ലഭിക്കുന്നതിനാൽ പദ്ധതി വളരെയധികം പ്രാധാന്യം അർഹിക്കുന്നു. യാതൊരുവിധ ആരോഗ്യ പരിശോധനകളും കൂടാതെതന്നെ 80 വയസ്സ് വരെ പ്രായമുള്ള ക്ഷീരകർഷകർക്ക് പദ്ധതിയിൽ ചേരാമെന്നതും നിലവിലുള്ള അസുഖങ്ങൾക്കുകൂടി പദ്ധതിയിൽ പരിരക്ഷ ലഭിക്കുമെന്നതും ഈ പദ്ധതിയുടെ മാത്രം പ്രത്യേകതയാണ്. 2024-25-ൽ ഇ-ടെൻഡർ മുഖാന്തരം

തിരഞ്ഞെടുത്ത ന്യൂ ഇന്ത്യ അഷ്വറൻസ് കമ്പനിയും ലൈഫ് ഇൻഷ്വറൻസ് കോർപ്പറേഷൻ ഓഫ് ഇന്ത്യയും ആണ് നിർവഹണ ഏജൻസികൾ. ആരോഗ്യ പരിരക്ഷ ന്യൂ ഇന്ത്യ അഷ്വറൻസ് കമ്പനിയും ജീവനുള്ള സുരക്ഷ എൽ.ഐ.സി.-യും ഉറപ്പാക്കുന്നു. AMEX ഇൻഷ്വറൻസ് ബ്രോക്കേഴ്സ് എന്ന കമ്പനിയെയാണ് പദ്ധതിയുടെ ബ്രോക്കിങ് ഏജൻസിയായി തിരഞ്ഞെടുത്തിട്ടുള്ളത്. പദ്ധതി ധനസഹായത്തിനായി സംസ്ഥാന സർക്കാർ ക്ഷീരവികസന വകുപ്പുവഴി 1.5 കോടി രൂപയും മിൽമയുടെ മൂന്ന് മേഖലാ യൂണിയനുകളിൽ നിന്നുമായി 90 ലക്ഷം രൂപയും ക്ഷീരകർഷക ക്ഷേമനിധി വിഹിതമായ 3.37 കോടി രൂപയും ഇൻഷ്വറൻസ് പദ്ധതിക്കായി **നീക്കിവച്ചിട്ടുണ്ട്. ക്ഷീരകർഷക ക്ഷേമനിധി ബോർഡിൽ അംഗങ്ങളായ ക്ഷീരകർഷകർക്കും കുടുംബാംഗങ്ങൾക്കും ക്ഷീരസംഘം ജീവനക്കാർക്കും പദ്ധതിയിൽ ചേരാവുന്നതാണ്. സബ്സിഡി വിഹിതം ക്ഷേമനിധി അംഗങ്ങൾക്ക് മാത്രമായി നിജപ്പെടുത്തിയിരിക്കുന്നു. ക്ഷീരസാന്ത്വനം ഇൻഷ്വറൻസ് പദ്ധതിയിൽ അംഗങ്ങളാ**കുന്നവർക്ക് ആരോഗ്യസുരക്ഷാ പോളിസി, അപകട സുരക്ഷാ പോളിസി, ലൈഫ് ഇൻഷ്വറൻസ് പോളിസി എന്നീ മൂന്ന് വിഭാഗങ്ങളുടെ

പരിരക്ഷ ലഭിക്കുന്നു. ആരോഗ്യസുരക്ഷാ പോളിസിയുടെ ഭാഗമായി കുടുംബാംഗങ്ങൾക്ക് രണ്ട് ലക്ഷം രൂപ വരെയുള്ള ചികിത്സാ സഹായം പണചെലവില്ലാതെ ലഭ്യമാണ്. അപകടസുരക്ഷ പോളിസി പ്രകാരം ക്ഷീരസാന്ത്വനം പദ്ധതിയിൽ അംഗത്വമെടുത്ത വ്യക്തികൾക്ക് അപകട മരണങ്ങൾക്കും സ്ഥായിയായ അംഗവൈകല്യങ്ങൾക്കും 7 ലക്ഷം രൂപ ധനസഹായം നൽകുന്നു. കൂടാതെ 25 വയസ്സ് വരെയുള്ള 2 കുട്ടികൾക്ക് ഇരുപത്തി അയ്യായിരം രൂപ വീതം അൻപതിനായിരം രൂപ വിദ്യാഭ്യാസ ധനസഹായം ലഭിക്കുന്നതുമാണ്. ലൈഫ് ഇൻഷ്വറൻസ് പദ്ധതി പ്രകാരം സാധാരണ മരണങ്ങൾക്ക് ഒരുലക്ഷം രൂപയും നൽകുന്നു. എൽ.ഐ.സി. പോളിസിയിൽ 60 വയസ്സ് വരെ മാത്രമെ ചേരാൻ സാധിക്കുകയുള്ളൂ. കേരളത്തിലുടനീളം 296 ആശുപത്രികളിൽ ക്യാഷ് ലെസ് സൗകര്യം ലഭ്യമാണ്. ഇതുകൂടാതെ ഏത് ആശുപത്രിയിൽ ചികിത്സ നേടിയാലും റീഇംബേഴ്സ്മെന്റ് വഴി ധനസഹായം ലഭിക്കും. ആശുപത്രി വാസത്തിന് ഒരു മാസം മുമ്പും ആശുപത്രി വാസത്തിന് ശേഷമുള്ള 2 മാസവും തുടർചികിത്സാ ധനസഹായം ലഭിക്കും. ക്ഷീരസാന്ത്വനം പദ്ധതിയിൽ

അംഗമാകുന്നതിന് ഒരു കർഷകന് 6,350/- രൂപയാണ് പ്രീമിയം തുകയായി നിശ്ചയിച്ചിട്ടുള്ളത്. ആയതിന്റെ 50% തുകയായ 3,175/- രൂപ ക്ഷേമനിധി ധനസഹായമായി നൽകുന്നു. തൻവർഷം 18,200 ക്ഷീരകർഷകരെ പദ്ധതി ധനസഹായത്തിനായി തിരഞ്ഞെടുക്കാൻ തീരുമാനിച്ചിട്ടുണ്ട്. ധനസഹായം കൂടാതെ മറ്റ് ക്ഷേമനിധി അംഗങ്ങൾക്കും ജീവനക്കാർക്കും പദ്ധതിയിൽ ചേരാൻ കഴിയുന്നു.

2023-24 സാമ്പത്തിക വർഷം മുതലാണ് കേരള ക്ഷീരകർഷക ക്ഷേമനിധി ബോർഡ് ക്ഷീരസാന്ത്വനം പദ്ധതി നടപ്പിലാക്കി വരുന്നത്. 2023-24-ൽ 18189 പേർക്ക് 1725/-രൂപ നിരക്കിൽ 3,13,76,025/- രൂപയുടെയും 2024-25-ൽ 15034 പേർക്ക് 3175/-രൂപ നിരക്കിൽ 4,77,32,950/-രൂപയുടെയും പദ്ധതി ആനുകൂല്യം ലഭിച്ചിട്ടുണ്ട്.

ക്ഷീരഗ്രാമം പദ്ധതി

356(1929) ശ്രീ. എം. എം. മണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷീരഗ്രാമം പദ്ധതിയിൽ പഞ്ചായത്തുകളെ

തിരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

ക്ഷീരമേഖലയ്ക്ക് സാധ്യമായതും ക്ഷീരവികസനത്തിന് അനുയോജ്യമായതുമായ പഞ്ചായത്തുകളിലാണ് ക്ഷീരഗ്രാമം പദ്ധതി നടപ്പിലാക്കുന്നത്. ക്ഷീരകർഷകരുടെ എണ്ണം, ക്ഷീരസഹകരണ സംഘങ്ങളുടെ എണ്ണം, പശുക്കളുടെ എണ്ണം, പാൽ ഉൽപാദനം എന്നീ മാനദണ്ഡങ്ങൾ കൂടാതെ ക്ഷീരഗ്രാമം പദ്ധതിക്കായി ഫണ്ട് വകയിരുത്തുന്ന പഞ്ചായത്തുകളിലാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്.

(ബി) ഈ സർക്കാർ എത്ര പഞ്ചായത്തുകളിൽ ക്ഷീരഗ്രാമം പദ്ധതി നടപ്പിലാക്കിയെന്നത് ജില്ല തിരിച്ച് വിശദാംശം നൽകുമോ?

ഈ സർക്കാർ നാളിതുവരെ 82 ഗ്രാമപഞ്ചായത്തുകളിൽ ക്ഷീരഗ്രാമം പദ്ധതി നടപ്പിലാക്കി.

സാമ്പത്തിക വർഷം	ജില്ല	പദ്ധതി നടപ്പിലാക്കിയ പഞ്ചായത്തുകളുടെ എണ്ണം
	തിരുവനന്തപുരം	6
	കൊല്ലം	11

2021-25	പത്തനംതിട്ട	3
	ആലപ്പുഴ	9
	കോട്ടയം	9
	ഇടുക്കി	4
	എറണാകുളം	4
	തൃശ്ശൂർ	6
	പാലക്കാട്	5
	മലപ്പുറം	4
	കോഴിക്കോട്	6
	വയനാട്	5
	കണ്ണൂർ	7
	കാസർഗോഡ്	3
	ആകെ	82

(സി) ഇടുക്കി ജില്ലയിലെ ഏതൊക്കെ പഞ്ചായത്തുകളിലാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ തിരഞ്ഞെടുത്തിട്ടുള്ളത്; 2021 മുതൽ ഓരോ വർഷവും പദ്ധതിക്കായി തിരഞ്ഞെടുത്തിട്ടുള്ള പഞ്ചായത്തുകൾ മണ്ഡലം തിരിച്ച് ലഭ്യമാക്കാമോ?

2021 മുതൽ 2025 വരെയുള്ള സാമ്പത്തിക വർഷത്തിൽ ഇടുക്കി ജില്ലയിലെ 4 പഞ്ചായത്തുകൾ ക്ഷീരഗ്രാമം പദ്ധതി നടപ്പിലാക്കുന്നതിന് തിരഞ്ഞെടുത്തിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷത്തിൽ വണ്ടിപെരിയാർ ഗ്രാമപഞ്ചായത്തിൽ ക്ഷീരഗ്രാമം പദ്ധതി നടപ്പിലാക്കി. 2024-25

സാമ്പത്തിക വർഷത്തിൽ കഞ്ഞിക്കുഴി, വാഴത്തോപ്പ്, കൊന്നത്തടി എന്നീ പഞ്ചായത്തുകളിലാണ് ക്ഷീരഗ്രാമം പദ്ധതി നടപ്പിലാക്കുന്നത്.

ഗുരുവായൂർ മണ്ഡലത്തിലെ ക്ഷീരഗ്രാമം പദ്ധതി

357(1930) ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ മണ്ഡലത്തിൽ ക്ഷീരഗ്രാമം പദ്ധതി നടപ്പിലാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ഓരോ വർഷവും ക്ഷീരഗ്രാമം പദ്ധതിക്ക് അപേക്ഷ ക്ഷണിച്ചുകൊണ്ട് ഗുരുവായൂർ മണ്ഡലത്തിലെ ഗ്രാമപഞ്ചായത്തുകളിലേക്കും ഗുരുവായൂർ, ചാവക്കാട് മുനിസിപ്പാലിറ്റികളിലേക്കും പദ്ധതി മാർഗരേഖ അയച്ചുകൊടുത്ത് താൽപര്യം അറിയിക്കണമെന്ന് ആവശ്യപ്പെട്ടിരുന്നു. ക്ഷീരഗ്രാമം പദ്ധതി നടപ്പിലാക്കാൻ തയ്യാറായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ആരുംതന്നെ മുന്നോട്ടുവരാത്ത സാഹചര്യത്തിൽ പദ്ധതി നടപ്പിലാക്കാൻ സാധിച്ചിട്ടില്ല.

(ബി) ഈ സർക്കാർ വന്നതിനുശേഷം പ്രസ്തുത മണ്ഡലത്തിൽ ക്ഷീരവികസന വകുപ്പ് മുഖേന നേരിട്ട് നടപ്പിലാക്കിയ പദ്ധതികളുടെ

വിശദാംശം ലഭ്യമാക്കുമോ?

ഈ സർക്കാർ വന്നതിനുശേഷം ഗുരുവായൂർ മണ്ഡലത്തിൽ ക്ഷീരവികസന വകുപ്പ് മുഖേന നേരിട്ട് നടപ്പിലാക്കിയ പദ്ധതികൾ താഴെ ചേർക്കുന്നു.

ക്രമ നം.	പദ്ധതിയുടെ പേര്	ചാവക്കാട് ബ്ലോക്ക്	തളിക്കുളം ബ്ലോക്ക്	ആകെ
1	ക്ഷീരകർഷക സമ്പർക്ക പരിപാടി	37,500/-	8,500/-	46,000/-
2	മിൽക്ക്ഷെഡ് ഡെവലപ്മെന്റ് പ്രോഗ്രാം	8,51,000/-	2,74,000	11,25,000/-
3	ക്ഷീരകർഷക സംഗമം	99,500/-	23,300/-	1,22,800/-
4	ആകസ്മിക ധനസഹായം (cattle death)	75,000/-	45,000/-	1,20,000/-
5	ഫോഡർ ഡെവലപ്മെന്റ് പ്രോഗ്രാം (തീറ്റപ്പുൽ കൃഷി, ഫോഡർ വൃക്ഷം, ഡയറി പ്രൊമോട്ടർ ഇൻസെന്റീവ്	4,91,650/-	38,462/-	5,30,112/-
6	FSSA നിയമപ്രകാരമുള്ള സൗകര്യങ്ങൾ ക്ഷീരസംഘങ്ങളിൽ സ്ഥാപിക്കൽ	45,000	-	45,000
7	മിൽക്ക് റൂട്ട് അസിസ്റ്റൻസ്	1,80,370/-		1,80,370
8	സംഘം പുനരുദ്ധാരണ ധനസഹായം	61,500/-		61,500/-
9	പുതിയ സംഘം രൂപീകരണം	61,500/-		61,500/-
10	ക്ഷീരകർഷകർക്ക് പാൽ ഇൻസെന്റീവ് (DBT)	58,538/-		58,538/-
11	കറവപ്പശുക്കൾക്ക് ധാതുലവണ മിശ്രിതം	32,300		32,300
12	ക്ഷീരതീരം	1,29,000/-		1,29,000/-
13	അതിദാരിദ്ര്യ നിർമ്മാർജനം (ഡയറി യൂണിറ്റ്)	1,98,900/-		1,98,900/-
14	ഡയറി ഫാമുകളുടെ ആധുനികവൽക്കരണം	5,80,000		5,80,000/-

15	ക്ഷീരസംഘങ്ങൾക്കുള്ള സ്പെഷ്യൽ ബൂസ്റ്റർ പ്രോഗ്രാം	1,48,460/-		148,460/-
16	കന്നുക്കുട്ടി ദത്തെടുക്കൽ	23,150/-		23,150/-
17	ജലസേചന സൗകര്യമൊരുക്കൽ		10000/-	10000/-
18	ക്ഷീരസംഘങ്ങൾക്കുള്ള ആവശ്യാധിഷ്ഠിത ധനസഹായം		1,39,985/-	1,39,985/-

ചങ്ങനാശ്ശേരി മണ്ഡലത്തിലെ ക്ഷീരഗ്രാമം പദ്ധതി

358(1931) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി മണ്ഡലത്തിൽ ഏതെല്ലാം പഞ്ചായത്തുകളെയാണ് ക്ഷീര ഗ്രാമം പദ്ധതിയിൽ നാളിതുവരെ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ക്ഷീരഗ്രാമം പദ്ധതി നടപ്പിലാക്കുന്നതിന് സന്നദ്ധത അറിയിച്ച് മുന്നോട്ടുവരുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെയാണ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നത്. അതിൻപ്രകാരം, 2024-25 സാമ്പത്തിക വർഷത്തിൽ ചങ്ങനാശ്ശേരി മണ്ഡലത്തിലെ തൃക്കൊടിത്താനം പഞ്ചായത്തിനെ ക്ഷീരഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) പദ്ധതിയുടെ ഭാഗമായി ഓരോ പഞ്ചായത്തിലും എന്തെല്ലാം പ്രവൃത്തികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

പഞ്ചായത്ത് പദ്ധതികളും വകുപ്പുതല പദ്ധതികളും ചേർത്ത് ആകെ 20,00,000/- രൂപയുടെ (ഇരുപത് ലക്ഷം രൂപ മാത്രം) പദ്ധതി പ്രവർത്തനങ്ങൾ തൃക്കൊടിത്താനം ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിവരുന്നു. വിശദവിവരം അനുബന്ധമായി ചേർക്കുന്നു+.

സൂര്യാഘാതമേറ്റ് ചത്തുപോയ പശുക്കളുടെ ഉടമകൾക്ക് നഷ്ടപരിഹാരം

359(1932) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സൂര്യാഘാതത്താൽ ചത്തുപോയ കറവപ്പശുക്കളുടെ കണക്കുകൾ ജില്ലാ അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

സംസ്ഥാനത്ത് സൂര്യാഘാതത്താൽ ചത്തുപോയ കറവപ്പശുക്കളുടെ കണക്കുകൾ ജില്ലാ അടിസ്ഥാനത്തിലുള്ളത് ചുവടെ ചേർക്കുന്നു:-

തിരുവനന്തപുരം - 45 എണ്ണം

കൊല്ലം - 65 എണ്ണം

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ആലപ്പുഴ - 47 എണ്ണം

പത്തനംതിട്ട - 34 എണ്ണം

കോട്ടയം - 10 എണ്ണം

ഇടുക്കി - 19 എണ്ണം

എറണാകുളം - 25 എണ്ണം

തൃശ്ശൂർ - 33 എണ്ണം

പാലക്കാട് - 22 എണ്ണം

മലപ്പുറം - 47 എണ്ണം

കോഴിക്കോട് - 35 എണ്ണം

വയനാട് - 6 എണ്ണം

കണ്ണൂർ - 26 എണ്ണം

കാസർഗോഡ് - 21 എണ്ണം

(ബി) ഇത്തരത്തിൽ ചത്തുപോകുന്ന പശുക്കളുടെ ഉടമകൾക്ക് നഷ്ടപരിഹാരം നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ; നിലവിൽ അനുവദിക്കുന്ന ഇൻഷ്വറൻസ് തുക വർധിപ്പിക്കുന്നതിന് നടപടികൾ

സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉണ്ട്. സംസ്ഥാനത്ത് സൂര്യാഘാതത്താൽ ചത്തുപോയ പശുക്കളുടെ ഉടമകൾക്ക് നാളിതുവരെ 1,63,12,500/- രൂപ (ഒരു കോടി അറുപത്തിമൂന്ന് ലക്ഷത്തി പന്ത്രണ്ടായിരത്തി അഞ്ഞൂറ് രൂപ മാത്രം) നഷ്ടപരിഹാരമായി നൽകിയിട്ടുണ്ട്.

ഇൻഷ്വറൻസ് തുക വർധിപ്പിക്കുന്നതിന് സാധ്യമല്ല. മൃഗസംരക്ഷണ വകുപ്പിന്റെ കന്നുകാലി ഇൻഷ്വറൻസ് പദ്ധതി മുഖേന ഇൻഷ്വറൻസ് പരിരക്ഷയുള്ള കന്നുകാലികൾ മരണപ്പെട്ടാൽ മാത്രമാണ് Accident including that due to natural calamities എന്ന വിഭാഗത്തിൽ ക്ലെയിം തുക അനുവദിക്കുന്നത്. കന്നുകാലികളുടെ മതിപ്പ് വിലയുടെ അടിസ്ഥാനത്തിലാണ് ഇൻഷ്വറൻസ് തുക കണക്കാക്കുന്നത്. 65,000/- രൂപ വരെ മതിപ്പ് വിലയുള്ള കന്നുകാലികൾക്ക് മാത്രമാണ് വകുപ്പ് മുഖേന ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നത്. എത്ര തുകയ്ക്കാണോ ഇൻഷ്വറൻസ് പരിരക്ഷ എടുത്തിട്ടുള്ളത് ആയതിന്റെ അടിസ്ഥാനത്തിലാണ് ക്ലെയിം നൽകുന്നത്. കന്നുകാലിയുടെ ആരോഗ്യസ്ഥിതി, പാൽ ഉൽപാദന ക്ഷമത എന്നിവയെല്ലാം

കണക്കാക്കിയതിന്റെ അടിസ്ഥാനത്തിൽ ഇൻഷ്വർ ചെയ്യുന്ന വെറ്ററിനറി ഡോക്ടർമാരാണ് മതിപ്പുവില കണക്കാക്കുന്നത്.

അരുവിക്കര മണ്ഡലത്തിലെ ഡയറിഫാമുകൾ

360(1933) ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യത്തിന് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അരുവിക്കര മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിൽ വ്യാവസായികാടിസ്ഥാനത്തിൽ പ്രവർത്തിക്കുന്നതും അഞ്ചിലധികം പശുക്കളുള്ളതുമായ ഡയറിഫാമുകൾ എത്രയെണ്ണം വീതമാണ് ഉള്ളതെന്ന് വ്യക്തമാക്കുമോ?

അരുവിക്കര മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിൽ വ്യാവസായികാടിസ്ഥാനത്തിൽ പ്രവർത്തിക്കുന്നതും അഞ്ചിലധികം പശുക്കളുള്ളതുമായ ഡയറി ഫാമുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

അരുവിക്കര ഗ്രാമപഞ്ചായത്ത്	20
ആര്യനാട് ഗ്രാമപഞ്ചായത്ത്	17
വെള്ളനാട് ഗ്രാമപഞ്ചായത്ത്	28

വിതുര ഗ്രാമപഞ്ചായത്ത്	10
തൊളിക്കോട് ഗ്രാമപഞ്ചായത്ത്	7
ഉഴമലയ്ക്കൽ ഗ്രാമപഞ്ചായത്ത്	15
കുറ്റിച്ചൽ ഗ്രാമപഞ്ചായത്ത്	12
പൂവച്ചൽ ഗ്രാമപഞ്ചായത്ത്	27
ആകെ	136

പാൽ ഉൽപാദനത്തിൽ സ്വയംപര്യാപ്തത

361(1934) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാൽ ഉൽപാദനത്തിൽ സ്വയംപര്യാപ്തതയെന്ന ലക്ഷ്യം എത്രമാത്രം പ്രാവർത്തികമായെന്ന വിശദാംശം ലഭ്യമാക്കുമോ?

പാൽ ഉൽപാദനത്തിൽ സ്വയംപര്യാപ്തത നേടുന്നതിനായി ക്ഷീരവികസന വകുപ്പ് വിവിധങ്ങളായ പദ്ധതികൾ നടപ്പിലാക്കിവരുന്നു. തീറ്റപ്പുൽ കൃഷി വികസനം, മിൽക്ക് ഷെഡ് വികസന പദ്ധതി, ക്യാറ്റിൽ ഫീഡിങ് സബ്സിഡി, ക്ഷീരഗ്രാമം പദ്ധതി, കിടാരി പാർക്ക് പദ്ധതി,

ഗുണനിലവാരമുള്ള പാൽ ഉൽപാദിപ്പിക്കുന്നതിനുള്ള പദ്ധതി, ഉരുക്കളുടെ ആരോഗ്യ സംരക്ഷണത്തിനായുള്ള പദ്ധതി, കാലിത്തൊഴുത്തും ഫാമിന്റെ അടിസ്ഥാന സൗകര്യങ്ങൾ വർധിപ്പിക്കുന്നതിനുള്ള പദ്ധതി എന്നിവയെല്ലാം ഇതിൽ ഉൾപ്പെടുന്നു. പ്രസ്തുത പദ്ധതികൾ നടപ്പിലാക്കിയതുവഴി കന്നുകാലി സമ്പത്ത് വർധിക്കുകയും ആയതിനനുസരിച്ച് പാൽ ഉൽപാദനം വർധിക്കുകയും ചെയ്തു. ഉൽപാദന ചെലവ് കുറച്ച് പാൽ ഉൽപാദനം ആദായകരമാക്കുന്നതിനും ഉരുക്കളുടെ ആരോഗ്യ സംരക്ഷണവും ഉൽപാദനക്ഷമതയും വർധിപ്പിക്കുന്നതിനുള്ള പദ്ധതികളും നടപ്പിലാക്കുന്നു. ആയത് ക്ഷീരകർഷകരുടെ സാമൂഹിക സാമ്പത്തിക ഉന്നമനം ഉറപ്പാക്കി പാൽ ഉൽപാദനം സ്വയംപര്യാപ്തതയിലെത്തിക്കുന്നതിന് സഹായകരമാകും വിധമാണ് ക്ഷീരവികസന വകുപ്പ് നടപ്പിലാക്കുന്നത്.

മിൽമയുടെ മേഖലാ യൂണിയനുകൾ വഴിയുള്ള പ്രതിദിന പാൽ സംഭരണത്തിൽ 2014-15 സാമ്പത്തിക വർഷത്തിൽനിന്നും 2023-24 സാമ്പത്തിക വർഷത്തിൽ എത്തിയപ്പോഴേക്കും 10 വർഷംകൊണ്ട് 26.13 ശതമാനത്തിന്റെ വർധനവുണ്ടായിട്ടുണ്ട്.

മലബാർ മേഖലയിൽ ആവശ്യമായ പാൽ മലബാർ മേഖലയിൽത്തന്നെ ഉൽപാദിപ്പിക്കാൻ കഴിയുന്നുണ്ട്. എറണാകുളം മേഖലയിൽ യൂണിയൻ ആവശ്യമുള്ളതിന്റെ 85 ശതമാനത്തോളം പാൽ ആഭ്യന്തരമായി സംഭരിക്കുന്നുണ്ട്.

(ബി) ഈ മേഖലയിൽ ക്ഷീരകർഷകർ നേരിടുന്ന പ്രതിസന്ധികൾ എന്തൊക്കെയാണെന്നും അവ പരിഹരിക്കുന്നതിന് സർക്കാർ നൽകുന്ന സഹായങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ?

ക്ഷീരകർഷകർ നേരിടുന്ന ഏറ്റവും വലിയ പ്രതിസന്ധി പാൽ ഉൽപാദന ചെലവ് വർധനവും തീറ്റപ്പുല്ലിന്റെ ലഭ്യത കുറവുമാണ്. ഇത് പരിഹരിക്കുന്നതിനായി തീറ്റപ്പുൽ കൃഷി വികസന പദ്ധതികൾ, ഡയറി ഫാം ആധുനികവൽക്കരിക്കുന്നതിനും യന്ത്രവൽക്കരിക്കുന്നതിനുമുള്ള പദ്ധതികൾ, ഉരുക്കളുടെ ആരോഗ്യ സംരക്ഷണത്തിനും ഉൽപാദനക്ഷമത വർധനവിനുമായുള്ള പദ്ധതികൾ, പാലിന്റെ ഗുണനിലവാരം വർധിപ്പിക്കുന്നതിനുള്ള പദ്ധതികൾ എന്നിവ വകുപ്പ് നടപ്പിലാക്കിവരുന്നു. ഇവകൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വികസന ഫണ്ട്

ഉപയോഗിച്ച് പാലിന് സബ്സിഡി, കാലിത്തീറ്റ വിതരണ പദ്ധതി, ഡയറി ഫാമുകളുടെ അടിസ്ഥാന സൗകര്യം വർധിപ്പിക്കുന്നതിനുള്ള പദ്ധതി, ഉരുക്കളുടെ ഉൽപാദനക്ഷമത വർധിപ്പിക്കുന്നതിനുള്ള പദ്ധതി എന്നിവയും ക്ഷീരവികസന വകുപ്പ് നടപ്പിലാക്കുന്നു.

പാൽ ഉൽപാദന ചെലവ് കുറച്ച് ക്ഷീരകർഷകരുടെ സാമൂഹിക സാമ്പത്തിക ഉന്നമനം ഉറപ്പാക്കികൊണ്ട് ക്ഷീരകർഷകർ നേരിടുന്ന പ്രതിസന്ധികളെ തരണം ചെയ്യുന്നതിന് വ്യത്യസ്തങ്ങളായ പദ്ധതികൾ ക്ഷീരവികസന വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

ക്ഷീരകർഷകരെ സഹായിക്കുന്നതിനായി ഗ്രാമനിലവാരമുള്ള കാലിത്തീറ്റ, ഇതര തീറ്റ വസ്തുക്കൾ, പച്ചപ്പുല്ല്, വൈക്കോൽ, സൈലേജ് തുടങ്ങിയ തീറ്റ വസ്തുക്കൾ സബ്സിഡി നിരക്കിൽ മിൽമ കർഷകർക്ക് ലഭ്യമാക്കുന്നു. മേഖലാ യൂണിയനുകൾ നൽകിവരുന്ന സബ്സിഡിക്ക് പുറമേ ഫെഡറേഷനും മിൽമ ഗോമതി ഗോൾഡ് കാലിത്തീറ്റ ചാക്ക് ഒന്നിന് 100 രൂപ സബ്സിഡി നൽകി വരുന്നുണ്ട്. ഉൽപാദനോപാധികളും തൊഴുത്ത് നിർമ്മാണത്തിനുള്ള സഹായങ്ങൾ, കൃത്രിമ ബീജധാന സഹായം

എന്നിവയും കർഷകർക്ക് നൽകുന്നുണ്ട്. ക്ഷീരകർഷകർക്ക് സ്ഥിരമായ വിലയും വിപണിയും ഉറപ്പുവരുത്തിക്കൊണ്ട്, കർഷകർ ക്ഷീരസഹകരണ സംഘങ്ങളിലൊഴിക്കുന്ന പാലിന് ഗുണനിലവാരത്തിനനുസരിച്ച വില കൃത്യമായ ഇടവേളകളിൽ നൽകിവരുന്നുണ്ട്. സംഘങ്ങളിൽ സംഭരിക്കുന്ന പാലിന്റെ മാർക്കറ്റിങ് സർപ്ലസ് ഡയറികളിലെത്തിക്കുകയും അത് ഉൽപാദന പ്രക്രിയയ്ക്ക് വിധേയമാക്കി പാലും പാൽ ഉൽപന്നങ്ങളുമാക്കി വില്പന നടത്തി ലഭിക്കുന്ന ആദായത്തിന്റെ 83 ശതമാനവും കർഷകരിലേക്ക് പാൽ വിലയായും മറ്റാനുകൂല്യങ്ങളുമായി തിരികെ നൽകുന്നു.

മിൽമ, അതത് കാലങ്ങളിൽ വിവിധ കാലിത്തീറ്റ സബ്സിഡികൾ നൽകിക്കൊണ്ടും സംഘങ്ങൾ വഴി കുറഞ്ഞ വിലയ്ക്ക് പുല്ലും ചോളത്തണ്ടുമെല്ലാം എത്തിച്ചുകൊണ്ടും മറ്റനേകം കർഷക ക്ഷേമപ്രവർത്തനങ്ങളായും പ്രവർത്തന ലാഭത്തിന്റെ 98 ശതമാനവും ക്ഷീരകർഷരിലേക്ക് തന്നെ തിരികെ എത്തിക്കുന്നുണ്ട്.

ഉൽപാദകരെ സംരക്ഷിക്കാൻ നടപടി

362(1935) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന

ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്താകമാനം ആവശ്യമായ പാൽ, മുട്ട, മാംസം എന്നിവയുടെയും ഇതര പാൽ ഉൽപന്നങ്ങളുടെയും ഓരോ മാസത്തെയും ആവശ്യകത എത്ര; ഉൽപാദനം എത്ര; വിശദാംശം വ്യക്തമാക്കുമോ?

2023-24 വർഷത്തെ കണക്കനുസരിച്ച് സംസ്ഥാനത്തെ വാർഷിക പാൽ, മുട്ട, മാംസം എന്നിവയുടെ ഉൽപാദനം, ആവശ്യകത തുടങ്ങിയ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

ഉൽപന്നം	ഉൽപാദനം	ആവശ്യകത
പാൽ	2579990 ടൺ	3385870 ടൺ
മുട്ട	24052.61 (ലക്ഷം)	54173.86 (ലക്ഷം)
മാംസം	517960 ടൺ	880330 ടൺ

ഒരു വ്യക്തിക്ക് 250 ഗ്രാം പാൽ പ്രതിദിന ഉപഭോഗം എന്ന നിലയിൽ 87 ലക്ഷം ലിറ്റർ പാലിന്റെ ആവശ്യകത സംസ്ഥാനത്ത് ആകമാനമുണ്ട്. കേരളത്തിൽ ഉൽപാദിപ്പിക്കുന്ന 70.6 ലക്ഷം ലിറ്റർ പാലിൽ ക്ഷീര വികസന വകുപ്പ് ക്ഷീരസഹകരണ സംഘങ്ങൾ മുഖേന 19 ലക്ഷം ലിറ്റർ പാലാണ്

പ്രതിദിനം സംഭരിക്കുന്നത്.

മിൽമയുടെ ക്ഷീരസംഘങ്ങൾ വഴി പ്രതിദിനം നിലവിൽ ഏകദേശം 11.5 ലക്ഷം ലിറ്റർ പാൽ സംഭരിക്കുകയും 16.5 ലക്ഷം ലിറ്റർ പാൽ വിപണനം നടത്തുകയും ചെയ്യുന്നു.

പൊതുമേഖലാ സ്ഥാപനമായ കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷനിൽ (കെപ്കോ) നിന്നും പ്രതിമാസം ശരാശരി 43 ടൺ കോഴിയിറച്ചി ഉൽപാദനം നടത്തുന്നു.

പൊതുമേഖലാ സ്ഥാപനമായ മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ ലിമിറ്റഡിൽ ഒരു മാസത്തെ ശരാശരി മാംസ ഉൽപാദനം 26.13 മെട്രിക് ടൺ ആണ്.

(ബി) ഇതര സംസ്ഥാനങ്ങളിൽ നിന്നുമുള്ള ഇവയുടെ വിപണനം കേരളത്തിൽ നടക്കുന്നത് എത്രത്തോളമെന്ന് വ്യക്തമാക്കുമോ?

ഇതുസംബന്ധിച്ച ക്രോഡീകരിച്ച കണക്കുകൾ മൃഗസംരക്ഷണ ക്ഷീരവികസന വകുപ്പുകളിൽ ലഭ്യമല്ല.

(സി) സംസ്ഥാനത്തിനാവശ്യമായത് ഇവിടെ ഉൽപാദനം നടത്തി

സംസ്ഥാനത്തെ പ്രസ്തുത ഉൽപാദകരെ സംരക്ഷിക്കാൻ എന്തു നടപടികൾ ഈ സർക്കാർ സ്വീകരിച്ചു വരുന്നുവെന്ന് വ്യക്തമാക്കുമോ?

മൃഗസംരക്ഷണ മേഖലയിലെ പ്രധാന വകുപ്പുകളായ മൃഗസംരക്ഷണ വകുപ്പ്, ക്ഷീര വികസന വകുപ്പ്, പൊതുമേഖല സ്ഥാപനങ്ങളായ കേരള ലൈവ്സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡ്, സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ, കേരള ഫീഡ്സ്, മിൽമ തുടങ്ങിയ ഏജൻസികൾ വിവിധങ്ങളായ പദ്ധതി പ്രവർത്തനങ്ങളും കർഷക സേവനങ്ങളും നൽകിവരുന്നു. ഇത്തരം വിവിധങ്ങളായ പദ്ധതി പ്രവർത്തനങ്ങളുടെ ആകെ ഫലമായി പാൽ, മുട്ട, മാംസം എന്നിവയുടെ ഉൽപാദനത്തിൽ സംസ്ഥാനത്തെ സ്വയംപര്യാപ്തതയിലേക്ക് നയിക്കുന്നതിനായി ശ്രമം നടത്തിവരികയാണ്. ആയതിന്റെ ഭാഗമായി മൃഗസംരക്ഷണ വകുപ്പിൽ താഴെപ്പറയുന്ന പദ്ധതികൾ നടത്തിവരുന്നു.

a) ഗോവർദ്ധിനി പദ്ധതി

പശുക്കുട്ടികൾക്ക് സബ്സിഡി നിരക്കിൽ തീറ്റ, ഇൻഷ്വറൻസ് പരിരക്ഷ എന്നിവ ഉൾപ്പെടെ നൽകുന്ന പദ്ധതിയാണിത്. ഈ പദ്ധതി

നടപ്പിലാക്കുക വഴി പശുക്കുട്ടികളുടെ ശാസ്ത്രീയ പരിരക്ഷ ഉറപ്പാക്കുന്നതിനും അതുവഴി അവയുടെ വളർച്ചാ ഘട്ടങ്ങളിൽ മതിയായ പോഷണം ലഭ്യമാക്കുന്നതിനും അത്തരം പശുക്കുട്ടികളെ ഭാവിയിലെ മികച്ച ഉൽപാദനക്ഷമതയുള്ള പശുക്കളാക്കി മാറ്റുന്നതിനും ഈ പദ്ധതി സഹായിക്കുന്നു.

b) ഗോസമൃദ്ധി-സമഗ്ര കന്നുകാലി ഇൻഷ്വറൻസ് പദ്ധതി

കന്നുകാലികളുടെ മരണമോ വൈകല്യമോ കാരണം ഉൽപാദനത്തിലുള്ള കുറവുമൂലമുണ്ടാകുന്ന നഷ്ടത്തിൽ നിന്നുള്ള പരിരക്ഷ ഉറപ്പാക്കുന്ന പദ്ധതി. കർഷകർക്ക് നഷ്ടം നേരിട്ടാലും അവരെ മൃഗസംരക്ഷണ മേഖലയിൽ പിടിച്ചു നിർത്തുന്നതിന് ഈ പദ്ധതി നടപ്പിലാക്കുന്നതിലൂടെ സഹായകരമാകും.

c) കർഷകർക്ക് നഷ്ടപരിഹാരം

ഇൻഷ്വറൻസ് പരിരക്ഷയില്ലാത്ത കർഷകരുടെ ഉരുക്കൾക്ക് സൂര്യാഘാതം, ഇടിമിന്നൽ, മുങ്ങിമരണം, അംഗീകരിക്കപ്പെട്ടിട്ടുള്ള മറ്റ് അസുഖങ്ങൾ, മുതലായവമൂലം നഷ്ടപ്പെടുന്ന സാഹചര്യത്തിൽ നഷ്ടപരിഹാരം

നൽകുന്ന പദ്ധതിയാണ്.

d) രാത്രികാല അടിയന്തര വെറ്ററിനറി സേവനം പദ്ധതി

മൃഗാശുപത്രികളുടെ പ്രവർത്തന സമയം കഴിഞ്ഞ് മൃഗങ്ങൾക്കുണ്ടാകുന്ന അത്യാഹിതങ്ങളും അടിയന്തര പ്രാധാന്യത്തോടെ നൽകേണ്ടുന്ന സേവനങ്ങളും ലഭ്യമാക്കാൻ മുൻകാലങ്ങളിൽ പ്രയാസം നേരിട്ടിരുന്നു. എന്നാൽ ഇതിന് പരിഹാരമായാണ് രാത്രികാല അടിയന്തര മൃഗചികിത്സ സേവനം എന്ന പദ്ധതി നടപ്പിലാക്കി വരുന്നത്. ടി പദ്ധതിയിൽ ഡോക്ടർമാരെയും അറ്റൻഡന്റുമാരെയും കരാർ അടിസ്ഥാനത്തിലാണ് നിയമിക്കുന്നത്. ഈ പദ്ധതി നടപ്പിലാക്കുക വഴി കർഷകർക്ക് സമയബന്ധിതമായി സേവനം ഉറപ്പാക്കാനും അതുവഴി കർഷകർക്കുണ്ടാകുന്ന നഷ്ടങ്ങൾ പരമാവധി കുറയ്ക്കാനും സഹായിക്കും. അടിയന്തരഘട്ടങ്ങളിൽ കർഷകരുടെ വീട്ടുപടിക്കൽ മൃഗചികിത്സ സേവനം ലഭ്യമാക്കുന്ന രാത്രികാല അടിയന്തര മൃഗചികിത്സാ സേവനം പദ്ധതി നിലവിൽ 156 കേന്ദ്രങ്ങളിൽ (152 ബ്ലോക്കുകൾ, മൂന്ന് കോർപ്പറേഷനുകൾ, ഒരു മുനിസിപ്പാലിറ്റി) നടപ്പിലാക്കിവരുന്നു.

e) മൊബൈൽ വെറ്ററിനറി യൂണിറ്റുകൾ

കേന്ദ്രാവിഷ്കൃത പദ്ധതിയായ ലൈവ്സ്റ്റോക്ക് ഹെൽത്ത് ആൻഡ് ഡിസീസ് കൺട്രോൾ-മൊബൈൽ വെറ്ററിനറി യൂണിറ്റ് എന്ന പദ്ധതിയുടെ കീഴിൽ 29 മൊബൈൽ വെറ്ററിനറി യൂണിറ്റുകൾ സംസ്ഥാനത്തെ 29 ബ്ലോക്കുകൾ കേന്ദ്രീകരിച്ച് പ്രവർത്തിച്ചുവരുന്നു. 13 ജില്ലകളിൽ 2 ബ്ലോക്കുകൾ വീതവും ഇടുക്കി ജില്ലയിലെ 3 ബ്ലോക്കുകളിലുമാണ് പ്രസ്തുത യൂണിറ്റുകൾ പ്രവർത്തിക്കുന്നത്. കൂടാതെ ആർ.കെ.വി.വൈ. പദ്ധതി പ്രകാരം പത്തനംതിട്ട, പാലക്കാട്, വയനാട് ജില്ലകളിൽ ഓരോ മൊബൈൽ വെറ്ററിനറി യൂണിറ്റുകൾ വീതം ജില്ലാടിസ്ഥാനത്തിൽ പ്രവർത്തിച്ചുവരുന്നു. എറണാകുളം, കണ്ണൂർ, കൊല്ലം ജില്ലകളിൽ ഓരോ മൊബൈൽ ടെലി വെറ്ററിനറി യൂണിറ്റുകളും പ്രവർത്തിച്ചുവരുന്നു. യൂണിറ്റുകളുടെ സേവനം വ്യാപകമാക്കുക വഴി കർഷകരുടെ വീട്ടുപടിക്കൽ തന്നെ മികവുള്ള രോഗചികിത്സാ സംവിധാനം സമയബന്ധിതമായി ലഭ്യമാക്കാൻ സഹായിക്കുകയും അതുവഴി രോഗങ്ങൾ മൂലമുള്ള ഉൽപാദന നഷ്ടമുണ്ടാകുന്നത് തടയുകയും ചെയ്യുന്നു.

സംസ്ഥാനത്തെ മിച്ചമുള്ള ബ്ലോക്കുകളിൽ കൂടി മൊബൈൽ വെറ്ററിനറി യൂണിറ്റ് സ്ഥാപിക്കുന്നതിന് റീബിൽഡ് കേരള പദ്ധതി പ്രകാരം ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ആയതിന്റെ ആദ്യഘട്ടമായി 47 മൊബൈൽ വെറ്ററിനറി യൂണിറ്റുകൾ ഉടൻ സ്ഥാപിക്കുന്നതാണ്. കൂടാതെ 12 യൂണിറ്റുകൾ കൂടി സ്ഥാപിക്കുന്നതിന് അനുമതി ലഭിച്ചിട്ടുണ്ട്.

f) കർഷക പരിശീലന പരിപാടികൾ

മൃഗസംരക്ഷണ വകുപ്പിന് കീഴിലുള്ള 11 LMTC-കൾ വഴി മൃഗസംരക്ഷണ മേഖലയിലെ വിവിധ പ്രവൃത്തികൾ ആദായകരമാക്കുന്നതിന് വേണ്ട വിവിധ പരിശീലന പരിപാടികൾ സംഘടിപ്പിച്ചുവരുന്നു.

g) വെറ്ററിനറി സേവനം

മൃഗചികിത്സ, രോഗനിർണ്ണയം, രോഗനിരീക്ഷണം, രോഗ പ്രതിരോധ പ്രവർത്തനങ്ങൾ എന്നിവ മൃഗസംരക്ഷണ വകുപ്പിന് കീഴിലുള്ള മൃഗാശുപത്രികളും ലബോറട്ടറികളും വഴി ചെയ്തുവരുന്നു. മൃഗസംരക്ഷണ പ്രവർത്തനങ്ങൾ കാര്യക്ഷമമാകണമെങ്കിൽ ശക്തമായ വെറ്ററിനറി സേവനം ഉറപ്പാക്കേണ്ടതുണ്ട്. ആയതിനായി പഞ്ചായത്തടിസ്ഥാനത്തിൽ

മൃഗാശുപത്രികൾ കൂടാതെ 50-ഓളം പോളിക്ലിനിക്കുകൾ, 14 ജില്ലാ വെറ്ററിനറി സെന്ററുകൾ, കുടപ്പനക്കുന്നിൽ പ്രവർത്തിക്കുന്ന മൾട്ടി സ്പെഷ്യാലിറ്റി വെറ്ററിനറി ഹോസ്പിറ്റൽ, ലബോറട്ടറി ശൃംഖലകൾ എന്നിവ പ്രവർത്തിച്ചുവരുന്നു.

h) ഇറച്ചിക്കോഴിവളർത്തലിനുള്ള സഹായം

കേരളചിക്കൻ പദ്ധതിയിലുൾപ്പെടുത്തി 943 ബ്രോയിലർ കോഴി വളർത്തൽ ഫാമുകൾക്ക് ഷെഡുകൾ നിർമ്മിക്കാൻ ഒരു ഫാമിന് സ്ക്വയർഫീറ്റിന് 20 രൂപ നിരക്കിൽ പരമാവധി 50,000 രൂപ വരെ ധനസഹായം നൽകും. കുടുംബശ്രീ, ബ്രഹ്മഗിരി ഡെവലപ്മെന്റ് സൊസൈറ്റി, കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ എന്നീ സ്ഥാപനങ്ങൾ വഴിയാണ് പദ്ധതി നടപ്പിലാക്കുക.

ക്ഷീരവികസന വകുപ്പ് പാൽ ഉൽപാദനച്ചെലവ് കുറയ്ക്കുന്നതിനായി തീറ്റപ്പുൽ കൃഷി വികസന പദ്ധതികൾ, പാലിന്റെ ഗുണനിലവാരം വർധിപ്പിക്കുന്നതിനും ഫാമിന്റെ ശുചിത്വവും അടിസ്ഥാന സൗകര്യവും വർധിപ്പിക്കുന്നതിനുമുള്ള പദ്ധതികൾ, ഉരുക്കളുടെ ആരോഗ്യ

സംരക്ഷണത്തിനും ഉൽപാദനം വർധിപ്പിക്കുന്നതിനുമുള്ള പദ്ധതികൾ എന്നിവ കൂടാതെ കറവപ്പശുക്കളെ വാങ്ങുന്നതിനും ക്ഷീരകർഷകർക്ക് ധനസഹായം അനുവദിക്കുന്നു. ക്ഷീര വികസന വകുപ്പിന്റെ ധനസഹായം കൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വികസന ഫണ്ടുപയോഗിച്ച് പാൽ ഉൽപാദകരെ സഹായിക്കുന്നതിനായി മിൽക്ക് ഇൻസെന്റീവ്, കാലിത്തീറ്റ സബ്സിഡി, കറവ പശുക്കളെ വാങ്ങൽ, ഡയറി ഫാമുകളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതി, തീറ്റപ്പുൽ കൃഷി വികസന പദ്ധതി എന്നിവയും ധനസഹായത്തോടെ ക്ഷീരവികസന വകുപ്പ് നടപ്പിലാക്കുന്നു.

കേരള കോ-ഓപ്പറേറ്റീവ് മിൽക്ക് മാർക്കറ്റിങ് ഫെഡറേഷൻ (മിൽമ) പാൽ ഉൽപാദനത്തിൽ സ്വയംപര്യാപ്തത നേടുന്നതിനുവേണ്ടി മിൽമയും മേഖലാ യൂണിയനുകളും വിവിധ പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്. ക്ഷീരകർഷകരുടെ ഉൽപാദനച്ചെലവ് കുറയ്ക്കുന്നതിനായി മേഖലാ യൂണിയനുകൾ നൽകിവരുന്ന സബ്സിഡിക്ക് പുറമേ ഫെഡറേഷനും മിൽമ ഗോമതി ഗോൾഡ് കാലിത്തീറ്റ ചാക്ക് ഒന്നിന് 100/- രൂപ സബ്സിഡി

നൽകിവരുന്നുണ്ട്. വിപണി വിലയുടെ 83 ശതമാനവും ക്ഷീരകർഷകർക്ക് പാൽ വിലയായും മറ്റാനുകൂല്യങ്ങളായും നൽകുന്നതിനു പുറമേ വിവിധ സബ്സിഡികളായും അധിക പാൽവിലയായും വിവിധ ക്ഷേമപ്രവർത്തനങ്ങളായും കർഷകക്ഷേമ പദ്ധതികളായും മിൽമ ക്ഷീരകർഷകർക്ക് തന്നെ കൈമാറുന്നു. സർക്കാരിന്റെ ഭാഗികമായ ധനസഹായത്തോടുകൂടിയും മേഖലാ യൂണിയനുകളുടെ സ്വന്തം ഫണ്ടുപയോഗിച്ചും സംസ്ഥാനത്തെ ക്ഷീരോൽപാദനം വർധിപ്പിക്കുന്നതിനായുള്ള സർക്കാരിന്റെ വിവിധ പ്രവർത്തനങ്ങളിൽ മിൽമയും പങ്കാളിയാകുന്നുണ്ട്. സബ്സിഡി നിരക്കിൽ പച്ചപ്പുല്ല്, പച്ച ചോളത്തണ്ട് എന്നിവ ആവശ്യമുള്ള കർഷകർക്ക് എത്തിച്ചുനൽകിക്കൊണ്ടും ചെലവ് കുറഞ്ഞ പാൽ ഉൽപാദനത്തിന് കറവമാടുകൾക്ക് പോഷകസമൃദ്ധമായ കാലിത്തീറ്റയും ബദൽ തീറ്റവസ്തുക്കളും ആവശ്യാനുസരണം മിതമായ വിലയ്ക്ക് വിപണിയിൽ എത്തിച്ചുകൊണ്ടും മിൽമയുടെ മേഖലാ യൂണിയനുകൾ തങ്ങളാലാകും വിധമൊക്കെ ക്ഷീരകർഷകന്റെ വർധിച്ചുവരുന്ന ഉൽപാദനച്ചെലവ് നിയന്ത്രിച്ചുകൊണ്ട്

കൂടുതൽ പേരെ ക്ഷീരമേഖലയിലേക്ക് എത്തിക്കാനും അതുവഴി ക്ഷീരോൽപാദനം വർധിപ്പിച്ചുകൊണ്ട് പാൽ ഉൽപാദനത്തിൽ സംസ്ഥാനത്തെ സ്വയംപര്യാപ്തമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നു.

പതിനാലാം പഞ്ചവത്സര പദ്ധതി പൂർത്തീകരിക്കുമ്പോൾ സംസ്ഥാനത്തെ പാൽ ഉൽപാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുവാനാണ് സംസ്ഥാന സർക്കാർ ലക്ഷ്യമിടുന്നത്. ഇതിനായി സംസ്ഥാനത്തെ ആകെ പാൽ ഉൽപാദനം 33.8 ലക്ഷം മെട്രിക് ടണ്ണും ഒരു പശുവിൽ നിന്നും പ്രതിദിന പാൽ ഉൽപാദനം 13.5 ലിറ്ററും ആക്കേണ്ടതുണ്ട്. പാൽ ഉൽപാദനത്തിൽ സ്വയംപര്യാപ്തത എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി കേരള കന്നുകാലി വികസന ബോർഡിന്റെ ബീജോൽപാദന കേന്ദ്രങ്ങളിൽ ഉൽപാദിപ്പിക്കുന്ന ഉന്നത ഗുണമേന്മയുള്ള ഗാഢശീതീകരിച്ച ബീജമാത്രകൾ സംസ്ഥാനത്തൊട്ടാകെ ബീജധാനകേന്ദ്രങ്ങൾ വഴി വിതരണം ചെയ്തുവരുന്നു. ഉയർന്ന ജനിതക ശേഷിയുള്ള ഹോൾസ്റ്റീൻ ഫ്രിഷ്യൻ/ജഴ്സി വിത്തുകാളകളെ

ജർമ്മനിയിൽ/ഡെന്മാർക്കിൽ നിന്നും മാട്ടുപ്പെട്ടി ഫാമിലേക്ക് ഇറക്കുമതി ചെയ്ത് അവയുടെ ബീജമാത്രകൾ സംസ്ഥാനത്തിനകത്ത് വിതരണം ചെയ്തുവരുന്നു.

കൂടാതെ ഉന്നത ജനിതക മേന്മയുള്ള പ്രീമിയം ബുൾ സെമൻ കേരളമൊട്ടാകെ വിതരണം ചെയ്തുവരുന്നു.

കേന്ദ്ര സംസ്ഥാന സർക്കാരുകൾ സംയുക്തമായി രാഷ്ട്രീയ ഗോകുൽ മിഷൻ പദ്ധതിയുടെ കീഴിൽ കൊല്ലം ജില്ലയിലെ ചിതറയിലും കോട്ടയം ജില്ലയിലെ തലയോലപ്പറമ്പും റീജിയണൽ ലൈവ്സ്റ്റോക്ക് ഫെർട്ടിലിറ്റി മാനേജ്മെന്റ് സെന്ററുകൾ പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു. ഈ മേഖലാ വന്ധ്യതാ നിവാരണ കേന്ദ്രങ്ങളുടെ പ്രവർത്തനത്തിലൂടെ മികച്ച പശുക്കളുടെ പാൽ ഉൽപാദന ക്ഷമതയെ സാരമായി ബാധിക്കുന്ന വന്ധ്യതാ പ്രശ്നങ്ങൾ പരിഹരിക്കാനും ഇതിലൂടെ മികച്ച പശുക്കളുടെ പാൽ ഉൽപാദന ക്ഷമത പൂർണ്ണമായും ഉപയോഗിക്കാനും സാധിക്കുന്നതാണ്.

സർക്കാരിന്റെ പ്രത്യേക താൽപര്യപ്രകാരം കേന്ദ്രാവിഷ്കൃത പദ്ധതിയായ രാഷ്ട്രീയ ഗോകുൽ മിഷന് കീഴിൽ ABIP-SS (Accelerated Breed

Improvement Programme – Sex Sorted) പദ്ധതിയിലൂടെ ലിംഗനിർണ്ണയം ചെയ്ത ബീജമാത്രകളുടെ വിതരണം, തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, പത്തനംതിട്ട, ഇടുക്കി, കോട്ടയം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട് എന്നീ ജില്ലകളിലായി മൃഗസംരക്ഷണ വകുപ്പ് തിരഞ്ഞെടുത്ത ബീജാധാന കേന്ദ്രങ്ങളിലൂടെ ചെയ്തുവരുന്നു.

കേരളത്തിലെ മുട്ട ഉൽപാദനം വർധിപ്പിക്കുന്നതിനും സ്വയംപര്യാപ്തത നേടുന്നതിനുമുള്ള ഏക മാർഗം സംസ്ഥാനത്ത് മുട്ടക്കോഴി വളർത്തൽ പ്രോത്സാഹിപ്പിക്കുകയും വ്യാപകമാക്കുകയും ചെയ്യുകയെന്നത് മാത്രമാണ്. ഈ ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ട് പൊതുമേഖലാ സ്ഥാപനമായ സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ (കെപ്കോ) വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുകയും ചെയ്യുന്നു.

തിരുവനന്തപുരം ജില്ലയിലെ കടപ്പനക്കുന്നിൽ പ്രവർത്തിക്കുന്ന ഇറച്ചിക്കോഴി പ്രജനന കേന്ദ്രത്തിൽ ഉൽപാദിപ്പിക്കുന്ന ഇറച്ചിക്കോഴിക്കുഞ്ഞുങ്ങളെ കോൺട്രാക്ട്/കുടുംബശ്രീ ഫാമിങ് പദ്ധതിയിലൂടെ യൂണിറ്റുകൾക്ക് വളർത്താൻ നൽകുകയും 45 ദിവസം

പ്രായമാകുമ്പോൾ കെപ്കോ തന്നെ വിലയ്ക്കെടുത്ത് സ്വന്തം പ്രോസസ്സിങ് പ്ലാന്റിൽ സംസ്കരിച്ച് കോഴിയിറച്ചിയും അനുബന്ധ ഉൽപന്നങ്ങളുമാക്കി കെപ്കോ ഏജൻസികൾ വഴി ഉപഭോക്താക്കൾക്ക് മിതമായ വിലയ്ക്ക് കെപ്കോ കേരള ചിക്കൻ എന്ന ബ്രാൻഡിൽ ലഭ്യമാക്കുന്നു. തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട ജില്ലകളിൽ കെപ്കോ ഏജൻസികൾ പ്രവർത്തിച്ചുവരുന്നു. കേരള ചിക്കൻ പദ്ധതിക്ക് ആവശ്യമായ ഇറച്ചിക്കോഴി കുഞ്ഞുങ്ങളെയും കെപ്കോയിൽനിന്നും ലഭ്യമാക്കി വരുന്നു. കൂടാതെ, സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷന്റെ കീഴിലുള്ള കൊട്ടിയം, മാള ഫാമുകളിൽനിന്നും കർഷകർക്ക് ആവശ്യമുള്ള ഗ്രാമശ്രീ ഇനത്തിൽപ്പെട്ട മുട്ടക്കോഴിക്കുഞ്ഞുങ്ങളെയും ബി.വി.-380 ഇനത്തിൽപ്പെട്ട മുട്ടക്കോഴിക്കുഞ്ഞുങ്ങളെയും ആവശ്യാനുസരണം മിതമായ നിരക്കിൽ നൽകിവരുന്നു. കോർപ്പറേഷൻ നടപ്പിലാക്കിയ വിവിധ പദ്ധതികളായ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്കുള്ള കോഴിവളർത്തൽ, നഗരപ്രിയ, വില്ലേജ് പൗൾട്രി, കെപ്കോ ആശ്രയ, കെപ്കോ വനിതാമിത്രം, 'കുഞ്ഞ് കൈകളിൽ കോഴിക്കുഞ്ഞ്' ബ്ലോക്ക് പഞ്ചായത്തുതല

‘100 കോഴിയും കൂടും പദ്ധതി’ തുടങ്ങിയവ കെപ്കോ വിജയകരമായി പൂർത്തിയാക്കി കഴിഞ്ഞു. കെപ്കോ നടപ്പാക്കിയ പദ്ധതികളിലൂടെ കഴിഞ്ഞ 8 വർഷത്തിനുള്ളിൽ ഏകദേശം 90 കോടി മുട്ട അധികമായി ഉൽപാദിപ്പിക്കാൻ കെപ്കോയുടെ പദ്ധതികൾക്ക് കഴിഞ്ഞിട്ടുണ്ടെന്ന് കണക്കാക്കപ്പെടുന്നു.

ക്ഷീരോൽപാദന സംഘങ്ങൾ വഴി സംഭരിക്കുന്ന പാൽ

363(1936) ശ്രീ. എം. നൗഷാദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ക്ഷീരോൽപാദന സംഘങ്ങൾ വഴി സംഭരിക്കുന്ന പാലിന്റെ പ്രതിദിന ശരാശരി അളവ് എത്രയെന്ന് വിശദമാക്കാമോ; 'ആനന്ദ്' മാതൃക ക്ഷീര വ്യവസായ സംഘങ്ങളുടെ കണക്ക് പ്രത്യേകം നൽകാമോ?

കേരളത്തിലെ ക്ഷീരോൽപാദന സംഘങ്ങൾ വഴി സംഭരിക്കുന്ന പാലിന്റെ പ്രതിദിന ശരാശരി അളവ് 1741897 ലിറ്ററാണ്. ഇതിൽ 'ആനന്ദ്' മാതൃക ക്ഷീരസംഘങ്ങൾ മുഖേന 1561155 ലിറ്റർ പാലും വ്യവസായ ക്ഷീരസംഘങ്ങൾ മുഖേന 180742 ലിറ്റർ പാലും സംഭരിക്കുന്നു.

(ബി) ടി സംഘങ്ങളിൽ നിന്നുള്ള പ്രതിദിന ശരാശരി പ്രാദേശിക വില്പന എത്രയെന്ന് വിശദമാക്കാമോ?

ടി സംഘങ്ങളിൽ നിന്നുള്ള പ്രതിദിന ശരാശരി പ്രാദേശിക വില്പന 545652 ലിറ്ററാണ്.

(സി) കേരളത്തിൽ നിലവിലെ പ്രതിശീർഷ പാൽ ഉപഭോഗം എത്ര ലിറ്ററാണെന്ന് വ്യക്തമാക്കാമോ?

കേരളത്തിൽ നിലവിലെ പ്രതിശീർഷ പാൽ ഉപഭോഗം 197 gm/day ആണ്.

(ഡി) പ്രതിദിന പാൽ ഉപഭോഗവും ഉൽപാദനവും താരതമ്യപ്പെടുത്തി ക്ഷീരോൽപാദനരംഗത്ത് സ്വയംപര്യാപ്തത നേടാൻ ആവശ്യമായ പാലിന്റെ അളവ് തിട്ടപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

നിലവിലെ കണക്കുകൾ പ്രകാരം കേരളത്തിന്റെ പ്രതിശീർഷ പാൽ ഉപഭോഗം 197 ഗ്രാം ആണ്. ഇതിൻപ്രകാരം, 68 ലക്ഷം ലിറ്റർ ആണ് കേരളത്തിന്റെ മൊത്തം പ്രതിദിന പാൽ ആവശ്യകത. 2023-24-ൽ പ്രതിദിന പാൽ ഉൽപാദനം 70.65 ലക്ഷം ലിറ്റർ ആണ് (25.79 ദശലക്ഷം

മെട്രിക് ടൺ). പ്രതിദിന പാൽ ഉപഭോഗവും ഉൽപാദനവും താരതമ്യപ്പെടുത്തി നോക്കുമ്പോൾ, ക്ഷീരോൽപാദന രംഗത്ത് ഇപ്പോൾ ഉദ്ദേശം 2.65 ലക്ഷം ലിറ്റർ പാൽ അധികമാണ് ഉൽപാദിപ്പിക്കുന്നത്. എന്നാൽ, FAO/WHO ശിപാർശ പ്രകാരമുള്ള പ്രതിശീർഷ പാൽ ഉപഭോഗമായ 250 ഗ്രാം എന്ന ലക്ഷ്യം സാക്ഷാത്കരിച്ച് സ്വയംപര്യാപ്തത കൈവരിക്കാൻ 16 ലക്ഷം ലിറ്റർ പാലിന്റെ കുറവാണുള്ളത്.

ക്ഷീര ശ്രീ പോർട്ടൽ

364(1937) ശ്രീ. പി. പി. സുമോദ്: താഴെ കാണുന്ന ചോദ്യത്തിന് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ക്ഷീര വികസന വകുപ്പ് തയ്യാറാക്കിയ ക്ഷീര ശ്രീ പോർട്ടൽ വഴി നൽകുന്ന സേവനങ്ങൾ എന്തെല്ലാമാണ് വ്യക്തമാക്കാമോ?

ക്ഷീരവികസന വകുപ്പിന്റെ വ്യക്തിഗത പദ്ധതികൾക്കായി ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിനും ക്ഷീര സംഘങ്ങളിലെ പാൽ സംഭരണവും വിപണനവും കാര്യക്ഷമവും സുതാര്യവുമാക്കുന്നതിനുമായി "ക്ഷീരശ്രീ പോർട്ടൽ" എന്ന ഓൺലൈൻ സംവിധാനം വകുപ്പ്

നടപ്പിലാക്കിയിട്ടുണ്ട്.

ക്ഷീരവികസന വകുപ്പിന്റെ വ്യക്തിഗത പദ്ധതികൾക്കായി ഗുണഭോക്താവ് അപേക്ഷ സമർപ്പിക്കുന്നത് മുതൽ പദ്ധതിയുടെ ധനസഹായത്തുക ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് ക്രഡിറ്റ് ആകുന്നത് വരെയുള്ള എല്ലാ പ്രവർത്തനങ്ങളും ഓൺലൈൻ സംവിധാനമായ ക്ഷീരശ്രീ പോർട്ടലിലൂടെയാണ് നടപ്പിലാക്കുന്നത്. കൂടാതെ, ക്ഷീര കർഷകർ ക്ഷീര സംഘത്തിൽ അളക്കുന്ന പാലിന്റെ ഗുണനിലവാരം അനുസരിച്ച് വില നിർണ്ണയിക്കുന്നതിനും കാലിത്തീറ്റ വാങ്ങലും/വില്പനയും അംഗത്വം നൽകലും ഇലക്ഷനും കൂടാതെ അക്കൗണ്ടിങ് ഉൾപ്പെടെ ക്ഷീരസംഘം മുഖേനയുള്ള എല്ലാ പ്രവർത്തനങ്ങളും പ്രസ്തുത ഏകീകൃത സോഫ്റ്റ്വെയർ സംവിധാനത്തിലൂടെയാണ് ചെയ്യുന്നത്.

ക്ഷീരോൽപാദനം സ്വയംപര്യാപ്തതയിലെത്തിക്കാൻ നടപടികൾ

365(1938) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യത്തിന് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ക്ഷീരോൽപാദനം സ്വയംപര്യാപ്തതയിലെത്തിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

സംസ്ഥാനത്തെ പാൽ ഉൽപാദനം സ്വയംപര്യാപ്തതയിൽ എത്തിക്കുന്നതിനായി ക്ഷീരവികസന വകുപ്പ് നിരവധി പദ്ധതികൾ നടപ്പിലാക്കിവരുന്നു. തീറ്റപ്പുൽ കൃഷി വികസനം, മിൽക്ക് ഷെഡ് വികസന പദ്ധതി, ക്യാറ്റിൽ ഫീഡിങ് സബ്സിഡി, ക്ഷീരഗ്രാമം പദ്ധതി, കിടാരി പാർക്ക് പദ്ധതി, ഗുണനിലവാരമുള്ള പാൽ ഉൽപാദിപ്പിക്കുന്നതിനുള്ള പദ്ധതി, ഉരുക്കളുടെ ആരോഗ്യ സംരക്ഷണത്തിനായുള്ള പദ്ധതി, കാലിത്തൊഴുത്തും ഫാമിന്റെ അടിസ്ഥാന സൗകര്യങ്ങൾ വർധിപ്പിക്കുന്നതിനുള്ള പദ്ധതി എന്നിവയെല്ലാം ഇതിൽ ഉൾപ്പെടുന്നു. പ്രസ്തുത പദ്ധതികൾ നടപ്പിലാക്കിയത് വഴി കന്നുകാലി സമ്പത്ത് വർധിക്കുകയും പാൽ ഉൽപാദനം വർധിക്കുകയും ചെയ്തിട്ടുണ്ട്.

ക്ഷീരകർഷകരുടെ ഉൽപാദനച്ചെലവ് കുറച്ചുകൊണ്ട്, പാൽ ഉൽപാദനം വർധിപ്പിക്കുന്നതിനായി മിൽമ മേഖലാ യൂണിയനുകൾ തങ്ങളുടെ പ്രവർത്തന ലാഭത്തിന്റെ വലിയൊരു പങ്ക് വിവിധ കർഷക ക്ഷേമ പ്രവർത്തനങ്ങളായും ഉൽപാദനോപാധികളായും വിവിധ സബ്സിഡികളായും അധിക പാൽ പാൽവിലയായും ക്ഷീരകർഷകരിലേക്ക് എത്തിക്കുന്നുണ്ട്.

ക്ഷീരകർഷകരുടെ ഉൽപാദനചെലവ് കുറയ്ക്കുന്നതിനായി മേഖലാ യൂണിയനുകൾ നൽകിവരുന്ന സബ്സിഡിക്ക് പുറമെ ഫെഡറേഷനും മിൽമ ഗോമതി ഗോൾഡ് കാലിത്തീറ്റ ചാക്ക് ഒന്നിന് 100/- രൂപ സബ്സിഡി നൽകിവരുന്നുണ്ട്.

സംസ്ഥാനത്തെ ക്ഷീരോൽപാദനം വർധിപ്പിക്കുന്നതിനും സ്വയംപര്യാപ്തതയിൽ എത്തിക്കുന്നതിനും ലക്ഷ്യമിട്ട് കേരള ഫീഡ്സിൽ ഉന്നത ഗുണനിലവാരമുള്ള വിവിധ ഇനം കാലിത്തീറ്റകൾ കന്നുകാലികളുടെ വിവിധ ജീവിത ഘട്ടങ്ങളിൽ ഉപയോഗിക്കാൻ അനുയോജ്യമായ വിധം ഉൽപാദിപ്പിച്ച് ന്യായമായ വിലയിൽ കേരളത്തിലുടനീളമുള്ള ക്ഷീര കർഷകർക്ക് വിതരണം ചെയ്യുവരുന്നുണ്ട്. ഇതുകൂടാതെ കന്നുകാലികൾക്കായുള്ള ധാതു ലവണ മിശ്രിതം, സമ്പുഷ്ടീകരിച്ച വൈക്കോൽക്കട്ട (TMR), എന്നിവയും കമ്പനി ഉൽപാദിപ്പിച്ച് വിതരണം ചെയ്യുന്നു. ക്ഷീരകർഷകർ വളരെ വ്യാപകമായി ഉപയോഗിക്കുന്ന ചോളം സൈലേജും നിലവിൽ കേരള ഫീഡ്സ് വിതരണം ചെയ്യുവരുന്നുണ്ട്.

പാൽ ഉൽപാദനം വർധിപ്പിക്കുകയെന്ന ലക്ഷ്യത്തോട് കൂടി ഭ്രൂണമാറ്റം,

ഇൻവിട്രോഫെർട്ടിലൈസേഷൻ (IVF) തുടങ്ങിയ സാങ്കേതികവിദ്യകൾ പ്രയോഗിച്ച് ഉൽപാദനക്ഷമത കൂടിയ പശുക്കുട്ടികളെ കൂടുതലായി ഉൽപാദിപ്പിക്കുവാനും കർഷകരുടെ ഇടങ്ങളിലുള്ള ഉൽപാദനശേഷി കൂടിയ പശുക്കളിൽനിന്നും ഭ്രൂണം ശേഖരിക്കാനുമുള്ള പദ്ധതികൾ കെ.എൽ.ഡി.ബി. ആസൂത്രണം ചെയ്തുവരുന്നു. പശുക്കളുടെ രോഗ പ്രതിരോധശേഷി ഉയർത്തുന്നതിന്റെ സാധ്യത പരിശോധിക്കുന്നതിന് വേണ്ടിയുള്ള പ്രാരംഭ ജനിതക ഗവേഷണങ്ങൾ കെ.എൽ.ഡി. ബോർഡും തിരുവനന്തപുരം ജില്ലയിലുള്ള കേന്ദ്ര സർക്കാർ സ്ഥാപനമായ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് എഡ്യൂക്കേഷൻ ആൻഡ് റിസർച്ച് (IISER)-ഉം സംയുക്തമായി ആരംഭിച്ചുകഴിഞ്ഞു.

ക്ഷീരോൽപാദനം വർധിപ്പിക്കുക എന്നത് ലക്ഷ്യമിട്ട് പശുക്കുട്ടികൾക്ക് സബ്സിഡി നിരക്കിൽ തീറ്റ, ഇൻഷ്വറൻസ് പരിരക്ഷ എന്നിവ ഉൾപ്പെടെ നൽകുന്ന ഗോവർദ്ധിനി പദ്ധതി മൃഗസംരക്ഷണ വകുപ്പ് നടപ്പിലാക്കി വരുന്നുണ്ട്. ഈ പദ്ധതി നടപ്പിലാക്കുക വഴി പശുക്കുട്ടികളുടെ ശാസ്ത്രീയ പരിരക്ഷ ഉറപ്പാക്കുന്നതിനും അതുവഴി അവയുടെ വളർച്ചാ ഘട്ടങ്ങളിൽ

മതിയായ പോഷണം ലഭ്യമാക്കുന്നതിനും അത്തരം പശുക്കുട്ടികളെ ഭാവിയിലെ മികച്ച ഉൽപാദനക്ഷമതയുള്ള പശുക്കളാക്കി മാറ്റുന്നതിനും സഹായിക്കുന്നു.

മിൽമയിലെ ഓഡിറ്റ് റിപ്പോർട്ടിന്മേൽ നടപടി

366(1939) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്യസംസ്ഥാനങ്ങളിൽ നിന്നും പാൽ കൊണ്ടുവരുന്നതിന് മിൽമയുടെ ടെൻഡർ നടപടിക്രമങ്ങൾ എന്തെല്ലാമാണ്; ഇതിന്റെ വിശദാംശം നൽകുമോ?

മേഖലാ യൂണിയനുകൾ അന്യസംസ്ഥാനങ്ങളിൽ നിന്നും പാൽ സംഭരിക്കുന്ന നടപടിക്രമങ്ങൾ, ഏത് ഡയറിയിൽ നിന്നാണ് പാൽ സംഭരിക്കേണ്ടത്, എന്നിവ നിശ്ചയിക്കുന്നത് കേരള സഹകരണ ക്ഷീര വിപണന ഫെഡറേഷനാണ്. ഫെഡറേഷന്റെ പൊതു മാർഗനിർദേങ്ങൾ അനുസരിച്ചാണ് മേഖലാ യൂണിയനുകൾ പാൽ കൊണ്ടുവരുന്നതിന് വാഹനങ്ങൾ ഏർപ്പെടുത്തുന്നത്. പാൽ കൊണ്ടുവരുന്നതിന് മേഖല യൂണിയനുകളുമായി കരാറുള്ള ടാങ്കർ ഉപയോഗിക്കുന്നതിനോ അല്ലെങ്കിൽ

സപ്ലെയർ ഡയറിയുടെ അംഗീകൃത കരാർ ട്രാൻസ്പോർട്ടറെ ചുമതലപ്പെടുത്തുന്നതിനോ കേരള സഹകരണ ക്ഷീര വിപണന ഫെഡറേഷൻ മേഖലാ യൂണിയനുകൾക്ക് നിർദേശം നൽകിയിട്ടുണ്ട്. എന്നിരിക്കിലും ആവശ്യമായ അവസരങ്ങളിൽ മേഖലാ യൂണിയനുകൾക്ക് ടെൻഡർ വിളിച്ച് ഫെഡറേഷൻ നിശ്ചയിച്ചിട്ടുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കി ട്രാൻസ്പോർട്ടേഷൻ കരാർ നിശ്ചയിക്കുന്ന രീതിയും നിലവിലുണ്ട്.

(ബി) പാൽ കൊണ്ടുവരുന്നതിന് ടെൻഡർ വ്യവസ്ഥകൾ മറികടന്നതുമൂലം മിൽമക്ക് വലിയ നഷ്ടം സംഭവിച്ചുവെന്ന സഹകരണ വകുപ്പ് നടത്തിയ ഓഡിറ്റ് റിപ്പോർട്ടിലെ കണ്ടെത്തൽ സർക്കാർ പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം, പ്രസ്തുത ഓഡിറ്റ് റിപ്പോർട്ടിന്റെ പകർപ്പ് എന്നിവ ലഭ്യമാക്കുമോ?

കേരള സഹകരണ സംഘം നിയമം വകുപ്പ് 66 പ്രകാരം ഓഡിറ്റ് റിപ്പോർട്ടിലെ കണ്ടെത്തലുകൾ സംബന്ധിച്ച് ക്ഷീരവികസന വകുപ്പ് അന്വേഷണം നടത്തിയിട്ടുണ്ട്. തിരുവനന്തപുരം മേഖലാ യൂണിയന്റെ

ഭരണസമിതി 2022-23 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് പരിശോധിക്കുകയും ഓഡിറ്റ് ന്യൂനതാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വസ്തുതകൾ വിലയിരുത്തി തയ്യാറാക്കിയ ഓഡിറ്റ് ന്യൂനതാ പരിഹരണ റിപ്പോർട്ട് ഭരണസമിതി ഏകകണ്ഠമായി അംഗീകരിച്ച്, 2024 ഡിസംബർ മാസം 19-ാം തീയതി ചേർന്ന വാർഷിക പൊതുയോഗത്തിൽ, കേരള സഹകരണ നിയമം, വകുപ്പ് 64-ലെ 12-ാം ഉപവകുപ്പിലെ (b) ഉപനിബന്ധന പ്രകാരം അംഗീകാരത്തിനായി സമർപ്പിച്ചിരുന്നു. യൂണിയന്റെ ഭരണസമിതി അംഗീകരിച്ച ഓഡിറ്റ് ന്യൂനതാ പരിഹരണ റിപ്പോർട്ട്, തിരുവനന്തപുരം മേഖലാ യൂണിയന്റെ അംഗങ്ങളായ ബഹുഭ്രരിപക്ഷം അംഗസംഘങ്ങളുടെ പ്രസിഡന്റുമാർ പങ്കെടുത്ത 2024 വർഷത്തെ വാർഷിക പൊതുയോഗം ഏകകണ്ഠമായി അംഗീകരിക്കുകയായിരുന്നു. വാർഷിക പൊതുയോഗം ഏകകണ്ഠമായി അംഗീകരിച്ച ഈ ഓഡിറ്റ് ന്യൂനതാ പരിഹരണ റിപ്പോർട്ട് ക്ഷീരസഹകരണ സംഘങ്ങളുടെ രജിസ്ട്രാർ പരിശോധിച്ച് അന്വേഷണം നടത്തി ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണ്. വാർഷിക പൊതുയോഗം ഏകകണ്ഠമായി അംഗീകരിച്ച ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ

പ്രസക്ത ഭാഗം അനുബന്ധമായി ചേർത്തിട്ടുണ്ട്+.

(സി) പ്രസ്തുത ഓഡിറ്റ് റിപ്പോർട്ടിന്മേൽ വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; നഷ്ടത്തിന് കാരണക്കാരായി റിപ്പോർട്ടിൽ പരാമർശിക്കപ്പെട്ടവരിൽനിന്ന് ടി തുക ഈടാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

പ്രസ്തുത ഓഡിറ്റ് റിപ്പോർട്ട് ലഭിച്ച ഉടൻതന്നെ ആയതിന്മേൽ വിശദീകരണം സമർപ്പിക്കുന്നതിന് തിരുവനന്തപുരം മേഖലാ യൂണിയൻ മാനേജിങ് ഡയറക്ടർക്ക് ക്ഷീരവികസന വകുപ്പ് ഡയറക്ടർ കത്ത് നൽകുകയുണ്ടായി. ആയതിന് മാനേജിങ് ഡയറക്ടർ രേഖാമൂലം സമർപ്പിച്ച വിശദീകരണവും ടി ഓഡിറ്റ് റിപ്പോർട്ടും സംബന്ധിച്ച് വിശദമായ ഒരു അന്വേഷണം നടത്തുന്നതിനായി കേരള സഹകരണ നിയമം വകുപ്പ് 66 പ്രകാരം അന്വേഷണ ഉദ്യോഗസ്ഥനെ നിയമിച്ച് ഉത്തരവായിട്ടുള്ളതും അന്വേഷണം പൂർത്തീകരിച്ച് റിപ്പോർട്ട് ലഭ്യമാക്കുകയും ചെയ്തിട്ടുള്ളതാണ്. തുടർന്ന് പ്രസ്തുത അന്വേഷണ റിപ്പോർട്ടിന്മേൽ വിശദീകരണം സമർപ്പിക്കുന്നതിന് തിരുവനന്തപുരം മേഖലാ ക്ഷീരോൽപാദക യൂണിയൻ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മാനേജിങ് ഡയറക്ടർക്ക് അയച്ച് നൽകുകയുണ്ടായി. മാനേജിങ് ഡയറക്ടർ രേഖാമൂലം മറുപടി നൽകിയിട്ടുണ്ട്. തുടർന്ന് മാനേജിങ് ഡയറക്ടറെ ഒരു പേഴ്സണൽ ഹിയറിങിന് ഹാജരാകുന്നതിന് കത്ത് നൽകുകയും മാനേജിങ് ഡയറക്ടർ ഹിയറിങിന് ഹാജരായി മൊഴിയും സ്റ്റേറ്റ്മെന്റും സമർപ്പിക്കുകയും ചെയ്തിട്ടുള്ളതാണ്. ഈ വിഷയത്തിലുള്ള അന്വേഷണം അന്തിമഘട്ടത്തിലാണ്. അന്വേഷണം പൂർത്തിയാക്കിയാൽ മാത്രമെ തുടർനടപടികൾ സ്വീകരിക്കാൻ സാധിക്കുകയുള്ളൂ. 2022-23 സാമ്പത്തിക വർഷത്തെ സഹകരണ ഓഡിറ്റ് വകുപ്പ് അംഗീകരിച്ച് നൽകിയ ഓഡിറ്റ് റിപ്പോർട്ടാണ് തിരുവനന്തപുരം മേഖലാ യൂണിയന് ലഭിച്ച അവസാനത്തെ ഓഡിറ്റ് റിപ്പോർട്ട്. ഈ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിക്കുന്ന ചില വിഷയങ്ങൾ 2023-24 വർഷത്തെ കരട് ഓഡിറ്റ് റിപ്പോർട്ടിലും ഉൾപ്പെടുമെന്നതിനാൽ 2022-23, 2023-24 എന്നീ സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളുംകൂടി സംയുക്തമായി പരിശോധിക്കുമ്പോൾ മാത്രമെ രജിസ്ട്രാർക്ക് പരിഗണിക്കാൻ കഴിയുകയുള്ളൂ.

പൂക്കോട് വെറ്ററിനറി കോളേജ് ഹോസ്റ്റലിൽ വിദ്യാർത്ഥി മരണപ്പെട്ട സംഭവം

367(1940) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂക്കോട് വെറ്ററിനറി കോളേജ് ഹോസ്റ്റലിൽ നടന്ന റാഗിങ്ങിനോടനുബന്ധിച്ച് വിദ്യാർഥി ജെ. എസ്. സിദ്ധാർത്ഥ് മരണപ്പെട്ടതിനെ തുടർന്ന് സർവകലാശാലാ ചാൻസലറായ ബഹുമാനപ്പെട്ട ഗവർണ്ണർ നിയമിച്ച റിട്ട. ഹൈക്കോടതി ജഡ്ജിയുടെ നേതൃത്വത്തിലുള്ള അന്വേഷണ കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

പൂക്കോട് വെറ്ററിനറി കോളേജ് ഹോസ്റ്റലിൽ നടന്ന റാഗിങ്ങിനോടനുബന്ധിച്ച് വിദ്യാർഥി ജെ. എസ്. സിദ്ധാർത്ഥ് മരണപ്പെട്ടതിനെ തുടർന്ന് സർവകലാശാല ചാൻസലറായ ബഹുമാനപ്പെട്ട ഗവർണ്ണർ നിയമിച്ച ഹൈക്കോടതി ജഡ്ജി ജസ്റ്റിസ് (റിട്ട.) എ. ഹരിപ്രസാദ് കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അഭിപ്രായം തയ്യാറാക്കുന്നതിന് 24-09-2024 -ൽ സർവകലാശാലയുടെ മാനേജ്മെന്റ് കൗൺസിലിന്റെ

വിശേഷാൽ യോഗം വിളിച്ചുചേർത്ത് റിപ്പോർട്ട് സമർപ്പിച്ചിരുന്നു.

പ്രസ്തുത വിഷയത്തിൽ വീഴ്ച ഉണ്ടായതായും എൻക്വയറി റിപ്പോർട്ടിൽ പരാമർശിച്ച ഡീൻ, അസിസ്റ്റന്റ് വാർഡൻ എന്നിവർക്കെതിരെ മാതൃകാപരമായ അച്ചടക്ക നടപടികൾ സ്വീകരിക്കണമെന്നും വൈസ് ചാൻസലർ നിർദ്ദേശിച്ചു. കൂടാതെ റിപ്പോർട്ടിലെ കണ്ടെത്തലുകൾ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ പരിഗണനയിലുള്ള WP(C) 33291/2024-ന്റെ വിഷയമായി നിലനിന്നതിനാൽ, നിലവിൽ തീരുമാനങ്ങളെടുക്കുന്നതിന് പരിമിതികളുണ്ടെന്ന് മാനേജ്മെന്റ് കൗൺസിൽ ഭൂരിപക്ഷ അഭിപ്രായത്തിൽ തീരുമാനമെടുത്തു. നിർദ്ദിഷ്ട അച്ചടക്ക നടപടിയിലെ തീരുമാനം ബാധകമാകുമെന്ന വ്യവസ്ഥയിൽ പൂക്കോട് വെറ്ററിനറി കോളേജ് ഡീനും ഹോസ്റ്റൽ വാർഡനുമായ ഡോ. എം. കെ. നാരായണന്റെ സസ്പെൻഷൻ പിൻവലിക്കുന്നതിനും തിരുവാഴാംകുന്ന് സി.എ.എസ്.എം. കോളേജിലേക്ക് സ്ഥലം മാറ്റം നടത്തി ഡീൻ തസ്തികയിൽ നിയമിക്കാനും തീരുമാനിച്ചു. നിർദ്ദിഷ്ട അച്ചടക്ക നടപടിയിലെ തീരുമാനം ബാധകമാകുമെന്ന വ്യവസ്ഥയിൽ, പൂക്കോട് വെറ്ററിനറി കോളേജിലെ അസിസ്റ്റന്റ് പ്രൊഫസറും

ഹോസ്റ്റൽ അസിസ്റ്റന്റ് വാർഡനുമായ ഡോ. ആർ. കാന്തനാഥന്റെ സസ്പെൻഷൻ പിൻവലിച്ച് തിരുവാഴാംകുന്ന് സി.എ.എസ്.എം. കോളേജിലേക്ക് സ്ഥലം മാറ്റം നടത്തി നിയമിക്കാനും തീരുമാനിച്ചിരുന്നു. എന്നാൽ കൗൺസിൽ തീരുമാനത്തിനനുസൃതമായ നടപടികൾ താൽക്കാലികമായി നിർത്തിവയ്ക്കുന്നതിന് ബഹുമാനപ്പെട്ട ചാൻസലർ നിർദ്ദേശം നൽകിയിരുന്നു.

(ഡി) ശിക്ഷാ നടപടികളുടെ ഭാഗമായി പ്രാഥമിക അന്വേഷണത്തിൽ ആരുടെയെങ്കിലും പേരിൽ ഇതിനോടകം നടപടി കൈക്കൊണ്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ?

കേരള വെറ്ററിനറി ആൻഡ് അനിമൽ സയൻസസ് സർവകലാശാല ആന്റി റാഗിങ് കമ്മിറ്റിയുടെ അന്വേഷണത്തിൽ കുറ്റക്കാരായി കണ്ടെത്തിയ വിദ്യാർഥികൾക്കെതിരെ സ്വീകരിച്ച ശിക്ഷാനടപടികൾ സംബന്ധിച്ച് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ വ്യവഹാരങ്ങൾ നടന്നുവരുന്നു. അന്വേഷണ വിധേയമായി സസ്പെൻഷനിലായ പൂക്കോട് കോളേജ് ഡീനും വാർഡനുമായിരുന്ന ഡോ. എം. കെ. നാരായണൻ, അസിസ്റ്റന്റ്

വാർഡനായിരുന്ന ഡോ. ആർ. കാന്തനാഥൻ എന്നിവരുടെ കാര്യത്തിലുള്ള നടപടികൾക്ക് ബഹുമാനപ്പെട്ട ചാൻസലറിന്റെ നിർദേശം ആവശ്യമാണ്. കൂടാതെ അന്വേഷണ വിധേയമായി സസ്പെൻഡ് ചെയ്യപ്പെട്ട വൈസ് ചാൻസലർ ഡോ. എം. ആർ. ശശീന്ദ്രനാഥിന് അന്വേഷണ കമ്മീഷൻ റിപ്പോർട്ടിൽ ബഹുമാനപ്പെട്ട ചാൻസലർ ഹിയറിങ് അനുവദിച്ചിരുന്നു. ഇക്കാര്യത്തിലും നിർദേശങ്ങളോ ഉത്തരവുകളോ സർക്കാരിന് ലഭിച്ചിട്ടില്ല.

(സി) സിദ്ധാർത്ഥിന്റെ കുടുംബത്തിന് സാമ്പത്തിക സഹായം നൽകണമെന്ന് ദേശീയ-സംസ്ഥാന മനുഷ്യാവകാശ കമ്മീഷനുകൾ സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നോ; എങ്കിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

വിദ്യാർഥിയായിരുന്ന സിദ്ധാർഥൻ ജെ. എസ്.-ന്റെ മരണവുമായി ബന്ധപ്പെട്ട് കുടുംബത്തിന് നഷ്ട പരിഹാരത്തുക അനുവദിക്കുന്നത് സംബന്ധിച്ച് ദേശീയ മനുഷ്യാവകാശ കമ്മീഷനിൽനിന്നും ഷോകോസ് നോട്ടീസ് ലഭിച്ചിരുന്നു. പ്രസ്തുത വിഷയത്തിന്മേൽ വിദഗ്ധോപദേശം ലഭ്യമാക്കുന്നതിലേക്കായി അഡ്വക്കേറ്റ് ജനറലുമായി കൂടിയാലോചിച്ച്

തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

അനബന്ധം 3

പതിനഞ്ചാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനത്തിലെ 10-08-2021-ലെ നക്ഷത്രചിഹ്നമിടാത്ത 4491-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം

ബി. ടെക് ബിരുദധാരികൾക്ക് ഗണിതശാസ്ത്രത്തിൽ ബി.എഡ്. പ്രവേശനം

(4481) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലിക്കറ്റ് സർവ്വകലാശാലയിൽ ബി.ടെക് ബിരുദധാരികൾക്ക് ഗണിതശാസ്ത്രത്തിൽ ബി.എഡ് പ്രവേശനത്തിന് അർഹതയുണ്ടോ?

ഉണ്ട്.

(ബി) എങ്കിൽ ആയതിന് പി.എസ്.സി.-യുടെ അംഗീകാരമുണ്ടോ?

23-11-2-22 ലെ സ.ഉ.(കൈ)നം.215/2022/പൊ.വി.വ പ്രകാരം ബി.എഡ്. കോഴ്സിനുള്ള പ്രവേശനത്തിന് യോഗ്യതാ മാനദണ്ഡമായി നിശ്ചയിച്ചിട്ടുള്ള കേരളത്തിലെ സർവ്വകലാശാലകൾ നൽകുന്നതോ അംഗീകരിച്ചതോ ആയ B.Tech, BCA ഉൾപ്പെടെയുള്ള എല്ലാ ബിരുദങ്ങളും

കൂടി UPST തസ്തികയുടെ നിയമനത്തിനുള്ള അക്കാഡമിക് യോഗ്യതയായി അംഗീകരിച്ചിട്ടുണ്ട്.

(സി) ഇല്ലെങ്കിൽ അംഗീകാരത്തിനുള്ള നടപടി സ്വീകരിക്കുമോ?

ബാധകമല്ല.

അനുബന്ധം 4

മലബാർ മേഖലയിലെ വിനോദസഞ്ചാര പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കൽ സംബന്ധിച്ച് ഡോ. കെ. ടി. ജലീൽ എം.എൽ.എ. അവതരിപ്പിച്ച ശ്രദ്ധക്ഷണിക്കലിന് ബഹുമാനപ്പെട്ട പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി മേശപ്പുറത്തുവച്ച മറുപടി.

വിനോദസഞ്ചാര മേഖലയിൽ ലോക ഭൂപടത്തിൽ ചിരപ്രതിഷ്ഠ നേടാനുള്ള വൈവിധ്യങ്ങളായ പ്രവർത്തനങ്ങളാണ് സംസ്ഥാന സർക്കാരും ടൂറിസം വകുപ്പും ടൂറിസം മേഖലയും നടത്തുന്നത്. ഇതിനായി വൈവിധ്യങ്ങളായ പദ്ധതികൾ ആവിഷ്കരിക്കുകയും നടപ്പാക്കുകയും ചെയ്യുന്നുണ്ട്. കേരളമാകെ ഒരു ടൂറിസം കേന്ദ്രം എന്ന കാഴ്ചപ്പാടോടുകൂടിയാണ് ടൂറിസം പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നത്. എങ്കിലും കേരളത്തിലെത്തുന്ന സഞ്ചാരികളുടെ, പ്രത്യേകിച്ച് വിദേശസഞ്ചാരികളുടെ വരവ് എല്ലാ മേഖലയിലും ഒരു പോലെയല്ലെന്നാണ്

കണക്കുകൾ സൂചിപ്പിക്കുന്നത്. കേരളത്തിലെത്തുന്ന വിദേശസഞ്ചാരികളുടെ ആറ് ശതമാനത്തിൽ താഴെ മാത്രമാണ് മലബാറിലെ ടൂറിസം കേന്ദ്രങ്ങളിലേയ്ക്ക് എത്തുന്നതെന്നാണ് ഔദ്യോഗിക കണക്കുകൾ സൂചിപ്പിക്കുന്നത്. ഈ സാഹചര്യത്തിലാണ് മലബാറിലെ ടൂറിസം വികസനം സാധ്യമാക്കുമെന്ന് എൽ.ഡി.എഫ്.-ന്റെ പ്രകടനപത്രികയിൽ വാഗ്ദാനം നൽകിയത്. മലബാറിനെക്കൂടി ലോകടൂറിസം ഭൂപടത്തിൽ എത്തിക്കുന്നതിന് ടൂറിസം വകുപ്പ് പ്രത്യേക പദ്ധതികൾക്ക് രൂപം നൽകി നടപ്പാക്കിവരുന്നുണ്ട്. ഇതിന്റെ ഭാഗമായി KTIL മാനേജിങ് ഡയറക്ടറെ, ഒരു നോഡൽ ഓഫീസറായി നിയോഗിച്ച് മലബാറിലെ ടൂറിസം പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചുവരികയാണ്. മലബാറിലെ ടൂറിസം വികസനത്തിന്റെ ഭാഗമായി ആദ്യമായി ടൂറിസം വകുപ്പ് മലബാർ ബി2 ബി മീറ്റ് സംഘടിപ്പിച്ചു. രാജ്യത്തിന്റെ വിവിധ മേഖലകളിൽനിന്നുള്ള ബയേഴ്സിനെ സംഘടിപ്പിച്ച് കോഴിക്കോട് സംഘടിപ്പിച്ച ബി2 ബി-യിൽ മലബാറിലെ ടൂറിസം കേന്ദ്രങ്ങളെ പരിചയപ്പെടുത്തി. വരുംവർഷങ്ങളിലും പ്രത്യേക ബി2 ബി മീറ്റ് സംഘടിപ്പിക്കുന്നതിന് ടൂറിസം വകുപ്പ് തീരുമാനിച്ചിട്ടുണ്ട്.

മലബാറിന്റെ സവിശേഷതകൾക്കനുസരിച്ച് ടൂറിസം പദ്ധതികൾ ആവിഷ്കരിക്കുകയും പ്രചരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുകയുമാണ് ചെയ്യുന്നത്. മലബാറിന്റെ ടൂറിസം വികസനത്തിൽ ഏറ്റവും പ്രധാന പങ്ക് വഹിക്കുന്ന ഡെസ്റ്റിനേഷൻ വയനാടാണ്. കോവിഡ് തീർത്ത പ്രതിസന്ധി മറികടക്കുന്നതിന് ഈ സർക്കാർ ടൂറിസം മേഖലയിൽ ആവിഷ്കരിച്ച 'വാക്സിനേറ്റഡ് ടൂറിസം കേന്ദ്രങ്ങൾ' എന്ന പദ്ധതിക്ക് തുടക്കമിട്ടത് വയനാട്ടിലായിരുന്നു. വയനാടിനെ കേന്ദ്രീകരിച്ച് ബാംഗ്ലൂർ പോലുള്ള സ്ഥലങ്ങളിൽ പ്രത്യേക ക്യാമ്പയിനും നടന്നു. ഇതിന്റെ ഭാഗമായി ഏറ്റവും കൂടുതൽ സഞ്ചാരികൾ എത്തുന്ന ഇടമായി വയനാട് മാറി. ചൂരൽമല ദുരന്തം മലബാറിലെ ടൂറിസത്തെ പ്രതികൂലമായി ബാധിച്ചിട്ടും തൊട്ടടുത്ത മാസങ്ങളിൽ അതിനെ അതിജീവിക്കാൻ വയനാട് ടൂറിസത്തിന് കഴിഞ്ഞു. 2024-ലെ കണക്കനുസരിച്ച് കോവിഡിന് മുമ്പുള്ളതിനെക്കാളും സഞ്ചാരികൾ വയനാട്ടിൽ എത്തിയെന്നത് അതിജീവനത്തിന്റെ സൂചനയാണ്.

'എന്റെ കേരളം എന്നും സുന്ദരം' എന്ന ക്യാമ്പയിന്റെ ഭാഗമായി വയനാട് കേന്ദ്രീകരിച്ച് പ്രത്യേക പ്രചാരണ പരിപാടികൾ സംഘടിപ്പിച്ചു.

മലബാറിലെ വിവിധ ടൂറിസം കേന്ദ്രങ്ങളിലേക്ക് രാജ്യാന്തര പ്രശസ്തരായ വിവിധ ടൂറിസം വ്ലോഗർമാരെ കൊണ്ടുവരികയും സോഷ്യൽ മീഡിയവഴി ടൂറിസം കേന്ദ്രങ്ങളെ പരിചയപ്പെടുത്തുകയും ചെയ്യുന്നു.

മലബാറിലെ ബീച്ചുകളെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്കുയർത്താനുള്ള വിവിധ പദ്ധതികൾ നടപ്പാക്കുന്നുണ്ട്. കോഴിക്കോട് കാപ്പാട് ബീച്ച്, കണ്ണൂർ അഴീക്കോട് ചാൽ ബീച്ച് എന്നിവയ്ക്ക് ബ്ലൂ ഫ്ലാഗ് ബഹുമതി ലഭിച്ചത് സമീപദിവസങ്ങളിലാണ്. അന്തർദേശീയതലത്തിൽത്തന്നെ ഇത് പ്രധാനമാണ്. മുഴപ്പിലങ്ങാട്, ബേപ്പൂർ-ചാലിയം ബീച്ചുകൾ എന്നിവ മികച്ച നിലവാരത്തിലേക്ക് ഉയർന്നുകഴിഞ്ഞു. ബേക്കൽ ബീച്ചും സമീപ പ്രദേശങ്ങളും മികച്ച ഡെസ്റ്റിനേഷൻ വെഡ്ഡിംഗ് കേന്ദ്രമായും മാറി. പുതിയ ബീച്ച് വികസന പദ്ധതികൾ ടൂറിസം വകുപ്പിന്റെ പരിഗണനയിലുണ്ട്.

മലബാറിലെ ടൂറിസം വികസനത്തിന് കുതിച്ചുചാട്ടം ഉണ്ടാക്കാൻ പോകുന്ന പദ്ധതിയാണ് മലബാർ ലിറ്റററി സർക്യൂട്ട്. കോഴിക്കോട്-മലപ്പുറം-പാലക്കാട് ജില്ലകളിലെ സാംസ്കാരിക കേന്ദ്രങ്ങളിലൂടെ ടൂറിസം സർക്യൂട്ട് വികസിപ്പിക്കുന്ന പദ്ധതിയാണിത്. വൈക്കം മുഹമ്മദ് ബഷീർ

സ്മാരകത്തിന്റെ നിർമ്മാണം അന്തിമഘട്ടത്തിൽ എത്തിക്കഴിഞ്ഞു. രണ്ടാം ഘട്ടത്തിന്റെ പദ്ധതിരേഖയ്ക്ക് അന്തിമരൂപം നൽകിവരുകയാണ്. ഈ ബജറ്റിൽ പ്രഖ്യാപിച്ച തിരൂരിലെ എം. ടി. സ്മാരകം ഉൾപ്പെടെ ഭാവിയിൽ ലിറ്റററി സർക്യൂട്ടിന്റെ ഭാഗമാകും.

പൈതൃക ടൂറിസം പദ്ധതികൾ ഉപയോഗപ്പെടുത്തി മലബാറിലെ ടൂറിസം സാധ്യതകളെ കൂടുതൽ വിപുലീകരിക്കുകയാണ്. ഇതിന്റെ ഭാഗമായി പൊന്നാനിയിൽ നിള പൈതൃക മ്യൂസിയം സജ്ജമാക്കുന്നുണ്ട്. മാമാങ്കം പോലുള്ള ചരിത്രസംഭവങ്ങളെ കോർത്തിണക്കുന്ന ടൂറിസം പദ്ധതികളും ആവിഷ്കരിച്ചുവരുന്നു. കോഴിക്കോട്, വയനാട്, കണ്ണൂർ ജില്ലകളിലെ പൈതൃക കേന്ദ്രങ്ങളെ വികസിപ്പിക്കുന്നതിനുള്ള തലശ്ശേരി ഹെറിറ്റേജ് പദ്ധതിയും മികച്ച നിലയിൽ പുരോഗമിക്കുന്നുണ്ട്. കോഴിക്കോട് നഗരത്തിലെ പൈതൃക കെട്ടിടങ്ങളെ ഇല്യൂമിനേറ്റ് ചെയ്ത് സഞ്ചാരികളെ ആകർഷിക്കുന്ന പദ്ധതിയും നടപ്പാക്കിവരുന്നു.

ജലടൂറിസത്തിന്റെ സാധ്യതകളെയും മലബാറിൽ ഫലപ്രദമായി ഉപയോഗപ്പെടുത്തുകയാണ്. ചാമ്പ്യൻസ് ബോട്ട് ലീഗ് മലബാറിലേക്ക്

വ്യാപിപ്പിച്ച് ഈ സാധ്യതകളെ ഉപയോഗപ്പെടുത്താനാണ് ശ്രമിച്ചത്. വിവിധ ഇടങ്ങളിൽ നടക്കുന്ന വള്ളംകളികളെയും ടൂറിസം വകുപ്പ് പ്രോത്സാഹിപ്പിച്ചുവരുന്നു. ജലടൂറിസം സാധ്യതകളെ ഉപയോഗപ്പെടുത്തി സംഘടിപ്പിക്കുന്ന ബേപ്പൂർ വാട്ടർ ഫെസ്റ്റ് വൻതോതിൽ സഞ്ചാരികളെ ആകർഷിക്കുന്ന ഒന്നായി മാറിയിട്ടുണ്ട്.

കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ ജലാശയങ്ങൾ കേന്ദ്രീകരിച്ച് നടപ്പാക്കിയ മലനാട്-മലബാർ റിവർ ക്രൂയിസ് പദ്ധതി പുരോഗമിക്കുകയാണ്. പദ്ധതിയുടെ അടുത്തഘട്ടമായി വിവിധ ടൂറിസം സർക്യൂട്ടുകൾ രൂപപ്പെടുത്തേണ്ടതുണ്ട്. സ്വകാര്യമേഖലയുടെയുംകൂടി സഹായത്തോടെ അത്തരം പദ്ധതികൾ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്.

ഉത്തരവാദിത്ത ടൂറിസത്തിന്റെ സാധ്യതകളും ടൂറിസം വകുപ്പ് പരമാവധി ഉപയോഗപ്പെടുത്തുന്നുണ്ട്. ബേപ്പൂർ സമഗ്ര ഉത്തരവാദിത്ത ടൂറിസം പദ്ധതി ദേശീയ അംഗീകാരം നേടി. മികച്ച ടൂറിസം വില്ലേജായി കടലുണ്ടി തിരഞ്ഞെടുക്കപ്പെടുകയും ചെയ്തു. വലിയപറമ്പ, പിണറായി, അഞ്ചരക്കണ്ടി എന്നീ പഞ്ചായത്തുകളിൽ സ്റ്റീറ്റ് പദ്ധതി പുരോഗമിച്ചുവരുന്നു. കുടരഞ്ഞി

പഞ്ചായത്തിൽ പെപ്പർ പദ്ധതിയും നടപ്പാക്കിവരുന്നു. മലപ്പുറം, കോഴിക്കോട്, കണ്ണൂർ, വയനാട്, കാസർഗോഡ് ജില്ലകളിൽ നിരവധി അഗ്രി ടൂറിസം കേന്ദ്രങ്ങളും നിലവിലുണ്ട്. ഗോത്രവർഗ സംസ്കാരം സഞ്ചാരികൾക്ക് അനുഭവവേദ്യമാക്കുന്നതിന് വയനാട്ടിൽ ആരംഭിച്ച 'എൻ ഊര്' പദ്ധതിയിൽ ടൂറിസം വകുപ്പും പ്രധാന പങ്കാളിത്തം വഹിക്കുന്നു. തെയ്യം, തിറ, കളരിപ്പയറ്റ്, മറ്റ് നാടൻ കലാരൂപങ്ങൾ, മലബാറിന്റെ തനത് രുചികൾ എന്നിവ സഞ്ചാരികൾക്ക് അനുഭവവേദ്യമാക്കാനുള്ള പ്രവർത്തനങ്ങളും നടന്നുവരുന്നുണ്ട്.

അഡ്വഞ്ചർ ടൂറിസം മലബാർ മേഖലയിൽ സജീവമാണ്. മലബാറിലെ നാല് തീരദേശ ജില്ലകളിലും ഫ്ലോട്ടിംഗ് ബ്രിഡ്ജ് യാഥാർഥ്യമായി. സ്വകാര്യ അഡ്വഞ്ചർ ടൂറിസം യൂണിറ്റുകളെയും പരമാവധി പ്രോത്സാഹിപ്പിക്കുകയാണ്.

കേന്ദ്രസർക്കാരിന്റെ Special Assistance to States for Capital Investment (SASCI) പ്രകാരം സർഗാലയ ഗ്ലോബൽ ഗേറ്റ് വേ ടു കൾച്ചറൽ ക്ലസിബിൾ എന്ന പദ്ധതിക്ക് 95.34 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഈ പദ്ധതി മലബാറിലെ ടൂറിസം വികസനത്തിനാകെ ഗുണകരമാകും. സ്വദേശി

ദർശൻ പദ്ധതിയിലുൾപ്പെടുത്തി തലശ്ശേരി, ബേപ്പൂർ ടൂറിസം കേന്ദ്രങ്ങളുടെ വികസന പദ്ധതികളും നടപ്പാക്കിവരുന്നു. ഇതോടൊപ്പം വിവിധ ഡി.ടി.പി.സി.-കളുടെ നേതൃത്വത്തിൽ നൂതനമായ പല പദ്ധതികളും പ്രചരണ പ്രവർത്തനങ്ങളും സംഘടിപ്പിക്കുന്നുണ്ട്.

മലബാറിലെ ടൂറിസം വികസനത്തിന് പ്രധാന തടസ്സമായി ചൂണ്ടിക്കാണിച്ചിരുന്നത് മികച്ച ഹോസ്പിറ്റാലിറ്റി സൗകര്യങ്ങളുടെ കുറവാണ്. ഇതിന് പരിഹാരമായി പൊതുമേഖലയിലും സ്വകാര്യ മേഖലയിലും കൂടുതൽ സ്റ്റാർ ഹോട്ടലുകൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നുണ്ട്. മുഴപ്പിലങ്ങാട് കെ.ടി.ഡി.സി.-യുടെ സ്റ്റാർ ഹോട്ടലിന്റെ പ്രവൃത്തി അന്തിമഘട്ടത്തിൽ എത്തിക്കഴിഞ്ഞു. ബേക്കലിൽ ബി.ആർ.ഡി.സി.-യുടെ നേതൃത്വത്തിലുള്ള ടൂറിസം പ്രദേശത്ത് കൂടുതൽ ഹോസ്പിറ്റാലിറ്റി സംരംഭങ്ങൾ ആരംഭിച്ചു. താജ് ഗ്രൂപ്പിന്റെ സ്റ്റാർ ഹോട്ടൽ പ്രവർത്തനമാരംഭിച്ചു. മറ്റൊരു സ്റ്റാർ ഹോട്ടൽകൂടി ബി.ആർ.ഡി.സി. അനുവദിച്ച സ്ഥലത്ത് നിർമ്മിക്കുന്നുണ്ട്. ഇതുകൂടാതെ ഉദുമ പഞ്ചായത്തിൽത്തന്നെ തങ്ങളുടെ മൂന്നാമത്തെ സ്റ്റാർ ഹോട്ടൽകൂടി താജ് ഗ്രൂപ്പ് നിർമ്മിക്കുന്നുണ്ട്.

പുതിയ പി.ഡബ്ല്യൂ.ഡി. റസ്റ്റ് ഹൗസുകളും ഗസ്റ്റ് ഹൗസുകളും നിർമ്മിച്ച് കൂടുതൽ താമസസൗകര്യം ഒരുക്കാനും സാധിച്ചു. മലബാർ മേഖലയിൽ ഹോംസ്റ്റേകളുടെ എണ്ണത്തിലും വർധനവുണ്ടായിട്ടുണ്ട്. സർക്കാർ ബജറ്റിൽ പ്രഖ്യാപിച്ച കെ-ഹോംസ് പദ്ധതി മലബാർ മേഖലയിലെ ടൂറിസം ഡെസ്റ്റിനേഷനുകളിൽക്കൂടി നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കും. അതോടൊപ്പം മലബാറിലേക്കുള്ള കണക്റ്റിവിറ്റിയും പ്രധാനമാണ്. ദേശീയപാത-66-ന്റെ പ്രവൃത്തി പൂർത്തീകരണത്തിലേക്ക് നീങ്ങുകയാണ്. മലപ്പുറം ജില്ലയിൽ ഏറെക്കുറെ പൂർത്തിയായിക്കഴിഞ്ഞു. മലപ്പുറം ജില്ലയിലെ വയഡക്ടുകൾ ഇന്ന് സോഷ്യൽ മീഡിയയിൽ ഹിറ്റാണ്. ദേശീയപാത വികസനത്തിലൂടെ കേരളത്തിന്റെ ടൂറിസം മേഖലയ്ക്ക് വലിയ മുന്നേറ്റം സാധ്യമാകും. രണ്ട് വിമാനത്താവളങ്ങൾ കേന്ദ്രീകരിച്ചും നമുക്ക് കൂടുതൽ സഞ്ചാരികളെ ആകർഷിക്കാനാകും. ഹെലി ടൂറിസം, ക്രൂയിസ് ടൂറിസം, സീപ്ലെയിൻ എന്നീ പദ്ധതികളും മലബാറിലെ ടൂറിസം കേന്ദ്രങ്ങളിൽ നടപ്പാക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കും. ഈ നിലയിൽ സംസ്ഥാനത്താകെ സന്തുലിതമായ ടൂറിസം വികസനം സാധ്യമാക്കാനാണ്

ടൂറിസം വകുപ്പ് ശ്രമിക്കുന്നത്. ഈ പ്രവർത്തനങ്ങളുടെ ഭാഗമായി സമീപഭാവിയിൽത്തന്നെ വലിയ മുന്നേറ്റം കേരള ടൂറിസം സാധ്യമാക്കും.

അനുബന്ധം 5

(i) കല്ലട-പമ്പ ജലസേചന പദ്ധതികളുടെ കനാലുകളുടെ ശുചീകരണം സംബന്ധിച്ച് ശ്രീ. എം. എസ്. അരുൺ കുമാർ, എം.എൽ.എ.-യുടെ സബ്മിഷന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി മേശപ്പുറത്തുവച്ച മറുപടി.

മാവേലിക്കര നിയമസഭാമണ്ഡലത്തിൽക്കൂടി കടന്നുപോകുന്ന പമ്പ ജലസേചന പദ്ധതിയിലെ കനാലുകളുടെയും കല്ലട ജലസേചന പദ്ധതിയിലെ കനാലുകളുടെയും കാടുകൾ വെട്ടിത്തെളിച്ചും മാലിന്യങ്ങൾ നീക്കംചെയ്തും കനാൽ വഴിയുള്ള ജലവിതരണം നടത്തിവരുന്നു. നിലവിൽ ടി ഭാഗങ്ങളിലെ എല്ലാ പാടശേഖരങ്ങളിലും ആവശ്യത്തിന് ജലമെത്തിക്കാൻ സാധിച്ചു. കൂടാതെ കുടിവെള്ള ആവശ്യത്തിനായി ജനപ്രതിനിധികളുടെയും നാട്ടുകാരുടെയും അപേക്ഷപ്രകാരം ബ്രാഞ്ച് കനാലുകൾ വഴിയും ഡിസ്ട്രിബ്യൂട്ടറികൾവഴിയും സുഗമമായി ജലവിതരണം നടത്തിക്കൊണ്ടിരിക്കുന്നു. മുൻവർഷങ്ങളിലും നടപ്പുവർഷത്തിലും പമ്പ

ജലസേചന പദ്ധതിക്കും കല്ലട ജലസേചന പദ്ധതിക്കും ലഭിക്കുന്ന നാമമാത്രമായ തുകയിൽനിന്നാണ് കനാലുകൾ വൃത്തിയാക്കുന്ന പ്രവൃത്തി നടപ്പാക്കുന്നത്. കൂടാതെ വരുംവർഷങ്ങളിൽ മെയിൻ കനാലുകളും ബ്രാഞ്ച് കനാലുകളും ഒഴികെ ബാക്കി കനാലുകളുടെ വൃത്തിയാക്കൽ പ്രവൃത്തി തൊഴിലുറപ്പ് തൊഴിലാളികളെ (അതുസംബന്ധിച്ച മാർഗരേഖകൾക്ക് വിധേയമായി) ഉൾപ്പെടുത്തിയോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ചുമതലയിലോ നടപ്പാക്കിയാൽ ടി തുക ഉപയോഗിച്ച് കനാലുകളുടെ അടിയന്തര അറ്റകുറ്റപ്പണികൾ പൂർണ്ണതോതിൽ നടപ്പാക്കാൻ സാധിക്കും. പ്രോജക്ടിന് അനുവദിക്കുന്ന പരിമിതമായ തുക ഇത്തരത്തിൽ ഏറെ ഉപകാരപ്രദമാക്കാവുന്നതാണ്. MGNREGA മാർഗരേഖകൾ അനുവദിക്കുന്ന പ്രവൃത്തികളിൽ ആവർത്തന സ്വഭാവമുള്ള കാടുവെട്ടൽ, ചെളി നീക്കം ചെയ്യൽ തുടങ്ങിയ ആവർത്തന സ്വഭാവമുള്ള പരിപാലന പ്രവർത്തനങ്ങൾ (Operation and Maintenance) അനുവദനീയമല്ല.

മുൻവർഷത്തെ ജലവിതരണത്തിന് മുന്നോടിയായി മാവേലിക്കര എം.എൽ.എ.-യുടെയും ആലപ്പുഴ ജില്ലാ കളക്ടറുടേയും സാന്നിധ്യത്തിൽ

തൊഴിലുറപ്പ് വിഭാഗവുമായി ചർച്ച നടത്തിയിരുന്നെങ്കിലും കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ ഇത്തരത്തിൽ നടപ്പാക്കാൻ കഴിഞ്ഞിരുന്നില്ല. ആയതിനാൽ മെയിൻ കനാലുകളും ബ്രാഞ്ച് കനാലുകളുമൊഴികെ ബാക്കി കനാലുകളുടെ വൃത്തിയാക്കൽ പ്രവൃത്തി തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നത് പരിശോധിക്കാവുന്നതാണ്.

കെ.ഐ.പി. കനാൽ താമരക്കുളത്തുനിന്നും കായംകുളം നിയോജക മണ്ഡലത്തിലേക്ക് നീട്ടുന്നത് സംബന്ധിച്ച കായംകുളം ബ്രാഞ്ച് കനാലിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ടുള്ള മണ്ണ് പരിശോധന നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ii) കുളങ്ങാട്ടുകുഴി പ്രദേശത്ത് കണ്ട കടുവയെ പിടികൂടുന്നത് സംബന്ധിച്ച് ശ്രീ. ആന്റണി ജോൺ എം.എൽ.എ. അവതരിപ്പിച്ച സബ്മിഷന് വനം-വന്യജീവി വകുപ്പുമന്ത്രി മേശപ്പുറത്തുവച്ച മറുപടി

മലയാറ്റൂർ ഡിവിഷനിലെ കോടനാട് റേഞ്ചിലെ മേക്കപ്പാല ഫോറസ്റ്റ് സ്റ്റേഷൻ പരിധിയിൽ കോട്ടപ്പാറ-കുളങ്ങാട്ടുകുഴി ഭാഗത്ത് റിസർവ് വനത്തിനുള്ളിൽ ഒരു പശു ചത്തുകിടക്കുന്നതായി 07-02-2025-ൽ വിവരം ലഭിച്ചതിനെത്തുടർന്ന് മേക്കപ്പാല ഫോറസ്റ്റ് സ്റ്റേഷൻ സ്റ്റാഫ് സ്ഥലത്തെത്തി പരിശോധന നടത്തിയതിൽ കുളങ്ങാട്ടുകുഴി ഭാഗത്ത് താമസിക്കുന്ന

കുഴിവാലക്കാലയിൽ ശ്രീ. ചാക്കോ കെ. എസ്. എന്നയാളുടെ മൂന്ന് പശുക്കളിൽ ഒരെണ്ണത്തിനെ കടുവ പിടിച്ച് ഭാഗികമായി ഭക്ഷിച്ച നിലയിൽ കണ്ടെത്തിയിരുന്നു.

തുടർന്ന് വനത്തിനുള്ളിൽ ക്യാമറ ട്രാപ്പുകൾ സ്ഥാപിച്ച് നിരീക്ഷിച്ചതിൽ കടുവയുടെ സാന്നിധ്യം സ്ഥിരീകരിച്ചിട്ടുള്ളതാണ്. നിലവിൽ റിസർവ് വനത്തിന് പുറത്ത് ജനവാസ മേഖലയിൽ കടുവയുടെ സാന്നിധ്യം റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. എന്നിരുന്നാലും ടി വനമേഖലയോട് ചേർന്നുകിടക്കുന്ന ജനവാസമേഖലയിൽ RRT-യുടെ പട്രോളിംഗും നിരീക്ഷണവും ശക്തിപ്പെടുത്താൻ വേണ്ട നടപടികൾ സ്വീകരിച്ചിട്ടുള്ളതാണ്. നിരീക്ഷണത്തിന്റെ ഭാഗമായി പ്രദേശത്ത് 5 ക്യാമറ ട്രാപ്പുകൾ സ്ഥാപിച്ചിട്ടുണ്ട്. ഡ്രോൺ ഉപയോഗിച്ചുള്ള നിരീക്ഷണവും നടത്തിവരുന്നുണ്ട്. കൂടാതെ, പ്രദേശത്ത് 5 കി.മീ. ദൂരത്തിൽ ഹാങ്ങിങ് സോളാർ ഫെൻസിങ് നിർമ്മാണ പ്രവർത്തനങ്ങളും നടന്നുവരികയാണ്.

പിണ്ടിമല, കോട്ടപ്പാറ പഞ്ചായത്ത് പ്രസിഡന്റുമാരെ വിവരം അറിയിച്ചിട്ടുള്ളതും ജനങ്ങളോട് ജാഗ്രത പാലിക്കാൻ നിർദേശം നൽകണമെന്ന് അഭ്യർഥിക്കുകയും ചെയ്തിട്ടുണ്ട്. കോടനാട് റെയ്ഞ്ചിന്റെ വനമേഖലയും നാട്ടിൻ പ്രദേശവുമായി അതിർത്തി പങ്കിടുന്ന പ്രദേശങ്ങളിൽ വന്യജീവികളെ ദൂരെ

നിന്നുതന്നെ അറിയുന്നതിനും വന്യജീവികളുടെ ഒളിസ്ഥലങ്ങൾ ഇല്ലാതാക്കുന്നതിനുമായി വിസ്ത ക്ലിയറൻസ് നടത്തുന്നത് പുരോഗമിച്ചുവരുന്നു.

നാഷണൽ ടൈഗർ കൺസർവേഷൻ അതോറിറ്റിയുടെ മാർഗനിർദേശമനുസരിച്ച് രൂപീകരിച്ച കമ്മിറ്റി സ്ഥലപരിശോധന നടത്തിയിട്ടുണ്ട്. കൂടുവയ്ക്കുന്നതുൾപ്പെടെയുള്ള മറ്റുനടപടികൾ നാഷണൽ ടൈഗർ കൺസർവേഷൻ അതോറിറ്റിയുടെ മാർഗനിർദേശങ്ങളനുസരിച്ച് സ്വീകരിക്കുന്നതാണ്.

(iii) വടക്കാഞ്ചേരി-മച്ചാട് മേഖലകളിൽ ഫെൻസിങ്ങും അകമല ഫോറസ്റ്റ് സ്റ്റേഷൻ പുനഃസ്ഥാപിക്കലും സംബന്ധിച്ച് ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി എം.എൽ.എ. അവതരിപ്പിച്ച സബ്മിഷന് വനം-വന്യജീവി വകുപ്പുമന്ത്രി മേശപ്പുറത്തുവച്ച മറുപടി

തൃശ്ശൂർ ഡിവിഷനുകീഴിലുള്ള വടക്കാഞ്ചേരി, മച്ചാട് എന്നീ ഫോറസ്റ്റ് റെയ്ഞ്ചുകളിലെ കാട്ടാന ഇറങ്ങുന്ന ജനവാസമേഖലകളിൽ സോളാർ ഫെൻസിങ് സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുള്ളതും ദർഘാസ് ഏറ്റെടുത്തിട്ടുള്ള കരാറുകാർക്ക് വർക്ക് ഓർഡർ നൽകിയിട്ടുള്ളതുമാണ്. താമസിയാതെ തന്നെ ഉടമ്പടി വച്ച് നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്. 59.75 കി.മീ. ദൂരത്തിൽ 1.4932 കോടി രൂപയുടെ

പദ്ധതികൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളത്.

മേൽപ്രവൃത്തികൾ കൂടാതെ വടക്കാഞ്ചേരി നിയോജകമണ്ഡലത്തിലെ മനുഷ്യ-വന്യജീവി സംഘർഷം കണക്കിലെടുത്ത് മച്ചാട് റെയ്ഞ്ചിലെ കുറ്റിക്കാട് മുതൽ മേലില്ലം വരെ 10 കി.മീ. ദൂരം സോളാർ ഫെൻസിങ് സ്ഥാപിക്കുന്നതിന് Rashtriya Krishi Vikas Yojana (RKVY) പദ്ധതി പ്രകാരമുള്ള ഒരു പ്രൊപ്പോസൽ പ്രിൻസിപ്പൽ അഗ്രികൾച്ചർ ഓഫീസർ തൃശ്ശൂരിന്, തൃശ്ശൂർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ 04-11-2024-ലെ കത്തുപ്രകാരം സമർപ്പിച്ചിട്ടുമുണ്ട്. ആയത് നിലവിൽ കൃഷി വകുപ്പിന്റെ പരിഗണനയിലാണ്.

വനമേഖലകളോട് ചേർന്നുകിടക്കുന്ന റെയിൽ പാളങ്ങളിൽ കാട്ടാന തുടങ്ങിയ വന്യമൃഗങ്ങൾ ഇറങ്ങുന്നത് നിമിത്തമുണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കുന്നതിനുള്ള മാർഗങ്ങൾ കണ്ടെത്തുന്നതിന്റെ ഭാഗമായി കേന്ദ്ര സർക്കാരിന്റെ 20-08-2024-ലെ കത്തിന്റെ വെളിച്ചത്തിൽ റെയിൽവെ മന്ത്രാലയം കേന്ദ്ര പരിസ്ഥിതി മന്ത്രാലയം, വൈൽഡ് ലൈഫ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യ, വനംവകുപ്പ് എന്നീ വിഭാഗങ്ങളിലെ ഉദ്യോഗസ്ഥർ ചേർന്ന

സംയുക്ത പരിശോധനാ ടീം 11-09-2024 വാഴാനി സ്റ്റേഷൻ പരിധിയിലെ അകമല മുതൽ ഉത്രാളിക്കാവ് വരെയുള്ള റെയിൽവെ ലൈനിനോട് ചേർന്ന ഭാഗങ്ങളിൽ പരിശോധന നടത്തിയിട്ടുള്ളതും വിവരശേഖരണം നടത്തിയിട്ടുള്ളതുമാണ്. എന്നാൽ പ്രസ്തുത പഠന റിപ്പോർട്ട് നാളിതുവരെ ലഭ്യമായിട്ടില്ല.

തൃശ്ശൂർ ഡിവിഷനിലെയും പീച്ചി വൈൽഡ് ലൈഫ് ഡിവിഷനിലെയും വനം-വന്യജീവി സംരക്ഷണ പ്രവർത്തനങ്ങൾ ഏകീകരിക്കുന്നതിന്റെ ഭാഗമായാണ് ഫോറസ്റ്റ് സ്റ്റേഷനുകളുടെ പുനഃക്രമീകരണം നടത്തിയത്. ആയതിന്റെ ഭാഗമായാണ് 18-04-2021-ലെ സർക്കാർ ഉത്തരവുപ്രകാരം തൃശ്ശൂർ ഡിവിഷനിലെ മച്ചാട് റെഞ്ചിന് കീഴിലുണ്ടായിരുന്ന അകമല ഫോറസ്റ്റ് സ്റ്റേഷൻ നിർത്തലാക്കിയത്. അകമല ഫോറസ്റ്റ് സ്റ്റേഷൻ നിർത്തലാക്കിയപ്പോൾ ആയതിൽ ഉൾപ്പെട്ടുവന്നിരുന്ന വനപ്രദേശം മറ്റ് ഫോറസ്റ്റ് സ്റ്റേഷനുകളിലേക്ക് ക്രമീകരിച്ച് നൽകുകയും ആയതനുസരിച്ച് പ്രസ്തുത സ്റ്റേഷനുകളിൽ ജീവനക്കാരുടെ എണ്ണത്തിൽ വർധനവ് വരുത്തുകയും ചെയ്തിരുന്നു. തൃശ്ശൂർ ഡിവിഷനിലെ നിലവിലെ സംരക്ഷണ വിഭാഗം

ജീവനക്കാരുടെ എണ്ണം സംസ്ഥാന ശരാശരിയേക്കാൾ കൂടുതലാണ്. 20 പുതിയ ഫോറസ്റ്റ് സ്റ്റേഷനുകളനുവദിക്കണമെന്ന ആവശ്യം ധനകാര്യ വകുപ്പ് പരിഗണിച്ചുകൊണ്ടിരിക്കുകയാണ്. ഇത് സാധ്യമാകുമ്പോൾ നിർത്തലാക്കിയ അകമല സ്റ്റേഷൻ സ്ഥാപിക്കുന്ന കാര്യം ഗൗരവമായി പരിഗണിക്കുന്നതാണ്.

(iv) <u>കുട്ടനാട് മേഖലയിലെ കൃഷിനാശം സംബന്ധിച്ച് ശ്രീ. എച്ച്. സലാം എം.എൽ.എ. അവതരിപ്പിച്ച സബ്മിഷന് കൃഷി വകുപ്പുമന്ത്രി മേശപ്പുറത്തുവച്ച മറുപടി</u>

കുട്ടനാട്, അപ്പർ കുട്ടനാട് പാടശേഖരങ്ങളിൽ ഉപ്പുവെള്ളം കയറുന്നത് നിയന്ത്രിച്ച് കുട്ടനാട്ടിലെ നെൽക്കൃഷി സംരക്ഷിക്കാനും കാർഷിക തീവ്രത വർധിപ്പിക്കാനും നടപ്പാക്കിയ പദ്ധതികളാണ് തോട്ടപ്പള്ളി സ്പിൽവേയും തണ്ണീർമുക്കം ബണ്ടും. തോട്ടപ്പള്ളി സ്പിൽവേ വെള്ളപ്പൊക്കം നിയന്ത്രിക്കാനും തണ്ണീർമുക്കം ബണ്ട് കടലിൽനിന്നുള്ള വേലിയേറ്റവും ഓരുകയറ്റവും തടയാനുമാണ് ലക്ഷ്യമിട്ടിരുന്നത്. തണ്ണീർമുക്കം ബണ്ട്, തോട്ടപ്പള്ളി സ്പിൽവേ എന്നിവയുടെ പ്രവർത്തനം സംബന്ധിച്ച് തീരുമാനമെടുക്കുന്നത് കോട്ടയം, ആലപ്പുഴ ജില്ലാ കളക്ടർമാർ, ബന്ധപ്പെട്ട കൃഷി വകുപ്പുദ്യോഗസ്ഥർ, ജലസേചന മെക്കാനിക്കൽ വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ, ബന്ധപ്പെട്ട

ജനപ്രതിനിധികൾ, കർഷക പ്രതിനിധികൾ എന്നിവരുൾപ്പെട്ട സമിതിയാണ്. നിലവിൽ തോട്ടപ്പള്ളി, തണ്ണീർമുക്കം ബണ്ടുകളുടെ ഷട്ടറുകൾ അടച്ചിട്ടുള്ളതും കാർത്തികപ്പള്ളി താലൂക്കിലെ പുളിക്കീഴാറിൽ ഓരുമുട്ട് സ്ഥാപിച്ചിട്ടുള്ളതുമാണ്. തോട്ടപ്പള്ളി സ്പിൽവേയുടെ ഷട്ടറുകളുടെ തകരാറുകളും ഉയരക്കുറവും അസാധാരണമായി ഉയർന്ന വേലിയേറ്റത്തിനും കടൽമുഖത്ത് മണൽതിട്ട രൂപപ്പെടാത്തതിനും കടൽജലം കുട്ടനാട് മേഖലയിൽ കടന്നുകൂടുന്ന സാഹചര്യം സൃഷ്ടിക്കുന്നതിനും പ്രധാന കാരണമായിട്ടുണ്ടെന്ന് നിരീക്ഷിക്കപ്പെടുന്നു.

കേരള പെസ്റ്റ് കൺട്രോൾ മാനേജ്മെന്റിന്റെ കണക്കനുസരിച്ച് (29-01-2025-ലെ റിപ്പോർട്ട്) ജലസ്രോതസ്സുകളിൽ ഉപ്പിന്റെ അളവ് കൂടിയതിനാൽ 82 പാടശേഖരങ്ങളിലായി 6306.80 ഹെക്ടർ വിസ്തൃതിയിൽ പുഞ്ചക്കൃഷിക്ക് കൃഷിനാശമുണ്ടാകാൻ സാധ്യതയുള്ളതായി പ്രിൻസിപ്പൽ കൃഷി ഓഫീസർ അറിയിച്ചിട്ടുണ്ട്. ഉപ്പിന്റെ അംശം ഈ രീതിയിൽ തുടർന്നാൽ ഏതാണ്ട് 60 ശതമാനത്തോളം പാടശേഖരങ്ങളെ ദോഷകരമായി ബാധിക്കും. നെൽച്ചെടികൾക്ക് ടോളറേറ്റ് ചെയ്യാൻ സാധിക്കുന്ന ലവണാംശം

2mmhos/cm ആണെന്നിരിക്കെ നെൽപ്പാടങ്ങളോട് ചേർന്നുകിടക്കുന്ന തോടുകളിലെ ലവണാംശം 0.3 മുതൽ 6.7 mmhos/cm വരെയുള്ളതായി കണ്ടെത്തിയിട്ടുണ്ട്. എന്നാൽ കനാലുകളിലെ ഉപരിതല ലവണത അനുവദനീയമായ അളവിൽ കൂടുതൽ ഒരിടത്തും രേഖപ്പെടുത്തിയിട്ടില്ല.

കുട്ടനാടൻ പാടശേഖരങ്ങളിൽ ജലസേചനത്തിന് ജലമെടുക്കുന്ന തുമ്പുകൾ കനാലിന്റെ അടിത്തട്ടിനോട് ചേർന്ന് ഉറപ്പിച്ചിട്ടുള്ളതിനാലാണ് ഉയർന്ന ലവണത നെൽപ്പാടങ്ങളിലെത്തുന്നത്. കൃഷിക്ക് വെള്ളമെടുക്കുന്ന കുഴൽതുമ്പുകൾ ജലനിരപ്പിനോട് ചേർന്ന് പിടിപ്പിച്ചോ, സൈഫൺ സംവിധാനത്തിൽ വെള്ളം കയറ്റുകയോ ചെയ്യുകവഴി ശുദ്ധജലം പാടങ്ങളിൽ ലഭ്യമാക്കാവുന്നതാണ്. എന്നാൽ ആയത് അടിയന്തരമായി ചെയ്യാൻ കഴിയാത്തതും കൂടുതൽ ചെലവുണ്ടാകുമെന്നതിനാലും താൽക്കാലിക പരിഹാരമെന്ന നിലയിൽ ഡാമുകളിൽനിന്നും നിയന്ത്രിതതോതിൽ ജലമൊഴുക്കി വിട്ട് ലവണതയുടെ കാഠിന്യം കുറയ്ക്കാവുന്നതാണെന്നും കനാലുകളുടെ അടിത്തട്ടിന്റെ ആഴം കൂട്ടുമ്പോൾ സാന്ദ്രതയേറിയ ലവണജലം അടിത്തട്ടിൽ അടിഞ്ഞുകൂടുമെന്നതുകൊണ്ട് ലീഡിംഗ് ചാനലിന്റെയും മറ്റും

ആഴംകൂട്ടൽ പ്രക്രിയ ഭാവിയിൽ bathymetry പഠനങ്ങളുടെ പിൻബലത്തിൽ മാത്രം ഏറ്റെടുക്കേണ്ടതാണെന്നും നിരീക്ഷിക്കുന്നു.

ഇപ്പോൾ ഏറ്റവും രൂക്ഷമായ ഉപ്പുവെള്ളപ്രശ്നം നേരിടുന്നത് പുറക്കാട്, കരുമാടിക്കുട്ടൻ, അമ്പലപ്പുഴ, പുന്നമട, പള്ളാത്തുരുത്തി ഭാഗങ്ങളിലാണ്. അതായത് കുട്ടനാട് താലൂക്കിലെ ചമ്പക്കുളം ബ്ലോക്കിലും അമ്പലപ്പുഴ താലൂക്കിലെ പഞ്ചായത്തുകളിലുമാണ് പ്രശ്നം ഏറ്റവും രൂക്ഷമായി നിലനിൽക്കുന്നത്. ഈ സ്ഥിതി തുടർന്നാൽ വിളവിന്റെ 60% പതിരായി പോകുന്ന അവസ്ഥയുണ്ടാകും. നിലവിൽ കുട്ടനാടൻ പാടങ്ങളിലേക്ക് ജലമെത്തിക്കുന്ന നദീസ്രോതസ്സുകളിൽ പമ്പയിൽ മാത്രമാണ് ഡാമുള്ളത്. അതിനാൽ പമ്പയാറ്റിലെ ജലത്തിന്റെ ഒഴുക്ക് വർധിപ്പിച്ച് പാടശേഖരങ്ങളോടുചേർന്ന തോടുകളിൽ ശുദ്ധജലത്തിന്റെ അളവ് വർധിപ്പിച്ച് ഓരുവെള്ള ഭീഷണിയിൽനിന്നും നെൽക്കൃഷിയെ സംരക്ഷിക്കാനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്.

പ്രസ്തുത വിഷയം സംബന്ധിച്ച് കൃഷി വകുപ്പുമന്ത്രിയുടെ സാന്നിധ്യത്തിൽ 30-01-2025-ൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ യോഗം

വിളിച്ചുചേർക്കുകയും താഴെപ്പറയുന്ന തീരുമാനങ്ങളെടുക്കുകയും ചെയ്തു.

1. കാർഷികമേഖലയിൽ നിലവിലുള്ള എല്ലാ ഓരുമുട്ടുകളും ബന്ധപ്പെട്ട കൃഷി അസിസ്റ്റന്റ് ഡയറക്ടർ, ഇറിഗേഷൻ അസിസ്റ്റന്റ് എഞ്ചിനീയർ എന്നീ ഉദ്യോഗസ്ഥർ സംയുക്തമായി പരിശോധന നടത്തി മുട്ടുകളെല്ലാംതന്നെ അടച്ചിട്ടുണ്ടെന്നും ഓരുവെള്ളം കയറുന്നില്ലെന്നും ഉറപ്പുവരുത്തേണ്ടതാണ്.

2. കന്നുകാലി പാലത്തിലുള്ള ഓരുമുട്ട് ഇന്നുതന്നെ ഇടുന്നതിനുള്ള നടപടി അടിയന്തരമായി സ്വീകരിക്കേണ്ടതാണ്.

3. മുട്ട് സ്ഥാപിക്കുന്നതിന് എതിർപ്പുണ്ടാകുന്നപക്ഷം പോലീസ് സംരക്ഷണം തേടുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

4. തോടുകളിലെ ഉപ്പിന്റെ അളവ് കുറയ്ക്കുന്നതിനായി വേലിയിറക്കസമയത്ത് മണിയാർ ഡാമിൽനിന്നും 100M3/sec വെള്ളം താൽക്കാലികമായി തുറന്നുവിടുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് പത്തനംതിട്ട ജില്ലാകളക്ടർക്ക് കത്ത് നൽകുന്നതിന് തീരുമാനിച്ചു.

ആയതിലേക്കായി പത്തനംതിട്ട ജില്ലയിലെ മണിയാർ ഡാമിൽനിന്നും

100 m3/sec വെള്ളം തുറന്നുവിടുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് പത്തനംതിട്ട ജില്ലാകളക്ടർക്കും കെ.എസ്.ഇ.ബി.എൽ. മാനേജിങ് ഡയറക്ടർക്കും 31-01-2025-ൽ ആലപ്പുഴ ജില്ലാകളക്ടർ അറിയിപ്പ് നൽകിയിരുന്നതും ആയതിന്റെ അടിസ്ഥാനത്തിൽ മണിയാർ ഡാം തുറക്കുന്നതിനുള്ള ജാഗ്രതാനിർദേശം പുറപ്പെടുവിച്ചിട്ടുള്ളതുമാണ്.

എന്നാൽ റിസർവോയറിൽ ആവശ്യത്തിന് ജലം ലഭ്യമല്ലാത്തതിനാൽ ജലസേചന വകുപ്പ് മണിയാർ ഡാം ഷട്ടർ തുറക്കുകയുണ്ടായില്ല. തുടർന്ന് 07-02-2025-ന് കൃഷി വകുപ്പുമന്ത്രിയുടെ അധ്യക്ഷതയിൽ ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പുമന്ത്രി, ജലസേചന വകുപ്പുമന്ത്രി, ആലപ്പുഴ ജില്ലയിലെ എം.എൽ.എ.-മാർ എന്നിവരുടെ സാന്നിധ്യത്തിൽ അടിയന്തരയോഗം ചേരുകയും ശബരിഗിരി പ്രോജക്ടിൽ വൈദ്യുതി ഉൽപാദനം വർധിപ്പിച്ച് കാരിക്കയം, അള്ളുങ്കൽ ജലവൈദ്യുത പദ്ധതികൾവഴി മണിയാർ ഡാമിൽ ആവശ്യാനുസരണം വെള്ളമെത്തിച്ച് ഡാമിന്റെ ഷട്ടർ തുറക്കാൻ തീരുമാനിക്കുകയും ആയത് ഉറപ്പാക്കാൻ ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തുകയും ചെയ്തു. എന്നാൽ ഷട്ടർ തുറക്കുന്നതിനാവശ്യമായ ജലം

ലഭ്യമായില്ലെന്ന് ജലവിഭവ വകുപ്പ് അറിയിച്ചതിനെത്തുടർന്ന് സത്വരനടപടികൾ സ്വീകരിക്കണമെന്ന് വീണ്ടും വൈദ്യുതി വകുപ്പിനെ അറിയിച്ചിട്ടുണ്ട്.

തോട്ടപ്പള്ളി സ്പിൽവേ ഷട്ടറുകളുടെ പുനരുദ്ധാരണത്തിന് ഇറിഗേഷൻ മെക്കാനിക്കൽ വിഭാഗത്തിന് 16.112 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുള്ളതും സ്പിൽവേ തൂണുകളുടെ വെള്ളത്തിന്റെ അടിയിലെ ഘടന മനസ്സിലാക്കുന്നതിന് അണ്ടർവാട്ടർ സ്റ്റഡി നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതുമാണ്. കൂടാതെ ജലവിഭവ വകുപ്പ് നിലവിലെ സ്പിൽവേയുടെ അപ്സ്ട്രീം ഭാഗത്തായി നിർമ്മിക്കാനുദ്ദേശിക്കുന്ന പുതിയ സ്പിൽവേയുടെ സാങ്കേതിക രൂപകല്പന ചെയ്തുവരുന്നു.

(v) രജിസ്ട്രേഷനും ലൈസൻസും ആവശ്യമില്ലാത്ത വൈദ്യുത സ്കൂട്ടറുകളെ സംബന്ധിച്ച ശ്രീ. ഇ. ചന്ദ്രശേഖരൻ എം.എൽ.എ.-യുടെ സബ്മിഷന് ഗതാഗത വകുപ്പുമന്ത്രി മേശപ്പുറത്തുവച്ച മറുപടി

രജിസ്ട്രേഷനും ലൈസൻസും ആവശ്യമില്ലാത്ത, 250 വാട്ടിന് താഴെ ശേഷിയുള്ള മണിക്കൂറിൽ പരമാവധി 25 കിലോമീറ്റർ വേഗതയുള്ള വൈദ്യുത സ്കൂട്ടറുകളുടെ ഉപയോഗം നിയന്ത്രിക്കുന്നതിന് നിയമപരമായ

പരിമിതികളുണ്ട്.

കേന്ദ്ര മോട്ടോർ വാഹന ചട്ടം 1989-ലെ റൂൾ 2 (U) പ്രകാരം ബാറ്ററി ഓപ്പറേറ്റഡ് വാഹനങ്ങളുടെ നിർവചനം താഴെപ്പറയുന്ന വിധമാണ്.

"Battery Operated Vehicle" means a vehicle adapted for use upon roads and powered exclusively by an electric motor whose traction energy is supplied exclusively by traction battery installed in the vehicle:

[Provided that a two wheeled battery operated vehicle shall not be deemed to be a motor vehicle if all the following conditions are verified and authorised by any testing agency specified in rule 126, namely:-

(a) vehicle is equipped with an electric motor having thirty minute power less than 0.25 kW;

(b) maximum speed of the vehicle is less than 25 km/hr;

(c) vehicle is fitted with suitable brakes and retro-reflective devices, i.e. one white reflector in the front and one red reflector at the rear,

(d) unladen weight (excluding battery weight) of the vehicle is not more than 60 kg;

(e) in case of pedal assisted vehicle equipped with an auxiliary electric motor, in addition to above, the thirty minute power of the motor is less than 0.25 kW, whose output is progressively reduced and finally cut off as the vehicle reaches a speed of 25 km/hr, or sooner, if the cyclist stops pedaling.]

മേൽ ചട്ടത്തിലെ പ്രൊവൈസൊപ്രകാരം 250 വാട്ട്സിനുതാഴെ ശേഷിയുള്ളതും മണിക്കൂറിൽ പരമാവധി 25 കിലോമീറ്റർ വരെ വേഗതയുള്ളതുമായ വൈദ്യുത സ്കൂട്ടറുകളെ മോട്ടോർ വാഹനമായി നിർവചിച്ചിട്ടില്ല.

ആയതിനാൽ ഇത്തരത്തിലുള്ള വാഹനങ്ങൾ അപകടത്തിൽപ്പെട്ടാൽ അത് മോട്ടോർ വാഹനാപകടമായി നിയമപ്രകാരം കണക്കാക്കപ്പെടുകയില്ല. കൂടാതെ മേൽ സൂചിപ്പിച്ച വാഹനങ്ങൾക്ക് രജിസ്ട്രേഷനോ പെർമിറ്റോ ഇൻഷ്വറൻസോ ഓടിക്കാൻ ലൈസൻസോ ആവശ്യമില്ല.

ഈ വാഹനങ്ങൾ നിരത്തിൽ ഉപയോഗിക്കാൻ ഡ്രൈവിങ് ലൈസൻസ് ആവശ്യമില്ലെന്ന കാരണത്താൽ 18 വയസ്സിനുതാഴെയുള്ള കുട്ടികൾ ഇവ ഉപയോഗിക്കുന്നത് നിയമപ്രകാരം കുറ്റകരമല്ല. കൂടാതെ, 250 വാട്ട്സിനുതാഴെ ശേഷിയുള്ള ,മണിക്കൂറിൽ പരമാവധി 25 കിലോമീറ്റർവരെ വേഗതയുള്ള വൈദ്യുത സ്കൂട്ടറുകളെ കേന്ദ്ര മോട്ടോർ വാഹന നിയമങ്ങളിലെയും ചട്ടങ്ങളിലെയും മോട്ടോർ വാഹനമെന്ന നിർവചനത്തിൽ കൊണ്ടുവരുന്നതിനുള്ള നിയമഭേദഗതികൾ വരുത്താൻ നിലവിൽ സംസ്ഥാന സർക്കാരിന് അധികാരമില്ല.

ഇത്തരത്തിൽ ഭേദഗതികൾ വരുത്താൻ സംസ്ഥാന സർക്കാരിന് അധികാരമില്ലാത്ത സാഹചര്യത്തിൽ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി ആവശ്യമായ ഭേദഗതികൾക്കായി ശിപാർശ ചെയ്യുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

(vi) ചങ്ങനാശ്ശേരി കെ.എസ്.ആർ.ടി.സി. ഡിപ്പോയിലെ ബസ് സർവീസുകൾ പുനരാരംഭിക്കുന്നത് സംബന്ധിച്ച് ശ്രീ. ജോബ് മൈക്കിൾ എം.എൽ.എ.-യുടെ സബ്മിഷന് ഗതാഗത വകുപ്പുമന്ത്രി മേശപ്പുറത്തുവച്ച മറുപടി

ചങ്ങനാശ്ശേരി കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽനിന്നും മലയോര

മേഖലയിൽ ഓപ്പറേറ്റ് ചെയ്തിരുന്ന ഒരു സർവീസും പൂർണ്ണമായും നിർത്തലാക്കിയിട്ടില്ല. വരുമാനക്കുറവുള്ള സർവീസുകൾ പുനഃക്രമീകരിച്ചതിന്റെ ഭാഗമായി ചങ്ങനാശ്ശേരി യൂണിറ്റിലെ 06.10 മണിക്കുള്ള മുണ്ടക്കയം സർവീസ് പുനഃക്രമീകരിക്കുകയും ടി ഷെഡ്യൂളിന്റെ ജനോപകാരപ്രദമായതും വരുമാനലഭ്യതയുള്ളതുമായ 11.00 മണിക്കുള്ള ചങ്ങനാശ്ശേരി-കുമളി ട്രിപ്പ് നിലനിർത്തുകയും ചെയ്തിട്ടുണ്ട്. ചങ്ങനാശ്ശേരി-ഏറ്റുമാനൂർ ചെയിൻ സർവീസുകൾ കോവിഡുകാലത്തിനുമുമ്പ് നടത്തിവന്നിരുന്നെങ്കിലും യാത്രക്കാരുടെ ലഭ്യതക്കുറവ് കാരണം 25 രൂപയിൽ താഴെ ഇ.പി.കെ.എം. മാത്രമായതിനാൽ നിന്നുപോവുകയാണുണ്ടായത്. എന്നാൽ, ജനോപകാരപ്രദമായി ഡെഡ് ട്രിപ്പുകൾ കുറച്ച് പ്രവർത്തന നഷ്ടം കുറച്ചും പ്രധാന ട്രിപ്പുകൾ ഉൾക്കൊള്ളിച്ചും 07.00 മണിക്കുള്ള ചങ്ങനാശ്ശേരി-ഏറ്റുമാനൂർ സർവീസ് പുനഃക്രമീകരിച്ച് നടത്തിവരുന്നുണ്ട്.

ചങ്ങനാശ്ശേരി ഡിപ്പോയിൽനിന്നും കോവിഡിനുമുമ്പ് 2019 മാർച്ച് മാസം വരെയാണ് അമൃത സർവീസുകൾ നടത്തിവന്നിരുന്നത്. പ്രതിദിനം

396 കിലോമീറ്റർ സർവീസ് നടത്തിവന്നിരുന്ന 05.30 മണിക്കുള്ള അമൃത സർവീസിന് പ്രതിദിന ശരാശരി ഇ.പി.ബി. 6,900/- രൂപയും ഇ.പി.കെ.എം. 33.32 രൂപയും മാത്രമാണ് ലഭിച്ചുവന്നിരുന്നത്. ചങ്ങനാശ്ശേരി ഡിപ്പോയിലെ 06.00 മണിക്കുള്ള അമൃത സർവീസിനും 2019 മാർച്ച് മാസത്തിലെ കണക്കനുസരിച്ച് 5,500/- രൂപ ശരാശരി ഇ.പി.ബി.-യും ശരാശരി 29.15 രൂപ ഇ.പി.കെ.എം. മാത്രമാണ് ലഭിച്ചിരുന്നത്. ടി സാഹചര്യത്തിൽ ടി രണ്ട് അമൃത സർവീസുകളും പ്രവർത്തനച്ചെലവുപോലും ലഭിക്കാതെയാണ് നിന്നുപോയിട്ടുള്ളത്.

മുമ്പ് എക്സ്പ്രസ് ഉപയോഗിച്ച് സർവീസ് നടത്തിയിരുന്ന വരുമാനം കുറഞ്ഞ ദീർഘദൂര ഇന്റർസ്റ്റേറ്റ് സർവീസായ ചങ്ങനാശ്ശേരി-വേളാങ്കണ്ണി സർവീസ് സ്വിഫ്റ്റ് ഡീലക്സ് ബസ് നൽകി സർവീസ് മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾക്ക് മുൻഗണന നൽകി നടപടി സ്വീകരിക്കുകയാണുണ്ടായത്. ഡീലക്സാക്കുന്നതിനുമുമ്പ് എക്സ്പ്രസ് സർവീസായിരുന്ന, 2024 ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ യഥാക്രമം 35 രൂപ, 33 രൂപ ഇ.പി.കെ.എം. മാത്രം ലഭിച്ചിരുന്ന ടി സർവീസിനെ സൂപ്പർ ഡീലക്സാക്കിയശേഷം 2024 ഏപ്രിൽ,

മേയ് മാസങ്ങളിൽ യഥാക്രമം 42 രൂപ, 47 രൂപ എന്നിങ്ങനെ ഇ.പി.കെ.എം. ലഭിച്ചിട്ടുണ്ട്. പുതിയ സ്വിഫ്റ്റ് ഡീലക്സ് ബസ് അപകടത്തിൽപ്പെട്ടതിനെ തുടർന്ന് ആർ.ടി.സി. ഡീലക്സ് ബസ് അനുവദിച്ചുനൽകി കൃത്യമായി സർവീസ് നടത്തിവരുന്നുണ്ട്. 2025 ഫെബ്രുവരി മാസം ഇടദിവസങ്ങളിൽ വരുമാനലഭ്യത ഇല്ലാത്തതിനാലും റിസർവേഷൻ യാത്രക്കാരുടെ ഗണ്യമായ കുറവുകാരണവും ഡീസൽ തുക പോലും ലഭിക്കാത്ത ഇടദിവസങ്ങളിൽമാത്രം ടി സർവീസ് റദ്ദാക്കേണ്ടതായി വരുന്നുണ്ട് എന്നതൊഴികെ സർവീസ് സ്ഥിരമായി ഓപ്പറേറ്റ് ചെയ്തുവരുന്നുണ്ട്. ഇത്തരം നടപടികളുടെ ഭാഗമായി ചങ്ങനാശ്ശേരി യൂണിറ്റിന്റെ പ്രവർത്തന നഷ്ടം വളരെയധികം കുറയ്ക്കാനും യൂണിറ്റിനെ പ്രവർത്തന ലാഭത്തിലേയ്ക്കെങ്കിലും എത്തിക്കാനും കഴിഞ്ഞുവരുന്നുണ്ട്. ജനോപകാരപ്രദമായ യാതൊരു സർവീസുകളെയും ബാധിക്കാതെയും ഒഴിവാക്കാതെയുമാണ് ഇത്തരം നടപടികൾ സ്വീകരിച്ചുവരുന്നത്. ബസുകളുടെ ലഭ്യതയും ട്രാഫിക് ഡിമാന്റുമനുസരിച്ച് ചങ്ങനാശ്ശേരി യൂണിറ്റിൽ ജനോപകാരപ്രദമായ സർവീസുകൾ ആരംഭിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്.

(vii) കൃഷ്ണപുരം മാന്ത്രികുന്നേൽ പാലം നിർമ്മാണം സംബന്ധിച്ച് ശ്രീമതി യു. പ്രതിഭ എം.എൽ.എ.-യുടെ സബ്മിഷന് പൊതുമരാമത്ത്- ടൂറിസം വകുപ്പുമന്ത്രി മേശപ്പുറത്തുവച്ച മറുപടി

ലെവൽ ക്രോസ്സില്ലാത്ത കേരളം പദ്ധതിയിലുൾപ്പെടുത്തി കായംകുളത്തെ കൃഷ്ണപുരം-മാന്ത്രികുന്നേൽ റെയിൽവെ മേൽപ്പാലം നിർമ്മാണത്തിന് ഭരണാനുമതി നൽകിയിരുന്നു. കിഫ്ബി പദ്ധതിയിലുൾപ്പെട്ട ഈ ലെവൽ ക്രോസ് നിർമ്മിക്കുന്നതിന് കിഫ്ബി 31.211 കോടിരൂപ അനുവദിച്ചിട്ടുണ്ട്. ആർ.ഒ.ബി. നിർമ്മാണത്തിന് സ്വകാര്യവ്യക്തികളിൽനിന്നും ആവശ്യമായ ഭൂമിയും ഏറ്റെടുത്തുകഴിഞ്ഞു. കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രത്തിന്റെ കൈവശമുള്ള 5.9 ആർ ലീസ് ഭൂമി, കൃഷ്ണപുരം വില്ലേജ് ഓഫീസിന്റെ കൈവശമുള്ള 13 Sq.meter ഭൂമി എന്നിവ Land Transfer മുഖേന കൈമാറി ലഭിക്കുന്നതിന് ജില്ലാ കളക്ടറുടെ ഓഫീസിൽനിന്നും നടപടികൾ സ്വീകരിച്ചുവരുന്നു. റെയിൽവേയിൽനിന്നും ജി.എ.ഡി.-യുടെ അംഗീകാരം ലഭ്യമാക്കി സാങ്കേതികാനുമതി നൽകി കിഫ്ബി അനുമതിയോടെ 06-09-2024-ൽ ടെൻഡർ ചെയ്തു.

ആദ്യത്തെ ടെൻഡറിൽ ഒരു ബിഡ്ഡർ മാത്രം പങ്കെടുത്തതിനാൽ

14-11-2024-ന് പദ്ധതി റീ-ടെൻഡർ ചെയ്തു. റീ-ടെൻഡറിലും ഒരു ബിഡ്ഡർ മാത്രമാണ് പങ്കെടുത്തത്. കരാറുകാരൻ ക്വാട്ട് ചെയ്ത തുക എസ്റ്റിമേറ്റ് തുകയെക്കാൾ 24.34% അധികവും LMR തുകയെക്കാൾ 4.71% അധികവുമാണ്. ക്വാട്ട് ചെയ്ത തുക കുറയ്ക്കുന്നതിനായി ബിഡ്ഡറുമായി നെഗോസിയേഷൻ നടത്തിയെങ്കിലും ക്വാട്ട് ചെയ്ത തുകയ്ക്കുമാത്രമെ പദ്ധതിയുമായി മുന്നോട്ടുപോകാൻ കഴിയുകയുള്ളൂവെന്ന് ബിഡ്ഡർ അറിയിച്ചിട്ടുണ്ട്. 06-02-2025-ൽ കമ്മിറ്റിയുടെ ശിപാർശപ്രകാരം ടെൻഡറിന് അംഗീകാരം ലഭിക്കുന്നതിനുള്ള നടപടികൾ ആർ.ബി.ഡി.സി.കെ. സ്വീകരിച്ചുവരുന്നു.